കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

2021 ആഗസ്റ്റ് 05, വ്യാഴം

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 185 - നമ്പർ 11

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

2021 ആഗസ്റ്റ് 05, വ്യാഴം

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ

ചീഫ് എഡിറ്റർ
ശ്രീമതി വി. ചെറുപുഷ്പം

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
തുറമുഖം,മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി	: ശ്രീ. അഹമ്മദ് ദേവർകോവിൽ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. ആന്റണി രാജു
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി	: ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വവും വകുപ്പുമന്ത്രി	: ശ്രീ. കെ. രാധാകൃഷ്ണൻ
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്ജ്

ഉള്ളടക്കം

I. **ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

II. **തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 545-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

III. **അടിയന്തരപ്രമേയം**

മുതലപ്പൊഴി ഹാർബറിന്റെ അശാസ്ത്രീയ നിർമ്മാണം

- ശ്രീ. എം. വിൻസെന്റ്

(അനുമതി നിഷേധിച്ചു)

IV. **ശ്രദ്ധ ക്ഷണിക്കൽ**

1. പുതുക്കിയ തൊഴിലുറപ്പ് വേതന മാർഗ്ഗനിർദ്ദേശങ്ങൾ പിൻവലിക്കുന്നത് സംബന്ധിച്ച്
   - ശ്രീ. സി. കെ. ഹരീന്ദ്രൻ

2. നാളികേര കർഷകർക്ക് സഹായം
   - ശ്രീ. കുറുക്കോളി മൊയ്തീൻ

V. സബ്മിഷൻ

1. സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം
   - ഡോ. എം. കെ. മുനീർ

2. പ്രവേശന നിയന്ത്രണം
   - ശ്രീ. എ. കെ. എം. അഷ്റഫ്

3. കൈവശ ഭൂമിക്ക് പട്ടയം
   - ശ്രീ. ടി. സിദ്ദിഖ്

4. ചൂരൽപാറ മലയോര മേഖലയിലെ കർഷകർക്ക് പട്ടയം
   - ശ്രീ. കെ. ഡി. പ്രസേനൻ

5. എരുമേലി തെക്ക് വില്ലേജിലെ കർഷകരുടെ കൈവശഭൂമിക്ക് പട്ടയം
   - ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

6. റെഗുലേറ്ററുകളുടെ പുനർനിർമ്മാണം
   - ശ്രീ. മുരളി പെരുനെല്ലി

7. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ
   - ശ്രീ. പി. ബാലചന്ദ്രൻ

8. ബീനാച്ചി-പനമരം റോഡ് നിർമ്മാണം
   - ശ്രീ. ഐ.സി. ബാലകൃഷ്ണൻ

9. വഴിമുക്ക്-കളിയിക്കാവിള പാത വികസനം
   - ശ്രീ. കെ. ആൻസലൻ

10. മെഡിക്കൽ കോളേജിന്റെ വികസനം

-ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

VI. **റിപ്പോർട്ട് സമർപ്പണം**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

VII. **ഗവൺമെന്റ് പ്രമേയം**

2021-ലെ വൈദ്യുതി ഭേദഗതി ബിൽ പിൻവലിക്കണമെന്നത് സംബന്ധിച്ച്

- വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ കൃഷ്ണൻകുട്ടി)

VIII. **ക്രമപ്രശ്നം**

1. നിയമസഭാ ചോദ്യങ്ങൾക്കുള്ള ഉത്തരം യഥാസമയം ലഭ്യമാക്കൽ

- ശ്രീ. അനൂപ് ജേക്കബ്

2. ചട്ടം 300 പ്രകാരമുള്ള പ്രസ്താവനയിന്മേൽ പുറപ്പെടുവിച്ച ഉത്തരവിലെ വൈരുദ്ധ്യം

-പ്രതിപക്ഷ നേതാവ് (ശ്രീ. വി.ഡി. സതീശൻ)

റൂളിംഗ്

- മി. സ്പീക്കർ

IX. **ധനകാര്യം**

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം

X. **നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2021-ലെ കേരള ധനകാര്യ ബിൽ

(ii) 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

XI. **ക്രമപ്രശ്നം**

ധനകാര്യ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നത് സംബന്ധിച്ച്

-ശ്രീ. പി. ടി. തോമസ്

ൂളിംഗ്

നിയമനിർമ്മാണകാര്യം (തുടർച്ച)

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

2021 ആഗസ്റ്റ് 5, വ്യാഴം

വാല്യം 185} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 11

നിയമസഭ 2021 ആഗസ്റ്റ് മാസം 5-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ...

നക്ഷത്രചിഹ്നമിട്ട 301-ാം നമ്പർ ചോദ്യവുമായി 302-ാം നമ്പർ ചോദ്യം ക്ലബ്ച്ച് ചെയ്യുന്നതിന് ശ്രീ. മഞ്ഞളാംകുഴി അലി, 307-ാം നമ്പർ ചോദ്യം ക്ലബ്ച്ച് ചെയ്യുന്നതിന് ശ്രീമതി കെ. കെ. രമ, 309-ാം നമ്പർ ചോദ്യം ക്ലബ്ച്ച് ചെയ്യുന്നതിന് ശ്രീ. എൻ. ഷംസുദ്ദീൻ, 318-ാം നമ്പർ ചോദ്യം ക്ലബ്ച്ച് ചെയ്യുന്നതിന് ശ്രീ. എം. വിൻസെന്റ് എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ ചോദ്യം നമ്പർ 301-ഉം 302-ഉം മാത്രം ക്ലബ്ച്ച് ചെയ്യാൻ അനുവദിക്കുന്നു. മറ്റുള്ള ക്ലബ്ബിംഗ് അനുവദിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് ചോദ്യം നമ്പർ 301, 302 എന്നിവയ്ക്ക് മറുപടി പറയാവുന്നതാണ്.

കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേട്

1(*301) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ മുന്നൂറ്റി അമ്പത് കോടി രൂപയുടെ ക്രമക്കേട് നടന്നതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ സംഭവത്തിന്റെ അടിസ്ഥാനത്തിൽ ബാങ്ക് ഭരണസമിതി പിരിച്ചുവിട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ക്രമക്കേട് കണ്ടെത്തിയിട്ടും ഭരണസമിതി പിരിച്ചുവിടാത്ത നടപടി കൂടുതൽ ക്രമക്കേട് നടത്താൻ സാഹചര്യമൊരുക്കിയെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): സർ, (എ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ വായ്പ പലിശയുൾപ്പെടെ 1,02,55,49,364/- (102.55 കോടി) രൂപയുടെയും വ്യാപാര സ്റ്റോക്കിലെ കുറവ് ഇനത്തിൽ 1,69,34,445.63 (1.69 കോടി) രൂപയുടെയും കൂടി ആകെ 1,04,24,83,809.63 (104.24 കോടി) രൂപയുടെ

ക്രമക്കേട് നടന്നതായി ബാങ്കിൽ നടത്തിയ സഹകരണ നിയമം 65 അന്വേഷണ റിപ്പോർട്ട് പ്രകാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി &സി) സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ബാങ്ക് ഭരണസമിതിയെ സഹകരണ നിയമം 32 പ്രകാരം നീക്കം ചെയ്തിട്ടുണ്ട്. സർചാർജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 പ്രകാരമുള്ള അന്വേഷണം ആരംഭിച്ചിട്ടുണ്ട്. രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. കുറ്റക്കാരായ ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ 24-07-2021-ലെ സ.ഉ. (സാധാ) 451/21/സഹ. നമ്പർ ഉത്തരവിൻ പ്രകാരം ടി ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സൂക്ഷ്മപരിശോധന നടത്തുന്നതിനും കൃത്യസമയത്ത് ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ വകുപ്പിന്റെ ഭാഗത്തെ വീഴ്ചകളുൾപ്പെടെ അന്വേഷിക്കുന്നതിനും 9 അംഗങ്ങളടങ്ങുന്ന ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തി ഒരുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ ഉത്തരവായിട്ടുണ്ട്. സമിതിയുടെ ഇടക്കാല റിപ്പോർട്ട് 10 ദിവസത്തിനകം നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കുന്നതാണ്. ഈ

വിഷയത്തിൽ ക്രമക്കേടുകളെക്കുറിച്ച് പോലീസ് അന്വേഷണം നടന്നുവരുന്നുണ്ട്.

(ഡി) ക്രമക്കേട് റിപ്പോർട്ട് ലഭിച്ചയുടനെതന്നെ ഭരണസമിതിയെ പിരിച്ചുവിട്ടിട്ടുണ്ട്.

2(*302) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ വൻ തുകയുടെ ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഇതിലെ കുറ്റക്കാർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സഹകരണ ബാങ്കിലെ നിക്ഷേപകരുടെ പണം നഷ്ടപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, (എ) ഉണ്ട്. സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തിയിട്ടുണ്ട്. സഹകരണ നിയമം വകുപ്പ് 68 പ്രകാരം അന്വേഷണം നടന്നുവരുന്നു. കൂടാതെ ഗവൺമെന്റ് തലത്തിൽ ഈ വിഷയം അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിന് ഉന്നതതല സമിതിയെയും നിയോഗിച്ചിട്ടുണ്ട്. ക്രമക്കേടുകൾ സംബന്ധിച്ച് ക്രിമിനൽ ഇൻവെസ്റ്റിഗേഷനും നടന്നുവരുന്നു.

(ബി) സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ ബാങ്കിന്റെ ഭരണസമിതിയംഗങ്ങളും ബാങ്ക് സെക്രട്ടറി സുനിൽകുമാർ, ബ്രാഞ്ച് മാനേജർ ബിജു, മറ്റ് ജീവനക്കാരായ ജിൽസ്, റബ്കോ കമ്മീഷൻ ഏജന്റ് ബിജോയ് എന്നിവരും കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സഹകരണ നിയമം വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചുവിട്ടിട്ടുണ്ട്. കുറ്റക്കാരായ ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) ബാങ്കിനുണ്ടായ നഷ്ടം കുറ്റക്കാരിൽനിന്നും തിരികെ ഈടാക്കുന്നതിന് സർചാർജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 പ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ക്രമക്കേട് കാട്ടി

അനധികൃതമായി ലോൺ നേടിയവരുടെ വസ്തുക്കൾ അറ്റാച്ച് ചെയ്ത് തുക ഈടാക്കാൻ എല്ലാവിധ നിയമനടപടിയും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കരുവന്നൂർ ബാങ്ക് സംഭവം ഇന്നലെ വിശദമായി ചർച്ച ചെയ്തതാണ്. അത് ഗവൺമെന്റ് നേരത്തെ അറിഞ്ഞിരുന്നില്ലെന്ന് പറയുന്നത് ശരിയല്ലെന്നാണ് ഇതുവരെ വന്ന വാർത്തകളിൽനിന്ന് വ്യക്തമായിട്ടുള്ളത്. നിങ്ങളുടെ പാർട്ടിയിൽ പ്രശ്നങ്ങളുണ്ടായിരുന്നതുകൊണ്ട് അത് ഒതുക്കിവച്ചിരിക്കുകയായിരുന്നു. പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോഴാണ് പൊട്ടിത്തെറിച്ചത്. എന്റെ ചോദ്യം, പ്രൈമറി ബാങ്കുകൾക്ക് എന്തെങ്കിലും സാമ്പത്തിക പ്രതിസന്ധിയുണ്ടായാൽ സഹായിക്കാൻ ജില്ലാ സഹകരണ ബാങ്കുകളുണ്ടായിരുന്നു. പ്രതിസന്ധിയുള്ള ബാങ്കിനെ ജില്ലാ സഹകരണ ബാങ്ക് ഏറ്റെടുക്കും, അഡ്മിനിസ്ട്രേറ്ററെ നിയോഗിക്കും, അതെല്ലാം ജില്ലാ ബാങ്കിന്റെ നിയന്ത്രണത്തിലാകും. നിക്ഷേപകർക്ക് ആശങ്കയില്ലാത്ത വിധത്തിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ ജില്ലാ ബാങ്കില്ല, പകരം കേരള ബാങ്കാണ്. അത് ഷെഡ്യൂൾഡ് ബാങ്കാണ്. ഷെഡ്യൂൾഡ് ബാങ്കിന് സഹകരണ ബാങ്കുകളിൽനിന്ന് വ്യത്യസ്തമായി ഒരുപാട് നിബന്ധനകളുണ്ടെന്ന് ഞാൻ പറയേണ്ട കാര്യമില്ല.

അതുകൊണ്ട് പ്രതിസന്ധിയുണ്ടാകുന്ന പ്രൈമറി ബാങ്കുകളെ സഹായിക്കാനോ നിലനിർത്താനോ ഇന്ന് ജില്ലാ ബാങ്കില്ല. കേരള ബാങ്കിന് ചില പരിമിതികളുണ്ട്. ഈ സാഹചര്യത്തിൽ നിക്ഷേപകരുടെ പണം നഷ്ടമാകില്ലെന്ന് ഉറപ്പുവരുത്താൻ എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്? ഇതൊരു രാഷ്ട്രീയ പ്രശ്നമല്ലെന്ന് അങ്ങേയ്ക്ക് അറിയാമെന്ന് കരുതുന്നു. കരുവന്നൂർ ബാങ്കിന്റെ പ്രശ്നം വന്നതിനുശേഷം കേരളത്തിലെ എല്ലാ സഹകരണ ബാങ്കുകളിൽനിന്നും നിക്ഷേപങ്ങൾ പിൻവലിച്ചുകൊണ്ടിരിക്കുകയാണ്. ഇത് സഹകരണ ബാങ്കുകളുടെ നിലനിൽപ്പിനെ ബാധിക്കും. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, മുമ്പ് പ്രാഥമിക സഹകരണ സംഘം, ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നിങ്ങനെ ത്രീടയർ സിസ്റ്റം നിലനിന്നിരുന്നു. ഇപ്പോൾ കേരള ബാങ്ക് നിലവിൽ വന്നു. ഷെഡ്യൂൾഡ് ബാങ്കാണെങ്കിലും പ്രാഥമിക സംഘത്തിന് കേരള ബാങ്കിൽ അഫിലിയേഷനുണ്ട്. ഈ കാര്യത്തിൽ വ്യക്തമായ നിക്ഷേപ ഗ്യാരന്റി സ്കീം സഹകരണ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. മുമ്പും ഇത്തരം കേസുകളിൽ സഹായം നൽകിയിട്ടുണ്ട്. കരുവന്നൂർ ബാങ്കുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് പൂർത്തീകരിച്ച് ലഭ്യമായാലുടൻ ഒരു

പാക്കേജ് തയ്യാറാക്കി നിക്ഷേപകരുടെ ആശങ്കകളകറ്റാൻ സഹായിക്കുന്ന തരത്തിലുള്ള സംവിധാനമേർപ്പെടുത്തും.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അനന്തപുരം സർവ്വീസ് സഹകരണ ബാങ്ക് ആർ.എസ്.എസ്.-ന്റെ നിയന്ത്രണത്തിലുള്ളതാണെന്നാണ് പറയപ്പെടുന്നത്. എനിക്കറിയില്ല. ആ ബാങ്കിൽ..... (....ബഹളം....)

മി. സ്പീക്കർ: അങ്ങേയ്ക്ക് ചോദ്യം ചോദിക്കാനുള്ള അവസരമാണ്. ചോദ്യം ചോദിക്കൂ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അനന്തപുരം സർവ്വീസ് സഹകരണ ബാങ്കിൽ ധാരാളം ക്രമക്കേടുകൾ നടന്നതായും അതിൽ 37 എണ്ണം ചൂണ്ടിക്കാണിച്ചിരുന്നതായും അറിയുന്നു. പ്രസ്തുത ബാങ്ക് നോട്ട് നിരോധന സമയത്ത് നിരോധിക്കപ്പെട്ട നോട്ട് സ്വീകരിച്ചതായും പറയപ്പെടുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. ഇവിടത്തെ ബഹളം കേൾക്കുമ്പോൾ എനിക്ക് തോന്നുന്നത്, അനന്തപുരം ബാങ്കും നിങ്ങളുമായി എന്തോ ഏർപ്പാടുണ്ടെന്നാണ്. (.....ബഹളം....) പരിധിയിൽ കൂടുതൽ

വായ്പകൾ കൊടുക്കാൻ പാടില്ലെന്നാണ് നിയമം. പക്ഷേ കൃത്യമായ പരിശോധന നടക്കുന്നില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യം പരിശോധിച്ച് അറിയിക്കുന്നതാണ്.

ശ്രീ. ഷാഫി പറമ്പിലിനുവേണ്ടി ശ്രീ. റോജി എം. ജോൺ: സർ, കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കുമായി ബന്ധപ്പെട്ട് വലിയ സാമ്പത്തിക തട്ടിപ്പാണ് നടന്നിരിക്കുന്നത്. വലിയ ബാങ്കുകളെ പറ്റിച്ച് രാജ്യംവിട്ട നീരവ് മോദി, വിജയ് മല്യ എന്നിവരെ തിരിച്ച് കൊണ്ടുവന്ന് ജയിലിൽ അടയ്ക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നമ്മൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ ഏകദേശം 300 കോടി രൂപയുടെ തട്ടിപ്പ് നടത്തിയവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരേണ്ടതാണ്. ഭരണസമിതിയെ പിരിച്ചുവിടുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഭരണസമിതിയിലുള്ള ആളുകളുൾപ്പെടെ ഇതിന് കൂട്ടുനിന്നിട്ടുണ്ട്. അതുപോലെതന്നെ സഹകരണ വകുപ്പ് കൃത്യമായി ഓഡിറ്റ് നടത്തിയിട്ടുണ്ടാകും, ഓഡിറ്റ് നടത്തിയവർക്ക് ഇതിനെ സംബന്ധിച്ച് കൃത്യമായ വിവരങ്ങളുണ്ടാകും. കാരണം, ഇതൊരു സുപ്രഭാതത്തിൽ നടന്ന

തട്ടിപ്പല്ല, കുറേ വർഷങ്ങളായി നടക്കുന്നതാണ്. ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുൾപ്പെടെയുള്ളവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കാനും അവരെ അറസ്റ്റ് ചെയ്ത് നിയമത്തിനുമുമ്പിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കാനും അതിലൂടെ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ വിശ്വാസ്യത കാത്തുസൂക്ഷിക്കാനും സർക്കാർ തയ്യാറാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിശ്ചയമായും സഹകരണ മേഖലയുടെ വിശ്വാസ്യത നിലനിർത്താനാവശ്യമായ എല്ലാ നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. ഈ ക്രമക്കേട് 2010-2014 കാലഘട്ടത്തിലാണ് ഏറ്റവും കൂടുതൽ നടന്നിട്ടുള്ളത്. ഇതുസംബന്ധിച്ച അന്വേഷണ റിപ്പോർട്ട് വരുമ്പോൾ അന്നത്തെ സഹകരണ വകുപ്പ് ഓഡിറ്റർമാരുൾപ്പെടെ 2020 വരെയുള്ള ഓഡിറ്റർമാർ ഇതിൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ ആരെയും വെറുതെ വിടില്ലെന്ന കാര്യം അറിയിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കരുവന്നൂർ സഹകരണ ബാങ്ക് കൊള്ള സഹകരണ സ്ഥാപനങ്ങളുടെ വിശ്വാസ്യത തകർക്കുന്നതിനാണ് കാരണമാകുന്നത്. നിലവിലുള്ള നിയമംവച്ച് ആർ.ബി.ഐ.-യുടെ കീഴിലുള്ള സ്ഥാപനങ്ങളായാലും സഹകരണ സ്ഥാപനങ്ങളായാലും രാഷ്ട്രീയ

നേതൃത്വമാണ് അധികാരത്തിൽ വരുന്നത്. കോടിക്കണക്കിന് രൂപയാണ് അവർ കൈകാര്യം ചെയ്യുന്നത്. ഓരോ വ്യക്തിയും സാമ്പത്തികമായ സ്വത്തു വിവരങ്ങൾ പ്രഖ്യാപിക്കണമെന്ന് നിലവിൽ നിയമമുണ്ട്. ആർ.ബി.ഐ.-യുടെ കീഴിലുള്ള സ്ഥാപനങ്ങൾ അത് ചെയ്യുന്നുമുണ്ട്. പക്ഷേ നമ്മുടെ സഹകരണ സ്ഥാപനങ്ങൾ നിയമമുണ്ടായിട്ടും അത്തരം കാര്യങ്ങൾ ചെയ്യുന്നില്ല. ഉദ്യോഗസ്ഥർ അത് പരിശോധിക്കുന്നില്ല. കാരണം, രാഷ്ട്രീയ നേതൃത്വമാണ് അവിടെയുള്ളത്. അതുകൊണ്ട് കോടിക്കണക്കിന് രൂപ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ അവരുടെ സ്വത്തുവിവരങ്ങൾ വർഷംതോറും പ്രഖ്യാപിക്കുന്ന സാഹചര്യമുണ്ടാകണം. അതോടൊപ്പംതന്നെ ഇത്തരം കൊള്ളകൾക്ക് പ്രധാനമായും കാരണമാകുന്നത്, നിലവിലുള്ള സ്റ്റാഫ് സ്ട്രെങ്ത്തും പാറ്റേണും പഴയതാണ് എന്നതാണ്. ഇത്തരം കാര്യങ്ങൾ നടന്നാൽ എന്തുനടക്കുന്നു എന്നുപോലും ചോദിക്കാനുള്ള ജീവനക്കാരില്ല. ഇക്കാര്യങ്ങളിൽ ഒരു പൊളിച്ചെഴുത്ത് സർക്കാർ ആഗ്രഹിക്കുന്നുണ്ടോ; സഹകരണ സ്ഥാപനങ്ങളിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വിശ്വാസ്യത നിലനിർത്താനുള്ള ക്രിയാത്മകമായ നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കാലോചിതമായ മാറ്റം സഹകരണ നിയമത്തിൽ വരുത്താനാവശ്യമായ നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഒരു സബ് കമ്മിറ്റി രൂപീകരിച്ച് അതിന്റെ കരട് റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. എൽ.ഡി.എഫ്.-ലും യു.ഡി.എഫ്.-ലുംപെട്ട സഹകാരികളെ വിളിച്ച് ചർച്ച ചെയ്ത് ആ നിയമം കുറ്റമറ്റതാക്കി ഭേദഗതി ചെയ്യും. അതോടൊപ്പംതന്നെ ജീവനക്കാരുടെ അപര്യാപ്തത സംബന്ധിച്ച് അങ്ങ് സൂചിപ്പിച്ചത് ശരിയാണ്. കാലോചിതമായ മാറ്റങ്ങൾ വരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീ. സജീവ് ജോസഫ്: സർ, കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടിനെക്കുറിച്ച് 2020-ൽ മുൻ ബാങ്ക് മാനേജരും മുൻ ലോക്കൽ സെക്രട്ടറിയുമായ ശ്രീ. എം. വി. സുരേഷ് ഒരു ഫോൺ-ഇൻ പരിപാടിയിൽ അന്നത്തെ സഹകരണ വകുപ്പുമന്ത്രിയോട് പരാതി പറഞ്ഞിരുന്നു. ഇതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാതിരുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് സൂചിപ്പിച്ചതുപോലെ ശ്രീ. എം. വി. സുരേഷ് പരാതി ഉന്നയിച്ചതിനെത്തുടർന്ന് അന്നത്തെ സഹകരണ വകുപ്പുമന്ത്രി ഇതുസംബന്ധിച്ച് അന്വേഷണത്തിന് ഉത്തരവിട്ടിരുന്നു. അക്കാര്യത്തിൽ ഒരു കുറവും വരുത്തിയിട്ടില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഇന്ത്യാ രാജ്യത്ത് സഹകരണ മേഖലയിൽ ഏറ്റവും മുമ്പിൽ നിൽക്കുന്നത് നമ്മുടെ സംസ്ഥാനമാണ്. കരുവന്നൂർ സഹകരണ ബാങ്കിലെ മുന്നൂറ് കോടി രൂപയുടെ തട്ടിപ്പ് മാത്രമല്ല, പലരീതിയിലുള്ള കൊള്ളയാണ് നടത്തിയിട്ടുള്ളത്. ഒരു സ്ഥിര നിക്ഷേപത്തിന് ആദ്യത്തെ മൂന്നുമാസം പലിശ എഴുതിയെടുക്കുന്നു, വീണ്ടും ആറുമാസം കഴിയുമ്പോൾ ആറുമാസത്തെ പലിശ എഴുതിയെടുക്കുന്നു, ഒൻപത് മാസം കഴിയുമ്പോൾ ഒൻപത് മാസത്തെ പലിശ എഴുതിയെടുക്കുന്നു, ഒരു വർഷം കഴിയുമ്പോൾ ഒരു വർഷത്തെ പലിശയും എഴുതിയെടുക്കുന്നു. അങ്ങനെ ഒരു വർഷം ആകെ 30 മാസത്തെ പലിശ എഴുതിയെടുക്കുന്നു. അതുപോലെ തന്നെ നിക്ഷേപം രണ്ടും മൂന്നും പ്രാവശ്യം പിൻവലിച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ ധാരാളം ഇൻസ്പെക്ടർമാരും ഓഡിറ്റർമാരുമുണ്ടായിട്ടും ഇതുവരെയും ഈ കൊള്ള കണ്ടുപിടിക്കാൻ പറ്റിയില്ലെന്നത് ഒരു വീഴ്ച തന്നെയാണ്. എല്ലാ സഹകരണ ബാങ്കുകളിലും വലിയ രീതിയിലുള്ള ഒരു അപചയം നടക്കാൻ പോകുകയാണ്. പല സഹകരണ ബാങ്കുകളിൽനിന്നും നിക്ഷേപകർ പണം പിൻവലിച്ച് കൊമേഴ്സ്യൽ ബാങ്കുകളിൽ നിക്ഷേപിക്കുകയാണ്. സഹകരണ മേഖല തകർന്നുപോകുകയാണ്. കരുവന്നൂർ ബാങ്ക് മാത്രമല്ല, ടെലിവിഷനിൽ

മുഴുവൻ സർവ്വീസ് സഹകരണ സംഘങ്ങളുടെയും അഴിമതിയെപ്പറ്റിയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇത് ജനങ്ങളിൽ വലിയ അവമതിപ്പുണ്ടാക്കിയിട്ടുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്ത് ചെയ്യാനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, കരുവന്നൂർ ബാങ്കിൽ ക്രമക്കേട് നടന്നിട്ടുണ്ടെന്നുള്ള കാര്യം നേരത്തെതന്നെ സഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതിന് മുമ്പിലത്തെ ചോദ്യത്തിലും അത് വ്യക്തമാക്കിയിരുന്നു. സഹകരണ മേഖലയുടെ വിശ്വാസ്യത വീണ്ടെടുക്കാൻ സഹായിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾക്ക് ശുപവും ഭാവവും നൽകിയ കാര്യവും വിശദീകരിച്ചിരുന്നു. സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാരെയെല്ലാം നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്ന് നടപടി സ്വീകരിക്കുന്നതാണ്. ഒരു നിക്ഷേപകനും ഇക്കാര്യത്തിൽ ആശങ്ക വേണ്ട. ഒരു പാക്കേജ് തയ്യാറാക്കി ബന്ധപ്പെട്ടവരിൽനിന്നും പണം ഈടാക്കി, നിക്ഷേപ ഗ്യാരന്റി സ്കീം പ്രയോജനപ്പെടുത്തി അവരെ സഹായിക്കും. സഹകരണ മേഖലയുടെ ക്രെഡിബിലിറ്റി നഷ്ടപ്പെട്ടുവെന്ന അങ്ങയുടെ വാദം ശരിയല്ല. ഇന്നും കേരളത്തിൽ ഏതാണ്ട് രണ്ടേമുക്കാൽ ലക്ഷം കോടി ശുപയുടെ നിക്ഷേപമുള്ള സഹകരണ മേഖല അതിന്റെ വിപുലവും

വിശാലവുമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഒറ്റപ്പെട്ട ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതിനെതിരെ കൃത്യമായി നടപടിയെടുത്ത് ഭാവിയിൽ കുറ്റമറ്റതായി മാറ്റുന്നതാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഇന്നലെ ബഹുമാന്യനായ സഹകരണ വകുപ്പുമന്ത്രി ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടിയിൽ പറഞ്ഞത്, "പഞ്ചാബ് നാഷണൽ ബാങ്കിൽ വലിയ കുംഭകോണമുണ്ടായപ്പോൾ ആർക്കും ഒരു കുലുക്കവുമുണ്ടായില്ല, കരുവന്നൂർ ബാങ്കിലെ പ്രശ്നം വന്നപ്പോൾ മാത്രമാണ് എല്ലാവരും ഇളകിയിട്ടുള്ളത്" എന്നാണ്. സഹകരണ ബാങ്കുകൾ ഏത് പാർട്ടി നേതൃത്വം നൽകുന്ന ബാങ്കുകളായിരുന്നാലും ആ ബാങ്കുകളൊക്കെ സാധാരണക്കാരന്റെ രക്തവും വിയർപ്പുംകൊണ്ട് കെട്ടിപ്പടുത്തതാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല, അതൊരു പച്ചയായ പരമാർത്ഥവുമാണ്. കേരളത്തിലെ ചില ബാങ്കുകളുടെ നിയന്ത്രണം സി.പി.ഐ.(എം.)-നും ചിലത് യു.ഡി.എഫ്.-നും ലീഗിനും കോൺഗ്രസിനുമാണ്. ഏത് ബാങ്കിന് ക്ഷീണം സംഭവിച്ചാലും അത് നമ്മുടെ സഹകരണ പ്രസ്ഥാനത്തിനുള്ള ഏറ്റവും വലിയ പ്രഹരമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ സംഭവങ്ങളൊക്കെ നമ്മെ സംബന്ധിച്ചിടത്തോളം ചൂണ്ടുപലകയാണ്. ഒരു റെഗുലേറ്ററി

മെക്കാനിസത്തിന്റെ കുറവ് നമ്മുടെ സഹകരണ മേഖലയിലില്ലേ? ശ്രീ. ജി. സുധാകരൻ സഹകരണ വകുപ്പുമന്ത്രിയായിരുന്നപ്പോൾ 2010-ലെ സഹകരണ നിയമ ഭേദഗതിയിലൂടെ സഹകരണ ഓഡിറ്റ് പ്രത്യേക വകുപ്പാക്കുമെന്ന് പറഞ്ഞിരുന്നു. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതിൽ ഒരു കാര്യം തെറ്റാണെന്ന് ആദ്യമായി പറയട്ടെ. ഇന്നലെ പഞ്ചാബ് നാഷണൽ ബാങ്കിൽ കൊള്ള നടന്നിട്ട് എന്തുപറഞ്ഞുവെന്ന കാര്യം ഞാൻ ചോദിച്ചില്ല. അത് ചർച്ചയിൽ ഒരാൾ പറഞ്ഞതാണ്, അത് മന്ത്രിയുടെ തലയിൽ കെട്ടിവയ്ക്കേണ്ടതില്ല. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. അങ്ങ് ഉന്നയിച്ച വിഷയം സംബന്ധിച്ച് ഇന്നലെത്തന്നെ മറുപടി പറഞ്ഞിരുന്നു. കോ-ഓപ്പറേറ്റീവ് ഓഡിറ്റ് മോണിറ്ററിംഗ് ഇൻഫർമേഷൻ സിസ്റ്റം ഈ മേഖലയിൽ കൃത്യമായി നടപ്പിലാക്കാൻ പോകുകയാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സംസ്ഥാന സർക്കാരിനുപോലും സാമ്പത്തിക പ്രയാസമുണ്ടാകുമ്പോൾ ആശ്രയിക്കുന്നത് കേരളത്തിലെ സഹകരണ സംഘങ്ങളെയാണ്. കക്ഷി-രാഷ്ട്രീയ ഭേദമന്യേ കേരളത്തിലെ ജനസമൂഹം ഒന്നിച്ച് ഏറ്റെടുത്ത് വളർത്തിക്കൊണ്ടുവന്ന

പ്രസ്ഥാനമാണ് സഹകരണ സംഘങ്ങൾ. കരുവന്നൂർ സഹകരണ ബാങ്കിൽ സമാനതകളില്ലാത്ത വലിയൊരു അപരാധമാണ് സംഭവിച്ചത്. ഇത്തരം പ്രശ്നങ്ങളുണ്ടാകുമ്പോൾ ഭരണസമിതിയെയോ ജീവനക്കാരെയോ പിരിച്ചുവിട്ട് താൽക്കാലികമായൊരു നടപടിയെടുത്ത് അവസാനിപ്പിക്കുക എന്നതിനുപകരം അഴിമതി പരിപൂർണ്ണമായി ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണം. മലപ്പുറം ജില്ലയിലെ മിക്ക ബാങ്കുകളും ആവശ്യപ്പെടുന്ന കുറേ കാര്യങ്ങളുണ്ട്. ജീവനക്കാരുടെ നിയമനങ്ങൾ, സ്ഥലം വാങ്ങുന്നതിനാവശ്യമായ നടപടികൾ, നിയമാവലി ഭേദഗതി, പുതിയ സംഘങ്ങളുടെ രജിസ്ട്രേഷൻ എന്നിവയൊക്കെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷമായി അവർക്ക് അതിനൊന്നും അനുവാദം നൽകുന്നില്ലെന്നാണ് അറിവ്. അത്തരം അപാകതകൾ തിരുത്തി മലപ്പുറം ജില്ലയിലെ സഹകരണ സംഘങ്ങളുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിക്കാനും അത് നടപ്പിലാക്കാനുള്ള അനുവാദം നൽകാനും സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, അങ്ങിവിടെ സൂചിപ്പിച്ചതനുസരിച്ച് നിയമാനുസൃതമായുള്ള നടപടി ഏതെങ്കിലും സംഘത്തിന് ലഭ്യമാകാനുണ്ടെങ്കിൽ അങ്ങ് ശ്രദ്ധയിൽപ്പെടുത്തിയാൽ മതി, അത്

കൃത്യമായി തന്നിരിക്കുമെന്നുള്ള കാര്യം ഉറപ്പുനൽകുന്നു. രണ്ടാമതായി, വസ്തു വാങ്ങുന്നതിനും എല്ലാ ബ്രാഞ്ചുകൾക്കും കെട്ടിടം പണിയുന്നതിനും ചിലയാളുകൾ പരിശ്രമിക്കുന്നുണ്ട്. ഞങ്ങൾ അതിൽ ചൂണ്ടിക്കാണിക്കുന്നൊരു അപകടം, non earning assets ഒരു സാമ്പത്തിക സ്ഥാപനത്തിന് വർദ്ധിച്ചാൽ അത് കൃത്യമായി നഷ്ടത്തിൽ പോകും. അതുകൊണ്ട് എല്ലാ ബ്രാഞ്ചുകൾക്കും സ്വന്തമായി സ്ഥലം/കെട്ടിടം എന്ന ആശയം തെറ്റായ രീതിയാണെന്ന കാര്യം ഞങ്ങൾ ബോദ്ധ്യപ്പെടുത്താറുണ്ടെന്നുള്ളത് ശരിയാണ്.

<u>ശ്രീ. കുറ്റോളി മൊയ്തീൻ</u>: സർ, കരുവന്നൂർ സഹകരണ ബാങ്കിൽ 500 കോടി രൂപയുടെ നിക്ഷേപമുണ്ടെന്നാണ് കണ്ടത്. അതിൽ 350 കോടി രൂപയാണ് കൊള്ള ചെയ്തത്. ഇത്രയും രൂപ കൊള്ള ചെയ്യണമെങ്കിൽ സ്വാഭാവികമായും സെക്രട്ടറിയുൾപ്പെടെ മൂന്നോ നാലോ ജീവനക്കാരെങ്കിലും അതിലുൾപ്പെട്ടിട്ടുണ്ടാകും. നീണ്ടകാലത്തെ ഈ വലിയ കൊള്ള നടത്തിയതിൽ പങ്കാളികളായ എത്ര ജീവനക്കാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്? സെക്രട്ടേറിയറ്റിൽ തീപിടിത്തമുണ്ടായപ്പോൾ രേഖകൾ നശിപ്പിച്ച വാർത്തകൾ വായിക്കാനിടയായി. അതുപോലെ ഈ ജീവനക്കാർ അവിടെത്തന്നെ തുടരുകയാണെങ്കിൽ, അവിടത്തെ രേഖകൾ

നശിപ്പിച്ചതിനുശേഷമാണോ അവരുടെ പേരിൽ നടപടി സ്വീകരിക്കുന്നത്? ഇതുപോലെ പത്ത്-ഇരുപതോളം ബാങ്കുകളിൽ കൊള്ള നടന്നതായി വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. അവരുടെ പേരിൽ എന്തെങ്കിലും അന്വേഷണം ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, 350 കോടി രൂപയുടെ ക്രമക്കേട് നടന്നുവെന്ന് അങ്ങ് പറഞ്ഞു. ഞങ്ങളുടെ മുമ്പിൽ കിട്ടിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 104.24 കോടി രൂപയുടെ തട്ടിപ്പാണ് തിട്ടപ്പെടുത്തിയിരിക്കുന്നത്. അതോടൊപ്പം ബാക്കി എന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ കൂടുതലായി അന്വേഷണം നടത്തി സത്യം പുറത്തുകൊണ്ടുവരാനായി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്യും. ക്രമക്കേട് നടത്തിയ ഒരാളും ഇപ്പോൾ ബാങ്കിലില്ല. രേഖ നശിപ്പിക്കാൻ ബാങ്കിൽ ആരും കയറില്ല. മാത്രമല്ല, അവരുടെ സ്വത്തുക്കൾ കൈമാറാതിരിക്കാൻ വേണ്ടിയുള്ള നടപടിക്രമങ്ങളും സ്വീകരിച്ചിട്ടുണ്ട്.

ഡോ. കെ. ടി. ജലീൽ: സർ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘമായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കരുവന്നൂർ ബാങ്കും എ.ആർ.നഗർ സർവ്വീസ് സഹകരണ ബാങ്കുമുൾപ്പെടെ ആയിരത്തി അറുന്നൂറിൽപ്പരം കോ-

ഓപ്പറേറ്റീവ് ബാങ്കുകൾക്ക് എൻ.ആർ.ഇ. നിക്ഷേപം തുടങ്ങാൻ റിസർവ് ബാങ്ക് ഇതുവരെ അനുമതി നൽകിയിട്ടില്ല. ഇതാണ് യാഥാർത്ഥ്യമെന്നിരിക്കെ എ.ആർ.നഗർ സർവ്വീസ് സഹകരണ ബാങ്കിൽ തന്റെ മകന്റെ പേരിലുള്ളത് എൻ.ആർ.ഇ. നിക്ഷേപമാണെന്ന് ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സഭയിൽ നടത്തിയ പ്രസ്താവന വസ്തുതാപരമായി ശരിയാണോ?

ശ്രീ. വി. എൻ. വാസവൻ: സർ, ആ ബാങ്കിലെ നിക്ഷേപം സംബന്ധിച്ച വിവരം ഇപ്പോൾ എന്റെ മുമ്പിലില്ല. അത് പരിശോധിച്ച് മാത്രമേ പറയാൻ കഴിയൂ. (.....ബഹളം.....)

മി. സ്പീക്കർ: ഉപചോദ്യം അനുവദിച്ചതാണല്ലോ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, (.....ബഹളം.....)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പോയിന്റ് ഓഫ് ഓർഡർ. ഒന്നാമത്തെ കാര്യം, ചോദ്യോത്തരവേള വ്യക്തിപരമായ ആക്ഷേപങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ പാടില്ലെന്ന് അതുസംബന്ധിച്ച നിർദ്ദേശങ്ങളിലുണ്ട്. രണ്ടാമത്തെ കാര്യം, ഒരു സ്ഥലത്തും പ്രതിപക്ഷ ഉപനേതാവ് അദ്ദേഹത്തിന്റെ മകന്റെ ഈ ബാങ്കിലെ എൻ.ആർ.ഇ. നിക്ഷേപം സംബന്ധിച്ച് പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: അങ്ങ് ഉന്നയിച്ച കാര്യം പ്രത്യേകം പരിശോധിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, അദ്ദേഹം പറഞ്ഞത് എൻ.ആർ.ഇ. നിക്ഷേപമുണ്ടായിരുന്ന ബാങ്കിൽനിന്ന് എസ്.ബി.ഐ. വഴി ഈ ബാങ്കിലേയ്ക്ക് പൈസ ട്രാൻസ്ഫർ ചെയ്യ എന്നാണ്.

മി. സ്പീക്കർ: യെസ്....യെസ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ നിയമസഭയിൽ പറയാത്തൊരു കാര്യം അദ്ദേഹം വളച്ചൊടിച്ച് ചോദ്യോത്തരവേളയിൽ ചോദ്യം ചോദിക്കുന്നത് ശരിയല്ല.

ലോട്ടറി മേഖലയുടെ പുനരുജ്ജീവനം

3(*303) ശ്രീ. വാഴൂർ സോമൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ്മൂലം ലോട്ടറി മേഖലയ്ക്കുണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കോവിഡ്മൂലം പ്രതിസന്ധിയിലായ ലോട്ടറി മേഖലയുടെ പുനരുജ്ജീവനത്തിനായി നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(സി) സാമൂഹിക ലക്ഷ്യം മുൻനിർത്തി ലോട്ടറികൾ വിഭാവനം ചെയ്യുക എന്ന ആശയ സാക്ഷാത്ക്കാരത്തിനായി കൂടുതൽ ലോട്ടറികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ലോട്ടറി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ&ബി) കോവിഡ്-19 വ്യാപനം മറ്റെല്ലാ മേഖലയിലുമെന്നപോലെ ഭാഗ്യക്കുറി മേഖലയെയും ബാധിച്ചിട്ടുണ്ട്. കോവിഡ്-19 ഒന്നാംഘട്ട ലോക്ഡൗൺ പശ്ചാത്തലത്തിൽ ലോട്ടറി മേഖലയിലെ തൊഴിലാളികളുടെ സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്ത് കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിലെ സജീവ അംഗങ്ങൾക്ക് കോവിഡ് ആശ്വാസ ധനസഹായമായി 1,000/- രൂപ വീതം രണ്ട് ഗഡുക്കളായി നൽകിയിരുന്നു. സജീവ അംഗങ്ങൾക്കും പെൻഷൻകാർക്കും ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നതിന് യഥാക്രമം 3,500/- രൂപയുടെയും 2,000/- രൂപയുടെയും ഭാഗ്യക്കുപ്പണകൾ വിതരണം ചെയ്യുകയുണ്ടായി. തൊഴിൽ മേഖലയിൽ സുരക്ഷിതരായി

തുടരുന്നതിലേയ്ക്കായി ഒരു ജോഡി മാസ്ക്, സാനിറ്റൈസർ എന്നിവ സൗജന്യമായി വിതരണം ചെയ്തു. രണ്ടാംഘട്ട ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ എല്ലാ സജീവ അംഗങ്ങൾക്കും 1,000/- രൂപ വീതം അടിയന്തര ആശ്വാസ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. അംഗത്വ കാലാവധി ഒരു വർഷം പൂർത്തിയാക്കിയ സജീവ അംഗങ്ങൾക്കും 2021 ജൂലൈ 31 വരെയുള്ള കാലയളവിനുള്ളിൽ അംശദായ കുടിശ്ശിക ഒടുക്കി സജീവമാകുന്ന അംഗങ്ങൾക്കും 3,000/- രൂപ വീതവും പ്രസ്തുത വർഷം ഏപ്രിൽ 1 മുതൽ പെൻഷന് അർഹത നേടുന്ന പെൻഷൻകാർക്ക് 1,000/- രൂപ വീതവും ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നതിലേയ്ക്കായി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സമ്മാനങ്ങൾ 12960 എണ്ണം വർദ്ധിപ്പിച്ചും സമ്മാന വിഹിതം 1.5% വർദ്ധിപ്പിച്ചും 100 രൂപ ഒഴികെയുള്ള സമ്മാനങ്ങളുടെ ഏജൻസി പ്രൈസ് 2% വർദ്ധിപ്പിച്ചും 100 രൂപ സമ്മാനങ്ങളുടെ ഏജൻസി പ്രൈസ് 10 ശതമാനത്തിൽനിന്നും 20 ശതമാനമായി ഉയർത്തിയും ഏജൻസി ഡിസ്കൗണ്ട് സ്ലാബിൽ ഓരോന്നിലും 0.5% വീതം വർദ്ധനവ് വരുത്തിയിട്ടുണ്ട്. കോവിഡ് 19-ന്റെ ഒന്നും രണ്ടും ഘട്ട വ്യാപനവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരുന്ന ലോക്ഡൗൺ ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ നിമിത്തം നാളിതുവരെ 237-ഓളം

ഭാഗ്യക്കുറികൾ റദ്ദ് ചെയ്തിട്ടുണ്ട്. ആയത് സർക്കാരിനെന്നപോലെ ഭാഗ്യക്കുറി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് വരുമാനനഷ്ടം വരുത്തുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇത്തരം പ്രതിസന്ധിഘട്ടങ്ങളിൽനിന്നും കരകയറുന്നതിനായി ലോക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവുകൾ അനുവദിച്ചുവരുന്ന സാഹചര്യത്തിൽ ആഴ്ചയിൽ മൂന്നുവീതം നറുക്കെടുപ്പുകൾ തുടങ്ങുകയും അതുവഴി തൊഴിലാളികളുടെ ജീവനോപാധി കണ്ടെത്താനായി ശ്രമിക്കുകയും ചെയ്യുന്നു.

(സി) നിലവിലെ സാഹചര്യത്തിൽ പുതിയ ഭാഗ്യക്കുറികൾ ആരംഭിക്കുന്നതും അത് വിജയപ്രാപ്തിയിലേയ്ക്ക് എത്തിക്കുന്നതും പ്രയാസകരമാണ്.

(ഡി) ഉണ്ട്. ഭാഗ്യക്കുറി ടിക്കറ്റുകളുടെ സ്കീം ക്രിയേഷനിൽ തുടങ്ങി സമ്മാന വിതരണംവരെ നിർവ്വഹിക്കുന്നതിനായി ലോട്ടറി വകുപ്പ് എൻ.ഐ.സി. മുഖാന്തരം Automated Software സംവിധാനം നടപ്പിൽവരുത്തി. ഭാഗ്യക്കുറി മേഖലയിൽ വ്യാജലോട്ടറികൾ തടയുന്നതിനായി Relief pattern, Opaque Text, Void Pandograph Micro Text തുടങ്ങിയ സെക്യൂരിറ്റി ഫീച്ചറുകൾ ഏർപ്പെടുത്തി. വകുപ്പ് വിൽപ്പനയ്ക്കായി മാർക്കറ്റിൽ എത്തിക്കുന്ന ടിക്കറ്റുകളുടെ Genuineness

പരിശോധിക്കുന്നതിന് 'ഭാഗ്യകേരളം' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കിയിട്ടുണ്ട്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തിവരുന്ന നറുക്കെടുപ്പ് പ്രക്രിയ കൂടുതൽ സുതാര്യമാക്കുന്നതിനായി നാലോളം ചാനലുകളിൽ നറുക്കെടുപ്പിന്റെ തത്സമയ സംപ്രേക്ഷണം ആരംഭിച്ചു. ഭാഗ്യക്കുറി വകുപ്പിലെ പത്തൊൻപതോളം ഓഫീസുകളിൽ സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തുകയും അറ്റൻഡൻസ് രേഖപ്പെടുത്താൻ ബയോമെട്രിക്ക് സംവിധാനം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ലോട്ടറി ടിക്കറ്റ് വില്പന മേഖലയിലെ അനാശാസ്യ പ്രവണതകൾ കണ്ടെത്തുന്നതിനും തടയുന്നതിനും ഓഫീസുകളിലെ വില്പന സംബന്ധിച്ച് പരാതികൾ അന്വേഷിക്കുന്നതിനും വകുപ്പുതലത്തിൽ Internal Vigilance വിഭാഗം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. വാഴൂർ സോമൻ: സർ, വയോജനങ്ങൾ, അംഗപരിമിതർ തുടങ്ങി സമൂഹത്തിന്റെ ദുർബല ജനവിഭാഗങ്ങളാണ് ലോട്ടറി വിൽപ്പന രംഗത്ത് ഭൂരിപക്ഷവുമുള്ളത്. കോവിഡ് സാഹചര്യം തുടരുന്ന സാഹചര്യത്തിൽ ഏജന്റുമാർക്ക് ഓൺലൈനിലൂടെ പണമടച്ച് ടിക്കറ്റ് വാങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പരിശോധിച്ച് തീരുമാനിക്കേണ്ട ഒരു കാര്യമാണ്. ആവശ്യമായ പരിശോധന നടത്തുന്നതാണ്.

ശ്രീ. വാഴൂർ സോമൻ: സർ, 1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ കാലഘട്ടം മുതൽ തൊഴിലാളികൾക്ക്/ജീവനക്കാർക്ക് ബോണസ് എന്നുപറയുന്നത് മാറ്റിവയ്ക്കപ്പെട്ട വേതനമായാണ് കണക്കാക്കുന്നത്. 'Bonus is a deferred wage' എന്നാണ് പറയുന്നത്. നമ്മുടെ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കെല്ലാം 8.33 ശതമാനം ബോണസ് നൽകാൻ ഇന്നലെ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്. ലോട്ടറി രംഗത്ത് പ്രവർത്തിക്കുന്ന ആളുകൾക്കും മിനിമം ബോണസ്, കുറഞ്ഞത് പതിനായിരം രൂപയെങ്കിലും ഓണത്തിന് നൽകുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ മേഖലയെ സംബന്ധിച്ച് വേണ്ടത്ര ഗൗരവത്തോടെ അങ്ങ് മനസ്സിലാക്കിയിട്ടില്ലെന്ന് ഞാൻ പറയുന്നില്ല. ലോട്ടറി ഏജന്റുമാരുടെ കാര്യത്തിൽ, തൊഴിലാളികൾക്കുള്ളതുപോലെയുള്ള ബോണസ് എന്നുപറയുമ്പോൾ അത് എങ്ങനെയാകുമെന്ന കാര്യം മനസ്സിലുണ്ടാകേണ്ടതാണ്. ഒരു കാര്യം

പറയാം, കോവിഡ് സാഹചര്യത്തെത്തുടർന്ന് വലിയ ബുദ്ധിമുട്ടുണ്ടായതോടൊപ്പം മറുനാടൻ ലോട്ടറികളുടെ ഭീഷണിയുമുണ്ടായിരുന്ന സാഹചര്യത്തിൽ കേരള ലോട്ടറിക്ക് കിട്ടിക്കൊണ്ടിരുന്ന ബെനിഫിറ്റിൽ മൂന്ന് ശതമാനത്തോളമെങ്കിലും കുറവുണ്ടായി. അതുകൊണ്ട് അത്തരത്തിലൊരു ബോണസിന്റെ കാര്യമില്ല. എന്നാൽ ലോട്ടറിത്തൊഴിലാളി ക്ഷേമനിധിയും സംവിധാനങ്ങളും വന്നതിനുശേഷം ആ മേഖലയിൽ കാര്യമായ ഇടപെടലും സഹായവുമുണ്ടാകുന്നുണ്ട്. കൂടുതൽ വരുമാനം വർദ്ധിക്കുന്നതിനനുസരിച്ച് ഈ മേഖലയെ ശക്തമായി മുന്നോട്ട് കൊണ്ടുപോകാൻ ഗവൺമെന്റ് തയ്യാറാകും.

ശ്രീ. പി. എസ്. സുപാൽ: സർ, കോവിഡ് കാലത്ത് വളരെ പ്രതിസന്ധിയുണ്ടായ ഒരു മേഖലയാണ് ലോട്ടറി മേഖല. ലോട്ടറി മുഖവില കുറയ്ക്കുക, എഴുത്ത് ലോട്ടറി ചൂതാട്ടം തടയുക, സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നിവയൊക്കെ അവർ നിരന്തരമുന്നയിക്കുന്ന ആവശ്യങ്ങളാണ്. ലോട്ടറി ഏജന്റുമാർക്കായി ഒട്ടേറെ സഹായ പദ്ധതികൾ ഗവൺമെന്റ് പ്രഖ്യാപിക്കുകയുണ്ടായി. അത് പകുതിയോളം ഏജന്റുമാർക്ക് കിട്ടാത്ത സാഹചര്യമുണ്ട്. കാരണം, ഒരുമാസം ലോട്ടറി വിൽപ്പനയിൽ 25,000 രൂപ എന്ന ടാർജെറ്റ് അവർ നേടണം. ഏതാണ്ട്

നാൽപ്പതിനായിരത്തോളം അംഗങ്ങൾക്ക് അതിന് കഴിയാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് അവർക്ക് ക്ഷേമനിധി അംഗത്വം പുതുക്കാനും കഴിയുന്നില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് അവരെ സഹായിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഏജന്റുമാർക്ക് പരമാവധി സഹായം കിട്ടുന്ന എല്ലാ കാര്യങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും. സാങ്കേതികമായ കാര്യങ്ങൾ ബന്ധപ്പെട്ട വകുപ്പുമായി പരിശോധിച്ചുനോക്കേണ്ടതാണ്. പരമാവധി അവരെ സഹായിക്കുന്നതിനുള്ള നിലപാടുണ്ടാകും. കോവിഡ് കാലയളവിൽ വ്യവസ്ഥാപിതമായ നിയമത്തിൽ ഇളവ് വരുത്തിയാണ് അധികസഹായം ചെയ്തിട്ടുള്ളത്. മേലിലും ഏജന്റുമാരെ സംരക്ഷിക്കുന്നതിന് പരമാവധി കാര്യങ്ങൾ ചെയ്യും. ഇവിടെ പറഞ്ഞ കാര്യം പരിശോധിച്ച് മാത്രമേ എങ്ങനെ നടപ്പിലാക്കണമെന്ന് പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ലോട്ടറി മേഖല ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ലോട്ടറി വിൽപ്പനയിലുണ്ടായിട്ടുള്ള ഇടിവാണ്. ലോട്ടറിയുടെ മുഖവില കുറയ്ക്കാതെ താഴെത്തട്ടിൽ വിൽപ്പന വർദ്ധനവ് സാധ്യമാകില്ല. കോവിഡ്കാല പ്രതിസന്ധിയുടെ ഭാഗമായി താഴെത്തട്ടിൽ

ഭൂരിഭാഗം ടിക്കറ്റുകളും വിൽക്കപ്പെടാതെ അവശേഷിക്കുകയാണ്. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇത് ലോട്ടറി ഏജന്റുമാരുടെ സംഘടനകൾ ശക്തമായി ആവശ്യപ്പെട്ടിട്ടുള്ള ഒരു കാര്യമാണ്. നേരത്തെ 30 രൂപയായിരുന്നത് 40 രൂപയായി വർദ്ധിപ്പിച്ചു. ജി.എസ്.ടി. ഇംപ്ലിമെന്റ് ചെയ്ത സമയത്താണ് അങ്ങനെ വന്നത്. ലോട്ടറിക്ക് 12 ശതമാനമുണ്ടായിരുന്ന നികുതി 28 ശതമാനമായി. ലോട്ടറി ഇക്കണോമിക്കലായി പോകണമെങ്കിൽ മിനിമം സെയിൽസുണ്ടാകണമെന്നതാണ് പ്രശ്നം. ഇപ്പോൾ കോവിഡ് സാഹചര്യത്തിൽ വിൽപനയ്ക്ക് പരിധിയുണ്ട്. കമ്മീഷനും വിലയും അനുസരിച്ചാണ് വ്യത്യാസം വരുന്നത്. ഇതുമായി ബന്ധപ്പെട്ടുണ്ടായ ചർച്ചയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ടെക്നിക്കൽ മേഖലയിലുള്ളവരുമായി സംസാരിച്ചിരുന്നു. വില കുറയ്ക്കുന്നത് ഇപ്പോൾ ഇക്കണോമിക്കലാകില്ല, ലോട്ടറി സംവിധാനത്തിന് സഹായകരമാകില്ലെന്നാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് തൽക്കാലം അതിലേയ്ക്ക് പോകാൻ ബുദ്ധിമുട്ടുണ്ട്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, ലോട്ടറി ഏതാണ്ട് ഒന്നരലക്ഷത്തോളം വരുന്ന സാധാരണക്കാരായ, ഏറ്റവും പാവപ്പെട്ട ആളുകളുടെ

ഉപജീവനമാർഗ്ഗമാണ്. അതോടൊപ്പംതന്നെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഇതിൽ നിന്നും ലഭിക്കുന്ന തുക വിനിയോഗിക്കുകയും ചെയ്യുന്നുണ്ട്. ഇതരസംസ്ഥാന ലോട്ടറികളടക്കം വലിയ മാഫിയകൾ നമ്മുടെ സംസ്ഥാനത്തേയ്ക്ക് കടന്നുവരാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. ജി.എസ്.ടി. കൗൺസിലിൽ കേരളത്തിന്റെ എതിർപ്പ് മറികടന്നുകൊണ്ട് കേന്ദ്ര സർക്കാർ ലോട്ടറിക്കും എല്ലാ ഭാഗ്യക്കുറികൾക്കും, അത് ഇതരസംസ്ഥാനത്തുനിന്നും വരുന്നതാണെങ്കിലും സംസ്ഥാനത്തുള്ളതാണെങ്കിലും, നികുതി 28 ശതമാനമായി ഉയർത്തിയിട്ടുണ്ട്. അതോടൊപ്പം ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന ഇത്തരത്തിലുള്ള ലോട്ടറി മാഫിയകളെ നിയന്ത്രിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ അധികാരം കോടതിവഴി ഇല്ലാതാക്കുന്ന സാഹചര്യവുമുണ്ടായിട്ടുണ്ട്. ഇത് ലോട്ടറി മേഖലയെ വലിയ രീതിയിൽ ബാധിക്കാൻ സാധ്യതയുണ്ട്. ഇതിനെതിരെയുള്ള പോരാട്ടം നിയമപരമായി ജി.എസ്.ടി. കൗൺസിലിൽ നടത്താൻ തയ്യാറായിട്ടുണ്ടോ; അതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ജി.എസ്.ടി. കൗൺസിലിനുള്ളിലും കോടതിയിലും ഇടപെടൽ നടത്തിയിട്ടുണ്ട്.

ഏറ്റവുമൊടുവിൽ, പഞ്ചാബ്, ഗോവ, നാഗാലാൻഡ്, മിസോറാം, സിക്കിം തുടങ്ങി അഞ്ച് സംസ്ഥാനങ്ങൾ കേരളത്തിൽ ലോട്ടറി തുടങ്ങാനുള്ള അപേക്ഷ കൊടുത്തിരുന്നു. അതിൽ നാഗാലാൻഡ് ലോട്ടറി ഫ്യൂച്ചർ ഗെയിമിംഗ് ആന്റ് ഹോട്ടൽ സർവ്വീസസ് എന്ന ഏജൻസി വഴിയാണ് നടത്തുന്നത്. ഈ സഭയിലും പുറത്തും ഈ വിഷയം ഏറെ ചർച്ച ചെയ്തിട്ടുള്ളതാണ്. അവർക്ക് ഇവിടെ ലോട്ടറി നടത്താനുള്ള അവകാശം വേണമെന്ന് പറഞ്ഞ് കേസുമായി വന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി സിംഗിൾ ബഞ്ച് അവർക്കനുകൂലമായ വിധി നൽകി. എന്നാൽ ഡിവിഷൻ ബഞ്ചിൽ അപ്പീൽ പോയതിൽ സംസ്ഥാനത്തിന്റെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള ഒരു നിലപാടാണ് എടുത്തിരിക്കുന്നത്. എൽ.ഡി.എഫ്. ആയാലും യു.ഡി.എഫ്. ആയാലും ഗവൺമെന്റ് നേരത്തെ എടുത്ത നിലപാട് തുടർന്നും നിൽക്കുന്നതാണ്. ഇക്കാര്യത്തിൽ അവർ സുപ്രീംകോടതിയിൽ പോകുന്നതിന്റെ സാധ്യതകൂടി കണക്കിലെടുത്ത് ഒരു caveat കൂടി കൊടുത്തിട്ടുണ്ട്. ഇതുവരെ വേറൊന്നും വന്നിട്ടില്ല. ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ട് ലോട്ടറിയെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുകയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, കോവിഡ് സാഹചര്യത്തിനുശേഷം ലോട്ടറി സമ്മാനങ്ങളിൽ കുറവ് വന്നതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം നൂറ് ടിക്കറ്റുകൾക്കിടയിൽ രണ്ടും മൂന്നും സമ്മാനങ്ങളുണ്ടാകുന്ന ഘടനയായിരുന്നു ഉണ്ടായിരുന്നത്. അത് ഇപ്പോൾ കുറഞ്ഞിരിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. എല്ലാ ദിവസവും നറുക്കെടുപ്പ് നടത്തുന്ന രീതിയിൽ കൂടുതൽ ലോട്ടറി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ; ലോട്ടറിയെടുക്കുന്നത് സാധാരണക്കാരാണ്. ലോട്ടറി വിൽപ്പന ഏറ്റവും കൂടുതൽ നടക്കുന്നത് നറുക്കെടുപ്പിന്റെ അന്നോ തലേദിവസമോ ആയിരിക്കും. കോവിഡ് നിയന്ത്രണം വരുന്നത് ചിലപ്പോൾ ആ ദിവസങ്ങളിലായിരിക്കും. ആ ദിവസം അവർക്കത് വിൽക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകും. ഈ കാര്യങ്ങൾ പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സമ്മാനത്തിന്റെ കാര്യത്തിൽ അങ്ങേയ്ക്ക് ലഭിച്ച ധാരണ ശരിയല്ലെന്ന് പറയേണ്ടിയിരിക്കുന്നു. ലോട്ടറിക്കുണ്ടായിരുന്ന മൂന്ന് ശതമാനത്തോളം മാർജിൻകൂടി കുറച്ച് കൊടുത്തുകൊണ്ടാണ് കഴിഞ്ഞ ബഡ്ജറ്റിന്റെ സമയത്തും തൊട്ടുമുമ്പും ലോട്ടറി മേഖലയെ സംരക്ഷിക്കാൻ നിലപാടെടുത്തത്. നേരത്തെ പറഞ്ഞ

മറുപടിയിൽ അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ആവർത്തിക്കുന്നില്ല. 12960 സമ്മാനങ്ങൾ പുതിയതായി വർദ്ധിപ്പിച്ചു. ഏജന്റുമാരെ സഹായിക്കാൻ അര ശതമാനം വീതം ഏജൻസി ഡിസ്കൗണ്ടും വർദ്ധിപ്പിച്ചു. പ്രൈസ് മണിയുമായി ബന്ധപ്പെട്ട് കുറേ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. നാല് ടെലിവിഷൻ ചാനലുകളിൽ ഇതിന്റെ നറുക്കെടുപ്പ് ലൈവായി കാണിക്കുന്നത് ആളുകൾക്ക് ശരിയായി അറിയാനാണ്. അതുകൊണ്ട് ആനുകൂല്യങ്ങളുടെ കാര്യത്തിൽ കുറവില്ല. മാർജിൻ ഇപ്പോൾ മൂന്ന് ശതമാനം കുറവേയുള്ളൂ. കച്ചവടത്തിന്റെ കാര്യത്തിൽ, മൂന്ന് ലോട്ടറികൾ ആരംഭിച്ചിട്ടുണ്ട്. എങ്കിലും പഴയ എണ്ണത്തിലേയ്ക്ക് എത്തിയിട്ടില്ല. ഓരോ ലോട്ടറിയുടെയും വിൽപ്പന 90 ലക്ഷത്തിന് മുകളിലേയ്ക്ക് വന്നിട്ടുണ്ട്. ലോക്ഡൗണിന് മാറ്റം വന്ന സാഹചര്യത്തിൽ ആറ് ദിവസവും പ്രവർത്തിക്കുന്നുണ്ട്. അത് തുടരാൻ സാധിക്കുമെന്നുള്ള ശുഭപ്രതീക്ഷയാണുള്ളത്, തീരുമാനമായിട്ടില്ല. ആ തരത്തിലേയ്ക്ക് വിൽപ്പന വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, സമ്മാനം ലഭിച്ചയാൾ സമ്മാനം വങ്ങിക്കൊണ്ടുപോകാത്ത ഇനത്തിൽ കോടിക്കണക്കിന് രൂപയുണ്ടെന്നാണ് പൊതുവെയുള്ള സംസാരം. അങ്ങനെയുണ്ടെങ്കിൽ ഒരു കാലയളവ്

നിശ്ചയിച്ച്, ആ കാലയളവ് കഴിഞ്ഞാൽ തുക റൈറ്റ് ഓഫ് ചെയ്ത് ക്ഷേമ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിയുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് അന്വേഷിച്ചപ്പോൾ വലിയ തോതിൽ അൺക്ലെയിമ്ഡായിട്ടുള്ള തുക വരുന്നില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. സാധാരണ കൊമേഴ്സ്യൽ സംവിധാനം പോലെയല്ല ലോട്ടറി സമ്പ്രദായം. ഖജനാവിൽനിന്ന് പണമെടുക്കുക അതിലേയ്ക്കുതന്നെ തിരിച്ചുവരിക എന്ന നിലയിലാണ്. അല്ലാതെതന്നെ ക്ഷേമനിധിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നന്നായി ചെയ്യുന്നുണ്ട്. അത് ശക്തമായി മുന്നോട്ട് കൊണ്ടുപോകുകയെന്നുള്ളതാണ് നിലപാട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നോൺ ടാക്സ് റവന്യൂവിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം ലോട്ടറിയിൽനിന്ന് ലഭിക്കുന്ന വരുമാനമാണ്. ഇതര സംസ്ഥാന ലോട്ടറികൾ കേരളത്തിൽ ഇല്ലാതായാൽ സംസ്ഥാന ലോട്ടറി തകർന്നുപോകുമെന്നുള്ള പ്രചാരണമുണ്ടായിരുന്നു. എന്നാൽ ഇതര സംസ്ഥാന ലോട്ടറികൾ കേരളത്തിലുണ്ടായിരുന്ന കാലത്ത് 300 കോടി രൂപയുടെ ടേൺ ഓവറാണ് ഉണ്ടായിരുന്നത്; അതിനുശേഷം കേരള ലോട്ടറിയുടെ ടേൺ ഓവർ 12000 കോടി രൂപയായി ഉയർന്നു. പക്ഷെ

സമീപകാലത്ത് അതിൽനിന്നുള്ള വരുമാനം ഗണ്യമായി കുറഞ്ഞുവരുന്നതായാണ് കാണാൻ സാധിക്കുന്നത്. അത്തരത്തിൽ വരുമാനം കുറയുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാക്കണം. മാത്രമല്ല, സമ്മാന ഘടനയെക്കുറിച്ചുള്ള ആക്ഷേപങ്ങൾ ധാരാളമായുണ്ടാകുന്നു. സമ്മാന ഘടന പുനഃസംഘടിപ്പിച്ച് കേരള ലോട്ടറിയെ വിപുലപ്പെടുത്തണം. ഇപ്പോഴും ഇതരസംസ്ഥാന ലോട്ടറികൾ കടന്നുവരാൻ നിയമപരമായും അല്ലാതെയുമൊക്കെയുള്ള വലിയ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ പിന്തുണകൂടി അക്കാര്യത്തിലുണ്ട്. ഇതര സംസ്ഥാന ലോട്ടറി എന്നല്ല പറയേണ്ടത് അക്ഷരാർത്ഥത്തിൽ അവർ മാഫിയയാണ്. അവർ തന്നെയാണ് പല സംസ്ഥാനങ്ങളുടേയും കമ്പനികളുടേയും പേരിൽ ഇങ്ങോട്ട് കടന്നുവരാൻ ശ്രമിക്കുന്നത്. ഒറ്റക്കെട്ടായി നിന്നാണ് അവർ കേരളത്തിലേയ്ക്ക് വരാതിരിക്കാനുള്ള ശ്രമങ്ങൾ നമ്മൾ നടത്തിയിട്ടുള്ളത്. ആ ശ്രമം തുടരണം. കേരള ലോട്ടറിയുടെ നിലനിൽപ്പിന് സമ്മാന ഘടനയിലും ലോട്ടറിയുടെ ഘടനയിലും വരുത്തേണ്ട കാലാനുസൃതമായ മാറ്റങ്ങളെക്കുറിച്ച് ഗൗരവതരമായി ആലോചിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, സമ്മാനങ്ങളുടെ ഘടനയിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് നേരത്തെ പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ

നേതാവ് പറഞ്ഞ ഒരുകാര്യം വളരെ ശരിയാണ്. 2018-19-ലെ ലോട്ടറി കച്ചവടം 9262 കോടി രൂപയും 2019-20-ൽ 9,972 കോടി രൂപയുമായിരുന്നു. 2020-21-ൽ 4,910 കോടി രൂപയായി കുറഞ്ഞത് കോവിഡ് രൂക്ഷമായ സാഹചര്യത്തിലാണ്. സംസ്ഥാന സർക്കാരിന്റെ ഖജനാവിലേയ്ക്ക് വരുന്ന തുക മൂന്ന് ശതമാനത്തിൽ താഴെയാണ്. നേരത്തെ ആറ് ശതമാനമായിരുന്നു, ഒരു ഘട്ടത്തിൽ അതിലും കൂടുതലുണ്ടായിരുന്നു. കഴിഞ്ഞ വർഷത്തെ ലോക്ഡൗണിന്റെ സാഹചര്യത്തിൽ, ഏജന്റുമാർക്കുമെല്ലാം കുറച്ചൊരു മെച്ചപ്പെട്ട സാഹചര്യം കിട്ടാൻവേണ്ടി മൂന്ന് ശതമാനത്തോളം കുറച്ചിട്ടുണ്ട്. അതിലും താഴേയ്ക്ക് പോകാൻ പറ്റില്ല, 2.7 ശതമാനമേയുള്ളൂ. വലുതല്ലെങ്കിലും സംസ്ഥാന സർക്കാരിന്റെ നികുതിയേതര വരുമാനത്തിന്റെ ഒരു പ്രധാന ഭാഗമാണത്. വിൽക്കുന്ന ലോട്ടറിയുടെ ജി.എസ്.ടി. ഭാഗമാണ് നമുക്ക് കിട്ടുന്ന ലാഭം. അതുകൊണ്ട് ഏജൻസി കമ്മീഷൻ പരമാവധി കൊടുക്കുകയും പരമാവധി വിതരണം ചെയ്യുകയും ചെയ്യുന്ന തരത്തിലുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. പല സംസ്ഥാന ലോട്ടറികളുടെയും പേരിൽ വരുന്നത് ഒരേ കമ്പനിയാണ്. അവരാണ് ലോട്ടറി ആരംഭിക്കാൻ അപേക്ഷയുമായി മുന്നോട്ടുവരുന്നത്. അതിനെ നമ്മൾ ഒന്നിച്ച് നേരിടണം. ഒരു ലക്ഷത്തോളം ആളുകൾക്കെങ്കിലും ജീവിക്കാനുള്ള വരുമാനം

നേടിക്കൊടുക്കുന്ന സംവിധാനമായാണ് ലോട്ടറിയെ ഗവൺമെന്റ് കാണുന്നത്. അതനുസരിച്ച് ഘടനയിൽ മാറ്റം വരുത്തിയിട്ടുണ്ട്. കോവിഡിന്റെ ഈ ഘട്ടം മാറിക്കഴിഞ്ഞാൽ കൂടുതൽ ശക്തിപ്പെടുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കേരള ബാങ്ക് വായ്പകൾക്ക് കൂട്ടുപലിശ

4 (*304) ഡോ. എം. കെ. മുനീർ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നയത്തിന് വിരുദ്ധമായി കാർഷികേതര വായ്പകൾക്ക് കേരള ബാങ്ക് കൂട്ടുപലിശ ഈടാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വാണിജ്യ ബാങ്കുകളുടെ ചൂഷണത്തിൽനിന്നും സാധാരണക്കാരെ സംരക്ഷിക്കുന്നതിനായി രൂപീകരിച്ച കേരള ബാങ്ക് അവയെക്കാൾ കൂടുതൽ പലിശ ഈടാക്കുന്നതായ പരാതി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, (എ) റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് കുട്ടുപലിശ ഈടാക്കുന്നത്.

(ബി) ബാങ്കിന്റെ നിക്ഷേപത്തിന്റെ cost of fund-ന് അനുസരിച്ചാണ് പലിശ നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. വാണിജ്യ ബാങ്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കേരള ബാങ്കിന്റെ നിക്ഷേപങ്ങളുടെ cost of fund കൂടുതലാണ്. ആയതിനാലാണ് വാണിജ്യ ബാങ്കുകളെക്കാൾ പലിശ നിരക്ക് ഉയർന്നുവരുന്നത്. Cost of fund കുറയുന്നതിനനുസരിച്ച് വായ്പാപലിശ നിരക്ക് കുറയ്ക്കുന്ന കാര്യം പരിഗണിക്കും.

ഡോ. എം. കെ. മുനീർ: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ ഷെഡ്യൂൾഡ് ബാങ്കിൽനിന്നും കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭിക്കുമെന്നുള്ള നിലയ്ക്കാണ് സാധാരണക്കാർ കേരള ബാങ്കിനെ സമീപിക്കുന്നത്. പക്ഷേ കേരള ബാങ്കിൽ ഭവനവായ്പയ്ക്ക് മറ്റ് ഷെഡ്യൂൾഡ് ബാങ്കുകളേക്കാൾ പലിശ കൂടുതലാണ്. കേരള ബാങ്കിൽനിന്നും നൽകുന്ന വിവിധ വായ്പകളുടെ പലിശ നിർണ്ണയിക്കുന്നത് ആരാണ്?

ശ്രീ. വി. എൻ. വാസവൻ: സർ, നിയന്ത്രണത്തിന് വിധേയമായാണ് കേരള ബാങ്കിന്റെ പലിശ നിർണ്ണയം നടക്കുന്നത്. അതിന്റെ

അടിസ്ഥാനത്തിലാണ് ഇപ്പോൾ പലിശ നിർണ്ണയിച്ചിട്ടുള്ളതെന്ന് നേരത്തെതന്നെ വിശദീകരിച്ചിരുന്നു.

ഡോ. എം. കെ. മുനീർ: സർ, കോസ്റ്റ് കുറഞ്ഞുവരുമ്പോൾ പലിശ കുറയുമെന്ന പ്രതീക്ഷയിലാണ് ജനങ്ങൾ. നമ്മുടേതായ ബാങ്കെന്നുള്ള രീതിയിൽ കേരള ബാങ്കിനെ സമീപിക്കുമ്പോൾ ഇത്തരത്തിൽ കൂടുതൽ പലിശ വരുന്നത് ഗുണകരമാണോയെന്ന് പരിശോധിക്കേണ്ടതുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാർക്ക് അധിക യോഗ്യതയ്ക്ക് നൽകുന്ന അഡീഷണൽ ഇൻക്രിമെന്റിന് ഡി.എ. ബാധകമാണോ; സഹകരണ സംഘം രജിസ്ട്രാറുടെ 14/2021 നമ്പർ സർക്കുലർ ഏതൊക്കെ സഹകരണ സ്ഥാപനങ്ങൾക്കാണ് ബാധകമാകുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ സംസ്ഥാന സഹകരണ ബാങ്കിനെ കേരള ബാങ്ക് എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്. അവിടത്തെ ജീവനക്കാരുടെ പ്രൊമോഷനുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ചും റൂൾസ് ആൻഡ് റെഗുലേഷൻസ് സംബന്ധിച്ചും പുതിയ തീരുമാനത്തിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. അതിനുശേഷം ആ കാര്യത്തിൽ എന്തെങ്കിലും ഭേദഗതിയുണ്ടെങ്കിൽ സൂചിപ്പിക്കാവുന്നതാണ്. സർക്കുലർ പി.എ.സി.എസ്.-കൾക്കാണ് ബാധകമായിട്ടുള്ളത്.

ശ്രീ. യു. എ. ലത്തീഫ്: സർ, കോസ്റ്റ് ഓഫ് ഫണ്ട് കൂടുന്നതുകൊണ്ടാണ് കൂട്ടുപലിശ ഈടാക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. കോസ്റ്റ് ഓഫ് ഫണ്ട് ഇത്രയും നാളായിട്ടും കുറയ്ക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്; മലപ്പുറം ജില്ലാ ബാങ്ക് കൂട്ടുപലിശ ഈടാക്കുന്നില്ലെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, മലപ്പുറം ബാങ്കിന്റെ ഉള്ളടക്കം ഇതുവരെ ഞങ്ങളുടെ മുന്നിൽ വന്നിട്ടില്ല. പ്രസ്തുത വിഷയം പരിശോധിച്ചിട്ട് പറയാം.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, കേരള ബാങ്ക് അടക്കമുള്ള സഹകരണ മേഖലയിൽ ഏകദേശം രണ്ട് ലക്ഷം കോടി രൂപ നിക്ഷേപമുള്ളതായി ഇന്നലെ നടന്ന ചർച്ചയിൽ പറഞ്ഞു. ഇവിടെയുള്ള നിയമസഭാ സാമാജികരൊക്കെ സഹകരണ മേഖലയുമായി ബന്ധമുള്ളവരാണ്. അവരുടെയൊക്കെ പ്രവർത്തനത്തിന്റെ ഫലമായാണ് ഇന്ന് സഹകരണ മേഖല ഉത്തുംഗശൃംഗത്തിൽ നിൽക്കുന്നത്. അതിലെന്തെങ്കിലും തകരാറ് സംഭവിക്കുമ്പോൾ നമുക്കുണ്ടാകുന്ന ഉത്കണ്ഠയാണിവിടെ രേഖപ്പെടുത്തുന്നത്. ഇത് ലാഘവത്തോടുകൂടി കാണേണ്ട വിഷയമല്ല. സഹകരണ ബാങ്കുകൾക്ക് നിക്ഷേപം

കുറവുണ്ടായിരുന്ന സമയത്ത്, അന്നത്തെ സഹകരണ വകുപ്പുമന്ത്രിയായിരുന്ന മരണപ്പെട്ട കമലം പ്രഖ്യാപിച്ച 'നിക്ഷേപ സമാഹരണ യജ്ഞം' ഓരോ വർഷവും നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രസിഡന്റായിരുന്ന സമയത്തായിരുന്നു 'സഹകാരി സമ്പർക്ക പരിപാടി' പദ്ധതി ആസൂത്രണം ചെയ്തത്. 'ഒരു വീട്ടിൽ നിന്നൊരു നിക്ഷേപം, ഒരു വീട്ടിൽ നിന്നൊരു അംഗം' എന്നത് വലിയൊരു ക്യാമ്പയിനായിരുന്നു. സംസ്ഥാനത്തുടനീളം അത് നടത്തുകയുണ്ടായി. ഈ ക്യാമ്പയിൻവഴി വലിയ തോതിലുള്ള നിക്ഷേപങ്ങൾ സഹകരണ പ്രസ്ഥാനത്തിൽ വരികയുണ്ടായി. ഇത് സംരക്ഷിച്ചുപോകേണ്ട ഉത്തരവാദിത്വം നമുക്കോരോരുത്തർക്കുമുണ്ട്.

മി. സ്പീക്കർ: ദയവായി അങ്ങ് ചോദ്യത്തിലേയ്ക്ക് കടക്കു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, നേരത്തെ സൂചിപ്പിച്ച നിലയിൽ ഇതുമായി ബന്ധപ്പെട്ടുവരുന്ന വിമർശനങ്ങളെ കാണണമെന്നാണ് എനിക്ക് പറയാനുള്ളത്. കേരള ബാങ്കിന്റെ രൂപീകരണ വേളയിൽ, കേരള ബാങ്കിൽനിന്ന് അടുത്ത 3 വർഷങ്ങളിൽ 10% ഡിവിഡന്റ് അവരുടെ ഓഹരി മൂലധനത്തിന് സംഘങ്ങൾക്ക് നൽകുന്നതാണെന്ന് അന്നത്തെ സഹകരണ വകുപ്പുമന്ത്രി ഒരു പ്രഖ്യാപനം നടത്തിയിരുന്നു. അത് സർക്കാരിന്റെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ 2020-21 മാർച്ചിൽ അവസാനിച്ച കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബാങ്കിന്റെ ലാഭനഷ്ടക്കണക്കുകളുടെ അടിസ്ഥാനത്തിൽ, മുൻ മന്ത്രി പ്രഖ്യാപിച്ച ലാഭവിഹിതം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് നൽകാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ചർച്ചയിൽ ഉയർന്നുവന്ന സൃഷ്ടിപരമായ വിമർശനങ്ങളും ക്രിയാത്മക നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നുവെന്ന് തന്നെയാണ് ഞാൻ ആദ്യം സൂചിപ്പിച്ചത്. കഴിഞ്ഞ സഹകരണ വകുപ്പുമന്ത്രി പ്രഖ്യാപിച്ച ഡിവിഡന്റ് നൽകാത്തത് ലാഭത്തിൽ എത്താത്തതിനാലാണ്. എല്ലാവർക്കും അറിയാവുന്ന കണക്ക് പരസ്യപ്പെടുത്തിയിട്ടുണ്ട്. ലാഭമുണ്ടാകുന്ന മുറയ്ക്ക് അത് കൊടുക്കും.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, കേരള ബാങ്ക് അപ്പെക്സ് ബാങ്കായാണ് കരുതുന്നത്. സഹകരണ ബാങ്കുകളേക്കാൾ നന്നായി ജനങ്ങൾക്ക് സേവനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന ബാങ്കാണ് കേരള ബാങ്ക്. അതുകൊണ്ട് സഹകരണ ബാങ്കുകളേക്കാൾ കുറഞ്ഞ നിരക്കിൽ കേരള ബാങ്ക് വായ്പ നൽകാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, കേരള ബാങ്കിന്റെ വായ്പയുടെ പലിശനിരക്ക് തീരുമാനിക്കുന്നതിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് ഒരു സ്ഥാനമുണ്ട്. അവരുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നമുക്കൊന്നും ചെയ്യാൻ കഴിയില്ല. അതേസമയം കാർഷിക വായ്പകൾക്ക് പലിശ കുറച്ച് കൊടുക്കുന്നുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സഹകരണ ബാങ്കുകളടക്കം കേരളത്തിലെ എല്ലാ ബാങ്കുകൾക്കും കോവിഡ് കാലഘട്ടത്തിൽ തിരിച്ചടവിന് മൊറട്ടോറിയം പ്രഖ്യാപിച്ചെന്ന് ഗവൺമെന്റ് പറഞ്ഞു. പക്ഷേ പിന്നീട് മൊറട്ടോറിയം ജനങ്ങൾക്ക് ഏറ്റവും വലിയ വിനയായിട്ടാണ് മാറിയത്. മൊറട്ടോറിയം കാലഘട്ടത്തിലെ തിരിച്ചടയ്ക്കേണ്ട പലിശയുടെ പിഴപ്പലിശയുൾപ്പെടെയാണ് ഈടാക്കിയിട്ടുള്ളത്. കോവിഡ് കാലഘട്ടത്തിൽ മൊറട്ടോറിയം പ്രഖ്യാപിച്ച സാഹചര്യം കണക്കിലെടുത്ത് പലിശയ്ക്ക് ഇളവ് നൽകി ജനങ്ങളെ സഹായിക്കാൻ കഴിയുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, മൊറട്ടോറിയം പ്രഖ്യാപിച്ചശേഷം എല്ലാ വർഷവും ഒ.ടി.എസ്. (വൺ ടൈം സെറ്റിൽമെന്റ്) പ്രഖ്യാപിക്കാറുണ്ട്. ആ സന്ദർഭത്തിൽ പീനൽ ഇന്ററസ്റ്റ് പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കും. കൂടാതെ അതാതു ബാങ്കിന്റെ ഭരണസമിതികൾക്ക് അവരുടെ പലിശയിൽ

എത്ര ശതമാനം വേവ് ചെയ്ത് കൊടുക്കണമെന്ന് തീരുമാനിക്കാമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, സഹകരണ മേഖലയിൽ വളരെ അപകടകരമായൊരു ടെൻഡ് വളർന്നുവരികയാണ്. അഴിമതിയും കെടുകാര്യസ്ഥതയും കാണിക്കുന്ന ചില സംഘങ്ങളുണ്ട്. അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരണം. സഹകരണ ബാങ്കുകളെല്ലാം കുഴപ്പമാണെന്ന ധാരണ പരത്തുന്ന സാഹചര്യത്തിൽ നിക്ഷേപകർ ഒരു ഭാഗത്ത് നിക്ഷേപങ്ങൾ പിൻവലിച്ചുകൊണ്ടിരിക്കുകയാണ്. മറുഭാഗത്ത് സഹകരണ സ്ഥാപനങ്ങളെ കൈപ്പിടിയിലൊതുക്കാൻ കേന്ദ്രമന്ത്രാലയം പ്രവർത്തനങ്ങൾ നടത്തുന്നു. മൂന്നാമതായി, ആർ.ബി.ഐ. കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് സഹകരണ മേഖലയുടെ കഴുത്ത് ഞെരിക്കാൻ ശ്രമിക്കുന്നു. ഇക്കാര്യത്തിൽ വളരെ വ്യക്തമായ നിലപാട് സർക്കാരിനുണ്ടാകണം. നിക്ഷേപം ആര് നടത്തിയാലും അവരുടെ നിക്ഷേപം സുരക്ഷിതമാണെന്നുള്ള ധാരണയുണ്ടാക്കണം. കള്ളനാണയങ്ങളെ കണ്ടെത്തി ശിക്ഷിച്ചെങ്കിൽ മാത്രമേ സഹകരണ മേഖല നിലനിൽക്കുകയുള്ളൂ. ഇതിനുവേണ്ടി സർക്കാർ അടിയന്തരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇന്നലെ ധനാഭ്യർത്ഥന ചർച്ചയ്ക്കിടയിൽ ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച ചോദ്യങ്ങൾക്കുള്ള മറുപടി ഞാൻ സൂചിപ്പിച്ചിരുന്നു. താങ്കൾ സഭയിൽ ഇല്ലാതിരുന്നതുകൊണ്ടാണ് അത് കേൾക്കാൻ സാധിക്കാത്തത്. ഇക്കാര്യത്തിൽ വ്യക്തവും ശക്തവുമായ നിലപാടുകൾ സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കുറ്റമറ്റ രൂപത്തിലുള്ള ആഡിറ്റ് സമ്പ്രദായത്തെ സംബന്ധിച്ച് ക്രിയാത്മകമായൊരു നിർദ്ദേശം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുന്നോട്ടുവച്ചിരുന്നു. ഞങ്ങളതനുസരിച്ച് നേരത്തെതന്നെ പ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു. കുറ്റമറ്റ രൂപത്തിലുള്ള ആഡിറ്റ് സമ്പ്രദായം, നിക്ഷേപകർക്ക് ആശങ്കയുണ്ടാകാത്ത തരത്തിലുള്ള നിക്ഷേപ ഗ്യാരന്റി സ്കീമും പാക്കേജും, പ്രശ്നങ്ങളുണ്ടാകുന്ന സംഘങ്ങളെ രക്ഷിക്കാനുള്ള സമീപനം, ഓരോ ബാങ്കിലെയും ക്രമക്കേടുകൾ അപ്പപ്പോൾ കണ്ടെത്തി നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങൾ സഭയിൽ വ്യക്തമാക്കിയിരുന്നു. രണ്ടാമത്, കേന്ദ്രസർക്കാർ ഈ രംഗത്ത് ഒരു മന്ത്രാലയം രൂപീകരിച്ചതിനുശേഷം 97-ാം ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ട് 2011-ൽ യു.പി.എ. സർക്കാർ കൊണ്ടുവന്ന ഒരു നിയമ ഭേദഗതിയെ ഗുജറാത്ത് ഹൈക്കോടതി ചോദ്യം ചെയ്തു. ഇപ്പോൾ അതുമായി

ബന്ധപ്പെട്ട് വന്ന അപ്പീലിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി സുപ്രധാനമായ ഒരു വിധി പുറപ്പെടുവിച്ചപ്പോൾ ഇന്ത്യൻ ഭരണഘടനയുടെ ഏഴാം പട്ടികയിൽ 32-ാമത് എൻട്രിയിൽ കൃത്യമായും സഹകരണം സ്റ്റേറ്റ് സബ്ജക്ടാണെന്ന് നിർവ്വചിക്കുകയും ചെയ്തു. അതുകൊണ്ട് അക്കാര്യത്തിൽ സംശയലേശമെന്യേയുള്ള ഒരു വിധിയാണ് വന്നത്. അത് സ്വാഗതാർഹമാണ്. എന്നാൽ മൾട്ടി സ്റ്റേറ്റ് സൊസൈറ്റികൾക്ക് സംരക്ഷണം കൊടുക്കാമെന്നത് അപകടകരമായ കാര്യമാണ്. മൂന്നംഗ ബഞ്ചിന്റെ ഭരണഘടനാപരമായ വിധി വന്നപ്പോൾ രണ്ടംഗ ബഞ്ചും ഈ വിധിതന്നെ പറഞ്ഞു. മൂന്നാമത്തെ വിധിയിൽ ജസ്റ്റിസ് ജോസഫ്, പ്രസ്തുത രംഗത്ത് അതുകൂടി റദ്ദ് ചെയ്യുകയെന്ന നിരീക്ഷണമാണ് നടത്തിയിട്ടുള്ളത്. ഈ രംഗത്ത് മന്ത്രാലയത്തിന്റെ പ്രവർത്തനം എങ്ങനെയാണെന്ന് കണ്ടതിനുശേഷം ഭാവി പരിപാടികൾ തീരുമാനിക്കാം. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി സ്വാഗതാർഹമാണ്. അതിന്റെയടിസ്ഥാനത്തിൽ മുന്നോട്ടുപോകാൻ കഴിയും.

<u>സമ്പദ് വ്യവസ്ഥയിൽ കോവിഡ് ഏൽപ്പിച്ച ആഘാതം</u>

5 (*305) <u>ശ്രീ. ഐ. ബി. സതീഷ്:</u>
<u>ശ്രീ. എ. സി. മൊയ്തീൻ:</u>
<u>ശ്രീ. പി. നന്ദകുമാർ:</u>

ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ഒന്നാം തരംഗം സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകളിലേല്പിച്ച ആഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കോവിഡ് രണ്ടാം തരംഗം വിവിധ മേഖലകളിലെ പിന്നോട്ടടിക്ക് ആക്കം വർദ്ധിപ്പിച്ചതിനാൽ സമ്പദ് വ്യവസ്ഥയുടെ പുനരുജ്ജീവനത്തിന് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(സി) ക്രയശേഷി ശോഷണം ആഭ്യന്തരോല്പാദനത്തിൽ സൃഷ്ടിക്കുന്ന ആഘാതം പരിഹരിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) മഹാപ്രളയങ്ങളും കോവിഡും സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതിയിൽ വലിയ ആഘാതമാണ് സൃഷ്ടിച്ചിട്ടുള്ളത്. കോവിഡ്-19 മഹാമാരിയും ലോക്ഡൗണും സംസ്ഥാന സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതം സംബന്ധിച്ച കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ ദ്രുതഗതിയിലുള്ള വിലയിരുത്തലനുസരിച്ച് കേരള സമ്പദ് വ്യവസ്ഥയുടെ മൊത്തം മൂല്യവർദ്ധനവില 2020-21 ഒന്നാം പാദത്തിലെ പ്രതീക്ഷിത നഷ്ടം

ഏകദേശം 80,000 കോടി രൂപയാണ്. കോവിഡിനെത്തുടർന്ന് രൂപീകരിച്ച വിദഗ്ധ സമിതികളുടെ റിപ്പോർട്ടുകൾ പ്രകാരം 2020-21-ൽ റവന്യൂ വരുമാനത്തിൽ 33,456 കോടി രൂപയുടെ കുറവുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കോവിഡ് മഹാമാരി സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ സൃഷ്ടിച്ച പ്രത്യാഘാതം കാരണം കഴിഞ്ഞ വർഷം 2020-2021-ൽ നമ്മുടെ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനം (GSDP) 3.82 ശതമാനം കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22-ൽ 6.60 ശതമാനം കുത്തനെയുള്ള സാമ്പത്തിക വളർച്ച വീണ്ടെടുക്കുമെന്ന് നാം പ്രതീക്ഷിച്ചിരുന്നെങ്കിലും കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗം ഈ പ്രതീക്ഷയ്ക്ക് ഒരു പ്രതിബന്ധമാകാൻ സാധ്യതയുണ്ട്. ജി.എസ്.ഡി.പി.-യുടെ വളർച്ചയിലുള്ള മാന്ദ്യം സ്വാഭാവികമായും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങളിൽ അതിന്റെ പ്രതികൂല ഫലങ്ങൾ കൊണ്ടുവരുന്നതാണ്. 2020-21-ൽ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനം ഇടിവ് ഇതിനകം ഉണ്ടായിട്ടുണ്ട്. 2021-22-ൽ റവന്യൂ വരുമാനത്തിൽ 40.67 ശതമാനം കുത്തനെയുള്ള വളർച്ച പ്രതീക്ഷിക്കുന്നുവെങ്കിലും ഉയർന്ന കോവിഡ്-19 കേസ്സുകൾ അനിവാര്യമാക്കിയ ലോക്ഡൗണിന്റെ അനന്തരഫലമായി

ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്. അധികച്ചെലവ് ബാദ്ധ്യതകളോടൊപ്പം സംസ്ഥാന ധനസ്ഥിതിക്ക്, ഉയർന്ന വരുമാന കമ്മിയും അതുപോലെ ധനക്കമ്മിയുമുണ്ടാകാൻ സാധ്യതയുണ്ട്. വാക്സിനേഷനിലൂടെ കോവിഡ് മഹാമാരി നിയന്ത്രിക്കാൻ സാധിച്ചാൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി & സി) ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കുകയെന്നതാണ് നിലവിലെ സാമ്പത്തിക മാന്ദ്യത്തിനുള്ള പരിഹാരം എന്നുതന്നെയാണ് സർക്കാർ കരുതുന്നത്. അതുകൊണ്ടുതന്നെ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഹ്രസ്വകാല, ദീർഘകാല നടപടികളാണ് സർക്കാർ വിഭാവന ചെയ്തിരിക്കുന്നത്. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് ബഡ്ജറ്റിൽ വിഭാവന ചെയ്തിട്ടുണ്ട്. ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനുള്ള 2800 കോടി രൂപയും ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കയ്യിലെത്തിക്കുന്നതിനായി 8900 കോടി രൂപയും സാമ്പത്തിക

പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായുള്ള 8300 കോടി രൂപയും ഇതിന്റെ ഭാഗമാണ്.

2. പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി ആവിഷ്കരിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. നബാർഡിന്റെ പുനർവായ്പാ സ്കീമിന്റെ സാധ്യതയും കേന്ദ്ര സർക്കാരും റിസർവ് ബാങ്കും പ്രഖ്യാപിച്ചിട്ടുള്ള വായ്പാ പാക്കേജുകളുടെ സാധ്യതയും ഇതിനായി പരമാവധി ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

3. തൊഴിലില്ലായ്മ കാലങ്ങളായി സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നമാണ്. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ ലോക്ഡൗൺ ഈ പ്രശ്നത്തെ അതിരൂക്ഷമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ, വ്യവസായ, പരമ്പരാഗത മേഖലകളിലടക്കം കൂടുതൽ തൊഴിൽ ദിനങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതും തൊഴിൽ നൈപുണ്യം ആവശ്യമുള്ള മേഖലകളിലേയ്ക്ക് തൊഴിൽരഹിതരെയും അഭ്യസ്തവിദ്യരെയും പ്രാപ്തമാക്കുന്നതിനുതകുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതും അടക്കമുള്ള നടപടികളാണ്

സർക്കാർ വിഭാവന ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കി രൂപപ്പെടുത്താനും അഞ്ചുവർഷ കാലയളവിൽ കുറഞ്ഞത് 20 ലക്ഷം പേർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപീകരിക്കാനും ഉന്നത വിദ്യാഭ്യാസത്തിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള തീരുമാനവും അടിസ്ഥാന സൗകര്യ മേഖലയിലെ കിഫ്ബി, ആർ.കെ.ഐ. എന്നിവ മുഖാന്തരമുള്ള ഇടപെടലുകളും ആ ദിശയിലേയ്ക്കുള്ള ചുവടുവയ്പാണ്.

4. തീരദേശ മേഖലയിൽ പ്രഖ്യാപിച്ച ഏതാണ്ട് 11,000 കോടി രൂപയുടെ വികസന പദ്ധതികൾ.
5. 500 കോടി രൂപയുടെ റബ്ബർ സബ്സിഡി.
6. മത്സ്യ സംസ്കരണത്തിനും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനുമുതകുന്ന പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതി.
7. കുടുംബശ്രീ വഴിയുള്ള വിവിധയിനം സാമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള ഉയർന്ന ബഡ്ജറ്റ് വിഹിതം.
8. തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുക. കോവിഡ് രണ്ടാം തരംഗത്തിന്റെ പ്രത്യാഘാതമനുഭവിക്കുന്ന ചെറുകിട

വ്യാപാരികൾ, വ്യവസായികൾ, കൃഷിക്കാർ എന്നിവരുൾപ്പെടെയുള്ളവർക്ക് സഹായകരമായി പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ ചട്ടം 300 അനുസരിച്ച് 30.07.2021-ൽ സഭയിൽ പ്രസ്താവനയായി അവതരിപ്പിച്ച പാക്കേജ് സംബന്ധിച്ച വിശദാംശങ്ങളിൽ വ്യാപാരികൾക്കുള്ള ചില പ്രത്യേക പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. കെ.എസ്.എഫ്.ഇ., കെ.എഫ്.സി. തുടങ്ങിയവ വഴി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ വാടക ഒഴിവാക്കിക്കൊടുക്കൽ, 4% പലിശ സർക്കാർ വഹിച്ചുകൊണ്ട് 2000 കോടി രൂപയുടെ വായ്പ വ്യാപാരികൾക്ക് അനുവദിക്കുന്നുണ്ട്. ഇലക്ട്രിസിറ്റി ബോർഡിന്റെ ഫിക്സഡ് ചാർജ് ഒഴിവാക്കിക്കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരം പദ്ധതികളാണ് തയ്യാറാക്കിയിരിക്കുന്നത്.

(ചോദ്യകർത്താവായ ശ്രീ. ഐ. ബി. സതീഷ് സീറ്റിലില്ലായിരുന്നു.)

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, കോവിഡ്-19 ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ രാജ്യത്തിനാകെ ബാധകമായിട്ടുള്ളതാണ്. കേന്ദ്ര സർക്കാർ സെസ്സ് തുടങ്ങിയ ഇനങ്ങളിൽ ഒരു വലിയ സംഖ്യ സംസ്ഥാനങ്ങൾക്ക് പങ്കുവയ്ക്കേണ്ടാത്ത രീതിയിൽ പിരിച്ചെടുക്കുകയാണ്.

സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഏതെങ്കിലും പാക്കേജ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇക്കാര്യം ചൂണ്ടിക്കാണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രസർക്കാരിന് കത്തയയ്ക്കുകയും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ ഉൾപ്പെടെ നേരിൽക്കണ്ട് കാര്യങ്ങൾ സംസാരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ച്, നേരത്തെതന്നെ നമ്മൾ ആവശ്യപ്പെട്ടിട്ടുള്ളവയും മൊറട്ടോറിയം പോലെ ഏറ്റവും അത്യാവശ്യമുള്ളവയും ഒന്നുകൂടി സജീവമായി ചർച്ച ചെയ്യുന്നതിനുവേണ്ടി സംസ്ഥാനത്തിന്റെ പ്രതിനിധിയെന്ന നിലയിൽ ഞാൻ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ കണ്ടിട്ടുണ്ട്. അതിന് ഇതുവരെ അനുകൂലമായ അഭിപ്രായം ലഭിച്ചിട്ടില്ല. പ്രവാസികളുടെ കാര്യം, തോട്ടം മേഖലയുടെ കാര്യം, പരമ്പരാഗത വ്യവസായ മേഖലയിലുള്ള പ്രത്യേകതകൾ എന്നിവ ചൂണ്ടിക്കാണിച്ചുകൊണ്ടും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോട് സംസാരിച്ചിട്ടുണ്ട്. അതിലേയ്ക്കായും പ്രത്യേക പദ്ധതികളൊന്നും വന്നിട്ടില്ല. റബ്ബറൈസ്ഡ് റോഡ് നിർമ്മിക്കുകയാണെങ്കിൽ പത്തോ, പതിനായിരമോ ടൺ റബ്ബർ ഉപയോഗിക്കാൻ കഴിയും. അത്തരത്തിൽ കാർഷിക ഉൽപ്പന്നങ്ങൾ കൂടുതൽ ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള ചില

പദ്ധതികൾ വേണമെന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുമായുള്ള ചർച്ചയിൽ ഉന്നയിച്ചിട്ടുണ്ട്. ഈ പ്രത്യേക സാഹചര്യത്തിൽ ആവശ്യമില്ലാത്ത നിബന്ധനകൾ ഒഴിവാക്കി സംസ്ഥാനത്തിന്റെ കടമെടുക്കാനുള്ള പരിധി വർദ്ധിപ്പിക്കണമെന്നും ജി.എസ്.ടി.-യുടെ ഇപ്പോൾ ലഭിക്കുന്ന കോമ്പൻസേഷൻ അഞ്ചുവർഷംകൂടി നീട്ടി തരണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം ഉന്നയിച്ചെങ്കിലും ഇതുവരെ അനുകൂലമായ മറുപടിയൊന്നും ലഭിച്ചിട്ടില്ല. തുടർന്നും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ നിന്നുള്ള എം.പി.-മാർ പാർലമെന്റിൽ ഇക്കാര്യം ഉന്നയിക്കണമെന്ന് കഴിഞ്ഞ എം.പി.-മാരുടെ കോൺഫറൻസിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അനുകൂലമായ മറുപടിയൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

<u>ശ്രീ. പി. നന്ദകുമാർ:</u> സർ, കോവിഡ് മഹാമാരിയുടെ ഈ കാലത്ത് വ്യാവസായിക-വ്യാപാര-തൊഴിൽ മേഖലകളിലെ നഷ്ടം സംബന്ധിച്ച് ഏതെങ്കിലും രൂപത്തിലുള്ള പഠനം സംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയത്?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, മൂന്ന് പഠനങ്ങൾ നടത്തിയിട്ടുണ്ട്. അതിൽ പ്ലാനിംഗ് ബോർഡ്, ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ഫിനാൻസ് ആൻഡ് ടാക്സേഷൻ, സി.ഡി.എസ്. തുടങ്ങിയവ നടത്തിയ പഠനങ്ങളുണ്ട്. ഇതുകൂടാതെ, കോവിഡ് വീണ്ടും ശക്തമായ സാഹചര്യത്തിൽ ഇന്ത്യയിലെയും കേരളത്തിലെയും സാഹചര്യം സംബന്ധിച്ച് പഠനം നടത്തുന്നതിന് ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനുമായി സംസാരിച്ചിട്ടുണ്ട്. നേരത്തെ നടത്തിയ പഠനങ്ങളുടെ റിപ്പോർട്ടുകളെല്ലാം ലഭ്യമാണ്.

<u>ശ്രീ. കെ. പ്രേംകുമാർ:</u> സർ, നമ്മുടെ സംസ്ഥാനം രാജ്യത്തിനുതന്നെ മാതൃകയാകുന്ന നിലയിൽ കോവിഡ് വിരുദ്ധ പാക്കേജുകൾ പ്രഖ്യാപിക്കാനും ജനങ്ങളുടെ കൈകളിലേയ്ക്ക് പണമെത്തിക്കാനുമാവശ്യമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. എന്നാൽ, ഈ പ്രവർത്തനങ്ങളോടൊപ്പം സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കാനും ഫെഡറൽ മൂല്യങ്ങൾ കൃത്യമായി സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താനുമാവശ്യമായ നടപടികൾ സ്വീകരിക്കാൻ, വിശേഷിച്ച് ജി.എസ്.ടി.-യുടെ കാര്യത്തിൽ സംസ്ഥാനത്തിന്റെ വിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഈ പാക്കേജുകളെ എങ്ങനെയാണ് നമുക്ക് കോ-ഓർഡിനേറ്റ് ചെയ്യാൻ സാധിക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. കോവിഡ് സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന് കിട്ടേണ്ട ആനുകൂല്യങ്ങളെപ്പറ്റി നിരന്തരം ആവശ്യപ്പെടുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം, കഴിഞ്ഞ ധനകാര്യ കമ്മീഷന്റെ സമയത്ത് നമ്മുടെ വരുമാനത്തിൽ വലിയ തോതിലുള്ള വെട്ടിക്കുറവാണ് വന്നിട്ടുള്ളത് എന്നതാണ്. കോവിഡ് വരുന്നതിനുമുമ്പ് 2013-14 മുതൽ തന്നെ നമ്മുടെ തനത് നികുതി വരുമാനം താഴേയ്ക്ക് വന്നുതുടങ്ങിയിട്ടുണ്ട്. ആഗോളതലത്തിൽ 2008-ൽ തുടങ്ങിയ സാമ്പത്തിക മാന്ദ്യത്തിന്റെ ഒരു പ്രതിഫലനം കൂടിയുണ്ട്. 2013-14-ൽ ജി.എസ്.ഡി.പി.-യുടെ ഏഴ് ശതമാനമായിരുന്ന നമ്മുടെ വരുമാനം. പിന്നീടത് കുറഞ്ഞ് 6.5 ശതമാനമായി വന്നു. ഇതിന് പലകാരണങ്ങളുണ്ട്. ആദ്യം ഇന്ത്യൻ ഇക്കോണമിയുടെ നടുവൊടിക്കുന്ന തീരുമാനമായി വന്നത് നോട്ട് നിരോധനമാണ്. പിന്നെയുള്ളത് വികലമായ കേന്ദ്ര ജി.എസ്.ടി. നയമാണ്. അതിന്റെ അനുഭവങ്ങൾ ഇപ്പോൾ വന്നുകൊണ്ടിരിക്കുകയാണ്. ഇന്നലെ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻതന്നെ ജി.എസ്.ടി.-യുടെ നാലുവർഷങ്ങൾ സംബന്ധിച്ച് സ്റ്റേക്ക് ഹോൾഡേഴ്സുമായി ചർച്ച നടത്തിയിരുന്നു. വ്യാപാരികൾ, ഉദ്യോഗസ്ഥർ, വ്യാവസായിക

സംഘടനകൾ തുടങ്ങി എല്ലാവരും പറയുന്നത് ജി.എസ്.ടി. വേണ്ടതരത്തിൽ നമുക്ക് ഫലപ്രദമായി വന്നിട്ടില്ലെന്നാണ്. അതിന്റെയൊരു പ്രശ്നവുമുണ്ട്. പ്രളയവും കോവിഡും അടക്കമുള്ള എല്ലാ കാര്യങ്ങളും നമ്മെ ബാധിച്ചിട്ടുണ്ട്. അതിനനുസരിച്ച് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടാതിരുന്നിട്ടില്ല. ജി.എസ്.ടി. കൗൺസിലിൽ കേരളം മാത്രമല്ല, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ഇക്കാര്യങ്ങൾ ആവശ്യപ്പെടുന്നുണ്ട്. നമ്മുടെ കോമ്പൻസേഷൻ പാക്കേജ് സംബന്ധിച്ചും ഉന്നയിച്ചിട്ടുണ്ട്. ഞാൻ നേരത്തെ ഈ സഭയിൽ പറഞ്ഞിട്ടുണ്ട്, വിൽക്കപ്പെടുന്ന വസ്തുക്കളുടെ 16 ശതമാനമായിരുന്ന ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുമ്പുള്ള ടാക്സ്. ഒരു ലക്ഷം രൂപയുടെ സാധനം വിറ്റാൽ 16,000/- രൂപ ടാക്സ് കിട്ടുന്ന സ്ഥാനത്ത് ഇപ്പോൾ അത് കുറഞ്ഞ് 11 ശതമാനത്തിൽ താഴെയായി. ഒരു ലക്ഷം രൂപയുടെ സാധനം വിറ്റാൽ 5000 രൂപയുടെ വരുമാന നഷ്ടം സംസ്ഥാനത്തിനുണ്ടായിട്ടുണ്ട്. ഇത് ഇന്ത്യയിലാകെ ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷമുള്ള അശാസ്ത്രീയമായ പല നടപടിക്രമങ്ങളും കൊണ്ടാണ്. ഉപഭോക്താക്കൾ പണം കൊടുക്കാതിരിക്കുന്നതുകൊണ്ടല്ല. സാധാരണ സാധനങ്ങൾ വാങ്ങുന്നയാളുകൾക്ക് പണം ചെലവാകുന്നുണ്ട്. ഇക്കാര്യങ്ങൾ സജീവമായി ഈ ഘട്ടത്തിൽ നമ്മൾ ഉന്നയിക്കുന്നുണ്ട്.

സംസ്ഥാനങ്ങളുടെ അവകാശവും ഫെഡറൽ ഘടനയും ശക്തിപ്പെടുത്താനുള്ള ശ്രമങ്ങളുടെ ഭാഗമായി ഏറ്റവും ശക്തമായി മുന്നോട്ടുപോകുന്നതിന് നമ്മുടെ സംസ്ഥാനം മുന്നിൽത്തന്നെ നിന്ന് പ്രവർത്തിക്കും. അക്കാര്യത്തിൽ നമുക്കൊരുമിച്ച് ശക്തമായി മുന്നോട്ടുപോകേണ്ടതുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, മാന്ദ്യകാലത്ത് സാമ്പത്തിക പുനരുജ്ജീവനത്തിന്റെ ഏറ്റവും നല്ല മാർഗ്ഗം ജനങ്ങളുടെ വാങ്ങൽശേഷി വർദ്ധിപ്പിക്കുകയെന്നുള്ളതാണ്. വാങ്ങൽശേഷി വർദ്ധിക്കണമെങ്കിൽ അവരുടെ കൈകളിലേയ്ക്ക് നേരിട്ട് പണമെത്തണം. അതിനുവേണ്ടി മറ്റ് സംസ്ഥാനങ്ങൾ ചെയ്തതുപോലെ ഒരു ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർവഴി 6,000/- രൂപ ആറ് മാസത്തേയ്ക്കെങ്കിലും നേരിട്ട് കൊടുക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഡയറക്ട് ട്രാൻസ്ഫർ വഴി നമ്മുടെ സംസ്ഥാനം കൊടുക്കുന്നതിന്റെ അത്രയും തുക ക്യാഷായോ ഇനമായോ നൽകുന്ന ഒരു സ്ഥിതി ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തില്ലെന്ന് കഴിഞ്ഞ ദിവസം ഞാൻ മറുപടിയായി ഇവിടെ പറഞ്ഞതാണ്. ഞാനത് ആവർത്തിക്കുകയാണ്. കഴിഞ്ഞ ആറേഴുവർഷമായി വരുന്ന വരുമാന നഷ്ടം ഒരു പ്രത്യേക അഡ്മിനിസ്ട്രേറ്റീവ് ലാപ്സിന്റെ ഭാഗമായല്ല. ഇന്ത്യയിലാകെയുള്ള

ടാക്സിന്റെ റേറ്റ് 16 ശതമാനത്തിൽനിന്നും 11 ശതമാനമായി കുറയുന്നത് കേന്ദ്രം തീരുമാനിച്ചതിന്റെ ഭാഗമായാണ്. നമുക്ക് തീരുമാനിക്കാൻ അവകാശമില്ല, കേന്ദ്ര സർക്കാരാണ് ഇതെല്ലാം തീരുമാനിക്കുന്നത്. അങ്ങനെ തീരുമാനിച്ചതിന്റെ ഭാഗമായി ഇപ്പോൾ ലഭിക്കുന്ന ടാക്സിന്റെ 50 ശതമാനം കൂടി അധികമായി കിട്ടേണ്ടതായിരുന്നു; എന്നാൽ കിട്ടുന്നില്ല. ഇത്തരമൊരു സാഹചര്യത്തിൽ നമ്മൾ യാഥാർത്ഥ്യബോധത്തോടുകൂടി സംസ്ഥാനത്തിന്റെ സാഹചര്യം മനസ്സിലാക്കണമെന്നാണ് എന്റെ അപേക്ഷ. പരമാവധി എല്ലാ മേഖലകളിലും പണമെത്തിക്കാനുള്ള ശ്രമം സർക്കാർ നടത്തുന്നുണ്ട്. അതിനാണ് interest subvention. അത് നടപ്പിലാക്കുന്നതിന് പ്രായോഗികമായി ചില പ്രശ്നങ്ങളുണ്ട്. എങ്കിൽപ്പോലും രണ്ടുലക്ഷം രൂപ ആവശ്യമുള്ള ഒരാൾക്ക് അഞ്ച് ശതമാനമോ നാല് ശതമാനമോ പലിശ ഒഴിവാക്കിക്കൊടുത്താൽ വളരെ ചെറിയ പലിശയ്ക്ക് വായ്പ കിട്ടും. ഉദാഹരണത്തിന്, കശുവണ്ടി വ്യവസായികൾ, ബസ് വ്യവസായികൾ ഉൾപ്പെടെ ഓരോ മേഖലയിൽനിന്നും വ്യവസായികൾ വന്നിരുന്നു. അവരെല്ലാം പറയുന്നത്, പലിശ കുറഞ്ഞ ചില പദ്ധതികൾ കിട്ടിയാൽ ഞങ്ങൾ വ്യവസായം നടത്താമെന്നാണ്. വ്യവസായ വകുപ്പുമായി സംസാരിച്ച് നമ്മൾ ചില പദ്ധതികൾക്ക് രൂപംനൽകുന്നുണ്ടെന്ന് പറഞ്ഞു.

നേരത്തെതന്നെ അതുസംബന്ധിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. വ്യാപാരികൾക്കും വ്യവസായികൾക്കും പണം നിക്ഷേപിക്കാൻ സൗകര്യം ലഭിച്ചാൽ അത് വ്യവസായ മേഖലയിൽ പ്രതിഫലിക്കും. ഗ്രീസ്, ഐസ്‌ലാൻഡ് പോലുള്ള രാജ്യങ്ങളിലെ ഗവൺമെന്റുകൾതന്നെ സാമ്പത്തിക പരാധീനതകൾ നേരിട്ടു. ഭരണപക്ഷവും പ്രതിപക്ഷവും ചർച്ച ചെയ്ത്, കേന്ദ്രനയത്തിനെതിരെ ഒരുമിച്ച് നിൽക്കേണ്ട ഘട്ടത്തിലാണ് നമ്മൾ. ഇത് അത്യപൂർവ്വമായ ഒരു സാഹചര്യമാണ്. പരമാവധി കാര്യങ്ങൾ നമ്മൾ ചെയ്യുന്നുണ്ട്. അക്കാര്യത്തിൽ രാഷ്ട്രീയ വ്യത്യാസമോ, ഭരണ-പ്രതിപക്ഷ വ്യത്യാസമോ ഇല്ല. സാമ്പത്തികനില ഗുരുതരമാണെങ്കിലും ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്യാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഖാദി കൈത്തറി മേഖലയുടെ പുനരുജ്ജീവനം

6 (*306) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) തകർച്ചയിലായിരുന്ന ഖാദി കൈത്തറി വ്യവസായം കഴിഞ്ഞ സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി പുനരുജ്ജീവിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ?

തകർച്ചയിലായിരുന്ന ഖാദി കൈത്തറി വ്യവസായം കഴിഞ്ഞ സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി പുനരുജ്ജീവിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) നെയ്ത്തുകാർക്കെല്ലാം ജോലി ലഭ്യമാക്കുന്നതിനും ന്യായമായ ദിവസ വേതനം ഉറപ്പാക്കുന്നതിനും കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കുമോ?

ഖാദി - കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി നെയ്ത്തുകാർക്ക് ജോലി ലഭ്യമാക്കുന്നതിനും ന്യായമായ ദിവസവേതനം ഉറപ്പാക്കുന്നതിനും ഖാദി മേഖലയിൽ ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ഉറപ്പാക്കുന്നതിനും അവർക്ക് തൊഴിലിടങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ (മേശ, സ്റ്റൂൾ, ടോയ്ലെറ്റ്) ഏർപ്പെടുത്തിയിട്ടുണ്ട്. ഖാദി തൊഴിലാളികളുടെ മിനിമം കൂലി പരിഷ്കരിച്ച് നടപ്പാക്കുകയും, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, ഇൻസെന്റീവ് എന്നിവ നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്ക പകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം, നവാഗത തൊഴിലാളികൾക്ക് ഈ മേഖലയിലേക്ക് കടന്നുവരുന്നതിനാവശ്യമായ പരിശീലനം, ചർക്കകൾക്കും തറികൾക്കും ആവശ്യമായ റിപ്പയറിംഗ്

നടത്തുന്നതിന് സ്ഥിരം റിപ്പയറിംഗ് സെന്റർ, ഇവയ്ക്കാവശ്യമായ സെൻട്രലൈസ്ഡ് സ്പെയർപാർട്സ് ഗോഡൗൺ തുടങ്ങിയവ ഉൾപ്പെടുന്ന കോമൺ ഫെസിലിറ്റി സെന്റർ കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി 'ഖാദി ഗ്രാമം പദ്ധതി' നടപ്പിലാക്കി വരികയും ചെയ്തു. കൈത്തറി- കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങളിലെ നെയ്ത്ത് തറികൾ ഭൂരിഭാഗവും ഭാഗികമായി മാത്രമേ ചലിച്ചിരുന്നുള്ളൂ. മാത്രമല്ല നൂറോ നൂറ്റിയൻപതോ രൂപ കൂലിയിൽ വർഷത്തിൽ 100 ദിവസത്തിൽ താഴെ മാത്രമായിരുന്നു ജോലി ലഭ്യമായിരുന്നത്. ഇതിന്റെ ഭാഗമായി കൈത്തറി തൊഴിലാളികൾ ഈ മേഖലയിൽനിന്നും കൊഴിഞ്ഞ് പൊയ്ക്കൊണ്ടിരുന്നു. ഈ സാഹചര്യത്തിലാണ് കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി കഴിഞ്ഞ സർക്കാർ 2016-17 സാമ്പത്തിക വർഷം മുതൽ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതി നടപ്പിലാക്കിയതുമൂലം നെയ്ത്ത് തൊഴിലാളികൾക്ക് വർഷത്തിൽ 250-ൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാകുകയും, ദിവസവും 600 രൂപയിലധികം

വേതനം ലഭ്യമാകുകയും ചെയ്യുന്നുണ്ട്. പദ്ധതി നടപ്പിലാക്കിയതു മുതൽ ഇന്നുവരെ ഏകദേശം 196.89 കോടി രൂപ നെയ്ത്തു കൂലിയായി വിതരണം ചെയ്തിട്ടുണ്ട്. യൂണിഫോം പദ്ധതി നടപ്പിലാക്കി 5 വർഷം പിന്നിട്ടപ്പോൾ അധികം നെയ്ത്തു തൊഴിലാളികൾ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. നെയ്ത്തു ജോലികൾ പഠിച്ച് പുതിയതായി കൂടുതൽ ആളുകൾ ഈ പദ്ധതിയിൽ ചേർന്ന് പ്രവർത്തിക്കുന്നു. 2019 ഡിസംബർ മാസം മുതൽ പരിഷ്കരിച്ച മിനിമം കൂലി വർദ്ധനവ് യൂണിഫോം പദ്ധതിയിൽ നടപ്പിലാക്കി വരുന്നു. സ്കൂൾ യൂണിഫോം തുണി നെയ്യുന്നതിനാവശ്യമായ നൂൽ കേരളത്തിലെ സ്പിന്നിംഗ് മില്ലുകളിൽ നിന്നുമാണ് കേന്ദ്ര സർക്കാർ സ്ഥാപനമായ NHDC മുഖേന വാങ്ങുന്നത്. ഈ പദ്ധതി കേരളത്തിലെ സ്പിന്നിംഗ് മില്ലുകൾക്ക് വലിയ ആശ്വാസമാണ് പ്രദാനം ചെയ്യുന്നത്. ഈ പദ്ധതിമൂലം കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനും, അധിക വേതനം ലഭിക്കുന്നതുമൂലം കൈത്തറി മേഖലയ്ക്ക് ഒരു പുനരുജ്ജീവനമാണ് ഉണ്ടായിട്ടുള്ളത്.

(സി) കോവിഡ്മൂലം ഈ മേഖലയിലെ ആയിരക്കണക്കിന് തൊഴിലാളികൾ ദുരിതത്തിലായത് കണക്കിലെടുത്ത് ഈ വ്യവസായത്തിന്റെ പുനരുജ്ജീവനത്തിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ?

ഖാദി - കോവിഡ്മൂലം ഈ മേഖലയിലെ ആയിരക്കണക്കിന് തൊഴിലാളികൾ ദുരിതത്തിലായത് കണക്കിലെടുത്ത് ദു:സ്ഥിതിയിലായ ഖാദി മേഖലയെ പരിപോഷിപ്പിക്കുന്നതിനായി ഖാദി ബോർഡ് പലവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. ഒന്നാം വ്യാപന കാലഘട്ടത്തിൽ നിന്ന് രക്ഷപ്പെട്ടുവന്ന ഖാദി സ്ഥാപനങ്ങൾ പുനരാരംഭിക്കുന്നതിനായി 50 ലക്ഷം രൂപ കോവിഡ് സഹായമായി നൽകി. കോവിഡ് 19-ന്റെ ഒന്നാം വ്യാപന ഘട്ടത്തിൽ ഓണത്തിന് ബോർഡിന്റെ തൊഴിലാളികൾക്ക് 250/- രൂപ വീതം കോവിഡ് അലവൻസും, കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് 1000/-രൂപ വീതം ഖാദി തൊഴിലാളികൾക്ക് നൽകി. കോവിഡ് ബാധിതരായ തൊഴിലാളികൾക്ക് 2000/- രൂപ സഹായം നൽകി. ബോർഡ് എല്ലാ ഖാദി തൊഴിലാളികൾക്കും 1000 രൂപ വീതം ധനസഹായം നല്കി. കോവിഡ് വ്യാപന സമയത്ത് വിൽപ്പന നടക്കാതിരുന്നതുകൊണ്ട് ലഭ്യമായ ഖാദി തുണികൾ ഉപയോഗിച്ച് സർക്കാരിനും മറ്റ് സ്ഥാപനങ്ങൾക്കും കുറഞ്ഞ വിലയിൽ മാസ്കുകൾ തയ്ച്ചു നൽകി. അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നിലവിലെ തൊഴിലാളികൾക്ക് മുടക്കം കൂടാതെ കൂലി നൽകുന്നതിനും സാധിച്ചു.

കൈത്തറി- കോവിഡ് 19 മഹാമാരിമൂലം കൈത്തറി മേഖലയിൽ നൂലിന് ക്ഷാമം, തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം, വിപണനത്തിൽ കുറവ് എന്നിവ സംഭവിച്ചിട്ടുണ്ട്. സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ നെയ്ത്ത് ജോലികൾ വീണ്ടും പുനരാരാംഭിച്ചു. കുടിശ്ശിക കൂലി നൽകുകയും വിപണനത്തിൽ വന്ന കുറവ് പരിഹരിക്കുന്നതിനായി അധികം റിബേറ്റ് ദിനങ്ങൾ അനുവദിച്ചു നൽകുകയും ചെയ്തു. എല്ലാ നെയ്ത്തുകാർക്കും ക്ഷേമനിധി ബോർഡ് വഴി ധനസഹായ വിതരണം നടത്തി. കൂടാതെ കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ടെക്സ്റ്റൈൽസ് മേഖലയുടെ പുനരുദ്ധാരണത്തിനായി 74.35 ലക്ഷം രൂപയുടെ പ്രത്യേക പാക്കേജിന് സർക്കാർ അംഗീകാരം നൽകുകയും അതിലൂടെ കൈത്തറി/ സ്പിന്നിംഗ് മേഖലയ്ക്ക് സഹായങ്ങൾ നൽകുയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാർ പ്രഖ്യാപിച്ച 56 ദിവസത്തെ റിബേറ്റ് ദിനങ്ങൾക്ക് പുറമേ അധികമായി 50 ദിനങ്ങൾ സ്പെഷ്യൽ റിബേറ്റായി അനുവദിച്ചിരുന്നു. അതോടൊപ്പം കൈത്തറി തൊഴിലാളി ക്ഷേമനിധിയിൽ നിന്നും തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. കോവിഡിന്റെ രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച ലോക്ക്ഡൗൺ കാരണവും മറ്റു

കാരണങ്ങളാലും കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം മന്ദഗതിലായിട്ടുണ്ട്. ഈ വർഷവും നിലവിൽ സർക്കാർ പ്രഖ്യാപിച്ച 50 ദിനങ്ങൾ സ്പെഷ്യൽ റിബേറ്റ് ദിനങ്ങളായി പ്രഖ്യാപിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്

7 (*307) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ മുന്നൂറ്റി അൻപത് കോടി രൂപയുടെ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ വായ്പ പലിശയുൾപ്പെടെ 102,55,49,364/- (102.55 കോടി) രൂപയുടെയും വ്യാപാര സ്റ്റോക്കിലെ കുറവ് ഇനത്തിൽ 1,69,34,445.63/- (1.69 കോടി) രൂപയുടെയും കൂടി ആകെ 104,24,83,809.63/- (104.24 കോടി) രൂപയുടെ ക്രമക്കേട് നടന്നതായി ബാങ്കിൽ നടത്തിയ സഹകരണ നിയമം 65 അന്വേഷണ റിപ്പോർട്ട് പ്രകാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് തീരുമാനിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകാമോ;

സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സർചാർജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 പ്രകാരമുള്ള അന്വേഷണം ആരംഭിച്ചിട്ടുണ്ട്. രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ സർക്കാരിന്റെ 24-07-2021-ലെ സ.ഉ. (സാധാ)451/21/സഹ നമ്പർ ഉത്തരവിൻ പ്രകാരം ടി ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സൂക്ഷ്മപരിശോധന നടത്തുന്നതിനും കൃത്യസമയത്ത് ക്രമക്കേട് കണ്ടെത്തുന്നതിൽ വകുപ്പിന്റെ ഭാഗത്തെ വീഴ്ചകൾ ഉൾപ്പെടെ അന്വേഷിക്കുന്നതിനും 9 അംഗങ്ങളടങ്ങുന്ന ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്. ക്രമക്കേട് സംബന്ധിച്ച് സംസ്ഥാന ക്രൈം ബ്രാഞ്ച് അന്വേഷണവും ഇതിനകം ആരംഭിച്ചിട്ടുണ്ട്.

(സി) വളരെ മുമ്പ് നടന്ന പ്രസ്തുത സംഭവം ഭരണസമിതി അറിയാതിരുന്നതും 2019-ൽ തട്ടിപ്പ് കണ്ടെത്തിയിട്ടും ഭരണസമിതി നടപടികൾ സ്വീകരിക്കാതിരുന്നതും കൂടുതൽ തട്ടിപ്പ് നടക്കുന്നതിന്

കാരണമായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ബാങ്ക് ഭരണസമിതി പിരിച്ചുവിടുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായോ; വ്യക്തമാക്കാമോ?

2019-ൽ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സഹകരണ നിയമം വകുപ്പ് 65 അന്വേഷണത്തിന് ഉത്തരവിട്ടത്. റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഭരണസമിതി പിരിച്ചുവിട്ടിട്ടുണ്ട്. ഭരണസമിതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സമയബന്ധിതമായി പ്രവർത്തിച്ചോ എന്ന വിഷയം ഗവൺമെന്റ് രൂപീകരിച്ച ഉന്നതതല സമിതി പരിശോധിക്കുന്നതാണ്. ടി സമിതിയുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ മേൽനടപടി സ്വീകരിക്കുന്നതാണ്.

വ്യവസായരംഗത്ത് നിക്ഷേപം വർദ്ധിപ്പിക്കാൻ നടപടി

8 (*308) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ വ്യവസായാനുകൂല അന്തരീക്ഷം സംബന്ധിച്ച് ആശങ്കയുണർത്തുന്ന വാർത്തകളുടെ പശ്ചാത്തലത്തിൽ വ്യവസായ പ്രമുഖരുമായി കൂടിക്കാഴ്ച നടത്തിയിരുന്നോ?

കൂടിക്കാഴ്ച നടത്തിയിരുന്നു. സംസ്ഥാനത്തെ വ്യവസായ പുരോഗതിയും അതുപോലെ സംരംഭകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി വ്യവസായ വകുപ്പുമന്ത്രി ജില്ലാ അടിസ്ഥാനത്തിൽ നേരിട്ട് സംരംഭകരുമായി ആശയ വിനിമയം നടത്തുന്ന 'മീറ്റ് ദി മിനിസ്റ്റർ' എന്ന പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ട്. നിലവിലെ വ്യവസായ പുരോഗതി വിലയിരുത്തുന്നതിനും, കൂടുതൽ പുരോഗതി കൈവരിക്കുന്നതിനും സംസ്ഥാനത്തെ വ്യവസായ മേഖലയെ പ്രതിനിധാനം ചെയ്യുന്ന വിവിധ സംഘടനകളായ KSSIA, FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി വ്യവസായ വകുപ്പുമന്ത്രി നേരിട്ട് നിരവധി തവണ കൂടിക്കാഴ്ച നടത്തിയിരുന്നു. വ്യവസായ സംഘടനകൾ എല്ലാം തന്നെ സംസ്ഥാനത്തെ നിക്ഷേപ സൗഹൃദാന്തരീക്ഷത്തെ പിന്തുണച്ചിട്ടുണ്ട്.

(ബി) പ്രവാസികൾ ഉൾപ്പെടെയുള്ള നിക്ഷേപകരെ ക്ഷണിച്ച് അവർക്ക് സംസ്ഥാനത്ത് നിക്ഷേപം നടത്താനുള്ള അവസരം സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അസെൻഡ് നിക്ഷേപക സംഗമത്തിൽ മുന്നോട്ടുവയ്ക്കപ്പെട്ട

അനുയോജ്യമായ പദ്ധതികളിൽ നിക്ഷേപം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അസെൻഡ് ആഗോള നിക്ഷേപ സംഗമത്തിൽ നിലവിലുള്ള പ്രോജക്ടുകൾക്ക് യഥാസമയം വേണ്ട സഹായങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ കെ.എസ്.ഐ.ഡി.സി., ഡി.ഐ.സി., കിൻഫ്ര എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഐ.ഡി.സി.-യിലെ 'ഇൻവെസ്റ്റ്മെന്റ് സെൽ' എന്ന ഡിവിഷൻ പ്രസ്തുത പ്രോജക്ടുകൾക്ക് വേണ്ട എല്ലാ സഹായങ്ങളും ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നുണ്ട്. അസെൻഡ് നിക്ഷേപ സംഗമത്തിൽ വന്നിട്ടുള്ള പ്രോജക്ടുകൾക്ക് അതാത് മേഖലയിലുള്ള നിക്ഷേപകർ നിലവിലുണ്ട്. എന്നിരുന്നാലും പ്രസ്തുത പ്രോജക്ടുകൾക്ക് ആവശ്യാനുസരണം നിക്ഷേപ സഹായം ലഭ്യമാക്കുവാൻ സർക്കാർ പ്രയത്നിക്കുന്നതാണ്. മാത്രമല്ല നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാനും അവർക്ക് വേണ്ട എല്ലാ സഹായങ്ങളും നൽകുവാനും കെ.എസ്.ഐ.ഡി.സി. പരിശ്രമിക്കുന്നുണ്ട്. സംസ്ഥാനത്തേക്ക് വരുന്ന എല്ലാ നിക്ഷേപകർക്കും വേണ്ട സഹായങ്ങൾ നൽകുന്ന 'വൺ സ്റ്റോപ്പ് ഷോപ്പ്' ആയി കെ.എസ്.ഐ.ഡി.സി. നിലവിൽ പ്രവർത്തിച്ചുവരുന്നു.

(സി) ഏറെ ആവശ്യകതയുള്ള ഉപഭോക്തൃവസ്തുക്കളുടെ നിർമ്മാണ സാധ്യത പരിഗണിച്ച് എഫ്.എം.സി.ജി.-കൾക്കായി പ്രത്യേക വ്യവസായപാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

2021 ജനുവരി 8-ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന 'കോമേഴ്സ് മിഷൻ' യോഗത്തിൽ എറണാകുളം വില്ലിംഗ്ടൺ ഐലൻഡിൽ 100 ഏക്കറിൽ എഫ്.എം.സി.ജി.-കൾക്കായി പ്രത്യേക വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികളെകുറിച്ച് ചർച്ച ചെയ്യുന്നതിനും കൊച്ചി പുതുവൈപ്പിനിലെ 30 ഏക്കർ ഭൂമിയിൽ ഒരു ആഗ്രോ/സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ അന്വേഷിക്കുന്നതിനും കിൻഫ്ര മാനേജിംഗ് ഡയറക്ടറെ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർപേഴ്സണുമായി ചർച്ച നടത്തുന്നതിനായി ചുമതലപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട് കൊച്ചിൻ പോർട്ട് ട്രസ്റ്റിനേയും, ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സിനേയും (ഫിക്കി) ഉൾപ്പെടുത്തി ഒരു വെബിനാർ സംഘടിപ്പിക്കുന്നതിനും കിൻഫ്രയെ ചുമതലപ്പെടുത്തി. ഈ പാർക്കുകളിൽ സ്വകാര്യ സംരംഭകരെ ആകർഷിക്കുന്നതിന് ഫിക്കിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകൾ

9 (*309) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ?

(എ) കരുവന്നൂർ സഹകരണ ബാങ്കിൽ നാല്പത്തിയാറ് വ്യക്തികളുടെ പേരിൽ വായ്പയെടുത്ത ഇരുപത്തിരണ്ട് കോടി എൺപത്തിയഞ്ച് ലക്ഷം രൂപ ഒരു വ്യക്തിയുടെ അക്കൗണ്ടിലേയ്ക്ക് വരവ് വച്ചതായി സഹകരണ വകുപ്പിന്റെ ഓഡിറ്റിംഗിൽ കണ്ടെത്തിയിട്ടുണ്ടോ?

സഹകരണ വകുപ്പിന്റെ ആഡിറ്റിൽ കണ്ടെത്തിയിട്ടില്ല. ബാങ്കിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടന്ന അന്വേഷണത്തിൽ 46 വ്യക്തികളുടെ പേരിലുള്ള വായ്പ ഒരാളുടെ എസ്.ബി. അക്കൗണ്ട് കണക്കുമായി ബന്ധപ്പെട്ട് കാണുന്നു. അതിൽ 8.35 കോടി രൂപ ഒരു വ്യക്തിയുടെ അക്കൗണ്ടിലേയ്ക്ക് വരവ് വച്ചതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) ഈ ബാങ്കിന്റെ കീഴിലുള്ള സൂപ്പർ മാർക്കറ്റിലേക്ക് സാധനങ്ങൾ വാങ്ങിയതിന്റെ കണക്ക് പരിശോധിച്ചപ്പോൾ ഒന്നരക്കോടി രൂപയിലധികം കുറവായി കാണുകയുണ്ടായോ?

ബാങ്കിൽ നടത്തിയ വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിൽ ബാങ്കിന്റെ കീഴിലുള്ള സൂപ്പർമാർക്കറ്റിലേക്ക് സാധനങ്ങൾ വാങ്ങിയതിന്റെ കണക്ക് പരിശോധിച്ചപ്പോൾ ഒന്നരക്കോടിയിലധികം രൂപയുടെ കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഈ ക്രമക്കേടുകൾ സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

സഹകരണ നിയമം 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ തുടർനടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചുവിട്ടു. കുറ്റക്കാരായ ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. സർചാർജ് നടപടികൾക്കുവേണ്ടി സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം അന്വേഷണം നടന്നുവരുന്നു. കൂടാതെ സർക്കാരിന്റെ 24-07-2021-ലെ സ.ഉ.(സാധാ) 451/21/സഹ നമ്പർ ഉത്തരവിൻ പ്രകാരം ടി ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സൂക്ഷ്മപരിശോധന നടത്തുന്നതിനും കൃത്യസമയത്ത് ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ വകുപ്പിന്റെ ഭാഗത്തെ വീഴ്ചകൾ ഉൾപ്പെടെ അന്വേഷിക്കുന്നതിനും 9 അംഗങ്ങളടങ്ങുന്ന ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ

ഉത്തരവായിട്ടുണ്ട്. ക്രമക്കേട് സംബന്ധിച്ച് വിശദമായ പോലീസ് അന്വേഷണം നടത്തി വരുന്നു.

കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി

10 (*310) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ?

(എ) കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി നിലവിൽ വരുമ്പോൾ വൈദ്യുതി വിതരണം നിയന്ത്രണമില്ലാതെ സ്വകാര്യ കമ്പനികൾക്ക് നൽകുന്നതുമൂലം പൊതുമേഖലയ്ക്കും സാധാരണ ഉപഭോക്താക്കൾക്കും ഉണ്ടാകാവുന്ന പ്രതിസന്ധിയെക്കുറിച്ച് സംസ്ഥാന സർക്കാർ പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്ട് 2003-ന്മേൽ മുന്നോട്ടുവച്ചിട്ടുള്ള ഭേദഗതി നിർദ്ദേശങ്ങൾമൂലം വൈദ്യുതി മേഖല സ്വകാര്യവത്കരിക്കപ്പെടാനുള്ള സാധ്യതയും അതുമൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും സംസ്ഥാനം പരിശോധിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കെ.എസ്.ഇ.ബി.-യുടെയും സംസ്ഥാന സർക്കാരിന്റെയും അഭിപ്രായങ്ങളും നിലപാടുകളും

കേന്ദ്രസർക്കാരിനെ സമയാസമയങ്ങളിൽ അറിയിച്ചിട്ടുണ്ട്. ഡീ-ലൈസൻസിംഗ് വഴി വൈദ്യുതി മേഖലയുടെ സ്വകാര്യവത്കരണത്തിന് ആക്കം കൂട്ടുന്ന നിർദ്ദേശങ്ങളാണ് ഭേദഗതി നിർദ്ദേശത്തിലുള്ളത്. കൂട്ടത്തിൽ തന്നിഷ്ടപ്രകാരമുള്ള തെരഞ്ഞെടുപ്പിനുള്ള അവസരം (cherry picking) തുറന്നു കിട്ടുക വഴി സ്വകാര്യമേഖലയ്ക്ക് തങ്ങൾക്ക് ലാഭകരമായ ഉപഭോക്താക്കൾക്ക് മാത്രമായി സേവനം പരിമിതപ്പെടുത്താൻ സാധിക്കുകയും ചെയ്യും. ഇത് സമ്പൂർണ്ണ വൈദ്യുതീകരണം, എല്ലാ വിഭാഗങ്ങൾക്കും താങ്ങാനാകുന്ന വിലയ്ക്ക് വൈദ്യുതി തുടങ്ങി വർഷങ്ങളുടെ പ്രയത്നംമൂലം കേരളം കൈവരിച്ച നേട്ടങ്ങൾ കൈവിട്ട് കളയുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിക്കുമെന്ന് സംസ്ഥാനം ഭയപ്പെടുന്നു. ഉപഭോക്താവിന് ഇഷ്ടാനുസരണം സേവനദാതാവിനെ തെരഞ്ഞെടുക്കാമെന്നും അതിലൂടെ മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്താൻ സാധിക്കുമെന്നത് മിഥ്യാധാരണ മാത്രമാണ്. എന്നാൽ യഥാർത്ഥത്തിൽ സേവന ദാതാവിനാണ് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നത്. വർഷങ്ങൾക്കുശേഷം മാത്രം ലാഭം ലഭിക്കാനിടയുള്ള ശൃംഖലാ വികസന പദ്ധതികളിൽ മുതൽമുടക്കാൻ സ്വകാര്യനിക്ഷേപകർ തയ്യാറാകില്ല. ഇത് ഭാവിയിൽ വിതരണ നഷ്ടം കൂടുന്നതിനും തദ്വാര വൈദ്യുതി വാങ്ങൽ ചെലവ് വർദ്ധിക്കാനും ഇടയാക്കും. വോൾട്ടേജ് ക്ഷാമം, അടിക്കടിയുണ്ടാകുന്ന

വൈദ്യുതി മുടക്കം, ശൃംഖലയുടെ ശേഷിക്കുറവ്മൂലമുണ്ടാകുന്ന ലോഡ് ഷെഡ്ഡിംഗ് എന്നിവ ഭാവിയിൽ തുടർക്കഥയാകും. ലാഭേച്ഛ കൂടാതെ വനാന്തരങ്ങളിലും മറ്റ് വിദൂരപ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഭാവിയിൽ സാദ്ധ്യതയില്ലാതെയാകുമെന്നും ഭയപ്പെടുന്നു.

(ബി) കേന്ദ്ര വൈദ്യുതി നിയമ ഭേദഗതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതും സംസ്ഥാനത്തിന് ദോഷകരമായി മാറുന്നതുമായ ഭേദഗതികൾ ഒഴിവാക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വിശദവിവരം നൽകുമോ?

Electricity (Amendment) Bill 2021 വഴി കേന്ദ്ര നിയമ ഭേദഗതി നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചപ്പോൾ തന്നെ ആയത് സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും, ഭേദഗതിമൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും, ബദൽനിർദ്ദേശങ്ങളും കാര്യ കാരണ സഹിതം 15-03-2021-ലെ D.O.No.A1/131/2020/PD നമ്പർ കത്ത് പ്രകാരം സംസ്ഥാന സർക്കാർ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന വൈദ്യുതി വകുപ്പുമന്ത്രി 23-07-2021-ലെ 272/M(Ele)/L/2021 നമ്പർ കത്ത് പ്രകാരം ഡീ-ലൈസൻസിംഗും, തുടർന്ന് വിതരണ കമ്പനികൾ

തന്നിഷ്ടപ്രകാരം നടത്താനിടയുള്ള ഉപഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, ക്രോസ്-സബ്സിഡി ഇല്ലാതാകുന്ന സാഹചര്യം, നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്ക് ഉള്ളവ) വഴിയുള്ള ബാദ്ധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്തപക്ഷം കെ.എസ്.ഇ.ബി.-ക്ക് വരാൻ പോകുന്ന ബാദ്ധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാദ്ധ്യതയുള്ള പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കകളും, കേരളം വൈദ്യുതി വിതരണം പൊതുമേഖലയിൽ നിർത്തിക്കൊണ്ട് കൈവരിച്ച നേട്ടങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ നടപടി

11 (*311) ശ്രീ. കെ. പി. മോഹനൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ നിലവിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു. സംസ്ഥാനത്ത് സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാന സഹകരണ ബാങ്കും, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിച്ചു. കേരളത്തിന്റെ പുനർനിർമ്മാണത്തിന് കെയർ കേരള പദ്ധതി. സഹകരണ ഗവേഷണ മേഖല ശക്തിപ്പെടുത്തുന്നതിനും സഹകരണ പരിശീലനം വിപുലപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് സ്വയംഭരണ സ്ഥാപനമാക്കിയ അഗ്രികൾച്ചറൽ സഹകരണ സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (എ.സി.എസ്.റ്റി.ഐ)-ന്റെ പ്രവർത്തനം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായുള്ള പദ്ധതി. സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി ‘ നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി’ . സമൂഹത്തിലെ താഴെത്തട്ടിലുള്ളവർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷപ്പെടുത്തുന്നതിനായി കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പാക്കുന്ന “ മുറ്റത്തെമുല്ല” എന്ന ഗ്രാമീണ ലഘു വായ്പാ പദ്ധതി. പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയ

ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്കായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി. " മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM' s Helping Hand Loan Scheme-CMHLS)" . Special Liquidity Facility (SLF) വിനിയോഗം. അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് നടപ്പാക്കിവരുന്ന അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി. പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS). കൃതി അന്താരാഷ്ട്ര പുസ്തക മേള. അക്ഷര-ഭാഷാ-സാഹിത്യ-സാംസ്കാരിക മ്യൂസിയം. കേരളത്തിലെ സഹകരണ മേഖലയിലെ എല്ലാ ഉൽപ്പന്നങ്ങളെയും ഏകീകൃത ബ്രാന്റിംഗിന് കീഴിൽ കൊണ്ടുവരുന്നതിനായി നടപ്പിലാക്കിയ coopmart-കൾ. വിലക്കയറ്റം തടയുന്നതിനായി 13 ഇന നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയേക്കാൾ കുറച്ച് ജനങ്ങൾക്ക് ലഭ്യമാക്കുന്ന ഉത്സവകാല ചന്തകൾ. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ " ഹരിതം സഹകരണം" . ഭക്ഷ്യ കാർഷിക മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള സുഭിക്ഷ കേരളം പദ്ധതി. സഹകരണ സംഘങ്ങൾ മുഖേന ആരംഭിച്ച coopmart Veg Fresh പച്ചക്കറി സംഭരണ

വിതരണ കേന്ദ്രങ്ങൾ. സഹകരണ നയം. റിസ്ക് ഫണ്ട് പദ്ധതി. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ/ കെ.എസ്.ആർ.ടി.സി പെൻഷൻ എന്നിവയുടെ വിതരണം. ട്രാൻസ്ജെൻഡേഴ്സ് വെൽഫെയർ കോ ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം. 4498-ന്റെ രൂപീകരണം. 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി 1 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിന് പലിശരഹിത വായ്പ നൽകുന്ന വിദ്യാതരംഗിണി എന്ന പദ്ധതി. PACS വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവയ്ക്കുള്ള സഹായം, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം എന്നീ പുതിയ 2 സ്കീമുകൾ ഉൾപ്പെടെ 25 സംസ്ഥാന പദ്ധതികളിലും 3 എൻ.സി.ഡി.സി പദ്ധതികളിലുമായി സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് ധനസഹായം അനുവദിച്ചുവരുന്നു. സംസ്ഥാനത്തെ സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ നടപ്പാക്കുന്ന

പുതിയ പദ്ധതികൾ

പ്രാഥമിക സഹകരണ സംഘങ്ങളേയും വാണിജ്യ ബാങ്കുകളെയും ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ

പദ്ധതി ആവിഷ്കരിക്കുമെന്ന് 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 3 ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

i. Co-operatives Initiative for Agriculture Infrastructure in Kerala (CAIK) - പ്രാഥമിക സഹകരണ സംഘങ്ങൾക്ക് (PACS) 4% പലിശ നിരക്കിൽ നബാർഡിൽ നിന്നുള്ള പശ്ചാത്തല സൗകര്യ പുനർ വായ്പ കേരള ബാങ്ക് മുഖേന ലഭ്യമാക്കുന്നതിനും 2021-22 സാമ്പത്തിക വർഷം 2000 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിനും ടി വായ്പാ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

ii. തൊഴിൽ സംരഭകർക്കുള്ള വായ്പാ പദ്ധതി കാർഷിക വ്യാവസായിക സേവന മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും വാണിജ്യ ആവശ്യങ്ങൾക്കുമായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുവേണ്ടി 2021-22 സാമ്പത്തിക വർഷം 1600 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിനായി ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

iii. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വായ്പ - 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ 4% പലിശനിരക്കിൽ ലഭ്യമാക്കുന്നതിനും 2021-22 സാമ്പത്തിക വർഷത്തിൽ 1000 കോടി രൂപയുടെ ബാങ്ക് വായ്പ കുടുംബശ്രീ വഴി ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ യുവ സംരംഭകരെയും സേവനദാതാക്കളെയും സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി ടി വിഭാഗത്തെ ഉൾപ്പെടുത്തികൊണ്ട് 25 പുതിയ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതാണ്. സംസ്ഥാന വ്യാപകമായി പ്രവർത്തന പരിധിയുള്ള ഒരു നെല്ല് സഹകരണ സംഘം ആരംഭിക്കുകയും പാലക്കാട് റൈസ് മില്ലിന്റെ മാതൃകയിൽ 2 ആധുനിക റൈസ് മില്ലുകൾ കൂടി ആരംഭിക്കുന്നതാണ്. സാഹിത്യ പ്രവർത്തക സഹകരണ സംഘം (SPCS) മാതൃകയിൽ കലാകാരന്മാർ, സംഗീതജ്ഞർ, പെർഫോർമിംഗ് ആർട്ടിസ്റ്റ്, നാടക കലാകാരന്മാർ എന്നിവർക്കുവേണ്ടി ഒരു സംഘം രൂപീകരിക്കുന്നതാണ്.

(ബി) പ്രസ്തുത മേഖലയിലൂടെ കൂടുതൽ കാർഷിക വായ്പകൾ ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ?

1. സഹകരണ സംഘങ്ങൾ വഴി കൂടുതൽ കാർഷിക വായ്പകൾ വിതരണം ചെയ്യുന്ന സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നുണ്ട്. ടി

പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു. സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹന സഹായം. കഴിഞ്ഞ വർഷം നൽകിയ മൊത്തം കാർഷിക വായ്പയെക്കാൾ 20% ത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണ സംഘത്തിനും അനുവദിക്കുന്ന പ്രോത്സാഹന സഹായം.

2. Co-operative Initiative for Agriculture Infrastructure in Kerala (CAIK) എന്ന പേരിൽ പ്രഖ്യാപിച്ച പദ്ധതി കാർഷികമേഖലയുടെ വികസനം ലക്ഷ്യമിട്ടിട്ടുള്ളതാണ്. പ്രാദേശിക വിപണികൾ, ഗോഡൗണുകൾ, കോൾഡ് ചെയിൻ സൗകര്യങ്ങൾ എന്നിവയും പൈനാപ്പിൾ, വാഴപ്പഴം, മാമ്പഴം മുതലായ പഴവർഗ്ഗങ്ങളുടെ സംസ്കരണ കേന്ദ്രങ്ങളും സൃഷ്ടിക്കുന്നതിന് പദ്ധതി ലക്ഷ്യം വയ്ക്കുന്നു. ഇതിലൂടെ പഴം പച്ചക്കറി മാർക്കറ്റുകൾ, ആധുനിക മത്സ്യവിപണന സൗകര്യങ്ങൾ, ശുചിത്വമുള്ള ഇറച്ചി വിൽപ്പന സൗകര്യങ്ങൾ, കാർഷികോൽപ്പന്നങ്ങളായ പച്ചക്കറികൾ, പാൽ, മാംസം, മൽസ്യം എന്നിവയുടെ സംസ്കരണ കേന്ദ്രങ്ങൾ, മാർക്കറ്റിംഗ് എന്നീ മേഖലകളിൽ ഇടപെടാൻ കഴിയും. 2021-

22 സാമ്പത്തിക വർഷത്തിൽ 2000 കോടി രൂപയുടെ വായ്പ ലഭ്യമാക്കുക എന്നതാണ് ഉദ്ദേശ്യം.

(സി) ഓരോ പഞ്ചായത്തിലും അതത് പ്രദേശത്തെ ഉൽപ്പന്നങ്ങളുടെ ലഭ്യതയനുസരിച്ച് സഹകരണ മേഖലയുടെ ആഭിമുഖ്യത്തിൽ ഓരോ വ്യവസായ സംരംഭം ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഓരോ പഞ്ചായത്തിലും അതാത് പ്രദേശത്തെ ഉൽപ്പന്നങ്ങളുടെ ലഭ്യതയനുസരിച്ച് സഹകരണ മേഖലയുടെ ആഭിമുഖ്യത്തിൽ PACS വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുമായുള്ള രണ്ട് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2021-22-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ PACS വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 400.00 ലക്ഷം രൂപയും കാർഷിക ഉൽപ്പന്നങ്ങളുടെ

സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 300.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കാർഷിക വിപണി ശാക്തീകരണം

12 (*312) ശ്രീ. എച്ച്. സലാം:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ?

(എ) ഓരോ ജില്ലയിലെയും പ്രാദേശിക കാർഷികോല്പന്നങ്ങൾ അധിഷ്ഠിതമാക്കി ഉല്പാദന ക്ലസ്റ്ററുകൾ സ്ഥാപിച്ച് കാർഷിക മേഖലയെയും സഹകരണ രംഗത്തെയും ഒരുപോലെ പുഷ്ടിപ്പെടുത്താൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ?

സംസ്ഥാനത്തെ ഓരോ ജില്ലകളിലും ഉല്പാദന ക്ലസ്റ്ററുകൾ സ്ഥാപിച്ച് സഹകരണ മേഖലയെ വികസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി എല്ലാ ജില്ലകളിലും സുശക്തമായ പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സഹകരണ സംഘങ്ങളെ തെരഞ്ഞെടുത്ത്, പ്രാദേശികമായി ലഭിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളെ ആസ്പദമാക്കി ഉല്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനും കൃഷി അനുബന്ധ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി

പദ്ധതിയുണ്ട്. മൂല്യവർദ്ധനവ്, പ്രോസസ്സിംഗ്, വിപണനം എന്നീ മേഖലകളിലാണ് ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം 300 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുമുണ്ട്.

(ബി) കാർഷിക വിപണി മേഖലയെ ശക്തിപ്പെടുത്താനായി സഹകരണ സംഘങ്ങൾ വഴി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

കാർഷിക വിപണി മേഖലയെ ശക്തിപ്പെടുത്താനായി സഹകരണ സംഘങ്ങൾ വഴി നടത്തുന്ന പ്രവർത്തനങ്ങൾ :-

1. കേരളത്തിലെ 16-ഇനം കാർഷിക വിളകൾക്ക് അടിസ്ഥാനവില നിശ്ചയിച്ചുകൊണ്ടും പദ്ധതി നടത്തിപ്പ് രീതി നിശ്ചയിച്ചുകൊണ്ടും കൃഷി വകുപ്പ് പുറപ്പെടുവിച്ച 26-10-2020-ലെ ജി.ഒ.(എം.എസ്) 80/2020/അഗ്രി നമ്പർ ഉത്തരവ് പ്രകാരവും സഹകരണ സംഘം രജിസ്ട്രാറുടെ 72/2020 നമ്പർ സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായും സഹകരണ സംഘങ്ങൾ മുഖേന സംസ്ഥാന വ്യാപകമായി " കോപ്മാർട്ട്-വെജ്ഫ്രഷ്" (Coopmart VEGFresh) എന്ന പേരിൽ വെജിറ്റബിൾ ഔട്ലെറ്റുകൾ സ്ഥാപിച്ചുകൊണ്ട് പ്രാദേശിക കർഷകരിൽനിന്നും പച്ചക്കറികൾ ശേഖരിച്ച് വിപണനം

ചെയ്തുവരുന്നു. സംസ്ഥാനത്ത് ഇപ്രകാരം 217 Coopmart VEGFresh ഔട്ട്ലെറ്റുകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്.

2. കേരളത്തിലെ സഹകരണ മേഖലയിലെ ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ coopkerala എന്ന ഏകീകൃത സഹകരണ ബ്രാന്റിലൂടെ വിപണിയിൽ സജീവമാക്കുക എന്ന ലക്ഷ്യത്തോടെ " ബ്രാന്റിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ 13 സഹകരണ ഉൽപ്പന്ന വിപണനശാലകളായ കോപ്മാർട്ടുകൾ (coopmart) ഇതിനകം ആരംഭിച്ചിട്ടുണ്ട്.

3. പച്ചക്കറി തുടങ്ങി കർഷകരുടെ ഉൽപ്പന്നങ്ങൾ, ഇടനിലക്കാരെ ഒഴിവാക്കി ഉപഭോക്താക്കൾക്ക് നേരിട്ട് കർഷകർ തന്നെ വില്പന നടത്തുന്നതിനായി കുറഞ്ഞ ഫീസ് ഈടാക്കി സ്റ്റാളുകൾ അനുവദിച്ചുകൊണ്ട് നാട്ടുചന്ത സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ കൽപ്പറ്റയിൽ നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സപ്ലൈ ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി നടപ്പിലാക്കിയിട്ടുണ്ട്.

4. " സുഭിക്ഷ കേരളം" പദ്ധതി പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് പ്രമുഖ മാർക്കറ്റിംഗ് സഹകരണ സംഘങ്ങളുടേയും മാർക്കറ്റ്

ഫെഡിന്റേയും ഏകോപനത്തിലൂടെ വിളവെടുപ്പ് കാലയളവിൽ കർഷകരിൽ നിന്നും കാർഷിക ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കുക, അവ സംസ്കരിച്ച് വിപണികളിലൂടെ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ പുതിയ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി മികച്ച പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഉല്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തി വരുന്നു.

(സി) കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള കർഷക സേവന കേന്ദ്രങ്ങൾ ശാക്തീകരിക്കാൻ പരിപാടിയുണ്ടോ; വിശദമാക്കുമോ?

കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നഴ്സറികൾ, ജൈവവള ശാലകൾ, കാർഷിക യന്ത്രവൽകൃത സൗകര്യങ്ങൾ തുടങ്ങി കർഷകർക്കാവശ്യമായ സേവനങ്ങൾ നൽകുന്നതിനായി സഹകരണ സംഘങ്ങളുടെ അധീനതയിൽ ആരംഭിച്ചിട്ടുള്ള കർഷക സേവന കേന്ദ്രങ്ങൾ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. സഹകരണ മേഖലയിൽ സംസ്ഥാനത്ത് ആകെ 80-കാർഷിക സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ടി കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം ഘട്ടം-ഘട്ടമായി

ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ 2021-22 സാമ്പത്തിക വർഷത്തിൽ 150 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

വ്യവസായ വികസന കോർപ്പറേഷന്റെ പദ്ധതികൾ

13 (*313) ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്ത് വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി വ്യവസായ രംഗത്ത് അടിസ്ഥാന സൗകര്യം ലഭ്യമാക്കിക്കൊണ്ട് കെ.എസ്. ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ വ്യവസായ വളർച്ചാകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസായ വളർച്ചാകേന്ദ്രങ്ങളിൽ സ്ഥലം, കെട്ടിടം എന്നിവ വ്യവസായികൾക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടി ലഭ്യമാക്കുന്നുണ്ട്. എഞ്ചിനീയറിങ്/ജനറൽ വ്യവസായങ്ങൾക്ക് അവസരമൊരുക്കുന്നതിന്

വേണ്ടി കെ.എസ്.ഐ.ഡി.സി. പാലക്കാട് ജില്ലയിൽ ലൈറ്റ് എഞ്ചിനീയറിങ് വ്യവസായ പാർക്ക് / ഇൻവെസ്റ്റ്മെന്റ് സോൺ, പാലക്കാട് സ്ഥാപിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു ഇലക്ട്രോണിക് ഹാർഡ്വെയർ പാർക്ക് (ആമ്പല്ലൂർ, എറണാകുളം) സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. കൂടാതെ തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. മാത്രമല്ല, ഭക്ഷ്യ സംസ്കരണ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആലപ്പുഴ വ്യവസായ വളർച്ചാകേന്ദ്രത്തിൽ മെഗാ ഫുഡ്പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. കൊച്ചി-ബാംഗ്ളൂർ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് വ്യവസായ ഏകീകൃത ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലമെടുക്കൽ നടപടികൾ കിൻഫ്ര വഴി പുരോഗമിക്കുന്നുണ്ട്. വ്യവസായ വളർച്ചയ്ക്ക് ഊന്നൽ നൽകുന്നതിന്റെ ഭാഗമായി യുവസംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ ക്രോഡീകരിക്കുന്നതിനായി പ്രാരംഭ മൂലധനം നല്കി വരുന്നു. വനിതാ സംരംഭകരുടെ വളർച്ചയ്ക്കുവേണ്ടി 'വി മിഷൻ' എന്ന പദ്ധതിയിലൂടെ

വായ്പ ധനസഹായം നൽകിവരുന്നു. ചെറുകിട, ഇടത്തരം, വൻകിട വ്യവസായങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ വായ്പയായി നൽകി വരുന്ന ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഇവയുടെ വ്യവസ്ഥകളും മാനദണ്ഡങ്ങളും കാലാനുസൃതമായി പരിഷ്കരിച്ചുവരുന്നു. കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ പ്രഖ്യാപിച്ചതും, വായ്പ തുക ഉയർത്തിയതും അപേക്ഷ ഫോറം ഇന്റർനെറ്റിൽ ലഭ്യമാക്കുന്നതും കോവിഡ്-19-നെ തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി വ്യവസായ ഭദ്രത പാക്കേജും സമാശ്വാസ പദ്ധതി പാക്കേജും പ്രഖ്യാപിച്ചതും ഒക്കെ സംസ്ഥാനത്ത് വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ്. ഏറ്റവും പുതിയതായി സംസ്ഥാന സർക്കാരിന്റെ കോവിഡ് 19 സമാശ്വാസ പദ്ധതി പാക്കേജ് അനുസരിച്ച് പ്രവർത്തനമൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേക്ക് കെ.എസ്.ഐ.ഡി.സി.യുടെ എസ്.ഡി.എഫ്.കളിലുള്ള യൂണിറ്റുകളുടെ

വാടകയും പൊതു സൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷം കൊണ്ട് പലിശരഹിത അടവോടും കൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽ നിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.യുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു.

(ബി) നിലവാരം ഉറപ്പാക്കി വിശ്വാസ്യത നേടിയെടുക്കുന്ന ആഗോള വിപണി ഉറപ്പാക്കാൻ വ്യവസായ വികസന കോർപ്പറേഷൻ കേരള ബ്രാൻഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

കേരളത്തിൽ നിന്നുൽപ്പാദിപ്പിക്കുന്ന എല്ലാ ഉൽപ്പന്നങ്ങൾക്കും ആഗോള വിപണിയിൽ Made in Kerala എന്ന ഒരു ബ്രാൻഡ് മൂല്യം നേടിയെടുക്കണമെന്ന് ഒരു പൊതുവായ നിർദ്ദേശം വ്യവസായികളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. ആയതിലേയ്ക്ക് വ്യവസായങ്ങളെ സുശക്തമാക്കുവാനുള്ള നടപടികൾ എടുത്ത് " Made in Kerala" എന്ന കേരള ബ്രാൻഡ് മൂല്യം നേടിയെടുക്കാനാവശ്യമായ നടപടികൾ കെ.എസ്.ഐ.ഡി.സി. മുഖേന ചെയ്യുന്നതിന്റെ സാദ്ധ്യത പരിശോധിച്ചു വരുന്നു.

(സി) കെ.എസ്.ഐ.ഡി.സി.- യുടെ ആഭിമുഖ്യത്തിലുള്ള ബൃഹദ് പദ്ധതിയായ ലൈഫ് സയൻസ് പാർക്കിന്റെ പുരോഗതി അറിയിക്കാമോ?

കെ.എസ്.ഐ.ഡി.സി., ലൈഫ് സയൻസസ് പാർക്ക് പദ്ധതി രണ്ട് ഘട്ടങ്ങളായിട്ടാണ് നടപ്പാക്കുന്നത്. കാര്യനിർവഹണ സൗകര്യാർത്ഥം ആദ്യ ഘട്ടത്തിൽ 75 ഏക്കറും രണ്ടാം ഘട്ടത്തിൽ 160 ഏക്കറും ഭൂമിയാണ് ഏറ്റെടുക്കാൻ തീരുമാനിച്ചത്. കോടതിയിൽ നിലനിന്നിരുന്ന കേസുകൾ കാരണം ഭൂമി ഏറ്റെടുക്കുന്നതിൽ ഗണ്യമായ കാലതാമസമുണ്ടായി, അതിന്റെ ഫലമായി ആദ്യ ഘട്ടത്തിൽ 70 ഏക്കർ ഭൂമിയും, രണ്ടാം ഘട്ടത്തിൽ 86 ഏക്കർ ഭൂമിയും നാളിതുവരെ ഏറ്റെടുത്തുകഴിഞ്ഞു. കോടതിയിൽ നിലനിൽക്കുന്ന കേസുകൾ കാരണം ബാക്കി ഭൂമി ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ല. ആദ്യ ഘട്ടത്തിൽ വിവിധ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ചെലവായി 374.73 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. പാർക്കിൽ അത്യാധുനിക ഓഫീസ് സ്ഥലം, ഇൻകുബേഷൻ സെന്റർ, ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങളുള്ള ലാബ് മൊഡ്യൂളുകൾ എന്നിവ ഉൾപ്പെടുത്തുന്നുണ്ട്. കൂടാതെ, വലുതും സംയോജിതവുമായ ബയോ കമ്പനികൾക്ക് അവരുടെ കാമ്പസുകളും സജ്ജീകരിക്കാൻ ഉപയോഗപ്രദമായ മോഡുലാർ ഓഫീസുകളും ചെറുകിട, സ്റ്റാർട്ടപ്പ് കമ്പനികൾക്കായി wet & dry ലാബുകൾ സ്ഥാപിക്കുന്നതിനായി വികസിപ്പിച്ച പ്ലോട്ടുകളും പാർക്കിൽ സജ്ജമാക്കുന്നുണ്ട്. 20 മീറ്റർ വീതിയുള്ള

Internal റോഡുകൾ ഉൾപ്പെടെ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി പ്രതിദിനം ഒരു ദശലക്ഷം ലിറ്റർ വെള്ളവും 6 MVA വൈദ്യുതിയും വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (KSCSTE) സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, കേരള വെറ്ററിനറി സയൻസസ് ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (K-VASU) സ്ഥാപിച്ച റിസർച്ച് കം ലേണിംഗ് സെൻറർ എന്നിവയാണ് പാർക്കിൽ പ്രവർത്തിക്കുന്ന പ്രധാന പദ്ധതികൾ KSCSTE -യ്ക്കു വേണ്ടി നിർമ്മിക്കുന്ന 80,827 ചതുരശ്രയടി വിസ്തീർണ്ണമുള്ള അഡ്മിൻ ബ്ലോക്ക്, ബയോടെക് ലാബ് ബ്ലോക്കിൽ ഉൾപ്പെട്ട കോൺഫറൻസ് റൂം, ഓഫീസ് സ്ഥലം, ലബോറട്ടറി എന്നിവയുള്ള വൈറോളജി പ്രോജക്ടിന്റെ അടുത്ത ഘട്ടത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. 22-07-2021-ന് വിളിച്ചുചേർത്ത ജില്ലാ വ്യാവസായിക ഭൂമി അലോട്ട്മെന്റ് കമ്മിറ്റി (DILAC) വിവിധ കമ്പനികൾക്ക് 11 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്, ഇതിലൂടെ 200 കോടി രൂപ മുതൽമുടക്കും 650-ൽ അധികം ആളുകൾക്ക് നേരിട്ട് തൊഴിൽ നൽകാനും സാധിക്കുന്നതാണ്. ലൈഫ് സയൻസസ് പാർക്കിൽ വാക്സിൻ

നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാനുള്ള സാദ്ധ്യതകൾ അന്വേഷിക്കുന്നതിനായി കേരള സർക്കാർ രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പ് വിവിധ വാക്സിൻ നിർമ്മാണ കമ്പനികളുമായി പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. ചില കമ്പനികൾ താൽപര്യം പ്രകടിപ്പിച്ചിട്ടുമുണ്ട്. ആദ്യ ഘട്ടത്തിലെ മിച്ചമുള്ള 25 ഏക്കർ ഭൂമി, ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്. പാർക്കിന്റെ വികസനത്തിന്റെ രണ്ടാം ഘട്ടം ആസൂത്രണം ചെയ്തിട്ടുള്ളത് KIIFB ധനസഹായത്തിലൂടെയാണ്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) 301.17 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 86 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി ഇതുവരെ 170 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി KIIFB യിലേക്ക് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിനായി കണക്കാക്കുന്ന ചെലവ് 18 കോടി രൂപയാണ്. കൂടാതെ കെ.എസ്.ഐ.ഡി.സി. ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുമായി (SCTIMST) ചേർന്ന് സംയുക്ത സംരംഭമായി ലൈഫ് സയൻസ് പാർക്കിലെ (ഘട്ടം 1 ന്റെ

9 ഏക്കർ സ്ഥലത്ത്) ഒരു മെഡിക്കൽ ഡിവൈസസ് പാർക്ക് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) യുവ സംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-ക്ക് പ്രത്യേക പദ്ധതിയുണ്ടോ; വിശദമാക്കുമോ?

കേരളത്തിലെ യുവസംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. ആവിഷ്കരിച്ചിരിക്കുന്ന ധനസഹായ പദ്ധതിയാണ് പ്രാരംഭമൂലധന സഹായം. (സീഡ് ഫണ്ട് സഹായം). സംസ്ഥാനത്തെ യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും തൊഴിലന്വേഷകരേക്കാൾ അവരെ തൊഴിൽ ദാതാക്കളാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയിൽ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവസംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ മൂലധന സഹായം നല്കിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നല്കിവരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 117 യുവ സംരംഭങ്ങൾക്ക് മൂലധന സഹായം അനുവദിക്കുകയുണ്ടായി. ഈ

സംരംഭങ്ങൾ ആയിരത്തിൽപ്പരം തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

ഊർജ്ജ ഭദ്രത ഉറപ്പുവരുത്താൻ നടപടി

14 (*314) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് കാലാവസ്ഥ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ഊർജ്ജ ഭദ്രത ഉറപ്പ് വരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് ഊർജ്ജ ഭദ്രത ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021, സൗര, ഫിലമെന്റ് രഹിത കേരളം, ഇ-സേഫ് തുടങ്ങിയ പദ്ധതികളടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018-ൽ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നു. ഇതിൽ ഉൾപ്പെട്ട സൗര, ഫിലമെന്റ് രഹിത കേരളം എന്നീ പദ്ധതികൾ ഊർജ്ജ ഭദ്രത ഉറപ്പുവരുത്തുന്നതിനൊപ്പവും Co2 വാതകവും മെർക്കുറിയും അന്തരീക്ഷത്തിലേക്ക് പുറംതള്ളുന്നത് ഒഴിവാക്കാനും തത്ഫലമായി കാലാവസ്ഥ വ്യതിയാനത്തിന്റെ ദൂഷ്യഫലങ്ങൾ കുറയ്ക്കുവാനും

സഹായകമാണ്. ഫിലമെന്റ് രഹിത കേരളം ഗാർഹിക മേഖലയിൽ നിലവിലുള്ള ഫിലമെന്റ് ബൾബുകളും സി.എഫ്.എൽ.-കളും ഊർജ്ജക്ഷമത ഏറിയതും ദീർഘകാലം നിലനിൽക്കുന്നതുമായ എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിച്ച് മാറ്റുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത് 16.7 ലക്ഷം ഉപഭോക്താക്കളിൽ 11.25 ലക്ഷം ഉപഭോക്താക്കൾക്ക് 90.11 ലക്ഷം എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തു. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ശേഷിച്ച ഉപഭോക്താക്കളുടെ വീടുകളിൽ ബൾബ് എത്തിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതുവഴി പ്രതിദിനം 2.5 ദശലക്ഷം ടൺ Co2 വാതകവും 600 കിലോഗ്രാം മെർക്കുറിയും അന്തരീക്ഷത്തിലേക്ക് പുറംതള്ളുന്നത് ഒഴിവാക്കാനാകും. കൂടാതെ പീക്ക് ലോഡ് കുറയ്ക്കുന്നതിനും ഈ പദ്ധതി സഹായകരമാകും. സൗര പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും പരമാവധി വൈദ്യുതി ഉൽപ്പാദിപ്പിക്കുക എന്നതിനാണ് ഈ കാലയളവിൽ ഊന്നൽ നൽകിയിട്ടുള്ളത്. 1000 മെഗാവാട്ട് സൗരോർജ്ജ സ്രോതസ്സുകളിൽ നിന്നും കൂട്ടി ചേർക്കുന്ന പദ്ധതിയാണ് സൗര. 1) 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതി ആദ്യഘട്ടത്തിൽ 2.78 ലക്ഷം ഉപഭോക്താക്കൾ പദ്ധതിയിൽ തൽപ്പരരായി മുന്നോട്ട് വരികയും ഇവരിൽനിന്നും 42000-ൽ

പരം ഉപഭോക്താക്കളെ തെരഞ്ഞെടുക്കുകയും ചെയ്യ. ഒന്നാംഘട്ടത്തിൽ 46.5 മെഗാവാട്ട് കൂട്ടിച്ചേർക്കാനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഇതിൽ 7 മെഗാവാട്ടിന്റെ പ്രവൃത്തികൾ ഇതുവരെ പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ (2019-20, 2020-21) ഗാർഹിക ഉപഭോക്താക്കൾക്കുള്ള കേന്ദ്ര സബ്സിഡി പദ്ധതിയിൽ അനുവദിച്ച 250 മെഗാവാട്ടിൽ ആദ്യ ഘട്ടത്തിലേക്കുള്ള ടെൻഡർ നടപടികൾ പൂർത്തിയായി സർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2) 200 മെഗാവാട്ട് റിവേഴ്സ് ഇ ബിഡ്ഡിംഗ് മുഖേനയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകൾ:- താരിഫ് അധിഷ്ഠിത ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുത്ത NTPC (90 MW), TATA Power (110 MW) എന്നിവരുമായി കരാറിൽ ഏർപ്പെടുവാൻ റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിക്കുന്നു. 3) 200 മെഗാവാട്ട് സോളാർ പാർക്കുകൾ കാസർഗോഡ് സോളാർ പാർക്കിൽ 100 മെഗാവാട്ട് പൂർത്തിയായി (അമ്പലത്തറ-50 MW പൈവളിക-50MW). 4) 200 MW മറ്റു സൗരോർജ്ജ പദ്ധതികൾ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. 5)150 MW ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ കായംകുളം NTPC പദ്ധതിയോട് ചേർന്ന് 92 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ നിലയം നിർമ്മാണം പുരോഗമിക്കുന്നു. വെസ്റ്റ് കല്ലട

ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് (50 മെഗാവാട്ട്) ടെൻഡർ നടപടികൾ പൂർത്തിയായി. ഇതിനു പുറമേ ഇടുക്കി ജലസേചന സംഭരണിയിലും (300 മെഗാവാട്ട്), ബാണാസുരസാഗർ ജലസംഭരണിയിലും (100 മെഗാവാട്ട്) ഫ്ലോട്ടിംഗ് സോളാർ നിലയം സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ഇ.ഐ.എ. പഠനം നടത്തുന്നതിന് സംസ്ഥാന വന സംരക്ഷണ വകുപ്പിനെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. മേൽ വിവരിച്ച പദ്ധതികൾക്ക് പുറമേ ഇലക്ട്രിക് മൊബിലിറ്റി, നിലാവ് എന്നീ പദ്ധതികളും കാർബൺ ബഹിർഗമനം കുറയ്ക്കാൻ സഹായകരമാകുന്നു. തത്ഫലമായി ഊർജ്ജ ഭദ്രത ഉറപ്പുവരുത്താൻ സഹായിക്കുകയും ചെയ്യുന്നു. ഇലക്ട്രിക് മൊബിലിറ്റി ഖനജ ഇന്ധനങ്ങളുടെ (fossil fuel) ദൗർലഭ്യവും അവ ഉപയോഗിക്കുന്ന വാഹനങ്ങൾ പുറന്തള്ളുന്ന വാതകങ്ങൾ ഓസോൺ പാളികൾക്ക് വരുത്തുന്ന ഹാനിയും കണക്കിലെടുത്ത് ഇലക്ട്രിക്ക് വാഹനങ്ങളിലേയ്ക്ക് മാറുവാൻ സംസ്ഥാനം നടത്തുന്ന തയ്യാറെടുപ്പിൽ കെ.എസ്.ഇ.ബി.-യും പങ്കാളിയായിട്ടുണ്ട്. ഈ ഉദ്യമത്തിൽ കെ.എസ്.ഇ.ബി.-യുടെ മുന്നൊരുക്കങ്ങൾ കൂടി കണക്കിലെടുത്ത് കെ.എസ്.ഇ.ബി.-യെ സംസ്ഥാന നോഡൽ ഏജൻസിയായി സർക്കാർ ചുമതലപ്പെടുത്തി. സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി 250-ൽപ്പരം

ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ കെ.എസ്.ഇ.ബി. ലക്ഷ്യമിട്ടിട്ടുണ്ട്. കേരളത്തിൽ ഇതുവരെ 7 ചാർജ്ജിംഗ് സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തുകഴിഞ്ഞു. സംസ്ഥാന ഗവൺമെന്റിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും 26 പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. അതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം II പദ്ധതി പ്രകാരം 30 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നുവരികയാണ്. പദ്ധതി 30-09-2021-ഓടുകൂടി പൂർത്തിയാകും. മുഖ്യമന്ത്രിയുടെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട നിലാവ് പദ്ധതി പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഊർജ്ജക്ഷമത കുറഞ്ഞ തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കെ.എസ്.ഇ.ബി.-യെ സർക്കാർ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന ടി പദ്ധതിയുടെ അടങ്കൽ തുക 298 കോടി രൂപയാണ്. രണ്ട് ഘട്ടമായി നടപ്പിലാക്കുന്ന പദ്ധതിയിൽ 10.5 ലക്ഷം തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഒന്നാം

ഘട്ടത്തിൽ 2 ലക്ഷം വിളക്കുകളും രണ്ടാംഘട്ട പദ്ധതിയിൽ 8.5 ലക്ഷം വിളക്കുകളുമാണ് മാറ്റി സ്ഥാപിക്കുക. ഒന്നാം ഘട്ടം പദ്ധതിയിൽ ഇതുവരെ 2 ലക്ഷം വിളക്കുകൾ മാറ്റി സ്ഥാപിച്ചു. ഇപ്പോൾ വൈദ്യുതോൽപ്പാദനം നടക്കുന്ന പദ്ധതികളുടെ റിസർവോയറിലെ പരമാവധി ജലവിനിയോഗം സുരക്ഷിതമായി സാദ്ധ്യമാക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് റൂൾ കർവ് സംവിധാനം നടപ്പാക്കുന്നതിലൂടെ ലക്ഷ്യമിടുന്നു. കാലാവസ്ഥ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ, വൈദ്യുത ഉൽപാദനം ദുരന്ത സാദ്ധ്യത ഒഴിവാക്കും വിധം ക്രമപ്പെടുത്താൻ ഇതുമൂലം സാധിക്കുന്നു. പുതിയ ജലവൈദ്യുത പദ്ധതികൾ വിഭാവന ചെയ്യുമ്പോൾ, പ്രളയംമൂലമുണ്ടാകുന്ന അധികജലം കൈകാര്യം ചെയ്യുന്നതിലേയ്ക്കും, വൈദ്യുതോൽപ്പാദനം കാര്യക്ഷമമാക്കാനും രൂപകൽപ്പനയിൽ ആവശ്യമായ മാറ്റങ്ങൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര ജല കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രളയ നിയന്ത്രണം, അണക്കെട്ടുകളുടെ പര്യവേക്ഷണ പ്രവർത്തനങ്ങൾ എന്നിവ വിവിധ നദികളിൽ നടത്തുന്നുണ്ട്. സംസ്ഥാനത്ത് കാലാവസ്ഥ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ഊർജ്ജ ഭദ്രത ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജൂൺ മാസം ഒന്നാം തീയതിയിലെ ജലസംഭരണികളിലെ സംഭരണശേഷിയും നടപ്പ് വർഷത്തെ കാലാവസ്ഥാ

പ്രവചനത്തിന്റെയും അടിസ്ഥാനത്തിൽ അടുത്ത ഒരു " water year" (ജൂൺ 2021 മുതൽ മേയ് 2022) ലേക്കുള്ള ജനറേഷൻ പ്ലാൻ (വിവിധ ജലവൈദ്യുത പദ്ധതികളിൽ നിന്നുമുള്ള ഉല്പാദനത്തിന്റെ അളവ് നിശ്ചയിക്കുന്നത്) ക്രമീകരിച്ചിട്ടുണ്ട്. അതതു മാസങ്ങളിലെ മഴയുടെ ലഭ്യതയും, ഡാമിലെ ജലനിരപ്പും മറ്റു സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുടെ ലഭ്യതയും അനുസരിച്ച് പ്ലാനിൽ വ്യതിയാനം വരുത്തും. ആഭ്യന്തര ഉല്പാദനത്തിന് പുറമേ സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്നും കേന്ദ്ര വിഹിതമായും ദീർഘകാല കരാറുകൾ വഴിയും എക്സ്ചേഞ്ച് വഴിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി ലഭ്യതയിൽ കുറവുണ്ടാകുന്നപക്ഷം കുറഞ്ഞ നിരക്കിൽ പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങാനുള്ള ക്രമീകരണം കെ.എസ്.ഇ.ബി.എൽ. ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ ഉദ്ദേശ്യം 30% മാത്രമാണ് ആഭ്യന്തര ഉത്പാദനത്തിലൂടെ കണ്ടെത്തുന്നത്. ബാക്കി 70 ശതമാനത്തിനായി സംസ്ഥാനത്തിന് പുറത്തുള്ള കേന്ദ്ര നിലയങ്ങളിൽ നിന്നും മറ്റു സ്വകാര്യ നിലയങ്ങളിൽ നിന്നുമായി കരാറിൽ ഏർപ്പെടുകയോ, പവർ എക്സ്ചേഞ്ചുകളിൽ നിന്ന് വാങ്ങുകയോ ആണ് ചെയ്യുന്നത്. വൈദ്യുതി

ലഭ്യതയിൽ കുറവുണ്ടാകുമോ എന്ന് മുൻകൂട്ടി വിശകലനം നടത്തി (forecast) കുറവുണ്ടാകുന്ന സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽ നിന്നും Day Ahead Market (DAM) വഴി വൈദ്യുതി വാങ്ങാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനു പുറമേ " Real Time Market" (RTM) വഴി ഓരോ സമയത്തേയും വൈദ്യുതി ലഭ്യതയിലുണ്ടാകുന്ന കുറവിനനുസൃതമായ വൈദ്യുതി വാങ്ങാനുള്ള നടപടികളും എടുക്കുന്നുണ്ട്. 2020-21 വർഷങ്ങളിൽ പവർ എക്സ്ചേഞ്ച് വഴി ഏകദേശം 94.71 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങിയിട്ടുണ്ട്. 2021-22 ൽ ജൂലൈ മാസം 26 വരെ ഏകദേശം 8.52 ദശലക്ഷം യൂണിറ്റ് വൈദ്യുതി പവർ എക്സ്ചേഞ്ച് വഴി വാങ്ങിയിട്ടുണ്ട്.

(സി) വൈദ്യുതി പ്രസരണ മേഖലയിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

2022-27 കാലയളവിലേയ്ക്കുള്ള ദീർഘകാല പ്രസരണ ശൃംഖല വികസന പദ്ധതി ബോർഡിന്റെ പരിഗണനയിലാണ്. പ്രസരണ ശൃംഖലയുടെ ഭാഗമായിട്ടുള്ള 33 കെ.വി ഔട്ട്ഡോർ സബ്സ്റ്റേഷനുകളെ വിദൂര നിയന്ത്രിത സംവിധാനത്തോടെ ഇൻഡോർ സബ്സ്റ്റേഷനുകളാക്കി മാറ്റുന്നതിനായി വിശദമായ പദ്ധതി തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കും. എല്ലാ 220 കെ.വി സബ്സ്റ്റേഷനുകളിലും പ്രധാനപ്പെട്ട 110

കെ.വി സബ്സ്റ്റേഷനുകളിലും SCADA സംവിധാനത്തോടുകൂടിയ സബ്സ്റ്റേഷൻ ഓട്ടോമേഷൻ സംവിധാനം ഏർപ്പെടുത്തും. വൈദ്യുതി പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ധാരാളം പുതിയ പദ്ധതികൾ വൈദ്യുതി ബോർഡിന്റെ പരിഗണനയിലുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം 21 സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും പൂർത്തീകരിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ ദ്രുതഗതിയിൽ നടക്കുന്നുണ്ട്. അതിനു പുറമെ നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുന്ന ജോലികളും സമയബന്ധിതമായി നിർവ്വഹിച്ച് വരുന്നു. സംസ്ഥാനത്തിന്റെ പ്രസരണ ശൃംഖലയുടെ ശേഷി വർദ്ധിപ്പിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള വൻകിട പദ്ധതിയാണ് ട്രാൻസ്ഗ്രിഡ്. ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ KIIFB(Kerala Industrial Investment Fund Board), PSDF (Power System Development Fund), MNRE (Ministry of New & Renewable Energy) എന്നിവയുടെ ധനസഹായത്തോടെ ഏകദേശം 10,000/- കോടി രൂപ ചെലവ് കണക്കാക്കിയുള്ള പ്രവൃത്തികളാണ് രണ്ട് ഘട്ടങ്ങളിലായി പൂർത്തിയാക്കാൻ

ലക്ഷ്യമിട്ടിട്ടുള്ളത്. ഒന്നാം ഘട്ടം 2022-ലും രണ്ടാം ഘട്ടം 2024-ലും പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(ഡി) ജലസേചന കനാലുകളിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ജലസേചന കനാലുകളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ പഠനങ്ങളും മറ്റു നടപടികളും സ്വീകരിച്ചു വരുന്നു. ഇതിലേയ്ക്കായി ഇപ്പോൾ ഒറ്റക്കൽ (2 മെഗാവാട്ട്), മലമ്പുഴ വലത് തടം (500 കിലോവാട്ട്) എന്നീ ചെറുകിട-സൂക്ഷ്മ പദ്ധതികൾ കല്ലട ജലസേചന പദ്ധതിയുടെ കനാലിലും, മലമ്പുഴ അണക്കെട്ടിന്റെ വലതു കനാലിലും യഥാക്രമം പരിഗണനയിലുണ്ട്. കൂടാതെ കനാലുകളിലെ ഒഴുക്കിൽനിന്ന് (ഹൈഡ്രോകൈനറ്റിക്ക് സാങ്കേതികം) വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് എനർജി മാനേജ്മെന്റ് സെന്റർ Expression of Interest (EOI) വിളിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ സാധ്യതയുള്ള ഇടങ്ങൾ കണ്ടെത്തിയതിനുശേഷം ഉചിതമായ കനാലുകളിൽ കൂടുതൽ ഹൈഡ്രോ കൈനറ്റിക് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഊർജ്ജ കേരള മിഷന്റെ പ്രവർത്തന പുരോഗതി

15 (*315) ശ്രീ. കെ. ബാബു (നെന്മാറ):
ഡോ. കെ. ടി. ജലീൽ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി മേഖലയെ ലോകോത്തരമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷന്റെ ഘടകങ്ങൾ എന്തെല്ലാമാണ്; അതിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

അടിസ്ഥാന സൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021, സൗര, ഫിലമെന്റ് രഹിത കേരളം, ഇ-സേഫ് തുടങ്ങിയ പദ്ധതികൾ അടങ്ങുന്ന ഊർജ്ജകേരള മിഷൻ ജൂലൈ 2018-ൽ സർക്കാർ പ്രഖ്യാപിച്ച d നടപ്പിലാക്കിവരുന്നു. ദ്യുതി - 2021 വൈദ്യുതി വിതരണ രംഗം കാര്യക്ഷമമാക്കുന്നതിനും ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിഭാവനം ചെയ്ത നടപ്പിലാക്കി

വരുന്ന പദ്ധതിയാണ് 4036 കോടി രൂപയുടെ ദ്യുതി 2021. പദ്ധതിയുടെ പ്രധാനലക്ഷ്യങ്ങൾ 2017-ൽ സംസ്ഥാനം കൈവരിച്ച സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പാക്കുന്നതിനോടൊപ്പം ഗുണനിലവാരമുള്ള വൈദ്യുതി ഇടതടവില്ലാതെ, എല്ലാവർക്കും ലഭ്യമാക്കുക, വൈദ്യുതി സേവനം നൽകുന്നതിലുള്ള നഗര-ഗ്രാമ വിവേചനം ഒഴിവാക്കുക, വൈദ്യുതി വിതരണത്തിലെ സാങ്കേതിക വാണിജ്യ നഷ്ടങ്ങൾ പരമാവധി കുറയ്ക്കുക, ഏറ്റവും മെച്ചപ്പെട്ട സുരക്ഷ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുക, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളെ വൈദ്യുതി ശൃംഖലയുമായി സുഗമമായി ബന്ധിപ്പിക്കുക എന്നിവയാണ്. നാലു വർഷങ്ങൾകൊണ്ട് 4036.3 കോടി രൂപ മുതൽമുടക്കുള്ള വിതരണ മേഖലയിലെ വികസന പദ്ധതിയാണ് ദ്യുതി-2021. ഇതിൽ 9936 km ഹൈടെൻഷൻ ലൈൻ വലിക്കുക, 3741 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുക, HT/LT അനുപാതം പരിഷ്കരിച്ച് ലൈനുകളുടെ നിലവാരം ഉയർത്തുക, HT ലൈനുകളും ട്രാൻസ്ഫോർമറുകളും സാറ്റലൈറ്റ് മാപ്പ് ചെയ്യുക, ഫോൾട് പാസ് ഡിറ്റക്ടറുകൾ സ്ഥാപിക്കുക, ആവശ്യമായ ലൈനുകളിൽ ABC അഥവാ കവേർഡ് കണ്ടക്ടറുകൾ വലിക്കുക മുതലായ ആധുനികവത്കരണങ്ങൾ ഉൾപ്പെടുന്നു. " ദ്യുതി" പദ്ധതിയിൽ ഉൾപ്പെടുത്തി എച്ച്.ടി.ലൈൻ/ഭൂഗർഭ കേബിൾ നിർമ്മാണം,

എൽ.ടി.ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ശേഷി വർദ്ധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിത ശേഷി കൂട്ടുന്ന പ്രവൃത്തികൾ, എൽ.ടി ലൈനും എച്ച്.ടി ലൈനും റീ കണ്ടക്ടറിംഗ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടേയും ട്രാൻസ്ഫോർമറുകളുടേയും മറ്റു പ്രതിഷ്ഠാപനങ്ങളുടേയും Standardization പ്രവൃത്തികൾ, സിസ്റ്റത്തിന്റെ വിതരണ നഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. 2018-ൽ ആരംഭിച്ച് 2022-ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്ന ഈ പദ്ധതിയിൽ, 2018, 2019 വർഷങ്ങളിലെ മഹാപ്രളയങ്ങളും കോവിഡ്-19-ന്റെ ഭാഗമായി ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗൺ എന്നിവ കാരണം ഉദ്ദേശിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും ഈ പദ്ധതിയിൽ ഇതുവരെ 1577.72 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് 2.0 കേരളത്തിലേക്കുള്ള വൈദ്യുത f ഇറക്കുമതി ശേഷി വർദ്ധിപ്പിക്കുകയും കേരളത്തിനുള്ളിൽ ഉത്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കാനാകുംവിധം പ്രസരണശൃംഖല ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി 10,000 കോടി രൂപ പദ്ധതി ചെലവിൽ വിഭാവനം ചെയ്ത പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. രണ്ടു

ഘട്ടങ്ങളിലായി നടപ്പാക്കുന്ന ഈ പദ്ധതിക്ക് ഏകദേശം 10000 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. പദ്ധതിയുടെ നൂതനത്വം കണക്കിലെടുത്ത് കേന്ദ്രാവിഷ്കൃത പദ്ധതിയായ PSDF ൽ നിന്നും 400 കോടി രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ (2017-22) ഒരു 400 കെ.വി സബ്സ്റ്റേഷനും പതിനൊന്ന് 220 കെ.വി സബ്സ്റ്റേഷനുകളും 2074 സർക്യൂട്ട് കി.മീ പ്രസരണ ലൈനുകളും രണ്ടാം ഘട്ടത്തിൽ (2019-2024) രണ്ട് 400 കെ.വി സബ്സ്റ്റേഷനും പതിനൊന്ന് 220 കെ.വി സബ്സ്റ്റേഷനുകളും 2316 സർക്യൂട്ട് കി.മീ ലൈനുകളും നിർമ്മിക്കുവാനാണ് ലക്ഷ്യമിടുന്നത്. നിലവിലുള്ള പ്രസരണ ഇടനാഴികൾ പരമാവധി ഉപയോഗപ്പെടുത്തി അധികമായി RoW ഏറ്റെടുക്കാതെ നവീന സാങ്കേതികവിദ്യയുടെ സഹായത്തോടെ നിലവിലുള്ള 110 കെ.വി ലൈനുകളെ 220/110 കെ.വി Multi Circuit, Multi Voltage (MCMV) ലൈനുകളായും, 220 കെ.വി ലൈനുകളെ 400/220 കെ.വി ലൈനുകളായും മാറ്റുന്നതിനും ശേഷി കൂടിയ കണ്ടക്ടറുകൾ ഉപയോഗിച്ച് നിലവിലുള്ള ലൈനുകൾ നവീകരിക്കുന്നതിനും ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു. ഇതുകൂടാതെ സംസ്ഥാനത്തിനകത്ത് സാദ്ധ്യത കണ്ടെത്തിയിട്ടുള്ള പുനരുപയോഗ സ്രോതസ്സുകളിൽനിന്നും ഉൽപാദിപ്പിക്കുന്ന

വൈദ്യുതി പ്രസരണം ചെയ്യുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങളും (ഗ്രീൻകോറിഡോർ) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് പദ്ധതി പൂർണ്ണമായും പൂർത്തിയാകുമ്പോൾ സംസ്ഥാനത്തിന്റെ വൈദ്യുതി പ്രസരണ നഷ്ടത്തിൽ 107 MW-ന്റെ കുറവാണ് കണക്കാക്കിയിട്ടുള്ളത്. ഇതുവഴി പ്രതിവർഷം 521 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാനാകും. ശരാശരി ഏകദേശം 250 കോടി രൂപയുടെ വരുമാന നേട്ടമാണ് ഇതിലൂടെ സംസ്ഥാനത്തിന് ലഭ്യമാകുക. 2022 മാർച്ച് വരെയുള്ള ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള സബ്സ്റ്റേഷനുകളിൽ മഞ്ചേരി, കോതമംഗലം, ചാലക്കുടി, കല്പാത്തി, ആലുവ എന്നീ അഞ്ച് 220 കെ.വി സബ്സ്റ്റേഷനുകൾ ഇതിനകം പൂർത്തിയായി. കുന്നമംഗലം സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന ഏറ്റുമാനൂർ, വിഴിഞ്ഞം, തലശ്ശേരി, കുന്നംകുളം, ചിത്തിരപുരം 220 കെ.വി സബ്സ്റ്റേഷനുകളും കോട്ടയം 400 കെ.വി സബ്സ്റ്റേഷനും ഈ സാമ്പത്തിക വർഷം കമ്മീഷൻ ചെയ്യാൻ സാധിക്കും. ഒന്നാം ഘട്ടത്തിൽ സ്ഥാപിക്കാനുദ്ദേശിച്ചിട്ടുള്ള പ്രസരണ ലൈനുകളിൽ 750 സർക്യൂട്ട് കി.മീ ലൈനിന്റെ നിർമ്മാണം പൂർത്തിയായി. ശേഷിക്കുന്ന ലൈനുകൾ 2022 മാർച്ചിനു മുമ്പായി പൂർത്തിയാകും. രണ്ടു ഘട്ടങ്ങളിലായി നടപ്പാക്കുന്ന ട്രാൻസ്ഗ്രിഡ്

പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നിർമ്മാണം ഉടൻ ആരംഭിക്കും. ഇതിൽ ഗ്രീൻകോറിഡോർ- II പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ള വയനാട് 400 കെ.വി സബ്സ്റ്റേഷനുൾപ്പെടെ രണ്ട് 400 കെ.വി സബ്സ്റ്റേഷനുകളുടെയും പതിനൊന്ന് 220 കെ.വി സബ്സ്റ്റേഷനുകളുടെയും നിർമ്മാണം ഉൾപ്പെടുന്നു. കൂടാതെ, വയനാട് – കാസർഗോഡ് 400 കെ.വി പ്രസരണ ലൈനിന്റെ നിർമ്മാണവും ഏറ്റെടുക്കും. ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്. സൗര: പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും പരമാവധി വൈദ്യുതി ഉത്പാദിപ്പിക്കുക എന്നതിനാണ് ഈ കാലയളവിൽ ഊന്നൽ നല്കിയിട്ടുള്ളത്. 1000 MW സൗരോർജ്ജ സ്തോതസ്സുകളിൽ നിന്നും കൂട്ടിചേർക്കുന്ന പദ്ധതിയാണ് സൗര. 1. 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതി - ആദ്യ ഘട്ടത്തിൽ 2.78 ലക്ഷം ഉപഭോക്താക്കൾ പദ്ധതിയിൽ തല്പരരായി മുന്നോട്ടു വരികയും ഇവരിൽ നിന്നും 42000 ത്തിൽപരം ഉപഭോക്താക്കളെ തെരഞ്ഞെടുക്കുകയും ചെയ്തു. ഒന്നാം ഘട്ടത്തിൽ 46.5 MW കൂട്ടിചേർക്കാനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഇതിൽ 7MW-ന്റെ പ്രവൃത്തികൾ ഇതുവരെ പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ (2019-20, 2020-21) ഗാർഹിക ഉപഭോക്താക്കൾക്കുള്ള കേന്ദ്ര സബ്സിഡി പദ്ധതിയിൽ അനുവദിച്ച 250

MW-യിൽ ആദ്യ ഘട്ടത്തിലേക്കുള്ള ടെൻഡർ നടപടികൾ പൂർത്തിയായി സർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2. 200 മെഗാവാട്ട് റിവേഴ്സ് ഇ ബിഡിങ് മുഖേന ഉള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകൾ - താരിഫ് അധിഷ്ഠിത ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുത്ത NTPC (90 MW), TATA Power (110MW) എന്നിവരുമായി കരാറിൽ ഏർപ്പെടുവാൻ റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിക്കുന്നു 3. 200 മെഗാവാട്ട് സോളാർ പാർക്കുകൾ കാസറഗോഡ് സോളാർ പാർക്കിൽ 100 MW പൂർത്തിയായി (അമ്പലത്തറ-50 MW പൈവളിക-50 MW). 4. 200 MW മറ്റു സൗരോജ്ജ പദ്ധതികൾ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. 5. 150 മെഗാവാട്ട് ഫ്ലോട്ടിങ് സോളാർ പ്ലാന്റുകൾ - കായംകുളം NTPC പദ്ധതിയോടു ചേർന്ന് 92 മെഗാവാട്ടിന്റെ ഫ്ലോട്ടിങ് സോളാർ നിലയം നിർമാണം പുരോഗമിക്കുന്നു. വെസ്റ്റ് കല്ലട ഫ്ലോട്ടിങ് സോളാർ പ്ലാന്റ് (50 MW) ടെൻഡർ നടപടികൾ പൂർത്തിയായി ഇതിനു പുറമെ ഇടുക്കി ജലസംഭരണിയിലും (300MW), ബാണാസുരസാഗർ ജലസംഭരണിയിലും (100MW) ഫ്ലോട്ടിങ് സോളാർ നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും EIA പഠനം നടത്തുന്നതിന് സംസ്ഥാന വന സംരക്ഷണ വകുപ്പിനെ സമീപിക്കുകയും

ചെയ്തിട്ടുണ്ട്. കേരളത്തിലെ വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നത് മുന്നിൽ കണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് ഇ-സേഫ്. ഫിലമെന്റ് രഹിതകേരളം-ഗാർഹിക മേഖലയിൽ നിലവിലുള്ള ഫിലമെന്റ് ബൾബുകളും CFL കളും ഊർജ്ജക്ഷമത ഏറിയതും ദീർഘകാലം നിലനിൽക്കുന്നതുമായ LED ബൾബുകൾ ഉയോഗിച്ച് മാറ്റുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത 17 ലക്ഷം ഉപഭോക്താക്കളിൽ 93.3 ലക്ഷം LED ബൾബുകൾ വിതരണം ചെയ്തു. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് ശേഷിച്ച 3.35 ലക്ഷം ഉപഭോക്താക്കൾക്ക് 28.5 ലക്ഷം ബൾബുകൾ വിതരണം ചെയ്യുന്ന പ്രവൃത്തി പുരോഗമിക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതുവഴി പ്രതിദിനം 2.5 ദശലക്ഷം ടൺ CO_2 വാതകവും 600 കിലോഗ്രാം മെർക്കുറിയും അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്നത് ഒഴിവാക്കാനാകും, കൂടാതെ പീക്ക് ലോഡ് കുറയ്ക്കുന്നതിനും ഈ പദ്ധതി സഹായകരമാകും.

(ബി) പ്രസ്തുത മിഷന്റെ ഭാഗമായുള്ള സൗര പദ്ധതി പ്രകാരം സൗരോർജ്ജോല്പാദനത്തിൽ കൈവരിക്കാനായ നേട്ടം വിശദമാക്കുമോ?

1000 MW സൗരോർജ്ജം കൂട്ടിചേർക്കുന്ന സൗര പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു. 1. 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ

പദ്ധതി. ആദ്യ ഘട്ടത്തിൽ 2.78 ലക്ഷം ഉപഭോക്താക്കൾ പദ്ധതിയിൽ തല്പരരായി മുന്നോട്ടു വരികയും ഇവരിൽ നിന്നും 42000-ൽപ്പരം ഉപഭോക്താക്കളെ തെരഞ്ഞെടുക്കുകയും ചെയ്തു. ഒന്നാം ഘട്ടത്തിൽ 46.5 MW കൂട്ടിചേർക്കാനുള്ള പ്രവൃത്തികൾ നടന്നു വരുന്നു. ഇതിൽ 7MW-ന്റെ പ്രവൃത്തികൾ ഇതുവരെ പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ (2019-20, 2020-21) ഗാർഹിക ഉപഭോക്താക്കൾക്കുള്ള കേന്ദ്ര സബ്സിഡി പദ്ധതിയിൽ അനുവദിച്ച 250 MW-ൽ ആദ്യ ഘട്ടത്തിലേക്കുള്ള ടെൻഡർ നടപടികൾ പൂർത്തിയായി സർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2. 200 മെഗാവാട്ട് റിവേഴ്സ് ഇ ബിഡിങ് മുഖേനയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകൾ. താരിഫ് അധിഷ്ഠിത ടെൻഡർ നടപടികളിലൂടെ തിരഞ്ഞെടുത്ത NTPC (90 MW), TATA Power (110MW) എന്നിവരുമായി കരാറിൽ ഏർപ്പെടുവാൻ റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിക്കുന്നു. 3. 200 മെഗാവാട്ട് സോളാർ പാർക്കുകൾ കാസറഗോഡ് സോളാർ പാർക്കിൽ 100 MW പൂർത്തിയായി (അമ്പലത്തറ-50 MW പൈവളിക-50 MW). 4. 200 MW മറ്റു സൗരോജ്ജ പദ്ധതികൾ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് നിർമാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. 5. 150 മെഗാവാട്ട് ഫ്ലോട്ടിങ് സോളാർ പ്ലാന്റുകൾ - കായംകുളം NTPC പദ്ധതിയോടു

ചേർന്ന് 92 മെഗാവാട്ടിന്റെ ഫ്ലോട്ടിങ് സോളാർ നിലയം നിർമാണം പുരോഗമിക്കുന്നു. വെസ്റ്റ് കല്ലട ഫ്ലോട്ടിങ് സോളാർ പ്ലാന്റ് (50 MW) ടെൻഡർ നടപടികൾ പൂർത്തിയായി. ഇതിനു പുറമെ ഇടുക്കി ജലസംഭരണിയിലും (300MW), ബാണാസുരസാഗർ ജലസംഭരണിയിലും (100MW) ഫ്ലോട്ടിങ് സോളാർ നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും EIA പഠനം നടത്തുന്നതിന് സംസ്ഥാന വന സംരക്ഷണ വകുപ്പിനെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി 1000 MW സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതിയാണ് സൗര. ഇതിൽ 500 MW സോളാർ പുരപ്പുറ സൗരനിലയങ്ങളിൽനിന്നും ശേഷിക്കുന്ന 500 MW സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ എന്നിങ്ങനെ കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. 500 MW പുരപ്പുറനിലയങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. സൗര Phase-I Programme ഉപഭോക്താക്കളുടെ മേൽക്കൂരകളിൽ കെ.എസ്.ഇ. ബി.എൽ സൗരനിലയം സ്ഥാപിച്ച് സൗരോർജ്ജ ഉത്പാദനം നടത്തുന്നു. മോഡൽ 1, 2 ഇവയിൽ നിലയങ്ങൾക്ക് വേണ്ട മുഴുവൻ മുതൽ മുടക്കും

കെ.എസ്.ഇ.ബി.എൽ നടത്തുന്നു. മോഡൽ 3-യിൽ ഉപഭോക്താവിന്റെ മുതൽ മുടക്കിലാണ് നിലയങ്ങൾ സ്ഥാപിക്കുന്നത്. മാർച്ച് 2020 മുതൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഡിസംബർ 2021 ഓട് കൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ ഏകദേശം 5000 ഉപഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട് 46.5 MW ശേഷി കൂട്ടിച്ചേർക്കാനാണ് ലക്ഷ്യമിടുന്നത്. മൂന്ന് കോൺട്രാക്ടർമാർ മുഖേന പുരോഗമിക്കുന്ന പദ്ധതിയിൽ ഇതേവരെ 24.96 MW-ന്റെ ഇ.പി.സി ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 7.38 MW-ന്റെ നിർമ്മാണം പൂർത്തീകരിക്കുകയും 17.58 MW പദ്ധതികളുടെ നിർമ്മാണം പുരോഗതിയിലുമാണ്. ഡിസംബർ 2021 ഓട് കൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. സൗര Phase-II Subsidy Programme ഗാർഹിക ഉപഭോക്താക്കൾക്കായുള്ള സബ്സിഡി പദ്ധതിയിൽ ഇതുവരെ 21000 ഉപഭോക്താക്കൾ (71 MW) രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2019-20 ലെ പദ്ധതിയിൽ മൂന്ന് കോൺട്രാക്ടർമാർ മുഖേന പദ്ധതിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഏകദേശം 100 നിലയങ്ങൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഇതുകൂടാതെ പുതുതായി 7 കോൺട്രാക്ടർമാരെ കൂടി പദ്ധതിയിൽ എം പാനൽ ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണം ത്വരിതഗതിയിലാക്കാൻ ഇതു

സഹായിക്കും. 2022 മാർച്ചോടുകൂടി പൂർത്തീകരിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതിയിൽ അപേക്ഷിച്ച ഉപഭോക്താക്കൾക്ക് നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം പുരോഗതിയിലാണ്. 10.034 MW നിലയങ്ങളുടെ ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 71 സൈറ്റുകൾ (308.32 KW നിലയങ്ങൾ) പൂർത്തിയായിട്ടുണ്ട്.

(സി) ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രഖ്യാപിച്ച ഫിലമെന്റ് രഹിത കേരളം പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ എന്നറിയിക്കാമോ?

ഊർജ്ജ സംരക്ഷണത്തിന് പ്രാധാന്യം നൽകി ആവിഷ്കരിച്ച ഫിലമെന്റ് രഹിത കേരളം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത 17 ലക്ഷം ഉപഭോക്താക്കൾക്കായി 93.3 ലക്ഷം LED ബൾബുകൾ വിതരണം ചെയ്തു. 28-7-2021-ലെ കണക്കനുസരിച്ച് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് ശേഷിച്ച 3.35 ലക്ഷം ഉപഭോക്താക്കൾക്ക് 28.5 ലക്ഷം ബൾബുകൾ വിതരണം ചെയ്യുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

കെൽട്രോൺ മുഖേനയുള്ള ശ്രവണസഹായികളുടെ നിർമ്മാണം

16 (*316) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീമതി ദെലീമ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ നൂതന പദ്ധതികളിലൊന്നായ ശ്രവണസഹായികളുടെ നിർമ്മാണം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കെൽട്രോൺ മൂടാടി യൂണിറ്റിൽ നൂതന സാങ്കേതിക മെഷീനുകൾ സ്ഥാപിക്കുവാനുള്ള പദ്ധതിയുടെ വിശദാംശം നൽകാമോ?

കെൽട്രോണിന്റെ ഡിജിറ്റൽ ശ്രവണ സഹായികളുടെ നിർമ്മാണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ളതും തുടർന്ന് നടപ്പിലാക്കാൻ പോകുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:- ഡിജിറ്റൽ ശ്രവണ സഹായികളുടെ ഉല്പാദനം വിപുലീകരിക്കുന്നതിനായി പ്ലാൻ ഫണ്ടിൽനിന്നും 2019-ൽ ലഭിച്ച 97 ലക്ഷം രൂപ പ്രയോജനപ്പെടുത്തി മൂടാടിയിലുള്ള കെൽട്രോൺ യൂണിറ്റ് നവീകരിക്കുകയും, അത്യാധുനിക യന്ത്ര സംവിധാനങ്ങൾ സ്ഥാപിക്കുകയും

ചെയ്തിരുന്നു. യൂണിറ്റിന്റെ രണ്ടാംഘട്ട നവീകരണത്തിന്റെ ഭാഗമായി ശ്രവണ സഹായികളുടെ ഗുണനിലവാര പരിശോധനയ്ക്ക് ഉപയോഗിക്കുന്ന നൂതന സാങ്കേതിക മെഷീനായ ഓഡിയോ അനലൈസർ (Audio Analyzer) പ്രസ്തുത യൂണിറ്റിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഓഡിയോ അനലൈസർ പ്രവർത്തനസജ്ജമാകുന്നതോടെ ശ്രവണ സഹായികളുടെ ഗുണനിലവാരം കൃത്യമായി ഉറപ്പാക്കുവാനും ഗുണനിലവാരമുള്ള ഉത്പന്നം വിപണിയിലെത്തിക്കാനുമാകും. അതോടൊപ്പം കൂടുതൽ സൗകര്യപ്രദമായ രീതിയിൽ ഉപയോഗിക്കുവാൻ കഴിയുന്ന ശ്രവൺ മിനി ഹിയറിങ് എയ്ഡുകളുടെ നിർമ്മാണവും ഈ യൂണിറ്റിൽ ഉടൻ ആരംഭിക്കുവാൻ പദ്ധതിയുണ്ട്.

(ബി) കൂടുതൽ ഗുണമേന്മയുള്ള ശ്രവണ സഹായികൾ വിപണിയിലിറക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കുമോയെന്ന് അറിയിക്കുമോ?

കെൽട്രോണിന്റെ ഡിജിറ്റൽ ശ്രവണ സഹായികളുടെ നിർമ്മാണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ളതും തുടർന്ന് നടപ്പിലാക്കാൻ പോകുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:- ഡിജിറ്റൽ ശ്രവണ സഹായികളുടെ ഉല്പാദനം

വിപുലീകരിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും 2019-ൽ ലഭിച്ച 97 ലക്ഷം രൂപ പ്രയോജനപ്പെടുത്തി മൂടാടിയിലുള്ള കെൽട്രോൺ യൂണിറ്റ് നവീകരിക്കുകയും അത്യാധുനിക യന്ത്ര സംവിധാനങ്ങൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. യൂണിറ്റിന്റെ രണ്ടാംഘട്ട നവീകരണത്തിന്റെ ഭാഗമായി ശ്രവണ സഹായികളുടെ ഗുണനിലവാര പരിശോധനയ്ക്ക് ഉപയോഗിക്കുന്ന നൂതന സാങ്കേതിക മെഷീനായ ഓഡിയോ അനലൈസർ (Audio Analyzer) പ്രസ്തുത യൂണിറ്റിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഓഡിയോ അനലൈസർ പ്രവർത്തനസജ്ജമാകുന്നതോടെ ശ്രവണ സഹായികളുടെ ഗുണനിലവാരം കൃത്യമായി ഉറപ്പാക്കുവാനും ഗുണനിലവാരമുള്ള ഉത്പന്നം വിപണിയിലെത്തിക്കാനുമാകും. അതോടൊപ്പം കൂടുതൽ സൗകര്യപ്രദമായ രീതിയിൽ ഉപയോഗിക്കുവാൻ കഴിയുന്ന ശ്രവൺ മിനി ഹിയറിങ് എയ്ഡുകളുടെ നിർമ്മാണവും ഈ യൂണിറ്റിൽ ഉടൻ ആരംഭിക്കുവാൻ പദ്ധതിയുണ്ട്.

(സി) കെൽട്രോൺ ആരംഭിക്കുന്ന ഇത്തരം പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തെല്ലാം സാമ്പത്തിക സാങ്കേതിക സൗകര്യങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ?

കെൽട്രോണിന്റെ ഡിജിറ്റൽ ശ്രവണ സഹായികളുടെ ഉല്പാദനം വിപുലീകരിക്കുന്നതിനായി 2019-ൽ 97 ലക്ഷം രൂപയുടെ ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. ശ്രവണസഹായികളുടെ ഗുണനിലവാരം പരിശോധിക്കുവാൻ ഉപയോഗിക്കുന്ന നൂതന സാങ്കേതിക മെഷീനായ ഓഡിയോ അനലൈസർ (Audio Analyzer) കെൽട്രോൺ മൂടാടി യൂണിറ്റിൽ സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപയുടെ പദ്ധതി അനുമതിക്കായി 2021-22-ലെ സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം ഉൾപ്പെടെ വിവിധ പദ്ധതികൾക്കായി 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കെൽട്രോണിന് തുക അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ശ്രവൺ മിനി ഹിയറിങ് എയ്ഡുകളുടെ നിർമ്മാണത്തിനു പുറമേ ബേബിവാർമെർ, ബേബി ബാസ്സിനെറ്റ് എന്നിവയുടെ നിർമ്മാണവും കെൽട്രോൺ മൂടാടി യൂണിറ്റിൽ ആരംഭിക്കുവാൻ പദ്ധതിയുണ്ട്. ഇതിനായി 108.31 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതും ആയത് എത്രയും വേഗം നടപ്പിലാക്കുവാനുമാണ് ശ്രമിക്കുന്നത്. ടെൻഡർ നടപടികൾ കൂടാതെ കെൽട്രോണിന്റെ ഡിജിറ്റൽ ശ്രവണ സഹായികൾ വാങ്ങുന്നതിനുള്ള

സർക്കാർ ഉത്തരവിന്റെ 31-05-2021-ന് അവസാനിച്ചിരിക്കുന്ന കാലാവധി ദീർഘിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

സഹകരണ മേഖലയിലെ കേന്ദ്ര ഇടപെടൽ

17 (*317) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. എം. മണി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ?

(എ) സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏതൊക്കെ രീതിയിൽ നിയന്ത്രിക്കാനുള്ള വ്യവസ്ഥകളായിരുന്ന 97-ാം ഭരണഘടന ഭേദഗതിയിൽ ഉൾപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ?

97-ാം ഭരണഘടനാ ഭേദഗതിയിലൂടെ താഴെ പറയുന്ന വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയത്. (i) ആർട്ടിക്കിൾ 19 ൽ സഹകരണ സംഘ രൂപീകരണം മൗലികാവകാശമായി പ്രഖ്യാപിച്ചു. (ii) ആർട്ടിക്കിൾ 43 B-ൽ സംസ്ഥാനങ്ങൾ സഹകരണ സംഘങ്ങളുടെ സ്വയം രൂപീകരണം, ജനാധിപത്യപരമായ ഇടപെടൽ, പ്രൊഫഷണൽ മാനേജ്മെന്റ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി എടുക്കണം. (iii) 'IX-B-Co-operative

Societies' എന്ന ഒരു അദ്ധ്യായം കൂട്ടിച്ചേർത്തു. IX-B യിലെ വ്യവസ്ഥകൾ മുഖ്യമായും താഴെ പറയുന്നവയാണ്.

- സഹകരണ സംഘം ഭരണസമിതി അംഗങ്ങളുടെ എണ്ണം പരമാവധി 21 ആയും പ്രത്യേകം സംവരണം ചെയ്തിട്ടുള്ള വനിതാ അംഗങ്ങളുടെ എണ്ണം 3 ൽ നിന്ന് 2 ആയും ഭരണസമിതിയുടെ കാലാവധി തെരഞ്ഞെടുപ്പ് തീയതി മുതൽ 5 വർഷമായും ഇടക്കാല ഒഴിവ് നോമിനേഷൻ വഴി നികത്തുന്നതിനും, ബാങ്കിംഗ്, മാനേജ്മെന്റ്, ഫിനാൻസ് അല്ലെങ്കിൽ സംഘത്തിന്റെ ഉദ്ദേശ്യങ്ങളും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മേഖലയിൽ പരിചയമുള്ള 2 പേരെ കോ-ഓപ്റ്റ് ചെയ്യുന്നതിനും, സംഘം ഭരണസമിതിയുടെ സൂപ്പർ സെഷൻ 6 മാസത്തിലധികരിക്കരുതെന്നും, ബാങ്കിംഗ് ബിസിനസ്സ് ചെയ്യുന്ന സംഘങ്ങൾക്ക് ആയത് ഒരു വർഷത്തിലധിക്കരിക്കരുതെന്നും, സർക്കാർ സഹായം ലഭിച്ചിട്ടില്ലാത്ത സഹകരണ സംഘങ്ങളുടെ ഭരണസമിതികളെ സൂപ്പർ സീഡ് (പിരിച്ച് വിടാൻ) ചെയ്യാൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.
- കൂടാതെ സംഘത്തിന്റെ ആഡിറ്ററുടെയും ആഡിറ്റിംഗ് ഫേമുകളുടെയും യോഗ്യതയും പരിചയവും സംസ്ഥാന നിയമത്തിൽ ഉൾപ്പെടുത്തുന്നതിനും, ആഡിറ്ററെ രജിസ്ട്രാർ അംഗീകരിച്ച പാനലിൽ നിന്നും

നിയമിക്കണമെന്നും, സാമ്പത്തിക വർഷം അവസാനിച്ച 6 മാസത്തിനകം, സംഘം ആഡിറ്റ് ചെയ്തിരിക്കണമെന്നും, അപ്പക്സ് സ്ഥാപനങ്ങളുടെ ആഡിറ്റ് സർട്ടിഫിക്കറ്റ് സംസ്ഥാന നിയമസഭ മുമ്പാകെ സമർപ്പിക്കണമെന്നും, സാമ്പത്തിക വർഷം അവസാനിച്ച് കഴിഞ്ഞ് 6 മാസത്തിനകം പൊതുയോഗം കൂടുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

- എല്ലാ സഹകരണ സംഘങ്ങളുടെയും തെരഞ്ഞെടുപ്പ് ഒരു പ്രത്യേക അധികാര സ്ഥാപനം നടത്തണമെന്നും സംഘം മാനേജ്മെന്റ്/ പ്രവർത്തനം എന്നിവയിൽ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

- സംഘത്തിന്റെ രേഖകൾ, ബുക്കുകൾ എന്നിവ അധികാരപ്പെട്ട ആളിന് കൈമാറുന്നതിലെ വീഴ്ചയും, ഭരണസമിതി അംഗങ്ങളോ, ഓഫീസ് ചുമതലക്കാരോ തെരഞ്ഞെടുപ്പിന് മുമ്പോ തെരഞ്ഞെടുപ്പ് സമയത്തോ, ശേഷമോ അഴിമതി നടത്തുന്നത് കുറ്റങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കേന്ദ്രത്തിൽ സഹകരണ മന്ത്രാലയം രൂപീകരിച്ച് സംസ്ഥാന സഹകരണ മേഖലയിൽ ഇടപെടാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തെ

പ്രതിരോധിക്കാൻ 97-ാം ഭരണഘടന ഭേദഗതി റദ്ദാക്കിക്കൊണ്ടുള്ള സുപ്രീം കോടതി വിധി പ്രയോജനപ്രദമാകുമോയെന്ന് പരിശോധിക്കുമോ;

97-ാം ഭരണഘടന ഭേദഗതിയിലൂടെ ഉൾപ്പെടുത്തിയ IX-B-The Co-operative Societies എന്ന ഭേദഗതി സുപ്രീംകോടതി ഭാഗികമായി റദ്ദാക്കിയെങ്കിലും, ടി ഭേദഗതിയിലെ വ്യവസ്ഥകൾ multi state co-operative societies-ന് ബാധകമാകുമെന്ന് കോടതി നിരീക്ഷിച്ചിട്ടുണ്ട്. തന്മൂലം ടി വ്യവസ്ഥകൾക്ക് വിധേയമായി കൂടുതൽ Multi State Co-operative society സംസ്ഥാനത്ത് വരുന്നതിന് സാഹചര്യമുണ്ടാകും. മാനദണ്ഡങ്ങൾ പാലിക്കാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്നതുമൂലം സംസ്ഥാന സഹകരണ സംഘം നിയമ പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ദുർബലപ്പെടുന്ന അവസ്ഥ ഉണ്ടാകാം. IX-B യിലെ വ്യവസ്ഥകൾ 2013-ലെ നിയമ ഭേദഗതിയിലൂടെ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഭരണഘടനയുടെ 7-ാം ഷെഡ്യൂൾ പ്രകാരം സഹകരണം സംസ്ഥാന വിഷയമാണെന്നിരിക്കെ കേന്ദ്ര സർക്കാരിന്റെ ഈ നീക്കത്തോടുള്ള സംസ്ഥാന സർക്കാരിന്റെ സമീപനം എന്താണെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

കൂടാതെ കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്നൊരു പുതിയ മന്ത്രാലയം രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്. ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ സഹകരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയത് സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നതാണ്.

കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകൾ

18 (*318) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ?

(എ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 2018-19-ലെ ഓഡിറ്റ് റിപ്പോർട്ടിൽ ബാങ്കിൽ വൻ ക്രമക്കേട് നടന്നുവെന്ന് കണ്ടെത്തിയിരുന്നോ; ഈ റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 2018-19-ലെ ആഡിറ്റിൽ ബാങ്കിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ട്. റിപ്പോർട്ടിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തന പരിധിക്ക് പുറത്ത് വായ്പകൾ നൽകി.

2) നിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക പലിശ നൽകി.

3) നിക്ഷേപത്തിന്റെ 95 ശതമാനവും ഉയർന്ന നിരക്കിലുള്ള പലിശ നിക്ഷേപമായി സ്വീകരിച്ച് പലിശ ചെലവ് വർദ്ധിപ്പിച്ചു.

4) ജില്ല സഹകരണ ബാങ്കിൽനിന്നും കാർഷിക വായ്പ നൽകുന്നതിനായി ലഭിച്ച തുക വക മാറ്റി ചെലവഴിച്ചു.

5) ജില്ല സഹകരണ ബാങ്കിൽ നിന്നും ഉയർന്ന നിരക്കിൽ വായ്പ എടുത്തു.

6) ഈട് വച്ച നിക്ഷേപത്തിൽ നിന്നും വായ്പ നൽകിയത് വഴി ഈടിൽ കുറവ് സംഭവിച്ചത്.

7) ഐ.എം.ബി.പി. അധികരിച്ച വായ്പ നൽകി.

8) മൊത്തം വായ്പയുടെ 50 ശതമാനത്തിലധികവും 50 ലക്ഷത്തിന്റെ വായ്പകൾ നൽകി.

9) മതിയായ രേഖകൾ ഇല്ലാതെയും നടപടിക്രമങ്ങൾ പാലിക്കാതെയും വായ്പകൾ നൽകി.

10) ഓവർഡ്രാഫ്റ്റ് വായ്പകളിൽ പരിധിയിൽ കൂടുതൽ പണം പിൻവലിച്ചു.

11) ഈടട് വസ്തുവിന്റെ രേഖകൾ നിയമ വിദഗ്ധനെക്കൊണ്ട് പരിശോധിപ്പിക്കുന്നതിനും, പരിശോധിച്ചതിലെ നിയമോപദേശം പാലിക്കുന്നതിലും വീഴ്ച വരുത്തി.

12) ഭരണസമിതി യോഗങ്ങളിൽ വായ്പ അപേക്ഷകൾ ശരിയായ രീതിയിൽ പരിഗണിക്കാതെ അനുവദിച്ചത്.

13) ജീവനക്കാർക്ക് ചട്ടവിരുദ്ധമായി അംഗത്വം നൽകി വായ്പ അനുവദിച്ചു.

14) കുടിശ്ശിക വായ്പയിൽ അനർഹമായി പലിശയിളവ് നൽകിയത്.

15) പ്രതിമാസ നിക്ഷേപ പദ്ധതിയിൽ ഒരു വ്യക്തിയെ ഒരു ഡിവിഷനിൽ പൂർണ്ണമായും ചേർത്തു.

(ബി) കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച് 2019 ഓഗസ്റ്റ് 31-ന് കോ-ഓപ്പറേറ്റീവ് നിയമത്തിലെ സെക്ഷൻ 65 അനുസരിച്ച് അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ ഈ

അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു എന്ന് അറിയിക്കാമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം 2019 ആഗസ്റ്റ് മാസം 31-ന് ഉത്തരവായിരുന്നു. അന്വേഷണത്തിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1) സഹകരണ നിയമം ചട്ടം ബാങ്ക് നിയമാവലി എന്നിവയ്ക്ക് വിരുദ്ധമായി ബാങ്കിൽ വ്യാപകമായി അംഗത്വം അനുവദിച്ചിരിക്കുന്നു.

2)നിക്ഷേപങ്ങൾക്ക് രജിസ്ട്രാർ നിശ്ചയിച്ചതിൽ അധികരിച്ച് പലിശ നൽകിയിരിക്കുന്നു.

3) സഹകരണ നിയമം ചട്ടം ബാങ്ക് നിയമാവലി രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിരുദ്ധമായി വായ്പകൾ നൽകിയിരിക്കുന്നു. a) IMBP പരിഗണിക്കാതെ ഒരേ വസ്തു ഈടിന്മേൽ തന്നെ പല വായ്പകൾ അനുവദിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെടുന്നു. b) ബാങ്കിൽ നിന്നും വായ്പകൾ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങളിൽ ഗുരുതരമായ വീഴ്ചയുള്ളതായി കാണുന്നു. c) വായ്പാ അപേക്ഷകൾ പൂർണ്ണമായും പൂരിപ്പിക്കാതെയും വായ്പാ അപേക്ഷയിൽ വസ്തു ഉടമ ഒപ്പുവെക്കാതെയും വായ്പാ അപേക്ഷയിൽ ഒപ്പുവെച്ച കക്ഷികളെ ഗഹാനിൽ കക്ഷി ചേർക്കാതെയും

ബോണ്ട് പൂരിപ്പിക്കാതെയും ഈട് വസ്തുവിന്റെ പൊസഷൻ സർട്ടിഫിക്കറ്റ്, ലീഗൽ റിപ്പോർട്ട് നികുതി രശീതി എന്നിവ വാങ്ങാതെയും ബാങ്കിൽ നിന്നും വായ്പകൾ അനുവദിച്ചിട്ടുണ്ട്. d) ഈട് വസ്തുവിന്റെ മതിപ്പ് വില പരിഗണിക്കാതെ രേഖകൾ പ്രകാരം നിലമായിട്ടുള്ള വസ്തു ഈട് സ്വീകരിച്ച് വായ്പകൾ നൽകിയിട്ടുള്ളതാണ്. e) ബാങ്കിന് ഫസ്റ്റ് ചാർജ്ജ് ഇല്ലാത്ത, അറ്റാച്ച്മെന്റ് നിലവിലുള്ള ഭൂമി ഈടുപിടിച്ച് വായ്പ നൽകിയിരിക്കുന്നു. f) കമ്പ്യൂട്ടറിൽ ഓവർഡ്രാഫ്റ്റ് പരിധി 25 ലക്ഷം എന്നത് 50 ലക്ഷം രൂപയാക്കി ഉയർത്തി അധിക തുക പിൻവലിച്ചിരിക്കുന്നു. g) ചില വായ്പകളിൽ വായ്പ ബാക്കിനിൽക്കെ ഈടുവസ്തു ഒഴിമുറി വച്ച് നൽകിയിട്ടുള്ളതും ഭൂമി വിറ്റ് പോയിട്ടുള്ളതുമാണ്. h) ബാങ്കിന്റെ പ്രവർത്തന പരിധിക്ക് പുറത്തുള്ള ഭൂമി ഈടു പിടിച്ച് പ്രവർത്തന പരിധിക്ക് പുറമെയുള്ള വ്യക്തികൾക്ക് മേൽവിലാസത്തിൽ തിരുത്തലുകൾ വരുത്തി ക്രമവിരുദ്ധമായി അംഗത്വം അനുവദിച്ച് ടിയാളുകളുടെയും ബാങ്കിലെ യഥാർത്ഥ എ ക്ലാസ് അംഗങ്ങളുടെയും പേരിൽ വളരെയധികം ബിനാമി വായ്പകൾ ബാങ്കിൽ നിന്നും അനുവദിച്ചിരിക്കുന്നു. i) വ്യാജ രേഖ ചമക്കൽ. വായ്പയുടെതായി ബാങ്കിൽ സൂക്ഷിച്ചിരിക്കുന്ന രേഖകളിൽ പലതും പഴയ ബോണ്ടുകളും ഗഹാനുകളും ഉപയോഗിച്ച് വ്യാജമായി ചമച്ചതാണെന്ന് ബോദ്ധ്യപ്പെടുന്നു. 4)

പ്രതിമാസ നിക്ഷേപ പദ്ധതിയിലെ ക്രമക്കേട്. ബാങ്കിൽ നടന്നുവരുന്ന പ്രതിമാസ നിക്ഷേപ പദ്ധതികളുടെ നടത്തിപ്പിൽ IMBP പരിഗണിക്കാതെ ഒരാൾക്കു തന്നെ ഒരു ഡിവിഷൻ പൂർണ്ണമായും ചേരുന്നതിന് അനുവാദം നൽകുക വഴി ടി പദ്ധതികളുടെ നിയന്ത്രണം പൂർണ്ണമായും ഒരാൾ തന്നെ ഏറ്റെടുക്കുന്നതിന് അവസരം സൃഷ്ടിച്ചിരിക്കുന്നു. 5) ബാങ്കിന്റെ സോഫ്റ്റ്വെയറിൽ രജിസ്ട്രാറുടെ 27/2017 നമ്പർ സർക്കുലർ പ്രകാരമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. 6) ബാങ്കിന്റെ വ്യാപാര പ്രവർത്തനങ്ങളെ സംബന്ധിച്ച് മാപ്രാണം, കരുവന്നൂർ, മൂർക്കനാട് എന്നിവിടങ്ങളിലായി ബാങ്കിന് കീഴിൽ 3 സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നു. 31-03-2020-ലെ വർഷാന്ത്യ സ്റ്റോക്കെടുപ്പിൽ 1,69,34,445.63/- (1.69 കോടി) രൂപയുടെ കുറവ് കണ്ടെത്തുകയുണ്ടായി.

(സി) പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിലും സെക്ഷൻ 65 അനുസരിച്ചുള്ള അന്വേഷണത്തിലും ഈ ബാങ്കിൽ വ്യാപക ക്രമക്കേട് നടന്നുവെന്ന് കണ്ടെത്തിയിട്ടും ഇതുസംബന്ധിച്ച് നടപടി സ്വീകരിക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ആഡിറ്റ് റിപ്പോർട്ടിലും, 65 റിപ്പോർട്ടിലും ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത നടപടിക്രമങ്ങൾ

പാലിച്ച് ബാങ്ക് ഭരണസമിതിയെ സഹകരണ നിയമം വകുപ്പ് 32 പ്രകാരം നീക്കം ചെയ്തിട്ടുണ്ട്. കുറ്റക്കാരെന്ന് കണ്ടെത്തിയ ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം സർചാർജ് അന്വേഷണത്തിന് നടപടി സ്വീകരിക്കുകയും അന്വേഷണം നടന്നുവരികയും ചെയ്യുന്നു. കാലതാമസമുണ്ടായോ എന്ന വിഷയം ഗവൺമെന്റ് പ്രത്യേകം പരിശോധിക്കുന്നതാണ്.

സഹകരണ ബാങ്കുകളുടെ പ്രവർത്തനം സുതാര്യമാക്കാൻ നടപടി

19 (*319) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളുടെ പ്രവർത്തനം സുതാര്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

സഹകരണ മേഖലയിൽ ക്രമക്കേട് കണ്ടെത്തുന്നതിനായി 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 65, 66 എന്നിവ പ്രകാരം അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണത്തിൽ കുറ്റക്കാരാണെന്ന്

കണ്ടെത്തുന്നവർക്കെതിരെ സഹകരണ നിയമത്തിലെ വകുപ്പ് 68 പ്രകാരം നടപടി സ്വീകരിക്കുകയും കുറ്റക്കാർ സംഘം ജീവനക്കാരാണെങ്കിൽ ഉദ്യോഗതലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുകയും സംഘം ഭരണ സമിതി അംഗമാണെങ്കിൽ ചട്ടം 44 പ്രകാരം അംഗത്വത്തിൽ നിന്നും അയോഗ്യനാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും, വകുപ്പ് 65, 66 എന്നിവ പ്രകാരം നടത്തുന്ന അന്വേഷണം/പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം വകുപ്പ് 32 പ്രകാരം ഭരണ സമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും കൂടാതെ ഗുരുതരമായ പണാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ ഐ.പി.സി.പ്രകാരം ശിക്ഷാർഹമാണെന്ന് കാണുന്ന പക്ഷം കുറ്റക്കാർക്കെതിരെ പോലീസ് അന്വേഷണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ സഹകരണ മേഖലയിൽ ക്രമക്കേട് കണ്ടെത്തുന്നതിനായി 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 65, 66 എന്നിവ പ്രകാരം അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണത്തിൽ കുറ്റക്കാരാണെന്ന്

കണ്ടെത്തുന്നവർക്കെതിരെ സഹകരണ നിയമത്തിലെ വകുപ്പ് 68 പ്രകാരം നടപടി സ്വീകരിക്കുകയും കുറ്റക്കാർ സംഘം ജീവനക്കാരാണെങ്കിൽ ഉദ്യോഗതലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുകയും സംഘം ഭരണ സമിതി അംഗമാണെങ്കിൽ ചട്ടം 44 പ്രകാരം അംഗത്വത്തിൽ നിന്നും അയോഗ്യനാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും, വകുപ്പ് 65, 66 എന്നിവ പ്രകാരം നടത്തുന്ന അന്വേഷണം/പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം വകുപ്പ് 32 പ്രകാരം ഭരണ സമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും കൂടാതെ ഗുരുതരമായ പണാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ ഐ.പി.സി.പ്രകാരം ശിക്ഷാർഹമാണെന്ന് കാണുന്ന പക്ഷം കുറ്റക്കാർക്കെതിരെ പോലീസ് അന്വേഷണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചു വരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ

സത്വരമായ തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. സഹകരണ വിജിലൻസിലെ അന്വേഷണ ഉദ്യോഗസ്ഥരായ പോലീസ് ഉദ്യോഗസ്ഥർക്ക് സഹകരണ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ പരിശീലനം നൽകി സഹകരണ വിജിലൻസ് സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. സഹകരണ വിജിലൻസ് ഓഫീസറുടെ തസ്തികയിൽ ഡി.ഐ.ജി റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയാണ് നിയമിക്കേണ്ടതെന്നതിനാലും സംസ്ഥാനത്ത് എസ്.പി കേഡറിലുള്ള ഉദ്യോഗസ്ഥനെ ടി തസ്തികയിൽ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ചില സഹകരണ സംഘങ്ങളിൽ മുക്കു പണ്ടങ്ങൾ ഉൾപ്പെടെയുള്ള സ്വർണ്ണപ്പണയ ക്രമക്കേടുകൾ കണ്ടെത്തിയ സാഹചര്യത്തിൽ ടി ക്രമക്കേടുകൾ തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർ 13/2018 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങളുടെ ആഡിറ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട് കംപ്യൂട്ടറൈസ്ഡ് അക്കൗണ്ടുകൾ പരിശോധിക്കുന്നത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ 27/2017 നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണ ആഡിറ്റ് വിഭാഗത്തെ ശക്തമാക്കുന്നതിനും സഹകരണ സംഘങ്ങളുടെ ആഡിറ്റ്

കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾ സ്പെഷ്യൽ റിപ്പോർട്ട് സഹിതം ഭരണ വിഭാഗത്തെ അറിയിക്കുന്നതിനും ആഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ വർദ്ധിച്ചുവരുന്ന സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനായി സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സഹകരണ ബാങ്കുകളുടെ പ്രവർത്തനം നിയമവിധേയമെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; ഇവ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

സഹകരണ മേഖലയിൽ ക്രമക്കേട് കണ്ടെത്തുന്നതിനായി 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 65, 66 എന്നിവ പ്രകാരം അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ സഹകരണ നിയമത്തിലെ വകുപ്പ് 68 പ്രകാരം നടപടി സ്വീകരിക്കുകയും കുറ്റക്കാർ സംഘം ജീവനക്കാരാണെങ്കിൽ ഉദ്യോഗതലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുകയും സംഘം ഭരണ

സമിതി അംഗമാണെങ്കിൽ ചട്ടം 44 പ്രകാരം അംഗത്വത്തിൽ നിന്നും അയോഗ്യനാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും, വകുപ്പ് 65, 66 എന്നിവ പ്രകാരം നടത്തുന്ന അന്വേഷണം/പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും കൂടാതെ ഗുരുതരമായ പണാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ ഐ.പി.സി.പ്രകാരം ശിക്ഷാർഹമാണെന്ന് കാണുന്ന പക്ഷം കുറ്റക്കാർക്കെതിരെ പോലീസ് അന്വേഷണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ സഹകരണ മേഖലയിൽ ക്രമക്കേട് കണ്ടെത്തുന്നതിനായി 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 65, 66 എന്നിവ പ്രകാരം അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ സഹകരണ നിയമത്തിലെ വകുപ്പ് 68 പ്രകാരം നടപടി സ്വീകരിക്കുകയും കുറ്റക്കാർ സംഘം ജീവനക്കാരാണെങ്കിൽ ഉദ്യോഗതലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുകയും സംഘം ഭരണ

സമിതി അംഗമാണെങ്കിൽ ചട്ടം 44 പ്രകാരം അംഗത്വത്തിൽ നിന്നും അയോഗ്യനാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും, വകുപ്പ് 65, 66 എന്നിവ പ്രകാരം നടത്തുന്ന അന്വേഷണം/പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും കൂടാതെ ഗുരുതരമായ പണാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ ഐ.പി.സി.പ്രകാരം ശിക്ഷാർഹമാണെന്ന് കാണുന്നപക്ഷം കുറ്റക്കാർക്കെതിരെ പോലീസ് അന്വേഷണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചു വരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. സഹകരണ വിജിലൻസിലെ അന്വേഷണ ഉദ്യോഗസ്ഥരായ പോലീസ് ഉദ്യോഗസ്ഥർക്ക് സഹകരണ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ പരിശീലനം നൽകി

സഹകരണ വിജിലൻസ് സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. സഹകരണ വിജിലൻസ് ഓഫീസറുടെ തസ്തികയിൽ ഡി.ഐ.ജി റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയാണ് നിയമിക്കേണ്ടതെന്നതിനാലും സംസ്ഥാനത്ത് എസ്.പി കേഡറിലുള്ള ഉദ്യോഗസ്ഥനെ ടി തസ്തികയിൽ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ചില സഹകരണ സംഘങ്ങളിൽ മുക്കുപണ്ടങ്ങൾ ഉൾപ്പെടെയുള്ള സ്വർണ്ണപ്പണയ ക്രമക്കേടുകൾ കണ്ടെത്തിയ സാഹചര്യത്തിൽ ടി ക്രമക്കേടുകൾ തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർ 13/2018 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങളുടെ ആഡിറ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട് കംപ്യൂട്ടറൈസ്ഡ് അക്കൗണ്ടുകൾ പരിശോധിക്കുന്നത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ 27/2017 നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണ ആഡിറ്റ് വിഭാഗത്തെ ശക്തമാക്കുന്നതിനും സഹകരണ സംഘങ്ങളുടെ ആഡിറ്റ് കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾ സ്പെഷ്യൽ റിപ്പോർട്ട് സഹിതം ഭരണ വിഭാഗത്തെ അറിയിക്കുന്നതിനും ആഡിറ്റർമാർക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. അതോടൊപ്പം സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ വർദ്ധിച്ചുവരുന്ന സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനായി സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സഹകരണ ബാങ്കുകളുടെ ഓഡിറ്റിംഗ് കുറ്റമറ്റതും കാര്യക്ഷമവുമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സഹകരണ ബാങ്കുകളുടെ ആഡിറ്റ് കുറ്റമറ്റതും കാര്യക്ഷമവുമാക്കാൻ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1) കംപ്യൂട്ടർവൽകൃത സഹകരണ സംഘങ്ങളിൽ പരിശോധന നടത്തുന്നതിനാവശ്യമായ പരിശീലനവും മാർഗ്ഗനിർദ്ദേശവും ആഡിറ്റർമാർക്ക് നൽകി വരുന്നു.

2) ജില്ല താലൂക്ക് തലങ്ങളിൽ ആഡിറ്റർമാരുടെ പ്രവൃത്തി അവലോകനം നടത്തിവരുന്നു.

3) പ്രതിമാസ നിക്ഷേപ പദ്ധതികളായ ജി.ഡി.സി.എസ്, എം.ഡി.എസ്. എന്നിവയുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

4) അനുപാത വിശകലനം (Ratio Analysis) നടത്തി സംഘത്തിന്റെ സാമ്പത്തിക സ്ഥിതി മനസ്സിലാക്കി സംഘങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകി വരുന്നു.

5) ആഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈനാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതോടൊപ്പം ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സോഫ്റ്റ്വെയർ വികസിപ്പിച്ച് വരികയും ചെയ്യുന്നു.

6) പരിഷ്കരിച്ച ആഡിറ്റ് മാനുവൽ പ്രകാരം ആഡിറ്റ് നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ആഡിറ്റർമാർക്ക് നൽകിയിട്ടുണ്ട്.

വൈദ്യുത വാഹന ചാർജിംഗ് സൗകര്യങ്ങൾ

20 (*320) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങളുടെ ഉപയോഗവും നിർമ്മാണവും പ്രചരണവും സർക്കാർ പ്രോത്സാഹിപ്പിക്കുന്ന സാഹചര്യത്തിൽ വൈദ്യുത വാഹന ചാർജിംഗ് സൗകര്യങ്ങൾ ഒരുക്കുന്നതിനായി വൈദ്യുതി വകുപ്പ് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നത് ലക്ഷ്യമിട്ട് സംസ്ഥാനത്തുടനീളം വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ശൃംഖല പടുത്തുയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രാരംഭഘട്ടമായി ആറു ജില്ലകളിൽ കെ. എസ്. ഇ. ബി. എൽ-ന്റെ സ്വന്തം സ്ഥലത്ത് വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. കെ.എസ്.ഇ.ബി.എൽ. മുഖാന്തരം കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു.

1. നേമം, തിരുവനന്തപുരം

2. ഓലൈ, കൊല്ലം

3. പാലാരിവട്ടം, എറണാകുളം

4. വിയ്യൂർ, തൃശ്ശൂർ

5. നല്ലളം, കോഴിക്കോട്

6. ചൊവ്വ, കണ്ണൂർ

സംസ്ഥാന ഗവൺമെന്റിന്റെ ഈ മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും 26 പുതിയ ചാർജിങ് സ്റ്റേഷനുകൾ നിർമിക്കുന്നതിനുള്ള ഭരണാനുമതി കൂടി ലഭിച്ചിട്ടുണ്ട്. അതുപയും സ്റ്റേഷനുകളുടെ നിർമ്മാണ

പ്രവർത്തനം പുരോഗമിക്കുകയാണ്. അതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം II പദ്ധതി പ്രകാരമുള്ള 30 ചാർജിങ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നുവരികയാണ്. ഇത്തരത്തിൽ എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ വൈദ്യുതി വകുപ്പിന് കീഴിലുള്ള അനെർട്ട് മുഖേനയും സ്ഥാപിച്ചുവരുന്നു. അനെർട്ട് മുഖേന താഴെ പറയുന്ന 6 സ്ഥലങ്ങളിൽ പബ്ലിക് ഇ.വി. ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ പ്രവർത്തനമാരംഭിച്ചു. 1. ഡി.ടി.പി.സി. കാർ പാർക്കിംഗ് ഏരിയ, ശംഖുമുഖം, തിരുവനന്തപുരം 2. ഗവണ്മെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം 3. അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി.- ലോ കോളേജ് റോഡ്, തിരുവനന്തപുരം 4. ഡി.ടി.പി.സി. ടേക്ക് എ ബ്രേക്ക്, ചവറ, കൊല്ലം 5. ഓട്ടോ കാസ്റ്റ്, ചേർത്തല, ആലപ്പുഴ 6. കെ.ടി.ഡി.സി. ടൂറിസ്റ്റ് റിസപ്ഷൻ സെന്റർ, മറൈൻ ഡ്രൈവ്, എറണാകുളം.

പുതുതായി ഫാസ്റ്റ്ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച സ്ഥലങ്ങൾ

ഡി.ടി.പി.സി. സെന്റർ, ഇടുക്കി.

കില, മുളങ്കുന്നത്തു കാവ്, തൃശ്ശൂർ.

ജവഹർ ബാല വികാസ് ഭവൻ, മീനങ്ങാടി, വയനാട്.

ഡി.ടി.പി.സി അമിനിറ്റി സെന്റർ, നീലേശ്വരം, കാസർഗോഡ്.

കാഞ്ഞിരംപുഴ ഡാം, പാലക്കാട്.

സർക്കാർ വകുപ്പുകളുടെയോ, പൊതുമേഖല സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിൽ പ്രധാന റോഡുകളുടെ സമീപം കുറഞ്ഞത് 5 സെന്റ് സൗകര്യപ്രദമായ സ്ഥലം 10 വർഷ കരാർ കാലാവധിയിൽ ലഭ്യമാണെങ്കിൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ചുവരുന്നു. ഒരു യൂണിറ്റ് വൈദ്യുതിക്ക് 70 പൈസ നിരക്കിൽ തറവാടക ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകുന്നതാണ്. സ്വകാര്യ ഹോട്ടലുകൾ, മാളുകൾ, മറ്റു പാർക്കുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ചാർജിങ് സ്റ്റേഷനുകളിൽ സോളാർ വൈദ്യുതി പ്ലാന്റ് സ്ഥാപിക്കുന്നതിന് മുൻഗണനാക്രമത്തിൽ അനെർട്ട് സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്.

(ബി) വൈദ്യുതി വകുപ്പിന് കീഴിൽ എവിടെയെല്ലാം ചാർജിംഗ് കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും എവിടെയെല്ലാം പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്നുവെന്നും വിശദമാക്കാമോ?

ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നത് ലക്ഷ്യമിട്ട് സംസ്ഥാനത്തുടനീളം വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ശൃംഖല പടുത്തുയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രാരംഭഘട്ടമായി ആറു ജില്ലകളിൽ കെ. എസ്. ഇ. ബി. എൽ.-ന്റെ സ്വന്തം സ്ഥലത്ത് വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിരിക്കുന്നു. കെ.എസ്.ഇ.ബി.എൽ. മുഖാന്തരം കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു.

1. നേമം, തിരുവനന്തപുരം

2. ഓലൈ, കൊല്ലം

3. പാലാരിവട്ടം, എറണാകുളം

4. വിയ്യൂർ, തൃശ്ശൂർ

5. നല്ലളം, കോഴിക്കോട്

6. ചൊവ്വ, കണ്ണൂർ

സംസ്ഥാന ഗവൺമെന്റിന്റെ ഈ മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും 26 പുതിയ ചാർജിങ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള

ഭരണാനുമതി കൂടി ലഭിച്ചിട്ടുണ്ട്. അത്രയും സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. അതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം II പദ്ധതി പ്രകാരമുള്ള 30 ചാർജിങ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾകൂടി നടന്നു വരികയാണ്. ഇത്തരത്തിൽ എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ വൈദ്യുതി വകുപ്പിന് കീഴിലുള്ള അനെർട്ട് മുഖേനയും സ്ഥാപിച്ചുവരുന്നു. അനെർട്ട് മുഖേന താഴെ പറയുന്ന 6 സ്ഥലങ്ങളിൽ പബ്ലിക് ഇ.വി. ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചു.

1. ഡി.ടി.പി.സി. കാർ പാർക്കിംഗ് ഏരിയ, ശംഖുമുഖം, തിരുവനന്തപുരം

2. ഗവണ്മെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം

3. അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി.- ലോ കോളേജ് റോഡ്, തിരുവനന്തപുരം

4. ഡി.ടി.പി.സി.ടേക്ക് എ ബ്രേക്ക്, ചവറ, കൊല്ലം

5. ഓട്ടോ കാസ്റ്റ്, ചേർത്തല, ആലപ്പുഴ

6. കെ.ടി.ഡി.സി. ടൂറിസ്റ്റ് റിസപ്ഷൻ സെന്റർ, മറൈൻ ഡ്രൈവ്, എറണാകുളം.

പുതുതായി ഫാസ്റ്റ്ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച സ്ഥലങ്ങൾ.

ഡി.ടി.പി.സി സെന്റർ, ഇടുക്കി.

കില, മുളങ്കുന്നത്തു കാവ്, തൃശ്ശൂർ.

ജവഹർ ബാല വികാസ് ഭവൻ, മീനങ്ങാടി, വയനാട്.

ഡി.ടി.പി.സി അമിനിറ്റി സെന്റർ, നീലേശ്വരം, കാസർഗോഡ്.

കാഞ്ഞിരംപുഴ ഡാം, പാലക്കാട്.

സർക്കാർ വകുപ്പുകളുടെയോ, പൊതുമേഖല സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിൽ പ്രധാന റോഡുകളുടെ സമീപം കുറഞ്ഞത് 5 സെന്റ് സൗകര്യപ്രദമായ സ്ഥലം 10 വർഷ കരാർ കാലാവധിയിൽ ലഭ്യമാണെങ്കിൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ചുവരുന്നു. ഒരു യൂണിറ്റ് വൈദ്യുതിക്ക് 70 പൈസ നിരക്കിൽ തറവാടക ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകുന്നതാണ്. സ്വകാര്യ ഹോട്ടലുകൾ, മാളുകൾ, മറ്റു പാർക്കുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ചാർജിങ് സ്റ്റേഷനുകളിൽ സോളാർ വൈദ്യുതി പ്ലാന്റ് സ്ഥാപിക്കുന്നതിന്

മുൻഗണനാ ക്രമത്തിൽ അനെർട്ട് സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്.

(സി) വൈദ്യുതി വകുപ്പിന് കീഴിലല്ലാതെ എവിടെയെങ്കിലും ചാർജിംഗ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

വൈദ്യുതി വകുപ്പിന് കീഴിലല്ലാതെ ചാർജ്ജിംഗ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പുതുതായി വൈദ്യുത വാഹന ചാർജിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

കേന്ദ്ര ഗവൺമെന്റിന്റെ ഊർജ്ജമന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് ഹെവി ഇൻഡസ്ട്രീസ്, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി തുടങ്ങിയവ പുറപ്പെടുവിപ്പിക്കുന്ന മാനദണ്ഡങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായാണ് പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടുന്നത്. പ്രധാനമായവ ചുവടെ ചേർക്കുന്നു.

1.Charging infrastructure for electric Vehicles (EV) - Guidelines and standards dated. 14-12-2018 by Ministry of Power.

2. Charging infrastructure for Electric Vehicles (EB) – Revised Guidelines and standards dated 01-10-2019 by Ministry of Power.

3. Amendment in the revised Guidelines and standards for Charging Infrastructure for Electric Vehicles dated 08-06-2020 by Ministry of Power.

4. Central Electricity Authority (measures relating to Safety and Electric Supply) (Amendment) Regulation 2019, Chapter XI – Safety Provisions for Electric Vehicle Charging Stations.

(ഇ) സംസ്ഥാനത്ത് കൂടുതൽ വൈദ്യുത വാഹന ചാർജിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡ് എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതായിരിക്കും. ഇതോടൊപ്പം സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിലുള്ള മറ്റ് ഉത്തരവാദിത്തങ്ങളും ബന്ധപ്പെട്ട ഏജൻസികളും ഗുണഭോക്താക്കളുമായി ചേർന്ന് കെ.എസ്.ഇ.ബി.എൽ. നിർവ്വഹിച്ചു വരുന്നു. സംസ്ഥാനത്ത് കൂടുതൽ വൈദ്യുത വാഹന ചാർജിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്.

സർക്കാർ വകുപ്പുകൾ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ചാർജിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുയോജ്യമെന്ന് കണ്ടെത്തിയ സ്ഥലങ്ങളുടെ എൻ. ഒ. സി. അതാത് സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സ്വകാര്യ സംരംഭകരെക്കൂടി ഈ പദ്ധതിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

വ്യവസായ സംരംഭകരുടെ പരാതി പരിഹാരം

21 (*321) ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് വ്യവസായ സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമല്ലായെന്ന് വിലയിരുത്തിയിട്ടുണ്ടോ?

നിക്ഷേപകരുടെ പരാതി, ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിലേക്കായി ഒരു നിയമനിർമ്മാണം നടത്തുവാൻ

20-05-2021-ലെ ആദ്യ മന്ത്രിസഭായോഗത്തിൽ തീരുമാനിക്കുകയും പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണത്തിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും വേണ്ടിയാണ് സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നത്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ഈ കമ്മിറ്റി രൂപീകരിക്കുന്നത്. ഇതിനുവേണ്ടിയുള്ള കരട് നിയമഭേദഗതി മന്ത്രിസഭായോഗം അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായ പുരോഗതിയും അതുപോലെ സംരംഭകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി വ്യവസായ-കയർ-നിയമ വകുപ്പുമന്ത്രി ജില്ലാ അടിസ്ഥാനത്തിൽ നേരിട്ട് സംരംഭകരുമായി ആശയ വിനിമയം നടത്തുന്ന 'മീറ്റ് ദി മിനിസ്റ്റർ' എന്ന പ്രോഗ്രാമിന് തുടക്കംകുറിച്ചിട്ടുണ്ട്. നിലവിലെ വ്യവസായ പുരോഗതി വിലയിരുത്തുന്നതിനും, കൂടുതൽ പുരോഗതി കൈവരിക്കുന്നതിനും സംസ്ഥാനത്തെ വ്യവസായ മേഖലയെ പ്രതിനിധാനം

ചെയ്യുന്ന വിവിധ സംഘടനകളായ KSSIA, FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി വ്യവസായ വകുപ്പുമന്ത്രി നേരിട്ട് നിരവധി തവണ കൂടിക്കാഴ്ച നടത്തിയിരുന്നു. വ്യവസായ സംഘടനകൾ എല്ലാം തന്നെ സംസ്ഥാനത്തെ നിക്ഷേപ സൗഹൃദാന്തരീക്ഷത്തെ പിന്തുണച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ വ്യവസായികളുടെ പരാതികൾ കേൾക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി താലൂക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ സംവിധാനങ്ങൾ നിലവിലുണ്ട്. എന്നിരുന്നാലും നിലവിലെ സംവിധാനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ടി സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നത്.

(ബി) സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിനായി ഉന്നത ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

നിലവിൽ സംസ്ഥാനതലത്തിൽ ഐ.എ.എസ്. റാങ്കിലുള്ള വ്യവസായ വാണിജ്യ ഡയറക്ടറുടെ സേവനവും ജില്ലാ തലത്തിൽ, വ്യവസായ വാണിജ്യ വകുപ്പ് ജോയിന്റ് ഡയറക്ടർ റാങ്കിലുള്ള ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ സേവനവും, വ്യവസായികളുടെ പരാതികൾ കേൾക്കുന്നതിനും അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി

ലഭ്യമാണ്. കൂടാതെ സംരംഭകർക്കായി വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പരിഷ്ക്കരണങ്ങളും, നടപടിക്രമങ്ങളും, ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്, ജില്ലാ പോലീസ് കമ്മീഷണർ എന്നിവരുമായി ജില്ലാ തലത്തിൽ ഏകോപിപ്പിച്ചുകൊണ്ട് കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിനായി 27.07.2021 ലെ ഉത്തരവ് പ്രകാരം വകുപ്പിലെ ഐ.എ.എസ്. റാങ്കിലുള്ള 5 ഉന്നത ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുമുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ ' മീറ്റ് ദി മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. പരാതി പരിഹരിക്കുന്നതിന്റെ തുടർ നടപടികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് വകുപ്പിലെ മുതിർന്ന ഐ.എ.എസ്. ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) എങ്കിൽ ഇവർ ഇതിനകം എത്ര പരാതികൾ പരിഹരിച്ചു എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംരംഭകരുടെ പരാതികൾ പരിഹരിക്കാനായി സംരംഭം തുടങ്ങിയവരെയും തുടങ്ങാൻ ആഗ്രഹിക്കുന്നവരെയും നേരിട്ടു കാണുന്നതിനുമായുള്ള 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി ആരംഭിച്ചിട്ടുണ്ട്.

ഇതിനകം എറണാകുളം, തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി സംഘടിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. വിശദാംശങ്ങൾ താഴെപറയുന്നു.

എറണാകുളം ജില്ല: സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 15-07-2021-ന് കുസാറ്റ് മിനി കോൺഫറൻസ് ഹാളിൽ വച്ച് സംരംഭം തുടങ്ങിയവരേയും തുടങ്ങാൻ ആഗ്രഹിക്കുന്നവരേയും സംഘടിപ്പിച്ചു കൊണ്ട് 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി നടത്തുകയുണ്ടായി. വ്യവസായ വകുപ്പ് മന്ത്രി നേരിട്ട് പങ്കെടുത്ത പരിപാടിയിൽ 169 അപേക്ഷകൾ/പരാതികൾ ലഭിക്കുകയുണ്ടായി. ആയതിൽ 22 എണ്ണം നടപടിക്രമം പൂർത്തീകരിക്കുകയും ബാക്കിയുള്ളവയിൽ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് 29-07-2021-ാം തീയതിയിലും 02-08-2021-ാം തീയതിയിലും പ്രിൻസിപ്പൽ സെക്രട്ടറി, ജില്ലാ കളക്ടർ എന്നിവരുടെ നേതൃത്വത്തിൽ യോഗം കൂടി മേൽ നടപടികൾ സ്വീകരിക്കുന്നതിന് നിർദേശം നൽകിയിട്ടുള്ളതുമാണ്.

തിരുവനന്തപുരം ജില്ല: തിരുവനന്തപുരം ജില്ലയിൽ 16-07-2021 നാണ് 'മീറ്റ് ദ മിനിസ്റ്റർ' പ്രോഗ്രാം നടത്തിയത്. ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ ആകെ 103 അപേക്ഷകൾ ലഭിച്ചിരുന്നു. വ്യവസായ മന്ത്രിയുടെ മുമ്പാകെ 62 കേസുകൾ

അവതരിപ്പിക്കുകയും 46 കേസുകളിൽ തീരുമാനം കൈക്കൊള്ളുകയും ചെയ്തു. ബാക്കി പരാതികളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

കോട്ടയം ജില്ല: കോട്ടയം ജില്ലയിൽ 19-07-2021-നാണ് 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി സംഘടിപ്പിച്ചത്. പ്രസ്തുത പരിപാടിയിൽ 94 അപേക്ഷകൾ ഇ-മെയിലായും നേരിട്ടും ജില്ലാവ്യവസായ കേന്ദ്രത്തിൽ ലഭിക്കുകയുണ്ടായി. ഇതിൽ 44 പരാതികൾക്ക് യോഗത്തിൽ പൂർണ പരിഹാരമുണ്ടായി. കൂടാതെ മീറ്റിംഗിൽ തത്സമയം 35 പരാതികൾ ലഭിച്ചു. പൂർണ്ണ പരിഹാരം ലഭിച്ച പരാതികളൊഴികെ ബാക്കി പരാതിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി അതാത് വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സൗരോർജ്ജ ഉപയോഗം വ്യപകമാക്കുവാൻ നടപടി

22 (*322) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് സൗരോർജ്ജ ഉപയോഗം വ്യപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20-01-2020-ൽ ഒപ്പുവച്ചു. പണി പുരോഗമിച്ചു വരുന്നു. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ വില്ലേജിൽ കെ.എസ്.ഇ.ബി.എൽ - ന്റെ ഭൂമിയിൽ ആരംഭിച്ചിരിക്കുന്ന 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റ് 2021-22-ൽ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽ നിന്നും പ്രതിവർഷം ഏകദേശം 14 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പ്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലക്കാട് ജില്ലയിലെ നെന്മാറയിലുള്ള കെ.എസ്.ഇ.ബി. യുടെ അധീനതയിലുള്ള ഭൂമിയിൽ 1.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് നിർമ്മാണത്തിനായുള്ള വർക്ക് ഓർഡർ 04-05-2021-ൽ നൽകിയിട്ടുണ്ട്. ഇതുപ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ നിന്നും പ്രതിവർഷം ഏകദേശം 18 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പ്പാദിപ്പിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. വെസ്റ്റ്

കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത പദ്ധതി എൻ.എച്ച്.പി.സി. ആണ് നടപ്പാക്കുന്നത്. ഇടുക്കി റിസർവോയറിൽ എൻ.റ്റി.പി.സി. വിശദമായി പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 25 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി ചെറുതോണിയിലും 100 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി അഞ്ചുരുളിയിലും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ട്. SECI മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭ ദിശയിലാണ്. PM-KUSUM പദ്ധതിയുടെ ഭാഗമായി ആകെ 40 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണത്തിനായി എം.എൻ.ആർ.ഇ. യിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കർഷകരുടെ തരിശു ഭൂമിയിൽ സൗരോർജ്ജ പ്ലാന്റുകൾ നിർമ്മിച്ച് വൈദ്യുതി ഉത്പ്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി കർഷകരിൽ നിന്നും രജിസ്ട്രേഷൻ സ്വീകരിക്കുകയും അനുയോജ്യമായ തരിശുനിലങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണ്. ഇത് കൂടാതെ PM-KUSUM പദ്ധതിയുടെ ഭാഗമായി ഫീഡർ തലത്തിലുള്ള സൗരോർജ്ജവത്ക്കരണത്തിനായി

എം.എൻ.ആർ.ഇ.-യിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ട്. 2000 ഗ്രിഡ് ബന്ധിത പമ്പുകളെ ഫീഡർ തലത്തിൽ സൗരോർജ്ജവത്ക്കരിക്കുകയാണ് ഇതിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കാർഷിക ആവശ്യത്തിനായുള്ള പമ്പുകൾ കൂടുതലായി ഉപയോഗിച്ചിട്ടുള്ള ഫീഡറുകളുടെ പരിധിയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് കൃഷിയാവശ്യത്തിനായുള്ള വൈദ്യുതി ഉത്പ്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 30 ശതമാനം സബ്സിഡിയാണ് ഈ പദ്ധതിക്കായി എം.എൻ.ആർ.ഇ. വകയിരുത്തിയിട്ടുള്ളത്. ഇതിനായുള്ള സ്ഥലം കണ്ടെത്തുന്നതിനായുള്ള രൂപരേഖ തയ്യാറാക്കി വരുന്നു. PM-KUSUM പദ്ധതിയിലുൾപ്പെടുത്തി നിലവിലെ കാർഷിക കണക്ഷനുള്ള പമ്പുകൾ സോളാറിലേക്ക് മാറ്റുന്ന പദ്ധതി വിപുലീകരിക്കുന്നതിനും, ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും അനെർട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ നടപ്പിലാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചു വരുന്നു. ഗ്രണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്കാവശ്യമായ

സൗരോർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലെയ്സായ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും, പരിപാലനത്തിനും, അംഗീകൃത സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും, ഗുണനിലവാരമുള്ള സേവനങ്ങളും, സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനും വേണ്ടി അസംബ്ലി നിയോജകമണ്ഡലാടിസ്ഥാനത്തിൽ അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുള്ള അക്ഷയ ഊർജ്ജ സേവന കേന്ദ്രമായ ഊർജ്ജമിത്രയുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു.

(ബി) സൗരോർജ്ജ പാനലുകൾ വീടുകളിൽ സ്ഥാപിക്കുന്നതിന് നൽകുന്ന സബ്സിഡി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഗാർഹിക ഉപഭോക്താക്കൾക്ക് സൗരനിലയം സ്ഥാപിക്കുന്നതിന് സബ്സിഡി നൽകി വരുന്നുണ്ട്. ഈ പദ്ധതിയിൽ (സൗര Phase II) ഇത് വരെ 21000 ഉപഭോക്താക്കൾ (71 മെഗാവാട്ട്) രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏകദേശം 100 നിലയങ്ങൾ പ്രവർത്തനസജ്ജമായിട്ടുണ്ട്. ഇതുകൂടാതെ

പദ്ധതി ത്വരിതഗതിയിലാക്കാൻ പുതുതായി 7 ഡെവലപ്പർമാരെക്കൂടി പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുണ്ട്. 1 മുതൽ 3 KW ശേഷി വരെയുള്ള നിലയങ്ങൾക്ക് 40% സബ്സിഡിയും 4 മുതൽ 10 KW വരെയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW-ന് 40% സബ്സിഡിയും തുടർന്ന് 20% സബ്സിഡിയും എന്ന രീതിയിലാണ് കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നത്. കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന നിരക്കിലാണ് സബ്സിഡി തീരുമാനിക്കുന്നത്. എങ്കിലും ഉപഭോക്താവിന്റെ സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കുന്നതിനായി നിലയത്തിന്റെ വിലയുടെ 12 മുതൽ 25 ശതമാനം വരെ മാത്രം ഉപഭോക്താവ് ചെലവിടുന്ന കേരള മോഡൽ (Model 1) നിലവിലുണ്ട്. രണ്ട്, മൂന്ന് കിലോവാട്ട് നിലയങ്ങൾ കേരള മോഡൽ പ്രകാരം സ്ഥാപിക്കാവുന്നതാണ്. മുതൽമുടക്കിന്റെ തോതനുസരിച്ച് ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 25% മുതൽ 50% വരെ വിഹിതം ലഭിക്കും.

ക്ഷേമപെൻഷൻ വിതരണം

23 (*323) ശ്രീ. ടി.പി. രാമകൃഷ്ണൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി ശാന്തകുമാരി കെ.:

ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനസ്രോതസ്സുകളെ കോവിഡ് വ്യാപനം ദുർബലപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലും ക്ഷേമപെൻഷനുകൾ എല്ലാം ഓണത്തിന് മുൻപായി നൽകാൻ നടപടിയെടുത്തിട്ടുണ്ടോ?

സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കും, സർക്കാർ നൽകുന്ന ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾക്കും 2021 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പെൻഷൻ ഓണത്തിന് മുൻപായി ലഭിക്കത്തവിധം അനുവദിച്ചിട്ടുണ്ട്. തനത് ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന എല്ലാ ക്ഷേമനിധി ബോർഡുകളും ആഗസ്റ്റ് മാസത്തെ പെൻഷൻ ഓണത്തിനു മുൻപായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ത്രൈമാസ പെൻഷൻ പദ്ധതി നിലവിലുള്ള കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡിൽ 2021 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലെ പെൻഷൻ ജൂലൈ മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ക്ഷേമപെൻഷൻ ഇനത്തിൽ നൽകാൻ വേണ്ടിവരുന്ന തുക എത്രയെന്നും ആകെ ഗുണഭോക്താക്കൾ എത്രയെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

സംസ്ഥാനത്താകെ 5899605 ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്ക് ഓണക്കാലയളവിൽ പെൻഷൻ നൽകുന്നതിന് ഏകദേശം 1760.52 കോടി രൂപ വേണ്ടിവരും. വിശദ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ എന്ത് മാർഗ്ഗമാണ് പരിഗണനയിലുള്ളത്; ചരക്ക് സേവന നികുതിയിൽ ഉൾപ്പെടെ നികുതി ചോർച്ച തടയുന്നതിന് ഊർജ്ജിതശ്രമം നടത്തുന്നുണ്ടോ; വിശദമാക്കാമോ?

സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാദ്ധ്യമാക്കുകയുമെന്ന നയത്തിന്റെ ഭാഗമായി ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി വിദേശ യാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ, ലീവ് സറണ്ടർ അടക്കമുള്ള വിവിധ ഇനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ 05-11-2020-ലെ സ.ഉ(ആ) നം. 152/2020/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നു.

1. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ.

2. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിണിയും പരിശോധനകളും ശക്തമാക്കി.

3. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

4. വിവര സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.

5. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള നടപടികൾ. ജി.എസ്.ടി നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

ജി.എസ്.ടി.യിൽ നികുതി ശൃംഖല വിപുലീകരിക്കുന്നതിനുവേണ്ടി വിവിധ ഏജൻസികളിൽ നിന്ന് വിവര ശേഖരണം നടത്തുകയും അതിൽനിന്ന് രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടുപിടിച്ച് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനുവേണ്ടി പ്രത്യേക മാനദണ്ഡ പ്രകാരം ടാക്സ് പേയേഴ്സിനെ ഓൺലനായി സെലക്ട് ചെയ്ത് വിശദപരിശോധന നടത്തുന്ന രീതി നടപ്പിലാക്കി. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും സഹായിക്കും. ചരക്ക് സേവന നികുതി കണക്കാക്കലും പിരിവും പൂർണ്ണമായും ഐ.റ്റി. അധിഷ്ഠിതമാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി നെറ്റ്വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനുംവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ചെക്പോസ്റ്റ് സമ്പ്രദായം ഇല്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും

വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനും വേണ്ടി സി.സി.ടി.വി. ക്യാമറകൾ പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് എ. എൻ. പി. ആർ. സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേ ബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്കു വാഹനങ്ങളുടെ വിവരം ഉടൻ തന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിനു ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഉദ്യോഗസ്ഥർക്ക് "ബോഡിവോൺ" ക്യാമറയുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അണ്ടർ വാല്യുവേഷൻ കേസുകൾ, ബില്ല് തുടങ്ങിയവ ജി.എസ്.ടി പോർട്ടലിലേക്ക് അപ്ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി. ജി.എസ്.ടി.-യിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശീയ തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാന തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതും നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് സഹായകമാകുന്നു. ജി.എസ്.ടി.-യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള

പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

പൊതുമേഖലാ ബാങ്കുകളുടെ സർവ്വീസ് ചാർജ്ജ് ഈടാക്കൽ

24 (*324) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എച്ച്. സലാം:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ക. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ?

(എ) ജനങ്ങളുടെ സാമ്പത്തിക ഇടപാടുകൾ സുരക്ഷിതവും സുഗമവും സൗജന്യവുമായും നടത്തിയിരുന്ന പൊതുമേഖലാ ബാങ്കുകൾ ക്രമാനുഗതമായി എല്ലാ സാമ്പത്തിക ഇടപാടുകളിലും സർവ്വീസ് ചാർജ്ജ് ഈടാക്കുന്നത് ബാങ്കിംഗ് ഇടപാടുകാരെ നിരുത്സാഹപ്പെടുത്തുന്നതിനിടയാക്കുമെന്നതിനാൽ പ്രസ്തുത നയം തിരുത്താൻ സമ്മർദ്ദം ചെലുത്തുമോ?

കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നടപടികൾ സ്വീകരിക്കും. എന്നാൽ റിസർവ് ബാങ്കിന്റെ നിർദ്ദേശപ്രകാരം രാജ്യത്തെ ബാങ്കുകളിൽ പ്രത്യേകിച്ചു പൊതുമേഖല ബാങ്കുകളിൽ ബേസിക് സേവിങ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് യാതൊരു വിധത്തിലുള്ള ചാർജ്ജും ഈടാക്കുന്നില്ല.

ഇതിൽ വളരെ പാവപ്പെട്ടതും സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നതുമായ വിഭാഗം ഉപയോഗിക്കുന്ന ജൻധൻ അക്കൗണ്ടിനും ഇത് ബാധകമാണ്. ഇതുകൂടാതെ, കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ചില പൊതുമേഖലാ ബാങ്കുകൾ അവരുടെ മറ്റ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട്സിലെ മിനിമം ബാലൻസ് ചാർജസ് പോലുള്ള സർവ്വീസ് ചാർജ്ജുകളിൽ ഇളവ് വരുത്തിയിട്ടുമുണ്ട്.

(ബി) എ. റ്റി. എം. വഴി പിൻവലിക്കാവുന്ന തുകയും തവണകളും വെട്ടിക്കുറയ്ക്കുകയും തുടർന്നുള്ള ഓരോ ഇടപാടിനും പ്രത്യേകമായി സർവ്വീസ് ചാർജ്ജ് ഈടാക്കുകയും ചെയ്യുന്നതുമൂലം ഇടപാടുകാർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങൾ പ്രകാരം പൊതുമേഖല ബാങ്കുകൾ ഉൾപ്പെടെയുള്ള ബാങ്കുകൾക്ക് അവരുടെ അടിസ്ഥാന ചെലവിനനുസരിച്ച് അവർ നൽകുന്ന സേവനങ്ങൾക്ക് നിർദ്ദിഷ്ട ചാർജ്ജുകൾ ഈടാക്കാൻ അനുവദിച്ചിട്ടുണ്ട്.

(സി) ചെക്കുബുക്കുകൾ വാങ്ങിയിട്ടുള്ള ഇടപാടുകാർ ആയത് ഉപയോഗിച്ചില്ലെങ്കിലും പ്രതിമാസം സർവ്വീസ് ചാർജ്ജ് നൽകേണ്ടിവരുന്നതും മാസത്തിൽ രണ്ടുതവണയായി ചെക്കുവഴിയുള്ള

ഇടപാടുകൾ നിജപ്പെടുത്തിയതുംമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ ബാങ്കുകളെല്ലാം തന്നെ ബാങ്കിംഗ് കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് ബോർഡ് ഓഫ് ഇന്ത്യയുടെ കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് അനുസരിച്ചും റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതവുമായാണ് പ്രവർത്തിക്കുന്നത്. അമിത ചാർജ് ഈടാക്കുന്നത് സംബന്ധിച്ച പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ആയത് സംസ്ഥാനതല ബാങ്കേഴ്സ് സമിതി (SLBC) യുടെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്.

കശുവണ്ടി വ്യവസായത്തിന്റെ പുനരുജ്ജീവനം

25 (*325) ശ്രീ. എം. നൗഷാദ്:
ശ്രീ. എം. മുകേഷ്:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയുണ്ടാകുമോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയുണ്ടാകും.

(ബി) കോവിഡ് സൃഷ്ടിച്ച കനത്ത തകർച്ചയിൽനിന്നും പ്രസ്തുത പരമ്പരാഗത വ്യവസായത്തിന്റെ അതിജീവനത്തിന് സർക്കാർ നടത്താൻ ഉദ്ദേശിക്കുന്ന ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷന് 30 ഫാക്ടറികളും സഹകരണ അപ്പെക്സ് സൊസൈറ്റിയായ കാപ്പക്സിന്റെ അധീനതയിൽ 10 കശുവണ്ടി ഫാക്ടറികളുമാണുള്ളത്. ഇതിൽ കേരള കാഷ്യൂ ഫാക്ടറീസ് അക്വിസിഷൻ ആക്ട് പ്രകാരം കേരള കശുവണ്ടി വികസന കോർപ്പറേഷൻ സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുത്ത 20 കശുവണ്ടി ഫാക്ടറികളും കാപ്പക്സിന്റെ കീഴിലുള്ള 10 ഫാക്ടറികളും ഉൾപ്പെടുന്നു. പ്രസ്തുത ഫാക്ടറികളെല്ലാം കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും പ്രോട്ടോക്കോൾ പാലിച്ച് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും

തടസ്സമില്ലാതെ തോട്ടണ്ടി ലഭ്യത ഉറപ്പുവരുത്തുന്നതിനായി 2017-ൽ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് മുഖേന കശുവണ്ടി ഉൽപാദക രാജ്യങ്ങളിൽനിന്നും നേരിട്ട് കശുവണ്ടി ഇറക്കുമതി ചെയ്താണ് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നത്. അടുത്ത വർഷം 50,000 മെട്രിക് ടൺ തോട്ടണ്ടി വിവിധ കശുവണ്ടി ഉൽപ്പാദക ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത്, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും തോട്ടണ്ടിയുടെ അഭാവത്തിൽ പ്രവർത്തനരഹിതമായ സ്വകാര്യ മേഖലയ്ക്കും വിൽപന നടത്തി അവയുടെ അധീനതയിലുള്ള ഫാക്ടറികൾ പ്രവർത്തിപ്പിക്കുവാനും അതുവഴി തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള Price Fixation Committee ഓരോ കശുവണ്ടി സീസണിലും നിശ്ചയിക്കുന്ന വിലയിൽ കൃഷി വകുപ്പ്, പട്ടികജാതി-പട്ടിക വർഗ്ഗ വികസന വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും നാടൻ തോട്ടണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റേയും

കാപ്പക്സിന്റേയും കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് തുടർച്ചയായി ജോലി ലഭിക്കാനുള്ള സാഹചര്യം ഉറപ്പു വരുത്തിയിട്ടുണ്ട്. 2020-21 മുതൽ ജീവിതത്തിന്റെ സമസ്ത മേഖലയിലും കോവിഡ് മഹാമാരി സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾക്കിടയിലും കഴിഞ്ഞ 5 വർഷക്കാലം കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്ക് 511 ദിവസവും കാപ്പക്സ് ഫാക്ടറികളിലെ തൊഴിലാളികൾക്ക് 873 ദിവസവും തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്. കാഷ്യൂ ബോർഡ് വഴി തോട്ടണ്ടി ലഭ്യമാക്കി പ്രതിവർഷം മിനിമം 200 തൊഴിൽദിനം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കാഷ്യൂ കോർപ്പറേഷനും കാപ്പക്സും പ്രവർത്തിക്കുന്നത്. കൂടാതെ കോവിഡ് സൃഷ്ടിച്ച കനത്ത തകർച്ചയിൽനിന്നും കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി ആഭ്യന്തര തോട്ടണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്, സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ്, കൃഷി വകുപ്പ് എന്നിവരുടെ സഹകരണത്തോടെ കശുമാവ് കൃഷി വികസന ഏജൻസി കർഷകർക്ക് സൗജന്യമായി കശുമാവിൻ തൈകൾ വിതരണം ചെയ്തു വരുന്നു. ഇതിനായി കേന്ദ്ര സംസ്ഥാന അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റികൾ,

ഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വികസിപ്പിച്ചെടുത്ത അത്യുല്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ കശുമാവ് കൃഷി വികസന ഏജൻസി വാങ്ങി, നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് കശുവണ്ടി വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള 30 കശുവണ്ടി ഫാക്ടറികളിലും അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്ക്കരണത്തിനുമായി 2021-22 സാമ്പത്തിക വർഷം 550 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 510 ലക്ഷം രൂപയ്ക്ക് സർക്കാർ ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്ക്കരണത്തിനുമായി 2021-22 വർഷത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നതിനും സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുമൂലം കശുവണ്ടി ഫാക്ടറിത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനവും ജീവിത നിലവാരവും ഉറപ്പു വരുത്താൻ സാധിച്ചിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിൽ ഫുൾ കപ്പാസിറ്റി യൂട്ടിലൈസേഷന്റെ ഭാഗമായി ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ്

സെക്ഷനുകളിൽ പാരിറ്റി അനുസരിച്ച് കൂടുതൽ തൊഴിലാളികളെ എടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. 2021-22 കാലയളവിൽ കാപ്പെക്സിന്റെ കശുവണ്ടി ഫാക്ടറികളിലെ നവീകരണത്തിനും ഭാഗിക യന്ത്രവത്ക്കരണത്തിനും (h/a 4851-00-195-99) വകയിരുത്തിയിരുന്ന 500 ലക്ഷം രൂപയിൽ നിന്നും 371.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതുപോലെ ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്ക്കരണവും നടത്തുന്നതിന് 2021-22 കാലയളവിൽ വകയിരുത്തിയിരുന്ന 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി കാപ്പെക്സിന് നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട ലോക്ക്ഡൗൺ പൂർണ്ണമായും പിൻവലിക്കുന്ന മുറയ്ക്ക് കാപ്പക്സ് ഫാക്ടറികളിലെ ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് എന്നീ ഒഴിവുള്ള തസ്തികകളിൽ കൂടുതൽ തൊഴിലാളികളെ നിയമിച്ച് കൂടുതൽ പേർക്ക് ജോലി നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രതിസന്ധിയിലായ സ്വകാര്യ കശുവണ്ടി ഫാക്ടറികളെ പുനരുദ്ധരിക്കുന്നതിനായി 06-02-2019-ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാന പ്രകാരം പ്രതിസന്ധിയിലകപ്പെട്ട സ്വകാര്യ കശുവണ്ടി വ്യവസായങ്ങളെ

പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രവർത്തന മൂലധനത്തിനായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ സർക്കാർ ഏറ്റെടുക്കുമെന്നുള്ള മേൽ യോഗ തീരുമാനത്തെത്തുടർന്ന് ഇതിനായി 25 കോടി രൂപ 2019-20 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും തുടർന്ന് ഓരോ കശുവണ്ടി യൂണിറ്റുകളും പലിശയിനത്തിൽ ബാങ്കുകൾക്ക് നൽകാനുള്ള തുകയുടെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ SLBC കൺവീനർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 304.44 ലക്ഷം രൂപ സർക്കാർ SLBC-യ്ക്ക് നൽകിയിരുന്നു. പിന്നീട്, സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 21-12-2020-ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു.വ്യവസായ (കശുവണ്ടി) വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും കശുവണ്ടി വ്യവസായികളുടെ പ്രതിനിധി, ബാങ്ക് പ്രതിനിധി എന്നിവരുമായി യോഗം ചേരുകയും കശുവണ്ടി വ്യവസായികളുടെ വിവിധ ബാങ്കുകളിലുള്ള വായ്പകൾ പുനഃക്രമീകരിക്കുന്നതിനും, പുനഃക്രമീകരിക്കാനാകാത്ത വായ്പകളിന്മേൽ 'ഒറ്റത്തവണ തീർപ്പാക്കൽ' നടപ്പിലാക്കുന്നതിന് ഫോർമുല

രൂപീകരിക്കാനുമായി വ്യവസായ പ്രതിനിധി, സർക്കാർ പ്രതിനിധി, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) കൺവീനർ എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. ഇതുപ്രകാരം രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ 4 മീറ്റിംഗുകൾ ഇതിനകം ചേർന്നിട്ടുണ്ട്. തുടർന്ന് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനായി 12-07-2021-ന് ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ പ്രതിനിധികളുമായും ബാങ്ക് പ്രതിനിധികളുമായും യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതുവരെ വ്യവസായികൾക്കെതിരായ റിക്കവറി നടപടികൾ ഉൾപ്പെടെയുള്ളവ നിർത്തിവയ്ക്കാനുള്ള നിർദ്ദേശം ബാങ്കുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 'ഒറ്റത്തവണ തീർപ്പാക്കൽ' ഫോർമുല സംബന്ധിച്ച് ബാങ്കുകളും വ്യവസായികളും തമ്മിൽ സമവായത്തിലെത്തുന്നതോടെ പ്രതിസന്ധിയിലായ കശുവണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ സാധിക്കുന്നതാണ്.

(സി) അസംസ്കൃത വസ്തുവായ തോട്ടണ്ടിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കാഷ്യു ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉദ്ദേശിക്കുന്നുണ്ട്. കശുവണ്ടി ഉത്പ്പാദക ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും തുടർച്ചയായി തോട്ടണ്ടി ഇറക്കുമതി ചെയ്ത് കേരള കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും ലഭ്യമാക്കുന്നതിനായി ഘാന, ഇന്തോനേഷ്യ, ഐവറി കോസ്റ്റ് എന്നീ രാജ്യങ്ങളിൽനിന്നും ഈ സാമ്പത്തിക വർഷം തുടക്കം മുതൽ നാളിതുവരെ 8015 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്. ഇതിനു പുറമെ 1135 മെട്രിക് ടൺ തോട്ടണ്ടി കൂടി കരാർ പ്രകാരം ഐവറികോസ്റ്റിൽ നിന്നും ലഭിക്കാനുണ്ട്. ഗിനി ബിസ്സാവുവിൽ നിന്നും 4000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള കരാറിലും ഒപ്പിട്ടിട്ടുണ്ട്. വരും നാളുകളിൽ കേരള കാഷ്യൂ ബോർഡിന്റെ സ്ഥാപിത ലക്ഷ്യങ്ങളിലൊന്നായ കശുവണ്ടി ഉത്പ്പാദക ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഗവൺമെന്റ് ടു ഗവൺമെന്റ് പർച്ചേസ് സംവിധാനത്തിലൂടെ തോട്ടണ്ടി ഇറക്കുമതി ചെയ്യുവാനുള്ള നടപടികളുമായി കാഷ്യൂ ബോർഡ് മുന്നോട്ട് പോകുകയാണ്.

(ഡി) ഗ്രണനിലവാരം കുറഞ്ഞ കശുവണ്ടി പരിപ്പിന്റെ ഇറക്കുമതി സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിന് സൃഷ്ടിക്കുന്ന ഭീഷണി ഒഴിവാക്കുവാൻ ബ്രാൻഡിംഗ് ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ പരിഗണിക്കുമോ; വിശദമാക്കുമോ?

ഗുണനിലവാരം കുറഞ്ഞ കശുവണ്ടി പരിപ്പിന്റെ ഇറക്കുമതി സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിന് സൃഷ്ടിക്കുന്ന ഭീഷണി ഒഴിവാക്കുവാൻ കശുവണ്ടി വികസന കോർപ്പറേഷൻ ഉൽപാദിപ്പിക്കുന്ന കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉൽപന്നങ്ങളും 'സി.ഡി.സി കാഷ്യൂസ്' എന്ന ബ്രാൻഡ് നെയിമിലാണ് വിപണിയിൽ ഇറക്കിയിട്ടുള്ളത്. കാപ്പക്സിന്റെ കശുവണ്ടി പരിപ്പുകൾ വർഷങ്ങളായി 'കാപ്പക്സ് കാഷ്യൂസ്' എന്ന പേരിൽ ബ്രാൻഡ് ചെയ്ത് വിപണനം നടത്തി വരുന്നു.

കേന്ദ്ര വൈദ്യുതി ഭേദഗതി നിയമം

26 (*326) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ?

കേന്ദ്രസർക്കാർ കൊണ്ടുവന്നിരിക്കുന്ന വൈദ്യുതി ഭേദഗതി നിയമം ഉപഭോക്താക്കളുടെ താല്പര്യങ്ങൾക്കെതിരാണോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്ട് 2003 നടപ്പിലാക്കിയ അവസരത്തിലും പിന്നീട് അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ

ശ്രമിച്ചപ്പോഴും അതിലെ നിർദ്ദേശങ്ങൾ ഓരോന്നും ഉപഭോക്താക്കളെ ഏതൊക്കെ വിധത്തിൽ ബാധിക്കുമെന്ന് വിശദമായി പഠിക്കുകയും ആയത് സംബന്ധിച്ച് കെ.എസ്.ഇ.ബി-യുടെയും സംസ്ഥാന സർക്കാരിന്റെയും അഭിപ്രായങ്ങളും നിലപാടുകളും കേന്ദ്രസർക്കാരിനെ സമയാസമയങ്ങളിൽ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഡീ-ലൈസൻസിംഗ് വഴി വൈദ്യുതി മേഖലയുടെ സ്വകാര്യവത്കരണത്തിന് ആക്കം കൂട്ടുന്ന നിർദ്ദേശങ്ങളാണ് ഭേദഗതി നിർദ്ദേശത്തിലുള്ളത്. കൂട്ടത്തിൽ തന്നിഷ്ടപ്രകാരമുള്ള തെരഞ്ഞെടുപ്പിനുള്ള അവസരം (cherry picking) തുറന്നു കിട്ടുക വഴി സ്വകാര്യമേഖലയ്ക്ക് തങ്ങൾക്ക് ലാഭകരമായ ഉപഭോക്താക്കൾക്ക് മാത്രമായി സേവനം പരിമിതപ്പെടുത്താൻ സാധിക്കുകയും ചെയ്യും. ഇത് സമ്പൂർണ്ണ വൈദ്യുതീകരണം, എല്ലാ വിഭാഗങ്ങൾക്കും താങ്ങാനാകുന്ന വിലയ്ക്ക് വൈദ്യുതി, തുടങ്ങി വർഷങ്ങളുടെ പ്രയത്നംമൂലം കേരളം കൈവരിച്ച നേട്ടങ്ങൾ കൈവിട്ട് കളയുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിക്കുമെന്ന് സംസ്ഥാനം ഭയപ്പെടുന്നു. ഉപഭോക്താവിന് ഇഷ്ടാനുസരണം സേവനദാതാവിനെ തെരഞ്ഞെടുക്കാമെന്നും അതിലൂടെ മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്താൻ സാധിക്കുമെന്നതും മിഥ്യാധാരണ മാത്രമാണ്. എന്നാൽ യഥാർത്ഥത്തിൽ സേവനദാതാവിനാണ് തെരഞ്ഞെടുക്കാൻ അവസരം

നൽകുന്നത്. വർഷങ്ങൾക്കുശേഷം മാത്രം ലാഭം ലഭിക്കാനിടയുള്ള ശൃംഖലാ വികസന പദ്ധതികളിൽ മുതൽമുടക്കാൻ സ്വകാര്യനിക്ഷേപകർ തയ്യാറാകില്ല. ഇത് ഭാവിയിൽ വിതരണ നഷ്ടം കൂടുന്നതിനും തദ്വാര വൈദ്യുതി വാങ്ങൽ ചെലവ് വർദ്ധിക്കാനും ഇടയാക്കും. വോൾട്ടേജ് ക്ഷാമം, അടിക്കടിയുണ്ടാകുന്ന വൈദ്യുതി മുടക്കം, ശൃംഖലയുടെ ശേഷിക്കുറവുമൂലമുണ്ടാകുന്ന ലോഡ് ഷെഡ്ഡിംഗ് എന്നിവ ഭാവിയിൽ തുടർക്കഥയാകും. ലാഭേച്ഛ കൂടാതെ വനാന്തരങ്ങളിലും മറ്റ് വിദൂരപ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഭാവിയിൽ സാധ്യത ഇല്ലാതെയാകുമെന്നും ഭയപ്പെടുന്നു.

സഹകരണ സംഘങ്ങൾ വഴിയുള്ള നെല്ല് സംഭരണം

27 (*327) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ?

(എ) കഴിഞ്ഞ സീസണിൽ നെല്ല് സംഭരണം യഥാസമയം നടക്കാത്തതുമൂലം കർഷകർ ഉൽപ്പാദിപ്പിച്ച നെല്ല് പാടത്ത് കെട്ടിക്കിടന്ന് നശിച്ചുപോയ സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത്

ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സഹകരണ സംഘങ്ങൾ വഴി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2020-21 സീസണിലെ ഒന്നാംവിള നെല്ല് സംഭരണത്തിന് ആദ്യം 5 മില്ലുകളുമായി സപ്ലൈകോ കരാറിലേർപ്പെടുകയും സംഭരണം ആരംഭിക്കുകയും ചെയ്തു. എന്നാൽ മറ്റ് മില്ലുകൾ നെല്ല് സംഭരണവുമായി സഹകരിക്കാൻ വിമുഖത കാണിച്ച സാഹചര്യത്തിൽ സഹകരണ സംഘങ്ങളെകൂടി ഉൾക്കൊള്ളിച്ച് സംഭരണം നടത്തുവാൻ തീരുമാനിച്ചു. എന്നാൽ ബഹു. ഭക്ഷ്യ പൊതു വിതരണ വകുപ്പുമന്ത്രി മില്ലുടമകളുമായി നടത്തിയ ചർച്ചയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 50 മില്ലുകൾ സപ്ലൈകോയുമായി കരാറിലേർപ്പെടുകയും നെല്ല് സംഭരണം ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ സഹകരണ സംഘങ്ങളെ നെല്ല് സംഭരണ നടപടികളിൽനിന്നും ഒഴിവാക്കുകയുണ്ടായി. രണ്ടാംവിള നെല്ല് സംഭരണ സീസണിലും മില്ലുടമകളുമായി ഉണ്ടായിരുന്ന വിഷയങ്ങൾ ബഹു. ഭക്ഷ്യ പൊതു വിതരണ വകുപ്പുമന്ത്രിയുടെയും ബഹു.കൃഷി വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ പരിഹരിക്കുകയും നെല്ല് സംഭരണം സുഗമമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 നെല്ല് സംഭരണ സീസണിൽ നെല്ല് സംഭരണം യഥാസമയം നടക്കാത്തതുമൂലം നെല്ല്

പാടത്ത് കെട്ടിക്കിടന്ന് നശിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നെല്ല് സംഭരണ സമയത്ത് ഉടലെടുക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങൾ ചേർന്ന് ഒരു കൺസോർഷ്യം രൂപീകരിക്കുകയും ടി കൺസോർഷ്യത്തിന്റെ ആഭിമുഖ്യത്തിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ആധുനിക റൈസ് മിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്താകെ അധികാരപരിധിയുള്ള ഒരു ഫെഡറൽ സൊസൈറ്റി രൂപീകരിച്ച് കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും രണ്ട് റൈസ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ മില്ലുകൾ സ്ഥാപിതമാകുന്നതോടുകൂടി സമയബന്ധിതമായി നെല്ല് സംഭരിക്കുന്നതിന് കൂടുതൽ മെച്ചപ്പെട്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) നെല്ല് സംഭരണത്തിനായി പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

2020-21 സീസണിലെ ഒന്നാംവിള നെല്ല് സംഭരണത്തിന് ആദ്യം 5 മില്ലുകളുമായി സപ്ലൈകോ കരാറിലേർപ്പെടുകയും സംഭരണം ആരംഭിക്കുകയും ചെയ്തു. എന്നാൽ മറ്റ് മില്ലുകൾ നെല്ല് സംഭരണവുമായി സഹകരിക്കാൻ വിമുഖത കാണിച്ച സാഹചര്യത്തിൽ സഹകരണ

സംഘങ്ങളെക്കൂടി ഉൾക്കൊള്ളിച്ച് സംഭരണം നടത്തുവാൻ തീരുമാനിച്ചു. എന്നാൽ ബഹു. ഭക്ഷ്യ പൊതു വിതരണ വകുപ്പുമന്ത്രി മില്ലുടമകളുമായി നടത്തിയ ചർച്ചയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 50 മില്ലുകൾ സപ്ലൈകോയുമായി കരാറിലേർപ്പെടുകയും നെല്ല് സംഭരണം ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ സഹകരണ സംഘങ്ങളെ നെല്ല് സംഭരണ നടപടികളിൽനിന്നും ഒഴിവാക്കുകയുണ്ടായി. രണ്ടാം വിള നെല്ല് സംഭരണ സീസണിലും മില്ലുടമകളുമായി ഉണ്ടായിരുന്ന വിഷയങ്ങൾ ബഹു. ഭക്ഷ്യ പൊതു വിതരണ വകുപ്പുമന്ത്രിയുടെയും ബഹു.കൃഷി വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ പരിഹരിക്കുകയും നെല്ല് സംഭരണം സുഗമമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 നെല്ല് സംഭരണ സീസണിൽ നെല്ല് സംഭരണം യഥാസമയം നടക്കാത്തതുമൂലം നെല്ല് പാടത്ത് കെട്ടിക്കിടന്ന് നശിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നെല്ല് സംഭരണ സമയത്ത് ഉടലെടുക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങൾ ചേർന്ന് ഒരു കൺസോർഷ്യം രൂപീകരിക്കുകയും ടി കൺസോർഷ്യത്തിന്റെ ആഭിമുഖ്യത്തിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ആധുനിക റൈസ് മിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ

സംസ്ഥാനത്താകെ അധികാരപരിധിയുള്ള ഒരു ഫെഡറൽ സൊസൈറ്റി രൂപീകരിച്ച് കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും രണ്ട് റൈസ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ മില്ലുകൾ സ്ഥാപിതമാകുന്നതോടുകൂടി സമയബന്ധിതമായി നെല്ല് സംഭരിക്കുന്നതിന് കൂടുതൽ മെച്ചപ്പെട്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) ആധുനിക രീതിയിലുള്ള റൈസ് മില്ലുകൾ സഹകരണ സംഘങ്ങൾ വഴി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

2020-21 സീസണിലെ ഒന്നാംവിള നെല്ല് സംഭരണത്തിന് ആദ്യം 5 മില്ലുകളുമായി സപ്ലൈകോ കരാറിലേർപ്പെടുകയും സംഭരണം ആരംഭിക്കുകയും ചെയ്തു. എന്നാൽ മറ്റ് മില്ലുകൾ നെല്ല് സംഭരണവുമായി സഹകരിക്കാൻ വിമുഖത കാണിച്ച സാഹചര്യത്തിൽ സഹകരണ സംഘങ്ങളെക്കൂടി ഉൾക്കൊള്ളിച്ച് സംഭരണം നടത്തുവാൻ തീരുമാനിച്ചു. എന്നാൽ ബഹു. ഭക്ഷ്യ പൊതു വിതരണ വകുപ്പുമന്ത്രി മില്ലുടമകളുമായി നടത്തിയ ചർച്ചയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 50 മില്ലുകൾ സപ്ലൈകോയുമായി കരാറിലേർപ്പെടുകയും നെല്ല് സംഭരണം ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ സഹകരണ സംഘങ്ങളെ നെല്ല് സംഭരണ നടപടികളിൽനിന്നും ഒഴിവാക്കുകയുണ്ടായി. രണ്ടാം വിള നെല്ല്

സംഭരണ സീസണിലും മില്ലുടമകളുമായി ഉണ്ടായിരുന്ന വിഷയങ്ങൾ ബഹു. ഭക്ഷ്യ പൊതു വിതരണ വകുപ്പുമന്ത്രിയുടെയും ബഹു.കൃഷി വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ പരിഹരിക്കുകയും നെല്ല് സംഭരണം സുഗമമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 നെല്ല് സംഭരണ സീസണിൽ നെല്ല് സംഭരണം യഥാസമയം നടക്കാത്തതുമൂലം നെല്ല് പാടത്ത് കെട്ടിക്കിടന്ന് നശിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നെല്ല് സംഭരണ സമയത്ത് ഉടലെടുക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങൾ ചേർന്ന് ഒരു കൺസോർഷ്യം രൂപീകരിക്കുകയും ടി കൺസോർഷ്യത്തിന്റെ ആഭിമുഖ്യത്തിൽ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ആധുനിക റൈസ് മിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്താകെ അധികാരപരിധിയുള്ള ഒരു ഫെഡറൽ സൊസൈറ്റി രൂപീകരിച്ച് കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും രണ്ട് റൈസ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ മില്ലുകൾ സ്ഥാപിതമാകുന്നതോടുകൂടി സമയബന്ധിതമായി നെല്ല് സംഭരിക്കുന്നതിന് കൂടുതൽ മെച്ചപ്പെട്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) സഹകരണ സംഘങ്ങൾ വഴി സംഭരിച്ച നെല്ലിന്റെ വില സംഭരണ സ്ഥലത്തുവച്ച് തന്നെ നൽകുവാൻ നടപടി സ്വീകരിക്കുമോ?

സഹകരണ സംഘങ്ങളെ നെല്ല് സംഭരണത്തിൽ നിന്നും ഒഴിവാക്കിയിരുന്നു.

ജി. എസ്. ടി. വരുമാനം വർദ്ധിപ്പിക്കൽ

28 (*328) ശ്രീ. സജീവ് ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ?

(എ) ദേശീയ തലത്തിൽ ജി. എസ്. ടി. വരുമാനം വർദ്ധിക്കുമ്പോൾ കേരളത്തിൽ പ്രതീക്ഷിച്ച ജി. എസ്. ടി. വരുമാനം ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ദേശീയതലത്തിലുള്ള ജി.എസ്.ടി വരുമാന വർദ്ധനയ്ക്ക് ആനുപാതികമായി കേരളത്തിലും ജി.എസ്.ടി വരുമാന വർദ്ധനവ് ഉണ്ടാകുന്നുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് വർഷത്തെ നികുതി പിരിവിൽ എഴുപത്തിരണ്ടായിരത്തി അറുന്നൂറ്റി എട്ട് കോടി രൂപയുടെ നഷ്ടം

സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നികുതി പിരിവ് സംവിധാനത്തിന്റെ പോരായ്മയായി സർക്കാർ കരുതുന്നുണ്ടോ;

ഇപ്രകാരമുള്ള നികുതി നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റുമായി താരതമ്യം ചെയ്യുമ്പോൾ കഴിഞ്ഞ അഞ്ചു വർഷത്തെ നികുതി പിരിവിൽ (ജി.എസ്.ടി ഉൾപ്പെടെ) 2016-17, 2017-18 വർഷങ്ങളിൽ മാത്രമേ നികുതി പിരിവിൽ കുറവുണ്ടായിട്ടുള്ളൂ. (1672.48 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്). നിലവിലെ കോവിഡ് ലോക്ക്ഡൗൺ സാഹചര്യങ്ങളിൽ നികുതി പിരിവ് സംവിധാനത്തിൽ പോരായ്മകൾ ഉള്ളതായി കണക്കാക്കുന്നില്ല. എന്നിരുന്നാലും നിലവിലെ ജി.എസ്.ടി സംവിധാനത്തെ അടിസ്ഥാനപ്പെടുത്തി, നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി വകുപ്പിനെ ആധുനികവത്കരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) വ്യാപാരി വ്യവസായികളുടെ യഥാർത്ഥ ജി. എസ്. ടി. കണക്കുകൾ പരിശോധിക്കാൻ ഓഡിറ്റ് ഫീൽഡ് ഓഫീസുകൾ രൂപീകരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ?

സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് കേരള സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്. പുതിയ

നികുതി സമ്പ്രദായം നടപ്പിലാക്കിയതോടെ നികുതി ഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമാണ്. എന്നാൽ KGST, VAT എന്നീ കാലഘട്ടങ്ങളിലുണ്ടായിരുന്ന നികുതി ഭരണ സംവിധാനമാണ് ഇപ്പോൾ ജി.എസ്.ടി കാലഘട്ടത്തിലും തുടർന്നുപോരുന്നത്. ഈ സംവിധാനത്തെ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച് 2017-18-ലെ ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടുണ്ട്. (para 268). ആയതനുസരിച്ച് വകുപ്പിന്റെ നികുതി ഭരണ സംവിധാനം സുഗമമാക്കുന്നതിനായി 13.08.2018-ലെ സ.ഉ (സാധാ) നം.593/2018/നികുതി പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി, നികുതി വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്, സംസ്ഥാന നികുതി കമ്മീഷണർ എന്നിവർ അംഗങ്ങളായും, നികുതി വകുപ്പ് സെക്രട്ടറി കൺവീനറായും ഒരു ഉന്നതതല സമിതി രൂപീകരിക്കുകയുണ്ടായി. നികുതി സംവർധനത്തിനും അതിന്റെ ഭരണ നിർവ്വഹണത്തിനും ഉതകുന്ന തരത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വരുമാന മാർഗ്ഗം ശക്തിപ്പെടുത്തുന്നതിനായുള്ള ശിപാർശ ഇപ്പോൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) നികുതി വെട്ടിപ്പ് തടയാൻ വാങ്ങിയ ക്യാമറ സംവിധാനം ഉപയോഗിക്കുന്നില്ലായെന്ന ആക്ഷേപം വസ്തുതാപരമാണോ;

നികുതി വെട്ടിപ്പ് തടയാൻ വാങ്ങിയ ക്യാമറ സംവിധാനം ഉപയോഗിക്കുന്നില്ലായെന്ന ആക്ഷേപം വസ്തുതാപരമല്ല. എ.എൻ.പി.ആർ ക്യാമറ സംവിധാനം വഴി ചരക്കുനീക്കം നിരീക്ഷിച്ച് ഇ-വേ ബിൽ സംവിധാനവുമായി ഏകോപിപ്പിച്ച് നികുതി വെട്ടിപ്പ് തടയുന്നതിനായി പ്രവർത്തിക്കുന്നു. എ.എൻ.പി.ആർ. ക്യാമറ സംവിധാനം ഒൻപതു ജില്ലകളിലായി ഇരുപത്തിമൂന്നു സ്ഥലങ്ങളിൽ സ്ഥാപിച്ച് ഫലപ്രദമായി നിരീക്ഷിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിൽ അമരവിള, മൂലക്കോണം, പിരായുംമൂട്, വെള്ളറട, ഉച്ചക്കട, കൊല്ലം ജില്ലയിൽ ആര്യങ്കാവ്, ഇടുക്കി ജില്ലയിൽ കുമിളി, പാലക്കാട് ജില്ലയിൽ വാളയാർ, നടുപ്പുണി, വേലന്താവളം, മീനാക്ഷിപുരം, ഗോപാലപുരം, ഗോവിന്ദാപുരം, ഒഴലപ്പതി എന്നിവിടങ്ങളിലും മലപ്പുറം ജില്ലയിൽ വഴിക്കടവ്, കോഴിക്കോട് കുഞ്ഞിപ്പള്ളി, വയനാട് ജില്ലയിൽ മുത്തങ്ങ, തോൽപ്പെട്ടി, കണ്ണൂർ ജില്ലയിൽ കൂട്ടുപുഴ, ന്യൂ മാഹി, കാസർഗോഡ് ജില്ലയിൽ ബംഗ്ര മഞ്ചേശ്വരം, പെർള, ആദൂർ എന്നിവിടങ്ങളിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. എ.എൻ.പി.ആർ. ക്യാമറ സംവിധാനത്തിൽ നിന്നുള്ള അലെർട്ടുകൾ പരിശോധിച്ചതിൽനിന്നും

22-07-2021 വരെ 22 കേസുകളിൽ 88.58 ലക്ഷം രൂപ നികുതിയും പെനാൽറ്റിയുമായി ചുമത്തിയിട്ടുണ്ട്. ക്യാമറയുടെ ദൃശ്യങ്ങളിൽ നിന്നുള്ള ഡാറ്റ ക്രോസ്സ് വെരിഫൈ ചെയ്യുന്നതിന് ഇ-വേ ബിൽ ഡാറ്റ ഇപ്പോൾ ലഭ്യമാണ്.

(ഇ) പല തവണ മാപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടും വാറ്റ്-ലെ കുടിശ്ശിക പിരിക്കാൻ സാധിക്കാതെ വന്നിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ജി.എസ്.ടി.-ക്ക് മുൻപുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി.- യിലേക്ക് നൽകുന്നതിന്റെ ഭാഗമായാണ് കഴിഞ്ഞ വർഷം ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതനുസരിച്ച് വാറ്റ് നിയമത്തിന്മേലുള്ള നികുതി കുടിശ്ശികകളിൽ പിഴയും പലിശയും പൂർണമായും ഒഴിവാക്കി കൊടുക്കുകയും നികുതി തുകയിൽ ഇളവ് അനുവദിക്കുകയും ചെയ്തു. കഴിഞ്ഞ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം ഒരു വ്യാപാരിയുടെ എല്ലാ വർഷങ്ങളിലെ നികുതി കുടിശ്ശികയും ഒരുമിച്ചു മാത്രമേ ആംനസ്റ്റി ഓപ്റ്റ് ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂ. ഇത് പല വ്യാപാരികളും ആംനസ്റ്റി പദ്ധതി സ്വീകരിക്കാതിരിക്കുന്നതിന് കാരണമായി. ഇതിൽ നിന്നും വ്യത്യസ്തമായി ഈ വർഷത്തെ ആംനസ്റ്റി പദ്ധതിയിൽ വ്യാപാരികൾക്ക് ഓരോ

വർഷത്തെയും നികുതി കുടിശ്ശികയിന്മേൽ ആംനസ്റ്റി ഓപ്റ്റ് ചെയ്യുവാനുള്ള അവസരം നൽകിയിട്ടുണ്ട്. ഇത് കൂടുതൽ വ്യാപാരികൾ ആംനസ്റ്റി പദ്ധതി സ്വീകരിക്കാൻ ഇടയാക്കുമെന്നാണ് കരുതുന്നത്. കഴിഞ്ഞ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം ഏകദേശം 271 കോടി രൂപയും ഈ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം 30-07-2021 വരെ 94 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങൾ

29 (*329) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഏതെങ്കിലും നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി 3 മാസത്തിനകം

റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 26-07-2021-ലെ സർക്കാർ ഉത്തരവ് പ്രകാരം ഡോ. കെ. സി. സണ്ണി, വൈസ്ചാൻസലർ, നാഷണൽ യുണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ചെയർമാനായും, മുൻ നിയമ സെക്രട്ടറിയും നിയമപരിഷ്കാര കമ്മീഷൻ വൈസ്-ചെയർമാനുമായ ശ്രീ. കെ. ശശിധരൻ നായർ മെമ്പറായും ശ്രീ. റ്റി. നന്ദകുമാർ ഐ.എ.എസ്. (റിട്ട.) മുൻ ഗവൺമെന്റ് സെക്രട്ടറി പ്രത്യേക ക്ഷണിതാവായും 3 അംഗ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പ് സംബന്ധിച്ച് വിവിധ വ്യവസായ അസോസിയേഷനുകളുമായും മറ്റ് വ്യവസായ ഘടകങ്ങളുമായും കൂടിയാലോചനകൾ നടത്തി പ്രസക്തമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും സൂക്ഷ്മ വിശകലനം നടത്തി 3 മാസത്തിനകം ശിപാർശ സമർപ്പിക്കുന്നതിന് പ്രസ്തുത സമിതിയെ ചുമതല പ്പെടുത്തിയിരിക്കുന്നു.

(ബി) എങ്കിൽ പ്രസ്തുത നിയമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഏതെങ്കിലും നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കു

ന്നതിനായി 26-07-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം ഡോ. കെ. സി. സണ്ണി, വൈസ്ചാൻസലർ, നാഷണൽ യുണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ചെയർമാനായും, മുൻ നിയമ സെക്രട്ടറിയും നിയമപരിഷ്കാര കമ്മീഷൻ വൈസ്-ചെയർമാനുമായ ശ്രീ. കെ. ശശിധരൻ നായർ മെമ്പറായും ശ്രീ. റ്റി. നന്ദകുമാർ ഐ.എ.എസ്(റിട്ട.) മുൻ ഗവൺമെന്റ് സെക്രട്ടറി പ്രത്യേക ക്ഷണിതാവായും 3 അംഗ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പ് സംബന്ധിച്ച് വിവിധ വ്യവസായ അസോസിയേഷനുകളുമായും മറ്റ് വ്യവസായ ഘടകങ്ങളുമായും കൂടിയാലോചനകൾ നടത്തി പ്രസക്തമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും സൂക്ഷ്മ വിശകലനം നടത്തി 3 മാസത്തിനകം ശിപാർശ സമർപ്പിക്കുന്നതിന് പ്രസ്തുത സമിതിയെ ചുമതല പ്പെടുത്തിയിരിക്കുന്നു.

കേരള ബാങ്കിന്റെ ആധുനീകരണം

30 (*330) ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ?

(എ) വിവിധ പ്രതിസന്ധിഘട്ടങ്ങളിൽ സംസ്ഥാന സർക്കാരിന് കൈത്താങ്ങായി വർത്തിച്ച സഹകരണ മേഖലയെ സർക്കാർ പദ്ധതികൾ നടപ്പിലാക്കാൻ കൂടി കഴിയുന്ന ഏജൻസിയായി പരിവർത്തനം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

വിവിധ പ്രതിസന്ധി ഘട്ടങ്ങളിൽ സംസ്ഥാന സർക്കാരിന് കൈത്താങ്ങായി വർത്തിച്ച സഹകരണ മേഖല നിലവിൽ സർക്കാരിനുവേണ്ടി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ചെയ്ത് വരുന്നു.

1) കെയർ ഹോം പദ്ധതി പ്രകൃതി ദുരന്ത ലഘൂകരണം ലക്ഷ്യമിട്ട് സഹകരണ വകുപ്പിന്റെ കീഴിലുള്ള സംഘങ്ങളുടെ സഹായത്തോടെ 2000 ത്തിലധികം വീടുകളുടെ നിർമാണം പൂർത്തികരിച്ചു. കൂടാതെ ഭവന രഹിതർക്ക് ഭവന സമുച്ചയം നിർമ്മിക്കുന്നതിന് പദ്ധതി അംഗീകരിച്ച് നടപ്പാക്കി വരുന്നു.

2) തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കൽ- സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികൾ സഹകരണ മേഖല വഴി നടപ്പിലാക്കുന്നുണ്ട്. നൂറ് ദിന കർമ്മ പദ്ധതിയുടെ ഭാഗമായി 19536 തൊഴിലവസരങ്ങൾ വിവിധ വായ്പ

പദ്ധതികളിൽകൂടി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ രണ്ടാം ഘട്ടത്തിൽ 10000 തൊഴിലവസരങ്ങൾ നൽകാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

3) CMHLS (മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പ) പദ്ധതി പ്രകാരം സ്വയം സഹായ സംഘങ്ങൾക്ക് 4 ലക്ഷം രൂപ വരെ ഗ്രൂപ്പ് വായ്പകൾ അനുവദിച്ചിരുന്നു.

4) നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി റൈസ് മില്ലുകൾ ആരംഭിക്കുന്ന പദ്ധതി അംഗീകരിച്ച് നടപ്പാക്കി വരുന്നു.

5) ഓൺലൈൻ വിദ്യഭ്യാസത്തിന് സഹകരണ വകുപ്പിന്റെ ഇടപെടലുകളുടെ ഭാഗമായി വിദ്യാതരംഗിണി എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

6) കെ.എസ്.ആർ.ടി.സി. പെൻഷൻ 2018 ഫെബ്രുവരി മാസം മുതൽ വിരമിച്ച കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കുള്ള പെൻഷൻ വിതരണം സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് തെരഞ്ഞെടുത്ത പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്ത് വരുന്നു.

7)സാമൂഹിക സുരക്ഷ പെൻഷൻ- സാമൂഹ്യ സുരക്ഷാ പെൻഷൻ സർക്കാർ തലത്തിൽ സുഗമമായി നടത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള

സാമൂഹ്യസുരക്ഷാ പെൻഷൻ ലിമിറ്റഡ് കമ്പനിക്ക് പെൻഷൻ വിതരണത്തിനുള്ള തുക സമാഹരിക്കുന്നതിലേക്ക് പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ, മറ്റ് പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടുന്ന കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും വകുപ്പിന്റെ കയ്യൊപ്പ് ചാർത്തുന്ന നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്

(ബി) കേരള ബാങ്കിനെയും അതിന്റെ ഘടകങ്ങളായ സംഘങ്ങളെയും സംസ്ഥാന സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബാങ്കായി മാറ്റിയെടുക്കാൻ കഴിയുംവിധം ഇവയെ പ്രൊഫഷണൽ രീതിയിൽ ആധുനീകരിക്കാൻ പദ്ധതിയുണ്ടോ?

കേരള ബാങ്കിനെ പ്രൊഫഷണൽ ആക്കുന്നതിന്റെ ഭാഗമായി അംഗീകൃത ട്രെയിനിംഗ് സ്ഥാപനങ്ങൾ മുഖേനയും കൂടാതെ NABARD, RBI, BIRD ക്രമീകരിക്കുന്ന ട്രെയിനിംഗ് പ്രോഗ്രാമുകളിലും ബാങ്കിലെ എല്ലാ വിഭാഗത്തിലുമുള്ള ജീവനക്കാരെയും ഉൾപ്പെടുത്തി ട്രെയിനിംഗുകൾ നൽകി വരുന്നുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ മുഴുവൻ ശാഖകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള കോർ ബാങ്കിംഗ് (CBS) നടപ്പാക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ്. ഇതോടൊപ്പം ഡിജിറ്റൽ ബാങ്കിംഗ് പദ്ധതിയും നടപ്പാക്കുന്നുണ്ട്. ഇതോടുകൂടി എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യവും

ഇടപാടുകാർക്ക് നൽകാൻ പ്രാപ്തമാകും. വ്യത്യസ്ത കോർബാങ്കിംഗ് സൊല്യൂഷനുകളിൽ പ്രവർത്തിക്കുന്ന കേരള ബാങ്കിന്റെ ഓഫീസുകളെ ഒരു ഏകീകൃത കോർ ബാങ്കിംഗ് സംവിധാനത്തിൽ കൊണ്ടുവരികയും ആയതു മുഖാന്തിരം കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഉപയോഗപ്രദമായ രീതിയിൽ ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഏകീകൃത കോർ ബാങ്കിംഗ് സംവിധാനം നടപ്പിൽ വരുന്നതോടു കൂടി RTGS/NEFT, Mobile Banking, IMPS (Immediate Payment System), Internet Banking, UPI (Unified Payment Interface) BBPS (Bharath Bill Payment System) CTS (Cheque Truncation System), ATM, Micro ATM, FAST ag, AEPS (Aadhar Enabled Payment System), E-KYC, CKYC, PFMS (Public Finance Management System) DMR (Digital Member Register), NACH (National Automated Clearing House) മുതലായ ഡിജിറ്റൽ സേവനങ്ങൾ എല്ലാം തന്നെ കേരള ബാങ്കിലൂടെ ലഭ്യമാകുന്നതാണ്. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള ബാങ്കിന്റെ

കോർ ബാങ്കിംഗ് സോഫ്റ്റ്വെയർ ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സേവനങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ലഭ്യമാകുന്ന രീതിയിലാണ് ഏകീകൃത സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുള്ളത്.

(സി) എൻ. ആർ. ഐ. നിക്ഷേപം സ്വീകരിക്കുന്നതിനും എൻ. ഇ. എഫ്. റ്റി., ആർ. റ്റി. ജി. എസ്., ഓൺലൈൻ ബാങ്കിംഗ് തുടങ്ങി ന്യൂജനറേഷൻ ബാങ്കുകളോട് കിടപിടിക്കുന്ന തരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കാൻ കേരള ബാങ്കിനെ പ്രാപ്തമാക്കുന്നതിന് പരിപാടിയുണ്ടോ എന്ന് വ്യക്തമാക്കുമോ?

എൻ.ആർ.ഐ നിക്ഷേപം സ്വീകരിക്കുന്നതിന് കേരള ബാങ്കിനെ പ്രാപ്തമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഏകീകൃത കോർബാങ്കിങ്ങ് സംവിധാനം നടപ്പിൽ വരുന്നതോടുകൂടി RTGS/NEFT, Mobile Banking, IMPS(Immediate Payment Interface), Internet Banking, UPI(Unified Payment Interface), BBPS (Bharat Bill Payment System), CTS(Cheque Truncation System), ATM, Micro ATM, FAST ag, AEPS(Aadhaar Enabled Payment System), E-KYC,

CKYC, PEMS(Public Finance Management System), DMR(Digital Member Register), NACH (National Automated Clearing House) മുതലായ ഡിജിറ്റൽ സേവനങ്ങൾ എല്ലാം കേരള ബാങ്കിലൂടെ നൽകി ന്യൂജനറേഷൻ ബാങ്കുകളോട് കിടപിടിക്കുന്ന തരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതിയുണ്ട്. നിലവിൽ കേരള ബാങ്കിന്റെ ഓഫീസുകളിൽ RTGS/NEFT, MobileBanking, IMPS(Immediate Payment System), ATM, Micro ATM, NACH (National Automated Clearing House) മുതലായ ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റവന്യൂ കമ്മി തരണം ചെയ്യാനുള്ള മാർഗ്ഗങ്ങൾ

1 (3421) ശ്രീ. എ. എൻ.ഷംസീർ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങൾ റവന്യൂ ശോഷണം നേരിടുമ്പോഴും കേന്ദ്ര സർക്കാർ ഇന്ധനത്തിന്മേൽ ഉൾപ്പെടെ വിവിധ സെസ്സിനങ്ങളിൽ ഈടാക്കുന്ന തുക വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സെസ്സായി

പിരിച്ചെടുക്കുന്ന തുക സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ സർചാർജ്ജ്, സെസ് എന്നിവ വർദ്ധിക്കുന്നതുമൂലം സംസ്ഥാനങ്ങൾക്കായി വിഭജിക്കാവുന്ന നികുതി വിഹിതത്തിൽ കുറവ് വരുന്നതായി ചൂണ്ടിക്കാണിക്കുകയും സംസ്ഥാനങ്ങൾക്കായി വിഭജിക്കാവുന്ന നികുതി 42% നിന്നും 50% ആയി ഉയർത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) റവന്യൂ കമ്മി തരണം ചെയ്യാനായി മുൻ വർഷം വർദ്ധിപ്പിച്ച് നൽകിയ കടമെടുപ്പ് പരിധി ഈ സാമ്പത്തിക വർഷം കൂടി നിലനിർത്താൻ ആവശ്യപ്പെട്ടിട്ടുണ്ടോ?

ആവശ്യപ്പെട്ടിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനങ്ങളുടെ വാർഷിക കടമെടുപ്പ് പരിധി ജി.എസ്.ഡി.പി.-യുടെ 5 ശതമാനമായി ഉയർത്തുന്നതിനും ഇത് ഉപാധികളില്ലാതെ അനുവദിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ബഹു. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

വൈജ്ഞാനിക സമ്പദ്ഘടന

2 (3422) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈജ്ഞാനിക സമ്പദ്ഘടനയിലേക്ക് കേരളത്തെ നയിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരള ഗവൺമെന്റ് 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേരള നോളജ് മിഷൻ എന്ന പേരിൽ ഒരു ബൃഹത്തായ തൊഴിൽ പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. അഞ്ചുവർഷത്തിനുള്ളിൽ 20 ലക്ഷം അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനായി തൊഴിൽ അന്വേഷകർക്ക് രജിസ്റ്റർ ചെയ്യുന്നതിനും അവരുടെ നൈപുണ്യ വർദ്ധനവിനും തൊഴിൽദാതാക്കളുമായി ബന്ധിപ്പിച്ച് തൊഴിൽ ലഭ്യമാക്കുന്നതിനും കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം തയ്യാറാക്കുമെന്നും പ്രഖ്യാപിക്കുകയുണ്ടായി. ഇതുസംബന്ധിച്ച വിശദമായ സർക്കാർ ഉത്തരവ് (കൈ) നം. 13/2021/പ്ലാനിംഗ്, തീയതി 22-05-2021 പ്രകാരം സർക്കാർ നിർദ്ദേശിച്ചതനുസരിച്ച്, അഞ്ച് വർഷംകൊണ്ട് 20 ലക്ഷം

പേർക്ക് നോളജ് എക്കണോമി മിഷന്റെ ഭാഗമായി ഡിജിറ്റൽ പ്ലാറ്റ്ഫോം സ്ഥാപിച്ച് തൊഴിൽ നൽകുന്നതിനുവേണ്ടിയുള്ള സമഗ്ര പരിപാടിയുടെ സ്ട്രാറ്റജിക് പ്ലാൻ കെ-ഡിസ്ക് തയ്യാറാക്കി സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചു വരികയാണ്. താഴെപ്പറയുന്ന നാല് കാര്യങ്ങൾ മുൻനിർത്തിയാണ് സ്ട്രാറ്റജിക് പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്.

1. ഭാവിയിലെ തൊഴിൽ സാദ്ധ്യതകൾ മുന്നിൽകണ്ടുകൊണ്ട് തൊഴിൽരഹിതരായ വിദ്യാസമ്പന്നർക്കും കരിയർ ബ്രേക്ക് വന്ന പ്രൊഫഷണലുകൾക്കും ഡിജിറ്റൽ പോർട്ടലിൽ രജിസ്ട്രേഷൻ നടത്തുന്നതിനും പരിശീലനം നൽകുന്നതിനും തൊഴിൽദാതാക്കളുമായി സമ്പർക്കം പുലർത്തുന്നതിനും ആവശ്യമായ അവസരങ്ങൾ ഒരുക്കുക.

2. മേൽ വിഭാഗങ്ങൾക്ക് കരിയർ കൗൺസിലിംഗിനായി ഒരു സംവിധാനം ഒരുക്കുകയും നൈപുണി-മൂല്യനിർണ്ണയ പരിശീലന പരിപാടികളിലൂടെ ഇവരെ കൈപിടിച്ചുയർത്തുകയും ചെയ്യുക.

3. പരിശീലനം ലഭിച്ച തൊഴിലന്വേഷകർക്ക് തൊഴിൽദാതാക്കളുമായി ബന്ധപ്പെട്ട് തൊഴിൽ ലഭ്യമാക്കുവാൻ സഹായിക്കുക.

4. താമസസ്ഥലത്തുനിന്നും (വർക്ക് നിയർ ഹോം/വർക്ക് ഫ്രം ഹോം) ജോലിയിൽ ഏർപ്പെടുന്ന വിജ്ഞാന തൊഴിലാളികൾക്കായി സാമൂഹിക സുരക്ഷാ സംവിധാനവും അടിസ്ഥാന സൗകര്യവും സജ്ജമാക്കുക.

മേൽ ഘടകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് വിശദമായ സ്ട്രാറ്റജിക് പേപ്പർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. തൊഴിൽ അന്വേഷകർക്കും അഭ്യസ്തവിദ്യർക്കും തൊഴിൽ ലഭ്യമാക്കുന്നതിനായി രജിസ്ട്രേഷൻ നടത്തുവാൻ DWMS (ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം) എന്ന ഡിജിറ്റൽ പോർട്ടൽ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടുകൂടി രൂപീകരിക്കുകയും അതിന്റെ പ്രവർത്തനം 9-2-2021-ന് ഔദ്യോഗികമായി ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. 23-07-2021 വരെ ആകെ 34719 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 44 പ്രവാസികളും പ്രസ്തുത പോർട്ടലിൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. കൂടാതെ 23-07-2021 വരെ 168 പേർക്ക് ജോലി നൽകുവാനും സാധിച്ചിട്ടുണ്ട്. ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിൽനിന്നും പാവപ്പെട്ടവർ പുറന്തള്ളപ്പെടാതിരിക്കുന്നതിനുവേണ്ടി പ്രത്യേകമായ കർമ്മ പരിപാടികൾ കെ-ഡിസ്കിന്റെ സ്ട്രാറ്റജിക് പേപ്പറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിജ്ഞാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ്, മെഡിക്കൽ ഇൻഷ്വറൻസ് തുടങ്ങിയ ആനുകൂല്യങ്ങളോടൊപ്പം വർക്ക് നിയർ

ഹോം/വർക്ക് ഫ്രം ഹോം സൗകര്യങ്ങൾക്കായി കുറഞ്ഞ പലിശ നിരക്കിൽ ഉപകരണങ്ങൾ, വർക്ക് സ്റ്റേഷൻ സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കുക എന്നതിനും കെ-ഡിസ്ക് കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിൽനിന്നും പുറന്തള്ളപ്പെടുന്നവരെ ശാക്തീകരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് 'പ്ലാറ്റ് ഫോം കോ-ഓപ്പറേറ്റീവ്' എന്ന നൂതനമായ ആശയം കൂടി സ്ട്രാറ്റജിക് പേപ്പറിൽ മുന്നോട്ടുവച്ചിട്ടുണ്ട്. 4000 കോ-ഓപ്പറേറ്റീവ് പ്ലാറ്റ്ഫോം രൂപീകരിക്കാനാണ് കെ-ഡിസ്ക് ഉദ്ദേശിക്കുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ കേരളം കൈവരിച്ച നേട്ടങ്ങൾ

3 (3423) ശ്രീ എ. സി. മൊയ്തീൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. വി. അൻവർ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ കേരളം കൈവരിച്ച നേട്ടങ്ങളെ കേന്ദ്രസർക്കാർ അഭിനന്ദിച്ചിട്ടുണ്ടോ; ഇത്തരം പദ്ധതികളിലെ കേന്ദ്രവിഹിതത്തിന്റെ അനുപാതത്തിലുണ്ടായ കുറവ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട ഫണ്ടുകളുടെ റിലീസ്, വിനിയോഗം എന്നിവ പൂർണ്ണമായും Single Nodal Account സംവിധാനത്തിലൂടെ പി.എഫ്.എം.എസ്. പോർട്ടൽ മുഖേന നടപ്പിലാക്കണമെന്ന് 2021 മാർച്ചിൽ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരുന്നു. ഇതിൻപ്രകാരം ഏതെങ്കിലുമൊരു കേന്ദ്രാവിഷ്കൃത പദ്ധതി പൂർണ്ണമായും പുതിയ മാർഗ്ഗനിർദ്ദേശം/നടപടിക്രമം അനുസരിച്ച് നടപ്പിലാക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. അമൃത്, സ്മാർട്ട് സിറ്റി പദ്ധതികൾ മുഖേനയാണ് ഈ നേട്ടം സംസ്ഥാനം കൈവരിച്ചത്. മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളേയും പുതുക്കിയ നടപടിക്രമത്തിലേയ്ക്ക് മാറ്റുന്നത് പുരോഗമിച്ചുവരുന്നു. പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം, കേന്ദ്രസർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റംവരുത്തുകയും ചില പദ്ധതികൾ മറ്റ് പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. കൂടാതെ, 60 ശതമാനത്തിന് മുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടുണ്ട്.

ഇതോടൊപ്പം, കേന്ദ്രസർക്കാർ നീതി ആയോഗ് നടപ്പിലാക്കിയതിനുശേഷം മധ്യപ്രദേശ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സബ്കമ്മിറ്റിയുടെ കേന്ദ്രാവിഷ്കൃത പദ്ധതികളെയും മറ്റ് ബന്ധപ്പെട്ട പദ്ധതികളെയുംക്കുറിച്ചുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആകെ കേന്ദ്രാവിഷ്കൃത പദ്ധതികൾ 28 എണ്ണമായി കുറയ്ക്കുകയുണ്ടായി. ഇതിൽ 6 എണ്ണം കോർ ഓഫ് ദ കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 20 എണ്ണം കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 2 എണ്ണം ഓപ്ഷണൽ എന്ന ഗണത്തിൽപ്പെടുത്തുകയുമാണുണ്ടായത്.

കോർ ഓഫ് ദ കോർ ഗണം: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുൻപുണ്ടായിരുന്ന ഫണ്ടിംഗ് രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ 90% കേന്ദ്രവും 10% സംസ്ഥാനവും വഹിക്കേണ്ടതാണ്.

കോർ ഗണം: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുൻപ് 75%, 80% എന്ന രീതിയിൽ കേന്ദ്രവിഹിതം ലഭിക്കുമായിരുന്നു.

ഓപ്ഷണൽ ഗണം: ഈ ഗണത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. എന്നാൽ, 2021-22 സാമ്പത്തിക വർഷത്തിലെ

കേന്ദ്ര ബഡ്ജറ്റ് പ്രകാരം കോർ സ്കീമുകളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുള്ളതായി കാണുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണത്തിലും അനുപാതത്തിലും വന്ന കുറവ് പദ്ധതികളുടെ കേന്ദ്ര വിഹിതത്തിലും പ്രതിഫലിക്കുന്നുണ്ട്.

(ബി) കേന്ദ്രത്തിൽ എൻ.ഡി.എ. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിന് ന്യായമായും ലഭിക്കേണ്ടിയിരുന്ന പദ്ധതി വിഹിതത്തിലെ കുറവ് പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ?

കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട ഫണ്ടുകളുടെ റിലീസ്, വിനിയോഗം എന്നിവ പൂർണ്ണമായും Single Nodal Account സംവിധാനത്തിലൂടെ പി.എഫ്.എം.എസ്. പോർട്ടൽ മുഖേന നടപ്പിലാക്കണമെന്ന് 2021 മാർച്ചിൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇതിൻപ്രകാരം ഏതെങ്കിലുമൊരു കേന്ദ്രാവിഷ്കൃത പദ്ധതി പൂർണ്ണമായും പുതിയ മാർഗ്ഗനിർദ്ദേശം/നടപടിക്രമം അനുസരിച്ച് നടപ്പിലാക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. അമൃത്, സ്മാർട്ട് സിറ്റി പദ്ധതികൾ മുഖേനയാണ് ഈ നേട്ടം സംസ്ഥാനം കൈവരിച്ചത്. മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളേയും പുതുക്കിയ നടപടിക്രമത്തിലേയ്ക്ക് മാറ്റുന്നത് പുരോഗമിച്ചുവരുന്നു. പതിനാലാം

ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം, കേന്ദ്രസർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റു പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. കൂടാതെ, 60 ശതമാനത്തിന് മുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടുണ്ട്. ഇതോടൊപ്പം, കേന്ദ്രസർക്കാർ നീതി ആയോഗ് നടപ്പിലാക്കിയതിനുശേഷം മധ്യപ്രദേശ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സബ്കമ്മിറ്റിയുടെ കേന്ദ്രാവിഷ്കൃത പദ്ധതികളെയും മറ്റ് ബന്ധപ്പെട്ട പദ്ധതികളെയുംക്കുറിച്ചുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആകെ കേന്ദ്രാവിഷ്കൃത പദ്ധതികൾ 28 എണ്ണമായി കുറയ്ക്കുകയുണ്ടായി. ഇതിൽ 6 എണ്ണം കോർ ഓഫ് ദ കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 20 എണ്ണം കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 2 എണ്ണം ഓപ്ഷണൽ എന്ന ഗണത്തിൽപ്പെടുത്തുകയുമാണുണ്ടായത്.

കോർ ഓഫ് ദ കോർ ഗണം: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുൻപുണ്ടായിരുന്ന ഫണ്ടിംഗ് രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ 90% കേന്ദ്രവും 10%

സംസ്ഥാനവും വഹിക്കേണ്ടതാണ്. കോർ ഗണം: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുൻപ് 75%, 80% എന്ന രീതിയിൽ കേന്ദ്രവിഹിതം ലഭിക്കുമായിരുന്നു. ഓപ്ഷണൽ ഗണം: ഈ ഗണത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. എന്നാൽ, 2021-22 സാമ്പത്തിക വർഷത്തിലെ കേന്ദ്ര ബഡ്ജറ്റ് പ്രകാരം കോർ സ്കീമുകളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുള്ളതായി കാണുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണത്തിലും അനുപാതത്തിലും വന്ന കുറവ് പദ്ധതികളുടെ കേന്ദ്ര വിഹിതത്തിലും പ്രതിഫലിക്കുന്നുണ്ട്.

(സി) കേന്ദ്രസഹായത്തോടെയോ കേന്ദ്രവിഹിതത്തോടെയോ സംസ്ഥാനത്ത് നടപ്പാക്കേണ്ടുന്ന വിവിധ പദ്ധതികൾക്ക് അപ്രായോഗികമായ നിർദ്ദേശങ്ങളും നിബന്ധനകളും വച്ച് കേന്ദ്രവിഹിതം ലഭിക്കുന്നതിന് കാലതാമസമുണ്ടാക്കുന്നതും നിഷേധിക്കുന്നതും സംസ്ഥാനത്തെ വികസന പ്രവർത്തനത്തിന് ഗുണകരമാവില്ലെന്ന കാര്യം കേന്ദ്രസർക്കാരിനെ ബോധിപ്പിക്കുന്നതിന് നടത്തിയ ശ്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ ദേശീയതലത്തിൽ എല്ലാ സംസ്ഥാനങ്ങളുടേയും ആരോഗ്യ, സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, അടിസ്ഥാനസൗകര്യ വികസന, ജീവിത നിലവാര സൂചികകൾ എന്നിവ പൊതുവായി പരിഗണിച്ചാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ, രാജ്യത്തെ ഭൂരിഭാഗം സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, ആരോഗ്യ, സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, അടിസ്ഥാനസൗകര്യ വികസന, ജീവിത നിലവാര സൂചികകളിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തെ സംബന്ധിച്ചിടത്തോളം, ഇത്തരത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള മിക്ക മാനദണ്ഡങ്ങളും പ്രായോഗികമാകാതെ വരുന്നു. ഈ സാഹചര്യത്തിൽ, സംസ്ഥാനങ്ങളുടെ സവിശേഷ വികസനാവശ്യങ്ങളും സാഹചര്യങ്ങളും അനുസരിച്ച് കേന്ദ്രാവിഷ്കൃത പദ്ധതികൾ പുനരാവിഷ്കരിച്ച് സംസ്ഥാനങ്ങൾക്ക് വിവേചനാധികാരം നൽകുന്ന വിധത്തിൽ പദ്ധതികളുടെ മാനദണ്ഡങ്ങളിൽ അയവു വരുത്തുന്നതുവഴി പ്രസ്തുത പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കാൻ സാധിക്കുന്നതാണ്. പ്രസ്തുത വിഷയത്തിന്മേൽ 08-11-2019-ൽ പതിനാലാം കേരള നിയമസഭ പതിനാറാം സമ്മേളനത്തിൽ അനൗദ്യോഗിക പ്രമേയം പാസ്സാക്കിയിട്ടുള്ളതും പകർപ്പ് കേന്ദ്ര

സർക്കാരിന്റെ പരിഗണനയ്ക്കായി നീതി ആയോഗ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം 60 ശതമാനത്തിൽ നിന്ന് 75 ശതമാനമായി പുന:സ്ഥാപിക്കണമെന്ന് 2021 ഫെബ്രുവരി 21-ന് നടന്ന നീതി ആയോഗിന്റെ ആറാമത് ഗവേണിംഗ് കൗൺസിൽ യോഗത്തിൽ ബഹു. മുഖ്യമന്ത്രി ആവശ്യപ്പെട്ടിരുന്നു.

പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി

4(3425) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രാദേശിക മാദ്ധ്യമ പ്രവർത്തകരുടെ ദീർഘകാല ആവശ്യമായ പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

പത്ര-ദൃശ്യ-ഓൺലൈൻ അച്ചടി മാദ്ധ്യമങ്ങളിൽ ലേഖകരായി പ്രവർത്തിക്കുന്നവർ പല തൊഴിലുകളിൽ ഒന്നു മാത്രമായി പ്രാദേശിക പത്രപ്രവർത്തനം നിർവ്വഹിക്കുന്നവരാണ്. ആയതിനാൽ ഇവർക്കായി

നടപ്പിലാക്കാൻ ആലോചനയിലുണ്ടായിരുന്ന ക്ഷേമനിധി പ്രായോഗികമായി നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധിക്ക് പകരമായി താഴെ പറയുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ട്. '2008-ലെ അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം (കേന്ദ്ര നിയമം) പ്രകാരം 02-02-2016-ലെ ജി.ഒ(പി)നമ്പർ 24/2016/തൊഴിൽ ഉത്തരവ് മുഖേന കേരള അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിൽ വന്നിട്ടുണ്ട്. 19-08-2019-ലെ സ.ഉ(സാധാ)നം.1005/2019/തൊഴിൽ പ്രകാരം പ്രസ്തുത പദ്ധതിയിൽ പ്രാദേശിക പത്രപ്രവർത്തകർക്കും അംഗങ്ങളായി ചേരാൻ കഴിയും. ഈ ക്ഷേമനിധി മുഖേന റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഈ പദ്ധതിയിലെ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് അംഗീകരിച്ചിട്ടുള്ള

ആശുപത്രികളിലോ ഇൻപേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വ കാലയളവിനുള്ളിൽ പരമാവധി 10,000/- രൂപ ചികിത്സാ സഹായമായി ലഭിക്കും.

(ബി) ഇല്ലെങ്കിൽ ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

പത്ര-ദൃശ്യ-ഓൺലൈൻ അച്ചടി മാദ്ധ്യമങ്ങളിൽ ലേഖകരായി പ്രവർത്തിക്കുന്നവർ പല തൊഴിലുകളിൽ ഒന്ന് മാത്രമായി പ്രാദേശിക പത്രപ്രവർത്തനം നിർവ്വഹിക്കുന്നവരാണ്. ആയതിനാൽ ഇവർക്കായി നടപ്പിലാക്കാൻ ആലോചനയിലുണ്ടായിരുന്ന ക്ഷേമനിധി പ്രായോഗികമായി നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധിക്ക് പകരമായി താഴെ പറയുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ട്. ' 2008-ലെ അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം (കേന്ദ്ര നിയമം) പ്രകാരം 02-02-2016-ലെ ജി.ഒ(പി)നമ്പർ 24/2016/തൊഴിൽ ഉത്തരവ് മുഖേന കേരള അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിൽ വന്നിട്ടുണ്ട്. 19-08-2019-ലെ സ.ഉ(സാധാ)നം.1005/2019/തൊഴിൽ പ്രകാരം പ്രസ്തുത പദ്ധതിയിൽ

പ്രാദേശിക പത്രപ്രവർത്തകർക്കും അംഗങ്ങളായി ചേരാൻ കഴിയും. ഈ ക്ഷേമനിധി മുഖേന റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഈ പദ്ധതിയിലെ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻപേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വ കാലയളവിനുള്ളിൽ പരമാവധി 10,000/- രൂപ ചികിത്സാ സഹായമായി ലഭിക്കും.

റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

5 (3426) ശ്രീ ഇ. ചന്ദ്രശേഖരൻ:
ശ്രീ വി. ശശി:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്രസർക്കാരിന്റെ നടപടികൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേന്ദ്രസർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടേയും നോട്ട് നിരോധനത്തിന്റേയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടേയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയേയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിലുണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റേയും ചരക്ക്സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ വായ്പാപരിധി വെട്ടിച്ചുരുക്കിയ കേന്ദ്രസർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യസമയത്ത്

നൽകാത്തതും മുൻവർഷങ്ങളിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും മേൽ പരാമർശിത നയങ്ങളുടെ തുടർച്ചയും നടപ്പ് സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതോടൊപ്പം കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടരുന്ന നിസ്സംഗതയും സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ കോവിഡ് സൃഷ്ടിച്ച ആഘാതവും സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കിയിട്ടുണ്ട്.

(ബി) കോവിഡിന്റെ പശ്ചാത്തലത്തിലുണ്ടായ സാമ്പത്തികമാന്ദ്യം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ എത്രമാത്രം ബാധിക്കുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കാമോ?

മഹാപ്രളയങ്ങളും കോവിഡും സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതിയിൽ വലിയ ആഘാതമാണ് സൃഷ്ടിച്ചിട്ടുള്ളത്. കോവിഡ്-19 മഹാമാരിയും ലോക്ക്ഡൗണും സംസ്ഥാന സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതം സംബന്ധിച്ച കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ

ദ്രുതഗതിയിലുള്ള വിലയിരുത്തലനുസരിച്ച് കേരള സമ്പദ് വ്യവസ്ഥയുടെ മൊത്തം മൂല്യവർദ്ധന വില 2020-21 ഒന്നാം പാദത്തിലെ പ്രതീക്ഷിത നഷ്ടം ഏകദേശം 80,000 കോടി രൂപയാണ്. കോവിഡിനെ തുടർന്ന് രൂപീകരിച്ച വിദഗ്ധ സമിതികളുടെ റിപ്പോർട്ടുകൾ പ്രകാരം 2020-21-ൽ റവന്യൂ വരുമാനത്തിൽ 33,456 കോടി രൂപയുടെ കുറവുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കോവിഡ് മഹാമാരി സംസ്ഥാന സമ്പദ്വ്യവസ്ഥയിൽ സൃഷ്ടിച്ച പ്രത്യാഘാതം കാരണം കഴിഞ്ഞ വർഷം 2020-21-ൽ നമ്മുടെ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനം (GSDP) 3.82 ശതമാനം കണ്ട് കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22-ൽ 6.60 ശതമാനം കൂത്തനെയുള്ള സാമ്പത്തിക വളർച്ച വീണ്ടെടുക്കുമെന്ന് നാം പ്രതീക്ഷിച്ചിരുന്നെങ്കിലും കോവിഡ് - 19 മഹാമാരിയുടെ രണ്ടാം തരംഗം ഈ പ്രതീക്ഷയ്ക്ക് ഒരു പ്രതിബന്ധമാകാൻ സാദ്ധ്യതയുണ്ട്. GSDP-യുടെ വളർച്ചയിലുള്ള മാന്ദ്യം സ്വാഭാവികമായും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങളിൽ അതിന്റെ പ്രതികൂല ഫലങ്ങൾ കൊണ്ടുവരുന്നതാണ്. 2020-21 ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനം ഇടിവ് ഇതിനകം ഉണ്ടായിട്ടുണ്ട്. 2021-22-ൽ റവന്യൂ വരുമാനത്തിൽ 40.67 ശതമാനം കൂത്തനെയുള്ള വളർച്ച പ്രതീക്ഷിക്കുന്നുവെങ്കിലും ഉയർന്ന

കോവിഡ്-19 കേസുകൾ അനിവാര്യമാക്കിയ ലോക്ഡൗണിന്റെ അനന്തരഫലമായി ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്. അധികചെലവ് ബാദ്ധ്യതകളോടൊപ്പം സംസ്ഥാന ധനസ്ഥിതിക്ക്, ഉയർന്ന വരുമാന കമ്മിയും അതുപോലെ ധനകമ്മിയും ഉണ്ടാകാൻ സാധ്യതയുണ്ട്. വാക്സിനേഷനിലൂടെ കോവിഡ് മഹാമാരി നിയന്ത്രിക്കുവാൻ സാധിച്ചു കഴിഞ്ഞാൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാനത്തിന്റെ തനതു നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ, ലീവ് സറണ്ടർ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ

ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ 05-11-2020-ലെ സ.ഉ.(അ)നം.152/2020/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആസൂത്രണ സാമ്പത്തികകാര്യ (സിപിഎംയു) വകുപ്പിന്റെ 25-10-2019-ലെ സ.ഉ (കൈ) നം.457/2019/പി&ഇ.എ ഉത്തരവ് പ്രകാരം സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാനും വിഭവസമാഹരണം മെച്ചപ്പെടുത്തുവാനും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള വിഭവ സമാഹരണ കമ്മിറ്റി (RMC) - യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ വ്യക്തമായ ശിപാർശ സമർപ്പിക്കുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നല്കിയിരുന്നു. വകുപ്പ് മേധാവികളിൽനിന്നും ലഭ്യമാകുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

- വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ.

- നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.
- ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.
- വിവര സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.
- ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള നടപടികൾ.
- ഇന്റലിജൻസ് വിഭാഗം ഊർജിതമായ വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ. എൻ. പി. ആർ. ക്യാമറ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറ) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, പഴയ ചെക്ക് പോസ്റ്റ് പ്രദേശങ്ങളിൽ പ്രത്യേക സർവൈലൻസ് സ്ക്വാഡുകൾ, രജിസ്ട്രേഷൻ ബാധ്യതയുള്ളവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

- വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനായി തിരുവനന്തപുരം - അമരവിള, പാലക്കാട് – വാളയാർ കാസർഗോഡ് - ബംഗ്ര മഞ്ചേശ്വരം എന്നിവിടങ്ങളിൽ കമാൻഡ് സെന്ററുകൾ സ്ഥാപിച്ച് റോഡുകളിൽ സ്ക്വാഡുകളുടെ സജീവ സാന്നിദ്ധ്യം ഉറപ്പാക്കിയിട്ടുണ്ട്.
- ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഉദ്യോഗസ്ഥർക്ക് "ബോഡിവോൺ " ക്യാമറയുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.
- അണ്ടർ വാല്യൂവേഷൻ കേസുകൾ, ബിൽ തുടങ്ങിയവ ജി.എസ്.റ്റി. പോർട്ടലിലേക്ക് അപ്ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി.
- ജി.എസ്.ടി.-യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) നികുതി പിരിവ് കാര്യക്ഷമമാക്കുവാനും നികുതി കുടിശ്ശിക പിരിച്ചെടുക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ ലീവ് സറണ്ടർ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ 05-11-2020-ലെ സ.ഉ.(അ)നം.152/2020/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആസൂത്രണ സാമ്പത്തികകാര്യ (സിപിഎംയു) വകുപ്പിന്റെ 25-10-2019 ലെ സ.ഉ (കൈ) നം.457/2019/പി&ഇ.എ ഉത്തരവ് പ്രകാരം സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാനും വിഭവസമാഹരണം മെച്ചപ്പെടുത്തുവാനും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള വിഭവ സമാഹരണ കമ്മിറ്റി (RMC) – യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ വ്യക്തമായ ശിപാർശ സമർപ്പിക്കുന്നതിന്

എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നല്കിയിരുന്നു. വകുപ്പ് മേധാവികളിൽ നിന്നും ലഭ്യമാകുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

- വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ.
- നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.
- ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.
- വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.
- ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള നടപടികൾ.

- ഇന്റലിജൻസ് വിഭാഗം ഊർജ്ജിതമായ വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ.എൻ.പി.ആർ. ക്യാമറ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറ) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, പഴയ ചെക്ക് പോസ്റ്റ് പ്രദേശങ്ങളിൽ പ്രത്യേക സർവൈലൻസ് സ്ക്വാഡുകൾ, രജിസ്ട്രേഷൻ ബാധ്യതയുള്ളവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു.
- വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനായി തിരുവനന്തപുരം - അമരവിള, പാലക്കാട് – വാളയാർ കാസർഗോഡ് - ബംഗ്ര മഞ്ചേശ്വരം എന്നിവിടങ്ങളിൽ കമാൻഡ് സെന്ററുകൾ സ്ഥാപിച്ച് റോഡുകളിൽ സ്ക്വാഡുകളുടെ സജീവ സാന്നിധ്യം ഉറപ്പാക്കിയിട്ടുണ്ട്.
- ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഉദ്യോഗസ്ഥർക്ക് " ബോഡിവോൺ " ക്യാമറയുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.
- അണ്ടർ വാല്യൂവേഷൻ കേസുകൾ, ബിൽ തുടങ്ങിയവ ജി.എസ്.ടി. പോർട്ടലിലേക്ക് അപ്ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി.

- ജി. എസ്. ടി.-യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കൃഷി ബില്ലുകൾ

6 (3427) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കൃഷി ബില്ലുകളാക്കി മാറ്റിയ ബില്ലുകൾക്ക് തൊട്ടടുത്ത സാമ്പത്തിക വർഷങ്ങളിൽ അഡീഷണൽ തുക നൽകിയിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ടഷറി പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച പശ്ചാത്തലത്തിൽ സാമ്പത്തിക വർഷത്തെ അവസാന ദിവസമായ മാർച്ച് 31-ന് ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ പാസാക്കുവാൻ സാധിക്കാത്ത ബില്ലുകളും

ചെക്കുകളുമാണ് പ്രധാനമായും ട്രഷറി കൃവിൽ ഉൾപ്പെടുത്തിയിരുന്നത്. സാമ്പത്തിക വർഷാവസാനം വളരെയധികം ബില്ലുകളും ചെക്കുകളും ട്രഷറികളിൽ സമർപ്പിക്കുന്ന പ്രവണതയുണ്ട്. അപ്രകാരം സമർപ്പിക്കുന്ന ബില്ലുകളും ചെക്കുകളും മുകളിൽ പ്രതിപാദിച്ച സമയപരിധിക്കുള്ളിൽ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി പാസാക്കി നൽകുവാൻ കഴിയാത്ത സാഹചര്യം മൂലമായിരുന്നു ട്രഷറി കൃ ഏർപ്പെടുത്തിയിരുന്നത്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം ഇത് മുൻകൂട്ടി കണ്ട് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും കൃ സിസ്റ്റം ഉണ്ടാകില്ലായെന്ന് വ്യക്തമാക്കുകയും ചെയ്തിരുന്നു. 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ കൃ ബില്ലുകളാക്കി മാറ്റിയ ബില്ലുകൾക്ക് ഭരണ വകുപ്പ് ശിപാർശ ലഭ്യമാക്കിയതനുസരിച്ച് അടുത്ത സാമ്പത്തിക വർഷം തുക അനുവദിച്ചിരുന്നു.

കോവിഡ് വാക്സിൻ ലഭ്യമാക്കുന്നതിനുള്ള ചെലവ്

7 (3428) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും കോവിഡ് വാക്സിൻ ലഭ്യമാക്കുക എന്ന നയത്തിന്റെ ഭാഗമായി ധനവകുപ്പിന് ചെലവായ തുക എത്രയെന്നും വാങ്ങിയ വാക്സിന്റെ അളവ് എത്രയെന്നും വ്യക്തമാക്കുമോ?

നടപ്പു സാമ്പത്തിക വർഷം 2210-80-190-36 (NP) Grant-in-aid to KMSCL എന്ന ശീർഷകത്തിൽ വകയിരുത്തിയ 324 കോടി രൂപയിൽ നിന്നും 318.2747 കോടി രൂപ വ്യക്തിഗത സംരക്ഷണ കിറ്റുകൾ, ടെസ്റ്റ് കിറ്റുകൾ, Critical care equipment, കോവിഡ് വാക്സിൻ എന്നിവയ്ക്ക് വേണ്ടി ചെലവഴിക്കാൻ KMSCL-ന് അനുമതി നൽകിയിട്ടുണ്ട്. ആകെ 13,42,540 ഡോസ് കോവിഡ് വാക്സിൻ സംഭരിച്ചതിൽ 8,84,290 ഡോസ് കോവിഡ് വാക്സിന്റെ വിലയായി 29,29,97,250 രൂപ വാക്സിൻ കമ്പനികൾക്ക് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നയം നടപ്പാക്കാൻ വിവിധ മേഖലകളിൽ നിന്നും എത്ര തുകയുടെ സഹായം ലഭ്യമായി; വിശദാംശം ലഭ്യമാക്കുമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 27-03-2020 മുതൽ 30-07-2021 വരെ 817.50 കോടി രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

(സി) എല്ലാവർക്കും വാക്സിൻ ഉറപ്പാക്കുന്നതിനായി ആകെ ആവശ്യമുള്ള തുക എത്രയെന്നും ഇതുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന കേന്ദ്ര സഹായങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

രാജ്യത്തെ നിലവിലുള്ള വാക്സിൻ നയം പ്രകാരം 18 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാവർക്കും കോവിഡ് വാക്സിൻ സൗജന്യമാണ്.

തൊഴിലുറപ്പ് പദ്ധതിയിലെ വേതന കുടിശ്ശിക

8(3429) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടവരുടെ 15-07-2020 മുതലുള്ള വേതന കുടിശ്ശിക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നൽകുന്നതിനുവേണ്ടി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2020-21 സാമ്പത്തിക വർഷം അയ്യൻകാളി നഗരതൊഴിലുറപ്പു പദ്ധതിക്കായി 105.21 കോടി രൂപ വകയിരുത്തുകയും ആയത് നഗരസഭകൾക്ക് വിതരണം ചെയ്തിട്ടുള്ളതുമാണ്. 2021-22 സാമ്പത്തിക വർഷം പദ്ധതിക്കായി 100 കോടി രൂപ വകയിരുത്തിയിട്ടുള്ളതും നാളിതുവരെ 32.50 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. 15-07-2020 മുതൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) അവിദഗ്ധ തൊഴിലാളികൾക്ക് നൽകുന്ന വേതനത്തിൽ കുടിശ്ശികയില്ല. എന്നാൽ 2020-21 സാമ്പത്തിക വർഷം ടൈബൽ പ്ലസ് പദ്ധതിയിൽ 12.11 കോടി രൂപ വേതന ഇനത്തിൽ കുടിശ്ശികയുണ്ടായിരുന്നു. അതിൽ 9 കോടി രൂപ 28-07-

2021-ന് അനുവദിച്ചിട്ടുണ്ട്. ബാക്കി നൽകുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കോവിഡ് കാരണം തൊഴിലാളികൾക്ക് നൽകേണ്ട തൊഴിൽ ദിനങ്ങളിൽ കുറവുണ്ടായിട്ടുണ്ടോ; നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ, തൊഴിൽദിന കൂടിശ്ശികയായി കണക്കാക്കി പിന്നീട് അനുവദിച്ച് നൽകുമോ; വിശദമാക്കാമോ?

ഇല്ല. 2019-20 സാമ്പത്തിക വർഷം അയ്യൻകാളി നഗരതൊഴിലുറപ്പു പദ്ധതിയുടെ കീഴിൽ 26.80 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ടി സാമ്പത്തിക വർഷം 64.25 കോടി രൂപ നഗരസഭകൾ ചെലവഴിച്ചിട്ടുള്ളതുമാണ്. 2020-21 സാമ്പത്തിക വർഷം അയ്യൻകാളി നഗരതൊഴിലുറപ്പു പദ്ധതിയുടെ കീഴിൽ 32.53 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും 90.57 കോടി രൂപ നഗരസഭകൾ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ 2020-21 സാമ്പത്തിക വർഷം 6 ലക്ഷത്തിൽപ്പരം തൊഴിൽ ദിനങ്ങളുടെ വർധനവും നഗരസഭാ തലത്തിൽ ചെലവഴിച്ച തുകയിൽ 26 കോടി രൂപയുടെ വർധനവും ഉണ്ടായിട്ടുള്ളതാണ്. 2020-21 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 10 കോടി

തൊഴിൽ ദിനങ്ങൾ അടങ്ങിയ ലേബർ ബഡ്ജറ്റിന് അംഗീകാരം ലഭ്യമായതിൽ 10.23 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയുണ്ടായി. 2021-22 സാമ്പത്തിക വർഷം 7.5 കോടി തൊഴിൽ ദിനങ്ങളുടെ ലേബർ ബഡ്ജറ്റിന് അംഗീകാരം ലഭ്യമായതിൽ നാളിതുവരെ 0.99 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഒരു സാമ്പത്തിക വർഷം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ, തൊഴിൽദിന കുടിശ്ശികയായി പിന്നീട് അനുവദിച്ചു നൽകുന്നതിന് തൊഴിലുറപ്പ് നിയമത്തിൽ വ്യവസ്ഥയില്ല.

(സി) കോവിഡ് കാലത്ത് നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾക്ക് സമാശ്വാസമായി ഏതെങ്കിലും തരത്തിലുള്ള സഹായം തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. 2019-20 സാമ്പത്തിക വർഷം മുതൽ 100 ദിവസം തൊഴിൽ ചെയ്ത കുടുംബങ്ങൾക്ക് 1000/- രൂപ വീതം ഉത്സവ ബത്തയായി അനുവദിച്ചു വരുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികവിഹിതം

9(3430) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുതുക്കുവാൻ സർക്കാർ ആവശ്യപ്പെട്ടിരുന്നോ; ഈ സ്ഥാപനങ്ങൾക്ക് 20 ശതമാനം പദ്ധതി വിഹിതം അധികമായി നൽകുമെന്ന വാഗ്ദാനം നിറവേറ്റിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. 2020-21 സാമ്പത്തിക വർഷം അനുവദിച്ചിരുന്ന ബഡ്ജറ്റ് വിഹിതം 90 ശതമാനത്തിന് മുകളിൽ വിനിയോഗിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ക്യാരി ഓവർ വിഹിതമായി 543.43 കോടി രൂപ അനുവദിച്ചിരുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ വിനിയോഗിക്കാത്ത മുഴുവൻ തുകയായ 942.09 കോടി രൂപയും പുനരനുവദിച്ചിട്ടുണ്ട്.

സീനിയറേജ് ഒഴിവാക്കിയത് കാരണമുള്ള സാമ്പത്തിക നഷ്ടം

10(3431) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാട്ടത്തിന് നൽകിയ തോട്ടങ്ങളിലെ റബ്ബർ മരങ്ങൾ മുറിക്കുന്നതിനുള്ള സീനിയറേജ് ഒഴിവാക്കിയത് കാരണം സംസ്ഥാന ഖജനാവിന് കഴിഞ്ഞ

സാമ്പത്തിക വർഷം എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വനം വന്യജീവി (ബി) വകുപ്പിന്റെ 27-06-2018-ലെ സ.ഉ (കൈ) നം.24/2018/വനം ഉത്തരവ് പ്രകാരം റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ നിലവിൽ റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ ഈടാക്കുന്ന സീനിയറേജ് തുക ഒഴിവാക്കിയിട്ടുള്ളത്. ടി ഉത്തരവിന്മേൽ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷനുകളായ 4076/2018 & 42622/18 നമ്പർ കേസിൽ 18-02-2019-ൽ ബഹു.കോടതി പുറപ്പെടുവിച്ച ഇടക്കാല വിധിയിൽ അന്തിമവിധിക്ക് വിധേയമായി കോടതി വിധിക്കുന്ന തരത്തിൽ സീനിയറേജ് അടച്ചുകൊള്ളാമെന്ന് രേഖാമൂലമുള്ള ഉറപ്പ് (ബോണ്ട്) സംസ്ഥാന സർക്കാരിന് പാട്ടക്കാർ നൽകി മരങ്ങൾ മുറിക്കാമെന്ന് ഉത്തരവായിരുന്നു. ബഹു. കോടതിയുടെ ഇടക്കാല വിധിക്ക് വിധേയമായിട്ടാണ് പാട്ടത്തിന് നൽകിയ തോട്ടങ്ങളിലെ റബ്ബർ മരങ്ങൾ മുറിക്കുന്നതിനുള്ള സീനിയറേജ് ഒഴിവാക്കി മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 11-06-2019-ൽ സ.ഉ(സാധാ)നം.213/2019/വനം ഉത്തരവ് ഉണ്ടായിട്ടുള്ളത്. ആകയാൽ മേൽ കേസിൽ ബഹു. ഹൈക്കോടതിയുടെ

അന്തിമവിധിക്ക് വിധേയമായി സർക്കാർ തീരുമാനമുണ്ടാകുന്ന മുറയ്ക്കുമാത്രമേ നഷ്ടം കണക്കാക്കാൻ കഴിയുകയുള്ളൂ.

കോവിഡും സംസ്ഥാന സമ്പദ്ഘടനയും

11(3432) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനവും റവന്യൂ ചെലവും എത്രയാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്; കോവിഡ് രണ്ടാം തരംഗം ഇതിനെ ഏത് തരത്തിലാണ് ബാധിച്ചത്; കഴിഞ്ഞ സാമ്പത്തിക വർഷം റവന്യൂ വരുമാനവും റവന്യൂ ചെലവും എത്രയായിരുന്നു?

2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ റവന്യൂ വരുമാനമായി 114635.90 കോടി രൂപയും റവന്യൂ ചെലവായി 129837.37 കോടി രൂപയും പ്രതീക്ഷിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2020-21 സാമ്പത്തിക വർഷത്തെ പ്രാരംഭ കണക്കുകൾ പ്രകാരം റവന്യൂ വരുമാനമായി 96673.91 കോടി രൂപ ലഭിച്ചപ്പോൾ 119930.06 കോടി രൂപ റവന്യൂ ചെലവ് രേഖപ്പെടുത്തി. കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ തനത് വരുമാനം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കോവിഡ്-

19 നേരിടുന്നതിനുള്ള വിവിധ ക്ഷേമപ്രവർത്തനങ്ങൾക്കായി അധിക വിഹിതം വിവിധ സെക്ടറുകൾക്കായി അനുവദിക്കേണ്ടി വന്നതുമൂലം റവന്യൂ ചെലവിനത്തിൽ പുന:ക്രമീകരണം നടത്തിയിട്ടുണ്ട്.

(ബി) 2021-22 സാമ്പത്തിക വർഷം കോവിഡ് മഹാമാരിയുണ്ടാക്കിയ നഷ്ടം മറികടക്കാൻ എന്തെല്ലാം പദ്ധതികളാണ് ഉദ്ദേശിക്കുന്നത്?

കോവിഡ് രണ്ടാം തരംഗം സൃഷ്ടിച്ച ആഘാതം പരിഹരിക്കുന്നതിനായി പ്രഖ്യാപിച്ച പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

കാർഷിക വായ്പകൾക്ക് മൊറട്ടോറിയം

12(3433) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പകൾക്ക് മൊറട്ടോറിയം നിലവിലുള്ളത് എന്നുവരെയാണെന്ന് വ്യക്തമാക്കാമോ?

ഹ്രസ്വകാല കാർഷിക ഉൽപാദന വായ്പയെടുത്തിട്ടുള്ള കർഷകർക്ക് പലിശ സബ്സിഡി നഷ്ടപ്പെടാതെയും പിഴപലിശ ഈടാക്കാതെയും പുതുക്കി നൽകുന്നതിനുള്ള നിർദ്ദേശം റിസർവ് ബാങ്ക് ബാങ്കുകൾക്ക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്,

നൽകിയിട്ടുള്ളതാണ്. ഈ ആനുകൂല്യപ്രകാരം 01-03-2021-നും 30-06-2021-നും ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ ജൂൺ 30-ന് മുമ്പ് പുതുക്കി നൽകിയാലും പലിശ സബ്സിഡിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

(ബി) സംസ്ഥാനം കോവിഡ് മഹാമാരിയിൽ നിന്നും മുക്തമാകുന്നതുവരെ കാർഷിക വായ്പകൾക്ക് മൊറട്ടോറിയം നീട്ടാൻ തയ്യാറാകുമോ?

കോവിഡ്-19 രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31-12-2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സർക്കാർ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

വിദ്യാഭ്യാസ വായ്പ

13(3434) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരെ സഹായിക്കാൻ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ കടക്കെണിയിലായ താഴ്ന്നതും മധ്യശ്രേണിയിലുമുള്ള വിഭാഗക്കാരെ സഹായിക്കുന്നതിനായി 16-05-2017-ലെ സ.ഉ (പി)നം..65/2017/ധന. പ്രകാരം സർക്കാർ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 01-04-2012 മുതൽ 31-03-2016 വരെയുള്ള കാലയളവിൽ തിരിച്ചടവ് തുടങ്ങിയതും നിഷ്ക്രിയ ആസ്തി ആകാത്തതുമായ വായ്പയെടുത്ത അപേക്ഷകർക്ക് 2016-17 മുതൽ 2019-20 വരെയുള്ള 4 വർഷകാലയളവിലേയ്ക്ക് വാർഷിക തിരിച്ചടവ് തുകയുടെ ഒരു നിശ്ചിത ശതമാനം തുക സർക്കാർ തിരിച്ചടവ് സഹായമായി നൽകി വരുന്നു. കൂടാതെ, നിഷ്ക്രിയ ആസ്തിയായി മാറിയിട്ടുള്ളതും 31-03-2016-ൽ നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്ത വിദ്യാഭ്യാസ വായ്പകൾ തീർപ്പാക്കുന്നതിനും സർക്കാർ സഹായം നൽകിവരുന്നു. പദ്ധതിയിലേയ്ക്കുള്ള അപേക്ഷ സ്വീകരിക്കുന്നതിനായി തയ്യാറാക്കിയ പോർട്ടൽ വഴി 31-01-2018 വരെ ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചിരുന്നു. പദ്ധതി

മാനദണ്ഡങ്ങളനുസരിച്ച് ബാങ്ക് പരിശോധിച്ച് എസ്.എൽ.ബി.സി-യുടെ ശിപാർശയോടെ സർക്കാരിന് സമർപ്പിച്ച 20,933 അപേക്ഷകളിലായി ഇതുവരെ ആകെ 207.29 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ കടക്കെണിയിലായ താഴ്ന്നതും മധ്യശ്രേണിയിലുമുള്ള വിഭാഗക്കാരെ സഹായിക്കുന്നതിനായി 16-05-2017-ലെ സ.ഉ(പി)നം.65/2017/ധന. ഉത്തരവ് പ്രകാരം സർക്കാർ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 01-04-2012 മുതൽ 31-03-2016 വരെയുള്ള കാലയളവിൽ തിരിച്ചടവ് തുടങ്ങിയതും നിഷ്ക്രിയ ആസ്തി ആകാത്തതുമായ വായ്പയെടുത്ത അപേക്ഷകർക്ക് 2016-17 മുതൽ 2019-20 വരെയുള്ള 4 വർഷകാലയളവിലേയ്ക്ക് വാർഷിക തിരിച്ചടവ് തുകയുടെ ഒരു നിശ്ചിത ശതമാനം തുക സർക്കാർ തിരിച്ചടവ് സഹായമായി നൽകി വരുന്നു. കൂടാതെ, നിഷ്ക്രിയ ആസ്തിയായി മാറിയിട്ടുള്ളതും 31-03-2016-ൽ നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്ത വിദ്യാഭ്യാസ വായ്പകൾ തീർപ്പാക്കുന്നതിനും സർക്കാർ

സഹായം നൽകിവരുന്നു. പദ്ധതിയിലേയ്ക്കുള്ള അപേക്ഷ സ്വീകരിക്കുന്നതിനായി തയ്യാറാക്കിയ പോർട്ടൽ വഴി 31-01-2018 വരെ ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചിരുന്നു. പദ്ധതി മാനദണ്ഡങ്ങളനുസരിച്ച് ബാങ്ക് പരിശോധിച്ച് എസ്.എൽ.ബി.സി.-യുടെ ശിപാർശയോടെ സർക്കാരിന് സമർപ്പിച്ച 20,933 അപേക്ഷകളിലായി ഇതുവരെ ആകെ 207.29 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

കിഫ്ബി പദ്ധതികൾ തെരഞ്ഞെടുക്കുന്നതിലെ മാനദണ്ഡങ്ങൾ

14(3435) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികൾ തെരഞ്ഞെടുക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ബഡ്ജറ്റ് പ്രസംഗങ്ങളിൽ കിഫ്ബി പദ്ധതിയായി സർക്കാർ പ്രഖ്യാപിച്ചതോ ക്യാബിനറ്റ് അംഗീകാരം നേടിയതോ ആയ പദ്ധതികളാണ് 24-02-2018-ലെ സ.ഉ.(കൈ)നം.69/2018/ധന മാനദണ്ഡപ്രകാരം കിഫ്ബിയുടെ സാമ്പത്തിക സഹായത്തിനായി പരിഗണിക്കുന്നത്. പ്രസ്തുത സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്,

(ബി) സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്നവ കിഫ്ബി ഏറ്റെടുത്ത് നടത്തുന്നുണ്ടോ; എങ്കിൽ ഈ വർഷം എത്ര പദ്ധതികൾ ഇപ്രകാരം ഏറ്റെടുത്തിട്ടുണ്ട്?

ഇല്ല.

വാർഷിക പദ്ധതി

15(3436) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാരിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുന്നവ കിഫ്ബി ഏറ്റെടുത്ത് നടത്തുന്നുണ്ടോ; എങ്കിൽ വാർഷിക പദ്ധതി ചെലവ് കിഫ്ബി പദ്ധതികളുടെ ചെലവിന്റെ അടിസ്ഥാനത്തിലാണോ നിർണ്ണയിക്കപ്പെടുന്നതെന്ന് വ്യക്തമാക്കാമോ?

സർക്കാരിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുന്നവ കിഫ്ബി ഏറ്റെടുത്ത് നടത്തുന്നില്ല. ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കാക്കിയിട്ടാണ് ആസൂത്രണ ബോർഡ് മൊത്തം പദ്ധതി അടങ്കൽ നിശ്ചയിക്കുന്നതും അതിനാനുപാതികമായി ഓരോ പദ്ധതിക്കും തുക വകയിരുത്തി വരുന്നതും. സംസ്ഥാന വാർഷിക പദ്ധതിയുൾപ്പെടുന്ന പദ്ധതികളുടെ നിർവ്വഹണത്തിനാവശ്യമായ തുക

ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകങ്ങളിൽ ഉൾപ്പെടുത്തി നിർവ്വഹണ എജൻസികൾ/വകുപ്പുകൾക്ക് സംസ്ഥാന അക്കൗണ്ടിൽ നിന്നു തന്നെ നൽകി വരുന്നതിനാൽ പ്രസ്തുത രീതിയിൽ അനുവദിക്കുന്ന തുകകൾ മാത്രമാണ് വാർഷിക പദ്ധതി ചെലവ് നിർണ്ണയിക്കുന്നതിനായി കണക്കിലെടുക്കുന്നത്. കിഫ്ബി വഴി ഫണ്ടിംഗ് നടത്തുന്ന പദ്ധതികളുമായി ബന്ധപ്പെട്ട ചെലവ് വാർഷിക പദ്ധതിയുടെ ഭാഗമായി കണക്കാക്കുന്നില്ല.

പയ്യന്നൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

16(3437) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പട്ടിക നിലവിലെ സ്ഥിതി സഹിതം അനുബന്ധമായി ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി ധനസഹായം ലഭിച്ച മാനന്തവാടിയിലെ സ്കൂളുകൾ

17(3438) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായമായ മൂന്ന് കോടി രൂപ അനുവദിച്ച മാനന്തവാടി നിയോജകമണ്ഡലത്തിലെ സ്കൂളുകൾ ഏതെല്ലാമാണ്?

കിഫ്ബി ധനാനുമതി നൽകിയ മാനന്തവാടി നിയോജകമണ്ഡലത്തിലെ 3 കോടി വിഭാഗത്തിൽ ഉൾപ്പെട്ട സ്കൂൾ പദ്ധതികൾ അനുബന്ധമായി നൽകുന്നു.*

(ബി) പ്രസ്തുത സ്കൂളുകളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഏത് ഏജൻസിയാണെന്ന് അറിയിക്കുമോ?

പ്രസ്തുത സ്കൂളുകളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളുടെ വിശദാംശം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*

(സി) പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

ഇടക്കോലി-ഉഴവൂർ കോട്ടയം മെഡിക്കൽ കോളേജ് റോഡ്

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്,

18(3439) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പാക്കുന്ന ഇടക്കോലി-ഉഴവൂർ കോട്ടയം മെഡിക്കൽ കോളേജ് റോഡിന്റെ പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഇടക്കോലി – ഉഴവൂർ കോട്ടയം മെഡിക്കൽ കോളേജ് റോഡ് പദ്ധതിയുടെ ഡി.പി.ആർ. എസ്.പി.വി.-യായ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയുടെ 10 മീറ്റർ വീതി ലഭ്യമായിട്ടുള്ള സ്ട്രെച്ചുകൾ ചെയിനേജ് സഹിതവും ബാക്കി സ്ഥലങ്ങളിലും ലാൻഡ് അക്വിസിഷൻ സാധിക്കുമോ എന്നതിന്മേൽ കേരള റോഡ് ഫണ്ട് ബോർഡ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

പ്രസ്തുത റിപ്പോർട്ട് കിഫ്ബിയിൽ ലഭിച്ചിട്ടില്ല.

(സി) ഈ പദ്ധതി കിഫ്ബി അംഗീകരിച്ചിട്ടുണ്ടോ; ആയതിന് വേണ്ട തുടർനടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടില്ല. കിഫ്ബിയുടെ ധനാനുമതിക്കായി പദ്ധതി നിർവ്വഹണ ഏജൻസി

കിഫ്ബിയിൽ വിശദപദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) സമർപ്പിക്കുകയും അത് കിഫ്ബി അവലോകന വിഭാഗം പരിശോധിക്കുകയും ചെയ്യുന്നു. പ്രസ്തുത ഡി.പി.ആർ. കിഫ്ബി മാനദണ്ഡപ്രകാരം അല്ലാത്തപക്ഷം അതിൻ പ്രകാരം ആക്കുന്നതിലേയ്ക്കായി കിഫ്ബി സാങ്കേതിക അവലോകന റിപ്പോർട്ട് നൽകുന്നു. അവലോകന റിപ്പോർട്ടിൽ ആവശ്യപ്പെടുന്നതനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തി ടി റിപ്പോർട്ടിനുള്ള മറുപടി പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുമ്പാകെ സമർപ്പിച്ച് പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകുന്നു. ഇടക്കോലി-ഉഴവൂർ കോട്ടയം മെഡിക്കൽ കോളേജ് റോഡ് പദ്ധതിയുടെ ഡി.പി.ആർ. പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിച്ചിട്ടില്ലാത്തതിനാൽ മേൽ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

കിഫ്ബി മുഖേന മലയോര ഹൈവേ നിർമ്മാണം

19(3440) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര ഹൈവേ നിർമ്മാണത്തിനായി കിഫ്ബി മുഖേന എത്രകോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഈ റോഡുകളിൽ പുതുതായി എത്ര പാലങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് മലയോര ഹൈവേ നിർമ്മാണത്തിനായി കിഫ്ബി മുഖേന 1530.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ പുതിയതായി പാലങ്ങളൊന്നുംതന്നെ അനുവദിച്ചിട്ടില്ല. എന്നാൽ അംഗീകാരം നൽകിയിട്ടുള്ള മലയോര ഹൈവേ സ്ട്രെച്ചുകളിൽ ഉൾപ്പെടുന്ന പാലങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാറുണ്ട്.

(ബി) ഇതിൽ ഇനി എത്ര കിലോമീറ്റർ റോഡ് പൂർത്തീകരിക്കാനുണ്ടെന്നും ഏതൊക്കെ ജില്ലകളിലാണ് പൂർത്തീകരിക്കേണ്ടതെന്നും വ്യക്തമാക്കാമോ?

കിഫ്ബി ധനാനുമതി നൽകിയ മലയോര ഹൈവേ പദ്ധതികളുടെ നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കിഫ്ബി മുഖേന അനുവദിച്ച കുടിവെള്ള-സ്റ്റേഡിയം പദ്ധതികൾ

20(3441) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി മുഖേന കൂടിവെള്ള പദ്ധതികൾക്കും സ്റ്റേഡിയങ്ങൾക്കുമായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും എത്ര പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കിഫ്ബി മുഖേന അനുവദിച്ച കൂടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങളും സ്റ്റേഡിയങ്ങളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപ്പാലം നിർമ്മാണ പദ്ധതി

21(3442) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തരം മലമ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്ന അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപ്പാലം എന്ന പദ്ധതിക്ക് ആകെ എത്ര രൂപയുടെ സാമ്പത്തികാനുമതിയാണ് നൽകിയതെന്ന് അറിയിക്കാമോ?

അകത്തേത്തറ നടക്കാവിൽ റെയിൽവേ മേൽപ്പാലം പദ്ധതിക്ക് 35.98 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് സ്ഥലം ഏറ്റെടുക്കുന്നതിനും യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനും റെയിൽവേയ്ക്ക് അടയ്ക്കുന്നതിനുമായി എത്ര തുക വീതമാണ് അനുവദിച്ചതെന്ന് അറിയിക്കാമോ?

പദ്ധതിയുടെ കേരള വാട്ടർ അതോറിറ്റി യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് 9,91,296/- രൂപയും കെ.എസ്.ഇ.ബി. യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് 38,65,336/- രൂപയും ഭൂമിയേറ്റെടുക്കലിനും പുനരധിവാസത്തിനും 4,86,73,008/- രൂപയും റെയിൽവേ ചാർജിന് 16,50,000/- രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) ഈ തുകകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

പദ്ധതിയുടെ ഭൂമിയേറ്റെടുക്കലിനും പുനരധിവാസത്തിനും 4,86,73,008/- രൂപയും റെയിൽവേ ചാർജിനത്തിൽ 16,50,000/- രൂപയും ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്.

കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള താലൂക്കാശുപത്രികളുടെ സമഗ്രവികസനം

22(3443) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പിലാക്കുന്ന ബാലുശ്ശേരി താലൂക്കാശുപത്രിയുടെ സമഗ്ര വികസന പദ്ധതിക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ബാലുശ്ശേരി താലൂക്കാശുപത്രിയുടെ വികസനത്തിനായി 18.58 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഭരണവകുപ്പ് മുമതലപ്പെടുത്തിയ വാപ്കോസാണ്.

(ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം താലൂക്കാശുപത്രികളാണ് കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്നത്; ഈ പ്രവൃത്തികൾക്കെല്ലാം സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

കിഫ്ബി അംഗീകാരം നൽകിയ കോഴിക്കോട് ജില്ലയിലെ താലൂക്ക് ആശുപത്രികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കിഫ്ബി മുഖേന നടപ്പിലാക്കിയ നൂതന പദ്ധതികൾ

23(3444) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കിഫ്ബി മുഖേന അംഗീകാരം നൽകിയ നൂതന പദ്ധതികൾ ഏതെല്ലാമാണ്?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021-22-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലൂടെ കിഫ്ബി വഴി തീരദേശ സംരക്ഷണം, തീരദേശ ഹൈവേയുടെ അരികിൽ 25 KM മുതൽ 30 KM ഇടവിട്ട് പരിസ്ഥിതി സൗഹൃദ അമിനിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള സ്ഥലമേറ്റെടുപ്പ്, അഞ്ച് ആഗ്രോ പാർക്കുകൾ, ഹബ്ബ് & സ്പോക്ക് മാതൃകയിൽ പുതുക്കാട് കെ.എസ്.ആർ.ടി.സി. മൊബിലിറ്റി ഹബ്ബ്, കൊല്ലത്ത് ആധുനിക ബസ് സ്റ്റാൻഡ് നിർമ്മാണം എന്നീ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു.

(ബി) മുൻസർക്കാരിന്റെ കാലത്ത് കിഫ്ബി മുഖേന അംഗീകാരം നൽകിയ പദ്ധതികൾ ഏതെല്ലാമായിരുന്നു?

മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബി മുഖേന അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ഇവയിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്?

കിഫ്ബി അംഗീകാരം നൽകിയ പ്രവൃത്തികളെല്ലാം തന്നെ സാങ്കേതികാനുമതി, ടെൻഡർ, കരാറുകാരനെ നിയമിക്കൽ, നിർമ്മാണം തുടങ്ങി പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാളിതുവരെ അംഗീകാരം നൽകിയ 63,257.74 കോടി രൂപയുടെ പദ്ധതികളിൽ 2,956.14 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഡി) കിഫ്ബിയുടെ വിഭവസമാഹരണ മാർഗ്ഗങ്ങൾ ഏതെല്ലാമാണെന്നും നിലവിൽ കിഫ്ബിക്ക് എത്ര ആസ്തി ബാധ്യതകളുണ്ടെന്നും വ്യക്തമാക്കുമോ?

2016-ലെ കേരള അടിസ്ഥാന സൗകര്യവികസന നിധി (ഭേദഗതി) ആക്ടിൽ വിവക്ഷിക്കും പ്രകാരം ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ ബോണ്ടുകൾ, ലാന്റ് ബോണ്ടുകൾ മറ്റ് ഉചിതമായ ധനകാര്യ പ്രമാണങ്ങൾ എന്നിവയിലൂടെയോ ബാങ്കുകൾ, മറ്റ് മൾട്ടി ലാറ്ററൽ ഫണ്ടിംഗ് ഏജൻസികൾ, സർക്കാർ അംഗീകരിച്ച മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ലോണുകൾ മുഖേനയോ ഫണ്ട് സ്വരൂപിക്കാവുന്നതാണ്. നിലവിൽ മസാല ബോണ്ട്, കെ.എസ്.എഫ്.ഇ.-ക്കായുള്ള പ്രത്യേക ബോണ്ടുകൾ (പ്രവാസി ചിട്ടി) എന്നിവയിലൂടെയും നബാർഡ്, ആർ.ഇ.സി., പ്രവാസി വെൽഫയർ ബോർഡ്, ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നുള്ള ലോണിലൂടെയും തുക സമാഹരിച്ചിട്ടുണ്ട്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബിയുടെ ആസ്തി ബാധ്യതകൾ സംബന്ധിച്ച വിവരങ്ങൾക്കായി 2020-21-ലെ പ്രൊവിഷണൽ അക്കൗണ്ട് അനുബന്ധമായി ചേർക്കുന്നു.*

ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്

24(3445) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി രൂപം നൽകിയിട്ടുള്ള ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് മുഖേന നാളിതുവരെ എത്ര തുക സമാഹരിച്ചു?

ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് മുഖേന കിഫ്ബി തുക സമാഹരിച്ചിട്ടില്ല.

(ബി) ഇതിന്റെ പലിശ എത്രയെന്നും തിരിച്ചടവ് എന്ന് തുടങ്ങുമെന്നും വെളിപ്പെടുത്തുമോ?

(എ) പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

കിഫ്ബി ധനസമാഹരണം

25(3446) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) റവന്യൂബോണ്ട്, ലാന്റ് ബോണ്ട് എന്നിവ ഉപയോഗപ്പെടുത്തി കിഫ്ബി നാളിതുവരെ എത്ര തുക സമാഹരിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

റവന്യൂബോണ്ട്, ലാന്റ് ബോണ്ട് എന്നിവ ഉപയോഗപ്പെടുത്തി കിഫ്ബി തുക സമാഹരിച്ചിട്ടില്ല.

(ബി) സർക്കാരിന്റെ വാർഷിക പദ്ധതികളിൽ എത്ര തുകയുടെ പദ്ധതികൾ കിഫ്ബി ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്; കഴിഞ്ഞ അഞ്ച് വർഷത്തെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കാമോ?

സർക്കാരിന്റെ വാർഷിക പദ്ധതികൾ കിഫ്ബി ഏറ്റെടുത്ത് നടത്തുന്നില്ല.

അഴീക്കോട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

26(3447) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

അഴീക്കോട് നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകി നടപ്പിലാക്കുന്ന പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

മാസ്കുമാരി-കുരുഡപ്പദവ് റോഡ്

27(3448) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന മാസ്കുമാരി-കുരുഡപ്പദവ് റോഡ് പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ മാസ്കുമാരി-കുരുഡപ്പദവ് റോഡ് പ്രവൃത്തിയുടെ ഡി.പി.ആർ.-ന്റെ അവലോകനം നടന്നുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത റോഡിന് കിഫ്ബിയിൽ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; ഈ റോഡിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ അറിയിക്കുമോ?

പ്രസ്തുത റോഡിന് കിഫ്ബി ധനാനുമതി നൽകിയിട്ടില്ല.

(സി) റോഡിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ.-ന്റെ അവലോകന വേളയിൽ ടി റോഡിന്റെ ട്രാഫിക്ക് വോളിയം നന്നേ കുറവാണെന്ന് ബോദ്ധ്യപ്പെട്ടു. IRC മാനദണ്ഡങ്ങൾ പ്രകാരം വിലയിരുത്തുമ്പോൾ, പ്രസ്തുത പദ്ധതിയുടെ കോസ്റ്റ് -ബെനിഫിറ്റ് അനുപാതം തുലോം കുറവായിരിക്കുമെന്നതിനാൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ ഇരിക്കുന്നതേയുള്ളൂ .

കൽപ്പറ്റ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

28(3449) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

കിഫ്ബി നാളിതുവരെ ധനാനുമതി നൽകിയ കൽപ്പറ്റ മണ്ഡലത്തിലെ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കിഫ്ബി മുഖേന കൽപ്പറ്റ മണ്ഡലത്തിൽ എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഭരണവകുപ്പ് ചുമതലപ്പെടുത്തിയ പദ്ധതി നിർവ്വഹണ ഏജൻസികൾ കിഫ്ബിയുടെ ധനാനുമതിക്കായി സമർപ്പിച്ച കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കേണ്ട 29.51 കോടി രൂപയുടെ പദ്ധതികൾ നിലവിൽ കിഫ്ബിയുടെ പരിഗണനയിലുണ്ട്. ഈ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കൊടുവള്ളി മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

29 (3450) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മണ്ഡലത്തിലെ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാമാണ്; എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്,

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്,

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ടെണ്ടർ സേവിംഗ്സ് തുക

30(3451) <u>ശ്രീ എം നൗഷാദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരവിപുരം നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുക ഓരോ വർഷവും തിരിച്ച് കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

2017-18 സാമ്പത്തിക വർഷം മുതലാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ് അനുവദിച്ച് തുടങ്ങിയത്. ഇരവിപുരം നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ അതാത് വർഷം അനുവദിച്ച എല്ലാ പ്രവൃത്തികളും പൂർത്തിയാക്കാത്തതിനാൽ ടെണ്ടർ സേവിംഗ്സ് പരിഗണിക്കാൻ കഴിയുകയില്ല.

പെരുമ്പള്ളി ഫിഷറീസ് ആശുപത്രിയുടെ പുതിയ കെട്ടിടനിർമ്മാണം

31 (3452) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് നിർവ്വഹിക്കാൻ നിശ്ചയിച്ചിട്ടുള്ള പെരുമ്പള്ളി ഫിഷറീസ് ആശുപത്രിയുടെ പുതിയ കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ. നാളിതുവരെയായിട്ടും ലഭ്യമാകാത്തതിന്റെ കാരണമെന്താണെന്ന് അറിയിക്കാമോ?

മുതുകുളം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ 50 ലക്ഷം രൂപയ്ക്ക് പെരുമ്പള്ളി ഫിഷറീസ് ആശുപത്രിയുടെ പുതിയ കെട്ടിടനിർമ്മാണത്തിന് വേണ്ടിയാണ് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് വകകൊള്ളിച്ചിട്ടുള്ളത്. സ്ഥല പരിശോധനയിൽ നിലവിലുള്ള പെരുമ്പള്ളി ഫിഷറീസ് ആശുപത്രി കെട്ടിടവളപ്പിൽ പുതിയൊരു കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലപരിമിതി നിലവിലുണ്ട്. എന്നാൽ 4000 സ്ക്വയർ ഫീറ്റോളം വരുന്ന സ്കെച്ചർ മാത്രം പൂർത്തിയായ ഒരുനില കെട്ടിടം നിലവിലുണ്ട്. ഇത് പെരുമ്പള്ളി ഫിഷറീസ് ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പകുതിയിൽ കൂടുതൽ ഭാഗം occupy ചെയ്യുന്നുണ്ട്. പരിശോധനയിൽ 15 വർഷങ്ങൾക്ക് മുമ്പ് സുനാമി ഫണ്ടുപയോഗിച്ച് ഫിഷറീസ് വകുപ്പ് നിർമ്മിച്ച കെട്ടിടമാണെന്നും, അതിന്റെ

കരാറുകാരൻ മരണപെട്ട് പോയെന്നുമാണ് അറിവായിട്ടുള്ളത്. ഇക്കാര്യങ്ങൾ ബോധിപ്പിച്ചുകൊണ്ടും ഈ കെട്ടിടം സാങ്കേതിക നിലവാരം പുലർത്തുന്ന രീതിയിൽ സ്ട്രക്ച്ചർ പൂർത്തീകരിച്ചിട്ടുള്ളതിനാൽ അനുവദിക്കപ്പെട്ട ഫണ്ടുപയോഗിച്ച് ഈ കെട്ടിടം പൂർത്തികരിക്കുന്നതാണ് അഭികാമ്യമെന്നും ആയത് നിവർത്തിച്ച് കിട്ടുന്നതിനുവേണ്ടി അറിയിപ്പ് നൽകിയിട്ടുള്ളതും തുടർന്ന് ആയതിന്റെ എൻ.ഒ.സി. ലഭ്യമാകുന്നതിനുവേണ്ടി 18-02-2021-ൽ ആലപ്പുഴ ജില്ലാ കളക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് ഡിപ്പാർട്ടുമെന്റിന് കത്ത് നല്കിയിട്ടുള്ളതുമാണ്. ഇതുവരെയും ഇതിന് തീർപ്പുകല്പിച്ചിട്ടില്ലാത്തതിനാൽ എസ്റ്റിമേറ്റ് എടുക്കുവാനോ തുടർനടപടികൾ സ്വീകരിക്കുവാനോ കഴിഞ്ഞിട്ടില്ലാത്തതാണ്.

(ബി) ഏത് ഉദ്യോഗസ്ഥനെയാണ് ഇതിന്റെ ഡി.പി.ആർ. നിർണ്ണയിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും പ്രസ്തുത ഉദ്യോഗസ്ഥൻ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദീകരിക്കാമോ?

എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലപ്പുഴ ജില്ലാ പഞ്ചായത്ത്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മുതുകുളം ബ്ലോക്ക് പഞ്ചായത്ത്, അസിസ്റ്റന്റ് എഞ്ചിനീയർ, മുതുകുളം ബ്ലോക്ക് പഞ്ചായത്ത്

സ്ഥലം പരിശോധിച്ച് ഉത്തരം (എ) യിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ തീർപ്പാക്കുന്നതുവരെയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യറാക്കുന്നതിൽ നിലവിൽ എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പാതിവഴിയിലുപേക്ഷിച്ച്, സ്ട്രക്ച്ചർ മാത്രം പൂർത്തീകരിച്ച കെട്ടിടത്തിൽ തുടർ പ്രവൃത്തി പൂർത്തിയാക്കുവാൻ ആ കെട്ടിടത്തിന്റെ എക്സ്ടിക്യൂഷൻ ഏജൻസിയായ ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽനിന്നും എൻ.ഒ.സി., നിലവിലുള്ള കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡീറ്റെയിൽസ് എന്നിവ ലഭ്യമാക്കുന്ന മുറയ്ക്കും എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കി പൂർത്തിയാക്കുന്നതാണ്.

മണലൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

32 (3453) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിനായി ശിപാർശ ചെയ്തിട്ടുള്ള പ്രവൃത്തികളിൽ ഏതെല്ലാം

പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നത് സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്ക് നൽകാമോ?

എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിനായി ശിപാർശ ചെയ്തിട്ടുള്ള പ്രവൃത്തികളിൽ ഇനി പൂർത്തീകരിക്കാനുള്ളതെന്നത് സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്കും, പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണവും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിനായി ശിപാർശ ചെയ്തിട്ടുള്ള പ്രവൃത്തികളിൽ ഇനി പൂർത്തീകരിക്കാനുള്ളതെന്നത് സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്കും, പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണവും അനുബന്ധമായി ചേർത്തിരിക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ആസ്തി വികസന പദ്ധതിയിലേയ്ക്ക് ശിപാർശ ചെയ്യുന്ന പ്രവൃത്തികൾ കാലതാമസം കൂടാതെ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ആസ്തി വികസന പദ്ധതിയിലേയ്ക്ക് ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് സാങ്കേതികമായ കാലതാമസം മാത്രമാണ് വരുന്നത്.

ആരോഗ്യമേഖലയ്ക്ക് നീക്കിവച്ച ആസ്തി വികസന ഫണ്ട്

33(3454) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷത്തെ ബഡ്ജറ്റിൽ ആരോഗ്യമേഖലയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നീക്കിവച്ച നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിന്റെ വിനിയോഗം എങ്ങനെ നടത്താനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

നടപ്പുവർഷത്തെ ബഡ്ജറ്റിൽ ആരോഗ്യമേഖലയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നീക്കിവച്ച നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് തീരുമാനങ്ങൾക്കായി നടപടി സ്വീകരിച്ചുവരുന്നു.

(ബി) തിരുവമ്പാടി മണ്ഡലത്തിൽ ഇപ്രകാരം നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

നടപ്പുവർഷത്തെ ബഡ്ജറ്റിൽ ആരോഗ്യമേഖലയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നീക്കിവച്ച നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് തീരുമാനങ്ങൾക്കായി നടപടി സ്വീകരിച്ചുവരുന്നു.

ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ്

34 (3455) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് പ്രകാരം വിവിധ പദ്ധതികളിൽ ടെണ്ടർ സേവിംഗ്സായി എത്ര തുകയാണ് ഉള്ളതെന്ന് വിശദമാക്കാമോ?

04-08-2018-ലെ സ.ഉ.(അ)നം.119/2018/ധന. ഉത്തരവ് പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ഉദുമ മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് പ്രകാരം 2017-18 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച്

പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ ടെണ്ടർ സേവിംഗ്സായുള്ള തുകയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഓരോ സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സും തരം തിരിച്ച് വിശദമാക്കാമോ?

2017-18 മുതൽ 2020-21 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തേയും ഭരണാനുമതി ലഭിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് തരംതിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.+

ടെൻഡർ സേവിംഗ്സ്

35(3456) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ എ.ഡി.എഫ്., എസ്.ഡി.എഫ്. ഫണ്ടുകൾ ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളിൽ എത്ര രൂപ ടെൻഡർ സേവിംഗ്സായി ഉണ്ട്; സേവിംഗ്സ് ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒറ്റപ്പാലം മണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെ സാമ്പത്തിക വർഷങ്ങളിൽ എ.ഡി.എഫ്. ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. + എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല.

(ബി) ടെൻഡർ സേവിംഗ്സ് ഉപയോഗിച്ച് മറ്റ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

04/08/2018-ലെ സ.ഉ(ആ) നം.119/2018/ധന പ്രകാരം ആസ്തി വികസന പദ്ധതിയിൽ ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ച് കഴിഞ്ഞിട്ടുണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് ആ വർഷത്തെ പരമാവധി അഞ്ച് കോടി രൂപയിൽ കണക്കാക്കി ആയത് അടുത്ത വർഷം അനുവദിച്ചിരിക്കുന്ന 5 കോടി രൂപയിൽ തട്ടിക്കിഴിക്കേണ്ടതാണ്. ഒരു സാമ്പത്തികവർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. ഇപ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യമുണ്ട്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അതായത് നിയോജകമണ്ഡല ആസ്തിവികസന പദ്ധതി 2017-18 -ന് കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് 2018-19-ന് കീഴിൽ പരിഗണിക്കാവുന്നതാണ്.

ഇലക്ട്രിക് ബഗ്ഗി വാങ്ങൽ

36(3457) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും സർക്കാർ സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണമുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതൊഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

എം.എൽ.എ-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ (അച്ചടി) നം.161/2017/ധന ഉത്തരവിലെ അനുബന്ധം 1 ക്രമ നമ്പർ 23 പ്രകാരം റെഡ് ക്രോസ്, രാമകൃഷ്ണ മിഷൻ, മറ്റ് പ്രമുഖ ചാരിറ്റബൾ സ്ഥാപനങ്ങൾ, പാലിയേറ്റീവ് കെയർ യൂണിറ്റുകൾ എന്നിവയ്ക്ക് ആംബുലൻസുകൾ വാങ്ങുന്നതും ക്രമനമ്പർ 34 പ്രകാരം സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബസ്/വാഹനം വാങ്ങി നല്കൽ തുടങ്ങിയവ

അനുവദനീയമാണ്. എന്നാൽ പ്രസ്തുത മാർഗ്ഗരേഖ പ്രകാരം മറ്റ് സർക്കാർ സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ വാങ്ങുന്നത് അനുവദനീയമല്ല.

(ബി) ടൂറിസം പ്രൊമോഷന്റെ ഭാഗമായി ഒളവണ്ണ മലബാർ ബൊട്ടാണിക്കൽ ഗാർഡനിലേക്ക് ഒരു ഇലക്ട്രിക് ബഗ്ഗി വാങ്ങുന്നതിന് പ്രത്യേകാനുമതി ലഭ്യമാക്കാമോ?

എം.എൽ.എ-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ(അച്ചടി) നം.161/2017/ധന ഉത്തരവിലെ അനുബന്ധം 1 ക്രമ നമ്പർ 23 പ്രകാരം റെഡ് ക്രോസ്, രാമകൃഷ്ണ മിഷൻ, മറ്റ് പ്രമുഖ ചാരിറ്റബൾ സ്ഥാപനങ്ങൾ, പാലിയേറ്റീവ് കെയർ യൂണിറ്റുകൾ എന്നിവയ്ക്ക് ആംബുലൻസുകൾ വാങ്ങുന്നതും ക്രമനമ്പർ 34 പ്രകാരം സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബസ്/വാഹനം വാങ്ങി നല്കൽ തുടങ്ങിയവ അനുവദനീയമാണ്. എന്നാൽ പ്രസ്തുത മാർഗ്ഗരേഖ പ്രകാരം ഇലക്ട്രിക് ബഗ്ഗി വാങ്ങുന്നത് അനുവദനീയമല്ല. ടൂറിസം പ്രൊമോഷന്റെ ഭാഗമായി ഒളവണ്ണ മലബാർ ബൊട്ടാണിക്കൽ ഗാർഡനിലേക്ക് ഒരു ഇലക്ട്രിക് ബഗ്ഗി വാങ്ങുന്നതിന് പ്രത്യേകാനുമതി നല്കണമെന്നുള്ള അപേക്ഷ നിലവിൽ പരിശോധനയിലാണ്.

എം.എൽ.എ. പ്രാദേശിക വികസന ഫണ്ട്

37(3458) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനുള്ള സംവിധാനം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

എം.എൽ.എ-മാരുടെ പ്രത്യേക വികസനനിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ(അച്ചടി) നം.161/2017/ധന ഉത്തരവിലെ ഖണ്ഡിക 5.1 പദ്ധതി പ്രകാരം നടപ്പിലാക്കിയ 10% പ്രവൃത്തികളെങ്കിലും വകുപ്പ് തലവനോ/വകുപ്പ് തലവൻ ചുമതലപ്പെടുത്തുന്ന വ്യക്തിയോ പരിശോധിക്കേണ്ടതാണ്. നിർവ്വഹണ വകുപ്പിലെ ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥർ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് റിപ്പോർട്ട് നൽകേണ്ടതാണ്. ഖണ്ഡിക 5.4 പ്രകാരം പദ്ധതി സംസ്ഥാന തലത്തിൽ അവലോകനം ചെയ്യുന്നതിനായി സംസ്ഥാന ചീഫ് സെക്രട്ടറി/ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി വർഷത്തിൽ ഒരു തവണയിൽ കുറയാതെ ജില്ലാ കളക്ടർമാർ/എം.എൽ.എ.-മാർ എന്നിവരുമായി മീറ്റിംഗ്

നടത്തുന്നതാണെന്നും ഇത്തരം മീറ്റിംഗുകളിൽ പദ്ധതി നടത്തിപ്പിൽ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്.

(ബി) ജില്ലാ കളക്ടറേറ്റുകളിൽ ഓരോ മണ്ഡലത്തിനും പ്രത്യേകമായി ട്രഷറി/ബാങ്ക് അക്കൗണ്ടുകൾ ഉണ്ടോ; ഇല്ലെങ്കിൽ അവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

എം.എൽ.എ-മാരുടെ പ്രത്യേക വികസന നിധി വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾക്കായി ഓരോ വർഷവും ഒരു കോടി രൂപ വീതം മൂന്ന് ഗഡുക്കളായി 4250-00-800-99- എം.എൽ.എ- മാരുടെ പ്രത്യേക വികസന നിധി (പ്ലാൻ) എന്ന ശീർഷകത്തിൻ കീഴിൽ ജില്ലാ കളക്ടർമാർക്ക് അനുവദിച്ച് നല്കാറാണുള്ളത്. ഇപ്രകാരം അനുവദിച്ചുനല്കുന്ന തുക പ്രസ്തുത ശീർഷകത്തിൽനിന്നും പിൻവലിച്ച് ജില്ലാ കളക്ടർമാരുടെ ടി.എസ്.ബി. അക്കൗണ്ടിൽ പാർക്ക് ചെയ്തിടുവാൻ പാടില്ല. ആവശ്യാനുസരണം ബില്ലുകൾക്ക് അനുസൃതമായി മാത്രമേ തുക പിൻവലിക്കുവാൻ പാടുള്ളൂ.

പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

38(3460) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കൊടുവള്ളി നിയോജകമണ്ഡലത്തിൽ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാമെന്നും എത്ര തുക വീതമാണ് അനുവദിക്കപ്പെട്ടിട്ടുള്ളതെന്നും അറിയിക്കാമോ?

&

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

(എ & ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

സംസ്ഥാന നികുതി വിഹിതം

39(3461) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15-ാം ധനകാര്യ കമ്മീഷൻ നികുതി വിഹിതം തിട്ടപ്പെടുത്തിയപ്പോൾ സംസ്ഥാനത്തിനുണ്ടായ കുറവ് എത്രയെന്നും പ്രസ്തുത കുറവ് നികത്തിക്കൊണ്ട് സംസ്ഥാനത്തിന് കൂടുതൽ വിഹിതം ഉറപ്പാക്കാൻ ഈ സർക്കാർ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനത്തിന്റെ നികുതി വിഹിതം 2.5%-ൽനിന്നും 1.943% ആയും (2020-21 റിപ്പോർട്ട്) തുടർന്ന് 1.925% ആയും (2021-26 റിപ്പോർട്ട്) കുറഞ്ഞിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകളിന്മേൽ നടപടി റിപ്പോർട്ട് കേന്ദ്ര സർക്കാർ 2021 ഫെബ്രുവരി 1- ന് പാർലമെന്റിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കുറവ് പരിഹരിക്കുന്നതിനായി വാർഷിക വായ്പാപരിധി അഞ്ച് ശതമാനമാക്കി ഉയർത്തുക, സെക്ടർ സ്പെസിഫിക്-സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റുകളുടെ വർദ്ധന, റബർ മേഖല-ചെറുകിട മേഖല വിഭാഗങ്ങൾക്ക് സഹായവും വായ്പകൾക്ക് മൊറട്ടോറിയവും ഉറപ്പാക്കൽ, മൈക്രോഫിനാൻസ് (ബാങ്കിംഗ് ഇതര) സ്ഥാപനങ്ങൾ വഴി നല്കുന്ന 1.5 ലക്ഷം രൂപ വരെയുള്ള വായ്പ വനിതാ തൊഴിലാളികൾക്കും കുടുംബശ്രീ പ്രവർത്തകർക്കും ലഭ്യമാക്കൽ എന്നിവ ഉറപ്പിക്കാനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുവാനും നേടിയെടുക്കുവാനുമായി ധനകാര്യവകുപ്പ് സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനങ്ങളുടെ വാർഷിക കടമെടുപ്പ് പരിധി ജി.എസ്.ഡി.പി-യുടെ 5 ശതമാനമായി ഉയർത്തുന്നതിനും

ഇത് ഉപാധികളില്ലാതെ അനുവദിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ബഹു. കേന്ദ്ര ധനകാര്യ മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ സെക്ടറൽ സ്പെസിഫിക്-സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റുകൾ അനുവദിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണമെന്ന് പാർലമെന്റിന്റെ മൺസൂൺ സമ്മേളനത്തിന്റെ മുന്നോടിയായി 05.07.2021-ന് കൂടിയ എം.പി.-മാരുടെ സമ്മേളനത്തിൽ തീരുമാനിച്ചിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം റബ്ബർ കർഷകർക്ക് നൽകിവരുന്ന സബ്സിഡി 2021 ഏപ്രിൽ 1 മുതൽ 150/- രൂപയിൽ നിന്ന് 170/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കോവിഡ്-19 രണ്ടാം ഘട്ടം വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ വ്യക്തികളുടെയും ചെറിയ സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരം താഴ്ത്താതെ തന്നെ വായ്പ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0 – Resolution of Covid-19 related stress of Individual and Small Business പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ

സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. കോവിഡ്- 19 രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31.12.2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴ പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹു. മുഖ്യമന്ത്രി 21.05.2021-ലെ D.O.No.288/2021/CM നം. കത്ത് പ്രകാരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

നബാർഡിന്റെ വായ്പ

40(3462) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ പാക്കേജിന്റെ ഭാഗമായി കാസർകോഡ് ജനറൽ ആശുപത്രിക്ക് വേണ്ടി നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന് നബാർഡിന്റെ വായ്പയുണ്ടോ എന്ന് വ്യക്തമാക്കാമോ?

എൻഡോസൾഫാൻ പാക്കേജിന്റെ ഭാഗമായി കാസർകോഡ് ജനറൽ ആശുപത്രിക്കുവേണ്ടി നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന് നബാർഡിന്റെ വായ്പ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) എങ്കിൽ എത്ര കോടി രൂപയാണ് നബാർഡ് വായ്പയെന്നും നബാർഡിന്റെ ഏത് ട്രാഞ്ചിലാണ് ഇതുൾപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ; ട്രാഞ്ചിന്റെ കാലാവധി എപ്പോഴാണവസാനിക്കുന്നതെന്നും വ്യക്തമാക്കാമോ?

എൻഡോസൾഫാൻ പാക്കേജിന്റെ ഭാഗമായി ട്രാഞ്ച XVIII-ൽ ഉൾപ്പെട്ട കാസർകോഡ് ജനറൽ ആശുപത്രിക്ക് 840 ലക്ഷം രൂപയുടെ മൊത്തം പദ്ധതി ചെലവിൽ 714 ലക്ഷം രൂപ നബാർഡ് ആർ.ഐ.ഡി.എഫ് വായ്പയാണ് അംഗീകരിച്ചിട്ടുള്ളത്. ട്രാഞ്ച XVIII-ന്റെ കാലാവധി 31.03.2020-ൽ അവസാനിച്ചു.

(സി) ഈ കെട്ടിടത്തിന് തറക്കല്ലിട്ടത് എപ്പോഴാണെന്നും പ്രവൃത്തി ടെണ്ടർ ചെയ്തതെപ്പോഴാണെന്നും വ്യക്തമാക്കാമോ; ടെണ്ടർ തുക എത്രയാണെന്നും ഇതുവരെ എത്ര രൂപയുടെ പ്രവൃത്തി ചെയ്തുവെന്നും കരാറുകാരന് എത്ര രൂപ ഇതിനകം നൽകിയെന്നും വ്യക്തമാക്കാമോ?

2017 ജനുവരി 19 ലാണ് ഈ കെട്ടിടത്തിന് തറക്കല്ലിട്ടത്. പ്രവൃത്തി ടെണ്ടർ ചെയ്തത് 28.12.2016-ലാണ്. ടെണ്ടർ തുക 8,75,38,209/- രൂപയാണ്. കരാറുകാരന് ഇതുവരെ 4,31,35,509/-രൂപ അനുവദിച്ചു നല്കിയിട്ടുണ്ട്.

(ഡി) കരാറുകാരന് തുക നൽകാൻ ബാക്കിയുണ്ടെങ്കിൽ കാരണമെന്താണെന്നും ഇപ്പോൾ മുടങ്ങിക്കിടക്കുന്ന പ്രവൃത്തി തുടരാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

ടാഞ്ച XVIII-ന്റെ കാലാവധി 31.03.2020-ന് അവസാനിച്ചു. പ്രസ്തുത പദ്ധതിക്കായി 6.25 കോടി രൂപയുടെ ബില്ല് സമർപ്പിക്കുകയും അതിൻപ്രകാരം സമയപരിധിക്കുള്ളിൽ സമർപ്പിച്ച 4 കോടി രൂപയുടെ റിലീസ് നബാർഡും സർക്കാരും ടി പ്രവൃത്തിക്കായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നബാർഡ് നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ പണി പൂർത്തീകരിച്ച് ബില്ല് സമർപ്പിക്കാത്തതിനാൽ ശേഷിക്കുന്ന 4.4 കോടി രൂപയുടെ പ്രവൃത്തിക്ക് നബാർഡ് വായ്പയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. പ്രസ്തുത തുക ജില്ലാ കളക്ടർ മറ്റു പദ്ധതി ചെലവുകളിൽനിന്നും കണ്ടെത്തേണ്ടതാകുന്നു.

ധനകാര്യ വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റം

41(3464) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റം നിലവിൽ ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നത്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ധനകാര്യ വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് പ്രത്യേകമായി മാനദണ്ഡം നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവുകളൊന്നും ധനവകുപ്പിൽനിന്ന് പുറപ്പെടുവിച്ചിട്ടില്ല. കാലാകാലങ്ങളിൽ പൊതുഭരണ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഭരണ സൗകര്യം മുൻനിർത്തിയാണ് ധനകാര്യ വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റം നടത്തി വരുന്നത്.

(ബി) സെക്രട്ടറിയേറ്റിൽ ധനകാര്യ വകുപ്പിൽ തുടർച്ചയായി അഞ്ച് വർഷത്തിൽ കൂടുതൽ ഒരേ സീറ്റിൽ ജോലി ചെയ്യുന്ന എത്ര ജീവനക്കാരുണ്ടെന്ന് വിശദമാക്കാമോ?

സെക്രട്ടേറിയറ്റിൽ ധനകാര്യ വകുപ്പിൽ തുടർച്ചയായി അഞ്ച് വർഷത്തിൽ കൂടുതൽ ഒരേ സീറ്റിൽ ജോലി ചെയ്യുവരുന്ന 14 ജീവനക്കാരുണ്ട്.

(സി) അഞ്ച് വർഷത്തിൽ കൂടുതൽ ധനകാര്യ സെക്രട്ടേറിയറ്റിന് പുറത്ത് ജോലി ചെയ്യുന്ന എത്ര ഉദ്യോഗസ്ഥരുണ്ടെന്ന് അറിയിക്കാമോ?

അഞ്ച് വർഷത്തിൽ കൂടുതൽ ധനകാര്യ സെക്രട്ടേറിയറ്റിന് പുറത്ത് ജോലി ചെയ്യുന്ന 75 ഉദ്യോഗസ്ഥരുണ്ട്.

മെഡിസെപ്പ്

42(3465) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പ് മുഖേന ലഭിക്കുന്ന സൗകര്യങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

സർക്കാർ നിയമിച്ച മെഡിക്കൽ എക്സ്പേർട്ട് കമ്മിറ്റി ശിപാർശ ചെയ്ത പരിഷ്കരിച്ച ചികിത്സാ പദ്ധതികളും അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റേയും അടിസ്ഥാനത്തിലുള്ള നിബന്ധനകളും ഉൾപ്പെടുത്തി പരിഷ്കരിച്ച Request For Proposal (RFP) 22.01.2021-ൽ പ്രസിദ്ധീകരിച്ച് റിടെൻഡർ നടപടി ആരംഭിച്ചിരുന്നു. കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരള സർക്കാർ ജീവനക്കാരുടെ

മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐശ്ചികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവകലാശാലകളിലേയും, തദ്ദേശഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ/പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിശ്ചിത ചികിത്സാ പ്രക്രിയകൾക്കും അവയ്ക്ക്

അനുബന്ധമായി വരുന്ന ഡേ കെയർ ചികിത്സാ പ്രക്രിയകൾക്കും ഗുണഭോക്താവിന് നേരിടേണ്ടിവരുന്ന ചെലവുകൾക്ക് പരിരക്ഷ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലെ ചികിത്സാ സംബന്ധമായ പ്രക്രിയകളുടെ ചെലവ്, മരുന്ന് വില, ഡോക്ടർ/അറ്റൻഡന്റ് ഫീസ്, മുറി വാടക, പരിശോധനാ ചാർജ്ജുകൾ (Diagnostic), രോഗാനുബന്ധ ഭക്ഷണ ചെലവുകൾ എന്നിവ പരിരക്ഷയിൽ ഉൾപ്പെടും.

i. നിലവിലുള്ള രോഗങ്ങൾക്കുൾപ്പെടെ ജീവന് ഭീഷണിയുള്ള അടിയന്തര സാഹചര്യങ്ങളിൽ എംപാനൽ ചെയ്യപ്പെടാത്ത ആശുപത്രികളിലെ ചികിത്സയ്ക്കും പദ്ധതിയിൻ കീഴിൽ പരിരക്ഷ ലഭിക്കുന്നതാണ്.

ii. പദ്ധതിയുടെ പരിരക്ഷ താഴെ വിവരിക്കുന്നതിൻ പ്രകാരം ആയിരിക്കും. (i) അടിസ്ഥാന പരിരക്ഷ - പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും മൂന്നു വർഷത്തെ പോളിസി പിരീഡിനകത്ത് പ്രതിവർഷം 3 ലക്ഷം രൂപ നിരക്കിലാണ് അടിസ്ഥാന പരിരക്ഷ. ഇതിൽ 1.5 ലക്ഷം രൂപ

ഓരോ വർഷത്തേക്ക് നിശ്ചയിച്ചിട്ടുള്ളതും ആവശ്യം വരാത്ത പക്ഷം ലാപ്സാകുന്നതുമാണ്. പ്രതിവർഷ കവറേജിൽ 1.5 ലക്ഷം രൂപ മൂന്ന് വർഷത്തെ ബ്ലോക്ക് പിരീഡിനകത്ത് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കപ്പെടുന്ന തരത്തിൽ ഫ്ലോട്ടർ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. അടിസ്ഥാന പരിരക്ഷയിൽ (1) Procedure Cost (2) Implant Cost if any (3) Room charges എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണുള്ളത്. (ii) മേൽ സൂചിപ്പിച്ച പരിരക്ഷ കൂടാതെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽ നിന്ന് (മൂന്നു വർഷത്തെ പോളിസി കാലയളവിനകത്ത്) വിനിയോഗിക്കാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പ്രാവർത്തികമാകുമെന്ന് വ്യക്തമാക്കാമോ?

മെഡിസെപ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ സർക്കാരിനെതിരെ നിലവിലുള്ള റിട്ട് അപ്പീൽ (WA.615/2021) സംബന്ധിച്ച നിയമ നടപടികൾ പൂർത്തിയാകുന്ന പക്ഷം താമസംവിന പദ്ധതി ആരംഭിക്കുന്നതാണ്.

ശ്രീമതി സ്വപ്ന സുരേഷിന്റെ നിയമനം

43(3466) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി സ്വപ്ന സുരേഷിന്റെ നിയമനം സംബന്ധിച്ച് ധനകാര്യ പരിശോധന വിഭാഗം ഐ.ടി. വകുപ്പിലും അനുബന്ധ വകുപ്പുകളിലും പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച റിപ്പോർട്ടിലെ പ്രധാന പരാമർശങ്ങൾ വിശദമാക്കാമോ?

(ബി) പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ & ബി) പരിശോധന നടത്തിയിട്ടുണ്ട്. പ്രസ്തുത പരിശോധനയുടെ കരട് റിപ്പോർട്ട് നിലവിൽ ഐ.ടി വകുപ്പിന്റെ പരിഗണനയിലാണ്.

(സി) പരിശോധന റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കരട് പരിശോധനാ റിപ്പോർട്ട് ഭരണ വകുപ്പ് പരിശോധിച്ച് വരുന്നു.

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ

44(3468) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ധനകാര്യ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോ എന്നറിയിക്കുമോ?

ഉണ്ട്.

(ബി) പ്രസ്തുത ഉദ്യോഗസ്ഥരുടെ തസ്തികകൾ വിശദമാക്കാമോ?

ധനകാര്യ വകുപ്പിലെ ഒരു സെക്ഷൻ ഓഫീസർ വയനാട് ജില്ലയിൽ ദേശീയ സമ്പാദ്യപദ്ധതി വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലും ഒരു അണ്ടർ സെക്രട്ടറി വയനാട് വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയിൽ ഫിനാൻസ് ഓഫീസർ തസ്തികയിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു.

(സി) പ്രസ്തുത ജില്ലയിൽ ധനകാര്യ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മൂന്ന് വർഷത്തിലധികമായി ഒരേ ഓഫീസിൽ ജോലി ചെയ്യുന്നവരുണ്ടോ എന്നറിയിക്കുമോ; ഉണ്ടെങ്കിൽ തസ്തിക എതാണെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ ധനകാര്യ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മൂന്ന് വർഷത്തിലധികമായി ഒരേ ഓഫീസിൽ ജോലി ചെയ്യുന്നവരാരും തന്നെയില്ല.

കൊടുവള്ളി മണ്ഡലത്തിലെ പദ്ധതികൾ

45(3473) ഡോ. എം.കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽ 2016 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പദ്ധതിയുടെ പേരുവിവരവും എത്ര തുക വീതം അനുവദിച്ചുവെന്നും ഇനം തിരിച്ച് ലഭ്യമാക്കുമോ;

2016 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ കൊടുവള്ളി നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളെ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതിനൊക്കെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

2016 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ കൊടുവള്ളി നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ പൊതുമരാമത്ത്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പിനു കീഴിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളെ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.*

(സി) അവ ഓരോന്നിന്റെയും പ്രവർത്തന പുരോഗതി അറിയിക്കുമോ?

2016 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ കൊടുവള്ളി നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളെ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.*

മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി

46(3474) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അൻപത് ലക്ഷം രൂപ അനുവദിച്ചിരുന്ന തലശ്ശേരി നിയോജകമണ്ഡലത്തിലെ മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറിയുടെ നിർമ്മാണ പ്രവൃത്തിക്കുള്ള ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2018-19 സാമ്പത്തിക വർഷം മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി നിർമ്മാണത്തിനായി വകയിരുത്തിയ 50 ലക്ഷം രൂപ ടി ആവശ്യത്തിലേയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിനായി അനുവദിക്കണമെന്ന അഭ്യർത്ഥന സംബന്ധിച്ച് സാംസ്കാരിക വകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ (നം.1020914/സി.എൽ.എ.ഡി.എ 3/238/2018-സി.എൽ.എ.ഡി) ധനകാര്യ വകുപ്പ് പരിശോധിക്കുകയും, 2021-22 സാമ്പത്തിക വർഷത്തെ "2205-00-102-77-(77)-മൊയ്യാരത്ത് ശങ്കരൻ ഹിസ്റ്റോറിക്കൽ ഗ്യാലറി (ചൊക്ലി ഗ്രാമപഞ്ചായത്ത്) (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽനിന്നും തുക വിനിയോഗിച്ചുകൊണ്ട് മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി 50,00,000/-രൂപയുടെ (അമ്പതുലക്ഷം രൂപ മാത്രം) ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഭരണാനുമതി പുറപ്പെടുവിച്ച് സാംസ്കാരികകാര്യ വകുപ്പിൽനിന്നും ഫയൽ ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലെ കമ്പ്യൂട്ടർ നം. 1020914-ലെ സി.എൽ.എ.ഡി./എ 3/238/2018 ഫയലിൽ നടപടി ത്വരിതപ്പെടുത്തി ഫണ്ട് അനുവദിക്കുമോ; വ്യക്തമാക്കാമോ?

2018-19 സാമ്പത്തിക വർഷം മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി നിർമ്മാണത്തിനായി വകയിരുത്തിയ 50 ലക്ഷം രൂപ ടി ആവശ്യത്തിലേയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിനായി അനുവദിക്കണമെന്ന അഭ്യർത്ഥന സംബന്ധിച്ച് സാംസ്കാരിക വകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ (നം.1020914/സി.എൽ.എ.ഡി.എ 3/238/2018-സി.എൽ.എ.ഡി) ധനകാര്യ വകുപ്പ് പരിശോധിക്കുകയും, 2021-22 സാമ്പത്തിക വർഷത്തെ "2205-00-102-77-(77)-മൊയ്യാരത്ത് ശങ്കരൻ ഹിസ്റ്ററിക്കൽ ഗ്യാലറി(ചൊക്ലി ഗ്രാമപഞ്ചായത്ത്) (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽനിന്നും തുക വിനിയോഗിച്ചുകൊണ്ട് മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി 50,00,000/-രൂപയുടെ (അമ്പത് ലക്ഷം രൂപ മാത്രം) ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഭരണാനുമതി പുറപ്പെടുവിച്ച് സാംസ്കാരികകാര്യ വകുപ്പിൽനിന്നും ഫയൽ ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

പുതുതലമുറ ബാങ്കുകളെ നിയന്ത്രിക്കുന്നതിന് നടപടി

47(3476) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതലമുറ ബാങ്കുകൾ വൻതോതിൽ വായ്പാ റീ-സ്ട്രക്ചറിംഗ് നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ്-19 രണ്ടാംഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സൂക്ഷ്മ-ഇടത്തരം സംരംഭങ്ങളുടെ (MSME) നിലവിലുള്ള വായ്പകൾക്ക് വായ്പകളുടെ അക്കൗണ്ട് സ്ഥിതി മാറ്റാതെ വായ്പ റീസ്ട്രക്ചറിംഗ് അനുവദിക്കുന്ന രീതിയിൽ Resolution Framework 2.0- Resolution of Covid-19 related stress of Micro, Small and Medium Enterprises (MSMEs) പ്രകാരവും വ്യക്തികളുടേയും ചെറിയ സംരംഭങ്ങളുടേയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളുടെ അക്കൗണ്ട് സ്ഥിതി മാറ്റാതെ തന്നെ വായ്പ റീഷെഡ്യൂളിംഗ് അനുവദിച്ചിട്ടുണ്ട്. രണ്ടു വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0-Resolution of Covid-19 related stress of Individual and Small Business പ്രകാരവും ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ഈ ഇളവുകൾ പ്രകാരം വായ്പകൾക്ക് ആറുമാസം മുതൽ രണ്ടുവർഷം വരെ തിരിച്ചടവിന് സാവകാശം

ലഭിക്കുന്ന തരത്തിൽ റീസ്ട്രക്ചറിംഗ് ചെയ്യുവാനുള്ള സംവിധാനം നിലവിലുണ്ട്. ഉപഭോക്താക്കളുടെ പ്രത്യേക അപേക്ഷ പ്രകാരമാണ് പൊതുവെ ബാങ്കുകൾ റീസ്ട്രക്ചറിംഗ് അനുവദിക്കുന്നത്.

(ബി) ഇതുമൂലം ഗ്രണഭോക്താക്കൾക്ക് വൻ പലിശബാധ്യത ഉണ്ടാകുന്നതിനാൽ ഇക്കാര്യത്തിൽ നിയന്ത്രണമേർപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ഉപഭോക്താക്കളുടെ പ്രത്യേക അപേക്ഷ പ്രകാരമാണ് പൊതുവെ ബാങ്കുകൾ റീസ്ട്രക്ചറിംഗ് അനുവദിക്കുന്നത്. കോവിഡ് പ്രതിസന്ധിമൂലം വായ്പാ തിരിച്ചടവിന് ബുദ്ധിമുട്ടുന്നവർക്ക് താൽകാലിക ആശ്വാസമെന്ന നിലയിൽ വായ്പ തിരിച്ചടവിന് സാവകാശം ലഭിക്കുന്നതിനും വായ്പകൾ നിഷ്ക്രയ ആസ്തികളാകുന്നതിൽനിന്നും സംരക്ഷിക്കുന്നതിനുമായാണ് റിസർവ് ബാങ്ക് ഈ സംവിധാനം നിഷ്കർഷിച്ചിട്ടുള്ളത്.

ചരക്കുസേവന നികുതി

48 (3477) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചരക്കുസേവന നികുതി സമ്പ്രദായം പരമാവധി സംസ്ഥാനത്തിന് അനുകൂലമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പൂർണ്ണമായും ഓൺലൈൻ സമ്പ്രദായമായ ജി.എസ്.ടി-യിലെ നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്യ നടപ്പിലാക്കി വരുന്നു. ANPR സമ്പ്രദായം ഉപയോഗിച്ചുള്ള ഇ-വേ ബിൽ പരിശോധന, ഡാറ്റാ അനാലിസിസ് തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ നികുതി വെട്ടിപ്പ് പെട്ടെന്ന് കണ്ടെത്തി കൂടുതൽ കാര്യക്ഷമമായി നടപടികൾ സ്വീകരിക്കാൻ കഴിയും. ഇത് കൂടാതെ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആധുനികവത്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നികുതികളോട് ചേർത്തുള്ള സെസ്

49 (3479) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ഏതെല്ലാം നികുതികളോട് ചേർത്ത് സെസ് ഏർപ്പെടുത്തിയിട്ടുണ്ട്?

(ബി) ഇപ്രകാരം പിരിച്ചെടുക്കുന്ന സെസ് അതതു മേഖലകളിലാണോ ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(സി) ലൈബ്രറി/പ്രളയ സെസ് വകമാറ്റി ചെലവഴിക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ?

(ഡി) സമാഹരിച്ചെടുത്ത പ്രളയ സെസിൽ റീബിൽഡ് കേരള പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ച തുകയും വിവിധ പദ്ധതികളും വ്യക്തമാക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

നികുതി ചോർച്ച

50(3481) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നികുതി ചോർച്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്രമാത്രമെന്ന വിശദമായ കണക്ക് നൽകാമോ?

(ബി) ഇപ്രകാരമുള്ള നികുതി ചോർച്ച സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ആംനസ്റ്റി സ്കീമുകൾ

51(3482) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

നികുതി കുടിശ്ശിക പിരിക്കുന്നതിനുള്ള ആംനസ്റ്റി സ്കീമുകൾ തുടർച്ചയായി പരാജയപ്പെടുന്നതിനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആംനസ്റ്റി സ്കീമുകൾ ഫലപ്രദമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ജി.എസ്.ടി.-ക്ക് മുൻപുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി.-യിലേക്ക് നൽകുന്നതിന്റെ ഭാഗമായാണ് കഴിഞ്ഞ വർഷം ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതനുസരിച്ച് വാറ്റ് നിയമത്തിന്മേലുള്ള നികുതി കുടിശ്ശികകളിൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കി കൊടുക്കുകയും നികുതി തുകയിൽ ഇളവ് അനുവദിക്കുകയും ചെയ്തു. കഴിഞ്ഞ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം ഒരു വ്യാപാരിയുടെ എല്ലാ വർഷങ്ങളിലെ നികുതി കുടിശ്ശികയും ഒരുമിച്ചു മാത്രമേ ആംനസ്റ്റി ഓപ്റ്റ് ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂ. ഇത് പല വ്യാപാരികളും ആംനസ്റ്റി പദ്ധതി സ്വീകരിക്കാതിരിക്കുന്നതിന് കാരണമായി. ഇതിൽനിന്നും വ്യത്യസ്തമായി ഈ വർഷത്തെ ആംനസ്റ്റി പദ്ധതിയിൽ വ്യാപാരികൾക്ക് ഓരോ

വർഷത്തെയും നികുതി കുടിശ്ശികയിന്മേൽ ആംനസ്റ്റി ഓപ്റ്റ് ചെയ്യുവാനുള്ള അവസരം നൽകിയിട്ടുണ്ട്. ഇത് കൂടുതൽ വ്യാപാരികൾ ആംനസ്റ്റി പദ്ധതി സ്വീകരിക്കാൻ ഇടയാക്കുമെന്നാണ് കരുതുന്നത്.

സ്പാർക്കിന്റെ ഓഫീസുകളുടെ പ്രവർത്തനം

52(3483) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സ്പാർക്കിൽ ജീവനക്കാരുടെ പേര്, ജനന തീയതി, മേൽവിലാസം മറ്റ് അനുബന്ധ സർവ്വീസ് രേഖകൾ തുടങ്ങിയവയിലുണ്ടാകുന്ന തെറ്റുകൾ തിരുത്തുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

01-07-2019-ലെ പരിപത്രം നം.64/2019/ധന-യിലെ ഖണ്ഡിക (4) പ്രകാരം ജീവനക്കാരുടെ സർവ്വീസ് രേഖകൾ തിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. പരിപത്രം അനുബന്ധമായി + ഇതോടൊപ്പം ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിലവിൽ തിരുവനന്തപുരം ഉൾപ്പെടെയുള്ള സ്പാർക്ക് ഓഫീസുകളിൽ എത്ര സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരും ജോലി ചെയ്യുന്നുണ്ടെന്ന് ഓഫീസ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ധനകാര്യ സ്പാർക്ക് (പി.എം.യു.) വകുപ്പിൽ 6 സ്ഥിരം ജീവനക്കാരും 54 താൽക്കാലിക ജീവനക്കാരും സ്പാർക്ക് പ്രോജക്ടുമായി ബന്ധപ്പെട്ട് ജോലി ചെയ്തുവരുന്നു. സ്ഥിരം -6 തിരുവനന്തപുരം -5 കണ്ണൂർ -1 താൽക്കാലികം -54 മാസ്റ്റർ ട്രെയിനേഴ്സ്- 43 തിരുവനന്തപുരം സ്പാർക്ക് (പി.എം.യു) - 34 ജില്ലാ ട്രഷറികൾ -6 (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർഗോഡ്) കണ്ണൂർ റീജിയണൽ ഓഫീസ് – 3 പ്രോഗ്രാമേഴ്സ് -5 (NIC യിൽ) സിസ്റ്റം അഡ്മിൻ - 2 (തിരുവനന്തപുരം) സെക്യൂരിറ്റി- 3 (തിരുവനന്തപുരം-2, കണ്ണൂർ-1) ഓഫീസ് അറ്റൻഡൻഡ്-1 തിരുവനന്തപുരം സ്പാർക്ക് (പി.എം.യു.)ഓഫീസ്.

(സി) ധനകാര്യ വകുപ്പിലെ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെ സ്പാർക്ക് ഓഫീസുകളിൽ നിയോഗിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിഷയം പരിശോധിച്ച് ആവശ്യമെങ്കിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) വിവിധ ജില്ലകളിൽനിന്നും പരാതിയുമായി തിരുവനന്തപുരത്തെ സ്പാർക്ക് ഓഫീസിൽ എത്തിച്ചേരുന്ന ഉദ്യോഗസ്ഥർക്ക് പ്രസ്തുത ഓഫീസിൽ പ്രവേശിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഏർപ്പെടുത്തിയിട്ടില്ല. 06-10-2016-ലെ പരിപത്രം നം. 81/2016/ധന, (അനുബന്ധം)+ 01-07-2019-ലെ പരിപത്രം നം.64/2019/ധന-യിലെ ഖണ്ഡിക (1), (2) എന്നിവ പ്രകാരവും (അനുബന്ധം)+ കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 10-06-2020-ലെ പരിപത്രം നം.33/2020/ധന, (അനുബന്ധം)+ 26-07-2021-ലെ പരിപത്രം നം.60/2021/ധന (അനുബന്ധം) + എന്നിവ പ്രകാരവും സ്പാർക്ക് ഓഫീസിൽ എത്തിച്ചേരുന്ന ഉദ്യോഗസ്ഥർക്ക് ഓഫീസ് സന്ദർശിക്കുന്നതിനുള്ള നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഇ) നിലവിൽ തിരുവനന്തപുരം ഉൾപ്പെടെയുള്ള സ്പാർക്ക് ഓഫീസുകളിലെ ഏതെങ്കിലും ജീവനക്കാർക്കെതിരെ പരാതികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള പരാതികൾ ലഭിക്കുകയാണെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സബ്ജക്ട് കമ്മിറ്റികൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ

53 (3484) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) നിയമസഭയുടെ വിവിധ സബ്ജക്ട് കമ്മിറ്റികൾ അംഗീകരിച്ച് അധിക ഫണ്ടിനുവേണ്ടി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിക്കുന്ന രീതി വ്യക്തമാക്കുമോ?

മുൻ വർഷങ്ങളിലേയും, നടപ്പു വർഷത്തേയും ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗം, പദ്ധതി നിർവ്വഹണ പുരോഗതി, സംസ്ഥാനത്തിന്റെ വിഭവലഭ്യത, മുൻ വർഷത്തെ അപേക്ഷിച്ച് ബഡ്ജറ്റ് വിഹിതത്തിൽ ഉണ്ടായിട്ടുള്ള വ്യതിയാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് നിയമസഭയുടെ വിവിധ വിഷയനിർണ്ണയ സമിതികൾ അധിക തുകയ്ക്കുവേണ്ടി ശിപാർശ ചെയ്ത പദ്ധതി പദ്ധതിയേതര

ഇനങ്ങളിൽ ഭരണ വകുപ്പ് സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ പ്രധാനമായും പരിശോധിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ, നബാർഡ്, എൻ.സി.ഡി.സി., എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളിൽ കേന്ദ്ര മന്ത്രാലയങ്ങൾ പുറപ്പെടുവിക്കുന്ന ഭരണാനുമതി, ലഭ്യമാകുന്ന കേന്ദ്ര വിഹിതം, വായ്പാ വിഹിതം എന്നിവ കണക്കിലെടുത്താണ് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നത്. കേന്ദ്ര വിഹിതം സംസ്ഥാന അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ട പദ്ധതികളിൽ ഭരണവകുപ്പ് ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് തന്നെ അധിക വിഹിതം അനുവദിക്കാറുമുണ്ട്.

(ബി) 2020, 2021 വർഷങ്ങളിൽ ഇത്തരത്തിൽ സബ്ജക്ട് കമ്മിറ്റികൾ എത്ര പ്രൊപ്പോസലുകൾ ധനവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്; ഇതിൽ എത്രയെണ്ണം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

(സി) വിവിധ വകുപ്പുകൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ സബ്ജക്ട് കമ്മിറ്റികൾ പരിശോധിച്ച് ധനവകുപ്പിന് സമർപ്പിക്കുന്നതിൽ മിക്കതും അനുവദിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ?

(ബി&സി) വിഷയനിർണ്ണയ സമിതിയുടെ ശിപാർശകളിന്മേൽ ബഹു. ധനമന്ത്രി നിയമസഭയിൽ യുക്തമായ പ്രസ്താവനകൾ നൽകുകയും അതിന്റെ

അടിസ്ഥാനത്തിൽ ഭരണ വകുപ്പ് ലഭ്യമാക്കുന്ന അധിക ധനാനുമതി നിർദ്ദേശങ്ങൾക്ക്, അധിക ധനാനുമതി, ധനപുനർവിനിയോഗം, ഉപധനാഭ്യർത്ഥന എന്നിവ വഴി തുക അനുവദിക്കാറുണ്ട്. വിഷയ നിർണ്ണയ സമിതി ശിപാർശയിന്മേൽ കൈക്കൊണ്ട നടപടി റിപ്പോർട്ട് ഭരണ വകുപ്പ് അതത് വിഷയ നിർണ്ണയ സമിതികൾക്ക് നൽകി വരുന്നുമുണ്ട്. ധനകാര്യ വകുപ്പിൽ ആയതിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ അതിന്മേലുള്ള ക്രോഡീകരണം നടത്തിയിട്ടില്ല.

ധനകാര്യ വകുപ്പിലെ താൽക്കാലിക ജീവനക്കാർ

54(3485) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ധനകാര്യ വകുപ്പിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലി നോക്കുന്നു; ഏതെല്ലാം തസ്തികകളിൽ എത്ര പേർ വീതം എന്ന് വിശദമാക്കാമോ?

ധനകാര്യ വകുപ്പിൽ നിലവിൽ 110 താൽക്കാലിക ജീവനക്കാർ ജോലി നോക്കുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത താൽക്കാലിക ജീവനക്കാരെ ഏതൊക്കെ രീതികൾ വഴിയാണ് തെരഞ്ഞെടുത്തതെന്ന് അറിയിക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവിധ തസ്തികകളിലേയ്ക്ക് ജീവനക്കാരെ തസ്തികകളുടെ ജോലിസ്വഭാവം കണക്കിലെടുത്ത് എഴുത്ത്പരീക്ഷ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലും നിക്സി, കെക്ലോൺ, കുടുംബശ്രീ എന്നിവ മുഖേനയുമാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

(സി) ഇവരിൽ എത്ര പേരെയാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തെരഞ്ഞെടുത്തതെന്ന് അറിയിക്കുമോ?

നിലവിൽ ധനകാര്യ വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആരെയും നിയമിച്ചിട്ടില്ല.

സാധനങ്ങളുടെ വിലക്കയറ്റം

55(3486) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കോവിഡ് മഹാമാരിയെത്തുടർന്ന് ഉല്പന്നങ്ങൾക്ക് ഡിമാന്റ് വർദ്ധിക്കുന്ന സാഹചര്യത്തിൽ അവയുടെ വിലക്കയറ്റം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ പൊതുവിപണിയിലെ മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ

സന്ദർഭങ്ങളിൽ സർക്കാർ/വകുപ്പ് തലത്തിൽ വിളിച്ച് ചേർത്തിട്ടുണ്ട്. ഇരുപത്തിരണ്ട് അവശ്യസാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതു വിപണിയിൽനിന്നും ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന് നല്കുകയും, അവിടെ നിന്ന് ടി വിവരങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര പൊതുവിതരണ ഉപഭോക്തൃ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ചേർക്കുകയും വില ശരാശരിയിൽനിന്നും കൂടിയ കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്തി ക്രമക്കേടുകൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

(ബി) കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പൊതുവിതരണ ശൃംഖലയിലെ അഴിമതിയും ക്രമക്കേടും ഇല്ലാതാക്കുന്നതിന് ഭക്ഷ്യധാന്യ വിപണിയിലെ തട്ടിപ്പുകൾ, കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, അവധി വ്യാപാരം, കൃത്രിമ വിലക്കയറ്റം മുതലായവ തടയുന്നതിന് ശക്തമായ ഒരു പരിശോധന സംവിധാനം വകുപ്പ് തലത്തിൽ നിലവിലുണ്ട്. ഇപ്രകാരം വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ KTPDS (Control) order 2021 പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ച്

വരുകയും ചെയ്യുന്നുണ്ട്. കോവിഡ് 19-ഉം ആയി ബന്ധപ്പെട്ട് ഭക്ഷ്യ ധാന്യങ്ങളുടെ ദൗർലഭ്യം ഉണ്ടാകാതിരിക്കുന്നതിനും കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിനും ശക്തമായ പരിശോധനകൾ വഴി കഴിഞ്ഞിട്ടുണ്ട്. ഓരോ ദിവസത്തേയും അവശ്യ സാധനങ്ങളുടെ വിലവിവരം ലഭ്യമാക്കി അവലോകനം നടത്തി അവശ്യ സാധനങ്ങളുടെ വില വർദ്ധനവ്, സ്റ്റോക്ക് ലഭ്യത ഉറപ്പുവരുത്തി തടയാൻ സാധിച്ചിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 അനുശാസിക്കുന്ന രീതിയിൽ, ഓൺലൈൻ പരാതി പരിഹാര സംവിധാനം, ഭക്ഷ്യ കമ്മീഷന്റെ പ്രവർത്തനം എന്നിവ ആരംഭിക്കുകയും കൂടാതെ സംസ്ഥാനത്തെ ജില്ലാ, താലൂക്ക് റേഷൻ കട വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തതിലൂടെ ക്രമക്കേടുകൾ തടയാൻ സാധിച്ചിട്ടുണ്ട്.

മലബാർ കാൻസർ സെന്റർ

56(3487) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ മലബാർ കാൻസർ സെന്ററിന് 2011 മുതൽ ഭരണാനുമതി ലഭ്യമാക്കിയ പ്രവൃത്തികൾ

ഏതൊക്കെയാണെന്നും ആയതിന് അനുവദിച്ച തുകയടക്കം വ്യക്തമാക്കാമോ?

(ബി) മലബാർ കാൻസർ സെന്ററിന് 2011 മുതൽ ഭരണാനുമതി ലഭിച്ച പദ്ധതികളുടെ ഓരോ വർഷവുമുള്ള ഫണ്ട് റിലീസ് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) തലശ്ശേരി നിയോജകമണ്ഡലത്തിലെ മലബാർ കാൻസർ സെന്ററിന് 2011 മുതൽ ഭരണാനുമതി ലഭ്യമാക്കിയ പ്രവൃത്തികൾ, ഓരോ വർഷവുമുള്ള ഫണ്ട് റിലീസ് സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾക്കാണ് ഇനിയും ഫണ്ട് റിലീസ് ചെയ്യാനുള്ളതെന്നും ആയതിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തരമായി ഫണ്ട് റിലീസ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

പ്രസ്തുത പദ്ധതികളിൽ 2014-15 മുതൽ 2019-20 വരെയുള്ള പദ്ധതികളിൽ ആകെ 8734.46 ലക്ഷം രൂപ ഇനിയും റിലീസ് ചെയ്യുവാനുണ്ട്. ഭരണാനുമതി ലഭ്യമായ പ്രവൃത്തികൾക്ക് പദ്ധതികൾ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിക്കുന്ന ക്രമത്തിൽ ഫണ്ട് റിലീസ് ചെയ്യുന്നത് പരിശോധിക്കുന്നതാണ്.

കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വനിത ജീവനക്കാർ

57(3488) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സർക്കാർ സ്ഥാപനത്തിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന വനിത ജീവനക്കാർക്ക് ശമ്പളത്തോടുകൂടിയ പ്രസവാവധിക്ക് അർഹതയുണ്ടോ?

കെ.എസ്.ആർ, ഭാഗം I, അനുബന്ധം 1 പ്രകാരമുള്ള കരാറിൽ ഏർപ്പെടുകയോ കരാർ ജീവനക്കാർക്ക് കെ.എസ്.ആർ.-ലെ അവധി ചട്ടങ്ങൾ ബാധകമാക്കുകയോ ചെയ്തിട്ടുള്ളപക്ഷം പ്രസ്തുത വനിത ജീവനക്കാർക്ക് കെ.എസ്.ആർ, ഭാഗം I, അനുബന്ധം VIII ചട്ടം 2-ന് ചുവടെയുള്ള കുറിപ്പ് പ്രകാരം ശമ്പളത്തോടുകൂടിയ പ്രസവ അവധിക്ക് അർഹതയുണ്ട്. ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾ പരിഷ്കരിച്ച് 04-01-2021-ലെ സ.ഉ.(അച്ചടി) നം. 02/2021/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇത്തരം വനിത ജീവനക്കാർ ഹിസ്ടക്കുമിക്ക് വിധേയമായാൽ അവർക്ക് 45 ദിവസത്തെ ശമ്പളത്തോടുകൂടിയ അവധിക്ക് അർഹതയുണ്ടോ?

ഇല്ല

(സി) ഇല്ലെങ്കിൽ മാനുഷിക പരിഗണനയിൽ ആയത് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

വൈജ്ഞാനിക സമ്പദ്ഘടന

58(3489) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

അനുകൂല സാഹചര്യം കണക്കിലെടുത്ത് കേരളത്തെ വൈജ്ഞാനിക സമ്പദ്ഘടനയിലേക്ക് നയിക്കുവാൻ സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

കേരള ഗവൺമെന്റ് 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേരള നോളജ് മിഷൻ എന്ന പേരിൽ ഒരു ബൃഹത്തായ തൊഴിൽ പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. അഞ്ചു വർഷത്തിനുള്ളിൽ 20 ലക്ഷം അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന്

ഉദ്ദേശിച്ചാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനായി തൊഴിലന്വേഷകർക്ക് രജിസ്റ്റർ ചെയ്യുന്നതിനും അവരുടെ നൈപുണ്യ വർദ്ധനവിനും തൊഴിൽദാതാക്കളുമായി ബന്ധിപ്പിച്ച് തൊഴിൽ ലഭ്യമാക്കുന്നതിനും കേരള ഡെവലപ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) ഒരു ഡിജിറ്റൽ പ്ലാറ്റ് ഫോം തയ്യാറാക്കുമെന്നും പ്രഖ്യാപിക്കുകയുണ്ടായി. ഇതുസംബന്ധിച്ച വിശദമായ സർക്കാർ ഉത്തരവ് 22-05-2021-ലെ (കൈ) നം. 13/2021/പ്ലാനിംഗ് പ്രകാരം സർക്കാർ നിർദ്ദേശിച്ചതനുസരിച്ച്, അഞ്ച് വർഷംകൊണ്ട് 20 ലക്ഷം പേർക്ക് നോളജ് ഇക്കണോമി മിഷന്റെ ഭാഗമായി ഡിജിറ്റൽ പ്ലാറ്റ്ഫോം സ്ഥാപിച്ച് തൊഴിൽ നൽകുന്നതിനുവേണ്ടിയുള്ള സമഗ്ര പരിപാടിയുടെ സ്ട്രാറ്റജിക് പ്ലാൻ കെ-ഡിസ്ക് തയ്യാറാക്കി സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചു വരികയാണ്. താഴെപ്പറയുന്ന നാല് കാര്യങ്ങൾ മുൻനിർത്തിയാണ് സ്ട്രാറ്റജിക് പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്.

1. ഭാവിയിലെ തൊഴിൽ സാദ്ധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് തൊഴിൽ രഹിതരായ വിദ്യാസമ്പന്നർക്കും കരിയർ ബ്രേക്ക് വന്ന പ്രൊഫഷണലുകൾക്കും ഡിജിറ്റൽ പോർട്ടലിൽ രജിസ്ട്രേഷൻ

നടത്തുന്നതിനും പരിശീലനം നൽകുന്നതിനും തൊഴിൽദാതാക്കളുമായി സമ്പർക്കം പുലർത്തുന്നതിനും ആവശ്യമായ അവസരങ്ങൾ ഒരുക്കുക.

2. മേൽ വിഭാഗങ്ങൾക്ക് കരിയർ കൗൺസിലിംഗിനായി ഒരു സംവിധാനമൊരുക്കുകയും നൈപുണി-മൂല്യനിർണയ പരിശീലന പരിപാടികളിലൂടെ ഇവരെ കൈപിടിച്ചുയർത്തുകയും ചെയ്യുക.

3. പരിശീലനം ലഭിച്ച തൊഴിലന്വേഷകർക്ക് തൊഴിൽ ദാതാക്കളുമായി ബന്ധപ്പെട്ട് തൊഴിൽ ലഭ്യമാക്കുവാൻ സഹായിക്കുക. 4. താമസസ്ഥലത്തു നിന്നും (വർക്ക് നിയർ ഹോം/ വർക്ക് ഫ്രം ഹോം) ജോലിയിൽ ഏർപ്പെടുന്ന വിജ്ഞാന തൊഴിലാളികൾക്കായി സാമൂഹിക സുരക്ഷാ സംവിധാനവും അടിസ്ഥാന സൗകര്യവും സജ്ജമാക്കുക. മേൽ ഘടകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് വിശദമായ സ്ട്രാറ്റജിക് പേപ്പർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. തൊഴിലന്വേഷകർക്കും അഭ്യസ്തവിദ്യർക്കും തൊഴിൽ ലഭ്യമാക്കുന്നതിനായി രജിസ്ട്രേഷൻ നടത്തുവാൻ DWMS (ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം) എന്ന ഡിജിറ്റൽ പോർട്ടൽ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടുകൂടി രൂപീകരിക്കുകയും അതിന്റെ പ്രവർത്തനം 09-02-2021-ന് ഔദ്യോഗികമായി ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. 23-07-2021 തീയതിവരെ ആകെ

34719 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 44 പ്രവാസികളും പ്രസ്തുത പോർട്ടലിൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. കൂടാതെ 23-07-2021 വരെ 168 പേർക്ക് ജോലി നൽകുവാനും സാധിച്ചിട്ടുണ്ട്. ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിൽ നിന്നും പാവപ്പെട്ടവർ പുറന്തള്ളപ്പെടാതിരിക്കുന്നതിനുവേണ്ടി പ്രത്യേകമായ കർമ്മ പരിപാടികൾ കെ-ഡിസ്കിന്റെ സ്ട്രാറ്റജിക് പേപ്പറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിജ്ഞാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ്, മെഡിക്കൽ ഇൻഷ്വറൻസ് തുടങ്ങിയ ആനുകൂല്യങ്ങളോടൊപ്പം വർക്ക് നിയർ ഹോം/ വർക്ക് ഫ്രം ഹോം സൗകര്യങ്ങൾക്കായി കുറഞ്ഞ പലിശ നിരക്കിൽ ഉപകരണങ്ങൾ, വർക്ക് സ്റ്റേഷൻ സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കുക എന്നതിനും കെ-ഡിസ്ക് കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിൽനിന്നും പുറന്തള്ളപ്പെടുന്നവരെ ശാക്തീകരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് 'പ്ലാറ്റ് ഫോം കോ-ഓപ്പറേറ്റീവ്' എന്ന നൂതനമായ ആശയം കൂടി സ്ട്രാറ്റജിക് പേപ്പറിൽ മുന്നോട്ടുവച്ചിട്ടുണ്ട്. 4000 കോ-ഓപ്പറേറ്റീവ് പ്ലാറ്റ് ഫോം രൂപീകരിക്കാനാണ് കെ-ഡിസ്ക് ഉദ്ദേശിക്കുന്നത്.

ക്ഷേമ പെൻഷൻ

59(3490) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ക്ഷേമപെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾ സർക്കാർ നിർദ്ദേശപ്രകാരം യഥാസമയം മസ്റ്ററിംഗ് നടത്താത്തതിനാൽ അവരുടെ പെൻഷൻ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് മസ്റ്ററിംഗ് നടത്തി പെൻഷൻ ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി ഈ ഓണക്കാലത്തിന് മുമ്പ് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിച്ചിട്ടുള്ളവർക്കാണ് മസ്റ്ററിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്. കോവിഡ് വ്യാപനം രൂക്ഷമായ നിലവിലെ സാഹചര്യത്തിൽ മസ്റ്ററിംഗ് നടത്തുവാൻ കഴിയില്ല. മഹാമാരിക്ക് ശമനമുണ്ടാകുമ്പോൾ മസ്റ്ററിംഗ് നടത്താത്തവർക്ക് അതിനായി ഒരവസരം കൂടി നൽകുന്നതും അപ്രകാരം മസ്റ്റർ ചെയ്തവർക്ക് മുടങ്ങിക്കിടക്കുന്ന പെൻഷൻ പുന:സ്ഥാപിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്.

(ബി) യഥാസമയം മസ്റ്ററിംഗ് നടത്താത്തതിനാൽ പെൻഷൻ തുക തടയപ്പെട്ട ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗിനുശേഷം പെൻഷൻ തുക

ലഭിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും മസ്റ്ററിംഗിന് മുമ്പ് തടഞ്ഞുവച്ച പെൻഷൻ കുടിശ്ശിക ഈ ഓണക്കാലത്തിന് മുമ്പ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഈ വിഷയം പരിശോധിച്ച് തീരുമാനമെടുക്കുന്നതായിരിക്കും.

(സി) ഇങ്ങനെ പെൻഷൻ കുടിശ്ശികയുള്ള എത്ര ഗുണഭോക്താക്കളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

മസ്റ്ററിംഗ് പൂർത്തിയാക്കാതിരുന്നതിനാൽ പെൻഷൻ കുടിശ്ശികയുള്ള 1,41,852 ഗുണഭോക്താക്കളാണുള്ളത്.

ധനകാര്യ വകുപ്പിന്റെ സൂക്ഷ്മപരിശോധന

60(3491) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

റീബിൽഡ് കേരളയിലെ പദ്ധതികളിൽ ധനകാര്യ വകുപ്പിന്റെ സൂക്ഷ്മപരിശോധന ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

റീബിൽഡ് കേരളയിൽ ഉൾപ്പെട്ടിരിക്കുന്ന പദ്ധതികൾക്ക് പുറപ്പെടുവിച്ചിരിക്കുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ആവശ്യകത പരിശോധിച്ചാണ് വിവിധ പ്രവർത്തനങ്ങൾക്ക് ധനകാര്യ വകുപ്പ് ഫണ്ട്

അനുവദിച്ചു വരുന്നത്. പദ്ധതികളുടെ നിർവ്വഹണം പുരോഗമിച്ചു വരുന്നതേയുള്ളൂ. പദ്ധതി നിർവ്വഹണത്തിൽ സൂക്ഷ്മമ പരിശോധന നടത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ സാങ്കേതിക പരിശോധനയ്ക്ക് ചീഫ് ടെക്നിക്കൽ എക്സാമിനർ, മറ്റ് പരിശോധനകൾക്ക് ധന (ഇൻസ്പെക്ഷൻ) വിഭാഗം തുടങ്ങിയ സംവിധാനങ്ങൾ ധനകാര്യ വകുപ്പിന് കീഴിൽ നിലവിലുണ്ട്. ആവശ്യമാകുന്നപക്ഷം പ്രസ്തുത സംവിധാനങ്ങൾ വഴി പരിശോധന നടത്താൻ കഴിയുന്നതാണ്.

ദേശീയ സമ്പാദ്യ പദ്ധതി

61(3492) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ജനങ്ങളിൽ മിതവ്യയവും സമ്പാദ്യശീലവും വളർത്തുകയും വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിഭവസമാഹരണം നടത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ

പ്രവർത്തിച്ചുവരുന്ന ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ നിലവിൽ ഏകദേശം 9000 ഏജന്റുമാർ പ്രവർത്തിച്ചുവരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ 3200 കോടി രൂപ മിച്ചനിക്ഷേപമായി സമാഹരണം നടത്തുവാൻ തീരുമാനിക്കുകയും 3385.64 കോടി രൂപ സമാഹരിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ 5 വർഷക്കാലയളവിലും നിക്ഷേപ സമാഹരണത്തിൽ ക്രമാനുക്രമമായ വർദ്ധനവ് നേടിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	നിക്ഷേപ സമാഹരണം (തുക കോടിയിൽ)
2015-16	1208.3
2016-17	1605.21
2017-18	2814.37
2019-20	3139.10

(ബി) ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാരുടെ ക്ഷേമനിധിയിലേക്ക് സർക്കാർ നൽകുന്ന വിഹിതം എത്ര ശതമാനമാണ്; ഈ സാമ്പത്തിക വർഷം എത്ര രൂപ അതിനായി ചെലവഴിച്ചിട്ടുണ്ട്?

ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ ഏജന്റുമാർ ക്ഷേമനിധിയിലേയ്ക്ക് ഒടുക്കുന്ന വിഹിതത്തിന്റെ പകുതി (50%) ആണ് സർക്കാർ വിഹിതം. നടപ്പ് സാമ്പത്തിക വർഷം ഈ ആവശ്യത്തിലേയ്ക്കായി വകയിരുത്തിയിരുന്ന 65 ലക്ഷം രൂപയിൽ 21 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതം അടയ്ക്കുന്നതിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര കാലയളവിലെ കുടിശ്ശിക ഒടുക്കാനുണ്ടെന്ന് അറിയിക്കാമോ?

നിലവിൽ സർക്കാർ വിഹിതത്തിൽ കുടിശ്ശികയില്ല.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ

62(3493) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ വകുപ്പുകളുടെ ഓഫീസുകൾ എത്രയുണ്ട്; ജില്ല തിരിച്ച് കണക്ക് നൽകാമോ?

(ബി) ഇതിലേക്ക് വാടക ഇനത്തിൽ എത്ര തുക ചെലവഴിക്കുന്നു; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ?

(സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ സ്വന്തം കെട്ടിടത്തിലേക്ക് മാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

പങ്കാളിത്ത പെൻഷൻ പുന:പരിശോധന

63(3494) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

കഴിഞ്ഞ സർക്കാർ നിയമിച്ച പങ്കാളിത്ത പെൻഷൻ പുന:പരിശോധനാ സമിതി തയ്യാറാക്കിയ റിപ്പോർട്ട് സംബന്ധിച്ച് സർക്കാർ സ്വീകരിക്കുവാനുദ്ദേശിക്കുന്ന തുടർനടപടികൾ എന്തെല്ലാമാണെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്.

വിവിധ പെൻഷൻ വാങ്ങുന്നവരുടെ വിശദാംശങ്ങൾ

64(3495) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ആകെ 50,58,964 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളാണുള്ളത്. അതിൽ 48,52,098 പേരാണ് പെൻഷൻ വാങ്ങുന്നത് (ആഗസ്റ്റ് മാസത്തെ കണക്കുകൾ പ്രകാരം).

(ബി) ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങുന്നവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

സർക്കാർ നൽകുന്ന ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡുകളിലായി 7,05,736 ഗുണഭോക്താക്കളാണുള്ളത്. അതിൽ 6,60,520 ഗുണഭോക്താക്കൾക്ക് 2021 ആഗസ്റ്റ് മാസം പെൻഷൻ അനുവദിച്ചിട്ടുണ്ട്. കൂടാതെ, തനതു ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിൽ 3,84,163 പെൻഷൻ ഗുണഭോക്താക്കളുമുണ്ട്. അങ്ങനെ ആകെ 10,44,683 പേരാണ് ക്ഷേമനിധി ബോർഡുകളിൽ നിന്നും പെൻഷൻ വാങ്ങുന്നത്.

(സി) സംസ്ഥാനത്ത് സർവ്വീസ് പെൻഷൻ വാങ്ങുന്നവരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് 4,22,550 പേരാണ് സർവ്വീസ് പെൻഷൻ വാങ്ങുന്നത്.

കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്

65(3496) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്ഥാപനം സർക്കാർ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ കമ്പനിയുടെ പ്രവർത്തനം എന്തെല്ലാമെന്ന് വിശദമാക്കുമോ?

26-06-2018-ലെ സ.ഉ. (എംഎസ്) നം. 232/2018/ധന. പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് രൂപികരിച്ചിട്ടുണ്ട്. സർക്കാർ വിതരണം ചെയ്തുകൊണ്ടിരുന്ന സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വിതരണം നടത്തുന്നതിന് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി പ്രവർത്തിക്കുക, വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്നിവയാണ് കമ്പനിയുടെ പ്രധാന പ്രവർത്തനങ്ങൾ.

(ബി) പ്രസ്തുത കമ്പനിയുടെ ഉത്തരവാദപ്പെട്ട സ്ഥാനങ്ങൾ വഹിക്കുന്നത് ആരെല്ലാമാണ്; വിശദാംശം നൽകാമോ?

ബഹു. ധനകാര്യ വകുപ്പുമന്ത്രി കമ്പനിയുടെ ചെയർമാനും ഡയറക്ടറുമായി പ്രവർത്തിക്കുന്നു. ധനകാര്യവകുപ്പ് അഡീഷണൽ ചീഫ്

സെക്രട്ടറി കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായും ബഹു. തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീമതി ശാരദാ മുരളീധരൻ, ശ്രീമതി പ്രീത. ബി. എസ് (അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്), ശ്രീ. അനൂപ്. എസ്. (അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്), ശ്രീ. പ്രദീപ്കുമാർ (ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്) എന്നിവർ ഡയറക്ടർമാരായും പ്രവർത്തിക്കുന്നു.

(സി) ധനകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതിന് പ്രസ്തുത കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ?

26-06-2018-ലെ സ. ഉ. (എംഎസ്) നം. 232/2018/ധന. പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് രൂപികരിക്കുകയും പ്രസ്തുത കമ്പനി ധനകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതിന് അനുമതി നല്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത കമ്പനിക്ക് പ്രവർത്തനം നടത്തുന്നതിന് ഗ്യാരണ്ടി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുക ഗ്യാരണ്ടി നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

കമ്പനിയുടെ പ്രധാന പ്രവർത്തനം സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വിതരണം ചെയ്യുക എന്നതാണ്. പെൻഷൻ വിതരണത്തിന് ഫണ്ട്

സ്വരൂപിക്കുന്നതിനായി വായ്പയെടുക്കുന്നതിന് ഒരു തവണ 2500 കോടി രൂപയ്ക്കും കടപ്പത്രം പുറപ്പെടുവിക്കുന്നതിനായി 2000 കോടി രൂപയ്ക്കും സർക്കാർ ഗ്യാരണ്ടി നല്കിയിരുന്നു. പ്രസ്തുത ഗ്യാരണ്ടി ഉപയോഗപ്പെടുത്തി ആകെ 1773.30 കോടി രൂപ വായ്പയെടുക്കുകയും വായ്പ കാലാവധി പൂർത്തിയായതിനെ തുടർന്ന് വായ്പ തിരികെ അടച്ചിട്ടുള്ളതുമാണ്. എന്നാൽ കമ്പനി കടപ്പത്രം പുറപ്പെടുവിച്ചിട്ടില്ല.

(ഇ) പ്രസ്തുത കമ്പനിയുടെ പ്രവർത്തന മേഖല എന്താണെന്നും ഓരോ വർഷത്തേയും ലാഭം എത്രയാണെന്നും വ്യക്തമാക്കാമോ?

കമ്പനിയുടെ പ്രവർത്തന മേഖല പൂർണമായും സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വിതരണം ചെയ്യുക എന്നതാണ്. സേവനമേഖലയിൽ പ്രവർത്തിക്കുന്ന കമ്പനി ലാഭം ഉണ്ടാക്കുന്നില്ല.

ബാംബൂ കോർപ്പറേഷൻ ജീവനക്കാരിൽ നിന്നും പിടിക്കുന്ന പി. എഫ്. വിഹിതം

66(3497) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ബാംബൂ കോർപ്പറേഷനിലെ ജീവനക്കാരിൽ നിന്നും പിടിക്കുന്ന പി.എഫ്. വിഹിതം യഥാസമയം ഒടുക്കുന്നില്ലെന്ന വിവരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ധനകാര്യവകുപ്പ് പരിശോധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ബാംബൂ കോർപ്പറേഷനുമായി ബന്ധപ്പെട്ടുള്ള വിവിധ പരാതികളിൽ ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തി വരുന്നു. ജീവനക്കാരിൽ നിന്നും പിടിക്കുന്ന ഇ.പി.എഫ്. വിഹിതം 2016 ജനുവരി മാസം മുതൽ 2019 ഏപ്രിൽ മാസം വരെ 2,09,17,543 (രണ്ട് കോടി ഒൻപത് ലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ്റി നാൽപ്പത്തി മൂന്ന്) ഒടുക്കിയിരുന്നില്ലായെന്ന് പ്രാഥമിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബാംബൂ കോർപ്പറേഷന്റെ നിലവിലെ ധനസ്ഥിതി പരിശോധിക്കുവാനും തൊഴിലാളികളുടെ പെൻഷൻ തുകയും സ്ഥാപനത്തിന്റെ പെൻഷൻ വിഹിതവും ഒടുക്കാത്തത് പരിശോധിക്കുവാനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ധനകാര്യ പരിശോധനാ വിഭാഗം ബന്ധപ്പെട്ട വിഷയങ്ങളിൽ വിശദമായ പരിശോധന നടത്തി വരികയാണ്.

മൂലധനച്ചെലവ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

67(3498) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

സംസ്ഥാനത്തെ മൂലധനച്ചെലവ് വർദ്ധിപ്പിക്കുന്നതിനും ചെലവിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന ത്രൈമാസ പദ്ധതി ചെലവ് അവലോകന യോഗങ്ങളിലും ചീഫ് സെക്രട്ടറിയുടെ സെക്രട്ടറിമാരുമായുള്ള മാസാന്ത്യ അവലോകന യോഗങ്ങളിലും പദ്ധതി ചെലവ് അവലോകനം ചെയ്ത് ചെലവിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. പ്രസ്തുത അവലോകന യോഗങ്ങളിൽ മൂലധനചെലവുമായി ബന്ധപ്പെട്ട കാര്യങ്ങളും ചർച്ച ചെയ്തുവരുന്നുണ്ട്. മൂലധന ചെലവിന്റെ ഗുണനിലവാരത്തിന്റെ നിർദ്ദിഷ്ട ത്രൈമാസ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പ്രത്യേകം ശ്രദ്ധപതിപ്പിക്കുന്നുണ്ട്. കേന്ദ്രസർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വായ്പപരിധിയിൽ 0.50 ശതമാനം വായ്പ മൂലധനചെലവിനത്തിൽ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള 12,547 കോടി

രൂപയുടെ ലക്ഷ്യം കൈവരിക്കണമെന്ന നിബന്ധനയോടെ അനുവദിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ മൂലധനചെലവിലധിഷ്ഠിതമായ വായ്പ ലഭ്യമാക്കുന്നതിന് 12-07-2021-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ മൂലധനചെലവ് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. കൂടാതെ, മൂലധനച്ചെലവ് വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ റവന്യൂ ശീർഷകത്തിൽ ചെലവഴിക്കുന്ന മൂലധനാധിഷ്ഠിതമായ പ്രവൃത്തികൾ മൂലധന ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികളും കൈകൊണ്ടു വരുകയാണ്.

സ്കൂൾ നിർമ്മാണ പദ്ധതികൾ

68(3499) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ വിവിധ സ്കൂളുകളുടെ നിർമ്മാണത്തിന് ഒരു കോടി രൂപ വീതം കിഫ്ബി വഴി അനുവദിച്ചതിൽ എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള സ്കൂളുകളിൽ 330 സ്കൂളുകൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതായി പദ്ധതി നിർവ്വഹണ ഏജൻസിയായ കില അറിയിച്ചിട്ടുണ്ട്.

(ബി) സാങ്കേതികാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വീണ്ടും പരിശോധന നടത്തി ഭേദഗതിക്കായി ശിപാർശ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വീണ്ടും പരിശോധന നടത്തി ഭേദഗതിക്ക് ശിപാർശ ചെയ്യുന്ന പ്രക്രിയ കിഫ്ബിയിൽ നിലവിലില്ല. എന്നാൽ ഇൻസ്പെക്ഷൻ അതോറിറ്റിയിൽ നിക്ഷിപ്തമായ നിയമപരമായ അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് ഏതു ഘട്ടത്തിലും നടത്തുന്ന സാങ്കേതിക പരിശോധനകളുടെ ഭാഗമായി കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനായി പദ്ധതികളിൽ അനുയോജ്യമായ മാറ്റം വരുത്തുവാൻ എസ്. പി. വി.-കൾക്ക് നിർദ്ദേശം നൽകാറുണ്ട്.

(സി) സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം ടെണ്ടർ ചെയ്ത പ്രവൃത്തിയുടെ കരാർ വച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തെങ്കിലും

തടസ്സങ്ങളുണ്ടോ; സാങ്കേതികാനുമതി ലഭിച്ച എത്ര പ്രവൃത്തികൾക്ക് കരാർ വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള കെട്ടിടങ്ങളിൽ ചിലത് പൊളിക്കുന്നതിൽ വന്നിട്ടുള്ള സാങ്കേതിക തടസംമൂലമുള്ള കാലതാമസവും ചില സ്കൂളുകൾ കോവിഡ് സെന്റർ ആയതിനാലും കരാർ വച്ച ചില പ്രവൃത്തികൾക്ക് തടസ്സമുണ്ടെന്നും സാങ്കേതികാനുമതി ലഭിച്ച 147 പ്രവൃത്തികൾക്ക് കരാർ വച്ചിട്ടുണ്ടെന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ കില അറിയിച്ചിട്ടുണ്ട്.

(ഡി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കാത്തതിനാലും എഗ്രിമെന്റ് വയ്ക്കുന്നതിന് മുൻപ് വീണ്ടും എസ്റ്റിമേറ്റ് പരിശോധിക്കുന്ന സ്ഥിതിയുള്ളതിനാലും പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഭരണാനുമതി ലഭിച്ച 446 പ്രവൃത്തികളിൽ 41 എണ്ണം കവറേജ് പ്രശ്നങ്ങൾ പോലുള്ള വിവിധ കാരണങ്ങളാൽ നടപ്പിലാക്കാൻ സാധിക്കുന്നതല്ലെന്നും, കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള 398 സ്കൂളുകളിൽ 330 സ്കൂളുകൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതായും,

സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വയ്ക്കുന്നതിന് മുൻപ് എസ്റ്റിമേറ്റ് വീണ്ടും പരിശോധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ കില അറിയിച്ചിട്ടുണ്ട്.

സ്കൂളുകളിൽ കിഫ്ബി ഫണ്ട്

69(3500) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് കിഫ്ബി ധനസഹായത്തോടെ അടിസ്ഥാനസൗകര്യ വികസനത്തിനായി തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

കിഫ്ബി ധനാനുമതി നൽകിയ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ സ്കൂൾ പദ്ധതികളും ധനാനുമതിയുടെ പകർപ്പുകളും അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

ചാത്തന്നൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

70(3501) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ചാത്തന്നൂർ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

കിഫ്ബി നാളിതുവരെ ധനാനുമതി നൽകിയ ചാത്തന്നൂർ മണ്ഡലത്തിലെ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കിഫ്ബി പദ്ധതികളിൽ ഏതെല്ലാം പൂർത്തീകരിച്ചെന്നും നിർവ്വഹണത്തിലുള്ളവ ഏതെല്ലാമെന്നും അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രസ്തുത മണ്ഡലത്തിലെ പൂർത്തീകരിച്ചതും ഇപ്പോൾ നിർവ്വഹണം നടക്കുന്നതുമായ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.+

(സി) പ്രസ്തുത മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള കിഫ്ബി പദ്ധതികളിൽ നിലവിൽ പൂർത്തീകരിക്കാത്തതും ഇനിയും ആരംഭിക്കാത്തതുമായ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

പ്രസ്തുത മണ്ഡലത്തിലെ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളിൽ പൂർത്തീകരിക്കാത്തതും ഇനിയും ആരംഭിക്കാത്തതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.+

കെ.ആർ.എഫ്.ബി. മുഖേന നടത്തുന്ന പ്രവൃത്തികൾ

71(3502) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കിഫ്ബി ധനകാര്യ അനുമതി നൽകിയതും പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണം നടന്നുവരുന്നതുമായ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം, കിഫ്ബിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായ കേരള റോഡ് ഫണ്ട് ബോർഡിനെ ഏൽപ്പിച്ചിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഭരണ വകുപ്പുകൾ നിയമിക്കുന്ന എസ്.പി.വി.-കളാണ് കിഫ്ബി സഹായത്തോടെയുള്ള പദ്ധതികളുടെ നിർവ്വഹണം നടത്തുന്നത്. അത്തരത്തിൽ പൊതുമരാമത്ത് വകുപ്പ് നിയമിച്ചിരിക്കുന്ന എസ്.പി.വി.-യാണ് കേരള റോഡ് ഫണ്ട് ബോർഡ്. പ്രസ്തുത എസ്.പി.വി.- യ്ക്ക് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുണ്ട്. കിഫ്ബിക്ക് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളോ പദ്ധതികളുടെ നേരിട്ടുള്ള നിർവ്വഹണ ഉത്തരവാദിത്തമോ ഇല്ല.

(ബി) എങ്കിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഇത്തരത്തിലുള്ള ഏതൊക്കെ പ്രവൃത്തികളാണ് കെ.ആർ.എഫ്.ബി. മുഖേന നിർമ്മാണം നടത്തുന്നതിന് ഉത്തരവായിട്ടുള്ളതെന്ന് അറിയിക്കാമോ?

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളതും കേരള റോഡ് ഫണ്ട് ബോർഡ് എസ്.പി.വി. ആയിട്ടുള്ളതുമായ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

ചരക്ക് സേവന നികുതി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥ തസ്തികകൾ

72(3503) ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ:

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ചരക്ക് സേവന നികുതി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് നികുതി പിരിവിനെ പ്രതികൂലമായി ബാധിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ജീവനക്കാരുടെ വിരമിക്കൽമൂലമുണ്ടായ ജോയിന്റ് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ എന്നീ തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് യോഗ്യരായവർക്ക് സർക്കാർ പ്രൊമോഷൻ നൽകി നികത്തിയിട്ടുണ്ട്. അസിസ്റ്റന്റ് കമ്മീഷണർ/സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിലുണ്ടായ ഒഴിവുകൾ സംസ്ഥാന നികുതി കമ്മീഷണറുടെ വകുപ്പുതല നടപടിക്രമങ്ങളിലൂടെ നികത്തിയിട്ടുണ്ട്. സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിൽ ട്രെയിനിംഗ് പൂർത്തിയാക്കി വരുന്നവരെ നിയമിക്കുന്നതിനായി തത്തുല്യമായ ഒഴിവുകൾ മാറ്റിവച്ചിട്ടുണ്ട്. 2021 വർഷത്തെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട പ്രസ്തുത തസ്തികകളിലേക്കുള്ള എല്ലാവർക്കും നിയമനം നൽകിയിട്ടുണ്ട്. എന്നാൽ അന്യത്ര സേവനം, മരണം പോലുള്ള ചില ആകസ്മിക കാരണങ്ങളാലും പുതുതായി ഒഴിവുകൾ വന്നുചേർന്നിട്ടുണ്ട്. നിലവിൽ ഒരു ജോയിന്റ് കമ്മീഷണറുടെയും രണ്ട്

ഡെപ്യൂട്ടി കമ്മീഷണറുടെയും മൂന്ന് സ്റ്റേറ്റ് ടാക്സ് ഓഫീസർമാരുടെയും ഒഴിവുകൾ നികത്താനുണ്ട്. അഡ്ഹോക്ക് ഡി.പി.സി. പ്രകാരം സെലക്ട് ലിസ്റ്റ് തയ്യാറാക്കിയശേഷം പ്രസ്തുത ഒഴിവുകൾ എത്രയും വേഗം നികത്തുന്നതാണ്.

(ബി) നികുതി നിർണ്ണയം നടത്തേണ്ട ഓഫീസുകളിലുൾപ്പെടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ചരക്ക് സേവന നികുതി വകുപ്പിലെ നികുതി നിർണ്ണയം നടത്തേണ്ട ഓഫീസുകളിലുൾപ്പെടെ ജോയിന്റ് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ/സ്റ്റേറ്റ് ടാക്സ് ഓഫീസർ, അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ, ഹെഡ് ക്ലാർക്ക്, സീനിയർ ക്ലാർക്ക് തുടങ്ങി എല്ലാ വിഭാഗം തസ്തികകളിലും ഉണ്ടായിരുന്ന ഒഴിവുകൾ നികത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

നികുതി പിരിവ് കാര്യക്ഷമമമാക്കാനും നികുതി കുടിശ്ശിക പിരിച്ചെടുക്കാനുമുള്ള പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത്

നടപ്പിലാക്കിവരുന്നു. ജി.എസ്.ടി. സംവിധാനത്തിൽ നികുതി പിരിവ് കാര്യക്ഷമമമാക്കുന്നതിനുവേണ്ടി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ആധുനികവൽക്കരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം പ്രഖ്യാപിച്ചിരുന്ന ആംനസ്റ്റി പദ്ധതി ഭേദഗതികളോടെ ഈ വർഷവും തുടരുന്നുണ്ട്.

പെട്രോൾ-ഡീസൽ വിലയുടെ നികുതി ഘടന

73(3504) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പെട്രോൾ-ഡീസൽ ഇന്ധനങ്ങളുടെ വില്പനവിലയിൽ കേന്ദ്രനികുതി, സംസ്ഥാനനികുതി, മറ്റ് സെസുകൾ തുടങ്ങിയ ഘടകങ്ങളുടെ ശതമാനക്കണക്ക് വ്യക്തമാക്കുമോ?

പെട്രോൾ - ഡീസൽ ഇന്ധനങ്ങളുടെ വിൽപനവിലയിൽ 01-08-2021 തീയതി അനുസരിച്ചുള്ള കേന്ദ്ര നികുതി, സംസ്ഥാന നികുതി, മറ്റ് സെസ്സുകൾ തുടങ്ങിയ ഘടകങ്ങളുടെ പ്രതിലിറ്ററിന്മേലുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മേഖലകൾതോറും പെട്രോൾ-ഡീസൽ വില വ്യത്യാസപ്പെടുന്നതിന് കാരണമായ ഘടകങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

മേഖലകൾതോറും ട്രാൻസ്പോർട്ടേഷൻ ചാർജ്ജിൽ വരുന്ന വ്യത്യാസമാണ് പെട്രോൾ - ഡീസൽ വില വ്യത്യാസപ്പെടുന്നതിന് കാരണമാകുന്നത്.

(സി) പെട്രോൾ-ഡീസൽ വിലയിൽ അടിസ്ഥാനവിലയുടെ എത്ര ശതമാനം വീതമാണ് സംഭരണം, വിതരണം, പമ്പുകളുടെ കമ്മീഷൻ തുടങ്ങിയ ഇനങ്ങളിൽ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

പെട്രോൾ - ഡീസൽ വിലയിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ദൂരവ്യത്യാസത്തിനനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. എറണാകുളത്തെ വിലയനുസരിച്ചുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, കമ്മീഷൻ എന്നീ ഇനങ്ങളിൽ 01-08-2021-ലെ കണക്കനുസരിച്ച് പെട്രോളിന് പ്രതിലിറ്ററിൽ യഥാക്രമം 19 പൈസ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, 3.48 രൂപ കമ്മീഷൻ എന്നിങ്ങനെയും ഡീസലിന് പ്രതിലിറ്ററിൽ യഥാക്രമം 19 പൈസ

ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, 2.23 രൂപ കമ്മീഷൻ എന്നിങ്ങനെയും ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നു.

(ഡി) ഇന്ധനവിലയെ ജി.എസ്.ടി.-യ്ക്ക് കീഴിൽ കൊണ്ടുവന്നാൽ ഉപഭോക്താക്കൾ നൽകേണ്ട വിലയിൽ കുറവുണ്ടാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

പെട്രോൾ, ഡീസൽ എന്നിവയ്ക്ക് സംസ്ഥാന സർക്കാർ ഇപ്പോൾ ചുമത്തുന്ന പൊതു വില്പന നികുതി നിരക്ക് യഥാക്രമം 30.08%, 22.76% എന്നിങ്ങനെയാണ്. പെട്രോൾ, ഡീസൽ എന്നിവയെ ചരക്കുസേവന നികുതിയുടെ കീഴിൽ കൊണ്ടുവന്നാൽ പരമാവധി ചുമത്താവുന്ന നികുതി നിരക്ക് 28% മാത്രമാണ്.

നികുതി പിരിവ്

74(3505) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ സ്വീകരിക്കുന്ന നടപടി എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

വീഴ്ച സംഭവിച്ചിട്ടില്ല. എന്നാൽ ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കുന്നതിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ജി.എസ്.ടി.-യിൽ നികുതി ശൃംഖല വിപുലീകരിക്കുന്നതിനുവേണ്ടി വിവിധ ഏജൻസികളിൽനിന്ന് വിവര ശേഖരണം നടത്തി അതിൽ നിന്ന് രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടുപിടിച്ച് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനുവേണ്ടി പ്രത്യേക മാനദണ്ഡപ്രകാരം നികുതിദായകരെ ഓൺലൈനായി സെലക്ട് ചെയ്ത് വിശദപരിശോധന നടത്തുന്ന രീതി നടപ്പിലാക്കി. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിന് സഹായിക്കുകയും ചെയ്യും. ജി.എസ്.ടി. പൂർണ്ണമായും വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകൻ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ്വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റ് എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുന്നതിനുള്ള

നടപടികളും സ്വീകരിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റ് സമ്പ്രദായം ഇല്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനും വേണ്ടി സി.സി.ടി.വി. ക്യാമറകൾ പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് എ.എൻ.പി.ആർ. സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേ ബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്കു വാഹനങ്ങളുടെ വിവരം ഉടൻ തന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ജി.എസ്.ടി.-യിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശിയതലത്തിലും റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാനതലത്തിലും റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതും നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് സഹായകമാകുന്നു. ലാൻഡ് റവന്യൂ ഇനങ്ങളിൽ വിവിധ സ്റ്റേയിൽ ഉൾപ്പെട്ട് യഥാസമയം നികുതി പിരിക്കുവാൻ കഴിയാതെ വന്നിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് പരിശോധിക്കുമ്പോൾ ഇലക്ഷൻ, പ്രളയം, കോവിഡ് തുടങ്ങിയവയിൽ റവന്യൂ വകുപ്പ് ജീവനക്കാർ ഏർപ്പെട്ടിരുന്നതുമൂലം നികുതി പിരിവിൽ ലക്ഷ്യമിട്ടിരുന്ന തുക പിരിച്ചെടുക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്. സ്റ്റേ വെക്കേഷൻ

നടപടികൾ ഉർജ്ജിതമാക്കുന്നതിനും അതത് സാമ്പത്തിക വർഷത്തിൽ പിരിച്ചെടുക്കുവാൻ കഴിയാത്തവ തൊട്ടടുത്ത സാമ്പത്തിക വർഷത്തെ മുതലിൽകൊണ്ടുവന്ന് പിരിച്ചെടുക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായ വരുമാനനഷ്ടം

75(3506) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

വിനോദനികുതിയും പരസ്യനികുതിയും ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയതോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായ വരുമാനനഷ്ടം പരിഹരിക്കുന്നതിന് ജി.എസ്.ടി. വിഹിതം ഈ സ്ഥാപനങ്ങൾക്ക് നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രഖ്യാപനം പൂർണ്ണമായി പാലിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

01-07-2017-ൽ ചരക്ക് സേവന നികുതി (ജി.എസ്.ടി.) പ്രാബല്യത്തിൽ വന്നതിനെ തുടർന്ന് പ്രാദേശിക സർക്കാരുകൾ ഈടാക്കി വന്നിരുന്ന വിനോദ നികുതി 2017 ജൂലൈ ഒന്നു മുതൽ ഒഴിവാക്കുകയും ഇതിനെ തുടർന്ന് വിനോദ നികുതിയിനത്തിൽ പ്രാദേശിക

സർക്കാരുകൾക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി 2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വിനോദ നികുതിയുടെ 2017-18-ലെ നഷ്ടപരിഹാരം അനുവദിക്കുമെന്ന് പ്രഖ്യാപിക്കുകയും 2015-16-ൽ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും പിരിച്ചെടുത്ത വിനോദ നികുതിക്കും അതിന്റെ പതിനഞ്ചു ശതമാനത്തിനും തുല്യമായ തുകയായ 91.86 കോടി രൂപ 2018-19 സാമ്പത്തിക വർഷം 30-10-2018-ലെ സ.ഉ.(സാധാ)നം. 8957/2018/ധന ഉത്തരവ് പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ജി.എസ്.ടി. നഷ്ടപരിഹാര കാലയളവ്

76(3507) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനങ്ങൾക്കുള്ള ജി.എസ്.ടി. നഷ്ടപരിഹാരകാലയളവ് ഏതുവർഷം വരെയെന്നും ആയത് അഞ്ചുവർഷം കൂടെ നീട്ടണമെന്ന ആവശ്യം കേന്ദ്ര ധനകാര്യവകുപ്പ് അംഗീകരിച്ചുവോ എന്നും വ്യക്തമാക്കാമോ; ഇതിൽ സംസ്ഥാന നയം എന്താണെന്ന് വ്യക്തമാക്കാമോ?

(ബി) സംസ്ഥാന ധനമന്ത്രി കേന്ദ്ര ധനകാര്യമന്ത്രിയെക്കണ്ട് സംസ്ഥാന കാര്യങ്ങൾ ധരിപ്പിച്ചതുവഴി ലഭ്യമായ ഉറപ്പുകൾ എന്തെല്ലാം?

(എ&ബി) സംസ്ഥാനങ്ങൾക്കുള്ള ജി.എസ്.ടി. നഷ്ടപരിഹാരകാലയളവ് 2022 ജൂൺ 30-ൽ അവസാനിക്കും. ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷത്തിനുശേഷവും തുടരണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കോവിഡ് മഹാമാരിയെത്തുടർന്ന് സംസ്ഥാനത്തിന് നാളിതുവരെ ലഭ്യമായ കേന്ദ്രസഹായം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിനുള്ള എസ്.ഡി.ആർ.എഫ്. വിഹിതമായി 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത തുക (314 കോടി രൂപ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് കൂടി ഉപയോഗിക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിനുള്ള എസ്.ഡി.ആർ.എഫ്. വിഹിതത്തിന്റെ ആദ്യ ഗഡുവായ 157 കോടി രൂപ അഡ്വാൻസായി റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ആദ്യഗഡുവായി 125.60 കോടി രൂപയും കോവിഡ് പ്രതിരോധ

പ്രവർത്തനങ്ങൾക്ക് കൂടി വിനിയോഗിക്കുന്നതിന് കേന്ദ്ര സർക്കാർ അഡ്വാൻസായി റിലീസ് ചെയ്തിട്ടുണ്ട്.

ജി.എസ്.ടി. തട്ടിപ്പ്

77(3508) ശ്രീ. അബ്ദുൽ ഹമീദ് പി:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ജി.എസ്.ടി. തട്ടിപ്പ് കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

(ബി) ജി.എസ്.ടി. ഇന്റലിജൻസ് സ്ക്വാഡ് പരിശോധന നടത്തി തട്ടിപ്പുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(എ &ബി) നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം ഊർജ്ജിതമായ വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ.എൻ.പി.ആർ. (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, പഴയ ചെക്ക് പോസ്റ്റ് പ്രദേശങ്ങളിൽ പ്രത്യേക സർവൈലൻസ് സ്ക്വാഡുകൾ, രജിസ്ട്രേഷൻ

ബാധ്യതയുള്ളവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. ബിൽ ട്രേഡിംഗ്, വ്യാജ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എന്നിവ തടയുന്നതിന് രജിസ്ട്രേഷൻ എടുത്തവരുടെ സെക്കന്റ് ലെവൽ വെരിഫിക്കേഷൻ നടത്തിയിട്ടുണ്ട്. വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനായി തിരുവനന്തപുരം-അമരവിള, പാലക്കാട് -വാളയാർ, കാസർഗോഡ്- ബംഗ്രമഞ്ചേശ്വരം എന്നിവിടങ്ങളിൽ കമാൻഡ് സെന്ററുകൾ സ്ഥാപിച്ച് അതിർത്തി പ്രദേശങ്ങളിലെ റോഡുകളിൽ സ്ക്വാഡുകളുടെ സജീവ സാന്നിധ്യം ഉറപ്പാക്കി. കൂടാതെ ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഉദ്യോഗസ്ഥർക്ക് "ബോഡിവോൺ" ക്യാമറയുടെ സേവനം ലഭ്യമാക്കിയിട്ടുമുണ്ട്. അണ്ടർ വാല്യൂവേഷൻ കേസുകൾ, ബില്ല് തുടങ്ങിയവ ജി.എസ്.ടി. പോർട്ടലിലേയ്ക്ക് അപ്ലോഡ് ചെയ്യുവാൻ മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി. വാഹന പരിശോധന ഫോറങ്ങൾ പൂർണമായും ഓൺലൈനായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒൻപത് ജില്ലകളിലായി ഇരുപത്തിമൂന്നു സ്ഥലങ്ങളിൽ എ.എൻ.പി.ആർ. ക്യാമറകൾ സ്ഥാപിച്ച് ഫലപ്രദമായി നിരീക്ഷിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ അമരവിള, മൂലക്കോണം, പിരായുംമൂട്,

വെള്ളറട, ഉച്ചക്കട, കൊല്ലം ജില്ലയിൽ ആര്യങ്കാവ്, ഇടുക്കി ജില്ലയിൽ കുമിളി, പാലക്കാട് ജില്ലയിൽ വാളയാർ, നടുപ്പണി, വേലന്താവളം, മീനാക്ഷിപുരം, ഗോപാലപുരം, ഗോവിന്ദാപുരം, ഒഴലപ്പതി എന്നിവിടങ്ങളിലും മലപ്പുറം ജില്ലയിൽ വഴിക്കടവ്, കോഴിക്കോട് കുഞ്ഞിപ്പള്ളി, വയനാട് ജില്ലയിൽ മുത്തങ്ങ, തോൽപ്പെട്ടി, കണ്ണൂർ ജില്ലയിൽ കൂട്ടുപുഴ, നൂമാഹി, കാസർഗോഡ് ജില്ലയിൽ ബംഗ്ര മഞ്ചേശ്വരം പെർള, ആദൂർ എന്നിവിടങ്ങളിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ നടപടികളുടെ ഫലമായി 22-07-2021-വരെ 22 കേസുകളിൽ 88.58 ലക്ഷം രൂപ നികുതിയും പെനാൽറ്റിയുമായി ചുമത്തിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ വിഭാഗം വഴി വ്യാജ ഇൻപുട്ട് ടാക്സ് ഉൾപ്പെടെയുള്ള ക്രമക്കേടുകൾ തടയുന്നതിനായി വിശദമായി പരിശോധനകൾ നടത്തിവരുന്നു. സംസ്ഥാനത്തൊട്ടാകെ വാഹന പരിശോധനയിൽ 2020-21 സാമ്പത്തികവർഷം 16619 കേസുകളിൽ നിന്നായി 68.45 കോടി രൂപയും 589 ജി.എസ്.ടി ഷോപ്പ് ഇൻസ്പെക്ഷൻ ഫയലുകൾ തീർപ്പാക്കിയതിൽ നിന്നായി 49.20 കോടി രൂപയും ഈടാക്കിയിട്ടുണ്ട്.

(സി) ജി.എസ്.ടി. ചോർച്ച ഒഴിവാക്കാനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

ജി.എസ്.ടി.-യിൽ നികുതി ചോർച്ച തടയുന്നതിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ജി.എസ്.ടി.-യിൽ നികുതി ശൃംഖല വിപുലീകരിക്കുന്നതിനുവേണ്ടി വിവിധ ഏജൻസികളിൽ നിന്ന് വിവരശേഖരണം നടത്തുകയും അതിൽ നിന്ന് രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടുപിടിച്ച് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനുവേണ്ടി പ്രത്യേക മാനദണ്ഡപ്രകാരം ടാക്സ് പേയേഴ്സിനെ ഓൺലനായി സെലക്ട് ചെയ്ത വിശദപരിശോധന നടത്തുന്ന രീതി നടപ്പിലാക്കി. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും അതുവഴി നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും സഹായിക്കും. ജി.എസ്.ടി. പൂർണ്ണമായും വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ്വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ചെക്ക്പോസ്റ്റ് സമ്പ്രദായം ഇല്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനുംവേണ്ടി സി.സി.ടി.വി. ക്യാമറകൾ പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് എ.എൻ.പി.ആർ. സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്ക് വാഹനങ്ങളുടെ വിവരം ഉടൻ തന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ജി.എസ്.ടി.-യിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശീയ തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാന തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതും നികുതി വെട്ടിപ്പു കണ്ടുപിടിക്കുന്നതിന് സഹായകമാകുന്നു.

ജി.എസ്.ടി. നഷ്ടപരിഹാരമായി ലഭിക്കാനുള്ള തുക

78(3509) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങൾക്ക് ജി.എസ്.ടി. നഷ്ടപരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വാർഷിക വർദ്ധനവ് (Year on Year) കണക്കിൽ നിന്നും എസ്.ജി.എസ്.ടി. കളക്ഷനും, ഐ.ജി.എസ്.ടി. ക്രെഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കൂട്ടിക്കിഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിലാണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. 27-08-2020-ൽ കൂടിയ 41-ാമത് ജി.എസ്.ടി കൗൺസിൽ മീറ്റിംഗിൽ നിലവിലെ കോവിഡ് സാഹചര്യവും കോമ്പൻസേഷൻ സെസ്സിൽ വരുമാനത്തിലുണ്ടായ കുറവും കാരണം സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാനങ്ങൾ തത്തുല്യമായ തുക കടമെടുക്കാനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റ് മുന്നോട്ട് വച്ചു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്രം തന്നെ പൊതുവിപണിയിൽ നിന്നും 110000 കോടി രൂപ കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചു. ഈ

രീതിയിൽ കേരളത്തിന് 2020-21 സാമ്പത്തിക വർഷം 5766 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ (2021 ജൂലൈ വരെ) കേരളത്തിന് Special Window Loan Fund-ൽ നിന്നും 4122.27 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്.

നികുതി ഭരണത്തിലെ അധികാരനഷ്ടം

79(3510) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ജി.എസ്.ടി. നിലവിൽ വന്നതോടെ നികുതി ഭരണത്തിൽ എന്തെല്ലാം തരത്തിലുള്ള അധികാരനഷ്ടങ്ങളാണ് സംസ്ഥാനത്തിന് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വിവിധ സംസ്ഥാനങ്ങളിൽ നിലനിന്നിരുന്ന വാറ്റ് നികുതിയും കേന്ദ്ര സർക്കാരിന്റെ എക്സൈസ് സേവന നികുതികളും, ഒട്ടെല്ലാ പരോക്ഷ നികുതികളും സംയോജിപ്പിച്ച് അഖിലേന്ത്യാടിസ്ഥാനത്തിൽ ഒരൊറ്റ ഏകീകൃത നികുതി നിയമമാണ് ചരക്കു സേവന നികുതി (ജി.എസ്.ടി.). ജി.എസ്.ടി.-യിൽ നിയമങ്ങളിലോ ചട്ടങ്ങളിലോ മാറ്റം വരുത്തുന്നതിന് സംസ്ഥാനത്തിന് മാത്രമായി അധികാരമില്ല. ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത് ജി.എസ്.ടി. കൗൺസിലാണ്. കേന്ദ്ര

ധനകാര്യമന്ത്രി അദ്ധ്യക്ഷനായിട്ടുള്ള ജി.എസ്.ടി. കൗൺസിലിൽ എല്ലാ സംസ്ഥാനങ്ങളിലേയും കേന്ദ്രഭരണ പ്രദേശങ്ങളിലേയും ധനകാര്യ വകുപ്പ് മന്ത്രിമാർ അംഗങ്ങളാണ്. ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഹാജരായി വോട്ട് ചെയ്യുന്ന അംഗങ്ങളുടെ നാലിൽ മൂന്ന് വോട്ടിംഗ് ശക്തിയുടെ ഭൂരിപക്ഷത്തിലാണ് ജി.എസ്.ടി.-യിൽ തീരുമാനങ്ങളെടുക്കുന്നത്. കേന്ദ്ര സർക്കാരിന്റെ വോട്ടിംഗ് ശക്തി, പോൾ ചെയ്ത വോട്ടിന്റെ മൂന്നിലൊന്നും, സംസ്ഥാന സർക്കാരുകളുടെ മൊത്തം വോട്ടുകളുടെ മൂല്യം പോൾ ചെയ്ത വോട്ടിന്റെ മൂന്നിൽ രണ്ടുമാണ്.

ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ജനങ്ങൾക്കുണ്ടായ നേട്ടം

80(3511) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ചരക്കുസേവന നികുതി നടപ്പിലാക്കിയതുമൂലം ജനങ്ങൾക്കുണ്ടായ നേട്ടം എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാന സർക്കാർ ചുമത്തിയിരുന്ന വാറ്റ്, കേന്ദ്ര സർക്കാർ ചുമത്തിയിരുന്ന എക്സൈസ് തീരുവ, സർവീസ് ടാക്സ്, മറ്റു പല പരോക്ഷ നികുതികൾ എന്നിവ ഒരുമിച്ചുചേർത്ത് ഒറ്റ നികുതി സമ്പ്രദായത്തിലേയ്ക്ക്

മാറിയതാണ് ജി.എസ്.ടി. ജി.എസ്.ടി-യിലൂടെ നികുതിക്കുമേൽ നികുതി ഒഴിവാക്കി. അന്തർ സംസ്ഥാന വാങ്ങലിന് ഇൻപുട്ട് ടാക്സ് ലഭ്യമാക്കുന്ന ചരക്കു സേവന നികുതി പൊതുവെ എല്ലാ വ്യാപാരികൾക്കും ഉപകാരപ്രദമാണ്. ശരിയായ രീതിയിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയാൽ ഉൽപ്പന്നങ്ങൾക്ക് പൊതുവെ വിലക്കുറവുണ്ടാകേണ്ടതാണ്. നികുതിക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിന് കൈമാറണമെന്ന വ്യവസ്ഥയോടെയാണ് ജി.എസ്.ടി. നികുതി നിയമം നടപ്പിലാക്കിയിട്ടുള്ളത്. ഇത് പരിശോധിക്കുന്നതിന് ആന്റി പ്രോഫിറ്റീറിങ് അതോറിറ്റിയും നിലവിലുണ്ട്.

വാറ്റ് കുടിശ്ശിക നോട്ടീസുകൾ

81(3512) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

സംസ്ഥാനത്തെ വ്യാപാരികൾക്ക് 2013-14 വർഷത്തെ വാറ്റ് കുടിശ്ശികയുടെ പേരിൽ 2018-19 കാലയളവിൽ തെറ്റായ രീതിയിലുള്ള നോട്ടീസുകൾ അയച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം നോട്ടീസ് അയയ്ക്കാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ?

മൂല്യവർദ്ധിത നികുതി നിയമപ്രകാരം വ്യാപാരികൾ റിട്ടേൺ സമർപ്പിക്കുന്നതോടുകൂടി സ്വയം നികുതി നിർണ്ണയം പൂർത്തീകരിക്കപ്പെടുന്നു. 2013-14 സാമ്പത്തിക വർഷം മുതൽ വ്യാപാരികൾ ഇപ്രകാരം സ്വയം നികുതിനിർണ്ണയം നടത്തി സമർപ്പിച്ച റിട്ടേണുകൾ സ്ക്രൂട്ടിണിക്ക് വിധേയമാക്കിയിട്ടുണ്ട്. KVATIS-ൽ വിവിധ മോഡ്യൂളുകളിൽ ലഭ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് സ്ക്രൂട്ടിണി സുഗമമാക്കുന്നതിന്റെ ഭാഗമായി ജനറൽ സ്ക്രൂട്ടിണി മോഡ്യൂൾ വികസിപ്പിച്ചിരുന്നു. ഇതിൻ പ്രകാരം നൽകുന്ന നോട്ടീസുകളിൽ ഓരോ സാമ്പത്തിക വർഷങ്ങളിലും സ്വയം നികുതി നിർണ്ണയം നടത്തിയ റിട്ടേണുകൾ, ചെക്പോസ്റ്റ് വിവരങ്ങൾ, വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ, റെയിൽവേ പോർട്ട് വഴി ചരക്കുകൾ കൊണ്ടുവന്ന വിവരങ്ങൾ എന്നിവയിലൂടെ ലഭ്യമാകുന്ന വിശദാംശങ്ങൾ സംയോജിപ്പിച്ച് ഓരോ മേഖലയിലുള്ള (വാങ്ങലുകളും വിൽപനകളും, അധികമായി എടുത്തിട്ടുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, നികുതി ഇളവുകൾ/ഒഴിവുകൾ) വിവരങ്ങൾ സ്വയം നികുതി നിർണ്ണയം നടത്തിയ റിട്ടേണുമായി താരതമ്യപ്പെടുത്തി വ്യത്യാസം വരുന്ന സംഖ്യകൾ ഓരോ ശീർഷകത്തിലുമായി മോഡ്യൂൾ വഴി രൂപപ്പെടുത്തിയ നോട്ടീസിൽ കാണിക്കുകയുണ്ടായി. ഇത് ഉദ്യോഗസ്ഥർ സ്വയം വിശകലനം ചെയ്ത

ശേഷമേ വ്യാപാരികൾക്ക് നൽകാവൂ എന്ന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. നോട്ടീസുകളിൽ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് വ്യാപാരികൾക്ക് മറുപടി നൽകുവാൻ ഹിയറിംഗിനുള്ള അവസരവും ലഭ്യമാക്കിയിട്ടുണ്ട്.

പെട്രോൾ-ഡീസൽ വില വർദ്ധനയും അധിക വരുമാനവും

82(3513) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

പെട്രോൾ-ഡീസൽ വില വർദ്ധനയുടെ ഭാഗമായി കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ സംസ്ഥാന സർക്കാരിനുണ്ടായ അധികവരുമാനവും നൽകിയ നികുതിയിളവും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

പെട്രോൾ-ഡീസൽ വിലവർദ്ധനവിന്റെ ഭാഗമായി കഴിഞ്ഞ 10 വർഷക്കാലയളവിൽ സംസ്ഥാന സർക്കാരിനുണ്ടായ അധികവരുമാനത്തിന്റെയും നൽകിയ നികുതിയിളവിന്റെയും സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.[+]

ജി.എസ്.ടി. -യിൽ ഇളവ്

83(3514) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അൻവർ സാദത്ത്:

[+]നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

(എ) ലോക്ക്ഡൗൺ കാരണം കഴിഞ്ഞ രണ്ടു മാസത്തിനുള്ളിൽ സംസ്ഥാനത്തെ ചെറുകിട വ്യവസായികൾക്ക് ഏകദേശം 25000 കോടി രൂപയുടെ നഷ്ടം സംഭവിച്ചു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് ചെറുകിട വ്യവസായ മേഖലയിലുണ്ടായ നഷ്ടം കണക്കാക്കപ്പെട്ടിട്ടില്ല. ഇത്തരത്തിൽ ഉൽപ്പാദനവും വിപണനവും പ്രതിസന്ധിയിലായ വ്യവസായ സംരംഭകർക്കായി വിവിധ ദുരിതാശ്വാസ പദ്ധതികൾ ഉൾപ്പെടുത്തി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെ പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പുവഴി നടപ്പിലാക്കുന്നുണ്ട് (30-06-2021-ലെ സ.ഉ(സാധാ) 666/2021/വ്യവ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*)

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

1. കോവിഡ്-19 ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. ഉല്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള എം.എസ്.എം.ഇ. യൂണിറ്റുകളാണ് പദ്ധതി വഴി സഹായത്തിന് അർഹമായിട്ടുള്ളത്.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നാക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം

രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. ഉൽപ്പാദക മേഖലയിലുള്ള എല്ലാ സംരംഭങ്ങൾക്കും പദ്ധതി വഴി നിബന്ധനകൾക്ക് വിധേയമായി സഹായം ലഭ്യമാകും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യമാക്കും. 4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധന നിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും.

(ബി) ലോക്ക്ഡൗൺമൂലം വ്യാപാരികൾ പ്രതിസന്ധി നേരിടുമ്പോൾ ജി.എസ്.ടി. പിരിവ് കർശനമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ജി.എസ്.ടി. നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ കർശനമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത്

ജി.എസ്.ടി. നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച രീതിയിൽ വർദ്ധനവുണ്ടായിട്ടില്ല. ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ 14% വാർഷിക വർദ്ധനവ് അനുസരിച്ച് അഞ്ചു വർഷത്തേക്ക് പ്രഖ്യാപിക്കപ്പെട്ട നഷ്ടപരിഹാരം നിലവിൽ കേന്ദ്രസർക്കാരിൽനിന്നും ലഭ്യമാകുന്നുണ്ട്. ഇതിന്റെ കാലാവധി 2022-ൽ അവസാനിക്കും. ഈ സാഹചര്യത്തിൽ നികുതി വെട്ടിപ്പ് പൂർണമായും കണ്ടെത്തി തടയേണ്ടത് അത്യാവശ്യമാണ്. വ്യാപാരികളെ ബുദ്ധിമുട്ടിക്കാത്ത തരത്തിൽ നികുതി വെട്ടിപ്പിനെ സംബന്ധിച്ച വ്യക്തമായ വിവരങ്ങളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ മാത്രം നടപടികൾ സ്വീകരിക്കുകയാണ് ചെയ്തു വരുന്നത്.

(സി) രണ്ടു മാസത്തെ ലോക്ക്ഡൗൺമൂലം വ്യാപാരികൾക്ക് കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിച്ച സാഹചര്യത്തിൽ ജി.എസ്.ടി. -യിൽ അടക്കം ഇളവുകളും സാവകാശവും നൽകാൻ തയ്യാറാകുമോ?

01-06-2021-ലെ കേന്ദ്ര വിജ്ഞാപനം 18/2021, 19/2021 എന്നിവ പ്രകാരം 2021 ഏപ്രിൽ, മേയ് മാസങ്ങളിലെ GSTR 3B റിട്ടേണുകൾ ഫയൽ ചെയ്യുന്നതിന്മേലുള്ള സമയം നീട്ടിക്കൊടുക്കുകയും ലേറ്റ് ഫീയിലും

പലിശ നിരക്കിലും കുറവ് വരുത്തുകയുമുണ്ടായിട്ടുണ്ട്. ജി.എസ്.ടി നിയമത്തിൽ ഇളവുകൾ പ്രഖ്യാപിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് മാത്രമായി അധികാരമില്ല. ജി.എസ്.ടി. കൗൺസിലാണ് ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത്. വ്യാപാരി ക്ഷേമ ബോർഡിൽ അംഗങ്ങളായ വ്യാപാരികൾക്ക് വാർഷിക അംഗത്വം പുതുക്കുന്നതിനുള്ള പിഴ ഒഴിവാക്കുകയും കാലാവധി നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 1000/- രൂപ കോവിഡ് ധനസഹായവും നൽകിവരുന്നു.

ജി.എസ്.ടി. വകുപ്പിലെ ജീവനക്കാരുടെ പുനർവിന്യാസം

84(3515) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ജി.എസ്.ടി. വകുപ്പിൽ പുനർവിന്യാസത്തിന്റെ ഭാഗമായി ഏതെങ്കിലും വിഭാഗം ജീവനക്കാരെ മറ്റ് വകുപ്പുകളിലേക്ക് മാറ്റിയിട്ടുണ്ടോ; എങ്കിൽ ഏത് വിഭാഗം ജീവനക്കാരെ ഏതെല്ലാം വകുപ്പുകളിലേക്കാണ് പുനർവിന്യസിച്ചതെന്ന് വ്യക്തമാക്കുമോ?

(ബി) ഇപ്രകാരം ജീവനക്കാരെ മറ്റ് വകുപ്പുകളിൽ പുനർവിന്യസിച്ചതിന്റെ കാരണം എന്തെന്ന് വിശദമാക്കുമോ?

(എ&ബി) ജി.എസ്.ടി. നടപ്പിലാക്കിയതോടെ ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയതിനെ തുടർന്ന് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ അധികം വന്ന തസ്തികകൾ പഞ്ചായത്തുകളിലേക്ക് വിന്യസിക്കേണ്ടതാണെന്ന് 2020-2021 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇപ്രകാരം 234 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ വകുപ്പിൽ അധികമായുള്ളതായി കണ്ടെത്തുകയുണ്ടായി. 25-01-2020- ലെ സ.ഉ(കൈ) നം.14/2020/നികുതി, 29-05-2020- ലെ സ.ഉ (കൈ) നം.46/2020/നി.വ എന്നീ ഉത്തരവുകൾ പ്രകാരം ആകെ 26 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലേയ്ക്കും, 02-07-2021- ലെ സ.ഉ (കൈ) നം.35/2021/നികുതി പ്രകാരം 208 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ പഞ്ചായത്ത് വകുപ്പിലേക്കും, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ കേഡർ സ്ട്രെംഗ്തിൽ നിന്നും കുറവ് വരുത്തിയശേഷം മാറ്റി വിന്യസിച്ചിട്ടുണ്ട്. വിരമിക്കൽ, ബൈ ട്രാൻസ്ഫർ, പ്രൊമോഷൻ, പുതിയ ജോലി ലഭിച്ചതുകാരണം വകുപ്പിൽ നിന്നും വിടുതൽ ചെയ്തത് എന്നിവമൂലം ഒഴിഞ്ഞുകിടന്നിരുന്ന തസ്തികകളാണ് ഇപ്രകാരം പുനർവിന്യസിച്ചിട്ടുള്ളത്. ആയതിനാൽ തസ്തിക പുനർവിന്യസിച്ചതിന്റെ

ഭാഗമായി ഈ വകുപ്പിൽ നിന്നും നിലവിലുള്ള ജീവനക്കാരെ ആരെയും മറ്റ് വകുപ്പുകളിലേക്ക് മാറ്റേണ്ടതായി വന്നിട്ടില്ല.

(സി) ജി.എസ്.ടി. വകുപ്പിൽ ജോലി ചെയ്യുന്ന മറ്റ് വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ വേറെ വകുപ്പുകളിലേയ്ക്ക് പുനർവിന്യസിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഇതുസംബന്ധിച്ച തീരുമാനങ്ങളൊന്നും നിലവിലില്ല.

നികുതി നിർണ്ണയ നോട്ടീസുകൾ

85(3516) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

തർക്കങ്ങൾ കടന്നുകൂടാതെ നികുതി നിർണ്ണയ നോട്ടീസുകൾ നിയമവിധേയമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

തർക്കങ്ങൾ ഒഴിവാക്കുന്നതിനായി വ്യക്തമായ വിവരങ്ങളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിലാണ് നിലവിൽ നടപടികൾ സ്വീകരിച്ചുവരുന്നത്. നികുതി നിർണ്ണയ നോട്ടീസുകളിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് തർക്കങ്ങളുള്ളപക്ഷം മറുപടി നൽകുവാനും ഹിയറിംഗിനും നിയമപ്രകാരമുള്ള അവസരമുണ്ട്. ടി മറുപടി പരിശോധിച്ച്

തർക്കങ്ങൾ പരിഹരിച്ചതിനുശേഷമാണ് നികുതി നിർണ്ണയ ഉത്തരവുകൾ നൽകുന്നത്. ചരക്കുസേവന നികുതിയിൽ നികുതി നിർണ്ണയം പൂർത്തിയാക്കുന്നതിന് മുൻപായി നികുതി ബാദ്ധ്യതയുള്ളവർക്ക് സ്വമേധയാ നികുതിയടച്ച് തെറ്റ് തിരുത്തുന്നതിനുള്ള അവസരം ഒന്നിലധികം തവണ ലഭിക്കുന്നുണ്ട്.

കൊണ്ടോട്ടി സബ്ട്രഷറി വിഭജനം

86(3517) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ട്രഷറികളുടെ നവീകരണത്തിന് നിലവിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കി പണിയുന്നതിനുമുള്ള നടപടികൾ വകുപ്പ് കൈക്കൊണ്ടുവരുന്നു. ട്രഷറി വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ധനകാര്യസ്ഥാപന മേഖലകളേയും ട്രഷറി സംവിധാനത്തോട് വെബ് അധിഷ്ഠിതമായി സംയോജിപ്പിച്ചിട്ടുണ്ട്. ഇന്ന് ഇന്ത്യയിലെ ഏറ്റവും വികസിതവും സുരക്ഷിതവുമായ പൊതു ധനകാര്യ മാനേജ്മെന്റ്

സംവിധാനം കേരളത്തിൽ നടപ്പിലാക്കിയിട്ടുള്ള സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനമാണ് (IFMS). IFMS സംവിധാനത്തിന്റെ വിശ്വാസ്യതയും കരുത്തും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സെക്യൂരിറ്റി ഓഡിറ്റിംഗ് കൃത്യമായി നടത്തുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. ട്രഷറി സേവനങ്ങൾ സുഗമമായി ലഭ്യമാക്കുന്നതിനായി ട്രഷറികളിൽ കമ്പ്യൂട്ടർ സിസ്റ്റം, സെർവറുകൾ, ഡാറ്റാ കണക്ടിവിറ്റി എന്നിവ ഉയർന്ന നിലവാരത്തിലുള്ളതാണെന്ന് ഉറപ്പുവരുത്തുന്നുണ്ട്. പ്രതിബന്ധങ്ങൾ കൂടാതെ നെറ്റ് കണക്ഷൻ ലഭിക്കുന്നതിനായി BSNL- നിന്നും RailTel -ൽ നിന്നും രണ്ടു ഡാറ്റാ-കം-ലീസ്ഡ് കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. IFMS സംവിധാനത്തിലൂടെ ലഭ്യമായിരിക്കുന്ന സേവന സംവിധാനത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി കൃ മാനേജ്മെന്റ് സംവിധാനം, ആധാർ ലിങ്ക്ഡ് അറ്റൻഡൻസ് മാനേജ്മെന്റ് സംവിധാനം, ഫേക് കറൻസി ഡിറ്റക്ടിംഗ് ഡിവൈസ്, ഫയർ എക്സ്റ്റിംഗ്യൂഷിംഗ് ഡിവൈസ് എന്നിവ ട്രഷറികളിൽ ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ട്രഷറി ജീവനക്കാരുടെ വ്യക്തിത്വ വികാസത്തിനും നേതൃപരമായ മികവിനും ഉതകുന്ന രീതിയിൽ അവരുടെ കാര്യശേഷി വർദ്ധനവിനായുള്ള പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. ISO 27001:2013

നിലവാരത്തിലുള്ള ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റം (ISMS) വകുപ്പിൽ നടപ്പിലാക്കി വിവര സുരക്ഷാ രംഗത്ത് നേരിടാനിടയുള്ള വെല്ലുവിളികളെ പ്രതിരോധിക്കാൻ വകുപ്പിനെ പ്രാപ്തമാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അതിലൂടെ ISO 27001:2013 സർട്ടിഫിക്കേഷൻ നേടിയെടുക്കാനുള്ള പരിശ്രമത്തിലാണ്. ഇടപാടുകാർക്ക് സമയബന്ധിതമായും വേഗത്തിലും സേവനം നല്കുന്നതിനുള്ള വിശദമായ പൗരാവകാശ രേഖ തയ്യാറാക്കി വരുന്നു. പൗരാവകാശ രേഖയുടെ പ്രസിദ്ധീകരണത്തിനുശേഷം ട്രഷറിയുമായി ബന്ധപ്പെടുന്ന എല്ലാ വിഭാഗം ആൾക്കാരെയും ഉൾപ്പെടുത്തി വിപുലമായ സോഷ്യൽ ഓഡിറ്റ് സംഘടിപ്പിക്കുന്നതാണ്. ട്രഷറി വഴി നല്കി വരുന്ന സേവന സംവിധാനം എത്രമാത്രം കാര്യക്ഷമമാണെന്നും ഇടപാടുകാർ സംതൃപ്തരാണോയെന്നും വിലയിരുത്തുകയും സോഷ്യൽ ഓഡിറ്റിൽ നിന്നും ഉയർന്നുവരുന്ന നീരീക്ഷണങ്ങളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ ട്രഷറി സംവിധാനം കൂടുതൽ ഇടപാട് സൗഹൃദപരമായി ആധുനികവത്കരിക്കുവാൻ നടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) നിലവിൽ ട്രഷറികൾ വിഭജിച്ച് പുതിയത് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഐ.എഫ്.എം.എസ്. നിലവിൽ വന്നതോടെ ട്രഷറി സേവനങ്ങൾ എല്ലാം ഓൺലൈൻ രീതിയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇടപാടുകാർക്ക് ഏത് ട്രഷറിയിൽ എപ്പോൾ വേണമെങ്കിലും പണം നിക്ഷേപിക്കുന്നതിനും പിൻവലിക്കുന്നതിനും സാദ്ധ്യമാണ്. ഇ-ട്രഷറി സംവിധാനം ശക്തിയാർജ്ജിച്ചതോടെ 24 മണിക്കൂറും എവിടെ നിന്നും സേവനം ലഭ്യമാണ്. ഈ സാഹചര്യത്തിൽ നിലവിൽ പുതിയ സബ്ട്രഷറികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

(സി) പ്രവർത്തന ബാഹുല്യം കണക്കിലെടുത്ത് കൊണ്ടോട്ടി സബ്ട്രഷറി വിഭജിച്ച് പുതിയ ട്രഷറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

ട്രഷറികളിലെ സോഫ്റ്റ്വെയർ തകരാറുകൾ

87(3518) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ ട്രഷറികളിലെ സോഫ്റ്റ്വെയർ സ്ഥിരമായി തകരാറിലാകുന്ന കാര്യം പരിശോധിക്കുമോ; നിലവിലെ സോഫ്റ്റ്വെയർ

തയ്യാറാക്കി നൽകിയത് ആരാണെന്നും സോഫ്റ്റ്വെയർ മെയിന്റനൻസിന്റെ ചുമതല ആർക്കാണെന്നും അറിയിക്കുമോ; ഇതിനായി പണം നൽകിയിട്ടുണ്ടോ; എങ്കിൽ നൽകിയ തുക എത്രയെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ ട്രഷറിയിൽ ഉപയോഗിക്കുന്ന സോഫ്റ്റ്വെയറിന് നിലവിൽ തകരാറുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ട്രഷറി ഇടപാടുകൾ ഉൾപ്പെടെ സർക്കാരിന്റെ എല്ലാ സാമ്പത്തിക ഇടപാടുകളും നടത്തുന്നത് Integrated Financial Management System (IFMS) ഉൾപ്പെട്ട സോഫ്റ്റ്വെയർ മുഖേനയാണ്. ഈ സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുള്ളതും പരിപാലിക്കുന്നതും കേന്ദ്ര സർക്കാർ സ്ഥാപനമായ National Informatics Centre (NIC) ആണ്. ട്രഷറി സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനായി നാളിതുവരെ 1,76,80,000 രൂപ NIC-യ്ക്ക് നൽകിയിട്ടുണ്ട്.

(ബി) ട്രഷറി ഡയറക്ടറേറ്റിലെ സോഫ്റ്റ്വെയർ ചുമതല ആർക്കാണ്; ട്രഷറി വകുപ്പിലെ സാങ്കേതിക പരിജ്ഞാനമുള്ള ഒരു ടീമിനെ ഉണ്ടാക്കി സോഫ്റ്റ്വെയർ പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ട്രഷറി വകുപ്പിലെ കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധപ്പെട്ട ദൈനംദിന സാങ്കേതിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് വകുപ്പിലെ തന്നെ സാങ്കേതിക വിഭാഗമായ Information System Management Cell

(ISMC) ആണ്. പ്രസ്തുത വിഭാഗത്തിന്റെ ചുമതല ചീഫ് കോ-ഓർഡിനേറ്റർ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ എന്നിവർക്കാണ്. സംസ്ഥാനത്ത് സർക്കാർ വകുപ്പുകളിൽ ആദ്യമായി Virtual IT കേഡർ രൂപീകരിച്ചത് ട്രഷറി വകുപ്പാണ്. സാങ്കേതികവും അനുഭവ പരിജ്ഞാനവുമുള്ള ജീവനക്കാരെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകിയാണ് Virtual IT കേഡറിലേയ്ക്ക് നിയോഗിച്ചിട്ടുള്ളത്. സോഫ്റ്റ്വെയർ സംബന്ധമായ പ്രശ്നങ്ങളുണ്ടെങ്കിൽ അവ പരിഹരിക്കുന്നത് NIC -യാണ്.

(സി) നിലവിൽ സംസ്ഥാനത്തെ ട്രഷറി നിക്ഷേപം എത്രയാണെന്ന് അറിയിക്കുമോ; ഇതിൽ സ്ഥിരനിക്ഷേപ ഇനത്തിൽപ്പെട്ട, നിക്ഷേപകർ ട്രഷറിയെ സമീപിക്കാത്ത എത്ര അക്കൗണ്ടുകളുണ്ടെന്ന് അറിയിക്കുമോ; ഇത്തരത്തിലുള്ള അക്കൗണ്ടുകളായി ആകെ എത്ര കോടി രൂപ ട്രഷറിയിലുണ്ടെന്ന് അറിയിക്കുമോ; ഇതിന്റെ മുതലും പലിശയും സംബന്ധിച്ച വിവരം തരംതിരിച്ച് ലഭ്യമാക്കുമോ?

നിലവിലെ ട്രഷറി നിക്ഷേപം 48,445.39 കോടി രൂപയാണ്. കാലാവധി പൂർത്തിയായ സ്ഥിര നിക്ഷേപം പുതുക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നില്ല. നിക്ഷേപം എത്ര കാലം കഴിഞ്ഞതിനുശേഷവും

മുൻകാല തീയതി വച്ച് പുതുക്കാവുന്നതാണ്. ആയതുകൊണ്ടുതന്നെ നിക്ഷേപകർ ട്രഷറിയെ സമീപിക്കാത്ത അക്കൗണ്ടുകൾ എത്രയെന്നുള്ളത് പ്രസക്തമല്ല.

(ഡി) സ്ഥിരനിക്ഷേപകർ ട്രഷറിയെ സമീപിക്കാത്ത കേസുകളിൽ അവരുടെ അവകാശികളെ കണ്ടെത്തുവാൻ നടപടി സ്വീകരിക്കാറുണ്ടോ; വ്യക്തമാക്കുമോ?

നിക്ഷേപ കാലാവധി പൂർത്തിയാക്കുമ്പോൾ ഇതുസംബന്ധിച്ച് നിക്ഷേപകർക്ക് നോട്ടീസ് അയയ്ക്കുന്നതാണ്. നിക്ഷേപകൻ മരണപ്പെടുകയാണെങ്കിൽ അവകാശികൾക്ക് നിക്ഷേപ തുക കൈപ്പറ്റുവാൻ സമയപരിധി നിശ്ചയിച്ചിട്ടില്ല.

മുണ്ടക്കയം സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണം

88(3519) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം സബ്ട്രഷറിയുടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

മുണ്ടക്കയം സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമിക്കുന്നതിന് കാഞ്ഞിരപ്പള്ളി താലൂക്കിൽ മുണ്ടക്കയം വില്ലേജിൽ ബ്ലോക്ക് നമ്പർ-5

സർവ്വേ നമ്പർ 446/12-ൽ ഉൾപ്പെട്ട 4.05 ആർ സ്ഥലം, ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കികൊണ്ട്, 27-02-2020-ൽ ട്രഷറി വകുപ്പിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നിർമ്മാണ നിർവ്വഹണ ഏജൻസിയായ INKEL Ltd.-ന് 13-03-2020-ൽ നിർദ്ദേശം നൽകുകയും ഒരു വർഷത്തിനുശേഷം INKEL 19-03-2020-ന് പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് ട്രഷറി ഡയറക്ടറേറ്റിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിർമ്മാണ കാലതാമസം കാരണം പുതിയ നിർമ്മാണ പ്രവൃത്തികളൊന്നും തന്നെ INKEL Ltd. -ന് നൽകേണ്ടതില്ലെന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടം നിർമിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടുള്ള മുണ്ടക്കയം സബ് ട്രഷറിയുടെ നിർമ്മാണത്തിന് ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി നിർത്തിവയ്ക്കുന്നതിന് INKEL -ന് 10-02-2021-ൽ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുള്ള മുണ്ടക്കയം ട്രഷറിയുടെ നിർമ്മാണത്തിന് ഡി.പി.ആർ. തയ്യാറാക്കുന്നതിന് മറ്റൊരു അക്രെഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്.

(ബി) ഭരണാനുമതി ലഭിച്ച പ്രസ്തുത സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മുണ്ടക്കയം സബ് ട്രഷറിയുടെ പുതിയ കെട്ടിട നിർമ്മാണത്തിന് സർക്കാർ ഭരണാനുമതി പുറപ്പെടുവിച്ചിട്ടില്ല. ഭരണാനുമതി അനുവദിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി സ്വീകരിച്ചു വരികയാണ്.

ടി.എസ്.ബി. അക്കൗണ്ടുകളിൽ നിന്നും തിരിച്ചെടുത്ത തുക

89(3520) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

2018-19 മുതൽ നാളിതുവരെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും എത്ര രൂപ തിരിച്ചെടുത്തിട്ടുണ്ട്; തിരിച്ചെടുത്ത തുകയിൽ എത്ര രൂപ നാളിതുവരെ റീഫണ്ട് ചെയ്ത് നൽകിയിട്ടുണ്ട്; പ്രസ്തുത തുക പൂർണ്ണമായും റീഫണ്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

2018-19 മുതൽ 2020-21 വരെ ട്രഷറി അക്കൗണ്ടുകളിൽ നിന്നും തിരിച്ചെടുത്ത തുകയുടെ വിവരങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	തുക
2018-19	2568,24,39,701
2019-20	3677,80,62,332
2020-21	5919,33,07,732
ആകെ	12165,38,09,765

2018-19 വർഷത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്കും 2019-20, 2020-21 വർഷങ്ങളിൽ അപേക്ഷ ലഭിക്കാതെ തന്നെ മുഴുവൻ തുകയും തിരികെ അതത് എസ്.ടി.എസ്.ബി അക്കൗണ്ടുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. എസ്.ടി.എസ്.ബി. അക്കൗണ്ടുകൾ ഒഴികെയുള്ള കേസിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്കാണ് റീഫണ്ട് അനുവദിക്കുന്നത്. ധന:ദ്ധീകരണത്തിന്റെയും സാമ്പത്തിക അച്ചടക്കത്തിന്റെയും ഭാഗമായി ചെലവാക്കാനാകാത്ത പദ്ധതി-പദ്ധതിയേതര ഫണ്ടുകളാണ് അത്തരം അക്കൗണ്ടുകളിൽ നിന്നും റെസ്യൂം ചെയ്യുന്നത്. ആയതിൽ പദ്ധതി നിർവ്വഹണ തുകകളുടെ ചെലവിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്ന മുറയ്ക്കാണ് അടുത്ത സാമ്പത്തിക വർഷം റീഫണ്ട് അനുവദിക്കുന്നത്.

നിലമ്പൂർ സബ് ട്രഷറി കെട്ടിട നിർമ്മാണം

90(3521) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) നിലമ്പൂർ സബ് ട്രഷറിക്ക് വേണ്ടിയുള്ള കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ ഇതുവരെയുള്ള പുരോഗതി അറിയിക്കാമോ?

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ കഴിഞ്ഞ് മാസങ്ങളായിട്ടും നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) നിലമ്പൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിലമ്പൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ- 92 സർവ്വേ നമ്പർ 156 /1, ജലവിഭവ വകുപ്പിന്റെ കൈവശമുണ്ടായിരുന്ന, 12.35 സെന്റ് സ്ഥലത്തിന് ഉപയോഗാനുമതി ലഭിക്കുകയും പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിടം നിർമിക്കുന്നതിന് നിർമ്മാണ നിർവ്വഹണ ഏജൻസിയായ INKEL Ltd. പ്രൊജക്ട് റിപ്പോർട്ട് തയാറാക്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ 14-07-2020- ലെ സ.ഉ(സാധാ)നം. 4140/2020/ധന പ്രകാരം Rs. 2,62,18,000/- രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എന്നാൽ നിർമ്മാണ കാലതാമസം കാരണം പുതിയ നിർമ്മാണ പ്രവൃത്തികളൊന്നും തന്നെ INKEL Ltd.-ന് നൽകേണ്ടതില്ലെന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഭരണാനുമതി ലഭ്യമായിട്ടുള്ള നിലമ്പൂർ സബ് ട്രഷറിക്ക്

സാങ്കേതികാനുമതി പുറപ്പെടുവിച്ചുകൊണ്ട് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനും 25-07-2017-ലെ സ.ഉ(സാധാ)നം.95/2017/ധന പ്രകാരം സുതാര്യമായ ടെൻഡർ പ്രക്രിയയിലൂടെ അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) നിർവ്വഹണ ഏജൻസിയായിരുന്ന ഇൻകെൽ ലിമിറ്റഡിനെ മാറ്റി പുതിയ ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

പുതിയ നിർവ്വഹണ ഏജൻസിയെ നിയോഗിച്ചിട്ടില്ല.

(ഡി) ടെൻഡർ നടപടികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ ഇൻകെൽ ലിമിറ്റഡിനെ തന്നെ നിർവ്വഹണ ഏജൻസിയായി നിലനിർത്തി നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി തുടങ്ങാനാകുമോ; ഇതേ ആവശ്യം ഉന്നയിച്ചുള്ള ടഷറി വകുപ്പിന്റെ കത്തിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

നിർമ്മാണ കാലതാമസം കാരണം നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിന് പുതിയ പ്രവൃത്തികൾ നൽകേണ്ടതില്ലായെന്ന് 27/08/2020-ലെ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ ഇൻകെൽ ലിമിറ്റഡിനെ നിലനിർത്തി നിർമ്മാണ പ്രവൃത്തികൾ തുടങ്ങാനാകില്ല. ആയതിനാൽ 25-07-2017-ലെ സ.ഉ.

(പി)നം.95/2017/ധന നമ്പർ ഉത്തരവ് പ്രകാരം സുതാര്യമായ ടെൻഡർ പ്രക്രിയയിലൂടെ അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതേ ആവശ്യം ഉന്നയിച്ചുള്ള ട്രഷറി വകുപ്പിന്റെ കത്ത് പരിശോധിച്ച് വരുന്നു.

ട്രഷറി സേവിംഗ്സ് അക്കൗണ്ട്

91(3522) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് എ.ടി.എം. കാർഡുകൾ നൽകുന്ന തീരുമാനം ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ?

വാണിജ്യ ബാങ്കുകളുമായി ചേർന്ന് ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് എ.ടി.എം. സൗകര്യം ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ച പദ്ധതി റിസർവ് ബാങ്കിന്റെ അനുമതി ലഭിക്കാത്തതിനാൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.

(ബി) ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും മറ്റ് ബാങ്ക് അക്കൗണ്ടുകളിലേക്കും മറ്റ് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്കും പണം ട്രാൻസ്ഫർ ചെയ്യുന്നതിന് നിലവിൽ സൗകര്യമേർപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്. tsbonline.kerala.gov.in എന്ന വെബ് ആപ്ലിക്കേഷൻ വഴി അക്കൗണ്ട് ഉടമയ്ക്ക് ഓൺലൈനായി ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ തുക ബാങ്ക് അക്കൗണ്ടിലേയ്ക്കും, etreasury.kerala.gov.in ആപ്ലിക്കേഷൻ മുഖേന ബാങ്ക് അക്കൗണ്ടിലെ തുക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്കും മാറ്റുവാൻ കഴിയുന്നതാണ്.

(സി) എങ്കിൽ പണം ട്രാൻസ്ഫർ ചെയ്യുന്നതിന് എടുക്കുന്ന സമയം, ഇതിനായുള്ള നടപടിക്രമം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും പണം ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിന് എടുക്കുന്ന സമയവും നടപടിക്രമവും ആദ്യമായി അക്കൗണ്ട് ഉടമ tsbonline.kerala.gov.in എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ട്രഷറിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പർ ഉപയോഗിച്ചുവേണം രജിസ്ട്രേഷൻ നടത്തേണ്ടത്. അക്കൗണ്ട് ഉടമയുടെ മൊബൈലിൽ ലഭിക്കുന്ന ഒ.ടി.പി. ഉപയോഗിച്ച് ലോഗിൻ ചെയ്യാവുന്നതും ലോഗിൻ പാസ്സ്വേർഡ്, ട്രാൻസാക്ഷൻ പാസ്സ് വേർഡ് എന്നിവ സൃഷ്ടിക്കാവുന്നതുമാണ്. തുടർന്ന് ലോഗിൻ ചെയ്തതിന് ശേഷം ബെനിഫിഷ്യറിയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ

ചേർക്കേണ്ടതാണ്. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് സെലക്ട് ചെയ്തതിനുശേഷം ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ട തുക ചേർക്കേണ്ടതാണ്. (ഒരു ദിവസം രണ്ട് ലക്ഷം രൂപ വരെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്) പ്രസ്തുത ഇടപാട് കൺഫേം ചെയ്ത് കഴിയുമ്പോൾ രജിസ്റ്റർ ചെയ്ത മൊബൈലിൽ ഒ.ടി.പി. ലഭിക്കുന്നതും ആയത് സിസ്റ്റത്തിൽ ചേർക്കുമ്പോൾ ഫണ്ട് ട്രാൻസ്ഫർ നടപടികൾ പൂർത്തിയാകുന്നതുമാണ്. ഇപ്രകാരം അക്കൗണ്ട് ഉടമ ഓൺലൈനായി ഫണ്ട് ട്രാൻസ്ഫർ ചെയ്യുമ്പോൾ, പ്രസ്തുത തുക അക്കൗണ്ടിൽ നിന്ന് പിൻവലിക്കപ്പെടുകയും ആയത് NEFT വഴി RBI-യുടെ ഇ-കുബേർ പോർട്ടൽ മുഖേന അക്കൗണ്ട് ഉടമ നിർദ്ദേശിക്കുന്ന ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ആകുന്നതുമാണ്. NEFT വഴിയുള്ള ഫണ്ട് ട്രാൻസ്ഫർ ഓട്ടോമാറ്റിക് സംവിധാനത്തിലേയ്ക്ക് മാറിയിട്ടില്ലാത്തതിനാൽ, NEFT-ന്റെ ഓരോ ബാച്ച് ആയിട്ടാണ് ഡാറ്റ ഇ-കുബേർ പോർട്ടലിലേയ്ക്ക് നൽകുന്നത്. ട്രഷറിയുടെ പ്രവർത്തന സമയം, പൊതു അവധി, ഇ-കുബേറിന്റെ പ്രവർത്തന സമയം എന്നിവയെ ആശ്രയിച്ചാണ് ഈ പ്രക്രിയ നടക്കുന്നത്. മേൽപ്പറഞ്ഞ സാങ്കേതിക പരിമിതികളുണ്ടെങ്കിലും, സാധാരണ ദിവസങ്ങളിൽ 2-3 മണിക്കൂറുകൾക്കകം തന്നെ തുക ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ്

ആകുന്നതാണ്. ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രഷറി അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിന് എടുക്കുന്ന സമയവും നടപടിക്രമവും etreasury.kerala.gov.in എന്ന വെബ് ആപ്ലിക്കേഷൻ മുഖേനയാണ് ബാങ്ക് അക്കൗണ്ടിൽ നിന്നും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്യേണ്ടത്. പ്രസ്തുത ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്ത് ബാങ്കിന്റെ IFSC കോഡ്, അക്കൗണ്ട് നമ്പർ എന്നിവ നൽകിയ ശേഷം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ നൽകേണ്ടതും ട്രഷറിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിൽ ലഭിക്കുന്ന ഒ.ടി.പി. നൽകി നിർദ്ദേശിക്കുന്ന തുക ട്രാൻസ്ഫർ ചെയ്യാവുന്നതുമാണ്. ദേശസാൽകൃത ബാങ്കുകളുടെ നെറ്റ് ബാങ്കിംഗ് സൗകര്യം ഉപയോഗിച്ചാണ് ഇടപാട് നടത്തുന്നതെങ്കിൽ തൊട്ടടുത്ത ദിവസം തന്നെ തുക ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നതാണ്. കാർഡ്/ഷെഡ്യൂൾഡ് ബാങ്കുകളുടെ നെറ്റ് ബാങ്കിംഗ് സൗകര്യം, UPI എന്നിവ മുഖേന ഫണ്ട് ട്രാൻസ്ഫർ ചെയ്യുകയാണെങ്കിൽ രണ്ടാം ദിവസം മാത്രമേ ബാങ്കിൽ നിന്നും തുക ട്രഷറിക്ക് ലഭിക്കുകയുള്ളൂ. പ്രസ്തുത ഫണ്ട് ട്രാൻസ്ഫർ ട്രഷറിയിൽ കൺഫേം ചെയ്യുന്നതോടെ തുക അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നതാണ്.

(ഡി) ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് നൽകാനുദ്ദേശിക്കുന്ന എ.ടി.എം. ഉപയോഗിച്ച് എല്ലാ ബാങ്ക് എ.ടി.എം. കളിൽ നിന്നും പണം പിൻവലിക്കാനും നിക്ഷേപിക്കാനും കഴിയുമോ; വിശദാംശങ്ങൾ നൽകുമോ?

ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് വാണിജ്യ ബാങ്കുകളുമായി ചേർന്ന് എ.ടി.എം. സൗകര്യം ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിരുന്നുവെങ്കിലും ആയതിന് റിസർവ് ബാങ്കിന്റെ അനുമതി ലഭിച്ചിട്ടില്ല.

ടി.എസ്.ബി. അക്കൗണ്ട് ഉടമകൾക്ക് ഡെബിറ്റ് കാർഡുകൾ

92(3523) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾക്ക് ഡെബിറ്റ് കാർഡുകൾ നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വാണിജ്യ ബാങ്കുകളുമായി ചേർന്ന് ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് ഡെബിറ്റ് കാർഡ് നൽകുവാൻ സർക്കാർ തീരുമാനിച്ചിരുന്നുവെങ്കിലും റിസർവ് ബാങ്കിന്റെ അനുമതി ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) ഓൺലൈൻ മുഖേന ട്രഷറിയിലേക്ക് പണം നിക്ഷേപിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ആയതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക PAYMENT GATEWAY ആയ ഇ-ട്രഷറി ആപ്ലിക്കേഷൻ മുഖാന്തരം സർക്കാരിന്റെ എല്ലാ വിധ ELECTRONIC FUND SETTLEMENT-കളും നടത്തുവാൻ കഴിയുന്നു. സർക്കാർ വകുപ്പുകളിലേയ്ക്ക് ചെല്ലാൻ വഴി പണമടയ്ക്കുവാൻ ഇ-ട്രഷറി വളരെ സൗകര്യപ്രദമാണ്. 65 ബാങ്കുകളുടെ നെറ്റ്ബാങ്കിങ് സൗകര്യം, ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് പേയ്മെന്റ്, UPI, e-POS സൗകര്യങ്ങൾ ലഭ്യമാണ്. പൊതുജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി വിവിധ ഓഫീസുകൾ സന്ദർശിക്കുന്നത് ഒഴിവാക്കുന്നതിനായി മറ്റ് വകുപ്പുകളിലെ ആപ്ലിക്കേഷനുകൾ ഇ-ട്രഷറിയുമായി സംയോജിപ്പിക്കുവാൻ പര്യാപ്തമാണ്. ഇ-ട്രഷറിയിൽ 24*7 സമയം സേവനം ലഭ്യമാണ്.

ഭാഗ്യക്കുറി മേഖലയിൽ നവീകരണം

93(3524) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ആയിരക്കണക്കിന് ആളുകൾ വരുമാനമാർഗ്ഗമായി കാണുന്ന സംസ്ഥാന ലോട്ടറിയെ നവീകരിച്ച് കൂടുതൽ ആകർഷകമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(ബി) സംസ്ഥാന ലോട്ടറിയുടെ ഘടന കൂടുതൽ സമ്മാനങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിക്കുമോ?

(എ&ബി) 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രതിവാര, ബമ്പർ പ്രതിമാസ ഭാഗ്യക്കുറികളുടെയും സമ്മാനഘടന 2021 മാർച്ച് മാസം മുതൽ പരിഷ്കരിച്ചിട്ടുണ്ട്. സമ്മാനങ്ങളുടെ എണ്ണം 12960 അധികമായി വർദ്ധിപ്പിച്ചും, സമ്മാന വിഹിതം നിലവിലുണ്ടായിരുന്ന 58.5% ത്തിൽ നിന്നും ഏകദേശം 60% വരെ വർദ്ധനവ് വരുത്തിയും 100 രൂപ ഒഴികെയുള്ള സമ്മാനങ്ങളുടെ ഏജൻസി പ്രൈസ് 10% ത്തിൽ നിന്നും 12% ആയി വർദ്ധിപ്പിച്ചും 100 രൂപ സമ്മാനങ്ങളുടെ ഏജൻസി പ്രൈസ് 10% ത്തിൽ നിന്നും 20% മായി ഉയർത്തിയും, ഏജൻസി ഡിസ്കൗണ്ട് സ്ലാബിൽ ഓരോന്നിലും 0.5% വീതം വർദ്ധനവ് വരുത്തിയുമാണ് സമ്മാനഘടന പരിഷ്കരിച്ചിട്ടുള്ളത്.

(സി) ബംബർ ഭാഗ്യക്കുറി മാതൃകയിൽ കൂടുതൽ ഒന്നാം സമ്മാനങ്ങൾ നൽകുന്ന തരത്തിൽ പുതിയ ഭാഗ്യക്കുറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിലുള്ള 6 ബമ്പർ ഭാഗ്യക്കുറികൾക്കും ഒന്നാം സമ്മാനം ഒരെണ്ണം മാത്രമാണ് നൽകി വരുന്നത്. പ്രതിമാസ ഭാഗ്യക്കുറിയായ ഭാഗ്യമിത്രയ്ക്ക് ഒരു കോടി വീതം 5 ഒന്നാം സമ്മാനങ്ങൾ നൽകി വരുന്നു.

ചെറുകിട ലോട്ടറി കച്ചവടക്കാരുടെ ബുദ്ധിമുട്ട്

94(3525) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ ചെറുകിട ലോട്ടറി കച്ചവടക്കാർക്ക് ലോട്ടറി ഓഫീസിൽ വന്ന് ടിക്കറ്റ് നേരിട്ട് വാങ്ങിക്കുന്നതിന് കഴിയുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ അധികം വന്ന ടിക്കറ്റ് വൻകിട ലോട്ടറി കച്ചവടക്കാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ?

ഭാഗ്യക്കുറി ടിക്കറ്റ് വിതരണത്തിൽ 8400 ടിക്കറ്റിന് മുകളിൽ ടിക്കറ്റ് എടുക്കുന്ന ഏജന്റുമാർക്കും 8400- ന് താഴെ ടിക്കറ്റെടുക്കുന്ന ഏജന്റുമാർക്കും 75:25 എന്ന അനുപാതത്തിലാണ് ടിക്കറ്റ് വിതരണം നടത്തുന്നത്. കോവിഡ് 19 വ്യാപനത്തെതുടർന്ന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ നിമിത്തം ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽക്കപ്പെടാതെ ഓഫീസുകളിൽ അവശേഷിക്കുന്ന സാഹചര്യങ്ങളിൽ 80:20 എന്ന അനുപാതത്തിൽ വില്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

95(3526) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർമാർ എന്നിവരെ ഉൾപ്പെടുത്തി രൂപീകരിച്ച ഓഡിറ്റ് ബോർഡ് എന്ന ഭരണസംവിധാനത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് അനുസരിച്ചാണോ പ്രസ്തുത ബോർഡ് രൂപീകരിച്ചതെന്ന് വ്യക്തമാക്കാമോ;

കാര്യക്ഷമവും ഫലപ്രദവുമായ ഓഡിറ്റ് നിർവ്വഹണം സാധ്യമാകുന്നതിലേയ്ക്കായി സർക്കാരും, കേന്ദ്ര-സംസ്ഥാന ധനകാര്യ

കമ്മീഷനുകളും കാലാകാലങ്ങളിൽ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഓഡിറ്റ് നടപടിക്രമങ്ങൾ സംബന്ധിച്ച് വകുപ്പുതലത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിലേയ്ക്കായി 2021 മാർച്ച് 8,9,10 തീയതികളിൽ നടന്ന കാര്യാലയ മേധാവികളുടെ യോഗത്തിന്റെ നിർദ്ദേശങ്ങളനുസരിച്ച് 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 18-ലെ വ്യവസ്ഥകൾക്ക് വിധേയമായി ഡയറക്ടർ, വകുപ്പിലെ എല്ലാ ജോയിന്റ് ഡയറക്ടർമാർ, ലോ - ഓഫീസർ എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി ഓഡിറ്റ് ബോർഡ് ഡയറക്ടറുടെ 09-04-2021, 30-04-2021 തീയതികളിലെ DKSA/866/Estt.1/2021 ഉത്തരവുകളിലൂടെ രൂപീകരിക്കുകയും 29-06-2021-ലെ DKSA/857/എസ്.എസ്3/2021 കത്തിലൂടെ സർക്കാരിന്റെ അംഗീകാരം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ 2019-2020 വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടോ; പൂർത്തിയാക്കിയിട്ടില്ലെങ്കിൽ കുടിശ്ശികയുടെ വിശദാംശം ലഭ്യമാക്കാമോ?

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ 2019-2020 വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കിയിട്ടില്ല. കുടിശ്ശികയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തുന്ന വാർഷിക/കൺകറന്റ് ഓഡിറ്റ് പരിശോധന വിഷയങ്ങൾ ഓഡിറ്റ് ഹെഡ്ഡുകളായി തിരിച്ച് പരിശോധന നടത്താൻ ഓഡിറ്റ് വകുപ്പ് ഡയറക്ടർ ഉത്തരവായത് സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയോടെയാണോ എന്ന് വ്യക്തമാക്കാമോ?

15-ാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് സംസ്ഥാനത്ത് ലഭ്യമാക്കണമെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് കേന്ദ്ര പഞ്ചായത്ത് മന്ത്രാലയം വികസിപ്പിച്ച ഓഡിറ്റ് ഓൺലൈൻ എന്ന സോഫ്റ്റ് വെയർ മുഖാന്തരം നടത്തി ഓഡിറ്റ് വിശദാംശങ്ങൾ ഈ സോഫ്റ്റ് വെയറിലെ ഡാഷ്ബോർഡിലെ 6 കീ പെർഫോമൻസ് ഇൻഡിക്കേറ്റേഴ്സിൽ സംസ്ഥാനങ്ങൾ ലഭ്യമാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി AIMS സോഫ്റ്റ്വെയർ ഉപയോഗിച്ച് വരുന്നതിനാൽ, 09.11.2020-ലെ F.No.M.11015/251/2020/FD നമ്പർ കേന്ദ്ര പഞ്ചായത്ത് മന്ത്രാലയത്തിന്റെ കത്ത് പ്രകാരം MoPR സംസ്ഥാനത്തെ ഓഡിറ്റ് ഓൺലൈൻ സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിൽ നിന്നും ഒഴിവാക്കി പകരം AIMS -ൽ നിന്നും ലഭിക്കുന്ന ഓഡിറ്റഡ് റിപ്പോർട്ട് ഡാറ്റാ ഓഡിറ്റ് ഓൺലൈൻ

സോഫ്റ്റ്വെയറിന്റെ 6 കീ പെർഫോമൻസ് ഇൻഡിക്കേറ്റേഴ്സിലായി ലഭ്യമാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച 6 കീ പെർഫോമൻസ് ഇൻഡിക്കേറ്റേഴ്സിൽ ഒരു കീ പെർഫോമൻസ് ഇൻഡിക്കേറ്റർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് വിവിധ ഓഡിറ്റ് ഹെഡ്ഡുകൾ വേർതിരിച്ചിട്ടുള്ളതാണ്. ആയതിനാൽ ഇതിലേയ്ക്ക് എയിംസിൽ പ്രതിഫലിച്ചിട്ടുള്ള ഓഡിറ്റ് റിപ്പോർട്ട് ഡാറ്റാ ഇന്റഗ്രേറ്റ് ചെയ്യുന്നതിനുവേണ്ടി ഓഡിറ്റ് ഹെഡ്ഡുകൾ വേർതിരിച്ച് ഉൾക്കൊള്ളിക്കേണ്ട സാഹചര്യം modification & enhancement ലൂടെ എയിംസ് സോഫ്റ്റ്വെയറിൽ നിലവിൽ വന്നു. 20.03.2020-ലെ സ.ഉ. (സാധാ) നം.2359/2020/ധന പ്രകാരം കെൽട്രോണിൽ നിന്നും മേൽപ്പറഞ്ഞ modification എയിംസിൽ നടത്തുന്നതിനുവേണ്ടി effort quantification & cost estimation ലഭ്യമാക്കി ഐ.ടി. മിഷൻ വിദഗ്ധർ അടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കിയ ശേഷമാണ് മേൽപ്പറഞ്ഞ ഓഡിറ്റ് ഹെഡ്ഡുമായി ബന്ധപ്പെട്ട modifications എയിംസിൽ നടപ്പിലാക്കിയിട്ടുള്ളത്.

സർക്കാർ ജീവനക്കാരുടെ ഇൻഷ്വറൻസ്

96(3528) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ)സർക്കാർ ജീവനക്കാർക്കുള്ള ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് സ്കീമുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ എത്ര കേസുകൾ നിലവിലുണ്ട്; വ്യക്തമാക്കാമോ?

മെഡിസെപ് സ്കീമുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ Request For Proposal (RFP)യിൽ ഉൾപ്പെടുത്തിയ നിബന്ധനയ്ക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ബഹു. ഹൈക്കോടതിക്ക് മുൻപാകെ റിട്ട് പെറ്റീഷൻ (WP(C)2938/2021)ഫയൽ ചെയ്യുകയുണ്ടായി. ആയത് തള്ളിക്കളഞ്ഞുകൊണ്ട് വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 07-04-2021-ൽ തുറന്നിരുന്നു. എന്നാൽ ടി വിധിക്കെതിരെ സർക്കാരിനെതിരെ റിലയൻസ് കമ്പനി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ (WA.No.615/2021) ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്

(ബി) പ്രസ്തുത വിഷയത്തിൽ സർക്കാർ നൽകിയ സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ടി വിഷയത്തിൽ സർക്കാർ നൽകിയ സത്യവാങ്മൂലത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(സി) ഏതെങ്കിലും ജീവനക്കാരോ സംഘടനകളോ കേസിൽ കക്ഷി ചേർന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

അഡ്വക്കേറ്റ് ജനറൽ കേരളയുടെ ഓഫീസിൽ നിന്നും ടി വിഷയവുമായി ബന്ധപ്പെട്ട കേസിൽ ഏതെങ്കിലും ജീവനക്കാരോ സംഘടനകളോ കക്ഷി ചേർന്നിട്ടുള്ളതായി നാളിതുവരെ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

മഞ്ചേശ്വരം താലൂക്കിൽ സ്റ്റാമ്പ് വെണ്ടർമാരെ നിയമിക്കുന്നതിന് നടപടി

97(3529) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മഞ്ചേശ്വരം താലൂക്കിൽ നിലവിൽ എത്ര സ്റ്റാമ്പ് വെണ്ടർമാരാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

മഞ്ചേശ്വരം താലൂക്കിൽ നിലവിൽ രണ്ട് സ്റ്റാമ്പ് വെണ്ടർമാർ പ്രവർത്തിക്കുന്നുണ്ട്.

(ബി) സ്റ്റാമ്പ് വെണ്ടർമാരെ തെരഞ്ഞെടുക്കുന്നത്/നിയമിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങളും അവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും എന്തൊക്കെയാണ്; വിശദവിവരം ലഭ്യമാക്കാമോ?

ജില്ലാ കളക്ടർ അദ്ധ്യക്ഷനായും, ജില്ലാ രജിസ്ട്രാർ (ജനറൽ), ജില്ലാ ട്രഷറി ഓഫീസർ എന്നിവർ അംഗങ്ങളായുമുള്ള കമ്മിറ്റിയാണ് വെണ്ടർമാരെ നിയമിക്കുന്നത്. രണ്ട് സ്റ്റാമ്പ് വെണ്ടർമാരുടെ ഓഫീസുകൾ തമ്മിലുള്ള ഏറ്റവും കുറഞ്ഞ ദൂരം കോർപ്പറേഷൻ പ്രദേശം രണ്ട് കിലോമീറ്റർ, മുൻസിപ്പാലിറ്റി പ്രദേശം നാല് കിലോമീറ്റർ, പഞ്ചായത്ത് പ്രദേശം എട്ട് കിലോമീറ്റർ എന്നിങ്ങനെയാണ്. സംസ്ഥാനത്ത് എവിടെയെങ്കിലും സ്റ്റാമ്പ് വെണ്ടർ ലൈസൻസോ ആധാരമെഴുത്ത് ലൈസൻസോ ഉള്ളവർക്ക് സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല. ഒഴിവ് വിജ്ഞാപനം നടത്തുന്ന വർഷം ജനുവരി 1-ന് 18 വയസ്സ് പൂർത്തിയാകാത്തവർക്കും, 60 വയസ്സ് പൂർത്തിയായവർക്കും, എസ്.എസ്.എൽ.സി. -യോ തത്തുല്യ പരീക്ഷയോ ജയിക്കാത്തവർക്കും സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല. സ്റ്റാമ്പ് വെണ്ടർമാർക്ക് വിവിധ ഡിനോമിനേഷനിലുള്ള മുദ്രയും മുദ്രപത്രങ്ങളും

വില്പന നടത്തുമ്പോൾ വെണ്ടർ കമ്മിഷൻ ലഭിക്കുന്നുണ്ട്. മഞ്ചേശ്വരം താലൂക്കിൽ നിലവിൽ രണ്ട് സ്റ്റാമ്പ് വെണ്ടർമാർ പ്രവർത്തിക്കുന്നുണ്ട്.

(സി) പ്രസ്തുത താലൂക്കിലെ ഉപ്പള, കുമ്പള എന്നിവിടങ്ങളിൽ സ്റ്റാമ്പ് വെണ്ടർ ഇല്ലാത്തതിനാൽ മുദ്രപ്പത്രങ്ങൾ, റവന്യൂ/കോർട്ട്ഫീ സ്റ്റാമ്പുകൾ എന്നിവ ലഭിക്കുന്നതിനായി പൊതുജനങ്ങൾ 10 മുതൽ 30 കിലോമീറ്റർ വരെ സഞ്ചരിച്ച് പ്രയാസമനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മഞ്ചേശ്വരം താലൂക്കിൽ നിലവിൽ രണ്ട് വെണ്ടർമാർ പ്രവർത്തിക്കുന്നുണ്ട്. വെണ്ടർമാരുടെ കുറവ് കാരണം പ്രദേശത്തെ ജനങ്ങൾക്ക് സ്റ്റാമ്പ് പേപ്പറുകൾ ലഭിക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇതിന് പരിഹാരമായി പ്രസ്തുത സ്ഥലങ്ങളിൽ ഈ വർഷം തന്നെ സ്റ്റാമ്പ് വെണ്ടർമാരെ നിയമിക്കാൻ നടപടികൾ സ്വീകരിക്കാമോ?

സംസ്ഥാനത്ത് ഇ-സ്റ്റാമ്പിങ് പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ നിലവിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് നൽകുന്നില്ല.

നിയമ ഭേദഗതികൾ പ്രസിദ്ധീകരിക്കുന്നതിന് നടപടി

98(3530) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ ഏതൊക്കെയാണെന്നുള്ള ക്രോഡീകരിച്ച പട്ടിക ലഭ്യമാക്കുമോ; ഇത്തരത്തിൽ നിയമങ്ങളുടെ പട്ടിക ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ലഭ്യമാക്കാവുന്നതാണ് (ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്); നിയമ (ലെഗ്. പബ്ലിക്കേഷൻ) വകുപ്പ്.

(ബി) കാലാകാലങ്ങളിൽ ഓരോ നിയമത്തിലും ഉണ്ടാകുന്ന ഭേദഗതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിയമം പരിഷ്കരിച്ച് പ്രസിദ്ധീകരിക്കാറുണ്ടോ?

നിയമ വകുപ്പിലെ ബന്ധപ്പെട്ട നിയമനിർമ്മാണ വകുപ്പുകളിൽ നിന്നും നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക്, കാലാകാലങ്ങളിൽ ഓരോ നിയമത്തിലും ഉണ്ടാകുന്ന ഭേദഗതികൾ ഉൾക്കൊള്ളിച്ചുകൊണ്ട്, സംസ്ഥാന നിയമങ്ങൾ പുനഃപ്രസിദ്ധീകരിക്കാറുണ്ട്.

(സി) ഇത്തരത്തിൽ ഭേദഗതികൾ ഉൾപ്പെടുത്തിയിട്ടുള്ള നിയമം പലപ്പോഴും പൊതുജനത്തിന് പരിശോധിക്കാൻ ലഭ്യമാകാത്തത്, നിയമം തെറ്റായി വ്യാഖ്യാനിക്കാൻ ഇടയാക്കപ്പെടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓരോ നിയമത്തിലും ഉണ്ടാകുന്ന ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ട് നിയമങ്ങൾ സമയാസമയങ്ങളിൽ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല; ഓരോ നിയമത്തിലും ഉണ്ടാകുന്ന ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ട് നിയമങ്ങൾ സമയാസമയങ്ങളിൽ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിയമനിർമ്മാണ വകുപ്പുകൾ ഓരോ വർഷവും പുറപ്പെടുവിക്കുന്ന ആക്ടുകളും ഓർഡിനൻസുകളും ഈ വകുപ്പിൽ നിന്നും ക്രോഡീകരിച്ച് പുസ്തക രൂപത്തിൽ അതാതു വർഷം ഗവണ്മെന്റ് പ്രസ്സിൽ നിന്നും പ്രസിദ്ധീകരിക്കാറുണ്ട്. കൂടാതെ പത്തു വർഷം കൂടുമ്പോൾ സംസ്ഥാനത്തിന് ബാധകമായിട്ടുള്ള നിയമങ്ങൾ അടങ്ങിയ ലിസ്റ്റ് ഓഫ് എനാക്ട്മെന്റ്സ്, കേരള കോഡ് എന്നീ പ്രസിദ്ധീകരണങ്ങളും, നിയമനിർമ്മാണ വകുപ്പുകൾ ആവശ്യപ്പെടുന്നതനുസരിച്ച് നിയമസഭ പാസ്സാക്കുന്ന എല്ലാ ഭേദഗതികളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമങ്ങളും

പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന തരത്തിൽ നിശ്ചിത എണ്ണം ഗവണ്മെന്റ് പ്രസ്സിൽ നിന്നും വില നിശ്ചയിച്ച് ലഭ്യമാക്കാറുണ്ട്.

(ഡി) സംസ്ഥാനത്ത് കാലഹരണപ്പെട്ട നിയമങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പട്ടിക ലഭ്യമാക്കുമോ; കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കാനും കാലോചിതമായി പരിഷ്കരിക്കാനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

തയ്യാറാക്കിയിട്ടുണ്ട്; ലഭ്യമാക്കാവുന്നതാണ്; കാലഹരണപ്പെട്ട 102 ആക്ടുകൾ റദ്ദാക്കുന്നതിനുള്ള " 2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ" 14-ാം കേരള നിയമസഭയുടെ 34-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും ആയത് അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല. 14-ാം കേരള നിയമസഭയുടെ കാലാവധി അവസാനിച്ചതോടുകൂടി പ്രസ്തുത ബിൽ ഭരണഘടനയുടെ 196-ാം അനുച്ഛേദം (5)-ാം ഖണ്ഡപ്രകാരം ലാപ്സായിട്ടുള്ളതാണ്. പ്രസ്തുത ബില്ലിൽ ഉൾപ്പെടുന്ന 102 ആക്ടുകൾ ഉൾപ്പെടുത്തി കരട് ബിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ നിയമനിർമ്മാണ വകുപ്പ് സ്വീകരിച്ചു വരികയാണ്. കാലഹരണപ്പെട്ട നിയമങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്;+ കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കാനും കാലോചിതമായി പരിഷ്കരിക്കാനും നടപടി

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിച്ചുവരുന്നു. കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിനുള്ള ശിപാർശകൾ ഉൾപ്പെടെ സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ പരിഷ്കരിക്കുന്നതിലേയ്ക്കായി 09/03/2017-ലെ G.O.(MS) No.45/2017/LAW നമ്പർ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.ടി. തോമസ് അദ്ധ്യക്ഷനായ നിയമപരിഷ്കരണ കമ്മീഷനെ സർക്കാർ നിയമിച്ചിട്ടുണ്ട്.

ഗ്രാമീൺ ന്യായാലയ് പദ്ധതി

99(3531) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് നിയമ വകുപ്പിന്റെ കീഴിൽ ഗ്രാമീൺ ന്യായാലയ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ അവയുടെ പ്രവർത്തനവും അധികാര പരിധിയും എങ്ങനെയാണെന്ന് വിശദമാക്കാമോ?

01-03-2011-ലെ സ.ഉ (കൈ) 86/2011/ആഭ്യന്തരം ഉത്തരവ് പ്രകാരം സംസ്ഥാനത്ത് 30 ഗ്രാമന്യായാലയങ്ങൾ ആരംഭിക്കാനുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. 30 ഗ്രാമന്യായാലയങ്ങളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിലാണ് ഗ്രാമന്യായാലയങ്ങൾ പ്രവർത്തിച്ചുവരുന്നത്. നീതിന്യായ നിർവ്വഹണ വകുപ്പിന് കീഴിലാണ് ഈ കോടതികൾ ആരംഭിച്ചിട്ടുള്ളത്.

(ബി) കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കുന്നോത്ത്പറമ്പ് പഞ്ചായത്തിൽ ഗ്രാമീൺ ന്യായാലയ് കേന്ദ്രം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

കുന്നോത്ത്പറമ്പ് പഞ്ചായത്തിൽ ഗ്രാമന്യായാലയം പുതുതായി ആരംഭിക്കാനുള്ള പ്രൊപ്പോസൽ പരിഗണനയിലില്ല.

(സി) ഗ്രാമീൺ ന്യായാലയ് പദ്ധതി പ്രകാരം പൊതുജനങ്ങൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭ്യമാവുകയെന്ന് വിശദമാക്കാമോ?

സിവിൽ, ക്രിമിനൽ കേസുകൾ ലളിതമായ നടപടിക്രമങ്ങളിലൂടെ തീർപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി കേരളത്തിലെ ബ്ലോക്ക് തലങ്ങളിൽ രൂപീകരിച്ചതാണ് ഗ്രാമന്യായാലയങ്ങൾ. ഗ്രാമന്യായാലയാസ് ആക്ട് 2008-ന്റെ അടിസ്ഥാനത്തിലാണ് ഇത് പ്രവർത്തിക്കുന്നത്.

മലപ്പുറം ജില്ലാ റബ്ബർ ബേസ്ഡ് ഇൻഡസ്ട്രീസ് സഹകരണ സംഘം ലിമിറ്റഡ്

100(3532) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ മുത്തേടം പഞ്ചായത്ത് പരിധിയിലെ നാരങ്ങാമൂലയിൽ മലപ്പുറം ജില്ലാ റബ്ബർ ബെസ്ഡ് ഇൻഡസ്ട്രീസ് സഹകരണ സംഘം ലിമിറ്റഡ് എന്ന വ്യവസായ സഹകരണ സംഘം വ്യവസായ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(ബി) പ്രസ്തുത വ്യവസായ സഹകരണ സംഘത്തിന്റെ പ്രസിഡന്റ്, ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവർ ആരെല്ലാമാണ്; സംഘത്തിന്റെ നിയമാവലിയുടെയും മെമ്മോറാണ്ടത്തിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

സംഘത്തിന് നിലവിൽ ഭരണസമിതിയില്ല. സംഘത്തിന്റെ നിയമാവലിയും മെമ്മോറാണ്ടവും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) പ്രസ്തുത വ്യവസായ സഹകരണ സംഘത്തിന് വ്യവസായ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള ലൈസൻസോ അനുമതിയോ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഇല്ല.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത സംഘത്തിന് വ്യവസായ വകുപ്പിൽനിന്നും വായ്പ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുവദിച്ച വായ്പ തുക, വർഷം, തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ?

ഇല്ല.

(ഇ) പ്രസ്തുത സ്ഥാപനം എത്ര തുകയാണ് പൊതുജനങ്ങളിൽ നിന്നും ഓഹരിയിനത്തിൽ പിരിച്ചെടുത്തതെന്നും ഏതെല്ലാം സഹകരണ സംഘങ്ങൾക്ക് ഈ സംഘത്തിൽ എത്ര രൂപയുടെ ഓഹരിയുണ്ടെന്നും സ്ഥാപനത്തിന്റെ സ്ഥാവര ജംഗമ ആസ്തികൾ എത്രയെന്നും അറിയിക്കാമോ?

സംഘം ഓഹരിയിനത്തിൽ വ്യക്തികളിൽ നിന്ന് 8,53,000/- രൂപയും, വിവിധ സംഘങ്ങളിൽ നിന്ന് 7,25,000/- രൂപയും, മറ്റുള്ളവർ 1000/- രൂപയും, സർക്കാർ ഓഹരി പങ്കാളിത്തമായി 50,000/- രൂപയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 187, 188, 189 നമ്പർ ആധാരപ്രകാരം സംഘത്തിന് 3 ഏക്കർ സ്ഥലവുമുണ്ട്.

(എഫ്) പ്രസ്തുത സ്ഥാപനത്തിന്റെ പേരിലുണ്ടായിരുന്ന സ്ഥലം എത്രയെന്നും ഈ സ്ഥലം ഇപ്പോൾ ആരുടെ കൈവശമാണെന്നും വ്യക്തമാക്കാമോ; ഈ സംഘത്തിന്റെ കൈവശമുണ്ടായിരുന്ന ഭൂമിയുടെ

വിൽപ്പനയ്ക്ക് വ്യവസായ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുമതി നൽകിയ രേഖയുടെ പകർപ്പ് ലഭ്യമാക്കാമോ; സ്ഥല വിൽപ്പനയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ആരാണ് പരാതി നൽകിയതെന്നും എന്നാണ് പരാതി ലഭിച്ചതെന്നും പരാതിയുടെ പകർപ്പും ലഭ്യമാക്കാമോ; പരാതിയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

സംഘത്തിന്റെ ഉടമസ്ഥതയിലുള്ള 3 ഏക്കർ സ്ഥലം വിൽക്കുന്നതിന് അനുമതി നൽകിയിട്ടില്ല. സ്ഥല വിൽപ്പനയുമായി ബന്ധപ്പെട്ട് ശ്രീ. ജോസഫ് മാത്യു 10-12-2019-ൽ സമർപ്പിച്ച പരാതിയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. (പരാതിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്).+

വ്യവസായ സഹകരണ സംഘങ്ങൾ

101(3533) ശ്രീ. എ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാന അടിസ്ഥാനത്തിൽ വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിച്ച് നിക്ഷേപ സമാഹരണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

പരിഗണനയിലില്ല

(ബി) വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട പരിശീലനം നൽകുന്നതിന് ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രൈണർഷിപ്പ് ഡെവലപ്മെന്റിന്റെയും നേതൃത്വത്തിൽ സംരംഭം ആരംഭിക്കുന്നവർക്കായി കാലാനുസൃതമായ നിരവധി പരിശീലന പരിപാടികൾ നിലവിലുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനുള്ള നടപടികൾ

102(3534) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ വി. ശശി:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കുവാൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നതുൾപ്പെടെയുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്ക്കരണ നടപടികളുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോകുമ്പോൾ, സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള ബദൽ നയസമീപനമാണ് സ്വീകരിച്ചു വരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ സംരക്ഷിച്ച് നിർത്തുന്നതിനായി മുൻ സർക്കാർ സ്വീകരിച്ച നയസമീപനം കൂടുതൽ ശക്തിപ്പെടുത്തി കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾക്കാണ് ഈ സർക്കാർ മുൻതൂക്കം നൽകുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് നടത്തിയ പ്രാഥമിക അവലോകന യോഗത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ

വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്ക് മുൻതൂക്കം നൽകുന്ന പദ്ധതികൾ മേഖലകൾ തിരിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തന അവലോകന സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സ്ഥാപന മേധാവികളുമായി നടന്ന യോഗത്തിൽ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നടപടികളുടെ ഭാഗമായി നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത നടപടികളുടെ ഫലമായി സ്ഥാപനങ്ങളുടെ വിറ്റുവരവിലും, ലാഭത്തിലും വർദ്ധനവുണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ

2020-21 സാമ്പത്തിക വർഷത്തെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം 16 സ്ഥാപനങ്ങൾ പ്രവർത്തന ലാഭം കൈവരിച്ചിട്ടുണ്ട്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുവാൻ എന്തെല്ലാം പരിഷ്കാരങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും ഒരവലോകനം ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശങ്ങളും നൽകുകയുണ്ടായി. മുൻ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ തുടർച്ചയായി ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം എന്നീ കാര്യങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് അടുത്ത പത്തുവർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ട് സമഗ്രമായ മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ

തയ്യാറാക്കുന്നതിനായി നിർദ്ദേശം നൽകുകയും ആയതിന് അനുസൃതമായി മാസ്റ്റർ പ്ലാനുകൾ ഒന്നാംഘട്ട അവതരണം പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്ന് മാസ്റ്റർ പ്ലാനുകളുടെ നിർദ്ദേശങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളിലെ അംഗീകൃത ട്രേഡ് യൂണിയനുകൾ ഉദ്യോഗസ്ഥ തലത്തിൽ വിശദമായ ചർച്ച ചെയ്തതിനുശേഷം വിദഗ്ധ സമിതിയുടെ മുൻപാകെ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി ആഡിറ്റുകളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ മാസം തോറുമുള്ള പ്രവർത്തന അവലോകന സംവിധാനം കൂടുതൽ കാര്യക്ഷമമാകുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതും ബഹു. മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകനം നടന്നുവരുന്നതുമാണ്. കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിന്റെ സഹായത്തോടെ എം.ഡി.-മാരുടെ നിലവിലെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി.- ക്ക് വിട്ടിട്ടുള്ള തസ്തികകൾ ഒഴികെയുള്ള നിയമനങ്ങൾക്കായി പുതിയതായി ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന നടപടികൾ ആരംഭിക്കുകയും പൊതുമേഖലാ സ്ഥാപനങ്ങളുടെ ബോർഡുകൾക്ക് നയപരമായ കാര്യങ്ങൾക്കൊഴികെയുള്ള വിഷയങ്ങളിൽ പ്രവർത്തന സ്വാതന്ത്ര്യം

നൽകുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. വിദഗ്ധരെ ഉൾപ്പെടുത്തി കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ ശക്തിപ്പെടുത്തുന്നതിനും സ്ഥാപനങ്ങളിൽ വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഭരണ നിർവ്വഹണ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഉത്പന്ന വൈവിദ്ധ്യവത്ക്കരണത്തിനും കയറ്റുമതി പ്രോത്സാഹനത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കമ്പനികളുടെ വൈവിദ്ധ്യവത്ക്കരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായി തയ്യാറാക്കിവരുന്ന മാസ്റ്റർ പ്ലാനിന്റെ ഭാഗമായി കയറ്റുമതി സാദ്ധ്യതകൾ വിലയിരുത്തിക്കൊണ്ടുള്ള പദ്ധതികൾ തയ്യാറാകുന്നതിനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്.

(ഇ) കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച കേരളത്തിലെ കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളുടെ സംരക്ഷണത്തിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ) എന്നിവയെ ഏറ്റെടുത്ത് പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ ഏറ്റെടുക്കുന്നത് സംബന്ധിച്ച് നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിൽ എച്ച്.എൻ.എൽ.-നെ സംബന്ധിച്ച് NCLT, കൊച്ചി ബെഞ്ചിന്റെ വിധിപ്രകാരമുള്ള കോർപ്പറേറ്റ് ഇൻസോൾവൻസി റെസൊല്യൂഷൻ പ്ലാൻ പ്രകാരം 145.60 കോടി രൂപ കേരള സർക്കാർ നൽകി സ്ഥാപനത്തെ കിൻഫ്ര ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. കമ്പനിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന്റെ ഭാഗമായി സാങ്കേതിക സമിതി രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു. ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 51% ഓഹരികൾ സംസ്ഥാന സർക്കാരിന് കൈമാറുന്നതിനുള്ള അനുമതി കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുകയും എഗ്രിമെന്റ് ഒപ്പിടുകയും ചെയ്തു. സ്ഥാപനത്തിന്റെ

പുനരുദ്ധാരണത്തിനാവശ്യമായ വിശദമായ പദ്ധതി റിപ്പോർട്ട് എച്ച്.എം.റ്റി.-യുടെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

കെ.സി.സി.പി.എൽ. വൈവിദ്ധ്യവത്കരണം

103(3535) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡിന്റെ (കെ.സി.സി.പി.എൽ.) വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പുതുതായി ഏതൊക്കെ യൂണിറ്റുകൾ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന്റെ (കെ.സി.സി.പി.എൽ.) വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടുകൂടി മാങ്ങാട്ടുപറമ്പ് യൂണിറ്റിൽ സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. പാപ്പിനിശ്ശേരി ഹെഡ് ഓഫീസിന് മുന്നിലെ 24 മണിക്കൂറും പ്രവർത്തിക്കുന്ന പെട്രോൾ പമ്പ്, കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയുടെ സാങ്കേതിക സഹായത്തോടുകൂടി പഴയങ്ങാടി യൂണിറ്റിൽ 165 കോടി രൂപ ചെലവിൽ ഒരു

ഹൈടെക് കയർ ഡീഫൈബറിംഗ് യൂണിറ്റ്, പഴയങ്ങാടിയിലും നീലേശ്വരത്തും സിമന്റ് ബ്രിക്ക് മാനുഫാക്ചറിംഗ് യൂണിറ്റുകൾ, പഴയങ്ങാടി, കണ്ണപുരം, നീലേശ്വരം എന്നിവിടങ്ങളിൽ മത്സ്യ കൃഷി, മാങ്ങാട്ടുപറമ്പിൽ പാഷൻ ഫ്രൂട്ട് കൃഷി എന്നീ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. ഇത് കൂടാതെ കമ്പനിയുടെ അടുത്ത പത്ത് വർഷക്കാലയളവിലെ പ്രവർത്തനം മുന്നിൽ കണ്ടുകൊണ്ട് വിപുലീകരണ വൈവിധ്യവത്ക്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകളും തയ്യാറാക്കി വരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങൾ

104(3536) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള ഏതൊക്കെ പൊതുമേഖല സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ?

വ്യവസായ വകുപ്പിന് കീഴിലുള്ള ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നൂതന സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി ഉൽപ്പാദന സംവിധാനങ്ങളുടെ കാലാനുസൃതമായ നവീകരണം, വിപുലീകരണം, വിപണന സാദ്ധ്യത എന്നിവ കണക്കിലെടുത്ത് ഉല്പാദന രംഗത്ത് വൈവിധ്യവത്ക്കരണം നടപ്പിലാക്കുക, നിലവിലെ വിപണി വിപുലീകരിക്കുക എന്നീ കാര്യങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു. പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിടുന്ന സ്ഥാപനങ്ങൾക്ക് ധനസഹായവും സർക്കാർ നൽകുന്നുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിന്റെ ഭാഗമായി അടുത്ത പത്ത് വർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ടും സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഒന്നാംഘട്ട അവതരണം കഴിഞ്ഞിട്ടുണ്ട്. അതത് മേഖലയിലെ സാങ്കേതിക വിദഗ്ധ സമിതിയുടെ പരിശോധനകൾക്കുശേഷം മാസ്റ്റർ

പ്ലാനുകൾക്ക് അന്തിമ അംഗീകാരം നൽകി നടപ്പിലാക്കുമ്പോൾ വലിയ മാറ്റങ്ങൾ പ്രകടമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തനം പ്രത്യേകമായി അവലോകനത്തിന് വിധേയമാക്കുന്നതിനാൽ പ്രവർത്തനം സംബന്ധിച്ച വിവിധ പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കണ്ടെത്തുന്നതിനും സാധിക്കുന്നുണ്ട്. ഇതിന്റെ ഫലമായി സ്ഥാപനങ്ങളുടെ വിറ്റുവരവിലും ലാഭത്തിലും വർദ്ധനവ് ഉണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ഇലക്ട്രോണിക്സ് വ്യവസായ മേഖല

105(3537) ശ്രീ. ആന്റണി ജോൺ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക് വ്യവസായ മേഖലയിൽ കെൽട്രോൺ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

വിലയിരുത്തിയിട്ടുണ്ട്; സംസ്ഥാനത്ത് ഇലക്ട്രോണിക്സ് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഏക പൊതുമേഖലാ സ്ഥാപനമായ

കെൽട്രോൺ 1972-ലാണ് സ്ഥാപിതമായത്. ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിൽ കെൽട്രോണിന് സമാനമായ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചിരുന്നെങ്കിലും ആഗോളവത്ക്കരണത്തിന്റെ ഫലമായി വിപണിയിൽനിന്നും നേരിട്ട കടുത്ത മത്സരം അതിജീവിക്കാൻ സാധിക്കാതെ പലതും പ്രവർത്തനം നിർത്തലാക്കുകയുണ്ടായി. എന്നാൽ സർക്കാരിന്റെ ഫലപ്രദമായ ഇടപെടലോടുകൂടി അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഇലക്ട്രോണിക് സാങ്കേതിക രംഗത്ത് വിവിധ വൈവിദ്ധ്യവത്ക്കരണ വിപുലീകരണ പദ്ധതികളിലൂടെ കെൽട്രോണിനും സബ്സിഡിയറി യൂണിറ്റുകൾക്കും പ്രവർത്തിക്കുവാൻ സാധിച്ചു. കെൽട്രോൺ ഗുണമേന്മയുള്ള നിരവധി ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും രാജ്യത്തുടനീളം വിവിധ ഇലക്ട്രോണിക്സ് അധിഷ്ഠിത പദ്ധതികൾ രൂപകൽപ്പന ചെയ്ത് മികച്ച രീതിയിൽ നടപ്പിലാക്കുകയും ചെയ്തു വരുന്നു. ഡിഫൻസ്, എയ്റോസ്പെയ്സ്, പവർ ഇലക്ട്രോണിക്സ് സിസ്റ്റംസ്, സെക്യൂരിറ്റി സർവൈലൻസ്, ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ്, ട്രാഫിക് എൻഫോഴ്സ്മെന്റ്, കപ്പാസിറ്റർ നിർമ്മാണം, മെഡിക്കൽ ഇലക്ട്രോണിക്സ്, സ്മാർട്ട് സിറ്റി പദ്ധതികൾ എന്നീ മേഖലകളിൽ വിവിധ സ്ട്രാറ്റജിക് ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ നിർമ്മാണവും അനുബന്ധ പദ്ധതികളും കെൽട്രോൺ നടപ്പാക്കിയിട്ടുണ്ട്.

(ബി) ഇലക്ട്രോണിക് വ്യവസായത്തിന്റെ അനന്തമായ സാദ്ധ്യതകൾ വിനിയോഗിക്കുന്നതിന് സംസ്ഥാനത്തിന് വേണ്ടത്ര കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധന നടത്തിയിരുന്നോ ?

(സി) വ്യവസായ മേഖലയ്ക്ക് വൻ മുതൽക്കൂട്ടാക്കാവുന്ന ഇലക്ട്രോണിക് വ്യവസായമേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുന്ന നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(ബി &സി) ഇലക്ട്രോണിക് വ്യവസായത്തിന്റെ അനന്തമായ സാദ്ധ്യതകൾ വിനിയോഗിക്കുന്നതിന് ഇലക്ട്രോണിക്സ് വ്യവസായ രംഗത്തെ പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ കെൽട്രോൺ എല്ലാ വിധത്തിലും ശ്രമിച്ചിട്ടുണ്ട്. ആഗോളവത്ക്കരണത്തിന്റെ ഫലമായി കൺസ്യൂമർ ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ വിപണി കയ്യടക്കിയിരിക്കുന്നത് കൂടുതലും വിദേശ കമ്പനികളുടെ ഉൽപ്പന്നങ്ങളാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് ഇലക്ട്രോണിക് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഏക പൊതുമേഖലാസ്ഥാപനമെന്ന നിലയിൽ കെൽട്രോൺ വ്യവസായ മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുന്ന നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

എയ്റോ സ്പേസ് ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണം, പ്രതിരോധ വകുപ്പിനാവശ്യമായ വിവിധ സ്ട്രാറ്റജിക് ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണം, വിവിധ സാങ്കേതിക സംവിധാനങ്ങളുടെ ഏകോപനം എന്നീ മേഖലകളിൽ കെൽട്രോൺ ചുവടുറപ്പിക്കുകയുണ്ടായി. കേരളത്തിനകത്തും പുറത്തുമുള്ള വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ആവശ്യമായ വിവിധ സാങ്കേതിക സേവനങ്ങൾ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഏകോപിപ്പിച്ച് നൽകുന്ന പ്രവർത്തന മേഖലയിൽ കെൽട്രോൺ വൈദഗ്ധ്യം നേടിക്കഴിഞ്ഞു. പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം എന്നീ കാര്യങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് അടുത്ത പത്ത് വർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ള സമഗ്രമായ മാസ്റ്റർ പ്ലാൻ കെൽട്രോൺ തയ്യാറാക്കി വരുന്നു. പവർ സെമികണ്ടക്ടറുകൾ, മൾട്ടിലെയർ പി.സി.ബി., സോളാർ പവർ കണ്ടീഷനിംഗ് യൂണിറ്റ്, സോളാർ പമ്പ് കൺട്രോളർ, വാണിജ്യാടിസ്ഥാനത്തിലുള്ള 5KVA യു.പി.എസ്. സിസ്റ്റം, ലിഥിയം അയൺ ബാറ്ററി അസംബ്ലി പ്ലാന്റ് എന്നിവയുടെ നിർമ്മാണവുമായി

ബന്ധപ്പെട്ട പദ്ധതികൾക്ക് കെൽട്രോൺ രൂപം നൽകിയിട്ടുണ്ട്. സാമൂഹ്യ പ്രതിബദ്ധതയ്ക്ക് ഊന്നൽ നൽകി മെഡിക്കൽ ഇലക്ട്രോണിക്സ് മേഖലയിൽ ക്രിട്ടിക്കൽ കെയർ വെന്റിലേറ്റർ, ഇൻഫന്റ് ബേബി വാർമെർ, ശ്രവൺ മിനി ഹിയറിംഗ് എയ്ഡ്, കോക്ലിയർ ഇംപ്ലാന്റ് സിസ്റ്റം തുടങ്ങിയവയുടെ നിർമ്മാണത്തിനുള്ള പദ്ധതികളും കെൽട്രോൺ ആവിഷ്കരിക്കുന്നുണ്ട്. ഇലക്ട്രോണിക്സ് അനുബന്ധ മേഖലയ്ക്ക് ആവശ്യമായ ഗവേഷണ വികസന സൗകര്യങ്ങൾ, ആധുനിക ടെസ്റ്റിംഗ് സൗകര്യങ്ങൾ, ഇലക്ട്രോണിക്സ് കമ്പോണന്റ്സിന്റെ നിർമ്മാണ പദ്ധതികൾ എന്നിവയും കേരളത്തിലെ ഇലക്ട്രോണിക്സ് വ്യവസായത്തിന്റെ പുരോഗതിക്കായി കെൽട്രോൺ ആവിഷ്കരിച്ചു വരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനം

106(3538) ശ്രീ. അബ്ദുൽ ഹമീദ്. പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് കണ്ടെത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ശരാശരി ലാഭവിഹിതം എത്രയാണ്; വ്യക്തമാക്കാമോ?

മുൻ സർക്കാരിന്റെ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളാണ് ലാഭവിഹിതം നൽകിയിട്ടുള്ളത്. പ്രസ്തുത കമ്പനികൾ നൽകിയിട്ടുള്ള ലാഭവിഹിതത്തിന്റെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളെ ലാഭകരമാക്കുവാൻ പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കുമോയെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ

+നിയമസഭാ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംബന്ധിച്ചും മൊത്തത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്ക് മുൻതൂക്കം നൽകുന്ന പദ്ധതികൾ മേഖലകൾ തിരിച്ച് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ 248.79 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തി ആവശ്യാനുസരണം അനുവദിച്ച് വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തന അവലോകന സംവിധാനം കൂടുതൽ ശക്തിപ്പെടുത്തും. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സ്ഥാപന മേധാവികളുമായി നടന്ന യോഗത്തിൽ നൽകിയിട്ടുണ്ട്. മുൻസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ തുടർച്ചയായി ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം എന്നീ മേഖലകൾക്ക് പ്രാധാന്യം

കൊടുത്തുകൊണ്ടും അടുത്ത പത്ത് വർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ടും സമഗ്രമായ മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കുന്നതിനായി നിർദ്ദേശം നൽകി. ഓരോ സ്ഥാപനവും അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട മേഖലയിൽ, വരും വർഷങ്ങളിൽ സാങ്കേതിക രംഗത്തുൾപ്പെടെ എല്ലാ രംഗത്തും ഉണ്ടാകാവുന്ന മാറ്റങ്ങളെ ഉൾക്കൊണ്ട് വളരെ കൃത്യമായ ആസൂത്രണത്തോടെ ആയിരിക്കണം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കേണ്ടതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി ഒന്നാംഘട്ട അവതരണം നടത്തിയിട്ടുണ്ട്. കമ്പനികൾ തയ്യാറാക്കുന്ന കരട് മാസ്റ്റർ പ്ലാനുകൾ സ്ഥാപനത്തിലെ ഔദ്യോഗിക തൊഴിലാളി സംഘടനകളുമായും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി അതാത് മേഖലകളിലെ സാങ്കേതിക വിദഗ്ധർ അടങ്ങിയ കമ്മിറ്റി പരിശോധിച്ചതിനുശേഷം സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ തലത്തിലുള്ള ഒരു വിദഗ്ധ സമിതിയുടെ പരിശോധനകൾക്ക് ശേഷം മാസ്റ്റർ പ്ലാനുകൾക്ക് അന്തിമ അംഗീകാരം നൽകുന്നതുമാണ്. കമ്പനികൾ വൈവിദ്ധ്യവത്ക്കരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായി തയ്യാറാക്കിവരുന്ന മാസ്സർ പ്ലാനിന്റെ ഭാഗമായി കയറ്റുമതി സാദ്ധ്യതകളും

വിലയിരുത്തിക്കൊണ്ടുള്ള പദ്ധതികൾ തയ്യാറാകുന്നതിനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. സ്റ്റാറ്റ്യൂട്ടറി ആഡിറ്റുകളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്.

വല്ലാർപാടം കണ്ടയിനർ ടെർമിനൽ പദ്ധതി

107(3539) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ വല്ലാർപാടം ഇന്റർനാഷണൽ കണ്ടയിനർ ട്രാൻസ്മിറ്റ് ടെർമിനലിന്റെ സമീപത്തായി മുളവുകാട് പഞ്ചായത്തിന്റെ അതിർത്തിയിൽ കണ്ടയിനർ റോഡിന്റെ ഇരുഭാഗങ്ങളിലുമായി സ്ഥിതിചെയ്യുന്നതും കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗവുമായ 250 ഏക്കറോളം കൃഷിയോഗ്യമല്ലാത്ത തരിശുഭൂമി വല്ലാർപാടം കണ്ടയിനർ ടെർമിനലിനോട് അനുബന്ധിച്ച വ്യവസായ ആവശ്യങ്ങൾക്കുള്ള പദ്ധതികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വിശദമാക്കാമോ?

(ബി) എങ്കിൽ പ്രസ്തുത തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കൊച്ചി-ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോറിന്റെ ഭാഗമായി ഗിഫ്റ്റ് സിറ്റി പദ്ധതി നടപ്പാക്കുന്നതിനായി എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ അയ്യമ്പുഴ വില്ലേജിൽ 220 ഹെക്ടർ സ്ഥലമാണ് കിൻഫ്ര കണ്ടെത്തിയിട്ടുള്ളത്. ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വല്ലാർപാടം കണ്ടയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിനോട് അനുബന്ധമായുള്ള ഭൂമിയുടെ ഫലപ്രദമായ ഉപയോഗം സംബന്ധിച്ച് സർക്കാരിന് ലഭിച്ചിട്ടുള്ള നിവേദനം പരിശോധിച്ചുവരുന്നു.

വ്യവസായ പുരോഗതിയിൽ പ്രവാസികളുടെ സംരംഭകശേഷിയും തൊഴിൽ വൈദഗ്ധ്യവും

108 (3540)ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം മടങ്ങിയെത്തുന്ന പ്രവാസികളുടെ സംരംഭകശേഷിയും തൊഴിൽ വൈദഗ്ധ്യവും സംസ്ഥാനത്തിന്റെ വ്യവസായ

പുരോഗതിക്ക് അനുകൂലമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ബി) ഇതിനായി അവരുടെ വിവര ശേഖരണവും പ്രൊഫൈലിങ്ങും നടത്തുന്നുണ്ടോ; വിശദമാക്കാമോ?

(സി) പ്രവാസികളുടെ തൊഴിൽ വൈദഗ്ധ്യം അനുസരിച്ച് ബന്ധപ്പെട്ട മേഖലകളിൽ തൊഴിൽ നൽകുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് സർക്കാർ ഒരുക്കിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

(എ-സി) കോവിഡ്മൂലം മടങ്ങിയെത്തുന്ന പ്രവാസികളുടെ സംരംഭക ശേഷിയും തൊഴിൽ വൈദഗ്ധ്യവും കണക്കിലെടുത്ത് നാട്ടിൽ സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻ കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവീസ് മേഖല, നിർമ്മാണ മേഖല എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി ബാങ്കുകളിൽ നിന്നും വായ്പ നൽകി വരുന്നുണ്ട്. പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും ഈ പദ്ധതി മുഖേന ലഭിക്കുന്നു. സംരംഭകർക്ക് ആവശ്യമായ

അടിസ്ഥാന പരിശീലനവും പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനുള്ള സഹായവും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴി ലഭ്യമാക്കുന്നുണ്ട്. കോവിഡ്-19 മഹാമാരിമൂലം നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികൾക്കുകൂടി സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ തൊഴിൽ സാദ്ധ്യത ഉറപ്പു വരുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിയ പദ്ധതിയാണ് വ്യവസായ ഭദ്രത. ഇതിൽ നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കും പ്രത്യേക പ്രാധാന്യം നൽകി ഇളവ് പ്രഖ്യാപിച്ചിരുന്നു. നിലവിലുള്ള സംരംഭക സഹായ പദ്ധതി ഉദാരവൽക്കരിക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ മാർഗ്ഗരേഖ GO(MS) No.103/2020/ID dated 24-11-2020 ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിൻപ്രകാരം SC/ST, വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% ആയി വർദ്ധിപ്പിച്ചു, ഈ പ്രത്യേക വിഭാഗത്തിലേക്ക് പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെകൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തി നാട്ടിലോ വിദേശത്തോ തൊഴിൽ തേടുന്ന പ്രവാസികളേയും തൊഴിൽ നൽകാൻ സന്നദ്ധരായ ദാതാക്കളേയും പരസ്പരം

ബന്ധിപ്പിക്കുന്നതിന് നോർക്ക, സ്കിൽ റിപ്പോസിറ്ററി പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. തൊഴിൽ ദാതാക്കൾക്ക് പ്രസ്തുത പോർട്ടൽ മുഖാന്തിരം പ്രവാസികളുടെ തൊഴിൽ വൈദഗ്ധ്യം അനുസരിച്ച് അവർക്കാവശ്യമായ മേഖലകളിൽ തൊഴിൽ ലഭ്യമാക്കാൻ കഴിയും. കൂടാതെ നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികളുടെ വിവര ശേഖരണത്തിനായി വ്യവസായ വാണിജ്യ വകുപ്പ് ഒരു ഓൺലൈൻ പോർട്ടൽ തയ്യാറാക്കുകയും ടി പോർട്ടൽ വഴി ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവർക്കാവശ്യമായ കൈത്താങ്ങ് സഹായവും ചെയ്യുന്നുണ്ട്. മടങ്ങിയെത്തിയ പ്രവാസികളുടെ താത്പര്യങ്ങൾ മനസ്സിലാക്കിയ ശേഷം അവർക്ക് വേണ്ട വകുപ്പുതല സഹായം നൽകുവാൻ ഒരു സമ്പൂർണ വിവര ശേഖരണ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. www.industry.kerala.gov.in എന്ന വെബ്സൈറ്റിലും മടങ്ങിയെത്തുന്ന പ്രവാസികളുടെ സംരംഭക വിവരങ്ങൾ സമർപ്പിക്കുവാനുള്ള സൗകര്യം സജ്ജമാക്കിയിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ വ്യവസായ സംരംഭങ്ങളെ നവീകരിക്കുന്നതിന് നടപടി

109(3541) ശ്രീ തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വ്യവസായ സംരംഭങ്ങളെ കൂടുതൽ തൊഴിൽ ലഭ്യത നൽകുന്ന തരത്തിൽ നവീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(ബി) ആലപ്പുഴ ജില്ലയിൽ പുതിയ വ്യവസായ പദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

(എ & ബി) ആലപ്പുഴ ജില്ലയിലെ 6 വ്യവസായ വികസന പ്ലോട്ട്/ഏരിയകളിലും മിനി വ്യവസായ എസ്റ്റേറ്റുകളിലും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി അവരുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതുവഴിയും പുന്നപ്രയിലെ ഉദ്ഘാടനത്തിന് സജ്ജമായ എല്ലാവിധ ആധുനിക സൗകര്യങ്ങളുള്ള ഗാലയിൽ പുതിയ സംരംഭകരെ ഉൾപ്പെടുത്തിയും ജില്ലയിലെ തൊഴിൽ ലഭ്യത ഉയർത്തുന്നതാണ്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിൽ ആലപ്പുഴ ജില്ലയിൽ പള്ളിപ്പുറത്തുള്ള വ്യവസായ വളർച്ചാ കേന്ദ്രത്തിലും പുതുതായി ആരംഭിക്കുന്ന മെഗാ ഫുഡ് പാർക്കിലും പുതിയ യൂണിറ്റുകൾക്ക് സ്ഥലവും വ്യവസായ സമുച്ചയവും ലഭ്യമാക്കുന്നതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കുട്ടനാട്ടിൽ നെൽകർഷകരുടെ ഉന്നമനവും

തൊഴിലവസരങ്ങളും ലക്ഷ്യമാക്കി ഒരു റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്ന നടപടി കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. സിഡ്കോയുടെ ഉടമസ്ഥതയിലുള്ള കൊല്ലക്കടവ് വ്യവസായ എസ്റ്റേറ്റിൽ 7 വ്യവസായ ഷെഡ്ഡുകൾ പുതിയ വ്യവസായം തുടങ്ങുന്നതിന് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

കഞ്ചിക്കോട് വ്യവസായ മേഖലയിലെ ആഭ്യന്തര റോഡുകളുടെ നവീകരണം

110(3542) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട് വ്യവസായ മേഖലയിലെ ആഭ്യന്തര റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപണികൾക്കും വ്യവസായ വകുപ്പ് ഫണ്ട് അനുവദിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും നടപടിക്രമവും വിശദമാക്കാമോ?

ഉണ്ട്. വ്യവസായ മേഖലയിലെ ആഭ്യന്തര റോഡുകളുടെ അവസ്ഥ പരിശോധിച്ച് പുനർനിർമ്മാണം, അറ്റകുറ്റപ്പണി എന്നിവയുടെ ആവശ്യകത ഉണ്ടാകുകയാണെങ്കിൽ പൊതുമരാമത്ത് വകുപ്പോ മറ്റ് സർക്കാർ അംഗീകൃത സ്ഥാപനങ്ങളോ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി വ്യവസായ വാണിജ്യ

ഡയറക്ടർ മുഖേന സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നു. ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് അംഗീകൃത സർക്കാർ സ്ഥാപനങ്ങൾ വഴി പദ്ധതി നടപ്പിലാക്കുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി വ്യവസായ വകുപ്പ് അനുവദിച്ച തുകയുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കഞ്ചിക്കോട് വ്യവസായ മേഖലയിൽ സ്ഥിതി ചെയ്യുന്ന പുതുശ്ശേരി വ്യവസായ വികസന ഏരിയയിലെ റോഡുകളുടെ നവീകരണത്തിനായി 41.8 ലക്ഷം രൂപയും കഞ്ചിക്കോട് ന്യൂ ഇൻഡസ്ട്രയിൽ ഡെവലപ്മെന്റ് ഏരിയയിലെ റോഡുകളുടെ നവീകരണത്തിനായി 22.76 കോടി രൂപയും കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചിരുന്നു. ഇതിൽ പുതുശ്ശേരി വ്യവസായ വികസന ഏരിയയിലെ റോഡുകളുടെ നവീകരണം പൂർത്തിയായിട്ടുള്ളതും ന്യൂ ഇൻഡസ്ട്രയിൽ ഡെവലപ്മെന്റ് ഏരിയയിലെ റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലുമാണ്.

കിനാല്ലൂർ വ്യവസായ എസ്റ്റേറ്റ്

111(3543) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലുള്ള കിനാല്ലൂർ വ്യവസായ എസ്റ്റേറ്റിൽ നിലവിൽ ഏതെല്ലാം സംരംഭങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഐ.ഡി.സി.-യുടെ കിനാലൂർ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ ചുവടെ പറയുന്ന വ്യവസായ സംരംഭങ്ങൾ പ്രവർത്തിച്ചുവരുന്നു.

(1) വി.കെ.സി ഫൂട്ട് വെയർ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്

(2) ഡൈമെസ്കോ ഫൂട്ട്കെയർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്

(3) ഫോർച്യൂൺ ഇലാസ്റ്റമേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്

(4) കണ്ടോൺ ബൂട്സ് & അലൈഡ് പ്രോഡക്ടസ് പ്രൈവറ്റ് ലിമിറ്റഡ്

(5) ഐശ്വര്യ മൗൾഡ്സ്

(6) മൂൺലൈറ്റ് ഫൂട്ട്കെയർ

(7) എക്സലാൻറ് ഫൂട്ട്കെയർ

(8) സിസ്കോ ഫൂട്ട്കെയർ LLP

(9) സാബ്കോ ഫൂട്ട്കെയർ പ്രൈവറ്റ് ലിമിറ്റഡ്

(10) മെറ്റാലിക്ക

(11) ഫോറം ഫൂട്ട്കെയർ

(12) എൻ.സി.കെ ഫൂട്ട് വെയർസ്

(13) സ്ലീക്ക് ഫൂട്ട്കെയർ

(14) ഹൈലൈറ്റ് ഫൂട്ട് വെയർസ് പ്രൈവറ്റ് ലിമിറ്റഡ്

(15) പ്ലഷർ ഇന്റർനാഷണൽ

(16) ഇൻഡസ് പോളി വിനൈൽ

(17) ഫാബ്രി ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ്

(18) ക്രിസ്റ്റൽ അലൂമിനിയം പ്രോഡക്ടസ് പ്രൈവറ്റ് ലിമിറ്റഡ്

(19) മാക്സ് ഫൂട്ട്വെയർ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്

(20) റൈൻറൂഫ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്

(21) ഡാഫോ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്

(22) ചിയർ ക്രീംസ് പ്രൈവറ്റ് ലിമിറ്റഡ്

(23) എസ്.ആർ. എയർ പ്രൊഡക്ടസ്

(24) സാർക് സ്റ്റീൽ പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്

(25) ഷെഫിൻ പോളിമേഴ്സ്

(26) വി.കെ പോളിമേഴ്സ് ആൻഡ് പാക്കേജിങ്

(27) ദേവ് & ദേവ് പ്രൊഡക്ഷൻസ്

(28) മറീന പോളിമേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്

(29) ബേക്മെൻ ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ്

(30) നെതാഫിൽ ഇൻഡസ്ട്രീസ്

(31) കോസി കൗച്ച്

(32) ഉസ്പാൻ ഇൻഡസ്ട്രീസ്

(33) എവർലക്സ് ഇൻഡസ്ട്രീസ്

(34) കെ.സി.കെ. ആഗ്രോ പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്

(35) ട്രിനിറ്റി ബോർഡ്സ് & പ്ലൈ

(36) ജിറ പാക്കേജിങ്

(37) മഹാറാണി ആഗ്രോ പ്രൊഡക്ടസ്

(38) ക്രിസ്റ്റൽഐസ് ഫാക്ടറി

(39) വിൻ ഹീൽസ്

(40) എസ്.എം.എൽ. ഇൻഡസ്ട്രീസ്

(41) റൈഡാൻ പോളിമേഴ്സ്

(42) ഫ്രുഗാനിക് ഫുഡ് പ്രൈവറ്റ് ലിമിറ്റഡ്

(43) കിനാലൂർ വോക്സ് ഫൂട്ട്വെയർ പ്രൈവറ്റ് ലിമിറ്റഡ്

(44) ബെസ്റ്റ് റെഡിമിക്സ് കോൺക്രീറ്റ്സ്

(45) ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ്

(46) മാങ്കോസ് ഫൂട്ട്കെയർ

(47) ടോപ്പസ് ഫുഡ്സ്

(48) ന്യൂ അസോസിയേറ്റഡ് ഫാർമാ ആൻഡ് റിസർച്ച് സെന്റർ പ്രൈവറ്റ് ലിമിറ്റഡ്

(ബി) സ്ഥലസൗകര്യമൊരുക്കുന്നതിന് എസ്റ്റേറ്റിനുള്ളിലെ പാറ മൈനിംഗ് നടത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

പരിഗണനയിലില്ല.

അത്താണി വ്യവസായ എസ്റ്റേറ്റ്

112(3544) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ അത്താണി വ്യവസായ എസ്റ്റേറ്റിലെ ശുദ്ധജല വിതരണ പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ, വാട്ടർ ടാങ്കിന് വേണ്ട സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെയുള്ള ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

(ബി) അത്താണി വ്യവസായ എസ്റ്റേറ്റിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) സർക്കാരിൽ ഇതുസംബന്ധിച്ച പദ്ധതികൾ പരിഗണനയിലില്ല.

(സി) ഈ എസ്റ്റേറ്റിൽ ഏതെങ്കിലും പ്ലോട്ടുകൾ ഇനി അനുവദിക്കാനുണ്ടോ?

ഇല്ല.

(ഡി) പ്രസ്തുത എസ്റ്റേറ്റിൽ നിലവിൽ പ്രവർത്തനം നിർത്തിയ ഏതെങ്കിലും യൂണിറ്റുകളുണ്ടോ; എങ്കിൽ ആയത് റീ അലോട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ അത്താണി വ്യവസായ വികസന പ്ലോട്ടിൽ 8 യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല. അവയിൽ 2 യൂണിറ്റുകളുമായി ബന്ധപ്പെട്ട കേസ് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. 4 യൂണിറ്റുകൾ റീ-അലോട്ട് ചെയ്ത് തുടർന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രവർത്തിക്കാത്ത 2 യൂണിറ്റുകൾ തിരിച്ചെടുക്കുന്നതിന്റെ ഭാഗമായി പ്രാരംഭ നോട്ടീസ് അയച്ചിട്ടുണ്ട്.

നൂതന വ്യവസായ സംരംഭങ്ങൾ

113(3545) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആരംഭിക്കുന്ന നൂതന വ്യവസായ സംരംഭങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

(എ & ബി) നൂതന വ്യവസായ സംരംഭങ്ങളെ സംബന്ധിച്ച പദ്ധതിയിൽ എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവസംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ മൂലധന സഹായം നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നൽകി വരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 117 യുവസംരംഭങ്ങൾക്ക് മൂലധന സഹായം അനുവദിച്ചിരുന്നു. അതിൽ 81 സംരംഭകരാണ് പദ്ധതിയുടെ ഉപഭോക്താക്കളായത്. അതിൽ 44

കമ്പനികൾ വിജയകരമായി സംരംഭം നടത്തി വരുന്നു. 25 കമ്പനികൾ വിവിധ വളർച്ചാ ഘട്ടത്തിലാണുള്ളത്. 12 കമ്പനികൾക്ക് വിജയകരമായി സംരംഭം നടത്താൻ സാധിച്ചില്ല.

പാലക്കാട് റൈസ് പാർക്ക്

114(3546) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച പാലക്കാട് റൈസ് പാർക്കിന്റെ പ്രവർത്തനം ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ?

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

പാലക്കാട് ജില്ലയിലെ കിൻഫ്ര മെഗാഫുഡ് പാർക്കിൽ ഒരു റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കാൻ പദ്ധതിയുണ്ട്. ഇതിന്റെ ടെൻഡർ നടപടികളുടെ ഭാഗമായി കോയമ്പത്തൂർ ആസ്ഥാനമായുള്ള സി.എ. ആന്റ് അസോസിയേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായും ഹൈദ്രാബാദ് ആസ്ഥാനമായുള്ള ശ്രീകോ

പ്രോജക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ നിർമ്മാണ കരാറുകാരനായും തെരഞ്ഞെടുത്തു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2022 മാർച്ച് മാസത്തിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

കാർഷികാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ

115(3547) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് ബാധയെ തുടർന്ന് കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കാർഷികാധിഷ്ഠിത വ്യവസായത്തിന് മുന്തിയ പരിഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ടോ?

(ബി) എങ്കിൽ ഇത്തരം സംരംഭങ്ങളുമായി മുന്നോട്ടു വരുന്നവരെ ഏതെല്ലാം രീതിയിൽ സഹായിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

(എ &ബി) വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതി പ്രകാരം കാർഷികാധിഷ്ഠിത ഭക്ഷ്യോത്പന്ന നിർമ്മാണ യൂണിറ്റുകളെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയ്ക്ക് പൊതു വിഭാഗത്തിന് നൽകുന്ന സബ്സിഡിക്ക് പുറമേ അധിക സഹായമായി ആകെ സ്ഥിര നിക്ഷേപത്തിന്റെ 10 ശതമാനം പരമാവധി 10

ലക്ഷം രൂപ വരെ അധിക സബ്സിഡി നൽകി വരുന്നു. സംസ്ഥാനത്ത് വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് വഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാധിഷ്ഠിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് ആകെ പദ്ധതി ചെലവിന്റെ 35 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി. ജില്ലാതലത്തിൽ നടപ്പിലാക്കുന്ന ഒരു ജില്ലാ ഒരു ഉൽപന്നം പദ്ധതി മുഖേന ആരംഭിക്കുന്ന സംരംഭങ്ങൾക്കും നിലവിൽ പ്രവർത്തിക്കുന്ന മറ്റ് ഭക്ഷ്യസംസ്കരണ യൂണിറ്റുകൾക്കും ഈ സഹായം ലഭ്യമാക്കുന്നു. സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ് ഇൻകുബേഷൻ (ARISE) എന്ന പദ്ധതി വഴി കാർഷിക ഭക്ഷ്യസംസ്കരണ മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നവർക്ക് KIED മുഖേന ഇൻകുബേഷൻ സപ്പോർട്ട് ലഭ്യമാക്കി വരുന്നു. കുട്ടനാട്ടിൽ നെൽകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി ഒരു റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പിലെ പൊതുമേഖല സ്ഥാപനമായ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. കിൻഫ്രയുടെ ഉടമസ്ഥതയിൽ

കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധന ഉത്പാദനത്തെ ത്വരിതപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ട്.

1.ഭക്ഷ്യസംസ്കരണ പാർക്ക്, കാക്കഞ്ചേരി, മലപ്പുറം

2.കാർഷിക ഭക്ഷ്യ സംസ്കരണത്തിനായുള്ള പ്രത്യേക സാമ്പത്തിക മേഖല – മലപ്പുറം.

3.ഭക്ഷ്യ സംസ്കരണ പാർക്ക്, അട്ടൂർ

4.ഭക്ഷ്യ സംസ്കരണ മേഖല, കിൻഫ്ര വ്യവസായ പാർക്ക് - മഴുവന്നൂർ

5.മെഗാ ഫുഡ് പാർക്ക്, പാലക്കാട്

6.സീ-ഫുഡ് പാർക്ക് അരൂർ, ആലപ്പുഴ. കൂടാതെ കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ പുതുക്കൈ വില്ലേജിലെ 8.95 ഏക്കർ ഭൂമിയും മടിക്കൈ വില്ലേജിലെ 91.03 ഏക്കർ ഭൂമിയും ഉൾപ്പെടെ 99.98 ഏക്കർ ഭൂമി വ്യവസായ പാർക്കായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

യുവ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിന് സഹായം

116(3548) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിന് സർക്കാർ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് വിശദമാക്കാമോ?

തൊഴിലന്വേഷകരെ തൊഴിൽദാതാക്കളാക്കുക എന്ന സർക്കാർ നയത്തിന് ഊന്നൽ നൽകിക്കൊണ്ട് യുവ സംരംഭകർ ഉൾപ്പെടെ സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിനായി മുന്നോട്ടുവരുന്ന സംരംഭകർക്ക് പ്രോൽസാഹനമാകുന്ന നിരവധി പദ്ധതികളും പ്രവർത്തനങ്ങളും നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്.

1. 2019 -ലെ കേരള സൂക്ഷ്മ – ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ– ചെറുകിട- ഇടത്തരം സംരംഭങ്ങളെ 3 വർഷത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്.

2. ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ യുവസംരംഭകർക്കുള്ള സേവനങ്ങൾ നൽകുന്നതിനായി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

3. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്.

4. സംരംഭകത്വം പ്രോൽസാഹിപ്പിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവൽകരണ സെമിനാറുകൾ, താലൂക്ക് - ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിൽ സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ എല്ലാ വർഷവും നടത്തി വരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും മാനേജ്മെന്റിലും സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു.

5. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് പ്രോൽസാഹിപ്പിക്കുന്നതിനായി സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ലഭിക്കുന്നതിനുള്ള ഏകജാലക സംവിധാനമായി K-Swift പോർട്ടൽ നിലവിലുണ്ട്.

6. സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ്സ് ഇൻകുബേഷൻ (ARISE) എന്ന പദ്ധതി വഴി കാർഷിക ഭക്ഷ്യ സംസ്കരണ മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നവരെ Kerala Institute For Entrepreneurship Development (KIED) മുഖേന ഗവേഷണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുകയും അവർക്കാവശ്യമായ incubation support പ്രസ്തുത

സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

7. കൂടാതെ, വ്യവസായ മേഖലയിലെ നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നു.

8. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധനനിക്ഷേപമുള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട് വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.

9. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻമണി നൽകിക്കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോൽസാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉൽപ്പന്ന നിർമ്മാണം, ഭക്ഷ്യസംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന ചെറുസംരംഭങ്ങൾക്ക് മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന

സേവനമേഖല ഉൾപ്പെടെ സ്ഥിരമൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്തഭടന്മാർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, 40 വയസ്സുവരെയുള്ള യുവസംരംഭകർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകും.

(ബി) യുവ സംരംഭകർക്ക് എം.എസ്.എം.ഇ. തുടങ്ങുന്നതിന് എസ്കോർട്ട് സഹായം നല്കുവാനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന വ്യവസായ വികസന ഓഫീസർമാർ, താലൂക്ക് വ്യവസായ ഓഫീസിലെ ഉപജില്ലാ വ്യവസായ ഓഫീസർമാർ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ എന്നിങ്ങനെ വിവിധ തലങ്ങളിൽ സംരംഭകർക്കാവശ്യമായ കൈത്താങ്ങ് സഹായം നിലവിൽ നൽകി വരുന്നുണ്ട്.

സ്വയം തൊഴിൽ പ്രോത്സാഹനത്തിന് പദ്ധതികൾ

117(3549) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വ്യവസായ വകുപ്പ് സ്വയംതൊഴിൽ പ്രോത്സാഹനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കേരളത്തിൽ സംരംഭക സംസ്കാരം വളർത്തിയെടുക്കുന്നതിനും സ്വയം തൊഴിൽ പ്രോത്സാപ്പിക്കുന്നതിനും വിവിധ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പുവഴി നടപ്പിലാക്കി വരുന്നുണ്ട്. അവ ചുവടെ കൊടുക്കുന്നു:

1. സ്കൂൾ-കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിക്കുകയും അവയ്ക്കായി സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

2. സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിന് മുൻഗണന നൽകിയിട്ടുണ്ട്.

3. ജില്ല-താലൂക്ക്-ബ്ലോക്ക് അടിസ്ഥാനത്തിൽ ബോധവൽക്കരണ സെമിനാറുകളും സംരംഭകത്വ വികസന പരിശീലനങ്ങളും നിക്ഷേപക സംഗമങ്ങളും സംഘടിപ്പിക്കുന്നു.

4. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനുമായി ടെക്നോളജി മാനേജ്മെന്റ് പ്രോഗ്രാമുകളും നടത്തിവരുന്നു.

5. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ പ്രോത്സാഹനത്തിനായി ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നു. കൂടാതെ സ്വയംതൊഴിൽ പ്രോത്സാഹനത്തിന്റെ ഭാഗമായി നൂതന ആശയങ്ങളുമായി വരുന്ന യുവസംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനായി താഴെപ്പറയുന്ന ധനസഹായ പദ്ധതികളും നടപ്പിലാക്കി വരുന്നു.

സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ്, കരകൗശല മേഖലയിലെ വിദഗ്ധർക്ക് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് അസിസ്റ്റൻസ് സ്കീം ഫോർ ഹാൻഡിക്രാഫ്റ്റ്

ആർട്ടിസാൻസ് (ആഷ) പദ്ധതിയിലൂടെ സഹായങ്ങൾ എന്നിവ നൽകി വരുന്നുണ്ട്.

കുന്നത്തുനാട്ടിൽ വ്യവസായ പ്രോജക്ട്

118 (3550) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ മന്ത്രിയുടെ സാന്നിദ്ധ്യത്തിലും 2021 ജനുവരി 25-ന് ചേർന്ന യോഗത്തിൽ കുന്നത്തുനാട് മണ്ഡലത്തിൽ എഫ്.എ.സി.റ്റി.-യോട് ചേർന്നുള്ള കിൻഫ്രയുടെ ഇരുപത്തിയഞ്ച് ഏക്കർ സ്ഥലത്ത് സാനിട്ടറി ലാൻഡ്ഫിൽ തുടങ്ങുന്നതിനുവേണ്ടി ക്ലീൻ കേരള കമ്പനി ലിമിറ്റഡും കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡും ചേർന്നുള്ള പ്രോജക്ട് ചർച്ച ചെയ്തിട്ടുണ്ടോ?

ഉണ്ട്. 20-1-21-ന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ചേർന്ന യോഗത്തിൽ പ്രസ്തുത പ്രോജക്ട് ചർച്ച ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രോജക്ടിന്റെ തുടർനടപടികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

എഫ്.എ.സി.റ്റി.-യിൽ നിന്നും കിഫ്ബിയുടെ ധനസഹായത്തോടെയാണ് കിൻഫ്ര ഭൂമി ഏറ്റെടുത്തിട്ടുള്ളത്. ആയതിനാൽ ക്ലീൻ കേരള കമ്പനി കിൻഫ്രയ്ക്ക് ഭൂമിയുടെ വില നൽകേണ്ടതായിട്ടുണ്ട്. അതിനുള്ള തുടർനടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചുവരുന്നു.

ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്-അസൻഡ് 2020

119(3551) ശ്രീ. അബ്ദുൽ ഹമീദ്. പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്-അസൻഡ് 2020-ൽ എത്ര ധാരണാപത്രങ്ങളാണ് ഒപ്പുവച്ചതെന്ന് വിശദമാക്കുമോ?

കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സംഗമം അസൻഡ് കേരള 2020 മുഖേന 1,00,355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 32 എണ്ണം ധാരണാപത്രങ്ങളും 117 എണ്ണം താല്പര്യപത്രങ്ങളുമാണ്. ഇത് കൂടാതെ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപ താല്പര്യം പ്രകടിപ്പിച്ചുകൊണ്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു.

(ബി) പ്രസ്തുത ധാരണാപത്രങ്ങളുടെ അടിസ്ഥാനത്തിൽ ഇതിനകം പ്രാവർത്തികമാക്കിയ പ്രോജക്ടുകൾ എത്രയെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) ഇതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപമാണ് സംസ്ഥാനത്ത് ലഭ്യമായതെന്ന് അറിയിക്കുമോ?

(ഡി) സംസ്ഥാന വ്യവസായ മേഖലയ്ക്ക് ഇത് എപ്രകാരം ഗുണകരമായെന്ന് വ്യക്തമാക്കാമോ?

(സി & ഡി) കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സംഗമം അസൻഡ് കേരള 2020 മുഖേന 1,00,355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ തന്നെ 18 പ്രോജക്ടുകളായി 423.69 കോടി രൂപയുടെ പ്രോജക്ടുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത് വ്യവസായ മേഖലയുടെ ഉന്നമനത്തിനും പ്രത്യക്ഷമായും പരോക്ഷമായും നിരവധി തൊഴിലവസരങ്ങൾക്കും സഹായകരമായിട്ടുണ്ട്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വല്ലാർപാടം കണ്ടയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ

120(3552) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വല്ലാർപാടം കണ്ടയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ അനുബന്ധ ആവശ്യങ്ങൾക്കുവേണ്ടി ജിഡ, ജി.സി.ഡി.എ., വ്യവസായ വകുപ്പ്, ഉൾനാടൻ ജലഗതാഗതം, റവന്യൂ, കൃഷി, ടൂറിസം, പി.ഡബ്ല്യു.ഡി., രജിസ്ട്രേഷൻ, നിയമം എന്നിവ ഉൾപ്പെടെയുള്ള സർക്കാർ വകുപ്പുകളുടെ സംയുക്തയോഗം വിളിച്ചുചേർത്ത് പ്രസ്തുത പദ്ധതി പ്രദേശത്തിന്റെ വികസനത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വല്ലാർപാടം കണ്ടയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിനോട് അനുബന്ധമായുള്ള ഭൂമിയുടെ ഫലപ്രദമായ ഉപയോഗം സംബന്ധിച്ച് സർക്കാരിന് ലഭിച്ചിട്ടുള്ള നിവേദനം പരിശോധിച്ചു വരുന്നു.

സിറ്റി ഗ്യാസ് പദ്ധതി

121(3553) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ സിറ്റി ഗ്യാസ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് എറണാകുളം ജില്ലയിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കാൻ പി.എൻ.ജി.ആർ.ബി.-യിൽ നിന്ന് അനുമതി ലഭിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി നിലവിൽ തൃക്കാക്കര, കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ വീടുകളിൽ ഗാർഹിക കണക്ഷനുകൾ IOAGPL ലഭ്യമാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ കൊച്ചി കോർപ്പറേഷനിലും തൃക്കാക്കരയിലെയും കളമശ്ശേരിയിലെയും ഇതര ഭവനങ്ങളിലേക്കും കൂടി പദ്ധതി ലഭിക്കാനുള്ള നടപടികൾ IOAGPL ആരംഭിച്ചു കഴിഞ്ഞു. 2021-2022 -ഓടെ മേല്പറഞ്ഞ പ്രദേശങ്ങളിൽ മുഴുവനായി പ്രകൃതി വാതകം ലഭ്യമാക്കാനാണ് കമ്പനി ഉദ്ദേശിച്ചിട്ടുള്ളത്. തുടർന്നും 2022-2023-ഓടെ വൈപ്പിൻ വല്ലാർപാടം

തുടങ്ങിയ പ്രദേശങ്ങിലേയ്ക്കുകൂടി പദ്ധതി വ്യാപിപ്പിക്കുകയും തന്മൂലം അവിടുത്തെ ഓരോ ഭവനങ്ങളിലും ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഏതെല്ലാം തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലാണ് പൈപ്പ് ലൈൻ സ്ഥാപിച്ച് പ്രകൃതിവാതക വിതരണം ആരംഭിച്ചിട്ടുള്ളതെന്നും എത്ര വീടുകൾക്ക് ഇതിന്റെ ഗുണഫലം ലഭ്യമാകുന്നുണ്ടെന്നും എത്ര വീടുകൾക്ക് ഇത് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതിയുടെ ഭാഗമായി നിലവിൽ തൃക്കാക്കര, കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ 3836 വീടുകളിൽ ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനോടൊപ്പം 13000 വീടുകളിൽ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ഗ്യാസ് ഇൻഫ്രാസ്ട്രക്ചർ ചെയ്തിട്ടുണ്ട്. തുടർന്നും ജില്ലയിൽ ഗാർഹിക കണക്ഷനുകൾക്കായുള്ള രജിസ്ട്രേഷൻ ലഭിക്കുന്നതനുസരിച്ച് എല്ലാ വീടുകളിലേക്കും ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കാനാണ് വിഭാവനം ചെയ്യുന്നത്.

(സി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം ഏതെല്ലാം പ്രദേശങ്ങളിൽ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി സ്വീകരിച്ച നടപടി എന്തെല്ലാമെന്നും വിശദമാക്കാമോ?

നിലവിൽ ജില്ലയിലെ താലൂക്കുകളായ ആലുവ, പറവൂർ, കണയന്നൂർ എന്നിവിടങ്ങളായി 10 സി.എൻ.ജി. സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്, കൂടാതെ കണയന്നൂർ താലൂക്കിലെ 3836 വീടുകളിലും 7 വ്യവസായ സ്ഥാപനങ്ങളിലും 14 വാണിജ്യ സ്ഥാപനങ്ങളിലും പ്രകൃതി വാതകം ലഭ്യമാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ ആലുവ, പറവൂർ, കണയന്നൂർ, കുന്നത്തുനാട് താലൂക്കുകളിലായി 5 സി.എൻ.ജി. സ്റ്റേഷനുകളും ഇടയാർ, അങ്കമാലി, കളമശ്ശേരി വ്യവസായ മേഖലയിൽ പ്രകൃതി വാതക പൈപ്പ്ലൈൻ ലഭ്യമാക്കാനും നാൽപതിനായിരം വീടുകളിൽ ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കാനും വിഭാവനം ചെയ്യുന്നുണ്ട്. തുടർന്ന് മറ്റു താലൂക്കുകളായ കൊച്ചിൻ, കോതമംഗലം, മൂവാറ്റുപുഴ, തുടങ്ങിയ പ്രദേശങ്ങളിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) പദ്ധതി പ്രദേശമെന്ന പരിഗണന നൽകി വല്ലാർപാടം നിവാസികൾക്കും വല്ലാർപാടം സ്ഥിതിചെയ്യുന്ന മുളവുകാട് പഞ്ചായത്തിലും സിറ്റി ഗ്യാസ് സൗജന്യമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ഇ) പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്ന വൈപ്പിൻ പ്രദേശത്തെ ജനങ്ങൾക്ക് മുൻഗണന നൽകി പ്രസ്തുത പദ്ധതിയുടെ പ്രയോജനം

ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(ഡി & ഇ) പദ്ധതിയുടെ ഭാഗമായി നിലവിൽ തൃക്കാക്കര, കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ വീടുകളിൽ ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ കൊച്ചി കോർപ്പറേഷനിലും തൃക്കാക്കരയിലെയും കളമശ്ശേരിയിലെയും ഇതര ഭവനങ്ങളിലേക്കും കൂടി പദ്ധതി ലഭിക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. 2021-2022 ഓടെ മേല്പറഞ്ഞ പ്രദേശങ്ങളിലാകെ പ്രകൃതി വാതകം ലഭ്യമാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. തുടർന്നും 2022 - 2023 ഓടുകൂടി വൈപ്പിൻ വല്ലാർപാടം തുടങ്ങിയ പ്രദേശങ്ങിലേക്കുകൂടി പദ്ധതി വ്യാപിപ്പിക്കുകയും തന്മൂലം അവിടുത്തെ ഓരോ ഭവനങ്ങളിലും ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കാൻ സാധിക്കുന്നതുമാണെന്ന് IOAGPL അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്.

(എഫ്) എറണാകുളം ജില്ലയിൽ ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി മുഖേന നടപ്പിലാക്കാൻ അനുമതി ലഭിച്ചിട്ടുള്ള പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നത്

കണക്കിലെടുത്ത് പദ്ധതി നിർവ്വഹണത്തിൽ മറ്റ കമ്പനികളെ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാമോ; വിശദമാക്കുമോ?

കേരള സർക്കാർ പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്നതിനുള്ള എല്ലാ പിന്തുണയും ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിന് നല്കി വരുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിൽ മറ്റ കമ്പനികളെ കൂടി ഉൾപ്പെടുത്തുന്ന കാര്യം കേന്ദ്ര സർക്കാർ അതോറിറ്റിയായ പി.എൻ.ജി.ആർ.ബി. അറിയിച്ചിട്ടില്ല.

ചാത്തന്നൂർ മണ്ഡലത്തിലെ കിൻഫ്ര വ്യവസായ പാർക്കിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി

122(3554) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ചിറക്കര ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പ് നടപടികളുടെ പുരോഗതി അറിയിക്കാമോ?

സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പ്രാരംഭ പ്രവർത്തനങ്ങൾ കിൻഫ്ര തുടങ്ങിവെച്ചെങ്കിലും ഭൂമിയുടെ പകുതിയിലധികം ഭാഗങ്ങൾ തണ്ണീർത്തട

നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ തുടർനടപടികൾ കിൻഫ്ര സ്വീകരിച്ചിട്ടില്ല.

(ബി) കിൻഫ്ര വ്യവസായ പാർക്കിനായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന 95.47 ഏക്കർ ഭൂമിയിൽ, തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്ന 46.39 ഏക്കർ ഭൂമി ഒഴിവാക്കി ബാക്കി ഭൂമി വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

(സി) തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്ന ഭൂമി ഒഴിവാക്കി ബാക്കിയുള്ള ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ അവ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

(ബി & സി) കൊല്ലം താലൂക്കിൽ പരവൂർ, ചിറക്കര വില്ലേജുകളിൽ ഒരു വ്യവസായ പാർക്കിനായി കണ്ടെത്തിയ 95.47 ഏക്കർ ഭൂമിയിൽ 46.39 ഏക്കർ ഭൂമി റവന്യൂ രേഖകൾ പ്രകാരം "നിലം" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് പ്രസ്തുത ഭൂമി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിക്കുള്ളിൽ വരുന്നതാണ്. നെൽവയൽ

ഒഴിവാക്കിയാൽ അവശേഷിക്കുന്ന കരഭൂമി പല ഭാഗങ്ങളിലായി ചിതറിക്കിടക്കുന്നത് നിമിത്തം ഫലപ്രദമായ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നത് അപ്രായോഗികമാണ്. മേൽ ഭൂമി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാൻ കിൻഫ്ര 27-5-2013-ൽ നൽകിയ അപേക്ഷയിൽ ഇതുവരെ തീരുമാനമായിട്ടില്ല.

എം.എസ്.എം.ഇ. മേഖലയിലെ നിക്ഷേപവും തൊഴിലവസരവും

123(3555) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എം.എസ്.എം.ഇ. മേഖലയിലെ മൊത്തം വർക്കിംഗ് യൂണിറ്റുകൾ എത്രയെന്ന് വ്യക്തമാക്കാമോ; ഈ മേഖലയിലെ മൊത്തം നിക്ഷേപം, സൃഷ്ടിച്ച തൊഴിലവസരങ്ങൾ എന്നിവ എത്രയെന്നും അറിയിക്കാമോ?

ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ലഭ്യമായ കണക്കുകൾ പ്രകാരം കേരളത്തിൽ എം.എസ്.എം.ഇ മേഖലയിൽ 1,57,688 വർക്കിംഗ് യൂണിറ്റുകളുണ്ട്. ഇതിലൂടെ 5,49,137 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഈ മേഖലയിലെ മൊത്തം നിക്ഷേപം 22062.59 കോടി രൂപയാണ്.

(ബി) ലോക എം.എസ്.എം.ഇ. ദിനത്തിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പ്രോത്സാഹന പരിപാടികൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ?

ലോക എം.എസ്.എം.ഇ. ദിനത്തിൽ, കോവിഡ്മൂലം എം.എസ്.എം.ഇ മേഖല നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിരുന്നു. പാക്കേജിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന ചുവടെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ട്.

1. കോവിഡ്-19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50%

പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾകൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധന നിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും.

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിലെ പദ്ധതികൾ

124 (3556) ഡോ. കെ. ടി. ജലീൽ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ ഉല്പാദനക്ഷമതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. കൂടാതെ, എറണാകുളം, കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (KIED)-ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധയിനം പരിശീലന പരിപാടികൾ

നിലവിലെ സാഹചര്യത്തിൽ കോവിഡ് പ്രോട്ടോകോളിന് വിധേയമായി നടപ്പിലാക്കി വരുന്നു.

(ബി) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വാണിജ്യ വികസനത്തിനായി എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. എക്സിബിഷനുകൾ സംഘടിപ്പിച്ച് വരുന്നുണ്ടോയെന്ന് അറിയിക്കുമോ?

എം.എസ്.എം.ഇ. ഉത്പന്നങ്ങളുടെ വിപണനവും പൊതുസമൂഹത്തിന് അവ പരിചയപ്പെടുത്തുന്നതിനും എല്ലാ ജില്ലകളിലും വ്യവസായ ഉത്പന്നങ്ങളുടെ പ്രദർശനം നടത്തി വരുന്നുണ്ട്.

(സി) ഒരു പ്രദേശത്ത് സമാന മേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം സംരംഭങ്ങളെ ഒരുമിച്ചു കൊണ്ടുവന്ന് അവയ്ക്കാവശ്യമായ സേവനങ്ങൾ പൊതുവായി നൽകുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ക്ലസ്റ്റർ വികസന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വളർച്ചയ്ക്കായി കേന്ദ്ര സർക്കാരിന്റെ MSE-CDP പദ്ധതി പ്രകാരം വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ക്ലസ്റ്റർ വികസന പദ്ധതി. ഒരു പ്രദേശത്ത് സമാന മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനും അവർക്ക് ആവശ്യമായ

പൊതുവായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെയുള്ള കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കൽ, സാങ്കേതിക മികവ് വർദ്ധിപ്പിക്കൽ, വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കൽ, സാങ്കേതിക പരിശീലനങ്ങൾ തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

ചെറുകിട വ്യവസായ മേഖലയ്ക്കായി സഹായ പദ്ധതി

125(3557) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പ്രതിസന്ധിയിലായ ചെറുകിട വ്യവസായ മേഖലയെ സഹായിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കോവിഡ്-19 മഹാമാരിമൂലം രാജ്യത്തുടനീളം നിലനിൽക്കുന്ന നിയന്ത്രണങ്ങളാൽ ചെറുകിട വ്യവസായ മേഖല പ്രതിസന്ധി നേരിടുന്നതായി വിലയിരുത്തിയിട്ടുണ്ട്. ഇപ്രകാരം പ്രതിസന്ധിയിലായ സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയെ സഹായിക്കുന്നതിനായി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ

താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ്-19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. ഉല്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള എം.എസ്.എം.ഇ. യൂണിറ്റുകളാണ് പദ്ധതി വഴി സഹായത്തിന് അർഹമായിട്ടുള്ളത്.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ

നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നാക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. ഉൽപ്പാദക മേഖലയിലുള്ള എല്ലാ സംരംഭങ്ങൾക്കും പദ്ധതി വഴി നിബന്ധനകൾക്ക് വിധേയമായി സഹായം ലഭ്യമാകും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾകൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. പ്രസ്തുത പദ്ധതി പ്രകാരം, കിൻഫ്ര പാർക്കുകളിലെ ഫാക്ടറി കെട്ടിട സമുച്ചയങ്ങളിലെ സംരംഭകർ നൽകേണ്ട വാടക, കോമൺ ഫെസിലിറ്റി ചാർജ്ജ് എന്നിവ മൂന്ന് മാസത്തേക്ക് ഒഴിവാക്കി കൊടുത്തിട്ടുണ്ട്.

കോവിഡ് രോഗബാധയും ചെറുകിട /ഇടത്തരം വ്യവസായങ്ങളും

126(3558) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം പ്രതിസന്ധിയിലായ ചെറുകിട - ഇടത്തരം വ്യവസായങ്ങളെ (എം.എസ്.എം.ഇ.) പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി സർക്കാർ കൈക്കൊണ്ട നടപടികൾ അറിയിക്കാമോ?

കോവിഡ്-19 മഹാമാരി വരുത്തിവച്ച ലോക്ക്ഡൗൺ ഉൾപ്പെടെയുള്ള വിവിധ സാഹചര്യങ്ങളുടെ ഭാഗമായി പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയെ തിരിച്ചുകൊണ്ടുവരുന്നതിനായി കേരള സർക്കാർ മുൻവർഷം ആവിഷ്കരിച്ചു നടപ്പിലാക്കിയ പദ്ധതിയാണ് വ്യവസായ ഭദ്രത. 20-05-2020-ലെ G.O.(MS).No.56/2020/ID പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ചുവടെ വിവരിക്കുന്ന 17 പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്.

1. പുതിയ ലാൻഡ് പ്രീമിയം പെയ്മെന്റ് പോളിസി.

2. ലാൻഡ് പ്രീമിയം ഒരു വർഷത്തേക്ക് മരവിപ്പിക്കുന്നത്.

3. മൂന്ന് മാസത്തേക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) വാടക ഉപേക്ഷിക്കുന്നത്.

4. കോമൺ ഫെസിലിറ്റി ചാർജ്ജുകൾ 3 മാസത്തേക്ക് ഉപേക്ഷിക്കുന്നത്.

5. KSIDC -യിൽ ടോപ് അപ് ലോണുകൾ

6. KSIDC-യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പീനൽ ഇന്ററസ്റ്റ് ഒഴിവാക്കുന്നത്

7. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം

8. KSIDC യ്ക്കും KINFRA യ്ക്കുമുള്ള ഒറ്റതവണ തീർപ്പാക്കൽ പോളിസി

9. MSME കൾക്ക് സ്വത്തുക്കൾ സൃഷ്ടിക്കുന്നതിനായി KSIDC നൽകുന്ന പ്രത്യേക വായ്പ

10. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത്

11. എ) അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ്

ബി) MSME കൾക്കുള്ള അധിക പ്രവർത്തന മൂലധനത്തിന് പലിശ ധനസഹായം

12. MSME കൾക്ക് നൽകുന്ന അധിക ടേം ലോണിനുള്ള പലിശ ധനസഹായം

13. മൂന്ന് മാസത്തേക്ക് തൊഴിലുടമകൾ നൽകുന്ന ESI വിഹിതം

14. തൊഴിലുടമകളുടെ PF വിഹിതം മൂന്ന് മാസത്തേക്ക്

15. NPA വ്യവസ്ഥകൾ നവീകരിക്കുന്നത്

16. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 6 മാസത്തേക്ക് ദീർഘിപ്പിക്കുന്നത്

17. MSME-കളുടെ മൊറട്ടോറിയം അടയ്ക്കുന്നതിനുള്ള കാലയളവ്.

കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് ചെറുകിട വ്യവസായ സംരംഭകരെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, ഉല്പാദനവും വിപണനവും പ്രതിസന്ധിയിലായ വ്യവസായ സംരംഭകർക്കായി വിവിധ ദുരിതാശ്വാസ പദ്ധതികൾ ഉൾപ്പെടുത്തി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ്-19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020

ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. ഉല്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള എം.എസ്.എം.ഇ യൂണിറ്റുകളാണ് പദ്ധതി വഴി സഹായത്തിന് അർഹമായിട്ടുള്ളത്.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. ഉൽപ്പാദക മേഖലയിലുള്ള എല്ലാ സംരംഭങ്ങൾക്കും പദ്ധതി വഴി നിബന്ധനകൾക്ക് വിധേയമായി സഹായം ലഭ്യമാകും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധന നിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. കൂടാതെ, കിൻഫ്ര പാർക്കുകളിലെ ഫാക്ടറി കെട്ടിട സമുച്ചയങ്ങളിലെ സംരംഭകർ നൽകേണ്ട വാടക, കോമൺ ഫെസിലിറ്റി ചാർജ്ജ് എന്നിവ മൂന്ന് മാസത്തേക്ക് ഒഴിവാക്കി കൊടുത്തിട്ടുണ്ട്.

(ബി) സ്റ്റാർട്ടപ്പുകൾ, ഓൺലൈൻ വിപണനം എന്നിവ വഴി ഇത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ട് എന്നറിയിക്കാമോ?

എം.എസ്.എം.ഇ. സംരംഭങ്ങളുടെ ഓൺലൈൻ വിപണനം പ്രോൽസാഹിപ്പിക്കുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് വഴി നടപടികൾ

സ്വീകരിക്കുന്നുണ്ട്. കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖല സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) മുഖേന ഒരു ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ www.keralaemarket.com/ www.keralaemarket.org/ www.keralaemarket.kerala.gov.in രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഈ വെബ് പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഉൽപ്പാദകർക്ക് ദേശീയ അന്തർദ്ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുവാനും സഹായകമാകും. നിലവിൽ ആയിരത്തിലധികം കമ്പനികളും കേരളത്തിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളും ഈ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടപടികൾ തുടർന്നു വരുന്നു. നിലവിലുള്ള വ്യവസായങ്ങൾ കൂടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ വെബ്

പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്തുവാൻ സാധിക്കും. ഇത്തരത്തിലുള്ള സംരംഭങ്ങൾ കേരളത്തിലെ വ്യവസായങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ദേശീയ അന്തർദ്ദേശീയ വിപണികളിൽ കടന്നു ചെല്ലുവാനും അവർക്ക് പ്രയോജനപ്പെടുന്ന ദേശീയ അന്തർദേശീയ ബയർമാർ/ കമ്പനികളുമായി വ്യാപാര പങ്കാളിത്തത്തിൽ ഏർപ്പെടുവാനും സാധിക്കും.

എം.എസ്.എം.ഇ. വ്യവസായ സംരംഭങ്ങളുടെ വായ്പയിളവ്

127(3559) ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ ഭദ്രത പാക്കേജിന്റെ ഭാഗമായി എം.എസ്.എം.ഇ. വ്യവസായ സംരംഭങ്ങൾക്ക് ആശ്വാസം എത്തിക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

(ബി) എം.എസ്.എം.ഇ. വ്യവസായ സംരംഭങ്ങൾക്കായി ജില്ലാ വ്യവസായകേന്ദ്രം വഴിയെടുത്ത വായ്പകൾക്ക് എന്തൊക്കെ ഇളവുകളാണ് അനുവദിച്ച് നൽകിയതെന്നറിയിക്കുമോ?

(എ & ബി) കോവിഡിന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺമൂലം ആവശ്യത്തിന് ഉൽപാദനമില്ലായ്മ, അസംസ്കൃത വസ്തുക്കളുടെ നഷ്ടം, വ്യാപാര നഷ്ടം, തൊഴിൽ വേതനം, ശമ്പള ചെലവുകൾ, ബാങ്ക് ലോൺ അടവ്, മറ്റ് നിയമപരമായ തിരിച്ചടവുകൾ തുടങ്ങിയ പല പ്രശ്നങ്ങളും അഭിമുഖീകരിച്ച എം.എസ്.എം.ഇ.-കളെ സഹായിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച സമഗ്രമായ ഒരു പ്രത്യേക പാക്കേജാണ് "വ്യവസായ ഭദ്രത" . 20-05-2020-ലെ G.O.(MS).No.56/2020/ID ഉത്തരവുപ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ചുവടെ വിവരിക്കുന്ന 17 പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്.

1. പുതിയ ലാൻഡ് പ്രീമിയം പെയ്മെന്റ് പോളിസി

2. ലാൻഡ് പ്രീമിയം ഒരു വർഷത്തേക്ക് മരവിപ്പിക്കുന്നത്

3. മൂന്ന് മാസത്തേക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) വാടക ഉപേക്ഷിക്കുന്നത്

4. കോമൺ ഫെസിലിറ്റി ചാർജ്ജുകൾ 3 മാസത്തേക്ക് ഉപേക്ഷിക്കുന്നത്

5. KSIDC യിൽ ടോപ് അപ് ലോണുകൾ

6. KSIDC- യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പീനൽ ഇന്ററസ്റ്റ് ഒഴിവാക്കുന്നത്

7. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം

8. KSIDC -യ്ക്കും KINFRA -യ്ക്കുമുള്ള ഒറ്റതവണ തീർപ്പാക്കൽ പോളിസി

9. MSME -കൾക്ക് സ്വത്തുക്കൾ സൃഷ്ടിക്കുന്നതിനായി KSIDC നൽകുന്ന പ്രത്യേക വായ്പ

10. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത്

11. എ) അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ്

ബി) MSME -കൾക്കുള്ള അധിക പ്രവർത്തന മൂലധനത്തിന് പലിശ ധനസഹായം

12. MSME- കൾക്ക് നൽകുന്ന അധിക ടേം ലോണിനുള്ള പലിശ ധനസഹായം

13. മൂന്ന് മാസത്തേക്ക് തൊഴിലുടമകൾ നൽകുന്ന ഇ.എസ്.എ. വിഹിതം

14. തൊഴിലുടമകളുടെ പി.എഫ്. വിഹിതം മൂന്ന് മാസത്തേക്ക്

15. NPA വ്യവസ്ഥകൾ നവീകരിക്കുന്നത്

16. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 6 മാസത്തേക്ക് ദീർഘിപ്പിക്കുന്നത്

17. MSME -കളുടെ മൊറട്ടോറിയം അടയ്ക്കുന്നതിനുള്ള കാലയളവ്.

കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് ചെറുകിട വ്യവസായ

സംരംഭകരെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, ഉല്പാദനവും വിപണനവും തകർന്ന വ്യവസായ സംരംഭകർക്കായി വിവിധ ദുരിതാശ്വാസ പദ്ധതികൾ ഉൾപ്പെടുത്തി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ്-19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. ഉല്പാദക മേഖലയിലും ജോബ് വർക്ക്

ചെയ്യുന്നതുമായിട്ടുള്ള എം.എസ്.എം.ഇ യൂണിറ്റുകളാണ് പദ്ധതി വഴി സഹായത്തിന് അർഹമായിട്ടുള്ളത്.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. ഉൽപ്പാദക മേഖലയിലുള്ള എല്ലാ സംരംഭങ്ങൾക്കും പദ്ധതി വഴി നിബന്ധനകൾക്ക് വിധേയമായി സഹായം ലഭ്യമാകും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10

ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും.

ചെറുകിട വ്യവസായങ്ങൾക്കായി പ്രത്യേക പദ്ധതികൾ

128 (3560) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മഹാമാരിയെ തുടർന്ന് പ്രതിസന്ധിയിലായ ചെറുകിട വ്യവസായങ്ങൾക്കായി പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺമൂലം ആവശ്യത്തിന് ഉൽപാദനമില്ലായ്മ, അസംസ്കൃത വസ്തുക്കളുടെ നഷ്ടം, വ്യാപാര നഷ്ടം, തൊഴിൽ വേതനം, ശമ്പള ചെലവുകൾ, ബാങ്ക് ലോൺ അടവ്, മറ്റ് നിയമപരമായ തിരിച്ചടവുകൾ തുടങ്ങിയ പ്രശ്നങ്ങൾ അഭിമുഖീകരിച്ച എം.എസ്.എം.ഇ.-കളെ സഹായിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച ഒരു പ്രത്യേക പാക്കേജാണ് "വ്യവസായ ഭദ്രത. 20-05-2020-ലെ G.O.(MS).No.56/2020/ID പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ചുവടെ വിവരിക്കുന്ന 17 പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്.

1. പുതിയ ലാൻഡ് പ്രീമിയം പേമെന്റ് പോളിസി

2. ലാൻഡ് പ്രീമിയം ഒരു വർഷത്തേയ്ക്ക് മരവിപ്പിക്കുന്നത്

3.മൂന്ന് മാസത്തേക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) വാടക ഉപേക്ഷിക്കുന്നത്

4. കോമൺ ഫെസിലിറ്റി ചാർജ്ജുകൾ 3 മാസത്തേക്ക് ഉപേക്ഷിക്കുന്നത്

5. KSIDC -യിൽ ടോപ് അപ് ലോണുകൾ

6.KSIDC -യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പീനൽ ഇന്ററസ്റ്റ് ഒഴിവാക്കുന്നത്

7. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം

8. KSIDC -യ്ക്കും KINFRA- യ്ക്കുമുള്ള ഒറ്റതവണ തീർപ്പാക്കൽ പോളിസി

9. MSME- കൾക്ക് സ്വത്തുക്കൾ സൃഷ്ടിക്കുന്നതിനായി KSIDC നൽകുന്ന പ്രത്യേക വായ്പ

10. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത്

11. എ) അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ്

ബി) MSME കൾക്കുള്ള അധിക പ്രവർത്തന മൂലധനത്തിന് പലിശ ധനസഹായം

12. MSME കൾക്ക് നൽകുന്ന അധിക ടേം ലോണിനുള്ള പലിശ ധനസഹായം

13. മൂന്ന് മാസത്തേയ്ക്ക് തൊഴിലുടമകൾ നൽകുന്ന ESI വിഹിതം

14. തൊഴിലുടമകളുടെ PF വിഹിതം മൂന്ന് മാസത്തേക്ക്

15. NPA വ്യവസ്ഥകൾ നവീകരിക്കുന്നത്

16. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 6 മാസത്തേക്ക് ദീർഘിപ്പിക്കുന്നത്

17. MSME -കളുടെ മൊറട്ടോറിയം അടയ്ക്കുന്നതിനുള്ള കാലയളവ്.

കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് ചെറുകിട വ്യവസായ സംരംഭകരെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, ഉല്പാദനവും വിപണനവും തകർന്ന വ്യവസായ സംരംഭകർക്കായി വിവിധ ദുരിതാശ്വാസ പദ്ധതികളിൽ ഉൾപ്പെടുത്തി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ്-19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ

ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധന നിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. കോവിഡ്-19 സമാശ്വാസ പദ്ധതി പാക്കേജനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചു വരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി.-യുടെ SDF-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷം കൊണ്ട് പലിശരഹിത അടവോടും കൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽ നിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു.

(ബി) ചെറുകിട വ്യവസായങ്ങൾക്ക് വിപണി ലഭ്യത ഉറപ്പാക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സൂക്ഷ്മ -ചെറുകിട - ഇടത്തരം സംരംഭങ്ങളുടെ വാണിജ്യ വികസനം ലക്ഷ്യമാക്കി എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. എക്സിബിഷനുകൾ സംഘടിപ്പിക്കുന്നു. കാർഷിക - ഭക്ഷ്യസംസ്കരണ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടും ആ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്നതിനുമായി സംസ്ഥാന തലത്തിൽ കേരള അഗ്രോ ഫുഡ് പ്രോ സംഘടിപ്പിക്കുന്നു. കൂടാതെ സംരംഭങ്ങൾക്ക് പുതിയ സാങ്കേതികവിദ്യ പരിചയപ്പെടുത്തുന്നതിനും സാങ്കേതികവിദ്യ നൽകുന്ന സ്ഥാപനങ്ങളുമായി നേരിട്ട് ആശയവിനിമയം നടത്തുന്നതിനും ലക്ഷ്യമാക്കി മെഷിനറി എക്സ്പോ സംഘടിപ്പിക്കുന്നു. കേരളത്തിലെ വാണിജ്യ മേഖലയുടെ പ്രോത്സാഹനത്തിനും വികസനത്തിനും, സംസ്ഥാനത്തിലെ തനതായ ഉല്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുന്നതും തുടങ്ങി വിവിധ ലക്ഷ്യങ്ങളെ മുൻനിർത്തി വാണിജ്യ മിഷന് സർക്കാർ രൂപം നല്കിയിട്ടുണ്ട്. കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി വ്യവസായ

വകുപ്പിനുവേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) മുഖേന ഒരു ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ www.keralaemarket.com/www.keralaemarket.org/ www.keralaemarket.kerala.gov.in രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പ് രൂപീകരിച്ച ഈ വെബ് പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഉൽപ്പാദകർക്ക് ദേശീയ അന്തർദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുവാനും സഹായകമാകും. നിലവിൽ ആയിരത്തിലധികം കമ്പനികളും കേരളത്തിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളും ഈ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടപടികൾ തുടർന്നുവരുന്നു. നിലവിലുള്ള വ്യവസായങ്ങൾ കൂടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ വെബ് പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്തുവാൻ സാധിക്കും. ഇത്തരത്തിലുള്ള സംരംഭങ്ങൾ കേരളത്തിലെ വ്യവസായങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും

ദേശീയ അന്തർദേശീയ വിപണികളിൽ കടന്നുചെല്ലുവാനും അവർക്ക് പ്രയോജനപ്പെടുന്ന ദേശീയ അന്തർദേശീയ ബയർമാർ/കമ്പനികളുമായി വ്യാപാര പങ്കാളിത്തത്തിൽ ഏർപ്പെടുവാനും സാധിക്കും.

(സി) കോവിഡ് കാലത്ത് ചെറുകിട വ്യവസായികളെ സഹായിക്കാനായി വായ്പ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വ്യവസായ വാണിജ്യ വകുപ്പ് വഴി സംരംഭകർക്ക് നേരിട്ട് വായ്പ അനുവദിക്കുന്നില്ല. എന്നാൽ കോവിഡ് കാലത്ത് ചെറുകിട വ്യവസായികളെ സഹായിക്കാനായി സർക്കാർ പ്രഖ്യാപിച്ച വ്യവസായ ഭദ്രത പദ്ധതി വഴി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and working capital loan പദ്ധതി പ്രകാരം 01-04-2020 മുതൽ 31-12-2020 വരെ MSME യൂണിറ്റുകൾ (ഉല്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള) എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ് പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan / Working capital) 30000 രൂപ പരമാവധി 60000 രൂപ വരെ അനുവദിച്ച് വരുന്നുണ്ട്. ഈ സർക്കാർ പ്രഖ്യാപിച്ച COVID-19 സമാശ്വാസ പദ്ധതിയിൽ ടി പദ്ധതിയിൽ കൂടുതൽ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. 2020 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽ

നിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശ സഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. ഉല്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള MSME യൂണിറ്റുകളാണ് പദ്ധതി വഴി സഹായത്തിന് അർഹമായിട്ടുള്ളത്. കൂടാതെ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതിയിലും കൂടുതൽ ഇളവുകൾ അനുവദിക്കും. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതിപ്രകാരം യോഗ്യമാകും. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പയെടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു.

വനിതകൾ/പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷത്തേക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നത്. കോവിഡ് രണ്ടാം തരംഗത്തിന്റെ ഫലമായി പ്രതിസന്ധിയിലായ ചെറുകിട വ്യവസായികളെയും കച്ചവടക്കാരെയും സഹായിക്കുന്നതിനായി സർക്കാർ പ്രത്യേക സഹായ പാക്കേജും പ്രഖ്യാപിച്ചിട്ടുണ്ട്.

കൃഷി അധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങൾ

129(3561) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വകുപ്പ് കൃഷി അധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഒരു ജില്ല ഒരു ഉത്പന്നം പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംസ്കരണ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്നു. അസംഘടിത മേഖലയിലുള്ള സൂക്ഷ്മ ഭക്ഷ്യസംസ്കരണ

സംരംഭങ്ങളുടെ മത്സരശേഷി മെച്ചപ്പെടുത്തുന്നതിനും ആ മേഖലയുടെ ഔപചാരികവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, കാർഷിക ഉത്പ്പാദക സംഘടനകൾ (FPOs), സ്വയം സഹായ സംഘങ്ങൾ (SHGs), ഉത്പ്പാദക സഹകരണ സംഘങ്ങൾ എന്നിവയെ അവയുടെ മൂല്യ ശൃംഖലകളിൽ ആകമാനം പിന്തുണയ്ക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതി ഒരു ജില്ലയിൽ ഒരു ഉൽപ്പന്നം എന്ന രീതിയിലാണ് ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയനുസരിച്ച് ഓരോ ജില്ലയിലും ഭക്ഷ്യസംസ്കരണ മേഖലയിൽ നിന്നുള്ള ഒരു ഉൽപ്പന്നം വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്ടായി തെരഞ്ഞെടുത്തിട്ടുണ്ട്. പ്രോജക്ട് ചെലവിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെ 60-40 അനുപാതത്തിൽ കേന്ദ്ര-കേരള സർക്കാരുകൾ സബ്സിഡിയായി നൽകുന്നതാണ് പ്രസ്തുത പദ്ധതി. ഓരോ ജില്ലയിലും തദ്ദേശീയമായി ലഭ്യമായ ഉത്പന്നങ്ങളാണ് അതത് ജില്ലകളുടെ വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്ടായി തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അടയ്ക്ക ഉത്പാദിപ്പിക്കുന്ന കാസർഗോഡ് ജില്ലയിൽ ഈ ഉത്പന്നം കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

നിലവിൽ കല്ലമ്മേക്കായയാണ് PMFME പദ്ധതിയിൽ കാസർഗോഡ് ജില്ലയുടെ ഒരു ജില്ല ഒരു ഉൽപ്പന്നമായി തെരഞ്ഞെടുത്തിരിക്കുന്നത്. ഈ ഉൽപ്പന്നത്തിന്റെ മൂല്യവർദ്ധനയ്ക്കുള്ള പുതിയ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ ഭക്ഷ്യ സംസ്കരണമേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സൂക്ഷ്മ സംരംഭങ്ങൾക്കും PMFME പദ്ധതി വഴി വിപുലീകരണം ഉൾപ്പെടെയുള്ള പ്രോജക്ടുകൾക്കുമുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കാം. നിലവിൽ അടയ്ക്ക ഉൽപ്പന്നത്തിൽ ചെറിയ രീതിയിൽ സംരംഭങ്ങൾ നടത്തുന്നവർക്ക് കൂടുതൽ നിക്ഷേപം നടത്തി സംരംഭത്തെ മികച്ച രീതിയിലേക്ക് മാറ്റുന്നതിന് PMFME പദ്ധതി വഴി സാധിക്കുന്നതാണ്.

പരമ്പരാഗത വ്യവസായം സംരക്ഷിക്കുന്നതിന് നടപടി

130 (3562) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിമൂലം പരമ്പരാഗത വ്യവസായ മേഖലയിൽ മുതൽമുടക്കിയിട്ടുള്ളവരും തൊഴിലാളികളും നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പഠനം നടത്തിയിട്ടില്ല.

(ബി) പ്രസ്തുത മേഖലയുടെ തകർച്ച നിലവിലെ സ്ഥിതിയിൽ തുടരുന്നത് വൻസാമ്പത്തിക ദുരന്തത്തിന് കാരണമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

സമസ്ത മേഖലകളെയും ബാധിച്ചതുപോലെ പരമ്പരാഗത വ്യവസായ മേഖലയിലും സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്ക് കോവിഡ് പ്രതിസന്ധി കാരണമായിട്ടുണ്ട്. കൈത്തറി മേഖലയിൽ കൂടുതൽ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡിന്റെ ഒന്നാം വ്യാപനം കയർ മേഖലയെ ബാധിച്ചിരുന്നില്ല. കോവിഡ് വ്യാപനഘട്ടത്തിലും കയർമേഖലയിൽ വളർച്ചയുണ്ടായകാര്യം സംസ്ഥാന പ്ലാനിംഗ് ബോർഡ് വിലയിരുത്തിയിട്ടുണ്ട്. എന്നാൽ രണ്ടാംതരംഗം കയർപിരി മേഖലയെയും ഉല്പന്നമേഖലയെയും എറെക്കുറെ ബാധിച്ചു. കോവിഡ് കാലത്ത് തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ സംഘങ്ങളോടൊപ്പം തന്നെ യൂണിറ്റ് അടിസ്ഥാനത്തിൽ കയർ പിരിക്കുന്ന തൊഴിലാളികൾക്ക് അവരുടെ വീടുകളിൽ കയർഫെഡ് മുഖേന ചകിരി എത്തിച്ചു കൊടുത്തു. കോവിഡ് നിയന്ത്രണങ്ങളിലെ ഇളവുകൾ പരമാവധി പ്രയോജനപ്പെടുത്തി തൊഴിലുറപ്പ് പദ്ധതി സജീവമാകുന്നതോടെ കയർ സ്റ്റോക്കുള്ളത് ദ്രുവസ്തുമാക്കി മാറ്റി

വിനിയോഗിക്കാനാകും. കോവിഡ് പശ്ചാത്തലത്തിൽ പരമാവധി സർക്കാർ ഇടപെടൽ നടത്തി കയർ വ്യവസായ രംഗത്തെ സഹായിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കയർ തൊഴിലാളികൾക്ക് ലോക്ക്ഡൗൺ ആശ്വാസമായി 1000 രൂപ വീതം ധനസഹായം നൽകി വരുന്നു. കൂടാതെ കോവിഡ് ബാധിതരായ തൊഴിലാളികൾക്ക് 4000 രൂപയുടെ പ്രത്യേക ധനസഹായം 2020-21 വർഷം നല്കിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ സാമ്പത്തിക പ്രതിസന്ധി നേരിട്ട കയർ തൊഴിലാളികളെയും കയർ സഹകരണ സംഘങ്ങളെയും സംരക്ഷിക്കുന്നതിനായി കയർ കടാശ്വാസ പദ്ധതിയും നടപ്പിലാക്കുകയുണ്ടായി.

(സി) കോവിഡ്മൂലം ദുരിതത്തിലായ പ്രസ്തുത മേഖലയിലെ വ്യവസായങ്ങളുടെയും തൊഴിലാളികളുടെയും സംരക്ഷണത്തിനായി പാക്കേജ് പ്രഖ്യാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

കോവിഡ്-19 കാരണം പ്രതിസന്ധിയിലായ പരമ്പരാഗത വ്യവസായ മേഖല കൂടി ഉൾപ്പെടുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേയ്ക്കായി വ്യവസായ ഭദ്രത പദ്ധതിക്ക്

സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and Working capital loan പദ്ധതി പ്രകാരം 01-04-2020 മുതൽ 31-12-2020 വരെ MSME യൂണിറ്റുകൾ എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ് പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term loan/ Working Capital) പരമാവധി 30000 രൂപ മുതൽ 60000 രൂപ വരെ അനുവദിച്ച് വരുന്നുണ്ട്. കൂടാതെ കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

പരമ്പരാഗത വ്യവസായ മേഖലകൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതി

131(3563) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലകളായ കയർ, കൈത്തറി എന്നിവ സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരളത്തിലെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായ മേഖലയായ കയർ വ്യവസായ രംഗത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികളെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. വിപണനം, പരസ്യപ്രചരണ വ്യാപാര പ്രവർത്തനങ്ങൾ, എക്സിബിഷനുകൾ, മുതലായവയ്ക്കും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം.

2. കയറും കയർ ഉത്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50% സംസ്ഥാന വിഹിതം മാച്ചിംഗ് ഫണ്ടായി).

3. കയർ ഭൂവസ്ത്ര വിപണന പരിപാടി.

4. കയർ സാങ്കേതികവിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായം.

5. കയർ വ്യവസായത്തിനാവശ്യമായ അടിസ്ഥാന സൗകര്യം സംഘടിപ്പിക്കുന്നതിനും യന്ത്രവത്ക്കരണം നടത്തുന്നതിനുമുള്ള സഹായം.

6. കയർ തൊഴിലാളികൾക്കും ഉദ്യോഗസ്ഥതലത്തിലുള്ളവർക്കും പരിശീലനം നൽകുന്നതിനുള്ള പദ്ധതി.

7. പ്രാഥമിക കയർ സഹകരണ സംഘങ്ങൾക്ക് അവരുടെ മുൻവർഷത്തെ വിപണനത്തിന്റെ 10% ഉല്പാദന വിപണന പ്രചോദന ഗ്രാന്റായി നൽകുന്ന പദ്ധതി.

8. ചകിരി, കയർ, കയർ ഉല്പന്നങ്ങൾ എന്നിവ സംഭരിച്ച് വിപണനം ചെയ്യുന്നതിന്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നിവർക്കുള്ള ധനസഹായ പദ്ധതി.

9. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരിപങ്കാളിത്തം.

10. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടിയും തൊണ്ട് ശേഖരണ പരിപാടിയും.

11. കയർ വ്യവസായത്തിന്റെ പുനഃസംഘടന പദ്ധതി - രണ്ടാം ഘട്ടം.

12. പള്ളിപ്പുറം വികസന കേന്ദ്രത്തിൽ കയർ ക്ലസ്റ്റർ സ്ഥാപിക്കൽ.

13. കണിച്ചുകുളങ്ങരയിൽ വ്യാവസായികാടിസ്ഥാനത്തിൽ കയർ ബൈൻഡർലസ് ബോർഡ് ഉല്പാദിപ്പിക്കുന്ന ഫാക്ടറി സ്ഥാപിക്കൽ.

14. കയർ സഹകരണ മേഖലയിൽ യന്ത്രവത്കൃത കയർ ഉത്പന്ന ഫാക്ടറികൾ സ്ഥാപിക്കൽ.

15. കയർ സഹകരണ സംഘങ്ങളുടെ പുനഃസംഘടനയും മാനേജീരിയൽ സബ്സിഡിയും - കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ

വേതനത്തിന്റെ ഒരുഭാഗം, പരമാവധി പ്രതിമാസം 5000 രൂപ, സർക്കാർ ഗ്രാന്റായി നൽകി വരുന്ന പദ്ധതി. പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് മേഖലയിലെ ഒന്നാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ് വരെ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി 2 ജോടി വീതം സ്കൂൾ യൂണിഫോം തുണി കേരളത്തിലെ കൈത്തറികളിൽ നെയ്തെടുത്ത് നൽകുന്നതാണ് ഈ പദ്ധതി. സ്വയംതൊഴിൽ പദ്ധതി കൈത്തറി മേഖലയിലെ പുതിയ സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉൽപ്പാദന യൂണിറ്റുകൾ തുടങ്ങുന്നതിനും സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി- പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുന്നതിനായി ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി നടപ്പിലാക്കുന്നുണ്ട്. തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും റിപ്പയർ ചെയ്യുന്നതിനും ഫണ്ട്

ഉപയോഗിക്കുന്നു. ഒരു വീട്ടിൽ ഒരു തറി പദ്ധതി -ഒരു വീട്ടിൽ ഒരു തറി പദ്ധതി പ്രകാരം കൂടുതൽ നെയ്ത്തുകാരെ നെയ്ത്തുമേഖലയിലേക്ക് ആകർഷിക്കുന്നതിന് പ്രസ്തുത പദ്ധതി മുഖേന സാധിച്ചിട്ടുണ്ട്. യുവ വീവ് പദ്ധതി- യുവ തലമുറയെ കൈത്തറി മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണിത്. കൈത്തറി നെയ്ത്തിലേർപ്പെട്ടിരിക്കുന്ന വനിതാ നെയ്ത്തുകാർക്ക് വിശ്രമ മുറികൾ, ടോയ്ലെറ്റുകൾ, സ്റ്റോറിംഗ് സൗകര്യങ്ങൾ എന്നിവ അനുവദിച്ചു കൊടുക്കുന്നതിനായി ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി സ്ത്രീകൾക്ക് അവരുടെ ജോലി സ്ഥലത്ത് ആരോഗ്യ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുന്നു. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാൺബാങ്കുകൾ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിന് മാർജിൻ മണി വായ്പ നൽകുന്നു. കൈത്തറി പഴമയുടെ കലാവൈഭവവും നെയ്ത്തുകാർ കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശങ്ങളിലെ വ്യവസായത്തിന്റെ പരിണാമവും പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള അവലോകനവും പ്രദർശിപ്പിക്കുന്നതിനായി കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) ചെറുകിട, കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലയിലുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും, ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ 2017- ലെ 22-ാമത് നമ്പർ ഓർഡിനൻസായി "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ്" സർക്കാർ പുറപ്പെടുവിക്കുകയും പ്രസ്തുത ഓർഡിനൻസ് നിയമസഭയിൽ ബില്ലായി അവതരിപ്പിച്ച് നിയമമാക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏക ജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് പുതിയ സോഫ്റ്റ്വെയർ K-SWIFT പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം നിലവിൽ വന്നു. ഈ നിയമ പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽനിന്ന്

10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധനയില്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധിയുണ്ട്. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭകവികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായം നൽകുകയും ചെയ്യുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നൽകുന്നതിനും, ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും മുൻഗണന നൽകിയിട്ടുണ്ട്. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ

സംരംഭകത്വ ബോധവൽകരണ സെമിനാറുകൾ, താലൂക്ക്-ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ എല്ലാ വർഷവും നടത്തി വരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി നടപ്പിലാക്കി വരുന്നു. പ്രാരംഭസഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. അതോടൊപ്പം നാനോ സംരംഭങ്ങൾക്കുള്ള മാർജിൻമണി ഗ്രാന്റ് പദ്ധതി, നാനോ ഗാർഹിക യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി, കോവിഡ് സാഹചര്യത്തിൽ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്ന വ്യവസായ ഭദ്രത പലിശയിളവ് പദ്ധതി, കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി, വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ

വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ പി.എം.എഫ്.എം.ഇ. (Prime Ministers Formalization of Micro Food Processing Enterprises) പദ്ധതി എന്നിവയും സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലയിലുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കി വരുന്ന സാമ്പത്തിക സഹായ പദ്ധതികളാണ്.

കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി

132(3564) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി നിലവിലുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കേരളത്തിലെ പരമ്പരാഗത കരകൗശല മേഖലകളുടെ പരിപോഷണത്തിനായി കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി), കേരള സംസ്ഥാന മുള വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻ വികസന കോർപ്പറേഷൻ (കാഡ്കോ), കേരള പനയുൽപ്പന്ന വികസന കോർപ്പറേഷൻ (കെല്പാം) എന്നീ സംസ്ഥാനതല സ്ഥാപനങ്ങൾ സർക്കാർ നിയന്ത്രണത്തിൽ

പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്ഥാപനങ്ങൾ മുഖേന അതാതു മേഖലകളിലെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി വർഷാവർഷം ബഡ്ജറ്റ് വിഹിതം അനുവദിച്ച് വരുന്നു. സർക്കാർ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി പ്രസ്തുത സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾക്ക് ആവശ്യമുള്ള അസംസ്കൃത വസ്തുക്കൾ സംഭരിച്ച് തൊഴിലാളികൾക്ക് വിതരണം ചെയ്യുക, വിപണനത്തിനായി സ്ഥിരം സംവിധാനമൊരുക്കുക എന്നിവയ്ക്ക് പുറമേ വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിക്കുക, പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നിവയും ചെയ്തുവരുന്നു. തൊഴിൽ ദിനം വർദ്ധിപ്പിച്ചും മെച്ചപ്പെട്ട കൂലി ലഭ്യമാക്കിയും തൊഴിലാളി ക്ഷേമം ഉറപ്പു വരുത്തുന്നതിന് മേൽ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു.

(ബി) കുടിൽ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പ്രത്യേകമായ വിപണന സൗകര്യങ്ങൾ ആവിഷ്കരിക്കുന്നതിനും പ്രസ്തുത ഉല്പന്നങ്ങളുടെ ഫലപ്രദമായ വൈവിദ്ധ്യവൽക്കരണത്തിനും നടപടി സ്വീകരിക്കുമോ?

വിവിധ പദ്ധതികളിലൂടെ ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിനും ഫലപ്രദമായ വിപണന വിതരണ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി) എന്നീ

സ്ഥാപനങ്ങൾ അവയുടെ ഷോറൂമുകളിലൂടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. പ്രസ്തുത ഷോറൂമുകളുടെ നവീകരണത്തിനാവശ്യമായ ഫണ്ടും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സർക്കാർ നൽകി വരുന്നു.

(സി) വൻകിട-ചെറുകിട വ്യവസായ സംരംഭകർ കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി അംഗീകരിക്കാൻ മടി കാണിക്കുന്ന സാഹചര്യത്തിൽ കൂടിൽ വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാനതല സ്ഥാപനങ്ങൾ വഴി മേഖലയെ സഹായിക്കുന്നതോടൊപ്പം സർക്കാർ നേരിട്ടും ഇടപെടുന്നുണ്ട്. കരകൗശല മേഖലയിൽ ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 'ആഷ്' എന്ന പേരിൽ ഒരു പദ്ധതി നടന്നു വരുന്നു. അതുപ്രകാരം കരകൗശല മേഖലയിൽ ആരംഭിക്കുന്ന ചെറുകിട സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന്റെ 40% തുക, പരമാവധി രണ്ട് ലക്ഷം രൂപ ഗ്രാന്റായി നൽകുന്നു. പട്ടികജാതി/ പട്ടികവർഗ്ഗ/ വനിത സംരംഭകർക്ക് ധനസഹായത്തിന്റെ പരിധി 3 ലക്ഷം രൂപയാണ്.

പരമ്പരാഗത/കരകൗശല ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തി നൽകുന്നതിന് വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിച്ച് വരുന്നു.

കൊച്ചി - ബെംഗളൂരു വ്യവസായ ഇടനാഴി

133(3565) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി - ബെംഗളൂരു വ്യവസായ ഇടനാഴിക്കുവേണ്ടി എത്ര ഏക്കർ സ്ഥലമാണ് സർക്കാർ ഏറ്റെടുക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് കൊച്ചി - ബെംഗളൂരു വ്യവസായ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നോഡൽ ഏജൻസിയായ കിൻഫ്ര പാലക്കാട് നോഡ് വികസിപ്പിക്കുന്നതിന് 1720 ഏക്കർ ഭൂമിയും കൊച്ചിയിൽ ഒരു 'ഗിഫ്റ്റ് സിറ്റി' സ്ഥാപിക്കുന്നതിന് ആലുവ താലൂക്കിൽ അയ്യമ്പുഴയിൽ 500 ഏക്കർ ഭൂമിയും കണ്ടെത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര 312 ഏക്കർ, പുതുശ്ശേരി -I 600 ഏക്കർ, പുതുശ്ശേരി -II 558 ഏക്കർ, ഒഴലപ്പതിയിൽ 250 ഏക്കർ എന്നീ ഭൂമികളാണ് വ്യവസായ ഇടനാഴിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പാലക്കാട് നോഡിൽ ഉൾപ്പെടുന്ന കണ്ണമ്പ്രയിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. അയ്യമ്പുഴയിലെ ഭൂമി

ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് പബ്ലിക് ഹിയറിംഗ് പൂർത്തീകരിച്ചു കഴിഞ്ഞു. തുടർനടപടികൾ പുരോഗമിച്ചു വരുന്നു. സ്ഥലം ഏറ്റെടുക്കൽ ഡിസംബർ 2021-ഓടു കൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) പാലക്കാട് മേഖലയിൽ വ്യവസായ ഇടനാഴിയിലൂടെ എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ പാലക്കാട് നോഡിൽ 10,000 കോടി രൂപയുടെ നിക്ഷേപവും 22,000- ഓളം നേരിട്ടുള്ള തൊഴിലവസരങ്ങളും 80,000 -ഓളം പരോക്ഷമായ തൊഴിലവസരങ്ങളും 5 വർഷത്തിനുള്ളിൽ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 'ഗിഫ്റ്റ് സിറ്റി' യാഥാർത്ഥ്യമാകുമ്പോൾ 3,000 കോടി രൂപയുടെ നിക്ഷേപവും 10,000 ഓളം നേരിട്ടുള്ള തൊഴിലവസരങ്ങളും 20,000-ഓളം പരോക്ഷമായ തൊഴിലവസരങ്ങളും 5 വർഷത്തിനുള്ളിൽ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് നിലവിൽ പൂർത്തീകരിച്ചതെന്ന് വിശദമാക്കുമോ?

വ്യവസായ രംഗത്ത് വൻ കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കൊച്ചി - ബെംഗളൂരു വ്യവസായ ഇടനാഴി ആരംഭിക്കാൻ

തീരുമാനിച്ചിട്ടുള്ളത്. കൊച്ചിയിൽ തുടങ്ങി പാലക്കാട് അവസാനിക്കുന്ന മേഖലയിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉല്പാദന മേഖലയുടെ ക്ലസ്റ്ററുകൾ (Integrated Manufacturing Clusters) രൂപീകരിക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴിയുടെ ഭാഗമായി കേരളത്തിൽ നടപ്പാക്കുന്നത്. പ്രസ്തുത ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ സംരംഭങ്ങൾക്ക് ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കും. ഇതുവഴി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരം ഒരുക്കും. കൊച്ചി-ബെംഗളൂരു ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. സംസ്ഥാന സർക്കാരിന്റെ (കിൻഫ്രയുടെ) 50% ഉം National Industrial Corridor Development & Implementation Trust (NICDIT) യുടെ 50%- ഉം പങ്കാളിത്തമുള്ള ഒരു Special Pupose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നിർവ്വഹണത്തിനായി കിൻഫ്രയുടെ നേതൃത്വത്തിൽ "ദി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്" എന്ന കമ്പനി രൂപീകൃതമായിട്ടുള്ളതാണ്. കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി പദ്ധതി

സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ കിൻഫ്ര നടത്തിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, കൊച്ചിയിൽ ഗ്ലോബൽ ഇൻഡസ്ട്രിയൽ ആൻഡ് ഫിനാൻഷ്യൽ ട്രേഡ് സിറ്റി (GIFT) വികസിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. പാലക്കാട്, കണ്ണമ്പ്ര, പുതുശ്ശേരി സെൻട്രൽ ഒഴലപ്പതി, പുതുശ്ശേരി സെൻട്രൽ & ഈസ്റ്റ് എന്നീ സ്ഥലങ്ങളിൽ 1720 ഏക്കർ ഭൂമി കണ്ടെത്തുകയും, പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു. പാലക്കാട് നോഡിൽ ഉൾപ്പെടുന്ന കണ്ണമ്പ്രയിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. മറ്റ് സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പബ്ലിക് ഹിയറിംഗ് ഉൾപ്പെടെയുള്ള തുടർനടപടികൾ പുരോഗമിച്ചു വരുന്നു. ഡിസംബർ 2021-ഓടുകൂടി ഭൂമി ഏറ്റെടുക്കുവാൻ വേണ്ട നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി കൊച്ചിയിൽ സ്ഥാപിക്കുന്ന ഗിഫ്റ്റ് സിറ്റിക്ക് എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 220 Hectre (543 ഏക്കർ) ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി

നൽകുകയും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹിക ആഘാത പഠനം ഉൾപ്പെടെയുള്ള തുടർനടപടികൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു. വ്യവസായ ഇടനാഴിയുടെ ഭൂമി ഏറ്റെടുക്കലും തുടർപ്രവർത്തനങ്ങളും സസൂക്ഷ്മം വിലയിരുത്തുന്നതിനായി പോർട്ടൽ വഴി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഉത്തരവാദിത്ത നിക്ഷേപം

134 (3566)ശ്രീ. കെ. ജെ. മാക്സി:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത നിക്ഷേപം വ്യവസായ നയത്തിന്റെ ഭാഗമായി അംഗീകരിച്ചിട്ടുള്ള സംസ്ഥാനത്ത് നൂറ് കോടിയിലധികം രൂപ മൂലധന നിക്ഷേപമുള്ള വ്യവസായം തുടങ്ങുന്നവർക്ക് എന്തെല്ലാം കാര്യങ്ങളിലാണ് ഇളവുകൾ നൽകുന്നത്; വിശദമാക്കാമോ?

കേരളത്തെ പരിസ്ഥിതി സൗഹൃദരീതിയിൽ ശക്തമായ നിക്ഷേപക സംസ്ഥാനമാക്കി ഒപ്പം വാണിജ്യരംഗത്ത് ഒരു കുതിച്ചുചാട്ടവുമുണ്ടാക്കി ന്യായമായ വേതനം ലഭിക്കുന്ന തൊഴിലവസരങ്ങൾ വൻതോതിൽ സൃഷ്ടിച്ച് സാമൂഹ്യ പ്രതിബദ്ധതയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് സുഗമമായി വ്യവസായം

നടത്തുകയും അതിലൂടെ സമഗ്ര സാമ്പത്തിക പുരോഗതി കൈവരിക്കുകയും ചെയ്തുകൊണ്ട് രാജ്യത്തെ ആദ്യ പത്ത് സംസ്ഥാനങ്ങളിലൊന്നായി സംസ്ഥാനത്തെ ഉയർത്തുക എന്നതാണ് നയത്തിന്റെ വീക്ഷണം. ആയത് പ്രായോഗികമായി നടപ്പിലാക്കുന്നതിനായി ചുവടെ പറയുന്ന കാര്യങ്ങൾ സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ വ്യവസായം തുടങ്ങുന്ന സംരംഭകന് 20% ഡൗൺ പേമെന്റ് അടച്ചശേഷം ഭൂമി വിലയുടെ ബാക്കി തുക അടുത്ത 5 വർഷത്തിനുള്ളിൽ തുല്യ തവണകളായി പലിശ ഒഴിവാക്കിക്കൊണ്ട് അടച്ചുതീർത്താൽ മതിയാകും. 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ സുഗമമാക്കൽ ആക്ടിന് ഭേദഗതി വരുത്തിക്കൊണ്ട് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. 50 കോടി രൂപയിൽ കൂടുതൽ മുതൽമുടക്കുള്ളതും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പു വിഭാഗത്തിൽപ്പെടാത്തതുമായ ഏതൊരു വ്യവസായ സംരംഭം തുടങ്ങുന്നതിനും, സംസ്ഥാന നിയമങ്ങൾക്ക് കീഴിൽവരുന്ന ചില അനുമതികൾ ഒരു വർഷത്തേക്ക് ഒഴിവാക്കിക്കൊണ്ടുള്ളതാണ് പ്രസ്തുത നിയമം. ഇത് പ്രകാരം ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. ഒരു പൊതു അപേക്ഷാഫോറം വഴി സമർപ്പിക്കുന്ന

അപേക്ഷ വേണ്ടത്ര പരിശോധനകൾക്കുശേഷം ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോയ്ക്ക് സമർപ്പിക്കുന്നു. പ്രസ്തുത ബ്യൂറോ നിയമപ്രകാരം 7 ദിവസത്തിലൊരിക്കൽ ചേരുകയും അപേക്ഷകളിന്മേൽ ഉചിത തീരുമാനം കൈക്കൊണ്ട് അപേക്ഷകനെ അറിയിക്കുകയും ചെയ്യണം. സംരംഭകൻ ഒരു വർഷത്തിനുള്ളിൽ ആവശ്യമായ അനുമതികൾ ലഭ്യമാക്കി ബ്യൂറോയ്ക്ക് സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. ഇക്കാലയളവിൽ വ്യവസായ സംരംഭങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്തുന്നത് ഒഴിവാക്കിയിട്ടുണ്ട്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടെ കെ-സ്വിഫ്റ്റ് മുഖേന അപേക്ഷകൾ സമർപ്പിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്.

(ബി) പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ താല്പര്യപ്പെടുന്നവർക്ക് അതിനുള്ള അവസരമൊരുക്കുന്നതിന് വ്യവസായ പാർക്കുകൾ വികസിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

വ്യവസായ സംരംഭം തുടങ്ങാൻ താൽപ്പര്യപ്പെടുന്നവർക്ക് അതിനുള്ള അവസരം ഒരുക്കുന്നതിനായി നിലവിൽ വയനാട് ഒഴികെയുള്ള 13 ജില്ലകളിലും വ്യവസായ പാർക്കുകൾ രൂപീകരിച്ച് വ്യവസായ ഭൂമി

അനുവദിക്കുന്നുണ്ട്. നിലവിൽ വ്യവസായവകുപ്പിന് കീഴിൽ 13 ജില്ലകളിലായി ആകെ 40 വ്യവസായ പാർക്കുകൾ സജ്ജമാക്കിയിട്ടുണ്ട്. അനുയോജ്യമായ വ്യവസായ ഭൂമിയുടെ ലഭ്യത കുറവുമൂലവും, വ്യവസായ ഭൂമിക്കായുള്ള ആവശ്യക്കാർ ഏറിവരുന്ന സാഹചര്യത്തിലുമാണ് വ്യവസായ പാർക്കിലെ ബഹുനില വ്യവസായ സമുച്ചയം (ഗാല) നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്. എറണാകുളം ജില്ലയിലെ എടയാർ വ്യവസായ പാർക്കിലെ ബഹുനില വ്യവസായ സമുച്ചയ (ഗാല) നിർമ്മാണം പൂർത്തിയാക്കി സംരംഭകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലെ ബഹുനില വ്യവസായ സമുച്ചയ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലായി നാല് വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ നിലവിലുണ്ട്. ഇതിൽ മലപ്പുറം ജില്ലയിലെ വ്യവസായ വളർച്ചാ കേന്ദ്രം നിലവിൽ കെ.എസ്.ഐ.ഡി.സി.-യും ഇൻകെലും ചേർന്നുള്ള ജോയിന്റ് വെൻച്വറായ ഇൻകിഡിന്റെ മേൽ നോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ, തിരുവനന്തപുരം ജില്ലയിൽ തോന്നയ്ക്കലിൽ ലൈഫ് സയൻസ് പാർക്കും, പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് ഒരു ലൈറ്റ് എഞ്ചിനീയറിംഗ് പാർക്കും ചേർത്തല വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മെഗാഫുഡ് പാർക്കും

നിലവിലുണ്ട്. പ്രസ്തുത വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലും വ്യവസായ പാർക്കുകളിലുമായി 541 ഏക്കർ ഭൂമി അടിസ്ഥാന സൗകര്യ വികസനം നടത്തുകയും ഇതിൽ 433 ഏക്കർ ഭൂമി വിവിധ വ്യവസായ സംരംഭങ്ങൾക്കായി നൽകുകയും ചെയ്തിട്ടുണ്ട്. പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ താല്പര്യപ്പെടുന്നവർക്ക് അതിനുള്ള അവസരമൊരുക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലുള്ള വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി ലഭ്യത, ജല ലഭ്യത, എന്നിവ ഉറപ്പായിട്ടുണ്ട്. കൂടാതെ, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, ഡെഡിക്കേറ്റഡ് പവർ ഡിസ്ട്രിബ്യൂഷൻ ലൈൻ, സെക്യൂരിറ്റി സിസ്റ്റം, വിവിധ അനുമതികൾക്കായുള്ള ഏക ജാലക സംവിധാനം എന്നിവ നിലവിലുണ്ട്. പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ താല്പര്യപ്പെടുന്ന വ്യവസായ സംരംഭകർക്ക് വേണ്ടി കിൻഫ്ര ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികൾ താഴെ പറയുന്നവയാണ്:

കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി പെട്രോകെമിക്കൽ പാർക്ക്, എറണാകുളം മെഗാഫുഡ് പാർക്ക്, പാലക്കാട് ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട് ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്,

എറണാകുളം കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ സ്പൈസസ് പാർക്ക്, ഇടുക്കി ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ, പാലക്കാട് ഐ.ടി / ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം രണ്ടാംഘട്ട വികസനം, ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം, സ്വകാര്യ വ്യവസായ പാർക്കുകൾ വികസിപ്പിക്കുന്നതിന് സർക്കാർ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. കിൻഫ്രയാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി. വ്യക്തികൾ, സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർക്കും വ്യവസായ പാർക്കുകൾ ആരംഭിക്കാം.

കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക്

135 (3567) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലാട് കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ എത്ര സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

നെല്ലാട് കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ 68 സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയത്തിൽ 11 സംരംഭകർക്ക് ബിൽറ്റ് അപ് സ്പേസ് അലോട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പാർക്കിൽ കൂടുതൽ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ടോ?

പ്രസ്തുത പാർക്കിൽ നിലവിൽ അലോട്ട് ചെയ്യാൻ ഭൂമിയൊന്നും ലഭ്യമല്ല.

(സി) പ്രസ്തുത പാർക്ക് വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഭൂമി മുഴുവൻ അലോട്ട് ചെയ്ത് അലോട്ട്മെന്റ് നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞതിനാൽ പ്രസ്തുത പാർക്ക് വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ നിലവിലില്ല.

ചീമേനിയിലെ വ്യവസായ പാർക്ക്

136(3568) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ സുലഭമായി ലഭിക്കുന്ന അടയ്ക്ക, കശുവണ്ടി, കല്ലുമ്മക്കായ (ചിപ്പി) എന്നിവ ഉപയോഗിച്ച് ചീമേനിയിലെ വ്യവസായ പാർക്കിൽ പൊതുമേഖലയിൽ വ്യവസായം കൊണ്ടുവരാൻ കഴിഞ്ഞ സർക്കാർ കാലത്ത് തന്നെ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടും വ്യവസായ പാർക്ക് ആരംഭിക്കാൻ

വൈകുന്നതെന്തുകൊണ്ടെന്നും ഈ പാർക്കിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ചീമേനി വ്യവസായ പാർക്കിനുള്ള സ്ഥലം നിലവിൽ ഐ.ടി. വകുപ്പിന്റെ കൈവശമാണ്. പ്രസ്തുത ഭൂമി വ്യവസായ വകുപ്പിന് കൈമാറി കിട്ടുന്ന മുറയ്ക്ക് പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ബഹുനില വ്യവസായ പാർക്കുകൾ

137(3569) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബഹുനില വ്യവസായ പാർക്കുകൾ (ഗാല) സ്ഥാപിക്കുന്നതിനായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വ്യവസായ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എറണാകുളം ജില്ലയിൽ എടയാറിൽ ഒരു ബഹുനില വ്യവസായ സമുച്ചയം (ഗാല) പൂർത്തീകരിച്ച് സംരംഭകർക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽപ്പാടത്ത് രണ്ട് ബഹുനില വ്യവസായ സമുച്ചയങ്ങളും ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ ഒരു ഗാലയും നിർമ്മാണത്തിന്റെ അന്തിമ

ഘട്ടത്തിലാണ്. കൂടാതെ മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിൽ ഒരു ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിന്റെയും തിരുവനന്തപുരത്ത് ഐ.ടി/ഐ.ടി അധിഷ്ഠിത മേഖല, കിൻഫ്ര ഫിലിം ആന്റ് & വീഡിയോ പാർക്കിന്റെയും പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പുതുതായി ഏതെല്ലാം ജില്ലകളിലാണ് വ്യവസായ പാർക്കുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

വ്യവസായ വകുപ്പിലെ പൊതുമേഖല സ്ഥാപനമായ കിൻഫ്ര കൊച്ചിയിൽ ഒരു പെട്രോ കെമിക്കൽ പാർക്കും കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയും ഇടുക്കിയിലെ തൊടുപുഴയിൽ ഒരു സ്പൈസസ് പാർക്കും തുടങ്ങാൻ ഉദ്ദേശിക്കുന്നു.

(സി) വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട് മറ്റെന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

നിലവിലുള്ള വ്യവസായ വികസന പാർക്കുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനു പുറമേ വ്യവസായ പാർക്കുകളിൽ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, പവർ ഫീഡർ എന്നിങ്ങനെ പുതിയ സൗകര്യങ്ങളൊരുക്കി നിക്ഷേപകരെ ആകർഷിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി നടപ്പു സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ

വകയിരുത്തിയിരുന്നു. എറണാകുളത്ത് എടയാറിലും ആലപ്പുഴ ജില്ലയിലെ അരൂരിലും കോമൺ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) വികസന പദ്ധതികൾക്കായി സംസ്ഥാനത്തിന് പുറത്തുള്ള ഏജൻസികളെ ആകർഷിക്കാൻ നടപടികളിൽ ലഘൂകരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമായി ഈസ് ഓഫ് ഡൂയിങ് ബിസിനസ് സംവിധാനം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

കോവിഡ് കാലത്തെ സാമ്പത്തിക മാന്ദ്യം

138(3570) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലമുള്ള സാമ്പത്തിക മാന്ദ്യം കാരണം സംസ്ഥാനത്തെ വ്യവസായങ്ങൾ അടച്ചുപൂട്ടുന്ന സാഹചര്യമുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

(ബി) 2020 ജനുവരിക്ക് ശേഷം ഏതെങ്കിലും ഫാക്ടറികൾ സ്ഥിരമായി അടച്ചുപൂട്ടുകയോ ഉല്പാദനം ഗണ്യമായി കുറയ്ക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

(സി) ഈ പ്രതിസന്ധി കാലത്ത് വൻകിട, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളെ സംരക്ഷിക്കുവാൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

കോവിഡ്മൂലമുള്ള സാമ്പത്തിക മാന്ദ്യം കാരണം സംസ്ഥാനത്തെ വ്യവസായങ്ങൾ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത് പരിഹരിക്കുന്നതിനായി വ്യവസായ ഭദ്രതാ പദ്ധതിയും (20/05/2020-ലെ G.O.(MS) No. 56/2020/ID) വ്യവസായ മേഖലയുടെ സംരക്ഷണത്തിനായി കോവിഡ്-19 സമാശ്വാസ പദ്ധതി (30-06-2021-ലെ സ.ഉ.(എം.എസ്.) നമ്പർ 666/2021/ഐഡി)-യും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു[+]) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽപ്പെട്ട 77 സ്ഥാപനങ്ങൾ 2020 ജനുവരിക്ക് ശേഷം അടച്ചുപൂട്ടുകയോ ഉത്പാദനം ഗണ്യമായി കുറയ്ക്കുകയോ ചെയ്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഇതിനായി കേന്ദ്രസഹായം ലഭ്യമാണോ; വിശദാംശം നൽകുമോ?

കേന്ദ്രസഹായം ലഭിച്ചിട്ടില്ല.

സംരംഭകർക്ക് കോവിഡ് സമാശ്വാസപദ്ധതി

139(3571) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കോവിഡ് സമാശ്വാസ പദ്ധതി ഏതുരീതിയിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് ചെറുകിട വ്യവസായ സംരംഭകരെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, ഉല്പാദനവും വിപണനവും പ്രതിസന്ധിയിലായ വ്യവസായ സംരംഭകർക്കായി വിവിധ ദുരിതാശ്വാസ പദ്ധതികൾ ഉൾപ്പെടുത്തി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ്-19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. ഉല്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള എം.എസ്.എം.ഇ. യൂണിറ്റുകളാണ് പദ്ധതി വഴി സഹായത്തിന് അർഹമായിട്ടുള്ളത്.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം

രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. ഉൽപ്പാദക മേഖലയിലുള്ള എല്ലാ സംരംഭങ്ങൾക്കും പദ്ധതി വഴി നിബന്ധനകൾക്ക് വിധേയമായി സഹായം ലഭ്യമാകും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. കോവിഡ്-19 സമാശ്വാസ പദ്ധതി പാക്കേജനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്ക്

കെ.എസ്.ഐ.ഡി.സി.-യുടെ SDF-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷംകൊണ്ട് പലിശരഹിത അടവോടും കൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽനിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. കൂടാതെ കിൻഫ്ര പാർക്കുകളിലെ ഫാക്ടറി കെട്ടിട സമുച്ചയങ്ങളിലെ സംരംഭകർ നൽകേണ്ട വാടക, കോമൺ ഫെസിലിറ്റി ചാർജ്ജ് എന്നിവ മൂന്ന് മാസത്തേയ്ക്ക് ഒഴിവാക്കി കൊടുത്തിട്ടുണ്ട്.

(ബി) സംരംഭകർക്ക് വകുപ്പ് നൽകുന്ന പരിശീലനസഹായം ഏതുരീതിയിലാണെന്നും സംരംഭകസഹായ സബ്സിഡി എപ്രകാരമാണ് വിതരണം ചെയ്യുന്നതെന്നും വിശദീകരിക്കാമോ?

സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം

നൽകുകയും ചെയ്യുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നൽകുന്നതിനും, ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നൽകിയിട്ടുണ്ട്. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക് - ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ എല്ലാ വർഷവും നടത്തി വരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും; മാനേജ്മെന്റിലും, സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. കെ.എസ്.ഐ.ഡി.സി. ധനസഹായം അനുവദിച്ച പുതിയ ഉൽപ്പന്ന വ്യവസായങ്ങൾക്ക് കേരള സർക്കാരിന്റെ സംരംഭകത്വ സഹായ പദ്ധതി (ESS) പ്രകാരമുള്ള 40 ലക്ഷം രൂപ വരെയുള്ള സഹായധനം കെ.എസ്.ഐ.ഡി.സി. വഴി നൽകുന്നു.

(സി) സംരംഭകർക്ക് നൽകുന്ന പലിശരഹിത വായ്പ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

പലിശരഹിത വായ്പ അനുവദിക്കുന്നില്ല. പകരം അർഹതയ്ക്കനുസരിച്ച് പലിശയിളവ് അനുവദിച്ചുവരുന്നു.

(ഡി) സംരംഭകർക്ക് കെ.എസ്.ഐ.ഡി.സി.-യും കിൻഫ്രയും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

കോവിഡ്-19 സമാശ്വാസ പദ്ധതി പാക്കേജനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചു വരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി.-യുടെ SDF-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷം കൊണ്ട് പലിശരഹിത അടവോടുംകൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽനിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. കിൻഫ്ര പാർക്കുകളിലെ ഫാക്ടറി കെട്ടിട

സമുച്ചയങ്ങളിലെ സംരംഭകർ നൽകേണ്ട വാടക, കോമൺ ഫെസിലിറ്റി ചാർജ്ജ് എന്നിവ മൂന്ന് മാസത്തേയ്ക്ക് ഒഴിവാക്കി കൊടുത്തിട്ടുണ്ട്.

കോവിഡ് പ്രതിരോധത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

140(3572) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധത്തിനായി വ്യവസായ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

(ബി) സാനിറ്റൈസറും ഡിസ്ഇൻഫെക്റ്റന്റുകളും മാസ്ക്കും നിർമ്മിക്കുന്നതിന് ചെറുകിട വ്യവസായ മേഖലയിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വിവിധ വ്യവസായ സ്ഥാപനങ്ങളിൽനിന്നും വ്യവസായ ആവശ്യത്തിന് ഉപയോഗിച്ചിരുന്ന ഗ്യാസ് സിലിണ്ടറുകൾ ഏറ്റെടുത്ത് അവയിൽ മെഡിക്കൽ ഓക്സിജൻ സിലിണ്ടറുകളായി പരിവർത്തനം വരുത്തി മെഡിക്കൽ ഓക്സിജൻ നിറച്ച് ജില്ലാ വാർ റൂമിന്റെ നിർദ്ദേശ പ്രകാരം വിവിധ ആശുപത്രികൾക്കും CFLTC കൾക്കും എത്തിക്കുവാൻ ജില്ലാ വ്യവസായ മാനേജർമാർ മുഖേന നടപടി സ്വീകരിച്ചിരുന്നു. വാർ റൂമുകൾക്കാവശ്യമായ ഉദ്യോഗസ്ഥരെ

ഓക്സിജൻ വിതരണം സുഗമമാക്കാൻ നിയോഗിച്ചിരുന്നു. കൂടാതെ ഓക്സിജൻ വിതരണം കാര്യക്ഷമമാക്കാൻ ഓക്സിജൻ ഫില്ലിംഗ് സ്റ്റേഷനുകളിൽ വ്യവസായ വികസന ഓഫീസർമാരെ നിയോഗിച്ച് മോണിറ്ററിംഗ് നടത്തുകയും ചെയ്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ മേഖലയ്ക്കാവശ്യമായ സാനിറ്റൈസർ, മാസ്ക്, ഓക്സിജൻ, മറ്റ് മെഡിക്കൽ ഉപകരണങ്ങൾ എന്നിവ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വിവിധ പൊതുമേഖല സ്ഥാപനങ്ങൾ വഴി നൽകി വരുന്നു. കൂടാതെ വ്യവസായ ഭദ്രതാ പദ്ധതിയുടെ ഭാഗമായി സംരംഭക സഹായ പദ്ധതി (ESS) മാർഗ്ഗരേഖ ഭേദഗതി ചെയ്ത് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട MSME യൂണിറ്റുകളുടെ പട്ടികയിൽ സാനിറ്റൈസർ, ഡിസ്ഇൻഫക്ടെന്റുകൾ, മാസ്ക് തുടങ്ങിയ ഉൽപന്നങ്ങൾ ഉൾപ്പെടുന്ന Pharmacecutical Industries & Health Care Product Manufacturing Industries യൂണിറ്റുകളെ ഉൾപ്പെടുത്തി ജനറൽ വിഭാഗത്തിന് അനുവദിക്കുന്ന 15% നിക്ഷേപ സബ്സിഡിക്ക് പുറമേ 10% സബ്സിഡി കൂടി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) വ്യവസായ വകുപ്പിന്റെ കീഴിൽ ഓക്സിജൻ നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കെ.എം.എം.എൽ. ദിവസേന 71.5 ടൺ ഓക്സിജൻ ഉൽപ്പാദനം നടത്തുന്നുണ്ട്. വ്യാവസായിക ഓക്സിജൻ 65 ടണ്ണും മെഡിക്കൽ ഓക്സിജൻ 5 ടണ്ണും ആയിരുന്നത് കോവിഡിന്റെ പശ്ചാത്തലത്തിൽ മെഡിക്കൽ ഓക്സിജൻ ഉൽപ്പാദനം 6.5 ടണ്ണായി ഉയർത്തുകയുണ്ടായി.

സംരംഭകത്വ വികസനത്തിൽ പരിശീലനം നൽകുന്ന പദ്ധതി

141(3573) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഭ്യസ്തവിദ്യരും സാങ്കേതിക വൈദഗ്ധ്യമുള്ളവരും തൊഴിൽരഹിതരുമായ യുവതീയുവാക്കൾക്ക് സംരംഭകത്വ വികസനത്തിലും പശ്ചാത്തല വികസനത്തിലും പങ്കാളിത്തം നൽകുന്നതിന് വ്യവസായ വകുപ്പിന്റെ കീഴിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം അറിയിക്കുമോ?

സംസ്ഥാനത്തെ അഭ്യസ്തവിദ്യരും സാങ്കേതിക വൈദഗ്ധ്യമുള്ളവരും തൊഴിൽരഹിതരുമായ യുവതീ-യുവാക്കൾക്ക് സംരംഭകത്വ വികസനത്തിലും പശ്ചാത്തല വികസനത്തിലും പങ്കാളിത്തം നൽകുന്നതിന് വ്യവസായ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ യുവസംരംഭകർക്കുള്ള സേവനങ്ങൾ നൽകുന്നതിനായി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ.

2. ജില്ല-താലൂക്ക്-ബ്ലോക്ക് അടിസ്ഥാനത്തിൽ ബോധവൽക്കരണ സെമിനാറുകളും സംരംഭകത്വ വികസന പരിശീലനങ്ങളും നിക്ഷേപക സംഗമങ്ങളും സംഘടിപ്പിക്കുന്നു.

3. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് പ്രോഗ്രാമുകളും നടത്തി വരുന്നു.

4. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ പ്രോത്സാഹനത്തിനായി ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നു.

5. സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ് ഇൻകുബേഷൻ എന്ന പദ്ധതി വഴി കാർഷിക ഭക്ഷ്യ സംസ്കരണ മേഖലയിൽ സംരംഭങ്ങൾ

തുടങ്ങുന്നവരെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് മുഖേന ഗവേഷണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുകയും അവർക്കാവശ്യമായ ഇൻകുബേഷൻ സപ്പോർട്ട് പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കുകയും ചെയ്യുന്നു.

(ബി) വിദ്യാർത്ഥികളെ പഠനത്തോടൊപ്പം സംരംഭങ്ങളിൽ പങ്കാളികളാക്കി പരിശീലനം നൽകുന്ന പദ്ധതി വ്യവസായ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സ്കൂൾ-കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിക്കുകയും അവയ്ക്കായി സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്.

ഇൻവെസ്റ്റ്മെന്റ് സെൽ

142 (3574) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേയ്ക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനും സംരംഭങ്ങൾക്കുവേണ്ട നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും ഇൻവെസ്റ്റ്മെന്റ് സെൽ ആരംഭിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും നിക്ഷേപകരുമായി സജീവബന്ധം സ്ഥാപിക്കുന്നതിനും, സംസ്ഥാനത്തെ ഉയർന്ന സാമ്പത്തിക സാധ്യതകളുള്ള മേഖലകളിലേക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ' കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ സെൽ' (KIPF) രൂപീകരിച്ചിട്ടുണ്ട്.

(ബി) സർക്കാർ നയത്തിനനുസൃതമായി ഉദ്യോഗസ്ഥ മനോഭാവം കൂടി മാറേണ്ടതുള്ളതിനാൽ സംരംഭം നടത്തുന്നതിനുള്ള പ്രായോഗിക തടസ്സങ്ങൾ ഒഴിവാക്കാൻ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അവ സുഗമമായി പ്രവർത്തിക്കുന്നതിനുംവേണ്ട നിയമങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് 2018-ൽ നടപ്പിലാക്കിയ ' കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' , 2019-ലെ ' കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നിവ ഈ ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ നിയമനിർമാണങ്ങളാണ്. എന്നിരുന്നാലും, വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി

തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനുംവേണ്ടി നിയമ പിന്തുണയുള്ള ഒരു പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്നുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ഈ കമ്മിറ്റി രൂപീകരിക്കുന്നത്. ഇതിനുവേണ്ടിയുള്ള കരട് നിയമഭേദഗതി ബഹു.മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട്. നിയമപിന്തുണയുള്ള ഈ കമ്മിറ്റി നിലവിൽ വരുന്നതോടെ വ്യവസായ സംരംഭകരുടെ പരാതികളിന്മേൽ വേഗത്തിൽ നടപടിയുണ്ടാകുമെന്നും സംരംഭം നടത്തുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാകുമെന്നും പ്രതീക്ഷിക്കുന്നു.

(സി) ഉത്തരവാദിത്ത വ്യവസായം, ഉത്തരവാദിത്ത നിക്ഷേപം എന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നിക്ഷേപസൗഹൃദ പരിപാടി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ നിക്ഷേപത്തിനായി പ്രത്യേക നിയമനിർമ്മാണം തന്നെ നടത്തിയിട്ടുണ്ട്. വ്യവസായ സൗഹൃദ അന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

സംസ്ഥാനത്തെ വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ കാര്യക്ഷമമാക്കുവാനും നിക്ഷേപകർക്കുണ്ടാകുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും പരാതികളും ഓൺലൈനായി സമർപ്പിക്കുവാനും അവയ്ക്ക് സമയബന്ധിതമായി തീർപ്പുകൽപ്പിക്കാനും/പരിഹരിക്കുവാനുമായി സംസ്ഥാനത്ത് ഒരു പരാതിപരിഹാര കമ്മിറ്റി രൂപീകരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ഏതെങ്കിലും നിയമപ്രശ്നത്തിൽ പ്രത്യേക പരിശോധന ആവശ്യമില്ലാത്ത കാര്യങ്ങളെല്ലാം തന്നെ, അപേക്ഷ സമർപ്പിച്ച് പരമാവധി വേഗത്തിൽ തീർപ്പുകല്പിക്കാനാണ് ഈ സംവിധാനം വഴി ഉദ്ദേശിക്കുന്നത്. മാത്രമല്ല, വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനാ സംവിധാനം പുനഃക്രമീകരിച്ചുകൊണ്ട് വിവിധ വകുപ്പുകൾ ഉൾപ്പെടുന്ന സോഫ്റ്റ്വെയർ അധിഷ്ഠിത ഏകീകൃത പരിശോധനാ സംവിധാനം ഇതിനകം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള കരട് നിർദ്ദേശം സമർപ്പിക്കുന്നതിന് മൂന്നംഗ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

143 (3575) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നൽകാമോ?

വാമനപുരം നിയോജക മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷക്കാലം സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് 170 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ വിവിധ പദ്ധതികൾക്ക് നൽകിയ സബ്സിഡിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പി.എം.ഇ.ജി.പി - 13 കോടി രൂപ

ഇ.എസ്.എസ്. (സംരംഭക സഹായ പദ്ധതി) - 2.33 കോടി രൂപ

നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണിഗ്രാന്റ് (2020-21) - 1,60,000/- രൂപ

ഒരു സംരംഭകയ്ക്ക് ഗ്രാന്റായി നൽകിയിട്ടുണ്ട് ആഷ (അസിസ്റ്റൻസ് സ്കീം ഫോർ ഹാൻഡിക്രാഫ്റ്റ്സ് ആർട്ടിസാൻസ്) - 43,000/- രൂപ

ഇന്റേൺസ്റ്റ് സബ്.വെൻഷൻ ടു നാനോ യൂണിറ്റ് - 26,000/- രൂപ

വ്യവസായ സംരംഭക ബോധവൽക്കരണ പരിപാടി (ഇ.എ.പി) - 2015-16 മുതൽ 2019-20 വരെ തുടർച്ചയായി നടത്തിയിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ ആശയമായ സ്കിൽ ഡെവലപ്മെന്റ് സൊസൈറ്റികൾ വാമനപുരം നിയോജക മണ്ഡലത്തിലെ വാമനപുരം, നെല്ലനാട്, പനവൂർ, ആനാട്, പുല്ലമ്പാറ, കല്ലറ എന്നീ പഞ്ചായത്തുകളിൽ രൂപീകരിക്കാൻ സാധിച്ചു. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിലെ കെ-സ്വിഫ്റ്റ് എന്ന സംവിധാനത്തിൽ വാമനപുരം നിയോജക മണ്ഡലത്തിൽ 20 സംരംഭങ്ങൾ ആരംഭിച്ചു. വാമനപുരം പഞ്ചായത്തിലെ കളമച്ചൽ ഐ.ടി.ഐ., പാങ്ങോട് പഞ്ചായത്തിലെ മനാനിയ കോളേജ് ഓഫ് ആർട്സ് & സയൻസ് എന്നിവിടങ്ങളിൽ ഇ.ഡി. ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്. നെടുമങ്ങാട് കൈത്തറി സർക്കിളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

വ്യക്തിഗത നെയ്ത്തുകാർക്കുള്ള പണിശാലാ നവീകരണം പദ്ധതി - 17 പേർക്ക് (15000 രൂപ വീതം), വീട്ടിൽ ഒരു തറി പദ്ധതി - 1 (4000 രൂപ വീതം) ജില്ലാ പഞ്ചായത്തു വഴി 10 പേർക്ക്, തറി നൽകി സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നെയ്ത്തുകാർ - 30 ഉത്പാദനം മീറ്ററിൽ ഷർട്ടിംഗ് - 69150

മീ, സ്യൂട്ടിംഗ് - 25780 മീ, കൂലി ഇനത്തിൽ നൽകിയ തുക ഷർട്ടിംഗ് - 3201128.52/-, സ്യൂട്ടിംഗ് - 1470244.86/- ആകെ - 4671373.38/- രൂപ.

(ബി) ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

പരമ്പരാഗത മേഖലയായുള്ള ഈറ, ചൂരൽ എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതികൾ, വിവിധ ഫുഡ് പ്രൊസസ്സിംഗ് യൂണിറ്റ് സ്ഥാപിക്കുക, പ്രാദേശിക വിഭവങ്ങളായ ചക്ക, വാഴപ്പഴം, നാളികേരം തുടങ്ങിയവയിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭകരെ കണ്ടെത്തുവാനുള്ള പദ്ധതി, സിമന്റ് പ്രോഡക്ട്സ് നിർമ്മാണത്തിനായി സർക്കാർ സഹായത്തോടെ വിവിധ യൂണിറ്റുകൾ രൂപീകരിക്കുന്നതിനായി സംരംഭകരെ കണ്ടെത്തി പദ്ധതികൾ നടപ്പിലാക്കുക, മണ്ഡലത്തിൽ സുലഭമായി ലഭിക്കുന്ന റബ്ബർ ലാറ്റക്സ് ഉപയോഗിച്ച് വിവിധ റബ്ബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി തുടങ്ങി മറ്റ് പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

പ്രവാസി സംരംഭങ്ങൾക്ക് സഹായം

144(3576) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ പ്രവാസികളുടെ സാങ്കേതിക പരിജ്ഞാനവും പരിചയമികവും ഉപയോഗപ്പെടുത്തി വ്യവസായവകുപ്പിന്റെ കീഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് തൊഴിൽ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

തൊഴിൽരഹിതരായ പ്രവാസികളുടെ സാങ്കേതിക പരിജ്ഞാനവും പരിചയ മികവും ഉപയോഗപ്പെടുത്തി തൊഴിൽ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. തൊഴിൽരഹിതരായ പ്രവാസികൾക്ക് കൂടി സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ തൊഴിൽ സാദ്ധ്യത ഉറപ്പു വരുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിയ പദ്ധതിയാണ് വ്യവസായ ഭദ്രത പദ്ധതി. പ്രസ്തുത പദ്ധതിയിൽ നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കും പ്രത്യേക പ്രാധാന്യം നൽകി ഇളവ് പ്രഖ്യാപിച്ചിരിക്കുന്നു. നിലവിലുള്ള സംരംഭക സഹായ പദ്ധതി ഉദാരവൽക്കരിക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ മാർഗ്ഗരേഖ GO(MS) No.103/2020/ID dated 24-

11-2020 ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിൻപ്രകാരം SC/ST, വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% ആയി വർദ്ധിപ്പിച്ചു, ഈ പ്രത്യേക വിഭാഗത്തിലേക്ക് പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെ കൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികളുടെ വിവരശേഖരണത്തിനായി വ്യവസായ വാണിജ്യ വകുപ്പ് ഒരു ഓൺലൈൻ പോർട്ടൽ തയ്യാറാക്കി ടി പോർട്ടൽ വഴി ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവർക്ക് ആവശ്യമായ കൈത്താങ്ങ് സഹായവും ചെയ്യുന്നുണ്ട്. മടങ്ങിയെത്തിയ പ്രവാസികളുടെ താത്പര്യങ്ങൾ മനസ്സിലാക്കിയ ശേഷം അവർക്ക് വേണ്ട വകുപ്പുതല സഹായം നൽകുവാൻ ഒരു സമ്പൂർണ്ണ വിവരശേഖരണ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. www.industry.kerala.gov.in എന്ന വെബ്സൈറ്റിലും മടങ്ങിയെത്തുന്ന പ്രവാസികളുടെ സംരംഭക വിവരങ്ങൾ സമർപ്പിക്കുവാനുള്ള സൗകര്യം സജ്ജമാക്കിയിട്ടുണ്ട്.

(ബി) പ്രവാസി മലയാളികൾക്ക് സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാരിന്റെ കീഴിലുള്ള ധനകാര്യ

സ്ഥാപനങ്ങൾ മുഖേന വായ്പ നൽകുന്ന പ്രത്യേക പദ്ധതി നിലവിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

പ്രവാസി മലയാളികൾക്ക് സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാരിന്റെ കീഴിലുള്ള ധനകാര്യ സ്ഥാപനങ്ങൾ മുഖേന വായ്പ നൽകുന്ന പ്രത്യേക പദ്ധതി നിലവിലില്ലെങ്കിലും പ്രവാസികളുടെ സംരംഭക ശേഷിയും തൊഴിൽ വൈദഗ്ധ്യവും കണക്കിലെടുത്ത് നാട്ടിൽ സ്വയംതൊഴിൽ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻ കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല, എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി ബാങ്കുകളിൽ നിന്നും വായ്പ നൽകി വരുന്നുണ്ട്. പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും ആദ്യം 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും ഈ പദ്ധതി മുഖേന ലഭിക്കുന്നു. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും, പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനുള്ള സഹായവും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്

വഴി ലഭ്യമാക്കുന്നുണ്ട്. പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി നിലവിൽ 16 ധനകാര്യ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവച്ച് വായ്പാലഭ്യത വിപുലപ്പെടുത്തിയിട്ടുണ്ട്. ടി ധനകാര്യ സ്ഥാപനങ്ങളിലേതെങ്കിലും തെരഞ്ഞെടുത്ത് ഗുണഭോക്താവ് സമർപ്പിക്കുന്ന അപേക്ഷ പ്രസ്തുത ധനകാര്യ സ്ഥാപനത്തിലേക്ക് ശിപാർശ ചെയ്ത് അയയ്ക്കുകയും ആയത് പരിശോധിച്ച് ധനകാര്യ സ്ഥാപനങ്ങൾ വായ്പ അനുവദിക്കുകയുമാണ് ചെയ്യുന്നത്. കൂടാതെ വായ്പ വഴിയോ അല്ലാതെയോ നിക്ഷേപം നടത്തുന്ന വ്യവസായ സംരംഭകർക്ക് സംരംഭക സഹായ പദ്ധതി പ്രകാരം സ്ഥിര നിക്ഷേപത്തിന് ആനുപാതികമായി സബ്സിഡി അനുവദിക്കുന്നതിൽ പ്രവാസികൾ ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി അധിക സബ്സിഡി അനുവദിക്കുന്നുണ്ട്.

ബാംബൂ കോർപ്പറേഷനിലെ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക

145(3577) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബൂ കോർപ്പറേഷനിലെ ജീവനക്കാർക്ക് ഡി.എ. കുടിശ്ശിക നൽകാനുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

ഉണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ 2015 മേയ് മാസം മുതൽ 2021 ജൂലായ് മാസം വരെ 74 മാസത്തെ ഡി.എ. കുടിശ്ശിക ഉണ്ടായിരുന്നതിൽ, പല ഘട്ടങ്ങളിലായി 12 മാസത്തെ ഡി.എ. കുടിശ്ശികയായ 3.03 കോടി രൂപ നിലവിലെ ബോർഡ് അധികാരത്തിൽ വന്നപ്പോൾ നൽകിയിട്ടുള്ളതും, ബാക്കി 62 മാസത്തെ ഡി.എ. കുടിശ്ശിക നൽകാനുമുണ്ട്.

(ബി) വ്യവസായ വകുപ്പിന്റെ 30-06-2021-ലെ G.O(Rt) 667/2021/ID നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച 12 കോടി രൂപയിൽനിന്നും തൊഴിലാളികൾക്ക് എത്ര മാസം വരെ നൽകേണ്ട ഡി.എ. കുടിശ്ശിക നൽകാനാകുമെന്നും ബാക്കി നിൽക്കുന്ന കുടിശ്ശിക നൽകാൻ എത്ര രൂപ വേണ്ടിവരുമെന്നും വ്യക്തമാക്കാമോ;

30-06-2021-ലെ സ.ഉ (സാധാ)നം. 667/2021/വ്യവ നം. ഉത്തരവ് പ്രകാരം അനുവദിച്ച 12 കോടി രൂപയിൽ മുഴുവൻ ഡി.എ. കുടിശ്ശികയും നൽകുവാൻ കഴിയും.

(സി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും വേതനം അവസാനമായി എന്നാണ് പരിഷ്കരിച്ചതെന്ന് അറിയിക്കാമോ?

ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള ബാംബൂ ബോർഡ് ഫാക്ടറി തൊഴിലാളികളുടെ ശമ്പള പരിഷ്കരണം സംബന്ധിച്ചുള്ള ദീർഘകാല കരാർ സർക്കാർ ഉത്തരവ് സ.ഉ (കൈ)നം.44/2016/വ്യവ തീയതി 01-03-2016 പ്രകാരം 01-07-2009 മുതൽ 30-06-2014 വരെ 5 വർഷ കാലാവധിയുള്ള ദീർഘകാല കരാർ 01-07-2009-ൽ പ്രാബല്യത്തിൽ വരുത്തി 01-07-2017-ൽ നടപ്പിലാക്കിയിട്ടുണ്ട്. ബാംബൂ കോർപ്പറേഷൻ ജീവനക്കാരുടെ 2006-ലെ ശമ്പള പരിഷ്കരണം 01-04-2014 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ബാംബൂ കോർപ്പറേഷന്റെ ഡിപ്പോവർക്കേഴ്സിന്റെ ശമ്പള പരിഷ്കരണം സ.ഉ (കൈ) നം.38/2016/വ്യവ തീയതി 29-02-2016 പ്രകാരം 01-01-2013 മുതൽ 5 വർഷത്തേയ്ക്ക് ദീർഘകാല കരാർ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഇവരുടെ വാർഷിക ശമ്പള വർദ്ധനവ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

95 കോടിയോളം രൂപയുടെ സഞ്ചിത നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാലാണ് വാർഷിക ശമ്പള വർദ്ധനവ് നൽകാൻ കഴിയാത്തത്.

ക്വാറി ഉത്പന്നങ്ങളുടെ ലഭ്യതക്കുറവ്

146(3578) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കാൻ അനുമതിയുള്ള എത്ര ക്രഷർ/ക്വാറികൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ജില്ല	ക്വാറികളുടെ എണ്ണം	ക്രഷറികളുടെ എണ്ണം
	QL+QP+CRPS	RMCU+DL
തിരുവനന്തപുരം	57	21
കൊല്ലം	25	54
പത്തനംതിട്ട	55	24
ആലപ്പുഴ	5	11
കോട്ടയം	25	44
ഇടുക്കി	19	29
എറണാകുളം	61	88
തൃശ്ശൂർ	27	50
പാലക്കാട്	61	61
മലപ്പുറം	106	85

കോഴിക്കോട്	61	72
വയനാട്	5	20
കണ്ണൂർ	62	97
കാസർഗോഡ്	14	21
ആകെ	583	677

(ബി) ക്വാറി ഉത്പന്നങ്ങളുടെ അനിയന്ത്രിതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) മണലിന് പകരമായി ഉപയോഗിച്ചുവരുന്ന എം സാന്റ്, പി സാന്റ് തുടങ്ങിയ ക്വാറി ഉത്പന്നങ്ങളുടെ ലഭ്യതക്കുറവുമൂലം നിർമ്മാണ മേഖലയിലുണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി & സി) കോവിഡ് മഹാമാരിമൂലം നിലനിൽക്കുന്ന നിയന്ത്രണങ്ങൾ കാരണം ക്വാറി ഉത്പന്നങ്ങൾക്ക് ലഭ്യതക്കുറവും വിലക്കയറ്റവും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇതിന് പരിഹാരമായി മറ്റ് സംസ്ഥാനങ്ങളിൽ നിന്നോ വിദേശത്തുനിന്നോ മണൽ ഇറക്കുമതിക്ക് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

എം സാന്റ്, പി സാന്റ് തുടങ്ങിയ ക്വാറി ഉത്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി ക്രഷറോട് കൂടിയതും അല്ലാത്തതുമായ 1133 യൂണിറ്റുകൾക്ക് ഡീലേഴ്സ് ലൈസൻസ് അനുവദിച്ച് പ്രവർത്തനാനുമതി

നൽകിയിട്ടുണ്ട്. കൂടാതെ വിദേശത്തുനിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇറക്കുമതി ചെയ്യപ്പെട്ട മണൽ ചട്ടപ്രകാരം ഡീലേഴ്സ് ലൈസൻസ് സമ്പാദിച്ച് വിപണനം നടത്തുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ ആഫീസുകളിൽ നിന്നും അനുമതി നൽകിവരുന്നു.

അനധികൃത ഖനനങ്ങൾ

147 (3579) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത ഖനനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾ നൽകുന്ന പരാതികൾ പരിഹരിക്കുന്നതിനായി നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പരാതികൾ അതാത് ജില്ലാ ഓഫീസുകൾ മുഖേന അന്വേഷണം നടത്തി നിയമലംഘനം, അനധികൃത ഖനനം എന്നിവ കണ്ടെത്തുന്ന പക്ഷം നിലവിലെ ചട്ടങ്ങൾക്കനുസൃതമായി ഉചിതമായ നടപടി സ്വീകരിച്ച് പരാതിക്കാരനെ വിവരമറിയിക്കുന്നു.

(ബി) അനധികൃത ഖനനങ്ങൾ തടയുന്നതിനുവേണ്ടി ഏർപ്പെടുത്തിയ ജില്ലാതല-പ്രാദേശികതല സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

അനധികൃത ഖനനങ്ങൾ തടയുന്നതിനുവേണ്ടി മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ നിന്നും ജില്ലാതല-പ്രാദേശികതല സമിതികളൊന്നും രൂപീകരിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുമാണ് അനധികൃത ഖനനങ്ങൾ തടയുന്നതിനുവേണ്ടിയുള്ള ജില്ലാതല-ഡിവിഷണൽതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. അനധികൃത ഖനനവും ഖനിജങ്ങളുടെ അനധികൃത ഗതാഗതവും തടയുന്നതിനായി മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ 3 സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) ലൈസൻസ് അനുമതി കാലഹരണപ്പെട്ടശേഷം ഖനനം നടക്കുന്ന ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

ഖനന ലൈസൻസുകൾ അനുവദിക്കുന്നതിന് മുമ്പായി ഖനനവുമായി ബന്ധപ്പെട്ട് മൈനിംഗ് പ്ലാനും ഖനനാനുമതി അവസാനിക്കുന്നതിന്റെ ഒരു വർഷം മുമ്പ് Mine Closure Plan -ഉം തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഖനന ലൈസൻസിന്റെ കാലാവധി അവസാനിക്കുമ്പോൾ Mine Closure

Plan -ലെ വ്യവസ്ഥകൾ പാലിച്ചില്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഒടുക്കിയിട്ടുള്ള തുക സർക്കാരിലേയ്ക്ക് കണ്ട് കെട്ടാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാത്രമല്ല, ഖനനാനുമതിയുടെ കാലാവധി കഴിഞ്ഞിട്ടും ഖനനം തുടരുന്നതായി കണ്ടെത്തിയാൽ 2015-ലെ Kerala Minor Mineral Concession Rules ചട്ടം 108(2) മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി

148 (3580) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ക്വാറി ഉത്പന്നങ്ങൾക്കുണ്ടായ ലഭ്യതക്കുറവുമൂലം നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആലപ്പുഴ ജില്ലയിൽ ക്വാറി ഉത്പന്നങ്ങളുടെ ലഭ്യതക്കുറവുള്ളതിനാൽ ടി ഉത്പന്നങ്ങൾ മറ്റു ജില്ലകളിൽനിന്നും നിയമാനുസൃതമായി കൊണ്ടുവന്ന് വിപണനം നടത്തുന്നതിന് ക്രഷറുള്ളതും ഇല്ലാത്തതുമായ 137 യൂണിറ്റുകൾക്ക് വകുപ്പ് ഡീലേഴ്സ് ലൈസൻസ് നൽകിയിട്ടുണ്ട്.

(ബി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിനും, ക്വാറി ഉത്പന്നങ്ങൾക്ക് സംസ്ഥാനമൊട്ടാകെ വില ഏകീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കരിങ്കല്ലിന്റെ വില നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും ജില്ലാ തലത്തിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെയും ക്വാറി ഉടമസ്ഥരുടെയും മൊത്തവിൽപ്പനക്കാരുടെയും സാന്നിദ്ധ്യത്തിൽ അടിയന്തര ചർച്ചകൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടുനൂൽ ഉൽപ്പാദന കേന്ദ്രം

149 (3581) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പട്ടുനൂൽ ഉൽപ്പാദന കേന്ദ്രം (സിൽക്ക് റീലിംഗ് യൂണിറ്റ്) ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പട്ടുനൂൽ ഉൽപാദന കേന്ദ്രമില്ല.

(ബി) എങ്കിൽ പ്രസ്തുത കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്നും പ്രസ്തുത കേന്ദ്രങ്ങളിൽ എത്ര തൊഴിലാളികളാണുള്ളതെന്നും അവർക്ക് വേതനം നൽകാറുണ്ടോ എന്നും വ്യക്തമാക്കാമോ?

(സി) പ്രവർത്തിച്ചുകൊണ്ടിരുന്നതും നിലവിൽ പ്രവർത്തനക്ഷമമല്ലാത്തതുമായ യൂണിറ്റുകൾ ഉണ്ടോയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(ഡി) എങ്കിൽ ഇങ്ങനെ എത്ര യൂണിറ്റുകൾ ഉണ്ടെന്നും ഇവ പ്രവർത്തനം തുടങ്ങിയതും നിർത്തിവച്ചതും എപ്പോഴാണെന്നും വ്യക്തമാക്കാമോ?

(ഇ) പ്രവർത്തനം തുടങ്ങിയ കാലത്ത് എത്ര തൊഴിലാളികൾ/ ജീവനക്കാർ ഉണ്ടായിരുന്നുവെന്നും ഇപ്പോൾ അവരുടെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ; പ്രവർത്തനം നിർത്തിയപ്പോൾ ആരെയെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടോയെന്നും ആനുകൂല്യങ്ങൾ മുഴുവൻ നൽകിയാണോ പിരിച്ചുവിട്ടതെന്നും അറിയിക്കാമോ; പിരിച്ചുവിട്ടില്ലെങ്കിൽ ഇപ്പോൾ അവർക്ക് വേതനം നൽകിവരുന്നോ എന്നും വ്യക്തമാക്കാമോ?

(എ-ഇ) ബാധകമല്ല.

പട്ടുനൂൽ ഉത്പാദനം

150 (3582) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ പട്ടുനൂൽ ഉത്പാദനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ പുതിയ സംരംഭങ്ങൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ പട്ടുനൂൽ ഉത്പാദനം കാര്യക്ഷമമാക്കുന്നതിന് പുതിയ സംരംഭങ്ങളൊന്നും വ്യവസായ വകുപ്പിന്റെ പരിഗണനയിലില്ല.

കൈത്തറി സഹകരണ സംഘങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക

151(3583) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാന്റെക്സ് കൈത്തറി സഹകരണ സംഘങ്ങൾക്ക് 15 കോടിയോളം രൂപ കുടിശ്ശികയായി നൽകാനുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽപ്പറഞ്ഞ തുക കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹാന്റെക്സ് കൈത്തറി സഹകരണ സംഘങ്ങളിൽ നിന്നും തുണി സംഭരിച്ച വകയിൽ 15 കോടിയോളം രൂപ കുടിശ്ശികയുണ്ട്. 2018-ലും 2019-ലും ഉണ്ടായ പ്രളയവും തുടർന്നുണ്ടായ കോവിഡ്-19 മഹാമാരിയുംമൂലം ഹാന്റെക്സിന്റെ വിൽപ്പനയിൽ 50% ത്തോളം

കുറവ് സംഭവിച്ചിട്ടുണ്ട്. വരും സീസണുകളിൽ വിൽപ്പന വർദ്ധിപ്പിക്കുന്നതിലൂടെ കൂടിശ്ശിക കുറച്ച് കൊണ്ടുവരാൻ സാധിക്കും.

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ സ്ഥലം ഉപയോഗപ്പെടുത്താൻ നടപടി

152(3584) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ ദേശീയ ഹൈവേ 66-നോട് ചേർന്ന് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡിന് എത്ര ഏക്കർ സ്ഥലമുണ്ട്?

കാസർഗോഡ് ജില്ലയിൽ മൈലാട്ടിയിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള ഉദുമ ടെക്സ്റ്റൈൽ മിൽസിന്റെ കൈവശം 23.83 ഏക്കർ സ്ഥലമുണ്ട്.

(ബി) പ്രസ്തുത സ്ഥലം വർഷങ്ങളായി ഉപയോഗിക്കാതെ വൃത്തിഹീനമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ സ്പിന്നിംഗ് മിൽ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

(സി) കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ എത്ര ഏക്കർ സ്ഥലം ഉപയോഗശൂന്യമായി കിടപ്പുണ്ടെന്നുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

ഉദുമ ടെക്സ്റ്റൈൽസിന്റെ കൈവശം ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമിയില്ല. ജില്ലയിൽ 1000 ഏക്കറോളം സ്ഥലം റവന്യൂ വകുപ്പ്, പഞ്ചായത്ത് വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ എന്നിവയുടെ ഉടമസ്ഥതയിൽ ഉപയോഗശൂന്യമായി കിടപ്പുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത സ്ഥലം ഏതെങ്കിലും വ്യവസായത്തിന് ഉപയുക്തമാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ആലോചിക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ മടിക്കൈയിൽ 99 ഏക്കർ റവന്യൂ ഭൂമി വ്യവസായ വകുപ്പിന് അഡ്വാൻസ് പൊസഷൻ വഴി കൈമാറി കിട്ടിയിട്ടുണ്ട്. ചീമേനിയിൽ 100 ഏക്കർ ഭൂമിയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

കുന്നത്തറ ടെക്സ്റ്റൈൽസ്

153(3585) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ വിലകൂടിയ ഭൂമിയും മറ്റ് കെട്ടിടങ്ങളും കോടതി ലിക്വിഡേറ്റ് ചെയ്തതിനാൽ നാമമാത്രമായ വിലയിൽ ആയത്

വിൽക്കപ്പെടാൻ സാദ്ധ്യതയുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിൽ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ കടബാധ്യത എത്രയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇനം തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഒഫിഷ്യൽ ലിക്വിഡേറ്റർ ഹൈക്കോടതിയിൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് പ്രകാരം സ്ഥാപനത്തിന്റെ നിലവിലെ ബാദ്ധ്യത ചുവടെ ചേർക്കുന്നു.

Workment Creditors - 7,10,81,891.50 രൂപ, Workment(Badalies)- 96,381 രൂപ, Preferential Creditors - 17,23,324 രൂപ, Unsecured Creditors -3,77,02,715 രൂപ, ആകെ- 11,06,04,311.50 രൂപ.

(സി) പ്രസ്തുത ടെക്സ്റ്റൈൽസിന്റെ സ്ഥാവരജംഗമ വസ്തുക്കളുടെ വില നിർണ്ണയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോതങ്കൽ ദേശത്തിലെ റി.സ 2/6,3/2 ലെയും കൊയിലാണ്ടി താലൂക്കിലെ അത്തോളി വില്ലേജിലെ കുമുള്ളി ദേശത്തിന്റെ ആർ.എസ് നമ്പർ

28/4 എ, 30/5, 41/2 എന്നിവിടങ്ങളിലെയും 4.7179 ഹെക്ടർ ഭൂമി കുന്നത്തറ ടെക്സ്റ്റൈൽസ് ലിമിറ്റഡിന്റെ കൈവശമാണ്. പ്രസ്തുത ഭൂമിയുടെ വില ആർ ഒന്നിന് ഏകദേശം 1,85,250/- രൂപയാണ്.

(ഡി) ഈ ടെക്സ്റ്റൈൽസ് സർക്കാർ ഏറ്റെടുത്ത് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

കുന്നത്തറ ടെക്സ്റ്റൈൽസ് ബഹു. ഹൈക്കോടതി ഉത്തരവിനാൽ ലിക്വിഡേഷനിലാണ്. പ്രസ്തുത സ്ഥാപനത്തിന്റെ ആസ്തികൾ ഏറ്റെടുത്ത് വിൽക്കുന്നതിന് ഒഫീഷ്യൽ ലിക്വിഡേറ്ററെ ബഹു.ഹൈക്കോടതി ചുമതലപ്പെടുത്തിയിട്ടുള്ളതും ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. കമ്പനിയുടെ സമാഹ്രീകരണ നടപടികളുമായി മുന്നോട്ടുപോകുന്നതിനാണ് സർക്കാർ തീരുമാനമെന്ന് ബഹു.ഹൈക്കോടതിയെ അറിയിച്ചിട്ടുള്ളതാണ്. കമ്പനിയുമായി ബന്ധപ്പെട്ട് കേസ് ബഹു.ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ കോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

കോട്ടയം ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി

154 (3586) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായ സ്ഥാപനമായ കോട്ടയം ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള കോട്ടയം ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തുടർച്ചയായി മൂന്ന് ഷിഫ്റ്റുകളും പൂർണ്ണമായി പ്രവർത്തിപ്പിക്കാൻ കഴിയാതെ വന്നതുമൂലം മില്ലിന്റെ പ്രവർത്തന മൂലധനത്തിൽ ശോഷണവും ഭീമമായ നഷ്ടവുമുണ്ടായി. വൈദ്യുതി ചാർജ്ജ് കുടിശ്ശികയായതിനെത്തുടർന്ന് വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെടുകയും 07-02-2020 മുതൽ മിൽ ലേ-ഓഫിലാകുകയും ചെയ്തു. മിൽ വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ ട്രേഡ് യൂണിയനുമായും മിൽ മാനേജ്മെന്റുമായും നിരന്തരം ചർച്ചകൾ നടത്തുന്നുണ്ട്. മില്ലിന്റെ തൊഴിലാളികളിൽ ഭൂരിഭാഗവും സ്ത്രീകളാണ്. രാത്രി ഷിഫ്റ്റിൽ സ്ത്രീകളെ ജോലിക്ക് ഒഴിവാക്കിയതുമൂലം മില്ലിന്റെ പ്രവർത്തനശേഷി ഗണ്യമായി

കുറഞ്ഞിട്ടുണ്ട്. രാത്രി ഷിഫ്റ്റിൽ സ്ത്രീ തൊഴിലാളികൾക്ക് ഫാക്ടറികളിൽ ജോലി ചെയ്യുന്നതിന് അനുമതി നൽകുന്നതിനായി ഫാക്ടറീസ് ആക്ട്, 1948 സെക്ഷൻ 66-ൽ നിയമാനുസൃത ഭേദഗതി വരുത്തുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിക്കുന്നതു സംബന്ധിച്ച് തൊഴിലും നൈപുണ്യവും വകുപ്പ് പരിശോധിച്ചുവരികയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 4.72 കോടി രൂപയുടെ ധനസഹായത്തിന് ഭരണാനുമതി നൽകുകയും ആദ്യ ഗഡുവായി 1.51 കോടി രൂപ അനുവദിച്ച് നൽകുകയും ചെയ്തു.

(ബി) കോട്ടയം ടെക്സ്റ്റൈൽസ് കഴിഞ്ഞ ഒന്നരവർഷമായി അടഞ്ഞ് കിടക്കുന്നതുമൂലം തൊഴിലാളികൾ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ ഇതിന് ഉടനടി പരിഹാരം കണ്ടെത്തുമോ; തൊഴിലാളികൾക്ക് അടിയന്തര ദുരിതാശ്വാസം നൽകുവാൻ തയ്യാറാകുമോ?

ലേ-ഓഫ് ഏർപ്പെടുത്തിയതിനുശേഷം ലേ-ഓഫ് വേതനം /ശമ്പള ഇനത്തിൽ 2020 ജൂൺ മുതൽ 2021 ജൂലൈ വരെ നൽകുവാനുള്ള കുടിശ്ശിക ഏകദേശം 148 ലക്ഷം രൂപയാണ്. തുടർച്ചയായി നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം മില്ലിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ കൊടുത്തു തീർത്തിട്ടില്ല. കോർപ്പറേഷന്റെ സാമ്പത്തിക ബുദ്ധിമുട്ട് മറികടക്കുന്നതിന്

നടപ്പു സാമ്പത്തിക വർഷം 350 ലക്ഷം രൂപ പ്രവർത്തന മൂലധനമായി അനുവദിച്ചിട്ടുണ്ട്.

(സി) ലാഭകരമായി പ്രവർത്തിക്കുവാൻ കഴിയുന്ന പ്രസ്തുത വ്യവസായ സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ടുള്ള സാങ്കേതിക പ്രശ്നങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമോ?

കോട്ടയം ടെക്സ്റ്റൈൽസ് ലാഭകരമായി പ്രവർത്തിക്കുന്നതിന് എല്ലാ തൊഴിലാളികളും മൂന്ന് ഷിഫ്റ്റിലും ജോലിക്ക് കയറി തുടർച്ചയായി മിൽ പ്രവർത്തിക്കേണ്ടതുണ്ട്. രാത്രി ഷിഫ്റ്റിൽ സ്ത്രീ തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്നതിനെതിരെ ഒരു വിഭാഗം സ്ത്രീ തൊഴിലാളികൾ ഫാക്ടറീസ് ആക്ട് 66.1(ബി) സെക്ഷന്റെ പിൻബലത്തിൽ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.2826/2021-ാം നമ്പർ കേസിന്മേൽ കോർപ്പറേഷൻ ഫയൽ ചെയ്ത അപ്പീൽ ബഹു.കോടതിയിൽ നിലനിൽക്കുകയാണ്.

(ഡി) കോട്ടയം ടെക്സ്റ്റൈൽസിന്റെ പുനരുദ്ധാരണത്തിന് അനിവാര്യമായ വികസന പദ്ധതികൾ വിവരിക്കാമോ; ഇതിനാവശ്യമായ

പദ്ധതികൾക്ക് വ്യവസായ വകുപ്പുമന്ത്രി മുൻകയ്യെടുത്ത് സത്വര നടപടി സ്വീകരിക്കുമോ?

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ വരുന്ന കോട്ടയം ടെക്സ്റ്റൈൽസ് ഉൾപ്പെടെയുള്ള മില്ലുകളുടെ പുനരുദ്ധാരണത്തിനായി ഒരു മാസ്റ്റർ പ്ലാൻ കോർപ്പറേഷൻ തയ്യാറാക്കി വരികയാണ്.

ഖാദി, കൈത്തറി, ബീഡി മേഖലകൾ പുനരുജ്ജീവിപ്പിക്കാൻ നടപടി

155(3587) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളായ ഖാദി, കൈത്തറി, ബീഡി മേഖലകൾ കോവിഡിനെത്തുടർന്ന് പ്രതിസന്ധിയിലായതിനാൽ ഇവ പുനരുജ്ജീവിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ?

ഉണ്ടാകും. കോവിഡ് മഹാമാരിയെ തുടർന്ന് പ്രതിസന്ധിയിലായ കൈത്തറി മേഖലയിൽ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയതിലൂടെ നെയ്ത്ത് ജോലികൾ പുനരാരംഭിക്കാൻ കഴിഞ്ഞു. കുടിശ്ശികയായിരുന്ന കൂലി നൽകുകയും വിപണനത്തിൽ വന്ന കുറവ് പരിഹരിക്കുന്നതിനായി അധികം റിബേറ്റ് ദിനങ്ങൾ അനുവദിക്കുകയും ചെയ്തു. എല്ലാ നെയ്ത്തുകാർക്കും

ക്ഷേമനിധി ബോർഡു വഴി ധനസഹായ വിതരണം നടത്തി. ടെക്സ്റ്റൈൽ മേഖലയുടെ പുനരുദ്ധാരണത്തിനായി 7435 ലക്ഷം രൂപയുടെ പ്രത്യേക പാക്കേജ് അനുവദിച്ച് ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ പ്രതിസന്ധി പരിഹരിക്കുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാർ പ്രഖ്യാപിച്ച 56 ദിവസത്തെ റിബേറ്റ് ദിനങ്ങൾക്കു പുറമെ അധികമായി 50 ദിനങ്ങൾ സ്പെഷ്യൽ റിബേറ്റായും അനുവദിച്ചിരുന്നു. ബീഡി മേഖലയിലുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനും നിലവിലുള്ള തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി കേരളത്തിലെ ബീഡി തൊഴിലാളി സഹകരണ സംഘങ്ങളുടെ കേന്ദ്ര സംഘമായ കേരള ദിനേശ് ബീഡി സഹകരണ സംഘത്തിന് സംഘം സംസ്ഥാന സർക്കാരിലേക്ക് അടക്കുന്ന നികുതിക്ക് സമാശ്വാസമായി പ്രവർത്തന ഗ്രാന്റിനത്തിൽ ധനസഹായം നൽകി വരുന്നു. 2016-17 വർഷം 8 കോടിയും 2017-18 വർഷം 4 കോടിയും ഇപ്രകാരം വിതരണം ചെയ്തിട്ടുണ്ട്. 2017 - 18 സാമ്പത്തിക വർഷത്തിൽ സംഘം ഒടുക്കിയ ജി.എസ്.ടി. തുകയുടെ അടിസ്ഥാനത്തിൽ 5 കോടി രൂപ പ്രവർത്തന മൂലധനമായി അനുവദിക്കുവാൻ 22-07-2021 -ൽ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി നേരിടുന്നതിന്

സഹായകരമാകുന്നതാണ്. കോവിഡ്മൂലം പ്രതിസന്ധിയിലായ ഖാദി മേഖലയെ പരിപോഷിപ്പിക്കുന്നതിനായി ഖാദി ബോർഡ് പലവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. ഒന്നാം വ്യാപന കാഘഘട്ടത്തിൽ നിന്ന് രക്ഷപ്പെട്ടുവന്ന ഖാദി സ്ഥാപനങ്ങൾ പുനരാരംഭിക്കുന്നതിനായി 50 ലക്ഷം രൂപ കോവിഡ് സഹായമായി നൽകി. കോവിഡ്-19 ന്റെ ഒന്നാം വ്യാപന ഘട്ടത്തിൽ ഓണത്തിന് ബോർഡിന്റെ തൊഴിലാളികൾക്ക് 250 രൂപ വീതം കോവിഡ് അലവൻസും, കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് 1000 രൂപ വീതം ഖാദി തൊഴിലാളികൾക്ക് ധനസഹായവും നൽകി. കൂടാതെ, കോവിഡ് ബാധിതരായ തൊഴിലാളികൾക്ക് 2000 രൂപ സഹായമായി നൽകിയിട്ടുണ്ട്. ബോർഡ് എല്ലാ ഖാദി തൊഴിലാളികൾക്കും 1000 രൂപ വീതം ധനസഹായവും നൽകി. കോവിഡ് വ്യാപന സമയത്ത് വിൽപ്പന നടക്കാതിരുന്നതുകൊണ്ട് ലഭ്യമായ ഖാദി തുണികൾ ഉപയോഗിച്ച് സർക്കാരിനും മറ്റു സ്ഥാപനങ്ങൾക്കും കുറഞ്ഞ വിലയിൽ മാസ്കുകൾ തയ്ച്ചു നൽകി. അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നിലവിലെ തൊഴിലാളികൾക്ക് മുടക്കം കൂടാതെ കൂലി നൽകുന്നതിനും സാധിച്ചു.

(ബി) സംസ്ഥാനത്തെ കൈത്തറി സംഘങ്ങൾക്ക് നൂൽ ഉൾപ്പെടെയുള്ളവ ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകുമോ?

ഉണ്ടാകും. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് നെയ്ത്തുകാർക്കും സംഘങ്ങൾക്കും നാഷണൽ ഹാൻഡ്ലൂം വികസന കോർപ്പറേഷൻ മുഖാന്തരം നൂൽ വിതരണം നടത്തി വരുന്നു.

വടകര മണ്ഡലത്തിലെ ഓട് ഫാക്ടറി

156(3588) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിലെ ചോറോഡ് പഞ്ചായത്തിലെ ഓട് ഫാക്ടറി വർഷങ്ങളായി പൂട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഓട് ഫാക്ടറിയുടെ കെട്ടിടവും ഭൂമിയും ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസിന്റെ കൈവശമാണോ നിലവിലുള്ളത്; എങ്കിൽ ഫാക്ടറിയോട് അനുബന്ധിച്ച് വകുപ്പിന്റെ കൈവശമുള്ള ഭൂമിയുടെയും സ്വത്തിന്റെയും വിശദാംശങ്ങൾ നൽകുമോ?

പ്രസ്തുത സൊസൈറ്റിയുടെ ഭൂമിയും കെട്ടിടവും കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ കൈവശമാണുള്ളത്. 2012 വരെ

ലിക്വിഡേഷനിലായിരുന്ന പ്രസ്തുത സ്ഥാപനത്തിന്റെ ലിക്വിഡേഷൻ നടപടികൾ നം.കെ.ബി.1718/2007/ സഹ., തീയതി 03.07.2012 -ലെ ബോർഡ് ഉത്തരവ് പ്രകാരം നിർത്തിവച്ചിട്ടുണ്ട്. സംഘത്തിന്റെ സ്വത്ത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

(1) റീസർവ്വേ നം. 216/198- 4.6 ആർ, 4.7 ആർ (2) റീസർവ്വേ നം. 216/198- 4.5 ആർ, 8 ആർ (3) റീസർവ്വേ നം. 271/171 - 10 ആർ (4) റീസർവ്വേ നം. 285/183- 3.9 ആർ (5) റീസർവ്വേ നം. 271/392- 5 ആർ, 4.8 ആർ (6) റീസർവ്വേ നം. 2849/181- 2.8 ആർ

(സി) നിരവധി സാധാരണക്കാരായ തൊഴിലാളികളുടെ ജീവനോപാധിയായിരുന്ന ഈ സ്ഥാപനം വീണ്ടും തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

സംഘം പ്രവർത്തനസജ്ജമാക്കി പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നപക്ഷം ആയത് പരിശോധിച്ച് അനുകൂല നടപടി സ്വീകരിക്കുന്നതാണ്.

ഖാദി വ്യവസായം

157(3589) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽ ഖാദിയുടെ ഉപയോഗം വ്യാപകമായതിനെ തുടർന്ന് സംസ്ഥാനത്തെ പരമ്പരാഗത ഖാദി വ്യവസായം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നവീകരിച്ച് സംരക്ഷിക്കാൻ കഴിയുന്ന വ്യവസായമെന്ന നിലയിൽ ഭാഗികമായ യന്ത്രവൽക്കരണം നടത്തി ഖാദി മേഖലയെ സംരക്ഷിക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പടുത്തുമോ?

ഇല്ല. കൈകൊണ്ട് ചർക്കയിൽ നൂൽ നൂറ്റ് കൈത്തറിയിൽ നെയ്തെടുക്കുന്ന വസ്തുമാണ് ഖാദി. അതുകൊണ്ടുതന്നെ വൈദ്യുതിയോ യന്ത്രങ്ങളോ ഉപയോഗിക്കാൻ കഴിയില്ല.

ഖാദി വ്യവസായം

158(3590) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി വ്യവസായം ലാഭകരമാക്കി മാറ്റുന്നതിനും ഖാദി ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും സാധാരണ റിബേറ്റ്, ഉത്സവ കാലങ്ങളിൽ പ്രത്യേക റിബേറ്റ്, (സംസ്ഥാനത്തിനകത്ത് ഉൽപാദിപ്പിക്കുന്ന ഖാദി വസ്ത്രങ്ങൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോടുകൂടി വില്പനശാലകളുടെ നവീകരണം, ദൃശ്യ - ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണം, കൂടാതെ ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. 2021 -ലെ ഓണ വില്പനയോടനുബന്ധിച്ച് ബോർഡിന്റെ തനതു ഉല്പന്നങ്ങളുടെ 5000 രൂപ വിലമതിക്കുന്ന ഓണക്കിറ്റ് റിബേറ്റിന് പുറമേ 10% ഡിസ്കൗണ്ടോടെ വിൽക്കുന്നതിനു നടപടി സ്വീകരിച്ചിരുന്നു.

(ബി) ഖാദി വ്യവസായ മേഖലയിൽ കൂടുതൽ യുവാക്കൾക്ക് തൊഴിൽ നൽകുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി 'ഖാദി ഗ്രാമം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കു പകരം പുതിയ യന്ത്രസാമഗ്രികൾ

ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവ നടപ്പിലാക്കി വരുന്നു. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമവ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. ഇതിനു പുറമേ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കി വരുന്നു.

(സി) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ എത്ര ഖാദി വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

2 ഉൽപ്പാദന യൂണിറ്റുകളും (പള്ളിക്കുന്ന് നൂൽപ്പ് & നെയ്ത്ത് യൂണിറ്റ്) 2 വിപണന യൂണിറ്റുകളും (കെ.ജി.എസ്. കൽപ്പറ്റ & ജി.എസ് പള്ളിക്കുന്ന്) പ്രവർത്തിക്കുന്നുണ്ട്.

(ഡി) പ്രസ്തുത മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കോവിഡ്-19 മഹാമാരി കാരണം തൊഴിൽ നഷ്ടപ്പെട്ട ഖാദി തൊഴിലാളികൾക്ക് മിനിമം വേതന പദ്ധതി പ്രകാരം സർക്കാർ അനുവദിച്ച 22 കോടി രൂപയിൽനിന്നും വയനാട് ജില്ലയിൽ 1,06,000 രൂപ വിതരണം ചെയ്തു. കോവിഡ് ബാധിച്ച 2 തൊഴിലാളികൾക്ക് 2000 രൂപ വീതം അനുവദിച്ചു. ആയത് തുടർന്നും അനുവദിച്ച് വരുന്നു. കൂടാതെ ഈ ജില്ലയിൽ 51 ഖാദി തൊഴിലാളികൾക്കും 1000 രൂപ വീതം 51000 രൂപ അനുവദിച്ച് നൽകി. ഓണക്കാലത്ത് സർക്കാർ അനുവദിച്ച ഉൽസവബത്തയ്ക്ക് പുറമെ എല്ലാ ഖാദി തൊഴിലാളികൾക്കും 250 രൂപ വീതം അധികം നൽകി. കൂടാതെ ഖാദിയുടെ ക്ഷേമനിധി ബോർഡിൽനിന്നും 1000 രൂപ വീതം രണ്ട് ഗഡുക്കളായി 51 ഖാദി തൊഴിലാളികൾക്കും നൽകി.

മാമ്പറ്റയിലെ കയർ ഡീഫൈബറിംഗ് യൂണിറ്റിന്റെ പ്രവർത്തനം

159 (3591) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ബോർഡിന് കീഴിൽ മുക്കം മാമ്പറ്റയിൽ പ്രവർത്തിക്കുന്ന കയർ ഡീഫൈബറിംഗ് യൂണിറ്റ് പ്രവർത്തിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

കയർഫെഡിന് കീഴിലുള്ള മാമ്പറ്റ വെസ്റ്റ് ഡീഫൈബറിംഗ് യൂണിറ്റിലെ മെഷീനറികൾ 2000-ലാണ് സ്ഥാപിച്ചത്. ആദ്യഘട്ടത്തിൽ 10000 തൊണ്ട് അടിക്കുന്ന മെഷീനുകളാണ് ഉണ്ടായിരുന്നത്. കാലപ്പഴക്കം കാരണം പലപ്പോഴായി മെഷീനുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും 1000 തൊണ്ട് മാത്രം അടിക്കാവുന്ന അവസ്ഥയിലേയ്ക്ക് എത്തുകയും ചെയ്തു. തുടർന്ന് യൂണിറ്റ് വൻ നഷ്ടത്തിലേയ്ക്ക് പോയതിന്റെ അടിസ്ഥാനത്തിൽ കയർഫെഡിന്റെ നിർദ്ദേശപ്രകാരമാണ് യൂണിറ്റിന്റെ പ്രവർത്തനം നിർത്തലാക്കിയത്.

(ബി) പ്രസ്തുത യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പ്രസ്തുത യൂണിറ്റിന്റെ നവീകരണത്തിനായി 01.07.2021-ലെ സ.ഉ(സാധാ)670/2021/വ്യവ പ്രകാരം 23.50 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

കയർ തൊഴിലാളികൾക്കുവേണ്ടിയുള്ള പദ്ധതികൾ

160(3592) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയെ പുരോഗതിയിലേയ്ക്ക് നയിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പരമ്പരാഗത കയർ വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും പരമ്പരാഗത കയർ തൊഴിലാളികളുടെ ഉന്നമനത്തിനുംവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുന:സംഘടന. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച ഈ പദ്ധതി 2021-22 വർഷത്തിൽ പൂർത്തിയാകുന്നതാണ്. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പാദന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുന:സംഘടന ഇതുവഴി കൈവരിക്കാനാകുമെന്ന് കരുതുന്നു. തൊണ്ട് സംഭരണം ശക്തിപ്പെടുത്തിയും പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പിലാക്കിയും പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ മേഖലയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 2-ാം പുന:സംഘടന വിജയപ്രദമായി മുന്നോട്ട് പോവുകയാണ്. ആധുനിക

സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന മിഷനും ജില്ലാ മിഷനുകളുമായി ചർച്ചകൾ നടത്തുകയുണ്ടായി. കണ്ണൂർ പ്രോജക്ട് ഓഫീസിനുകീഴിൽ രണ്ടും തൃശ്ശൂർ പ്രോജക്ട് ഓഫീസിനുകീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡീ-ഫൈബറിംഗ് മില്ലുകൾ കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡീ-ഫൈബറിംഗ് യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായക അളവുവരെ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്ത് ഇതിനോടകം തന്നെ 8000 മുതൽ 80,000 തൊണ്ട് വരെ പ്രതിദിനം ചകിരിയാക്കാൻ

കഴിയുന്ന 130 ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡീഫൈബറിംഗ് മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡീഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം "കയർ കേരള 2019" അന്താരാഷ്ട്ര മേളയിൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. നിലവിൽ 50,000 ടൺ ചകിരി ഉത്പാദിപ്പിക്കാനുള്ള സ്ഥാപിതശേഷി ആർജ്ജിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഡീഫൈബറിംഗ് മില്ലുകൾ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവയ്ക്ക് 90%, സ്വകാര്യ സംരംഭകർക്ക് 50% പരമാവധി 25 ലക്ഷം രൂപ എന്നതരത്തിൽ പ്രവർത്തനമൂലധനം ഒഴിവാക്കിയ മൊത്തം പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നു. മേൽനടപടികളുടെ ഭാഗമായി മുൻകാലഘട്ടങ്ങളിൽ ചകിരിക്കായി തമിഴ്നാടിനെ ആശ്രയിച്ചിരുന്ന സംഘങ്ങൾക്ക് ഡീഫൈബറിംഗ് മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന ചകിരി ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ട്. സംഘങ്ങൾക്കാവശ്യമായ ചകിരി ലഭ്യമാക്കുന്നതിന് കയർഫെഡ് ഇ-ടെണ്ടർ വഴി പ്രൈസ് ഡിസ്കവറി സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. നിശ്ചയിച്ചിട്ടുള്ള ഗുണമേന്മ ഉറപ്പാക്കി വർഷം മുഴുവൻ

വിലവ്യത്യാസം കൂടാതെ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കുന്നതിന് ഇതുവഴി സാധിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 23,000 ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 100 സംഘങ്ങളിലായി 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. 100 സംഘങ്ങളിൽകൂടി 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. ഉൽപ്പാദിപ്പിച്ച കയറിന് വിപണി കണ്ടെത്തുന്നതിനായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷനുമായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മണ്ണ് ജല സംരക്ഷണ പദ്ധതിക്കും റോഡ് നിർമ്മാണത്തിനും കയർഭൂവസ്ത്ര പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുവരെ 100 കോടി രൂപയുടെ കയർഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2021-ൽ നടന്ന വെർച്വൽ കയർകേരള മേളയിൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര വിതരണത്തിനായുള്ള ധാരണാപത്രം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. ഉൽപ്പന്ന മേഖലയിലെ കയർ സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനായി അടിസ്ഥാന സൗകര്യം

വികസിപ്പിച്ചുകൊണ്ട് ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത കയർ തൊഴിലാളികൾക്കുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

കയർ മേഖലയിൽ സമ്പൂർണ യന്ത്രവൽക്കരണം ലക്ഷ്യമിട്ടിട്ടുള്ളത് പരമ്പരാഗത കയർ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടാണ്. കോവിഡ് നിയന്ത്രണവുമായി ബന്ധപ്പെട്ട ലോക്ക്ഡൗൺ കാലത്ത് കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കയർ തൊഴിലാളികൾക്ക് 1000/-രൂപ വീതം ധനസഹായം നല്കിവരുന്നു. കോവിഡിന്റെ പശ്ചാതലത്തിൽ സാമ്പത്തിക പ്രതിസന്ധി നേരിട്ട കയർ തൊഴിലാളികളെയും കയർ സഹകരണ സംഘങ്ങളെയും സംരക്ഷിക്കുന്നതിനായി കയർ കടാശ്വാസ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇതിൻപ്രകാരം കയർ സഹകരണ സംഘങ്ങളുടെ ക്യാഷ് ക്രഡിറ്റ് വായ്പ കുടിശ്ശികകൾ, ഇ.പി.എഫ്, ഇ.എസ്.ഐ കുടിശ്ശിക, തൊഴിലാളികൾക്കുള്ള ഗ്രാറ്റുവിറ്റി, വൈദ്യുതി, വെള്ളക്കരം കുടിശ്ശികകൾ എന്നിവ തീർപ്പാക്കുന്നതിലേയ്ക്കായി 25 കോടി രൂപ അനുവദിച്ചു. അതിൽ 24.98 കോടി രൂപയും ചെലവഴിക്കുകയുണ്ടായി.

കയർ രണ്ടാം പുന:സംഘടന പദ്ധതി

161 (3593) ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി ദെലീമ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ പ്രതിസന്ധി നേരിട്ടിരുന്ന കയർ വ്യവസായം രണ്ടാം കയർ പുന:സംഘടന പദ്ധതിയിലൂടെ പുനരുദ്ധരിക്കാൻ കഴിഞ്ഞ സർക്കാരിന് സാധിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പരമ്പരാഗത കയർ വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും പരമ്പരാഗത കയർ തൊഴിലാളികളുടെ ഉന്നമനത്തിനുംവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുന:സംഘടന. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച ഈ പദ്ധതി 2021-22 വർഷത്തിൽ പൂർത്തിയാകുന്നതാണ്. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ

ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുന:സംഘടന ഇതുവഴി കൈവരിക്കാൻ സാധിക്കുന്നതാണ്. സംസ്ഥാനത്ത് ഇതിനോടകം തന്നെ 8000 മുതൽ 80,000 തൊണ്ട് വരെ പ്രതിദിനം ചകിരിയാക്കാൻ കഴിയുന്ന 130 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019-ൽ ഒപ്പുവയ്ക്കുകയും തുടർപ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. നിലവിൽ 50,000 ടൺ ചകിരി ഉത്പാദിപ്പിക്കാനുള്ള സ്ഥാപിതശേഷി ആർജ്ജിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. 2015-16-ൽ കേവലം 2.5%-ൽ താഴെമാത്രം ചകിരി ഉല്പാദനമുണ്ടായിരുന്ന സ്ഥാനത്ത് 2020-21-ൽ 32% ചകിരി ഉല്പാദനം കേരളം കൈവരിച്ചു. കയർ രംഗത്ത് നടപ്പാക്കിയ പുന:സംഘടനയുടെ വിജയമാണ് ഇത് വെളിവാക്കുന്നത്. തൊണ്ടിന്റെ ഉപയോഗം 5%-ൽ നിന്നും 18% ആയി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികളുടെ

തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്ക്കരിക്കുക എന്നതാണ് കയർ രണ്ടാം പുന:സംഘടനയുടെ സവിശേഷത. ഇതിനായി പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയർ ഉല്പാദനത്തിന് കൂലിയുടെ ഒരു വിഹിതം ഇൻകം സപ്പോർട്ട് എന്ന രീതിയിൽ സർക്കാർ വഹിക്കുന്നു. കയർ മേഖലയിൽ ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതോടെ തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയുകയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും തൻമൂലം വരുമാനം കൂടുകയും ചെയ്യും. മെച്ചപ്പെട്ട വരുമാനം ലഭ്യമാകുകയും തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുകയും ചെയ്യും. കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി 100 കയർ സഹകരണ സംഘങ്ങളിൽ 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇവ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം കയറിന്റെ ത്തുക്കവും റണ്ണേജും കണക്കിലെടുത്ത് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പരമാവധി 500 രൂപ വരെ സർക്കാർ സഹായമില്ലാതെ തൊഴിലാളിക്ക് ഇത്തരം സംഘങ്ങളിൽ ലഭിക്കുന്നുണ്ട്. 2015-16 കാലയളവിൽ ഒരു തൊഴിലാളിയുടെ ശരാശരി വാർഷിക വരുമാനം 13,380/-രൂപയായിരുന്നത് 2020-21-ൽ കയർ

ഉത്പാദനം വർദ്ധിച്ചതോതിൽ നടക്കുന്ന പ്രോജക്ടുകളിൽ 50,000/- രൂപയിലേയ്ക്ക് ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2015-16-ൽ 7880 ടണ്ണായിയിരുന്ന കയർ ഉത്പാദനം 2020-21 സാമ്പത്തിക വർഷത്തിൽ 25000 ടണ്ണായി ഉയർത്താൻ സാധിച്ചിട്ടുണ്ട്. കയർ ഉല്പന്ന മേഖലയെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും ഒഴിവാക്കാൻ ആരംഭിച്ച പർച്ചേസ് പ്രൈസ് സ്റ്റബിലൈസേഷൻ പദ്ധതി (PPSS) പ്രകാരം 2015-16 വരെ പിന്നിട്ട 5 വർഷംകൊണ്ട് 399 കോടി രൂപയുടെ ഉല്പന്നങ്ങൾ കയർ കോർപ്പറേഷൻ വഴി സംഭരിച്ച സ്ഥാനത്ത് 2016-17 മുതൽ 2020-21 വരെ 732 കോടി രൂപയുടെ ഉല്പന്ന സംഭരണം നടത്തുന്നതിന് കഴിഞ്ഞു. ഈ പദ്ധതിയിൽ ഇതിൻപ്രകാരം 83% വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉൽപ്പാദിപ്പിച്ച കയറിന് വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ്.-മായി ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മണ്ണ് ജല സംരക്ഷണ പദ്ധതിക്കും റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുവരെ 100 കോടി രൂപയുടെ കയർഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) തൊഴിലാളികളുടെ താല്പര്യം പരിരക്ഷിച്ചുകൊണ്ട് നടത്തിയ ആധുനികവത്ക്കരണ പ്രവർത്തനങ്ങൾ വഴി ഉത്പാദനത്തിൽ ഗണ്യമായ

വർദ്ധന സൃഷ്ടിക്കാനായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ തുടർച്ചയായി ഇതിനാവശ്യമായ വിപണികൂടി കണ്ടെത്താനുള്ള ഫലപ്രദമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

2015-16-ൽ 7880 ടണ്ണായിരുന്ന കയർ ഉത്പാദനം 2020-21 സാമ്പത്തിക വർഷത്തിൽ 25000 ടണ്ണായി ഉയർത്താൻ സാധിച്ചിട്ടുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് 22% വർദ്ധനവ് കൈവരിച്ചു. ഉൽപ്പാദിപ്പിച്ച കയറിന് വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ്.-മായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മണ്ണ് ജല സംരക്ഷണ പദ്ധതിക്കും റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുവരെ 100 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2020-21 വെർച്വൽ കയർകേരളയിൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്രധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ രണ്ടാംപുന:സംഘടനയുടെ ഭാഗമായി കയർവകുപ്പ് നെതർലന്റ്സിലെ വാഗ്നിംഗൻ സർവ്വകലാശാലയുമായി കയർ കോംപോസിറ്റ്സ് ബോർഡ് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഒരു പദ്ധതിക്ക് എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ മൊത്തം ചെലവ് 100

കോടിരൂപയാണ്. ഡി.എഫ്. യൂണിറ്റുകളിൽനിന്നും കയർ പിത്തിന്റെ വിൽപ്പന നടക്കുന്നു. 2016-ൽ 50 പൈസ കിലോയ്ക്ക് ലഭിച്ചിരുന്ന കയർപിത്തിന് ഇന്ന് 4.00 രൂപ വില ലഭിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ഇത് കയർ രണ്ടാം പുന:സംഘടനയുടെ എടുത്തുപറയേണ്ട ഒരു നേട്ടമാണ്. കയർ ഉത്പന്നങ്ങളുടെ വിപണനം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ കയർ പൊതുമേഖലാ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനായി റിലയൻസ്, വാൾമാർട്ട് കമ്പനികളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ പ്രത്യേക ഡിസ്കൗണ്ടുകളോടുകൂടി സംസ്ഥാനത്തിനകത്തും പുറത്തും ഷോറൂമുകൾ വഴി കയർ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. കയറിന്റെയും മറ്റ് പ്രകൃതിദത്തനാരുകളുടേയും വിപണി വിപുലീകരണം ലക്ഷ്യമാക്കി അന്തർദേശീയ പ്രദർശന മേളയായ കയർ കേരള നടത്തുന്നു. 2021 വെർച്വൽ കയർ കേരളയിൽ 616.72 കോടി രൂപയുടെ വ്യാപാര കരാർ ഒപ്പിടുകയുണ്ടായി. ഇപ്രകാരം മേളകൾ സംഘടിപ്പിക്കുക വഴിയും ആഭ്യന്തര വിദേശ വിപണി വിപുലീകരിക്കുന്നതിന് കഴിയുന്നുണ്ട്. കയർ പൊതുമേഖലാസ്ഥാപനങ്ങൾ സ്വന്തം നിലയ്ക്കും വിപണി വിപുലീകരണത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കോവിഡ്

കാലത്ത് പാദങ്ങളുടെ ശുചിത്വം ലക്ഷ്യംവെച്ച് സാനിമാറ്റ്, സാനിപാഡ് എന്ന പേരിൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും കയർഫെഡും ഉത്പന്നങ്ങൾ മാർക്കറ്റിൽ ഇറക്കുകയുണ്ടായി. ഇവയിൽ കൈത്തറി തടുക്കുകൾ ഉപയോഗിക്കുന്നുണ്ട്.

(സി) തൊണ്ടുസംഭരണവും ചകിരി ഉത്പാദനവും കാര്യക്ഷമമാക്കാൻ നടന്നുവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകിക്കൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട്

ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി രൂപീകരിച്ച കയർ കൺസോർഷ്യം വഴി സാദ്ധ്യമായിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്. കയർ സഹകരണ സംഘങ്ങൾക്ക് തൊണ്ട് സംഭരിക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് ഇനത്തിൽ 2 ലക്ഷം രൂപവരെയും സംഭരിക്കുന്ന തൊണ്ടിന് സബ്സിഡിയും ഈ പദ്ധതി പ്രകാരം നൽകിവരുന്നു.

കയർ വകുപ്പിന്റെ പദ്ധതി

162 (3594) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കയർ വകുപ്പുമായി ബന്ധപ്പെട്ട എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കയർ വകുപ്പുമായി ബന്ധപ്പെട്ട് 6 പഞ്ചായത്തുകളിലായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 47000

ചതുരശ്രമീറ്റർ കയർ ഭ്രവസ്തം വിതാനം ചെയ്യുന്നതിന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

ചകിരിയുടെ ലഭ്യത

163 (3595) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട കയർ ഫാക്ടറികളിലും സൊസൈറ്റികളിലും അസംസ്കൃത വസ്തുവായ ചകിരി ലഭ്യമാക്കുന്നതിന് നിലവിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ആലപ്പുഴ ജില്ലയിൽ കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട കയർ ഫാക്ടറികളിലും സൊസൈറ്റികളിലും അസംസ്കൃത വസ്തുവായ ചകിരി ലഭ്യമാക്കുന്നതിന് കയർ സഹകരണ സംഘങ്ങളുടെ അപ്പെക്സ് ബോഡിയായ കയർഫെഡിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയത് പ്രകാരം കയർഫെഡിൽ അംഗത്വം എടുത്തിട്ടുള്ള കയർപിരി, ചെറുകിട ഉൽപ്പാദക സൊസൈറ്റികൾ എന്നിവയുടെ ആവശ്യപ്രകാരം കേരളത്തിനകത്തെ ചകിരി മില്ലുകളിൽ നിന്നും ഇ-ടെണ്ടർ വഴി എംപാനൽ ചെയ്തിട്ടുള്ള

സപ്ലൈയർമാരിൽ നിന്നും കേരളത്തിന് പുറത്തുനിന്നുള്ള ചകിരിയും വാങ്ങി വിതരണം ചെയ്യുന്നതിന് കയർഫെഡ് നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പൊതു വിപണിയിൽ കുറഞ്ഞ വിലയിൽ ഗുണനിലവാരമുള്ള ചകിരി ലഭിക്കുമെങ്കിലും കേന്ദ്രീകൃതമായി ചകിരി വാങ്ങി വിതരണം ചെയ്യുന്നതിനാൽ ഫാക്ടറികളും സൊസൈറ്റികളും കൂടിയ വിലയ്ക്ക് ചകിരി വാങ്ങേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2020-2021 വർഷത്തിൽ കയർ സഹകരണ സംഘങ്ങൾക്ക് ആവശ്യമായ ഗുണമേന്മയുള്ള പച്ചതൊണ്ട് ചകിരിയും ഉണക്കതൊണ്ട് ചകിരിയും ലഭ്യമാക്കുന്നതിനുള്ള പൂർണ്ണ ചുമതല കയർഫെഡിന് നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ചകിരി ഒരു സീസണൽ ഉൽപ്പന്നം എന്ന നിലയിൽ അതിന്റെ വില ഒരു വർഷക്കാലത്തിൽ കിലോക്ക് 20 മുതൽ 32 രൂപ വരെ വ്യതിയാനം സംഭവിക്കുന്നുണ്ട്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ കിലോയ്ക്ക് 15 മുതൽ 23 രൂപ വരെ നിരക്കിലാണ് വ്യത്യസ്ത ഗുണനിലവാരമുള്ള ചകിരി കയർഫെഡ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. ഇതുകൂടാതെ ചകിരിയുടെ ഗുണമേന്മ പരിശോധിക്കുന്നതിനും ആയതിന് ആനുപാതികമായി വില കുറയ്ക്കുന്നതിനും നടപടിക്രമങ്ങൾ കയർഫെഡ് സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ഓഫ് പീക് സീസണിൽ 32

രൂപ വരെ കിലോയ്ക്ക് വർദ്ധിച്ച സമയത്തും കയർഫെഡ് കിലോയ്ക്ക് 20 മുതൽ 23 രൂപ വരെയുള്ള നിരക്കിലാണ് ചകിരി വാങ്ങി വിതരണം ചെയ്തിട്ടുള്ളത്.

(സി) ഇതിന് പരിഹാരമായി പൊതുവിപണിയിൽ ചകിരിക്ക് വിലകുറയുമ്പോൾ ഉല്പാദകരായ സംഘങ്ങൾക്കും ഫാക്ടറികൾക്കും ഇത് നേരിട്ട് സംഭരിക്കാനുള്ള അനുവാദം നൽകുമോ?

സംഘങ്ങൾക്കും ചെറുകിട ഉല്പാദകർക്കും നേരിട്ട് ചകിരി സംഭരിക്കുവാൻ അനുവാദം നല്കിയിരുന്നുവെങ്കിലും ഈ അനുമതി റദ്ദാക്കിക്കൊണ്ടും ആവശ്യമായ പച്ചത്തൊണ്ട് ചകിരിയും ഉണ്ടക്കത്തൊണ്ട് ചകിരിയും ലഭ്യമാക്കുന്നതിന്റെ പൂർണ്ണ ചുമതല കയർഫെഡിന് നൽകിക്കൊണ്ടും 22-04-2021-ലെ സ.ഉ.(സാധാ)നം.457/2021/വ്യവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കശുവണ്ടി ഫാക്ടറികളുടെ ആധുനികവത്ക്കരണം

164 (3596) ശ്രീ. എം. മുകേഷ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി ഫാക്ടറികളുടെ ആധുനികവത്ക്കരണത്തിനും ഭാഗികമായ യന്ത്രവത്ക്കരണത്തിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കശുവണ്ടി ഫാക്ടറികളുടെ ആധുനികവത്ക്കരണത്തിനും ഭാഗികമായ യന്ത്രവത്ക്കരണത്തിനുമായി കേരള കശുവണ്ടി വികസന കോർപ്പറേഷനിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിരുന്നു. കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനം, നവീകരണം, ഭാഗിക യന്ത്രവൽക്കരണം എന്നിവയ്ക്കായി അനുവദിച്ച് നൽകിയിട്ടുള്ള തുക വിനിയോഗിച്ച് ഭാഗിക യന്ത്രവൽക്കരണത്തിന്റെ ഭാഗമായി കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഇവർക്കാവശ്യമായ ഡൈനിംഗ് ഹാൾ, ഡ്രെസ്സിംഗ്റൂം, വായനാ മുറി, ആധുനിക സാകര്യങ്ങളോടുകൂടിയ ഇൻസിനേറ്ററുകൾ ഘടിപ്പിച്ച ടോയ്ലെറ്റ് ബ്ലോക്കുകൾ, അന്തരീഷ ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാൻ, സി.സി.റ്റി.വി സർവയിലൻസ് ക്യാമറകൾ, ചുമട് അനായാസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ടെക്കുകൾ, ഷെഡ്ഡുകളുടെ ഊഷ്മാവ്

ക്രമീകരിക്കുന്നതിനുള്ള തെർമൽ സിസ്റ്റം, തൊഴിലാളികളുടെ കുട്ടികൾക്ക് ആവശ്യമായ തൊട്ടിൽപ്പുര എന്നിവ നടപ്പിലാക്കിയിരുന്നു. കാപ്പെക്സിന്റെ അധീനതയിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും ഭാഗികമായ യന്ത്രവത്ക്കരണത്തിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 5.19 കോടി രൂപയുടെ ധനസഹായം അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് കാപ്പെക്സിന്റെ അധീനതയിലുള്ള പെരുമ്പുഴ ഫാക്ടറി പുനർനിർമ്മിക്കുകയും കാപ്പെക്സ് ഹെഡ്ഡ് ഓഫീസും 10 ഫാക്ടറികളും പാക്കിംഗ് സെന്ററും തമ്മിൽ ഇന്റഗ്രേറ്റഡ് സോഫ്റ്റ്വെയർകൊണ്ട് സി.സി.ടി.വി.-കൾ മുഖേന ബന്ധിപ്പിക്കുകയും കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും 10 ഫാക്ടറികളിൽ ആവശ്യമായ ടോയ്ലറ്റ്, ചുറ്റുമതിൽ മുതലായവ നിർമ്മിക്കുകയും തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആധുനിക നിലവാരമുള്ള കട്ടിംഗ് മെഷീനുകൾ, പീലിംഗ് ടേബിളുകൾ, ഗ്രേഡിംഗ് ടേബിളുകൾ മുതലായവ വാങ്ങി 10 ഫാക്ടറികളിലായി സ്ഥാപിക്കുകയും ചെയ്തു. കൂടാതെ തോടുപുര, ഗോഡൗണുകൾ, യാർഡുകൾ, കുടിവെള്ള സംഭരണികൾ മുതലായവ അറ്റകുറ്റപ്പണികൾ നടത്തുകയുമുണ്ടായി.

(ബി) അടഞ്ഞുകിടന്ന കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് പ്രസ്തുത കാലയളവിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്നും അതുവഴി എത്ര ഫാക്ടറികൾ പ്രവർത്തന സജ്ജമാക്കുന്നതിന് സാധിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ അടഞ്ഞുകിടക്കുകയായിരുന്ന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കശുവണ്ടി ഫാക്ടറികൾ 2016 ആഗസ്റ്റ് മുതലാണ് പ്രവർത്തനം പുനരാരംഭിച്ചത്. തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും തടസ്സമില്ലാതെ തോട്ടണ്ടി ലഭ്യത ഉറപ്പുവരുത്തുന്നതിനായി 2017-ൽ കേരള കാഷ്യൂ ബോർഡിന് രൂപം നൽകിയിരുന്നു. പ്രസ്തുത സ്ഥാപനം മുഖേന കശുവണ്ടി ഉത്പാദക രാജ്യങ്ങളിൽ നിന്നും നേരിട്ട് തോട്ടണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ തുടർച്ചയായി പ്രവർത്തിപ്പിക്കാൻ സാധിച്ചിരുന്നു. കേരള കാഷ്യൂ ബോർഡ് വഴി ഇറക്കുമതി ചെയ്ത ഏകദേശം 19365.896 മെട്രിക് ടൺ തോട്ടണ്ടി ഉപയോഗിച്ച് കോർപ്പറേഷൻ ഫാക്ടറികളിലെ

തൊഴിലാളികൾക്ക് തുടർച്ചയായി ജോലി നൽകുന്നതിനുള്ള നടപടികൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിരുന്നു. കൂടാതെ സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള Price Fixation Committee ഓരോ കശുവണ്ടി സീസണിലും നിശ്ചയിക്കുന്ന വിലയിൽ കൃഷി വകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും നാടൻ തോട്ടണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് തുടർച്ചയായി ജോലി ലഭിക്കാനുള്ള സാഹചര്യം ഉറപ്പുവരുത്തിയിരുന്നു. കശുവണ്ടി ഫാക്ടറികളിലെ അടിസ്ഥാന സൗകര്യ വികസനം, നവീകരണം എന്നിവയ്ക്കായി സർക്കാർ ബഡ്ജറ്റിൽ അനുവദിച്ചുനൽകിയ തുക വിനിയോഗിച്ച് ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനവും നവീകരണ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. കശുവണ്ടിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം, പുത്തൂർ, ചാത്തന്നൂർ, കണ്ണനല്ലൂർ, തെറ്റിക്കുഴി, എന്നീ ഫാക്ടറികളിലായി 25 ഏക്കർ സ്ഥലത്ത് മാതൃകാ കശുമാവ് തോട്ട

പദ്ധതിയിലുൾപ്പെടുത്തി അത്യുല്പാദനശേഷിയുള്ള കശുമാവ് തൈകൾ കൃഷി ചെയ്തിട്ടുണ്ട്. കൂടാതെ കട്ടിംഗിൽ ഉൾപ്പെടെ 3000 ത്തോളം തൊഴിലാളികളെ പുതുതായി ഈ കാലയളവിൽ കോർപ്പറേഷനിൽ ജോലിക്ക് എടുത്തിട്ടുണ്ട്. മേൽ പ്രവർത്തനങ്ങൾ വഴി കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും അധീനതയിലുള്ള കശുവണ്ടി ഫാക്ടറികൾ തുടർച്ചയായി തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ സ്വകാര്യ കശുവണ്ടി മേഖലയിൽ പ്രതിസന്ധിയിലായിരുന്ന കശുവണ്ടി ഫാക്ടറികൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബാങ്കുകളുമായി ചർച്ച നടത്തിയതിന്റെ ഫലമായി, പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം തുറന്ന് പ്രവർത്തിക്കാൻ ബുദ്ധിമുട്ട് നേരിട്ട 70 ഫാക്ടറികൾക്ക് സർക്കാർ പലിശ ഗ്യാരന്റിയായി നൽകിയതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ അധിക വായ്പ നൽകുകയുണ്ടായി. പ്രസ്തുത ലോണിന്റെ 2019-20-ലെ പലിശയായി 9 ശതമാനം സബ്സിഡി ഇനത്തിൽ സർക്കാർ ബാങ്കുകൾക്ക് നേരിട്ട് നൽകിയിട്ടുണ്ട്. പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ ഒറ്റത്തവണ തീർപ്പാക്കൽ ഫോർമുല സംബന്ധിച്ച് ബാങ്കുകളും വ്യവസായികളും തമ്മിൽ സമവായത്തിലെത്തുന്നതോടെ

പ്രതിസന്ധിയിലായ സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ സാധിക്കുന്നതാണ്.

(സി) കശുവണ്ടി ഫാക്ടറികളുടെ ആധുനികവത്ക്കരണത്തിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വിശദമാക്കുമോ?

കശുവണ്ടി ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 2011-12 സാമ്പത്തിക വർഷം 8.75 കോടി രൂപയും 2012-13-ൽ 7.9 കോടിയും 2017-18-ൽ 40 കോടിയും 2020-21-ൽ 13.5 കോടി രൂപയും കശുവണ്ടി വികസന കോർപ്പറേഷന് അനുവദിച്ചിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് ഭാഗിക യന്ത്രവൽക്കരണത്തിന്റെ ഭാഗമായി കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഇവർക്കാവശ്യമായ ഡൈനിംഗ് ഹാൾ, ഡ്രെസ്സിംഗ്റും, വായനാ മുറി, ആധുനിക സൗകര്യങ്ങളോടുകൂടിയ ഇൻസിനേറ്ററുകൾ ഘടിപ്പിച്ച ടോയ്ലെറ്റ് ബ്ലോക്കുകൾ, അന്തരീഷ ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാൻ, സി.സി.റ്റി.വി സർവയിലൻസ് ക്യാമറകൾ, ചൂടട് അനായാസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ടെക്കുകൾ, ഷെഡ്ഡുകളുടെ ഊഷ്മാവ്

ക്രമീകരിക്കുന്നതിനുള്ള തെർമൽ സിസ്റ്റം, തൊഴിലാളികളുടെ കുട്ടികൾക്ക് ആവശ്യമായ തൊട്ടിൽപ്പുര എന്നിവ കോർപ്പറേഷനിൽ നടപ്പിലാക്കിയിരുന്നു. 2016-17 മുതൽ 2020-21 വരെ കാപ്പെക്സിന്റെ കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവത്ക്കരണത്തിനുമായി അനുവദിച്ച 5.19 കോടി രൂപ വിനിയോഗിച്ച് കാപ്പെക്സിന്റെ അധീനതയിലുള്ള പെരുമ്പുഴ ഫാക്ടറി പൂർണ്ണമായും പുനനിർമ്മിക്കുകയും കാപ്പെക്സ് ഹെഡ്ഡ് ഓഫീസും 10 ഫാക്ടറികളും പാക്കിംഗ് സെന്ററും തമ്മിൽ ഇന്റഗ്രേറ്റഡ് സോഫ്റ്റ്വെയർ കൊണ്ട് സി.സി.ടി.വി.-കൾ മുഖേന ബന്ധിപ്പിക്കുകയും കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡ്ഡുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും 10 ഫാക്ടറികളിൽ ആവശ്യമായ ടോയ്ലറ്റ്, ചുറ്റുമതിൽ മുതലായവ നിർമ്മിക്കുകയും തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ആധുനിക നിലവാരമുള്ള കട്ടിംഗ് മെഷീനുകൾ, പീലിംഗ് ടേബിളുകൾ, ഗ്രേഡിംഗ് ടേബിളുകൾ മുതലായവ വാങ്ങി 10 ഫാക്ടറികളിലായി സ്ഥാപിക്കുകയും ചെയ്തു. കൂടാതെ തോട്ടുപുര, ഗോഡൗണുകൾ, യാർഡുകൾ, കുടിവെള്ള സംഭരണികൾ മുതലായവ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്.

കണ്ടറ മണ്ഡലത്തിലെ കാപെക്സ് ഫാക്ടറികൾ

165 (3597) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടറ നിയോജകമണ്ഡലത്തിൽ കാപ്പെക്സിനു കീഴിൽ എത്ര കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കണ്ടറ നിയോജക മണ്ഡലത്തിൽ കാപ്പെക്സിന് കീഴിൽ പെരിനാട് CWICS, പെരുമ്പുഴ CWICS എന്നീ രണ്ടു കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) കാപെക്സിന് കീഴിലുള്ള കശുവണ്ടി ഫാക്ടറികളിൽ 2020-2021 വർഷങ്ങളിലായി എത്ര പ്രവൃത്തി ദിനങ്ങൾ ഉണ്ടായിരുന്നുവെന്ന് അറിയിക്കുമോ?

കാപ്പക്സിന് കീഴിലുള്ള കശുവണ്ടി ഫാക്ടറികളിൽ 2020-ൽ 160 പ്രവൃത്തി ദിനങ്ങളും 2021 ജൂലായ് 30-ാം തീയതി വരെ 62 പ്രവൃത്തി ദിനങ്ങളും ഉണ്ടായിരുന്നു.

കശുവണ്ടി ഫാക്ടറികൾ

166 (3598) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ എത്ര കശുവണ്ടി ഫാക്ടറികൾ ഉണ്ടെന്നും അവയിൽ ഏതെല്ലാം പ്രവർത്തിക്കുന്നുവെന്നും ഏതൊക്കെ അടഞ്ഞുകിടക്കുന്നുവെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

വാമനപുരം നിയോജക മണ്ഡലത്തിൽ കേരള കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും നിയന്ത്രണത്തിൽ കശുവണ്ടി ഫാക്ടറികൾ ഒന്നുംതന്നെയില്ല. എന്നാൽ ടി നിയോജക മണ്ഡലത്തിൽ സ്വകാര്യ മേഖലയിലുള്ള 8 കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കടക്കെണിയിലായതും അടഞ്ഞു കിടക്കുന്നതുമായ സ്വകാര്യ കശുവണ്ടി ഫാക്ടറികളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി 06-02-2019-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൈക്കൊണ്ട തീരുമാനപ്രകാരം പ്രതിസന്ധിയിലായ സ്വകാര്യ കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രവർത്തന മൂലധനത്തിനായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ സർക്കാർ ഏറ്റെടുക്കുമെന്നുള്ള മേൽ യോഗ തീരുമാനത്തെ തുടർന്ന് ഇതിനായി 25 കോടി രൂപ 2019-20 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും തുടർന്ന് ഓരോ കശുവണ്ടി യൂണിറ്റുകളും പലിശയിനത്തിൽ ബാങ്കുകൾക്ക് നൽകാനുള്ള തുകയുടെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ SLBC കൺവീനർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 304.44 ലക്ഷം രൂപ സർക്കാർ SLBC-യ്ക്ക് നൽകിയിട്ടുണ്ട്. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 21-12-2020-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട വ്യവസായ (കശുവണ്ടി) വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും കശുവണ്ടി വ്യവസായികളുടെ പ്രതിനിധി, ബാങ്ക് പ്രതിനിധി എന്നിവരുമായി യോഗം ചേരുകയും കശുവണ്ടി വ്യവസായികളുടെ വിവിധ ബാങ്കുകളിലുള്ള വായ്പകൾ പുനക്രമീകരിക്കുന്നതിനും പുനക്രമീകരിക്കാനാകാത്ത വായ്പകളിന്മേൽ 'ഒറ്റത്തവണ തീർപ്പാക്കൽ' നടപ്പിലാക്കുന്നതിന് ഫോർമുല

രൂപീകരിക്കാനുമായി വ്യവസായ പ്രതിനിധി, സർക്കാർ പ്രതിനിധി, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) കൺവീനർ എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. ഇതുപ്രകാരം രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ 3 മീറ്റിംഗുകൾ ഇതിനകം ചേർന്നിട്ടുണ്ട്. തുടർന്ന് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനായി 12-07-2021-ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ പ്രതിനിധികളുമായും ബാങ്ക് പ്രതിനിധികളുമായും യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതുവരെ വ്യവസായികൾക്കെതിരായ റിക്കവറി നടപടികൾ ഉൾപ്പെടെയുള്ളവ നിർത്തിവയ്ക്കാനുള്ള നിർദ്ദേശം ബാങ്കുകൾക്ക് നൽകുകയും ചെയ്തു. 'ഒറ്റത്തവണ തീർപ്പാക്കൽ' ഫോർമുല സംബന്ധിച്ച് ബാങ്കുകളും വ്യവസായികളും തമ്മിൽ സമവായത്തിലെത്തുന്നതോടെ പ്രതിസന്ധിയിലായതും അടഞ്ഞു കിടക്കുന്നതുമായ കശുവണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ സാധിക്കുന്നതാണ്.

(സി) അടഞ്ഞുകിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ധനസഹായം നൽകിയിട്ടുണ്ട്. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള, ഒരു വർഷമോ അതിലധികമോ ആയി പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2020 ഓണത്തോടനുബന്ധിച്ച് 2000/-രൂപ എക്സ്ഗ്രേഷ്യയും 10 കിലോ അരിയും അനുവദിക്കുകയും കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ അരി വിതരണത്തിനായി വകയിരുത്തിയിരുന്ന തുകകൂടി ഉൾപ്പെടുത്തി 2250/-രൂപയായി എക്സ്ഗ്രേഷ്യാ ഉയർത്തി നൽകുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ ഏറ്റെടുക്കുമെന്നുള്ള മേൽ യോഗ തീരുമാനത്തെ തുടർന്ന് ഇതിനായി 25 കോടി രൂപ 2019-20 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും തുടർന്ന് ഓരോ കശുവണ്ടി യൂണിറ്റുകളും പലിശയിനത്തിൽ ബാങ്കുകൾക്ക് നൽകാനുള്ള തുകയുടെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ SLBC കൺവീനർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 304.44 ലക്ഷം രൂപ സർക്കാർ SLBC-യ്ക്ക് നൽകിയിട്ടുണ്ട്. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 21-12-2020-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട വ്യവസായ (കശുവണ്ടി) വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും കശുവണ്ടി

വ്യവസായികളുടെ പ്രതിനിധി, ബാങ്ക് പ്രതിനിധി എന്നിവരുമായി യോഗം ചേരുകയും കശുവണ്ടി വ്യവസായികളുടെ വിവിധ ബാങ്കുകളിലുള്ള വായ്പകൾ പുന:ക്രമീകരിക്കുന്നതിനും പുന:ക്രമീകരിക്കാനാകാത്ത വായ്പകളിന്മേൽ 'ഒറ്റത്തവണ തീർപ്പാക്കൽ' നടപ്പിലാക്കുന്നതിന് ഫോർമുല രൂപീകരിക്കാനുമായി വ്യവസായ പ്രതിനിധി, സർക്കാർ പ്രതിനിധി, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) കൺവീനർ എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. ഇതുപ്രകാരം രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ 3 മീറ്റിംഗുകൾ ഇതിനകം ചേർന്നിട്ടുണ്ട്. തുടർന്ന് ധനസഹായ വിതരണത്തിനായി ഒരു വർഷത്തിലധികമായി പൂട്ടിക്കിടന്ന 287 കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 4,70,29,500/-രൂപ ചെലവഴിച്ചിട്ടുണ്ട്. കോവിഡ്-19 മഹാമാരിയെ തുടർന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച ഒന്നാംഘട്ട ലോക്ക്ഡൗൺ കാലയളവിൽ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 71364 തൊഴിലാളികൾക്ക് 1000/-രൂപ നിരക്കിൽ 7,13,64,000/-രൂപ ധനസഹായമായി വിതരണം ചെയ്തിരുന്നു. 1000/-രൂപ നിരക്കിൽ രണ്ടാംഘട്ട ധനസഹായം നൽകുന്നതിനായി കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന് സർക്കാർ 7,11,13,000/-

രൂപയും അനുവദിച്ചിട്ടുണ്ട്. ആയത് തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും സർക്കാർ സഹായം

167 (3599) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും സാമ്പത്തികസഹായം നല്കണമെന്ന ആവശ്യം സർക്കാർ മുമ്പാകെയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉണ്ട്. 2021 വർഷത്തെ ബോണസ് നൽകുന്നതിനായി 12 കോടി രൂപയുടെ സർക്കാർ ധനസഹായം കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 222.07 കോടി രൂപയുടെ സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. കാപ്പെക്സിന് കീഴിലുള്ള കശുവണ്ടി ഫാക്ടറികളിലെ പിരിഞ്ഞുപോയ തൊഴിലാളികൾക്ക് 2016 മുതൽ 2020 വരെയുള്ള കാലയളവിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിന് 8.47 കോടി രൂപയും മുൻകാല ഉടമകളുടെ സമയത്തുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക ആവശ്യപ്പെട്ടുള്ള കോടതി കേസുകളിൽ തൊഴിലാളികൾക്ക് അനുകൂലമായി വിധി വന്ന

വകയിൽ 1 കോടിക്ക് മുകളിലുള്ള തുകയുൾപ്പെടെ ആകെ 9.57 കോടി രൂപ ആവശ്യപ്പെട്ട് കാപ്പെക്സ് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. 2021 വർഷത്തെ ബോണസ് നൽകുന്നതിനായി 4.65 കോടി രൂപയും സർക്കാർ ധനസഹായം കാപ്പെക്സ് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ പത്ത് സാമ്പത്തികവർഷങ്ങളിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ നല്കിയ സാമ്പത്തിക സഹായം വർഷം തിരിച്ച് വെളിപ്പെടുത്താമോ?

കഴിഞ്ഞ പത്ത് വർഷങ്ങളിൽ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് സർക്കാർ നൽകിയ സാമ്പത്തിക സഹായം വർഷം തിരിച്ചുള്ള കണക്കും കാപ്പെക്സിന് നൽകിയിട്ടുള്ള സാമ്പത്തിക സഹായവും അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത സാമ്പത്തിക സഹായത്തിന്റെ വിനിയോഗം സംബന്ധിച്ച് മേൽ സ്ഥാപനങ്ങൾ സമർപ്പിച്ച റിപ്പോർട്ടിലെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും സർക്കാരിൽനിന്ന് നൽകിയ സാമ്പത്തിക സഹായം നിശ്ചിത പദ്ധതികൾക്കായി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിനിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ധനവിനിയോഗം സംബന്ധിച്ച ധനവിനിയോഗ സ്റ്റേറ്റ്മെന്റും ധനവിനിയോഗ സാക്ഷ്യപത്രവും കശുവണ്ടി വികസന കോർപ്പറേഷൻ സമർപ്പിച്ചിട്ടുണ്ട്. 2011-12 മുതൽ 2020-21 കാലയളവ് വരെയുള്ള സർക്കാർ സാമ്പത്തിക സഹായങ്ങളുടെ (2020-21 കാലയളവിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുവാനുള്ള 3.50 കോടി രൂപ ഒഴികെ) ധനവിനിയോഗ സ്റ്റേറ്റ്മെന്റും ധനവിനിയോഗ സാക്ഷ്യപത്രവും കാപ്പെക്സ് സമർപ്പിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുവാനുള്ള ധനസഹായമായ 3.50 കോടി രൂപയുടെ വിതരണം പൂർത്തിയായിട്ടില്ലാത്തതിനാൽ ടി തുകയുടെ വിവരങ്ങൾ ലഭിച്ചിട്ടില്ല.

(ഡി) പ്രസ്തുത ധനവിനിയോഗം സംബന്ധിച്ച് സർക്കാർ നിലവിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

പ്രസ്തുത ധനവിനിയോഗം സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്.

കേരള കശുവണ്ടി വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ഫാക്ടറികളുടെ നവീകരണം

168 (3600) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. നൗഷാദ്:
ഡോ. സുജിത് വിജയൻപിള്ള:

ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കശുവണ്ടി വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ഫാക്ടറികളുടെ നവീകരണവും യന്ത്രവൽക്കരണവും നടത്തുന്നതിലേയ്ക്കായി കഴിഞ്ഞ സർക്കാർ തുടങ്ങിവച്ച പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്നറിയിക്കാമോ?

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനം, നവീകരണം, ഭാഗിക യന്ത്രവൽക്കരണം എന്നിവയ്ക്കായി കഴിഞ്ഞ സർക്കാർ അനുവദിച്ച് നൽകിയ തുക വിനിയോഗിച്ച് ഭാഗിക യന്ത്രവൽക്കരണത്തിന്റെ ഭാഗമായി കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഇവർക്കാവശ്യമായ ഡൈനിംഗ്ഹാൾ, ഡ്രെസ്സിംഗ് റൂം, വായനാമുറി, ആധുനിക സൗകര്യങ്ങളോടുകൂടിയ ഇൻസിനേറ്ററുകൾ ഘടിപ്പിച്ച ടോയ്ലെറ്റ് ബ്ലോക്കുകൾ അന്തരീക്ഷ ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാൻ, സി.സി.റ്റി.വി. സർവയിലൻസ് ക്യാമറകൾ, ചൂടുവെള്ളം അനായാസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ടെക്കുകൾ, ഷെഡ്ഡുകളുടെ

ഊഷ്മാവ് ക്രമീകരിക്കുന്നതിനുള്ള തെർമൽ സിസ്റ്റം, തൊഴിലാളികളുടെ കുട്ടികൾക്ക് ആവശ്യമായ തൊട്ടിൽപ്പുര എന്നീ നവീകരണ യന്ത്രവൽക്കരണ പ്രവൃത്തികളാണ് കഴിഞ്ഞ സർക്കാർ കശുവണ്ടി വികസന കോർപ്പറേഷനിൽ നടപ്പിൽവരുത്തിയിട്ടുള്ളത്.

(ബി) റിക്വിസിഷൻ ആന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുത്തിട്ടുള്ള ഫാക്ടറികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ കേരള കാഷ്യൂ ഫാക്ടറീസ് (അക്വിസിഷൻ) ആക്ട് 1974 പ്രകാരം ഏറ്റെടുത്തിട്ടുള്ളതും കേരള കാഷ്യൂ ഫാക്ടറീസ് (അക്വിസിഷൻ) അമന്റ്മെന്റ് ആക്ട് 2009-ലെ ഷെഡ്യൂൾ 2-ൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ 20 കശുവണ്ടി ഫാക്ടറികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) പ്രസ്തുത ആക്ട് അനുസരിച്ച് ദീർഘനാളായി ഏറ്റെടുത്ത ഫാക്ടറികൾക്ക് ന്യായവില നൽകി അവ സ്വന്തമാക്കുകയോ ഉടമയ്ക്ക് തിരികെ നൽകുകയോ ചെയ്യണമെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവ് നടപ്പാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള കാഷ്യൂ ഫാക്ടറീസ് (അക്വിസിഷൻ) ആക്ട് പ്രകാരം കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ഏറ്റെടുത്ത 20 കശുവണ്ടി ഫാക്ടറികൾക്ക് ന്യായവില നൽകി സ്വന്തമാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത 20 ഫാക്ടറികളിൽ 12 ഫാക്ടറികൾ (നം.32-കാഞ്ഞാംകാട്, 34-ചെങ്ങമനാട്, 33-കടയ്ക്കൽ, 30-കുന്നത്തൂർ, 20-ഇളമ്പള്ളൂർ, 7-നൂറനാട്, 24-കരിമുളയ്ക്കൽ, 26-തെറ്റിക്കുഴി, 14-ഭരണിക്കാവ്, 9-കിളിമാനൂർ, 5-മൈനാഗപ്പള്ളി, 12-ചാത്തന്നൂർ) തിരികെ വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ട്, അക്വിസിഷൻ ആക്ട് ചലഞ്ച് ചെയ്തുകൊണ്ട് ഉടമകൾ സമർപ്പിച്ച റിട്ട് പെറ്റീഷനുകൾ നിലവിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

പാടശേഖരങ്ങളിൽ വൈദ്യുതി കണക്ഷൻ

169(3601) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാടശേഖരങ്ങളിൽ കൃഷി ആവശ്യങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിൽ കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

സാധാരണഗതിയിൽ തിരിച്ചറിയൽ രേഖയും ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയും മാത്രം ഹാജരാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകുന്ന വിധം സംബന്ധിച്ച ചട്ടങ്ങൾ പരിഷ്കരിച്ചെങ്കിലും ചില കാർഷിക കണക്ഷനുകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നത് കൃഷിവകുപ്പായതിനാൽ കൃഷിവകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന ഭൂവിസ്തൃതിയിലെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് കാർഷിക കണക്ഷനുകൾ കെ.എസ്.ഇ.ബി.എൽ നല്കിവന്നിരുന്നത്. കാർഷിക കണക്ഷനുകൾ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഭൂവിസ്തൃതി പരിശോധിക്കുന്നത് ഒഴിവാക്കുകയും ഉദ്ദേശ്യം മാത്രം പരിശോധിച്ചശേഷം വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനും മറ്റെല്ലാ വൈദ്യുത കണക്ഷനുകളുടെയും കാര്യത്തിലെന്നപോലെ, അപേക്ഷയോടൊപ്പം രണ്ട് രേഖകൾ (ഉടമസ്ഥാവകാശം തെളിയിക്കുന്നതും മറ്റൊന്ന് തിരിച്ചറിയൽ രേഖയും) ഹാജരാക്കി അപേക്ഷകർക്ക് LT- V A താരിഫ് (വെള്ളം പമ്പ് ചെയ്യേണ്ട ആവശ്യങ്ങൾക്കുള്ളവ) വിഭാഗത്തിൽ കാർഷിക കണക്ഷനുകൾ നൽകുവാൻ കെ.എസ്.ഇ.ബി.എൽ. അനുമതി നൽകിയിട്ടുണ്ട്. കൃഷിവകുപ്പ് വൈദ്യുതി ചാർജ് അടയ്ക്കുന്ന കാർഷിക കണക്ഷനുകൾക്ക് മാത്രമേ ഭൂവിസ്തൃതിയിലെ മാനദണ്ഡങ്ങൾക്കനുസൃതമായും ബന്ധപ്പെട്ട അധികാരിയിൽ നിന്ന്

അംഗീകാരപത്രമോ സർട്ടിഫിക്കറ്റോ ഹാജരാക്കണമെന്ന നിഷ്കർഷിക്കുന്നുള്ളൂ.

(ബി) കൃഷി ആവശ്യങ്ങൾക്ക് നൽകുന്ന വൈദ്യുതിക്ക് കൂടുതൽ ഇളവുകൾ നൽകുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത്, നിലവിൽ കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി, വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കിൽ, LT V(A) അഗ്രികൾച്ചർ താരിഫിലാണ് നൽകിവരുന്നത്. താഴെപ്പറയുന്ന ഇളവുകളാണ് സംസ്ഥാനത്തെ കർഷകർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്.

1) 2012-13 സാമ്പത്തിക വർഷം മുതൽ, സംസ്ഥാനത്തെ കർഷകർ, കമ്മീഷൻ നിശ്ചയിച്ചുവരുന്ന എനർജി ചാർജിൽ ഒരു യൂണിറ്റിന് 85 പൈസ നിരക്കിൽ സംസ്ഥാന ഗവൺമെന്റ് സബ്സിഡി നൽകി വരുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട ഏകദേശം 4.5 ലക്ഷം ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭ്യമാകുന്നുണ്ട്. ടി ഇനത്തിൽ പ്രതിവർഷം ഏകദേശം 25 കോടിയോളം രൂപയാണ് നൽകിവരുന്നത്.

2. സംസ്ഥാന ഗവൺമെന്റ് നിഷ്കർഷിച്ച ഭൂപരിധിയുള്ള കാർഷിക ഉപഭോക്താക്കൾക്ക് കൃഷി ഭവൻ മുഖേന വൈദ്യുതി ചാർജ് പൂർണ്ണമായും

സൗജന്യമായി നൽകിവരുന്നു. ഇതിന്റെ ആനുകൂല്യം ഏകദേശം 2.8 ലക്ഷം കാർഷിക ഉപഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നു. ടി ഉപഭോക്താക്കളുടെ പ്രതിമാസ വൈദ്യുതി ചാർജ് 12 കോടിയോളം രൂപ വരും.

3. ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിയില്ലാത്ത കാർഷിക ഉപഭോക്താക്കൾക്ക്, ഒരു യൂണിറ്റിന് 2.76 പൈസ നിരക്കിലാണ് നൽകിവരുന്നത്. അതായത്, ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന്റെ പ്രിമിസസിൽ എത്തിക്കുന്നതിനാവശ്യമായ ചെലവായ (Average cost of supply) 6.50 രൂപയേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ടി വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകിവരുന്നത്.

അക്ഷയോർജ്ജ മേഖലയുടെ പ്രവർത്തനങ്ങൾ

170 (3602) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്ഷയോർജ്ജ മേഖലയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സൗരോർജ്ജം, കാറ്റ്, ജൈവ ഊർജ്ജം എന്നിവയാണ് കേരളത്തിൽ ലഭ്യമായിട്ടുള്ള പ്രധാനപ്പെട്ട അക്ഷയ ഊർജ്ജ സ്രോതസ്സുകൾ. ഇതിൽ സുലഭമായി ലഭിക്കുന്ന സൗരോർജ്ജത്തെ നമ്മുടെ ഊർജ്ജ

ആവശ്യത്തിനായി പ്രയോജനപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികളാണ് സംസ്ഥാനത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. സൂര്യപ്രകാശത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ ഇന്ന് വീടുകളിലും സ്ഥാപനങ്ങളിലും വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യം നിറവേറ്റുന്നതിന് സൗരോർജ്ജം പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി 3 വർഷത്തിനുള്ളിൽ 1,000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ 'ഊർജ്ജ കേരള മിഷൻ' പരിപാടിയോടനുബന്ധിച്ച് ആരംഭിച്ച 'സൗര' പദ്ധതിയിലൂടെ ഊർജ്ജ വകുപ്പ് ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് വൈദ്യുതി കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് അതിൽ നിന്ന് ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. തരിശുഭൂമിയിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും ലക്ഷ്യമിടുന്നു. കാർബൺരഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടുകൂടി കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള PM-KUSUM പദ്ധതി സംസ്ഥാനത്ത്

വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അധിക വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന് നൽകുന്നതിലൂടെ കർഷകർക്ക് അധിക വരുമാനവും ഈ പദ്ധതിയിലൂടെ ലഭിക്കുന്നതാണ്. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള കാറ്റാടി പാടങ്ങൾ പാലക്കാട്, ഇടുക്കി ജില്ലകളിൽ നിലവിലുണ്ട്. കൂടുതലും സ്വകാര്യ സംരംഭകരാണ് സ്ഥാപിച്ചുവരുന്നത്. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തിവരുന്നു. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് ജൈവമാലിന്യങ്ങളിൽ നിന്ന് പാചക ഇന്ധനവും വൈദ്യുതിയും ഉത്പാദിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യയും അക്ഷയോർജ്ജ മേഖലയിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. സംസ്ഥാനത്ത് തിരമാലയിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനും ഹൈഡ്രജൻ ഇന്ധനം ഗതാഗത രംഗത്ത് പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകളും പരിശോധിച്ചുവരുന്നു.

(ബി) വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യം നേടി ഹരിതോർജ്ജ മേഖലയിലും അനുബന്ധ തൊഴിൽ മേഖലകളിലും കടന്നുവരാൻ ഇതുവഴി കഴിയുമോയെന്ന് വ്യക്തമാക്കാമോ?

പാരമ്പര്യേതര ഊർജ്ജ മേഖലയിലെ വിഷയങ്ങൾ സംബന്ധിച്ച് വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്കായി പരിശീലന പരിപാടികൾ അനെർട്ട് ആരംഭിച്ചിട്ടുണ്ട്. ഇത് കൂടുതൽ വിപുലമാക്കുന്നതിന് അനെർട്ട് ലക്ഷ്യമിടുന്നു. ഇതിലൂടെ ഹരിതോർജ്ജ മേഖലയിലും അനുബന്ധ തൊഴിൽ മേഖലകളിലും കടന്നുവരാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുന്നതാണ്.

(സി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കോഴ്സുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

പാരമ്പര്യേതര ഊർജ്ജ മേഖലയിലെ വിഷയങ്ങൾ സംബന്ധിച്ച് വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് അനെർട്ടും, KASE ഉം (Kerala Academy for Skill Excellence) സംയുക്തമായി 'പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ' എന്ന വിഷയത്തിൽ നടത്തുന്ന 30 മണിക്കൂർ ദൈർഘ്യമുള്ള ഓൺലൈൻ കോഴ്സാണ് നിലവിൽ ആരംഭിച്ചിരിക്കുന്നത്. സൗര പാനലുകളുടെ പ്രവർത്തനം, വൈദ്യുതോല്പാദനം, പരിപാലനം എന്നിവയെക്കുറിച്ചുള്ള സാങ്കേതികവിദ്യ ഈ കോഴ്സിലൂടെ വിദ്യാർത്ഥികൾക്ക് ലഭ്യമാകും. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളായ നിശ്ചിത യോഗ്യതയുള്ളവർക്ക് കോഴ്സിന് അപേക്ഷിക്കാം. ശാസ്ത്ര

വിഷയത്തിലെ ബിരുദം, ബിരുദാനന്തര ബിരുദം, ഡിപ്ലോമ എഞ്ചിനീയറിംഗ്, BVoc Renewable energy കോഴ്സുകളിൽ പഠനം തുടരുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ കോഴ്സിന്റെ ഭാഗമാകാവുന്നതാണ്. കോഴ്സിൽ പരിശീലകരുമായി സംവദിക്കാനുള്ള അവസരം, സാങ്കേതിക ടെസ്റ്റുകൾ നടത്തുന്നതിനുള്ള പരിശീലനം, സൗരവൈദ്യുത ഉപകരണ നിർമ്മാണ കേന്ദ്രങ്ങൾ സന്ദർശനം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കെയ്സും (KASE), അനെർട്ടും സംയുക്തമായി അംഗീകാരം നൽകി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റാണ് കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് നൽകുന്നത്.

(ഡി) ഈ മേഖലയിലെ തൊഴിൽ സാദ്ധ്യത സംബന്ധിച്ച് വ്യക്തമായ കണക്കുകൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

സമീപകാലത്താണ് സംസ്ഥാനം അക്ഷയ ഊർജ്ജ മേഖലയിലുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയുള്ള സജീവമായ ഇടപെടലുകൾ നടത്താൻ തുടങ്ങിയത്. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാണം, സ്ഥാപനം, പരിപാലനം എന്നീ മേഖലയിൽ ഭാവിയിൽ സംസ്ഥാനത്ത് വൻ തൊഴിൽ സാദ്ധ്യതയാണ് പ്രതീക്ഷിക്കുന്നത്. ഇത് സംബന്ധിച്ച് വ്യക്തമായ കണക്കുകൾ നിലവിലില്ല.

നെല്ലിക്കുഴി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ വാടക

171 (3603) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ 2016-ൽ പ്രവർത്തനം ആരംഭിച്ച കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക നാളിതുവരെയായി നെല്ലിക്കുഴി ഗ്രാമപഞ്ചായത്താണ് നൽകിവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിനായി ലഭ്യമാക്കിയത് മൂന്ന് വർഷത്തെ കരാറിലായിരുന്നുവെന്നതും പ്രസ്തുത കരാർ കാലാവധി 2019 നവംബർ മാസത്തോടെ അവസാനിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(സി) പ്രസ്തുത സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക കെ.എസ്.ഇ.ബി. വഹിക്കണമെന്ന് ആവശ്യപ്പെട്ട് നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് നൽകിയ നിവേദനങ്ങളിൽ സ്വീകരിച്ച തുടർ നടപടി വിശദമാക്കാമോ?

(ഡി) പഞ്ചായത്തുമായുള്ള വാടക കരാർ അവസാനിച്ച സാഹചര്യത്തിൽ അൻപതിനായിരത്തിലധികം ജനസംഖ്യയുള്ള, വിശാലമായ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് തനത് ഫണ്ട് ഉപയോഗിക്കേണ്ടിവരുന്നതിനാൽ വാടക നൽകിപോകുവാനുള്ള പ്രയാസം ചൂണ്ടിക്കാണിച്ച് പഞ്ചായത്ത് ഭരണ സമിതി നൽകിയിട്ടുള്ള നിവേദനത്തിൽ അനുകൂല നിലപാട് സ്വീകരിച്ച് സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക കെ.എസ്.ഇ.ബി. ലിമിറ്റഡ് വഹിക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാർ ഒപ്പിട്ടിരിക്കുന്നത് നെല്ലിക്കുഴി ഗ്രാമപഞ്ചായത്തും കെട്ടിട ഉടമയുമായിട്ടാണ്. വാടകരഹിത കെട്ടിടം ലഭ്യമാക്കുമെന്ന പഞ്ചായത്തിന്റെ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് നെല്ലിക്കുഴിയിൽ സെക്ഷൻ ഓഫീസ് പ്രവർത്തനമാരംഭിച്ചത്.

പവർകട്ടില്ലാത്ത കേരളം

172 (3604) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ഡി. പ്രസേനൻ
ശ്രീ. എ. രാജ
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പവർകട്ടില്ലാത്ത കേരളം എന്ന നിലയിലേയ്ക്ക് വൈദ്യുതി മേഖലയെ ശാക്തീകരിക്കുന്നതിന് കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലത്ത്, സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിക്കൊണ്ട് എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ച ആദ്യത്തെ ഇന്ത്യൻ സംസ്ഥാനം എന്ന ബഹുമതി 2017 മെയ് മാസത്തോടെ കേരളം സ്വായത്തമാക്കി. അടിസ്ഥാനസൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ്2.0, വൈദ്യുതി 2021,സൗര, ഫിലമെന്റ് രഹിത കേരളം, ഇ-സേഫ്, തുടങ്ങിയ പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018-ൽ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു. ഇതോടൊപ്പം സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതിശേഷി വർദ്ധിപ്പിക്കുന്നതിനും അന്തർ സംസ്ഥാന പ്രസരണ ശൃംഖലയുടെ വികസനം ത്വരിതപ്പെടുത്തുന്നതിനും ശ്രമിച്ചതിന്റെ ഫലമായി ഇടമൺ-കൊച്ചി 400 കെ.വി പ്രസരണ ലൈനിന്റെയും പുഗലൂർ-മാടക്കത്തറ 320 കെ.വി HVDC ലൈനിന്റേയും നിർമ്മാണം പൂർത്തീകരിക്കാനും ഇതുവഴി ഇറക്കുമതി

ശേഷിയിൽ ഏകദേശം 2000 മെഗാവാട്ടിന്റെ വർദ്ധനവ് കൈവരിക്കാനും കഴിഞ്ഞു. ഇതിനു പുറമേ ആഭ്യന്തര ഉത്പാദനം മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുകയും പ്രവൃത്തികൾ മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ലഭ്യമാക്കുന്നതിന് വിവിധ കരാറുകളിൽ ഏർപ്പെടുകയും സൗരോജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള സൗര പദ്ധതി നടപ്പിലാക്കിവരികയും ചെയ്യുന്നു. ഇപ്രകാരം സമസ്ത മേഖലകളിലും ഗുണമേന്മയുള്ള വൈദ്യുതി ലഭ്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ഇ.ബി.എൽ. വഴി നടപ്പിലാക്കിയ ജലവൈദ്യുത പദ്ധതികളിലൂടെ 12.6 Mu-ന്റെ വർദ്ധനവുണ്ടായി. താഴെ പറയുന്ന '3' ജലവൈദ്യുത പദ്ധതികൾ പണി പൂർത്തിയായി കമ്മീഷൻ ചെയ്തു.

1. വെള്ളത്തൂവൽ 3.6 MW
2. പെരുന്തേനരുവി 6 MW
3. കക്കയം 3MW

ആകെ 12.6 MW 2015 മുതൽ നിർമ്മാണം മുടങ്ങിക്കിടന്നിരുന്ന താഴെപ്പറയുന്ന '3' ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു.

1. പള്ളിവാസൽ എക്സ്റ്റൻഷൻ 60 MW

2. തോട്ടിയാർ 40 MW

3. ചാത്തൻകോട്ടുനട 6 MW

ആകെ 106 MW കൂടാതെ, കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ 39.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന താഴെപ്പറയുന്ന 4 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു.

1. അപ്പർ കല്ലാർ 2. MW

2 പെരുവണ്ണാമൂഴി 6 MW

3. പഴശ്ശിസാഗർ 7.5 MW 4. ചിന്നാർ സ്റ്റേജ് - 124 MW

ആകെ 39.5 MW ഇതിനു പുറമെ താഴെപ്പറയുന്ന 4 ജലവൈദ്യുത പദ്ധതികളുടെ ടെണ്ടർ ക്ഷണിച്ചു.

1. ആനക്കയം 7.5 MW

2. ഓലിക്കൽ 5 MW

3. പൂവാരംതോട് 3 MW

4. മരിപ്പുഴ 6 MW

നിലവിലുള്ള ഇടുക്കി ജലാശയത്തിലെ ജലമുപയോഗിച്ച് 780 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഇടുക്കി എക്സ്റ്റൻഷൻ പദ്ധതി സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാദ്ധ്യതാപഠനം നടത്തി പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾക്ക് വാപ്കോസ് ന്യൂഡൽഹിക്ക് കരാർ നൽകിയിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വൈദ്യുതി ഉല്പാദനരംഗത്ത് കെ.എസ്.ഇ.ബി. ലിമിറ്റഡിന് കൈവരിക്കാൻ കഴിഞ്ഞ നേട്ടം വിശദമാക്കാമോ?

സംസ്ഥാനത്ത് ആഭ്യന്തര വൈദ്യുത ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 340.49 MW-ന്റെ പദ്ധതികളാണ് കേരളത്തിൽ പൂർത്തിയാക്കിയത്. ഇതിൽ 12.6 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ KSEB നേരിട്ടാണ് (പെരുന്തേനരുവി-6 MW, വെള്ളത്തൂവൽ-3.6 MW, കക്കയം-3MW)പൂർത്തിയാക്കിയിട്ടുള്ളത്. കൂടാതെ സൗരോർജ്ജ പദ്ധതികളിൽ നിന്നും 288.34 മെഗാവാട്ടും കാറ്റിൽ നിന്നും 27 MW ഉം ഉൾപ്പെടുന്നു. പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽ നിന്നും വൈദ്യുത ഉത്പാദനത്തിന് പ്രത്യേക പരിഗണന നല്കിവരുന്നു.

(സി) ആവശ്യകതയുടെ മൂന്നിലൊന്ന് വൈദ്യുതി മാത്രമേ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നുള്ളൂ എന്നതിനാൽ ഉല്പാദനരംഗത്ത് കൂടുതൽ ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ ഉദ്ദേശ്യം 30% മാത്രമാണ് ആഭ്യന്തര ഉത്പാദനത്തിലൂടെ കണ്ടെത്തുന്നത്. അതിനാൽ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിച്ച് വൈദ്യുതി ഇറക്കുമതി ആവശ്യകത ക്രമേണ കുറച്ചുകൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനായി കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികളും സൗരോജ്ജ പദ്ധതികളും സംസ്ഥാനത്തിനുള്ളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ആതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

173 (3605) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഏതെങ്കിലും ചെറുതും വലുതുമായ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ചെറുകിട ജല വൈദ്യുത പദ്ധതികളായ ആനക്കയം (7.5 MW) ഒളിക്കൽ (5MW), പൂവാരം തോട് (3MW), മാരിപ്പുഴ (6MW) എന്നീ

പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി 780 MW കൂട്ടിചേർക്കുന്നത് സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള കരാറും നൽകിയിട്ടുണ്ട്. നിലവിലെ ജലാശയത്തിലെ സംഭരണശേഷി ഉപയോഗപ്പെടുത്തി വൈകുന്നേരങ്ങളിലെ അധിക വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് പദ്ധതി പ്രയോജനകരമാകും. അപ്പർ ചെങ്കുളം, (24MW), ലാഡ്രും (3.5MW), ചെമ്പുകടവ് III (7.5MW), മാങ്കുളം (40 MW), പീച്ചാട് (3 MW) വെസ്റ്റേൺ കല്ലാർ, (5 MW) വളാംതോട്(7.5MW), കീരിത്തോട് (12 MW) പശ്ചക്കടവ് (4 MW), ചാത്തൻകോട്ട് നട I (5 MW) മാർമ്മല (7 MW) എന്നിവിടങ്ങളിലായി ആകെ 118.5 മെഗാവാട്ട് ശേഷിയുള്ള 11 ജലവൈദ്യുത പദ്ധതികളും പരിഗണനയിലാണ്. സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2012-ൽ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം 2016-17 കാലയളവിൽ 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 (IPP only) ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതി സർക്കാർ നല്കിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്മേൽ കൂടുതൽ വിശദീകരണത്തോടുകൂടി 2021-ൽ

ഉത്തരവ് പുറപ്പെടുവിച്ചു. പുതിയ ഉത്തരവ് വന്നതിനുശേഷം ഇടത്തനാല്ക്കത്ത് (0.5 MW), മുള്ളരിങ്ങാട് (0.15 MW), ബാലന്തോട് (0.25 MW), മന്തന്പൊട്ടി (3 MW), പഴുക്കക്കാനം (2 MW) പദ്ധതികളുമായി മുന്നോട്ട് പോകാൻ സാങ്കേതികമായും സാമ്പത്തികമായും ബുദ്ധിമുട്ടുണ്ടെന്ന് പദ്ധതി സംരംഭകർ ഇ.എം.സി.-യെ അറിയിച്ചിട്ടുണ്ട്. ബാക്കി വരുന്ന പദ്ധതികളുടെ സംരംഭകരിൽ ചിലർ കോവിഡ് -19 ലോക്ക്ഡൗൺ കാരണം സാമ്പത്തിക ഞെരുക്കത്തിലായതിനാൽ ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പുവയ്ക്കുവാൻ കൂടുതൽ സമയം ചോദിച്ചിരിക്കുകയാണ്. ഈ സംരംഭകരുമായുള്ള ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് അടുത്തുതന്നെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതികളുമായി മുന്നോട്ട് പോകുന്നവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.[+] കൂടാതെ കനാലുകളിലെ ഒഴുക്കിൽനിന്ന് (ഹൈഡ്രോകൈനറ്റിക്ക് സാങ്കേതികം) വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതാ പഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് Expression of Interest (EOI) വിളിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ സാദ്ധ്യതയുള്ള ഇടങ്ങൾ കണ്ടെത്തിയതിനുശേഷം ഉചിതമായ കനാലുകളിൽ

+ നിയമസഭയുടെ ഒദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ ഹൈഡ്രോ കൈനറ്റിക് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

(ബി) ആതിരപ്പിള്ളി ജലവൈദ്യുത പദ്ധതി പുനരാരംഭിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുവേണ്ടി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ചുള്ള വിശദാംശം നൽകുമോ; പ്രസ്തുത പദ്ധതി സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം എന്താണെന്നതിന്റെ വ്യക്തമായ മറുപടി നൽകുമോ?

ആതിരപ്പള്ളി പദ്ധതി (163 MW) സമവായത്തിലൂടെ മാത്രമേ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുള്ളൂ.

ദേലമ്പാടി പഞ്ചായത്തിൽ പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

174 (3606) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ദേലമ്പാടി പഞ്ചായത്തിൽ എത്ര വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ ദേലമ്പാടി പഞ്ചായത്തിൽ 7287 വൈദ്യുതി ഉപഭോക്താക്കളുണ്ട്.

(ബി) നിലവിൽ ഈ പഞ്ചായത്തിലെ ദേലമ്പാടി, അഡൂർ വില്ലേജുകളിൽ വൈദ്യുതി സംബന്ധമായ തകരാർ സംഭവിച്ചാൽ കെ.എസ്.ഇ.ബി.-യുടെ ഏത് സെക്ഷൻ ഓഫീസിൽ നിന്നാണ് ജീവനക്കാർ വരേണ്ടതെന്നും ഇതിനായി എത്ര ദൂരം സഞ്ചരിക്കേണ്ടി വരുന്നുണ്ടെന്നും വിശദമാക്കാമോ?

ദേലമ്പാടി പഞ്ചായത്തിലെ 95% പ്രദേശങ്ങളും മുള്ളേരിയ ഇലക്ട്രിക്കൽ സെക്ഷന് കീഴിലും 5% പ്രദേശങ്ങൾ കുറ്റിക്കോൽ ഇലക്ട്രിക്കൽ സെക്ഷന് കീഴിലുമാണ് സ്ഥിതിചെയ്യുന്നത്. മുള്ളേരിയ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ഏകദേശം 35 കി.മി. ദൂരത്തിൽ ദേലമ്പാടി പഞ്ചായത്ത് വ്യാപിച്ചുകിടക്കുന്നു.

(സി) വന്യമൃഗ ശല്യം, നിലവിലുള്ള കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിൽ നിന്നും എത്തിച്ചേരാനുള്ള ദൂരം, വനപ്രദേശത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന പഞ്ചായത്ത് എന്നിവ പരിഗണിച്ച് ദേലമ്പാടി പഞ്ചായത്തിൽ ഒരു സെക്ഷൻ ഓഫീസ് അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ദേലമ്പാടി പഞ്ചായത്തിലെ അഡൂർ കേന്ദ്രമാക്കി കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള

നിവേദനം ലഭിക്കുകയും അതിന്മേൽ പരിശോധന നടത്തുകയും ചെയ്തിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ആധുനിക സാങ്കേതികവിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വേണ്ടി നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഇരിക്കൂർ മണ്ഡലത്തിലെ കെ.എസ്.ഇ.ബി. പ്രവൃത്തികൾ

175(3607) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഇരിക്കൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും അവ ഓരോന്നിന്റെയും നിലവിലത്തെ സ്ഥിതി എന്തെന്നും വിശദമാക്കുമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിലുള്ള നിമിരി വില്ലേജിൽ 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

സബ്സ്റ്റേഷൻ നിർമ്മിക്കാനുള്ള സ്ഥലം, 110 കെ.വി ലൈൻ റൂട്ട് എന്നിവ സംബന്ധിച്ചുള്ള പ്രാഥമിക പരിശോധനയും അനുബന്ധ നടപടികളും പുരോഗമിക്കുകയാണ്.

(ബി) ഈ മണ്ഡലത്തിൽ ഇനി അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കാൻ അവശേഷിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ചതും നിലവിൽ പൂർത്തിയാക്കാൻ ബാക്കിയുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

(ബി&സി) നിലവിലില്ല.

33 കെ. വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനായി ഉയർത്തുന്ന നടപടി

176(3608) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ മുണ്ടൂരിൽ പ്രവർത്തിക്കുന്ന 33 കെ.വി സബ്സ്റ്റേഷൻ 110 കെ.വി സബ്സ്റ്റേഷനായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി വിവരം ലഭ്യമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിലെ മുണ്ടൂരിൽ പ്രവർത്തിക്കുന്ന 33 കെ.വി സബ്സ്റ്റേഷൻ 110 കെ.വി സബ്സ്റ്റേഷനായി ഉയർത്താൻ നിലവിൽ ഉദ്ദേശിക്കുന്നില്ല.

(ബി) ഇല്ലെങ്കിൽ ഒരു ട്രാൻസ്ഫോമർ കൂടി സ്ഥാപിച്ച് സുഗമമായ വൈദ്യുതി ലഭ്യത ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കാമോ?

33 കെ.വി മുണ്ടൂർ സബ്സ്റ്റേഷനിൽ നിലവിൽ 5MV ശേഷിയുള്ള 3 ട്രാൻസ്ഫോർമറുകളാണുള്ളത്. സബ്സ്റ്റേഷന്റെ ശേഷിയേക്കാൾ വളരെ കുറഞ്ഞ ലോഡ് മാത്രമേ നിലവിലുള്ളുയെന്നതിനാൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സാഹചര്യം ഇപ്പോഴില്ല. സ്ഥലപരിമിതിയുള്ളതിനാൽ മറ്റൊരു ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ ബുദ്ധിമുട്ടാണ്. ഭാവിയിൽ ലോഡ് കൂടുന്ന പക്ഷം നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കാവുന്നതാണ്.

കോവിഡ് കാലയളവിലെ വൈദ്യുതി ചാർജ്ജ്

177 (3609) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ലോക്ക്ഡൗൺമൂലം അടഞ്ഞുകിടന്നിരുന്ന ചെറുകിട വ്യാപാര-വ്യവസായങ്ങൾ, ഹോട്ടൽ, കാറ്ററിംഗ്, ഓഡിറ്റോറിയം, ഹൂട്ട് വെയർ മുതലായ സ്ഥാപനങ്ങളുടെ വൈദ്യുതി ബില്ലിലെ ഫിക്സഡ് ചാർജ്ജ് ഒഴിവാക്കണമെന്ന ആവശ്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) കോവിഡ് സാഹചര്യത്തിൽ വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തിയിട്ടുള്ള വ്യാപാരസ്ഥാപനങ്ങൾക്ക് തവണ വ്യവസ്ഥയിൽ വൈദ്യുതി ചാർജ്ജ് തിരിച്ചടയ്ക്കാനുള്ള സൗകര്യങ്ങൾ നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരിമൂലം സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന വ്യാപാരികൾക്ക്, 01-06-2020-ലെ സ.ഉ (സാധാ)നം.67/2020/ഊ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (വ്യാവസായിക/വാണിജ്യ ഉപഭോക്താക്കൾക്ക്) 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ബാധകമായ നിശ്ചിത നിരക്കിന്റെ (ഫിക്സഡ് ചാർജ്ജ്) 25% ഇളവും ബാക്കി തുക പലിശ ഈടാക്കാതെ അടയ്ക്കുന്നതിന് 15-02-2020 വരെ സാവകാശവും നൽകിയിരുന്നു. രണ്ടാം തരംഗത്തിൽ, കോവിഡ് അതിരൂക്ഷമായി പടരുന്ന സാഹചര്യത്തിൽ, 28-06-2021-ലെ സ.ഉ (സാധാ)നം.84/2021/ഊ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വ്യാവസായിക/വാണിജ്യ വൈദ്യുതി കണക്ഷനുകളുടെ 2021 മേയ് മാസത്തെ

'ഫിക്സഡ് ചാർജ്ജ്/ഡിമാന്റ് ചാർജ്ജിൽ' 25% ഇളവ് നൽകുകയും ഇളവ് കഴിച്ചുള്ള ബാക്കി തുക 30-09-2021 വരെ പലിശ രഹിതമായി പരമാവധി മൂന്ന് തവണകളായി അടയ്ക്കുന്നതിന് സാവകാശം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവിലെ ബിൽ തുക ഭാഗികമായോ പൂർണ്ണമായോ ഉപഭോക്താക്കൾ അടച്ചിട്ടുണ്ടെങ്കിൽ തുടർന്നുള്ള ബില്ലുകളിൽ തുക ക്രമപ്പെടുത്തി നൽകുന്നതാണ്.

കെ.എസ്.ഇ.ബി. വിഭാഗങ്ങളുടെ കാര്യക്ഷമത

178 (3610) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിലെ ഉല്പാദനം, പ്രസരണം, വിതരണം എന്നീ വിഭാഗങ്ങൾ കാര്യക്ഷമമാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉൽപ്പാദന വിഭാഗം കാര്യക്ഷമമാക്കുന്നതിന്, പുതുതായി 11 ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി 114 മെഗാവാട്ട് അധികമായി ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച വിവരം

അനുബന്ധമായി ചേർക്കുന്നു.[+] കൂടാതെ ജലവൈദ്യുത പദ്ധതികളുടെ പര്യവേക്ഷണ പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്നവ പൂർത്തിയാക്കി അവ നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നു. ഇതിനുപുറമെ നിലവിലുള്ള ഇടുക്കി ജലാശയത്തിലെ ജലമുപയോഗിച്ച്, 780 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഇടുക്കി എക്സ്റ്റൻഷൻ പദ്ധതി സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാദ്ധ്യതാ പഠനം നടത്തി പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾക്ക് വാപ്കോസ്, നൃഡൽഹിക്ക് കരാർ നൽകിയിട്ടുണ്ട്. പ്രസരണ മേഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി സാങ്കേതിക പഠനം നടത്തി ആവശ്യമായ സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുക, കാലപ്പഴക്കം ചെന്ന ഉപകരണങ്ങൾ മാറ്റി പുതിയ ഉപകരണങ്ങൾ സ്ഥാപിക്കുക എന്നീ പ്രവൃത്തികൾ നടപ്പിലാക്കിവരികയും വിഭാവനം ചെയ്യുകയും ചെയ്തിട്ടുണ്ട്. വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് മുഖ്യമായും ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുന്നത്. 2021-22 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽപ്പെടുത്തി 21 സബ്സ്റ്റേഷനുകളും (പുതിയ സബ്സ്റ്റേഷനുകൾ, നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കൽ എന്നിവ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടെ) അനുബന്ധ ലൈനുകളുമാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തിന്റെ ഭാവിയിലെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും പ്രസരണ ശൃംഖലയുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ദീർഘകാലാടിസ്ഥാനത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ KIIFB, PSDF ധനസഹായത്തോടെ ആവിഷ്കരിച്ച പദ്ധതികളിൽ 178 സർക്യൂട്ട് കി.മീ. 400 കെ.വി ലൈനും 845 സർക്യൂട്ട് കി.മീ 220 കെ.വി ലൈനും 820 കി.മീ 110 കെ.വി ലൈനും ഉൾപ്പെടുന്ന 9 ലൈൻ പാക്കേജുകളും 12 സബ്സ്റ്റേഷനുകൾ ഉൾപ്പെടുന്ന 5 പാക്കേജുകളുമുണ്ട്. ഇതിൽ 1589 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞു. പൂർത്തിയായ പദ്ധതികളിൽ 5 സബ്സ്റ്റേഷനുകളും 178 സർക്യൂട്ട് കി.മീ 400 കെ.വി ലൈനും 465 സർക്യൂട്ട് കി.മീ 220 കെ.വി ലൈനും 548 സർക്യൂട്ട് കി.മീ 110 കെ.വി ലൈനും ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ KIIFB, MNRE എന്നിവയുടെ ധനസഹായത്തോടെ 3414 കോടി രൂപയുടെ പദ്ധതികളിലായി 13 സബ്സ്റ്റേഷനുകളും 11 ലൈൻ പാക്കേജുകളിലായി 248 സർക്യൂട്ട് കി.മീ. 400 കെ.വി ലൈനും 877 സർക്യൂട്ട് കി.മീ.

220 കെ.വി ലൈനും 786 കി.മീ. സർക്യൂട്ട് 110 കെ.വി ലൈനും പൂർത്തീകരിക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ടം 2022- ലും രണ്ടാം ഘട്ടം 2024- ലും പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(ബി) കെ.എസ്.ഇ.ബി.-യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കാമോ?

2019-20-ലെ ആഡിറ്റ് പൂർത്തിയായ കണക്കുപ്രകാരം, കെ.എസ്.ഇ.ബി. ലിമിറ്റഡ് 269.55 കോടി രൂപയുടെ നഷ്ടത്തിലാണ്.

(സി) വൈദ്യുതി നൽകിയ വകയിൽ കെ.എസ്.ഇ.ബി.-ക്ക് കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിനായി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാലാകാലങ്ങളിൽ KSERC-യുടെ അനുമതിയോടുകൂടി 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കൂടിശ്ശിക ഈടാക്കാൻ കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2016-ലും 2018-ലും 2019-ലും 2021-ലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. KSERC-യുടെ അനുമതിക്കനുസൃതമായി പലിശയിനത്തിൽ ഇളവുകൾ നൽകിയും ആവശ്യമെങ്കിൽ പലിശത്തുകയ്ക്ക് തവണകൾ അനുവദിച്ചും

നിബന്ധനകൾക്കുവിധേയമായി കുടിശ്ശിക മുതലിനുതന്നെ തവണകൾ നൽകിയും ഉപഭോക്താക്കൾക്ക് പരമാവധി പ്രയോജനപ്പെടത്തക്കവിധവും പരമാവധി കുടിശ്ശിക പിരിച്ചെടുക്കത്തക്കവിധവുമാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നത്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യു റിക്കവറി നടപടികൾക്ക് ശിപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ടായിരുന്നു.

സബ് സ്റ്റേഷനിലേയ്ക്കുള്ള ലൈൻ നിർമ്മാണം

179(3611) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഞ്ചിക്കോട്ടിലെ 220 കെ.വി സബ്സ്റ്റേഷനിൽ നിന്ന് മലമ്പുഴ 110 കെ.വി സബ്സ്റ്റേഷനിലേയ്ക്കുള്ള ലൈനിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കഞ്ചിക്കോട് 220 കെ.വി സബ്സ്റ്റേഷനിൽ നിന്ന് മലമ്പുഴ 110 കെ.വി സബ്സ്റ്റേഷനിലേയ്ക്കുള്ള 19 കിലോമീറ്റർ ലൈനിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. അതിൽ 7 ടവർ സ്ഥാപിക്കേണ്ടതുണ്ട്. ടി ടവർ

സ്ഥാപിക്കുന്ന പ്രവൃത്തിയും നടന്നുവരികയാണ്. ടി 110 കെ.വി ലൈൻ വലിക്കുന്നത് ഭൂരിഭാഗവും നെൽകൃഷി ചെയ്യുന്ന സ്ഥലങ്ങളായതിനാൽ രണ്ടാംഘട്ട വിളവെടുപ്പിനുശേഷം പണി പുനരാരംഭിച്ച് 2022 ജൂൺ മാസത്തോടെ പദ്ധതി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

കെ.എസ്.ഇ.ബി.-യുടെ ലാഭ-നഷ്ട കണക്ക്

180 (3612) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി. ഓരോ വർഷവും രേഖപ്പെടുത്തിയ ലാഭം, നഷ്ടം എന്നിവ എത്രയാണെന്ന് അറിയിക്കുമോ; സഞ്ചിത ലാഭം, നഷ്ടം എന്നിവ എത്രയാണെന്നും വ്യക്തമാക്കാമോ?

2015-16 മുതൽ 2019-20 വരെയുള്ള കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ലാഭ-നഷ്ട കണക്കും സഞ്ചിത ലാഭ-നഷ്ട കണക്കും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.+ 2020-21-ലെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വൈദ്യുതി ബില്ലിംഗിനെക്കുറിച്ച് ഉയർന്നിരിക്കുന്ന വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരാതിക്കിടനൽകുന്ന തരത്തിൽ ബില്ലിംഗ് സംവിധാനത്തിൽ അപാകതകൾ ഉണ്ടാകാനിടയായിട്ടുള്ളത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

(സി) ഉപഭോക്താക്കളുടെ പരാതിയുടെ അടിസ്ഥാനത്തിൽ വൈദ്യുതി ബിൽ കുറയ്ക്കുന്നതിനോ ഉപഭോക്താക്കൾക്ക് എന്തെങ്കിലും ഇളവുകൾ നൽകുന്നതിനോ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ?

കൊവിഡ് 19-ന്റെ ഭാഗമായുള്ള ആദ്യ ലോക്ക്ഡൗൺ കാലത്ത് വന്ന വൈദ്യുതി ബില്ലിംഗിനെക്കുറിച്ച് പരാതിയുയർന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. കെ.എസ്.ഇ.ബി.എൽ. ദ്വൈമാസ ഉപഭോക്താക്കളെ രണ്ട് സോണുകളായി തിരിച്ചിട്ടാണ് മീറ്റർ റീഡിംഗ് എടുത്തുവരുന്നത്. കൊവിഡ്-19 മഹാമാരിയുടെ വ്യാപനം തടയുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. 24-03-2020 മുതൽ മീറ്റർ റീഡിംഗും കൗണ്ടർ വഴിയുള്ള ക്യാഷ് കളക്ഷനും നിർത്തിവച്ചിരുന്നു. മീറ്റർ റീഡിംഗ് എടുക്കാൻ സാധിക്കാത്തതിനെത്തുടർന്ന് ഏപ്രിൽ 15 വരെ ബിൽ നൽകേണ്ട ഉപഭോക്താക്കൾക്ക് മുൻശരാശരിയുടെ അടിസ്ഥാനത്തിലാണ് ബില്ലുകൾ നൽകിയത്. ഏപ്രിൽ 20 മുതൽ റീഡിംഗ്

പുനരാരംഭിച്ചപ്പോൾ ശരാശരി ബിൽ നൽകാൻ സാധിക്കാത്ത ഉപഭോക്താക്കൾക്ക് റീഡിംഗ് അടിസ്ഥാനത്തിൽ ബിൽ നൽകേണ്ട സാഹചര്യമുണ്ടായി. ഇത്തരം ഉപഭോക്താക്കൾക്ക് അഞ്ച് മുതൽ പത്ത് ദിവസം (അതായത് 65 മുതൽ 70 ദിവസം വരെയുള്ള) വരെ താമസിച്ച് റീഡിംഗ് എടുക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട് (പ്രതിമാസ ഉപഭോഗം ഏകദേശം 35 ദിവസം). ഇതുമൂലം സ്ലാബിന്റെ പരിധി കടന്നുപോയ ഉപഭോക്താക്കൾക്ക് യഥാർത്ഥത്തിൽ ബിൽ ചെയ്യേണ്ട നിരക്കിനുപകരം ഉയർന്ന നിരക്കിൽ ബിൽ ചെയ്യപ്പെടുകയും അതിന്റെ ഭാഗമായി ഉയർന്ന തുക ബില്ലിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ട ഉടനെ ബില്ലിംഗ് സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റങ്ങൾ ഏപ്രിൽ 28 മുതൽ നടപ്പിൽവരുത്തുകയും ചെയ്തിട്ടുണ്ട്. ഈ മാറ്റം വരുത്തുന്നതിനുമുമ്പ് നൽകിപ്പോയ ബില്ലുകളിലും പിശക് തിരുത്തി നിയമാനുസൃതം നൽകേണ്ട തുക മാത്രമാണ് പിന്നീട് സ്വീകരിച്ചിരുന്നത്. സോഫ്റ്റ്വെയറിൽ തിരുത്തൽ വരുത്തുന്നതിന് മുമ്പ് ആരെങ്കിലും അധികത്തുക അടച്ചുപോയിട്ടുണ്ടെങ്കിൽ ആയത് അടുത്ത ബില്ലിൽ വരവ് വയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. ഇതുകൂടാതെ ലോക്ക്ഡൗൺ സമയത്ത് മുഴുവൻ കുടുംബാംഗങ്ങളും വീടുകളിൽത്തന്നെ തങ്ങിയ സാഹചര്യത്തിൽ ഗാർഹിക

ഉപഭോക്താക്കളുടെ വൈദ്യുതി ഉപയോഗത്തിൽ ഗണ്യമായ വർദ്ധനവും ഉണ്ടായിട്ടുണ്ട്. ഇതുമൂലം ബില്ലുകളിൽ വരാവുന്ന വർദ്ധനയ്ക്ക് പുറമേ, ഉയർന്ന ഉപഭോഗ സ്ലാബുകളിൽ കൂടിയ നിരക്ക് ബാധകമായതിനാലും മുൻകാല ബില്ലുകളെക്കാൾ ഉയർന്ന തുക ഈ കാലയളവിൽ വന്നിരുന്നത് സ്വാഭാവികമായിരുന്നു. ലോക്ക്ഡൗൺ കാലയളവിൽ നൽകിയ എല്ലാ ഉയർന്ന ബില്ലുകൾക്കും തവണകളായി തുക അടയ്ക്കുവാനുള്ള സൗകര്യം അനുവദിക്കുകയും വൈദ്യുതി ബിൽ അടയ്ക്കുന്നതിൽ താമസം നേരിട്ടാൽ ഈടാക്കിയിരുന്ന പലിശ കെ.എസ്.ഇ.ബി. 2020 ഡിസംബർ 31 വരെ ഒഴിവാക്കി നൽകുകയും ചെയ്തിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരം, 2020 ഏപ്രിൽ 20 മുതൽ 2020 ജൂൺ 19 വരെ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകിയ ബിൽ തുകയിൽ പ്രത്യേക സബ്സിഡിയും നൽകിയിരുന്നു. ലോക്ക്ഡൗൺ കാരണം ഗാർഹികേതര ഉപഭോക്താക്കളുടെ വൈദ്യുതി ഉപയോഗം കുറവായതിനാൽ വാണിജ്യ-വ്യാവസായിക ഉപഭോക്താക്കൾക്കും സ്വകാര്യ ആശുപത്രികൾക്കും മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്ജിൽ 25% ഇളവ് നൽകാനും ഫിക്സഡ് ചാർജ്ജിന്റെ ബാക്കി 75% തുക പലിശ കൂടാതെ ഡിസംബർ 2020 വരെ അടയ്ക്കുന്നതിനും വൈദ്യുതി

ബോർഡ് നടപടി സ്വീകരിച്ചിരുന്നു. സിനിമാ തിയേറ്ററുകൾ അടഞ്ഞുകിടന്ന കാലയളവിൽ ബാധകമായ നിശ്ചിത നിരക്കിന്റെ (ഫിക്സഡ് ചാർജ്ജ്) 50% ഇളവ് നല്കുകയും തവണകളായി തുക അടയ്ക്കുവാനുള്ള സൗകര്യം അനുവദിക്കുകയും ചെയ്തിരുന്നു. ഓൺലൈനായി ബിൽതുക അടയ്ക്കുമ്പോൾ ഈടാക്കിയിരുന്ന ഇടപാട് നിരക്കുകൾ (Transaction charges) ഒഴിവാക്കുകയും ഓൺലൈൻ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ടി സൗകര്യം ആദ്യമായി പ്രയോജനപ്പെടുത്തുന്ന ഉപഭോക്താവിന് ബിൽ തുകയുടെ 5% (പരമാവധി 100 രൂപ) ഇളവ് നൽകുകയും ചെയ്തുവരുന്നു. കോവിഡ് രണ്ടാം തരംഗത്തിൽ സർക്കാർ നിർദ്ദേശപ്രകാരം, 2021 മെയ് മാസത്തെ വ്യവസായിക/വാണിജ്യ വൈദ്യുതി കണക്ഷനുകളുടെ 'ഫിക്സഡ് ചാർജ്ജ്/ഡിമാൻഡ് ചാർജ്ജിൽ' 25%-വും സംസ്ഥാനത്തെ സിനിമ തിയേറ്ററുകളുടെ 'ഫിക്സഡ് ചാർജ്ജ്/ഡിമാൻഡ് ചാർജ്ജിൽ' 50%-വും ഇളവ് നൽകുകയും ഇളവ് കഴിച്ചുള്ള ബാക്കി തുക അടയ്ക്കുന്നതിന് 30-09-2021 വരെ സാവകാശം നൽകുകയും ചെയ്തുവരുന്നു. 1000 വാട്സ് വരെ കണക്ടഡ് ലോഡുള്ളതും യൂണിറ്റിന് 1.50 രൂപ നിരക്കിൽ പ്രതിമാസം 40 യൂണിറ്റ് വരെ മാത്രം വൈദ്യുതി ഉപയോഗിക്കുന്നതുമായ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട

ഗാർഹിക ഉപഭോക്താക്കൾക്ക്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അനുമതിക്ക് വിധേയമായി ഇതേ നിരക്കിൽ പ്രതിമാസം 50 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കാൻ അനുമതി അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് കെ.എസ്.ഇ.ബി.-യിൽ നടപ്പിലാക്കിയിട്ടുമുണ്ട്.

കേന്ദ്ര ഇലക്ട്രിസിറ്റി നിയമം

181 (3613) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഇലക്ട്രിസിറ്റി നിയമം ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ ഭേദഗതി സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഡീ-ലൈസൻസിംഗ് വഴി വൈദ്യുതി മേഖലയുടെ സ്വകാര്യവത്കരണത്തിന് ആക്കം കൂട്ടുന്ന നിർദ്ദേശങ്ങളാണ് ഭേദഗതി നിർദ്ദേശത്തിലുള്ളത്. കൂട്ടത്തിൽ തന്നിഷ്ടപ്രകാരമുള്ള തെരഞ്ഞെടുപ്പിനുള്ള

അവസരം (cherry picking) ഉറന്നു കിട്ടുക വഴി സ്വകാര്യമേഖലയ്ക്ക് തങ്ങൾക്ക് ലാഭകരമായ ഉപഭോക്താക്കൾക്ക് മാത്രമായി സേവനം പരിമിതപ്പെടുത്താൻ സാധിക്കുകയും ചെയ്യും. ഭേദഗതി നിർദ്ദേശങ്ങൾ നിലവിൽ പൊതുമേഖലയിൽ തുടരുന്ന വൈദ്യുതി വിതരണ രംഗത്തിന്റെ സ്വകാര്യവത്കരണത്തിന് ഇടയാക്കും എന്നതിനുപരിയായി വർഷങ്ങളുടെ ശ്രമഫലമായും ഉയർന്ന മൂലധന നിക്ഷേപങ്ങളിലൂടെയും പൊതുമേഖലാസ്ഥാപനമായ കെ.എസ്.ഇ.ബി ഏറ്റെടുത്ത് പൂർത്തിയാക്കിയ പ്രവൃത്തികളുടെ ഗുണഫലങ്ങൾ യാതൊരുവിധ മൂലധന നിക്ഷേപമോ ശ്രമമോ കൂടാതെ പുതുതായി കടന്നുവരുന്ന വിതരണ കമ്പനികൾ കൈക്കലാക്കുന്ന സ്ഥിതി സംജാതമാകും. വിതരണ കമ്പനികൾ തന്നിഷ്ടപ്രകാരം നടത്താൻ ഇടയുള്ള ഉപഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, ക്രമേണ ക്രോസ്-സബ്സിഡി ഇല്ലാതാകുന്ന സാഹചര്യത്തിലേയ്ക്ക് നയിക്കും. ശരാശരി വൈദ്യുതി വിൽപ്പന നിരക്കിന് താഴെ വരുന്ന ഉപഭോക്താക്കൾ മാത്രം പൊതുമേഖലയിൽ തുടരുന്നത് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത തകർക്കും. നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്ക് ഉള്ളവ) വഴിയുള്ള ബാധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്ത പക്ഷം കെ.എസ്.ഇ.ബി.-ക്ക് വരാൻ പോകുന്ന

ബാദ്ധ്യത വലുതായിരിക്കും. വിതരണ ശൃംഖലയുടെ വികസനവും പരിപാലനവും പൊതുമേഖലയുടെ മാത്രം ഉത്തരവാദിത്തമാകുമെന്ന് ഭയപ്പെടുന്നു.

(സി) പ്രസ്തുത ഭേദഗതി നടപ്പിലാക്കിയാൽ അത് ഗ്രാമപ്രദേശങ്ങളിലെ ഉപഭോക്താക്കളെ ഏത് വിധത്തിലാണ് ബാധിക്കുന്നത്; വിശദമാക്കാമോ?

വർഷങ്ങൾക്കുശേഷം മാത്രം ലാഭം ലഭിക്കാൻ ഇടയുള്ളതുമായ ശൃംഖലാ വികസനപദ്ധതികളിൽ, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ മുതൽമുടക്കാൻ സ്വകാര്യ നിക്ഷേപകർ തയ്യാറാകില്ല. ഇത് ഭാവിയിൽ വിതരണ നഷ്ടം കൂടുന്നതിനും തദ്വാര വൈദ്യുതി വാങ്ങൽ ചെലവ് വർദ്ധിക്കാനും ഇടയാക്കും. വോൾട്ടേജ് ഇല്ലായ്മ, അടിക്കടിയുണ്ടാകുന്ന വൈദ്യുതി മുടക്കം, ശൃംഖലയുടെ ശേഷിക്കുറവ്മൂലം ഉണ്ടാകുന്ന ലോഡ്ഷെഡ്ഡിംഗ് എന്നിവ ഭാവിയിൽ തുടർക്കഥയാകും. ലാഭേച്ഛകൂടാതെ വനാന്തരങ്ങളിലും മറ്റ് വിദൂര പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഭാവിയിൽ സാദ്ധ്യത ഇല്ലാതെയാകും. ഇത് സമ്പൂർണ്ണ വൈദ്യുതീകരണത്തിലൂടെ എല്ലാ വിഭാഗങ്ങൾക്കും താങ്ങാനാകുന്ന വിലയ്ക്ക് വൈദ്യുതി നൽകി വർഷങ്ങളുടെ പ്രയത്നംമൂലം കേരളം കൈവരിച്ച നേട്ടം കൈവിട്ട് കളയുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ എത്തിക്കും.

രണ്ട് മാസത്തിലൊരിക്കലുള്ള ബില്ലിംഗ്

182 (3614) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. നിലവിൽ തുടരുന്ന രണ്ട് മാസത്തിലൊരിക്കലുള്ള ബില്ലിംഗ് സമ്പ്രദായം ഒഴിവാക്കി മാസത്തിലൊരിക്കലുള്ള ബില്ലിംഗ് സമ്പ്രദായം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

വൈദ്യുതി നിയമം 2003-ലെ 45, 62 ,86 എന്നീ വകുപ്പുകൾ പ്രകാരം, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിലാണ് സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതി ചാർജ്ജ് ഈടാക്കിവരുന്നത്. ടി നിയമത്തിലെ വ്യവസ്ഥകൾ, ദേശീയ താരിഫ് നയം 2016, റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയചട്ടങ്ങൾ എന്നിവ പ്രകാരം കാലാകാലങ്ങളിൽ റെഗുലേറ്ററി കമ്മിഷൻ പുറപ്പെടുവിക്കുന്ന താരിഫ് ഉത്തരവുകളിൽ പ്രതിമാസ ഉപഭോഗ സ്ലാബുകൾക്കാണ് (Monthly Consumption Slabs) നിരക്കുകൾ കാണിച്ചിരിക്കുന്നത്. എന്നാൽ ഭൂരിഭാഗം വരുന്ന എല്ലാ ഉപഭോക്താക്കൾക്കും സാമ്പത്തികമായി യാതൊരുവിധ നഷ്ടവുമില്ലാതെ

ദ്വൈമാസത്തിലൊരിക്കലാണ് ബില്ലുകൾ നൽകിവരുന്നത്. നിലവിൽ രണ്ടുമാസത്തിലൊരിക്കൽ ഉപഭോക്താവിന്റെ മീറ്റർ റീഡിംഗ് എടുത്ത്, ദ്വൈമാസ ഉപഭോഗം രേഖപ്പെടുത്തി, അതിൽനിന്ന് ഒരുമാസത്തെ ഉപഭോഗം കണക്കാക്കി അതിനെ കമ്മീഷൻ നിശ്ചയിച്ചിരിക്കുന്ന നിരക്കുകൊണ്ട് ഗുണിക്കുമ്പോൾ ഒരുമാസത്തെ വൈദ്യുതി ചാർജ്ജ് ലഭിക്കുകയും ഇതിനെ 2 കൊണ്ട് ഗുണിക്കുമ്പോൾ കിട്ടുന്ന തുക ദ്വൈമാസ വൈദ്യുതി ബിൽ തുകയായി രേഖപ്പെടുത്തി നൽകുകയും ചെയ്യുന്നു. അതായത് പ്രതിമാസ ബില്ലായാലും ദ്വൈമാസ ബില്ലായാലും ഉപഭോക്താവിന് യാതൊരുവിധ നഷ്ടവും സംഭവിക്കുന്നില്ല. നിലവിൽ 20 കിലോവാട്ടിനു മുകളിലുള്ള ഗാർഹിക ഉപഭോക്താക്കൾ, 10 കിലോവാട്ടിനു മുകളിലുള്ള ഗാർഹികേതര ഉപഭോക്താക്കൾ, തെരുവ് വിളക്കുകൾ, വ്യാവസായിക ഉപഭോക്താക്കൾ, ഹൈടെൻഷൻ & എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾ എന്നിവർക്ക് പ്രതിമാസ ബില്ലുകളാണ് നൽകിവരുന്നത്. ഇത് 2.90 ലക്ഷത്തോളം ഉപഭോക്താക്കൾ വരും. ബാക്കിയുള്ള 1.29 കോടി വരുന്ന ഉപഭോക്താക്കളെ രണ്ട് മാസത്തിലൊരിക്കലാണ് ബില്ല് ചെയ്തുവരുന്നത്. അതായത് നിലവിൽ 64.5 ലക്ഷം ദ്വൈമാസ ബില്ല് ചെയ്യുന്ന ഉപഭോക്താക്കൾക്ക് മാസം തോറും ബില്ല് നൽകേണ്ടി വരുമ്പോൾ അവരുടെ

പ്രതിമാസ റീഡിംഗ് എടുത്ത് ബില്ല ചെയ്യേണ്ടതായി വരും. ഇതുമൂലം ബോർഡിന്റെ പ്രവർത്തന പരിപാലന ചെലവ് (Operation & Maintenance Cost) വലിയ തോതിൽ വർദ്ധിക്കുകയും താരിഫ് വർദ്ധനവിനു കാരണമാകുകയും ചെയ്യും. ആയതിനാൽ, ഉപഭോക്താക്കൾക്ക് യാതൊരുവിധ സാമ്പത്തിക ബുദ്ധിമുട്ടും ഇല്ലാത്തതിനാൽ നിലവിലുള്ള സമ്പ്രദായം തുടരുന്നതാണ് അഭികാമ്യം.

(ബി) പലപ്പോഴും ബില്ലിംഗ് 60 ദിവസം കഴിഞ്ഞ് 80 ദിവസം വരെ വൈകുന്നത് കാരണം ഉപഭോക്താക്കൾ അമിതമായ ചാർജ് നൽകേണ്ട അവസ്ഥയാണുള്ളതെന്ന കാര്യം പരിശോധിക്കുമോ?

സംസ്ഥാനത്തെ ബഹുഭൂരിപക്ഷം ഗാർഹിക ഉപഭോക്താക്കൾക്കും രണ്ടുമാസത്തിലൊരിക്കലാണ് മീറ്റർ റീഡിംഗ് നടത്തി ബില്ലുകൾ നൽകിവരുന്നത്. എന്നാൽ 2020-ൽ കൊവിഡ്-19 മഹാമാരിയുടെ വ്യാപനം തടയുന്നതിന്റെ ഭാഗമായി, സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ലോക്ക്ഡൗൺ മൂലം, കെ.എസ്.ഇ.ബി മീറ്റർ റീഡിംഗും, കൗണ്ടർ വഴിയുള്ള ക്യാഷ് കളക്ഷനും നിർത്തിവച്ചിരുന്നു. മീറ്റർ റീഡിംഗ് എടുക്കാൻ സാധിക്കാത്തതിനെ തുടർന്ന്, ബിൽ നൽകേണ്ട ഉപഭോക്താക്കൾക്കും ഹോട്ട്സ്പോട്ട് പ്രദേശങ്ങളിലും മുൻ ശരാശരിയുടെ അടിസ്ഥാനത്തിലാണ്

ബില്ലുകൾ നൽകിയത്. മീറ്റർ റീഡിംഗ് പുനരാരംഭിച്ചപ്പോൾ ഇതിനോടകം ശരാശരി ബിൽ നൽകാൻ സാധിക്കാത്ത ഉപഭോക്താക്കൾക്ക് റീഡിംഗ് അടിസ്ഥാനത്തിൽ ബിൽ നൽകേണ്ട സാഹചര്യമുണ്ടായി. ഇത്തരം ഉപഭോക്താക്കൾക്ക് അഞ്ച് മുതൽ പത്ത് ദിവസം വരെ താമസിച്ച് റീഡിംഗ് എടുക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. ഇതുമൂലം സ്ലാബിന്റെ പരിധി കടന്നുപോയ ഉപഭോക്താക്കൾക്ക് യഥാർത്ഥത്തിൽ ബിൽ ചെയ്യേണ്ട നിരക്കിനുപകരം ഉയർന്ന നിരക്കിൽ ബിൽ ചെയ്യപ്പെടുകയും അതിന്റെ ഭാഗമായി ഉയർന്ന തുക ബില്ലിൽ രേഖപ്പെടുത്തപ്പെടുകയും ചെയ്തിട്ടുണ്ടായിരുന്നു. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ട ഉടനെ ആവശ്യമായ തിരുത്തലുകൾ ബില്ലിംഗ് സോഫ്റ്റ്വെയറിൽ വരുത്തുകയും ഈ മാറ്റം വരുത്തുന്നതിന് മുമ്പ് നൽകിപ്പോയ ബില്ലുകളിലും പിശക് തിരുത്തി നിയമാനുസൃതം നൽകേണ്ട തുക മാത്രമാണ് കെ.എസ്.ഇ.ബി.എൽ. സ്വീകരിക്കുന്നത്. സോഫ്റ്റ്വെയറിൽ തിരുത്തൽ വരുത്തുന്നതിന് മുമ്പ് ആരെങ്കിലും അധികതുക അടച്ചുപോയിട്ടുണ്ടെങ്കിൽ ആയത് അടുത്ത ബില്ലിൽ വരവ് വയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഉപഭോക്താക്കൾ അമിതമായ ഒരു തുകയും വൈദ്യുതിചാർജ്ജായി അടയ്ക്കേണ്ട സാഹചര്യമുണ്ടായിട്ടില്ല.

വൈദ്യുത വാഹനങ്ങളുടെ ചാർജ്ജിംഗ് സൗകര്യം

183(3615) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങളുടെ ചാർജ്ജിംഗ് സൗകര്യം ഒരുക്കുന്നതിന് വൈദ്യുതി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

(ബി) വൈദ്യുതി വകുപ്പിന് കീഴിൽ നിലവിൽ എത്ര ചാർജ്ജിംഗ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

പെട്രോൾവില വർദ്ധനവുമൂലമുള്ള പ്രയാസം ഗണ്യമായി കുറയ്ക്കുക, പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ഊർജ്ജസുരക്ഷ ഉറപ്പാക്കുക തുടങ്ങിയ സുപ്രധാനമായ, അടുത്ത തലമുറയെ വരെ സ്വാധീനിക്കുന്ന വൻലക്ഷ്യങ്ങൾ മുന്നിൽ കണ്ട് വൈദ്യുതി വാഹനങ്ങൾക്ക് അതീവ പ്രാധാന്യം നൽകിവരുന്നു. ഇതിന്റെ ഭാഗമായി കേരള സർക്കാർ ഇ-വെഹിക്കിൾ പോളിസി പുറത്തിറക്കിയിട്ടുണ്ട്. വൈദ്യുതി വാഹനങ്ങളുടെ ഉപയോഗത്തിനും വിപണിയുടെ ഉണർവ്വിനും സുപ്രധാനമായ പങ്ക് വഹിക്കേണ്ടത് ചാർജ്ജിംഗ് സംവിധാനങ്ങളുടെ പര്യാപ്തതയാണ്. കേരള

സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലുമായി 250-ൽപ്പരം വരുന്ന ഒരു ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. പ്രവർത്തിക്കുന്നു. സംസ്ഥാന സർക്കാരിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽ നിന്നും പ്രാരംഭഘട്ടമായി ആറു ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു.

1. നേമം, തിരുവനന്തപുരം

2. ഓലൈ,കൊല്ലം

3. പാലാരിവട്ടം, എറണാകുളം

4. വിയ്യൂർ, തൃശ്ശൂർ

5. നല്ലളം, കോഴിക്കോട്

6. ചൊവ്വ, കണ്ണൂർ

സംസ്ഥാന ഗവൺമെന്റിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും 26 പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി കൂടി ലഭിച്ചിട്ടുണ്ട്. അതുയും സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. അതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം II പദ്ധതി പ്രകാരമുള്ള 30 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നുവരികയാണ്. ഇത്തരത്തിൽ എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് സംസ്ഥാനത്ത് കൂടുതൽ പബ്ലിക് ഇ.വി. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അനെർട്ട് നടത്തിവരുന്നു. ഇലക്ട്രിക്ക് കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഏകദേശം 15 ലക്ഷം രൂപ ചെലവ് വരും. ഇതിനായുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സോളാർ

സംവിധാനം ഒരുക്കുന്നതിന് അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഈ സാമ്പത്തികവർഷം നടപ്പിലാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

അനെർട്ടിലെ വിജിലൻസ് അന്വേഷണം

184 (3616) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിൽ ഗവേഷണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര തുക ചെലവാക്കി; ഇനം തിരിച്ച് ലഭ്യമാക്കാമോ?

അനെർട്ടിൽ ഗവേഷണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ 10,77,44,000/-രൂപ (പത്ത് കോടി എഴുപത്തിഏഴ് ലക്ഷത്തി നാല്പത്തിനാലായിരം രൂപ മാത്രം) ചെലവഴിച്ചു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) എ.ജി.-യുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സയന്റിസ്റ്റുകൾക്ക് പ്രൊമോഷൻ നൽകിയത് വിജിലൻസ് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഊർജ്ജ വകുപ്പ്

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സെക്രട്ടറിക്കും അനെർട്ട് ഡയറക്ടർക്കും പരാതി ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ എ.ജി.-യുടെ പരിശോധന സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) അനെർട്ടിലെ സയന്റിസ്റ്റുകൾക്ക് പ്രൊമോഷൻ നൽകിയത് നിയമവിരുദ്ധമാണെന്നും ഏതെങ്കിലും ഏജൻസി അന്വേഷിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എത്ര കത്തുകൾ അനെർട്ട് സർക്കാരിന് നൽകിയിട്ടുണ്ട്; എല്ലാ കത്തുകളുടെ പകർപ്പുകളും ലഭ്യമാക്കാമോ; സർക്കാർ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

അനെർട്ടിലെ സയന്റിസ്റ്റുകൾക്ക് പ്രൊമോഷൻ നൽകിയത് നിയമ വിരുദ്ധമാണെന്നും ഏതെങ്കിലും ഏജൻസി അന്വേഷിക്കണമെന്നും ആവശ്യപ്പെട്ട് അനെർട്ടിൽനിന്നും മൂന്ന് കത്തുകൾ ലഭിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+. ഇക്കാര്യം പരിശോധിച്ചു വരികയാണ്.

(ഡി) ഇതിൽ അഴിമതി നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിജിലൻസ് അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നിയോജക മണ്ഡലങ്ങളിലെ വൈദ്യുതി പ്രശ്നങ്ങൾ

185 (3617) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിയോജക മണ്ഡലങ്ങളിലെ വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് എം.എൽ.എ. മാരെ ഉൾപ്പെടുത്തിയുള്ള എതെങ്കിലും മോണിറ്ററിംഗ് കമ്മിറ്റികൾ നിലവിലുണ്ടോ?

(ബി) ഇല്ലെങ്കിൽ ഇത്തരം കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ & ബി) വൈദ്യുതി പ്രസരണ വിതരണ സംബന്ധിയായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ജില്ലാതലത്തിലും മറ്റ് പ്രാദേശിക തലത്തിലും വിവിധ കമ്മിറ്റികൾ നിലവിലുണ്ട്. അതായത് ജില്ലാകളക്ടർമാർ അദ്ധ്യക്ഷനായുള്ള ജില്ലാവികസന കമ്മിറ്റി (DDC), തഹസീൽദാർ അദ്ധ്യക്ഷനായുള്ള താലൂക്ക് സഭകൾ, എം.എൽ.എ. അദ്ധ്യക്ഷനായുള്ള അവലോകന കമ്മിറ്റികൾ, തദ്ദേശീയമായിട്ടുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള ലോക്കൽ അഡ്വൈസറി കമ്മിറ്റികൾ,

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനത്തിന് പാർലമെന്റ് അംഗങ്ങൾ, ജില്ലാ കളക്ടർ എന്നിവർ ഉൾപ്പെട്ടിട്ടുള്ള 26-07-2016-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം " DISHA" എന്ന ജില്ലാതല കമ്മിറ്റി തുടങ്ങിയവ നിലവിലുണ്ട്. വനാന്തർഭാഗത്ത് സ്ഥിതി ചെയ്യുന്ന വിദൂര ആദിവാസി കോളനികളുടെ വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

വൈദ്യുതി വിതരണരംഗത്തെ കേന്ദ്ര നിയമനിർമ്മാണം

186(3618) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യകമ്പനികൾക്ക് അവസരം നൽകുന്നതിനായി കേന്ദ്രസർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാനവുമായി കൂടിയാലോചിച്ചിരുന്നുവോ എന്നറിയിക്കാമോ?

വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യ കമ്പനികൾക്ക് അവസരം നൽകുന്നതിനായി കേന്ദ്രസർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നിയമ

നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാനവുമായി കൂടിയാലോചിച്ചിരുന്നു. ഇതു സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും, ഭേദഗതിമൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും ബദൽ നിർദ്ദേശങ്ങളും കാര്യകാരണ സഹിതം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഡീ-ലൈസൻസിംഗും, തുടർന്ന് വിതരണ കമ്പനികൾ തന്നിഷ്ടപ്രകാരം നടത്താനിടയുള്ള ഉപഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, ക്രോസ്-സബ്സിഡി ഇല്ലാതാകുന്ന സാഹചര്യം, നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്കുള്ളവ) വഴിയുള്ള ബാദ്ധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്തപക്ഷം കെ.എസ്.ഇ.ബി.-ക്ക് വരാൻ പോകുന്ന ബാദ്ധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാദ്ധ്യതയുള്ള പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കകളും, കേരളം വൈദ്യുതി വിതരണം പൊതുമേഖലയിൽ നിർത്തിക്കൊണ്ട് കൈവരിച്ച നേട്ടങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

പമ്പ, അച്ചൻകോവിൽ, മണിമല ആറുകളിൽ പുതിയ ഡാമുകൾ

187(3619) ശ്രീ. തോമസ്. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ, അച്ചൻകോവിൽ, മണിമല ആറുകളിൽ പുതിയ ഡാമുകൾ പണിയുന്നതിനുള്ള നിർദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ?

പമ്പാ നദിയിൽ പാറക്കടവ് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് മുൻപ് തയ്യാറാക്കിയിട്ടുണ്ട്. അച്ചൻകോവിൽ ആറിൽ അച്ചൻകോവിൽ ജലവൈദ്യുത പദ്ധതി, വക്കല്ലാർ ജലവൈദ്യുത പദ്ധതി, ട്വിൻകല്ലാർ ജലവൈദ്യുത പദ്ധതി എന്നിവയുടെ പഠനങ്ങൾക്കുശേഷമുള്ള പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അച്ചൻകോവിൽ ജലവൈദ്യുതി പദ്ധതി (30 MW) നടപ്പിലാക്കാനുള്ള വനഭൂമി, വനേതര പ്രവർത്തനങ്ങൾക്ക് വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ സംസ്ഥാന വനം വകുപ്പ് നിരാകരിച്ചു. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഒന്നാം ഘട്ട പാരിസ്ഥിതിക പഠനവും നടത്തിയിട്ടുണ്ട്. വക്കല്ലാർ ജലവൈദ്യുത പദ്ധതി (24 MW) സ്വകാര്യ സംരംഭകർ വഴി നടപ്പിലാക്കാൻ എനർജി മാനേജ്മെന്റ് സെന്ററിന് പദ്ധതിയുടെ വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. ട്വിൻകല്ലാർ

ജലവൈദ്യുത പദ്ധതി (60 MW) വിവിധോദ്ദേശ്യ പദ്ധതിയായതിനാൽ ജലസേചന വകുപ്പുമായി സഹകരിച്ച് കേന്ദ്ര ജലകമ്മീഷന്റെ പുതുക്കിയ മാനദണ്ഡമനുസരിച്ചുള്ള പുതുക്കിയ റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. മണിമലയാറിൽ പുതിയ ജലവൈദ്യുത പദ്ധതിക്കുള്ള സാധ്യതാ പഠനം നടന്നു വരുന്നു.

(ബി) കുട്ടനാട്ടിലെ വെള്ളപ്പൊക്ക ഭീഷണി പരമാവധി കുറയ്ക്കാൻ പ്രസ്തുത ആറുകളിൽ പുതിയ ഡാമുകൾ പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

മുകളിൽ പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുകയാണെങ്കിൽ കുട്ടനാട്ടിലെ വെള്ളപ്പൊക്ക ഭീഷണി ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കും.

ഫിലമെന്റ് രഹിത കേരളം

188(3620) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി എത്ര എൽ.ഇ.ഡി. ബൾബുകളാണ് വിതരണം ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും ആയതിൽ എത്രയെണ്ണം വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഫിലമെന്റ്രഹിത കേരള (FFK) പദ്ധതിയുടെ ഭാഗമായി നിലവിൽ രജിസ്റ്റർ ചെയ്ത ഉപഭോക്താക്കൾക്ക് 121.8 ലക്ഷം ബൾബുകളാണ് വിതരണം ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ 93.3 ലക്ഷം ബൾബുകളുടെ വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. ബൾബുകളുടെ വിതരണം പുരോഗമിക്കുന്നു.

(ബി) എല്ലാ ഉപഭോക്താക്കളും എൽ.ഇ.ഡി. ബൾബ് ഉപയോഗിക്കുന്നതിനായി ബോധവത്കരണം നടത്തുന്നതിന് വൈദ്യുതി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന രീതിയിൽ ബോധവൽക്കരണ നോട്ടീസുകൾ വിതരണം ചെയ്തും പോസ്റ്റർ, ബാനറുകൾ എന്നിവ സെക്ഷൻ ഓഫിസുകളിലും പഞ്ചായത്തുതലത്തിൽ യോഗങ്ങളിലും, മറ്റു പൊതു ഇടങ്ങളിലും പ്രദർശിപ്പിക്കുകയും സോഷ്യൽ മീഡിയ (കൺസ്യൂമർ വാട്സ് ആപ്പ് ഗ്രൂപ്പ്), സെക്ഷൻ തലത്തിൽ 'ഹെൽപ്പ് ഡെസ്ക്' എന്നിവ വഴിയും കൂടുതൽ ഉപഭോക്താക്കളെ എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിക്കുന്നതിന് ബോധവത്കരണം നൽകുകയും പദ്ധതിയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

1. എൽ.ഇ.ഡി ബൾബുകളുടെ പ്രചാരണത്തിന്റെ ഭാഗമായി 2010-11 കാലഘട്ടത്തിൽ കേരളത്തിലെ ആദ്യത്തെ എൽ.ഇ.ഡി. വില്ലജ് പ്രോഗ്രാം എനർജി മാനേജ്മന്റ് സെന്റർ പാലക്കാട് ജില്ലയിലെ അയകുറുശ്ശി പഞ്ചായത്തിൽ നടപ്പിലാക്കി. ഈ പറഞ്ഞ പദ്ധതിയുടെ ഭാഗമായി 325 വീടുകളിൽ 2 എൽ.ഇ.ഡി ബൾബുകൾ സൗജന്യമായി നൽകുകയും പഞ്ചായത്തിൽ 18 വാട്ട്സിന്റെ 50 എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും ചെയ്തു.

2. കൂടാതെ കേന്ദ്ര ഗവണ്മെന്റ് സ്ഥാപനമായ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ സഹായത്തോടുകൂടി എൽ.ഇ.ഡി. വില്ലേജ് പ്രോഗ്രാം ആലപ്പുഴയിലും നിലമ്പൂരും തിരുവനന്തപുരത്തും നടപ്പിലാക്കി. ഇതിന്റെ ഭാഗമായി മേല്പറഞ്ഞ ജില്ലയിലെ തെരഞ്ഞെടുത്ത ഒരു പഞ്ചായത്തിൽ 1500 എൽ.ഇ.ഡി. ബൾബുകൾ വീതം കുറഞ്ഞ നിരക്കിൽ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകി.

3. ഇ.എം.സി.-യുടെ ഊർജ്ജ കാര്യക്ഷമത ഗ്രാമം പദ്ധതി 14 ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ പറഞ്ഞ പഞ്ചായത്തുകളിൽ കുറഞ്ഞ നിരക്കിൽ ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ

നൽകി. 14 പഞ്ചായത്തുകളിൽ കൂടി 77,500 എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്.

4. ഇ.എം.സി-യുടെ നേതൃത്വത്തിൽ സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതികളിൽ സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നു.

5. എനർജി മാനേജ്മെന്റ് സെന്റർ പൊതുജനങ്ങൾക്കായി അനവധി ബോധവൽക്കരണ പരിപാടികൾ/ശില്പശാലകൾ നടത്തിവരുന്നു. ഇത്തരത്തിലുള്ള ഭൂരിഭാഗം പരിപാടികളിലും എൽ.ഇ.ഡി. ബൾബുകളുടെ ഗുണമേന്മയെക്കുറിച്ച് പരാമർശിക്കാറുണ്ട്. കോവിഡ് കാരണം നേരിട്ട് പരിപാടികൾ നടത്തുവാൻ സാധിക്കാത്ത അവസരത്തിൽ ഇ.എം.സി.-യുടെ ഫേസ്ബുക്ക് പേജിലൂടെ ഒരു വർഷം നീണ്ടുനിന്നിരുന്ന ഗാർഹിക മേഖലയിലെ ഊർജ്ജ സംരക്ഷണം എന്ന ലൈവ് പ്രോഗ്രാം നടത്തിയിട്ടുണ്ട്. എല്ലാ ബുധനാഴ്ചകളിലുമാണ് ലൈവ് പ്രോഗ്രാം നടത്തിയിരുന്നത്. എല്ലാ പ്രോഗ്രാമുകളിലും എൽ.ഇ.ഡി. ലൈറ്റുകളുടെ ഗുണമേന്മയെക്കുറിച്ച് പറയാറുണ്ട്.

6. കൂടാതെ കേരളം മുഴുവനായി ഫിലമെന്റ് രഹിത സംസ്ഥാനമായി മാറ്റുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി എൽ.ഇ.ഡി. ബൾബുകളുടെ ഗുണമേന്മയെക്കുറിച്ചുള്ള വിവരണങ്ങളും പദ്ധതിയുടെ വിശദാംശങ്ങളും ആകാശവാണി, എഫ്.എം. റേഡിയോകളിൽ പ്രക്ഷേപണം ചെയ്തിട്ടുണ്ട്.

നിലാവ് പദ്ധതി

189 (3621) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലാവ് പദ്ധതി പ്രകാരം എത്ര തെരുവുവിളക്കുകൾ എൽ.ഇ.ഡി.-യിലേയ്ക്ക് മാറ്റപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

നിലാവ് പദ്ധതി പ്രകാരം കേരളത്തിലുടനീളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 10.5 ലക്ഷത്തോളം വരുന്ന പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി ഊർജ്ജക്ഷമതയുള്ളതും ഏഴ വർഷം വാറണ്ടിയുള്ളതുമായ പരിസ്ഥിതി സൗഹൃദ എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിച്ചുനൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതി രണ്ടു

ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ രണ്ടു ലക്ഷം വിളക്കുകൾ 2021 ജൂൺ 30- ഓടെ സ്ഥാപിച്ചു കഴിഞ്ഞു.

(ബി) നിലാവ് പദ്ധതി നടപ്പാക്കിയതിനുശേഷം എത്ര അളവ് വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്നറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിനുവേണ്ടി കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം, നിലാവ് പദ്ധതിയിൽ കേരളത്തിലുടനീളം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 10.5 ലക്ഷത്തോളം വരുന്ന പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി ഊർജ്ജ ക്ഷമതയുള്ള എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിച്ചു നൽകുന്നതിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രതിവർഷം 185 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉപഭോഗത്തിൽ കുറവ് വരുമെന്നും വൈദ്യുതി ബിൽ ഇനത്തിൽ 80 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്നുമാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ഏതൊക്കെ ഏജൻസികൾക്കാണ് ഇതുസംബന്ധിച്ച ചുമതല നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പദ്ധതി നടപ്പാക്കിയതിനുശേഷം എത്ര അളവ് വൈദ്യുതി ഉപഭോഗം കുറഞ്ഞുയെന്ന് കണക്കാക്കേണ്ടത് നിലാവ് പദ്ധതിയുടെ ഭാഗമല്ല. ആയതിനാൽ വിവരം ലഭ്യമല്ല.

(ഡി) പ്രസ്തുത പദ്ധതിയിൽ തെരുവുവിളക്കുകൾ സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് അനുമതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന തെരുവുവിളക്കുകൾ നിലാവ് പദ്ധതിയിൽ ഉൾപ്പെടുന്നില്ല.

(ഇ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ എത്ര തെരുവുവിളക്കുകൾ ഇത്തരത്തിൽ എൽ.ഇ.ഡി.-യിലേക്ക് മാറ്റപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

കുറ്റ്യാടി നിയോജക മണ്ഡലത്തിൽ നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി 743 തെരുവുവിളക്കുകൾ എൽ.ഇ.ഡി.-യിലേക്ക് മാറ്റിയിട്ടുണ്ട്.

എൽ.ഇ.ഡി. ബൾബ് വിതരണം

190 (3622) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഗാർഹിക ഉപഭോക്താക്കൾക്ക് ഫിലമെന്റ് രഹിത കേരള (FFK) പദ്ധതി വഴി എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ട്. ടി പദ്ധതിയിൽ സംസ്ഥാനത്തുള്ള മുഴുവൻ ഫിലമെന്റ് ബൾബുകളും മാറ്റി ഊർജ്ജക്ഷമതയേറിയതും കൂടുതൽ പ്രകാശം നല്കുന്നതുമായ എൽ.ഇ.ഡി. ബൾബുകൾ വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആദ്യപടിയായി ഒരു കോടി ബൾബുകൾ കെ.എസ്.ഇ.ബി.എൽ. വാങ്ങിയിരുന്നു. ഇതിൽ 93.3 ലക്ഷം ബൾബുകൾ ഇതിനോടകം വിതരണം നടത്തിയിട്ടുണ്ട്. 25 ലക്ഷം ബൾബുകൾ കൂടി വാങ്ങുന്നതിന് അഡീഷണൽ പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ബൾബുകളുടെ വിതരണം ഇപ്പോഴും പുരോഗമിക്കുന്നു.

ഫിലമെന്റ് രഹിത കേരളം പദ്ധതി

191(3623) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലമെന്റ് രഹിത കേരളം പദ്ധതിയിലൂടെ കേരളത്തിൽ എത്ര എൽ.ഇ.ഡി. ബൾബുകളാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

(ബി) അപേക്ഷ നൽകിയവർക്കെല്ലാം എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

(സി) ഇതിനോടകം വിതരണം ചെയ്ത എൽ.ഇ.ഡി. ബൾബുകളെ അടിസ്ഥാനമാക്കി എത്ര അളവ് വൈദ്യുതിയാണ് സംസ്ഥാനത്തിന് ലാഭിക്കാൻ കഴിയുകയെന്ന് വെളിപ്പെടുത്താമോ?

(ഡി) ഈ പദ്ധതി പ്രകാരം ഇപ്പോഴും ബൾബുകൾ നൽകി വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ-ഡി) 29-07-2021-ലെ കണക്കനുസരിച്ച് 93.3 ലക്ഷം എൽ.ഇ.ഡി. ബൾബുകളാണ് വിതരണം നടത്തിയിട്ടുള്ളത്. 29-07-2021-ലെ കണക്കനുസരിച്ച് ഈ പദ്ധതിയിൽ 17.1 ലക്ഷം ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിരുന്നു. ഇതിൽ നിലവിൽ എൽ.ഇ.ഡി. ബൾബുകൾ സ്വീകരിക്കാതിരിക്കുന്നവരും വീടുകൾ അടഞ്ഞുകിടക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുന്നവരും ഒഴികെ ബാക്കി വരുന്ന 15.08 ലക്ഷം ഉപഭോക്താക്കളിൽ

11.73 ലക്ഷം ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. ബൾബുകളുടെ വിതരണം ഇപ്പോഴും നടന്നുവരുന്നു. ടി പദ്ധതി പൂർത്തീകരിക്കുമ്പോൾ ഏകദേശം 250 മെഗാവാട്ടിന്റെ വൈദ്യുതി ഉപയോഗം കുറയ്ക്കാൻ സാധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

വൈപ്പിൻ മണ്ഡലത്തിലെ പദ്ധതികൾ

192(3624) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ചെറായി മുതൽ ഞാറക്കൽ വരെ 110 കെ.വി. ലൈനിന്റെ നിർമ്മാണവും ഞാറക്കൽ 66 കെ.വി. സബ്സ്റ്റേഷൻ അപ്ഗ്രേഡ് ചെയ്യുന്ന പ്രവൃത്തിയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചെറായി മുതൽ 66 കെ.വി ഞാറക്കൽ സബ്സ്റ്റേഷൻ വരെ 14.1 കി.മി. 110 കെ.വി ഡബിൾ സർക്യൂട്ട് ലൈൻ 51 ടവറുകൾ സ്ഥാപിച്ച് വലിക്കുകയും ഞാറക്കൽ സബ്സ്റ്റേഷനിൽ നിർദ്ദിഷ്ട 110 കെ.വി ബേ പണിത് 110/11 കെ.വി, രണ്ട് 12.5 എം.വി.എ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും പഴയ 11 കെ.വി പാനലുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്യുന്ന പ്രവൃത്തികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എന്നാണ് ഭരണാനുമതി ലഭ്യമാക്കിയതെന്ന് വ്യക്തമാക്കാമോ?

18-02-2020-ൽ ഭരണാനുമതിയായിട്ടുണ്ട്.

(സി) ഇതിനായി അനുവദിച്ച തുക എത്രയെന്നും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ?

24 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. ഇതിൽ 18 കോടി രൂപ ചെറായി ഞാറക്കൽ 110 കെ.വി ഡബിൾ സർക്യൂട്ട് ലൈൻ നിർമ്മാണത്തിനും 6 കോടി രൂപ 66 കെ.വി ഞാറക്കൽ സബ്സ്റ്റേഷൻ 110 കെ.വി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ പ്രവൃത്തികൾക്കായും വകയിരുത്തിയിരിക്കുന്നു. 14.1 കി.മി. 110 കെ.വി ഡബിൾ സർക്യൂട്ട് ലൈൻ വലിക്കാനുള്ള വർക്ക് ഓർഡർ ജി.എസ്.ടി ഉൾപ്പെടെ 19.1 കോടി രൂപയ്ക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാരംഭ നടപടിയായ ലെറ്റർ ഓഫ് അക്സപ്റ്റൻസ് 08-03-2021-ൽ കോൺട്രാക്ടർക്ക് നൽകി. ഒക്ടോബർ മാസത്തോടെ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്. ഞാറക്കൽ സബ്സ്റ്റേഷനെ 110 കെ.വി നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ പ്രവൃത്തികൾക്കായി പ്രസ്തുത സ്ഥലത്തെ മരങ്ങൾ മുറിച്ചു നീക്കം ചെയ്യുവാനും

പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനും വേണ്ടിയുള്ള സെയിൽ ഓർഡർ കൊടുക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഓഗസ്റ്റ് മാസത്തോടെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ഡിസംബറോടുകൂടി ഫൗണ്ടേഷൻ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

ഭൂഗർഭ വൈദ്യുത കേബിളുകൾ

193 (3625) <u>ശ്രീമതി യു പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ഭൂഗർഭ വൈദ്യുത കേബിളുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും എത്ര കിലോമീറ്റർ ദൈർഘ്യത്തിൽ ഇവ സ്ഥാപിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലൊന്നുംതന്നെ ഭൂഗർഭ വൈദ്യുത കേബിളുകൾ സ്ഥാപിച്ചിട്ടില്ല.

(ബി) ഇനിയും മണ്ഡലത്തിൽ പുതുതായി ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കായംകുളം മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ഭൂഗർഭ വൈദ്യുതി കേബിളുകൾ സ്ഥാപിക്കുന്ന പുതിയ പ്രവൃത്തികളൊന്നും തന്നെ ഇപ്പോൾ പരിഗണനയിലില്ല.

മാർമല ചെറുകിട ജലവൈദ്യുതപദ്ധതി

194 (3626) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മീനച്ചിൽ താലൂക്കിൽ തീക്കോയി, തലനാട് വില്ലേജുകളിലായി നിർമ്മിക്കാനുദ്ദേശിക്കുന്ന മാർമല ചെറുകിട ജലവൈദ്യുത പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ തീക്കോയി, തലനാട് വില്ലേജുകളിലായി മീനച്ചിലാറിന്റെ കൈവഴിയായ മാർമല തോടിലെ വെള്ളച്ചാട്ടത്തിന് മുകളിലായി തടയണ നിർമ്മിച്ച് ജലം സംഭരിച്ച് തുടർന്ന് ടണൽ, പെൻസ്റ്റോക്ക് എന്നിവ വഴി വെള്ളാനിയിലെ പവർ ഹൗസിൽ എത്തിച്ച് 3.5 MW-ന്റെ 2 ടർബൈനുകളുടെ സഹായത്തോടെ 7 MW വൈദ്യുതി ഉൽപ്പാദിപ്പിക്കുകായെന്നതാണ് മാർമല ചെറുകിട ജലവൈദ്യുത പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ സ്ഥാപിതശേഷി 7 മെഗാ വാട്ടും, പ്രതീക്ഷിക്കുന്ന വാർഷിക ഉത്പാദനം 23.02 Mu വുമാണ്.

24-12-2014-ൽ പദ്ധതി നടപ്പാക്കുന്നതിന് IDC & MNRE സബ്സിഡിയും ഉൾപ്പെടെ 56.10 കോടി രൂപയ്ക്കുള്ള അനുമതി, 16-02-2015-ലെ G.O(Rt)No.42/2015/PD പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. മാർമല ചെറുകിട ജലവൈദ്യുതപദ്ധതി നടപ്പിലാക്കുന്നതിന് 5.9099 ഹെക്ടർ പട്ടയഭൂമിയും 1.5627 ഹെക്ടർ പട്ടയരഹിത ഭൂമിയും ഉൾപ്പെടെ 7.4726 ഹെക്ടർ സ്ഥലം ആവശ്യമുണ്ട്. 20-11-2017-ലെ G.O(Rt)No.4937/2017/RD പ്രകാരം നെഗോഷ്യേറ്റഡ് പർച്ചേസ് അനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

കോട്ടയം ജില്ലാ കളക്ടർ, ഭൂമി ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ (LA General) പാലായെ ചുമതലപ്പെടുത്തിയതനുസരിച്ച് പാലാ സ്പെഷ്യൽ തഹസിൽദാർ (LA) ഓഫീസിൽ നിന്നും സർവ്വേ ജോലികൾ പൂർത്തിയാക്കി, സർവ്വേ സ്കെച്ചുകൾ സർവ്വേ സൂപ്രണ്ടിന്

സമർപ്പിക്കുകയും ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലാ കളക്ടർ 30-12-2019-ലും 09-01-2020-ലും രണ്ട് ജില്ലാതല പർച്ചേസ് കമ്മിറ്റി യോഗങ്ങൾ വിളിച്ചിരുന്നു. എന്നാൽ പട്ടയമില്ലാത്ത ഭൂമിയുടെ അസസ്സ്മെന്റിൽ തീരുമാനമാകാത്തതിനാൽ യോഗങ്ങൾ മാറ്റിവച്ചു. പിന്നീട് പട്ടയരഹിത ഭൂമി സൗജന്യമായി നല്കുവാനുള്ള സമ്മതപത്രം ഭൂ ഉടമകൾ സമർപ്പിക്കുകയും തുടർന്ന് 5.9099 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള ഡി.എൽ.പി.സി. കൂടുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ മുൻപാകെ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ) 24-08-2020-ൽ പുറപ്പെടുവിച്ച കത്ത് വഴി ജില്ലാകളക്ടറോട് മാർമല ചെറുകിട ജലവൈദ്യുത പദ്ധതിക്കായി ലാന്റ് അക്യൂസിഷൻ ആക്ട് 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു. അതിൻ പ്രകാരം റിക്വിസിഷൻ ഫോം സമർപ്പിക്കുകയും കണ്ടിൻജൻസി ചാർജ്ജായി 4,38,243/-രൂപ, 10-06-2021-ൽ, പാലാ LA (General) തഹസിൽദാർ ഓഫീസിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. പട്ടയഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കാനായുള്ള നടപടികൾ

അന്തിമ ഘട്ടത്തിലായതിനുശേഷം നടപടിക്രമങ്ങൾ മാറുന്നത് കാലതാമസം സൃഷ്ടിക്കുമെന്ന് കരുതുന്നു.

(സി) ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിക്കാത്തതിനാൽ പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് അവരുടെ സ്ഥലത്ത് കൃഷി ചെയ്യുന്നതിനോ സ്ഥലം ക്രയവിക്രയം നടത്തുന്നതിനോ കഴിയാത്തതിനാൽ പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നടപടി സ്വീകരിക്കുന്നതാണ്.

ഊർജ്ജ സംരക്ഷണം കാര്യക്ഷമമാക്കുന്നതിന് പദ്ധതി

195 (3627) ശ്രീ. വി. ജോയി:
ശ്രീ. എ. രാജ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതോടൊപ്പം ഊർജ്ജ സംരക്ഷണം

കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത നടപ്പാക്കിവരുന്നതെന്ന് അറിയിക്കാമോ?

അടിസ്ഥാന സൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 02.0, ദ്യുതി 2021, സൗര, ഫിലമെന്റ് രഹിത കേരളം, ഇ-സേഫ് തുടങ്ങിയ അഞ്ച് പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018-ൽ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ വൈദ്യുതി വിതരണ മേഖലയിൽ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി വിതരണ ട്രാൻസ്ഫോർമറുകൾ ഉന്നത നിലവാരത്തിലെത്തിക്കുന്ന പ്രവർത്തനങ്ങൾ തുടരുന്നു. വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിനായി നടപ്പിലാക്കുന്ന ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്) പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ വിജയകരമായി തിരുവനന്തപുരം ജില്ലയിൽ പേയാട് ഇലക്ട്രിക്കൽ സെക്ഷനിൽ നടപ്പിലാക്കിയിരുന്നു. ഇതിലൂടെ വൈദ്യുതി തടസ്സവും അപകടങ്ങളും നല്ലൊരളവ് വരെ ഒഴിവാക്കുവാൻ കഴിയുന്നുണ്ട്. പുതിയതായി നിർമ്മിക്കുന്ന വാണിജ്യ കെട്ടിടങ്ങളിൽ

100kW/120kVA-ക്ക് മുകളിൽ വൈദ്യുതി ആവശ്യമുള്ള കെട്ടിടങ്ങൾക്ക് ഊർജ്ജ സംരക്ഷണ നിയമ പ്രകാരം എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) നിർബന്ധിതമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2017 മുതൽ ഇത് കേരള സംസ്ഥാന കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ എല്ലാ വൻകിട വൈദ്യുത ഊർജ്ജ ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കി 2011-ൽ സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ചെറുകിട വ്യവസായ മേഖലയിൽ സൗജന്യ പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതി നടപ്പിലാക്കുന്നു. സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ ഊർജ്ജ സംരക്ഷണ അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്. 2019-ൽ തിരുവനന്തപുരം ജില്ലയിലെ 10 ഗവൺമെന്റ് പബ്ലിക്/കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ മൊത്തം 327 എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകൾ, 240 എൽ.ഇ.ഡി ബൾബ്, 145 സീലിംഗ് ഫാൻ എന്നിവ വിതരണം ചെയ്യുകയും ആകെ 30049 യൂണിറ്റ് ഊർജ്ജ ലാഭം ഉണ്ടാക്കുകയും ചെയ്തു. ചൈതന്യം പദ്ധതിയുടെ ഭാഗമായി 2019-20 കാലയളവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഊർജ്ജകാര്യക്ഷമത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജ

കാര്യക്ഷമത കൂടിയവ സ്ഥാപിച്ചിട്ടുണ്ട്. കേരള സർക്കാർ ഫണ്ടിൽ നിന്നും ഒരു കോടി രൂപ വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന തെരഞ്ഞെടുത്ത ഹൗസ് ബോട്ടിലെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഊർജ്ജക്ഷമത കൂടിയ ലോ വോൾട്ട് ഡി.സി. ഉപകരണങ്ങൾ ഘടിപ്പിക്കുകയും സൗര വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന പദ്ധതി 2021-ൽ പൂർത്തീകരിച്ചു. കുട്ടനാട്, തൃശ്ശൂർ, പൊന്നാനി കോൾ നിലയങ്ങളിൽ ഉപയോഗിക്കുന്ന ഊർജ്ജ കാര്യക്ഷമത കുറഞ്ഞ പെട്ടിപറ പമ്പുകൾക്ക് പകരം ഉപയോഗിക്കുവാൻ സാധിക്കുന്ന ഊർജ്ജകാര്യക്ഷമത കൂടിയ പമ്പുകൾ വികസിപ്പിക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാതൃകാ ഊർജ്ജകാര്യക്ഷമ ഗ്രാമ പഞ്ചായത്ത് എന്ന പദ്ധതി നിലവിലുണ്ട്. ഊർജ്ജ സംരക്ഷണ വിഷയത്തിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുന്നതിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ പദ്ധതിയാണ് സ്മാർട്ട് എനർജി പ്രോഗ്രാം. ഇതിന്റെ ഭാഗമായി 7841 സ്കൂളുകളെ 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നായി സംഘടിപ്പിച്ച് 70000-ത്തോളം കുട്ടികളുടെ നേതൃത്വത്തിൽ ഊർജ്ജ

സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി. ഈ പദ്ധതി മറ്റ് സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

(സി) ഇതിന്റെ ഭാഗമായി നടപ്പാക്കുന്ന എൽ.ഇ.ഡി. ബൾബുകളുടെ വിതരണത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഫിലമെന്റ് രഹിത കേരളം പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു കോടി ബൾബുകൾ കെ.എസ്.ഇ.ബി.എൽ. ആദ്യപടിയായി വാങ്ങിയിരുന്നു. ഇതിൽ 93.37 ലക്ഷം എൽ.ഇ.ഡി. ബൾബുകൾ രജിസ്റ്റർ ചെയ്ത 11.73 ലക്ഷം ഉപഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 01-08-2021 വരെ രജിസ്റ്റർ ചെയ്ത 3.35 ലക്ഷം ഉപഭോക്താക്കൾക്ക് 28.45 ലക്ഷം ബൾബുകൾ കൂടി ഇനി വിതരണം ചെയ്യാനുണ്ട്. 25 ലക്ഷം ബൾബുകൾ കൂടി വാങ്ങുന്നതിന് കെ.എസ്.ഇ.ബി.എൽ. അഡീഷണൽ പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ വഴിയാണ് ബൾബുകൾ വിതരണം ചെയ്യുന്നത്.

(ഡി) ഫിലമെന്റ് ബൾബുകൾക്കും സി.എഫ്.എൽ - കൾക്കും പകരം എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം വൈദ്യുതോപയോഗം ഗണ്യമായി കുറയ്ക്കുമെന്നതിനാൽ ഇക്കാര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായും മിതമായ വിലയ്ക്കും സബ്സിഡിയോടെയും ഇവ വിതരണം ചെയ്യുന്നതിനായും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഒരു എൽ.ഇ.ഡി. ബൾബിന് സഹായവിലയായ 65 രൂപ നിരക്കിലാണ് ഉപഭോക്താക്കൾക്ക് വിതരണം ചെയ്തുവരുന്നത്. പലിശരഹിത തവണ വ്യവസ്ഥയിൽ ബൾബുകളുടെ വില ഈടാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ വെബ്സൈറ്റ് വഴിയും എസ്.എം.എസ്. മുഖേനയും ഉപഭോക്താക്കളെ ബോധവത്ക്കരിച്ച് ഈ പദ്ധതിയിൽ പങ്കാളികളാക്കാനുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ. ചെയ്തുവരുന്നു. എനർജി മാനേജ്മെന്റ് സെന്റർ പൊതുജനങ്ങൾക്കായി അനവധി ബോധവൽക്കരണ പരിപാടികൾ/ശില്പശാലകൾ നടത്തിവരുന്നു. ഇത്തരത്തിലുള്ള ഭൂരിഭാഗം പരിപാടികളിലും എൽ.ഇ.ഡി. ബൾബുകളുടെ ഗുണമേന്മയെക്കുറിച്ച് പരാമർശിക്കാറുണ്ട്. കോവിഡ് കാരണം നേരിട്ട്

പരിപാടികൾ നടത്തുവാൻ സാധിക്കാത്ത അവസരത്തിൽ ഇ.എം.സി.-യുടെ ഫേസ്ബുക്ക് പേജിലൂടെ ഒരു വർഷം നീണ്ടുനിന്നിരുന്ന ഗാർഹിക മേഖലയിലെ ഊർജ്ജ സംരക്ഷണം എന്ന ലൈവ് പ്രോഗ്രാം നടത്തിയിട്ടുണ്ട്. എല്ലാ ബുധനാഴ്ചകളിലുമാണ് ലൈവ് പ്രോഗ്രാം നടത്തിയിരുന്നത്. എല്ലാ പ്രോഗ്രാമുകളിലും എൽ.ഇ.ഡി. ലൈറ്റുകളുടെ ഗുണമേന്മയെക്കുറിച്ച് പറയാറുണ്ട്. കൂടാതെ ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി എൽ.ഇ.ഡി. ബൾബുകളുടെ ഗുണമേന്മയെക്കുറിച്ചുള്ള വിവരണങ്ങളും പദ്ധതിയുടെ വിശദാംശങ്ങളും ആകാശവാണി, എഫ്.എം. റേഡിയോകളിൽ പ്രക്ഷേപണം ചെയ്തിട്ടുണ്ട്.

നിലാവ് പദ്ധതി

196(3628) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന നിലാവ് പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ?

നിലാവ് പദ്ധതി പ്രകാരം കേരളത്തിലുടനീളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 10.5 ലക്ഷത്തോളം പരമ്പരാഗത

തെരുവുവിളക്കുകൾ മാറ്റി ഊർജ്ജക്ഷമതയുള്ളതും ഏഴുവർഷം വാറണ്ടി ഉള്ളതുമായ പരിസ്ഥിതി സൗഹൃദ എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിച്ചുനൽകുന്നു. പദ്ധതി രണ്ടു ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ രണ്ട് ലക്ഷം വിളക്കുകൾ 2021 ജൂൺ 30-ഓടെ സ്ഥാപിച്ചുകഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ 8.5 ലക്ഷം തെരുവുവിളക്കുകൾ 2021 ഡിസംബർ മാസത്തോടെ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ പ്രതിവർഷം 185 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉപഭോഗത്തിൽ കുറവ് വരുന്നതുമൂലം വൈദ്യുതി ബിൽ ഇനത്തിൽ 80 കോടി രൂപ ലാഭിക്കുവാൻ കഴിയും. കൂടാതെ പ്രതിവർഷം 165 കിലോ ടൺ കാർബൺ ബഹിർഗമനം കുറയ്ക്കുവാനും 10.5 കിലോഗ്രാം മെർക്കുറി ഭൂമിയിൽ ലയിക്കുന്നത് കുറയ്ക്കുവാനും കഴിയുന്നു. 290 കോടി രൂപയാണ് പദ്ധതി ചെലവ് കണക്കാക്കിയിട്ടുള്ളത്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. തദ്ദേശസ്വയംഭരണ വകുപ്പാണ് പദ്ധതിയുടെ നോഡൽ ഡിപ്പാർട്ട്മെന്റ്. കെ.എസ്.ഇ.ബി.എൽ. ആണ് പദ്ധതി നടപ്പാക്കുന്ന എസ്.പി.വി. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇ.ഇ.എസ്.എൽ. ആണ് മത്സരാധിഷ്ഠിത ടെണ്ടർ വഴി എൽ.ഇ.ഡി.

വിളക്കുകൾ വാങ്ങി സപ്ലൈ ചെയ്യുന്നത്. എൽ.ഇ.ഡി. വിളക്കുകൾക്കുള്ള ഏഴ വർഷ വാറണ്ടി ഇ.ഇ.എസ്.എൽ. ഉറപ്പാക്കും. നിലവിലുള്ള പരമ്പരാഗത തെരുവുവിളക്കുകൾ അഴിച്ചുമാറ്റി എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിച്ചുനൽകുന്നത് കെ.എസ്.ഇ.ബി.എൽ ആണ്. തുടർന്ന് വിളക്കുകൾ പരിപാലിക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. കിഫ്ബിയാണ് പദ്ധതിക്കാവശ്യമായ ധനസഹായം ചെയ്യുന്നത്. എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വൈദ്യുതി ബിൽ ഇനത്തിൽ ലഭിക്കുന്ന ലാഭത്തിൽ നിന്നാണ് കിഫ്ബിക്കുള്ള തിരിച്ചടവ് നടത്തേണ്ടത്.

(ബി) നിലാവ് പദ്ധതിയുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ഇ.ബി.-യുമായി എഗ്രിമെന്റ് വെച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ?

നിലാവ് പദ്ധതിക്ക് പ്രത്യേകം എഗ്രിമെന്റ് ആവശ്യമില്ല. പാലക്കാട് ജില്ലയിലെ പാലക്കാട് ഇലക്ട്രിക്കൽ സർക്കിളിനുകീഴിൽ വരുന്ന 45 പഞ്ചായത്തുകളിലും ഷൊർണ്ണൂർ സർക്കിളിനുകീഴിൽ വരുന്ന 10 പഞ്ചായത്തുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നു.

എൽ.ടി/എച്ച്.ടി ഓവർഹെഡ് ലൈനുകൾ മാറ്റുന്ന പദ്ധതി

197(3629) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ പട്ടണത്തിലെ എൽ.ടി/എച്ച്.ടി. ഓവർഹെഡ് ലൈനുകൾ ഏരിയൽ ബൻജ്ഡ് കേബിൾ (എ.ബി.സി) കവേർഡ് കണ്ടക്ടേഴ്സ് കൊണ്ട് മാറ്റാൻ പദ്ധതി നിലവിലുണ്ടോ; വൈദ്യുതി തടസ്സം, അപകടം എന്നിവ ഒഴിവാക്കാൻ ഇതുകൊണ്ട് സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി മേഖലയിൽ അപകടസാദ്ധ്യത കുറയ്ക്കുന്നതിനും വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താനും നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണ ശൃംഖല ആധുനികവത്കരിക്കാനും ഗുണനിലവാരമുള്ള വൈദ്യുതി, ഇടതടവില്ലാതെ, എല്ലാവർക്കും ലഭ്യമാക്കുന്നതിനും വൈദ്യുതി വിതരണത്തിലെ സാങ്കേതിക വാണിജ്യ നഷ്ടങ്ങൾ പരമാവധി കുറയ്ക്കുന്നതിനുമായി, കേരളസർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തി 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തുവരുന്നു. സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന ദ്യുതി 2021 പദ്ധതി കാലപ്പഴക്കം ചെന്ന ലൈനുകളും

പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നതിനും ഘട്ടം ഘട്ടമായി എ.ബി.സി.-യും കവേർഡ് കണ്ടക്ടറുകളും ഭൂഗർഭകേബിളുകളും സ്ഥാപിക്കുന്നതിനും നിർമ്മിക്കുന്ന ലൈനുകളുടെ ഗ്രൗണ്ടിംഗ് പൂർണ്ണമായും ഉറപ്പുവരുത്തുന്നതിനും അതീവ പ്രാധാന്യം നൽകുന്നു. കണ്ണൂർ പട്ടണത്തിൽ ഉൾപ്പെടുന്ന പള്ളിക്കുന്ന്, ബർണ്ണശ്ശേരി, കണ്ണൂർ, ചൊവ്വ, തയ്യിൽ എന്നീ സെക്ഷൻ ഓഫീസുകളെ പ്രസ്തുത പദ്ധതിയിൽപ്പെടുത്തി 8.52 കി.മി. എൽ.ടി. ലൈനുകളും 9.9 കി.മി. എച്ച്.ടി ലൈനുകളും ഏരിയൽ ബഞ്ച്ഡ് കേബിളാക്കി മാറ്റുന്ന പ്രവൃത്തിയും പൂർത്തിയാക്കിയിട്ടുണ്ട്.

ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് നടപടി

198 (3630) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ മുണ്ടക്കുളം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന് കീഴിൽ ആനമൈതടം എന്ന സ്ഥലത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിരുന്നോ; എങ്കിൽ എന്നാണ് അനുമതി ലഭിച്ചതെന്ന് വ്യക്തമാക്കുമോ?

കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ മുണ്ടക്കുളം ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ ആനമൈതടം എന്ന സ്ഥലത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനായി 23-10-2020-ന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളും നിലവിലെ തടസ്സവും എന്താണെന്ന് വ്യക്തമാക്കുമോ?

പ്രവൃത്തി ആരംഭിക്കുകയും ആവശ്യമായ പോസ്റ്റുകൾ സ്ഥാപിക്കുകയും ചെയ്തു. ഒരു കിലോമീറ്റർ ഹൈ ടെൻഷൻ എ.ബി.സി. വലിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

ഉഡുപ്പി - പുത്തൂർ - കരിന്തളം വൈദ്യുതി ലൈൻ

199(3631) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് മണ്ഡലത്തിലെ ഉഡുപ്പി-പുത്തൂർ-കരിന്തളം വൈദ്യുതി ലൈൻ വലിക്കുന്നതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉഡുപ്പി-കാസറഗോഡ് (കരിന്തളം) 400 കെ.വി വൈദ്യുതി ലൈനിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികളുണ്ടെന്ന് വ്യക്തമാക്കാമോ; പദ്ധതിയിൽ സബ് സ്റ്റേഷൻ നിർമ്മാണമുണ്ടെങ്കിൽ എവിടെയാണെന്നും എത്ര കെ.വി ശേഷിയുള്ളതാണെന്നും വ്യക്തമാക്കാമോ?

ഉഡുപ്പി സബ്സ്റ്റേഷനിൽ 400 കെ.വി. ബേ നിർമ്മാണം ഉഡുപ്പിയിൽ നിന്നും കാസർഗോഡ് ജില്ലയിലെ കരിന്തളത്തേയ്ക്ക് 115 km., 400 KV ലൈൻ നിർമ്മാണം. കരിന്തളത്ത് 400/220 KV സബ്സ്റ്റേഷൻ നിർമ്മാണം എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതിയുടെ തുക എത്രയാണെന്നും ഫണ്ട് എവിടെ നിന്നാണ് ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ തുകയെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമല്ല. ഈ പ്രവൃത്തി കേന്ദ്ര ഊർജ്ജ മന്ത്രാലയം (MoP), RECTPCL എന്ന ബിഡ് പ്രോസസ്സർ കോ-ഓർഡിനേറ്റർ മുഖേന Tariff Based Competitive Biddings (TBCB) എന്ന രീതിയിൽ ടെണ്ടർ വിളിക്കുകയും ഏറ്റവും കുറഞ്ഞ തുകയിൽ ക്വാട്ട് ചെയ്ത M/s Sterlite Power Transmission Limited (SPTL)-ന് പ്രവൃത്തി ലഭിക്കുകയും ചെയ്തു. M/s. Sterlite Power Transmission Limited പിന്നീട് Uduppi Kasaragod Transmission

Limited (UKTL) എന്ന പേരിൽ ഒരു SPV രൂപീകരിച്ച് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതി സ്വകാര്യ മേഖലയിലാണോ നടപ്പാക്കുന്നത്; എങ്കിൽ ബന്ധപ്പെട്ട കമ്പനിയുടെ/വ്യക്തിയുടെ പേര് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ തുകയെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമല്ല. ഈ പ്രവൃത്തി കേന്ദ്ര ഊർജ്ജ മന്ത്രാലയം (MoP), RECTPCL എന്ന ബിഡ് പ്രോസസ്സർ കോ-ഓർഡിനേറ്റർ മുഖേന Tariff Based Competitive Biddings (TBCB) എന്ന രീതിയിൽ ടെണ്ടർ വിളിക്കുകയും ഏറ്റവും കുറഞ്ഞ തുകയിൽ ക്വാട്ട് ചെയ്ത M/s Sterlite Power Transmission Limited (SPTL)ന് പ്രവൃത്തി ലഭിക്കുകയും ചെയ്തു. M/s. Sterlite Power Transmission Limited പിന്നീട് Uduppi Kasaragod Transmission Limited (UKTL) എന്ന പേരിൽ ഒരു SPV രൂപീകരിച്ച് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) പദ്ധതിയുടെ ചെലവ് എത്രയാണെന്നും പദ്ധതി മുഖേന ഉപഭോക്താക്കൾക്ക് ലഭിക്കുന്ന ഗുണം എന്താണെന്നും വ്യക്തമാക്കാമോ?

കേന്ദ്ര ഊർജ്ജ മന്ത്രാലയം നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ചെലവ് സംബന്ധിച്ച വിവരം ലഭ്യമല്ല. നിലവിൽ കണ്ണൂർ-കാസർഗോഡ്

ജില്ലകളിലേയ്ക്ക് വൈദ്യുതി എത്തുന്നത് അരീക്കോട് 400 കെ.വി സബ്സ്റ്റേഷനിൽ നിന്നുള്ള 220 കെ.വി ലൈനുകൾ വഴിയാണ്. ഈ ലൈനുകളിൽ എന്തെങ്കിലും തകരാർ സംഭവിച്ചാൽ കണ്ണൂർ, കാസർഗോഡ് ജില്ലകൾ പൂർണ്ണമായും ഇരുട്ടിലാവും. ഇതിനൊരു ശാശ്വത പരിഹാരമാണ് കാസർഗോഡ് കരിന്തളത്ത് വരാൻ പോകുന്ന 400 കെ.വി സബ്സ്റ്റേഷൻ. ഇവിടെ നിന്നും കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട് ജില്ലയുടെ ഒരു ഭാഗം എന്നിവിടങ്ങളിലേയ്ക്ക് വൈദ്യുതി നല്കാനാകും. കൂടാതെ, കേരളത്തിലേയ്ക്കുള്ള പവർ ഇറക്കുമതി ശേഷി വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിക്കും. ഉത്തരകേരളത്തിൽ ഒരു പവർഹൈവേയും ഈ പദ്ധതിയിലൂടെ ലഭ്യമാകും.

സൗജന്യമായി വൈദ്യുതി ലഭിക്കുന്നത് സംബന്ധിച്ച്

200(3632) ശ്രീമതി യു പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി സൗജന്യമായി ലഭിക്കുന്നത് ആർക്കൊക്കെയെന്നും എത്ര യൂണിറ്റ് വീതമെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് താഴെപ്പറയുന്ന വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി സൗജന്യമായി ലഭ്യമാക്കുന്നുണ്ട്.

(1) 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ളതും പ്രതിമാസ ശരാശരി ഉപഭോഗം 20 യൂണിറ്റ് വരെയുള്ളതുമായ ഗാർഹിക ഉപഭോക്താക്കൾ

(2) സംസ്ഥാന ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിയിലുള്ള കാർഷിക ഉപഭോക്താക്കൾക്ക് (കൃഷിഭവൻ മുഖേന)വൈദ്യുതി ബിൽ തുക ലഭ്യമാക്കി വൈദ്യുതി തികച്ചും സൗജന്യമായി നൽകുന്നു.

(3) ജീവൻ രക്ഷാ ഉപകരണങ്ങളുടെ (life supporting system) ഉപയോഗത്തിന് വൈദ്യുതി തികച്ചും സൗജന്യമായി നൽകി വരുന്നു.

(ബി) കായംകുളം മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നുയെന്ന് വ്യക്തമാക്കാമോ?

കായംകുളം നിയോജകമണ്ഡലത്തിൽ നിലവിൽ 15 കുടുംബങ്ങൾക്കാണ് പ്രസ്തുത ആനുകൂല്യം (വൈദ്യുതി സൗജന്യം) ലഭിക്കുന്നത്.

വൈദ്യുതി ഉല്പാദനം

201(3633) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി, കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ 193.5 MW സ്ഥാപിത ശേഷിയുള്ള '10' ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+ കൂടാതെ പുതുതായി '11' ജല വൈദ്യുത പദ്ധതികൾ ആരംഭിക്കുകവഴി 114 MW അധിക സ്ഥാപിത ശേഷി ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+ ഇതിനുപുറമേ നിലവിലുള്ള ഇടുക്കി ജലാശയത്തിലെ ജലമുപയോഗിച്ച്, 780 MW സ്ഥാപിത ശേഷിയുള്ള ഇടുക്കി എക്സ്റ്റൻഷൻ പദ്ധതി സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാദ്ധ്യതാപഠനം നടത്തി പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾക്ക് വാപ്കോസ്, ന്യൂഡൽഹിക്ക് കരാർ നൽകിയിട്ടുണ്ട്. ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ഷണിച്ച് എഗ്രിമെന്റ് 20-01-2020-ൽ ഒപ്പുവച്ചു. പണി പുരോഗമിച്ചുവരുന്നു.

കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ വില്ലേജിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഭൂമിയിൽ ആരംഭിച്ചിരിക്കുന്ന 1 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റ് 2021-22-ൽ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 14 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പ്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലക്കാട് ജില്ലയിലെ നെന്മാറയിലുള്ള കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള ഭൂമിയിൽ 1.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് നിർമ്മാണത്തിനായുള്ള വർക്ക് ഓർഡർ 04-05-2021-ൽ നൽകിയിട്ടുണ്ട്. ഇതു പ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ നിന്നും പ്രതിവർഷം ഏകദേശം 18 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പ്പാദിപ്പിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന്റ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതി എൻ.എച്ച്.പി.സി. ആണ് നടപ്പാക്കുന്നത്. ഇടുക്കി റിസർവോയറിൽ എൻ.റ്റി.പി.സി. വിശദമായി പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 25

മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി ചെറുതോണിയിലും 100 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി അഞ്ചുരുളിയിലും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്. SECI മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭദശയിലാണ്. PM-KUSUM പദ്ധതിയുടെ ഭാഗമായി ആകെ 40 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണത്തിനായി എം.എൻ.ആർ.ഇ.-ൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കർഷകരുടെ തരിശുഭൂമിയിൽ സൗരോർജ്ജ പ്ലാന്റുകൾ നിർമ്മിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുകായെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി കർഷകരിൽ നിന്നും രജിസ്ട്രേഷൻ സ്വീകരിക്കുകയും അനുയോജ്യമായ തരിശുനിലങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ PM-KUSUM പദ്ധതിയുടെ ഭാഗമായി ഫീഡർ തലത്തിലുള്ള സൗരോർജ്ജവത്ക്കരണത്തിനായി എം.എൻ.ആർ.ഇ.-ൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ട്. 2000 ഗ്രിഡ് ബന്ധിത പമ്പുകളെ ഫീഡർ തലത്തിൽ സൗരോർജ്ജവത്ക്കരിക്കുകയാണ് ഇതിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കാർഷികാവശ്യത്തിനായുള്ള പമ്പുകൾ കൂടുതലായി ഉപയോഗിച്ചിട്ടുള്ള ഫീഡറുകളുടെ പരിധിയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച്

കൃഷിയാവശ്യത്തിനായുള്ള വൈദ്യുതി ഉത്പ്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 30 ശതമാനം സബ്സിഡിയാണ് ഈ പദ്ധതിക്കായി എം.എൻ.ആർ.ഇ. വകയിരുത്തിയിട്ടുള്ളത്. ഇതിനായുള്ള സ്ഥലം കണ്ടെത്തുന്നതിനായുള്ള രൂപരേഖ തയ്യാറാക്കിവരുന്നു. സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2012-ൽ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം 2016-17 കാലയളവിൽ 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 (IPP only) ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ സ്വകാര്യ സംരംഭകർ വഴി നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതി സർക്കാർ നല്കിയിട്ടുണ്ട്. കൂടാതെ കനാലുകളിലെ ഒഴുക്കിൽനിന്ന് (ഹൈഡ്രോകൈനറ്റിക്ക് സാങ്കേതികം) വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതാ പഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് Expression of Interest (EOI) വിളിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ സാദ്ധ്യതയുള്ള ഇടങ്ങൾ കണ്ടെത്തുന്നതിന് ശേഷം ഉചിതമായ കനാലുകളിൽ കൂടുതൽ ഹൈഡ്രോ കൈനറ്റിക് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സൗരോർജ്ജം,

കാറ്റ് എന്നീ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെക്കൂടി പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള താഴെപ്പറയുന്ന പദ്ധതികളാണ് അനെർട്ട് വഴി സംസ്ഥാനത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്.

1. സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യം നിറവേറ്റുന്നതിന് സൗരോർജ്ജം പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി 3 വർഷത്തിനുള്ളിൽ 1,000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്ന 'ഊർജ്ജ കേരള മിഷൻ' പരിപാടിയോടനുബന്ധിച്ച് മുൻ സർക്കാർ ആരംഭിച്ച 'സൗര' പദ്ധതി പൂർത്തിയാക്കും. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽ നിന്ന് ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. തരിശുഭൂമിയിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

2. സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്.

3. കാർബൺ രഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടെ PM-KUSUM പദ്ധതിയിലുൾപ്പെടുത്തി നിലവിലെ കാർഷിക കണക്ഷനുള്ള പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്ന പദ്ധതി സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 1 മുതൽ 7.5 എച്ച്.പി. വരെ ശേഷിയുള്ള പമ്പുകൾക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ധനസഹായം ലഭ്യമാക്കും. അധിക വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് നൽകുന്നതിലൂടെ കർഷകർക്ക് അധിക വരുമാനവും ഉണ്ടാകും. അനെർട്ട്, കെ.എസ്.ഇ.ബി.എൽ., കൃഷി വകുപ്പ് എന്നിവരുടെ സംയുക്ത ആഭിമുഖ്യത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

4. ഗാർഹിക ഉപഭോക്താക്കൾക്ക് കേന്ദ്ര സബ്സിഡിയോടുകൂടി ഗ്രിഡ് കണക്ട് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി വ്യാപകമാക്കുന്നതാണ്.

5. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കും. കൂടാതെ കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ

കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തുന്നതാണ്.

ട്രാൻസ്ഫോർമർ കപ്പാസിറ്റി ഉയർത്തുന്നതിന് നടപടി

202(3634) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ടൗണിലെ ഊർജ്ജ ഉപഭോഗത്തിന് പയ്യന്നൂർ 33 KV സബ്സ്റ്റേഷനിൽ നിലവിലുള്ള രണ്ട് 5KVA ട്രാൻസ്ഫോർമറുകൾ പര്യാപ്തമല്ലാത്തതിനാൽ ഇതിന്റെ കപ്പാസിറ്റി ഉയർത്തുന്നതിന് നടപടി സ്വീകരിക്കാമോ?

33 കെ.വി പയ്യന്നൂർ സബ്സ്റ്റേഷനിലെ രണ്ട് 5 എം.വി.എ. ട്രാൻസ്ഫോർമറുകൾ മാറ്റി 8 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ച് ശേഷി ഉയർത്തുന്ന പദ്ധതിക്ക് ഭരണാനുമതി ആയിട്ടുണ്ട്. ടി ജോലി പുരോഗമിക്കുകയാണ്.

(ബി) പയ്യന്നൂർ കവ്വായി ഭാഗത്തേയ്ക്ക് തടസ്സരഹിതമായി വൈദ്യുതി എത്തിക്കുന്നതിന് 2012-ൽ സ്ഥാപിച്ച ഭൂഗർഭ കേബിൾ ഇതുവരെ

പ്രവർത്തനക്ഷമമായിട്ടില്ലാത്തതിനാൽ 33 KV തുക്കരിപ്പൂർ സബ്സ്റ്റേഷനിൽ ഇതിനാവശ്യമായ സൗകര്യം ഒരുക്കാമോ?

തുക്കരിപ്പൂർ 33 കെ.വി സബ്സ്റ്റേഷനിൽ 11 കെ.വി ഔട്ട് ഡോർ കൃബിക്കിൾ ഇൻഡോർ ആക്കുന്ന ജോലി പുരോഗമിക്കുകയാണ്. ടി ജോലി പൂർത്തിയായി വരുന്ന മുറയ്ക്ക് പയ്യന്നൂർ കവ്വായി ഭാഗത്തേയ്ക്ക് തടസ്സരഹിതമായി വൈദ്യുതി നൽകാവുന്നതാണ്.

നിലമ്പൂർ മണ്ഡലത്തിലെ ആദിവാസി ഊരുകളിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിന് നടപടി

203 (3635) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം ആദിവാസി ഊരുകളിലാണ് ഇനിയും വൈദ്യുതി എത്താനുള്ളതെന്ന് അറിയിക്കാമോ?

നിലമ്പൂർ മണ്ഡലത്തിലെ വാണിയമ്പുഴ, ഇരുട്ടുകുത്തി, കുമ്പളപ്പാറ, പാട്ടക്കരിമ്പ്, മാഞ്ചീരി, വട്ടിക്കല്ല് എന്നീ ആദിവാസി ഊരുകളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല.

(ബി) പ്രസ്തുത ആദിവാസി ഊരുകളിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും

ആയതിന് എത്ര തുകയാണ് മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും അറിയിക്കാമോ?

സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി സർക്കാർ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായി വനാന്തരങ്ങളിൽ സ്ഥിതി ചെയ്യുന്ന 64 പട്ടിക ഗോത്രവർഗ്ഗക്കാരുടെ കോളനികളിൽ വൈദ്യുതി ലഭ്യമല്ലെന്നുള്ളത് കെ.എസ്.ഇ.ബി.എൽ. കണ്ടെത്തുകയും അവയുടെ ഡി.പി.ആർ. തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിനായി പട്ടികവർഗ്ഗവികസന വകുപ്പ് ഡയറക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. വാണിയമ്പുഴ, മാഞ്ചീരി, വട്ടിക്കല്ല്, കുമ്പളപ്പാറ എന്നീ കോളനികൾ മേൽപ്പറഞ്ഞ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രളയത്തിൽ തകർന്ന വാണിയമ്പുഴ, ഇരുട്ടുകുത്തി, കോളനികളിലേയ്ക്ക് വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനുവേണ്ടി 33.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കുമ്പളപ്പാറ കോളനിയിലേയ്ക്ക് നിലവിലുള്ള സാഹചര്യത്തിൽ റോഡ് മാർഗ്ഗം എത്തിപ്പെടാൻ ബുദ്ധിമുട്ടായതുകൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിച്ചിട്ടില്ല. മാഞ്ചീരി, വട്ടിക്കല്ല് എന്നീ കോളനികൾ കനത്ത വനപ്രദേശത്തായതിനാലും വന്യമൃഗശല്യം

ഉള്ളതിനാലും അവിടേയ്ക്ക് ഗ്രിഡ് വൈദ്യുതി എത്തിക്കുവാൻ സാധ്യമല്ല. നിബിഡ വനമായതിനാൽ മാഞ്ചീരി, വട്ടിക്കല്ല് എന്നീ കോളനികളിൽ സോളാർ വൈദ്യുതീകരണവും ബുദ്ധിമുട്ടായിരിക്കും. പാട്ടക്കരിമ്പ് കോളനിയുടെ വൈദ്യുതീകരണത്തിന് Integrated Tribal Development Project (ITDP) 53,31,889/-രൂപ അടയ്ക്കുകയും വനത്തിൽ കൂടി ലൈൻ വലിക്കുന്നതിന് 28-07-2021-ന് വനം വകുപ്പിൽനിന്നും അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതീകരണ പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതാണ്. ഈ ഗോത്രവർഗ്ഗ ഊരുകൾ വനാന്തർഭാഗത്തു സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ, ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് വനത്തിൽ കൂടി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ച് കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും കണക്കിലെടുത്ത് വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന ജില്ലാതല സമിതികൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗവികസന വകുപ്പിൽനിന്നും വൈദ്യുതീകരണത്തിന് ആവശ്യമായ തുക ലഭ്യമാക്കുന്ന മുറയ്ക്ക് ഗ്രിഡ്

വൈദ്യുതി എത്തിക്കാൻ കഴിയുന്ന കോളനികളുടെ വൈദ്യുതീകരണം കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്നതാണ്.

(സി) പ്രസ്തുത ആദിവാസി കോളനികളിൽ എപ്രകാരം വൈദ്യുതി എത്തിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിന് ഭൂഗർഭ കേബിളുകൾ ഉപയോഗിക്കാൻ സാധിക്കുമോ; സോളാർ വൈദ്യുതീകരണം ഭൂഗർഭ കേബിളിനേക്കാൾ ലാഭകരമാണോയെന്ന് അറിയിക്കാമോ?

വാണിയമ്പുഴ, ഇരുട്ടുകുത്തി, പാട്ടക്കരിമ്പ് എന്നീ കോളനികളിലേയ്ക്ക് കവചിത ചാലകമായ ഏരിയൽ ബഞ്ചഡ് കേബിൾ ഉപയോഗിച്ച് ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനുള്ള എസ്റ്റിമേറ്റാണ് കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുള്ളത്. കനത്ത വനപ്രദേശത്തായതിനാലും വന്യമൃഗശല്യമുള്ളതിനാലും മാഞ്ചീരി, വട്ടിക്കല്ല് എന്നീ കോളനികളിൽ ഭൂഗർഭ കേബിളിട്ട് വൈദ്യുതി എത്തിക്കാനും സാധിക്കില്ല. വനത്തിൽ കൂടി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ച് കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും കണക്കിലെടുക്കുമ്പോൾ ഗ്രിഡ് വൈദ്യുതി

എത്തിക്കാൻ കഴിയാത്ത പ്രദേശങ്ങളിൽ സോളാർ വൈദ്യുതിയാണ് അഭികാമ്യമെന്നാണ് വിലയിരുത്തുന്നത്.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മണ്ഡലത്തിലെ ഏതെല്ലാം ആദിവാസി ഊരുകളിലേയ്ക്ക് വൈദ്യുതി എത്തിക്കാനായിയെന്നും ഇതിനായി ചെലവഴിച്ച തുകയും അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിലമ്പൂർ മണ്ഡലത്തിലെ പുഞ്ചകൊല്ലി, അളക്കൽ, മുണ്ടകടവ്, ഉച്ചക്കുളം എന്നീ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുകയും അതിനായി 3,23,58,258/- കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി

204(3636) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ എത്ര പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ 1375 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) ഈ മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ഇനി കണക്ഷൻ നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ?

ആലത്തൂർ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി അപേക്ഷ ലഭിച്ചതിൽ വനം വകുപ്പിന്റെ സാങ്കേതികാനുമതി ആവശ്യമുള്ള 96 അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകുവാനുണ്ട്. വനം വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

(സി) മണ്ഡലത്തിലെ വൈദ്യുതി പ്രസരണരംഗം ശക്തിപ്പെടുത്തുന്നതിനും ലൈൻ നീട്ടുന്നതിനും ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടുന്നതിനും അനുവദിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

പ്രസരണ രംഗം ശക്തിപ്പെടുത്തുന്നതിനായി ആലത്തൂർ മണ്ഡലത്തിലെ 66 കെ.വി കണ്ണമ്പുള്ളി സബ്സ്റ്റേഷനും അതിനോടനുബന്ധിച്ചുള്ള ലൈനും 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ലോക്ഡൗൺ കാലയളവിലെ വൈദ്യുതി ഉപഭോഗം

205(3637) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺ കാലയളവിൽ സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുത ഉപഭോഗം എത്ര യൂണിറ്റായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ലോക്ഡൗൺ നിലവിലുണ്ടായിരുന്ന 2020 ഏപ്രിൽ, മേയ് മാസങ്ങളിലെ പ്രതിദിന ശരാശരി ഉപഭോഗം യഥാക്രമം ഏകദേശം 68.3 ദശലക്ഷം യൂണിറ്റും 70.7 ദശലക്ഷം യൂണിറ്റും ആയിരുന്നു. ഭാഗികമായി ലോക്ഡൗൺ ഉണ്ടായിരുന്ന 2020 ജൂൺ മാസത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം ഏകദേശം 64.1 ദശലക്ഷം യൂണിറ്റായിരുന്നു. 2021 മേയ് മാസത്തിലെ പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം ഏകദേശം 66.1 ദശലക്ഷം യൂണിറ്റായിരുന്നു.

(ബി) ലോക്ഡൗൺ പ്രഖ്യാപനത്തിന് മുമ്പ് സംസ്ഥാനത്തെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം എത്ര യൂണിറ്റായിരുന്നു?

ലോക്ഡൗൺ പ്രഖ്യാപനത്തിന് മുമ്പുവരെയുള്ള മാർച്ച് മാസത്തെ സംസ്ഥാനത്തെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം ഏകദേശം 79.7 ദശലക്ഷം യൂണിറ്റായിരുന്നു.

(സി) സംസ്ഥാനത്ത് പ്രഖ്യാപിച്ചിട്ടുള്ള ലോക്ഡൗൺ കെ.എസ്.ഇ.ബി.-യുടെ ലാഭനഷ്ടങ്ങളെ എങ്ങനെയൊക്കെ ബാധിച്ചുവെന്നത് സംബന്ധിച്ച് എന്തെങ്കിലും ഔദ്യോഗിക പഠനങ്ങൾ ബോർഡ് നടത്തുകയുണ്ടായോ?

ലോക്ഡൗൺ കെ.എസ്.ഇ.ബി.-യുടെ സാമ്പത്തിക സ്ഥിതിയിൽ വരുത്തുന്ന ആഘാതം പരിശോധിച്ചിരുന്നു. ഇതുസംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡിന് നൽകിയ റിപ്പോർട്ട് പ്രകാരം (പ്രാഥമിക കണക്കുകൾ അനുസരിച്ച്) ഒന്നാം തരംഗത്തിൽ മാത്രം കെ.എസ്.ഇ.ബി.-യ്ക്ക് 1239 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കിയിരുന്നു.

(ഡി) എങ്കിൽ ലോക്ഡൗൺമൂലം ഏതൊക്കെ മേഖലകളിൽ ഏതൊക്കെ തരത്തിലാണ് വൈദ്യുതി ഉപഭോഗത്തിൽ വ്യതിയാനങ്ങൾ ഉണ്ടായതെന്നത് സംബന്ധിച്ച ആധികാരിക റിപ്പോർട്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉപഭോഗം കോവിഡ്മൂലമുള്ള അടച്ചിടലിന്റെ പശ്ചാത്തലത്തിൽ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. 2020-21-ൽ വൈദ്യുതി ഉപയോഗം മുൻവർഷത്തെ അപേക്ഷിച്ച് 4.30% വർദ്ധനവ് രേഖപ്പെടുത്തുമെന്നാണ് പ്രതീക്ഷിച്ചതെങ്കിലും കോവിഡ് സാഹചര്യത്തിൽ 2.17% കുറവാണ് രേഖപ്പെടുത്തിയത്. ഈ സാമ്പത്തിക വർഷത്തിലും സമാന സ്ഥിതിയാകുമെന്ന് കരുതുന്നു. ഈ കാലയളവിൽ ശരാശരി വില്പനവിലയിലും കൂടുതൽ വൈദ്യുതി നിരക്കുള്ള വ്യാവസായിക വാണിജ്യ ഉപഭോഗം ഗണ്യമായി കുറഞ്ഞതും അതേസമയം ശരാശരിയിൽ താഴെ നിരക്കുള്ള ഗാർഹിക ഉപഭോഗം കൂടിയതും മൊത്തവരുമാനത്തെ പ്രതികൂലമായി ബാധിച്ചു. ഇതുമൂലം 2020-21-ൽ മാത്രം 544 കോടി രൂപയുടെ വരുമാന നഷ്ടം മുൻവർഷത്തെ അപേക്ഷിച്ച് ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

സൗരോർജ്ജ വൈദ്യുതി പദ്ധതി

206(3638) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുന്നൂറ് മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിനായി സമീപകാലത്ത് കെ.എസ്.ഇ.ബി. കരാർ ഒപ്പ് വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ

യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് കരാർ ഒപ്പ് വച്ചത്; കരാറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) 05-02-2021-ൽ അംഗീകരിച്ച കരാർ പ്രകാരം യൂണിറ്റിന് 2.097 രൂപ നിരക്കിലാണ് സൗരോർജ്ജ വൈദ്യുതി വാങ്ങുന്നത്. 18-09-2020-ൽ കെ.എസ്.ഇ.ബി. 200 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിന് അഖിലേന്ത്യാടിസ്ഥാനത്തിൽ ഡീപ് (DEEP) പോർട്ടൽ മുഖേന മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 90 മെഗാവാട്ട് വൈദ്യുതി എൻ.റ്റി.പി.സി. 110 മെഗാവാട്ട് വൈദ്യുതി ടാറ്റാ പവർ കമ്പനി ലിമിറ്റഡ് എന്നിവരിൽ നിന്നും വാങ്ങുന്നതിന് KSERC-യുടെ അനുമതിയോടുകൂടി 06-01-2021-ൽ ലെറ്റർ ഓഫ് അവാർഡ് നൽകുകയുണ്ടായി. 05-02-2021-ൽ പ്രസ്തുത കമ്പനിയുമായി കരാറിലാകുകയും എൻ.റ്റി.പി.സി.-യുടെ കരാറിന് KSERC 21-06-2021-ലും ടാറ്റാ പവർ കമ്പനി ലിമിറ്റഡിന്റെ കരാറിന് 23-06-2021-ലും അംഗീകാരം നൽകുകയുണ്ടായി. പ്രസ്തുത കരാറുകൾ എക്സിക്യൂട്ട് ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

ഡാമുകളിൽ നിന്നും സോളാർ വൈദ്യുതി ഉല്പാദനം

207 (3639) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള ഡാമുകളിലെ ജലാശയങ്ങൾ ഉപയോഗപ്പെടുത്തി സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിൽ വനം വകുപ്പ് എന്തെങ്കിലും തടസ്സവാദം ഉന്നയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഇടുക്കി റിസർവോയറിൽ എൻ.റ്റി.പി.സി. വിശദമായി പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 25 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി ചെറുതോണിയിലും 100 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി അഞ്ചുരുളിയിലും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ട്. SECI മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭദശയിലാണ്. ഇടുക്കി റിസർവോയർ, ഇടുക്കി വന്യജീവി സങ്കേതത്തിന്റെ ഭാഗമായതിനാൽ വനം വകുപ്പിതര പ്രവർത്തനങ്ങൾ ചെയ്യുന്നതിന് ഭാരത സർക്കാരിന്റെ

ദേശീയ വന്യജീവി ബോർഡിന്റെ അനുമതി ലഭ്യമായതിനുശേഷം മാത്രമേ കഴിയുകയുള്ളൂവെന്ന് കേരള വനം വകുപ്പിന്റെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (വൈൽഡ് ലൈഫ് & ചീഫ് വൈൽഡ് ലൈഫ് വാർഡൻ) അറിയിച്ചു. പ്രഗൽഭരായ ഒരു ഏജൻസിയെക്കൊണ്ട് പരിസ്ഥിതി ആഘാത പഠനം (ഇ.ഐ.എ) നടത്തുന്നതിലേയ്ക്ക് അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. ബാണാസുരസാഗർ പദ്ധതിക്കായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നൽകിയ ഒന്നാംഘട്ട അനുമതിയിൽ നിഷ്കർഷിച്ചിരുന്ന എല്ലാ നിബന്ധനകളും പാലിച്ചിട്ടുണ്ട്. അന്തിമ അനുമതി വനം വകുപ്പിൽ നിന്നും ലഭിക്കേണ്ടതുണ്ട്.

(ബി) നിലവിൽ എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നതെന്നും ഈ പദ്ധതി കൂടുതൽ ജലാശയങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

നിലവിൽ ബാണാസുരസാഗർ റിസർവോയറിൽ നിന്നും 500 കിലോവാട്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി കൂടുതൽ ജലാശയങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പഠനം പ്രാരംഭദശയിലാണ്.

ഊർജ കേരള മിഷൻ

208(3640) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ഊർജ്ജ കേരള മിഷന്റെ ഭാഗമായി ഇതുവരെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് സൗരോർജത്തിൽ നിന്ന് ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞതെന്ന് വിശദമാക്കാമോ?

(ബി) ഇതിൽ സോളാർ റൂഫ് ടോപ്പ് പദ്ധതികളിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ?

(എ & ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ കെട്ടിടങ്ങളിൽ വർക്ക് ഡെപ്പോസിറ്റ് സ്കീം അടിസ്ഥാനത്തിൽ സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 2.01 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയങ്ങൾ പൂർത്തീകരിക്കുകയും 11.932 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

(സി) ഫ്ലോട്ടിംഗ്, ഹൈവേ ടോപ്പ്, കനാൽ ടോപ്പ് സോളാർ തുടങ്ങിയ വ്യത്യസ്ത സാദ്ധ്യതകളിൽ നിന്ന് വൈദ്യുതി ഉല്പാദനം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഇവയിൽനിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത് വ്യക്തമാക്കുമോ?

നിലവിൽ ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ബാരാപോൾ കനാൽ ബാങ്ക് സോളാർ പ്രോജക്ട്- 1 മെഗാവാട്ട്, കനാൽ ടോപ്പ്- 3 മെഗാവാട്ട്, പടിഞ്ഞാറേത്തറ ഡാം ടോപ്പ് പ്രോജക്ടായി 400 കിലോവാട്ട് പീക്ക് പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

ഇ.എൽ.സി.ബി. സംവിധാനം സൗജന്യമായി നൽകുന്ന പദ്ധതി

209(3641) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബി.പി.എൽ. വിഭാഗത്തിൽ വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ ഉപഭോക്താക്കളുടെ സുരക്ഷ മുൻനിർത്തി അവരുടെ വീടുകളിൽ ഇ.എൽ.സി.ബി. (എർത്ത് ലീക്കേജ് സർക്യൂട്ട്

ബ്രേക്കർ) സംവിധാനം സൗജന്യമായി നടപ്പിലാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പാലക്കാട് ജില്ലയിലെ അഗളി, പുതൂർ, ഷോളയാർ എന്നീ പഞ്ചായത്തിലെ എസ്.സി., എസ്.റ്റി. വിഭാഗത്തിൽപ്പെട്ട 600 ഉപഭോക്താക്കളുടെ വീടുകളിലെ വയറിംഗ് നവീകരിച്ച് ഇ.എൽ.സി.ബി. സ്ഥാപിച്ച് നൽകുന്ന പദ്ധതി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ എസ്.സി., എസ്.റ്റി., ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കണക്ടഡ് ലോഡ് 500 വാട്സിൽ താഴെയും മാസ ഉപയോഗം 20 യൂണിറ്റിൽ താഴെയുള്ള ഉപഭോക്താക്കളുടെ വീട്ടിലെ വയറിംഗ് നവീകരിച്ച് ഇ.എൽ.സി.ബി. സ്ഥാപിച്ച് നൽകുന്ന പദ്ധതി, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ട് ലഭ്യമാക്കുന്നതിനനുസരിച്ച് ടി പദ്ധതി പ്രസ്തുത വകുപ്പ് മുഖേന നടപ്പിലാക്കാൻ കഴിയുന്നതാണ്.

(ബി) പ്രസ്തുത കുടുംബങ്ങളിൽ ഇ.എൽ.സി.ബി. സംവിധാനം നൽകുന്നതിന് നിലവിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

നിലവിൽ എസ്.സി., എസ്.റ്റി., ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കണക്ടഡ് ലോഡ് 500 വാട്സിൽ താഴെയും മാസ ഉപഭോഗം 20 യൂണിറ്റിൽ താഴെയുമുള്ള ഉപഭോക്താക്കളുടെ വീട്ടിലെ വയറിംഗ് നവീകരിച്ച് ഇ.എൽ.സി.ബി. സ്ഥാപിച്ച് നൽകുന്ന പദ്ധതിയാണ് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉത്തരവായിട്ടുള്ളത്.

(സി) ഈ വർഷം എത്ര കുടുംബങ്ങൾക്കാണ് ഇ.എൽ.സി.ബി. സംവിധാനം സൗജന്യമായി നൽകാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിലെ കോവിഡ് 19 സാഹചര്യത്തിൽ പഞ്ചായത്തിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഈ വർഷത്തെ വാർഷിക പദ്ധതിയിൽ ടി പദ്ധതി ഉൾപ്പെടുത്തിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താമെന്ന് പഞ്ചായത്ത്

വകുപ്പിൽനിന്നും അറിയാൻ സാധിച്ചിട്ടുണ്ട്. ആയതിനാൽ ഫണ്ട് ലഭ്യത അനുസരിച്ച് മാത്രമേ ഈ വർഷം പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

തെരുവുവിളക്കുകൾ

210(3642) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സമ്പൂർണ്ണ തെരുവ് വിളക്ക് സൗകര്യമുള്ള സംസ്ഥാനമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ തെരുവുവിളക്കുകൾ പൂർണ്ണമായും എൽ.ഇ.ഡി. ബൾബുകളിലേയ്ക്ക് മാറ്റുകവഴി ഊർജ്ജ ഉപഭോഗവും പരിസ്ഥിതി ആഘാതവും കുറച്ചുകൊണ്ട് ഊർജ്ജലാഭം നേടുക എന്ന ലക്ഷ്യത്തോടെ "നിലാവ്" എന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരമാണ് കെ. എസ്. ഇ. ബി.എൽ. തെരുവുവിളക്കുകൾ സ്ഥാപിച്ചുനൽകുന്നത്.

(ബി) പ്രസ്തുത പദ്ധതിക്ക് സൗരോർജ്ജ സൗകര്യം കൂടി ഉപയോഗപ്പെടുത്തുമോ; എങ്കിൽ ഇതിന് എന്തെല്ലാം സാദ്ധ്യതകളാണ് പ്രയോജനപ്പെടുത്തുകയെന്ന് വിശദമാക്കാമോ?

കേരളത്തിലുടനീളം സ്ഥാപിച്ചിട്ടുള്ള 10.5 ലക്ഷത്തോളം പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി ഊർജ്ജക്ഷമതയുള്ളതും ഏഴ വർഷം വാറണ്ടിയുള്ളതുമായ പരിസ്ഥിതി സൗഹൃദ എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിച്ചുനൽകുന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിലാവ് പദ്ധതിയാണ് നിലവിൽ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കി വരുന്ന പദ്ധതി. ഈ പദ്ധതിയിൽ സൗരോർജ്ജം മാത്രമായി നേരിട്ട് ഉപയോഗപ്പെടുത്തുന്നതിനുള്ള സൗകര്യമില്ല.

(സി) കുത്തുപറമ്പ് നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ തെരുവ് വിളക്ക് സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികളും പദ്ധതികളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കുത്തുപറമ്പ് നിയോജക മണ്ഡലത്തിൽ 'നിലാവ്' പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കുറ്റിക്കാട്ടൂർ വൈദ്യുതി സെക്ഷൻ ഓഫീസ് സ്ഥാപനം

211(3643) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിളിന് കീഴിലുള്ള കോവൂർ വൈദ്യുതി സെക്ഷൻ ഓഫീസ് വിഭജിച്ച് കുറ്റിക്കാട്ടൂർ ആസ്ഥാനമായി ഒരു വൈദ്യുതി സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

(ബി) ദീർഘകാലമായുള്ള പ്രസ്തുത ആവശ്യം പരിഗണിച്ച് കുറ്റിക്കാട്ടൂർ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിളിനുകീഴിലുള്ള കോവൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് വിഭജിച്ച് കുറ്റിക്കാട്ടൂർ കേന്ദ്രമാക്കി കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിവേദനം ലഭിക്കുകയും അതിന്മേൽ പരിശോധന നടത്തുകയും ചെയ്തിരുന്നു. അതിൻപ്രകാരം കോവൂർ സെക്ഷൻ ഓഫീസിന് കീഴിൽ കുറ്റിക്കാട്ടൂർ ആസ്ഥാനമായി ഒരു സബ് സെന്റർ സ്ഥാപിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. ഈ ഓഫീസ് പ്രവർത്തിക്കാനുള്ള കെട്ടിടം വാടകരഹിതമായി അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതാണ്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുതി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനുംവേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് വിഭജനം

212(3644) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് പരിധിയിൽ നിലവിൽ എത്ര ഗ്രണഭോക്താക്കളുണ്ടെന്ന് വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ 28134 ഉപഭോക്താക്കളുണ്ട്.

(ബി) ഈ സെക്ഷനെയും വള്ളുവമ്പ്രം സെക്ഷനെയും വിഭജിച്ച് മുസലിയാരങ്ങാടി കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടി വരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനുംവേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസുകൾക്ക് പുതിയ കെട്ടിടം

213(3645) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ, വെള്ളൂർ, പാടിച്ചാൽ, ചെറുപുഴ എന്നിവിടങ്ങളിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾക്ക് സ്വന്തമായി പുതിയ കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പയ്യന്നൂർ മണ്ഡലത്തിലെ പാടിയോട്ടുച്ചാലിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് 30-12-2020-ൽ 69.30 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ചെറുപുഴ, വെള്ളൂർ എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സൗകര്യപ്രദമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് സൗജന്യമായി ലഭ്യമാക്കിയാൽ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കുന്നതാണ്.

വെണ്ണക്കര 110 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻ

214(3646) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മണ്ഡലത്തിലെ വെണ്ണക്കര 110 കെ.വി ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിച്ചോ; എങ്കിൽ പൂർണ്ണ തോതിലുള്ള പ്രവർത്തനമെന്ന് ആരംഭിക്കുമെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

110 കെ.വി ജി.ഐ.എസ് വെണ്ണക്കര സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സബ്സ്റ്റേഷനിൽ നിന്ന് 11 കെ.വി. വൈദ്യുതി വിതരണത്തിനായുള്ള പാനൽ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരികയാണ്. 2021 സെപ്തംബർ മാസത്തിൽ വിതരണം തുടങ്ങാവുന്നതാണെന്ന് പ്രതീക്ഷിക്കുന്നു.

(ബി) വെണ്ണക്കര 110 കെ.വി സബ് സ്റ്റേഷനെ 220 കെ.വി സബ് സ്റ്റേഷനായി ഉയർത്തുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിലെ 110 കെ.വി വെണ്ണക്കര സബ്സ്റ്റേഷൻ 220 കെ.വി. ജി.ഐ.എസ്. സബ്സ്റ്റേഷനായി ഉയർത്തുന്ന പ്രവൃത്തിക്ക് 82.31 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

(1) 220/110 കെ.വി ജി.ഐ.എസ് സബ്സ്റ്റേഷന്റെ നിർമ്മാണം - 53.61 കോടി രൂപ.

(2) നിർദ്ദിഷ്ട വെണ്ണക്കര സബ്സ്റ്റേഷനിലേയ്ക്ക് എലപ്പുള്ളി- മാടക്കത്തറ ഫീഡറിൽ നിന്നുള്ള 7.5 കി.മീ 220/110 കെ.വി മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനിന്റെ നിർമ്മാണം-28.70 കോടി രൂപ.

കിഫ്ബി ധനസഹായത്തോടെ നടത്തുന്ന പദ്ധതി ആയതിനാൽ പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) അനുമതിക്കായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി. കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

215(3647) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിക്കിടെ അപകടത്തിൽപ്പെട്ട് മരണപ്പെടുകയോ ഗുരുതരമായി പരിക്ക് പറ്റുകയോ ചെയ്യുന്ന കെ.എസ്.ഇ.ബി. കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(ബി) നിലവിൽ ഇവർക്ക് ആനുകൂല്യങ്ങളൊന്നും നൽകുന്നില്ലെങ്കിൽ ആയത് നൽകുവാനുള്ള ആലോചനയുണ്ടോ; വിശദമാക്കാമോ?

കരാർ തൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരം അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെപ്പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

(എ) മരണാനന്തര നഷ്ടപരിഹാരം.

1. മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം 7,45,275/-രൂപ മുതൽ 17,14,050/- രൂപ വരെ ലഭിക്കുന്നതിന് അർഹതയുണ്ട്.

2. ശവസംസ്കാര ചെലവിനായി 10,000/- രൂപയ്ക്ക് അർഹതയുണ്ട്.

(ബി) മാരകമല്ലാത്ത അപകടത്തിൽപ്പെടുന്ന കരാർ തൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരം.

1. സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം ഉണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ അവശതാ നഷ്ടപരിഹാരം.

2. അപകടം സംഭവിക്കുന്ന തൊഴിലാളിക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശിപാർശ ചെയ്തുകൊണ്ട് ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധമാസികാ നഷ്ടപരിഹാരം. അഞ്ച് ലക്ഷം

രൂപയിൽ കവിയുന്ന അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാരത്തുക തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിം/ കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/ കരാറുകാരനിൽ നിന്ന് ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുവാനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു. ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ

കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പെടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

(സി) കെ.എസ്.ഇ.ബി. കരാർ തൊഴിലാളികൾക്ക് ഫലപ്രദമായ ഇൻഷ്വറൻസ് സമ്പ്രദായം കെ.എസ്.ഇ.ബി. ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കെ.എസ്.ഇ.ബി. കരാർ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന കാര്യം നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് പരിഗണിച്ചിട്ടില്ല. അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന

അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന തൊഴിലാളിക്ക് അർഹമായ നഷ്ടപരിഹാരത്തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിം/ കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/ കരാറുകാരനിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുവരുന്നു.

അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) നിയമനം

216(3648) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-01-2020-നുശേഷം അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ?

(ബി) ഈ ഒഴിവുകളിലേയ്ക്ക് എത്ര പേരുടെ അഡ്വൈസാണ് പി.എസ്.സി.- യിൽ നിന്നും ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ആയതിൽ എത്ര പേർക്ക് നിയമനം നല്കിയെന്ന് അറിയിക്കുമോ?

(സി) ഇത്തരത്തിൽ അഡ്വൈസ് ലഭിച്ച ആർക്കെങ്കിലും ഇനി നിയമനം നൽകുന്നുണ്ടോ; എങ്കിൽ ആർക്കെല്ലാം?

(ഡി) ഈ തസ്തികയിൽ അഡ്വൈസ് ലഭിച്ചവരുടെയും അതിൽ നിന്ന് നിയമനം നൽകിയവരുടെയും വിശദ വിവരങ്ങൾ നൽകുമോ?

(ഇ) അഡ്വൈസ് ലഭിച്ചിട്ടും നിയമനം ലഭിക്കാത്തവരുണ്ടെങ്കിൽ എന്ത് കാരണത്താലാണ് നിയമനം നൽകാത്തതെന്ന് അറിയിക്കുമോ; അവർക്ക് നിയമനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ-ഇ) 01-01-2020-ന് ശേഷം കെ.എസ്.ഇ.ബി. ലിമിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയർ(ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് 16-02-2021-ന് 6 NJD ഒഴിവുകളാണ് കെ.പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഈ തസ്തികയിലേയ്ക്ക് റാങ്ക് പട്ടിക നിലവിലില്ലാത്തതിനാൽ ഈ ഒഴിവുകളിലേയ്ക്ക് ആരേയും അഡ്വൈസ് ചെയ്തിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ നിയമന യോഗ്യതയിൽ ബോർഡ് മാറ്റങ്ങൾ വരുത്തി കെ.പി.എസ്.സി.-യുടെ

അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. കെ.പി.എസ്.സി.-യുടെ അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് എൻജിനീയർ(ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കെ. എസ്. ഇ. ബി.-യിലെ ഒഴിവുകൾ

217(3649) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽനിന്നും കഴിഞ്ഞ നാല് വർഷത്തോളമായി ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ ഏതാണ്ട് അറുന്നൂറ്റി അൻപതോളം പ്രൊമോഷനുകൾ നടന്നിട്ടും ഒരു ഫ്രഷ് ഒഴിവുപോലും കേരള പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിൻപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽനിന്നും ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ തസ്തികയിൽ 14.09.2017-ന് 60 ഒഴിവുകൾ സ്ഥിരമായും 19.09.2017-ന് 520 ഒഴിവുകൾ പ്രൊവിഷണലായും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രൊവിഷണലായി റിപ്പോർട്ട് ചെയ്ത പ്രസ്തുത 520 ഒഴിവുകളിൽ 14.08.2019-ന് 200 ഒഴിവുകളും 22.02.2020-ന് 320 ഒഴിവുകളും പബ്ലിക്ക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും, മേൽകുറിച്ച 580 (60 + 520) ഒഴിവുകളിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശിപാർശ പ്രകാരം നിയമനം നൽകിയിട്ടുണ്ട്. നിലവിൽ അക്ഷയ, ഫ്രണ്ട്സ് ജനസേവന കേന്ദ്രം, ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ തുടങ്ങിയവ വഴിയും ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ആപ്ലിക്കേഷനുകൾ എന്നീ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഓൺലൈനായും വൈദ്യുതി ചാർജ്ജ് അടയ്ക്കുവാനുള്ള സൗകര്യം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സൗകര്യങ്ങളൊക്കെ ലഭിക്കുന്നതുമൂലം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കാര്യാലയത്തിലെത്തി നേരിട്ട് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കൂടാതെ സാമ്പത്തിക ഇടപാടുകൾ ഡിജിറ്റലൈസ് ചെയ്യുകയെന്ന കേന്ദ്രാവിഷ്കൃത നയം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലും നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി 15.11.2018-ലെ BO (FTD) No.1925/2018 D(D&IT)/D6-AE2/Cashiers/2018-19/0001, 14.12.2018-ലെ BO(DB)/No.1994/2018(D(D&IT)/D6-AE2/Cashiers/2018-19)

എന്നീ ബോർഡ് ഉത്തരവുകൾ പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ സെക്ഷൻ ഓഫീസുകളിലെ ക്യാഷ് കൗണ്ടറുകളുടെ എണ്ണം കുറയ്ക്കുകയും പ്രവർത്തന സമയം പുന:ക്രമീകരിക്കുകയും ചെയ്തു. തുടർന്നും ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്ന ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കാര്യാലയത്തിലെത്തി നേരിട്ട് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരികയും ചെയ്യുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേതുൾപ്പെടെയുള്ള 2021 കലണ്ടർ വർഷത്തിലുണ്ടാകാവുന്ന പ്രതീക്ഷിത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് ബോർഡിന്റെ പരിഗണനയിലാണ്.

(ബി) കഴിഞ്ഞ നാലു വർഷം ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ നടന്ന സ്പോർട്സ് ക്വാട്ട നിയമനങ്ങളുടെയും ആശ്രിത നിയമനങ്ങളുടെയും എണ്ണവും പ്രസ്തുത തസ്തികയിൽ അവയുടെ അനുവദനീയമായ പരമാവധി ശതമാന കണക്കും, തസ്തികയിൽ ഇപ്പോൾ പ്രവർത്തിക്കുന്നവരുടെ ശതമാന കണക്കും വ്യക്തമാക്കാമോ?

ടി കാലയളവിൽ സ്പോർട്ട്സ് ക്വാട്ടയിലൂടെ 9 പേർക്കും ആശ്രിത നിയമന വ്യവസ്ഥയിലൂടെ 68 പേർക്കും നിയമനം നൽകി. ഈ തസ്തികയിൽ സ്പോർട്സ് ക്വാട്ട/ആശ്രിത നിയമന വ്യവസ്ഥ എന്നിവ വഴിയുള്ള നിയമനങ്ങളിൽ ശതമാനക്കണക്ക് നിശ്ചയിച്ചിട്ടില്ല. കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അപകട മേഖലയായ ഫീൽഡ് തലത്തിൽ ജോലിക്കിടെ ജീവനക്കാർക്ക് ജീവഹാനി സംഭവിക്കുന്നുണ്ട്. അത്തരം ജീവനക്കാരുടെ ആശ്രിതർക്ക് ആശ്രിത നിയമന വ്യവസ്ഥപ്രകാരം നിയമനം നൽകേണ്ടതായി വരുന്നു. ആയതിനാൽ തന്നെ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മറ്റു സർക്കാർ സർവ്വീസിനേക്കാൾ ആശ്രിത നിയമന വ്യവസ്ഥ പ്രകാരമുള്ള നിയമനം കൂടുതലാണ്.

(സി) കെ.എസ്.ഇ.ബി.-യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ ഡെപ്യൂട്ടേഷൻ/വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന മറ്റിതര പോസ്റ്റുകളിലെ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ പേരും അവരുടെ പേരന്റ് തസ്തികയും ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഇലക്ട്രിക്കൽ സെക്ഷൻ കാര്യാലയങ്ങളിൽ ക്യാഷ് കളക്ഷനുവേണ്ടി കാഷ്യർ വിഭാഗം ജീവനക്കാരുടെ അഭാവമുണ്ടാകുന്ന അടിയന്തര സാഹചര്യങ്ങളിൽ പൊതു

ജനങ്ങൾക്ക് അസൗകര്യം ഉണ്ടാകാതിരിക്കുന്നതിനായി മറ്റു തസ്തികയിലെ ജീവനക്കാരെ താത്കാലികമായി അതത് ഇലക്ഷൻ ഡിവിഷൻ കാര്യാലയങ്ങളിൽനിന്നും ക്യാഷ് കളക്ഷനുവേണ്ടി നിയോഗിക്കാറുണ്ട്. കൂടാതെ ജോലിക്കിടെ ഗുരുതരമായി അപകടം സംഭവിക്കുന്ന ജീവനക്കാരെ അവർക്ക് ലൈനിൽ ജോലിചെയ്യുവാൻ കഴിയാത്ത സാഹചര്യത്തിൽ ടി ജീവനക്കാരെയും ക്യാഷ് കളക്ഷനുവേണ്ടി താത്കാലികമായി നിയോഗിക്കാറുണ്ട്. ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ തസ്തികയിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന കെ.എസ്.ഇ.ബി. ജീവനക്കാരുടെ പേരും അവരുടെ യഥാർത്ഥ തസ്തിക സംബന്ധിച്ച വിവരവും അനുബന്ധമായി* ചേർക്കുന്നു.

(ഡി) കെ.എസ്.ഇ.ബി. റീ സ്ട്രക്ചറിംഗ് എന്ന് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു എന്നറിയിക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന റീസ്ട്രക്ചറിംഗ് സംബന്ധിച്ചുള്ള കരട് നിർദ്ദേശങ്ങൾ വിശദമായ ചർച്ചകൾക്കും അഭിപ്രായ രൂപീകരണത്തിനുമായി കെ.എസ്.ഇ.ബി. ലിമിറ്റഡിലെ രജിസ്റ്റേർഡ് തൊഴിലാളി യൂണിയനുകളുടെയും ഓഫീസർ അസോസിയേഷനുകളുടേയും പരിഗണനയിലാണ്. വിവിധ തലത്തിലുള്ള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചർച്ചകൾക്കുശേഷം നിർദ്ദേശങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയും സർക്കാരിന്റെയും പരിഗണനയ്ക്ക് വിധേയമായി അന്തിമരൂപത്തിലായതിനു ശേഷം അംഗീകാരം ലഭിക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മുന്നോട്ടുപോകുവാൻ സാധിക്കുന്നതാണ്.

ഇടമലയാറിലെ ഹൈഡൽ ടൂറിസം പദ്ധതി

218(3650)ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഇടമലയാറിൽ ഹൈഡൽ ടൂറിസം ആരംഭിക്കുന്ന വിഷയം പരിഗണിച്ചിരുന്നോ?

പ്രസ്തുത വിഷയം പരിഗണനയിലാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇതുമായി ബന്ധപ്പെട്ട് നിലവിൽ പഠന റിപ്പോർട്ടുകളൊന്നുംതന്നെ തയ്യാറായിട്ടില്ല.

(സി) ഇടമലയാർ റിസർവോയർ വനമേഖലയിൽ ആയതിനാൽ ഇവിടെ ഹൈഡൽ ടൂറിസം ആരംഭിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി

ആവശ്യമാണോ; എങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇടമലയാർ റിസർവോയർ വനമേഖലയിലായതിനാൽ ഇവിടെ ഹൈഡൽ ടൂറിസം ആരംഭിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരും. ഇതിന്റെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കി അതിന്റെ സാദ്ധ്യതകൾ വിലയിരുത്തിയശേഷം നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

(ഡി) കോതമംഗലം മണ്ഡലത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ തട്ടേക്കാട്, ഭൂതത്താൻകെട്ട് തുടങ്ങിയ സ്ഥലങ്ങളിൽ എത്തുന്ന വിനോദസഞ്ചാരികൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഇടമലയാർ ഡാമിൽ വനം വകുപ്പുമായി സഹകരിച്ച് ഹൈഡൽ ടൂറിസം പദ്ധതി ആരംഭിക്കുന്ന കാര്യം സജീവമായി പരിഗണിക്കുമോ; വിശദമാക്കാമോ?

(ഡി) പരിഗണിക്കാവുന്നതാണ്.

മാവേലിക്കര ജില്ലാ ആശുപത്രിയിലേക്കുള്ള എ.ബി.സി. ലൈൻ

219(3651) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിലേക്കുള്ള എ.ബി.സി. ലൈനുകളുടെ കണക്ഷനും നേത്ര വിഭാഗം ഓപ്പറേഷൻ തീയറ്ററിലേക്കുള്ള വൈദ്യുത കേബിളും സ്ഥാപിക്കുന്ന നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മാവേലിക്കര സബ് സ്റ്റേഷനിൽനിന്നും ഗവൺമെന്റ് ഹോസ്പിറ്റലിലേക്കുള്ള HT ABC ലൈനിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ട്രാൻസ്ഫോർമർ ഫീഡിംഗ് റീ-അറേഞ്ച്മെന്റ് ഉൾപ്പെടെയുള്ള അനുബന്ധ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ടി പ്രവൃത്തികളും കൂടി പൂർത്തികരിച്ചശേഷം 2021 ഓഗസ്റ്റ് 31-നകം പ്രസ്തുത ലൈൻ ചാർജ്ജ് ചെയ്യുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ മാവേലിക്കര ഗവൺമെന്റ് ഹോസ്പിറ്റൽ ഒരു HT കൺസ്യൂമറാണ്. മാവേലിക്കര ആശുപത്രിയിലെ നേത്രവിഭാഗം ഓപ്പറേഷൻ തീയറ്റർ ഇതേ പ്രിമിസസ്സിലെ ഒരു കെട്ടിടമാകകയാൽ, ഹോസ്പിറ്റലിനുള്ളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ചുമതല അതാത് ആശുപത്രികളിൽ നിക്ഷിപ്തമാണ്. നേത്രവിഭാഗം ഓപ്പറേഷൻ തീയറ്ററിലേയ്ക്കുള്ള വൈദ്യുത കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പരിധിയിൽപ്പെട്ടതല്ല.

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

മാവേലിക്കര സബ് സ്റ്റേഷനിൽനിന്നും ഗവൺമെന്റ് ഹോസ്പിറ്റലിലേക്കുള്ള HT ABC ലൈനിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്, എന്നാൽ ട്രാൻസ്ഫോർമർ ഫീഡിംഗ് റീ-അറേഞ്ച്മെന്റ് ഉൾപ്പെടെയുള്ള അനുബന്ധ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ടി പ്രവൃത്തികളും കൂടി പൂർത്തികരിച്ച ശേഷം 2021 ഓഗസ്റ്റ് 31-നകം പ്രസ്തുത ലൈൻ ചാർജ്ജ് ചെയ്യുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ മാവേലിക്കര ഗവൺമെന്റ് ഹോസ്പിറ്റൽ ഒരു HT കൺസ്യൂമറാണ്. മാവേലിക്കര ആശുപത്രിയിലെ നേത്രവിഭാഗം ഓപ്പറേഷൻ തിയേറ്റർ ഇതേ പ്രിമിസസ്സിലെ ഒരു കെട്ടിടമാകയാൽ, ഹോസ്പിറ്റലിനുള്ളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ചുമതല അതാത് ആശുപത്രികളിൽ നിക്ഷിപ്തമാണ്. നേത്രവിഭാഗം ഓപ്പറേഷൻ തീയറ്ററിലേക്കുള്ള വൈദ്യുത കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പരിധിയിൽപ്പെട്ടതല്ല.

ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ

220(3652) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിൽ തൊഴിലെടുക്കുന്ന ജീവനക്കാർക്ക് 2020-21 കാലയളവിൽ ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കിയിട്ടുണ്ടോ?

കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് 2020-21 കാലയളവിൽ ഇൻഷ്വറൻസ് വകുപ്പുമായി ബന്ധപ്പെട്ട് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് സ്കീം (GPAIS) -ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ആയതിന് പകരമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എംപ്ലോയീസ് വെൽഫെയർ ഫണ്ട് (EWF) മുഖാന്തരം അപകട ആശ്വാസധനസഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് (തൊഴിലാളി വിഭാഗത്തിനും (സ്കിൽഡ്, അൺസ്കിൽഡ് ഉൾപ്പെടെ) ഓഫീസർ വിഭാഗത്തിനും) കെ.എസ്.ഇ.ബി. EWF മുഖാന്തിരമുള്ള അപകട ആശ്വാസ ധനസഹായ പദ്ധതിയിൽ അംഗത്വം നേടുന്നതിന് 1,004/- രൂപയാണ് 2021 വർഷത്തേയ്ക്കുള്ള subscription ആയി ഈടാക്കിയിട്ടുള്ളത്.

(ബി) ഉണ്ടെങ്കിൽ ഇൻഷുറൻസ് വകുപ്പ് മുഖാന്തരമാണോ പരിരക്ഷ നടപ്പിലാക്കിയത്; സ്കിൽഡ്, അൺസ്കിൽഡ് എന്നീ തൊഴിലാളികൾക്ക് ഒരേ പ്രീമിയം നിരക്കാണോ; വിശദമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് 2020-21 കാലയളവിൽ ഇൻഷ്വറൻസ് വകുപ്പുമായി ബന്ധപ്പെട്ട് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് സ്കീം -(GPAIS) ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ആയതിന് പകരമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എംപ്ലോയീസ് വെൽഫെയർ ഫണ്ട് (EWF) മുഖാന്തിരം അപകട ആശ്വാസധനസഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് (തൊഴിലാളി വിഭാഗത്തിനും (സ്കിൽഡ്, അൺസ്കിൽഡ് ഉൾപ്പെടെ) ഓഫീസർ വിഭാഗത്തിനും) കെ.എസ്.ഇ.ബി. EWF മുഖാന്തിരമുള്ള അപകട ആശ്വാസ ധനസഹായ പദ്ധതിയിൽ അംഗത്വം നേടുന്നതിന് 1,004/- രൂപയാണ് 2021 വർഷത്തേയ്ക്കുള്ള subscription ആയി ഈടാക്കിയിട്ടുള്ളത്.

(സി) ഇൻഷ്വറൻസ് പരിരക്ഷ നടപ്പാക്കിയിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

GPAIS പദ്ധതിയിലെ അംഗത്വം പുതുക്കുന്നതിനായി സർക്കാരിന്റെ SLI/GIS പദ്ധതികളിൽ കൂടി അംഗത്വം നിർബന്ധമാക്കിയ സാഹചര്യത്തിൽ, തൊഴിലാളി/ഓഫീസർ സംഘടനകൾ SLI/GIS പദ്ധതികളിൽ ചേരുന്നതിന് വിമുഖത അറിയിച്ചതിനാൽ 2021 വർഷത്തെ GPAIS പദ്ധതിയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് അംഗത്വം പുതുക്കാനാകാതെ വരികയും അതിന് പകരമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് EWF മുഖാന്തിരം അപകട ആശ്വാസധനസഹായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം അപകടമരണങ്ങൾക്ക് 10,00,000/- രൂപയും മാരകമല്ലാത്ത അപകടങ്ങൾക്ക് മെഡിക്കൽ ബോർഡ് നൽകുന്ന സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി അപകട ആശ്വാസധനസഹായം (പരമാവധി 10 ലക്ഷം രൂപയും) കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി ലഭ്യമാകുന്നതിന് അർഹതയുണ്ട്.

വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകിയ ഇളവുകൾ

221(3653) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വൈദ്യുതി ബില്ലുകൾ ഒടുക്കുന്നതിന് ഉപഭോക്താക്കൾക്ക് എന്തെല്ലാം ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോവിഡിന്റെ ഭാഗമായി വിവിധ ഇളവുകൾ, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും, ബോർഡ് സ്വമേധയായും നൽകിയിട്ടുണ്ട്. ഇളവുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(1) 01.06.2020-ലെ സ.ഉ(സാധാ)നം.67/2020/ഊ.വ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ് /ഡിമാൻഡ് ചാർജ്ജിൽ വ്യാവസായിക/വാണിജ്യ വിഭാഗം ഉപഭോക്താക്കൾക്ക് 25% ഇളവുകൾ നൽകിയിരുന്നു. ബാക്കിയുള്ള 75% ഫിക്സഡ് ചാർജ്ജ് പലിശരഹിതമായി അടയ്ക്കുന്നതിന് 15.12.2020-വരെ സാവകാശം നൽകിയിരുന്നു. ഈ ഇനത്തിൽ 76.62 കോടി രൂപ ബോർഡിന് ചെലവായിട്ടുണ്ട്.

(2) കോവിഡ് കാലത്ത്, മിക്കവാറും എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും വലിയ തോതിലുള്ള ഉപഭോഗംമൂലം ഉയർന്ന വൈദ്യുതി ബില്ലുകൾ ലഭിച്ച സാഹചര്യത്തിൽ, വർദ്ധനവുമൂലമുള്ള അധികഭാരം ലഘൂകരിക്കാൻ ഗവൺമെന്റ് 26.06.2020-ലെ സ.ഉ (സാധാ)നം.80/2020/ഊ.വ പ്രകാരം

സബ്സിഡി അനുവദിച്ചിരുന്നു. താഴെപറയുന്ന നിരക്കിലാണ് സബ്സിഡി അനുവദിച്ചത്. 20.04.2020 മുതൽ 19.06.2020-വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽ തുകയേക്കാൾ കൂടുതലായി വരുന്ന തുകയുടെ നിശ്ചിത ശതമാനമാണ് സബ്സിഡിയായി നൽകിയത്. ദ്വൈമാസം 40 യൂണിറ്റ് വരെ ശരാശരി ഉപഭോഗമുള്ളതും, 500 വാട്ട്സ് കണക്ടഡ് ലോഡുള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കുന്ന വൈദ്യുതി ഉപയോഗ പരിധിയില്ലാതെ സൗജന്യമായി (20.04.2020 മുതൽ 19.06.2020 വരെ ലഭിക്കുന്ന ബില്ലിൽ) തന്നെ നൽകിയിട്ടുണ്ട്. പ്രതിമാസം 40 യൂണിറ്റവരെ ഉപഭോഗമുള്ളതും, 1000 വാട്ട്സിൽ താഴെ കണക്ടഡ് ലോഡുള്ളതും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതുമായ ഉപഭോക്താക്കൾക്ക് 1.50 രൂപ നിരക്കിൽ നൽകിയിരുന്ന വൈദ്യുതി, അവരുടെ ഉപയോഗം എത്രയായിരുന്നാലും മുകളിൽ സൂചിപ്പിച്ച കാലയളവിൽ യൂണിറ്റൊന്നിന് 1.50 രൂപ നിരക്കിൽ നൽകിയിട്ടുണ്ട്. 20.04.2020 മുതൽ 19.06.2020 വരെയുള്ള ബില്ലുകളിൽ, ശരാശരി ബിൽ തുകയേക്കാൾ കൂടുതലായി വന്ന തുകയുടെ നിശ്ചിത ശതമാനം മറ്റ് ഗാർഹിക ഉപഭോക്താക്കൾക്ക് കൂടി സബ്സിഡിയായി ഗവൺമെന്റ് നൽകിയിരുന്നു. കൂടാതെ ഈ ബില്ലുകൾ 31.12.2020-വരെ ഒരുമിച്ചോ തവണ വ്യവസ്ഥയിലോ പലിശരഹിതമായി

അടയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ടായിരുന്നു. ഇതുപ്രകാരം സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കൾക്ക് 175 കോടി രൂപയുടെ സബ്സിഡി ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ആനുകൂല്യം 74 ലക്ഷം ഗാർഹിക ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രതിമാസ ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ സബ്സിഡി നിരക്കുകൾ സംബന്ധിച്ച പട്ടിക അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(3) 28/01/2021-ലെ സ.ഉ (സാധാ)നം.14/2021/ഊ.വ. പ്രകാരം സംസ്ഥാനത്ത് സിനിമാ തിയേറ്ററുകൾക്ക് 2020 മാർച്ച് മുതൽ ഡിസംബർ വരെയുള്ള 10 മാസക്കാലയളവിലേയ്ക്ക് ഫിക്സഡ് ചാർജ്ജ്/ഡിമാന്റ് ചാർജ്ജിൽ 50% ഇളവ് അനുവദിച്ചിരുന്നു. ഇക്കാലയളവിലെ ബാക്കിയുള്ള ബിൽ തുക അടയ്ക്കുന്നതിന് 5 തുല്യ തവണകൾ അനുവദിച്ചിരുന്നു. ഇതുമൂലം 3.28 കോടി രൂപയുടെ അധിക ബാദ്ധ്യതയുണ്ടായി.

(4) 28.06.2021-ലെ സ.ഉ (സാധാ)നം.84/2021/ഊ.വ.-ന്റെ അടിസ്ഥാനത്തിൽ സിനിമാ തിയേറ്ററുകളുടെ 2021 മേയ് മാസത്തെ ഫിക്സഡ് ചാർജ്ജിൽ 50% ഇളവും, വാണിജ്യ/വ്യവസായ ഉപഭോക്താക്കൾക്ക് 2021 മേയ് മാസത്തെ ഫിക്സഡ് ചാർജ്ജിൽ 25% ഇളവും നൽകിയിരുന്നു. ഇതിന് പുറമെ ബാക്കിയുള്ള തുക 30.09.2021-നകം പലിശരഹിതമായി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടയ്ക്കുന്നതിന് 3 തുല്യ തവണകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം 24.37 കോടി രൂപയുടെ അധിക ബാദ്ധ്യതയുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(5) കൂടാതെ ഓൺലൈൻവഴി പണമടയ്ക്കുന്നവർക്ക് ട്രാൻസാക്ഷൻ ചാർജ്ജ് ഒഴിവാക്കുകയും (31.07.2020-വരെ), ക്യാഷ് ബാക്ക് സൗകര്യം ഏർപ്പെടുത്തുകയും (31.12.2020-വരെ), 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ ബില്ലുകൾ 31.05.2020-വരെ പലിശരഹിതമായി അടയ്ക്കുന്നതിനുള്ള സാവകാശം നൽകുകയും ചെയ്തിരുന്നു.

സഹകരണ ബാങ്കുകൾക്കുമേൽ റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾ

222 (3654)ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ഡോ. എം. കെ. മുനീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെമേൽ റിസർവ് ബാങ്ക് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ?

2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിൽ വരുത്തിയ ഭേദഗതി നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സെക്ഷൻ (3)- ലെ ഭേദഗതിമൂലം നിയമ ഭേദഗതി പ്രാഥമിക സംഘങ്ങൾക്ക് ബാധകമല്ല. ആയതിനാൽ കാർഷിക വായ്പ നൽകുന്ന പ്രാഥമിക സംഘങ്ങൾ ' Bank, Banker, Banking' എന്നീ പദങ്ങൾ അവയുടെ പേരിനോടൊപ്പം ചേർത്ത് ഉപയോഗിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. തൻമൂലം ഇടപാടുകാർക്ക് ചെക്ക് പോലുള്ള സൗകര്യങ്ങൾ നൽകുവാൻ കഴിയില്ല. പുതിയ ഭേദഗതിയിലൂടെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിലെ സെക്ഷൻ 10-ലെ വ്യവസ്ഥകൾ ബാങ്കിംഗ് ലൈസൻസുള്ള സഹകരണ ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. പ്രസ്തുത നിയമ വ്യവസ്ഥകൾ പ്രകാരം മാനേജിംഗ് ഡയറക്ടറുടെ നിയമനത്തിനുള്ള യോഗ്യതയും നിയമന കാലാവധിയും നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ അർപ്പിതമാണ്. 10(B)-യിലെ വ്യവസ്ഥകൾ ചെയർമാന്റെ യോഗ്യത നിശ്ചയിക്കുന്നതാണ്. ചെയർമാനെ നിയമിക്കുന്നതിനും നീക്കം ചെയ്യുന്നതിനും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് അധികാരം നൽകുന്നുണ്ട്. ടി ഭേദഗതികളെല്ലാം കേരള സഹകരണ സംഘം നിയമങ്ങൾക്കും ചട്ടങ്ങൾക്കും

വിരുദ്ധമാണ്. സെക്ഷൻ 12-ൽ വരുത്തിയ ഭേദഗതിമൂലം ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് ആർ.ബി.ഐ.-യുടെ മുൻകൂർ അനുമതി വാങ്ങിയശേഷം public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത്, ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരം ഇല്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ബാങ്കിംഗ് നിയമത്തിലെ 36 AA നിയമപ്രകാരം, ബാങ്കിംഗ് സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയെ supersede ചെയ്യാൻ ആർ.ബി.ഐ.-യ്ക്ക് അധികാരമുണ്ട്. നിയമ ഭേദഗതിയിലൂടെ 36 AAA എന്ന പുതിയ ഭേദഗതി ഉൾപ്പെടുത്തുകയുണ്ടായി. ഈ ഭേദഗതിയിലൂടെ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഭരണസമിതിക്കെതിരെ നടപടിയെടുക്കാനും ബാങ്കിംഗ് ലൈസൻസുള്ള സഹകരണ ബാങ്കുകളുടെ ഭരണസമിതിയെ നീക്കം ചെയ്യാനും ആർ.ബി.ഐ.-യ്ക്ക് അധികാരം നൽകുന്നുണ്ട്. ആക്ടിന്റെ 56-ാം വകുപ്പിൽ വരുത്തിയ ഭേദഗതിയിലൂടെ, സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ ആർ.ബി.ഐ.-യ്ക്ക് വിപുലമായ അധികാരം

നൽകുന്നുണ്ട്. സംഘത്തിന്റെ By-law റദ്ദാക്കാൻ പോലും ആർ.ബി.ഐ.-യ്ക്ക് അധികാരം നൽകുന്നുണ്ട്. കൂടാതെ 20, 24, 26, 45 വകുപ്പുകളിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതെല്ലാം സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നതാണ്.

(ബി) പുതുതായി രൂപീകരിക്കുന്ന കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് മാത്രമായി കേന്ദ്ര സഹായം പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ?

അപ്രകാരമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇക്കാര്യങ്ങളിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ബാങ്കിംഗ് നിയമ (ഭേദഗതി) 2020 ബിൽ, നിയമമാകുന്നതിന് മുൻപ് ആയതിലെ, സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേഗദതി വേണമെന്ന് 14-ാം കേരള നിയമസഭ ഒരു പ്രമേയത്തിലൂടെ ഐകകണ്ഠ്യേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖാന്തിരവും പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

ബാങ്കിംഗ് നിയമ ഭേദഗതിയും സഹകരണ മേഖലയും

223 (3655) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗ്രാമീണ മേഖലയിലെ സാധാരണ ജനങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന സഹകരണ സ്ഥാപനങ്ങളെ കേന്ദ്ര സർക്കാരിന്റെ തുടരെയുള്ള ഇടപെടലുകൾ ദോഷകരമായി ബാധിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ വിവിധ തലങ്ങളിൽ നടത്തുന്ന നിയമ ഭേദഗതികൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നതാണ്.

(ബി) കേന്ദ്ര സർക്കാരിന്റെ ബാങ്കിംഗ് നിയമഭേദഗതിമൂലം സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് എന്തെല്ലാം തരത്തിലുള്ള വെല്ലുവിളിയാണ് നേരിടേണ്ടി വരിക എന്ന് അറിയിക്കാമോ?

ബാങ്കിംഗ് നിയമത്തിലെ സെക്ഷൻ 3-ലെ ഭേദഗതി പ്രാഥമിക സംഘങ്ങൾക്ക് ബാധകമല്ല. ആയതിനാൽ കാർഷിക വായ്പ നൽകുന്ന പ്രാഥമിക സംഘങ്ങൾ ' Bank, Banker, Banking' എന്നീ പദങ്ങൾ

അവയുടെ പേരിനോടൊപ്പം ചേർത്ത് ഉപയോഗിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. തന്മൂലം ചെക്ക് പോലുള്ള സൗകര്യങ്ങൾ പ്രദാനം ചെയ്യാൻ കഴിയില്ല. പുതിയ ഭേദഗതിയിലൂടെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിലെ സെക്ഷൻ 10-ലെ വ്യവസ്ഥകൾ ബാങ്കിംഗ് ലൈസൻസുള്ള സഹകരണ ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. പ്രസ്തുത നിയമ വ്യവസ്ഥകൾ പ്രകാരം മാനേജിംഗ് ഡയറക്ടറുടെ നിയമനത്തിനുള്ള യോഗ്യതയും നിയമന കാലാവധിയും നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ അർപ്പിതമാണ്. 10(B) യിലെ വ്യവസ്ഥകൾ ചെയർമാന്റെ യോഗ്യത നിശ്ചയിക്കുന്നതാണ്. ചെയർമാനെ നിയമിക്കുന്നതിനും നീക്കം ചെയ്യുന്നതിനും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് അധികാരം നൽകുന്നുണ്ട്. ടി ഭേദഗതികളെല്ലാം കേരള സഹകരണ സംഘം നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്. സെക്ഷൻ 12-ൽ വരുത്തിയ ഭേദഗതിമൂലം ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് ആർ.ബി.ഐ.-യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത് ഓഹരി തിരിച്ച് വാങ്ങുന്നതിനും

കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരംമില്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ബാങ്കിംഗ് നിയമത്തിലെ 36 AA നിയമപ്രകാരം, ബാങ്കിംഗ് സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയെ supersede ചെയ്യാൻ ആർ.ബി.ഐ.-യ്ക്ക് അധികാരമുണ്ട്. നിയമഭേദഗതിയിലൂടെ 36 AAA എന്ന പുതിയ ഭേദഗതി ഉൾപ്പെടുത്തുകയുണ്ടായി. ഈ ഭേദഗതിയിലൂടെ ബാങ്കിംഗ് ലൈസൻസുള്ള സഹകരണ ബാങ്കുകളുടെ ഭരണസമിതിക്കെതിരെ നടപടിയെടുക്കാനും ബാങ്കുകളുടെ ഭരണസമിതിയെ നീക്കം ചെയ്യാനും ആർ.ബി.ഐ.-യ്ക്ക് അധികാരം നൽകുന്നുണ്ട്. ആക്ടിന്റെ 56-ാം വകുപ്പിൽ വരുത്തിയ ഭേദഗതിയിലൂടെ, സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ ആർ.ബി.ഐ.-യ്ക്ക് വിപുലമായ അധികാരം നൽകുന്നുണ്ട്. സംഘത്തിന്റെ By-law റദ്ദാക്കാൻ പോലും ആർ.ബി.ഐ.-യ്ക്ക് അധികാരം നൽകുന്നുണ്ട്. കൂടാതെ 20, 24, 26, 45 വകുപ്പുകളിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതെല്ലാം സംസ്ഥാനത്തെ സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നതാണ്.

(സി) കേന്ദ്ര സർക്കാരിന്റെ ബാങ്കിംഗ് നിയമ ഭേദഗതി സഹകരണ മേഖലയിൽ ഉയർത്തുന്ന വെല്ലുവിളി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ?

ബാങ്കിംഗ് നിയമ (ഭേദഗതി) 2020 ബിൽ, നിയമമാകുന്നതിന് മുൻപ് ആയതിലെ, സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് 14-ാം കേരള നിയമസഭ ഒരു പ്രമേയത്തിലൂടെ ഐകകണ്ഠ്യേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖാന്തിരവും പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

(ഡി) എങ്കിൽ ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പ്രതികരണം അറിയിക്കാമോ?

ബാങ്കിംഗ് നിയമ (ഭേദഗതി) 2020 ബിൽ, നിയമമാകുന്നതിന് മുൻപ് ആയതിലെ, സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് 14-ാം കേരള നിയമസഭ ഒരു പ്രമേയത്തിലൂടെ ഐകകണ്ഠ്യേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖാന്തിരവും പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

സഹകരണ മേഖലയിലെ തട്ടിപ്പ് തടയാൻ നടപടി

224 (3656) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:

ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ തട്ടിപ്പ് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സഹകരണ മേഖലയിൽ ക്രമക്കേട് കണ്ടെത്തുന്നതിനായി കേരള സഹകരണ സംഘം നിയമം, 1969 ലെ വകുപ്പ് 65, 66 എന്നിവ പ്രകാരം അന്വേഷണം നടത്തുകയും ടി അന്വേഷണത്തിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തുന്ന പക്ഷം ടി നിയമത്തിലെ വകുപ്പ് 68 പ്രകാരം നടപടി സ്വീകരിക്കുകയും കുറ്റക്കാരൻ സംഘം ജീവനക്കാരനാണെങ്കിൽ ഉദ്യോഗതലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുകയും സംഘത്തിലെ ഭരണസമിതി അംഗമാണെങ്കിൽ ചട്ടം 44 പ്രകാരം അംഗത്വത്തിൽനിന്നും അയോഗ്യനാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകൾ വകുപ്പ് 65, 66 എന്നിവ പ്രകാരം നടത്തുന്ന അന്വേഷണത്തിൽ കണ്ടെത്തുന്ന പക്ഷം വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചുവിടുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗുരുതരമായ പണാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ പോലീസ് അന്വേഷണം നടത്തുന്നുണ്ട്. സഹകരണ നിയമത്തിൽ ഭേദഗതി വരുത്തി, സഹകരണ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യാൻ അധികാരമുള്ള

ഒരു സംവിധാനമായി മാറ്റുന്നതുമാണ്. കൂടാതെ തിരിമറിയിലൂടെ ആർജ്ജിച്ച ആസ്തികൾ കണ്ടുകെട്ടാനും നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇത്തരം തട്ടിപ്പിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

ഇത്തരം തട്ടിപ്പിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇത്തരം തട്ടിപ്പുമൂലം നിക്ഷേപകർക്കും മറ്റ് ഗുണഭോക്താക്കൾക്കും ഉണ്ടാകുന്ന ആശങ്ക ദൂരീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇത്തരം തട്ടിപ്പുമൂലം നിക്ഷേപകർക്കും മറ്റ് ഗുണഭോക്താക്കൾക്കും ഉണ്ടാകുന്ന ആശങ്ക ദൂരീകരിക്കുന്നതിന് സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമ ഭേദഗതി പരിഗണനയിലാണ്.

(ഡി) സാധാരണക്കാരുടെ ആശ്രയമായ സഹകരണ മേഖലയുടെ ക്രയവിക്രയശേഷി കുറയുന്നത് സമൂഹത്തെ പ്രതികൂലമായി ബാധിക്കുന്നുയെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത്

പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സഹകരണ സ്ഥാപനങ്ങളും കാർഷിക മേഖലയും

225(3657)ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ നൽകുന്ന സഹായങ്ങൾ സംബന്ധിച്ച് വിശദ വിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ കാർഷിക ഉത്പാദനവും കാർഷിക വായ്പാ വിതരണവും കൂട്ടുന്നതിനും പുതിയ പദ്ധതികൾ/പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും സഹകരണ സംഘം രജിസ്ട്രാർ സംഘങ്ങൾക്ക് സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/മറ്റ് വായ്പ സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ശാഖകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിന് ടി സംഘങ്ങൾ കുറഞ്ഞത് 20% എങ്കിലും ടി സാമ്പത്തിക വർഷമോ അതിന് തൊട്ടുമുമ്പുള്ള വർഷമോ കാർഷിക വായ്പ

നൽകിയിരിക്കണമെന്നും സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്കായുള്ള ഹ്രസ്വകാല മധ്യകാല വായ്പകളുടെ, ഒരു അംഗത്തിന് നൽകാവുന്ന പരമാവധി വായ്പ പരിധി 3 ലക്ഷത്തിൽനിന്നും 5 ലക്ഷം രൂപയായി ഉയർത്തിയും ഇതിനുപുറമേ പുതുതായി, കാർഷിക അനുബന്ധ വായ്പ പരമാവധി 3 ലക്ഷം രൂപയും കാർഷിക ആവശ്യങ്ങൾക്കും കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുമുള്ള സ്വർണ്ണപ്പണയ വായ്പ പരമാവധി 3 ലക്ഷം രൂപയും അനുവദിച്ചു നൽകുന്നതിനും സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കാർഷികാവശ്യങ്ങൾക്കായി കേരളാ ബാങ്കിൽനിന്നും താഴെപ്പറയുന്ന വായ്പാ പദ്ധതികൾ ലഭ്യമാണ്.

1. കെ. ബി. കിസാൻ മിത്ര (Above 3 lakhs)

2. KBLT Agricultural Refinance

3. KB കിസാൻ മിത്ര

1. കർഷകർക്ക് വസ്തു ഈടിന്മേൽ അതാത് വർഷത്തെ വായ്പാ തോത് അനുസരിച്ച് 8.50 ശതമാനം പലിശനിരക്കിൽ ഓരോ വർഷവും പുതുക്കി പരമാവധി 5 വർഷം വരെ ഹ്രസ്വകാല കാർഷിക വായ്പയായി അനുവദിച്ച് വരുന്നു.

2. കർഷകർക്ക് 3 ലക്ഷം രൂപ വരെ KCC രീതിയിൽ വായ്പ അനുവദിച്ച് വരുന്നു.

3. പരമാവധി 15 വർഷത്തേക്ക് 60 ലക്ഷം രൂപ വരെ 9 ശതമാനം പലിശ നിരക്കിൽ കർഷകർക്ക് വിവിധ കാർഷിക ആവശ്യങ്ങൾക്കായി അനുവദിച്ച് വരുന്നു. കാർഷിക അനുബന്ധ ആവശ്യങ്ങൾക്കായി 8.50% പലിശ നിരക്കിൽ കേന്ദ്രസർക്കാർ സബ്സിഡിയോടുകൂടി KB Micro food processing വായ്പ നൽകി വരുന്നു. കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായ മേഖലയേയും (MSME) സജീവമായി നിലനിർത്തുന്നതിനായി ബാങ്കുകളിൽനിന്നുള്ള ധനസഹായം മുടക്കം കൂടാതെ നൽകുന്നതിനായി സംസ്ഥാനത്തെ സഹകരണ മേഖല കൂടി വിനിയോഗിക്കുന്നതിന് Special Liquidity Facility (SLF) എന്ന പേരിൽ 2020 വർഷത്തിൽ 2000 കോടി രൂപയും (SLF-I) 2021 വർഷത്തിൽ 1670 കോടി രൂപയും (SLF-II) നബാർഡിൽനിന്നും കേരള സംസ്ഥാന സഹകരണ ബാങ്കിന് ധനസഹായം അനുവദിച്ചിരുന്നു. സംസ്ഥാന സഹകരണ ബാങ്കിൽ കൂടിശ്ശികയില്ലാത്ത പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേനയാണ് വായ്പ വിതരണം ചെയ്യുന്നത്. ഹ്രസ്വകാല കാർഷിക ഉല്പാദനത്തിനും

കാർഷികാനുബന്ധ പ്രവർത്തന മൂലധന ആവശ്യങ്ങൾക്കും (മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവളർത്തൽ, പൗൾട്രി, നെൽകൃഷി, പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള തന്നാണ്ട് വിള ഇനങ്ങൾക്ക്) കൂടാതെ MSME (സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ) യൂണിറ്റുകൾക്ക് പ്രവർത്തനമൂലധനമായും ഒരു വർഷ കാലയളവിൽ തിരിച്ചടയ്ക്കാൻ കഴിയുന്ന പദ്ധതികൾക്കുമാണ് വായ്പ അനുവദിക്കുന്നത്. ചെറുകിട കച്ചവടക്കാർ, വ്യാപാരികൾ, കർഷകർ എന്നിവർക്ക് പ്രവർത്തന മൂലധനം ക്യാഷ് ക്രെഡിറ്റായോ, മാസതവണകളായി ഒരു വർഷകാലയളവിൽ തിരിച്ചടയ്ക്കാവുന്ന രീതിയിൽ വായ്പയായും ധനസഹായം അനുവദിക്കുന്നു.

(ബി) കാർഷിക വായ്പ സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ നിശ്ചിത ശതമാനം കാർഷിക വായ്പയായി വിതരണം ചെയ്യണമെന്ന നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

നിലവിലുണ്ട്. ടി സാമ്പത്തിക വർഷമോ അതിന് തൊട്ടുമുമ്പുള്ള വർഷമോ 20% എങ്കിലും കാർഷിക വായ്പ നൽകിയിരിക്കണമെന്ന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത കാർഷിക വായ്പ നൽകുന്നതിന്റെ അളവ് കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉണ്ട്. തുടർച്ചയായി ഉണ്ടാകുന്ന പ്രളയവും, മറ്റ് പ്രകൃതി ക്ഷോഭങ്ങൾ കാരണവും കാർഷികവൃത്തിയിൽ നഷ്ടം നേരിടുന്നതിനാലും, നിലവിലുള്ള വായ്പ തിരിച്ചടയ്ക്കാതെ കുടിശ്ശികയായി ബാക്കി നിൽക്കുന്നതിനാലും പല കർഷകർക്കും ആവശ്യത്തിനനുസരിച്ച് വായ്പ നൽകുവാൻ ബാങ്കുകൾക്ക് സാധിക്കുന്നില്ല. കൂടാതെ കൃഷി അനുബന്ധപ്രവർത്തനങ്ങൾ കുറഞ്ഞു വരുന്നതും കാർഷിക മേഖലയിലെ ഉയർന്ന ഉൽപാദന ചെലവും കർഷകർ മറ്റു ജോലികളിലേയ്ക്ക് മാറിയിട്ടുള്ളതും കാരണം കാർഷിക വായ്പ അപേക്ഷകരുടെ എണ്ണം വർഷംതോറും കുറഞ്ഞുവരുന്നു.

(ഡി) സഹകരണ മേഖലയിലെ കർഷക സേവന കേന്ദ്രങ്ങൾ കർഷകർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

കർഷക സേവന കേന്ദ്രങ്ങൾക്ക് നൂതന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. കൃഷിക്കാവശ്യമായ യന്ത്രവൽകൃത സേവനങ്ങൾ നൽകുന്നതിനും ജൈവ കൃഷി, ജൈവവളശാലകൾ, നഴ്സറികൾ തുടങ്ങിയ സേവനങ്ങൾ കർഷക

സേവന കേന്ദ്രങ്ങൾ വഴി നൽകുന്നു. കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും കാർഷിക പ്രവർത്തനങ്ങളെ എകോപിപ്പിക്കുന്ന നോഡൽ ഏജൻസിയായി പ്രവർത്തിക്കുക, കാർഷിക വായ്പ, പലിശ നിരക്ക്, കടം ഒഴിവാക്കൽ പദ്ധതി എന്നിവയെ സംബന്ധിച്ച് കർഷകർക്ക് വിവരങ്ങൾ നൽകുക, കാർഷിക മേഖലയുടെ യന്ത്രവൽക്കരണത്തിന്റെ കേന്ദ്രമായി പ്രവർത്തിക്കുക എന്നീ ലക്ഷ്യങ്ങളാണ് കർഷക സേവന കേന്ദ്രങ്ങളുടെ പ്രധാന പ്രവർത്തനങ്ങൾ. 2021-22 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ബഡ്ജറ്റിൽ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

വിദ്യാ തരംഗിണി പദ്ധതി

226(3658) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാ തരംഗിണി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ് മഹാമാരിയെ തുടർന്ന് സംസ്ഥാനത്ത് വിദ്യാലയങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയാതെവന്ന സാഹചര്യത്തിൽ ഓൺലൈൻ പഠനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി മൊബൈൽ ഫോൺ വാങ്ങുന്നതിന് സഹകരണ സംഘങ്ങൾ വഴി പലിശരഹിത വായ്പ നൽകുന്ന

പദ്ധതിയാണ് വിദ്യാതരംഗിണി. അതാതു സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിൽ വരുന്ന അർഹരായ വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട സ്കൂൾ അധികാരികളുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി വായ്പ നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 10,000/- രൂപവരെ പലിശരഹിത വായ്പയായി നൽകും. വായ്പ പരമാവധി 24 മാസത്തെ തുല്യ ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്. ഗുണഭോക്താക്കൾ വാങ്ങിയ മൊബൈൽ ഫോണിന്റെ ബില്ലിന്റെ പകർപ്പ് വായ്പ അനുവദിച്ച സ്ഥാപനത്തിൽ ഹാജരാക്കണം. വായ്പാ കാലാവധിക്കുശേഷം ബാക്കി നിൽക്കുന്ന തുകയ്ക്ക് പരമാവധി 8% പലിശ ഈടാക്കുന്നതാണ്. ആൾ ജാമ്യ വ്യവസ്ഥയിലാണ് വായ്പ അനുവദിക്കുന്നത്.

ചങ്ങനാശ്ശേരി മണ്ഡലത്തിൽ മുറ്റത്തെ മുല്ല പദ്ധതി

227(3659)<u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുറ്റത്തെ മുല്ല പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ എത്ര കുടുംബശ്രീ യൂണിറ്റുകൾക്കാണ് സഹായം ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മുറ്റത്തെ മുല്ല പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ 282 കുടുംബശ്രീ യൂണിറ്റുകൾക്കാണ് സഹായം ലഭ്യമാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; ഓരോ കുടുംബശ്രീ യൂണിറ്റിനും ലഭിക്കുന്ന സഹായം എത്രയെന്ന് വ്യക്തമാക്കുമോ?

കുടുംബശ്രീയുമായി സഹകരിച്ച് നടപ്പിലാക്കി വരുന്ന " മുറ്റത്തെ മുല്ല" പദ്ധതി പ്രകാരം 1,000/- രൂപ മുതൽ 50,000/- രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുക. വായ്പക്കാരിൽനിന്നും 12 ശതമാനം പലിശ (100 രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽനിന്നും 9 ശതമാനം പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/വായ്പ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാനപ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളിലായാണ് (1 വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. വായ്പയുടെ തിരിച്ചടവ് കുടുംബശ്രീ യൂണിറ്റുകൾ ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി കുടുംബശ്രീ യൂണിറ്റും പ്രാഥമിക കാർഷിക വായ്പ സംഘവും വായ്പക്കാരനും തമ്മിൽ ഒരു ത്രികക്ഷി സമ്മതപത്രം ഒപ്പിടുന്നു. ടി സമ്മതപത്രത്തിൽ ഒന്നാം

കക്ഷി പ്രാഥമിക സഹകരണ സംഘവും രണ്ടാം കക്ഷി കുടുംബശ്രീ അംഗവും മൂന്നാം കക്ഷി വായ്പക്കാരനുമാണ്. ഏതെങ്കിലും വായ്പക്കാരൻ തിരിച്ചടവ് 3 മാസത്തിലധികം മുടക്കുന്ന പക്ഷം വായ്പക്കാരനും കുടുംബശ്രീ അംഗവും ഒറ്റയ്ക്കും കൂട്ടായും ഉത്തരവാദികളായിരിക്കും. അത്തരം വായ്പക്കാരെ നേരിട്ട് പ്രാഥമിക സംഘത്തിലെ വായ്പക്കാരനായി മാറ്റി അവരിൽനിന്നും വായ്പ തുക വസൂലാക്കുന്നതിന് സംഘത്തിന് നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ അധികാരമുണ്ട്. കുടിശ്ശിക വായ്പയുടെ 20 ശതമാനത്തിൽ അധികരിക്കുന്ന സാഹചര്യമുണ്ടായാൽ അതിന് ഉത്തരവാദികളായ കുടുംബശ്രീ യൂണിറ്റുകളുടെ ക്യാഷ് ക്രെഡിറ്റ് വായ്പ പരിധി തുടർവർഷങ്ങളിൽ പുതുക്കി നൽകില്ല. വായ്പ ആവശ്യക്കാരുടെ എണ്ണം അനുസരിച്ച് ഓരോ വാർഡിലേയും ഒന്നു മുതൽ മൂന്നു വരെ കുടുംബശ്രീ യൂണിറ്റുകളിലൂടെയാണ് പദ്ധതി നടപ്പിലാക്കുക. പ്രവർത്തനമികവും വിശ്വാസവുമുള്ള കുടുംബശ്രീ യൂണിറ്റുകൾക്കാണ് വായ്പ ചുമതല നൽകുക. കുടുംബശ്രീ അംഗങ്ങൾ അവരുടെ പ്രദേശത്തെ വായ്പ ആവശ്യക്കാരുടെ വീട്ടിലെത്തി പണം നൽകും. ആഴ്ചതോറും വീടുകളിലെത്തി തിരിച്ചടവ് തുക സ്വീകരിക്കുകയും ചെയ്യും. വായ്പ നൽകുവാൻ ആവശ്യമായ സംഖ്യ കുടുംബശ്രീ യൂണിറ്റുകൾക്ക് ഒരു യൂണിറ്റിനു പരമാവധി 20 ലക്ഷം രൂപ വരെ 9 ശതമാനം പലിശ നിരക്കിൽ ക്യാഷ് ക്രെഡിറ്റ് വായ്പയായി

അനുവദിക്കും. പുനർവായ്പ ആവശ്യമുള്ള സംഘങ്ങൾക്ക് 8 ശതമാനം പലിശ നിരക്കിൽ ജില്ല സഹകരണ ബാങ്കുകൾ പുനർ വായ്പ നൽകും (പലിശനിരക്കിൽ കാലാനുസൃതമായ മാറ്റം ബാധകം).

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ബ്ലേഡ് പലിശക്കാരുടെയും സ്വകാര്യ മൈക്രോ ഫിനാൻസ് കമ്പനികളുടെയും സാമ്പത്തിക ചൂഷണത്തിൽനിന്ന് സാധാരണക്കാരും പാവപ്പെട്ടവരുമായ ജനസമൂഹത്തെ മോചിപ്പിക്കുക. സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപിടിക്കുകയും ഈ പ്രസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക അടിത്തറ വിപുലപ്പെടുത്തുകയും ചെയ്യുക. ജനങ്ങളെ കൂടുതലായി സാമ്പത്തിക ഉൾചേർക്കലിലേക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക.

സഹകരണ അംഗ സമാശ്വാസ നിധി

228(3660) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ അംഗ സമാശ്വാസ നിധിപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

(ബി) മാരകമായ രോഗം ബാധിച്ചവർക്കും പക്ഷാഘാതം ബാധിച്ചവർക്കും പ്രത്യേക പരിഗണന നൽകുന്നുണ്ടോ; വ്യക്തമാക്കുമോ?

(എ & ബി) അർബുദം, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായവർ, ഗുരുതര കരൾ രോഗം ബാധിച്ചവർ (ലിവർ സിറോസിസ്) ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ബൈപ്പാസ്/ഓപ്പൺ ഹാർട്ട് സർജറി), പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി. ബാധിതർ, അപകടത്തിൽ പെട്ട് ശയ്യാവലംബരായവർ എന്നിവർക്കും മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാദ്ധ്യതപ്പെട്ട പ്രായപൂർത്തിയാകാവാത്ത കുട്ടികൾ എന്നിവർക്കുമാണ് സഹകരണ അംഗസമാശ്വാസനിധി പദ്ധതിപ്രകാരം ധനസഹായം അനുവദിക്കുന്നത്. ധനസഹായത്തിനു അപേക്ഷ സമർപ്പിക്കുന്ന വ്യക്തി ടി സംഘത്തിലെ 'എ' ക്ലാസ്സ് അംഗമായിരിക്കണം (വിശദ വിവരങ്ങൾ അനുബന്ധം ഒന്നായി ചേർക്കുന്നു)+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സമാശ്വാസ നിധി പ്രകാരമുള്ള ആനുകൂല്യങ്ങൾക്കായി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

അംഗസമാശ്വാസ നിധി പ്രകാരം ആനുകൂല്യങ്ങൾക്കായി നാളിതുവരെ ലഭിച്ച അപേക്ഷകളുടെയും ആയതിൽ ആനുകൂല്യം അനുവദിച്ച അപേക്ഷകളുടെയും ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി+ ചേർക്കുന്നു.

മണലൂർ മണ്ഡലത്തിൽ കെയർ ഹോം പദ്ധതി

229(3661) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ആകെ എത്ര വീടുകൾ നിർമ്മിച്ചുവെന്ന് അറിയിക്കാമോ?

38 വീടുകൾ

(ബി) ഏതെല്ലാം സഹകരണ സ്ഥാപനങ്ങളാണ് ഇതിനായി ധനസഹായം നൽകിയത്; ഓരോ സ്ഥാപനവും എത്ര രൂപ വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുക സംഭാവന നൽകാൻ കഴിവുള്ള സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽനിന്നും തുക ചെക്കുകളായി സമാഹരിച്ച് സി.എം.ഡി.ആർ.എഫ്. അക്കൗണ്ടിലൂടെ മാറ്റിയെടുത്ത 52,68,69,506/- രൂപയും, സഹകരണ വകുപ്പിന്റെ കൈവശമുള്ള മെമ്പർ റിലീഫ് ഫണ്ടിൽ നിന്നും അനുവദിച്ച 35 കോടി രൂപയും ചേർത്ത് ആകെ 87,68,69,506/- രൂപയിൽ നിന്നാണ് കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഭവന നിർമ്മാണം ഏറ്റെടുത്തത്. വീടുകളുടെ നിർമ്മാണ ചുമതല അതാത് സ്ഥലങ്ങളിലെ സംഘങ്ങളുടെ മേൽനോട്ടത്തിലാണ് പൂർത്തീകരിച്ചത്.

(സി) എത്ര വീടുകൾക്കാണ് അനുമതി നൽകിയതെന്നും അവയിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ?

അനുമതി നൽകിയ 38 വീടുകളും പൂർത്തീകരിച്ചു.

സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ

230(3662) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ പ്രവർത്തനം മികവുറ്റതാക്കി വിവിധ വിഭാഗങ്ങൾക്ക് സഹായം ഉറപ്പുവരുത്താനുള്ള കർമ്മപദ്ധതികൾ എന്തെല്ലാം;

ഏതെല്ലാം വിഭാഗങ്ങൾക്കുവേണ്ടി എന്തെല്ലാം ചെയ്യുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സഹകരണ വകുപ്പിന്റെ പ്രവർത്തനം മികവുറ്റതാക്കി വിദ്യാർത്ഥികൾ, യുവജനങ്ങൾ, കർഷകർ, ട്രാൻസ്ജെൻഡേഴ്സ്, പ്രവാസികൾ, വനിതകൾ, സാഹിത്യകാരന്മാർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, തൊഴിലാളികൾ, പ്രൊഫഷണൽ മേഖലയിലെ അംഗങ്ങൾ തുടങ്ങി സമൂഹത്തിലെ വിവിധ മേഖലകളിലുള്ള ജനവിഭാഗങ്ങൾക്ക് സഹായം ഉറപ്പുവരുത്തുന്ന പദ്ധതികൾ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇത്തരത്തിൽ സഹായം ഉറപ്പുവരുത്തുന്നതിനായി നിലവിലുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

സംസ്ഥാനത്ത് സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാന സഹകരണ ബാങ്കും, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിച്ചു. പ്രളയബാധിത കേരളത്തിന്റെ പുനർനിർമ്മാണത്തിനായി രൂപീകരിച്ച കെയർ കേരള പദ്ധതി. സഹകരണ ഗവേഷണ മേഖല ശക്തിപ്പെടുത്തുന്നതിനും സഹകരണ പരിശീലനം

വിപുലപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് സ്വയംഭരണ സ്ഥാപനമാക്കിയ അഗ്രികൾച്ചറൽ സഹകരണ സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (എ.സി.എസ്.റ്റി.ഐ.) യുടെ പ്രവർത്തനം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായുള്ള പദ്ധതി. സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി ' നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി'. സമൂഹത്തിലെ താഴെ തട്ടിലുള്ളവർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും രക്ഷപ്പെടുത്തുന്നതിനായി കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പാക്കുന്ന " മുറ്റത്തെമുല്ല" എന്ന ഗ്രാമീണ ലഘു വായ്പാ പദ്ധതി. പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്കായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി. " മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme-CMHLS)" . Special Liquidity Facility (SLF) വിനിയോഗം. അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് നടപ്പാക്കിവരുന്ന അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി. പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS). കൃതി അന്താരാഷ്ട്ര

പുസ്തക മേള. അക്ഷര-ഭാഷാ-സാഹിത്യ-സാംസ്കാരിക മ്യൂസിയം. കേരളത്തിലെ സഹകരണ മേഖലയിലെ എല്ലാ ഉൽപ്പന്നങ്ങളെയും ഏകീകൃത ബ്രാന്റിംഗിനു കീഴിൽകൊണ്ടുവരുന്നതിനായി നടപ്പിലാക്കിയ Co-opmart-കൾ. വിലക്കയറ്റം തടയുന്നതിനായി 13 ഇന നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയേക്കാൾ കുറച്ച് ജനങ്ങൾക്ക് ലഭ്യമാക്കുന്ന ഉത്സവകാലചന്തകൾ. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ " ഹരിതം സഹകരണം" . ഭക്ഷ്യ കാർഷികമേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള സുഭിക്ഷ കേരളം പദ്ധതി. സഹകരണ സംഘങ്ങൾ മുഖേന ആരംഭിച്ച co-opmart Veg Fresh പച്ചക്കറി സംഭരണ വിതരണ കേന്ദ്രങ്ങൾ. സഹകരണ നയം, റിസ്ക് ഫണ്ട് പദ്ധതി, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ/കെ.എസ്.ആർ.ടി.സി. പെൻഷൻ എന്നിവയുടെ വിതരണം. ട്രാൻസ്ജെൻഡേഴ്സ് വിഭാഗക്കാരുടെ ക്ഷേമത്തിനായി ട്രാൻസ്ജെൻഡേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി. നം. 4498 ന്റെ രൂപീകരണം. 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി 1 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിന് പലിശരഹിത വായ്പ നൽകുന്ന വിദ്യാതരംഗിണി എന്ന പദ്ധതി. കൂടാതെ വിവിധ ജനവിഭാഗങ്ങൾക്ക് സഹായം

ഉറപ്പുവരുത്തുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചു വരുന്നു. മേൽപരാമർശിച്ചിട്ടുള്ള വിവിധ പദ്ധതികൾ കൂടാതെ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു. പ്രാഥമിക സഹകരണ സംഘങ്ങളേയും വാണിജ്യ ബാങ്കുകളെയും ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി ആവിഷ്കരിക്കുമെന്ന് 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 3 ഘടകങ്ങൾ ചുവടെ ചേർക്കുന്നു. 1. Co-operatives Initiative for Agriculture Infrastructure in Kerala (CAIK) - പ്രാഥമിക സഹകരണ സംഘങ്ങൾക്ക് (PACS) 4% പലിശ നിരക്കിൽ നബാർഡിൽ നിന്നുള്ള പശ്ചാത്തല സൗകര്യ പുനർവായ്പ കേരള ബാങ്ക് മുഖേന ലഭ്യമാക്കുന്നതിനും 2021-2022 സാമ്പത്തിക വർഷം 2000 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിനും ടി വായ്പാ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 2. തൊഴിൽ സംരഭകർക്കുള്ള വായ്പാ പദ്ധതി കാർഷിക വ്യാവസായിക സേവന മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും

വാണിജ്യ ആവശ്യങ്ങൾക്കുമായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനു വേണ്ടി 2021-2022 സാമ്പത്തിക വർഷം 1600 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിനായി ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 3. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വായ്പ-5 ലക്ഷം രൂപ വരെയുള്ള വായ്പകൾ 4% പലിശനിരക്കിൽ ലഭ്യമാക്കുന്നതിനും 2021-2022 സാമ്പത്തിക വർഷത്തിൽ 1000 കോടി രൂപയുടെ ബാങ്ക് വായ്പ കുടുംബശ്രീ വഴി ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ യുവ സംരംഭകരെയും സേവന ദാതാക്കളെയും സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി ടി വിഭാഗത്തെ ഉൾപ്പെടുത്തി കൊണ്ട് 25 പുതിയ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതാണ്. സംസ്ഥാന വ്യാപകമായി പ്രവർത്തന പരിധിയുള്ള ഒരു നെല്ല് സഹകരണ സംഘം ആരംഭിക്കുകയും പാലക്കാട് റൈസ് മില്ലിന്റെ മാതൃകയിൽ 2 ആധുനിക റൈസ് മില്ലുകൾ കൂടി ആരംഭിക്കുന്നതാണ്. സാഹിത്യ പ്രവർത്തക സഹകരണ സംഘം (SPCS) മാതൃകയിൽ കലാകാരന്മാർ, സംഗീതജ്ഞർ, പെർഫോർമിംഗ് ആർട്ടിസ്റ്റ്, നാടക കലാകാരന്മാർ എന്നിവർക്കുവേണ്ടി ഒരു സംഘം രൂപീകരിക്കുന്നതാണ്.

(ബി) കേരള ബാങ്ക് വഴി നിക്ഷേപ സമാഹരണത്തിനായും ആയത് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും വളർച്ചയ്ക്കുമായി ഉപയോഗിക്കുന്നതിനായും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നത്; വിശദമാക്കാമോ?

കേരള ബാങ്ക് രൂപീകരിച്ചശേഷം സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഉതകുന്ന രൂപത്തിൽ പലവിധത്തിലുള്ള കറണ്ട്/സേവിംഗ്സ് അക്കൗണ്ടുകളും സ്ഥിര നിക്ഷേപ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. നിക്ഷേപങ്ങൾക്ക് ദേശസാത്കൃത ബാങ്കുകളേക്കാൾ പലിശ നിരക്ക് നൽകുന്നുണ്ട്. കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച് നബാർഡ് മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട 2 കോടി വരെയുള്ള പ്രാഥമിക മൂല്യവർദ്ധിത സംരംഭ വായ്പകൾക്ക് (വ്യക്തികൾക്കും, സംഘങ്ങൾക്കും) അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിൽ നിന്നുള്ള 3% പലിശ ഇളവിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ഇന്ത്യയിലെ കർഷകർക്കായി ഒരു ലക്ഷം കോടി രൂപയാണ് ഈ പദ്ധതി മുഖേന പ്രഖ്യാപിച്ചിരിക്കുന്നത്. കേരളത്തിന്റെ

ആകെ വിഹിതം 2520 കോടി രൂപയാണ്. AIF പദ്ധതിക്ക് 2020-21 മുതൽ 2029-30 വരെ 10 വർഷ കാലാവധി ഉണ്ടായിരിക്കും. കാർഷിക ഉല്പാദനം, വിളവെടുപ്പിനുശേഷമുള്ള അടിസ്ഥാന സൗകര്യം, വികസനം, കമ്മ്യൂണിറ്റി ആസ്തി വികസനം, വിഭവ സമാഹരണം എന്നീ മേഖലകളുടെ ശക്തിപ്പെടുത്തലിനും വികസനത്തിനുമാണ് ധനസഹായം വിനിയോഗിക്കുന്നത്. ഇത്തരം പദ്ധതികൾക്ക് ആവശ്യമായ ഇടത്തരം/ദീർഘകാല വായ്പകൾക്ക് 3% പലിശ സബ്സിഡി ലഭിക്കുന്നതാണ്. കാർഷികാവശ്യങ്ങൾക്കായി കേരള ബാങ്കിൽനിന്നും താഴെ പറയുന്ന വായ്പാ പദ്ധതികൾ ലഭ്യമാണ്.

1. കെ. ബി. കിസാൻ മിത്ര (Above 3 lakhs)

2. KBLT Agricultural Refinance.

3. KB Kissan Mitra കർഷകർക്ക് വസ്തു ഈടിൻമേൽ അതാത് വർഷത്തെ വായ്പയനുസരിച്ച് 8.50% പലിശ നിരക്കിൽ ഓരോ വർഷവും പുതുക്കി പരമാവധി 5 വർഷം വരെ ഹ്രസ്വകാല കാർഷിക വായ്പയായി അനുവദിച്ചു വരുന്നു. കർഷകർക്ക് 3 ലക്ഷം രൂപ വരെ KCC രീതിയിൽ വായ്പ അനുവദിച്ചു വരുന്നു. പരമാവധി 15 വർഷത്തേയ്ക്ക് 60 ലക്ഷം രൂപവരെ 9% പലിശ നിരക്കിൽ കർഷകർക്ക് വിവിധ കാർഷിക ആവശ്യങ്ങൾക്കായി അനുവദിച്ചു

വരുന്നു. കാർഷിക അനുബന്ധ ആവശ്യങ്ങൾക്കായി 8.50% പലിശ നിരക്കിൽ കേന്ദ്ര സർക്കാർ സബ്സിഡിയോടു കൂടി KB Food Processing വായ്പ നൽകിവരുന്നു. ചെറുകിട വ്യവസായ സംരംഭകർക്കായി താഴെ പറയുന്ന വായ്പാ പദ്ധതികൾ ലഭ്യമാണ്.

1. KB Mithra (MSME) വായ്പാ പദ്ധതി 8.75% പലിശ നിരക്കിൽ 60 ലക്ഷം രൂപ വരെയും കമ്പനികൾക്ക് 1 കോടി രൂപ വരെയും ചെറുകിട വ്യവസായ സംരംഭകർക്കായി നൽകി വരുന്നു.

2. KB Suvidha (MSME) 10 ലക്ഷം രൂപ വരെ 10 വർഷ കാലയളവിൽ നൽകി വരുന്നു.

3. തിരികെയെത്തിയ പ്രവാസികൾക്കായി നോർക്ക റൂട്ട്സുമായി സഹകരിച്ച് സബ്സിഡിയോടുകൂടി ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ 11% പലിശ നിരക്കിൽ 24 ലക്ഷം രൂപ വരെ അനുവദിച്ചു വരുന്നു.

4. കേരള ബാങ്ക് മുഖേന 6% പലിശ നിരക്കിൽ കർഷകർക്ക് വായ്പ നൽകി വരുന്നു.

കേരള ബാങ്കിന്റെ ഓഹരികൾ

231(3663) ശ്രീ. അബ്ദുൽ ഹമീദ്. പി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഏപ്രിൽ 1-ന് പ്രാബല്യത്തിൽ വന്ന ബാങ്കിംഗ് ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരള ബാങ്കിന്റെ സ്പെഷ്യൽ ഷെയറുകൾ, പ്രിഫറൻസ് ഷെയർ, ഓർഡിനറി ഷെയർ എന്നിവ സംസ്ഥാനത്തെ ഏതൊരു വ്യക്തിക്കും വിൽക്കുവാനുള്ള അധികാരമുണ്ടോ; വ്യക്തമാക്കാമോ?

2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലൂടെ വകുപ്പ് 12-ൽ വരുത്തിയ ഭേദഗതി പ്രകാരം അർബൻ സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് ബാങ്കുകളിൽ അംഗങ്ങളായവരും ബാങ്കിന്റെ പ്രവർത്തനപരിധിയിലുള്ള ആളുകൾക്ക്, ബൈലാ വ്യവസ്ഥകൾക്കനുസരിച്ച് ഇക്വിറ്റി ഓഹരികൾ അനുവദിക്കുന്നതിനും, ആർ.ബി.ഐ.- യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം ഇക്വിറ്റി ഷെയറുകൾ, പ്രിഫറൻസ് ഷെയറുകൾ, സ്പെഷ്യൽ ഷെയറുകൾ എന്നിവ മുഖവിലയ്ക്കോ പ്രീമിയത്തിലോ public issue, private placement of share, എന്നിവ മുഖേന നടത്താവുന്നതാണ്. റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ ഒരു വ്യക്തതയുണ്ടാകുന്നതാണ്.

(ബി) പ്രിഫറൻസ് ഷെയറുകളാണെങ്കിൽ ആ ഷെയറുകൾക്ക് എല്ലാ വർഷവും ബാങ്ക് വാഗ്ദാനം ചെയ്യുന്ന ഡിവിഡന്റ് കൊടുക്കുവാൻ ബാദ്ധ്യസ്ഥരാണോ?

2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലൂടെ വകുപ്പ് 12-ൽ വരുത്തിയ ഭേദഗതി പ്രകാരം അർബൻ സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് ബാങ്കുകളിൽ അംഗങ്ങളായവരും ബാങ്കിന്റെ പ്രവർത്തനപരിധിയിലുള്ള ആളുകൾക്ക്, ബൈലാ വ്യവസ്ഥകൾക്കനുസരിച്ച് ഇക്വിറ്റി ഓഹരികൾ അനുവദിക്കുന്നതിനും, ആർ.ബി.ഐ.-യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം ഇക്വിറ്റി ഷെയറുകൾ, പ്രിഫറൻസ് ഷെയറുകൾ, സ്പെഷ്യൽ ഷെയറുകൾ എന്നിവ മുഖവിലയ്ക്കോ പ്രീമിയത്തിലോ public issue, private placement of share, എന്നിവ മുഖേന നടത്താവുന്നതാണ്. റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് ഈവിഷയത്തിൽ ഒരു വ്യക്തതയുണ്ടാകുന്നതാണ്.

(സി) ഇത്തരത്തിൽ കേരള ബാങ്കിന്റെ ഓഹരി വിൽക്കുവാനും അതിൽ തന്നെ ചില ഷെയറുകൾക്ക് മുൻഗണനാക്രമത്തിൽ ലാഭവിഹിതം നൽകുവാനും വ്യവസ്ഥ ചെയ്ത സാഹചര്യത്തിൽ കേരള ബാങ്കിന്റെ

മൂലധനത്തിൽ ബഹുഭ്രരിഭാഗവും സംഭാവന നൽകിയിരിക്കുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് എന്ത് പ്രതിഫലം കിട്ടാനാണ് സാധ്യതയെന്ന് വ്യക്തമാക്കാമോ?

1969-ലെ കേരള സഹകരണ സംഘം നിയമത്തിൽ ഓഹരികൾ വിൽക്കുന്നതിനും പ്രിഫറൻസ് ഓഹരികൾ നൽകുന്നതിനും അനുമതി നൽകുന്ന വ്യവസ്ഥകളില്ല. നിലവിലെ സാഹചര്യത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ഓഹരിയെടുത്തിട്ടുള്ള പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥകൾക്കും ബാങ്കിന്റെ നിയമാവലി വ്യവസ്ഥകൾക്കും റിസർവ് ബാങ്ക് നിബന്ധനകൾക്കും വിധേയമായുള്ള ഡിവിഡന്റ് ലഭിക്കുന്നതാണ്.

കേരള ബാങ്ക് മൊബൈൽ എ.ടി.എം.

232(3664) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് മൊബൈൽ എ.ടി.എം. കൗണ്ടറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

കേരള ബാങ്കിന്റെ കണ്ണൂർ, കോഴിക്കോട്, എറണാകുളം, വയനാട്, ഇടുക്കി ജില്ലകളിൽ ഓരോ മൊബൈൽ എ.ടി.എം.-കൾ പ്രവർത്തിച്ചു വരുന്നുണ്ട്.

(ബി) എങ്കിൽ കോഴിക്കോട് ജില്ലയിൽ എത്ര മൊബൈൽ എ.ടി.എം. കൗണ്ടറുകൾ സേവനം നൽകി വരുന്നു; വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിൽ ഒരു മൊബൈൽ എ.ടി.എം. കൗണ്ടറാണ് സേവനം നൽകിവരുന്നത്. കേരള ബാങ്ക് രൂപീകരിച്ചതിനുശേഷം നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി പത്ത് മൊബൈൽ വാനുകളിൽ എ.ടി.എം. സ്ഥാപിച്ചിട്ടുണ്ട്.

സഹകരണ അർബൻ ബാങ്കുകളുടെ നിയന്ത്രണം

233(3665) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ അർബൻ ബാങ്കുകളുടെ നിയന്ത്രണം സംസ്ഥാന സർക്കാരിൽനിന്നും എടുത്തുമാറ്റുന്ന വിധത്തിൽ എന്തെങ്കിലും നിർദ്ദേശം റിസർവ് ബാങ്കിൽ നിന്നോ കേന്ദ്രസർക്കാരിൽ നിന്നോ ലഭിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) ബാങ്കിംഗ് റെഗുലേഷൻ ആക്ടിൽ വരുത്തിയ പുതിയ ഭേദഗതി മൂലം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഭാവിയിൽ ബാങ്ക് എന്ന പദം ഉപയോഗിക്കാനോ ചെക്ക് ഇടപാട് നടത്താനോ സാധിക്കാതെ വരുമോ; ഇതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാകണമെങ്കിൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ അവയുടെ പേരിന്റെ ഭാഗമായോ ബിസിനസിന്റെ ഭാഗമായോ ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദങ്ങൾ ഉപയോഗിക്കാതിരിക്കുകയും ഇടപാടുകാർക്ക് ചെക്ക് സൗകര്യം നൽകുന്നുണ്ടെങ്കിൽ ആയത് ഒഴിവാക്കേണ്ടതുമാണ്. ബാങ്കിംഗ് നിയമ (ഭേദഗതി) 2020 ബിൽ, നിയമമാകുന്നതിന് മുൻപ് ഈ നിയമത്തിലെ, സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് 14-ാം കേരള നിയമസഭ ഒരു പ്രമേയത്തിലൂടെ ഐകകണ്ഠ്യേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖാന്തിരവും പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇതു

സംബന്ധിച്ചുള്ള ഭാവി നടപടികൾ ചർച്ച ചെയ്യുന്നതിന് ഒരു സർവ്വകക്ഷി യോഗം വിളിച്ചുചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കേരളത്തിലെ സഹകരണ അർബൻ ബാങ്കുകളെ കേരള ബാങ്കിന്റെ ഭാഗമാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഇല്ല.

(ഡി) സഹകരണ അർബൻ ബാങ്കുകളെ ലയിപ്പിച്ച് ഒന്നാക്കുന്നത് സംബന്ധിച്ച് റിസർവ് ബാങ്കിൽനിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

സഹകരണ അർബൻ ബാങ്കുകളെ ലയിപ്പിച്ച് ഒന്നാക്കുന്നത് സംബന്ധിച്ച് റിസർവ് ബാങ്കിൽനിന്നും നിർദ്ദേശങ്ങളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

കേരള ബാങ്കിൽ നിന്ന് സഹകരണ സംഘങ്ങൾക്ക് ഡിവിഡന്റ്

234(3666) ശ്രീ. അബ്ദുൽ ഹമീദ്. പി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ രൂപീകരണ വേളയിൽ കേരള ബാങ്കിൽ നിന്ന് സഹകരണ സംഘങ്ങൾക്ക് അടുത്ത മൂന്ന് വർഷം അവരുടെ ഓഹരി

മൂലധനത്തിന് പത്ത് ശതമാനം ഡിവിഡന്റ് നൽകുന്നതാണെന്ന മുൻ സഹകരണ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള ബാങ്കിന്റെ രൂപീകരണ വേളയിൽ തയ്യാറാക്കിയ Scheme of Amalgamation-ന്റെ Claus-IV Transfer of Shares-ൽ ഇത്തരമൊരു പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 2020-21 സാമ്പത്തിക വർഷത്തെ ബാങ്കിന്റെ ലാഭ നഷ്ട കണക്കുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ലാഭ വിഹിതം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് നൽകുവാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2020-2021 സാമ്പത്തിക വർഷത്തെ ബാങ്കിന്റെ ലാഭനഷ്ട കണക്കുകളുടെ ഓഡിറ്റ് നടന്നുകൊണ്ടിരിക്കുകയാണ്. ഓഡിറ്റ് പൂർത്തികരിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

കേന്ദ്ര സഹകരണ മന്ത്രാലയം രൂപീകരണം

235(3667) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽ പുതിയ സഹകരണ മന്ത്രാലയം രൂപീകരിച്ചിരിക്കുന്നത് സംസ്ഥാനത്ത് ഉണ്ടാക്കുന്ന പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്നൊരു പുതിയ മന്ത്രാലയം രൂപീകരിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്.

സഹകരണ മേഖലയെ മികവുറ്റതാക്കാൻ നടപടി

236(3668) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും തട്ടിപ്പുകൾ കണ്ടെത്തി കുറ്റക്കാർക്ക് ശിക്ഷ ഉറപ്പുവരുത്തി കുറ്റമറ്റതാക്കാനും എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സഹകരണ മേഖലയിൽ ക്രമക്കേട് കണ്ടെത്തുന്നതിനായി കേരള സഹകരണ സംഘം നിയമം, 1969- ലെ വകുപ്പ് 65, 66 എന്നിവ പ്രകാരം അന്വേഷണം നടത്തുകയും ടി അന്വേഷണത്തിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തുന്ന പക്ഷം ടി നിയമത്തിലെ വകുപ്പ് 68 പ്രകാരം നടപടി

സ്വീകരിക്കുകയും കുറ്റക്കാരൻ സംഘം ജീവനക്കാരനാണെങ്കിൽ ഉദ്യോഗതലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുകയും സംഘത്തിലെ ഭരണസമിതി അംഗമാണെങ്കിൽ ചട്ടം 44 പ്രകാരം അംഗത്വത്തിൽനിന്നും അയോഗ്യനാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുള്ളതും ഗുരുതരമായ ക്രമക്കേടുകൾ വകുപ്പ് 65, 66 എന്നിവ പ്രകാരം നടത്തുന്ന അന്വേഷണത്തിൽ കണ്ടെത്തുന്ന പക്ഷം വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചുവിടുന്നതിനും വ്യവസ്ഥ ചെയ്തിട്ടുള്ളതും കൂടാതെ ഗുരുതരമായ പണാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ ഐ.പി.സി. പ്രകാരം ശിക്ഷാർഹമാണെന്ന് കണ്ട് പോലീസ് അന്വേഷണത്തിനായി തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും തട്ടിപ്പുകൾ കണ്ടെത്തി കുറ്റക്കാർക്ക് ശിക്ഷ ഉറപ്പുവരുത്തി കുറ്റമറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമ ഭേദഗതി പരിഗണനയിലാണ്.

അർബൻ സഹകരണ ബാങ്കുകളിലെ റിസർവ് ബാങ്ക് ഇടപെടൽ

237 (3669) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:

ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ നിയമത്തിലെ വ്യവസ്ഥകൾ മരവിപ്പിച്ച് അർബൻ സഹകരണ ബാങ്കുകളിൽ റിസർവ് ബാങ്ക് ഇടപെടൽ നടത്തുന്ന നയത്തിൽ നിലപാട് വ്യക്തമാക്കാമോ?

2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലൂടെ വരുത്തിയ ഭേദഗതി നിർദ്ദേശങ്ങളിലൂടെ സഹകരണ ബാങ്കുകളിലെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ എന്നിവരുടെ യോഗ്യതകളും അയോഗ്യതകളും നിശ്ചയിക്കുന്നതിനും അവരുടെ നിയമനം, നീക്കം ചെയ്യൽ എന്നിവയ്ക്കും സ്ഥാപനങ്ങളുടെ ഭരണസമിതിക്കെതിരെ നടപടിയെടുക്കുന്നതിനും ഭരണസമിതിയെ നീക്കം ചെയ്യാനും ആർ.ബി.ഐ.-യ്ക്ക് അധികാരം നൽകുന്നുണ്ട്. കൂടാതെ ആർ.ബി.ഐ.- യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത്, ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ടി ഭേദഗതി വ്യവസ്ഥകൾ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ ആർ.ബി.ഐ.-യ്ക്ക് വിപുലമായ അധികാരം നൽകുന്നുണ്ട്.

സംഘത്തിന്റെ ബൈലോ റദ്ദാക്കാൻ പോലും ആർ.ബി.ഐ-യ്ക്ക് ഇതിലൂടെ അധികാരം നൽകുന്നുണ്ട്. ടി ഭേദഗതികളെല്ലാം സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധവും സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നവയുമാണ്. ബാങ്കിംഗ് നിയമ (ഭേദഗതി) 2020 ബിൽ, നിയമമാകുന്നതിന് മുൻപ് ഈ നിയമത്തിലെ, സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് 14-ാം കേരള നിയമസഭ ഒരു പ്രമേയത്തിലൂടെ ഐകകണ്ഠ്യേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖാന്തിരവും പ്രശ്നം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

(ബി) അർബൻ ബാങ്കുകളിൽ മാനേജിംഗ് ഡയറക്ടറെ നിയമിക്കണമെന്ന തീരുമാനം സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

റിസർവ് ബാങ്കിന്റെ 25.06.2021-ലെ RBI/2021-22/60 DOR. GOV.REC.25/12.10.000/2021-22 നമ്പർ സർക്കുലർ പ്രകാരം അർബൻ സഹകരണ ബാങ്കുകളിൽ മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിർദ്ദേശം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കേണ്ടത് അതാത് ബാങ്കുകളാണ്.

കരുവന്നൂർ സഹകരണ ബാങ്ക് വായ്പ തിരിച്ചടവിന് സാവകാശം

238 (3670) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺമൂലം ജനങ്ങൾ സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന സമയത്ത് ജപ്തി നടപടികൾ പാടില്ലായെന്ന നിർദ്ദേശം നിലനിൽക്കെ കരുവന്നൂർ സഹകരണ ബാങ്കിൽനിന്നും നോട്ടീസ് ലഭിച്ച മുൻ പഞ്ചായത്തംഗം ആത്മഹത്യ ചെയ്ത സംഭവം പരിശോധിക്കുകയുണ്ടായോ?

ആത്മഹത്യ ചെയ്ത മുൻപഞ്ചായത്തംഗം എടുത്ത വായ്പയിൽ ബാങ്ക് എക്സിക്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടില്ലാത്തതും ജപ്തി നോട്ടീസ് നൽകിയിട്ടില്ലാത്തതുമാണ്.

(ബി) കോവിഡ്മൂലം ജീവനോപാധി നഷ്ടപ്പെട്ട് സാമ്പത്തിക പ്രതിസന്ധിയിലായിട്ടുള്ള സാധാരണക്കാർ കരുവന്നൂർ ബാങ്കിൽനിന്നും എടുത്തിട്ടുള്ള വായ്പയുടെ തിരിച്ചടവിന് സാവകാശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കരുവന്നൂർ ബാങ്കിൽനിന്നും എടുത്തിട്ടുള്ള വായ്പയുടെ തിരിച്ചടവിന് സാവകാശം നൽകുന്നതിന് നിയമപ്രകാരമുള്ള സാവകാശം അനുവദിക്കുന്ന വിഷയം പ്രത്യേകം പരിശോധിക്കുന്നതാണ്.

(സി) വായ്പാ തട്ടിപ്പുമൂലം സാമ്പത്തിക പ്രതിസന്ധിയിലായിട്ടുള്ള കരുവന്നൂർ സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് അവരുടെ നിക്ഷേപം തിരികെ ലഭിക്കുമെന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ബാങ്കിന്റെ ഭരണചുമതല സഹകരണ വകുപ്പിലെ മൂന്ന് അംഗങ്ങളടങ്ങുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. ബാങ്കിനുണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കുന്നതിന് സർചാർജ്ജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68(1) പ്രകാരമുള്ള അന്വേഷണം നടന്നുവരുന്നു. കൂടാതെ ക്രമക്കേടിൽ പങ്കാളിയായവരുടെ സ്ഥാവര ജംഗമ വസ്തുക്കൾ അറ്റാച്ച് ചെയ്ത് നഷ്ടം തിരികെ പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ

239 (3671) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 337 അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത സൊസൈറ്റികൾ കർഷക ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ മാതൃകയിലുള്ള പ്രവർത്തനങ്ങളാണ് അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. കർഷകർക്ക് മിതമായ നിരക്കിൽ കാർഷിക വായ്പ നൽകുകയും സംഘം നിയമാവലിക്കും അംഗീകരിച്ച ഉപനിബന്ധനകൾക്കും വിധേയമായി കർഷകക്ഷേമത്തിനായി സംഘം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയും ചെയ്യുന്നു. അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സംഘം കർഷകർക്കായി കെ.സി.സി. വായ്പയും കാർഷിക ആവശ്യത്തിനായി 7 ശതമാനം പലിശ നിരക്കിൽ സ്വർണ്ണ പണയ വായ്പയും നബാർഡ് വഴി ലഭ്യമാക്കുന്ന എസ്.എൽ.എഫ്. വായ്പയും നൽകി വരുന്നുണ്ട്. കർഷകർക്ക് കൂടും കോഴിയും പദ്ധതി, വീട്ടുമുറ്റങ്ങളിൽ ജൈവ പച്ചക്കറി കൃഷി

സൗജന്യമായി നടത്തുന്നതിന് സഹായം ചെയ്യുക, കൃഷി ചെയ്യുന്ന സ്വാശ്രയ സംഘങ്ങൾക്ക് പലിശരഹിത വായ്പ നൽകുക, വിഷരഹിതമായ വെളിച്ചെണ്ണ, മഞ്ഞൾപ്പൊടി, നെൽകുത്തരി എന്നിവ ഉത്പാദിപ്പിച്ച് വിതരണം നടത്തുക, സംഘത്തിന്റെ മേൽനോട്ടത്തിൽ പച്ചക്കറി കൃഷി നടത്തി ലഭിക്കുന്ന വിളവുകൾ കുറഞ്ഞ വിലയിൽ സഹകാരികൾക്ക് വിൽപന നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വളം ഡിപ്പോ, നീതി മെഡിക്കൽസ്, കാർഷിക നഴ്സറികൾ എന്നിവയും നടത്തുന്നു. ചില സംഘങ്ങൾ ജൈവവളം നിർമ്മിച്ചു നൽകുന്ന പ്രവർത്തനങ്ങളും അതോടൊപ്പം കന്നുകാലിഫാമും നടത്തിവരുന്നുണ്ട്. കർഷകക്ഷേമത്തിനായി ടി സംഘങ്ങൾ വിത്ത്, വളം എന്നിവ ശേഖരിച്ച് നൽകുന്നുണ്ട്. കൃഷി ഉൽപന്നങ്ങൾ സംഭരിച്ച് മാർക്കറ്റിംഗ് സഹകരണസംഘം വഴി വിറ്റഴിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതിനോടൊപ്പം കർഷകർക്ക് കൂടിൽ വ്യവസായം, ചെറുകിട വ്യവസായം എന്നിവ പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുണ്ട്.

അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്

240(3672) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ 2011 മുതൽ 2014 വരെയുള്ള അഡ്മിനിസ്ട്രേറ്റർ ഭരണകാലത്ത് ബാങ്കിൽ എ ക്ലാസ് അംഗങ്ങളെ ചേർത്തിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ എത്ര പേർക്ക് അംഗത്വം നൽകിയെന്ന് വ്യക്തമാക്കുമോ;

തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ 2011 മുതൽ 2014 വരെയുള്ള അഡ്മിനിസ്ട്രേറ്റർ ഭരണകാലത്ത് ബാങ്കിൽ എ ക്ലാസ്സ് അംഗങ്ങളെ ചേർത്തിട്ടുണ്ട്. 4463 പേർക്ക് അംഗത്വം നൽകിയിട്ടുണ്ട്.

(ബി) ഇതിൽ എത്രപേർക്ക് ബാങ്കിൽനിന്ന് വായ്പയോ മറ്റ് സേവനങ്ങളോ നൽകിയിട്ടുണ്ട്?

ഇതിൽ 228 പേർക്ക് വായ്പയോ മറ്റ് സേവനങ്ങളോ നൽകിയിട്ടുണ്ട്.

(സി) വായ്പയോ മറ്റ് നിയമപരമായ സേവനങ്ങളോ നൽകുന്നതിനല്ലാതെ സഹകരണ ബാങ്കുകളിൽ എ ക്ലാസ് അംഗത്വം നൽകുന്നതിന് അഡ്മിനിസ്ട്രേറ്റെ നിയമം അനുവദിക്കുന്നുണ്ടോ?

സഹകരണ സംഘം രജിസ്ട്രാറുടെ 38/2002 സർക്കുലർ പ്രകാരം, വായ്പാ ഇടപാടുകൾ നടത്തേണ്ട ആവശ്യത്തിലേയ്ക്ക് മാത്രമാണ് അഡ്മിനിസ്ട്രേറ്റർക്ക് അപേക്ഷകന് സംഘത്തിൽ അംഗത്വം നൽകാവുന്നത്.

(ഡി) ഇക്കാര്യത്തിൽ ബാങ്കിൽ നിയമവിരുദ്ധ പ്രവർത്തനം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

അഡ്മിനിസ്ട്രേറ്ററുടെ ഭരണകാലത്ത് അംഗത്വം നൽകിയ 4463 പേരിൽ വായ്പയും മറ്റു സേവനങ്ങളും നൽകിയിരുന്ന 228 പേരൊഴികെ നിയമ വിരുദ്ധമായി അംഗത്വം നൽകിയ 4235 പേരെ അംഗത്വത്തിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്.

കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകൾ

241 (3673) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്കിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയതെന്ന് വിശദമാക്കാമോ;

ഇതിൽ ഏതെങ്കിലും അന്വേഷണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കരുവന്നൂർ സഹകരണ ബാങ്കിൽ കഴിഞ്ഞ 3 വർഷത്തിനിടയ്ക്ക് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തിയിട്ടുണ്ട്. നിലവിൽ സഹകരണ നിയമം വകുപ്പ് 68(1) പ്രകാരമുള്ള അന്വേഷണം നടന്നുവരുന്നു. 65-വകുപ്പ് അന്വേഷണത്തിൽ ബാങ്കിലെ വായ്പാ വിതരണത്തിലും ബാങ്കിനു കീഴിലുള്ള സൂപ്പർമാർക്കറ്റ്, മറ്റു വ്യാപാര സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങളിലും, ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീമിലും നിക്ഷേപങ്ങൾക്ക് അധിക പലിശ അനുവദിച്ചതിലും ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ട്

(ബി) സഹകരണ നിയമത്തിന് വിപരീതമായി തൃശ്ശൂർ ജില്ലയ്ക്ക് പുറത്തുള്ള നിരവധി പേർക്ക് അംഗത്വം നൽകിയെന്നും ലോൺ നൽകിയതിന്റെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ ഇല്ലായെന്നും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ?

സഹകരണ നിയമത്തിന് വിപരീതമായി തൃശ്ശൂർ ജില്ലയ്ക്ക് പുറത്തുള്ള വ്യക്തികൾക്കും അംഗത്വം നൽകിയിട്ടുള്ളതായും ലോൺ നൽകിയതിന്റെ

അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ പൂർണ്ണമല്ലായെന്നും സഹകരണ നിയമം വകുപ്പ് 65 അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(സി) പ്രസ്തുത ബാങ്കിൽ നടന്ന ഓഡിറ്റ്, അന്വേഷണം എന്നിവയുടെ റിപ്പോർട്ടുകൾ പൂഴ്ത്തിവച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സർക്കാരിന്റെ 24.07.2021 -ലെ സ.ഉ.(സാധാ)451/21/സഹ നമ്പർ പ്രകാരം ടി ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സൂക്ഷ്മപരിശോധന നടത്തുന്നതിനും കൃത്യസമയത്ത് ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ വകുപ്പിന്റെ ഭാഗത്തെ വീഴ്ചകൾ ഉൾപ്പെടെ അന്വേഷിച്ച് നടപടിയെടുക്കുന്നതിനുമായി 9 അംഗങ്ങളടങ്ങുന്ന ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി 10 ദിവസത്തിനകം ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

കരുവന്നൂർ സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേട്

242(3674) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച വകുപ്പുതല അന്വേഷണത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ?

സഹകരണ നിയമം വകുപ്പ് 65 അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സർചാർജ് നടപടികളുടെ ഭാഗമായി 68(1) അന്വേഷണം നടന്നുവരുന്നു. 60 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് അന്വേഷണ ഉദ്യോഗസ്ഥർക്ക് ഉത്തരവ് നൽകിയിട്ടുള്ളത്. കൂടാതെ സർക്കാരിന്റെ 24.07.2021 ലെ GO(Rt)451/21 നമ്പർ ഉത്തരവിൻ പ്രകാരം ടി ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സൂക്ഷ്മപരിശോധന നടത്തുന്നതിനും കൃത്യസമയത്ത് ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ വകുപ്പിന്റെ ഭാഗത്തെ വീഴ്ചകൾ ഉൾപ്പെടെ അന്വേഷിക്കുന്നതിനും 9 അംഗങ്ങളടങ്ങുന്ന ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇടക്കാല റിപ്പോർട്ട് 10 ദിവസത്തിനകം സമർപ്പിക്കുന്നതാണ്.

(ബി) ബാങ്കിൽനിന്നും വായ്പ എടുത്തശേഷം കൃത്യമായി തിരിച്ചടച്ചിരുന്ന പലർക്കും ജപ്തി നോട്ടീസ് ലഭിച്ച സാഹചര്യം എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; എത്ര രൂപയുടെ ക്രമക്കേട് നടന്നതായാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

വായ്പ കൃത്യമായി തിരിച്ചടക്കുന്നവർക്ക് ജപ്തി നോട്ടീസ് നല്കിയിട്ടില്ല. വായ്പ പലിശയുൾപ്പെടെ 102,55,49,364/-(102.55 കോടി) രൂപയുടേയും വ്യാപാര സ്റ്റോക്ക് കുറവിനത്തിൽ 1,69,34,445.63/- (1.69 കോടി) രൂപയുടെയും കൂടി ആകെ 104,24,83,809.63/- (104.24 കോടി) രൂപയുടെ ക്രമക്കേട് നടന്നതായാണ് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്.

(സി) കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ; സഹകരണ നിയമം സെക്ഷൻ 65 പ്രകാരം പരിശോധനകൾ നടത്തുവാനും ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുവാനും നടപടി സ്വീകരിക്കുമോ?

കുറ്റക്കാർക്കെതിരെ നിയമാനുസരണമുള്ള നടപടി സ്വീകരിക്കുന്നതാണ്. കുറ്റക്കാർക്കെതിരെ മാതൃകപരമായി നിയമാനുസൃത നടപടികൾ സ്വീകരിക്കുകവഴി ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കും.

കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്

243(3675) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ രാഷ്ട്രീയ പാർട്ടികളുടെ നിയന്ത്രണത്തിലാണെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വെളിപ്പെടുത്തുമോ?

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ അംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) എങ്കിൽ ഇരിങ്ങാലക്കുട കരുവന്നൂർ സഹകരണബാങ്ക് ഏത് രാഷ്ട്രീയപാർട്ടിയുടെ നിയന്ത്രണത്തിലാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ അംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്.

(സി) പ്രസ്തുത ബാങ്കിൽ അടുത്തകാലത്തായി സാമ്പത്തികത്തട്ടിപ്പും ക്രമക്കേടും നടന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര

രൂപയുടെ തട്ടിപ്പാണ് നടന്നതെന്നും തട്ടിപ്പിനവലംബിച്ച മാർഗ്ഗം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ?

വായ്പ പലിശ ഉൾപ്പെടെ 102,55,49,364/- (102.55 കോടി) രൂപയുടേയും വ്യാപാര സ്റ്റോക്കിൽ കുറവ് ഇനത്തിൽ 1,69,34,445.63/- (1.69 കോടി) രൂപയുടെയും കൂടി ആകെ 104,24,83,809.63/- (104.24 കോടി) രൂപയുടെ ക്രമക്കേട് നടന്നതായാണ് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്. ബാങ്കിന്റെ പ്രവർത്തന പരിധിക്ക് പുറത്തുള്ളവരെ അംഗങ്ങളായി ചേർത്ത് വായ്പ നൽകുക, IMBP പരിഗണിക്കാതെ വായ്പ നൽകുക, ഈട് വസ്തുവിന്റെ മതിപ്പ് വില പരിഗണിക്കാതെ വായ്പ നൽകുക, ബാങ്കിന് ഫസ്റ്റ് ചാർജ് ഇല്ലാത്ത ഭൂമി ഈടുപിടിച്ച് വായ്പ നൽകുക, ബാങ്കിൽ ഈട് വച്ച വസ്തു വായ്പാകണക്ക് അവസാനിപ്പിക്കാതെ ഒഴിമുറി വച്ച് നൽകുക, ബിനാമി വായ്പകൾ നൽകുക, വ്യാജരേഖ ചമച്ച് വായ്പ നൽകുക, സോഫ്റ്റ്വെയറിൽ കൃത്രിമങ്ങൾ നടത്തുക, വ്യാപാര പ്രവർത്തനങ്ങളിൽ ക്രമക്കേട് നടത്തുക എന്നിവയാണ് തട്ടിപ്പിന് അവലംബിച്ച മാർഗ്ഗങ്ങൾ.

(ഡി) പ്രസ്തുത സംഭവത്തിൽ പോലീസ് കേസെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് പോലീസ് സ്റ്റേഷനിലാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും പ്രതികൾ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ?

പോലീസ് കേസ്സെടുത്തിട്ടുണ്ട്. ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിലാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. സുനിൽകുമാർ, ടി.ആർ.ബിജു, ജിൽസ്, കിരൺ, ബിജോയ്, രജി അനിൽ എന്നിവരാണ് കേസിലെ പ്രതികൾ (Cr 650/2021 dtd. 14/07/2021).

(ഇ) മേൽപ്പറഞ്ഞ ബാങ്ക് സ്ഥാപിച്ചതെപ്പോഴാണെന്നും ഏതെങ്കിലും ജനപ്രതിനിധി ഇപ്പോഴത്തെ ഭരണസമിതിയിലുണ്ടോയെന്നും മുൻകാലങ്ങളിൽ ഉണ്ടായിരുന്നിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

25-03-1098 (M.E) മുതലാണ് ബാങ്ക് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 25/10/2016-ൽ തെരഞ്ഞെടുക്കപ്പെട്ടതും ക്രമക്കേടുകളെ തുടർന്ന് സഹകരണ നിയമം വകുപ്പ് 32 പ്രകാരം നീക്കം ചെയ്യപ്പെട്ടതുമായ ഭരണസമിതിയിൽ പാർലമെന്റ്, അസംബ്ലി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ ജനപ്രതിനിധികൾ ഇല്ലാത്തതാണ്.

(എഫ്) ബാങ്കിന്റെ ഇപ്പോഴത്തെ ഓഹരി ഉടമകളുടെ എണ്ണം എത്രയാണെന്നും ഓഹരി മൂലധനം എത്രയാണെന്നും വ്യക്തമാക്കാമോ?

2019-20 ആഡിറ്റ് റിപ്പോർട്ട് പ്രകാരം 15,901 ഓഹരി ഉടമകളും 6,15,38,334/- ഓഹരി മൂലധനവുമുണ്ട്.

കരുവന്നൂർ ബാങ്കിന്റെ നിയന്ത്രണം ഏറ്റെടുക്കാനുള്ള നടപടികൾ

244(3676) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ സാമ്പത്തിക നിയന്ത്രണം കേരള ബാങ്ക് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി ബാങ്കിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ?

ബാങ്കിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ഗവൺമെന്റ് പഠനം ആരംഭിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(ബി) ഇതിനായി കേരള ബാങ്ക് പ്രതിനിധി, കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ പുതുതായി നിയോഗിച്ച അഡ്മിനിസ്ട്രേറ്റർ, സഹകരണ സംഘം ജില്ലാ ജോയിന്റ് രജിസ്ട്രാർ എന്നിവരുടെ നേതൃത്വത്തിൽ

പഠനം നടത്തി പാക്കേജ് തയ്യാറാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ബാങ്കിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ഗവൺമെന്റ് പഠനം ആരംഭിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

(സി) നിക്ഷേപകർ കൂട്ടത്തോടെ പണം പിൻവലിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

നിക്ഷേപകരുടെ വിശ്വാസം തിരിച്ചുപിടിക്കാൻ ബാങ്കിന്റെ ഭരണം നിർവ്വഹിക്കുന്നതിന് 3 സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ബാങ്കിന്റെ ബ്രാഞ്ചുകൾ മുഖേന മുൻകൂട്ടി നൽകുന്ന ടോക്കൺ സംവിധാനത്തിലൂടെ നിശ്ചിത തുക (പതിനായിരം രൂപ) സംഘത്തിന്റെ പ്രവൃത്തി സമയത്ത് നിക്ഷേപകർക്ക് തിരികെ നൽകി വരുന്നു.

നിലമ്പൂർ താലൂക്ക് കോ-ഓപ്പറേറ്റീവ് പ്രസ്സ്

245 (3677) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മുത്തേടം പഞ്ചായത്തിലെ കാരപ്പുറത്ത് നിലമ്പൂർ താലൂക്ക് കോ-ഓപ്പറേറ്റീവ് പ്രസ്സ് (നിറ്റ്കൊ) എന്ന സഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; അനുമതി നൽകിയ വർഷമടക്കമുള്ള വിവരങ്ങളും രേഖകളുടെ പകർപ്പും ലഭ്യമാക്കാമോ?

നിലമ്പൂർ താലൂക്ക് പ്രിന്റിംഗ് ആന്റ് ബുക്ക് ബൈൻഡിങ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ. SIND (M) 148, കാരപ്പുറം, മലപ്പുറം ജില്ല എന്ന സംഘം 06/10/2004-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഘം രജിസ്ട്രേഷൻ നടന്നതിന്റെ കാറ്റഗറിക്കൽ സ്റ്റേറ്റ്മെന്റ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത സഹകരണ സംഘത്തിന്റെ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ആരെല്ലാമാണെന്ന വിവരവും സംഘത്തിന്റെ നിയമാവലിയുടെയും മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിന്റെയും പകർപ്പും ലഭ്യമാക്കാമോ?

സംഘത്തിന് നിലവിൽ ഭരണസമിതിയില്ല. സംഘത്തിന്റെ നിയമാവലിയുടെയും, ഓഡിറ്റ് മെമ്മോറാണ്ടത്തിന്റേയും പകർപ്പുകൾ അനുബന്ധമായി+ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭാ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ സഹകരണ സംഘം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്നും പ്രവർത്തിക്കുന്നില്ലെങ്കിൽ എന്നാണ് പ്രവർത്തനം നിർത്തിയതെന്നും അതിനുള്ള കാരണവും വിശദമാക്കാമോ?

സംഘം നിലവിൽ പ്രവർത്തിക്കുന്നില്ല. ലാഭകരമല്ലാത്തതിനാൽ 2007-08 സാമ്പത്തിക വർഷത്തിനുശേഷം പ്രവർത്തനം നിലച്ച അവസ്ഥയിലാണ്.

(ഡി) ഈ സംഘത്തിന് ഏതെങ്കിലും സഹകരണ ബാങ്കുകളിൽ നിന്നോ സഹകരണ സംഘങ്ങളിൽ നിന്നോ വായ്പ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അനുവദിച്ച വായ്പ തുക, അനുവദിച്ച വർഷം, തിരിച്ചടവ് വിവരങ്ങൾ തുടങ്ങിയവ ലഭ്യമാക്കാമോ;

ഇല്ല.

(ഇ) പ്രസ്തുത സ്ഥാപനം എത്ര തുകയാണ് പൊതു ജനങ്ങളിൽനിന്നും ഓഹരിയിനത്തിൽ പിരിച്ചെടുത്തതെന്നും ഏതെല്ലാം സഹകരണ സംഘങ്ങൾക്ക് സംഘത്തിൽ എത്ര രൂപയുടെ ഓഹരിയുണ്ടെന്നും സ്ഥാപനത്തിന്റെ സ്ഥാവരജംഗമ ആസ്തികൾ എത്രയെന്നും അറിയിക്കാമോ?

സംഘം പൊതുജനങ്ങളിൽനിന്നും ഓഹരിയിനത്തിൽ 12,09,000/- രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(എഫ്) ഈ സ്ഥാപനത്തിന്റെ പേരിലുണ്ടായിരുന്ന സ്ഥലം എത്രയെന്നും ഇപ്പോൾ ആരുടെ കൈവശമാണെന്നും വ്യക്തമാക്കാമോ;

2006-2007 വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം ഈ സ്ഥാപനത്തിന്റെ പേരിൽ സ്ഥലമില്ല.

(ജി) പ്രസ്തുത സ്ഥലം വിൽപന നടത്താൻ സഹകരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ടെങ്കിൽ അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള നിലമ്പൂർ താലൂക്ക് പ്രിന്റിംഗ് ആന്റ് ബുക്ക് ബൈൻഡിങ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ. SIND (M) 148, കാരപ്പുറം, മലപ്പുറം ജില്ല എന്ന സംഘം വകുപ്പിന്റെ അനുമതിയോടുകൂടി സ്ഥലം വാങ്ങിയിട്ടില്ല.

ടൂറിസം സൊസൈറ്റികൾ

246(3678) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ടൂറിസം സൊസൈറ്റികൾ സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്നറിയിക്കാമോ?

110 ടൂറിസം സൊസൈറ്റികൾ

(ബി) കോഴിക്കോട് ജില്ലയിൽ സഹകരണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന ടൂറിസം സൊസൈറ്റികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

1. കോഴിക്കോട് ജില്ലാ ട്രാവൽ & ടൂറിസം ഡെവലപ്മെന്റ് സൊസൈറ്റി ആന്റ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കെ.ടി.ഡി.എസ്)ഡി.2882.

2. മലബാർ ടൂറിസം ആന്റ് ട്രാവലിംഗ് പ്രൊമോട്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഡി.3226.

3. എലത്തൂർ കോ-ഓപ്പറേറ്റീവ് ട്രാവൽ ആന്റ് ടൂറിസം ഡെവലപ്മെന്റ് ലിമിറ്റഡ് ഡി.3280.

4. ഗ്ലോബൽ ടൂറിസം സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 3288.

5. കോട്ടയ്ക്കൽ കുഞ്ഞാലിമരക്കാർ ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ ഡി.2719.

6. കക്കയംവാലി ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ഡി.3104.

നിഷ്ക്രിയ സംഘങ്ങൾ

1. കോഴിക്കോട് ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഡി.3020.

2. കോഴിക്കോട് ജില്ലാ ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം ഡി.2778.

3. ബേപ്പൂർ ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഡി.3017.

4. കോഴിക്കോട് താലൂക്ക് ടൂറിസം വികസന സംഘം.

5. കോഴിക്കോട് ഡിസ്ട്രിക്ട് ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ഡി.2431.

(സി) ടൂറിസം സൊസൈറ്റികളുടെ രജിസ്ട്രേഷന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കാമോ?

പ്രാഥമിക ടൂറിസം സംഘങ്ങളുടെ പ്രവർത്തന പരിധി ഒരു താലൂക്കായി നിജപ്പെടുത്തിയിട്ടുണ്ട്.

പ്രാഥമിക കാർഷിക സംഘങ്ങളുടെ നവീകരണം

247(3679) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ നവീകരണത്തിനും ആധുനികവത്കരണത്തിനുമായി നബാർഡ് മുഖാന്തിരം എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതികളുടെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും അറിയിക്കാമോ?

നബാർഡിന്റെ സ്പെഷ്യൽ റീ-ഫിനാൻസ് ഫെസിലിറ്റി പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ മൾട്ടി സർവ്വീസ് സെന്ററുകളായി മാറ്റുന്നതിനുള്ള PACS as MSC എന്ന ഒരു പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിയുടെ പലിശ 4% ആണ്. കൂടാതെ ഇതേ പദ്ധതിയെതന്നെ കേന്ദ്രാവിഷ്കൃത പദ്ധതിയായ അഗ്രിക്കൾച്ചറൽ ഇൻഫ്രാ സ്ട്രക്ചർ ഫണ്ട് പദ്ധതിയിൽ കൂടി ഉൾപ്പെടുത്തി 3% പലിശ സബ്വെൻഷൻ കൂടി ലഭ്യമാക്കുന്നു. സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 7 വർഷ കാലാവധിയുള്ള ടേം ലോണുകളായിട്ടാണ് വായ്പ അനുവദിക്കുന്നത്. പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട് വിപണനം, കാർഷിക സംസ്കരണം, ആരോഗ്യസഹകരണം മുതലായവയ്ക്ക് നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല വികസനനിധി പദ്ധതി (RIDF) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

248(3680) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ആകെ 851 സംഘങ്ങളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ 410 എണ്ണം ആണ്. ടി സംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും പുനരുജ്ജീവനത്തിനുമായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും പുനരുജ്ജീവനത്തിനുമായി ചുവടെ പറയുന്ന ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഒരു സംഘത്തിന് പ്രതിമാസം 10,000/- രൂപ നിരക്കിൽ ആദ്യത്തെ 5 വർഷവും ടി അഞ്ചുവർഷത്തിനുള്ളിൽ സംഘം ലാഭകരമാകുന്ന പക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15,000/- രൂപ നിരക്കിൽ തുടർന്നുള്ള 3 വർഷവും മാനേജീരിയൽ സബ്സിഡി അനുവദിച്ചു വരുന്നു.

2. സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റായി 5 ലക്ഷം രൂപവരെ അനുവദിച്ചുവരുന്നു.

3. സംഘങ്ങളുടെ ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി 5 ലക്ഷം രൂപ വരെ അനുവദിച്ചു വരുന്നു.

4. 4 ലക്ഷം രൂപവരെ സർക്കാർ ഓഹരി മൂലധനമായി അനുവദിച്ചു വരുന്നു.

5. വിവിധ പ്രോജക്ടുകൾ നടപ്പിലാക്കി ടി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപയും (ഓഹരി 5 ലക്ഷം രൂപ + സബ്സിഡി 15 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.

6. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ നടത്തുന്നതിന് 5 ലക്ഷം രൂപ (ഓഹരി 1,50,000/- രൂപ + സബ്സിഡി 3,50,000/- രൂപ) അനുവദിച്ചു വരുന്നു.

7. നൂതന പദ്ധതികൾ നടപ്പിലാക്കി സംഘത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരം 40 ലക്ഷം രൂപ (ഓഹരി 10 ലക്ഷം രൂപ + സബ്സിഡി 30 ലക്ഷം രൂപ) അനുവദിച്ചു വരുന്നു.

8. ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് 50 ലക്ഷം രൂപ വരെ (ഓഹരി 20 ലക്ഷം + സബ്സിഡി 30 ലക്ഷം) അനുവദിച്ചു വരുന്നു. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സമഗ്ര പുനരുദ്ധാരണത്തിനായി പുനർജ്ജനി എന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കോങ്ങാട് മണ്ഡലത്തിലെ മങ്കര പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനത്തിനും കെട്ടിടത്തിന്റെ പുനർനിർമ്മാണത്തിനും ആവശ്യമായ സാമ്പത്തികസഹായം അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

കോങ്ങാട് മണ്ഡലത്തിലെ മങ്കര പട്ടിക ജാതി സർവീസ് സഹകരണ സംഘം നിലവിൽ പ്രവർത്തനരഹിതമാണ്. സംഘത്തിന്റെ പ്രവർത്തനത്തിനും കെട്ടിടത്തിന്റെ പുനർനിർമ്മാണത്തിനുമുള്ള ധനസഹായത്തിനായി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ധനസഹായ പദ്ധതിയുടെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ടി സംഘത്തിന് ധനസഹായം അനുവദിക്കുന്നത് പരിഗണിക്കുന്നതാണ്.

സഹകരണ സംഘങ്ങളിലെ ഓഡിറ്റ് സ്റ്റാഫ് നിയമനം

249 (3681) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ റൂൾ 156 അനുസരിച്ച് സഹകരണ സംഘങ്ങൾക്ക് അവരുടെ ക്ലാസ്സിഫിക്കേഷൻ ബാധകമാക്കാതെ ഓഡിറ്റ് സ്റ്റാഫുകളെ ജൂനിയർ, സീനിയർ വ്യത്യാസമില്ലാതെ നിയമിക്കാമെന്നത് ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

സഹകരണ സ്ഥാപനങ്ങൾ ഓഡിറ്റെ നിയമിക്കുന്നതിന് പ്രമേയം അംഗീകരിക്കുകയും ഓഡിറ്റ് കോസ്റ്റ് അടയ്ക്കുകയും ചെയ്യുന്ന മുറയ്ക്കാണ് കെ.എസ്.ആർ ഭാഗം I ചട്ടം 156 പ്രകാരം ഓഡിറ്റർമാരെ നിയമിക്കുന്നത്.

(ബി) സഹകരണ സംഘങ്ങൾക്ക് അവരുടെ ക്ലാസിഫിക്കേഷൻ അനുസരിച്ച് ഗ്രേഡ് തിരിച്ച് ഓഡിറ്റർമാരെ നിയമിക്കാമെന്ന ഭേദഗതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സഹകരണ സ്ഥാപനങ്ങൾ ഓഡിറ്ററെ നിയമിക്കുന്നതിന് പ്രമേയം അംഗീകരിക്കുകയും ഓഡിറ്റ് കോസ്റ്റ് അടയ്ക്കുകയും ചെയ്യുന്ന മുറയ്ക്കാണ് കെ.എസ്.ആർ ഭാഗം I ചട്ടം 156 പ്രകാരം ഓഡിറ്റർമാരെ നിയമിക്കുന്നത്.

യുവാക്കളുടെ സ്റ്റാർട്ട് അപ്പ് സഹകരണ സംഘം

250 (3682) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കൾക്ക് തൊഴിൽ നൽകാൻ സഹകരണ വകുപ്പിന് കീഴിൽ സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് യുവാക്കൾക്ക് തൊഴിൽ നൽകാൻ സഹകരണ വകുപ്പിന് കീഴിൽ സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങൾ പരിഗണനയിലുണ്ട്. ബഹു. കേരള ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ ഭാഗമായി യുവാക്കളെ സഹകരണ മേഖലയിലേയ്ക്ക്

ആകർഷിക്കുന്നതിനും സംസ്ഥാനത്തിന്റെ സുസ്ഥാപിതമായ സഹകരണ ശൃംഖലയുടെ സേവനം നൽകുന്നതിനും യുവ സംരംഭകർക്കായി സംസ്ഥാനത്ത് 25 സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച് പ്രഖ്യാപനം നടത്തിയിരുന്നു. ആയത് സർക്കാരിന്റെ നൂറ്ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 18 വയസ്സിനും 45 വയസ്സിനുമിടയിൽ പ്രായമുള്ളവരും നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിൽ തത്പരരുമായ സഹകരണ മൂല്യങ്ങളിൽ വിശ്വസിക്കുന്ന യുവജനങ്ങൾക്ക് സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുക ആയത് വഴി യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നുള്ളതാണ് ഇത്തരത്തിലുള്ള സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്.

(ബി) സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങൾക്കായുള്ള നിയമാവലി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങൾക്കായുള്ള നിയമാവലി തയ്യാറാക്കിയിട്ടുണ്ട്. യുവജന സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിന് 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ള വ്യത്യസ്ത കുടുംബത്തിൽപ്പെട്ട 25 പേരിൽ കുറയാത്ത അംഗങ്ങളുണ്ടാകണം. 1969-ലെ കേരള സഹകരണ

നിയമം അനുസരിച്ചാണ് യുവജന സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നത്. ഒരു ജില്ലയ്ക്കകത്ത് പ്രവർത്തന പരിധിയായിട്ടാണ് യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യ നൽകുന്നത്. ആയതിനുള്ള മാതൃകാ നിയമാവലി സഹകരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) ഏതെല്ലാം മേഖലകളാണ് സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങൾക്കായി ആദ്യ ഘട്ടത്തിൽ പരിഗണിക്കുന്നത്; വിശദാംശം നൽകാമോ?

ഏത് മേഖലയിൽ പ്രാവീണ്യമുള്ളവരേയും സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങളുടെ രൂപീകരണത്തിനായി പരിഗണിക്കുന്നുണ്ട്. ഐ.ടി. മേഖലയിലുള്ളവർ, സിനിമ/ഡോക്യുമെന്ററി/ഷോർട്ട് ഫിലിം നിർമ്മാണം/സംഗീത മേഖലകളിൽ തല്പരർ, ഡിസൈൻ/ആർട്ടിസ്റ്റ് തുടങ്ങിയ മേഖലയിൽ പ്രവർത്തിക്കുന്നവർ, ഇവന്റ് മാനേജുമെന്റ്/സേവനങ്ങൾ വീടുകളിൽ എത്തിക്കൽ തുടങ്ങിയ ജോലികൾ ചെയ്യുന്നവർ, ഭക്ഷ്യ സംസ്കരണ വിപണന മേഖല/തനത് കാർഷിക വിഭവങ്ങളുടെയും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിതരണം, അഗ്രിക്കൾച്ചറൽ സപ്ലൈ ആന്റ് മാർക്കറ്റിംഗ്, സ്റ്റാർട്ടപ്പുകൾ തുടങ്ങി വിവിധ മേഖലകളിൽ

പ്രാവീണ്യമുള്ളവരെ സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങളുടെ രൂപീകരണത്തിനായി പരിഗണിക്കുന്നു.

(ഡി) യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹകരണ വകുപ്പുവഴി സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കാനുള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ച് വരികയാണ്. ജില്ലകളിൽ അറിയിപ്പു നൽകിയതിന്റെ ഭാഗമായി ലഭ്യമായിട്ടുള്ള അപേക്ഷകളും പ്രോജക്ടുകളും പരിശോധിച്ച് സമയ ബന്ധിതമായി തുടർ നിർദ്ദേശങ്ങൾ നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ ഒരു പ്രൊപ്പോസൽ ഇവാല്യൂവേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. നാളിതുവരെ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആഗസ്റ്റ് മാസത്തോടെ 25 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

കാന്റീൻ നടത്തിപ്പ് സഹകരണ സംഘങ്ങൾക്ക്

251(3683) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ സ്റ്റേഷനുകൾ, സർക്കാർ ഓഫീസ് കോംപ്ലക്സുകൾ എന്നിവിടങ്ങളിലെ ക്യാന്റീനുകൾ നടത്തുന്നതിൽ സഹകരണ സംഘങ്ങൾക്ക് മുൻഗണന നൽകുന്നതിന് ചട്ടം നിലവിലുണ്ടോ?

ഇല്ല.

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ ജീവനക്കാർക്കായുള്ള കാന്റീൻ, കൺസ്യൂമർ സ്റ്റോറുകൾ എന്നിവയുടെ നടത്തിപ്പിന് എംപ്ലോയീസ് സഹകരണ സംഘങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്ന കാര്യം പരിഗണിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

വില വർദ്ധനവ് തടയാൻ സഹകരണ മേഖല

252(3684) ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിനായി സഹകരണ വകുപ്പ് കൺസ്യൂമർ ഫെഡറേഷൻ മുഖേനയും പ്രാഥമിക സഹകരണ സംഘങ്ങളുടെ നീതി സ്റ്റോറുകളിലൂടെയും നടത്തുന്ന വിപണി ഇടപെടലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുവേണ്ടി കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോറുകളിലൂടെയും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയേക്കാൾ വിലക്കുറവിൽ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, ഓണം, ക്രിസ്തുമസ്, റംസാൻ, എന്നീ ഉത്സവഘട്ടങ്ങളിൽ കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോറുകളിലൂടെയും സർക്കാർ ധനസഹായത്തോടുകൂടി സഹകരണ സംഘങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് സബ്സിഡി വിപണികൾ നടത്താറുണ്ട്. ഏതാനും ഉത്പന്നങ്ങൾ ത്രിവേണി ബ്രാൻഡിൽ ആദായകരമായ നിരക്കിൽ പൊതു വിപണിയിൽ എത്തിക്കുന്നുമുണ്ട്.

(ബി) സംസ്ഥാനത്തെ ഉപഭോക്തൃ സഹകരണ സംഘങ്ങൾ ഈ മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകൾ മുഖേന അവശ്യ നിത്യോപയോഗ സാധനങ്ങൾ പൊതു മാർക്കറ്റിനേക്കാൾ വിലകുറച്ച് വിൽപന നടത്തുന്നുണ്ട്. കൂടുതൽ അളവിൽ ഉത്പന്നങ്ങൾ സംഭരിച്ച് ചില്ലറ

വ്യാപാരം ഊർജ്ജിതപ്പെടുത്തി വിലക്കുറവ് വിപണിയിൽ സൃഷ്ടിക്കുന്നതും പ്രവർത്തനരീതിയാണ്.

(സി) പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ പൊതുമാർക്കറ്റിലെ വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

പരിശോധിക്കുന്നതാണ്.

കൺസ്യൂമർഫെഡിന്റെ സേവന വിപുലീകരണം

253(3685) ശ്രീ. എം. എം. മണി:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിൽ 450 കോടിയോളം രൂപ നഷ്ടത്തിലായിരുന്ന കൺസ്യൂമർഫെഡിനെ ലാഭകരമാക്കാൻ കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

2016-ൽ അധികാരത്തിൽ വന്ന സർക്കാർ കൺസ്യൂമർഫെഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി മൂന്നംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചു. നഷ്ടത്തിലായിരുന്ന 746 നന്മ സ്റ്റോറുകൾ, 33

ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, അനാവശ്യമായി വാടകയ്ക്ക് എടുത്തിരുന്ന 9 ഗോഡൗണുകൾ എന്നിവ നിർത്തലാക്കി. ഇതുവഴി വാടകയിനത്തിൽ നൽകിയിരുന്ന തുകകൾ ഒഴിവാക്കാൻ സാധിച്ചു. ഉപയോഗയോഗ്യമല്ലാത്ത 83 മൊബൈൽ ത്രിവേണികൾ പൊതുലേലം വഴി വിൽപന നടത്തി. കൺസ്യൂമർഫെഡിൽ അനാവശ്യമായി നിയമിച്ച ഏകദേശം 2500 ജീവനക്കാരെ ഒരു നിശ്ചിത തീയതി കണക്കാക്കി ഒഴിവാക്കി. കൺസ്യൂമർ ഫെഡിന്റെ കേന്ദ്രീകൃത വാങ്ങലുകൾ മുഴുവൻ ഇ-ടെണ്ടറിലൂടെ നടത്താൻ കഴിഞ്ഞു. ഇ-ടെണ്ടറും, ഇ-നെഗോസിയേഷനും നടത്തുക വഴി പർച്ചേസ് രംഗത്തെ അനഭിലഷണീയമായ പ്രവണതകൾ പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വാങ്ങുക വഴി വിൽപന വിലയിൽ കുറവ് വരുത്താൻ കഴിഞ്ഞു. വിവിധ ഗോഡൗണുകളിലായി ഉപയോഗശൂന്യമായിരുന്ന സാധനങ്ങൾ ലേലം ചെയ്ത് വില്പന നടത്തുകയും, ബാക്കിയുള്ള സാധനങ്ങൾ നിയമവിധേയമായി നശിപ്പിക്കുകയും ചെയ്ത് യൂണിറ്റുകൾ ഡാമേജ്ഹിതമാക്കി. അഡ്മിനിസ്ട്രീവ് കമ്മിറ്റി അധികാരത്തിൽ വന്നതിനുശേഷം ഏർപ്പെടുത്തിയ ശക്തമായ നിയന്ത്രണങ്ങളിലൂടെ ശമ്പളം, വാടക, പലിശ, ലോൺ തിരിച്ചടവ് എന്നീ

മേഖലകളിലെ ചെലവ് ചുരുക്കിയും, വില്പന വർദ്ധിപ്പിച്ചും കൺസ്യൂമർഫെഡ് ലാഭത്തിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നു.

(ബി) കൺസ്യൂമർഫെഡിന്റെ കീഴിൽ കൂടുതൽ ആധുനിക മെഗാമാർട്ടുകൾ ആരംഭിച്ചും വീട്ടുപടിക്കൽ സാധനങ്ങൾ എത്തിച്ചും ഉപഭോക്തൃ സേവനം വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ത്രിവേണികളുടെ വാട്ട്സ് അപ് നമ്പറുകളിൽ ഓർഡറുകൾ സ്വീകരിച്ച് നിത്യോപയോഗ സാധനങ്ങൾ ഹോം ഡെലിവെറിയായി വീടുകളിൽ എത്തിച്ച് നൽകുന്നുണ്ട്. www.consumerfed.in എന്ന വെബ് പോർട്ടൽ ആരംഭിച്ച് ഓൺലൈനായി ഓർഡറുകൾ സ്വീകരിക്കുകയും സാധനങ്ങൾ ഓൺലൈൻ വ്യാപാരത്തിലൂടെ വീടുകളിൽ എത്തിക്കുകയും ചെയ്യുന്നുണ്ട്.

(സി) പർച്ചേസ് സംവിധാനം സുതാര്യവും കൂടുതൽ കാര്യക്ഷമവുമാക്കിക്കൊണ്ടും സംഭരണ സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടും ന്യായവിലയ്ക്ക് ഉല്പന്നങ്ങൾ ഉപഭോക്താക്കളിലേയ്ക്കെത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പത്രപ്പരസ്യം നൽകി ഇ-ടെണ്ടർ മുഖേനയാണ് കൺസ്യൂമർഫെഡ് പലവ്യഞ്ജന സാധനങ്ങൾ വാങ്ങുന്നത്. കൂടാതെ സബ്സിഡി സമയങ്ങളിൽ

കൂടുതൽ സുതാര്യമായി ഇ-ടെണ്ടറിനോടൊപ്പം NCDEX E-Auction വഴിയും സാധനങ്ങൾ വാങ്ങി വരുന്നു.

കാട്ടാക്കടയിൽ പ്രവർത്തിച്ചിരുന്ന സഹകരണ കോളേജിന്റെ ഭൂമി

254 (3686) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന സഹകരണ കോളേജിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

കാട്ടാക്കട എഡ്യൂക്കേഷണൽ സഹകരണ സംഘം ക്ലിപ്തം. നം. റ്റി. 755 നിലവിൽ പ്രവർത്തനരഹിതമാണ്.

(ബി) ആകെ എത്ര സെന്റ് സ്ഥലമാണ് പ്രസ്തുത കോളേജിന് ഉള്ളതെന്ന് അറിയിക്കുമോ; ഇതിന്റെ ഉടമസ്ഥത ആർക്കാണ്; പ്രസ്തുത സ്ഥലത്തിന്റെ പേരിൽ ബാദ്ധ്യതകളുണ്ടോ; എങ്കിൽ എത്ര രൂപയാണ് ബാദ്ധ്യതയെന്ന് അറിയിക്കുമോ?

കാട്ടാക്കട താലൂക്കിൽ കുളത്തുമ്മൽ വില്ലേജിൽ സർവ്വേ നം. 206/6-ൽ ഉൾപ്പെട്ട 7.80 ആർ സ്ഥലമാണ് കാട്ടാക്കട എഡ്യൂക്കേഷണൽ സഹകരണ സംഘത്തിനുള്ളത്. ടി വസ്തുവിന്റെ ഉടമസ്ഥത കാട്ടാക്കട എഡ്യൂക്കേഷണൽ സഹകരണ സംഘത്തിനാണ്. ടി സംഘം തിരുവനന്തപുരം ജില്ലാ

സഹകരണ ബാങ്കിൽ (കേരള ബാങ്ക്) നിന്ന് വായ്പ എടുക്കുകയും, ടി വായ്പ കുടിശ്ശികയായയതിനെ തുടർന്ന് 90 ലക്ഷം രൂപയ്ക്ക് കേരള ബാങ്ക് ആർബിട്രേഷൻ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥലത്ത് പാട്ട വ്യവസ്ഥയിൽ ചെറുകിട വ്യവസായ സംരഭങ്ങൾ ആരംഭിക്കുന്നതിനായി സ്ഥലം കൈമാറുന്നതിന് നടപടി സ്വീകരിക്കാമോ?

കാട്ടാക്കട എഡ്യൂക്കേഷണൽ സഹകരണ സംഘം പുനരുജ്ജീവിപ്പിച്ചിട്ട് പ്രവർത്തനക്ഷമമാക്കാൻ നിലവിൽ ശ്രമിച്ചുവരികയാണ്.

സ്കൂൾ നവീകരണത്തിന് സഹകരണ സ്ഥാപനങ്ങളുടെ സഹായം

255(3687) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓരോ നിയോജക മണ്ഡലത്തിലും സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങൾക്ക് സ്മാർട്ട് ക്ലാസ് റൂം, ഇന്ധന ക്ഷമതയുള്ള അടുക്കള തുടങ്ങിയവ നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2017 വർഷത്തിൽ സഹകരണ വകുപ്പ് മുഖാന്തിരം ഒരു നിയോജക മണ്ഡലത്തിൽ ഒരു യു.പി. സ്കൂൾ വീതം 140 നിയോജക മണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജക മണ്ഡലത്തിലെയും എം.എൽ.എ.-മാർ ലഭ്യമാക്കുന്ന ലിസ്റ്റും, സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു. അതോടൊപ്പം സർക്കാർ സ്കൂളുകളിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ ഊർജ്ജക്ഷമതയുള്ള അടുപ്പ് നിർമ്മിച്ചു നൽകുന്ന പദ്ധതിയും ലക്ഷ്യമിട്ടിരുന്നു. എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തിരം സ്മാർട്ട് ക്ലാസ് മുറികളും, ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിച്ചു നൽകുന്ന പദ്ധതി തൽകാലം തുടരേണ്ടതില്ലെന്നാന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്.

(ബി) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങൾക്ക് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങളൊന്നും തന്നെ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.

മുറ്റത്തെ മുല്ല വായ്പ പദ്ധതി

256(3688) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുറ്റത്തെ മുല്ല വായ്പ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഈ പദ്ധതിയുടെ വ്യവസ്ഥകൾ വിശദമാക്കുമോ; പദ്ധതിയിലൂടെ എത്ര തുക വിതരണം ചെയ്തുവെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ?

സമൂഹത്തിന്റെ താഴെതട്ടിലുള്ളവർ, കൂലി വേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി. പദ്ധതി പ്രകാരം

1,000/- രൂപ മുതൽ 50,000/- രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുക. വായ്പക്കാരിൽ നിന്നും 12 ശതമാനം പലിശ (100 രൂപക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽ നിന്നും 9 ശതമാനം പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/വായ്പ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാനപ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ച കളാണ് (1 വർഷം) വായ്പ തിരിച്ചടക്കേണ്ടത്. പദ്ധതിയിലൂടെ വിതരണം ചെയ്ത തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു[+].

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എത്രയെന്നും ഏതെല്ലാമെന്നും വിശദമാക്കുമോ; ഇവയുടെ പ്രവർത്തനം വിലയിരുത്താനുള്ള സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടോയെന്നും; ഇവയുടെ പ്രവർത്തനം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനും പ്രവർത്തനവുമായി ബന്ധപ്പെട്ട് ഔദ്യോഗിക വെബ്സൈറ്റിലെ കണക്ക് പ്രകാരം കേരളത്തിൽ പ്രവർത്തിച്ചു വരുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംഘങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. കേന്ദ്ര സർക്കാരിന്റെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, 2002 പ്രകാരമാണ് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നത്. നിലവിലുള്ള നിയമവ്യവസ്ഥയ്ക്കുള്ളിൽ ആവശ്യമായ ഇടപെടൽ നടത്തുന്നുണ്ട്.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

257(3689) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ?

കേരള ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് എന്നിവ ഒഴികെ ബാക്കി സഹകരണ ബാങ്ക്/സംഘങ്ങളിലൊന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇപ്പോൾ നിലവിലില്ല. കേരളാ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കുടിശ്ശിക കുറയ്ക്കുന്നതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 31.08.2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കുടിശ്ശിക തീർപ്പാക്കാൻ പ്രത്യേക ഇളവ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ട്. മറ്റ് ബാങ്കുകൾ/സംഘങ്ങളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

കരുവന്നൂർ ബാങ്കിലെ നിക്ഷേപകരുടെയും വായ്പക്കാരുടേയും ആശങ്ക

258 (3690) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി.ബാലകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് ജപ്തി നടപടികൾ പാടില്ലെന്ന നിബന്ധന നിലനിൽക്കെ കരുവന്നൂർ സഹകരണ ബാങ്കിൽനിന്നും ജപ്തി നോട്ടീസ് ലഭിച്ച മുൻ പഞ്ചായത്തംഗം ടി. എം. മുകുന്ദൻ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുൻ പഞ്ചായത്തംഗം ടി. എം. മുകുന്ദൻ ആത്മഹത്യ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ടിയാൾ എടുത്ത വായ്പയിൽ ബാങ്ക് എക്സിക്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടില്ലാത്തതും ജപ്തി നോട്ടീസ് നൽകിയിട്ടില്ലാത്തതുമാണ്.

(ബി) ബാങ്കിൽ നിക്ഷേപിച്ച പണം സംബന്ധിച്ച് നിക്ഷേപകരുടെ ആശങ്ക പരിഹരിക്കാൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിരിക്കുന്നതെന്നറിയിക്കുമോ?

ബാങ്കിന്റെ ഭരണചുമതല സഹകരണ വകുപ്പിലെ മൂന്ന് അംഗങ്ങളടങ്ങുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. ബാങ്കിനുണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കുന്നതിന് സർചാർജ്ജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 (1) പ്രകാരമുള്ള അന്വേഷണം നടന്നുവരുന്നു. കൂടാതെ ക്രമക്കേടിൽ പങ്കാളിയായവരുടെ സ്ഥാവരജംഗമ വസ്തുക്കൾ അറ്റാച്ച് ചെയ്ത് നഷ്ടം തിരികെ പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) കരുവന്നൂർ സഹകരണ ബാങ്കിൽനിന്നും വായ്പ എടുത്തവരും കോവിഡ് പ്രതിസന്ധിയിൽ ജീവനോപാധിപോലും നഷ്ടപ്പെട്ടവരുമായ സാധാരണക്കാർക്ക് വായ്പ തിരിച്ചടവിന് സാവകാശം നൽകാൻ തയ്യാറാകുമോ; വിശദമാക്കാമോ?

വായ്പ തിരിച്ചടവിന് നിയമപ്രകാരമുള്ള സാവകാശം അനുവദിക്കുന്ന വിഷയം പ്രത്യേകം പരിശോധിക്കുന്നതാണ്.

കാർഷിക വായ്പകൾ

259 (3691) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ മുഖേന കാർഷിക വായ്പകൾക്ക് ധനസഹായം നൽകുന്നതിന് കാർഷിക വായ്പാതോത് വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

സംസ്ഥാനത്തെ കാർഷിക വായ്പാതോത് ഉയർത്തുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിലേയ്ക്കായി 22.07.2021-ന് സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റി യോഗം ചേർന്നിരുന്നു. ടി യോഗത്തിൽ വിവിധ വകുപ്പുകളിൽനിന്നും വന്ന വായ്പാതോതുകളിൽ യോഗം കൂടുതൽ വ്യക്തത വരുത്തുന്നതിന് നിർദ്ദേശിക്കുകയുണ്ടായി. യോഗം നിർദ്ദേശിച്ച പ്രകാരമുള്ള വ്യക്തത ലഭിക്കുന്ന മുറയ്ക്ക് എത്രയും വേഗം പുതുക്കിയ നിരക്കിലുള്ള കാർഷിക വായ്പാതോതുകൾക്ക് അംഗീകാരം നൽകുന്നതാണ്. സംസ്ഥാനത്തെ കാർഷിക വായ്പ സഹകരണ സംഘങ്ങൾ/പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 40% എങ്കിലും കാർഷിക വായ്പ വിതരണം ചെയ്യുന്നതിന് ബാങ്ക് ഭരണസമിതികൾക്ക് പ്രത്യേകം ലക്ഷ്യം നിശ്ചയിച്ച്, സംസ്ഥാനത്തെ

കാർഷിക ഉത്പാദനവും കാർഷിക വായ്പാ വിതരണവും കൂട്ടുന്നതിനും പുതിയ പദ്ധതികൾ/പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/മറ്റ് വായ്പ സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ശാഖകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിന് ടി സംഘങ്ങൾ കുറഞ്ഞത് 20% എങ്കിലും ടി സാമ്പത്തിക വർഷമോ അതിന് തൊട്ടുമുമ്പുള്ള വർഷമോ കാർഷിക വായ്പ നൽകിയിരിക്കണമെന്നും സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്കായുള്ള ഹ്രസ്വകാല മധ്യകാല വായ്പകളുടെ, ഒരു അംഗത്തിന് നൽകാവുന്ന പരമാവധി വായ്പാപരിധി 3 ലക്ഷത്തിൽനിന്നും 5 ലക്ഷം രൂപയായി ഉയർത്തിയും, ഇതിനു പുറമേ പുതുതായി, കാർഷിക അനുബന്ധ വായ്പ പരമാവധി 3 ലക്ഷം രൂപയും കാർഷിക ആവശ്യങ്ങൾക്കും കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുമുള്ള സ്വർണ്ണപ്പണയ വായ്പ പരമാവധി 3 ലക്ഷം രൂപയും അനുവദിച്ചു നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കർഷക പ്രൊഡ്യൂസർ കമ്പനികൾക്കും കർഷക സംരംഭകർക്കും ഉദാരമായ വ്യവസ്ഥയിൽ വായ്പ നൽകുന്നതിന് സഹകരണ ബൈലോകൾ ഭേദഗതി ചെയ്യുന്ന നടപടി പൂർത്തിയാക്കിയിട്ടുണ്ടോ?

കർഷക പ്രൊഡ്യൂസർ കമ്പനികൾക്കും, കർഷക സംരംഭകർക്കും ഉദാരമായ വ്യവസ്ഥയിൽ വായ്പ നൽകുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങൾ സമർപ്പിച്ച നിയമാവലി ഭേദഗതി തിരുവനന്തപുരം, കോഴിക്കോട്, വയനാട് ജില്ലകളിൽ സമയബന്ധിതമായി അംഗീകരിച്ചു നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ നെൽകർഷക സംരംഭകർക്ക് ഉദാരമായ വ്യവസ്ഥയിൽ കെ.സി.സി. പലിശരഹിത വായ്പ, അഗ്രിക്കൾച്ചറൽ ഗോൾഡ് ലോൺ എന്നിവ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ മറ്റ് കർഷകർക്കും, ക്ഷീര കർഷക സംരംഭകർക്കും കുറഞ്ഞ പലിശ നിരക്കിൽ കെ.സി.സി. വായ്പകൾ നൽകുന്നതിന് ബൈലാ വ്യവസ്ഥ രജിസ്റ്റർ ചെയ്ത നൽകുന്നുണ്ട്.

(സി) കർഷകരറിയാതെ അവരുടെ പേരിൽ കാർഷിക വായ്പ എടുത്ത് തട്ടിപ്പ് നടത്തുന്നത് തടയുന്നതിന് പരിശോധനകൾ കർശനമാക്കുമോ?

കർഷകർ അറിയാതെ അവരുടെ പേരിൽ കാർഷിക വായ്പ എടുത്ത് തട്ടിപ്പ് നടത്തുന്നത് തടയുന്നതിന് നിയമാനുസൃതമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

കാർഷിക കടാശ്വാസം

260 (3692) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ ഉത്തരവുപ്രകാരം അർഹരായ കർഷകർക്ക് നൽകിയിട്ടുള്ള ആശ്വാസ നടപടികളുടെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ എത്ര രൂപ നൽകാനുണ്ടെന്ന് വെളിപ്പെടുത്താമോ?

സഹകരണ ബാങ്കുകൾക്ക് കാർഷിക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച തുകയിൽ സഹകരണ സംഘം രജിസ്ട്രാർക്ക് സർക്കാർ ഉത്തരവ് മുഖേന അനുവദിച്ച് ലഭിച്ച തുകയിൽ 3,90,90,063/- രൂപ കൃഷി ഡയറക്ടറുടെ ഓഫീസിൽനിന്നും 2020-21 സാമ്പത്തിക വർഷം അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ നൽകാൻ കഴിഞ്ഞിട്ടില്ല. ബാക്കി തുക മുഴുവനായും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2021-22 സാമ്പത്തിക വർഷത്തിൽ 5,52,88,390/- രൂപയുടെ ധനസഹായ വിതരണത്തിനുള്ള അനുമതി

ഉത്തരവായിട്ടുണ്ട്. നിലവിൽ കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച അവാർഡുകളിൽ പരിശോധന നടത്തി അർഹതപ്പെട്ട 521 അപേക്ഷകളിന്മേൽ 1,42,06,272/- രൂപയുടെ കടാശ്വാസ തുക അനുവദിക്കുന്നതിന് കൃഷി വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. കടാശ്വാസ കമ്മിഷൻ പ്രഖ്യാപിച്ച 55,23,61,772/- രൂപയുടെ 7,627 അപേക്ഷകൾ അർഹതാ പരിശോധനയ്ക്കായി ജില്ലകളിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധന പൂർത്തിയാക്കി ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിലേയ്ക്കായി കൃഷി വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഈ തുക എന്നേയ്ക്ക് നൽകുമെന്ന വിശദാംശം നൽകാമോ?

പരിശോധനാ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തുക അടിയന്തരമായി കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഏത്ര സഹകരണ സ്ഥാപനങ്ങൾക്ക് ഇപ്രകാരം തുക നൽകാനുണ്ട്; വിശദാംശം നൽകാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ 12 സഹകരണ സ്ഥാപനങ്ങൾക്ക് തുക നൽകാനുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാമനപുരം മണ്ഡലത്തിലെ റിസ്ക് ഫണ്ട് പദ്ധതി

261(3693) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2020 കാലയളവിൽ വാമനപുരം മണ്ഡലത്തിൽ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എത്ര പേർക്ക് ആശ്വാസം നൽകാൻ കഴിഞ്ഞുവെന്ന് അറിയിക്കാമോ?

2016-2020 കാലയളവിൽ വാമനപുരം നിയോജക മണ്ഡലത്തിൽ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 159 പേർക്ക് 1,44,60,823/- രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ഇതിനായി എത്ര തുക വിനിയോഗിച്ചുവെന്ന് അറിയിക്കാമോ?

2016-2020 കാലയളവിൽ വാമനപുരം നിയോജക മണ്ഡലത്തിൽ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 159 പേർക്ക് 1,44,60,823/- രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

കോതമംഗലം മണ്ഡലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യം

262(3694) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ?

കോതമംഗലം മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി 1,331 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ബാങ്ക് തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രപേർക്ക് ആനുകൂല്യം ലഭ്യമാക്കി എന്ന് ബാങ്ക് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

പ്രസ്തുത അപേക്ഷകളിൽ 986 പേർക്ക് റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്. ബാങ്ക് തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു+.

(സി) ഇതുവരെയും ആനുകൂല്യം അനുവദിക്കാത്ത അപേക്ഷകളുടെ കാര്യത്തിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ് റിസ്ക് ഫണ്ട് നിയമാവലിക്ക് വിധേയമായി അർഹതപ്പെട്ട മുഴുവൻ വായ്പക്കാർക്കും ആനുകൂല്യം അനുവദിച്ചു വരുന്നുണ്ട്. എന്നാൽ സംഘം/ബാങ്കുകളിൽനിന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ന്യൂനതകൾ ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും, ആയത് പരിഹരിച്ചു വരുന്ന മുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യങ്ങൾ അനുവദിക്കുകയുമാണ് നിലവിൽ ചെയ്ത് വരുന്നത്. ബാങ്കുകളിൽനിന്നും യഥാസമയം അപേക്ഷകളിന്മേലുള്ള ന്യൂനതകൾ പരിഹരിച്ച് തരുന്നതിന് നടപടികൾ സ്വീകരിക്കാത്തതുമൂലവും കോവിഡ്-19 മൂലം ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ നിലവിലുണ്ടായിരുന്നത് കൊണ്ട് ഓഫീസ് പ്രവർത്തനം തടസ്സപ്പെട്ടതുമൂലവുമാണ് ഫയലുകൾ തീർപ്പാക്കുന്നതിന് കാലതാമസം വന്നിട്ടുള്ളത്.

(ഡി) അർഹരായവർക്കെല്ലാം പ്രസ്തുത ആനുകൂല്യം അടിയന്തരമായി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അർഹരായ അപേക്ഷകർക്ക് ആനുകൂല്യം അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ നിലവിലുള്ളതുകൊണ്ട് ഫയലുകൾ കൃടിശ്ശിക വരാതിരിക്കുന്നതിന് ' Work at home' വ്യവസ്ഥയിൽ ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്. കൂടാതെ ജീവനക്കാരുടെ കുറവ്

പരിഹരിക്കുന്നതിന് ഇരുപതോളം പുതിയ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുന്നു.

കമ്മീഷൻ ജീവനക്കാരുടെ പെൻഷൻ

263(3695) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നവർ പെൻഷൻ ബോർഡിൽ അടച്ച ആകെ തുക നാല് ലക്ഷം രൂപയുണ്ടെങ്കിൽ മാത്രമേ അവർക്ക് പെൻഷൻ ലഭിക്കുകയുള്ളുയെന്ന വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ ഇത് പുനഃപരിശോധിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

സഹകരണ പെൻഷൻ പദ്ധതി ഒരു സ്വാശ്രയ പെൻഷൻ പദ്ധതിയായതിനാൽ സംഘങ്ങളിൽനിന്നും ലഭിക്കുന്ന കോൺട്രിബ്യൂഷനിൽ നിന്നാണ് പെൻഷൻ അനുവദിക്കുന്നത്. ആയതിനാൽ നിശ്ചിത തുക കോൺട്രിബ്യൂഷനായി ലഭിച്ചാൽ മാത്രമേ മിനിമം പെൻഷൻ ചട്ടപ്രകാരം അനുവദിക്കാൻ കഴിയുകയുള്ളൂ.

മലപ്പുറം ജില്ല സഹകരണ ബാങ്കിലെ ഒഴിവുകൾ

264 (3696) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ല സഹകരണ ബാങ്കിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തികയിൽ 1 ഒഴിവും, ശാഖാമാനേജർ തസ്തികയിൽ 3 ഒഴിവുകളും, ക്ലാർക്ക്/കാഷ്യർ തസ്തികയിൽ 5 ഒഴിവുകളും, പ്യൂൺ തസ്തികയിൽ 14 ഒഴിവുകളുമുണ്ട്.

(ബി) തസ്തികകളുടെ പേര്, ഒഴിവുകൾ നിലവിൽ വന്ന തീയതി എന്നിവ തരം തിരിച്ച് വ്യക്തമാക്കാമോ?

ഡെപ്യൂട്ടി ജനറൽ മാനേജർ-01.09.2014 ബ്രാഞ്ച് മാനേജർ-22.07.2019 ക്ലാർക്ക്/കാഷ്യർ-22.07.2019 പ്യൂൺ-25.02.2015

(സി) ഇവയിൽ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ എത്രയെന്ന് അറിയിക്കാമോ?

ക്ലാർക്ക്/കാഷ്യർ തസ്തികയിലെ 1 ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്.

(ഡി) പ്രസ്തുത നിയമനം സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ്സുകൾ നിലവിലുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. ക്ലാർക്ക്/കാഷ്യർ, പ്യൂൺ തസ്തികകളിലെ നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി)നം. 27938/19, ഡബ്ല്യൂ.പി.(സി)നം. 34299/19, ഡബ്ല്യൂ.പി.(സി)നം. 27908/19 എന്നീ കേസുകൾ പെന്റിംഗിലുണ്ട്. പ്യൂൺ തസ്തികയിലെ നിയമനം സംബന്ധിച്ച് നിലനിന്നിരുന്ന ഡബ്ല്യൂ.പി.(സി)നം. 5838/14, ഡബ്ല്യൂ.പി.(സി)നം. 1331/20 എന്നീ കേസുകളിൽ 04.02.2020-ന് ബഹുമാനപ്പെട്ട ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം വേക്കൻസി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വീടുകളിലെത്തി നടത്തുന്ന ഭൂമി രജിസ്ട്രേഷൻ

265(3697) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെത്തുടർന്ന് വീടുകളിലെത്തി നടത്തുന്ന ഭൂമി രജിസ്ട്രേഷന് നിയന്ത്രണമേർപ്പെടുത്തിയതോടെ വൃദ്ധരും, ഭിന്നശേഷിക്കാരും രോഗികളുമായവർ സ്വത്തുക്കൾ കൈമാറുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ആർ.ടി.പി.സി.ആർ. ടെസ്റ്റ് നിർബന്ധമാക്കിയതുമൂലം കിടപ്പുരോഗികൾ ഉൾപ്പെടെയുള്ള ഇത്തരക്കാർക്ക് ഭൂമി കൈമാറ്റം നടത്താൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുള്ളത് പരിഹരിക്കുന്നതിന് എന്തെങ്കിലും പുതുക്കിയ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായത് ശ്രദ്ധയിൽപ്പെട്ടതിനാൽ, വാസസ്ഥല രജിസ്ട്രേഷൻ അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിന് ആർ.ടി.പി.സി.ആർ. ടെസ്റ്റ് നെഗറ്റീവ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കേണ്ടതില്ലെന്ന് എല്ലാ രജിസ്റ്ററിംഗ് ഓഫീസർമാർക്കും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ

266(3698) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷന് ഏതൊക്കെ നിയമങ്ങളാണ് നിലവിലുള്ളത്?

നിലവിൽ കേരളത്തിൽ ചാരിറ്റബിൾ സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുന്നത് 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട്, 1955-ലെ തിരു-

കൊച്ചി സാഹിത്യ ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് എന്നിവ പ്രകാരമാണ്.

(ബി) ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷന് സംസ്ഥാനത്ത് ഏകീകൃത നിയമം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

പരിഗണനയിലുണ്ട്.

(സി) ഇതുസംബന്ധിച്ച് രജിസ്ട്രേഷൻ വകുപ്പിൽ എന്തെങ്കിലും പ്രൊപ്പോസൽ ഉണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പരിശോധിച്ചു വരുന്നു.

രജിസ്ട്രേഷൻ അഴിമതി രഹിതമാക്കാൻ നടപടി

267 (3699) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. അബ്ദുൽ ഹമീദ്. പി:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രജിസ്ട്രേഷൻ ഓഫീസുകളിലെ അഴിമതി അവസാനിപ്പിക്കുന്നതിനും രജിസ്ട്രേഷൻ നടപടികൾ സുതാര്യമാക്കുന്നതിനും ഓരോ രജിസ്ട്രേഷനും നിശ്ചയിച്ചിട്ടുള്ള ഫീസ് വിവരം ഓഫീസുകളിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സബ് രജിസ്ട്രാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ രജിസ്ട്രേഷൻ ഫീസ് പട്ടികയുടെ പ്രസക്ത ഭാഗം പ്രദർശിപ്പിക്കണമെന്ന് രജിസ്ട്രേഷൻ മാന്വൽ പാർട്ട് II, വാല്യം 1-ലെ ഓർഡർ നമ്പർ 891 (സി)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, മുദ്രവില എന്നിവ സംബന്ധിച്ച വിവരം പൊതുജനങ്ങളുടെ അറിവിലേയ്ക്കായി രജിസ്ട്രേഷൻ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaregistration.gov.in -ൽ ലഭ്യമാക്കിയിട്ടുമുണ്ട്.

(ബി) ആധാരമെഴുത്തുകാരുടെ സേവനം ഏകീകരിക്കുന്നതിന് ആധാരമെഴുത്തുകാർക്ക് നൽകേണ്ട ഫീസ് സംബന്ധിച്ച് വ്യക്തത വരുത്തുമോ?

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 29/08/2009-ലെ L1/15679/2009 നമ്പർ വിജ്ഞാപനം പ്രകാരം ആധാരം എഴുത്തുകാർക്ക് നൽകേണ്ട ഫീസ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ടി ഫീസ് പട്ടിക എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ ആയത് രജിസ്ട്രേഷൻ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിലും ലഭ്യമാണ്. ആധാരമെഴുത്ത് ഫീസ് പട്ടിക എല്ലാ ആധാരമെഴുത്ത് ഓഫീസിലും പൊതുജനങ്ങൾക്ക് കാണാവുന്ന രീതിയിൽ മലയാളത്തിൽ പ്രദർശിപ്പിക്കേണ്ടതാണെന്ന്

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ 23/09/1983-ലെ എം1-29765/83 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വസ്തു കൈമാറ്റത്തിന് ഭൂമിയുടെ ന്യായവില അടിസ്ഥാനമാക്കി രജിസ്ട്രേഷൻ നടപടികൾ നടത്തുന്നതിനാവശ്യമായ ഇടപെടലുകൾ സാധ്യമാണോ എന്ന് പരിശോധിക്കുമോ; വ്യക്തമാക്കുമോ?

ന്യായവിലയോ, വസ്തുവിന്റെ യഥാർത്ഥ വില/പ്രതിഫലം ഏതാണോ കൂടുതൽ അതിന് മുദ്രവില ചുമത്തുന്നതിനാണ് കേരള മുദ്രപത്ര ആക്ടിൽ വ്യവസ്ഥയുള്ളത്. വസ്തു കൈമാറ്റത്തിന് ഭൂമിയുടെ ന്യായവില അടിസ്ഥാനമാക്കി മാത്രം രജിസ്ട്രേഷൻ നടപടികൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തന്നെ സർക്കാരിന്റെ പരിഗണനയിലില്ല.

കാഞ്ഞിരംകുളം സബ്രജിസ്ട്രാർ ഓഫീസ്

268 (3700) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഓഫീസ് മന്ദിരത്തിന്റെ ഉദ്ഘാടനം കഴിഞ്ഞ് പത്ത് മാസമായിട്ടും കാഞ്ഞിരംകുളം സബ്രജിസ്ട്രാർ ഓഫീസിന്റെ പ്രവർത്തനം വാടക കെട്ടിടത്തിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഓഫീസ് അടിയന്തരമായി പുതിയ മന്ദിരത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

കാഞ്ഞിരംകുളം സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിടത്തിൽ കോംപാക്ട് റാക്കുകൾ സ്ഥാപിക്കേണ്ടതായും, വൈദ്യുതി കണക്ഷൻ ലഭ്യമാക്കേണ്ടതായുമുണ്ട്. കൂടാതെ പുതിയ കെട്ടിടത്തിലേയ്ക്ക് ഓഫീസിന്റെ പ്രവർത്തനം മാറ്റുന്നതിനായി ഓഫീസിലെ ആധാര പകർപ്പുകൾ ഉൾപ്പെടുന്ന വാല്യങ്ങളും ഫർണിച്ചറുകളും, കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും മാറ്റേണ്ടതായിട്ടുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വയനാട് ജില്ല രജിസ്ട്രാർ ഓഫീസ്

269 (3701) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ജില്ല രജിസ്ട്രാർ ഓഫീസ് നിലവിൽ വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) എങ്കിൽ എത്ര തുക പ്രതിമാസം വാടകയിനത്തിൽ ചെലവാകുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

01.01.2015 മുതൽ 15,840/- (പതിനയ്യായിരത്തി എണ്ണൂറ്റി നാൽപ്പത്) രൂപ നിരക്കിൽ വാടക പുതുക്കി നിശ്ചയിച്ചിട്ടുണ്ടെങ്കിലും വാടക കരാർ രജിസ്റ്റർ ചെയ്യാത്തതിനാൽ പുതുക്കിയ വാടക നൽകിയിട്ടില്ല.

(സി) രജിസ്ട്രേഷൻ വകുപ്പിന് വയനാട് ജില്ലയിൽ എവിടെയെങ്കിലും സ്വന്തമായി ഭൂമിയുണ്ടോ?

മാനന്തവാടി, വെള്ളമുണ്ട, വൈത്തിരി, സുൽത്താൻബത്തേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകൾ പ്രവർത്തിക്കുന്നത് വകുപ്പിന്റെ സ്വന്തം സ്ഥലത്താണ്.

(ഡി) സ്വന്തം സ്ഥലത്ത് രജിസ്ട്രാർ ഓഫീസ് കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

വർക്കല സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

270 (3702) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ:

2016-17 ബഡ്ജറ്റ് പ്രകാരം കിഫ്ബി മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വർക്കല സബ് രജിസ്ട്രാർ ഓഫീസിന് 1,75,58,000/- രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സോണൽ എക്സംഷനുവേണ്ടിയുള്ള നടപടിയും, പരിഷ്കരിച്ച സൈറ്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് കെട്ടിട നിർമ്മാണം സംബന്ധിച്ച് കെട്ടിടത്തിന്റെ ബിൽഡിംഗ് പെർമിറ്റ്, അപ്രൂവ്ഡ് പ്ലാൻ എന്നിവ കിഫ്ബിയിലേക്ക് സമർപ്പിക്കുകയും, പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തെ പഴയ കെട്ടിടം പൊളിച്ചു മാറ്റുകയും ചെയ്തിട്ടുണ്ട്.

(ബി) നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ?

കോവിഡ് മഹാമാരിയോടനുബന്ധിച്ച് ചില നിയന്ത്രണങ്ങൾ നിലവിൽ വന്നതിനാൽ ടെണ്ടർ കമ്മിറ്റി 2021 ജൂൺ അവസാനവാരമാണ് കൂടിയത്. പ്രസ്തുത ദർഘാസിൽ പങ്കെടുത്ത ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരൻ ഈ പ്രവൃത്തിയുടെ ഫോം പിരീഡ് നീട്ടി നൽകുന്നതിനും പ്രവൃത്തി ഏറ്റെടുക്കുന്നതിനും വിസമ്മതം പ്രകടിപ്പിച്ചതിനാൽ പ്രസ്തുത ദർഘാസ് റദ്ദ് ചെയ്ത് 23.07.2021-ൽ പുനർദർഘാസ്

ക്ഷണിച്ചിരിക്കുകയാണ്. ആയതിന്റെ ഓപ്പണിംഗ് 06.08.2021-നാണ് തീരുമാനിച്ചിരിക്കുന്നത്. ദർഘാസിന്റെ നടപടികൾ പൂർത്തീകരിച്ച് ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

(സി) പ്രസ്തുത ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന് വാടകയിനത്തിൽ എത്ര രൂപ ചെലവ് വരുന്നുവെന്ന് വ്യക്തമാക്കാമോ?

പ്രതിമാസം 30,000/- (മുപ്പതിനായിരം രൂപ) വാടക ഇനത്തിൽ ചെലവ് വരുന്നുണ്ട്.

രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണം

271 (3703) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാലക്കാട് ജില്ലയിലെ ഏതെല്ലാം രജിസ്ട്രേഷൻ ഓഫീസുകളാണ് നവീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിനായി അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി, ഒറ്റപ്പാലം, തൃത്താല, വടക്കഞ്ചേരി, കുമരനെല്ലൂർ, കുഴൽമന്ദം, അലനല്ലൂർ, നെന്മാറ, മണ്ണാർക്കാട്, ചിറ്റൂർ, അഗളി എന്നീ സബ് രജിസ്ട്രാർ

ഓഫീസുകൾ നവീകരിച്ചുട്ടുണ്ട്. ഇതിനായി അനുവദിച്ച/ചെലവായ തുക ചെറുപ്പുളശ്ശേരി-1,13,48,041/- (കിഫ്ബി) ഒറ്റപ്പാലം-1,27,76,221/- (കിഫ്ബി) തൃത്താല-1,00,24,146/- (കിഫ്ബി) വടക്കഞ്ചേരി-48,78,743/- (pwd) കുമരനെല്ലൂർ-78,81,288/- (pwd) കുഴൽമന്ദം-59.30 ലക്ഷം (കിഫ്ബി) അലനെല്ലൂർ-7,20,983/- (pwd) നെന്മാറ-2,04,534.46/- (pwd) മണ്ണാർക്കാട്-3,00,000/- (pwd) ചിറ്റൂർ-9,44,562/- (pwd) അഗളി -1,40,000/- (pwd) പ്രവൃത്തി-നിലവിലെ സ്ഥിതി ചെർപ്പുളശ്ശേരി, ഒറ്റപ്പാലം, തൃത്താല, വടക്കഞ്ചേരി, കുമരനെല്ലൂർ എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ പുതിയകെട്ടിട നിർമ്മാണം പൂർത്തിയാക്കി ഓഫീസ് പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിച്ചിട്ടുണ്ട്. കുഴൽമന്ദം - പുതിയ കെട്ടിടത്തിന്റെ നിർമ്മാണം, തിരുവനന്തപുരം എൽ.എസ്.ജി.ഡി. ടൈബ്യൂണലിന്റെ സ്റ്റേ ഉള്ളതിനാൽ പൂർത്തിയായിട്ടില്ല. സ്റ്റേ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അലനെല്ലൂർ-അറ്റകുറ്റപണികൾ പൂർത്തിയാക്കി. കുഴൽ കിണർ, വാട്ടർ ടാങ്ക് എന്നിവയുടെ പണി തുടങ്ങിയിട്ടില്ല. നെന്മാറ, മണ്ണാർക്കാട്, ചിറ്റൂർ എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി. അഗളി - രണ്ട് റാംപ്, ചവിട്ടുപടികൾ എന്നിവയുടെ പണികൾ പൂർത്തീകരിച്ചു വരുന്നു.

വാമനപുരം മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ

272(3704) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ ഏതൊക്കെയെന്നും അവ എവിടെയാണ് പ്രവർത്തിക്കുന്നതെന്നും അറിയിക്കാമോ?

വാമനപുരം മണ്ഡലത്തിൽ വാമനപുരം, കല്ലറ, പാലോട് എന്നീ സബ് രജിസ്ട്രാർ ഓഫീസുകളാണുള്ളത്. വാമനപുരം സബ് രജിസ്ട്രാർ ആഫീസ് വാമനപുരം ജംഗ്ഷനിൽ വാമനപുരം പഞ്ചായത്തിൽ വാർഡ് IV ൽ 331-ാം നമ്പർ സർക്കാർ വക കെട്ടിടത്തിലും കല്ലറ സബ് രജിസ്ട്രാർ ആഫീസ് കല്ലറ പഞ്ചായത്ത് വക കെട്ടിടത്തിലും പാലോട് സബ് രജിസ്ട്രാർ ആഫീസ് നന്ദിയോട് ഗ്രാമപഞ്ചായത്തിൽ കുറുന്താളി വാർഡിൽ പാലോട് ബസ് സ്റ്റാന്റിന് സമീപം സർക്കാർ വക കെട്ടിടത്തിലും പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത ഓഫീസുകളുടെ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ?

വാമനപുരം സബ് രജിസ്ട്രാർ ഓഫീസ്-ഏകദേശം 50 വർഷത്തോളം പഴക്കമുള്ള സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിനും ചുറ്റുമതിലിനും

അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു. കല്ലറ സബ് രജിസ്ട്രാർ ആഫീസ് - കല്ലറ പഞ്ചായത്തുവക കെട്ടിടത്തിൽ നിലവിൽ മതിയായ അടിസ്ഥാന സൗകര്യങ്ങളോടുകൂടി ഓഫീസ് പ്രവർത്തിച്ചുവരുന്നു. പാലോട് സബ് രജിസ്ട്രാർ ആഫീസ്-മതിയായ സൗകര്യങ്ങളോടുകൂടി ഓഫീസ് പ്രവർത്തിച്ചുവരുന്നു.

(സി) മതിയായ സൗകര്യമില്ലാത്ത കെട്ടിടങ്ങൾക്ക് പകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വാമനപുരം മണ്ഡലത്തിലെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും മതിയായ സൗകര്യമുള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

ചങ്ങനാശ്ശേരി മണ്ഡലത്തിലെ രജിസ്ട്രേഷൻ ഓഫീസുകൾ

273(3705) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി മണ്ഡലത്തിലെ രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ രജിസ്ട്രേഷൻ വകുപ്പിന് കീഴിൽ ചങ്ങനാശ്ശേരി, തെങ്ങണ എന്നീ രണ്ട് സബ് രജിസ്ട്രാർ ഓഫീസുകളാണുള്ളത്. ചങ്ങനാശ്ശേരി സബ് രജിസ്ട്രാർ ഓഫീസ് ഭവനനിർമാണ ബോർഡിന്റെ (കെ.എസ്.എച്ച്.ബി.) വക റവന്യൂ ടവറിലും തെങ്ങണ ഓഫീസ് സ്വകാര്യവ്യക്തിയുടെ വക വാടക കെട്ടിടത്തിലുമാണ് പ്രവർത്തിച്ചുവരുന്നത്. ആയതിനാൽ ഈ ഓഫീസുകളിൽ സർക്കാരിന്റെ ധനസഹായത്തോടു കൂടി നവീകരണ പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല.

(ബി) പ്രസ്തുത ഓഫീസുകളുടെ നവീകരണത്തിനായി എത്ര തുക അനുവദിച്ചു; അതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ; ഓരോ പ്രവൃത്തിയുടെയും പുരോഗതി വ്യക്തമാക്കാമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ രജിസ്ട്രേഷൻ വകുപ്പിന് കീഴിൽ ചങ്ങനാശ്ശേരി, തെങ്ങണ എന്നീ രണ്ട് സബ് രജിസ്ട്രാർ ഓഫീസുകളാണുള്ളത്. ചങ്ങനാശ്ശേരി സബ് രജിസ്ട്രാർ ഓഫീസ് ഭവനനിർമാണ ബോർഡിന്റെ (കെ.എസ്.എച്ച്.ബി.) വക റവന്യൂ ടവറിലും തെങ്ങണ ഓഫീസ് സ്വകാര്യവ്യക്തിയുടെ വക വാടക കെട്ടിടത്തിലുമാണ് പ്രവർത്തിച്ചുവരുന്നത്. ആയതിനാൽ ഈ ഓഫീസുകളിൽ സർക്കാരിന്റെ ധനസഹായത്തോടുകൂടി നവീകരണ പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല.

സബ് രജിസ്ട്രാർ തസ്തികയിലെ ഒഴിവുകൾ

274(3706) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിലെ സബ് രജിസ്ട്രാർ തസ്തികയിൽ 2021 വർഷത്തിൽ വിരമിക്കൽമൂലം ഉണ്ടായിട്ടുള്ള ഒഴിവുകളുടെ എണ്ണം അറിയിക്കാമോ?

രജിസ്ട്രേഷൻ വകുപ്പിൽ സബ് രജിസ്ട്രാർ തസ്തികയിൽ 2021 വർഷത്തിൽ വിരമിക്കൽമൂലം 40 ഒഴിവുകളുണ്ടായിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിലേക്ക് സെലക്ട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

പ്രസ്തുത തസ്തികയിലേയ്ക്ക് സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിവരുന്നുണ്ടോ?

സബ് രജിസ്ട്രാർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത സ്ഥാനക്കയറ്റം വഴി എൻട്രി കേഡറിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-യെ അറിയിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

സ്ഥാനക്കയറ്റത്തെത്തുടർന്ന് എൻട്രി കേഡറിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-യെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 3424, 3459, 3463, 3467, 3469, 3470, 3471, 3472, 3475, 3478, 3480, 3527 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 എ.എം.]

II. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 545-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനത്തിൽ 13-01-2021-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 545-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു+.

III അടിയന്തരപ്രമേയം

മുതലപ്പൊഴി ഹാർബറിന്റെ അശാസ്ത്രീയ നിർമ്മാണം

മി. സ്പീക്കർ: തിരുവനന്തപുരത്തെ മുതലപ്പൊഴി ഹാർബറിന്റെ അശാസ്ത്രീയ നിർമ്മാണംമൂലം അപകടങ്ങൾ സംഭവിക്കുകയും നിരവധി പേർക്ക് പരിക്കുപറ്റുകയും മത്സ്യത്തൊഴിലാളികളുൾപ്പെടെ നിരവധി പേർക്ക് മരണം സംഭവിക്കുകയും ചെയ്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്,

+ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്

അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം മുതലപ്പൊഴി പ്രദേശത്ത് 11 അപകടങ്ങളിലായി 4 മരണങ്ങളുണ്ടായിട്ടുണ്ട്. 03-08-2021-ന് രാവിലെ 6.30-ഓടെ മുതലപ്പൊഴിയിൽനിന്നും മത്സ്യബന്ധനത്തിനുപോയ പെരുമാതുറ സ്വദേശി അമീനിന്റെ താങ്ങുവള്ളം മുതലപ്പൊഴി മുഖത്തുവച്ച് തിരയിൽപ്പെട്ട് ബോട്ടിന്റെ പുറകെ വരികയായിരുന്ന മറ്റൊരു വള്ളവുമായി കൂട്ടിയിടിക്കുകയുണ്ടായി. ഇടിയുടെ ആഘാതത്തിൽ താങ്ങുവള്ളം തകരുകയും മത്സ്യത്തൊഴിലാളികൾ പൊഴിയിൽ വീഴുകയും ചെയ്തു. തൊഴിലാളികളെ മറ്റ് ചെറിയ വള്ളങ്ങളുടെ സഹായത്തോടെ രക്ഷപ്പെടുത്തിയതിനാൽ ആളപായം സംഭവിച്ചില്ല. താങ്ങുവള്ളത്തിലുണ്ടായിരുന്ന 14 മത്സ്യത്തൊഴിലാളികൾക്ക് പരിക്കുപറ്റി. ഇവർ ചിറയിൻകീഴ് താലൂക്കാശുപത്രിയിൽ ചികിത്സ തേടിയിരുന്നു. വള്ളം തകരുകയും എഞ്ചിനും വലയും കടലിൽ നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. പോലീസ്, റവന്യൂ, ഫിഷറീസ് എന്നീ വകുപ്പുദ്യോഗസ്ഥർ നടത്തിയ

ചർച്ചയെത്തുടർന്ന് തകർന്ന ബോട്ടിന്റെ നഷ്ടം പരിഹരിക്കുന്ന കാര്യവും പരിക്കേറ്റവർക്ക് മതിയായ ചികിത്സാ സഹായം ലഭ്യമാക്കുന്ന കാര്യവും പരിശോധിച്ചുവരികയാണ്.

ബഹുമാനപ്പെട്ട അംഗങ്ങളുന്നയിച്ച വിഷയത്തിന്റെ ഭാഗമായി ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. വിഴിഞ്ഞത്ത് ടൗട്ടെ ചുഴലിക്കാറ്റിൽ ഏഴ് വള്ളങ്ങൾക്ക് അപകടം സംഭവിക്കുകയും മൂന്നാളുകൾ മരിക്കുകയും ചെയ്തിട്ടുണ്ട്. തുമ്പ ഭാഗത്ത് ടൗട്ടെ ചുഴലിക്കാറ്റിൽപ്പെട്ട് ഒരു വള്ളത്തിന് അപകടം സംഭവിച്ചിട്ടുണ്ട്. അവിടെ മരണമുണ്ടായിട്ടില്ല. 20-07-2021-ന് തൃശ്ശൂർ ഭജനമഠം ഭാഗത്ത് ശക്തമായ തിരമാലയിൽപ്പെട്ട് തിലകൻ എന്നയാൾ മരണപ്പെട്ടിട്ടുണ്ട്. 03-08-2021-ന് കോഴിക്കോട് പുതിയാപ്പ ഹാർബറിനുസമീപം മത്സ്യബന്ധനത്തിനുപോയ ഫൈബർ വള്ളം മറിഞ്ഞ് മൂന്ന് മത്സ്യത്തൊഴിലാളികൾക്ക് സാരമായി പരിക്കേറ്റിട്ടുണ്ട്. 04-07-2021-ന് രാവിലെ 6 മണിക്ക് കാസർഗോഡ് കസബ അഴിമുഖത്ത് മത്സ്യബന്ധനത്തിനുപോയ ചന്ദ്രന് അപകടമുണ്ടാകുകയും സന്ദീപ്, കാർത്തിക്, രതീഷ് എന്നിവർ മരണപ്പെടുകയുമുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ തീരദേശ മേഖലയിലെ എം.എൽ.എ.-മാരുടെ യോഗം വിളിച്ചുചേർത്തിരുന്നു. എല്ലാ

എം.എൽ.എ.-മാരും ആ യോഗത്തിൽ പങ്കെടുത്തു. അവർ പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അപകടം ഏറ്റവും രൂക്ഷമായ കാസർഗോഡ്, വിഴിഞ്ഞം, മുതലപ്പൊഴി അടക്കമുള്ള എല്ലാ പ്രദേശങ്ങളിലും മന്ത്രിയെന്ന നിലയിൽ ഞാൻ പോകുകയും ബന്ധപ്പെട്ട എം.എൽ.എ.-മാരുമായും ജനപ്രതിനിധികളുമായും ചർച്ച നടത്തുകയും ചെയ്തു. മുതലപ്പൊഴി ഹാർബറുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. അവിടെയും ഞാൻ പോയിരുന്നു. കൂടാതെ, വിഴിഞ്ഞത്തെയും മുതലപ്പൊഴിയിലെയും പ്രശ്നങ്ങൾ പരിഹരിക്കാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് നിർദ്ദേശം കൊടുത്തിരുന്നു. വിഴിഞ്ഞത്തെ രണ്ട് പൊഴിയിലെയും മൗത്തിൽ വരുന്ന മണ്ണ് ഡ്രഡ്ജ് ചെയ്യേണ്ട ഉത്തരവാദിത്വം അദാനി പോർട്ട് ട്രസ്റ്റിനായിരുന്നു. തിരമാലയും മറ്റ് തരത്തിലുള്ള കടൽക്ഷോഭവും ഉണ്ടാകുമ്പോൾ അടിഞ്ഞുകൂടുന്ന മണ്ണ് മാറ്റാൻ പലപ്പോഴും അവർ ശ്രമിക്കാതെ വന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടു. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ചേർന്ന നാല് യോഗങ്ങളിൽ ഞാൻ പങ്കെടുത്തിരുന്നു. അതിന്റെ ഭാഗമായി വിഴിഞ്ഞത്ത് ഡ്രഡ്ജിംഗ് ആരംഭിച്ചു. ഇപ്പോൾ അവിടത്തെ അപകടം ഒരുപരിധിവരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. മുതലപ്പൊഴിയിലും അതുപോലെ

യോഗം നടത്തി. അവിടെയും അദാനി പോർട്ട് ട്രസ്റ്റിന്റെ ഡ്രഡ്ജിംഗാണ് നടക്കേണ്ടത്. അവിടെയും മൗത്തിലേയ്ക്ക് ഡ്രഡ്ജർ എത്താൻ ബുദ്ധിമുട്ടുള്ള സന്ദർഭമായതുകൊണ്ട് ഒരു മാസത്തിനുള്ളിൽ ഡ്രഡ്ജിംഗ് നടത്താനാണ് ആലോചിച്ചിട്ടുള്ളത്. മൗത്തിന് വീതി കുറവാണെന്നതാണ് മുതലപ്പൊഴിയിലെ പ്രശ്നം. അവിടെ മണ്ണ് അടിഞ്ഞുകൂടുമ്പോൾ അതിലൂടെ സഞ്ചരിക്കുന്ന ബോട്ടുകൾക്കും വള്ളങ്ങൾക്കും സ്വാഭാവികമായും അപകടം സംഭവിക്കാൻ സാദ്ധ്യതയുണ്ട്. ബഹുമാനപ്പെട്ട വി. ശശി, എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഞാൻ പങ്കെടുത്തിരുന്നു. ഹാർബറിന്റെ പൊഴിയിലും ചാനലിലും 5 മീറ്റർ ആഴമുണ്ടാക്കുന്ന വിധത്തിൽ സെപ്റ്റംബർ മാസം 15-ാം തീയതി മുതൽ അദാനി ഗ്രൂപ്പിന്റെ നേതൃത്വത്തിലുള്ള ഡ്രഡ്ജിംഗ് ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പെരുമാതുറ-താഴംപള്ളി ഹാർബർ ഭാഗത്ത് 3 മീറ്റർ ആഴം ഉറപ്പാക്കുന്ന വിധത്തിൽ അദാനി ഗ്രൂപ്പ് സെപ്റ്റംബർ മാസം 15-ാം തീയതി മുതൽ ഡ്രഡ്ജിംഗ് ആരംഭിക്കും. ഡ്രഡ്ജിംഗിനുശേഷം ചാനൽബേ ഇട്ട് യാനങ്ങൾക്ക് സുരക്ഷിത പാതയൊരുക്കും. മുതലപ്പൊഴി പുലിമുട്ടിന് തെക്കുഭാഗത്തും തീരശോഷണം സംഭവിക്കുന്ന വടക്കുഭാഗത്തും സാൻഡ് ബൈപ്പാസ് നടത്തുന്നതിന് Environmental Impact Assessment (EIA)

സ്റ്റഡി നടത്തി മൂന്നുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ സ്റ്റഡി ആരംഭിച്ചിട്ടുണ്ട്. എല്ലാ കാലവർഷത്തിനുശേഷവും ചില മൗത്തുകളിൽ ഡ്രഡ്ജിംഗ് നടത്തേണ്ട പ്രശ്നം വന്നിട്ടുണ്ട്. ഇത് ഗൗരവമായി ഗവൺമെന്റ് കാണുന്നുണ്ട്.അതുപോലെ പൊഴിഭാഗത്ത് മണ്ണടിയുന്നതും തിരയിളക്കം ഒഴിവാക്കുന്നതും പുലിമുട്ടിന്റെ നീളം കൂട്ടുന്നതുൾപ്പെടെ ചെന്നൈ National Institute of Ocean Technology (NIOT) മുഖേന പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ തീരുമാനിച്ചു. അതിന്റെ സ്റ്റഡിയും ആരംഭിച്ചിട്ടുണ്ട്. ഇവിടെ ഉന്നയിച്ച മുതലപ്പൊഴിയിൽ അല്പംകൂടി എക്സ്റ്റൻഷൻ ആവശ്യമാണെന്നാണ് എന്റെ വിശ്വാസം. അവിടെ നീളം കൂട്ടിയാൽ ആ പ്രശ്നത്തിന് പരിഹാരം കാണാം. പക്ഷേ, സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ അത് ചെയ്യാൻ സാധിക്കുകയുള്ളൂ. അവിടത്തെ മത്സ്യത്തൊഴിലാളി സംഘടനകളും മത്സ്യത്തൊഴിലാളികളും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, ജനങ്ങളുടെ മുമ്പിൽ ഈ സ്റ്റഡി റിപ്പോർട്ട് അവതരിപ്പിച്ച് അവരുടെ അഭിപ്രായംകൂടി കേട്ടിട്ടുമാത്രമേ ഇതിൽ അന്തിമ തീരുമാനമെടുക്കുകയുള്ളൂ. ആ പ്രവൃത്തികൂടി പൂർത്തീകരിച്ചാൽ മുതലപ്പൊഴിയിലെ അപകടങ്ങൾ പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കും. വിഴിഞ്ഞത്തെ രൂക്ഷമായ പ്രശ്നം ഇപ്പോൾ പരിമിതപ്പെട്ടിട്ടുണ്ട്. ശ്രീ. എൻ.

എ. നെല്ലിക്കുന്നിന്റെ മണ്ഡലമായ കാസർഗോഡ് ഞാൻ പോയിരുന്നു. അവിടെ 17 കോടി രൂപയുടെ വർക്ക് ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിക്കുകയാണ്. ഈ മൂന്ന് സ്ഥലത്താണ് രൂക്ഷമായ പ്രശ്നമുള്ളത്. ഈ മൂന്ന് സ്ഥലങ്ങളിലെയും പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഇത്രയും ഗുരുതരമായ പ്രശ്നത്തെ വളരെ ലാഘവത്തോടെ ബഹുമാനപ്പെട്ട മന്ത്രി കണ്ടതിൽ ശക്തമായ പ്രതിഷേധം ഞാൻ അറിയിക്കുകയാണ്. നാലുപേർ മരിച്ചെന്ന് അദ്ദേഹം പറഞ്ഞത് ഈ സർക്കാർ വന്നതിനുശേഷമുള്ള കണക്കാണ്. മരണത്തിന്റെ കണക്കിൽ അഭിപ്രായവ്യത്യാസമുണ്ട്. ഈ വർഷം പത്തുപേരാണ് അവിടെ മരണപ്പെട്ടത്. 2016 മുതൽ ഏകദേശം അറുപതോളം പേർ മരണപ്പെട്ട ഹാർബറാണ് മുതലപ്പൊഴി. മുതലപ്പൊഴി അക്ഷരാർത്ഥത്തിൽ മത്സ്യത്തൊഴിലാളികളുടെ മരണപ്പൊഴിയായി മാറിയിരിക്കുകയാണ്. ആർത്തിരമ്പുന്ന തിരമാലകളെ കീറിമുറിച്ചുകൊണ്ടും ഏതുനിമിഷവും അകപ്പെട്ട് പോകാവുന്ന മരണച്ചുഴികളെ അവഗണിച്ചുകൊണ്ടും സ്വന്തം ജീവൻ കയ്യിൽപ്പിടിച്ചുകൊണ്ട് ജീവിക്കാൻവേണ്ടി കടലിന്റെ അപാരതകളിലേയ്ക്ക്

പോകുന്നവരാണ് മത്സ്യത്തൊഴിലാളികൾ. ഈ രാജ്യത്തിന് വിലമതിക്കാനാകാത്ത വിദേശനാണ്യം നേടിത്തരുന്ന മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നമ്മൾ നിർമ്മിച്ച ഹാർബർ അവരുടെ മരണക്കുടുക്കായി മാറുമ്പോൾ അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ ഈ സഭയ്ക്ക് സമയമില്ലേ? 2018-ലെ പ്രളയകാലത്ത് യാതൊരു മുന്നറിയിപ്പുമില്ലാതെ ഡാമുകൾ തുറന്നുവിട്ടതിനെത്തുടർന്ന് അങ്ങയുടെ നിയോജകമണ്ഡലത്തിൽ വെള്ളം പൊങ്ങിയപ്പോൾ സംസ്ഥാനത്തിന്റെ എല്ലാ ഔദ്യോഗിക സംവിധാനങ്ങളും യാതൊരു തരത്തിലും അങ്ങയെ സഹായിക്കാൻ വരാതിരുന്നപ്പോൾ അങ്ങ് പൊട്ടിക്കരഞ്ഞത് കേരളം മുഴുവൻ കണ്ടതാണ്. അങ്ങയുടെ നിലവിളി പലരെയും അലോസരപ്പെടുത്തിയെങ്കിലും ആ നിലവിളിയിൽ അടങ്ങിയിരിക്കുന്ന വേദന തിരിച്ചറിഞ്ഞത് കേരളത്തിലെ മത്സ്യത്തൊഴിലാളികളായിരുന്നുവെന്ന് അങ്ങ് മനസ്സിലാക്കണം. അവർ അങ്ങയുടെ നിയോജകമണ്ഡലത്തിൽ വരികയും ആയിരക്കണക്കിനാളുകളെ രക്ഷപ്പെടുത്തുകയും ചെയ്തു. അങ്ങനെ രക്ഷപ്പെടുത്തിയ മത്സ്യത്തൊഴിലാളികൾ 2016 മുതൽ ഒന്നിനുപിറകെ ഒന്നായി മരിച്ചുകൊണ്ടിരിക്കുമ്പോൾ അതിനെക്കുറിച്ച് ചർച്ച ചെയ്യാനുള്ള ഗൗരവം ഈ വിഷയത്തിനില്ലെന്ന് ആരുപറഞ്ഞാലും അങ്ങ് പറയാൻ പാടില്ലായിരുന്നു.

അറുപതോളം ആളുകൾ മരണപ്പെടുകയും അഞ്ഞൂറിലേറെ ആളുകൾക്ക് പരിക്കേൽക്കുകയും കോടിക്കണക്കിന് രൂപയുടെ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെടുകയും ചെയ്തത് ഒരു ദുരമുഖം വന്നതിനുശേഷമാണെങ്കിൽ അതിനെക്കുറിച്ച് നമ്മൾ ചർച്ച ചെയ്യണ്ടേ? ഫിഷറീസ് വകുപ്പിന്റെ പ്രയോറിറ്റി എന്താണ്; ഗവൺമെന്റിന്റെ പ്രയോറിറ്റിയിൽ ഈ മത്സ്യത്തൊഴിലാളികൾ വരുന്നില്ലേ? ഇത്രയും അപകടങ്ങളുണ്ടായിട്ടും ഒരു പ്രാഥമിക അന്വേഷണംപോലും ഫിഷറീസ് വകുപ്പ് നാളിതുവരെയായി നടത്തിയിട്ടില്ലെന്ന് പറയുമ്പോൾ എത്രമാത്രം ഗൗരവമാണ് നിങ്ങൾ ഈ വിഷയത്തിന് കൊടുക്കുന്നത്? വിവരാവകാശ പ്രവർത്തകനായ ശ്രീ. എം. ജെ. ആനന്ദിന് വിവരാവകാശ നിയമ പ്രകാരം ലഭിച്ച മറുപടിയനുസരിച്ച് ഫിഷറീസ് വകുപ്പ് നാളിതുവരെ ഒരന്വേഷണംപോലും നടത്തിയിട്ടില്ല. ഈ വിഷയം ആറ്റിങ്ങൽ പാർലമെന്റംഗം പാർലമെന്റിൽ ഉന്നയിച്ചപ്പോൾ കേന്ദ്രഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടു, നിലവിൽ ഹാർബറിൽ സുരക്ഷിതത്വ പ്രശ്നങ്ങളൊന്നുമില്ലെന്നാണ് കേരളം റിപ്പോർട്ട് നൽകിയത്. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ സുരക്ഷാ പ്രശ്നമുണ്ടെന്നാണ് പറഞ്ഞത്. എങ്ങനെയാണ് ഈ ഗവൺമെന്റ് മറിച്ചൊരു റിപ്പോർട്ട് കേന്ദ്ര

സർക്കാരിന് കൊടുക്കുന്നത്? കേന്ദ്രമന്ത്രി ശ്രീ. ഗിരി രാജ് സിംഗ് പാർലമെന്റിൽ നൽകിയ മറുപടിയിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

2018-ലെ പ്രളയത്തിലെ യഥാർത്ഥ നായകർ മത്സ്യത്തൊഴിലാളികളല്ലേ? ഈ കോവിഡ് കാലത്ത് യു.പി.-യിലും ഇൻഡ്യയിലെ മറ്റ് പല സംസ്ഥാനങ്ങളിലും ആളുകളുടെ മൃതദേഹങ്ങൾ നദിയിലൂടെ ഒഴുകിനടന്നു. 2018-ലെ പ്രളയകാലത്ത് ചരിത്രത്തിൽ സമാനതകളില്ലാത്ത രക്ഷാപ്രവർത്തനത്തിന് മത്സ്യത്തൊഴിലാളികൾ നേതൃത്വം കൊടുത്തില്ലായിരുന്നുവെങ്കിൽ അതേ സ്ഥിതിവിശേഷം 2019-ൽ കേരളത്തിലുണ്ടാകുമായിരുന്നില്ലേ? ഈ നാട് ഒരു ശ്മശാനമായി മാറാതിരിക്കാനുള്ള ജാഗ്രതയിൽ തങ്ങളുടെ യാനങ്ങൾക്കും തങ്ങൾക്കും എന്ത് സംഭവിക്കുമെന്നുപോലും കണക്കിലെടുക്കാതെ രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയ മത്സ്യത്തൊഴിലാളികളെ കേരളത്തിന്റെ യഥാർത്ഥ സൈന്യമെന്നാണ് മുഖ്യമന്ത്രി വിശേഷിപ്പിച്ചത്. ആ മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായി മത്സ്യബന്ധനം നടത്തുന്നതിനുള്ള സാഹചര്യമൊരുക്കേണ്ട ബാദ്ധ്യത സർക്കാരിനുണ്ട്. ആ ബാദ്ധ്യത സർക്കാർ നിർവ്വഹിക്കണം.

തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴിയുൾപ്പെടെയുള്ള കേരളത്തിലെ പല ഹാർബറുകളും അപകട കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. ഓഖി ദുരന്തത്തിൽ ആകെ 143 പേർ മരിച്ചു. വിഴിഞ്ഞത്ത് മാത്രം 36 പേരാണ് ആ ദുരന്തത്തിൽ മരിച്ചത്. 2016 മുതൽ മുതലപ്പൊഴിയിൽ അറുപതോളം ആളുകൾ മരണപ്പെട്ടു. ഒരു ഹാർബർ വന്നതുകൊണ്ടുമാത്രമാണ് ഇത്രയും ആളുകളുടെ ജീവൻ നഷ്ടപ്പെട്ടത്. ഹാർബർ നിർമ്മിക്കുന്നത് മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതമായ മത്സ്യബന്ധനത്തിന് വേണ്ടിയാണ്. എന്നാൽ അതിന് നേരെ വിപരീതമായ കാര്യങ്ങളാണ് നടക്കുന്നത്. 2016-ൽ മരണങ്ങളുണ്ടായിട്ടും നടപടിയുണ്ടായില്ല. 2017 മുതൽ 2021 വരെയുള്ള വർഷങ്ങളിലെല്ലാം മരണം ഒരു തുടർക്കഥയായി. എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചത്? ഈ ദുരന്തത്തിന് ഒരു പരിഹാരം കാണാൻ സർക്കാരിന് കഴിഞ്ഞില്ലെങ്കിൽ മത്സ്യത്തൊഴിലാളികൾ എന്ത് ചെയ്യും; അവർ ആരോട് പരാതി പറയും? നാഴികയ്ക്ക് നാൽപ്പത് വട്ടം ചേർത്തുനിർത്തുമെന്ന് പറഞ്ഞുകൊണ്ട് വാചകമടിക്കുന്ന സർക്കാരിനോടാണ് മത്സ്യത്തൊഴിലാളികളുടെ ചോദ്യം. മത്സ്യത്തൊഴിലാളികളെ രക്ഷിക്കാനാണോ അതോ സംഹരിക്കാനാണോ ഇത്തരം സംവിധാനങ്ങൾ നമ്മൾ ഒരുക്കുന്നത്? മുതലപ്പൊഴിയിൽ മരണപ്പെട്ട

60 കുടുംബങ്ങളുടെ സങ്കടക്കടൽ കാണാൻ സർക്കാരിന് കഴിയണം. മാരകമായി പരിക്കേറ്റ് മത്സ്യബന്ധനത്തിനുപോലും പോകാൻ കഴിയാതെ, തനിക്ക് ജീവിതം നൽകിയ കടൽ തന്നിൽനിന്ന് അന്യമാകുന്നത് നോക്കിനിന്ന് നെടുവീർപ്പിടുന്ന മത്സ്യത്തൊഴിലാളികളുടെ വേദന കാണാൻ സർക്കാരിന് കഴിയണം. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ സൂചിപ്പിച്ചതുപോലെ, ഈ കഴിഞ്ഞ ചൊവ്വാഴ്ചയും അപകടമുണ്ടായി. യോഗങ്ങൾ കൂടുന്നതിന് ഒരു കുറവുമില്ല. യോഗങ്ങൾ കൃത്യമായി കൂടുന്നു, അപകടങ്ങളും കൃത്യമായി നടക്കുന്നു. അപകടത്തിൽപ്പെട്ടവരെ സഹായിക്കാനും രക്ഷിക്കാനും എന്തെങ്കിലും സംവിധാനമുണ്ടോ? അവിടെ കോസ്റ്റൽ പോലീസിന് ഒരു ബോട്ടുണ്ട്. അപകടത്തിൽപ്പെട്ടവരെ രക്ഷിക്കാൻവേണ്ടി ബോട്ട് ആവശ്യപ്പെട്ടപ്പോൾ വാടകയ്ക്കെടുത്ത ആ ബോട്ടിൽ ഡ്രൈവറില്ല. ഡ്രൈവറുണ്ടെങ്കിൽ ഡീസലില്ല; ഡീസലുണ്ടെങ്കിൽ രക്ഷിക്കാൻ ആളില്ല എന്ന സ്ഥിതിയിലേയ്ക്കാണ് ഫിഷറീസ് വകുപ്പിന്റെ മത്സ്യത്തൊഴിലാളികളെ രക്ഷിക്കാനുള്ള സംവിധാനങ്ങൾ എത്തിനിൽക്കുന്നത്. ഇതുപോലുള്ള സംഭവങ്ങളുണ്ടാകുമ്പോൾ മത്സ്യത്താഴിലാളികൾ റോഡ് ഉപരോധിക്കുകയും പ്രതിഷേധിക്കുകയും ചെയ്യും. അപ്പോൾ ഉദ്യോഗസ്ഥരും ബന്ധപ്പെട്ടവരും വന്ന് ഓരോ ഉറപ്പുകൾ

നൽകും. ആ ഉറപ്പുകളെല്ലാം ജലരേഖയായി മാറിക്കൊണ്ടിരിക്കുകയാണ്. മുതലപ്പൊഴിയുടെ വടക്കുഭാഗത്ത് താഴംപള്ളി, അഞ്ചുതെങ്ങ്, മാമ്പള്ളി, പൂത്തുറ തുടങ്ങിയ പ്രദേശങ്ങളിൽ തീരം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. അഞ്ചുതെങ്ങിൽ മൂന്നുനിരവീടുകളാണ് തീരത്തുണ്ടായിരുന്നത്. അതിൽ രണ്ടുനിര വീടുകളും കടലെടുത്തുകൊണ്ടുപോയി. സ്വാതന്ത്ര്യസമരത്തിന്റെ ആദ്യഘട്ട ചെറുത്തുനില്പായ 1721-ലെ ആറ്റിങ്ങൽ കലാപവും അന്ന് ബ്രിട്ടീഷുകാർ സ്ഥാപിച്ച അഞ്ചുതെങ്ങ് കോട്ടയുമെല്ലാം ഉൾപ്പെടുന്ന ചരിത്രപ്രാധാന്യമുള്ള അഞ്ചുതെങ്ങ് പ്രദേശവും താഴംപള്ളിയും മാമ്പള്ളിയും പൂത്തുറയുമെല്ലാം ഒരു സുപ്രഭാതത്തിൽ നിശ്ശേഷമായി അവിടെനിന്ന് തുടച്ചുമാറ്റപ്പെടുന്ന സാഹചര്യമുണ്ടാകും. മൺമറഞ്ഞുപോയ സാമ്രാജ്യങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി ചരിത്രഗവേഷകന്മാർ പര്യവേക്ഷണം നടത്തുന്നത് സംബന്ധിച്ച് നമ്മളെല്ലാം കേട്ടിട്ടുണ്ട്. നാളെ അഞ്ചുതെങ്ങിനുവേണ്ടിയും ഇത്തരത്തിലൊരു പര്യവേക്ഷണം നടത്തേണ്ട സ്ഥിതിവിശേഷമുണ്ടാകാതിരിക്കാനുള്ള ജാഗ്രത സംസ്ഥാന സർക്കാർ കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ആധുനികകാലത്ത് ഒരു ഭൂപ്രദേശം കടലെടുത്തുകൊണ്ടുപോകുന്നത് അനുവദിക്കാൻ പാടില്ല. തീരം അതേപടി നിലനിർത്തുന്നതിന് കടലിന്റേതായ പാരിസ്ഥിതിക രീതിയുണ്ട്.

മേയ് അവസാനം മുതൽ ആഗസ്റ്റ് വരെ തെക്കോട്ടാണ് കടലിന്റെ ഒഴുക്ക് എന്നതിനാൽ മണൽ തെക്കോട്ട് അടിയും. സെപ്റ്റംബർ അവസാനം മുതൽ ഏപ്രിൽ വരെ തെക്കുനിന്ന് വടക്കോട്ട് ഒഴുകി എടുത്തുകൊണ്ടുപോയ മണൽ തിരിച്ചുകൊണ്ടുവരും. 'Longshore drift' എന്നറിയപ്പെടുന്ന പ്രതിഭാസമാണ് ഈ തീരങ്ങളെ അതുപോലെ നിലനിർത്തുന്നത്. ഈ ഹാർബർ വന്നതോടുകൂടി നാച്വറൽ സാൻഡ് ബൈപ്പാസ് എന്ന സ്ഥിതിവിശേഷം അവിടെയില്ലാതായി. അതുകൊണ്ടാണ് വടക്കുഭാഗത്തുള്ള തീരങ്ങളെല്ലാം ശോഷിച്ചുകൊണ്ടിരിക്കുന്നത്. പ്രതിപക്ഷനേതാവും മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും ആ സ്ഥലം സന്ദർശിച്ചതിനുശേഷം അങ്ങവിടെ പോയി അദാനിക്ക് നിർദ്ദേശം കൊടുത്തു. വിഴിഞ്ഞത്ത് ഡ്രഡ്ജിംഗ് നടത്തിയെന്നും എല്ലാം പരിഹരിച്ചുവെന്നും അങ്ങ് പറഞ്ഞു. ഇന്ന് പോയാലും മൗത്തിൽ കടലടിക്കുന്നു, ഹാർബറിനുള്ളിൽ കടലടിക്കുന്നു, അവിടെ കെട്ടിയിട്ടിരിക്കുന്ന യാനങ്ങൾ പരസ്പരം കൂട്ടിയിടിച്ച് തകർന്നുപോകുന്നു. ശാശ്വതമായ പരിഹാരമാണ് ഇതിനുവേണ്ടത്. ഇത് മുതലപ്പൊഴിയിൽ മാത്രമല്ല വിഴിഞ്ഞത്തെയും പ്രശ്നമാണ്. വിഴിഞ്ഞത്ത് രണ്ടുമാസത്തിനുള്ളിൽ മൂന്ന് മരണങ്ങളുണ്ടായി. ദശലക്ഷക്കണക്കിന് രൂപയുടെ യാനങ്ങളും മത്സ്യബന്ധനോപകരണങ്ങളും നഷ്ടമായി. ഹാർബറിലെ ടെട്രാപോഡുകളും

പാറകളും ഒലിച്ചുപോയി. അതെല്ലാം അടിയന്തരമായി പുനഃസ്ഥാപിച്ചുകൊണ്ട് അവിടെ ഡ്രഡ്ജിംഗ് നടത്താനുള്ള ഒരു സ്ഥിരം സംവിധാനമുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മുതലപ്പൊഴിയുൾപ്പെടെയുള്ള ഹാർബറുകളിൽ അപകടം കൂടുതലുള്ള സ്ഥലത്ത് അടിയന്തരമായി റെസ്ക്യൂ ടീമിനെ ഏർപ്പെടുത്തണം. മണൽ അടിയുന്ന ഇടമുഖങ്ങളിൽ സാൻഡ് ബൈപ്പാസിംഗ് നടത്തണം. പോണ്ടിച്ചേരി ആവിഷ്കരിച്ച് നടപ്പിലാക്കിയ ഒരു പദ്ധതിയുണ്ട്. അവിടെ വലിയ പൈപ്പ്ലൈൻ സ്ഥാപിച്ച് മോട്ടോർ ഉപയോഗിച്ചാണ് സാൻഡ് ബൈപ്പാസിംഗ് നടത്തുന്നത്. അതിനെക്കുറിച്ച് പഠിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണം. നിലവിലെ പ്രശ്നങ്ങൾ പഠിക്കാൻവേണ്ടി ഒരു ഏജൻസിയെ ചുമതലപ്പെടുത്തിയെന്ന് പറയുന്നു. ആ പഠനത്തിന്റെ മുഖ്യഭാഗവും മത്സ്യത്തൊഴിലാളികളുടെ അനുഭവജ്ഞാനമായിരിക്കണം. കാറ്റിന്റെ ഗതിയും വേലിയേറ്റത്തിന്റെയും വേലിയിറക്കത്തിന്റെയും സ്വഭാവവും കണക്കിലെടുക്കണം. ആ പ്രദേശത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടുള്ള പരിഹാരനടപടികളാണ് വേണ്ടത്. മുതലപ്പൊഴിയിൽ മരണപ്പെടുന്നവരുടെ മൃതദേഹങ്ങൾ സംസ്കരിക്കുന്നതും മത്സ്യത്തൊഴിലാളികൾ തന്നെയാണ്. സംസ്കരിച്ചതിനുശേഷം അന്ന്

വൈകുന്നേരം വീണ്ടും അവർ മത്സ്യബന്ധനത്തിനുപോകും. അവിടെ പതിയിരിക്കുന്ന അപകടത്തിൽപ്പെട്ട് തന്റെ ജീവൻ നഷ്ടപ്പെടുമെന്ന് തിരിച്ചറിഞ്ഞിട്ടും മത്സ്യം പിടിക്കാൻ പോകുന്നത് അവന്റെ വീട് പട്ടിണിയിലാകാതിരിക്കാനാണ്, അവരുടെ മക്കളുടെ വിദ്യാഭ്യാസത്തിനാണ്, അച്ഛനും അമ്മയ്ക്കും മരുന്ന് വാങ്ങാനാണ്. മത്സ്യത്തൊഴിലാളിക്ക് ഈ ജോലിയല്ലാതെ മറ്റൊരു ജോലിയും അറിയില്ല. ഇവിടെ അറുപതോളം ആളുകൾ മരണപ്പെട്ടു. ഇനിയൊരു അറുപത്തിയൊന്നാമൻ മരണപട്ടികയിലുണ്ടാകാതിരിക്കാനുള്ള ജാഗ്രത സർക്കാർ കാണിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അതിനുവേണ്ട ഗൗരവം കൊടുത്തുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. ശശി: സർ, ബഹുമാനപ്പെട്ട എം. വിൻസെന്റ് അവതരിപ്പിച്ച അടിയന്തരപ്രമേയം എന്റെ മണ്ഡലത്തിലുള്ള ഒരു ഹാർബറുമായി ബന്ധപ്പെട്ടാണ്. 2011-ൽ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായാണ് 13 കോടി രൂപ ചെലവിൽ ഈ ഹാർബറിന്റെ നിർമ്മാണം ആരംഭിച്ചത്. നിർമ്മാണം പൂർത്തിയാക്കിയപ്പോൾ അത് അശാസ്ത്രീയമാണെന്ന വിഷയം ഉയർന്നുവന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വീണ്ടും

പഠനവിധേയമാക്കി 31 കോടി രൂപ ചെലവഴിച്ച് പുനർനിർമ്മിച്ച ഹാർബറാണ് നിലവിലുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുതന്നെയാണ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്.

മി. സ്പീക്കർ: സർ, അങ്ങ് ചുരുക്കി വിഷയം അവതരിപ്പിക്കണം. അങ്ങയുടെ മണ്ഡലമായതുകൊണ്ടാണ് സംസാരിക്കാൻ അനുവദിച്ചത്.

ശ്രീ. വി. ശശി: 13 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ഹാർബറിന്റെ നിർമ്മാണം അശാസ്ത്രീയമാണെന്ന കണ്ടെത്തലിന്റെ ഭാഗമായാണ് 31 കോടി രൂപ ചെലവഴിച്ച് അത് പുനർനിർമ്മിച്ചത്. ഇപ്പോഴും അത് അശാസ്ത്രീയമാണെന്ന വിലയിരുത്തലാണ് എല്ലാ ഭാഗത്തുനിന്നും ഉയർന്നുവരുന്നത്. ഇതുസംബന്ധിച്ച് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. അവിടെ ഉയർന്നുവന്ന പ്രശ്നങ്ങളും അപകടങ്ങളുമെല്ലാം ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ ബന്ധപ്പെട്ട എല്ലാ തൊഴിലാളി പ്രതിനിധികളും ജനപ്രതിനിധികളും ഗ്രാമപഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും പ്രതിനിധികളും പങ്കെടുത്തു. അവർ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ പൂർണ്ണമായി അംഗീകരിച്ച് സമയബന്ധിതമായ ഒരു പദ്ധതി നടപ്പാക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുനൽകി. ഇപ്പോൾ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

മുന്നോട്ടുപോകുകയാണ്. ഇതാണ് അതിന്റെ പശ്ചാത്തലം. അപകടങ്ങൾ തുടർച്ചയായി ഉണ്ടാകുന്നുവെന്നത് വസ്തുതയാണ്. അതിന് പരിഹാരം കാണുകയെന്നതായിരുന്നു അന്ന് നടന്ന ചർച്ചയുടെ പ്രധാന ലക്ഷ്യം.

ശ്രീ. സജി ചെറിയാൻ: സർ, മരണസംഖ്യ 60 ആണെന്ന ഇല്ലാത്ത കാര്യം പറഞ്ഞ് ശ്രീ. എം. വിൻസെന്റ് എം.എൽ.എ. ആളുകളെ പ്രയാസപ്പെടുത്തുകയാണ്. മരണപ്പെട്ടവരുടെ കൃത്യമായ കണക്ക് ഇവിടെയുണ്ട്. 2011 മുതൽ ഇതുവരെ ആകെ 16 പേരാണ് അവിടെ മരിച്ചിട്ടുള്ളത്. മരിച്ചവരുടെ എണ്ണം 18 ആയാലും 60 ആയാലും ഒന്നായാലും സങ്കടകരമാണ്. അതിലൊന്നും എനിക്ക് തർക്കമില്ല. പക്ഷേ കണക്കുകൾ പെരുപ്പിച്ച് പറയരുത്. ഈ പ്രശ്നം ആരെങ്കിലും ബോധപൂർവ്വം ഉണ്ടാക്കിയതാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എൽ.ഡി.എഫ്.-യു.ഡി.എഫ്. ഗവൺമെന്റുകളുടെ കാലത്ത് ഹാർബർ നിർമ്മാണങ്ങൾ നടന്നിട്ടുണ്ട്. പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് നിർമ്മാണം നടത്തിയത്. നിർമ്മാണത്തിൽ എന്തെങ്കിലും പോരായ്മയുണ്ടോയെന്ന് പരിശോധനയുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്ത് ആവശ്യമായ പണം അനുവദിച്ച് മുതലപ്പൊഴിയിലെ ഇന്നത്തെ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുമെന്ന് സഭയിൽ ഉറപ്പുനൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം

വിഴിഞ്ഞത്തെ പ്രശ്നം പറഞ്ഞു. വിഴിഞ്ഞത്ത് ഞങ്ങളാരെങ്കിലുമുണ്ടാക്കിയ പ്രശ്നമാണോ? അവിടെ അദാനിയുമായി ഉടമ്പടിയുണ്ടാക്കിയത് പ്രതിപക്ഷമാണ്. ആ ഉടമ്പടിയിന്മേലെടുത്ത തീരുമാനം നടപ്പാക്കുന്ന ഉത്തരവാദിത്വമാണ് സർക്കാരിനുള്ളത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടു, ഞാൻ പങ്കെടുത്ത് നാല് യോഗങ്ങൾ കൂടി ചർച്ച നടത്തി. അതിന്റെ ഫലമായി അവിടെ ഡ്രഡ്ജിംഗ് നടന്നുകൊണ്ടിരിക്കുന്നു. കുറച്ചുഭാഗം തീർന്നു, ഇപ്പോൾ അവിടെ കാര്യമായ പ്രശ്നങ്ങളൊന്നുമില്ലെന്ന് ശ്രീ. എം. വിൻസെന്റിനറിയാം. ആ വിഷയം ഇവിടെ ആവർത്തിക്കേണ്ട കാര്യമില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ കാസർഗോഡ് പോയ കാര്യം പറഞ്ഞു. അവിടെയും പതിനേഴര കോടി രൂപ അനുവദിച്ച് പ്രവൃത്തി ആരംഭിച്ചു. ശ്രീ. എൻ. എ. നെല്ലിക്കുന്നിനെ സംസാരിക്കാൻ അനുവദിക്കാത്തതിനാലായിരിക്കും അദ്ദേഹം ഒന്നും മിണ്ടാത്തതെന്നാണ് ഞാൻ കരുതുന്നത്. അദ്ദേഹത്തിന് വളരെ സന്തോഷമായിരിക്കും, കാരണം ഇനിയൊരു അപകടം അവിടെയുണ്ടാകാത്ത രീതിയിൽ ശാസ്ത്രീയമായിതന്നെ നിർമ്മാണം പൂർത്തീകരിക്കാൻ സർക്കാർ പണം നൽകിയിട്ടുണ്ട്. എത്രയുംവേഗം നിർമ്മാണം പൂർത്തീകരിക്കാൻവേണ്ട തീരുമാനവും എടുത്തിട്ടുണ്ട്. മറ്റുകാര്യങ്ങളിലേയ്ക്കൊന്നും കടക്കേണ്ടതില്ല.

മത്സ്യത്തൊഴിലാളികളെ ഏറ്റവും കൂടുതൽ അംഗീകരിച്ച ഒരു സർക്കാരാണ് ശ്രീ. പിണറായി വിജയന്റെ സർക്കാരെന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. 9985 കോടി രൂപ കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് സംസ്ഥാനത്തെ തീരദേശ മത്സ്യത്തൊഴിലാളി മേഖലയ്ക്ക് നൽകിയിട്ടുണ്ട്. ടൗട്ടെ, ഓഖി ചുഴലിക്കാറ്റുകൾ, പ്രളയം എന്നിവയുടെ പശ്ചാത്തലത്തിലാണ് അപകടങ്ങളുണ്ടാകുന്നത്. 26 ഹാർബറുകളിൽ രണ്ടോമൂന്നോ പ്രദേശങ്ങളിലുണ്ടാകുന്ന അപകടങ്ങൾക്ക് കടൽക്ഷോഭവുമായി ബന്ധമുണ്ട്. അതില്ലായിരുന്നെങ്കിൽ ഇത്രയും വലിയ അപകടമുണ്ടാകുമായിരുന്നില്ല. ഇത്തരമൊരു ഘട്ടത്തിൽ വലിയ തരത്തിലുള്ള പിന്തുണ സർക്കാർ കൊടുക്കുന്നതിന്റെ ഭാഗമായാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ 1500 കോടി രൂപ ഈ വർഷം തീരദേശ മേഖലയ്ക്ക് അനുവദിച്ചത്.

ശ്രീ. എം. വിൻസെന്റ്: സർ, ബഹുമാനപ്പെട്ട മുൻധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റുകളിൽ ഓഖി പുനരധിവാസത്തിനുവേണ്ടി 2000 കോടി രൂപയുടെ പാക്കേജും 5000 കോടി രൂപയുടെ തീരദേശ പാക്കേജും

പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. അതിന്റെ സ്ഥിതി എന്താണെന്ന് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ; പ്രഖ്യാപനങ്ങൾ മാത്രമേയുണ്ടാകുന്നുള്ളൂ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഇതൊരു ചർച്ചയാക്കാൻ സാധിക്കില്ല.

ശ്രീ. സജി ചെറിയാൻ: സർ, ഞാൻ ചർച്ചയിലേയ്ക്ക് പോകുന്നില്ല. തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ സ്ഥിതി സംബന്ധിച്ചുള്ള ചർച്ചയായതിനാലാണ് ഞാൻ അദ്ദേഹത്തെ സംസാരിക്കാൻ അനുവദിച്ചത്. ഈ പ്രശ്നം വസ്തുതാപരമാണ്. അവരുടെ ജീവിതനിലവാരവും സാമൂഹിക-സാമ്പത്തിക സ്ഥിതിയും നമ്മൾ മനസ്സിലാക്കുന്നുണ്ട്. അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികളാണ് ഞാൻ വിശദീകരിച്ചത്. അനുവദിക്കപ്പെട്ട ബഹുഭ്രരിപക്ഷം തുകയും ചെലവഴിച്ചുകൊണ്ടുള്ള മുന്നേറ്റമാണ് കഴിഞ്ഞ അഞ്ചുവർഷവും നടത്തിയത്. പോരായ്മകളുണ്ടെങ്കിൽ ചർച്ച ചെയ്ത് പരിഹരിക്കുമെന്ന കാര്യത്തിൽ സംശയംവേണ്ട. അക്കാര്യത്തിൽ ഒരാശങ്കയുടെയും ആവശ്യമില്ല. ഹാർബറുകളെ സംബന്ധിച്ച് ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ ആകെയുള്ള 26 ഹാർബറുകളിൽ 8 ഹാർബറുകൾ ഈ ഗവൺമെന്റിന്റെ കാലത്താണ്

നിർമ്മിച്ചത്. അവിടെയൊന്നും ഒരപകടവുമില്ലായെന്നത് അഭിമാനത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മത്സ്യത്തൊഴിലാളികൾ കേരളത്തിന്റെ സൈന്യമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് വളരെ അഭിമാനത്തോടുകൂടിയാണ്. ബഹുമാനപ്പെട്ട അംഗം വിഷയം അവതരിപ്പിച്ചപ്പോൾ 2018-ലെ പ്രളയത്തെക്കുറിച്ചും അതിൽ എന്റെ നിലപാടുകളെക്കുറിച്ചും പറഞ്ഞു. അതൊക്കെ നിരവധി തവണ ചർച്ച ചെയ്ത വിഷയമാണ്. 2018-ലെ പ്രളയമുണ്ടാക്കിയ പ്രയാസങ്ങൾക്ക് പരിഹാരം കാണാൻ ആ കാലഘട്ടത്തിൽ സർക്കാർ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് അഭിമാനത്തോടുകൂടി ഈ സഭയിൽത്തന്നെ ഞാൻ പറഞ്ഞിട്ടുണ്ട്, ഇന്നും അഭിമാനത്തോടുകൂടിത്തന്നെ അതിനെ കാണുകയാണ്. ചെങ്ങന്നൂർ മാത്രമല്ല, പത്തനംതിട്ട, ആറന്മുള, റാന്നി എന്നീ പ്രദേശങ്ങളിലും പ്രളയം വലിയ പ്രശ്നങ്ങളുണ്ടാക്കി. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് യുദ്ധകാലാടിസ്ഥാനത്തിൽ എല്ലാ സംവിധാനങ്ങളുമൊരുക്കി അതിനെ അതിജീവിച്ചുവെന്നതാണ് ഏറ്റവും വലിയ അഭിമാനമായി ഞങ്ങൾ കാണുന്നത്. അതിൽ ഞങ്ങളെല്ലാം ഇടപെട്ടുവെന്നുള്ളത് വസ്തുതയാണ്.

അതിന്റ ഭാഗമായി പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞു. അവിടെയെല്ലാം മത്സ്യത്തൊഴിലാളികൾ നടത്തിയ ശ്ലാഘനീയമായ പ്രവർത്തനത്തെയാണ് ഞങ്ങൾ അഭിനന്ദിച്ചത്. അതുകൊണ്ടാണ് മത്സ്യത്തൊഴിലാളികളെ കേരളത്തിന്റെ സൈന്യമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. അവർ സൈന്യം തന്നെയാണ്. അതിന്റെ ഭാഗമായി അവർക്കെല്ലാവിധ പിന്തുണയും സഹായവും ഈ ഗവൺമെന്റ് ചെയ്യുന്നുണ്ടെന്ന് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഹാർബറിനെ സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് ആരാഞ്ഞപ്പോൾ ഇവിടെ ഒരു പ്രശ്നവുമില്ലെന്ന് സംസ്ഥാന ഗവൺമെന്റ് മറുപടി നൽകിയെന്ന് പ്രസംഗത്തിനിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് ചോദിച്ച ഘട്ടത്തിൽ, അവിടെ കുഴപ്പമില്ല എന്നല്ല പറഞ്ഞത്, നിർമ്മാണം പൂർത്തീകരിച്ച ഘട്ടത്തിൽ കൊടുത്ത റിപ്പോർട്ടാണത്. വീണ്ടും അവിടെ അപകടമുണ്ടായപ്പോഴാണ് നമ്മൾ പരിശോധിക്കാൻ പോയത്. അപകടത്തിൽപ്പെട്ടവർക്ക് എന്ത് സഹായം നൽകിയെന്ന് അദ്ദേഹം ചോദിച്ചു. ഇതിനുമുമ്പ് കാസർഗോഡ് ഒരാൾ മരിച്ചു, ഞാൻ അവിടെ സന്ദർശിച്ചശേഷം 10 ലക്ഷം രൂപ അദ്ദേഹത്തിന്റെ കുടുംബത്തിന് അനുവദിച്ചു. അതിനുമുമ്പ് മരിച്ച രണ്ടുപേരുടെ കുടുംബത്തിന് 20 ലക്ഷം രൂപ അനുവദിച്ചു. ആ തുക ഉടൻ കിട്ടും. 18 വയസ്

പൂർത്തിയാകാത്ത ഒരു കുട്ടിക്കുവേണ്ടിയുള്ള സഹായം ലഭിക്കാൻ മുഖ്യമന്ത്രിയുടെ CMDRF-ൽ അപേക്ഷ നൽകിയിട്ടുണ്ട്. അത് പരിശോധിച്ച് ആവശ്യമായ സഹായം ചെയ്യും. അതുപോലെ വിഴിഞ്ഞത്തും മുതലപ്പൊഴിയിലും മരിച്ചവരുടെ കുടുംബങ്ങൾക്കെല്ലാം സാമ്പത്തിക സഹായം നൽകിക്കഴിഞ്ഞു. പരിക്കുപറ്റിയവർക്കെല്ലാം നല്ല രീതിയിൽ ചികിത്സാ സഹായങ്ങൾ അനുവദിച്ചിട്ടുണ്ട്. അക്കാര്യത്തിൽ യാതൊരു ആശങ്കയുംവേണ്ട. ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഈ ഗവൺമെന്റ് നടത്തുന്ന നല്ല പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുന്ന വിധത്തിലുള്ള ക്യാമ്പയിൻ നടത്തരുതെന്ന് ഞാൻ അപേക്ഷിക്കുന്നു. കാര്യങ്ങൾ ചർച്ച ചെയ്യാം. പക്ഷേ ചർച്ച ചെയ്യുമ്പോൾ നിങ്ങൾ രണ്ടുമൂന്നുപേർ മാത്രമാണ് തീരദേശത്ത് പ്രവർത്തിക്കുന്നതെന്നും ഞങ്ങൾ തീരദേശം കാണാത്തവരുമാണെന്ന ധാരണയിലെത്തരുത്. തീരദേശത്തെപ്പറ്റി നന്നായി പഠിച്ച് പൊതുപ്രവർത്തനം നടത്തി വന്നിരിക്കുന്നവരാണ് ഇവിടെയിരിക്കുന്നവരെല്ലാം എന്ന ധാരണ നിങ്ങൾക്ക് വേണം. തീരദേശ ജനങ്ങളുടെ ചെറുതും വലുതുമായ എല്ലാ പ്രശ്നങ്ങളിലും ഞങ്ങൾ ഇടപെടും. ഞാനൊരു കാര്യം ഉറപ്പിച്ചുപറയുന്നു. അഞ്ചുവർഷത്തിനുള്ളിൽ, ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ തീരദേശത്തിന്റെ കണ്ണുനീർ

ഉടച്ചുമാറ്റുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരള നിയമസഭയിൽ നൽകിയ വാക്ക് പാലിക്കപ്പെടും. അക്കാര്യത്തിൽ ഒരാശങ്കയും വേണ്ട. അവിടെയുണ്ടായ അപകടങ്ങൾക്കെല്ലാം ശാശ്വത പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കും. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കഴിഞ്ഞ ആറ് വർഷക്കാലത്തിനിടയിൽ മുതലപ്പൊഴിയിൽ മരിച്ചത് 60 പേരാണ്. 600 വീടുകൾ പൂർണ്ണമായും തകർന്നു. ലക്ഷക്കണക്കിന് രൂപയുടെ വള്ളവും വലയും നഷ്ടപ്പെട്ടു. ഈ വർഷം മാത്രം പത്തിലധികം ആളുകൾ മരിച്ചു. ഇക്കഴിഞ്ഞ ദിവസവും മിനിഞ്ഞാന്നും അവിടെ അപകടമുണ്ടായി. ഞാൻ ആ പ്രദേശം സന്ദർശിച്ചു. ഇക്കാര്യങ്ങളെല്ലാം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും നിയമസഭയിൽ അവതരിപ്പിക്കുകയും ചെയ്യാമെന്ന് ഞങ്ങൾ അവർക്ക് ഉറപ്പുകൊടുത്തു. ഞാൻ അവിടെനിന്നും തിരിച്ചുപോയി ഒരാഴ്ച കഴിഞ്ഞപ്പോൾ

വീണ്ടുമൊരാൾ പൊഴിയിൽ വീണ് മരിച്ചു. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയാണ് എന്നെ സങ്കടപ്പെടുത്തിയത്. അവിടെ 16 പേർ മാത്രമേ മരിച്ചുള്ളൂ, കണക്ക് പെരുപ്പിച്ച് കാണിക്കരുതെന്നാണ് അദ്ദേഹം പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി, ഞങ്ങൾ ഈ നിയമസഭയിൽ സംസാരിക്കുന്നത് കണക്കുകളുടെ അടിസ്ഥാനത്തിലാണ്. 2018-ൽ ഒരു ഫിഷറീസ് ഓഫീസർ തന്നിരിക്കുന്ന കണക്കിൽത്തന്നെ അവിടെ 18 പേർ മരിച്ചിട്ടുണ്ട്. അതിൽ ക്ഷേമനിധിയിൽ അംഗമല്ലാത്തതിന്റെ പേരിൽ മൂന്ന് പേർക്ക് നഷ്ടപരിഹാരം കൊടുത്തില്ല. പിന്നെ ഏത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മരണം പെരുപ്പിച്ച് കാണിക്കുകയാണെന്ന് അങ്ങ് പറഞ്ഞത്? അതിനുശേഷം ഈ വർഷം ആരും മരിച്ചിട്ടില്ലേ; 2019-ലും 2020-ലും ആരും മരിച്ചിട്ടില്ലേ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, മുതലപ്പൊഴി എന്ന പ്രദേശത്ത് നടന്ന അപകടമാണ് പറഞ്ഞത്. ഈ പറയുന്ന പ്രദേശങ്ങളുടെ അപ്പുറവും ഇപ്പുറവുമായി പല ആളുകളും മരിച്ചിട്ടുണ്ട്. ഞാൻ ആ കണക്കല്ല ഇവിടെ പറഞ്ഞത്. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ഉന്നയിച്ച particular point-ൽ ഞാൻ ഉറപ്പിച്ച് പറയുന്നു, അതിലൊരു മാറ്റവുമില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ അങ്ങയെ വെല്ലുവിളിക്കുന്നു. മുതലപ്പൊഴി ഹാർബറിൽ പോയി, പ്രസ്തുത ഹാർബർ നിർമ്മിച്ചതിനുശേഷം

ഇതുവരെ അവിടെ 16 പേർ മാത്രമേ മരിച്ചിട്ടുള്ളൂ എന്ന് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ? മുതലപ്പൊഴിയിൽ മരിച്ച മുഴുവൻ ആളുകളുടെയും പേരും അഡ്രസ്സും ഞങ്ങൾ അങ്ങേയ്ക്ക് തരാം. മുതലപ്പൊഴിയിൽ 2018-ലെ കണക്കനുസരിച്ച് ഫിഷറീസ് ഓഫീസർ നൽകിയ മരണപ്പെട്ട 18 പേരുടെ ലിസ്റ്റ് എന്റെ കയ്യിലുണ്ട്. എന്നിട്ട് അങ്ങ് പറയുകയാണ്, ഇതുവരെ മരിച്ചത് 16 പേരാണെന്ന്. അവിടെ 500-ലധികം ആളുകൾക്ക് പരിക്ക് പറ്റിയിട്ടുണ്ട്. മത്സ്യബന്ധനത്തിന് പോകുന്ന ഒരാളെങ്കിലും അപകടത്തിൽപ്പെടാത്ത ഒരൊറ്റ മത്സ്യത്തൊഴിലാളി കുടുംബംപോലും അവിടെയില്ല. 14,000 പേർ മാത്രം താമസിക്കുന്ന മത്സ്യത്തൊഴിലാളി ഗ്രാമമാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചതുപോലെ, എന്നിട്ടും നിവൃത്തിയില്ലാതെ ആളുകൾ വീണ്ടും കടലിൽ പോകുകയാണ്. മുതലപ്പൊഴി അപകടപ്പൊഴിയായി, മരണപ്പൊഴിയായി നിൽക്കുകയാണ്. ആറ് വർഷമായി തുടർച്ചയായി മരണമുണ്ടാകുകയാണ്. നമ്മൾ അവിടെ പോയി വന്നതിനുശേഷം എത്രയോ അപകടങ്ങളുണ്ടായി. തുടർച്ചയായി അപകടം സംഭവിക്കുന്നതിന്റെ പശ്ചാത്തലത്തിൽ മുതലപ്പൊഴിയിലെ ആളുകൾ ഇന്നലെ അവിടെ റോഡുകൾ ഉപരോധിച്ചില്ലേ?

ശ്രീ. സജി ചെറിയാൻ: സർ, അങ്ങയോട് വാദിക്കാൻ വേണ്ടിയല്ല പറയുന്നത്. കേരളത്തിലെ പോലീസ് സംവിധാനം തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം സജിമോൻ, വൈശാഖ്, അജീഷ്, സെബാസ്റ്റ്യൻ, ബിനു, മിലാൻ, സൗജിത്ത്, ജോൺസൺ, ഷാജി, വിക്ടർ, മുഹമ്മദ്, വർഗ്ഗീസ്, റോഹി, ലാസർ, സജിൻ, സാജൂ, ക്രിസ്റ്റ്യൻരാജ് എന്നിവരാണ് മരിച്ചത്. അങ്ങ് പറയുന്ന അഞ്ചുതെങ്ങ് ഉൾപ്പെടെയുള്ള മറ്റ് ഭാഗങ്ങളിൽ ആളുകൾ മരിച്ചിട്ടുണ്ട്. 2011 മുതൽ ഇതുവരെയുള്ള കണക്കാണ് ഞാൻ പറഞ്ഞത്. അതിനകത്ത് അങ്ങ് എന്നെ വെല്ലുവിളിക്കേണ്ട. ആ കണക്കിൽ വെല്ലുവിളിക്കുകയാണെങ്കിൽ നമുക്ക് രണ്ടുപേർക്കും അവിടെപ്പോയി പരിശോധിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് ഇപ്പോൾ പോലീസിന്റെ റിപ്പോർട്ട് വായിച്ചു. അങ്ങയുടെ ഡിപ്പാർട്ടുമെന്റിലെ ഓഫീസറിൽനിന്നും ലഭിച്ച മുതലപ്പൊഴിയിൽ മരിച്ച ആളുകളുടെ ലിസ്റ്റ് ഞാൻ തിരിച്ചുവായിക്കാം. പോലീസ് റിപ്പോർട്ടിൽ ഒന്നുമില്ല. നെൽസൻ, ഫ്രാൻസിസ്, ജോസ്, റോബർട്ട്, തോമസ്, മാത്യു, ജോസഫ്, മൈക്കിൾ, ക്ലീറ്റസ്, ഫ്രെഡ്ഡി ജോർജ്ജ്, ബെന്നറ്റ്, റിച്ചാർഡ്, സ്റ്റെല്ലസ്, ജോൺസൻ, അസ്കർ എന്നിവരാണ് മരിച്ചത്. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് അങ്ങയുടെ

ഡിപ്പാർട്ടുമെന്റിൽനിന്നും തരുന്ന റിപ്പോർട്ടിനെ ആശ്രയിക്കു. പോലീസ് റിപ്പോർട്ടിനെ ആശ്രയിക്കരുത്. മുതലപ്പൊഴിയിൽ മരിച്ച ആളുകളുടെ ലിസ്റ്റ് സംബന്ധിച്ച് വിവരാവകാശ നിയമപ്രകാരം അങ്ങയുടെ ഡിപ്പാർട്ടുമെന്റിലെ ഒരു ഫിഷറീസ് ഓഫീസർ നൽകിയ ലിസ്റ്റാണ് ഞാൻ വായിച്ചത്. അങ്ങ് ആദ്യം ഇതൊന്ന് പഠിച്ച് മനസ്സിലാക്കു, എന്നിട്ട് സംസാരിക്കു.

തുറമുഖത്തിന്റെ ഭാഗമായി പുലിമുട്ടുകൾ നിർമ്മിച്ചതിലെ അപാകത കൊണ്ടാണ് ഇങ്ങനെ അപകടമരണങ്ങളുണ്ടാകുന്നതെന്ന് ഗവൺമെന്റും മറ്റുള്ളവരും സമ്മതിച്ചു. ഒരു സീസണിൽ ഇവിടെനിന്നും തെക്കോട്ട് പോകുന്ന മണലൊഴുക്ക് തുറമുഖ നിർമ്മിതി കാരണം വടക്കോട്ട് എത്തുന്നില്ല. അതുമൂലം വടക്ക് ഭാഗത്ത് തീരശോഷണമുണ്ടാകുകയും തെക്കുഭാഗത്ത് തീരനിർമ്മിതിയുണ്ടാകുകയും ചെയ്യുന്നു. അതായത്, തുറമുഖ നിർമ്മാണംമൂലം ഇവിടത്തെ നാച്വറലായ സാൻഡ് ബൈപ്പാസിംഗ് തടസ്സപ്പെട്ടിരിക്കുന്നു എന്നതാണ് ഏറ്റവും ലളിതമായ കാര്യം. പ്രകൃതിയുമായി ഇഴുകിച്ചേരാത്ത മനുഷ്യനിർമ്മിതികൾ നമ്മുടെ ഭൂപ്രകൃതിയുടെയും ജീവജാലങ്ങളുടെയും നശീകരണത്തിന് കാരണമാകുന്നുവെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണിത്.

അഞ്ചുതെങ്ങ് ഗ്രാമം പോയി കണ്ടാൽ അങ്ങേയ്ക്ക് സഹിക്കാൻ കഴിയില്ല. അവിടെ കടൽ കയറിക്കൊണ്ടിരിക്കുകയാണ്. കടൽ കായലിനടുത്തേയ്ക്ക് വരികയാണ്. കായലിനും കടലിനുമിടയിൽ വളരെ ചെറിയ സ്ഥലം മാത്രമേയുള്ളു. 600 മീറ്ററാണ് കടൽ കരയിലേയ്ക്ക് കയറിയിരിക്കുന്നത്. അവസാനം ഈ അഞ്ചുതെങ്ങ് ഗ്രാമവും കായലും മുഴുവനായും കടലിനടിയിലേയ്ക്ക് അപ്രത്യക്ഷമാകുന്നൊരു കാലം വരും. നമുക്കതിനെ തടയണ്ടേ? ഓരോ പ്രകൃതിക്ഷോഭങ്ങളും കാലവർഷവും വന്നുപോകുന്ന മുറയ്ക്ക് അതിതീവ്രമായ തീരശോഷണമുണ്ടാകുകയാണ്. International Journal on Earthline and Engineering എന്നത് ഏറ്റവും പ്രശസ്തമായൊരു അന്താരാഷ്ട്ര ജേർണലാണ്. അതിൽ മുതലപ്പൊഴിയിൽ അശാസ്ത്രീയ നിർമ്മാണം കാരണമുണ്ടാകുന്ന തീരശോഷണത്തെ സംബന്ധിച്ചുള്ള ആധികാരിക പഠന റിപ്പോർട്ട് വന്നിട്ടുണ്ട്. അതുപോലെയുള്ള നിരവധി പഠന റിപ്പോർട്ടുകൾ എന്റെ കയ്യിലുണ്ട്. ഇനി എന്ത് പഠിക്കാനാണ് നിങ്ങൾ പോകുന്നത്? നിരവധി പഠന റിപ്പോർട്ടുകൾ ഞാൻ അങ്ങേയ്ക്ക് തരാം. ഞാൻ അവയെല്ലാം വായിച്ചു. അശാസ്ത്രീയമായ തുറമുഖ നിർമ്മിതികൊണ്ടും മണലൊഴുക്കിനെ തടസ്സപ്പെടുത്തുന്നതുകൊണ്ടുമാണ് ഇത്തരം പ്രശ്നങ്ങളുണ്ടാകുന്നത്.

ഇവിടെ അദാനി പോർട്ടിന്റെ കാര്യം പറഞ്ഞു. ഞാൻ വിഴിഞ്ഞം, പൊഴിയൂർ, കാസർഗോഡ്, വൈപ്പിൻ, ചെല്ലാനം എന്നീ നിരവധി തീരപ്രദേശങ്ങൾ സന്ദർശിച്ചിരുന്നു. ഒരുപാട് സ്ഥലത്ത് പ്രശ്നങ്ങളുണ്ട്. അത് ശരിയാണ്. പക്ഷേ വിഴിഞ്ഞത്തെ പ്രശ്നമെന്തായിരുന്നു? അദാനി പോർട്ടായിരുന്നു അവിടെ മണ്ണ് ഡ്രഡ്ജ് ചെയ്യേണ്ടത്. ആരാണ് ഡ്രഡ്ജിംഗ് ചെയ്യേണ്ടതെന്നത് സംബന്ധിച്ച് കഴിഞ്ഞ ഒന്നര വർഷക്കാലമായി അദാനി പോർട്ടും ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റും തമ്മിൽ ചർച്ചയാണ്. തങ്ങളല്ല ചെയ്യേണ്ടതെന്ന് അവർ പരസ്പരം തർക്കിക്കുകയായിരുന്നു. അങ്ങനെ ഒന്നര വർഷമായി. ഈ ഒന്നര വർഷത്തിനിടയിലാണ് ഇവിടെ ആളുകൾ മരിച്ചത്. അവിടെ അഴിമുഖത്ത് മണ്ണുവന്ന് അടിയുകയാണ്. മണ്ണ് ഡ്രഡ്ജ് ചെയ്ത് മാറ്റിയില്ലെങ്കിൽ അവിടെ ചൂഴികൾ രൂപപ്പെടും. ഞങ്ങൾ പ്രതിപക്ഷത്ത് വന്നതിനുശേഷം നിയമസഭയിൽ ആദ്യമായി അവതരിപ്പിച്ചത് തീരപ്രദേശത്തെ പ്രശ്നമാണ്. അന്ന് വിഴിഞ്ഞത്തെ വിഷയം ഞങ്ങൾ നിയമസഭയിൽ ഉന്നയിച്ചു. ഒരാഴ്ചക്കകം നടപടിയുണ്ടായി. അദാനി പോർട്ട് ഇപ്പോഴവിടെ ഡ്രഡ്ജിംഗ് തുടങ്ങിയല്ലോ; മന്ത്രിയെന്നുള്ള നിലയിൽ ഞാൻ അങ്ങനെ കുറ്റപ്പെടുത്തുകയല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയല്ലേ ഈ ഗവൺമെന്റ്; നിയമപരമായി ഡ്രഡ്ജിംഗ് നടത്താൻ ബാദ്ധ്യതയുള്ള

അദാനി പോർട്ട് അത് നടത്താത്തതുകൊണ്ടാണ് അവിടെ അപകടങ്ങളുണ്ടായത്. അവിടത്തെ പാവപ്പെട്ടവരുടെ പ്രശ്നം നിയമസഭയിൽ അവതരിപ്പിച്ചതിന് ഞങ്ങൾക്ക് വളരെയധികം അഭിമാനവും ചാരിതാർത്ഥ്യവുമുണ്ട്. ഒന്നര വർഷമായി ഡ്രഡ്ജിംഗ് നടത്താൻ വിസമ്മതം പ്രകടിപ്പിച്ചിരുന്ന അദാനി പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ അവിടെ ഡ്രഡ്ജിംഗ് ആരംഭിച്ചു.

മുതലപ്പൊഴിയിൽ നിന്നും വിഴിഞ്ഞത്തേയ്ക്ക് പാറ ശേഖരിച്ച് കൊണ്ടുപോകാൻ അദാനി പോർട്ടിന് തീരപ്രദേശം വിട്ടുകൊടുത്തു. ബാർജുകളുടെ പ്രവേശനത്തിനായി തെക്കുഭാഗത്തുള്ള പുലിമുട്ട് കമ്പനി പൊളിച്ചുനീക്കി. പാരിസ്ഥിതികാഘാത പഠനം നടത്തിയതിനുശേഷമാണോ തുറമുഖ നിർമ്മിതിയുടെ ഭാഗമായി നിർമ്മിച്ചിരിക്കുന്ന പുലിമുട്ട് ഒരു കമ്പനിയുടെ സൗകര്യത്തിന് പൊളിച്ചുമാറ്റിയത്; അല്ല. അദാനി പോർട്ടുകാർ അവർക്ക് ബാർജ് കൊണ്ടുപോകുന്നതിനും കല്ല് കൊണ്ടുപോകുന്നതിനും ചോദിച്ചപ്പോൾ ഒരു ശാസ്ത്രീയപഠനവും കൂടാതെ അവർക്ക് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തു. അതിനുശേഷം ആ പൊഴിയിൽ അപകടങ്ങൾ വർദ്ധിച്ചു. അവിടെ വീണ്ടും മണ്ണ് കൂടാൻ തുടങ്ങി. ഇതുവരെ

അവരത് ഡ്രഡ്ജ് ചെയ്ത് മാറ്റിയോ? മാറ്റിയില്ല. ഈ പ്രശ്നം ഇപ്പോഴും നിലനിൽക്കുന്നുവെന്ന് അങ്ങ് പറയുന്നു.

ശ്രീ. അടൂർ പ്രകാശ് എം.പി. പാർലമെന്റിൽ ഇതുമായി ബന്ധപ്പെട്ട് ചോദ്യമുന്നയിച്ചു. നമ്മുടെ സംസ്ഥാനത്തുനിന്നും പാർലമെന്റിലേയ്ക്ക് സമർപ്പിച്ച മറുപടി- "Adani Port has approached the Government to get permission to use this harbour for transporting the stone for Vizhinjam Port Project. Based on the discussion with them, an MOU has been executed with Adani Ports for transporting the rocks required for Vizhinjam after removing the rocks and silts accumulated in the mouth and channel portion. Accordingly they have deepened the channel removing all obstructions, as a result the maneuverability inside the channel has improved to a great extent." എന്നാണ്. ഇത് ശരിയാണോ, അദാനി എല്ലാ കാര്യങ്ങളും ഈ മുതലപ്പൊഴിയിൽ ചെയ്തുവെന്ന് പറഞ്ഞുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ടാണിത്. കേന്ദ്രമന്ത്രി ഇത് പാർലമെന്റിൽ ആറ്റിങ്ങൽ എം.പി.-യ്ക്ക് കൊടുത്ത മറുപടിയിൽ അറ്റാച്ച് ചെയ്തിരിക്കുകയാണ്. അതായത്, അദാനി സർക്കാർ ആവശ്യപ്പെട്ട എല്ലാ കാര്യങ്ങളും അവിടെ ഭംഗിയായി ചെയ്തു,

അതുകൊണ്ട് അവിടെയൊരു കുഴപ്പവുമില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. നമ്മുടെ എഗ്രിമെന്റ് പ്രകാരം അദാനി അവിടെ നിന്നുള്ള മുഴുവൻ മണ്ണും നീക്കം ചെയ്തു, ആ പൊഴി ഇപ്പോൾ ചുഴികളുണ്ടാകാത്ത പൊഴിയാണെന്ന് അങ്ങേയ്ക്ക് ഈ സഭയിൽ പറയാൻ കഴിയുമോ? എങ്ങനെയാണ് ചുഴികളുണ്ടാകുന്നത്? 6 മീറ്ററെങ്കിലും ആഴം വേണ്ട സ്ഥലത്ത് രണ്ട് മീറ്ററായി കുറയുമ്പോഴാണ് മരണച്ചുഴികളുണ്ടാകുന്നത്. ആ ചുഴിയിലാണ്, പൊഴിയിലേയ്ക്ക് കയറുന്ന ബോട്ടുകൾ ആകാശത്തേയ്ക്ക് എടുത്തുയർത്തുന്നതുപോലെ അടിക്കുന്നത്. ശവശരീരങ്ങൾപോലും കിട്ടില്ല, പല ശവശരീരങ്ങളും പുലിമുട്ടിന്റെ അടിയിലേയ്ക്ക് പോകും, മരിച്ച നിരവധിയാളുകളുടെ ശവശരീരങ്ങൾ ഇതുവരെയും കിട്ടിയിട്ടില്ല, പുലിമുട്ടിന്റെ അടിയിൽ കിടക്കുകയാണ്. എന്നിട്ടും അദാനി പോർട്ട് ഈ മണ്ണ് അവിടെനിന്നും നീക്കം ചെയ്യാത്തതിന് എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചോ? എന്നിട്ട് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിരിക്കുകയാണ്, അദാനിയുടെ ഇഷ്ടക്കാരാണല്ലോ അവിടെ ഇരിക്കുന്നത്. അദാനി എല്ലാ കാര്യങ്ങളും കൃത്യമായി ചെയ്തിട്ടില്ല. അവർ വിഴിഞ്ഞത്തും മുതലപ്പൊഴിയിലും ഒന്നും ചെയ്തിട്ടുണ്ടായിരുന്നില്ല. അവരുടെ സൗകര്യത്തിന് ബാർജ് കയറ്റി കൊണ്ടുപോകുകയാണ്. പാവപ്പെട്ട മനുഷ്യരെ മുഴുവൻ വിധിക്ക്

വിട്ടുകൊടുക്കുകയാണ്. നമ്മൾ അവിടെ പോകുമ്പോൾ ആ ചെറിയ തീരത്ത് കുഞ്ഞുങ്ങൾ കളിച്ച് നടക്കുകയാണ്. നമ്മൾ ഓർക്കണം, ചിലപ്പോൾ അടുത്ത കാലവർഷം കഴിയുമ്പോൾ ആ കുഞ്ഞുങ്ങൾ ഇരിക്കുന്ന വീടുകൾപോലുമുണ്ടാകില്ല. എല്ലാ പ്രാവശ്യവും കടൽ കയറിക്കൊണ്ടിരിക്കുകയാണ്. ഒരു ക്രൂര കുത്തിക്കുട്ടാൻപോലും പറ്റാത്ത തരത്തിൽ അവരുടെ സ്വത്തും ജീവനുമെല്ലാം നഷ്ടപ്പെടുന്ന ഒരു സാഹചര്യമാണ്. നമ്മൾ ഇതിനെക്കുറിച്ച് ആലോചിക്കേണ്ടതല്ലേ? ഈ തീരദേശ ജനതയെ മുഴുവൻ വിധിക്ക് വിട്ടുകൊടുക്കാൻ നമുക്ക് കഴിയുമോ? ഗൗരവതരമായ ആലോചനകൾ നമ്മൾ നടത്തേണ്ടതല്ലേ? കേരളത്തിലെ 580 കിലോമീറ്റർ തീരദേശം അപകടത്തിലാണ്, പക്ഷെ അതിൽ ഏറ്റവും അപകടമുള്ള സ്ഥലം മുതലപ്പൊഴിയാണ്. മത്സ്യത്തൊഴിലാളികൾ മരിച്ചുകൊണ്ടിരിക്കുകയാണ്. അവിടെയുള്ള ഓരോ വീടുകളിലെയും സങ്കടം കണ്ടാൽ നമുക്ക് സഹിക്കാൻ പറ്റില്ല. അപകടത്തിൽപ്പെട്ട് ഒരു കുടുംബനാഥൻ മരിച്ചു, എന്നിട്ട് അയാളുടെ ഏകമകനും പിറ്റേദിവസം കടലിൽ പോകുകയാണ്, കാരണം ജീവിക്കാൻ വേറെ നിവൃത്തിയില്ല. അതാണ് ശ്രീ. എം. വിൻസെന്റ് ഇവിടെ പറഞ്ഞത്. ഇതല്ലാതെ വേറൊരു പണിയും അവർക്കറിയില്ല. മരിക്കാനുള്ള സാധ്യതകളുണ്ടെന്ന് അറിഞ്ഞിട്ടും സ്വന്തം

ജീവൻ അപകടത്തിലാക്കിക്കൊണ്ട്, പണയപ്പെടുത്തിക്കൊണ്ട് ഈ ജോലിക്ക് പോകുന്നവരാണ് അവർ. സർക്കാർ അടിയന്തരമായി മുതലപ്പൊഴി ബ്രേക്ക് വാട്ടർ സംവിധാനത്തിലൂടെ മത്സ്യത്തൊഴിലാളികൾക്ക് 24 മണിക്കൂറും മത്സ്യബന്ധനത്തിന് പോകാൻ കഴിയുന്ന ഒരു സേഫ് കോറിഡോർ ഉണ്ടാക്കണം. അവർക്ക് കടലിൽ പോയി തിരികെ വരേണ്ടതല്ലേ? മേലിൽ ഒരു അപകടംപോലുമുണ്ടാകില്ലെന്ന് ഉറപ്പുവരുത്താൻ ഗവൺമെന്റിന് കഴിയുമോ? അവിടെ അപകടകരമായ, മനുഷ്യ ജീവൻ കളയുന്നൊരു നിർമ്മിതിയുണ്ടായിരിക്കുന്നു. ആ നിർമ്മിതിയിൽ നമുക്കൊരു സേഫ് കോറിഡോർ ഉണ്ടാക്കണം. ഈ പുലിമുട്ടുകൾക്കിടയിലെ മണ്ണ് മാറ്റുന്നതിനുള്ള ഒരു സ്ഥിരം സംവിധാനം അവിടെയുണ്ടാകണം. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം കാസർഗോഡ് ജില്ലയിൽ വിതരണം ചെയ്തുവെന്നത് ശരിയാണ്. അവർക്ക് സഹായങ്ങൾ കൊടുക്കണം, അതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം. നമ്മൾ ഇത്തരം കാര്യങ്ങൾ ചെയ്യുമ്പോൾ indigenous knowledge അത്യാവശ്യമാണ്. യഥാർത്ഥത്തിൽ പ്രാചീനമായ അറിവും ശാസ്ത്രീയമായ അറിവും കൂടി സംയോജിപ്പിക്കണം. മത്സ്യത്തൊഴിലാളികൾക്ക് കടലിനെക്കുറിച്ചും പ്രാചീനമായ മണ്ണിന്റെ ഘടനയെക്കുറിച്ചും

തീരത്തെക്കുറിച്ചും അറിവുണ്ട്. ആ അറിവും ശാസ്ത്രീയമായ പുതിയ അറിവുകളും കൂടി സംയോജിപ്പിച്ചുകൊണ്ടാണ് ഇതിനൊരു പരിഹാരമുണ്ടാക്കേണ്ടത്. അത്യാവശ്യമായി ഒരു മറൈൻ ആംബുലൻസ് സംവിധാനമുണ്ടാകണം. ഇപ്പോഴുള്ള മറൈൻ ആംബുലൻസ് സംവിധാനം കാര്യക്ഷമമല്ല. മനുഷ്യജീവൻ രക്ഷിക്കലല്ലേ അത്യാവശ്യമായി ചെയ്യേണ്ടത്. സൈന്യമല്ലേ മത്സ്യത്തൊഴിലാളികൾ. നമ്മൾ അങ്ങനെയല്ലേ പറയുന്നത്? അവരുടെ ജീവൻ രക്ഷിക്കാൻ അടിയന്തരമായി ഒരു മറൈൻ ആംബുലൻസ് അവിടെ ഏർപ്പെടുത്തണം. മുതലപ്പൊഴി ലാൻഡിംഗ് സെന്ററിന്റെ നീളം കൂട്ടുകയും കടൽഭിത്തി നിർമ്മാണമാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. ഹ്രസ്വകാലത്തേയ്ക്കും ദീർഘ കാലത്തേയ്ക്കുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. മന്ത്രി ചില കാര്യങ്ങൾ ചെയ്തു, അതൊന്നും ഞാൻ നിഷേധിക്കുന്നില്ല. അങ്ങ് ഒന്നും ചെയ്തില്ലായെന്നൊന്നും ഞാൻ പറഞ്ഞില്ല. പക്ഷെ അതുപോര, ചർച്ചകൾ മാത്രം പോര, കഴിഞ്ഞ 6 വർഷമായി നിരന്തരമായ ചർച്ചകളാണ്. മുൻ ഫിഷറീസ് വകുപ്പുമന്ത്രി എത്രയോ യോഗങ്ങൾ നടത്തി, യോഗവും ചർച്ചയുംകൊണ്ട് അവിടെ ഫലമുണ്ടാകുന്നില്ല. മനുഷ്യൻ പിന്നെയും മരിക്കുകയാണ്. അതുകൊണ്ട്

അടിയന്തരമായ നടപടികൾ സ്വീകരിക്കണം. പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുള്ള എല്ലാ പിന്തുണയും ഈ പ്രശ്നം പരിഹരിക്കുന്നതിനുണ്ടാകും. സർക്കാർ മുൻകയ്യെടുത്ത് സമയബന്ധിതമായി ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുമെന്നുള്ള വിശ്വാസം ഞങ്ങൾക്കുണ്ട്. ആ വിശ്വാസം ഞാൻ നിലനിർത്തുന്നു. ഇല്ലെങ്കിൽ ഈ വിഷയം വീണ്ടും സഭയിൽ ചർച്ച ചെയ്യേണ്ടി വരുമെന്നുമാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

IV ശ്രദ്ധക്ഷണിക്കൽ

(1) പുതുക്കിയ തൊഴിലുറപ്പ് വേതന മാർഗ്ഗനിർദ്ദേശങ്ങൾ പിൻവലിക്കുന്നത് സംബന്ധിച്ച്

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഇന്ന് കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും തൊഴിലുറപ്പ് തൊഴിലാളികൾ തൊഴിലിടങ്ങളിൽ ശക്തമായ പ്രതിഷേധ സമരം സംഘടിപ്പിക്കുകയാണ്. കേന്ദ്രത്തിൽ ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ ഏഴ് വർഷക്കാലത്തിനിടയിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ക്രമാനുഗതമായി അട്ടിമറിക്കാനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. ഗ്രാമങ്ങളിലെ തൊഴിൽരഹിതരുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ച് വരികയാണ്. അതേ സന്ദർഭത്തിലാണ് ദേശിയ തൊഴിലുറപ്പ് പദ്ധതിക്കുള്ള കേന്ദ്ര വിഹിതം മോദി സർക്കാർ

വെട്ടിച്ചുരുക്കുന്നത്. ഇതുവരെ പദ്ധതി നടപ്പിലാക്കിയതുവഴി ഗ്രാമീണ ജനതയുടെ വരുമാനം വർദ്ധിച്ചെന്നും സമൂഹത്തിലെ ഉപരി വിഭാഗങ്ങൾക്കൊപ്പം ജീവിക്കാനുള്ള സാമ്പത്തികശേഷി ഗ്രാമീണ ജനതയ്ക്ക് ഉണ്ടായെന്നും വാദിക്കുന്നവർ കേന്ദ്ര ഭരണകൂടത്തിലുണ്ട്. അവരെല്ലാം ചേർന്നാണ് പദ്ധതിയെ തകർക്കാൻ ശ്രമിക്കുന്നത്. ഏറ്റവും അവസാനം ഇപ്പോൾ പ്രത്യേക ഉപദേശക സമിതികൾ രൂപപ്പെടുത്തി ജാതി അടിസ്ഥാനത്തിൽ തൊഴിൽ നൽകുന്നതിനുള്ള തീരുമാനം സ്വീകരിച്ചുകഴിഞ്ഞു. കോവിഡ് പോലുള്ള മഹാമാരിയെ ചെറുക്കാൻ കഴിയാതെ ബദ്ധപ്പെടുന്ന ഗ്രാമീണ ജനതയ്ക്കുമേലാണ് മഞ്ഞുമല വീണതുപോലെ ഈ പുതിയ തീരുമാനം പതിച്ചത്. ഉപദേശക സമിതികൾ ഇക്കാര്യത്തിൽ എന്താണ് തീരുമാനിക്കാൻ പോകുന്നതെന്ന് പ്രവചിക്കാനാകുന്നില്ല. ജനസംഖ്യയിൽ വലിയൊരു വിഭാഗമാണ് ദളിത് സമൂഹം. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ദളിതരുടെ ഉന്നമനം ലക്ഷ്യമാക്കി നിരവധി പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. അത്തരം പദ്ധതികളുടെ ഗുണങ്ങളൊന്നും ദളിതർക്ക് ലഭിക്കാത്തതുകൊണ്ടുതന്നെ അവരുടെ സാമൂഹിക പദവി വേണ്ടത്ര ഉയർന്നിട്ടില്ല. ഭൂരിപക്ഷം ദളിതരും നിരക്ഷരരും ഭൂരഹിതരും ഭവനരഹിതരുമാണ്. അവരുടെയിടയിൽ

തൊഴിലില്ലായ്മയും ശ്രക്ഷമാണ്. അവർക്കുമേൽ ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിൽ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നു. അതിക്രമങ്ങൾക്ക് ഇരയാകുന്നവർ കേസ്സുകളിൽ പ്രതിചേർക്കപ്പെടുന്ന സംഭവങ്ങളുമുണ്ട്. അതിക്രമങ്ങൾ അമർച്ച ചെയ്യാൻ ഭരണകൂടങ്ങൾക്ക് കഴിയുന്നില്ല. അതിക്രമങ്ങൾക്കെതിരായ ചെറുത്തുനിൽപ്പിന് ദളിതരുടെ സംഘടനകളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയും മറ്റ് ഇടതുപക്ഷ പാർട്ടികളും ശ്രമിച്ചുവരുന്നുണ്ട്. ആ പോരാട്ടവും ചെറുത്തുനിൽപ്പും ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ സാഹചര്യത്തിൽ മേൽചൂണ്ടിക്കാണിച്ച രണ്ടു കാര്യങ്ങളിലും വ്യത്യാസമുണ്ട്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ദളിത് സമൂഹം സുരക്ഷിതരാണ്. അവരുടെ ഉന്നമനം ലക്ഷ്യമാക്കി നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അതിന്റെ ഗുണഭോക്താക്കളാകാൻ പൊതുവിൽ ദളിത് സമൂഹത്തിന് കഴിയുന്നുമുണ്ട്. നിലവിലെ പദ്ധതികളിലെ പോരായ്മകൾ പരിഹരിക്കലാണ് കേരളത്തിന്റെ പൊതുവായ ആവശ്യം. തൊഴിലുറപ്പ് പദ്ധതിയുടെ കാര്യത്തിൽ ഗുണഭോക്താക്കൾക്ക് കൂടുതൽ തൊഴിലവസരവും വരുമാനവും ഉറപ്പാക്കാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. തൊഴിലുറപ്പ് തൊഴിലാളികൾക്കായി പ്രത്യേക ക്ഷേമനിധി രൂപീകരിക്കാനുള്ള

നടപടികൾ പുരോഗമിക്കുന്നുണ്ട്. ഈ പദ്ധതി ഉപേക്ഷിക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കത്തെ ചെറുക്കാൻ നമുക്ക് കഴിയണം. തൊഴിലുറപ്പ് പദ്ധതി ജാതിവർണ്ണാടിസ്ഥാനത്തിലേയ്ക്ക് മാറ്റുന്ന കേന്ദ്ര ഗവൺമെന്റിന്റെ നീചമായ നടപടിക്കെതിരെ ശക്തമായ പ്രതിഷേധം നാട്ടിൽ ഉയർന്നുവരേണ്ടതുണ്ട്. ഒരു കണക്കുകൂടി ഞാൻ സൂചിപ്പിക്കാം, കേരളത്തിൽ വിതരണം ചെയ്ത ജോബ് കാർഡുകൾ 39 ലക്ഷമാണ്. പണിയെടുക്കുന്നവർ, ആകൂലീവ് തൊഴിലാളികൾ എല്ലാം ചേർന്ന് എകദേശം 24,75,155 പേരുണ്ട്. തൊഴിൽ കാർഡ് എടുത്തവർ 61,49,731 ആണ്. കേരളത്തിലെ ജനസംഖ്യയുടെ ഏകദേശം നാലിലൊന്നുവരുന്ന ജനവിഭാഗമാണത്. ഇക്കാര്യത്തിൽ ഗ്രാമവികസന വകുപ്പുമന്ത്രിയുടേയും ഗവൺമെന്റിന്റേയും അടിയന്തര ശ്രദ്ധയുണ്ടാകണമെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ബഹുമാനപ്പെട്ട എം.എൽ.എ., സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച വിഷയം വളരെയേറെ ഗൗരവമുള്ളതായാണ് സർക്കാർ കാണുന്നത്. നവോത്ഥാന പ്രസ്ഥാനങ്ങളുടെ കാലംമുതൽ ഉയർന്നുവന്ന കേരളീയരുടെ ജാതിനശീകരണ-മതനിരപേക്ഷ

മനസ്സിനെ ദുർബലപ്പെടുത്തുന്ന നിലപാടുകളുമായാണ് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേന്ദ്രഗവൺമെന്റ് ഇടപെടുന്നത്. സാധാരണ ജനങ്ങളിൽ, പ്രത്യേകിച്ച് ഗ്രാമീണ സ്ത്രീകൾക്കിടയിൽ തൊഴിലും വരുമാനവും ഉറപ്പാക്കാനും അവരിൽ അവകാശബോധം ഉയർത്താനും സാധിക്കുന്ന വിധത്തിലാണ് സംസ്ഥാനത്ത് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഏറ്റവും സുതാര്യമായ പദ്ധതി നടത്തിപ്പിലൂടെ സാധാരണക്കാരും പാവപ്പെട്ടവരുമായ അടിസ്ഥാന ജനവിഭാഗങ്ങളിലേയ്ക്ക്, വിശിഷ്യാ സ്ത്രീകളിലേയ്ക്ക് അർഹമായ ആനുകൂല്യങ്ങൾ എത്തിക്കുന്നതിന് നമ്മുടെ സംസ്ഥാനത്തിന് സാധിക്കുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. യാതൊരു തരത്തിലുള്ള വിവേചനവുമില്ലാതെ തൊഴിലാളികൾക്ക് തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്നതിലും വേതനം തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിലും കേരളം മാതൃകാപരമായ ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് വേതനം വിതരണം ചെയ്യുന്ന കാര്യത്തിൽ 2021 ഏപ്രിൽ മാസം മുതൽ പുതിയ സംവിധാനം കേന്ദ്രഗവൺമെന്റ് കൊണ്ടുവന്നിരിക്കുകയാണ്. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഡയറക്ടർ 02.03.2021-ന് സംസ്ഥാന സർക്കാരുകൾക്ക്

അയച്ച കത്ത് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ വേതന വിതരണത്തിന് നിശ്ചയിച്ച പുതിയ രീതി അനുചിതമാണ്. തൊഴിലാളികളെ പട്ടികവർഗ്ഗം, പട്ടികജാതി, മറ്റുള്ളവർ എന്നിങ്ങനെ മൂന്നായി തരംതിരിക്കാനും ഓരോ വിഭാഗത്തിനും വെവ്വേറെ ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കാനുമാണ് കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുന്നത്. നിലവിൽ ഒരൊറ്റ ബാങ്ക് അക്കൗണ്ടിലൂടെയാണ് എല്ലാ വിഭാഗത്തിലുംപെട്ട തൊഴിലാളികൾക്ക് വർഷങ്ങളായി വേതനം വിതരണം ചെയ്തുവരുന്നത്. ആ സമ്പ്രദായത്തിൽ ഭേദഗതി വരുത്തി തൊഴിലാളികളെ ജാതി അടിസ്ഥാനത്തിൽ മൂന്ന് വിഭാഗങ്ങളാക്കി തിരിക്കാനും ഒരോ വിഭാഗത്തിനും പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ച് വേതന വിതരണം നടത്താനുമാണ് കേന്ദ്രസർക്കാർ ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നത്. ഈ തീരുമാനത്തിനെതിരെ പ്രതിഷേധവും എതിർപ്പും തൊഴിലാളികൾക്കിടയിൽ ഉയർന്നുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിന്റെ വിവിധ മേഖലകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ജോലി ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികളും സംഘടനകളും ഇതിനെതിരായി ശക്തമായ പ്രചരണവും സമരവും നടത്തിവരികയാണ്. തൊഴിലാളികൾക്കിടയിൽ വിവേചനം സൃഷ്ടിക്കുന്നതിനും തൊഴിലിടങ്ങൾ

സങ്കീർണ്ണമാക്കുന്നതിനും ഈ തീരുമാനം കാരണമായി. സങ്കീർണ്ണമായ ഈ പ്രശ്നം വളരെ ഗൗരവത്തോടെയാണ് സംസ്ഥാന സർക്കാർ വീക്ഷിക്കുന്നത്. ഒരേ തൊഴിലിടത്തിൽ ഒരേ തരത്തിലുള്ള പണിയെടുക്കുന്ന പാവപ്പെട്ടവരും സാധാരണക്കാരുമായ തൊഴിലാളികൾക്കിടയിൽ ജാതിയടിസ്ഥാനത്തിൽ തരംതിരിവുണ്ടാക്കുന്ന കാഴ്ചപ്പാടിനോട് സർക്കാരിന് യോജിക്കാനാകില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആകട്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ് കേന്ദ്രഗവൺമെന്റിന്റെ ഈ പുതിയ തീരുമാനം. പ്രസ്തുത വിഷയത്തിലുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്രസർക്കാരിനെ അറിയിക്കുകയും കേന്ദ്രസർക്കാർ സ്വീകരിക്കുന്ന തുടർനടപടികൾ മനസ്സിലാക്കിയശേഷം ഇതുസംബന്ധിച്ച സമീപനം കൈക്കൊള്ളുകയും ചെയ്യുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ഈ വർഷത്തെ പദ്ധതിയിൽ Tribal Plus programme നടപ്പിലാക്കാനാകുമോ; ട്രൈബൽ മേഖലയിൽ 200 ദിവസമെങ്കിലും തൊഴിൽ നൽകാൻ സാധിക്കുമോ?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ഒരു വർഷം 200 ദിവസത്തെ തൊഴിലുണ്ടാകണമെന്നാണ് തൊഴിലാളികളും തൊഴിലാളി സംഘടനകളും

ഉന്നയിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിലും കൃത്യമായ ധാരണയോടെ ഉൾക്കൊള്ളിച്ചിട്ടുള്ള വിഷയമാണത്. ആ ലക്ഷ്യത്തിലേയ്ക്കെത്തിക്കാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്, അങ്ങനെതന്നെ മുന്നോട്ടുപോകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്.

(2) നാളികേര കർഷകർക്ക് സഹായം

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, നാളികേരത്തിന്റെ വില കാലോചിതമായി വർദ്ധിപ്പിച്ച് അടിയന്തരമായി പഞ്ചായത്തുകൾതോറും നാളികേര സംഭരണത്തിനുള്ള സംവിധാനമുണ്ടാക്കണമെന്ന ആവശ്യമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിക്കുന്നത്. കേരളത്തിലെ പ്രധാന കാർഷിക ഉൽപ്പന്നമാണ് നാളികേരം. നമ്മുടെ സംസ്ഥാനത്തിന്റെ പേരുപോലും നാളികേരം, മലയാളം എന്നീ വാക്കുകൾ കൂട്ടിച്ചേർന്നതാണല്ലോ. മലയാളത്തിനെപ്പോലെയല്ല, മലയാളത്തിനേക്കാൾ കഷ്ടമാണ് നാളികേര കർഷകന്റെ ഇന്നത്തെ അവസ്ഥ. നാളികേരത്തിന് ഏറ്റവും കൂടുതൽ വില കിട്ടിയത് 1988-ലാണെന്ന് മുതിർന്ന കർഷകരുമായി സംസാരിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. ഒരു നാളികേരത്തിന്

അന്ന് എട്ട് രൂപ വിലയുണ്ടായിരുന്നു. അന്ന് ഒരു കിലോ അരിയുടെ വില നാല് രൂപയിൽ താഴെയായിരുന്നു. അതായത്, ഒരു നാളികേരം കൊണ്ടുപോയാൽ രണ്ട് കിലോ അരി കിട്ടുന്ന ഒരു കാലം എന്നർത്ഥം. എന്നാൽ ഇന്ന് അരിയുടെ വില നാൽപ്പത് രൂപയാണ്. ഒരു കിലോ അരി കിട്ടണമെങ്കിൽ ഇന്ന് എത്ര നാളികേരം കൊണ്ടുപോകണമെന്ന കണക്ക് വ്യക്തമായി അറിയാമല്ലോ. തൊഴിലാളികളുടെ കൂലി അന്ന് നാൽപ്പത് രൂപയായിരുന്നു. എന്നാൽ ഇന്ന് എണ്ണൂറ് രൂപയായി വർദ്ധിച്ചു. അരിയുടെ വില പത്തിരട്ടി വർദ്ധിച്ചപ്പോൾ തൊഴിലാളികളുടെ കൂലി നാൽപ്പതിൽനിന്നും എണ്ണൂറായി ഇരുപതിരട്ടി വർദ്ധിച്ചു. തെങ്ങുകയറ്റത്തൊഴിലാളിയുടെ കൂലി എട്ട് തെങ്ങ് കയറുമ്പോൾ ഒരു നാളികേരം എന്ന കണക്കിലായിരുന്നു. എന്നാൽ ഇന്ന് തെങ്ങുകയറ്റത്തൊഴിലാളിയുടെ കൂലി തെങ്ങൊന്നിന് അൻപത് രൂപയാണ്. അതായത്, അൻപതിരട്ടി വർദ്ധനവ് ഉണ്ടായിയെന്നർത്ഥം. 1988-ൽ ഒരു തേങ്ങ പൊളിക്കുന്നതിന് ഒരു പൈസയായിരുന്നു കൂലി. ഇന്ന് ഒരു രൂപയാണ് കൂലി, അഥവാ നൂറിരട്ടിയുടെ വർദ്ധനവുണ്ടായി. 1988-നുശേഷം 2008 വരെയും തേങ്ങയുടെ വില നാല് രൂപയ്ക്കും എട്ട് രൂപയ്ക്കുമിടയിലായി ഉയർന്നും താഴ്ന്നും നിന്നു. എന്നാൽ 2010-നുശേഷം നാളികേരത്തിന്റെ വിലയിൽ വലിയ ഇടിവുണ്ടായി. 2.50

രൂപയ്ക്ക് താഴേയ്ക്ക് വന്ന അവസ്ഥയുണ്ടായി. ഒരു നാളികേരം കൊടുത്താൽ ഒരു നാരങ്ങ വാങ്ങാൻ കഴിയാത്ത കാലമായിരുന്നു. 2008-ൽ കേന്ദ്രം ഒരു നാളികേരത്തിന് 4.10 രൂപ വച്ച് പച്ചത്തേങ്ങ സംഭരിക്കാൻ തീരുമാനിച്ചെങ്കിലും കേരളത്തിൽ ഉദ്ഘാടന പരിപാടിയല്ലാത സംഭരണം നടന്നില്ല. 2012-ലാണ് കിലോയ്ക്ക് 12 രൂപ വച്ച് പച്ചത്തേങ്ങ സംഭരണം 293 കൃഷിഭവനുകളിലൂടെ ആരംഭിച്ചത്. അതുവഴി ഒരു നാളികേരത്തിന്റെ വില 5 രൂപയിലേയ്ക്ക് കുതിച്ചുയർന്നു. കിലോയ്ക്ക് മുപ്പത്തിയെട്ട് രൂപ വരെ ഘട്ടംഘട്ടമായി വില ഉയർത്തി. അതുവഴി ഒരു നാളികേരത്തിന് 15 രൂപവരെ വില കിട്ടുന്ന സന്ദർഭമുണ്ടായി. കഴിഞ്ഞ അഞ്ചുവർഷമായി കേരളത്തിൽ നാളികേരം സംഭരിക്കുന്നില്ല. സംഭരണത്തിനുള്ള ഏജൻസിയെപ്പോലും പ്രഖ്യാപിച്ചിട്ടില്ല. 2016-ലെ ബഡ്ജറ്റിൽ കിലോയ്ക്ക് 27 രൂപ വച്ച് എല്ലാ പഞ്ചായത്തുകളിലും പച്ചത്തേങ്ങ സംഭരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും സംഭരണം നടന്നില്ല. നാളികേര കർഷകരെ രക്ഷിക്കാൻ തയ്യാറാകണം. മിടുക്കനും ഉത്സാഹിയുമായ ഒരു മന്ത്രിയിൽ ഞങ്ങൾക്ക് വലിയ പ്രതീക്ഷയുണ്ട്. 2016-ൽ പ്രഖ്യാപിച്ച 27 രൂപയിൽനിന്നും 32 രൂപയായി ഇന്ന് തറവില ഉയർത്തിയിട്ടുണ്ട്. പൊതുമാർക്കറ്റിൽ 48 രൂപ വിലയുള്ളപ്പോഴാണ് 32 രൂപയുടെ

പ്രഖ്യാപനമുണ്ടായത്. ഇപ്പോൾ ഒരു കിലോ തേങ്ങയുടെ വില 30 രൂപയിലും താഴെയാണ്. നാളികേരത്തിന്റെ ഉൽപ്പാദനച്ചെലവ് പതിനഞ്ച് രൂപയോളം ആകുമെന്നതാണ് വസ്തുത. ഉത്പാദനച്ചെലവും അതിന്റെ അൻപത് ശതമാനവും ചേർന്നുള്ള വിലയിൽ സംഭരണം നടത്തുമെന്നാണ് ബഡ്ജറ്റ് പ്രഖ്യാപനത്തിലുള്ളത്. അങ്ങനെയെങ്കിൽ ഒരു കിലോ നാളികേരത്തിന് അൻപത്തിയാറ് രൂപ ലഭിക്കേണ്ടതുണ്ട്. എന്നാൽ തുടക്കത്തിൽ നാൽപ്പത്തിയഞ്ച് രൂപയെങ്കിലുമായി വർദ്ധിപ്പിച്ചുകൊണ്ട് നാളികേരം ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പഞ്ചായത്തുകളിൽനിന്നും അടിയന്തരമായി സംഭരിക്കാനുള്ള സംവിധാനമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

11.00 എ.എം.]

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ആദരണീയനായ തിരുർ അംഗം കുറുക്കോളി മൊയ്തീൻ കേരളത്തിന്റെ നാളികേര മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഉന്നയിച്ചത്. അദ്ദേഹം അതിന്റെ സംഭരണ വിലയെക്കുറിച്ച് പറഞ്ഞു. ഇന്ത്യയിലെ കാർഷികവിളകളുടെ താങ്ങുവില പ്രഖ്യാപിക്കുന്നതിനുള്ള ശിപാർശകൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നത് കമ്മീഷൻ ഫോർ അഗ്രിക്കൾച്ചറൽ കോസ്റ്റ് ആൻഡ് പ്രൈസസാണ്. വിളകളുടെ ഉല്പാദനച്ചെലവും മറ്റ് പ്രാദേശിക ഘടകങ്ങളും കണക്കാക്കിയാണ് താങ്ങുവില നിശ്ചയിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് കൊപ്രയ്ക്ക് കേന്ദ്രം താങ്ങുവില പ്രഖ്യാപിച്ചിരിക്കുന്നത്. ഇപ്പോൾ കിലോയ്ക്ക്

103.35 രൂപയാണ്. യഥാർത്ഥ കർഷകർക്ക് സംഭരണത്തിന്റെ ഗുണം ലഭിക്കണമെങ്കിൽ പച്ചത്തേങ്ങയ്ക്ക് എം.എസ്.പി. നിശ്ചയിച്ച് സംഭരിച്ചാൽ മാത്രമേ സാധ്യമാകുകയുള്ളൂ. അതിനാൽ കേരളം കേന്ദ്രത്തോട് നിരന്തരം ആവശ്യപ്പെടുന്നത് കൊപ്രയ്ക്ക് പകരം പച്ചത്തേങ്ങയ്ക്ക് താങ്ങുവില പ്രഖ്യാപിക്കണമെന്നും സ്റ്റേറ്റ് സ്പെസിഫിക്കായി എം.എസ്.പി.-പ്രഖ്യാപിക്കണമെന്നുമാണ്. എന്നാൽ പച്ചത്തേങ്ങയ്ക്ക് എം.എസ്.പി. പ്രഖ്യാപിക്കാൻ കേന്ദ്രം തയ്യാറായിട്ടില്ല. കൊപ്രയ്ക്ക് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില അടിസ്ഥാനപ്പെടുത്തിയാണ് കേന്ദ്ര കൃഷിമന്ത്രാലയം പച്ചത്തേങ്ങയ്ക്ക് ഇപ്പോൾ 28 രൂപ താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ കേരളത്തിലെ നാളികേര കർഷകരുടെ വർദ്ധിച്ച ഉല്പാദനച്ചെലവ് മനസ്സിലാക്കിയാണ് നാളികേരളത്തിന്റെ സംഭരണവില നിലവിലെ 27 രൂപയിൽനിന്നും കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 28 രൂപയേക്കാൾ നാല് രൂപ അധികം നൽകി 32 രൂപയ്ക്ക് സംഭരിക്കാൻ 2021-2022-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച് നടപ്പിലാക്കിയത്. പച്ചത്തേങ്ങ സംഭരണത്തിനുള്ള നോഡൽ ഏജൻസികളായി കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ നാളികേരത്തിന്റെ വില ഇടിയുന്നുവെന്ന് നാളികേര കർഷകരുടെയിടയിൽനിന്ന് പരാതി

ഉയരുന്നതിനാലും ഇക്കണോമിക് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിന്റെ വിലനിലവാരത്തിന്റെ അടിസ്ഥാനത്തിലും തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ പച്ചത്തേങ്ങയുടെ വില 31 രൂപയായി കാണുന്ന സാഹചര്യത്തിലും പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ടമായി പച്ചത്തേങ്ങയുടെ താങ്ങുവിലയേക്കാൾ കുറവുള്ള തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നതാണ്. തിരുവനന്തപുരത്തെ ആനയറയിലുള്ള കേരഫെഡിന്റെ റീജിയണൽ ഓഫീസിലും തൃശ്ശൂർ പൂച്ചിനിപ്പാടത്തുള്ള കേരഫെഡ് ഓഫീസിലും പൊന്നാനിയിലെ വെളിയങ്കോടുള്ള പെരുമ്പടപ്പ് ബ്ലോക്ക് കോക്കനട്ട് ആൻഡ് പ്രോസസ്സിംഗ് മാർക്കറ്റിംഗ് സൊസൈറ്റിയിലും കേരഫെഡ് സംഭരണം ആരംഭിക്കുന്നതാണ്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഓരോ ജില്ലയിലും ഒരു കേന്ദ്രത്തിൽമാത്രം സംഭരിച്ചാൽ കർഷകർക്ക് എങ്ങനെയാണ് ഉല്പന്നങ്ങൾ എത്തിക്കാൻ കഴിയുന്നത്; അതുകൊണ്ട് നേരത്തെയുണ്ടായിരുന്നതുപോലെ പഞ്ചായത്തുകൾതോറും കൃഷിഭവനിലൂടെ സംഭരിച്ചതുപോലെയുള്ള സംവിധാനമാണ് പുനരാരംഭിക്കേണ്ടത്.

ശ്രീ. പി. പ്രസാദ്: സർ, ആ പ്രശ്നങ്ങൾ സംബന്ധിച്ച് പരിശോധിച്ചതിനുശേഷം സംഭരണത്തിന് കൂടുതൽ കേന്ദ്രങ്ങൾ ആവശ്യമായി വന്നാൽ അതനുസരിച്ച് ഏർപ്പെടുത്തുന്നതാണ്.

V. സബ്മിഷൻ

(1) സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം

ഡോ. എം. കെ. മുനീർ: സർ, 07-04-2021-ൽ കണ്ണൂർ ജില്ലയിലെ കുത്തുപറമ്പ് ചൊക്ലി സ്റ്റേഷൻ പരിധിയിൽ പുല്ലൂർകരയിൽ 23 വയസ്സുകാരനായ മൻസൂർ എന്ന യുവാവ് അതിദാരുണമായി കൊല്ലപ്പെട്ടു. ഇതുസംബന്ധിച്ച് ചൊക്ലി സ്റ്റേഷൻ പരിധിയിൽ ക്രൈം നമ്പർ 118/2001 ആയി രജിസ്റ്റർ ചെയ്തിട്ടുള്ളതും അതുപോലെ ക്രൈം നമ്പർ 106/സി.ബി.-കണ്ണൂർ ആൻഡ് കാസർഗോഡ് എന്ന പേരിൽ ക്രൈം ബ്രാഞ്ച് കണ്ണൂരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ കേസ് ഇപ്പോൾ തലശ്ശേരി ജൂഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ പെൻഡിംഗിലാണ്. ഇതിൽ പ്രതിയായ ജാഫിർ പി. പി. എന്നയാളെ നാളിതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. അയാളുടെ ഫോൺ എല്ലാ ദിവസവും ഓണാണ്, മൊബൈൽ സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യുന്നുമുണ്ട്. എന്നിട്ടും പോലീസിന് പ്രതിയെ കണ്ടെത്തി അറസ്റ്റ് ചെയ്യാൻ കഴിയുന്നില്ല. അദ്ദേഹത്തെക്കുറിച്ച് പോലീസ് കോടതിയിൽ

പറഞ്ഞത് 'അബ്സ്കോണ്ടിംഗ് എന്നാണ്. എന്നാൽ അതേ വ്യക്തി പോലീസ് കംപ്ലെയിന്റ് അതോറിറ്റിയിൽ നിരന്തരം കത്തയയ്ക്കുന്നു, നാട്ടിൽത്തന്നെയുണ്ടെന്ന് കത്തിൽ പറയുന്നു. ഈ പ്രതിയെ എന്തുകൊണ്ടാണ് അറസ്റ്റ് ചെയ്യാത്തതെന്ന ഒരു സംശയം നിലനിൽക്കുന്നു. അങ്ങ് മുൻകയ്യെടുത്ത് അറസ്റ്റ് ഉറപ്പുവരുത്തണം. രണ്ടാമത്തേത്, തലശ്ശേരി സെഷൻസ് കോടതിയിൽ പ്രതിയുടെ ജാമ്യഹർജി പരിഗണിക്കുമ്പോൾ, പബ്ലിക് പ്രോസിക്യൂട്ടർ പ്രതികളോട് ആ കുടുംബത്തിന് നീതി ലഭിക്കുമെന്ന് പറഞ്ഞു. എന്നാൽ ഇദ്ദേഹമാണ് പബ്ലിക് പ്രോസിക്യൂട്ടറെങ്കിൽ നീതി ലഭിക്കില്ലെന്ന് ആ കുടുംബം കരുതുന്നു. സ്പെഷ്യൽ പബ്ളിക് പ്രോസിക്യൂട്ടറെ നിയമിക്കണമെന്നാവശ്യപ്പെട്ട് മൻസൂറിന്റെ മാതാവായ ശ്രീമതി ഷക്കീന ഇവിടെ വന്നിരുന്നു. അവർ ഇതുസംബന്ധിച്ച് അങ്ങേയ്ക്ക് നിവേദനം നൽകിയിട്ടുണ്ട്. അഡ്വ. സി. കെ. ശ്രീധരൻ, ഹോസ്ദുർഗ്, കാസർഗോഡ് എന്നയാളെ സ്പെഷ്യൽ പബ്ളിക് പ്രോസിക്യൂട്ടറായി നിയമിക്കണമെന്ന ആ മാതാവിന്റെ ആവശ്യം അംഗീകരിക്കണം. ഈ രണ്ട് ആവശ്യങ്ങൾ അങ്ങയുടെ മുന്നിൽ സമർപ്പിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കണ്ണൂർ മങ്ങാരത്തുപീടികയിൽ

06-04-2021-ൽ നടന്ന സംഘർഷത്തെത്തുടർന്ന് മൻസൂർ മരണപ്പെട്ട സംഭവത്തിൽ ചൊക്ലി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 118/2021 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്. 12 പ്രതികളുൾപ്പെട്ട ഈ കേസിലെ 10 പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതും അവർ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞുവരികയുമാണ്. രണ്ടാം പ്രതിയെ 8-4-2021-ന് കോഴിക്കോട് കിഴക്കേചാൽ എന്ന സ്ഥലത്ത് കെട്ടിത്തൂങ്ങി മരണപ്പെട്ട നിലയിൽ കാണുകയുണ്ടായി. ഈ വിഷയത്തിൽ വളയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 65/2021 ആയി കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. 118/2021-ാം നമ്പർ കേസിലെ ഏഴാം പ്രതിയെ പിടികൂടുന്നതിനുള്ള ഊർജ്ജിതശ്രമം നടന്നുവരികയാണ്. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഇവിടെ പരാമർശിച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രതികളെ പിടികൂടാനുള്ള ശ്രമം ശക്തിപ്പെടുത്തുന്നതാണ്. കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുള്ള കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കേണ്ടതുണ്ടോയെന്ന കാര്യം നിലവിൽ പരിശോധിച്ചിട്ടില്ല. അക്കാര്യം പരിശോധിക്കുന്നതാണ്.

(2) പ്രവേശന നിയന്ത്രണം

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മഞ്ചേശ്വരം മണ്ഡലത്തിലെ അതിർത്തി വീണ്ടും സംഘർഷഭരിതമാണ്. അതിർത്തിയിലെ ജനങ്ങൾ മുഴുവൻ ആശങ്കയിലാണ്. കേരള-കർണ്ണാടക അതിർത്തിയായ തലപ്പാടി കർണ്ണാടക സർക്കാർ രണ്ടാം തീയതി മുതൽ വീണ്ടും അടച്ചിട്ടിരിക്കുകയാണ്. കാസർഗോഡ് ജില്ലയിലെ, പ്രത്യേകിച്ച് മഞ്ചേശ്വരം താലൂക്കിലെ ജനങ്ങൾ വിദ്യാഭ്യാസ-ആരോഗ്യ-വ്യാപാര ആവശ്യങ്ങൾക്ക് പരമ്പരാഗതമായി മംഗലാപുരം നഗരത്തെയാണ് ആശ്രയിക്കുന്നത്. എന്റെ പ്രദേശത്തെ 50 ശതമാനം ആളുകളുടെ ജനന-മരണ സർട്ടിഫിക്കറ്റുകൾ മംഗലാപുരം കോർപ്പറേഷനിൽ നിന്നാണ് ലഭിച്ചിട്ടുള്ളത്. മംഗലാപുരത്ത് കോവിഡ് വർദ്ധിക്കാനുള്ള കാരണം അതിർത്തിയിലെ ജനങ്ങളാണെന്ന് പറഞ്ഞുകൊണ്ടാണ് അതിർത്തി അടച്ചിട്ടിരിക്കുന്നത്. ഈ കാരണംകൊണ്ട് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ, ഡയാലിസിസ് ചെയ്യുന്ന വൃക്കരോഗികൾ, കാൻസർ രോഗികൾ, പ്രസവ ചികിത്സയ്ക്കായി പോകുന്നവർ, ജോലി ആവശ്യത്തിനായി പോകുന്നവർ, തൊഴിലാളികൾ, വിമാനത്താവളത്തിലേയ്ക്ക് പോകുന്നവരുൾപ്പെടെയുള്ളവർ സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട് വളരെ പ്രയാസത്തിലാണ്. വിദ്യാർത്ഥികൾക്കാണെങ്കിൽ പരീക്ഷ എഴുതാൻ കഴിയാത്ത സാഹചര്യമുണ്ട്. കർണ്ണാടകയിൽ കോവിഡ് രോഗികൾ വളരെ

കൂടുതലാണ്. മംഗലാപുരത്ത് ഞാൻ പോയ സന്ദർഭത്തിലൊക്കെ അവിടെ മാസ്ക് ധരിക്കാതെ അശ്രദ്ധയോടെ ആളുകൾ സഞ്ചരിക്കുന്നതാണ് കാണാൻ കഴിഞ്ഞത്. നിയന്ത്രണങ്ങളില്ലാത്തതിനാലാണ് മംഗലാപുരത്ത് കോവിഡ് വർദ്ധിച്ചത്. കേരളത്തിൽനിന്നുള്ളവരെല്ലാം കോവിഡ് പ്രോട്ടോക്കോൾ കൃത്യമായി പാലിച്ചാണ് അവിടെ പോകുന്നത്. മംഗലാപുരം നഗരത്തിൽ മാസ്ക് ധരിക്കാത്തതിന്റെ പേരിലാണ് ഈയൊരു പ്രശ്നമുണ്ടായത്. 2020-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ഗൗരവത്തോടുകൂടി ഇടപെട്ടൊരു കാര്യമാണ്. ലോക്ഡൗൺ പ്രഖ്യാപിച്ച സമയത്ത് അതിർത്തി അടച്ചതിന്റെ പേരിൽ 22 ജീവനാണ് അതിർത്തിയിൽ പിടഞ്ഞ് മരിച്ചത്. ഇന്ന് അവിടെ എല്ലാ രാഷ്ട്രീയ പാർട്ടികളുടെ ആളുകളും അതിശക്തമായ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. അതോടൊപ്പം കർണ്ണാടക ഹൈക്കോടതിയിൽ കാസർഗോഡുകാരനായ അഡ്വ. സുബയ്യ റായ് സമർപ്പിച്ച കേസ്സിൽ 'അതിർത്തി അടയ്ക്കരുത് ' എന്ന കർണ്ണാടക ചീഫ് ജസ്റ്റിസ് അഭയ് ശ്രീനിവാസ് ഓഖ പുറപ്പെടുവിച്ച ഉത്തരവ് നിലനിൽക്കുന്നുണ്ട്. കേരള സർക്കാർ ഇക്കാര്യത്തിൽ അടിയന്തരമായ ഇടപെടൽ നടത്തേണ്ടതുണ്ട്. അതുപോലെ ലണ്ടനിലേയ്ക്കും ജി.സി.സി. രാഷ്ട്രങ്ങളിലേയ്ക്കും രണ്ട് ഡോസ് വാക്സിൻ എടുത്തവർക്ക് പോകാൻ

അവസരം ലഭിക്കുമ്പോൾ കർണ്ണാടക മുഖ്യമന്ത്രി പറയുന്നത്, രണ്ട് ഡോസ് വാക്സിൻ എടുത്തിട്ടാണെങ്കിലും കേരളീയർ നിർബന്ധമായും 72 മണിക്കൂറിനുള്ളിൽ ആർ.ടി.പി.സി.ആർ. ടെസ്റ്റ് നടത്തിവരണമെന്നാണ്. അതോടൊപ്പം സൂചിപ്പിക്കാനുള്ള മറ്റൊരു കാര്യം, ബാഗ്ലൂരിൽനിന്ന് മംഗലാപുരത്തേയ്ക്ക് ട്രെയിനിൽ വന്ന കേരളീയരെ മംഗലാപുരം ടൗൺഹാളിൽ ക്വാറന്റൈൻ ഏർപ്പെടുത്തി ബുദ്ധിമുട്ടിക്കുന്ന അവസ്ഥയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെടണം. എന്റെ നാട്ടിലെ വിദ്യാർത്ഥികൾക്കും രോഗികൾക്കും മറ്റുള്ളവർക്കും മംഗലാപുരത്തേയ്ക്ക് പോകാനുള്ള അവസരമൊരുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാസർഗോഡുള്ളവരുടെ, പ്രത്യേകിച്ച് മഞ്ചേശ്വരം ഭാഗത്തുള്ളവരുടെ ഗൗരവമായ പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. കേരളത്തിൽനിന്നും കർണ്ണാടകത്തിലേയ്ക്ക് യാത്ര ചെയ്യുന്നവർക്ക് 72 മണിക്കൂറിനുള്ളിൽ കോവിഡ് ആർ.ടി.പി.സി.ആർ. നെഗറ്റീവ് സർട്ടിഫിക്കറ്റ് കർണ്ണാടക സർക്കാർ നിർബന്ധമാക്കിയിരിക്കുന്നു. ആഗസ്റ്റ് 2 മുതൽ തലപ്പാടിയിലെ അതിർത്തി ചെക്ക്പോസ്റ്റിൽ കർണ്ണാടകയിലെ ഉദ്യോഗസ്ഥർ ഇതിനായുള്ള

പരിശോധന കർശനമാക്കിയിട്ടുണ്ട്. അതിന്റെ പ്രയാസങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ വിവരിച്ചത്. പുതുതായി ഏർപ്പെടുത്തിയ നിയന്ത്രണം ചികിത്സയ്ക്കായി പോകുന്നവർക്കും അവശ്യസേവന മേഖലയിലുള്ളവർക്കും ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ പോലീസ് പ്രത്യേക ശ്രദ്ധ ചെലുത്തിവരുന്നുണ്ട്. കാസർഗോഡുനിന്ന് സ്ഥിരമായി മംഗലാപുരത്തേയ്ക്ക് പോയിവരുന്ന യാത്രക്കാർക്ക് മുൻഗണന നൽകി ആർ.ടി.പി.സി.ആർ. ടെസ്റ്റ് നടത്തുന്നതിന് അതിർത്തിയിൽ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ ഒരു ഉത്തരവിലൂടെ മാറ്റാവുന്ന കാര്യമല്ലത്. അതുകൊണ്ട് നമുക്കിവിടെ ചെയ്യാൻ കഴിയുന്ന സൗകര്യങ്ങൾ നാം ചെയ്യുക. രണ്ട് ഡോസ് കോവിഡ് വാക്സിനേഷൻ പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ആർ.ടി.പി.സി.ആർ. ടെസ്റ്റ് നിർബന്ധമാക്കിയിട്ടുള്ള ആവശ്യങ്ങൾക്കായി എത്തുന്നവർക്ക് അതിനുള്ള അനുമതി നൽകുന്നതാണ്. യാത്രയ്ക്കായി ചെക്ക്പോസ്റ്റിൽ എത്തുന്നവരുടെ സംശയദൂരീകരണത്തിനും ക്രമസമാധാനപാലനത്തിനും ആവശ്യമായ പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഉത്തരവുപ്രകാരം സംസ്ഥാനത്തിനകത്തേയ്ക്കും പുറത്തേയ്ക്കുമുള്ള യാത്രകൾക്ക് വിലക്ക് ഏർപ്പെടുത്തി അതിർത്തികൾ അടയ്ക്കാൻ പാടുള്ളതല്ല. കേന്ദ്രസർക്കാർ

നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് കർണ്ണാടക സർക്കാർ പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. കർണ്ണാടക സർക്കാരിന്റെ ഈ നടപടിമൂലം ജനങ്ങൾക്ക് ബുദ്ധമുട്ടുണ്ടാകാതിരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി നടത്തിയ ആശയവിനിമയത്തെതുടർന്ന് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് കർണ്ണാടക സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. മറ്റ് കാര്യങ്ങളിൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ കർണ്ണാടക സർക്കാരുമായി ബന്ധപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു.

(3) കൈവശഭൂമിക്ക് പട്ടയം

ശ്രീ. ടി. സിദ്ദിഖ്: സർ, റവന്യൂ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി അങ്ങ് നടത്തിക്കൊണ്ടിരിക്കുന്നതും വിഭാവനം ചെയ്തതുമായ പദ്ധതികളെ പ്രത്യേകം പരാമർശിക്കുന്നു. സമാനമായ ഈ പ്രശ്നത്തെ സംബന്ധിച്ച് നേരത്തെ ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. വൈത്തിരി താലൂക്കിൽപ്പെട്ട വെള്ളരിമല, കോട്ടപ്പടി, തരിയോട്, ചുണ്ടേൽ തുടങ്ങിയ എല്ലാ വില്ലേജുകളിലും എന്റെ നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ഭൂമി കൈവശം വച്ചുവരുന്നവരും ആയതിൽ വീട് നിർമ്മിച്ചവരും കാർഷികവൃത്തി നടത്തിക്കൊണ്ടിരിക്കുന്നവരുമായ

ആയിരക്കണക്കിനാളുകൾക്ക് പട്ടയവും കൈവശരേഖകളും ലഭിക്കാത്തതും നേരത്തെ സ്വീകരിച്ചിരുന്ന നികുതി ഇപ്പോൾ സ്വീകരിക്കാത്തതുമായ പ്രശ്നങ്ങൾ ഗൗരവത്തോടുകൂടി കണ്ട് പരിഹാരമുണ്ടാക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. ഇത്തരം ഭൂമിയിൽ നിലവിലുള്ള ഭവനങ്ങൾക്ക് നമ്പർ നൽകുവാനോ മറ്റ് ക്രയവിക്രയങ്ങൾ നടത്തുവാനോ വിദ്യാഭ്യാസ വായ്പയുൾപ്പെടെയുള്ള വായ്പകളെടുക്കാനോ സാധിക്കുന്നില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിനായി റവന്യൂ-വനം വകുപ്പുകൾ സംയുക്ത വെരിഫിക്കേഷൻ നടത്തിയ സ്ഥലത്തുപോലും ഇത് സാദ്ധ്യമല്ലാത്തതായ ഗൗരവമായ പ്രശ്നം നിലനിൽക്കുകയാണ്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് സീലിംഗ് ലിമിറ്റിൽ ഭൂമി കൈവശം വയ്ക്കുന്നവർക്ക് അവരുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള അവകാശം നൽകാനുള്ള നടപടികളുണ്ടാകണം. ഭൂമിയുടെ അളവ് ഇപ്പോഴുള്ള ഉടമയുടേതായി പരിഗണിക്കാൻ ഒറിജിനൽ ഡിക്ലറന്റിന്റെ കൈവശഭൂമി പരിഗണിച്ചാകരുത് എന്നുള്ളതും പ്രത്യേകം പരാമർശിക്കുന്നു. ഭൂപരിധിക്കുള്ളിൽ ഭൂമി കൈവശം വയ്ക്കുന്നവർക്ക് കെ.എൽ.ആർ. സർട്ടിഫിക്കറ്റ് നൽകാൻ നിർദ്ദേശിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു. ഭൂപരിധിക്കുള്ളിൽ ഭൂമി കൈവശം വയ്ക്കുന്ന ഭൂഉടമകൾക്ക് ഭൂമി ക്രയവിക്രയം ചെയ്യാനും വീട് വയ്ക്കാനും വായ്പയെടുക്കാനും കെട്ടിടം

നിർമ്മിക്കാനുമുള്ള അവകാശം നൽകാനുള്ള തീരുമാനമുണ്ടാകണം. വലിയ പ്ലാന്റേഷനുകൾക്കും ഭൂപരിധിയിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കുന്നവരല്ലാത്തവരുമായ ആളുകൾക്ക് ഭൂമിയിൽ വീട് വയ്ക്കാൻ, കെട്ടിടം പണിയാൻ, ഭൂമി ക്രയവിക്രയം ചെയ്യാൻ, വായ്പയെടുക്കാൻ തടസ്സമില്ലാതിരിക്കാനുള്ള നടപടികളുണ്ടാകണം. നികുതി ചീട്ടും കൈവശ സർട്ടിഫിക്കറ്റും മറ്റ് റവന്യൂ റെക്കോർഡുകളും നൽകാനാവശ്യമായ നടപടികളുണ്ടാകണം. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഇപ്പോൾ റീ-ഓപ്പൺ ചെയ്തതും എടുത്തതുമായ ടി.എൽ.ബി. കേസുകൾ പിൻവലിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് പ്രത്യേകം യോഗങ്ങൾ വിളിച്ചുചേർത്തിട്ടുണ്ട്. ഇക്കാര്യത്തിൽ അങ്ങ് എടുത്തുകൊണ്ടിരിക്കുന്ന നടപടികൾ സ്വാഗതാർഹമാണ്. ഈ പ്രശ്നം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച പ്രശ്നങ്ങളെല്ലാം വളരെയേറെ ഗൗരവപ്പെട്ടതാണ്. അതേ ഗൗരവത്തിൽത്തന്നെ റവന്യൂ വകുപ്പ് അതിനെ കാണുന്നുണ്ട്. നിരവധി പ്രശ്നങ്ങളാണ് ഇവിടെ സൂചിപ്പിച്ചത്. എഴുതി

നൽകിയവയ്ക്ക് മാത്രമാണ് സബ്മിഷനിലൂടെ മറുപടി പറയുന്നതെങ്കിലും അദ്ദേഹം ഉന്നയിച്ച പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിനുവേണ്ടി പ്രത്യേകമായി യോഗം ചേരാനുമുള്ള സൗകര്യമൊരുക്കുന്നതാണ്. വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽപ്പെട്ട കോട്ടപ്പടി, ചുണ്ടേൽ വില്ലേജുകളിൽ പതിറ്റാണ്ടുകളായി ഭൂമി കൈവശം വച്ചുവരുന്ന ധാരാളം ആളുകൾക്ക് പട്ടയം ലഭ്യമായില്ലെന്ന പ്രശ്നം ഗൗരവമായിട്ടാണ് സർക്കാർ കാണുന്നത്. ഇവരെല്ലാംതന്നെ 01.01.1977-ന് മുമ്പ് കുടിയേറിയവരും ഭൂമി കൈവശം വച്ച് കൃഷി ചെയ്ത് ജീവിക്കുന്നവരുമാണ്. സ്വാഭാവികമായും 1993-ലെ ചട്ടപ്രകാരമാണ് ഇവർക്ക് ഭൂമിയിൽ പട്ടയം അനുവദിക്കേണ്ടത്. വയനാട് ജില്ലയിൽ 01-01-1977-ന് മുമ്പുതന്നെ വനഭൂമി കൈവശം വച്ചുവരുന്നവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. റവന്യൂ, വനം, സർവ്വേ വകുപ്പുകളുടെ സംയുക്ത പരിശോധനയും ഗ്രൗൗൾ മാപ്പിംഗും പൂർത്തീകരിച്ചിട്ടുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ഡാറ്റ അപ്ലോഡ് ചെയ്ത് കേന്ദ്ര സർക്കാർ അനുമതി ലഭ്യമായാൽ മാത്രമേ വനഭൂമിക്ക് പട്ടയവിതരണം നടത്താനാകൂ. അതുകൊണ്ടുതന്നെ വനം-റവന്യൂ വകുപ്പുകൾ ഒപ്പുവച്ച സ്കെച്ചോടുകൂടി വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യേണ്ടതുണ്ട്. സ്കെച്ചുകൾ

ഒപ്പുവയ്ക്കുന്നതിനായി ഇപ്പോൾ വനം വകുപ്പിന് ഇതെല്ലാം ലഭ്യമാക്കിയിട്ടുണ്ട്. അത് വെബ്സൈറ്റിൽ അപ്ലോഡ് ചെയ്ത് കലണ്ടർ തയ്യാറാക്കി സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അങ്ങ് ആവശ്യപ്പെട്ടതുപോലെ കൽപ്പറ്റ മണ്ഡലത്തിലെ വിഷയങ്ങൾ മാത്രം പ്രതിപാദിക്കുന്ന ഒരു പ്രത്യേക യോഗം റവന്യൂ വകുപ്പുമന്ത്രിതന്നെ നേരിട്ട് നടത്തുന്നതാണ്.

(4) ചൂരൽപാറ മലയോര മേഖലയിലെ കർഷകർക്ക് പട്ടയം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ആലത്തൂർ താലൂക്കിലെ കിഴക്കഞ്ചേരി രണ്ടാം വില്ലേജിൽ ചൂരൽപാറ, മണ്ണെണ്ണക്കയം പ്രദേശത്ത് നൂറുകണക്കിന് മലയോര കർഷകരുടെ കൈവശഭൂമിക്ക് പട്ടയം അനുവദിക്കാത്ത പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. യൂട്ടിലിറ്റി കമ്പനിയുടെ പേരിലുണ്ടായിരുന്ന 2313 ഏക്കറിലധികം ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിച്ചതാണ്. പ്രസ്തുത ഭൂമിയിൽ ഒരേക്കർ വീതം പതിച്ചുനൽകുന്നതിന് ആദ്യഘട്ടത്തിൽ 151 പേർക്കും രണ്ടാംഘട്ടത്തിൽ 300 പേർക്കും റവന്യൂ വകുപ്പുതന്നെ ഓഫർ ലെറ്റർ കൊടുത്തു. അവരിൽ പലർക്കും ഡീഡ് ഓഫ് അസൈൻമെന്റും കളക്ടർ വിതരണം ചെയ്തതാണ്. അതിനുശേഷം ഒരു നടപടിയുമെടുത്തിട്ടില്ല. കഴിഞ്ഞ

സർക്കാരിന്റെ കാലത്ത് പലതവണ ഈ വിഷയം സഭയിൽ ഉന്നയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പത്ത് റവന്യൂ സർവ്വേയർമാരെയും മൂന്ന് വനംവകുപ്പ് സർവ്വേയർമാരെയും സ്പെഷ്യൽ ടീമായി സർക്കാർ നിയോഗിച്ചു. പക്ഷേ ചില വൻകിട കർഷകർ ഇതിൽ തർക്കമുന്നയിച്ച്, വനം വകുപ്പിനെക്കൂടി കൂട്ടുപിടിച്ച് അനാവശ്യ ഇടപെടലുകൾ നടത്താൻ ശ്രമിച്ചെങ്കിലും അതെല്ലാം പിന്നീട് സർവ്വകക്ഷിയോഗം വിളിച്ച് പരിഹരിച്ച് സർവ്വേ ആരംഭിച്ചു. പക്ഷേ പ്രളയമുണ്ടായപ്പോൾ ആ കാരണം പറഞ്ഞ് ഈ സർവ്വേ ടീമിനെ റവന്യൂ വകുപ്പ് പിൻവലിച്ച് മറ്റു പല ജില്ലകളിലേയ്ക്കും കൊണ്ടുപോയി. ഇപ്പോൾ നാമമാത്ര കൈവശക്കാർ കാത്തിരിക്കുകയാണ്. മൂപ്പതും നാല്പതും സെന്റ് ഭൂമി മാത്രം കൈവശമുള്ളവർക്കുപോലും പട്ടയം ലഭ്യമാകാത്ത പ്രശ്നം നിലനിൽക്കുകയാണ്. വനം വകുപ്പിന്റെ ഒരു തർക്കവുമില്ല, വ്യക്തികൾ തമ്മിൽ പ്രശ്നമില്ല, മിച്ചഭൂമിയാണ്. അളന്നുകഴിഞ്ഞ കുറെ ഭൂമിയുണ്ട്. ആ ഭൂമിയുടെ പട്ടയം അടിയന്തരമായി കൊടുക്കണം. ഒരു തർക്കവുമില്ലാത്ത റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിൽ മാത്രം വരുന്ന ഭൂമിയുണ്ട്. അത് എത്രയും പെട്ടെന്ന് അളന്ന് തിട്ടപ്പെടുത്തി മിച്ചഭൂമി പട്ടയം വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച പ്രശ്നം കഴിഞ്ഞ സമ്മേളനത്തിൽ പല തവണ ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. ഇക്കാര്യത്തിൽ അംഗം പ്രത്യേകമായ താൽപ്പര്യം കാണിക്കുന്നത് അഭിനന്ദനാർഹമാണ്. ആലത്തൂർ താലൂക്കിലെ കിഴക്കഞ്ചേരി 1, 2 വില്ലേജുകളിലായി പഴയ സർവ്വേ നമ്പർ 1/1A-യിൽപ്പെട്ടതും ആലത്തൂർ താലൂക്ക് ലാൻഡ് ബോർഡിന്റെ 31.12.2010-ലെ CC785/73 നമ്പർ ഉത്തരവു പ്രകാരം അന്യകൈവശത്തോടെ ഏറ്റെടുത്തതുമായ 2313.55 ഏക്കർ മിച്ചഭൂമിയുമായി ബന്ധപ്പെട്ട് വർഷങ്ങളായി നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുകൾ യഥാസമയം നടപ്പിലാക്കുന്നതിനായി 2017 ആഗസ്റ്റ് മാസത്തിൽ പതിമൂന്ന് സർവ്വേയർമാരെ നിയോഗിച്ചെങ്കിലും ഫണ്ടിന്റെ അഭാവവും പ്രദേശവാസികളുടെ നിസ്സഹകരണവും കാരണം സർവ്വേ നടപടികൾ 2018 ജനുവരി മാസത്തിലാണ് ആരംഭിക്കാൻ കഴിഞ്ഞത്. നിലവിൽ അറുപത്തിയൊന്ന് ശതമാനം സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. ഭൂപരിഷ്കരണ നിയമപ്രകാരം പതിച്ച് കൊടുക്കാവുന്ന പരിധിയിൽ കൂടുതൽ ഭൂമി കൈവശം വച്ചിരുന്ന

കക്ഷികൾക്കെതിരെ കെ.എൽ.സി. നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. വർഷങ്ങളായി കൃഷി ചെയ്തുവരുന്ന ഭൂമിയായതിനാലും മിച്ചഭൂമി ഏറ്റെടുക്കുന്ന വേളയിൽത്തന്നെ അന്യകൈവശമായതിനാലും വനഭൂമിയുമായി ചേർന്ന് കിടക്കുന്ന മിച്ചഭൂമിയുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുള്ളതിനാലും കെ.എൽ.സി. നടപടികൾ കൈക്കൊള്ളുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. ചെങ്കുത്തായ മലമ്പ്രദേശത്ത് നിർത്തിവയ്ക്കപ്പെട്ട സർവ്വേ പുനരാരംഭിക്കുന്നതിന് പതിനഞ്ച് സർവ്വേയർമാരെയും അഞ്ച് ഫോറസ്റ്റ് സർവ്വേയർമാരെയും നിയോഗിക്കാൻ ജില്ലാ സർവ്വേ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും നിലവിലുള്ള കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത സർവ്വേ നടപടികളുമായി മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കോവിഡ് നിയന്ത്രണങ്ങൾ മാറുന്ന മുറയ്ക്ക് സർവ്വേയർമാരെ നിയമിച്ച് ടി സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് കേരള ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽ വരുന്ന കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ ചേർന്ന എം.എൽ.എ.-മാരുടെ യോഗത്തിൽ പ്രത്യേകമായി

ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. അടിയന്തരമായി നടപ്പിലാക്കാനാവശ്യമായ നടപടികളെടുക്കുന്നതാണ്.

(5) <u>എരുമേലി തെക്ക് വില്ലേജിലെ കർഷകരുടെ കൈവശഭൂമിക്ക് പട്ടയം</u>

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട ഒരു ജനകീയ വിഷയമാണ് എരുമേലി തെക്ക് വില്ലേജിലെ എയ്ഞ്ചൽവാലി, പമ്പാവാലി, മുക്കംപെട്ടി പ്രദേശങ്ങളിലെ ആയിരത്തോളം വരുന്ന കൃഷിക്കാർക്ക് പതിറ്റാണ്ടുകളായി പട്ടയം ലഭിക്കാത്ത പ്രശ്നം. ആ പ്രദേശത്ത് 536.43 ഹെക്ടർ സ്ഥലം തിരു-കൊച്ചി ഗവൺമെന്റിന്റെ 01.10.1955-ലെ F4/1405/54 നമ്പർ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിന് കൈമാറുകയും അന്നത്തെ ഗവൺമെന്റിന്റെ 'Grow More Food' പദ്ധതി പ്രകാരം റവന്യൂ വകുപ്പ് കൃഷിക്കാർക്കും വിമുക്ത ഭടന്മാർക്കും കൈവശം നൽകിയിരുന്നതുമാണ്. ആ ഭൂമി അന്നുമുതൽ അവർ കൈവശം വച്ച് അനുഭവിക്കുകയും ഇന്ന് ആയിരത്തോളം കുടുംബങ്ങൾ അവിടെ പാർക്കുകയും ചെയ്യുന്നു. വിവിധ മതങ്ങളുടെ ആരാധനാലയങ്ങൾ, ഹൈസ്കൂൾ, പോസ്റ്റോഫീസ്, ആയുർവ്വേദാശുപത്രി, സഹകരണ ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളൊക്കെ ഇന്ന് അവിടെ പ്രവർത്തിക്കുന്നുമുണ്ട്. ആ വസ്തുവിന് കൈവശക്കാർക്ക് പട്ടയം നൽകണമെന്ന് ബഹുമാനപ്പെട്ട കേരള

ഹൈക്കോടതി റിട്ട് പെറ്റീഷൻ 30670/2004 പ്രകാരം 24.06.2009-ൽ ഉത്തരവ് പുറപ്പെടുവിച്ചതിൻപ്രകാരം 2016-ൽ 855 പേർക്ക് പട്ടയം നൽകുകയുണ്ടായി. ബാക്കിയുള്ളവരുടെ പട്ടയം തയ്യാറാക്കുകയും ചെയ്തു. എന്നാൽ പിന്നീട് തണ്ടപ്പേർ പിടിച്ച് കരമടയ്ക്കാൻ അവർക്ക് കഴിഞ്ഞില്ല. റീസർവ്വേ ഡിപ്പാർട്ടുമെന്റ് എരുമേലി തെക്ക് വില്ലേജിലെ 82-ാം നമ്പർ ബ്ലോക്ക് ReLIS (Revenue Land Information System) സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ് കാരണം. ഈ പ്രശ്നം വളരെ ഗൗരവമായി കണ്ട്, ഇവർക്ക് പട്ടയം നൽകാൻ കഴിയുന്നതാണെന്ന നിലയിൽ 'വനഭ്രമിയുടെ തടസ്സമില്ല' എന്നുള്ള റിപ്പോർട്ട് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകിയിട്ടുള്ളതും ഇവർക്ക് പട്ടയം അനുവദിച്ചുകൊണ്ട് 27.01.2011-ൽ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. അതുകൊണ്ട് ഈ വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ഗൗരവമായി ഇത് പരിഗണിച്ച് 1964-ലെ ഭൂപതിവ് ചട്ടത്തിന്റെ സെക്ഷൻ 24 പ്രകാരം ആ പ്രദേശത്തെ കൈവശക്കാരായ കൃഷിക്കാർക്ക് പട്ടയം അനുവദിക്കാൻ നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ,

ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ സർക്കാർ വളരെ ഗൗരവത്തോടെ കാണുന്നു. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക് വില്ലേജിൽപ്പെട്ടതും എയ്ഞ്ചൽവാലി, പമ്പാവാലി, കണമല, മുക്കംപെട്ടി തുടങ്ങിയ പ്രദേശങ്ങളിലെ കർഷകർ 1947-1953 കാലഘട്ടം മുതൽ കൈവശംവച്ച് കൃഷി ചെയ്ത് അനുഭവിക്കുന്നതുമായ ഭൂമിക്ക് എത്രയുംവേഗം പട്ടയം അനുവദിക്കുന്നതിനുള്ള നടപടികളാണ് റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്ന് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ രൂക്ഷമായ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്കരിച്ച 'Grow More Food' പദ്ധതിയുടെ ഭാഗമായി കർഷകർക്ക് നൽകിയിരുന്നതാണിത്. പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പള്ളി താലൂക്കിലെ എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശം 1978-ലാണ് പെരിയാർ ടൈഗർ റിസർവിലുൾപ്പെടുത്തിയത്. 28.09.2015-ലെ 502/2005/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എരുമേലി തെക്ക് വില്ലേജിൽ പെരിയാർ ടൈഗർ റിസർവിലുൾപ്പെട്ട പമ്പാവാലി പ്രദേശത്തുള്ള 904 പേർക്ക് പട്ടയം നൽകിയിരുന്നു. എന്നാൽ പ്രസ്തുത പട്ടയങ്ങൾക്ക് നിയമസാധുതയില്ലാത്തതിനാൽ ഫോറസ്റ്റ് കൺസർവേഷൻ ആക്ട്, 1980 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കേന്ദ്രാനുമതി

ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഫോറസ്റ്റ് കൺസർവേഷൻ ആക്ട്, 1980 പ്രാബല്യത്തിൽ വന്നതിനുശേഷം എല്ലാ വനഭൂമിയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫിന്റെ അനുമതിയോടുകൂടി ഡീറിസർവ് ചെയ്തതിനുശേഷം ടി പ്രദേശങ്ങളിൽ കൈവശക്കാർക്ക് പട്ടയം നൽകാൻ സാധിക്കും. പുതുതായി സംയുക്ത പരിശോധന നടത്താതെതന്നെ മുൻകാലത്ത് നൽകിയിട്ടുള്ള സംയുക്ത പരിശോധനാ വിവരങ്ങൾ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകുന്ന കാര്യമുൾപ്പെടെ പരിഗണിച്ചുകൊണ്ട് ഭൂമിയുടെ കൈവശക്കാരായ കർഷകർക്ക് കാലതാമസം കൂടാതെ പട്ടയം നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ ഒരു സംയുക്ത യോഗം വിളിച്ചുചേർത്ത് നടപടികൾ വേഗത്തിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(6) റെഗുലേറ്ററുകളുടെ പുനർനിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി: സർ, തൃശ്ശൂർ ജില്ലയിലെ മുപ്പതിനായിരം ഏക്കർ കോൾനിലങ്ങളിൽ ഉപ്പുവെള്ളം കയറാതെ കൃഷി സംരക്ഷിക്കാനും മഴക്കാലത്ത് വരുന്ന അധികജലം പുറത്തുവിട്ട് വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനുമാവശ്യമായ വിധത്തിൽ 1957-ൽ പ്രഥമ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നിർമ്മിച്ച ഏനാമാക്കൽ റെഗുലേറ്റർ,

ഇ. കെ. നായനാർ സർക്കാരിന്റെ കാലഘട്ടത്തിൽ നിർമ്മിക്കപ്പെട്ട ഇടിയഞ്ചിറ റെഗുലേറ്റർ എന്നീ രണ്ട് റെഗുലേറ്ററുകളും കാലപ്പഴക്കംമൂലം പ്രവർത്തനക്ഷമമല്ലാതായിരിക്കുകയാണ്. ഇതുമൂലം ലക്ഷങ്ങൾ ചെലവഴിച്ച് ഓരോ വർഷവും ഈ റെഗുലേറ്ററിനുമുന്നിൽ താൽക്കാലിക ബണ്ട് നിർമ്മിച്ചാണ് കൃഷി സംരക്ഷിച്ചുവരുന്നത്. 2018-ലെ പ്രളയജലം പുറത്ത് വിടാൻതന്നെ വളരെയധികം പ്രയാസം നേരിട്ട സ്ഥിതിവിശേഷമുണ്ടായി. അതുണ്ടാക്കിയ പ്രശ്നങ്ങൾ നിരവധിയാണ്. ഇതിന് പരിഹാരമായിട്ടാണ് ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലഘട്ടത്തിൽ RKI (Rebuild Kerala Initiative-ലൂൾപ്പെടുത്തിക്കൊണ്ട് രണ്ട് റെഗുലേറ്ററുകളുടെയും പുനർനിർമ്മാണത്തിനാവശ്യമായ 11.78 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചത്. എന്നാൽ നാളിതുവരെയായിട്ടും നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഈ കാലവർഷം കഴിഞ്ഞ് ജലനിരപ്പ് താഴുന്ന മുറയ്ക്ക് പ്രവർത്തനമാരംഭിക്കാൻ കഴിയുന്നില്ലെങ്കിൽ ഒരു വർഷംകൂടി നഷ്ടപ്പെടും. അതുണ്ടാക്കുന്ന നഷ്ടം വളരെ വലുതാണ്. യന്ത്രവൽകൃത യുഗത്തിൽ മോട്ടോർ സംവിധാനത്തോടുകൂടിയുള്ള ഷട്ടറുകളുടെ പുനർനിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ നടപടിയെടുക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഇത് മണലൂർ മണ്ഡലത്തിലെ മാത്രം

പ്രശ്നമല്ല, തൃശ്ശൂർ ജില്ലയിൽ മൊത്തത്തിൽ വരുന്ന പ്രശ്നമാണ്. ഈ പ്രശ്നത്തിന് പരിഹാരം കാണാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം മുരളി പെരുനെല്ലി ഉന്നയിച്ച ഈ വിഷയം അതീവ ഗൗരവമുള്ളതാണ്. കോൾനിലങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും വർഷകാലത്ത് അധികജലം പുറത്തേയ്ക്ക് വിടുന്നതിനുംവേണ്ടി നിർമ്മിച്ചിട്ടുള്ള ഈ റെഗുലേറ്ററുകൾ കാലപ്പഴക്കം വന്നതിനാൽ പ്രവർത്തനക്ഷമമല്ല എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. ഇതിന്റെ പശ്ചാത്തലത്തിലാണ് ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് ഈ കാര്യങ്ങൾക്കുവേണ്ടിയുള്ള ഫണ്ട് അനുവദിക്കപ്പെട്ടത്. തൃശ്ശൂർ ജില്ലയിലെ മണലൂർ മണ്ഡലത്തിലെ ഏനാമാക്കൽ, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ നവീകരണ പ്രവർത്തനത്തിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി മെക്കാനിക്കൽ, സിവിൽ പ്രവൃത്തികൾക്കായി യഥാക്രമം 6.46 കോടി രൂപയുടെയും 5.32 കോടി രൂപയുടെയും ഭരണാനുമതി നൽകി. ഏനാമാക്കൽ റെഗുലേറ്ററിന്റെ പ്രവൃത്തി മൂന്ന് തവണ ടെണ്ടർ ചെയ്തെങ്കിലും പ്രതികരണം ലഭിക്കാത്തതിനാൽ 02.08.2021-ന്

ടെണ്ടർ തുറക്കത്തക്ക വിധത്തിൽ നാലാം തവണയും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തിയുടെ നിർമ്മാണ കരാറിൽ ഏർപ്പെട്ടതിനുശേഷം പൊഴിയിൽ ജലനിരപ്പ് കുറഞ്ഞ് അനുകൂല സാഹചര്യമുണ്ടാകുമ്പോൾ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ടെണ്ടറുകൾ ഏറ്റെടുക്കാൻ കഴിയാതെ വരുന്ന ഒരു സ്ഥിതിവിശേഷമുണ്ടെന്നതാണ് ഇവിടെ കാണുന്ന പ്രധാന വിഷയം. എന്നാൽ ആവശ്യമായ ഭരണാനുമതിയും സാങ്കേതിക പരിശോധനകളുമെല്ലാം പൂർത്തീകരിക്കാൻ സാധിച്ചു. ഇന്നത്തെ കാലഘട്ടത്തിൽ ഷട്ടറുകൾ തുറക്കുന്നതിന് മോട്ടോർ ഉപയോഗിച്ചുള്ള സംവിധാനം അനിവാര്യമാണ്. ഇനി ടെണ്ടർ നടപടികളിലേയ്ക്ക് പോകാൻ താമസമുണ്ടാകുകയും ആരും ടെണ്ടറെടുക്കാത്ത സാഹചര്യം സംജാതമാകുകയും ചെയ്താൽ ഇതിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് മറ്റ് ഇതര മാർഗ്ഗമെന്തൊണെന്നുള്ളത് ഗവൺമെന്റ് ആലോചിക്കും. ടെണ്ടർ നടപടി സ്വീകരിക്കുകയും ഭരണാനുമതി കൊടുക്കുകയും ചെയ്തുകഴിഞ്ഞാൽ ഇത്രത്തോളം കാലതാമസമുണ്ടാകുന്ന നടപടികൾ ഒരിക്കലും സ്വീകരിക്കാൻ കഴിയുന്നതല്ല. ആൾട്ടർനേറ്റീവായ നടപടികൾ സ്വീകരിച്ച് ഈ കാലവർഷം

തീരുന്ന മുറയ്ക്ക് അവിടെ ഈ പ്രവൃത്തികൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കും.

(7) പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

ശ്രീ. പി. ബാലചന്ദ്രൻ: സർ, തൃശ്ശൂരിലെ അധ:സ്ഥിത ജനവിഭാഗത്തിന്റെ നേതാവും സാമൂഹ്യനീതിയോടൊപ്പം സാമ്പത്തിക നീതിയും അവർക്ക് വേണമെന്നുള്ളതുകൊണ്ട് പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവുമായിത്തീർന്ന കേരള പുലയ മഹാസഭയുടെ സ്ഥാപക നേതാക്കന്മാരിലൊരാളായ പി. കെ. ചാത്തൻ മാസ്റ്ററുടെ നാമധേയത്തിലുള്ള ഒരു അക്കാഡമി സ്ഥാപിക്കുന്നതിനുവേണ്ടി തൃശ്ശൂരിൽ സ്ഥലം വിട്ടുകൊടുക്കുകയും അതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. അദ്ദേഹം 1954-ൽ പൊറത്തിശ്ശേരി പഞ്ചായത്ത് പ്രസിഡന്റും 1957-ൽ ചാലക്കുടിയിൽനിന്നും വിജയിച്ച് കേരളത്തിലെ ആദ്യത്തെ മന്ത്രിസഭയായ ഇ.എം.എസ്. മന്ത്രിസഭയിലെ ഹരിജന ക്ഷേമവകുപ്പിന്റെയും പഞ്ചായത്തിന്റെയും ചുമതലയുള്ള മന്ത്രിയുമായിരുന്നു. നവോത്ഥാന കേരള മൂല്യങ്ങൾക്കുവേണ്ടിയുള്ള പോരാട്ടത്തിൽ കേരളത്തെ നയിച്ച ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള കുട്ടംകുളം സമരത്തിലും പാലിയം സമരത്തിലുമൊക്കെ നേതൃത്വം വഹിച്ച സഖാവ് ചാത്തൻ മാസ്റ്ററുടെ പേരിലുള്ള ഈ മന്ദിരം

പണികഴിപ്പിക്കാൻ എന്തുകൊണ്ടാണ് ഇത്രകാലമായിട്ടും സാധിക്കാതിരുന്നത്? സഖാവ് വി. എസ്. അച്ചുതാനന്ദൻ മന്ത്രിസഭയുടെ കാലത്ത് റവന്യൂ വകുപ്പുമന്ത്രിയായി സഖാവ് കെ. പി. രാജേന്ദ്രനും ഹരിജന ക്ഷേമവകുപ്പിന്റെ മന്ത്രിയായി ശ്രീ. എ. കെ. ബാലനും ചുമതലയിലുണ്ടായിരുന്നപ്പോഴാണ് ഉദ്ദേശം 20 കോടിയോളം രൂപ ഈ കെട്ടിടത്തിനായി നീക്കിവച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഒരേക്കറിലധികം ഭൂമി പൂത്തോളിൽ ഇതിനുവേണ്ടി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിലുണ്ടായ കാലതാമസം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട തൃശ്ശൂർ അംഗം പി. ബാലചന്ദ്രൻ ഇവിടെ ഉന്നയിച്ച സബ്മിഷൻ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തൃശ്ശൂർ നിയോജക മണ്ഡലത്തിലെ പൂത്തോൾ ചാത്തൻ മാസ്റ്റർ സ്മാരക ഭൂമിയിൽ പെൺകുട്ടികൾക്ക് ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റൽ

നിർമ്മിക്കുന്നതിന് തീരുമാനിച്ചെങ്കിലും അത് നടപ്പിലാക്കിയിട്ടില്ല എന്നുള്ളതാണ് അദ്ദേഹത്തിന്റെ സബ്മിഷൻ. ഇതുസംബന്ധിച്ച് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിക്കുകയും 17-12-2018-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പിൽ ഈ തീരുമാനം അംഗീകരിക്കുകയും ചെയ്തിരുന്നു. നൂറ് ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഈ ഹോസ്റ്റൽ പണിയണമെന്നാണ് അന്ന് തീരുമാനമെടുത്തത്. അതിന് മുന്നോടിയായി നാല് കോടിയോളം രൂപ തൃശ്ശൂർ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് നൽകുകയും ചെയ്തു. 'ബാബു ജഗ്ജീവൻറാം ഛത്രവാസ് യോജന' എന്ന പദ്ധതിയിലാണ് ഈ ഹോസ്റ്റൽ നിർമ്മിക്കാൻ തീരുമാനിച്ചത്. പക്ഷെ നൂറ് ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാന ഗവൺമെന്റ് പണം അനുവദിച്ചാലും നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുമുൻപ് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ലഭിക്കണം. അങ്ങനെ പണി ആരംഭിക്കുന്നതിനുമുൻപ് അനുവാദം കിട്ടിയില്ലെങ്കിൽ ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കില്ല. കേന്ദ്രാനുമതി ലഭിക്കുന്നതിനുവേണ്ടി നിരവധി തവണ വകുപ്പ് ബന്ധപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ലഭിക്കുന്നതിനുമുമ്പ് സംസ്ഥാന ഗവൺമെന്റ് നിർമ്മാണം ആരംഭിച്ചുകഴിഞ്ഞാൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും തുക

ലഭിക്കില്ലെന്നുള്ളതുകൊണ്ട് കേന്ദ്രാനുമതി ലഭിച്ചാലുടൻ പെൺകുട്ടികൾക്ക് വേണ്ടിയുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും അത് സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യും. പി. കെ. ചാത്തൻമാസ്റ്റർ വലിയൊരു സാമൂഹിക പരിഷ്കർത്താവും നമ്മുടെ നാടിന്റെ മുന്നോട്ടുപോക്കിൽ വലിയ സംഭാവന ചെയ്ത മഹാനായ ഒരു കമ്മ്യൂണിസ്റ്റുകാരനുമാണ്. അദ്ദേഹത്തിന്റെ പേര് ഉയർത്തിപ്പിടിക്കുന്നതിനുവേണ്ടിയാണ് തൃശ്ശൂർ പൂത്തോളിൽ ഒരേക്കർ സ്ഥലം മുൻ എൽ.ഡി.എഫ്. സർക്കാർ അനുവദിച്ചത്. ആ സ്ഥലത്താണ് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്.

ബഹുമാനപ്പെട്ട അംഗം ഇവിടെ 'ഹരിജനക്ഷേമ വകുപ്പ് എന്ന് സൂചിപ്പിക്കുകയുണ്ടായി. അങ്ങനെ പറയാൻ പാടില്ലെന്ന് നമ്മൾ തീരുമാനിച്ചിട്ടുണ്ട്. എല്ലാ അംഗങ്ങളുടെയും ശ്രദ്ധയിൽവരാനാണ് ഞാനിത് പറയുന്നത്.

(8) ബീനാച്ചി-പനമരം റോഡ് നിർമ്മാണം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, അടിയന്തര പ്രാധാന്യമുള്ളതും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് നേരിട്ട് അറിയാവുന്നതും അദ്ദേഹം സന്ദർശിച്ചതുമായ ബീനാച്ചി-പനമരം പി.ഡബ്ല്യു.ഡി. റോഡ്

നിർമ്മാണത്തെക്കുറിച്ചുള്ള ഒരു സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. കിഫ്ബിയിലൂടെ 54.4 കോടി രൂപ അനുവദിച്ച് 2018-19-ൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പ്രസ്തുത റോഡിന്റെ പ്രവൃത്തി തമിഴ്നാട്ടിലുള്ള ആർ.എസ്. ഡെവലപ്മെന്റ് ആൻഡ് കൺസ്ട്രക്ഷൻസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് ഏറ്റെടുത്തിരിക്കുന്നത്. ഏതാണ്ട് 22 കിലോമീറ്ററുള്ള ഈ റോഡ് സുൽത്താൻ ബത്തേരിയിൽ നിന്ന് ആരംഭിച്ച് മാനന്തവാടിയിലെ പനമരത്ത് അവസാനിക്കുകയാണ്. ഈ റോഡിൽ 16 കിലോമീറ്റർ ജെ.സി.ബി. ഉപയോഗിച്ച് കുഴിച്ചിട്ടിരിക്കുന്നതുകാരണം യാത്ര ചെയ്യാൻപോലും സാധിക്കാത്ത സ്ഥിതിയാണുള്ളത്. മാത്രമല്ല, പല ഘട്ടങ്ങളിലും ഞാൻ അവിടത്തെ പഞ്ചായത്ത് പ്രസിഡന്റുമാർ, ഉദ്യോഗസ്ഥന്മാർ എന്നിവർ ഉൾപ്പെടെയുള്ളവരെ വിളിച്ച് ചർച്ച നടത്തിയിരുന്നു. ഒടുവിൽ മന്ത്രിയോട് പ്രസ്തുത സ്ഥലം സന്ദർശിക്കണമെന്ന ആവശ്യമറിയിച്ചതിനെത്തുടർന്നാണ് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അവിടെ സന്ദർശിച്ച് കാര്യങ്ങൾ മനസ്സിലാക്കിയത്. ഇതിൽ 16 കിലോമീറ്റർ റോഡ് ഇന്ന് നടക്കാനോ യാത്രചെയ്യാനോ സാധിക്കാതെ കിടക്കുകയാണ്. ഈ ശോചനീയാവസ്ഥ കാരണം റോഡിന്റെ രണ്ട് വശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾ വലിയ

അസ്വസ്ഥത നേരിടുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് അവിടെ രാഷ്ട്രീയപരമായ നീക്കങ്ങൾ നടക്കുകയാണ്. മന്ത്രിയുടെ പാർട്ടിക്കാർ എം.എൽ.എ.-യെ കുറ്റപ്പെടുത്തുന്നു, എം.എൽ.എ.-യുടെ പാർട്ടിക്കാർ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നു. ഞാൻ കഴിഞ്ഞ ദിവസം എന്റെ പ്രസംഗത്തിൽ ഇക്കാര്യം പറഞ്ഞതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: വിഷയം മനസ്സിലായി, അങ്ങ് അവസാനിപ്പിക്കൂ.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, കൂടാതെ വിവിധ സംഘടനകൾ നിഷ്പക്ഷമായ സമരങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്. വളരെ പ്രധാനപ്പെട്ട റോഡെന്ന നിലയ്ക്ക് മന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം. കൂടാതെ വാട്ടർ അതോറിറ്റിയുമായും കെ.എസ്.ഇ.ബി.എൽ.-മായും റവന്യൂ വകുപ്പുമായും ബന്ധപ്പെട്ട് ചെയ്യേണ്ട കാര്യങ്ങൾ അതിന്റെ നടപടിക്രമങ്ങൾ അനുസരിച്ച് നടക്കുന്നുവെങ്കിലും അതൊരു പൂർത്തീകരണ ഘട്ടത്തിലേയ്ക്കെത്തിയിട്ടില്ല. സർക്കാർ ഇക്കാര്യവുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകുന്നുണ്ടെങ്കിലും അതിനൊരു തീരുമാനമുണ്ടാകണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വളരെ ഗൗരവമുള്ള വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഐ. സി. ബാലകൃഷ്ണൻ ഉന്നയിച്ചത്. ഈ വിഷയം അദ്ദേഹവും മാനന്തവാടി എം.എൽ.എ. ശ്രീ. ഒ. ആർ. കേളുവും വിവിധ രാഷ്ട്രീയ പാർട്ടി നേതൃത്വങ്ങളും ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഭാഗമായി ഈ പ്രവൃത്തി നടക്കുന്ന സ്ഥലത്ത് നേരിട്ട് പോയിരുന്നു. ഇത് കിഫ്ബിവഴി നടപ്പാക്കുന്ന 22 കിലോമീറ്റർ നീളമുള്ള റോഡ് നിർമ്മാണമാണ്. അതിൽ 12 കിലോമീറ്റർ സ്ഥലത്ത് പ്രവൃത്തിക്കാവശ്യമായ സ്ഥലം സ്വമേധയാ പരിസരവാസികൾ വിട്ടുനൽകിയതിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നത്. പക്ഷെ പ്രവൃത്തികളിലുണ്ടായ ചില ന്യൂനതകളുടെ ഭാഗമായി പണി മന്ദഗതിയിലാകുകയും കിഫ്ബി പ്രസ്തുത പ്രവൃത്തി സസ്പെന്റ് ചെയ്യുന്ന സാഹചര്യമുണ്ടാവുകയും ചെയ്തു. കിഫ്ബിയുടെ പരിശോധനാ റിപ്പോർട്ടിന്മേലുള്ള സസ്പെൻഷൻ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനായി ഇതുമായി ബന്ധപ്പെട്ട വിശദീകരണ റിപ്പോർട്ട് നൽകിക്കൊണ്ട് കിഫ്ബിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ട് കിഫ്ബി പരിശോധിച്ച് വരികയാണ്, അത് വേഗത്തിൽ പൂർത്തിയാകുമെന്നാണ് മനസ്സിലാകുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം

പറഞ്ഞതുപോലെ പ്രവൃത്തി നടക്കുന്ന 12 കിലോമീറ്റർ GSB (Granular Sub-base)-ഉം WMM (Wet Mix Macadam)-ഉം ആണ് ചെയ്തിട്ടുള്ളത്. ടാറിംഗ് നടന്നിട്ടില്ല. BM&BC നടക്കാത്തതിന്റെ ഭാഗമായിട്ടുള്ള കുഴികളാണ് വന്നിട്ടുള്ളത്. കിഫ്ബി വർക്ക് സസ്പെന്റ് ചെയ്തതുമാണ്. അപ്പോൾ GSB-യുടെയും WMM-ന്റെയും ഭാഗമായിട്ടുള്ള പുനർനിർമ്മാണമാണ് സ്വാഭാവികമായും അവിടെ ചെയ്യാൻ സാധിക്കുന്നത്. GSB-യുടെ കുഴികൾ അടയ്ക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു, WMM-ന്റെ പ്രവൃത്തി ഇന്ന് ആരംഭിച്ചിട്ടുണ്ട്. ഒരാഴ്ചയ്ക്കകം അത് പൂർത്തീകരിക്കാമെന്നാണ് അവർ പറഞ്ഞിരിക്കുന്നത്. GSB-യുടെയും WMM-ന്റെയും കുഴികൾ അടച്ച് തൽക്കാലത്തേയ്ക്ക് പ്രശ്നം പരിഹരിച്ച് പോകാൻ സാധിക്കുമെന്നാണ് കരുതുന്നത്. അങ്ങനെയാണ് വിവരം ലഭിച്ചത്. ഇക്കാര്യത്തിൽ നിലവിൽ പ്രവൃത്തി നടക്കുന്ന മേഖലയിൽ നിശ്ചയിക്കപ്പെട്ടതുപോലെ നടക്കുമെന്ന് ഉറപ്പുവരുത്തുവാൻ KRFB-PMU പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം അതുമായി ബന്ധപ്പെട്ട റിപ്പോർട്ട് നൽകുന്നതാണ്. KRFB-PMU പ്രോജക്ട് ഡയറക്ടർ ഇതിന്റെ മറ്റ് കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കും. നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്ത ബാക്കി 10 കിലോമീറ്ററിൽ സ്ഥല ലഭ്യതയില്ലാത്തതാണ് പ്രശ്നം. അതിന്റെ

ഭാഗമായി തൽക്കാലം അറ്റകുറ്റപ്പണികൾ നടത്താൻ പറഞ്ഞിട്ടുണ്ട്. യൂട്ടിലിറ്റി മാറ്റി സ്ഥാപിക്കുന്നതും സ്ഥല ലഭ്യതയും നടക്കുന്ന മുറയ്ക്ക് പ്രവൃത്തി പുന:ക്രമീകരിച്ച് പൂർത്തിയാക്കാനാണ് ഇപ്പോൾ ഉദ്ദേശിച്ചിരിക്കുന്നത്. ഇത് വയനാട്ടിലെ ഒരു പ്രധാനപ്പെട്ട റോഡാണ്. വളരെ പ്രാധാന്യമുള്ള വിഷയമെന്നുള്ള നിലയിൽ പൊതുമരാമത്ത് വകുപ്പ് ഈ പ്രവൃത്തിക്ക് ഉയർന്ന പരിഗണനയാണ് നൽകിയിരിക്കുന്നത്.

(9) വഴിമുക്ക്-കളിയിക്കാവിള പാത വികസനം

ശ്രീ. കെ. ആൻസലൻ: സർ, കരമന-കളിയിക്കാവിള പാതയുടെ വികസനവുമായി ബന്ധപ്പെട്ട സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ പ്രധാനപ്പെട്ട അന്തർസംസ്ഥാന റോഡാണ് കരമന-കളിയിക്കാവിള പാത. ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് ഏകദേശം ഇരുപതുവർഷത്തോളമായി. ഒന്നാംഘട്ടമായി കരമന-പ്രാവച്ചമ്പലം പാതയുടെ നിർമ്മാണം പൂർത്തീകരിച്ചു. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് രണ്ടാംഘട്ടമായി പ്രാവച്ചമ്പലം-കൊടിനട വരെയുള്ള പാതയുടെ നിർമ്മാണം പൂർത്തീകരിച്ചു. മൂന്നാംഘട്ടം കൊടിനട മുതൽ വഴിമുക്ക് വരെയുള്ള ഒന്നര കിലോമീറ്റർ ദൂരം ഭൂമിയേറ്റെടുക്കുന്നതിനാവശ്യമായ ഏകദേശം 98 കോടിയോളം രൂപ

അനുവദിച്ചിട്ടുണ്ട്. അവിടെയാണ് ബാലരാമപുരം ജംഗ്ഷനുൾപ്പെടെ വരുന്നത്. അവിടെ അടിപ്പാതയും ഫ്ലൈഓവറും നിർമ്മിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസലും അതിന്റെ ചർച്ചകളും അനന്തമായി നീളുന്നു. അതിനുശേഷമാണ് വഴിമുക്ക് മുതൽ കളിയിക്കാവിളവരെ ഏകദേശം പതിനെട്ട് കിലോമീറ്ററോളമുള്ള വിശാലമായ റോഡ് വരുന്നത്. ഇതിന്റെ അലൈൻമെന്റ് പൂർത്തീകരിച്ച് രണ്ടുഘട്ടമായി പൊതുജനാഭിപ്രായം സ്വീകരിച്ച് ആവശ്യമായ ആക്ഷേപങ്ങളും ഭേദഗതികളും ചർച്ച ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡിന്റെ വികസനം പ്രധാനപ്പെട്ടതാണ്. അങ്ങ് മന്ത്രിയായതിനുശേഷം റോഡിന്റെ വികസനം സംബന്ധിച്ച് എം.എൽ.എ.-മാരുടെ യോഗം വിളിച്ചുചേർത്തു. അതിൽ തലസ്ഥാന നഗരത്തിന്റെ വികസനമാണ് ഏറ്റവുംകൂടുതൽ ശ്രദ്ധിക്കപ്പെട്ടത്. തലസ്ഥാനവുമായി ബന്ധപ്പെട്ട് കിടക്കുന്ന ഈ അന്തർസംസ്ഥാന പാത ചരിത്രത്തിന്റെ ഭാഗമാണ്. രാജഭരണ കാലത്ത് തിരുവിതാംകൂറിലെയും തിരു-കൊച്ചിയിലെയും ഭരണാധികാരികൾ സഞ്ചരിച്ചിരുന്ന പ്രധാനപ്പെട്ട റോഡുകൂടിയാണിത്. ബാലരാമപുരം മുതൽ കൊടിനടവരെ റോഡ് വികസനം വന്നിട്ടുണ്ട്. നൂറുകണക്കിന് വാഹനങ്ങൾ തിങ്ങിഞെരുങ്ങി കൂപ്പി കുഴുത്തുപോലെ ബാലരാമപുരത്ത് എത്തിയതിനുശേഷം വഴിമുക്ക്

കടന്നുപോകുന്നതിന് മണിക്കൂറുകളോളം സമയമെടുക്കുന്നു. തമിഴ്നാട്ടിൽനിന്നടക്കം നിരവധി വാഹനങ്ങൾ വന്നുചേരുന്ന പ്രധാനപ്പെട്ട റോഡായതുകൊണ്ട് ഈ റോഡിൽ മണിക്കൂറുകളോളം ട്രാഫിക് പ്രശ്നം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനം എത്രയുംവേഗം പൂർത്തീകരിക്കേണ്ടതുണ്ട്. അവിടെ ആക്ഷേപകരമായ പ്രവർത്തനം ഇപ്പോൾ നടക്കുകയാണ്. വഴിമുക്ക് മുതൽ കളിയിക്കാവിള വരെ നാഷണൽ ഹൈവേ അതോറിറ്റിയുടെ കീഴിലാണ് ഇപ്പോഴുള്ളത്. റോഡിൽ നിരവധി പ്രദേശത്ത് അഗാധമായ ഗർത്തങ്ങളുള്ളതിനാൽ നിരവധി റോഡപകടങ്ങളും മരണങ്ങളും സംഭവിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് റീ-ടാറിംഗ് ചെയ്തിട്ട് പന്ത്രണ്ട് വർഷത്തിലധികമായി. വലിയ കുഴികൾ രൂപപ്പെട്ടതിന്റെ ഭാഗമായി യാത്രകൾ അസൗകര്യമാകുന്ന ഘട്ടത്തിൽ നാഷണൽ ഹൈവേ അതോറിറ്റി റോഡിന്റെ ഇരുവശവും ഇന്റർലോക്ക് ചെയ്യുകയും റോഡിൽ മാർക്ക് ചെയ്ത് സ്റ്റഡ് പതിപ്പിച്ചുകൊണ്ട് ആക്ഷേപകരമായൊരു സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഇതിന്റെ ആക്ഷേപം വന്നുപതിക്കുന്നത് സംസ്ഥാന ഗവൺമെന്റിന്റെയും ജനപ്രതിനിധികളുടെയും നേരെയാണ്. നാഷണൽ ഹൈവേ അതോറിറ്റി ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഇടപെട്ടിട്ടില്ല.

അങ്ങയുടെ പ്രധാനപ്പെട്ട ഇടപെടൽ ഇക്കാര്യത്തിൽ പ്രത്യേകമായി ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം കെ. ആൻസലൻ ഉന്നയിച്ചിട്ടുള്ള വിഷയം വഴിമുക്ക്-കളിയിക്കാവിള വരെയുള്ള ദേശീയപാത 66-ന്റെ വികസന പ്രവർത്തനവുമായി ബന്ധപ്പെട്ടതാണ്. ദേശീയപാത നാലുവരി പാത രണ്ടാംഘട്ട വികസനത്തിലുൾപ്പെടുന്നതാണ് പ്രസ്തുത റോഡും അതിന്റെ വികസനവും. ഇതിന്റെ കരട് അലൈൻമെന്റിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇനി ഭൂമി ഏറ്റെടുക്കലും പദ്ധതിരേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങളുമാണ് നടക്കാനുള്ളത്. ഏകദേശം 24.7080 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്. ഭൂമി ഏറ്റെടുക്കുന്നതിനടക്കം കിഫ്ബിയാണ് ഫണ്ട് അനുവദിക്കുന്നത്. ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ കൃത്യമായ അളവുകൾ തയ്യാറാക്കാൻ കിഫ്ബിയുടെ ടെക്നിക്കൽ റിസോഴ്സ് ടീമിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തിരുവനന്തപുരം ജില്ലയിലെ എം.എൽ.എ.-മാരുടെ

യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യുകയും ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. ബഹുമാനപ്പെട്ട എം.എൽ.എ. കെ. ആൻസലൻ രണ്ട് തവണ ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഭാഗമായി, ഇത് അതിവേഗത്തിൽ ഇടപെടേണ്ട വിഷയമാണെന്ന് ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ട്. ഇനി എന്താണ് സ്വീകരിക്കേണ്ടതെന്നതിനെ സംബന്ധിച്ച് അതിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് ഉൾപ്പെടെ പരിശോധിച്ചുകൊണ്ട് മറ്റ് നടപടികൾ കൈക്കൊള്ളാം.

(10) മെഡിക്കൽ കോളേജിന്റെ വികസനം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, വടക്കാഞ്ചേരി മണ്ഡലത്തിലെ മുളങ്കുന്നത്തുകാവിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി ട്രോമാകെയർ കെട്ടിടം പൂർത്തിയാക്കുന്നതിനും എമർജൻസി മെഡിസിൻ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, അനുബന്ധ വിഭാഗങ്ങൾ, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, നിയോനാറ്റോളജി വിഭാഗം, കാർഡിയോളജി, റേഡിയോ ഡയഗ്നോസിസ് തുടങ്ങിയ വിഭാഗങ്ങൾ പൂർത്തിയാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുംവേണ്ടി നടപടികൾ സ്വീകരിക്കണമെന്നതാണ് സബ്മിഷൻ. ഇന്ന് മധ്യകേരളത്തിലെ മികച്ച ആരോഗ്യ സ്ഥാപനമാണ് തൃശ്ശൂർ മെഡിക്കൽ

കോളേജ്. 1982-ൽ സ്ഥാപിതമായ മെഡിക്കൽ കോളേജ് ഇപ്പോൾ 250 ഏക്കർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്നു. ആരോഗ്യ സർവ്വകലാശാല, ദന്തൽ കോളേജ്, നേഴ്സിംഗ് കോളേജ്, അർബുദരോഗ ചികിത്സാകേന്ദ്രമുൾപ്പെടുന്ന നെഞ്ച് രോഗാശുപത്രി എന്നിവ ഈ കോമ്പൗണ്ടിലാണ് പ്രവർത്തിക്കുന്നത്. തൃശ്ശൂർ ജില്ലയിലേയും സമീപ ജില്ലകളിലേയും രോഗികളുടെ പ്രധാന ആശ്രയമാണ് തൃശ്ശൂർ മെഡിക്കൽ കോളേജ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇതിനെ ആരോഗ്യ സർവ്വകലാശാലയുടെ ക്യാമ്പസ് കോളേജായി ഉയർത്താൻ തീരുമാനിച്ചു. ഇതിന്റെ നടപടികൾ വേഗത്തിലാക്കണം. ട്രോമാ ട്രയാജ് കെട്ടിട നിർമ്മാണത്തിന്റെ പതിനഞ്ച് ശതമാനം ജോലി മാത്രമേ ഇനി പൂർത്തിയാക്കാനുള്ളൂ. ഇത് അടിയന്തരമായി പൂർത്തിയാക്കി ഉദ്ഘാടനം നടത്തണം. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ പുതിയ നിർദ്ദേശമനുസരിച്ച് എം.ബി.ബി.എസ്. പഠിപ്പിക്കുന്ന എല്ലാ മെഡിക്കൽ കോളേജുകളിലും പ്രത്യേക എമർജൻസി മെഡിസിൻ വിഭാഗം ആരംഭിക്കേണ്ടതുണ്ട്. അത്യാഹിത വിഭാഗത്തിൽ ചികിത്സ തേടിയെത്തുന്ന രോഗികൾക്ക് കേന്ദ്രീകൃത ചികിത്സ ലഭ്യമാക്കാൻ ഇതുവഴി സാധിക്കും. കിഫ്ബിയിൽനിന്നും 277.76 കോടി രൂപ വകയിരുത്തി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി അംഗീകാരം

ലഭിക്കുന്നതിനുവേണ്ടി കാത്തിരിക്കുന്നു. കിഫ്ബി മുഖാന്തരമുള്ള മറ്റ് നടപടികൾ പൂർത്തിയാക്കി ഇത് നടപ്പിലാക്കിയാൽ മധ്യകേരളത്തിലെ മാതൃ-ശിശു ചികിത്സയ്ക്ക് ശക്തി പകരുന്ന ഒന്നായിമാറും. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ ഡി.പി.ആർ. കിഫ്ബി ബോർഡ് 2021 മാർച്ച് മാസത്തിൽ അംഗീകരിച്ചു. നിബന്ധനകൾക്ക് വിധേയമായി സാമ്പത്തികാനുമതി നൽകിയിരുന്നു. 151 കോടി രൂപയുടെ പദ്ധതി ടെണ്ടർ ചെയ്ത് പണികൾ സമയബന്ധിതമായി പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കിയാൽ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ ഉടൻ ഇവിടെ ആരംഭിക്കാൻ കഴിയും. നിലവിൽ കാർഡിയോളജിക്ക് പ്രൊഫസർ തസ്തികയില്ലാത്ത ഏകമെഡിക്കൽ കോളേജാണ് തൃശ്ശൂരിലേത്. ഇവിടെ കാർഡിയോളജി സൂപ്പർ സ്പെഷ്യാലിറ്റി ഡി.എം. കോഴ്സ് ആരംഭിച്ചിട്ടുണ്ട്. ഈ കോഴ്സ് നിലനിൽക്കണമെങ്കിൽ പ്രൊഫസർ തസ്തിക സൃഷ്ടിക്കുകയോ തിരുവനന്തപുരത്തേയ്ക്ക് മാറ്റിയ തസ്തിക തിരിച്ചുകൊണ്ടുവരികയോ ചെയ്യേണ്ടതുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്....

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ പ്രത്യേകിച്ച്, അട്ടപ്പാടിയുൾപ്പെടെയുള്ള പ്രദേശങ്ങളിൽ നവജാത ശിശുക്കളുടെ ചികിത്സയ്ക്കായി ആശ്രയിക്കുന്ന ഏകമെഡിക്കൽ കോളേജാണ്

തൃശ്ശൂർ. നവജാത ശിശുരോഗ വിഭാഗത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡി.എം. കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയാണെങ്കിൽ നവജാത ശിശുരോഗ വിഭാഗത്തിന്റെ പ്രവർത്തനം ശക്തമാക്കാൻ കഴിയും.

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്മിഷനാണ് അവതരിപ്പിക്കുന്നത്. വളരെ വിശദമായി പോകരുത്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, പുതിയതായി പത്ത് കിലോലിറ്റർ ശേഷിയുള്ള ദ്രവീകൃത മെഡിക്കൽ ഓക്സിജൻ ടാങ്ക് സ്ഥാപിച്ചാൽ കോവിഡ് കാലഘട്ടത്തിൽ ഓക്സിജന്റെ ലഭ്യത വർദ്ധിപ്പിക്കാൻ കഴിയും. നിലവിൽ എച്ച്.എൽ.-ന്റെ 1.5 tesla ശേഷിയുള്ള എം.ആർ.ഐ. സ്കാനിംഗ് യന്ത്രമാണ് തൃശ്ശൂർ മെഡിക്കൽ കോളേജിലുള്ളത്. ഗവൺമെന്റ് നേരിട്ട് മെഡിക്കൽ കോളേജിൽ 3 tesla ശേഷിയുള്ള എം.ആർ.ഐ. സ്കാനിംഗ് യന്ത്രം സ്ഥാപിക്കുകയാണെങ്കിൽ എം.ആർ.ഐ. സ്കാനിംഗിനുവേണ്ടി രോഗികൾ മാസങ്ങളോളം കാത്തിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ സാധിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത്രയും വിശദമായി സബ്മിഷൻ അവതരിപ്പിക്കാൻ സാധിക്കില്ല. അങ്ങയുടെ ആവശ്യം എന്താണെന്ന് പറയൂ.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സൗഹൃദമായ ആശുപത്രിക്കായി തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ സമഗ്രവികസനമാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ Centre of Excellence ആക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ സർക്കാർ തുടരുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രവർത്തനങ്ങൾ അതേരീതിയിൽ ഊർജ്ജസ്വലമായി മുന്നോട്ടുകൊണ്ടുപോകുകയാണ്. പ്രത്യേകിച്ച്, ആഗോള റാങ്കിംഗിൽ മെഡിക്കൽ കോളേജുകൾ മികച്ച ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളായി മാറ്റുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ തുടരുകയാണ്. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് പുതിയതായി Mother & Child block, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എന്നിവ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. 'ആർദ്രം' പദ്ധതിയിലുൾപ്പെടുത്തി തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി രോഗീസൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

കാൻസർ ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ 8.60 കോടി രൂപ ചെലവഴിച്ച് കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് പ്രവർത്തനമാരംഭിച്ചു. ഇതിനായി 19 തസ്തികകളും കാർഡിയോ തൊറാസിക് വിഭാഗം ആരംഭിക്കാൻ 14 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഇവിടെ രണ്ട് സീറ്റോടുകൂടി ഡി.എം. കാർഡിയോളജി കോഴ്സും തുടങ്ങിയിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ കേടായ ടെലി കൊബാൾട്ട് മെഷീൻ ഒരു കോടി രൂപ ചെലവഴിച്ച് ഉപയോഗപ്രദമാക്കി. കാൻസർ രോഗികൾക്കായി കീമോ ഡേ-കെയർ സെന്റർ പണികഴിപ്പിച്ചു, സി.ടി. സ്കാനർ സ്ഥാപിച്ചു. അതുപോലെ, 716.07 കോടി രൂപ തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. ട്രോമാ കെയർ സംബന്ധിച്ച കാര്യങ്ങൾ സുദീർഘമായതിനാൽ പ്രസ്തുത വിവരങ്ങൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു. ട്രോമാ കെയറിന്റെ പണി നാലുമാസത്തിനുള്ളിൽ തീർക്കുമെന്ന് എച്ച്.എൽ.എൽ. ഉറപ്പുനൽകിയിട്ടുണ്ട്. എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റ് കോഴിക്കോടും തിരുവനന്തപുരത്തും കോട്ടയത്തുമുണ്ട്. തൃശ്ശൂരും ആരംഭിക്കേണ്ടതിനാൽ അത്യാവശ്യമായി അതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്.

ട്രോമാ കെയർ നിലവിൽ വരുന്ന മുറയ്ക്ക് NMC (National Medical Commission)-യുടെ നിബന്ധനകൾ പ്രകാരം അത്യന്താപേക്ഷിതമായ എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റ് തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആരംഭിക്കും. ബാക്കി ഉത്തരങ്ങൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

VI റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

VII ഗവൺമെന്റ് പ്രമേയം

2021-ലെ വൈദ്യുതി ഭേദഗതി ബിൽ പിൻവലിക്കണമെന്നത് സംബന്ധിച്ച്

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):സർ, കേന്ദ്ര സർക്കാർ 2003-ലെ വൈദ്യുതി നിയമം ഭേദഗതി ചെയ്തതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള കരട് ബിൽ 2021 ഫെബ്രുവരി 5-ന് സംസ്ഥാന സർക്കാരിന്

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ലഭിച്ചിരുന്നു. പ്രസ്തുത ബില്ലിലെ വകുപ്പുകൾ സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങളും മറ്റു ചില നിർദ്ദേശങ്ങളിലുള്ള ശക്തമായ വിയോജിപ്പും കഴിഞ്ഞ മാർച്ച് 15-നുതന്നെ കേന്ദ്രസർക്കാരിന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. വൈദ്യുതി വിതരണമേഖല പൊതുമേഖലയിൽത്തന്നെ നിലനിർത്തേണ്ടതിന്റെ ആവശ്യകതയും കരട് ബില്ലിലെ വിവിധ നിർദേശങ്ങളിലുള്ള ആശങ്കയും ഉത്കണ്ഠയും രേഖപ്പെടുത്തി ബഹുമാനപ്പെട്ട കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആർ. കെ. സിംഗിന് ജൂലൈ മാസം 23-ന് വീണ്ടും കത്തയച്ചിരുന്നു. വൈദ്യുതി നിയമം ഭേദഗതി ബിൽ നടപ്പിലായാൽ കർഷകർക്കും സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കും വൈദ്യുതി കിട്ടാക്കനിയാകുമെന്ന് മാത്രമല്ല, കെ.എസ്.ഇ.ബി.യുടെ വിതരണ മേഖലയിൽ ജോലി ചെയ്തിരുന്ന 27,000-ൽപ്പരം ജീവനക്കാരുടെ ഭാവി ഇരുളിലാകുകയും ചെയ്യും. ഇവിടെ അവതരിപ്പിക്കുന്ന പ്രമേയം സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അഭിപ്രായം ആരായുകയും പ്രതിപക്ഷനേതാവ് യോജിപ്പ് പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

"ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സമവർത്തി പട്ടികയിലെ ഇനം 38 ആണ് വൈദ്യുതി മേഖല. ഇത്തരത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണ അധികാരമുള്ള ഒരു മേഖലയെ

സമഗ്രമായി ബാധിക്കുന്ന 2021-ലെ വൈദ്യുതി ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിക്കാൻ തയ്യാറാവുമ്പോൾ സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യാനും സമവായത്തിലെത്താനും കേന്ദ്രസർക്കാരിന് ബാദ്ധ്യതയുണ്ട്. ഇതാണ് സഹകരണ ഫെഡറൽ സംവിധാനത്തിന്റെ അന്തഃസത്ത. 2020 ജൂലൈ മാസത്തിൽ കേന്ദ്ര വൈദ്യുതി സഹമന്ത്രി വിളിച്ചുചേർത്ത സംസ്ഥാന വൈദ്യുതി മന്ത്രിമാരുടെ യോഗത്തിൽ കേരളമടക്കം നിരവധി സംസ്ഥാനങ്ങൾ വൈദ്യുതി നിയമ ഭേദഗതി സംബന്ധിച്ച് അന്ന് അവതരിപ്പിക്കപ്പെട്ട നിർദ്ദേശങ്ങളിൽ തങ്ങൾക്കുള്ള വിയോജിപ്പ് വ്യക്തമാക്കുകയുണ്ടായി. ഇക്കാര്യങ്ങൾ അതതു സംസ്ഥാനങ്ങളുമായി നേരിട്ട് ചർച്ച ചെയ്തല്ലാതെ നിയമഭേദഗതിയുമായി മുന്നോട്ടുപോകുകയില്ലെന്ന് കേന്ദ്ര സഹമന്ത്രി ആ യോഗത്തിൽ വ്യക്തമാക്കുകയും ചെയ്തു. എന്നാൽ, അന്ന് അവതരിപ്പിക്കപ്പെട്ടതിൽനിന്നും തികച്ചും വ്യത്യസ്തമായ ഭേദഗതി നിർദ്ദേശമാണ് ഇപ്പോൾ പാർലമെന്റിന്റെ പരിഗണനയ്ക്ക് വരുന്നത്.

വൈദ്യുതി വിതരണ മേഖലയിൽ പ്രവർത്തിക്കുന്നതിന് ലൈസൻസ് ആവശ്യമില്ല എന്നതാണ് നിർദ്ദിഷ്ട നിയമഭേദഗതിയിലെ പ്രധാനപ്പെട്ട ഒരു നിർദ്ദേശം. സംസ്ഥാന സർക്കാരുകൾക്കോ സംസ്ഥാന വൈദ്യുതി

റെഗുലേറ്ററി കമ്മീഷനോ യാതൊരുവിധ നിയന്ത്രണവുമില്ലാതെ സ്വകാര്യ കമ്പനികൾക്ക് ഈ രംഗത്ത് യഥേഷ്ടം കടന്നുവരാനും പ്രവർത്തിക്കാനും ഭേദഗതിയിലൂടെ സാധിക്കും. ഇങ്ങനെ കടന്നുവരുന്ന കമ്പനികൾക്കുണ്ടാകേണ്ട യോഗ്യതകൾ തീരുമാനിക്കുന്നത് കേന്ദ്ര സർക്കാരാണ്. പുതിയ വിതരണ കമ്പനികൾക്ക് വൈദ്യുതി ലൈനുകളുടെ നിർമ്മാണത്തിലടക്കം ഒരു രീതിയിലുമുള്ള മുതൽമുടക്കും നടത്താൻ ബാദ്ധ്യതയില്ല. നിലവിലുള്ള വൈദ്യുതി ലൈനുകളിലൂടെ തന്നെ വൈദ്യുതി കടത്തിക്കൊണ്ടുപോകാനും വിൽക്കാനും അവർക്ക് അവകാശമുണ്ടാകും. നിലവിലുള്ള വൈദ്യുതി സ്ഥാപനത്തിന്റെ കൈവശമുള്ള വൈദ്യുതി നിലയങ്ങളിൽനിന്നും വൈദ്യുതി വാങ്ങൽ കരാറുകളിൽനിന്നും പുതുതായി കടന്നുവരുന്ന കമ്പനികൾക്ക് വിഹിതം അനുവദിക്കണമെന്നും നിയമഭേദഗതി അനുശാസിക്കുന്നു. ഇങ്ങനെ വൈദ്യുതി ആസ്തികളുടെ നിർമ്മാണത്തിനോ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനോ യാതൊരു മുതൽമുടക്കുമില്ലാതെ കടന്നുവരാൻ കഴിയുന്നതിനാൽ ലാഭമിടിഞ്ഞാൽ എളുപ്പത്തിൽ പിൻവാങ്ങുന്നതിനും സ്വകാര്യ കമ്പനികൾക്ക് അവസരം ലഭിക്കുന്നു. വൈദ്യുതി വിതരണരംഗത്ത് തികഞ്ഞ അനിശ്ചിതത്വം നിർദ്ദിഷ്ട നിയമ ഭേദഗതിയിലൂടെ ഉണ്ടാകാൻ സാധ്യതയുണ്ട്.

വൈദ്യുതി വിതരണരംഗത്ത് കടന്നുവരുന്ന സ്വകാര്യ കമ്പനികൾക്ക്, എല്ലാവർക്കും വൈദ്യുതി നൽകാനുള്ള ബാദ്ധ്യത പുതിയ നിയമം നിഷ്കർഷിക്കുന്നില്ല. വിതരണരംഗം ലാഭകരമായ നഗര പ്രദേശങ്ങളിൽ പ്രവർത്തനം കേന്ദ്രീകരിക്കാനും അവിടെത്തന്നെ ഉയർന്ന വൈദ്യുതി നിരക്ക് നൽകുന്ന വാണിജ്യമടക്കമുള്ള മേഖലകളിലെ ഉപഭോക്താക്കളെ അടർത്തിയെടുക്കാനും സ്വകാര്യ കമ്പനികൾക്ക് അവസരമൊരുക്കുകയാണ് ഭേദഗതി ചെയ്യുന്നത്. ഇങ്ങനെ ലാഭകരമായ മേഖലകളെല്ലാം സ്വകാര്യ മേഖല കൈക്കാലാക്കുന്നു. നഗരങ്ങളിലെ ധനശേഷി കുറഞ്ഞ സാധാരണക്കാർക്കും ഗ്രാമപ്രദേശങ്ങളിലും വൈദ്യുതി നൽകേണ്ട ബാദ്ധ്യത പൊതുമേഖലയുടെ ചുമലിലാക്കുന്നു. ലാഭം സ്വകാര്യ മേഖലയ്ക്കും നഷ്ടം പൊതുമേഖലയ്ക്കുമെന്ന ഈ അവസ്ഥ പൊതുമേഖലയുടെ തകർച്ചയിലേയ്ക്കും അതുവഴി സാധാരണക്കാരന് വൈദ്യുതി നിഷേധിക്കപ്പെടുന്നതിലേയ്ക്കുമാണ് നയിക്കുക. ഇത്തരം പരിഷ്കരണങ്ങളുടെ അന്താരാഷ്ട്ര അനുഭവവും അതുതന്നെയാണ്. സാധാരണ ഗാർഹിക ഉപഭോക്താക്കളുടെയും കാർഷിക ഉപഭോക്താക്കളുടെയും വൈദ്യുതി നിരക്കുകൾ അതിഭീമമായി ഉയരുന്നതിനാണ് നിയമഭേദഗതി കാരണമാകുക.

നിയമഭേദഗതിക്കുശേഷവും വൈദ്യുതി ലൈനുകളുടെ നിർമ്മാണവും പരിപാലനവുമൊക്കെ നിലവിലുള്ള പൊതുമേഖലാ വിതരണ യൂട്ടിലിറ്റികളുടെ തന്നെ ഉത്തരവാദിത്തമായി തുടരും. എന്നാൽ പുതിയ സാഹചര്യത്തിൽ പൊതുമേഖലാ കമ്പനിയുടെ സാമ്പത്തിക അടിത്തറ ദുർബലമാകുന്നതോടെ ലൈനുകളുടെ ആധുനികവൽക്കരണവും ശക്തിപ്പെടുത്തലും പരിപാലനവുമെല്ലാം താളം തെറ്റും. വർദ്ധിക്കുന്ന വൈദ്യുതി തടസ്സങ്ങളും വോൾട്ടേജ് ക്ഷാമവുമെല്ലാം തിരിച്ചു വരുകയും ചെയ്യും.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകളുടെ പ്രവർത്തനം നിയന്ത്രിക്കാനും അവർക്ക് നിർദ്ദേശങ്ങൾ നൽകാനും കേന്ദ്രസർക്കാരിന് അധികാരമുണ്ടാകുമെന്ന് നിയമഭേദഗതിയിലുണ്ട്. വൈദ്യുതി നിരക്കുകൾ നിശ്ചയിച്ചതടക്കമുള്ള കാര്യങ്ങളിലെല്ലാം കേന്ദ്രനിർദ്ദേശം ബാധകമാകും. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രവർത്തനക്ഷമമല്ലെങ്കിൽ കമ്മീഷന്റെ ചുമതല മറ്റേതെങ്കിലും സംസ്ഥാനത്തുള്ള കമ്മീഷനിൽ നിക്ഷിപ്തമാക്കാൻ കേന്ദ്ര സർക്കാരിന് അധികാരമുണ്ടാകുമെന്നും നിയമഭേദഗതി വ്യക്തമാക്കുന്നു. സംസ്ഥാനങ്ങളിലെ അക്ഷയ ഊർജ്ജ വികസനമടക്കമുള്ള കാര്യങ്ങളിലും കേന്ദ്രസർക്കാരിന്റെ നിയന്ത്രണം ഉറപ്പുവരുത്തുന്നതാണ് ഭേദഗതി.

പൊതുവേ വൈദ്യുതി മേഖലയിൽ കേന്ദ്ര സർക്കാർ ഇടപെടലുകളുണ്ടാകുമ്പോഴും വൈദ്യുതി വിതരണം തികച്ചും സംസ്ഥാനതലത്തിലാണ് മുൻകാലങ്ങളിലെല്ലാം കൈകാര്യം ചെയ്തിരുന്നത്. സ്വകാര്യവൽക്കരണ സമ്മർദ്ദങ്ങളുണ്ടായിട്ടുണ്ടെങ്കിലും സംസ്ഥാന സർക്കാരുകൾക്ക് തീരുമാനിക്കാനുള്ള അവകാശം നിലനിന്നിരുന്നു. എന്നാൽ അത്തരം അവകാശങ്ങൾപോലും ഇല്ലാതാക്കി വൈദ്യുതിമേഖലയുടെ നിയന്ത്രണം പൂർണ്ണമായും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാക്കുന്ന സമീപനമാണ് 2021-ലെ വൈദ്യുതി ഭേദഗതി മുന്നോട്ടുവയ്ക്കുന്നത്. വൈദ്യുതി മേഖലയുടെ തകർച്ചയ്ക്ക് കാരണമാകുന്ന, സാധാരണക്കാരന് വൈദ്യുതി അപ്രാപ്യമാക്കുന്ന ഈ ഭേദഗതി രാജ്യത്തെ ഫെഡറൽ ഭരണ തത്വങ്ങൾക്ക് എതിരാണ്. വൈദ്യുതി മേഖല സംബന്ധിച്ചുള്ള തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഫെഡറൽ ഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തും.

മേൽകാര്യങ്ങൾ കണക്കിലെടുത്ത് വൈദ്യുതി നിയമം ഭേദഗതി ചെയ്യാനുള്ള നീക്കത്തിൽ നിന്നും പിന്മാറണമെന്നും 2021-ലെ വൈദ്യുതി ഭേദഗതി ബിൽ പിൻവലിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: താഴെപ്പറയുന്ന അംഗങ്ങൾക്ക് ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

12.00 Noon]

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാനൊരു ക്രമപ്രശ്നം നൽകിയിരുന്നു. അതിനെപ്പറ്റിയൊന്നും ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞിട്ടില്ല. അതിന്റെ അടിസ്ഥാനത്തിലാണ് അജണ്ടയിൽ ബന്ധപ്പെട്ട ചട്ടംകൂടി ഉൾപ്പെടുത്തിയതും റീ-പ്രിന്റ് ചെയ്തിട്ടുള്ളതും. ബഹുമാനപ്പെട്ട സ്പീക്കർ അത് നോട്ട് ചെയ്യുമെന്ന് ഞാൻ വിചാരിച്ചു.

ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ രണ്ടാം ഖണ്ഡികയുടെ അവസാന ഭാഗത്തെ "നിർമ്മാണത്തിനോ" എന്നതിനുശേഷം "ശൃംഖലാ വികസനത്തിനോ പരിപാലനം ഉറപ്പുവരുത്തുന്നതിനോ" എന്ന് ചേർക്കുക.

2. പ്രമേയത്തിലെ മൂന്നാം ഖണ്ഡികയുടെ അവസാനം "കാരണമാകുക." എന്നതിനുശേഷം താഴെ പറയുന്നവ കൂട്ടിച്ചേർക്കുക:

"മാത്രമല്ല, സേവന നിലവാരത്തിൽ മെച്ചപ്പെടലിനും മത്സരത്തിനും ഈ ഭേദഗതികൊണ്ട് സാധ്യതയുമില്ല. അതുകൊണ്ട് വൻകിട സ്വകാര്യ കോർപ്പറേറ്റുകൾക്ക് ലാഭം കൊയ്യുന്നതിനുവേണ്ടി രാജ്യതാല്പര്യങ്ങൾ ബലികഴിച്ചുകൊണ്ട് വൈദ്യുതിമേഖല സ്വകാര്യവത്കരിക്കുന്നതിനുള്ള ശ്രമം മാത്രമാണിത്".

ഇലക്ട്രിസിറ്റി സർവ്വീസസിന്റെ നിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയല്ല കേന്ദ്ര സർക്കാർ പുതിയ നിയമം കൊണ്ടുവന്നിട്ടുള്ളത്. സ്വകാര്യ കോർപ്പറേറ്റുകൾക്ക് ലാഭം കൊയ്യാനും പ്രൈവറ്റൈസേഷന്റെ ആരംഭവുമാണ്. അതിനെപ്പറ്റി ഇതിൽ പറഞ്ഞിട്ടില്ല. സൗമ്യനായ ബഹുമാനപ്പെട്ട മന്ത്രി കേന്ദ്രത്തെ വിമർശിക്കുന്ന കാര്യത്തിൽ വളരെ സൗമ്യമായ നിലപാടാണ് എടുത്തിരിക്കുന്നതെന്നതുകൊണ്ടാണ് ഞാൻ രണ്ടാമത്തെ ഭേദഗതി കൂട്ടിച്ചേർത്തത്.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

3. പ്രമേയത്തിലെ ആദ്യ ഖണ്ഡികയിലെ ഏഴാമത്തെ വരിയിൽ "സമവായത്തിലെത്താനും" എന്നതിനുശേഷം "ആവശ്യമെങ്കിൽ ഭേദഗതി വരുത്താനും" എന്ന് ചേർക്കുക.

4. പ്രമേയത്തിലെ അവസാന ഖണ്ഡികയിൽ :

   "നീക്കത്തിൽ നിന്നും പിൻമാറണമെന്നും" എന്നതിനുശേഷം താഴെപ്പറയുന്ന വാക്കുകൾ ചേർക്കുക.

   "സംസ്ഥാന സർക്കാരുകളുമായി ആലോചിച്ച് ആവശ്യമായ ഭേദഗതി നിർദ്ദേശങ്ങൾ സ്വീകരിക്കണമെന്നും"

   ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

5. പ്രമേയത്തിലെ ആദ്യ ഖണ്ഡികയുടെ അവസാനം:

   "ഭരണഘടനയുടെ ഫെഡറൽ തത്വങ്ങളെ കാറ്റിൽപ്പറത്തി സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കുവാനുള്ള നിഗൂഢമായ പദ്ധതികളിൽ ഒന്നായി മാത്രമേ ഈ കേന്ദ്ര ഭേദഗതി ബില്ലിനെയും കാണുവാൻ കഴിയൂ" എന്ന് കൂട്ടിച്ചേർക്കുക.

6. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിലെ അവസാന വാക്യത്തിലെ "വിതരണരംഗത്ത് തികഞ്ഞ" എന്നതിനുശേഷം താഴെപ്പറയുന്ന വാക്കുകൾ ചേർക്കുക:
   "അനിശ്ചിതത്വവും കോർപ്പറേറ്റ് ഭീമൻമാരുടെ കിടമത്സരത്തിനും നിർദ്ദിഷ്ട നിയമഭേദഗതി കാരണമാകുക വഴിയുണ്ടാകുന്ന പ്രതിസന്ധികൾ ഏറെയായിരിക്കും"

7. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിലെ 16-ാമത്തെ വരിയിലെ "അന്താരാഷ്ട്ര അനുഭവവും അതുതന്നെയാണ്" എന്നതിനുശേഷം താഴെപ്പറയുന്ന വാക്കുകൾ ചേർക്കുക:

"താരതമ്യേന കുറഞ്ഞ വൈദ്യുതി നിരക്ക് നൽകിവരുന്ന ഗാർഹിക, കാർഷിക മേഖലകളടക്കമുള്ള ഉപഭോക്താക്കൾക്ക് ക്രോസ് സബ്സിഡി ഇല്ലാതാക്കണം എന്ന ഭേദഗതി ബില്ലിലെ നിർദ്ദേശം സാധാരണക്കാരായ ഉപഭോക്താക്കളുടെ അവസ്ഥ കൂടുതൽ പരിതാപകരമാക്കും"

8. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയുടെ അവസാനം താഴെപ്പറയുന്ന വാക്കുകൾ കൂട്ടിച്ചേർക്കുക:

"കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഈ രംഗത്തെ ഉൽപാദനവും വിതരണവും ആക്ഷേപരഹിതമായി നിർവ്വഹിക്കുന്ന സാഹചര്യത്തിൽ കേരളത്തിലേക്ക് ലാഭക്കണ്ണുകളോടെ സ്വകാര്യ കമ്പനികൾ കടന്നുവരുന്നത് സംസ്ഥാനത്ത് ഊർജ്ജ പ്രതിസന്ധിയും അതുവഴി വികസന മുന്നേറ്റങ്ങൾ ഇല്ലാതെയാകുമെന്നും ഞങ്ങൾ ഭയപ്പെടുന്നു. ഇക്കാരണത്താൽ വൈദ്യുതി മേഖലയിൽ സ്വകാര്യ പങ്കാളിത്തം വേണമോ, വേണ്ടയോ എന്ന് തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം സംസ്ഥാനങ്ങളിൽ നിലനിർത്തണം"

9. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ ഒൻപതാമത്തെ വരിയിലെ "നിയമഭേദഗതി വ്യക്തമാക്കുന്നു" എന്നതിനുശേഷം താഴെപ്പറയുന്ന വാക്കുകൾ കൂട്ടിച്ചേർക്കുക:

"ഇത് ഗുരുതരമായ പ്രതിസന്ധികളെ ക്ഷണിച്ചു വരുത്തുകയും ഒരു സംസ്ഥാനത്തെ കാര്യങ്ങൾ തീരുമാനിക്കുവാൻ മറ്റൊരു സംസ്ഥാനത്തിന് അവകാശം ലഭിക്കുന്ന എന്ന ഭരണഘടനാലംഘനം സംജാതമാകും എന്നതിനാൽ ഒരിക്കലും അംഗീകരിക്കാവുന്നതല്ല"

ഇവിടെ സൂചിപ്പിച്ച പ്രമേയത്തെ പിന്താങ്ങുന്നതോടൊപ്പം ഈ പ്രമേയത്തിൽ കുറച്ചുകൂടി സമഗ്രവും ശക്തവുമായ ആവശ്യങ്ങൾ ഉയർന്നുവരേണ്ടതുണ്ട്. അതിനാണ് എന്റെ അഞ്ചാമത്തെ ഭേദഗതി.

പാർലമെന്റ് നടന്നുകൊണ്ടിരിക്കുമ്പോൾ പ്രതിപക്ഷം സഹകരിക്കാതിരുന്നിട്ടും അപ്പം ചുട്ടെടുക്കുന്നതുപോലെ നിരവധി ജനവിരുദ്ധ ബില്ലുകൾ കേന്ദ്ര സർക്കാർ പാസ്സാക്കിക്കൊണ്ടിരിക്കുകയാണ്.

ക്രോസ് സബ്സിഡി വേണ്ട എന്ന ഏറ്റവും ക്രൂരമായ നിർദ്ദേശത്തിനെതിരെ നമ്മൾ പ്രത്യേകമായി അഭിപ്രായം പറയണം. അതിനുവേണ്ടിയാണ് 7-ാമത്തെ ഭേദഗതി.

നമ്മൾ മറ്റു സംസ്ഥാനങ്ങളെപ്പോലെയല്ല. നമുക്കൊരു കെ.എസ്.ഇ.ബി.-യുണ്ടെന്ന് ഭേദഗതി 8-ൽ ഞാൻ കൃത്യമായി പറയുന്നുണ്ട്. ഭരിക്കുമ്പോഴും പ്രതിപക്ഷത്തിരിക്കുമ്പോഴും നമ്മൾ തമ്മിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടാകാറുണ്ട്. പക്ഷേ ഇവിടെ വ്യവസ്ഥാപിതമായ ഒരു കെ.എസ്.ഇ.ബി.-യുണ്ട് എന്നുള്ളതുകൂടി നമ്മൾ ഈ പ്രമേയത്തിൽ ഉൾപ്പെടുത്തണം. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വൈദ്യുതി രംഗത്ത് ഉല്പാദനവും വിതരണവും ആക്ഷേപരഹിതമായി നിർവ്വഹിക്കുന്ന സാഹചര്യത്തിൽ കേരളത്തിലേയ്ക്ക് ലാഭക്കണ്ണുകളോടെ സ്വകാര്യകമ്പനികൾ കടന്നുവരുന്നത് സംസ്ഥാനത്ത് ഊർജ്ജ പ്രതിസന്ധിയും അതുവഴി വികസന മുന്നേറ്റങ്ങളും ഇല്ലാതാക്കുമെന്നും ഞങ്ങൾ (കേരളം) ഭയപ്പെടുന്നു. കാരണം ഈ പ്രമേയം നമ്മളാണല്ലോ പാസാക്കേണ്ടത്. ഇക്കാരണത്താൽ വൈദ്യുതി

മേഖലയിൽ സ്വകാര്യപങ്കാളിത്തം വേണമോ വേണ്ടയോ എന്ന് തെരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം സംസ്ഥാനങ്ങൾക്ക് നിലനിർത്തണം. മുമ്പ് കുത്തകവത്കരണം ചെറുകിട കച്ചവടക്കാർക്കിടയിൽ വന്നപ്പോൾ സംസ്ഥാനങ്ങൾക്ക് ഓപ്ഷനുണ്ടായിരുന്നു. കേന്ദ്രസർക്കാർ നിയമം പാസാക്കിയപ്പോൾ ആയത് സ്വീകരിക്കണോ വേണ്ടയോ എന്നുള്ളത് സംസ്ഥാനത്തിന്റെ ഓപ്ഷനായിരുന്നു. അതെങ്കിലും ഇക്കാര്യത്തിൽ നിലനിർത്തിക്കിട്ടാൻ ഈ ഭേദഗതി ഉപകാരപ്പെടുമെന്നാണെനിക്ക് പറയാനുള്ളത്.

ഒരു സംസ്ഥാനത്തെ റെഗുലേറ്ററി അതോറിറ്റി ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ലെങ്കിൽ കേന്ദ്രം അതെടുത്ത് മറ്റൊരു സംസ്ഥാനത്തിന് കൊടുക്കും. അപ്പോൾ നമ്മുടെ സംസ്ഥാനത്തെക്കുറിച്ച് ഇവർക്ക് വല്ല വിരോധവുമുണ്ടെങ്കിൽ നമ്മുടെ അധികാരമെടുത്ത് കർണ്ണാടകയ്ക്ക് കൊടുക്കും. പിന്നെ ഇവിടത്തെ വൈദ്യുതിയുടെ കാര്യം തീരുമാനിക്കുന്നത് കർണ്ണാടകയാണ്. ഇത് ഭരണഘടനയ്ക്ക് എതിരാണ്. ഇത് ഗുരുതരമായ പ്രതിസന്ധി ക്ഷണിച്ചുവരുത്തും. ഒരു സംസ്ഥാനത്തെ കാര്യങ്ങൾ തീരുമാനിക്കാൻ മറ്റൊരു സംസ്ഥാനത്തിന് അവകാശം ലഭിക്കുകയെന്നത് ഭരണഘടനാലംഘനം സംജാതമാക്കുമെന്നതിനാൽ ഒരിക്കലും

ഇതംഗീകരിക്കാവുന്നതല്ല എന്നുകൂടി നമ്മൾ കൂട്ടിച്ചേർക്കണമെന്നതാണെന്റെ ഒൻപതാമത്തെ ഭേദഗതി.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

10. പ്രമേയത്തിലെ അവസാനത്തെ ഖണ്ഡികയ്ക്ക് പകരമായി താഴെപ്പറയുന്ന ഖണ്ഡിക ചേർക്കുക:

"വൈദ്യുതി മേഖലയിലെ ഭേദഗതി നിർദ്ദേശത്തിന്മേൽ സംസ്ഥാനം ഉന്നയിച്ചിരുന്ന വിയോജിപ്പ് ചർച്ച ചെയ്ത് സമവായത്തിലെത്താതെ വൈദ്യുതി നിയമം ഭേദഗതി ചെയ്യാനുള്ള നീക്കത്തിൽ സഭ ശക്തമായി പ്രതിഷേധിക്കുന്നു. 2021-ലെ വൈദ്യുതി ഭേദഗതി ബിൽ പിൻവലിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു"

ഈ പ്രമേയത്തിന്റെ സ്പിരിറ്റിനോട് പൂർണ്ണമായും യോജിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ നീക്കം സംസ്ഥാനത്തിന്റെ അവകാശങ്ങൾ കവർന്നെടുക്കുന്നതാണ്. സംസ്ഥാനത്തിന്റെ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സ്വകാര്യ മേഖല ഇഷ്ടംപോലെ ഉപയോഗപ്പെടുത്തുകയാണ്. ഇത് ഒരു കാരണവശാലും യോജിക്കാൻ പറ്റുന്നതല്ല. കേന്ദ്ര ഗവൺമെന്റ് ഇത്രയും ഭരണഘടനാ വിരുദ്ധമായ വ്യവസ്ഥയിലുള്ള നിലപാട് സ്വീകരിച്ചിട്ടും ഈ കാര്യത്തിൽ പ്രതിഷേധിക്കുന്ന എന്നുള്ളൊരു വാക്ക് ഈ പ്രമേയത്തിൽ ഒരിടത്തും കണ്ടില്ലെന്ന് ഞാൻ എടുത്തുപറയുകയാണ്.

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ് നൽകിയിട്ടുള്ള ഭേദഗതി ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ ആശയങ്ങൾ ഈ പ്രമേയത്തിലുണ്ട്. അതിൽ ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1-ാം നമ്പർ ഭേദഗതി സ്വീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച ക്രമപ്രശ്നം അനുവദിക്കാതിരുന്നതിന്റെ കാരണം, അദ്ദേഹം ചൂണ്ടിക്കാണിച്ചത് ചട്ടം 118 എന്നത് ബുള്ളറ്റിനിൽ രേഖപ്പെടുത്തിയിരുന്നില്ല എന്നുള്ളതാണ്. അത് തിരുത്തിക്കൊണ്ട് ശുദ്ധിപത്രം പിന്നീട് പുറപ്പെടുവിച്ചിരുന്നു. അതുകൊണ്ടാണ് ക്രമപ്രശ്നം അനുവദിക്കാതിരുന്നത്.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി, അങ്ങ് അവതരിപ്പിച്ച 2-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 2-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ, അങ്ങ് അവതരിപ്പിച്ച 3, 4 എന്നീ നമ്പർ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 3, 4 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങ് അവതരിപ്പിച്ച 5, 6, 7, 8, 9 എന്നീ നമ്പർ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഏറ്റവും ചുരുങ്ങിയത് 5-ാം നമ്പർ ഭേദഗതിയെങ്കിലും സ്വീകരിക്കേണ്ടതാണ്. 5-ാം നമ്പർ ഭേദഗതി ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 5-ാം നമ്പർ ഭേദഗതിയെ...

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 5, 6, 7, 8, 9 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), അങ്ങ് അവതരിപ്പിച്ച 10-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 10-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

VIII. ക്രമപ്രശ്നം

(1) നിയമസഭാ ചോദ്യങ്ങൾക്കുള്ള ഉത്തരം യഥാസമയം ലഭ്യമാക്കൽ

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, നിയമസഭയിൽ അംഗങ്ങളുടെ ചോദ്യങ്ങൾക്കുള്ള മറുപടി ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ലഭിക്കണമെന്നുള്ളതുകൊണ്ടാണ് ഈ ക്രമപ്രശ്നം ഉന്നയിക്കുന്നത്. ഓരോ അംഗങ്ങളും ചോദിക്കുന്ന ചോദ്യങ്ങൾ ആ സന്ദർഭത്തിൽ പ്രസക്തമായ വിഷയങ്ങളായതിനാൽ അതിന്റെ മറുപടി ലഭിക്കേണ്ടത് അപ്പോഴാണ്; അല്ലാതെ മാസങ്ങൾക്കോ വർഷങ്ങൾക്കോ ശേഷമല്ല. നിയമസഭയിൽ അംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾവഴി ഗവൺമെന്റിന്റെ ന്യൂനതകൾ ചൂണ്ടിക്കാട്ടാനും കുറവുകളുണ്ടെങ്കിൽ തിരുത്താനും ഉറപ്പുകൾ വാങ്ങാനും സാധിക്കും. ഒരു എക്സിക്യൂട്ടീവിന്മേലുള്ള നിയമസഭയുടെ നിയന്ത്രണത്തിന്റെ പ്രധാന ഉപാധികളിലൊന്ന് നിയമസഭയിൽ ചോദിക്കുന്ന ചോദ്യങ്ങളും അതിന് ലഭിക്കുന്ന ഉത്തരങ്ങളുമാണ്. നിയമസഭയോടുള്ള എക്സിക്യൂട്ടീവിന്റെ ഉത്തരവാദിത്വം അറിയിക്കുന്നതാണ് യഥാസമയത്ത് മറുപടി നൽകുകയെന്നുള്ളത്. ഏറ്റവും പ്രധാനമായി ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളത്, 13-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിൽ 2014 ഡിസംബർ മാസത്തിൽ നൽകിയ ചോദ്യത്തിനുള്ള മറുപടി ഏഴുവർഷങ്ങൾക്കുശേഷം ഈ കഴിഞ്ഞ 22-ാം തീയതിയാണ് സഭയിൽ ലഭിക്കുന്നത്. അതോടൊപ്പം, പതിനാലാം നിയമസഭയുടെ രണ്ടാം

സമ്മേളനത്തിൽ 2016 ഒക്ടോബർ മാസം നൽകിയ ചോദ്യം നമ്പർ 5336-നും കഴിഞ്ഞ നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ ചോദ്യത്തിനും ഇപ്പോഴാണ് മറുപടി ലഭിച്ചിരിക്കുന്നത്. പതിമൂന്നാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിലെ ചോദ്യങ്ങൾക്കുള്ള മറുപടിയും 14-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം മുതൽ ഏറ്റവുമൊടുവിൽ 22-ാം സമ്മേളനം വരെയുള്ള വിവിധ ചോദ്യങ്ങളുടെ മറുപടിയും ഈ നിയമസഭയുടെ കഴിഞ്ഞ ഒന്നാം സമ്മേളനത്തിന്റെ ഏകദേശം ഏഴെട്ട് ചോദ്യങ്ങളുടെ മറുപടിയുമാണ് ഇപ്പോൾ നൽകിയിരിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഇതുമായി ബന്ധപ്പെട്ട് വിവരാവകാശ നിയമപ്രകാരം ചോദ്യങ്ങൾ ചോദിച്ചാൽ അതിന് സമയബന്ധിതമായി മറുപടി ലഭിക്കാറുണ്ട്. ഇല്ലെങ്കിൽ ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടിയുണ്ടാകും. ഇവിടെ അതുണ്ടാകുന്നില്ല എന്നുള്ളതാണ്. ചോദ്യങ്ങൾ ചോദിക്കുമ്പോൾ അതിനെ ഗൗരവത്തിലെടുത്ത് മുന്നോട്ടുപോകാൻ കഴിയണം. 1997-നുശേഷം മറുപടികൾ കൃത്യമായി ലഭിക്കുന്നതിനുവേണ്ടി ഒരംഗത്തിന് ചോദിക്കാവുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ എണ്ണം നിശ്ചയിച്ചിട്ടുണ്ട്. 15 ദിവസം അധികം നൽകി. സാങ്കേതികവിദ്യ ഒരുപാട് മുന്നേറുകയും ഇ-നിയമസഭയുടേയും വിവരാവകാശ നിയമത്തിന്റേയും കാലഘട്ടത്തിലും നിയമസഭയിൽ ലഭിക്കേണ്ട മറുപടികൾ

അനന്തമായി നീണ്ടുപോകുകയാണ്. ഇതുസംബന്ധിച്ച് അങ്ങേയ്ക്ക് എതിരഭിപ്രായമുണ്ടാകുമെന്ന് കരുതുന്നില്ല. അതുകൊണ്ട് നിർബന്ധമായും ഇക്കാര്യത്തിൽ ഒരു വ്യക്തത വരുത്തേണ്ടത് അനിവാര്യമാണെന്നതാണ് ഈ വിഷയത്തിൽ സൂചിപ്പിക്കാനുള്ളത്. എന്തായാലും വീണ്ടും ചോദ്യങ്ങൾക്കുള്ള മറുപടി നീണ്ടുപോകുന്ന സാഹചര്യമുണ്ടെങ്കിൽ അതിനെ കൂടുതൽ ഗൗരവമായി കാണണം. അനവധി റൂളിംഗുകളുണ്ടായിട്ടും ഇതേ രീതിതന്നെ ആവർത്തിക്കുന്നുവെന്നുണ്ടെങ്കിൽ ആയത് മന:പൂർവ്വം താമസിപ്പിക്കുന്നത് ഉദ്യോഗസ്ഥതലത്തിലാണോയെന്ന് കണ്ടെത്തി അവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ കഴിയുമോ; അത്തരത്തിലുള്ള കാര്യങ്ങളിലേയ്ക്കും കൂടി കടക്കേണ്ടതായിട്ടുണ്ട് എന്നതാണ് എന്റെ അഭിപ്രായം. എന്തായാലും ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്നും റൂളിംഗുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് ചൂണ്ടിക്കാണിച്ചത് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും

സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 47(1), (2) എന്നിവ പ്രകാരം സമയബന്ധിതമായി ലഭിക്കേണ്ട നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി അപ്രകാരം ലഭിക്കാത്തതിനെ സംബന്ധിച്ചാണ്. ഈ സഭയിലെ നല്ലൊരു പാർലമെന്റേറിയനായിരുന്ന അദ്ദേഹത്തിന്റെ പിതാവ് ടി. എം. ജേക്കബ് ഇത്തരം കാര്യങ്ങൾ നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്റെയെല്ലാം ഫലമായാണ് ഇന്ന് ചോദ്യങ്ങളുടെ എണ്ണം നിയന്ത്രിച്ചുകൊണ്ട് ഗുണനിലവാരമുള്ളതാക്കി മാറ്റിയതും ഭൂരിപക്ഷം ചോദ്യങ്ങൾക്കും അതാത് സെഷനിൽത്തന്നെ മറുപടി നൽകണമെന്ന് തീരുമാനിച്ചതും. പക്ഷേ പലപ്പോഴും അതിന് സാധിക്കാതെ പോയിട്ടുണ്ട്. പലപ്പോഴും പ്രതിപക്ഷത്തിരുന്ന് ചോദിച്ച ചോദ്യങ്ങൾക്ക് മന്ത്രിയായതിനുശേഷം മറുപടി പറഞ്ഞ അവസരംപോലും ഉണ്ടായിട്ടുണ്ട്. ഉത്തരങ്ങൾ ലഭ്യമാക്കുന്നതിലുള്ള കാലതാമസം കുറച്ചുകൊണ്ടുവരാൻ നല്ല ഇടപെടൽ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ വിവരാവകാശനിയമമനുസരിച്ച് മറുപടി ലഭിക്കുകയും നിയമസഭാംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി കൃത്യസമയത്ത് ലഭിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ടാകാൻ പാടില്ലെന്നതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. കൃത്യസമയത്ത് നിയമസഭാ സെക്രട്ടേറിയേറ്റിൽ

മറുപടികൾ ലഭ്യമാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചുവരികയാണ്. എല്ലാ വകുപ്പുകളും ഇത് ശ്രദ്ധിക്കാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മറുപടികൾ കൃത്യമായി നൽകാൻ ഓരോ മന്ത്രിമാരും ബാദ്ധ്യസ്ഥരാണ്. മന്ത്രിമാരുടെ ശ്രദ്ധയിലും ഇക്കാര്യങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ചട്ടം നിഷ്കർഷിക്കുന്ന കാര്യങ്ങളിൽ പ്രത്യേകമായ ഊന്നൽ നൽകാൻ കഴിയണം. ചട്ടം വെറുതെ എഴുതിവച്ചാൽ പോര, അതനുസരിച്ച് നടപ്പിലാക്കാൻ കഴിയേണ്ടതുണ്ട്. ചട്ടം 47(1), (2) എന്നിവയനുസരിച്ച് നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി അതാത് സെഷനിൽ പരമാവധി നൽകാൻ വേണ്ട ശ്രമം തുടർന്നും ഉണ്ടാകുമെന്നാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശ്രദ്ധേയമായ കാര്യമാണെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

(2) <u>ചട്ടം 300 പ്രകാരമുള്ള പ്രസ്താവനയിന്മേൽ പുറപ്പെടുവിച്ച ഉത്തരവിലെ വൈരുദ്ധ്യം</u>

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. പി. സി. വിഷ്ണുനാഥ് എന്നിവരും ഇതേ വിഷയത്തിൽ നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ വിഷയം അവതരിപ്പിക്കാൻ ക്ഷണിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇന്നലെ റൂൾ 300 പ്രകാരം ഒരു സ്റ്റേറ്റ്മെന്റ് ഇവിടെ നടത്തിയിരുന്നു. വളരെ സ്വാഗതാർഹമായ കാര്യങ്ങളാണ് റൂൾ 300 സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുന്നത്. പക്ഷേ റൂൾ 300 സ്റ്റേറ്റ്മെന്റിൽ പറഞ്ഞതിന് വിരുദ്ധമായ ഉത്തരവാണ് ഡിസാസ്റ്റർ മാനേജ്മെന്റ് ഡിപ്പാർട്ടുമെന്റ് ഇന്നലെ പുറത്തിറക്കിയത്. നിയമസഭയിൽ മന്ത്രി പറയുന്ന സ്റ്റേറ്റ്മെന്റിന് വിരുദ്ധമായ കാര്യങ്ങൾ ഒരുകാരണവശാലും സർക്കാർ ഉത്തരവിൽ വരാൻ പാടില്ല. റൂൾ 300 പ്രകാരമുള്ള സ്റ്റേറ്റ്മെന്റിലെ അവസാന പേജിലെ ആദ്യത്തെ പാരഗ്രാഫ് തുടങ്ങുന്നത് ഇങ്ങനെയാണ്: "കടകൾ സന്ദർശിക്കുന്നവർ ആദ്യ ഡോസ് വാക്സിനേഷനെങ്കിലും എടുത്തവരോ 72 മണിക്കൂറിനുള്ളിൽ ആർ.ടി.പി.സി.ആർ. നെഗറ്റീവ് ഫലം ലഭിച്ചവരോ ഒരു മാസത്തിനുള്ളിൽ കോവിഡ് ബാധിച്ച് രോഗമുക്തി നേടിയവരോ ആകുന്നതായിരിക്കും അഭികാമ്യം." ഇത് ശ്രദ്ധിക്കണമെന്ന് പറയാൻ

വേണ്ടിയുള്ള പ്രൊപ്പോസലാണ്. അത് ബഹുമാനപ്പെട്ട മന്ത്രി റൂൾ 300 പ്രകാരമുള്ള സ്റ്റേറ്റ്മെന്റിൽ കൊണ്ടുവന്നതിൽ ഒരു തെറ്റുമില്ല. പക്ഷേ ഉത്തരവിറക്കി കഴിഞ്ഞപ്പോൾ "only persons" എന്നാണ്, കർശനമായി പറയുകയാണ്, mandatory ആകുകയാണ്. മറ്റേത് ഒരു പ്രൊപ്പോസലാണ്. "Only persons who have taken atleast one dose of COVID-19 vaccine before two weeks, or who are in possession of RTPCR negative certificate taken 72 hours before or who is in possession of COVID-19 positive results more than a month old will be allowed inside (workers/visitors) in shops, markets, banks, public and private offices, financial institutions, factories, industrial establishments, open tourist spaces and other establishments." സംസ്ഥാനത്ത് 42.14 ശതമാനം പേരാണ് ഫസ്റ്റ് ഡോസ് വാക്സിൻ എടുത്തിരിക്കുന്നത്. സെക്കന്റ് ഡോസ് വാക്സിൻ എടുത്തിരിക്കുന്നത് 62 ലക്ഷം പേർമാത്രമാണ്. വളരെ കുറച്ച് ആളുകൾക്കുമാത്രമെ കടയിൽ കയറാൻ പറ്റുകയുള്ളൂ. മാത്രമല്ല, കടയിൽ കയറണമെങ്കിൽ വാക്സിനേഷൻ എടുത്ത സർട്ടിഫിക്കറ്റ് കൊണ്ടുപോകാൻ സാധിക്കുമോ, 72 മണിക്കൂറിനുമുമ്പുള്ള ആർ.ടി.പി.സി.ആർ. സർട്ടിഫിക്കറ്റുമായി പോകാൻ സാധിക്കുമോ, വളരെ അപ്രായോഗിക

നിർദ്ദേശങ്ങളാണ് ഇതിൽ വന്നിരിക്കുന്നത്. അടുത്ത പോയിന്റ് ഇതിനേക്കാൾ രസകരമാണ്. "All persons (whether belonging to the categories mentioned in point (iv) or not) can move out of home for essential activities like vaccination, COVID-19 testing, medical emergency, purchase of medicine, death of relatives, marriage of close relatives, local travel to catch long route bus/train/flight/ship, examination etc." ഇത്രയും കാര്യങ്ങൾക്ക് മാത്രമെ ഒരാൾക്ക് പുറത്തിറങ്ങാൻ പാടുള്ളൂ. ഇതിൽ ആദ്യം പറഞ്ഞിരിക്കുന്ന നാലുകാര്യങ്ങൾ വാക്സിനേഷൻ ഉൾപ്പെടെ മെഡിക്കൽ പർപ്പസിനുവേണ്ടിയാണ്. അതിനുശേഷമുള്ളത് ട്രെയിനിലും ഫ്ലൈറ്റിലും യാത്ര ചെയ്യുന്നതിനും കല്യാണത്തിൽ പങ്കെടുക്കുന്നതിനും വേണ്ടിയാണ്. ആളുകൾക്ക് ഇത്രയും കാര്യങ്ങൾക്കുമാത്രം പുറത്തുപോയാൽ മതിയോ; ആരാണ് ഇത് തയ്യാറാക്കിയത്? ഇതനുസരിച്ചാണെങ്കിൽ ജോലിക്ക് പോകുന്ന ആളുകളിൽ നിന്നും പോലീസിന് ഫൈൻ ഈടാക്കാം. പോലീസ് വകുപ്പിന് ഈ മാസം ഏതാണ്ട് 20 കോടി രൂപയുടെ ടാർജറ്റാണ് നൽകിയിരിക്കുന്നത്. ഓരോ ഉദ്യോഗസ്ഥനും ഇത് വീതംവച്ച് നൽകുകയാണ്. ഓരോ എസ്.എച്ച്.ഒ.-യും സി.ഐ.-യും ഇത് തികയ്ക്കാൻ വഴിയിൽ കാണുന്ന ആളുകളിൽ നിന്ന്

2000 രൂപ, 5000 രൂപ, 7000 രൂപ നിരക്കിൽ ഫൈൻ ഈടാക്കുകയാണ്. ഫൈൻ അടിക്കാനുള്ളൊരു വകുപ്പുതന്നെ ഉണ്ടാക്കിക്കൊടുത്തിരിക്കുകയാണ്. സർക്കാർ ഒരു ഉത്തരവിറക്കുമ്പോൾ കുറച്ചുകൂടി ശ്രദ്ധിക്കേണ്ടതല്ലേ; ആളുകൾ ഇത് മിസ്യൂസ് ചെയ്യും. മുൻപ് സിങ്കപ്പൂരിനെക്കുറിച്ച് ഫൈൻ സിറ്റിയെന്ന് പറയുമായിരുന്നു. എല്ലാകാര്യങ്ങൾക്കും അവിടെ ഫൈൻ ഈടാക്കുമായിരുന്നു. ഇപ്പോൾ കേരളം ഫൈൻ സ്റ്റേറ്റായി മാറിയിരിക്കുകയാണ്. ഞാൻ ഇതിൽ ആരോഗ്യ വകുപ്പുമന്ത്രിയെയല്ല കുറ്റപ്പെടുത്തുന്നത്. ആരോഗ്യ വകുപ്പുമന്ത്രിയുടെ റൂൾ 300 പ്രകാരമുള്ള സ്റ്റേറ്റ്മെന്റിനെ ഞങ്ങൾ നൂറുശതമാനവും സ്വാഗതം ചെയ്യുന്നു. അതിൽ ഒരു തെറ്റുമില്ല, വളരെ ശ്രദ്ധയോടുകൂടിയാണ് റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിരിക്കുന്നത്. പക്ഷേ റൂൾ 300 സ്റ്റേറ്റ്മെന്റിനെ അടിസ്ഥാനപ്പെടുത്തി ഗവൺമെന്റ് ഉത്തരവ് ഇറക്കുമ്പോൾ അതിന് കടകവിരുദ്ധമായ രീതിയിൽ ഉത്തരവിറക്കുന്നത് ഓർഡറിൽ അല്ലെന്നാണ് എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ

നിർദ്ദേശമനുരിച്ച്, ബഹുമാനപ്പെട്ട മന്ത്രിയുടെ റൂൾ 300 പ്രകാരമുള്ള സ്റ്റേറ്റ്മെന്റിന് വിരുദ്ധമായ ഒരു ഉത്തരവ് വരുന്നത് ഈ സഭയോടുള്ള അനാദരവാണ്. ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയുണ്ടാകണം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, റൂൾ 300 സ്റ്റേറ്റ്മെന്റിന്മേൽ ചർച്ചയില്ല. ഇവിടെ രണ്ടുപേരും പറഞ്ഞകാര്യം ഞാൻ ആവർത്തിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറഞ്ഞതിന് വിരുദ്ധമായി ഒരു ഉത്തരവിറങ്ങി. ഒന്നുകിൽ മന്ത്രിയോ അല്ലെങ്കിൽ ചീഫ് സെക്രട്ടറിയോ തിരുത്തണം. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട അംഗങ്ങളും ഇവിടെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിരിക്കുന്നത്, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഇന്നലെ സഭയിൽ ചട്ടം 300 പ്രകാരം നടത്തിയ പ്രസ്താവനയും സർക്കാർ പുറപ്പെടുവിച്ച ഉത്തരവും തമ്മിൽ വ്യത്യാസങ്ങൾ/വൈരുദ്ധ്യങ്ങൾ ഉണ്ടെന്നുള്ളതാണ്. ചട്ടം 300 പ്രകാരം ഒരു പൊതുപ്രാധാന്യമർഹിക്കുന്ന വിഷയമെന്ന നിലയിലാണ് സഭയിൽ പ്രസ്താവന നടത്തിയത്. സർക്കാരിന്റെ ഒരു പൊതു സമീപനമാണിത്. ഈ

പൊതു സമീപനമാണ് സഭയിൽ അവതരിപ്പിച്ചത്. അവതരിപ്പിച്ച ഈ പ്രസ്താവന പ്രാവർത്തികമാക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുള്ളത്. അതിൽ വൈരുദ്ധ്യങ്ങളില്ലെന്നുള്ളതാണ് സഭയെ അറിയിക്കാനുള്ളത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഇപ്പോൾ പ്രശ്നം ഗൗരവമുള്ളതായി ....(ബഹളം)....

മി. സ്പീക്കർ: മന്ത്രി വിശദീകരിച്ചല്ലോ. ...(ബഹളം)....

ശ്രീ. വി. ഡി. സതീശൻ: സർ, ക്ലിയറാണ്. അതായത് ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റിൽ പറയുന്ന കാര്യത്തിന് വിരുദ്ധമാണ് ഞാൻ ആദ്യം ഉന്നയിച്ച പോയിന്റ്. രണ്ടാമത്തെ കാര്യം, ആർക്കെല്ലാം പുറത്തിറങ്ങാമെന്നുള്ളത് സംബന്ധിച്ച് ചട്ടം 300 പ്രകാരമുള്ള സ്റ്റേറ്റ്മെന്റിൽ ഒന്നും പറഞ്ഞിട്ടില്ല. സ്റ്റേറ്റ്മെന്റിൽ പറയാത്ത കാര്യങ്ങൾകൂടി ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. അതൊരു ഫൈനൽ സ്റ്റേറ്റ്മെന്റാണ്. ഗവൺമെന്റിന്റെ നയമാണ് ഇത് വ്യക്തമാക്കുന്നത്. അതിനൊരു പൊതുസമീപനം നൽകുക എന്നുള്ളതല്ല. ഇത് ഗവൺമെന്റ് കാര്യങ്ങളാണ്. അല്ലെങ്കിൽ ഈ അഞ്ച് പേജ് കൊടുക്കേണ്ട കാര്യമില്ല. അഞ്ച് പേജുകളിലായി ഓരോ ഖണ്ഡികയിലും കൃത്യമായ കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. അതിന്

വിരുദ്ധമായി ചീഫ് സെക്രട്ടറിക്ക് ഒരു ഉത്തരവിറക്കാൻ കഴിയുമോ; ഇതിനൊരു നിയമപ്രശ്നം കൂടിയുണ്ട്. സഭയുടെ ടേബിളിലാണ് ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന വയ്ക്കുന്നത്. അതിന് വിരുദ്ധമായി ഒരു എക്സിക്യൂട്ടീവ് ഓർഡർ ഇറക്കുന്നത് ഓർഡറിലാണോ? ....(ബഹളം)....

മി.സ്പീക്കർ: പ്രതിപക്ഷനേതാവ് പറഞ്ഞുകഴിഞ്ഞല്ലോ. ...(ബഹളം)....

ശ്രീമതി വീണാ ജോർജ്ജ്: സർ, ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റിന്റെ സാരാംശവും സർക്കാർ ഉത്തരവിലുള്ളതും തമ്മിൽ വൈരുദ്ധ്യമില്ല. അതാണ് നല്ലതെന്നുള്ള പൊതുസമീപനമാണ് പറഞ്ഞിട്ടുള്ളത്. ....(ബഹളം).... അതിന്മേലുള്ള പ്രായോഗിക നിർദ്ദേശമാണ് ഈ ഉത്തരവിലുള്ളത്. ....(ബഹളം)....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി സ്റ്റേറ്റ്മെന്റ് തിരുത്തണം. ....(ബഹളം)....

ശ്രീമതി വീണാ ജോർജ്ജ്: സർ, ...(ബഹളം).... വ്യത്യാസമില്ല.

ുളിംഗ്

മി. സ്പീക്കർ: നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കാതിരിക്കുന്ന അവസ്ഥ സംബന്ധിച്ച് വ്യക്തമായ ഉദാഹരണ

സഹിതമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് ഇവിടെ ക്രമപ്രശ്നം ഉന്നയിച്ചത്. ബഹുമാനപ്പട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇക്കാര്യം സംബന്ധിച്ച ഗവൺമെന്റ് നിലപാട് അറിയിക്കുകയും നിലവിലെ അവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ഇവിടെ വിശദീകരിക്കുകയുമുണ്ടായി.

2021 ജൂലൈ മാസം 27-ാം തീയതി ചേർന്ന പതിനഞ്ചാം കേരള നിയമസഭയിലെ കക്ഷിനേതാക്കളുടെ യോഗം ചോദ്യങ്ങളുടെ മറുപടി യഥാസമയം ലഭ്യമാകുന്നതിൽ വരുന്ന കാലതാമസമുൾപ്പെടെയുള്ള കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തിരുന്നെങ്കിലും കൂടുതൽ ചർച്ചയ്ക്കും തീരുമാനങ്ങൾക്കുമായി ഇക്കാര്യം മാറ്റിവയ്ക്കുകയാണ് ചെയ്തത്.

'ഇ'-നിയമസഭ പദ്ധതി പൂർത്തീകരിക്കപ്പെടുന്നതോടുകൂടി നമ്മുടെ നിയമസഭാ നടപടിക്രമങ്ങളിൽ കുറേയേറെ പരിഷ്കാരങ്ങൾ ആവശ്യമായിത്തീരുന്നതാണ്. അതുസംബന്ധിച്ച് കാര്യങ്ങളും ഇപ്പോൾ ഇവിടെ പ്രത്യേകമായി ഉന്നയിക്കപ്പെട്ട കാര്യങ്ങളും വിശദമായി പരിശോധിച്ച് വ്യക്തമായ ശിപാർശകൾ നൽകുന്നതിലേയ്ക്കായി പന്ത്രണ്ടാം കേരള നിയമസഭയിൽ, ഇപ്പോഴത്തെ ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി സഭാദ്ധ്യക്ഷനായിരുന്ന വേളയിൽ രൂപീകരിച്ചതുപോലെ, ഒരു

അഡ്ഹോക്ക് സമിതി രൂപീകരിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണെന്നാണ് ചെയറിന്റെ അഭിപ്രായം. അതുവഴി നാം ഇപ്പോൾ നേരിടുന്ന സമാന സ്വഭാവമുള്ള എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയുമെന്നും ചെയർ പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുമായി കൂടിയാലോചിച്ച് ഇക്കാര്യത്തിൽ ഉടൻതന്നെ യുക്തമായ ഒരു തീരുമാനം കൈക്കൊള്ളാനാവുമെന്നാണ് ചെയർ പ്രതീക്ഷിക്കുന്നത്.

ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി കാര്യങ്ങൾ വിശദമാക്കിയതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മറ്റ് ബഹുമാനപ്പെട്ട അംഗങ്ങളും ഉന്നയിച്ച ക്രമപ്രശ്നം തീർപ്പാക്കിയിരിക്കുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യം പറയാൻ ആഗ്രഹിക്കുന്നു.

<u>മി.സ്പീക്കർ</u>: ക്രമപ്രശ്നം തീർപ്പാക്കിയതാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങയുടെ റൂളിംഗിനെ ഞാൻ ചോദ്യം ചെയ്യില്ല. അത് അന്തിമമാണ്. കഴിഞ്ഞ ഒരുമാസമായി ഞങ്ങൾ മാത്രമല്ല നിരന്തരമായി കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളും

ആവശ്യപ്പെട്ടതനുസരിച്ച് ഗവൺമെന്റിന് കാര്യങ്ങൾ ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിലാണ് കടകളും സ്ഥാപനങ്ങളും തുറക്കാനുള്ള തീരുമാനമെടുത്തത്. ഒരുവശത്ത് കടകളും സ്ഥാപനങ്ങളും തുറക്കാൻ തീരുമാനമെടുക്കുകയും മറുവശത്ത് സർക്കാർ ജനങ്ങളോട് പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായി ഒരു ചീഫ് സെക്രട്ടറി തുറക്കാൻ തീരുമാനിച്ചിരിക്കുന്ന കടകളുടെ വാതിലുകൾ അടയ്ക്കുകയും ചെയ്യുന്ന നിയന്ത്രണങ്ങളാണ് ഈ പുതിയ ഗവൺമെന്റ് ഓർഡറിൽ ഇന്നലെ വന്നിരിക്കുന്നത്. ഒരു വശത്ത് സർക്കാർ തുറക്കാൻ തീരുമാനിക്കുകയും മറുവശത്ത് ഉദ്യോഗസ്ഥ മേധാവി അത് അടയ്ക്കാൻ തീരുമാനിക്കുകയും ചെയ്ത വിചിത്രമായ കാര്യമാണ് ഈ ഉത്തരവിലൂടെ പുറത്തുവന്നിരിക്കുന്നത്. ഗവൺമെന്റ് അത് തിരുത്താൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ചട്ടം 300 അനുസരിച്ച് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി നടത്തിയ പ്രസ്താവനയ്ക്ക് വിരുദ്ധമായി ചീഫ് സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവ് തിരുത്താൻ സർക്കാർ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭവിട്ട് പുറത്തുപോയി)

IX. ധനകാര്യം

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തിയാക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2021-22						
		25.01.2021 ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		10.06.2021 ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ (രൂപ)
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)
XXX	ഭക്ഷ്യം	614,08, 53,000	35,42,56, 000	1043,89, 73, 000	26,56,93, 000	1184,27, 33,000	44,28, 20,000	1228,55, 53,000

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി.സ്പീക്കർ: XXX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ഖണ്ഡനോപക്ഷേപത്തിന് നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാത്തതുകൊണ്ട് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കുന്നില്ല.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കേരളത്തിലെ ഭക്ഷ്യപൊതുവിതരണ സംവിധാനത്തിനുവേണ്ടി ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ ഭക്ഷ്യപൊതുവിതരണ സംവിധാനത്തിന് ദേശീയ പ്രാധാന്യമുള്ള ഒരു ചരിത്രമുണ്ട്. സ്വാതന്ത്ര്യാനന്തര ഇൻഡ്യയുടെ ആദ്യ നാളുകളിൽ വിദേശനാണ്യം നേടിയെടുക്കാൻ മറ്റൊരു മാർഗ്ഗവുമില്ലാത്ത ഘട്ടത്തിലാണ് ഇൻഡ്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പശ്ചിമഘട്ട മലനിരകളിലെ പടിഞ്ഞാറൻ വശത്തുള്ള സുഗന്ധവ്യഞ്ജന നാണ്യവിളകൾക്ക് ലോകത്തിൽ വലിയ മാർക്കറ്റാണെന്ന് കണ്ടുകൊണ്ട് കേരളത്തോട് അത് കൂടുതലായി ഉല്പാദിപ്പിക്കാൻ അഭ്യർത്ഥിച്ചത്. ആ അഭ്യർത്ഥന സ്വീകരിച്ചുകൊണ്ട് അന്നത്തെ പ്രതിപക്ഷനേതാവ് മഹാനായ

എ.കെ.ജി., ഞങ്ങൾക്കാവശ്യമായ ഭക്ഷ്യധാന്യം സമയബന്ധിതമായും കൃത്യമായും എത്തിക്കാനുള്ള ഒരു ഏർപ്പാടുണ്ടാക്കണമെന്ന് പാർലമെന്റിൽ ആവശ്യപ്പെട്ടു. അദ്ദേഹത്തിന്റെ ആവശ്യപ്രകാരമാണ് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം കേരളത്തിൽ രൂപംകൊണ്ടത് എന്നതാണ് ചരിത്രം. ജീവന്റെ വിലയുള്ള ആ അനുഭവചരിത്രമുള്ളതുകൊണ്ടാണ് കേരളത്തിലെ റേഷൻകടകളും റേഷൻ കാർഡുകളുമെല്ലാം നമ്മുടെ ജീവിതചര്യയുടെ ഭാഗമായി ഇപ്പോൾ മാറിക്കൊണ്ടിരിക്കുന്നത്.

കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് റേഷൻ കടകളുടെ സ്ഥിതി എന്തായിരുന്നു? ഏതാണ്ട് കരിഞ്ചന്ത വ്യാപാരത്തിനുള്ള ഗോഡൗണുകളായിട്ടാണ് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് റേഷൻ കടകളെ ഉപയോഗപ്പെടുത്തിയിരുന്നത്. അന്ന് റേഷൻ കടകളിലേയ്ക്ക് സാധനങ്ങൾ വന്നിരുന്നത് ഏതാണ്ട് മാസാവസാനത്തിന്റെ തലേന്ന് രാത്രിയാണ്. പിറ്റേന്ന് പണിയെല്ലാം കഴിഞ്ഞ് കർഷകത്തൊഴിലാളികൾ റേഷൻ കടയിൽ സാധനം വാങ്ങാൻ പോയാൽ കിട്ടുന്നത് 'സമയം അതിക്രമിച്ചിരിക്കുന്നു, റേഷൻ വിതരണം അവസാനിച്ചിരിക്കുന്നു' എന്ന ധിക്കാരപരമായ മറുപടിയും പരിഹാസവുമാണ്. അതായിരുന്നു യു.ഡി.എഫ്. സർക്കാരിന്റെ കാലം. എന്നാലും അക്കാലത്തും ചിലർക്കെല്ലാം അരി കിട്ടുമായിരുന്നു. പക്ഷേ, അവരുടെ

സ്ഥിതി മഹാകഷ്ടവുമായിരുന്നു. യു.ഡി.എഫ്.-ന്റെ കാലത്ത് കൊടുത്തുകൊണ്ടിരുന്ന റേഷനരി തിളപ്പിച്ചാൽ 'കല്ലു വിഴുങ്ങിയ വേഴാമ്പലിന്റെ' സ്ഥിതിയായിരുന്നു. ഒരിറ്റു വെള്ളം കിട്ടാൻവേണ്ടി വേഴാമ്പൽ മഴ വരുന്നതും കാത്ത് കാലങ്ങളോളം വാപൊളിച്ചിരിക്കും. ആ വായ്ക്കകത്ത് കല്ലുവീണാൽ എന്താണതിന്റെ ഗതിയെന്ന് ഊഹിക്കാവുന്നതേയുള്ളൂ, അതായിരുന്നു അവസ്ഥ. നാലഞ്ചു മാസം ഈ അരി കഴിച്ച മനുഷ്യന് കല്ലു വിഴുങ്ങിയ അനുഭവമാണ് പിന്നീടുണ്ടാകുന്നത്. അതാണ് യു.ഡി.എഫ്.-ന്റെ റേഷനരിയുടെ പ്രത്യേകത. ഇന്ന് ആ സ്ഥിതി മാറിയല്ലോ, എൽ.ഡി.എഫ്.-ന്റെ ഭരണത്തിൽ എല്ലാം ശരിയാകും എന്നുപറഞ്ഞത് വെറുതെയാണോ, അസ്സൽ മട്ട അരി, പച്ചരി, പഞ്ചസാര, ഗോതമ്പ് എന്നിവ ഇഷ്ടംപോലെ ഇന്ന് റേഷൻ കടകളിലൂടെ കിട്ടുകയാണ്. വരാൻപോകുന്ന ഓണക്കാലത്ത് സ്പെഷ്യൽ കിറ്റ് കൊടുക്കുമ്പോൾ അരിപ്പായസത്തിന് നല്ല ചമ്പാവരിതന്നെ നൽകുമെന്ന മന്ത്രിയുടെ പ്രസ്താവന ഞാൻ പത്രത്തിൽ വായിച്ചു. 'ബഹുത് അച്ഛാ' എന്നല്ലാതെ എന്താണ് ഞാൻ പറയേണ്ടത്. ഈ ഓണക്കാലത്ത് കിറ്റുമായി വരുന്ന അച്ഛൻമാരെ നോക്കി മക്കൾ പറയാൻ പോകുന്നു 'ബഹുത് അച്ഛാ' എന്ന്. അതിന്റെ കാരണമെന്താണ്; കുട്ടികൾക്കുള്ള മിഠായി പാക്കറ്റ് ഈ കിറ്റിലൂടെ വരാനിരിക്കുകയാണ്. ഇതെല്ലാം ചെയ്യുന്ന ഭക്ഷ്യവകുപ്പ് ധനത്തിനുവേണ്ടി ഒരു അഭ്യർത്ഥന ഇവിടെ വയ്ക്കേണ്ട

കാര്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഇതെല്ലാം അറിഞ്ഞുകൊണ്ട് ഭക്ഷ്യവകുപ്പിനാവശ്യമായ ധനം സഭ അനുവദിക്കണമെന്ന അഭ്യർത്ഥനയാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളത്. പക്ഷെ, അപ്പുറത്തിരിക്കുന്ന പ്രതിപക്ഷത്തിലെ ഒരാളും ഇത് സമ്മതിക്കാൻ പോകുന്നില്ല. ഇപ്പോൾ ശ്രീ. എം. വിൻസെന്റ് പ്രസംഗിക്കുമല്ലോ, ഈ ധനാഭ്യർത്ഥന അവർ അംഗീകരിക്കില്ല. കുട്ടികൾക്ക് കൊടുക്കുന്ന മിഠായി കിറ്റുപോലും കൊടുക്കാൻ പാടില്ലെന്നുപറഞ്ഞ് അവിടെ പ്രസംഗിക്കാൻ തയ്യാറായി നിൽക്കുന്നവർ അത് മുടക്കാനിരിക്കുകയാണ്. അതുകൊണ്ട് ഒരൊറ്റ നയാപൈസയുടെ ധനാഭ്യർത്ഥനയെപ്പോലും അവർ പിന്തുണയ്ക്കാൻ പോകുന്നില്ല. ഇതാണ് അവരുടെ നയം. എൽ.ഡി.എഫ്. സർക്കാർ ഇങ്ങനെയാണ് മുന്നോട്ടുപോകുന്നതെങ്കിൽ അവരുടെ കാര്യം കഷ്ടത്തിലാകുമെന്ന് യു.ഡി.എഫ്.-ന് നന്നായിട്ടറിയാം. അതുകൊണ്ടാണ് അവർ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നത്.

അർഹരായ എല്ലാ പാവപ്പെട്ടവർക്കും ബി.പി.എൽ. കാർഡ് നൽകാൻ സർക്കാർ ശ്രമിക്കുന്നതിന്റെ ഭാഗമായി അനർഹരെ ഒഴിവാക്കുന്ന പ്രക്രിയ നടക്കുകയാണ്. പിഴയും ശിക്ഷയും ഒഴിവാക്കാം, അനർഹമായി കയ്യിൽ വച്ചിരിക്കുന്ന ചുവന്ന ബി.പി.എൽ. കാർഡ് സറണ്ടർ ചെയ്യണമെന്ന് ഗവൺമെന്റും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും അഭ്യർത്ഥിച്ചതിന്റെ ഫലമായി

1,23,554 കാർഡുകളാണ് ഇതിനകം സറണ്ടർ ചെയ്തത്. അതിനുപകരമായി ബി.പി.എൽ. കാർഡുകൾ മറ്റ് പാവപ്പെട്ടവർക്ക് നൽകാൻ പോകുകയാണ്. എൽ.ഡി.എഫ്. ഭരണത്തിൽ കേരളീയർ കൂടുതൽ സത്യസന്ധരും സാമൂഹ്യ പ്രതിബദ്ധതയുള്ളവരുമായി മാറിത്തീരുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്.

അനർഹമായി നേടിയതെല്ലാം നാടിനുവേണ്ടി ത്യജിക്കാൻ ജനങ്ങൾ തയ്യാറാകുന്ന ഈ ഘട്ടത്തിൽ എനിക്ക് യു.ഡി.എഫ്.-ലെ മാന്യന്മാരോട് അഭ്യർത്ഥിക്കാനുള്ളത്, നിങ്ങൾ ഇത്തരത്തിൽ ചിലത് ത്യജിക്കാൻ തയ്യാറാണോ? നിങ്ങൾ ത്യജിക്കേണ്ടത്, ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കള്ളക്കച്ചവടത്തിലൂടെ വർഗ്ഗീയത്താമര വിറ്റുകിട്ടിയ കുറച്ച് വോട്ടുമായി നിങ്ങളിൽ ചിലർ ജയിച്ചിട്ടുണ്ട്, അന്ന് റിട്ടേണിംഗ് ഓഫീസർ നൽകിയ ഒരു വിജയകാർഡുണ്ട്, ആ കാർഡ് ഇവിടെ സറണ്ടർ ചെയ്താൽ നിങ്ങളുടെ രാഷ്ട്രീയ ആരോഗ്യത്തിന് അത് ഗുണം ചെയ്യുമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അല്ലെങ്കിൽ അടുത്ത തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ഭരണപക്ഷത്തിരിക്കുന്നവർ മാത്രമായിരിക്കും സഭയുടെ വലതും ഇടതും വശത്തിരിക്കുന്നത്. അങ്ങനെ സംഭവിക്കാതിരിക്കാനാണ് ഇത് പറയുന്നത്. യു.ഡി.എഫ്. ഭരണകാലത്ത് വളരെ അപമാനകരമായ സ്ഥിതി വിശേഷമായിരുന്നു. വർഷത്തിലൊരിക്കൽ

അരിയും പയറും നൽകും, അതിന്റെ കൂടെ പാറ്റയും പുഴുവുമൊക്കെയുണ്ടാകും. ഇപ്പോൾ അതിനെല്ലാം മാറ്റംവന്നു. അതുപോലെ ഇപ്പോഴത്തെ മാവേലി സ്റ്റോറുകളുടെ രൂപം നോക്കിയാൽ ഏതാണ്ട് എല്ലാദിവസവും മാവേലി മന്നൻ സർവ്വാംഗ വിഭൂഷിതനായി വരുന്നതുപോലെയാണ്. എല്ലാ പഞ്ചായത്തിലും സൂപ്പർ മാർക്കറ്റുകളുടെ രൂപത്തിൽ മാവേലി സ്റ്റോറിലേയ്ക്ക് സാധനങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ നടപ്പിലാക്കാൻ പോകുന്ന മറ്റൊരു വലിയ പദ്ധതിയായ 'സുഭിക്ഷ ഹോട്ടലുകൾ' ഭക്ഷ്യവകുപ്പിന്റേതാണ്. പഞ്ചായത്തുകളിൽ ആരംഭിച്ച ജനകീയ ഹോട്ടലുകൾപോലെ എല്ലാ മണ്ഡലത്തിലും 20 രൂപയ്ക്ക് ഭക്ഷണം കിട്ടുന്ന ഹോട്ടലാണ്. ആ ഹോട്ടലുകൾ പാവപ്പെട്ടവരുടെ പഞ്ചനക്ഷത്ര ഹോട്ടലുകളായി നാളെ അറിയപ്പെടാൻ പോകുകയാണെന്ന് നിങ്ങൾ മനസ്സിലാക്കണം. ചിലർക്കിത് പിടിക്കില്ല. അവർ ആരൊക്കെയാണ്? ഒന്ന്, പച്ചരി കണ്ടാൽ പല്ലിളിച്ച് പരിഹസിക്കുന്ന യു.ഡി.എഫ്.-ന്റെ എഫ്.ബി. ബാലന്മാർ ചിലരുണ്ട്. രണ്ട്, പാലക്കാട് എൻ.എം.ആർ. ബിരിയാണി തിന്നാലേ ജനസേവനം സാധ്യമാകൂ എന്നുപറയുന്ന ഒരു കൂട്ടരുണ്ട്. അവർക്കുമിത് പിടിക്കില്ല. അവരെല്ലാം അന്നംമുടക്കികളാണ്. ആ അന്നം മുടക്കികൾക്കൊപ്പമല്ല, അന്നമുണ്ടാക്കുന്ന അദ്ധ്വാനവർഗ്ഗത്തിനൊപ്പമാണ് എൽ.ഡി.എഫ്. എന്നതാണ് പ്രത്യേകത.

അതുകൊണ്ടാണ് രാജ്യത്ത് മറ്റെവിടെയും നൽകാത്ത വിലനൽകി കേരളത്തിൽ നെല്ല് സംഭരിക്കാൻ ഭക്ഷ്യവകുപ്പ് നേതൃത്വം നൽകുന്നത്. മറ്റെല്ലാ സംസ്ഥാനത്തും കർഷകർ നെല്ലുമായി മില്ലുടമകളുടെ മുന്നിൽ കാത്തുനില്ക്കണം. എന്നാൽ കേരളത്തിൽ കർഷകരുടെ വീട്ടുമുറ്റത്തേയ്ക്ക് പോയി ഉദ്യോഗസ്ഥരും മിൽ ഏജന്റുമാരും നെല്ലളക്കുകയാണ്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ഒരു ചെറിയ കാര്യം എനിക്ക് പരാമർശിക്കാനുണ്ട്. വിള ആരംഭിക്കുന്ന ഘട്ടത്തിൽത്തന്നെ സംഭരണ നടപടികൾ ആരംഭിക്കണം. ഉല്പാദനക്ഷമത കൂടിയ ഈ സാഹചര്യത്തിൽ ഒരേക്കറിന് മൂവായിരം കിലോഗ്രാം നെല്ലെങ്കിലും മിനിമം സംഭരിക്കാൻ തയ്യാറാകണം. അതുപോലെ ജലാംശമുണ്ടെന്ന് പറയുന്നൊരു തട്ടിപ്പുണ്ട്. പത്തും ഇരുപതും മുപ്പതും കിലോഗ്രാം നെല്ല് കർഷകരുടെ കയ്യിൽനിന്നും വെട്ടിപ്പുനടത്തുന്ന ഏർപ്പാടും അവസാനിപ്പിക്കണം. ഇരുട്ടിന്റെ ശക്തികളിൽനിന്നും ഈ മലയാള നാടിനെ മോചിപ്പിക്കാൻ മഹാന്മാരായ നവോത്ഥാന നായകരും ദേശീയ പ്രക്ഷോഭ നേതാക്കളും കർഷക പോരാളികളും കമ്മ്യൂണിസ്റ്റുകാരും നടത്തിയ പോരാട്ടമുണ്ട്. ആ പോരാട്ടത്തിനിടയിൽ അവർ കണ്ടത് നവകേരളമെന്ന സ്വപ്നമാണ്. ആ നവകേരള സൃഷ്ടികർമ്മമാണ് ഇവിടെ പുരോഗമിച്ചുകൊണ്ടിരിക്കുന്നത്.

മൃഗതുല്യമായ വേദനകളും യാതനകളും അയവിറക്കി അരവയറുപോലും നിറയ്ക്കാൻ നിവൃത്തിയില്ലാതെ അദ്ധ്വാനവർഗ്ഗം അന്താളിച്ചുനിന്നപ്പോൾ അവരെ കൈപിടിച്ചുയർത്തിയ ചരിത്രത്തിന്റെ കരുത്തുമായാണ് ഈ സർക്കാർ കുതിക്കുന്നതെന്ന് നിങ്ങൾ ഓർക്കണം. ഉടുതുണിക്ക് മറുതുണിയില്ലാതെ, ഉണ്ണാനില്ലാതെ, ഉറങ്ങാനിടമില്ലാതെ ഉടയതമ്പുരാന്മാർ എന്നുകരുതിയ ദൈവത്തെ ഒരു നോക്കുകാണാൻ അവകാശമില്ലാതിരുന്ന ഉരുകിത്തീരുന്ന കേരളത്തിലെ ജീവിതങ്ങൾക്ക് ജീവിക്കാനാവശ്യമായ മണ്ണും നിവർന്ന് നിൽക്കാനാവശ്യമായ നട്ടെല്ലും നൽകിയ പ്രസ്ഥാനത്തിന്റെ വർത്തമാനകാല പോരാളി സഖാവ് പിണറായി വിജയൻ നയിക്കുന്ന ഈ സർക്കാരിന്റെ എല്ലാ നിലപാടുകളെയും ഹൃദയപൂർവ്വം പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ വീണ്ടും സഭയിൽ ഹാജരായി)

<u>ശ്രീ. മാത്യു ടി. തോമസ്:</u> സർ, പോയിന്റ് ഓഫ് ഓർഡർ. ധനാഭ്യർത്ഥന അവതരിപ്പിച്ചതിനുശേഷം സാധാരണ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാറുണ്ട്. കഴിഞ്ഞ ദിവസം കക്ഷിനേതാക്കളുടെ യോഗത്തിൽ ഖണ്ഡനോപക്ഷേപങ്ങൾ

ഒഴിവാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തതാണ്. ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചുകൊണ്ടാണ് ചർച്ചയിലേയ്ക്ക് കടക്കുന്നതെന്നാണ് അപ്പോൾ അവിടെ വിശദീകരിച്ചത്. ഈ ധനാഭ്യർത്ഥനയിൽ ഒരു ഖണ്ഡനോപക്ഷേപംപോലും അവതരിപ്പിച്ചിട്ടില്ല. പ്രതിപക്ഷാംഗങ്ങൾക്ക് ചട്ടപ്രകാരം സംസാരിക്കാൻ അവകാശമുണ്ടോ എന്നതിൽ അങ്ങ് റൂളിംഗ് നൽകണം.

<u>മി. സ്പീക്കർ:</u> ധനാഭ്യർത്ഥനയിൽ ഒരു ഖണ്ഡനോപക്ഷേപവും പ്രതിപക്ഷം അവതരിപ്പിച്ചിട്ടില്ലാത്തതിനാൽ ചർച്ചയിൽ പങ്കെടുക്കാൻ അവകാശമുണ്ടോ എന്നുള്ള ചോദ്യമാണ് ബഹുമാനപ്പെട്ട മാത്യു ടി. തോമസ് ഉന്നയിച്ചത്. ഖണ്ഡനോപക്ഷേപം അവതരിപ്പിക്കാത്ത ഭരണപക്ഷ അംഗങ്ങളും ചർച്ചയിൽ പങ്കെടുക്കുന്നുണ്ട്. അതുകൊണ്ട് ചർച്ചയിൽ പങ്കെടുക്കുന്നതിന് ഒരു തടസ്സവുമില്ല.

<u>ശ്രീ. എം. വിൻസെന്റ്:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ഇവിടെ ശ്രീ. കെ. ഡി. പ്രസേനൻ പ്രസംഗിച്ചപ്പോൾ കുട്ടികൾക്ക് മിഠായി കൊടുക്കുന്ന കിറ്റുകൾപോലും പ്രതിപക്ഷം എതിർക്കുന്നുവെന്നുപറഞ്ഞു. അദ്ദേഹം യഥാർത്ഥത്തിൽ

വഞ്ചിക്കപ്പെട്ടിരിക്കുകയാണ്. ഇന്നത്തെ മലയാള മനോരമ പത്രത്തിലെ വാർത്ത ഇതാണ്, ഓണത്തിനുശേഷം ഭക്ഷ്യക്കിറ്റില്ല – മന്ത്രി ജി. ആർ. അനിൽ. അതുകൊണ്ട് കിറ്റ് മുടങ്ങുന്ന സമയത്ത് ശ്രീ. കെ. ഡി. പ്രസേനൻ കുറച്ച് മിഠായി കവറുകൾ വാങ്ങി കുട്ടികൾക്ക് കൊടുത്താൽ നന്നായിരുന്നുവെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. ഈ സമയത്ത് കിറ്റ് നിർത്തുന്നത് ക്രൂരതയല്ലേ? നമ്മുടെ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്ത വിധത്തിലുള്ള, നമുക്ക് പരിചിതമല്ലാത്ത ലോക്ഡൗൺ പ്രഖ്യാപിച്ചത് 2020 ഏപ്രിൽ മാസമാണ്. ഏപ്രിലിൽ നിങ്ങൾ കിറ്റ് കൊടുത്തില്ല. ആരും പുറത്തിറങ്ങുന്നില്ല, ജോലിക്ക് പോകുന്നില്ല, ആർക്കും വരുമാനമില്ല. എല്ലാവരും വീട്ടിലിരുന്ന സമയത്ത് നിങ്ങൾ കിറ്റ് കൊടുത്തില്ല. മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ കിറ്റ് കൊടുത്തില്ല. എല്ലാ സർക്കാരുകളും കൊടുക്കുന്ന ഓണക്കിറ്റാണ് നിങ്ങൾ കൊടുത്തത്. അതുകഴിഞ്ഞ് പഞ്ചായത്ത് തെരഞ്ഞെടുപ്പ് വന്നപ്പോൾ കിറ്റ് കൊടുത്തു, നിയമസഭാ തെരഞ്ഞെടുപ്പ് വരെ തുടരാൻ തീരുമാനിച്ചു.

തെരഞ്ഞെടുപ്പ് കഴിഞ്ഞയുടനെ നിർത്തിയാൽ അപകടമാകുമെന്ന് കരുതിയാണ് രണ്ടുമാസംകൂടി കൊടുത്തത്. ഈ ജൂലൈ മാസത്തിൽ കിറ്റില്ല. ജൂൺ മാസത്തെ കിറ്റ് പല കടകളിലും എത്തിയത് ജൂലൈ മാസത്തിലാണ്. അപ്പോൾ ജൂലൈ മാസത്തിൽ 31 ദിവസമുണ്ടെന്ന് തെറ്റിദ്ധരിച്ചയാളുകൾ കിറ്റ് വാങ്ങാൻ പോയപ്പോൾ കിട്ടിയില്ല. കാരണം 29-ാം തീയതി ആയപ്പോൾ കിറ്റ് വിതരണം നിർത്തുകയും രണ്ടരലക്ഷത്തോളം കിറ്റുകൾ ആ കടകളിൽനിന്ന് തിരിച്ചെടുക്കുകയുമാണ് ചെയ്തത്. ഇത് ശരിയായ നടപടിയാണോ? കിറ്റുകൾ നിർത്തലാക്കുകയല്ല വേണ്ടത്. കിറ്റുകൾ കൊടുക്കുന്നത് തുടരണം. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് റേഷൻ വാങ്ങാൻ സഞ്ചിമാത്രം കൊണ്ടുപോയാൽ മതിയായിരുന്നു. ഇപ്പോൾ നിങ്ങൾ അതിനും രണ്ടുരൂപ ഈടാക്കുകയാണ്. കോവിഡിന്റെ പശ്ചാത്തലത്തിലെങ്കിലും മുൻഗണനാ പട്ടികയിലുള്ളവർക്ക് സൗജന്യമായി അരി കൊടുക്കാൻ നിങ്ങൾ തയ്യാറാകണം.

ഇന്ത്യയിൽ ആകെയുള്ള പ്രതിദിന കോവിഡ് രോഗികളുടെ എണ്ണത്തിൽ പകുതിയിലേറെ കേരളത്തിലാണ്. ഇന്നലെ ഇവിടെ അവതരിപ്പിച്ച ചട്ടം 300 പ്രകാരമുള്ള സ്റ്റേറ്റ്മെന്റിൽ ഇളവുകളെല്ലാം പ്രതീക്ഷിച്ചു. ഇന്ന് അതിനോടനുബന്ധിച്ചുള്ള ഉത്തരവിറങ്ങിയപ്പോൾ ഇളവുകളേക്കാൾ കൂടുതൽ നിയന്ത്രണങ്ങളിലേയ്ക്കാണ് പോകുന്നത്. എന്ത് അപഹാസ്യമാണിത്. 72 മണിക്കൂർ മുമ്പെടുത്ത ആർ.ടി.പി.സി.ആർ. ടെസ്റ്റ് റിപ്പോർട്ട് വേണം. 72 മണിക്കൂർ എന്ന നിബന്ധന വച്ചാൽ പൊതുജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടാകും, എല്ലാ ദിവസവും ടെസ്റ്റെടുക്കേണ്ടി വരും.

ശ്രീ. പി. ടി. തോമസ്: സർ, സാധനങ്ങൾ വാങ്ങാൻ പോകുമ്പോൾ ആർ.ടി.പി.സി.ആർ. ടെസ്റ്റ് എടുക്കണം. എന്നാൽ ബിവറേജസ് കോർപ്പറേഷനിൽ പോകുന്ന ആളുകൾക്ക് അത് വേണ്ടായെന്നൊരു ഉത്തരവ് കൂടിയുണ്ടെന്നുള്ള വിവരം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. എം. വിൻസെന്റ്: സർ, ബിവറേജസ് കോർപ്പറേഷൻ എല്ലാ നിയന്ത്രണങ്ങൾക്കും അതീതമാണല്ലോ? നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ഈ കാലത്ത് ആർക്കും സഹിക്കാൻ കഴിയില്ല. ജനങ്ങൾ കോവിഡിന്റെ പ്രതിസന്ധിയിലാണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ

ഇന്ധന വിലവർദ്ധനവുകൊണ്ട് പൊറുതിമുട്ടിയിരിക്കുന്ന ജനങ്ങൾക്ക് വിലയിലുണ്ടാകുന്ന നേരിയ വർദ്ധനവുപോലും സഹിക്കാൻ കഴിയില്ല. സപ്ലൈകോയിലെ അഴിമതിയും പൊതുവിപണിയിലെ വിലയും ഒരുപോലെ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അഴിമതിയെക്കുറിച്ച് പറഞ്ഞാൽ, ഓണക്കിറ്റിൽ വൻഅഴിമതി, ഏലയ്ക്കായുടെ മറവിൽ കോടികളുടെ വെട്ടിപ്പ് എന്നിങ്ങനെയാണ്. വലിയതുറ ഗോഡൗണിലെ ലക്ഷങ്ങളുടെ വെട്ടിപ്പിൽ പോലീസന്വേഷണമില്ല. ഇങ്ങനെ നിരവധിയായ അഴിമതിക്കഥകൾ ഒന്നൊന്നായി പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. സപ്ലൈകോ വലിയ അഴിമതിയുടെ ഉരുക്കുകോട്ടയാണ്. ഒരു വാർത്തപോലും പുറത്തുവരില്ല. വന്നാൽത്തന്നെ അത് അടിച്ചമർത്തുകയാണ്. പത്ത് ലക്ഷത്തിന്റെ ധാന്യങ്ങൾ കടത്തിയ കേസിൽ സപ്ലൈകോ വിജിലൻസ് പോലീസന്വേഷണത്തിന് ശിപാർശ ചെയ്തു. റിപ്പോർട്ട് പോലീസിന് കൈമാറാത്തത് കാരണം പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. ഇതുവരെയും കൈമാറിയിട്ടില്ല. വേലിതന്നെ വിളവുതിന്നുന്നത് പോലെയാണ്. വിജിലൻസിനെക്കുറിച്ച് വലിയ ആരോപണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കിറ്റിൽ സാധനങ്ങൾ നിറയ്ക്കുന്ന പ്ലാസ്റ്റിക് കവറുകൾ വാങ്ങിയതിൽവരെ അഴിമതിയാണ്. വിലക്കയറ്റംകൊണ്ട്

പൊറുതിമുട്ടുന്ന ജനങ്ങളെ സഹായിക്കാൻ ഈ സർക്കാരിന് എന്തെങ്കിലും പദ്ധതിയുണ്ടോ? പച്ചക്കറിക്ക് വലിയ വില വർദ്ധനവല്ലേ? 30 രൂപയുണ്ടായിരുന്ന വെണ്ടയ്ക്കയുടെ വില 80 രൂപയായി, 40 രൂപയുണ്ടായിരുന്ന നാരങ്ങയുടെ വില 80 രൂപയായി, 60 രൂപയുണ്ടായിരുന്ന പയറിന്റെ വില 100 രൂപയായി. 20 രൂപയുണ്ടായിരുന്ന തക്കാളിയുടെ വില 30 രൂപയായി, മുളകിന്റെ വിലയ്ക്ക് മുളകിനേക്കാൾ എരിവാണ്. 100 രൂപയ്ക്ക് കിട്ടിക്കൊണ്ടിരുന്ന മുളകിന് വില 160 രൂപയായി, വെളിച്ചണ്ണയുടെ വില 120 രൂപയിൽനിന്ന് 210 രൂപയായി, പാമോയിലിന്റെ വില 65 രൂപയിൽനിന്ന് 150 രൂപയായി, ജീരകത്തിന്റെ വില 150 രൂപയിൽനിന്ന് 220 രൂപയായി, ഉലുവയുടെ വില 60 രൂപയിൽനിന്ന് 90 രൂപയായി, പെരുംജീരകത്തിന്റെ വില 80 രൂപയിൽനിന്ന് 160 രൂപയായി. കാലിത്തീറ്റകൾക്കും വലിയ വില വർദ്ധനവാണ്. ഇദയം പിണ്ണാക്ക് ഒരു ചാക്കിന് 2,100 രൂപയിൽനിന്ന് 2,460 രൂപയായി, വർദ്ധനവ് 360 രൂപയാണ്. എള്ളുപിണ്ണാക്കിന് 400 രൂപയുടെ വർദ്ധനവ്, കടലപിണ്ണാക്കിന് 350 രൂപയുടെ വർദ്ധനവ്. നിർമ്മാണസാമഗ്രികളായ സിമന്റ്, കമ്പി തുടങ്ങിയവയ്ക്കും വലിയ വില വർദ്ധനവാണ്. എല്ലാ സാധനങ്ങൾക്കും വലിയ വില വർദ്ധനവാണുണ്ടായിരിക്കുന്നത്. ഓപ്പൺ മാർക്കറ്റിലെ വിലയാണ് ഞാൻ

പറയുന്നത്. പക്ഷേ സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകളിൽ നോൺ സബ്‌സിഡി സാധനങ്ങൾക്ക് ഓപ്പൺ മാർക്കറ്റിനേക്കാൾ വില കൊടുക്കണം. പഞ്ചസാരയുടെ വില ഓപ്പൺ മാർക്കറ്റിൽ 35 രൂപ, ഇവിടെ 39 രൂപ, ഇങ്ങനെ ഒന്നിനുപുറകെ ഒന്നായി എല്ലാ സാധനങ്ങൾക്കും വില വർദ്ധിക്കുകയാണ്. റേഷൻ കടകളിൽ എ.എ.വൈ. കാർഡുകാർക്ക് 30 കിലോ അരിയും 5 കിലോ ഗോതമ്പും സൗജന്യമായി ലഭിക്കുന്നതാണ്. അതിൽനിന്നും ഒരു കിലോ ഗോതമ്പ് കുറച്ച് ആട്ടയാക്കി കൊടുത്തതിന് ആറ് രൂപവച്ച് ഈടാക്കുകയാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 5 കിലോ ഗോതമ്പ് കൊടുക്കും, അതിൽ ഒരുകിലോ ഗോതമ്പ് കുറച്ചിട്ട് ആട്ടയാക്കി കൊടുത്തതിന് എട്ട് രൂപ ഈടാക്കുകയാണ്. ഇത് കൊള്ളയല്ലേ? കോവിഡിന്റെ കാലത്താണ് ഈ നിലയിൽ കൈകാര്യം ചെയ്യുന്നത്. ഇവിടെ ഓണക്കിറ്റ് കൊടുക്കുന്നു. എ.എ.വൈ. കാർഡുകാർക്ക് മാത്രമാണ് റേഷൻകടയിൽ ഓണക്കിറ്റ് എത്തിയിട്ടുള്ളത്. എ.എ.വൈ. കാർഡല്ലാത്ത ഒരാൾക്കുമാത്രമാണ് മന്ത്രി നേരിട്ട് ഭക്ഷ്യക്കിറ്റ് കൊടുത്തിട്ടുള്ളത്, ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള ഒരാൾക്കുമാത്രമാണ് കൊടുത്തിട്ടുള്ളത്. കൊടുത്തിട്ടുണ്ട്. പ്രശസ്ത സിനിമാതാരം ശ്രീ. മണിയൻപിള്ള രാജുവിന് മാത്രമാണ് ഭക്ഷ്യക്കിറ്റ് കൊടുത്തത്. അങ്ങ് കിറ്റ് കൊണ്ടുപോയി

കൊടുക്കേണ്ടിയിരുന്നത് എ.എ.വൈ. കാർഡുകാരന്റെ ഓലക്കുരയിലായിരുന്നു. മുഖ്യമന്ത്രിയെക്കുറിച്ച് എന്തെല്ലാം വാഴ്ത്തുകളാണ് ഇവിടെ കേൾക്കുന്നത്. ആൾദൈവങ്ങൾക്കെതിരെ നിലപാടെടുത്തിരുന്ന സി.പി.ഐ.(എം.) ഇപ്പോൾ സ്വന്തം നേതാവിനെത്തന്നെ ദൈവമായി അവതരിപ്പിച്ചിരിക്കുകയാണ്. ചിലർ അദ്ദേഹത്തെ കവിയായി അവതരിപ്പിക്കുന്നു, ചിലർ കലാകാരനായി അവതരിപ്പിക്കുന്നു, ചിലർ പോരാളിയായി അവതരിപ്പിക്കുന്നു. ഒരു വാക്കുകൂടി പറഞ്ഞ് അവസാനിപ്പിക്കാം..... (മൈക്ക് ഓഫ്).....

ശ്രീ. സി. സി. മുകുന്ദൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുകയാണ്. വീണ്ടും ഒരു ഓണംകൂടി കോവിഡ് മഹാമാരിയിൽപ്പെട്ടിരിക്കുകയാണ്. ജനങ്ങൾക്ക് സാമാന്യം മെച്ചപ്പെട്ട തോതിൽ ബോണസും മുൻകൂർ ശമ്പളവും മറ്റാനുകൂല്യങ്ങളും കിട്ടുന്ന കാലമായിരുന്നു ഓണക്കാലം. ഓണക്കാലത്ത് ഉപയോഗിക്കാനായി നാട്ടിൻപുറത്തെ ജനങ്ങൾ അവരുടെ ദിവസ വരുമാനത്തിൽനിന്ന് മിച്ചംപിടിച്ച തുക കുറികളിലോ മറ്റ് ലഘു സമ്പാദ്യപദ്ധതികളിലോ നിക്ഷേപിക്കുക പതിവാണ്. നമ്മുടെ സഹകരണ ബാങ്കുകളിൽ ഓണക്കാലത്ത് വീട്ടുപകരണങ്ങളും മറ്റും വാങ്ങുന്നതിന് പ്രത്യേക

വായ്പകൾതന്നെ അനുവദിക്കാറുണ്ട്. അങ്ങനെ പലവിധത്തിൽ ജനങ്ങളുടെ കയ്യിൽ പണം വന്നുചേരുകയും അതവർ വിപണിയിൽ ഇറക്കുകയും ചെയ്യുന്ന കാലമായിരുന്നു ഓണക്കാലം. സർക്കാരിന് വലിയ തോതിൽ നികുതി വരുമാനം ഓണക്കാലത്ത് ലഭിച്ചിരുന്നു. അങ്ങനെ സർക്കാരും ജനങ്ങളും വലിയ സന്തോഷത്തോടെ കണ്ടിരുന്ന ഓണക്കാലം കോവിഡ് വന്നതോടെ വലിയ പ്രതിസന്ധിയിലാണ്. സാധാരണ തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ വളരെ കുറവായിരിക്കും. കാര്യമായ ബോണസ് ആർക്കും കിട്ടാത്ത ഒരു സാഹചര്യമാണ്. കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഈ ബുദ്ധിമുട്ടുകളിലൂടെ കടന്നുപോകുമ്പോൾ ജനങ്ങളെ ചേർത്തുപിടിച്ച സർക്കാരാണ് ഇടതുപക്ഷ മുന്നണി സർക്കാർ. ഈ പ്രതിസന്ധിയിൽ ജനങ്ങൾക്കൊപ്പം നിന്നതുകൊണ്ടാണ് ഇടതുപക്ഷത്തിന് തുടർഭരണം ലഭിച്ചത്. ആരോഗ്യവകുപ്പും ഭക്ഷ്യവകുപ്പും അവസരത്തിനൊത്ത് ഉണർന്ന് പ്രവർത്തിക്കുകയും അത് തുടർന്നുവരികയും ചെയ്യുന്നു. മഹാമാരിയുടെ കാലത്ത് എല്ലാമാസവും ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുന്ന സർക്കാരിനെയും ഭക്ഷ്യവകുപ്പിനെയും ഞാൻ അഭിനന്ദിക്കുകയാണ്. ഓണത്തിന് പ്രത്യേക കിറ്റ് സർക്കാർ തയ്യാറാക്കിയിരിക്കുകയാണ്. പാവപ്പെട്ടവരെ സഹായിക്കുന്ന രാഷ്ട്രീയത്തെ പ്രതിപക്ഷം പച്ചരി രാഷ്ട്രീയമെന്ന് പരിഹസിക്കുകയാണ്.

സാധാരണക്കാരുടെ ജീവിത സാഹചര്യങ്ങൾ മറന്നുള്ള നിങ്ങളുടെ ഇത്തരം പരിഹാസങ്ങൾ നിങ്ങളെ സ്ഥിരം പ്രതിപക്ഷത്താക്കുമെന്ന് ഓർത്താൽ നല്ലത്. ഓണക്കാലമാണ് വരുന്നത്, കുറ്റമറ്റ രീതിയിൽ പൊതുവിതരണം നടത്തുവാൻ സർക്കാരിന് എല്ലാ പിന്തുണയും നൽകണം. മലയാളികൾക്ക് ഓണമെന്നാൽ മാവേലിയുടെ ഓർമ്മയാണ്. മലയാളി മാവേലിയെ മാത്രമല്ല മാവേലി സ്റ്റോറുകളെയും ഓർക്കും. മാവേലി സ്റ്റോർ എന്നുകേൾക്കുമ്പോൾ മാവേലി മന്ത്രിയെയും മലയാളികൾ ഓർക്കും. മികച്ച രീതിയിൽ ഭക്ഷ്യ പൊതുവിതരണ രംഗത്ത് പ്രവർത്തിച്ച നേതാവായിരുന്ന സഖാവ് ഇ. ചന്ദ്രശേഖരൻ നായർ. മാവേലി സ്റ്റോറുകൾ ആരംഭിച്ച അദ്ദേഹത്തെ ജനങ്ങൾ സ്നേഹത്തോടെ മാവേലിമന്ത്രി എന്ന് വിളിച്ചിരുന്നു. അദ്ദേഹത്തിന്റെ പാതയിൽ സഞ്ചരിക്കാൻ സഖാവ് പി. തിലോത്തമനും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. ആർ. അനിലിനും കഴിഞ്ഞിട്ടുണ്ട്. സഹകരണവകുപ്പ് ഈ കാര്യത്തിൽ മാതൃകയാണ്. അവർ എത്രവലിയ സേവനമാണ് ഓണക്കാലത്തും അല്ലാത്തപ്പോഴും ഭക്ഷ്യവിതരണ രംഗത്ത് നടത്തുന്നത്. ഇപ്പോൾ കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാർ ഭരണഘടനയെ നോക്കുകുത്തിയാക്കി സഹകരണ മേഖലയെ കേന്ദ്ര സർക്കാരിന്റെ കീഴിൽ കൊണ്ടുവരാൻ ശ്രമിക്കുകയാണ്. സുപ്രീംകോടതി അതിനെതിരെ വിധി

പറഞ്ഞു. എങ്കിലും അവർ എല്ലാ തരത്തിലും പയറ്റി നോക്കുകയാണ്. സഹകരണ മേഖലയെന്നാൽ ബാങ്കുകൾ മാത്രമല്ല, ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന നിരവധി സംരംഭങ്ങൾകൂടിയാണ്. ഇതിന് പ്രതിസന്ധി നേരിട്ടാൽ പൊതുവിതരണ രംഗത്തടക്കം ആ പ്രതിസന്ധിയുണ്ടാകും. അത് നമ്മൾ തിരിച്ചറിയണം. സഹകരണ മേഖലയെ തകർക്കാനുള്ള ബി.ജെ.പി.-യുടെ ശ്രമങ്ങൾ തടയണം. അത് ഭക്ഷ്യ-പൊതുവിതരണ മേഖലയുടെകൂടി ആവശ്യമാണ്. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ ഒരു കാര്യം പ്രത്യേകം സൂചിപ്പിക്കാനുണ്ട്. റേഷൻ കാർഡുകൾ കേവലം ഭക്ഷ്യവിതരണത്തിന് മാത്രമുള്ള രേഖയല്ല. അത് നിരവധി പദ്ധതികളുടെ അടിസ്ഥാന രേഖയായി നമ്മൾ ഉപയോഗിക്കാറുണ്ട്. അതുകൊണ്ടുതന്നെ റേഷൻ കാർഡുമായി ബന്ധപ്പെട്ട കൃത്യത വളരെ അത്യാവശ്യമാണ്. അനർഹരായ പലരും മുൻഗണനാ വിഭാഗത്തിന്റെ കാർഡുകൾ സ്വന്തമാക്കി വച്ചിരിക്കുന്നതായി സർക്കാർ പറയുന്നു. അത് തിരിച്ചേൽപ്പിക്കാൻ ഒരു ക്യാമ്പയിന് ഭക്ഷ്യ വകുപ്പുമന്ത്രി തുടക്കം കുറിക്കുകയുണ്ടായി. അത് വളരെ നല്ല കാര്യമാണ്. അത് ഊർജ്ജിതമാക്കണം. അനർഹർ മഞ്ഞ, പിങ്ക് എന്നീ കാർഡുകൾ കൈവശം വയ്ക്കുന്നില്ലെന്ന് ഉറപ്പുവരുത്തിയാൽ മാത്രമേ ആനുകൂല്യങ്ങൾ

യഥാർത്ഥ അവകാശികൾക്ക് ലഭ്യമാക്കു എന്നതാണ് പ്രധാനമെന്ന് ഞാൻ സമ്മതിക്കുന്നു. അതിനേക്കാൾ പ്രധാനമായി എനിക്ക് തോന്നുന്നത്, അർഹതയുള്ളവർക്ക് മുൻഗണനാ വിഭാഗത്തിലുള്ള കാർഡുകൾ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക എന്നതാണ്. വളരെ പാവപ്പെട്ട ജീവിത സാഹചര്യമുള്ള പലർക്കും നീല, വെള്ള എന്നീ കാർഡുകൾ കൈവശം വയ്ക്കേണ്ടിവരുന്നുണ്ട്. അതുകൊണ്ട് ചികിത്സകളടക്കം പല കാര്യങ്ങൾക്കും അവർക്ക് വലിയ വിഷമങ്ങൾ നേരിടേണ്ടി വരുന്നുണ്ട്. പട്ടികജാതി വിഭാഗത്തിലെ അർഹരായ പലർക്കും മുൻഗണനാ കാർഡുകളില്ലാത്ത സാഹചര്യമുണ്ട്. ഈ വിഷയത്തിൽ സർക്കാർ പ്രത്യേക ഇടപെടൽ നടത്തണം. ഭക്ഷ്യവകുപ്പും പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പും സംയുക്തമായി ഇടപെടണം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് അവകാശപ്പെട്ട കാർഡുതന്നെയാണ് ലഭിച്ചിട്ടുള്ളതെന്ന് ഉറപ്പുവരുത്തണം. ഈ കോവിഡ് കാലത്തുതന്നെ നാം അതിന് മുൻകയ്യെടുക്കണം. അർഹരല്ലാത്തവരെ ലിസ്റ്റിൽനിന്നും ഒഴിവാക്കുന്നതോടൊപ്പം അർഹതയുള്ള മുഴുവൻ ആളുകൾക്കും മുൻഗണനാ കാർഡുണ്ടെന്ന് ഉറപ്പുവരുത്തണം. ഒരു കുടുംബം പുതിയ കാർഡിന് അപേക്ഷിച്ചാൽ നിലവിലുള്ള രീതിയനുസരിച്ച് അവർക്ക് വെള്ള കാർഡാണ് ലഭിക്കുക. അവർ സത്യത്തിൽ മഞ്ഞ

കാർഡിനോ പിങ്ക് കാർഡിനോ അർഹതയുള്ളവരായിരിക്കും. എങ്കിലും നടപ്പുരീതിയനുസരിച്ച് പുതിയ കാർഡിന് അപേക്ഷിച്ചാൽ വെള്ള കാർഡ് മാത്രമേ ലഭിക്കൂ. ഈ രീതി അശാസ്ത്രീയമാണ്. ജനങ്ങൾക്കും സർക്കാരിനും ഒരുപോലെ അനാവശ്യമായ പ്രശ്നമുണ്ടാക്കുന്നത്. അത് മാറ്റണം. പുതിയ അപേക്ഷകർക്ക് അർഹതയുള്ള കാർഡ് ലഭിക്കുന്ന തരത്തിലുള്ള തീരുമാനമെടുക്കണമെന്ന് സർക്കാരിനോട് ഞാൻ അഭ്യർത്ഥിക്കുന്നു. ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: ചട്ടം 284 ഓർമ്മിപ്പിക്കുകയാണ്. ചട്ടം 284-ന്റെ വിശദീകരണം (X)-ൽ സഭയിൽ പ്രസംഗിക്കുമ്പോൾ അനുസരിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചാണ് പറയുന്നത്.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. നമ്മുടെ നാട്ടിൽ 90 ലക്ഷത്തിലേറെ കാർഡുടമകളാണുള്ളത്. പക്ഷേ, അതിൽ മഹാഭ്രരിപക്ഷം കാർഡുടമകളും ദാരിദ്ര്യരേഖയ്ക്ക് മുകളിലാണ് ഇപ്പോഴും നിൽക്കുന്നതെന്നുള്ളത് സങ്കടകരമാണ്. ഏതാണ്ട് 52 ലക്ഷം ആളുകളും ദാരിദ്ര്യരേഖയ്ക്ക് മുകളിൽ നിൽക്കുന്നതുകൊണ്ട് അർഹരായ ആളുകൾക്കുപോലും റേഷൻ

സംവിധാനത്തിന്റെ ആനുകൂല്യം ലഭിക്കാത്ത സാഹചര്യമുണ്ട്. ഗവൺമെന്റ് കിറ്റ് നൽകുന്നത് സന്തോഷകരമായ കാര്യമായി ഞാൻ കാണുകയാണ്. ഓണക്കിറ്റ് നൽകുന്നതോടൊപ്പം പച്ചക്കറികൂടി ഏർപ്പെടുത്തിയാൽ നന്നാകുമെന്ന് ബഹുമാന്യനായ മന്ത്രിയെ ഞാൻ അറിയിക്കുകയാണ്. ഈ നാട് കടന്നുപോകുന്ന സാഹചര്യത്തെക്കുറിച്ച് നമുക്കെല്ലാവർക്കുമറിയാം. എല്ലാവരും ജീവിത പ്രതിസന്ധിയിലാണ്, പ്രയാസത്തിലാണ്. ആളുകൾ വലിയ ബുദ്ധിമുട്ടുകൾ നേരിടുകയാണ്. പക്ഷേ, ഈ സർക്കാർ ആർക്കുവേണ്ടിയാണ് ഭരിക്കുന്നതെന്നത് വലിയൊരു ചോദ്യചിഹ്നമായി നിൽക്കുകയാണ്. വളരെയധികം ആളുകൾ ഇപ്പോഴും റേഷൻ കാർഡിന്റെ പേരിൽ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. പഴയകാലത്തെ കണക്കുകളും കാര്യങ്ങളും വച്ചായിരുന്നു നമ്മൾ അതിന്റെ മാനദണ്ഡം നിശ്ചയിച്ചിരുന്നത്. ആയിരം സ്ക്വയർഫീറ്റ് വീട്, നാലുചക്ര വാഹനം എന്നിങ്ങനെയായിരുന്നു മാനദണ്ഡം. പക്ഷേ നല്ല കാലത്ത് ഒരു വീടുണ്ടാക്കിയവരും ലോണെടുത്ത് കാർ വാങ്ങിയവരുമൊക്കെ ഇപ്പോൾ കട്ടപ്പുറത്താണ്. ആളുകളുടെ ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്തവിധം, വാങ്ങിയ കാറിൽ ഒരു ലിറ്റർ പെട്രോൾപോലും അടിക്കാൻ കഴിയാത്തവിധം സ്ഥിതി മാറുമ്പോൾ അവർക്ക് കൂടുതൽ കൈത്താങ്ങ് നൽകേണ്ട സാഹചര്യമാണ്

ഇപ്പോഴുള്ളതെന്ന് വിസ്മരിക്കാൻ കഴിയില്ല. 'വൺ' എന്ന സിനിമയിൽ മമ്മൂട്ടിയുടെ ഒരു ഡയലോഗുണ്ട്. "ജനങ്ങളെ ഭരിക്കാനല്ല സാർ ജനാധിപത്യ സർക്കാർ, ജനങ്ങൾക്കുവേണ്ടി ഭരിക്കാനാണ്." നിങ്ങൾ ആർക്കുവേണ്ടിയാണ് ഭരിക്കുന്നതെന്ന് ഞാൻ ചോദിക്കുകയാണ്. നമ്മുടെ നാട്ടിലെ സ്ഥിതിയെന്താണ്? ഒരു ഭാഗത്തുനിന്ന് പോലീസുകാർ ഫൈൻരാജ് നടത്തുകയാണ്. നമ്മുടെ നാട് കടന്നുപോകുന്ന ഈ ദുരിതാവസ്ഥയിലും അഞ്ച് നയാപൈസ കയ്യിലെടുക്കാനില്ലാത്ത ആളുകൾക്കുമുമ്പിലാണ് പോലീസുകാർ കൈനീട്ടി നിൽക്കുന്നതെന്നത് ദുഃഖകരമാണ്. കിറ്റ് കൊടുക്കുന്നത് വളരെ നല്ലതാണെന്ന് ഞാൻ പറഞ്ഞു. പക്ഷേ, കിറ്റുകൾ കൊണ്ടുമാത്രം ഒരു കുടുംബത്തിന് എത്രദിവസം കഴിയാൻ സാധിക്കും. നേരത്തെ പ്രതിപക്ഷം ഇവിടെ ആവശ്യപ്പെട്ടതുപോലെ ഈ കിറ്റുകളോടൊപ്പം അൽപ്പം പണംകൂടി അവരുടെ കൈകളിലെത്താനുള്ള സംവിധാനമുണ്ടാക്കിയില്ലെങ്കിൽ സാധാരണക്കാരുടെ ജീവിതം ദുരിതപൂർണ്ണമായിരിക്കും. വലിയ പ്രയാസം നേരിടുന്ന ഈ ജനസമൂഹം ആത്മഹത്യാ മുനമ്പിലാണ്. അവരുടെ ജീവിതപ്രയാസം കണക്കിലെടുക്കാൻ ഗവൺമെന്റ് സന്നദ്ധമാകണം.

ഞാനൊരു സന്മാർഗ്ഗ കഥ പറയുകയാണ്. അപവാദ പ്രചരണം നടത്തൽ പതിവാക്കിയ ഒരാൾ പണ്ടൊരു ഗുരുവിനെ സമീപിച്ചു. അദ്ദേഹം ചോദിച്ചു. ഗുരോ, എനിക്ക് എന്റെ സ്വഭാവം മാറാൻവേണ്ടി എന്താണ് ചെയ്യേണ്ടത്? ആ ഗുരു പറഞ്ഞു, നിങ്ങൾ ഒരുകാര്യം ചെയ്താൽ മതി, തെരുവിലേയ്ക്കിറങ്ങുക, അവിടെനിന്നും ഒരു സഞ്ചി നിറയെ ളുവലുമായി വരിക. ആ നിർദ്ദേശം അയാൾ അനുസരിച്ചു. അയാൾ തെരുവിൽപ്പോയി ഒരു സഞ്ചി നിറയെ ളുവലുമായി വന്നു. ഗുരുവിനോട് പറഞ്ഞു, ഞാൻ ഈ ളുവലെല്ലാം ശേഖരിച്ചിട്ടും എന്റെ അപവാദ പ്രചരണ സ്വഭാവം നിൽക്കുന്നില്ലല്ലോ. അപ്പോൾ ഗുരു പറഞ്ഞു, നിങ്ങൾ ഈ ളുവൽ മുഴുവൻ നാട്ടിൽ കൊണ്ടുപോയി കവലകളിൽ വിതറുക. അതുപോലെ ചെയ്തിട്ട് അയാൾ തിരിച്ചുവന്നു. ഗുരോ, എന്നിട്ടും എന്റെ സ്വഭാവം മാറുന്നില്ലല്ലോ. ഗുരു പറഞ്ഞു, നിങ്ങൾ വീണ്ടും കവലയിലേയ്ക്ക് പോയി ളുവലുകൾ പെറുക്കി കൊണ്ടുവരിക. അയാൾ പോയി. പക്ഷേ, അയാൾക്ക് ഒഴിഞ്ഞ സഞ്ചിയുമായിട്ടാണ് വരാൻ കഴിഞ്ഞത്. അയാൾക്ക് ളുവലുകൾ പെറുക്കിയെടുക്കാൻ കഴിഞ്ഞില്ല. അപ്പോൾ ഗുരു പറഞ്ഞു, അപവാദ പ്രചരണങ്ങൾ ളുവലുകൾ പോലെയാണ്. നിങ്ങളത് ഒരിക്കൽ വിതറിക്കഴിഞ്ഞാൽ പിന്നീട് ഒരിക്കലും നിങ്ങൾക്ക് തിരിച്ചെടുക്കാൻ

കഴിയില്ല. ഈ അറിവ് ഗുരു നൽകിയതുപോലെ അപ്പുറത്തിരിക്കുന്ന ബഹുമാന്യനായ ഒരംഗത്തിന് ഈ ഉപദേശം മാത്രം നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. യു.ഡി.എഫ്., ഇ.ഡി.-ക്കൊപ്പം എന്നായിരുന്നു ഇന്നലെവരെ ഭരണപക്ഷകക്ഷികളുടെ വലിയ ആക്ഷേപം. ഇന്ന് നിങ്ങളുടെ ഒരംഗം ഇ.ഡി.-യെ വാഴ്ത്തുകയാണ്. ഇ.ഡി.-യെക്കുറിച്ചുള്ള ഇടതുപക്ഷ നിലപാട് മാറിയോ എന്നറിയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. സംസ്ഥാന സർക്കാരിനെതിരെ ഇ.ഡി. വന്നപ്പോൾ ജുഡീഷ്യൽ കമ്മീഷനെ വച്ചവരാണ് നിങ്ങൾ. എപ്പോഴാണ് നിങ്ങൾക്ക് ഇ.ഡി. വ്യത്യസ്ത ഏജൻസിയായി, വിശുദ്ധ പശുവായി മാറിയതെന്നറിയാൻ താല്പര്യമുണ്ട്. ഞങ്ങളാരെയും വ്യക്തിപരമായി വേട്ടയാടാൻ ആഗ്രഹിക്കുന്നവരല്ല. ഞങ്ങൾക്ക് നായാട്ട് ശീലവുമില്ല. തെറ്റ് ചൂണ്ടിക്കാണിക്കുക എന്നത് പ്രതിപക്ഷത്തിന്റെ ധർമ്മമാണ്. ആ ധർമ്മം ഞങ്ങൾ കഴിഞ്ഞ അഞ്ചുവർഷം നിർവ്വഹിച്ചിട്ടുണ്ട്. ഇപ്പോഴും അത് ശക്തമായി തുടരുന്നുണ്ട്. പ്രതിപക്ഷത്തിരിക്കുന്ന കാലത്തോളം അത് തുടരുകയും ചെയ്യും. അതിനർത്ഥം ഞങ്ങൾക്ക് വ്യക്തിപരമായ എന്തെങ്കിലും വിദ്വേഷമുണ്ട് എന്നല്ല. ഞാൻ ബഹുമാന്യനായ അംഗത്തോട് ചോദിക്കട്ടെ, നിങ്ങൾ നിരന്തരം തെറ്റ് ചെയ്ത ഒരാളായിരുന്നു. ഞങ്ങൾ നിരന്തരം നിങ്ങളെ

ശരിയാക്കാൻ ശ്രമിക്കുകയായിരുന്നു. ഒടുവിൽ ബഹുമാന്യനായ മുഖ്യമന്ത്രിക്കുതന്നെ താങ്കൾ കുറ്റക്കാരനാണെന്ന് ബോദ്ധ്യപ്പെട്ടു. അങ്ങനെയാണ് അദ്ദേഹം താങ്കളോട് രാജിവയ്ക്കാൻ ആവശ്യപ്പെട്ടത്. അതിന് ഞങ്ങളുടെ മെക്കിട്ട് കയറിയിട്ട് എന്താണ് കാര്യം? മന്ത്രിസ്ഥാനമില്ലാത്ത കാലത്ത് വാർത്തയിൽ ഇടംനേടാൻ വലിയ ബുദ്ധിമുട്ടാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. വാർത്തയിൽ ഇടംനേടാൻ മാത്രം പ്രതിപക്ഷ ഉപനേതാവിനെ ആയുധമാക്കാനാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ അത് ചെറുക്കാൻ തന്നെയാണ് ഞങ്ങളുടെ തീരുമാനമെന്ന് ഞാൻ അറിയിക്കുകയാണ്. ഇതൊക്കെ ഒരു സ്പോർട്സ്മാൻ സ്പിരിറ്റിലെടുക്കണ്ടേ? എന്നും മന്ത്രിയാകാമെന്നും സ്പീക്കറാകാമെന്നും വിചാരിക്കുന്നതല്ലേ തെറ്റ്. ബന്ധുനിയമനമായാലും സ്വർണ്ണകള്ളക്കടത്തായാലും ശ്രീ. കെ. ടി. ജലീൽ സ്വന്തം കയ്യിലിരിപ്പുകൊണ്ട് ചെളിയിൽ വീണ ആളാണ്. ആ ചെളി മേലാകെ പുരണ്ടയാളുടെ മാനസികാവസ്ഥ സ്വാഭാവികമായും ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. അതിന് വഴിയേ പോകുന്ന എല്ലാവരെയും ചെളിവാരി എറിയുക എന്നത് ഒരു മാനസികാസ്വാസ്ഥ്യമാണ്. അതിന് ചികിത്സ വേറെയാണ്. നിങ്ങൾ ഇനിയുള്ള അഞ്ചുവർഷം പ്രതിപക്ഷ

ഉപനേതാവിനെ വേട്ടയാടുമെന്നാണ് പറയുന്നത്. ഇതിനാണോ ജനങ്ങളുടെ വോട്ട് വാങ്ങി നമ്മളൊക്കെ എം.എൽ.എ.-മാരായി വന്നത്? ഇതാണോ ഇടതുപക്ഷത്തിന്റെ ജനസേവനത്തിന്റെ നിലപാട്? ഇതാണോ രണ്ടാം പിണറായി സർക്കാരിന്റെ നയം? ബഹുമാന്യനായ മുഖ്യമന്ത്രിയടക്കം 21 പേർ മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്ത വിവരം ഞങ്ങൾക്കറിയാം. പക്ഷേ നിങ്ങളുടെകൂടെ ഒരു ശിക്കാരിശംഭുവിനെക്കൂടി സത്യപ്രതിജ്ഞ ചെയ്യിപ്പിച്ചിട്ടുണ്ടായിരുന്നുവെന്ന് ഞങ്ങളറിയാൻ വൈകിപ്പോയി. (....ബഹളം...) ഇപ്പോൾ വേട്ടയാടാൻ ഒരാളെ ഏല്പിച്ചിരിക്കുകയാണ്. പാർട്ടിക്ക് പോലീസുണ്ട്, കോടതിയുണ്ട് എന്നെല്ലാമറിയാം. പക്ഷേ സി.ഐ.ഡി. കൂടിയുണ്ടെന്ന് ശ്രീ. കെ. ടി. ജലീൽ തെളിയിക്കുകയാണ്. (....ബഹളം....)

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. ജോയി]

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. ചെയർമാൻ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, സഭയിലുള്ള ഒരംഗം മാനസികാസ്വാസ്ഥ്യമുള്ള ആളാണെന്നും ശിക്കാരിശംഭു എന്നുള്ള രീതിയിലും വളരെ തരംതാഴ്ന്നു ഈ സഭയുടെ നിലവാരത്തിന് യോജിക്കാത്ത

രീതിയിലുള്ള ആക്ഷേപങ്ങൾ പറഞ്ഞത് രേഖയിലുണ്ടാകാൻ പാടില്ല.

(....ബഹളം...)

മി. ചെയർമാൻ: അത് പരിശോധിക്കാം.+

ശ്രീ. നജീബ് കാന്തപുരം: സർ, ശിക്കാരിശംഭു എന്നുപറയുന്നത് മോശം പദമാണെന്ന് എനിക്ക് തോന്നിയിട്ടില്ല. അങ്ങനെ ശ്രീ. മുഹമ്മദ് മുഹസിന് തോന്നിയിട്ടുണ്ടെങ്കിൽ ആ കഥ വായിച്ചാൽ മതിയെന്നുമാത്രം പറയുന്നു. സി.ഐ.ഡി.-യെ സാധാരണ പുറത്തുനിന്നാണല്ലോ വയ്ക്കുന്നത്. ഏതായാലും ഇപ്പോൾ വേറെ ചുമതലയൊന്നുമില്ലാതെ വിഷമിച്ചിരിക്കുന്ന ഒരാൾക്ക് നിങ്ങൾ ഏതായാലും സി.ഐ.ഡി.-യുടെ ചുമതല നൽകിയത് നന്നായെന്നാണ് എന്റെ അഭിപ്രായം. ശ്രീ. കെ. ടി. ജലീലിന്റെ നാവ് ആരുടേതാണെന്ന് ഞങ്ങൾക്ക് വ്യക്തമായറിയാം. അത് ഭസ്മാസുരന് വരം നൽകിയതുപോലെയാകരുതെന്ന് മാത്രമേ നിങ്ങൾ ഓർമ്മിക്കേണ്ടതുള്ളൂ. വ്യക്തി വിദ്വേഷം തീർക്കാൻ ഈ പദവി ഉപയോഗിക്കുന്നവർ അവരുടെ പണി തുടരട്ടെ. നമ്മുടെ ജോലി ജനങ്ങളുടെ പ്രശ്നങ്ങൾ സർക്കാരിന്റെ മുന്നിലെത്തിക്കുക എന്നതാണ്. അതിനാണ് നാം തെരഞ്ഞെടുക്കപ്പെട്ടത്. ഈ ഓണത്തിന് കിറ്റ് കൊടുക്കാൻ തയ്യാറായ സർക്കാരിനെ ഞങ്ങൾ

+ സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.12836/ഇ.ബി./2021/നി.സെ. തീയതി 06.08.2021) സഭാരേഖയിൽ നിലനിർത്തി.

അനുമോദിച്ചിട്ടുണ്ട്. പക്ഷേ ഇന്നത്തെ ജനങ്ങളുടെ ജീവിതാവസ്ഥ നാം കാണാതിരിക്കരുതെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട സ്പീക്കർ ചെയറിൽ എഴുതിവച്ചിട്ട് പോയത് ഇന്ന് അപരാഹ്ന സമ്മേളനമുള്ളതുകൊണ്ട് കർശനമായി സമയനിഷ്ഠ പാലിക്കണമെന്നാണ്. അതനുസരിച്ചാണ് ഇതുവരെ തുടർന്നുവന്നത്.

1.00 പി.എം.]

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പരിപൂർണ്ണമായി പിന്തുണയ്ക്കുകയാണ്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഭക്ഷ്യരംഗത്ത് നടപ്പിലാക്കിയ നയങ്ങളുടെ പാത പിന്തുടർന്നാണ് രണ്ടാം പിണറായി സർക്കാരും ജനങ്ങളെ സഹായിക്കാനുള്ള നിലപാടുകൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യന് ശുദ്ധവായുവും ശുദ്ധജലവും കഴിഞ്ഞാൽ ജീവിക്കാൻ അത്യാവശ്യമായത് ഭക്ഷ്യസാധനങ്ങളാണ്. ഇത് ആവശ്യമായ തോതിൽ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ കാലയളവിൽ സ്വീകരിച്ചുവരുന്നത്. കേരളത്തിന്റെ പൊതുവിതരണ ശൃംഖല എണ്ണയിട്ട് മിനുക്കിയ യന്ത്രംപോലെയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. നഗ്നനേത്രങ്ങൾകൊണ്ട് കാണാൻ കഴിയാത്ത കൊറോണ വൈറസിന്റെ ആക്രമണം ലോകത്താകെയുണ്ടായിരിക്കുന്ന സാഹചര്യത്തിൽ, ജനങ്ങൾക്ക് ലഭിച്ച സംരക്ഷണവും സുരക്ഷയും, പ്രത്യേകിച്ച് ഭക്ഷ്യരംഗത്ത് ലഭിച്ച സുരക്ഷ ഉദാത്ത ഉദാഹരണമായി നമ്മുടെ മുന്നിൽ നിൽക്കുകയാണ്. ലോക്ഡൗൺ പ്രഖ്യാപിച്ച സമയത്ത് ഇന്ത്യയിൽ ആദ്യമായി ആശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സംസ്ഥാനമാണ് കേരളം. പ്രസ്തുത

നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് വീണ്ടും അവസരം നൽകിയതെന്നതാണ് യഥാർത്ഥ വസ്തുത. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പട്ടിണിയും പോഷകാഹാരക്കുറവുംമൂലം ജനങ്ങൾ മരണപ്പെടുമ്പോൾ, ഈ പ്രതികൂലമായ കാലയളവിൽ, നമ്മുടെ സർക്കാർ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്ത് ജനങ്ങളെ സഹായിക്കാൻ തയ്യാറായി. ലോക്ഡൗൺ കാലത്ത് വിതരണം ചെയ്ത ഭക്ഷ്യക്കിറ്റുകൾ ജനങ്ങൾക്ക് ആശ്വാസക്കിറ്റുകളായി മാറി. അതിഥിത്തൊഴിലാളികളടക്കമുള്ള ജനങ്ങൾക്ക് ഇതിന്റെ ഗുണം ലഭിച്ചുവെന്നുള്ളത് വസ്തുതയാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗം കേരളത്തിലെ ഭക്ഷ്യക്കിറ്റ് വിതരണത്തെ സംബന്ധിച്ച് അസംബന്ധമായ ഒരു പരാമർശം നടത്തുകയുണ്ടായി. 87,39,000 കാർഡുടമകൾക്കായി 17 ഇനം അവശ്യ സാധനങ്ങളടങ്ങിയ 10,13,44,322 കിറ്റുകളാണ് 2020 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ നൽകാൻ സർക്കാർ തയ്യാറായത്. ഇത് പരാമർശിച്ച അംഗം അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ഏതെങ്കിലും കവലയിൽ പോയി നിന്ന്, അവിടെയുള്ളവർക്ക് ഭക്ഷ്യക്കിറ്റുകൾ ലഭിച്ചില്ലെന്നോ, സമയബന്ധിതമായി ലഭിച്ചില്ലെന്നോ പറയാൻ തയ്യാറുണ്ടോയെന്ന് അറിയാൻ താൽപ്പര്യപ്പെടുകയാണ്. ഇ-പോസ് മെഷീൻ

വഴിയുള്ള റേഷൻ വിതരണം, വാതിൽപ്പടി റേഷൻ വിതരണം, റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം, പോർട്ടബിലിറ്റി എന്നിവ നടപ്പാക്കിയതിലൂടെ കേരളത്തിന്റെ പൊതുവിതരണരംഗം ആധുനികവൽക്കരിക്കാൻ കഴിഞ്ഞുവെന്നതാണ് വസ്തുത. ഓൺലൈൻ പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തി. ജനങ്ങൾക്ക് റേഷൻ കടകളെ സംബന്ധിച്ച് മുൻകാലങ്ങളിലുണ്ടായിരുന്ന ധാരണ തിരുത്തുന്നതിനുവേണ്ടി പല സംവിധാനങ്ങളും മുന്നോട്ടുവച്ചു. പരാതികളുണ്ടായാൽ അത് സമയബന്ധിതമായി പരിഹരിക്കുന്നതിന് 'ഓൺലൈൻ പരാതി പരിഹാര സെൽ' ഏർപ്പെടുത്തിയെന്നുള്ളതാണ് ഭക്ഷ്യവകുപ്പ് കൈക്കൊണ്ട സുപ്രധാന നടപടി. റേഷൻകടകൾ നവീകരിച്ച് ഏകീകൃത മാതൃകയാക്കുന്നതിനുവേണ്ടി ഓരോ റേഷൻകടയ്ക്കും 2,500 രൂപ നിരക്കിൽ 350 ലക്ഷം രൂപ സംസ്ഥാനത്ത് പൊതുവിതരണ വകുപ്പ് ചെലവഴിച്ചു. ഇത് നമ്മുടെ റേഷൻ കടകളെ ഏകീകൃത സ്വഭാവമുള്ളതായി മാറ്റുന്നതിനുവേണ്ടിയുള്ള സാഹചര്യമുണ്ടാക്കിയെന്നതാണ് വസ്തുത.

സ്കൂൾ കിറ്റ് വിതരണം മറ്റൊരു നവസംരംഭമായിരുന്നു. പ്രീ പ്രൈമറി, പ്രൈമറി, അപ്പർ പ്രൈമറി എന്നീ വിഭാഗങ്ങളിലെ 27,20,000 വിദ്യാർത്ഥികൾക്ക് കഴിഞ്ഞ കാലയളവിൽ ഇതിന്റെ പ്രയോജനം ലഭിച്ചു.

ഭക്ഷ്യവകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട നൂതന ആശയങ്ങളിലൊന്നാണ് 'സഞ്ചരിക്കുന്ന റേഷൻ കടകൾ'. പട്ടികവർഗ്ഗ മേഖലയിലടക്കമുള്ള ജനവിഭാഗങ്ങൾക്ക് സമയബന്ധിതമായി റേഷൻ സാധനങ്ങൾ ലഭിക്കുന്നതിനായി സഞ്ചരിക്കുന്ന റേഷൻ കടകൾ നടപ്പിലാക്കിയത് വളരെയേറെ പ്രയോജനകരമായി. 'വിശപ്പുരഹിത കേരളം' പദ്ധതി നടപ്പിലാക്കിയതിലൂടെ നിർദ്ധനർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി വിതരണം ചെയ്തതുമൂലം പട്ടിണി നിർമ്മാർജ്ജനമെന്ന ലക്ഷ്യം പ്രാവർത്തികമാക്കാൻ സർക്കാരിന് കഴിഞ്ഞു. കേരളത്തിൽ, മുൻകാലങ്ങളിൽ പ്രത്യേകിച്ച്, യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ റേഷൻ വ്യാപാരികളെ സംബന്ധിച്ച് പരാതികൾ ഉയർന്നുവന്നിരുന്നു. എന്നാൽ ഇപ്പോൾ 45 ക്വിന്റലിന് മുകളിൽ വിതരണം ചെയ്യുന്ന റേഷൻ വ്യാപാരികൾക്ക് കുറഞ്ഞത് 18,000 രൂപ പണമായി ലഭിക്കത്തക്ക രീതിയിലുള്ള ഒരു പാക്കേജ് സർക്കാർ നടപ്പിലാക്കി. 348 കോടി രൂപ നീക്കിവച്ചിരുന്ന സ്ഥാനത്ത് 428 കോടി രൂപ കമ്മീഷൻ നൽകുന്നതിന് സർക്കാർ തയ്യാറായി. റേഷൻ ഉപഭോക്താക്കളുടെ പെട്ടിയിൽ കയ്യിട്ടുവാരുന്ന റേഷൻ കടയുടമകളുടെ സമീപനത്തിന് തടയിടാൻ സർക്കാരിന്റെ ഈ നിലപാടിലൂടെ കഴിഞ്ഞു. ഇതിന്റെ ഭാഗമായി റേഷൻ വിതരണത്തിലെ

തിരിമറികൾ പൂർണ്ണമായും അവസാനിപ്പിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായെന്നുള്ളതാണ് ജനങ്ങൾക്കുണ്ടായ വലിയ നേട്ടം. മുൻഗണനാലിസ്റ്റ് ശുദ്ധീകരിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു. സപ്ലൈ ചെയിൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി. ഇത് സുതാര്യത വർദ്ധിപ്പിച്ചുവെന്ന് മാത്രമല്ല റേഷൻ ഗോഡൗൺ മുതൽ റേഷൻകട വരെ റേഷൻ സാധനങ്ങളുടെ ചലനത്തെ ഓൺലൈനായി നിരീക്ഷിക്കുന്നതിനുള്ള സൗകര്യമൊരുക്കിയെന്നതാണ് സപ്ലൈ ചെയിൻ പദ്ധതിയിലൂടെയുണ്ടായ നേട്ടം. എ.എ.വൈ. വിഭാഗത്തിന് പ്രത്യേക പരിഗണന നൽകി. അവർക്ക് മുപ്പത് കി.ഗ്രാം. അരിയും അഞ്ച് കി.ഗ്രാം. ഗോതമ്പും സൗജന്യമായി പ്രതിമാസം നൽകുന്നു. ഇതിനുപുറമെ മുൻഗണനാ വിഭാഗത്തിലെ ഓരോ അംഗത്തിനും നാല് കി.ഗ്രാം. അരി, ഒരു കി.ഗ്രാം. ഗോതമ്പ് എന്നിവ കിലോ ഗ്രാമിന് രണ്ട് രൂപ നിരക്കിൽ നൽകിവരുന്നു. സംസ്ഥാനത്തെ മഠങ്ങൾ, ആശ്രമങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കായി നോൺ പ്രയോറിറ്റി ഇൻസ്റ്റിറ്റ്യൂഷണൽ കാർഡുകളുടെ വിതരണം ആരംഭിക്കാൻ കഴിഞ്ഞതും സർക്കാരിന്റെ നേട്ടമായി കരുതുന്നു. 2013-ലെ 'ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം' കേരളത്തിൽ 2016 ഒക്ടോബറിലാണ് നടപ്പിലാക്കിയത്. സംസ്ഥാനത്ത് പ്രസ്തുത നിയമം സമയബന്ധിതമായി നടപ്പിലാക്കാതെ

നീട്ടിക്കൊണ്ടുപോയ സമീപനമാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. എന്നാൽ 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കി. സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾ ഏറ്റവും നന്നായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഭക്ഷ്യഭദ്രത നിയമത്തിന്റെ ഭാഗമായി, ജില്ലാതല ഉപഭോക്തൃ സഹായ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്തു. സംസ്ഥാനത്ത് പുതുതായി 47 മാവേലി സ്റ്റോറുകളും 15 സൂപ്പർ മാർക്കറ്റുകളും 22 മാവേലി സൂപ്പർ സ്റ്റോറുകളും ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. 13 ഇന നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കില്ലെന്ന 2016-ലെ പ്രകടന പത്രികയിലെ വാഗ്ദാനം കഴിഞ്ഞ 5 വർഷക്കാലവും നടപ്പിലാക്കുന്നതിനും പ്രസ്തുത നിലപാട് പിന്തുടരുന്നതിനും ഇതിൽ 3 ഇനങ്ങളുടെ വില നിലവിലുണ്ടായിരുന്ന വിലയേക്കാൾ കുറയ്ക്കുന്നതിനുമുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടു. മുൻഗണനാ കാർഡുകൾ സറണ്ടർ ചെയ്യുന്നതിന് കൃത്യമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പൊതുസമൂഹത്തിൽ നിന്ന് വലിയ പിന്തുണയാണ് പ്രസ്തുത പദ്ധതിക്ക് ലഭിച്ചത്. 1,23,554 കാർഡുടമകൾ സ്വമേധയാ തങ്ങളുടെ റേഷൻ

കാർഡുകൾ സറണ്ടർ ചെയ്തുകഴിഞ്ഞു. അനർഹരായവരുടെ ഒഴിവിലേയ്ക്ക് അർഹരായവരെ ഉൾപ്പെടുത്താൻ ഇതിലൂടെ കഴിയും. കേരളത്തിനനുവദിച്ച മുൻഗണന ക്വാട്ടയെ സംബന്ധിച്ച പരാതി കേരളത്തിലാകമാനം നിലനിൽക്കുകയാണ്. 1,54,84,040 ആണ് നമ്മുടെ ക്വാട്ട. ഇത് നമ്മുടെ സംസ്ഥാനത്തിന് അർഹതപ്പെട്ട ക്വാട്ടയേക്കാൾ കുറവാണെന്നുള്ളതാണ് വസ്തുത. ഇതിനെതിരായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ശബ്ദിച്ചപ്പോൾ ഒരു വാക്കുപോലും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കാൻ യു.ഡി.എഫ്. തയ്യാറാകുന്നില്ലെന്ന ദു:ഖകരമായ സത്യം നമ്മുടെ മുന്നിലുണ്ട്. ഇത് വർദ്ധിപ്പിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനാവശ്യമായ നടപടികൾ ഒറ്റക്കെട്ടായി സ്വീകരിക്കേണ്ടതാണ്. അർഹതപ്പെട്ടത് ലഭിക്കുന്നില്ലെന്ന് മാത്രമല്ല ജൈവ ഇന്ധന ഉല്പാദനത്തിനായി കേന്ദ്ര വിഹിതമായ ഭക്ഷ്യധാന്യങ്ങൾ സ്വകാര്യ വ്യക്തികൾക്ക് മറിച്ചുവിൽക്കുന്ന സമീപനവും കേന്ദ്രസർക്കാർ സ്വീകരിക്കുകയാണ്. വിപണിയിൽ കാര്യക്ഷമമായി ഇടപെട്ട് ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകുന്നുവെന്നതാണ് ഈ സർക്കാരിന്റെ പ്രത്യേകത.

മി. ചെയർമാൻ: അങ്ങ്, ദയവായി പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഓണത്തിനുമുമ്പായി സംസ്ഥാനത്ത് മാവേലി സ്റ്റോറുകൾ തുറക്കുന്നതോടുകൂടി പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ഭക്ഷ്യരംഗത്തെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. കേന്ദ്രസർക്കാരിന്റെ തെറ്റായ സംഭരണ-വിതരണ നയം ദോഷമുണ്ടാക്കിയ ഘട്ടത്തിൽ അതിനെതിരായി ശക്തമായി പ്രതിരോധിക്കാനും പരിഷ്കൃത ജനാധിപത്യ സമൂഹത്തിൽ 'ജനങ്ങൾക്ക് ഭക്ഷണം നല്കുക' എന്ന ഉത്തരവാദിത്തം ഏറ്റെടുക്കാനും കഴിയണം. റേഷൻ കാർഡില്ലാത്ത മുഴുവൻപേർക്കും റേഷൻകാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പ് മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ....(മൈക്ക് ഓഫ്)... ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. ഒന്നാം പിണറായി സർക്കാരിന്റെ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി വിപ്ലവകരമായ മാറ്റമാണുണ്ടായിരിക്കുന്നത്. പൊതുജനങ്ങൾ എല്ലാംമറന്ന് റേഷൻ കടകളെ ആശ്രയിക്കുകയാണ്. റേഷൻ കടകൾവഴി ഗുണനിലവാരമുള്ള സാധനങ്ങൾ വിതരണം ചെയ്യാൻ ഭക്ഷ്യ-സിവിൽ

സപ്ലൈസ് വകുപ്പിന് സാധിക്കുന്നുവെന്നത് സന്തോഷകരമാണ്. അളവിലും തൂക്കത്തിലും കൃത്യത വരുത്തിക്കൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് ആശ്രയിക്കാവുന്ന ഒരു സ്ഥലമായി റേഷൻ കടകൾ മാറിയിരിക്കുന്നു. നമ്മുടെ സംസ്ഥാനം നേരിട്ട ഓരോ ദുരന്തത്തിലും ജനങ്ങളുടെ പട്ടിണി മാറ്റാൻ നടപടി സ്വീകരിച്ചത് ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പാണ്. യാതൊരു ബുദ്ധിമുട്ടുമില്ലാതെ റേഷൻ കടകൾ വഴി സാധനങ്ങളെത്തിച്ച് കുറ്റമറ്റ രീതിയിൽ വിതരണം ചെയ്യാൻ സാധിച്ചു. കോവിഡ് മഹാമാരിയുടെ കാലത്ത് 87,39,000 റേഷൻ കാർഡുടമകൾക്ക് അവശ്യസാധനങ്ങളടങ്ങിയ പലവ്യഞ്ജനക്കിറ്റുകൾ റേഷൻ കടകൾവഴി വിതരണം ചെയ്തു. അതാണ് ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടം. ഇന്ന് റേഷൻ വ്യാപാരികൾ വളരെ സന്തോഷത്തിലാണ്. റേഷൻകട നടത്താൻവേണ്ടി വ്യാപാരികൾക്ക് മാസംതോറും 18,000/- രൂപ സർക്കാർ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. അതുകൊണ്ട് റേഷൻ കടകൾ പരാതിയില്ലാതെ മുന്നോട്ടുപോകുന്നു. അതോടൊപ്പംതന്നെ കേന്ദ്രസർക്കാരിന്റെ 'ഒരു രാജ്യം ഒരു റേഷൻ' എന്ന പദ്ധതിയുടെ ഭാഗമായി പോർട്ടൽ സംവിധാനം നടപ്പിലാക്കി. അതുവഴി കേരളത്തിൽ ഇന്ന് റേഷൻ കാർഡില്ലാത്ത ആരുമില്ലെന്ന അവസ്ഥയായി. റേഷൻ കാർഡിന് അപേക്ഷിച്ചാൽ 24 മണിക്കൂറിനകം ലഭ്യമാകുന്ന പുതിയ

സംവിധാനം ഏർപ്പെടുത്തി. ഈ അടുത്തദിവസം ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി ചങ്ങനാശ്ശേരിയിലെ സപ്ലൈകോയുടെ ഒരു കടയിൽ കയറി. ഏതെങ്കിലും സാധനം മോശമായിട്ടുണ്ടെങ്കിൽ ആ സാധനങ്ങളെല്ലാം ഉടൻതന്നെ തിരിച്ചയയ്ക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. നല്ല സാധനങ്ങളല്ലാതെ ഒരു സാധനവും വിതരണം ചെയ്യാൻ പാടില്ലെന്ന് പറഞ്ഞ മിടുക്കനായ മന്ത്രിയാണ് കേരളത്തിലെ ഭക്ഷ്യ വകുപ്പുമന്ത്രി. ഇക്കാര്യത്തിൽ ഞാൻ ഭക്ഷ്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്.

നമുക്കറിയാം, കോവിഡ് മഹാമാരിയുടെ കാലത്ത് സ്കൂളുകളിൽ ഭക്ഷ്യക്കിറ്റുകൾ എത്തിച്ചു. ആ ഭക്ഷ്യക്കിറ്റുകൾ കൃത്യമായി വിദ്യാർത്ഥികൾക്ക് കൊടുക്കാൻ പദ്ധതികളാവിഷ്കരിച്ചു. അതും ഈ വകുപ്പിന്റെ നേട്ടമാണ്. അതോടൊപ്പം സംസ്ഥാനത്ത് അടഞ്ഞുകിടന്ന 1,305 റേഷൻ കടകൾ തുറന്നുപ്രവർത്തിപ്പിക്കാൻ സാധിച്ചു. 82 വിൽപ്പനശാലകൾ, 47 മാവേലി സ്റ്റോറുകൾ, 11 സൂപ്പർ മാർക്കറ്റുകൾ, 22 സൂപ്പർ മാവേലി സ്റ്റോറുകൾ എന്നിവയും ഈ കാലത്ത് തുടങ്ങാൻ സാധിച്ചു. ഓണക്കിറ്റ് വിതരണം നടത്താൻ പോകുന്നു. അതിൽ ഏലവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഞാനൊരു കർഷക പാർട്ടിയുടെ, കേരള കോൺഗ്രസ്സിന്റെ പ്രതിനിധിയാണ്. ഒരു കിലോ ഏലത്തിന് 300/- രൂപ

വില വർദ്ധിപ്പിക്കാൻ ഈ സർക്കാരിന് സാധിച്ചു. അത് മലയോര കർഷകർക്ക് വലിയ നേട്ടമാണ്. അത് കണ്ടില്ലെന്ന് നടിക്കുന്നവരാണ് പ്രതിപക്ഷം. സർക്കാരിന്റെ നേട്ടങ്ങളെ ചെറുതാക്കി കാണിക്കാൻ അവർ ശ്രമിക്കുകയാണ്. നമുക്കറിയാം, ഇടുക്കി ജില്ലയിലെ പട്ടം കോളനി സർവ്വീസ് ബാങ്കാണ് 10 ജില്ലകളിലേയ്ക്കും 200 ഗ്രാം തൂക്കമുള്ള ഈ പായ്ക്കറ്റുകൾ വിതരണം നടത്തുന്നത്. ഈ പായ്ക്കറ്റ് വിതരണം ചെയ്തതുമൂലം കർഷകനും ഗവൺമെന്റിനുമുണ്ടായ നേട്ടം ഇല്ലാതാക്കാൻ ചിലർ നേതൃത്വം കൊടുക്കുന്ന കാര്യം ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ അതിനെക്കുറിച്ച് പറയുമെന്ന് ഞാൻ വിചാരിക്കുന്നു. അതോടൊപ്പംതന്നെ സുരക്ഷിത കേരളം പദ്ധതി കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഉടൻ നടപ്പിലാക്കാനുള്ള നടപടിയെടുക്കണം.

അപ്പർ കുട്ടനാട്ടിലെ നെൽകർഷകർക്കുവേണ്ടി ഞാനൊരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. നെല്ല് സംഭരിക്കുന്ന സീസണിൽ മില്ലുടമകളുടെ ഏജന്റുമാരായി ചില ആളുകൾ രംഗത്തുവന്ന് നെൽകർഷകരെ ചൂഷണം ചെയ്യുന്ന പ്രവണതയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെട്ട് അടുത്ത സീസണിലെങ്കിലും നെൽകർഷകരുടെ ഇടയിൽ പ്രവർത്തിക്കുന്ന

മില്ലുടമകളുടെ ഏജന്റുമാരെ നിയന്ത്രിച്ചുകൊണ്ട് അവർക്ക് കൃത്യമായ വില നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ ഇവിടെ മുളകിന്റെ വില 160/- രൂപയാണെന്ന് ശ്രീ. എം. വിൻസെന്റ് പറയുകയുണ്ടായി. എന്നാൽ സപ്ലൈകോയിലെ മുളകിന്റെ വില വെറും 80/- രൂപയാണ്. അദ്ദേഹം സപ്ലൈകോയിൽ പോയി അവിടെയുള്ള സാധനങ്ങളുടെ വിലകൾ പരിശോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മഠങ്ങളിലും ആരാധനാലയങ്ങളിലും ഓണക്കിറ്റ് വിതരണം ചെയ്യാൻ സ്വീകരിച്ച തീരുമാനം എത്രയുംവേഗം നടപ്പാക്കാൻ മന്ത്രി അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, എൽ.ഡി.എഫ്. എന്നാൽ മനുഷ്യസ്നേഹത്തിന്റെ പ്രതീകമാണ്. അപരസ്നേഹത്തിന്റെ ജീവവായുവാണ്. 2021-ലെ ജനവിധി ഒരു സൂചകമാണ്. 1957-ലും കേരളം മാതൃക കാണിച്ചിരുന്നു. ഒരു നവകേരള നിർമ്മാണം ഉറപ്പാക്കാനുള്ള ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു. ഇന്നലെ സഹകരണ വകുപ്പുമന്ത്രി ധനാഭ്യർത്ഥനയ്ക്ക് മറുപടി പറയുമ്പോൾ വലതുപക്ഷം എന്ന് യു.ഡി.എഫ്.-നെ

സംബോധന ചെയ്തു. ഞങ്ങൾ വലതുപക്ഷമല്ലായെന്ന് പ്രതിപക്ഷ ബഞ്ചിൽ നിന്ന് വിളിച്ചുപറയുന്നതുകേട്ടു. മന്ത്രി അത് പിൻവലിച്ചു. ഞാൻ പറയുന്നു, നിങ്ങൾ വലതുപക്ഷം തന്നെയാണ്. പരിമിതമായെങ്കിലും നെഹ്റുവിന്റെ സോഷ്യലിസ്റ്റ് നയങ്ങളും മതനിരപേക്ഷ നയങ്ങളും ഉപേക്ഷിച്ചതോടെ നിങ്ങൾ വലതുപക്ഷം തന്നെയാണ്. ആഗോളവൽക്കരണനയം അണ്ണാക്കിൽ തട്ടാതെ വിഴുങ്ങാൻ നിങ്ങൾ ആരംഭിച്ചപ്പോൾ വലതുപക്ഷമായി. നെഹ്റു പൂട്ടിയ ബാബ്റി മസ്ജിദ് പള്ളിയുടെ താക്കോലെടുത്ത് നിങ്ങൾ കൊടുത്തപ്പോൾ, മൃദുഹിന്ദുത്വനയം സ്വീകരിച്ചപ്പോൾ അടിയന്തരാവസ്ഥയുടെ അർദ്ധഫാസിസ്റ്റ് വാഴ്ചയിലൂടെ നിങ്ങൾ വലതുപക്ഷമായി. നിങ്ങൾ അധികാരത്തിലിരുന്നുവെങ്കിൽ തീവ്രവലതുപക്ഷമാകുമായിരുന്നു. വലതുപക്ഷമായതുകൊണ്ടാണ് നിങ്ങൾ ബി.ജെ.പി.-യിൽ പോകാൻ തിടുക്കം കാണിക്കുന്നത്. നയം മാറ്റാൻ നിങ്ങൾ തയ്യാറല്ല, ബി.ജെ.പി.-യിൽ പോയാൽ നിങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയുമെന്നാണ് പുതിയ കെ.പി.സി.സി. പ്രസിഡന്റ് നേരത്തെ ചോദിച്ചത്. സംഘ്പരിവാറും വെൽഫെയർ പാർട്ടിയുമായുള്ള ബന്ധം നിങ്ങൾ അവസാനിപ്പിക്കണം.

പ്രതിപക്ഷനേതാവ് ഇന്നലെ ഇറങ്ങിപ്പോകുന്നതിനുമുമ്പ് കോവിഡിനോടൊപ്പം ജീവിക്കണമെന്നാണ് ഉപദേശിച്ചത്. കൊവിഡിനെ

പ്രതിരോധിച്ച്, കൊവിഡിനോടൊപ്പം ജീവിക്കുകയാണ് കേരളം. ഒന്നാം തരംഗത്തിലും രണ്ടാം തരംഗത്തിലും എസ്.എസ്.എൽ.സി. പരീക്ഷയും പ്ലസ് ടു പരീക്ഷയും നടത്തി അതിന്റെ റിസൾട്ട് പ്രഖ്യാപിച്ച് പുതിയ ക്ലാസുകളിലേയ്ക്ക് പ്രവേശനം ആരംഭിച്ചു, കൊവിഡിനോടൊപ്പം സഞ്ചരിച്ചു. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും ഇതിന് സാധിച്ചില്ല. എല്ലാഘട്ടത്തിലും നിങ്ങൾ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ ഉരങ്കംവയ്ക്കാൻ പരിശ്രമിച്ചു. അദ്ധ്യയനവർഷം നഷ്ടപ്പെടാതെ സംരക്ഷിക്കാനും ഉയർന്ന വിജയ ശതമാനമുണ്ടാക്കാനും സാധിച്ചു. ഉയർന്ന വിജയശതമാനമുണ്ടായപ്പോൾ അതിനെ പരിഹസിച്ചു. പ്ലസ് ടു സീറ്റിന് ഒരു വിഷമവുമില്ലെന്ന് ഇന്നലെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. ലോക്ഡൗൺ വരുന്നു, പടിപടിയായി അതില്ലാതാക്കുന്നു. വീണ്ടും മുന്നോട്ടുവരുന്നു. ഈ നടപടിക്രമങ്ങൾക്കിടയിലാണ് പ്രതിപക്ഷം തോക്കിനിടയിൽ കയറി വെടിവച്ച് ഇടയ്ക്കിടെ വിമർശനങ്ങൾ ഉന്നയിക്കുന്നത്. പ്രതിപക്ഷം പറഞ്ഞത് കേട്ടിരുന്നുവെങ്കിൽ കേരളത്തിന്റെ മരണസംഖ്യ അമേരിക്കയെ പോലെയാകുമായിരുന്നു എന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. നികുതിരഹിത ബഡ്ജറ്റും പൊതുവിതരണ ശൃംഖലയുടെ വ്യാപനവും ദുരിതമനുഭവിക്കുന്നവർക്കുള്ള

കൈത്താങ്ങാണ്. എഫ്.സി.ഐ. ഗോഡൗണുകളിൽ കെട്ടിക്കിടന്ന് നശിച്ചുപോകുന്ന ഭക്ഷ്യധാന്യങ്ങൾ പട്ടിണി കിടക്കുന്നവർക്ക് കൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറല്ല. 2021 മാർച്ച് 1-ലെ കണക്കനുസരിച്ച് 92 കോടി ടൺ നെല്ലും ഗോതമ്പുമുൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങൾ കരുതൽ ശേഖരമായി എഫ്.സി.ഐ.-യുടെ ഗോഡൗണുകളിലുണ്ട്. എന്നിട്ടും ലോക വിശപ്പ് സൂചികയിൽ അയൽരാജ്യങ്ങളേക്കാൾ പിന്നിൽ നമുക്ക് നിൽക്കേണ്ടിവരുന്നത് എന്തുകൊണ്ടാണ്? ഭക്ഷണത്തിനുവേണ്ടി ലോണെടുക്കേണ്ടി വരുന്ന കുടുംബങ്ങളുടെ എണ്ണം ഈ മഹാമാരിക്കാലത്ത് വർദ്ധിച്ചിരിക്കുന്നു. നീതി ആയോഗിന്റെ നിർദ്ദേശമനുസരിച്ച് ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിലൂടെ ജനങ്ങളുടെ ആനുകൂല്യം വെട്ടിക്കുറയ്ക്കുന്നു. 10 കോടി ഗുണഭോക്താക്കളെയാണ് ഇതിന്റെ ഭാഗമായി വെട്ടിക്കുറച്ചിട്ടുള്ളത്. അവശ്യസാധനങ്ങളുടെ വില നിയന്ത്രിച്ചുനിർത്തുന്ന എല്ലാ നിയമങ്ങളും ബി.ജെ.പി. ഗവൺമെന്റ് പൊളിച്ചടുക്കുകയാണ്. നെല്ല്, ഗോതമ്പ്, പയർവർഗ്ഗങ്ങൾ, എണ്ണക്കുരു, ഉള്ളി, ഉരുളക്കിഴങ്ങ് തുടങ്ങിയവയെല്ലാം അവശ്യസാധന നിയമത്തിന്റെ പരിധിക്ക് പുറത്തായി. ഇത് പൂഴ്ത്തിവയ്പിനും കരിഞ്ചന്തയ്ക്കും വൻവിലക്കയറ്റത്തിനും കാരണമാകുകയാണ്. കുത്തിത്തിരിപ്പും കച്ചവടവുമാണ് ബി.ജെ.പി. ഇന്ത്യയിൽ ചെയ്തുകൊണ്ടിരിക്കുന്നത്. ഈ

നയങ്ങൾ ഞങ്ങളുടേതല്ല, കോൺഗ്രസിന്റേതാണെന്നാണ് ബി.ജെ.പി. പറയുന്നത്. കോൺഗ്രസ് പാർട്ടി പെട്രോളിന്റെ വില നിയന്ത്രണാധികാരം എടുത്തുകളഞ്ഞു. അപ്പോൾ ഞങ്ങൾ മോശക്കാരാകരുതല്ലോ? ഡീസലിന്റെ വില നിയന്ത്രണാധികാരം ബി.ജെ.പി.-യും എടുത്തുകളഞ്ഞു. ഇപ്പോൾ രണ്ടിന്റെയും വില സെഞ്ച്വറി അടിക്കുകയാണ്. പാചകവാതകത്തിന്റെ സബ്സിഡി നഷ്ടപ്പെടുത്തുന്ന, വില വർദ്ധിപ്പിക്കുന്ന, ആധാറുമായി ലിങ്ക് ചെയ്യുന്ന നടപടികളെല്ലാം ആരംഭിച്ചത് കോൺഗ്രസാണ്. ബി.ജെ.പി. ഇപ്പോൾ സബ്സിഡിതന്നെ ഇല്ലാതാക്കി. നയം തന്നെയാണ് പ്രശ്നം. ആഗോളവത്ക്കരണനയം തനികാടനാണ്. മനുഷ്യത്വവും സ്നേഹവുമില്ല, കുത്തക മുതലാളിമാരുടെ ലാഭവും അവരുടെ ആർത്തി തീർക്കലുമാണ് അജണ്ട. ഇങ്ങനെയാണ് സാമ്പത്തിക അസമത്വം പെരുകുന്നത്. ഇന്ത്യയിൽ ഇതിനൊരു ബദൽ ഇടതുപക്ഷം മാത്രമാണ്. കിറ്റും പെൻഷനും ആനുകൂല്യങ്ങളും കൂലിവർദ്ധനവുമൊക്കെ ഇതിനുദാഹരണമാണ്. ദുരിതമനുഭവിക്കുന്നവരുടെ വിശപ്പും വേദനയും തിരിച്ചറിഞ്ഞ് സഹായമെത്തിക്കുന്ന മനുഷ്യസ്നേഹത്തിന്റെ വിളിപ്പേരാണ് ഇടതുപക്ഷം. വിശപ്പുരഹിത സംസ്ഥാനം, സാർവ്വത്രിക വിദ്യാഭ്യാസം എന്നീ രണ്ടിനങ്ങളിൽ കേരളത്തിന് എ പ്ലസ് അല്ല, ഫുൾ മാർക്കാണ് ലഭിച്ചത്.

ഈ നയങ്ങൾ ഞങ്ങളുടേതല്ല, കോൺഗ്രസിന്റെതാണെന്നാണ് ബി.ജെ.പി. പറയുന്നത്. ഇന്നലെ ആഗോളവത്ക്കരണം തെറ്റായിപ്പോയെന്ന് കോൺഗ്രസ് പറയണമെന്ന് ശ്രീ. വി. എം. സുധീരൻ ഒരു പ്രമുഖ പത്രത്തിൽ എഴുതി. ഇന്ത്യയിലെ പരമദരിദ്രരുടെ എണ്ണം 6 കോടിയായിരുന്നത് ഇക്കഴിഞ്ഞ കൊറോണ കാലത്ത്, 16 മാസം കൊണ്ട് 13.6 കോടിയായി ഉയർന്നു. ഇന്ത്യയിലെ ശതകോടീശ്വരന്മാരുടെ ആസ്തി 37 ശതമാനമാണ് വർദ്ധിച്ചത്. ദുരിതമനുഭവിക്കുന്ന ജനങ്ങളെ സംരക്ഷിക്കാൻ കേന്ദ്രത്തിന് ഒരു പാക്കേജുമില്ല. ഈ സാഹചര്യത്തിലാണ് ഇന്ത്യയിലെ ഇടതുപക്ഷ പാർട്ടികൾ ആദായനികുതി പരിധിയിൽപ്പെടാത്ത മുഴുവൻ കുടുംബങ്ങൾക്കും 7,500 രൂപ പ്രതിമാസം നൽകണമെന്ന് ആവശ്യപ്പെടുന്നത്. ഇന്ന് കേരളത്തിലെ തൊഴിലുറപ്പ് തൊഴിലാളികൾ തൊഴിലിടങ്ങളിൽ പ്രക്ഷോഭം നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രകൃതിദുരന്തവും മഹാമാരിയുംപോലുള്ള ദുരന്തങ്ങളുണ്ടായാൽ അവർക്ക് 50 ദിവസത്തെ പണി കൂടുതൽ നൽകണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. ആ നിയമം നടപ്പാക്കാൻ ബി.ജെ.പി. തയ്യാറാകുന്നില്ല. കേരളത്തിലെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷമായി കൂലി വർദ്ധിപ്പിക്കാൻ കേന്ദ്രഗവൺമെന്റ് തയ്യാറാകുന്നില്ല. തൊഴിലുറപ്പ്

തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് 7,500 രൂപ നിക്ഷേപിക്കണം, അങ്ങനെ ജനങ്ങളിലേയ്ക്ക് പണമെത്തിക്കണമെന്ന ആവശ്യം പാർലമെന്റിൽ ഉന്നയിക്കാൻ കെ.പി.സി.സി. പ്രസിഡന്റിനും കോൺഗ്രസിന്റെ എം.പി.-മാർക്കും സമയമില്ല. കേരളത്തിൽ എന്താണ് നടക്കുന്നത്? കേരളത്തിൽ ഒന്നും നടക്കുന്നില്ലെന്ന് പറയാനുള്ള പരിശ്രമത്തിലാണ്. എല്ലാം കേന്ദ്രം തരുന്നതാണെന്ന് പറഞ്ഞ് പ്രചരിപ്പിക്കുന്ന ജോലിയല്ലാതെ പാർലമെന്റിൽ കാര്യങ്ങൾ പറഞ്ഞ് അവ നേടിയെടുക്കാനുള്ള ഇടപെടൽ നടത്താൻ പരിശ്രമിക്കുന്നില്ല. സായിപ്പിനെ കാണുമ്പോൾ കവാത്ത് മറന്ന അവസ്ഥയാണ്. ഇപ്പോൾ എ.ഐ.സി.സി.-യുടെ മുൻ അദ്ധ്യക്ഷൻ സൈക്കിളിൽ പോകുന്നു, ട്രാക്ടറിൽ പോകുന്നു. മോദി ഗവൺമെന്റിനെതിരായ സമരം ഞങ്ങൾ അംഗീകരിക്കുന്നു. നേരത്തെ ബി.ജെ.പി.-ക്കാർ കാളവണ്ടിയിൽ കയറിയതിന് സമാനമാണ് ഈ യാത്രകൾ എന്നുകൂടി മനസ്സിലാക്കണം. ഇവിടെ കോർപ്പറേറ്റുകളുടെ ലാഭം അധികമായി വർദ്ധിച്ചുകൊണ്ടിരിക്കുകയും തൊഴിലാളികൾ അർദ്ധപട്ടിണിയിലേയ്ക്ക് പോകുകയുമാണ്. കോർപ്പറേറ്റുകൾക്ക് അനുകൂലമായ നികുതി വ്യവസ്ഥയിൽ മാറ്റം വരുത്തിയാൽ പാവപ്പെട്ടവരെ സഹായിക്കാനുള്ള പണം കണ്ടെത്താൻ കഴിയും. ആ നികുതി വ്യവസ്ഥയിൽ

മാറ്റം വരുത്താൻ കേന്ദ്ര ഗവൺമെന്റ് തയ്യാറല്ല. കേന്ദ്രഗവൺമെന്റ് തയ്യാറല്ലെങ്കിൽപോലും കേരളത്തിൽ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് 2 ലക്ഷം രൂപ വരെ വയാപയെടുക്കുന്നവർക്ക് 4 ശതമാനം പലിശ ഇളവുനൽകാനാണ് ഈ ഗവൺമെന്റ് തീരുമാനിച്ചത്. ഇങ്ങനെ പൊതുവിതരണരംഗം ശക്തിപ്പെടുത്തി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പാക്കുന്ന പ്രവർത്തനങ്ങളെ കരിവാരിത്തേച്ച് കാണിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങളിൽനിന്നും പ്രതിപക്ഷം പിന്മാറണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായ പൊതുവിതരണ സംവിധാനമാണ് കേരളത്തിൽ ശക്തിപ്പെട്ടിട്ടുള്ളത്. കേരളത്തിൽ ഇടതുപക്ഷ ഗവൺമെന്റുകൾ നടപ്പിലാക്കിയിട്ടുള്ള പൊതുവിതരണ സമ്പ്രദായം, പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം എന്നിവയാണ് മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തെ വ്യത്യസ്തമാക്കിയിട്ടുള്ളത്. 2013-ലെ യു.പി.എ. സർക്കാർ നടപ്പിലാക്കിയ ഭക്ഷ്യസുരക്ഷാ നയം കേരളത്തിന്റെ സാർവ്വത്രികമായ പൊതുവിതരണ

സമ്പ്രദായത്തെയാണ് ഇല്ലാതാക്കിയത്. മുമ്പ് മുഴുവൻപേർക്കും ലഭ്യമാക്കിയിരുന്ന റേഷൻ വിതരണ സമ്പ്രദായം വ്യത്യസ്തമായ വിഭാഗക്കാർക്കുമാത്രം കൊടുത്തുകൊണ്ടാണ് ഇത് ഇല്ലാതാക്കിയത്. 1994-ലെ കോൺഗ്രസ് സർക്കാരാണ് എ.പി.എൽ., ബി.പി.എൽ. എന്നീ രണ്ട് വിഭാഗങ്ങളാക്കി തിരിച്ചത്. നേരത്തെ ഇവിടെ പ്രസംഗിച്ച ഒരംഗം പറഞ്ഞത് എ.പി.എൽ.-ഉം ബി.പി.എൽ.-ഉം ആയി മാറ്റിയതിന്റെ പേരിൽ എല്ലാവർക്കും ഭക്ഷണം ലഭിക്കുന്നില്ലെന്നാണ്. എന്നാൽ എ.പി.എൽ.-ബി.പി.എൽ. വ്യത്യാസമില്ലാതെയാണ് ഇന്ന് ഇടതുപക്ഷ ഗവൺമെന്റ് ഭക്ഷണം കൊടുത്തുകൊണ്ടിരിക്കുന്നത്. ഭക്ഷ്യസുരക്ഷാ നിയമം യു.ഡി.എഫ്.-ന്റെ കാലത്ത് നടപ്പാക്കിയിട്ടില്ലായിരുന്നു. എല്ലാം നിഷ്ക്രീയമാക്കിയ ഭരണമായിരുന്നു യു.ഡി.എഫ്.-ന്റെ കാലം. സ്കൂളുകളും ആശുപത്രികളും സജീവമായതുപോലെതന്നെ റേഷൻകടകളും എൽ.ഡി.എഫ്-ന്റെ ഭരണകാലത്ത് സജീവമായിരുന്നു. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് എൽ.ഡി.എഫ്.-ഉം അതിനെ തകർക്കാൻ യു.ഡി.എഫ്.-ഉം ആയിരുന്നു എക്കാലത്തുമുണ്ടായിരുന്നത്. നായനാർ ഗവൺമെന്റിന്റെ കാലത്ത് ഇ. ചന്ദ്രശേഖരൻ നായർ ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് മാവേലി സ്റ്റോറുകൾ തുടങ്ങിയത്.

അതിനുപകരമായി വാമന സ്റ്റോർ തുടങ്ങിയവരാണ് യു.ഡി.എഫ്. അതുപോലും മര്യാദയ്ക്ക് നടത്തിക്കൊണ്ടുപോകാൻ അവർക്ക് കഴിഞ്ഞില്ല. കള്ളവും ചതിയും പൊളിവചനങ്ങളുമില്ലാത്ത ഏറ്റവും നല്ല കാലത്തിന്റെ പ്രതീകമായിരുന്ന മാവേലിയെ ചവിട്ടിത്താഴ്ത്തിയ വാമനന്റെ പ്രതീകമായാണ് യു.ഡി.എഫ്. കേരള ജനതയുടെ മുന്നിൽ പ്രതിനിധാനം ചെയ്തിട്ടുള്ളത്. അതുകൊണ്ടാണ് 41 പേർ മാത്രമായി ഇപ്പോൾ പ്രതിപക്ഷ സീറ്റിൽ ഇരിക്കേണ്ടിവന്നത്. റേഷൻ കാർഡ് കൊടുക്കുന്നത് പരിമിതപ്പെടുത്തിയവരാണ് ഇന്ന് കിറ്റ് കൊടുക്കുന്നതിനെ പരിഹസിക്കുന്നത്. പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് കൊടുത്തുകൊണ്ടിരിക്കുന്ന കിറ്റിനെയാണ് ഇവർ കളിയാക്കുന്നത്. ഇതെല്ലാം ജനങ്ങൾ കാണുകയാണ്. കോവിഡ് മഹാമാരിക്കാലത്തും മനുഷ്യന്റെ ആദ്യത്തെ കരുതൽ ആഹാരമാണ് എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നയം. അതുകൊണ്ടാണ് എല്ലാ വിഭാഗങ്ങൾക്കും എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ ഭക്ഷണം കൊടുത്തുകൊണ്ടിരിക്കുന്നത്. Food is the Primary medicine എന്നാണ്. ആ രീതിയിൽ എല്ലാവർക്കും ഭക്ഷണം കൊടുക്കുക എന്നതാണ് ഈ ഗവൺമെന്റിന്റെ നയം.

കോവിഡ് മഹാമാരിയും അടച്ചുപൂട്ടലും രാജ്യത്ത് വരുത്തിയിട്ടുള്ള സാമ്പത്തിക തകർച്ചയെ നേരിടാൻ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച നയമെന്തായിരുന്നു? ധാരാളം കാര്യങ്ങൾ കേന്ദ്രം പ്രഖ്യാപിച്ചു. പക്ഷേ എല്ലാം കോർപ്പറേറ്റുകളെ പരിപാലിക്കാനായിരുന്നു. ആത്മനിർഭയ പാക്കേജുകൾ സർവ്വ മേഖലയേയും സ്വകാര്യവൽക്കരിക്കുന്നതിന് ഊന്നൽ നൽകിയിരുന്നതാണ്. ഒരു നാണയത്തിന്റെ രണ്ട് വശമാണ് ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം. എക്കാലത്തും ഇവർ മുന്നോട്ടുപോകുന്നത് ഈ രീതിയിൽത്തന്നെയാണ്. ആദ്യമായി ഭക്ഷ്യസമ്പ്രദായം ഇല്ലാതാക്കിയതുപോലെ, പൊതുവിതരണ സമ്പ്രദായത്തിൽ മാറ്റം വരുത്തിയതുപോലെ പെട്രോളിന്റെയും ഡീസലിന്റെയും വില സ്വകാര്യവൽക്കരിച്ചത് ആരായിരുന്നു; യു.ഡി.എഫ്. അല്ലേ? ഇന്ന് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചതിനെ വലിയ രീതിയിൽ എതിർക്കുന്നവരോടും പരാതി പറയുന്നവരോടും നമുക്ക് ചോദിക്കാനുള്ളതും അതാണ്. 50 രൂപയായിരുന്ന പെട്രോൾ 50 രൂപയിൽത്തന്നെ ഒതുക്കുമെന്ന് പറഞ്ഞ് കേന്ദ്രത്തിൽ ബി.ജെ.പി. അധികാരത്തിൽ വന്നു. അതിനുമുമ്പ് യു.ഡി.എഫ്. ചെയ്തത് എന്തായിരുന്നു; അവരാണ് ഈ മേഖലയെ സ്വകാര്യവൽക്കരിച്ചത്. പൊതുമേഖലയിൽനിന്നും പ്രൈവറ്റ് മേഖലയിലേയ്ക്ക്

എത്തിച്ചത് അവരായിരുന്നില്ലേ; പെട്രോളിന്റെയും ഡീസലിന്റെയും വിലനിർണ്ണയാധികാരം ഒഴിവാക്കിയത് അവരായിരുന്നില്ലേ?

ശക്തമായ പൊതുവിതരണ സംവിധാനത്തിലൂടെയും കൃത്യമായ വിപണി ഇടപെടലുകളിലൂടെയും പൊതുജന ബോധവൽക്കരണത്തിലൂടെയും കേരളം ആരോഗ്യപരമായ ഭക്ഷ്യസമ്പ്രദായം മുന്നോട്ട് കൊണ്ടുപോകുകയാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 87.39 ലക്ഷം കാർഡുടമകൾക്കാണ് 17 ഇനം അവശ്യസാധനങ്ങൾ അടങ്ങിയ പലവ്യഞ്ജന കിറ്റ് കൊടുത്തത്. കേന്ദ്ര ഗവൺമെന്റ് ഒരു മുൻകരുതലുമില്ലാതെയാണ് ലോക്ക്ഡൗൺ പ്രഖ്യാപിച്ചത്. ലോക്ക്ഡൗൺ പ്രഖ്യാപിച്ച കാലത്ത് ഉത്തർപ്രദേശ് പോലുള്ള സംസ്ഥാനങ്ങളിലെല്ലാംതന്നെ ഇതര സംസ്ഥാന തൊഴിലാളികൾ ഭക്ഷണവും വെള്ളവും കിട്ടാതെ സ്വന്തം വീട്ടിലേയ്ക്ക് മൈലുകൾ താണ്ടി നടന്നുപോകുന്നതും തളർന്നുവീണതും റെയിൽപ്പാളത്തിൽ കിടക്കേണ്ടി വന്നതുമെല്ലാം നമ്മൾ കണ്ടതാണ്. 15 ജീവനുകളാണ് അങ്ങനെ നഷ്ടപ്പെട്ടത്. എന്നാൽ രാജ്യത്തിനും ലോകത്തിനും മാതൃകയായി കേരളത്തിൽ ലോക്ക്ഡൗൺ സമയത്ത് അതിഥിത്തൊഴിലാളികളെ അതിഥിയായി കണ്ടുകൊണ്ടുതന്നെയാണ് "ഒരാൾപോലും പട്ടിണി കിടക്കാൻ പാടില്ല”

എന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. തദ്ദേശഭരണ സ്ഥാപനങ്ങൾ കമ്മ്യൂണിറ്റി കിച്ചൺ തുടങ്ങി. പാകം ചെയ്ത ഭക്ഷണം അതിഥിത്തൊഴിലാളികൾക്കടക്കം എത്തിച്ചുകൊടുത്തു. ഈ ഗവൺമെന്റിനല്ലാതെ ആർക്കാണ് അത് സാധിക്കുക; ലോകത്തിനുതന്നെ മാതൃകയായ കാര്യമല്ലേ? ജോലിയും കൂലിയും നഷ്ടപ്പെട്ട് വീട്ടിലിരിക്കുന്നവർക്ക് ഭക്ഷണമെത്തിക്കാൻ അതിലൂടെ കഴിഞ്ഞു. ആ കമ്മ്യൂണിറ്റി കിച്ചൺ ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. 20 രൂപയ്ക്ക് ഭക്ഷണം കൊടുക്കുന്നു. കേരളത്തിൽ ലക്ഷക്കണക്കിനാളുകൾ ഇന്നും ഉച്ചഭക്ഷണം അങ്ങനെയാണ് കഴിക്കുന്നത്. ആ രീതിയിലുള്ള സഹായം ഇവിടെ ഇടതുപക്ഷമല്ലേ ചെയ്തിട്ടുള്ളത്?

മറ്റൊന്ന്, കുട്ടികൾക്കുള്ള ഭക്ഷണക്കിറ്റ്. ഉച്ചക്കഞ്ഞി എന്നായിരുന്നു കുട്ടികൾക്ക് കൊടുക്കുന്ന ഭക്ഷണത്തിന്റെ പേര്. ഗവൺമെന്റ് ഉച്ചക്കഞ്ഞി കൊടുക്കുന്നു. അതുപോലും ശരിയായ രീതിയിൽ യു.ഡി.എഫ്. സർക്കാർ കൊടുത്തിരുന്നില്ല. ഉച്ചക്കഞ്ഞിയുടെ കടം ബാക്കിയാണ്. "ഞങ്ങൾക്ക് പോക്കറ്റിൽനിന്നും എടുത്തുകൊടുക്കാൻ കഴിയില്ല" എന്ന് പ്രഥമാദ്ധ്യാപകർ പഞ്ചായത്തുകളിൽ വന്ന് പറയുമായിരുന്നു. നല്ല ഭക്ഷണം നമ്മുടെ വിദ്യാർത്ഥികൾക്ക് നൽകണം. അവർക്ക് പഠിക്കാൻ ഭക്ഷണംകൂടി

ആവശ്യമാണ്. അങ്ങനെയൊരു നിർദ്ദേശം വച്ചത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സഖാവ് വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന സമയത്തായിരുന്നു. വിദ്യാലയങ്ങൾ അടച്ചതിനാൽ ഇന്ന് ഉച്ചഭക്ഷണം കൊടുക്കാൻ കഴിയുന്നില്ല. വിദ്യാലയങ്ങൾ അടച്ചപ്പോൾ അരിയും സാധനങ്ങളും വിദ്യാർത്ഥികളുടെ വീട്ടിലെത്തിക്കാൻ കഴിഞ്ഞു. എന്നാൽ തെരഞ്ഞെടുപ്പ് കാലത്തും ഇത് തുടർന്നപ്പോൾ പ്രതിപക്ഷം പറഞ്ഞത്, ഇത് തെരഞ്ഞെടുപ്പ് തട്ടിപ്പാണെന്നാണ്. അങ്ങനെ കോടതിയിൽ പോയതാണ്. കുട്ടികൾക്കും പാവപ്പെട്ട ജനവിഭാഗങ്ങൾക്കും ഭക്ഷണം കൊടുക്കുമ്പോൾ അതിനെതിരെ കോടതിയിൽ പോയവർ ഇന്ന് കിറ്റ് കൊടുക്കുന്നതിനെ കളിയാക്കിക്കൊണ്ടിരിക്കുകയാണ്. ഇവർക്ക് പാവപ്പെട്ട ജനങ്ങളോട് എന്ത് ഉത്തരവാദിത്വമാണുള്ളത്. 17 ഇനം പലവ്യഞ്ജന കിറ്റുകൾ കൊടുക്കുന്നുവെന്ന് മാത്രമല്ല, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എല്ലാ രീതിയിലും വീണ്ടും മാവേലി സ്റ്റോറുകളെ സജീവമാക്കി. മാവേലി സ്റ്റോറുകൾ പുനഃസ്ഥാപിക്കേണ്ടിടത്ത് പുനഃസ്ഥാപിച്ചു, വാതിൽപ്പടി വിതരണം നടത്തി, റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിച്ചു. ആധാർ സീഡിംഗ്, പോർട്ടബിലിറ്റി തുടങ്ങിയ പരിഷ്കാരങ്ങൾ വരുത്തി വിജയകരമായി മുന്നോട്ടുപോകുന്നു. ഓരോ

കാർഡുടമകൾക്കും അവർക്ക് ഇഷ്ടമുള്ള റേഷൻ കടയിൽനിന്നും സാധനങ്ങൾ വാങ്ങാൻ ഇന്ന് കഴിയുന്നു. ഇത് ഇവിടെയല്ലാതെ മറ്റെവിടെയാണുള്ളത്? അതുപോലെതന്നെ പട്ടികജാതി ഊരുകളിലേയ്ക്ക് സഞ്ചരിക്കുന്ന റേഷൻ കടകൾ എത്തുകയാണ്. ഗതാഗതയോഗ്യമല്ലാത്ത സ്ഥലങ്ങളിലേയ്ക്കെല്ലാം ഭക്ഷണമെത്തിക്കുന്ന രീതി വന്നു. ഇതെല്ലാം സാധ്യമായത് എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്നതുകൊണ്ടല്ലേ?

സപ്ലൈകോ വിപണന കേന്ദ്രങ്ങളിലൂടെ 40 ശതമാനം വിലക്കുറവിലാണ് ഇന്നും ഭക്ഷണസാധനങ്ങൾ ലഭിക്കുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വില കൂട്ടില്ല എന്നത് എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ളതായിരുന്നു. 13 ഇനം സാധനങ്ങൾ ഇന്നും അതേ വിലയിലാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. 13 ഇനം സാധനങ്ങൾക്ക് ഒരു പൈസപോലും ഈ ഗവൺമെന്റിന്റെ കാലത്ത് കൂട്ടിയിട്ടില്ല. മാവേലി സ്റ്റോറുകളിൽ സാധനങ്ങൾക്ക് 40 ശതമാനം കിഴിവാണ്. റേഷൻ ഡീലേഴ്സിന് ഇൻഷ്വറൻസ് ഏർപ്പെടുത്തി. കോവിഡ് കാലത്ത് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന റേഷൻ കടകൾ ഒരു ദിവസംപോലും പൂട്ടിയില്ല. കഴിഞ്ഞ ദിവസം ഡോ. കെ. ടി. ജലീൽ പറഞ്ഞ കാര്യങ്ങൾ ചിലരെ വല്ലാതെ വേദനിപ്പിച്ചു എന്നുള്ളത് നമുക്ക് മനസ്സിലായി.

കൊള്ളേണ്ട സ്ഥലത്ത് കൊണ്ടുവെന്നുള്ളതാണ് ഇവിടെ പറഞ്ഞ കാര്യങ്ങളിൽനിന്നും മനസ്സിലാകുന്നതെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. നമ്മുടെ രാജ്യം മാത്രമല്ല, ലോകം ഏറ്റവും ബഹുമാനത്തോടും ആദരവോടുംകൂടി കാണുന്ന, മതേതര ഇന്ത്യയുടെ കാവലാൾ എന്ന് വിശേഷിപ്പിക്കുന്ന ശ്രീ. രാഹുൽ ഗാന്ധിയെയും അദ്ദേഹം നടത്തിയ സമരത്തെയും ഒന്ന് പ്രശംസിക്കാൻ തയ്യാറാകാതെ അതിനെപോലും വടക്കാഞ്ചേരി അംഗം ഇവിടെ വിമർശിക്കുന്നത് കേട്ടു. ശ്രീ. രാഹുൽ ഗാന്ധി അന്ന് പ്രാതൽ കഴിക്കാൻവേണ്ടി ഇടതുപക്ഷ പ്രതിപക്ഷ എം.പി.-മാരെ ക്ഷണിച്ചപ്പോൾ അതിന്റെ മുൻനിരയിലുണ്ടായിരുന്നത് താങ്കളുടെ എം.പി. ആയിരുന്നുവെന്നുള്ളത് താങ്കൾ ഓർമ്മിക്കുമോ; താങ്കളുടെ പാർട്ടിയുടെ എം.പി.-മാരുണ്ടായിരുന്നു. ശ്രീ. രാഹുൽ ഗാന്ധി സമരം നടത്തിയത്, സൈക്കിൾ ചവിട്ടി പാർലമെന്റിൽ എത്തിയത് ഈ രാജ്യത്തെ പാവപ്പെട്ട ആളുകൾക്ക് വേണ്ടിയാണ്. ഇവിടെ പെട്രോളിന്റെയും ഡീസലിന്റെയും വില പ്രതിദിനം വർദ്ധിക്കുമ്പോൾ അതിനെതിരെ പ്രതികരിക്കേണ്ട നിങ്ങൾ അതിനെ അനുകൂലിക്കുന്നത്

ബി.ജെ.പി.-യോടുള്ള അനുഭാവംകൊണ്ടാണെന്ന് ഞങ്ങൾക്കറിയാം. അതോടൊപ്പംതന്നെ ടാക്സിനത്തിൽ വലിയ തോതിലുള്ള കൊള്ള നടത്തിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് എന്തെങ്കിലും സബ്സിഡി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; അതുസംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം വച്ചിട്ടുണ്ടോ; സ്വാഭാവികമായും ഈ സന്ദർഭത്തിൽ അത്തരം കാര്യങ്ങൾകൂടി പറയാൻ തയ്യാറാകണമെന്നാണ് എന്റെ അപേക്ഷ. ഇവിടെ ഒരംഗം മറ്റൊരു കാര്യംകൂടി സൂചിപ്പിച്ചു. പ്രതിപക്ഷം വലതുപക്ഷമാണെന്ന് സ്ഥാപിക്കാൻവേണ്ടി മ്ലേച്ഛമായ ഭാഷയിൽ അദ്ദേഹം ഇവിടെ യു.ഡി.എഫ്.-നെ ആക്ഷേപിക്കുകയുണ്ടായി. അദ്ദേഹം ചോദിച്ചത്, 'ആഗോളവൽക്കരണ നയങ്ങളെ അണ്ണാക്കിൽതൊടാതെ വിഴുങ്ങിയില്ലേ' എന്നാണ്. എന്റെ സംശയം, ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ മണിയടിച്ചത് ശ്രീ. പിണറായി വിജയൻ സഖാവ് ആഗോളവൽക്കരണത്തെ അണ്ണാക്കിൽതൊടാതെ വിഴുങ്ങിയതുകൊണ്ടാണോ എന്നാണ്. അങ്ങ് അതാണോ ഉദ്ദേശിക്കുന്നതെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ശ്രീ. എ. എൻ. ഷംസീർ, കേരളത്തിൽ ആരാണ് ഏറ്റവും പാവപ്പെട്ടവൻ, മറുപടി പറയൂ. മുഖ്യമന്ത്രിയോട് ചോദിച്ചാൽ എന്താണ് പറയുന്നത്, 'വിവരം ശേഖരിച്ചു വരുന്നു' എന്നാണ്. ഇതാണ് നിങ്ങളുടെ മറുപടി. പക്ഷേ ബഹുമാനപ്പെട്ട

ഭക്ഷ്യ വകുപ്പുമന്ത്രി ശ്രീ. ജി. ആർ. അനിലിന്റെ കയ്യിൽ കൃത്യമായ ഉത്തരമുണ്ട്. അദ്ദേഹം പറഞ്ഞത്, കേരളത്തിലെ ഏറ്റവും പാവപ്പെട്ടവൻ സിനിമാനടൻ മണിയൻപിള്ള രാജു എന്നാണ്. സംസ്ഥാനത്തെ ഏറ്റവും പാവപ്പെട്ടവനെന്ന് കണ്ടെത്തിയത് അദ്ദേഹത്തെയാണ്. വിവാദമുണ്ടായപ്പോൾ അതിൽനിന്ന് മാറിയെന്നുള്ളത് ഞാൻ വിസ്മരിക്കുന്നില്ല. ഇവിടെ കാതലായ മാറ്റങ്ങളുണ്ടാകണം, ഈ മേഖലയിൽ ഉണ്ടാകേണ്ട മാറ്റങ്ങൾ എന്താണ്? കിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ടൊന്നും ഞാൻ പറയുന്നില്ല. കിറ്റിൽ രാഷ്ട്രീയമുണ്ടോയെന്ന് ചോദിച്ചാൽ കിറ്റിൽ വ്യക്തമായ രാഷ്ട്രീയമുണ്ട്. ആ രാഷ്ട്രീയത്തിന്റെ ഗ്രണഭോക്താക്കളാണ് നിങ്ങൾ എന്നുള്ളത് ഞങ്ങൾക്കറിയാം. ദാരിദ്ര്യമില്ലാത്തൊരു സമൂഹത്തെ സൃഷ്ടിക്കുകയെന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. പക്ഷേ കമ്മ്യൂണിസ്റ്റുകാർ അങ്ങനെയല്ല, കമ്മ്യൂണിസ്റ്റുകാർക്ക് ദാരിദ്ര്യവും പട്ടിണിയും വേണം. ജോലിയുണ്ടാകാൻ പാടില്ല, ദാരിദ്ര്യമുണ്ടെങ്കിലേ കമ്മ്യൂണിസമുണ്ടാകൂ, എന്താണ് കമ്മ്യൂണിസമെന്ന് ഒരിക്കൽ ഞാൻ ഒരാളോട് ചോദിച്ചു, അദ്ദേഹം പറഞ്ഞത്, 'മ്ലേച്ഛഘടകങ്ങളുടെ ആവിഷ്കാര വിലാസ ലോലഭാവങ്ങളിൽ ഉതിർന്നുവീഴുന്ന ആത്മ സാന്ദ്രീകരണത്തിന്റെ ആന്തോളനമാണ് കമ്മ്യൂണിസം" എന്നാണ്. ആർക്കെങ്കിലും മനസ്സിലായോ;

മനസ്സിലായില്ല. അതുകൊണ്ട് ആർക്കും മനസ്സിലാക്കാൻ പറ്റാത്ത ഒന്നാണ് കമ്മ്യൂണിസമെന്നുള്ളത് ഇവിടെ സൂചിപ്പിക്കുകയാണ്. ഇവിടെ കിറ്റിൽ എന്തൊക്കെയാണ് നൽകുന്നത്? മിഠായി, ഗോതമ്പ്, വെളിച്ചെണ്ണ, പഞ്ചസാര, തേയില, സാമ്പാർപൊടി, മുളക്, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി എന്നിങ്ങനെ 440 രൂപയുടെ സാധനങ്ങളാണ് കൊടുക്കുന്നത്. അതിൽ 150 രൂപയോളം കുറവ് വരും, ഏകദേശം 300 രൂപയുടെ സാധനം കൊടുക്കും. ഇതിനോടൊപ്പം ഈ ഓണത്തിന് 2000 രൂപകൂടി കൊടുക്കേണ്ടതല്ലേ; സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് പണം കൊടുക്കാൻ തയ്യാറാകണം. കിറ്റ് മാത്രമല്ല വേണ്ടത്, ജോലിയും കൂലിയുമാണ് വേണ്ടത്. ഇവിടത്തെ പാവപ്പെട്ടവർക്ക്, ചെറുപ്പക്കാർക്ക് കിറ്റ് കൊടുത്ത് നിങ്ങൾ എത്രനാൾ മുന്നോട്ടുപോകും? ഇവിടെ വരുമാനമുണ്ടാകണം, ഞങ്ങൾക്ക് ദാരിദ്ര്യമല്ല വേണ്ടത്, ഞങ്ങൾക്ക് സമ്പന്നതയാണ് വേണ്ടത്. നിങ്ങൾക്ക് ദാരിദ്ര്യം വേണമായിരിക്കാം, ഇവിടെ സമ്പന്നതയുണ്ടാകണമെങ്കിൽ നിങ്ങൾ ജോലി കൊടുക്കൂ. നിങ്ങൾ ഓരോ ദിവസവും ലിസ്റ്റ് ക്യാൻസൽ ചെയ്തുകൊണ്ടിരിക്കുകയാണ്. ഞങ്ങൾക്ക് ജോലി എവിടെയെന്ന് പാവപ്പെട്ടവൻ ചോദിക്കുകയാണ്. അല്ലാതെ നിങ്ങളുടെ കിറ്റ് എന്നുമെന്നും വാങ്ങി മുന്നോട്ടുപോകാമെന്ന വ്യാമോഹമൊന്നും കേരളത്തിലെ

ജനങ്ങൾക്കില്ല. അതുകൊണ്ട് പ്രിയപ്പെട്ട പിണറായി വിജയൻ സഖാവേ, നിങ്ങൾ ചെറുപ്പക്കാർക്ക് ജോലി നൽകൂ. ബി.പി.എൽ. കാർഡും എ.പി.എൽ. കാർഡും മുൻപും ഉണ്ടായിരുന്നുവെന്ന് നമുക്കറിയാം. അന്ന് ആ കാർഡുകളിലൊന്നും കളർ വ്യത്യാസമില്ല. ഇപ്പോൾ കളർ വ്യത്യാസമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഒരു കളർ, അതിനുമുകളിൽ മറ്റൊരു കളർ, അങ്ങനെ വ്യത്യസ്തമായ രീതിയിൽ ആളുകളെ വേർതിരിക്കുന്ന റേഷൻ കാർഡിന്റെ കളർമാറ്റ പരിഷ്കാരത്തിൽനിന്നും പിന്നോട്ട് പോകണം. കാർഡിൽ എഴുതി വച്ചാൽ മതി, പണ്ട് ബി.പി.എൽ., എ.പി.എൽ. എന്ന് എഴുതുമായിരുന്നു. ഇന്ത്യയിൽ കൊടുക്കുന്ന പാസ്പോർട്ടിന്റെയെല്ലാം നിറം ഡാർക്ക് ബ്ലൂ ആണ്. സമ്പന്നർക്ക് ഒരു നിറം, അല്ലെങ്കിൽ ഒരു മതത്തിൽപ്പെട്ടവന് മറ്റൊരു നിറം എന്നുള്ള രീതിയല്ല ഉള്ളത്. അതുകൊണ്ട് റേഷൻ കാർഡ് വ്യത്യസ്ത നിറത്തിൽ നൽകുന്ന രീതിയിൽ മുന്നോട്ട് പോകുന്നത് ശരിയായ നടപടിയല്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എല്ലാ കാര്യങ്ങളിലും അഴിമതി മാത്രം ലക്ഷ്യംവച്ച് മുന്നോട്ടുപോകുന്നവരാണ് നിങ്ങൾ. കിറ്റ് കൊടുക്കുന്ന തുണി സഞ്ചിയിൽപ്പോലും അഴിമതി നടത്തി. നിങ്ങൾ എത്ര അഴിമതിയാണ് നടത്തിയത്? അഴിമതിയെ നിങ്ങൾ പ്രോത്സാഹിപ്പിക്കരുത്. കിറ്റ് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഒരു കാര്യം

കൂടി ഞാൻ സൂചിപ്പിക്കട്ടെ, രണ്ടരലക്ഷം രൂപ മാസശമ്പളമുള്ള ചീഫ് സെക്രട്ടറിക്ക് കിറ്റ് കൊടുക്കേണ്ട ആവശ്യമുണ്ടോ? 3 ലക്ഷം രൂപ മാസശമ്പളമുള്ള കെ.പി.എം.ജി.-യിലെ ഉദ്യോഗസ്ഥന് ഭക്ഷ്യക്കിറ്റ് വേണോ? അർഹതയുള്ളവന് കൊടുക്കു, അർഹതയില്ലാത്തവന് കൊടുക്കേണ്ട കാര്യമില്ല. പല വീടുകളിലും ഇത് വേണ്ട രീതിയിൽ വിനിയോഗിക്കുന്നില്ല. നമ്മുടെ ഖജനാവിലെ പണം അർഹതപ്പെട്ടവന്റെ കൈകളിലേയ്ക്ക് എത്തണം. ആ രീതിയിൽ ഈ കാര്യങ്ങൾ മാറ്റണം. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്കുള്ള ചെറിയ ഉപദേശം, ഉപദേശിക്കാനൊന്നും ഞാൻ ആളല്ല, അങ്ങൊരു മഹാനാണ്. അത് തിരുത്തുമോ എന്നൊന്നും എനിക്കറിയില്ല. മുൻ ഭക്ഷ്യമന്ത്രി ശ്രീ. പി. തിലോത്തമന്റെ ഗതി അങ്ങേയ്ക്കുണ്ടാകരുത്. സപ്ലൈകോ എം.ഡി. ശ്രീ. അലി അസ്കർ പാഷ സപ്ലൈകോയിൽ നടത്തുന്ന കുംഭകോണം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. മുൻമന്ത്രി ബഹുമാനപ്പെട്ട പി. തിലോത്തമൻ ഇതുമായി ബന്ധപ്പെട്ട പരാതി മുഖ്യമന്ത്രിക്ക് കൊടുത്തു, മുഖ്യമന്ത്രി അത് പൂഴ്ത്തി. അതിൽ തീരുമാനമുണ്ടായില്ല, എന്നുമാത്രമല്ല പരാതി കൊടുത്ത അദ്ദേഹത്തിന് സിറ്റിംഗ് സീറ്റുപോലും നഷ്ടപ്പെട്ടു. സ്വാഭാവികമായിട്ടും ജനത്തിന്റെ പണം സംരക്ഷിക്കേണ്ട നിങ്ങൾ അഴിമതിക്കാരായ ഉദ്യോഗസ്ഥർക്ക് കൂട്ടുനിൽക്കരുതെന്ന് ഞാൻ

സൂചിപ്പിക്കുകയാണ്. 6 രൂപയ്ക്ക് കിട്ടുന്ന തുണി സഞ്ചി 17 രൂപയ്ക്ക് വാങ്ങാൻ അദ്ദേഹം കാണിച്ച താൽപ്പര്യം അറിയാമല്ലോ. ശർക്കര, പപ്പടം തുടങ്ങി നിരവധി അഴിമതിക്കൊള്ള നടത്തിയ അദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഭക്ഷ്യവിതരണ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കാരായ ഞങ്ങൾക്ക് ഇത്തരം ബഡ്ജറ്റുകളെ അനുകൂലിക്കാതെയിരിക്കാൻ നിർവ്വാഹമില്ല. ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ പ്രാവർത്തികമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ജനങ്ങൾ വീണ്ടും ഇടതുപക്ഷ ജനാധിപത്യമുന്നണിയെ കേരളത്തിൽ അധികാരത്തിലേറ്റിയത്. ആ നയം വീണ്ടും നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ടുള്ള ഒരു മുന്നണിയുടെ പ്രതിനിധിയെന്ന നിലയിൽ ഈ ധനകാര്യ ബില്ലിനെയും അതിലെ നിർദ്ദേശങ്ങളേയും സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ഞാൻ കൂടുതൽ വിശദീകരണത്തിലേയ്ക്ക് കടക്കുന്നില്ല. യു.ഡി.എഫ്-ലെ ബഹുമാന്യരായ സുഹൃത്തുക്കളാരെങ്കിലും ഇവിടെയുണ്ടെങ്കിൽ അവർ കേരളത്തിന്റെ ഇന്നത്തെ പൊതുവിതരണ സമ്പ്രദായത്തിന്റെയും റേഷൻ സംവിധാനത്തിന്റെയും

വിലക്കയറ്റം പിടിച്ചുനിർത്താൻ നടപ്പിലാക്കിയ സംവിധാനങ്ങളുടെയും ഒരു കണക്ക് എഴുതി വയ്ക്കുന്നത് നല്ലതാണ്. ആകെ റേഷൻ കടകൾ 14237, മാവേലി സ്റ്റോറുകൾ 857, സിവിൽ സപ്ലൈസ് സൂപ്പർ മാർക്കറ്റുകൾ 511, മാവേലി സൂപ്പർ സ്റ്റോർ 72, മൊബൈൽ മാവേലി സ്റ്റോർ 21, വിലകുറച്ച് മരുന്നുകൾ കൊടുക്കാൻ മെഡിക്കൽ സ്റ്റോറുകൾ 96, പെട്രോൾ ബങ്കുകൾ 11, എൽ.പി.ജി. ഗ്യാസ് വിതരണ കേന്ദ്രം 3, ഇതിനുപുറമേ കൺസ്യൂമർ ഫെഡറേഷനുമായി ബന്ധപ്പെട്ടുകൊണ്ട് നൂറുകണക്കിന് സ്റ്റോറുകളും പ്രവർത്തിക്കുന്നു. സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഓണം, പെരുന്നാൾ തുടങ്ങിയ ഉത്സവ കാലഘട്ടത്തിൽ പതിനായിരക്കണക്കിന് സംവിധാനങ്ങൾ പ്രവർത്തിക്കുന്നു. കേരളത്തിലെ പൊതുവിതരണ സംവിധാനവുമായി ബന്ധപ്പെട്ട് വില പിടിച്ചുനിർത്താനുള്ള പദ്ധതികൾ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് തയ്യാറാക്കിയത് ഇത്തരം സ്ഥാപനങ്ങൾ മുഖേനയാണ്. കേരളീയ സമൂഹം ആകെത്തന്നെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ വിശ്വാസമർപ്പിച്ചിരിക്കുകയാണ്. ഇവിടെ ചില വെല്ലുവിളികൾ നടത്തി, അതുപോലെ ചിലയാളുകൾ പറഞ്ഞു, കിറ്റ് കൊടുക്കുന്നതുകൊണ്ട് ഞങ്ങൾക്ക് കുഴപ്പമില്ലായെന്ന്. നിങ്ങൾക്ക് കുഴപ്പമുണ്ടെങ്കിലും ഞങ്ങൾക്ക് പ്രശ്നമില്ല. തീവണ്ടി യാത്ര ചെയ്യാത്ത ഒരാൾ

ആദ്യമായി തീവണ്ടി കയറാൻ പോയി. അവിടെ ചെന്നപ്പോൾ അദ്ദേഹത്തിന്റെ മുൻപിൽ വന്നുനിന്നത് സ്ത്രീകളുടെ കമ്പാർട്ടുമെന്റായിരുന്നു. അയാൾക്കത് അറിയില്ലായിരുന്നു. വണ്ടി പുറപ്പെടാൻ നേരത്ത് ഇദ്ദേഹം സ്ത്രീകളുടെ കമ്പാർട്ടുമെന്റിൽ കയറി. അപ്പോൾ ടി.ടി.ഇ. പറഞ്ഞു, 'ഇത് സ്ത്രീകളുടെ കമ്പാർട്ടുമെന്റാണ്, നിങ്ങൾക്ക് കയറാൻ പറ്റില്ല.' അപ്പോൾ അദ്ദേഹം പറഞ്ഞു 'കുഴപ്പമില്ല' എന്ന്. അപ്പോൾ ടി.ടി.ഇ പറഞ്ഞത്, 'നിങ്ങൾക്കല്ല കുഴപ്പം നിങ്ങൾ കയറിയാൽ ഇതിലിരിക്കുന്ന സ്ത്രീകൾക്കാണ് കുഴപ്പം, അതുകൊണ്ട് ഇറങ്ങണം' എന്നാണ്. അതുപോലെ നിങ്ങൾക്ക് കുഴപ്പമുണ്ടെങ്കിലും ഞങ്ങൾക്ക് പ്രശ്നമില്ല. ഇപ്പോൾ നിങ്ങൾ പറയുന്നത് പച്ചക്കറികൂടി കൊടുക്കണമെന്നാണ്. അതൊക്ക ഞങ്ങൾ കൊടുത്തുകൊള്ളാം. ഓണക്കിറ്റിന്റെ കൂടെ ധാരാളം പച്ചക്കറി കൊടുക്കുന്നുണ്ട്. വേറെ ചില ആളുകൾ പറഞ്ഞു, 6000 രൂപ കൊടുക്കണമെന്ന്, സ്വപ്നം കാണുമ്പോൾ എന്തിനാണ് 6000 രൂപയാക്കുന്നത് 12000 രൂപ വേണമെങ്കിലും കാണാം. സ്വപ്നത്തിന് പരിമിതിയില്ലല്ലോ, ആറായിരമെന്ന് പറഞ്ഞ് കുറേക്കാലമായി നടക്കുന്നു. നിങ്ങൾ കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്ത് ഇത് പറഞ്ഞതല്ലേ; കോൺഗ്രസ്സുകാരും യു.ഡി.എഫ്.-കാരും സ്വപ്നം കാണുകയാണെങ്കിൽ ആറായിരമാക്കേണ്ട,

അതിനേക്കാൾ കൂടുതൽ കാണണം. നിങ്ങൾ വന്നാൽ 6000 രൂപയും ഇടതുപക്ഷം വന്നാൽ 2500 രൂപയും കൊടുക്കുമെന്ന് പറഞ്ഞപ്പോൾ, നിങ്ങൾ പറഞ്ഞ 6000 രൂപ പാഴ്വാക്കാണ്, അത് ലഭിക്കില്ല, അതുകൊണ്ട് 2500 രൂപ മതിയെന്നാണ് ജനങ്ങൾ പറഞ്ഞത്. മൂന്നാളുകൾക്ക് പെൻഷൻ കിട്ടുന്ന ഒരു വീട്ടിൽ ഇപ്പോൾ 7500 രൂപ കിട്ടും. അപ്പോൾ ബാക്കി 1500 രൂപ തിരികെ കൊടുക്കണമോ? നിങ്ങൾ പറയുന്നതിന് വല്ല അർത്ഥവുമുണ്ടോ?

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുഹമ്മദ് മുഹസിൻ]

1957-ൽ ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽവന്ന കാലം മുതൽതന്നെ നിങ്ങളുടെ നിലപാട് ഇങ്ങനെതന്നെയാണ്. നിങ്ങളുടെ പൂർവ്വികരായ ആളുകളും അങ്ങനെയാണ് ചെയ്തത്. അന്ന് മുക്കുട്ട് മുന്നണിയായിരുന്നു. ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നത് വലിയ പഞ്ഞകാലത്തായിരുന്നു. ഭക്ഷണം കിട്ടാൻതന്നെ മാർഗ്ഗമുണ്ടായിരുന്നില്ല. കരിഞ്ചന്തയും പൂഴ്ത്തിവയ്പും നടക്കുന്ന കാലമായിരുന്നു. കേന്ദ്രഗവൺമെന്റാണെങ്കിൽ സംസ്ഥാനത്തിന് അരി തരുന്നുമില്ല. 'മൂന്ന് ഔൺസ് അരിയുടെ കാലമാണ്. ആ സമയത്ത് ഇ.എം.എസ്.-ഉം അന്നത്തെ ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്ന കെ. സി. ജോർജ്ജും ഉൾപ്പെടെയുള്ളവർ ആലോചിച്ച് ആന്ധ്രയിൽനിന്നും വലിയ വില

കൊടുത്ത് അരി കൊണ്ടുവന്ന് കേരളത്തിലെ പട്ടിണി കിടക്കുന്ന ആളുകളെ രക്ഷിക്കാൻ തീരുമാനിച്ചു. ആസ്ട്രയിലെ പൊതുമാർക്കറ്റിൽ പോയി അരി ശേഖരിച്ച് കേരളീയരുടെ പട്ടിണിയെ പ്രതിരോധിച്ച അന്നത്തെ ഗവൺമെന്റിന്റെ നടപടിയെപ്പോലും നിങ്ങൾ ചോദ്യം ചെയ്തു. ഇ.എം.എസ്.-ന്റെ ഗവൺമെന്റ് അഴിമതിയുടെ ഗവൺമെന്റാണെന്നും വെട്ടിപ്പ് നടത്തിയെന്നും പറഞ്ഞ് അന്ന് ഹൈക്കോടതിയിൽ പോയവരാണ്. അക്കാര്യത്തിൽ ഹൈക്കോടതിയുടെ പരാമർശം തന്നെയുണ്ട്. കേന്ദ്രം അരി തരാതിരുന്ന സമയമായതിനാൽ ഇവിടെ അരിയില്ലാതെ വന്നു. കേരളത്തിലെ പാവപ്പെട്ട മനുഷ്യർ പട്ടിണി കിടന്ന് മരിക്കുന്നത് ഒഴിവാക്കാനായി ആസ്ട്രയിൽ പോയി അരി വാങ്ങിക്കൊണ്ടുവന്ന് സംസ്ഥാനത്തെ ജനങ്ങൾക്ക് കൊടുത്തതിന് 1957-ലും നിങ്ങൾ കേസിന് പോയവരാണ്. ഇപ്പോഴും നിങ്ങൾ തുടരുന്നത് അതുതന്നെയല്ലേ? കോവിഡ് കാലമായതിനാൽ സ്കൂളുകൾ പ്രവർത്തിക്കുന്നില്ല, കുട്ടികൾക്ക് കൊടുക്കാനുള്ള ഭക്ഷ്യധാന്യം നമ്മുടെ പക്കലുണ്ട്. ഈ സാഹചര്യത്തിലാണ് കുട്ടികളുടെ വീട്ടിൽ അരി എത്തിച്ചുകൊടുക്കണമെന്ന് ഗവൺമെന്റ് പറഞ്ഞത്. അപ്പോൾ നിങ്ങൾ കോടതിയിൽ കേസിന് പോയില്ലേ? പ്രീപ്രൈമറി മുതൽ അഞ്ചാം ക്ലാസ് വരെയുള്ള ഓരോ കുട്ടിക്കും 15 കിലോയും ആറുമുതൽ എട്ടാംക്ലാസ്

വരെയുള്ള ഓരോ കുട്ടിക്കും 25 കിലോയും അരി വീതമാണ് നൽകുന്നത്. തെരഞ്ഞെടുപ്പുകാലത്ത് വീടുകൾ കയറി വോട്ടഭ്യർത്ഥിക്കാൻ പോയപ്പോൾ ഓട്ടോറിക്ഷയിൽ രണ്ടുചാക്ക് അരിയുമായി രക്ഷിതാക്കൾ വരുന്നതാണ് കാണാൻ കഴിഞ്ഞത്. ഒരു സഹോദരി സ്കൂളിൽ പഠിക്കുന്ന അവരുടെ കുട്ടിക്കുള്ള 15 കിലോ അരി വാങ്ങാൻ സഞ്ചിയുമായി പോകുകയാണ്, അപ്പോഴാണ് മൂന്ന് കുട്ടികളുള്ള ഒരമ്മ എഴുപത്തിയഞ്ച് കിലോ അരി ഓട്ടോറിക്ഷയിൽവച്ച് കൊണ്ടുവരുന്നത്. 15 കിലോ മാത്രമല്ലേയുള്ളൂവെന്ന ധാരണയിൽ 'നിങ്ങൾക്കെന്താ ഇത്രേം കൂടുതൽ അരി കിട്ടിയത്" എന്ന് ചോദിച്ച സഹോദരിയോട് ആ അമ്മ പറഞ്ഞു, 'എനിക്ക് മൂന്ന് കുട്ടികളുണ്ട്, ഒരു കുട്ടിക്ക് 25 കിലോ അരി വച്ച് 75 കിലോ കിട്ടിയതുകൊണ്ടാണ് ഇത്രയും അരി' എന്ന്. അപ്പോഴാണ്, കുട്ടികൾ രണ്ടെണ്ണംകൂടി ഉണ്ടായിരുന്നെങ്കിൽ നന്നായിരുന്നു ഭഗവാനേ, പിണറായിയുടെ കാലത്ത് കുട്ടികൾ കുറഞ്ഞു പോയതാണല്ലോ ബുദ്ധിമുട്ട് എന്ന് അവർ ആലോചിച്ചത്. എന്നാൽ യു.ഡി.എഫ്.-ന്റെ കാലത്ത് കുട്ടികൾ ഉണ്ടാകരുതേയെന്നാണ് ആലോചിച്ചത്. കാരണം, കുട്ടികളെ എങ്ങനെ സംരക്ഷിക്കും; എങ്ങനെ പോറ്റും എന്നായിരുന്നു ചിന്ത. റേഷൻ പീടികയിൽ സഞ്ചിയുമായി പോയാൽ മതിയെന്ന് ആരോ പറഞ്ഞു. നിങ്ങളുടെ കാലത്തും

സഞ്ചിയുമായിത്തന്നെയായിരുന്നു റേഷൻ പീടികയിൽ പോയിരുന്നത്, മടങ്ങി വന്നതും ആ സഞ്ചിയുമായിത്തന്നെയായിരുന്നു, റേഷൻ പീടിക മാറാല കെട്ടിക്കിടക്കുകയായിരുന്നു. ഇത്തരത്തിലുള്ള സംവിധാനങ്ങൾ എപ്പോൾ കൊണ്ടുവന്നാലും നിങ്ങൾ കോടതിയിൽപ്പോകും. വടക്കാഞ്ചേരി എം.എൽ.എ. അക്കാര്യം പറഞ്ഞല്ലോ, ലൈഫ് പദ്ധതി കൊണ്ടുവന്നപ്പോഴും നിങ്ങൾ കോടതിയിൽ പോയി. ലൈഫ് പദ്ധതി അടച്ചുപൂട്ടും, കിഫ്ബി അടച്ചപൂട്ടും എന്നൊക്കെപ്പറഞ്ഞ് എല്ലാ കാര്യങ്ങൾക്കും കേസിന് പോയവരല്ലേ? അതാണ് 1957 മുതൽ കേസിനുപോയ പാരമ്പര്യമുണ്ടെന്ന് ഞാൻ പറഞ്ഞത്. 1957 മുതൽ ഇടയ്ക്കെല്ലാം കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കേരളത്തിൽ വന്നില്ലായിരുന്നുവെങ്കിൽ ഉത്തർപ്രദേശിനെയും ബീഹാറിനേയും ഗുജറാത്തിനെയുംപോലെയാകുമായിരുന്ന നമ്മുടെ സംസ്ഥാനത്തിന്റെയും സ്ഥിതി. ഇപ്പോൾ NFSA (National Food Security Act)-യെക്കുറിച്ച് പറഞ്ഞല്ലോ, അതുമായി ബന്ധപ്പെട്ട് അന്നത്തെ യു.പി.എ. ഗവൺമെന്റ് കൊണ്ടുവന്ന പദ്ധതിയനുസരിച്ചാണ് കേരളത്തിലെ മഹാഭ്രൂരിപക്ഷം വരുന്നയാളുകളും റേഷൻ മാനദണ്ഡങ്ങളിൽനിന്നും പുറത്തുപോയത്. അതിനുകാരണം, കേന്ദ്ര മാനദണ്ഡം നമുക്ക് ചേർന്നതായിരുന്നില്ല എന്നതുകൊണ്ടാണ്. മാനദണ്ഡം

കണക്കാക്കുന്നതിനായുള്ള ആദ്യത്തെ ചോദ്യമെന്തായിരുന്നു; നിങ്ങൾ പല്ലുതേയ്ക്കുന്നുണ്ടോ; പല്ലുതേയ്ക്കുന്നത് ബ്രഷുകൊണ്ടാണോ; പേസ്റ്റ് ഉപയോഗിക്കുന്നുണ്ടോ? ഉത്തരം 'അതെ' എന്നാണെങ്കിൽ നിങ്ങൾക്ക് മാർക്ക് കൂടുതലായിരിക്കും. അടുത്ത ചോദ്യം, ചായ കുടിക്കാറുണ്ടോ, എത്ര ചായ കുടിക്കും, ഭക്ഷണം എത്രനേരം കഴിക്കും തുടങ്ങിയതായിരുന്നു. അതുപോലെതന്നെ സ്ത്രീകളോടുള്ള ചോദ്യം, നിങ്ങൾ സാരിയാണോ ഉടുക്കാറുള്ളത്, എത്ര സാരിയുടുക്കും; വീട് ഓടിട്ടതാണോ തുടങ്ങിയ ചോദ്യങ്ങൾ അൻപത് കൊല്ലംമുമ്പ് കേരളത്തിലെ ആളുകളോട് ചോദിക്കേണ്ടതായിരുന്നു. ആ ചോദ്യങ്ങൾ ഒരു മാനദണ്ഡമാക്കി എൻ.എഫ്.എസ്.എ.-യുടെ നിബന്ധന വന്നതിന്റെ ഭാഗമായി ഉത്തർപ്രദേശിൽ 85 ശതമാനവും മദ്ധ്യപ്രദേശിൽ 83 ശതമാനവും ബീഹാറിൽ 82 ശതമാനവും ആളുകൾ റേഷന് അർഹരായപ്പോൾ നമ്മുടെ നാട്ടിൽ 43 ശതമാനം മാത്രമേ അർഹരായുള്ളൂ. ഇടതുപക്ഷ ഗവൺമെന്റുകൾ ഇടയ്ക്കിടയ്ക്ക് വന്നതിന്റെ ഭാഗമായാണ് നമ്മുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിച്ചത്. അതുകൊണ്ട് ഈ മാനദണ്ഡം നമുക്ക് യോജിച്ചതല്ലെന്നും മാറ്റണമെന്നും ഇത് ബാധകമാക്കരുതെന്നുമുള്ള അഭിപ്രായം നമ്മൾ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനനുസരിച്ച് നമുക്ക് അർഹതപ്പെട്ട റേഷൻ

വിഹിതം അനുവദിച്ചുതരണമെന്നാണ് നമ്മൾ ആവശ്യപ്പെട്ടത്. ആഗസ്റ്റ് മാസം മൂന്നാം തീയതി ഇറങ്ങിയ ഒരു പ്രമുഖ പത്രത്തിൽ മുൻ കെ.പി.സി.സി. പ്രസിഡന്റും പ്രമുഖ നേതാക്കന്മാരിൽ ഒരാളുമായ ശ്രീ. വി. എം. സുധീരന്റെ ഒരു പ്രസ്താവനയുണ്ടായിരുന്നു, അതിൽ പറയുന്നത്, 'നിർഭാഗ്യവശാൽ പിൽക്കാലത്ത് നെഹ്റു-ഇന്ദിര സാമ്പത്തിക നയങ്ങളിൽനിന്നും വ്യതിചലിച്ചുകൊണ്ട് നവലിബറൽ സാമ്പത്തിക നയങ്ങളുമായി കോൺഗ്രസ് മുന്നോട്ടുപോയത് രാജ്യത്തിനും കോൺഗ്രസിനും ദോഷകരമായി എന്നാണ് അനുഭവങ്ങളിലൂടെ ബോദ്ധ്യമായത് ' എന്നാണ്. ശ്രീ. വി. എം. സുധീരന്റെ പ്രസ്താവന നിങ്ങൾ അണ്ണാക്കിൽത്തൊടാതെ വിഴുങ്ങുമോ? നിങ്ങളാണതിന് മറുപടി പറയേണ്ടത്, വിശദീകരിക്കുമോ? ഒന്നുരണ്ട് കാര്യങ്ങൾ കൂടിയുണ്ട്, റേഷൻ സംവിധാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന റേഷൻ ഡീലർമാരെ സഹായിക്കാനായി പെൻഷൻ, ക്ഷേമനിധി, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഏർപ്പെടുത്തി മാസം പതിനെട്ടായിരം രൂപയുൾപ്പെടെയുള്ള ശമ്പള വർദ്ധനവ് നൽകി അവരെ ചേർത്ത് നിർത്തിയിരിക്കുന്നു. 14237 റേഷൻ ഷോപ്പുകളിലെ ഡീലർമാരും അവരുടെ കുടുംബങ്ങളും ഇടതുപക്ഷ ജനാധിപത്യ മുന്നണിയോടൊപ്പമല്ലാതെ മറ്റാരുടെയൊപ്പം നിൽക്കും? എഫ്.സി.ഐ.-യിൽ നിന്നും നേരിട്ട് റേഷൻ കടകളിലേയ്ക്ക് വരുന്നതിന്റെ

ഭാഗമായി, നേരത്തേ ഇടത്തട്ടിൽ പ്രവർത്തിച്ചിരുന്ന ഗോഡൗണുകൾ ഇല്ലാതായപ്പോഴുണ്ടായ തൊഴിലാളികളുടെ തൊഴിലില്ലായ്മ പ്രശ്നംകൂടി പരിഹരിക്കണം. " ഗരീബി ഹഠാവോ, ബേക്കാരി ഹഠാവോ" എന്ന മുദ്രാവാക്യം കോൺഗ്രസിന്റേതായിരുന്നു, ഇത് പറഞ്ഞ ബഹുമാനപ്പെട്ട അംഗം ജനിക്കുന്നതിന് മുമ്പ് പറഞ്ഞതാണ് ഗരീബി ഹഠാവോ, ബേക്കാരി ഹഠാവോ എന്ന്. ഇതിന്റെയൊക്കെ സ്ഥിതി എന്തായിരുന്നുവെന്ന് പ്രായംചെന്ന കോൺഗ്രസുകാരോട് ചോദിച്ച് മനസ്സിലാക്കുന്നത് നന്നായിരിക്കുമെന്നുകൂടി പറഞ്ഞുകൊണ്ട്, കടമ്മനിട്ടയുടെ

" നിങ്ങളോർക്കുക, നിങ്ങളെങ്ങനെ നിങ്ങളായെന്ന്"

എന്ന കവിതാ ശകലം ചൊല്ലിക്കൊണ്ട് നിർത്തുകയാണ്. നിങ്ങളോർക്കുക നിങ്ങളെങ്ങനെ ഇങ്ങനെയായെന്ന് എന്നൊരു ഭേദഗതി കടമ്മനിട്ട കവിതയിൽ വരുത്തിക്കൊണ്ട് യു.ഡി.എഫ്.-കാർ പുനർവിചിന്തനം നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. നമ്മുടെ ജീവിതത്തിൽ ഭക്ഷ്യ വകുപ്പ് ഏറ്റവും സുപ്രധാനമായ ഘടകമാണ്. മനുഷ്യർക്ക് മാത്രമല്ല, പ്രകൃതിക്കും ഭക്ഷണം

ആവശ്യമാണ്. വിശക്കുന്നവനുള്ളതാണ് ഭക്ഷണം. ബൈബിൾ വചനത്തിൽ പറഞ്ഞതുപോലെ 'വിശക്കുന്നവന്റെ മുമ്പിൽ ദൈവം അപ്പത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നതാണ് '. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നായകനായ മുഖ്യമന്ത്രിയും വിശക്കുന്നവന്റെ മുമ്പിൽ അപ്പത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട ദൈവമായി മാറിയിരിക്കുകയാണ്. അതുകൊണ്ടാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ തുടർഭരണത്തിന് അവസരം ലഭിച്ചത്. ഗവൺമെന്റ് ചെയ്ത എല്ലാ കാര്യങ്ങളും അവഗണിക്കപ്പെട്ട പാവപ്പെട്ട ജനവിഭാഗങ്ങളെ സഹായിക്കുന്നതിനാണ്. ബൈബിളിൽ പറഞ്ഞതുപോലെ, 'നിനക്ക് വിശക്കുന്നു-നിനക്ക് ഭക്ഷണം തന്നു, നിനക്ക് വസ്ത്രമില്ല-നിനക്ക് വസ്ത്രം തന്നു, നിനക്ക് ദാഹിക്കുന്നു-നിനക്ക് ദാഹജലം നൽകി, നിനക്ക് പാർപ്പിടമില്ല-നിനക്ക് വീട് നൽകി.' ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഒന്നാം പിണറായി വിജയൻ ഗവൺമെന്റിന്റെ കാലത്തും തുടർന്നും നടത്തുന്നത് ഈ കാര്യങ്ങൾ തന്നെയാണ്. ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടില്ലാത്തവർക്ക് വീടും വസ്ത്രമില്ലാത്തവർക്ക് വസ്ത്രവും തുടങ്ങി നിരവധി കാര്യങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഭക്ഷ്യവിതരണ രംഗത്ത് ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ധാരാളം ആവശ്യങ്ങളുണ്ട്. എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന

സാഹചര്യമാണ്. പൊതുവിതരണ സംവിധാനം ശക്തമായി നിലനിർത്താൻ കഴിയുന്ന സംസ്ഥാനമാണ് നമ്മുടേത്. നമ്മുടെ സാമൂഹ്യ രംഗവും രാഷ്ട്രീയ പ്രബുദ്ധതയുൾപ്പെടെയുള്ള ഘടകങ്ങളും അതിന് പ്രേരകമായി നിൽക്കുകയാണ്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തോട് നീതിയുക്തമായ നിലപാട് സ്വീകരിക്കുന്നതിൽ കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്ന അത്യന്തം ആപത്കരമായ നിലപാടുകൾക്കെതിരായി ശക്തമായ പ്രതിഷേധം ഉയരേണ്ടതായിട്ടുണ്ട്. റേഷൻ കടകളിൽക്കൂടിയാണ് പൊതുവിതരണരംഗത്തെ ക്രമീകരണം നടക്കുന്നത്. ഏതാണ്ട് 14250 റേഷൻ കടകൾ സംസ്ഥാനത്തുണ്ട്. 2021 മേയ് മാസത്തെ കണക്കനുസരിച്ച് 90.45 ലക്ഷം റേഷൻ കാർഡുകളുണ്ട്. കോവിഡിന് മുമ്പ് 86% കാർഡുടമകൾ റേഷൻ കാർഡ് ഉപയോഗിച്ചിരുന്നു. എന്നാൽ അതിനുശേഷം റേഷൻ കാർഡുപയോഗം 96 ശതമാനമായി വർദ്ധിച്ചു. റേഷൻ കടകളെ ജനങ്ങൾ എത്രയേറെ ആശ്രയിച്ചുകൊണ്ട് ജീവിക്കുന്നുവെന്നതാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. ഭക്ഷ്യഭദ്രതാ നിയമപ്രകാരം ഇ-പോസ് മെഷീൻ മുഖേന ഭക്ഷ്യധാന്യ വിതരണ പദ്ധതികളെക്കുറിച്ച് ആലോചിക്കുക മാത്രമല്ല, അത് നടപ്പിലാക്കുകയും ചെയ്തു.

2.00 പി.എം.]

സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമമനുസരിച്ച് 2018-ലാണ് ഇ-പോസ് നടപ്പിലാക്കുന്ന പ്രവൃത്തി ആരംഭിച്ചത്. അത് വളരെ ഫലപ്രദമായിരുന്നുവെന്ന് പിന്നീട് ബോദ്ധ്യമായി. നേരിട്ട് റേഷൻ വാങ്ങാൻ കഴിയാത്ത ശയ്യാവലംബരായ ആളുകൾക്ക് പ്രോക്സി ഉപയോഗിച്ച് വാങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തി. മാനുഷികമായ പരിഗണനയ്ക്ക് പ്രാധാന്യം നൽകി അവരെ സഹായിച്ചു. മാവേലി സ്റ്റോറുകൾ വ്യാപകമാക്കുകയാണ്. ആദിവാസികളുൾപ്പെടെ എല്ലാ ജനവിഭാഗങ്ങൾക്കും ഒരുപോലെ സഹായങ്ങളുടെ സ്നേഹസ്പർശം എത്തണമെന്ന തികച്ചും മാനുഷികമായ ഒരു തീരുമാനത്തിന്റെ ഭാഗമായാണ് മൊബൈൽ റേഷൻ ഷോപ്പുകൾ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നത്. മുൻഗണനാ കാർഡുകൾ അനർഹമായി കൈവശം വയ്ക്കുന്നവരുടെ കണക്കുകളുണ്ട്. അനർഹരായ ആളുകളെ നീക്കം ചെയ്യുന്നത് സംബന്ധിച്ച് നിയമ നടപടിയെക്കാൾ ഉപരിയായി ഒരു അഭ്യർത്ഥന സർക്കാർ നടത്തിയപ്പോൾ ഏതാണ്ട് 12,35,054 കാർഡുകൾ സ്വമേധയാ ജനങ്ങൾ സമർപ്പിക്കുകയുണ്ടായി. അതിന്റെ സുതാര്യതയും സത്യസന്ധതയും മനസ്സിലാക്കിയതുകൊണ്ടാണ് അത് അനുസരിക്കണമെന്ന ഒരു കർത്തവ്യബോധം ജനങ്ങൾക്കുണ്ടായത്. എന്നാൽ കേന്ദ്രത്തിൽനിന്ന്

സംസ്ഥാനത്തിന് നല്കുന്ന അരിയുടെയും ഗോതമ്പിന്റെയും നില പരിതാപകരമാണ്. അതിന് മാറ്റം വരുത്തുന്ന നിലയിൽ കാർഡുടമകളുടെ എണ്ണം, അതിന്റെ ഉപയോഗം, ഉപഭോക്തൃ സംസ്ഥാനമെന്നുള്ള പരിഗണന എന്നിവ നല്കി ആ നിലയിലുള്ള നിലപാടുകൾ സ്വീകരിക്കുന്നതിന് കേന്ദ്ര നയം മാറ്റിയേ മതിയാകൂ. ആ നയം മാറ്റുന്നത്തിനാവശ്യമായ ശക്തമായ നീക്കങ്ങൾ കക്ഷി-രാഷ്ട്രീയങ്ങൾക്കതീതമായി എല്ലാ പക്ഷത്തുനിന്നുമുണ്ടായാൽ മാത്രമെ സംസ്ഥാനത്തിന് നീതി ലഭിക്കാൻ കഴിയൂവെന്നത് മറ്റൊരു വസ്തുതയാണ്. മാവേലി സ്റ്റോറുകളുടെ കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ നേരത്തെ പറഞ്ഞു. ഓണത്തിന് മുമ്പായി മാവേലി സ്റ്റോറിൽ ക്രമീകരണങ്ങൾ നടക്കുകയാണ്. നാല് പുതിയ പരിഷ്കൃതമായ സംവിധാനങ്ങൾ ഒരുക്കുന്നുണ്ട്.

വിശപ്പ് രഹിത കേരളത്തെക്കുറിച്ച് പറഞ്ഞു. അതൊരു പ്രഖ്യാപനമാണ്. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പറഞ്ഞു "എന്റെ സംസ്ഥാനത്ത് ഒരാളും പട്ടിണി കിടക്കരുത്." അത് പറഞ്ഞത് വാസ്തവത്തിൽ കേരളത്തിലെ മുഖ്യമന്ത്രി മാത്രമാണ്. അദ്ദേഹം പറഞ്ഞത്, എല്ലാവർക്കും ഭക്ഷണം നൽകണം, തെരുവുനായ്ക്കൾക്കുപോലും ഭക്ഷണം നൽകണമെന്നാണ്. എന്റെ ഓർമ്മയിൽ വന്നൊരു കാര്യം പറയുകയാണ്,

കോട്ടയത്ത് നടന്ന ഒരു സംഭവമാണത്. ചാനലിലും മനോരമ പത്രത്തിലും ഫോട്ടോ സഹിതം വന്നൊരു വാർത്തയായിരുന്നു. കോട്ടയത്ത് നാല് പട്ടികൾ പോലീസ് വണ്ടിയുടെ പിന്നാലെ ഓടുകയാണ്. പോലീസുകാർ വിചാരിച്ചു കുഴപ്പമാകുമെന്ന്. വണ്ടി നിർത്തി ഇറങ്ങിയപ്പോൾ പട്ടികൾ പോലീസ് യൂണിഫോമിൽനിന്ന എസ്.ഐ.യേയും സി.ഐ.യെയും കെട്ടിപുണർന്ന് സ്നേഹംകൊണ്ട് ചുംബിക്കുകയുണ്ടായി. കാരണം, നായ്ക്കൾക്ക് കഴിഞ്ഞ അഞ്ച് ദിവസം ഭക്ഷണം നൽകിയത് പോലീസുകാരായിരുന്നു. തെരുവുനായ്ക്കൾപോലും ആ നിലയിലുള്ള വികാരം പ്രകടിപ്പിക്കാൻ കഴിയുന്ന തരത്തിൽ വിശപ്പിന് പരിഹാരം കാണാൻ കഴിഞ്ഞുവെന്നതാണ് ഇക്കാര്യത്തിൽ പറയാനുള്ള അനുഭവസാക്ഷ്യം. വിശപ്പ് രഹിത കേരളമെന്ന് പറയുമ്പോൾ മനുഷ്യർക്ക് മാത്രമല്ല ഭക്ഷണം, എല്ലാ ജീവജാലങ്ങൾക്കുമാണ്. 'സുഭിക്ഷ ഹോട്ടൽ' എന്നാൽ സുഭിക്ഷമായ ഭക്ഷണമെന്നാണ്. ആ പേര് അന്വർത്ഥമാക്കത്തക്ക നിലയിലുള്ള ക്രമീകരണങ്ങളാണ് നടത്താൻ പോകുന്നത്. അതിനാവശ്യമായ കാര്യങ്ങൾ നൂറുദിന പരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, മറ്റ് സംഘടനകൾ എന്നിവയെ ക്രമീകരിച്ചുകൊണ്ടാണ് ഈ പരിപാടി നിർവ്വഹിക്കുന്നത്. സ്പെഷ്യൽ ഓണക്കിറ്റ് നൽകുന്നതിന് സഹകരണ മേഖല

ഉൾപ്പെടെയുള്ള ഘടകങ്ങളെയെല്ലാം ഒരുമിപ്പിക്കാൻ സാധിക്കും. അഗതി മന്ദിരങ്ങളിലും കന്യാസ്ത്രീ മഠങ്ങളിലും അന്തേവാസികൾക്കും സൗജന്യക്കിറ്റ് കൊടുക്കുന്നുണ്ട്. മുൻകാലങ്ങളിൽ അങ്ങനെ ചിന്തിക്കാൻപോലും കഴിയുമായിരുന്നില്ല. അതുപോലെതന്നെയാണ് സഞ്ചരിക്കുന്ന റേഷൻ കടകൾ, ആദിവാസി മേഖലകളിൽ വാതിൽപ്പടി വിതരണം തുടങ്ങിയവ. ദേശീയ ഭക്ഷ്യസുരക്ഷ നിയമത്തിന്റെ നിബന്ധനകൾ അംഗീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഈ ക്രമീകരണങ്ങളുമായി മുന്നോട്ടുപോകുകയാണ്. അത് തീർച്ചയായും അനുഗ്രഹീതമായൊരു നടപടിയാണ്. ഭക്ഷ്യ വകുപ്പിനെ സംബന്ധിച്ചിടത്തോളം, കഴിഞ്ഞ സർക്കാരിന്റെ കാലത്തും നിയമസഭയിൽ ചർച്ചകൾ വരുമ്പോൾ സാധാരണയുണ്ടാകുന്നതുപോലെ ഭക്ഷ്യ രംഗത്തിന് കർശനമായ വിമർശനങ്ങൾ നേരിടേണ്ടി വന്നിട്ടില്ല. കുറ്റമറ്റതും സുതാര്യവും സത്യസന്ധ്യവുമായ നിലയിൽ ഭക്ഷ്യവകുപ്പ് കൈകാര്യം ചെയ്തതുകൊണ്ടാണത്. അതിന്റെ തുടർച്ചയെന്ന രീതിയിൽ ഇപ്പോഴത്തെ ഭക്ഷ്യവകുപ്പുമന്ത്രി ജനപ്രതിനിധികളുമായി ബന്ധപ്പെട്ടുകൊണ്ട് അതാത് സ്ഥലങ്ങളിലെ കാര്യങ്ങൾ കേൾക്കാനും പറയാനും പരിഹരിക്കാനുമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുന്നുവെന്നത് സന്തോഷകരമാണ്. ഈ കാലഘട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്

ആരോഗ്യപ്രവർത്തകരും ആരോഗ്യവകുപ്പും ചേർന്നുകൊണ്ട് കോവിഡ് മഹാമാരിക്കെതിരെ നടത്തുന്ന പ്രവർത്തനം. ആ യുദ്ധത്തിൽ വിജയിക്കുന്നതോടൊപ്പം പ്രാധാന്യമുള്ളതാണ് ജീവിക്കുക എന്നത്. ജീവിക്കുന്നതിനാവശ്യമായ ഭക്ഷ്യപദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണം നടത്താനും അത് തുല്യമായ നീതിബോധത്തോടുകൂടി അർഹരായ കാർഡുടമകൾക്ക് ലഭ്യമാക്കുന്നതിനും അല്ലാത്തവർക്ക് മറ്റ് മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് ഭക്ഷ്യ സ്വയംപര്യാപ്തത ഉറപ്പാക്കുന്നതിനായി തരിശ് നിലങ്ങളെ കൃഷിക്ക് ഉപയോഗ്യമാക്കുന്നതുൾപ്പെടെയുള്ള ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് മാസത്തിന് മുമ്പ് എന്റെ മണ്ഡലത്തിലെ മുണ്ടേരി പഞ്ചായത്തിൽ നാല്പത് ഏക്കർ തരിശ് ഭൂമിയാണ് കൃഷിക്ക് ഉപയോഗ്യമാക്കിയത്. ഈ നിലയിൽ മുന്നോട്ടുപോകുന്ന ഭക്ഷ്യവകുപ്പ് സ്വീകരിക്കുന്ന നടപടികൾ പ്രാവർത്തികമാക്കുന്നതിൽ വിജയിക്കട്ടെ എന്ന് ആഗ്രഹിക്കുകയും ഈ ധനാഭ്യർത്ഥനയ്ക്ക് ഒരിക്കൽകൂടി പിന്തുണ അറിയിക്കുകയും ചെയ്തുകൊണ്ട് നിർത്തുന്നു.

ശ്രീമതി ഒ. എസ്. അംബിക: സർ ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു. അനർഹമായി

മുൻഗണനാ കാർഡുകൾ കൈവശം വച്ചിരുന്നവർക്ക് പിഴയോ ശിക്ഷയോകൂടാതെ കാർഡ് തിരിച്ചേല്പിക്കാൻ അവസരം നല്കിയത് ജൂൺ 17 മുതൽ ജൂലൈ 15 വരെയായിരുന്നു. ഈ അവസരത്തിലൂടെ 1,23,000 പേരാണ് സ്വമേധയാ കാർഡുകൾ സർക്കാരിലേയ്ക്ക് തിരിച്ചേല്പിച്ചിരിക്കുന്നത്. ഈ കാർഡുകൾ അർഹതയുള്ളവരുടെ കൈകളിൽ എത്തിക്കാനുള്ള നടപടികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഒന്നേകാൽ ലക്ഷം കുടുംബങ്ങളുടെ മുഖത്ത് ആശ്വാസകരമായ പുഞ്ചിരിയാണ് ഈ നടപടിയിലൂടെ വന്നിരിക്കുന്നത്. ലോക പട്ടിണി സൂചികയിൽ ഇടംപിടിച്ച 107 രാജ്യങ്ങളിൽ 94-ാം സ്ഥാനത്താണ് ഇന്ത്യ. കേന്ദ്രം നല്കുന്നതിലേറെ ആളുകൾക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കിയാണ് സംസ്ഥാനം മുന്നോട്ടുപോകുന്നത്. കഴിഞ്ഞ സർക്കാർ അധികാരത്തിലേറിയപ്പോൾ പ്രകടന പത്രികയിൽ പറഞ്ഞ വാഗ്ദാനമായിരുന്നു അവശ്യസാധനങ്ങൾക്ക് വില കൂട്ടില്ലായെന്നുള്ളത്. അരിയും പഞ്ചസാരയും മുളകുമുൾപ്പെടെ 14 ഇന അവശ്യസാധനങ്ങൾ സപ്ലൈകോയുടെ വിതരണ കേന്ദ്രങ്ങളിൽ റേഷൻ കാർഡുമായി എത്തിയാൽ അതേ വിലയ്ക്കുതന്നെ ലഭിക്കുന്നു. സാധാരണ കുടുംബങ്ങൾക്ക് ഏറെ ആശ്വാസം പകരാൻ ഇതിലൂടെ കഴിഞ്ഞു. അതുപോലെതന്നെ സംസ്ഥാനത്തുള്ള മണ്ണെണ്ണ വിഹിതവും വെട്ടിക്കുറച്ചു. അങ്കണവാടികൾക്കുള്ള

അരിയും ഗോതമ്പും വെട്ടിക്കുറച്ച് പിഞ്ചുകുഞ്ഞുങ്ങളെപോലും പ്രതിസന്ധിയിലാക്കുന്നതാണ് കേന്ദ്രത്തിന്റെ നിലപാട്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ആനുപാതികമായ റേഷൻ വിഹിതംപോലും കിട്ടുന്നില്ല. കേരളത്തിന്റെ ഗ്രാമീണ മേഖലയിൽ 52 ശതമാനത്തോളം ജനവിഭാഗങ്ങൾ മാത്രം എൻ.എഫ്.എസ്.എ. പട്ടികയിൽ ഇടം നേടുമ്പോൾ ബീഹാറിൽ 65 ശതമാനവും മദ്ധ്യപ്രദേശിൽ 80 ശതമാനവും കാർഡ് ഉടമകൾ എൻ.എഫ്.എസ്.എ. പട്ടികയിൽ ഇടംപിടിക്കുന്നു. അതുപോലെതന്നെ കർഷകർക്ക് ഏറെ ആശ്വാസം പകരുന്ന നെല്ല് സംഭരണത്തിൽ ഒരു കിലോഗ്രാം നെല്ലിന് 18 രൂപ 68 പൈസ മാത്രമാണ് കേന്ദ്രം വില നല്കിയിരുന്നത്. എന്നാൽ 8 രൂപ 80 പൈസകൂടി ചേർത്ത് കിലോഗ്രാമിന് 27 രൂപ 48 പൈസ നിരക്കിലാണ് സംസ്ഥാന സർക്കാർ നല്കുന്നത്. എ.എ.വൈ.-ലും മുൻഗണനാ വിഭാഗമുള്ള കാർഡുടമകൾക്ക് മാത്രമാണ് റേഷൻ ആനുകൂല്യങ്ങൾ നല്കുന്നത്. മുൻഗണനാ വിഭാഗത്തിൽപ്പെടാത്ത 25 ലക്ഷത്തിലധികം വരുന്ന നീലനിറത്തിലുള്ള കാർഡുടമകൾക്ക് സംസ്ഥാനമാണ് റേഷൻ നല്കുന്നത്. ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ആറായിരം കോടി രൂപയാണ് സംസ്ഥാനം ചെലവഴിക്കുന്നത്. രാജ്യത്തെ മറ്റ്

സംസ്ഥാനങ്ങളൊന്നും ഇതിനായി പണം ചെലവഴിക്കുന്നില്ലെന്ന് നാം കാണേണ്ടതാണ്.

ഓഖി ദുരന്തത്തെ തുടർന്ന് 734 കോടി രൂപയുടെ സാമ്പത്തിക സഹായം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടപ്പോൾ നല്കിയത് ആകെ 111 കോടി രൂപ മാത്രമാണ്. 2010-ലെ പ്രളയത്തെതുടർന്ന് 5616 കോടി രൂപയുടെ അടിസ്ഥാന സൗകര്യങ്ങൾ ആവശ്യപ്പെട്ടപ്പോൾ തന്നത് 2904 കോടി രൂപ മാത്രമാണ്. 2019-ലെ പ്രളയത്തിന് 2100 കോടി രൂപ ആവശ്യപ്പെട്ടപ്പോൾ കേന്ദ്രം ഒരു സഹായവും നൽകിയില്ല. കോവിഡ് പ്രതിസന്ധിയിൽ കഷ്ടതയനുഭവിക്കുന്ന കുടുംബങ്ങൾക്ക് മുടങ്ങാതെ കിട്ടിയ ഭക്ഷ്യക്കിറ്റ് കേന്ദ്രത്തിന്റേതാണെന്ന് ഇവർ പറഞ്ഞു. പക്ഷേ മറ്റ് ചിലർ അരിയുടെയും കിറ്റിന്റെയും വിതരണവും ലൈഫ് പദ്ധതിയുമൊക്കെ തടസ്സപ്പെടുത്താൻ ശ്രമിച്ചു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് സമയത്ത് ഇവർ കേസിന് പോയതുകൊണ്ടാണ് ഇപ്പോൾ പ്രതിപക്ഷത്ത് ഇരിക്കേണ്ടി വന്നത്. പ്രതിപക്ഷത്ത് വീണ്ടും ഇരിക്കുമെന്നുള്ള ഉറപ്പുള്ളതുകൊണ്ടാണ് കിറ്റ് അഴിമതിയാണെന്നും കള്ളത്തരം നടത്തുന്നുവെന്നും നിയമസഭയിൽ ഇവർ പറഞ്ഞുകൊണ്ടിരിക്കുന്നത്. അതുപോലെതന്നെ പാവപ്പെട്ട സ്കൂൾ കുട്ടികൾക്കുള്ള അരിവിതരണവും തടസ്സപ്പെടുത്താൻ ശ്രമിച്ചു. പക്ഷെ

മുടക്കമില്ലാതെ കിറ്റ് വിതരണം നടത്താൻ ഇച്ഛാശക്തിയുള്ള ഗവൺമെന്റിന് സാധിച്ചു. മാത്രമല്ല, ഓണക്കാലത്ത് സംസ്ഥാനത്തെ മുഴുവൻ കാർഡുടമകൾക്കും 16 ഇനങ്ങൾ അടങ്ങിയ സ്പെഷ്യൽകിറ്റ് വിതരണം ചെയ്യുകയാണ്. ഈ കിറ്റിലുൾപ്പെടുത്തിയ ഇനങ്ങൾ ഓരോന്നും സംസ്ഥാനത്തെ സഹകരണ-കാർഷിക മേഖല, കുടുംബശ്രീ യൂണിറ്റുകൾ എന്നിവർക്ക് പ്രയോജനം ലഭിക്കുന്ന തരത്തിലാണ് നിശ്ചയിച്ചിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മുടക്കമില്ലാതെ റേഷൻ വിതരണം നടത്തിയ വ്യാപാരികളെ നമ്മൾ അഭിനന്ദിക്കേണ്ടതുണ്ട്. കാരണം, സ്വന്തം ആരോഗ്യത്തെക്കാളും പ്രാധാന്യം അപരന്റെ വിശപ്പിനാണെന്ന് തിരിച്ചറിഞ്ഞവരാണ് റേഷൻ വ്യാപാരികൾ. കോവിഡ് രോഗഭീഷണി ചെറുക്കാൻ മുൻനിര പോരാളികളായി പ്രവർത്തിച്ച അവർക്ക് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കുന്നതിനെയും അഭിനന്ദിക്കുന്നു. റേഷൻ ഡീലേഴ്സ് ക്ഷേമനിധി ബോർഡിന് സർക്കാർ വിഹിതം അനുവദിക്കുന്ന നടപടി പുരോഗമിച്ചുവരികയാണ്. ക്ഷേമനിധി ബോർഡിലെ ഒരംഗം മരണപ്പെട്ടാൽ പരമാവധി നാലായിരം രൂപയാണ് കൊടുത്തുകൊണ്ടിരുന്നത്. അത് രണ്ടുലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനായി അഞ്ച് കോടി രൂപ അനുവദിക്കുന്നതിനുള്ള

സർക്കാരിന്റെ നടപടി പ്രശംസനീയമാണ്. അതുപോലെ ഭക്ഷ്യയോഗ്യമായ നാണ്യവിളകൾ മാന്യമായ വില ഉറപ്പാക്കി സംഭരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിതരണം ചെയ്യാനുള്ള പദ്ധതിക്ക് 5 കോടി രൂപ അനുവദിക്കുന്നത് സാധാരണ കർഷകർക്ക് ഏറെ ആശ്വാസകരമാണ്. ഭക്ഷ്യക്ഷാമവും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയുമുൾപ്പെടെയുള്ള മനുഷ്യനിർമ്മിത കെടുതികളെ ഫലപ്രദമായും ജനോപകാരപ്രദമായും നേരിടാനാണ് റേഷൻ സമ്പ്രദായം ആരംഭിച്ചത്. ഉൽപ്പന്നങ്ങൾ കർഷകരിൽനിന്ന് ശേഖരിച്ച് ന്യായവിലയ്ക്ക് വിതരണം ചെയ്യുന്ന പതിറ്റാണ്ടോളം നിലനിന്ന സംവിധാനത്തെ തകർക്കാൻ കേന്ദ്രം ശ്രമിക്കുകയാണ്. ജനങ്ങളിൽ പ്രതീക്ഷ വളർത്തുന്ന ബദലുയർത്തിയാണ് ഈ ഭരണം മുന്നോട്ടുപോകുന്നത്. ആറുപതിറ്റാണ്ടുകൾക്ക് മുമ്പ് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം ആരംഭിച്ചപ്പോൾ രാജ്യത്തെ മുഴുവനാളുകൾക്കും ന്യായമായ വിലയ്ക്ക് ഭക്ഷ്യധാന്യം നൽകിയിരുന്നു. ഇന്ന് 67 ശതമാനം ആളുകൾക്ക് മാത്രമാണ് റേഷൻ ലഭിക്കുന്നത്. 67 ശതമാനത്തിൽനിന്നും പത്തുകോടി ആളുകളെ എങ്ങനെ ഒഴിവാക്കാമെന്ന് നീതി ആയോഗിന്റെ നിർദ്ദേശപ്രകാരമുള്ള ആലോചനയാണ് നടന്നുകൊണ്ടിരിക്കുന്നത്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ കെട്ടിക്കിടക്കുമ്പോഴാണ്

ഇത്തരം ആലോചനകളുമായി ഇവർ മുന്നോട്ടുപോകുന്നത്. കാലത്തിനനുസരിച്ച് ഭക്ഷ്യവകുപ്പും മാറുന്നു. ഓർമ്മവച്ചകാലം മുതൽ കണ്ടുവരുന്ന റേഷൻ കാർഡും മാറി. ഇ-ആധാർ മാതൃകയിൽ സ്വയം പ്രിന്റ് ചെയ്ത് ഉപയോഗിക്കാൻ കഴിയുന്ന ഇലക്ട്രോണിക് റേഷൻ കാർഡുകൾ നിലവിൽ വന്നുകഴിഞ്ഞു. സ്വന്തമായും അക്ഷയകേന്ദ്രങ്ങൾ വഴി ഓൺലൈനായും അപേക്ഷിക്കാം. കോവിഡ് കാലത്ത് റേഷൻകാർഡിനായി താലൂക്ക് സപ്ലൈ ഓഫീസിൽ പോകേണ്ടതില്ല. ഈ പ്രതിസന്ധിയുടെ കാലഘട്ടത്തിൽ റേഷൻ കടകളിൽനിന്നും മുടങ്ങാതെ റേഷനും ഭക്ഷ്യക്കിറ്റും ലഭിക്കുന്നതിനാൽ റേഷൻ കാർഡുകളുടെ എണ്ണവും കൂടിയിരിക്കുന്നു. ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് കൃത്യമായി ലഭിക്കുന്നതിനാൽ 90 ശതമാനത്തിലേറെ ആളുകളും റേഷൻകടകളിൽനിന്നും സാധനം വാങ്ങുന്നു. മുൻകാലങ്ങളിൽ ഔദ്യോഗികരേഖയായി മാത്രം റേഷൻകാർഡുപയോഗിച്ചിരുന്നവർ മുടങ്ങാതെ റേഷൻ വാങ്ങുന്നവരായി മാറിയത് ഈ സർക്കാരിന്റെ റേഷൻ സമ്പ്രദായത്തിലൂടെയാണ്. സംസ്ഥാനത്തെ റേഷൻകടകൾ ആധുനികവത്ക്കരിക്കുന്നതിന് പിന്നാലെ മാവേലി സ്റ്റോറുകൾ ആധുനികതയുടെ മുഖം അണിയുകയാണ്. വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ എന്റർപ്രൈസസ് റിസോഴ്സ്

പ്ലാനിംഗ് സംവിധാനം നടപ്പിലാക്കുന്നു. ഇതിലൂടെ സംസ്ഥാനത്തെ മുഴുവൻ മാവേലി സ്റ്റോറുകളുടെയും സ്റ്റോക്കും സെയിൽസും പർച്ചേസുമുൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാകുകയും നിയന്ത്രണം സാദ്ധ്യമാകുകയും ചെയ്യുന്നു. വിപണിയിൽ കാര്യക്ഷമമായി ഇടപെട്ടുകൊണ്ട് ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകാൻ സാധിക്കുന്നു. 'വിശപ്പുരഹിത കേരളം പദ്ധതി' യുടെ ഭാഗമായി സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ, സപ്ലൈകോ, മറ്റ് സന്നദ്ധ സംഘടനകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെയുമാണ് 20 രൂപ നിരക്കിൽ ഉച്ചഭക്ഷണം ലഭ്യമാക്കുന്നത്. ആദ്യഘട്ടത്തിൽ എല്ലാ നിയോജകമണ്ഡലത്തിലും ഒരു സുഭിക്ഷ ഹോട്ടൽ ആരംഭിക്കാൻ സന്നദ്ധമാണെന്ന് അറിയിച്ചിരിക്കുന്നു. പല തദ്ദേശഭരണ സ്ഥാപനങ്ങളും ഇന്ന് 20 രൂപ നിരക്കിൽ ഉച്ചഭക്ഷണം നൽകിവരുന്നത് ആശ്വാസകരമാണ്. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. കിറ്റുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചർച്ചയാണ് ഇന്ന് ഏറ്റവും

കൂടുതൽ വന്നിട്ടുള്ളത്. ഓണം വരികയാണ്. ജൂലൈ 31 മുതൽ ആഗസ്റ്റ് 2 വരെ AAY (Antyodaya Anna Yojana) കാർഡുകാർക്ക് നൽകേണ്ട കിറ്റ് കാസർഗോഡ് ജില്ലയിലെ പല സ്ഥലങ്ങളിലും ഇപ്പോഴും എത്തിയിട്ടില്ല. പലയിടത്തും ജനങ്ങളും റേഷൻ വ്യാപാരികളും തമ്മിൽ അടിപിടിയാണ്. അതിൽ ബഹുമാന്യനായ മന്ത്രി ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു പ്രശ്നം, തുച്ഛമായ ശമ്പളത്തിന് ജോലി ചെയ്യുന്ന മദ്രസ്സ അദ്ധ്യാപകരുൾപ്പെടെ വാടക വീടുകളിലും പുറമ്പോക്ക് ഭൂമിയിലും താമസിക്കുന്ന ആളുകൾ സ്വാഭാവികമായും കാർഡുകൾക്ക് അപേക്ഷിക്കും. പലപ്പോഴും വീടില്ലാത്തവർക്ക് സോഷ്യൽ മീഡിയയിലൂടെയും വാട്സ്ആപ്പിലൂടെയും അറിഞ്ഞ് സന്നദ്ധസംഘടനകളും മറ്റും പുതിയ വീട് നിർമ്മിച്ച് നൽകുമ്പോൾ ആയിരം സ്ക്വയർ ഫീറ്റിൽ കൂടിപ്പോയി എന്ന ഒറ്റക്കാരണംകൊണ്ട് നൂറ് ശതമാനം ബി.പി.എൽ. കാർഡിന് അർഹതയുണ്ടായിട്ടുപോലും അവരെ തഴയുന്ന അവസ്ഥയുണ്ടാകുന്നുണ്ട്. അതുകൊണ്ട് അവർക്ക് റേഷൻ കാർഡ് ലഭ്യമാക്കാനുള്ള ഇടപെടൽ ബഹുമാന്യനായ മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റൊരുകാര്യം ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ഒരാൾ ബി.പി.എൽ. കാർഡിന് അപേക്ഷിക്കുമ്പോൾ, അവർക്ക് ഗ്രാമ-നഗര

വ്യത്യാസമില്ലാതെ ഒരു ഏക്കർ സ്ഥലത്തിൽ കൂടുതലുണ്ടാകാൻ പാടില്ലെന്നുള്ളതാണ് ചട്ടം. സ്വാഭാവികമായും നഗരത്തിൽ പത്ത് സെന്റുള്ള ആളുകൾക്ക് കാർഡിന് അവകാശമുണ്ട്. ഉൾഗ്രാമത്തിലുള്ള ഒരാൾക്ക് ഒരു ഏക്കർ സ്ഥലമുള്ളതുകൊണ്ട് ഇത് നിഷേധിക്കുന്ന അവസ്ഥയുണ്ടാകുന്നുണ്ട്. എന്റെ നാട്ടിലും മണ്ഡലത്തിലുമൊക്കെ ഡയാലിസിസ് രോഗികൾ ചെറിയ നാലുചക്രവാഹനം വാങ്ങിയത് കാരണം തഴയപ്പെടുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധ അക്കാര്യങ്ങളിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ കോവിഡ് കാലത്ത് 14500-ഓളം വരുന്ന റേഷൻ വ്യാപാരികൾ വളരെ കൃത്യമായി, വിശ്രമമില്ലാതെ കിറ്റുകളടക്കം വളരെ നന്നായി വിതരണം ചെയ്തവരാണ്. അതിനിടയിൽ കോവിഡ് പിടിപെട്ട് 51 പേർ മരിക്കുന്ന സാഹചര്യവുമുണ്ടായി. കഴിഞ്ഞ പത്തുമാസത്തോളമായി കിറ്റ് നൽകിയതിന്റെ കമ്മീഷൻ അവർക്ക് നൽകിയിട്ടില്ല. ബഹുമാന്യനായ മന്ത്രി ഓണത്തിനുമുമ്പ് അവർക്കത് നൽകാനുള്ള ഇടപെടൽ നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. എന്റെ മണ്ഡലത്തിൽ സപ്ലൈ ഓഫീസ് ആരംഭിച്ചിട്ട് മൂന്നുനാല് വർഷമായെങ്കിലും സ്വന്തമായി കെട്ടിടമില്ല. അത് വലിയ പ്രയാസം സൃഷ്ടിക്കുകയാണ്. ഒരു കെട്ടിടത്തിന്റെ രണ്ടാം

നിലയിലാണ് സപ്ലൈ ഓഫീസ് പ്രവർത്തിക്കുന്നത്. അതോടൊപ്പം ലീഗൽ മെട്രോളജി ഓഫീസിന്റെ ഉദ്ഘാടനം മൂന്നുവർഷം മുമ്പാണ് ആരംഭിച്ചത്. അതിനും സ്വന്തമായി കെട്ടിടമില്ല. മഞ്ചേശ്വരം താലൂക്ക് സപ്ലൈ ഓഫീസിനും ലീഗൽ മെട്രോളജി ഓഫീസിനും കെട്ടിടങ്ങൾ അടിയന്തരമായി അനുവദിക്കാൻ ബഹുമാന്യനായ മന്ത്രി ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി.ഡെപ്യൂട്ടി സ്പീക്കർ]

എല്ലാ താലൂക്ക് തലത്തിലും വർക്കിംഗ് സ്റ്റാൻഡേർഡ് ലബോറട്ടറി എന്ന ലക്ഷ്യവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പരിശോധനയ്ക്കായി ഒരു ലാബുണ്ട്. മഞ്ചേശ്വരത്ത് ആ സൗകര്യമില്ല. എല്ലാ മേഖലകളിലുമുള്ള സ്വകാര്യവത്ക്കരണത്തിന്റെ ഭാഗമായി പുതുതായി അധികാരത്തിലേറിയ കേന്ദ്ര സർക്കാർ ഗവൺമെന്റ് അപ്രൂവ്ഡ് ടെസ്റ്റ് സെന്റർ എന്ന പുതിയൊരു നയം രാജ്യത്ത് പ്രഖ്യാപിച്ചിരിക്കുകയാണ്. ആ നയത്തിന്റെ ഭാഗമായി വർക്കിംഗ് സ്റ്റാൻഡേർഡ് ലബോറട്ടറി സ്വകാര്യ ഏജൻസികൾക്കുകൂടി സർട്ടിഫൈ ചെയ്യാനുള്ള അവസരമാണ് കേന്ദ്രസർക്കാർ നൽകിയിട്ടുള്ളത്. ഒന്നാമതായി, സംസ്ഥാന സർക്കാരിന്റെ അധികാരം കവർന്നെടുക്കുന്നു. രണ്ടാമതായി നമ്മുടെ റവന്യൂ വരുമാനം കുറയുന്നു. ഒരു ഉദാഹരണം പറയാം,

ഒരു പെട്രോൾ പമ്പിൽനിന്ന് അഞ്ച് ലിറ്റർ പെട്രോൾ അടിക്കുമ്പോൾ അതിൽ ഏറ്റക്കുറച്ചിലുകൾ വരികയാണെങ്കിൽ ഗവൺമെന്റിനോടോ പൊതുമേഖലയിലുള്ളവരോടോ പരാതി പറയാൻ കഴിയും. അതേയവസരത്തിൽ സ്വകാര്യ മേഖലയ്ക്ക് നൽകുന്നതോടുകൂടി പൊതുജനങ്ങൾക്ക് വലിയ പ്രയാസമുണ്ടാകുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങളെത്തും. നമ്മുടെ സംസ്ഥാനത്ത് മുഴുവൻ മേഖലകളിലും N.A.B.L. (National Accreditation Board for Testing and Calibration Laboratories) അംഗീകാരം വാങ്ങിയാൽ തീർച്ചയായും ഇത് മറികടക്കാൻ കഴിയും. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി കേരളത്തിൽ 2003-ൽ എറണാകുളത്ത് N.A.B.L. അംഗീകാരത്തോടുകൂടി ഈ സംവിധാനം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

അതോടൊപ്പം ഈ സഭയിൽ മറ്റൊരു കാര്യം ഉന്നയിക്കാനുള്ളത്, കോവിഡ് കാലമാണ്. കഴിഞ്ഞ ദിവസം ബഹുമാന്യയായ ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി റൂൾ 300 പ്രകാരം സഭയിൽ നടത്തിയ പ്രസ്താവന സംബന്ധിച്ച് നേരത്തേ ഇവിടെ ചർച്ച നടന്നു. ഈ പ്രയാസകരമായ കാലത്ത് പോലീസിന്റെ പെരുമാറ്റവും ഫൈനിടുന്നതും ജനങ്ങളെ ദ്രോഹിക്കുന്നതും കൂടുതൽ മോശമായിക്കൊണ്ടിരിക്കുകയാണ്.

ഇന്നലത്തെ പ്രഖ്യാപനത്തോടുകൂടി കുറച്ചുകൂടി ജനങ്ങളെ ദ്രോഹിക്കാനുള്ള അധികാരമാണ് പോലീസിന് സർക്കാർ നൽകിയിട്ടുള്ളത്. അത് പുനഃപരിശോധിക്കേണ്ടതാണ്. കോവിഡ് വാക്സിനേഷനുമായി ബന്ധപ്പെട്ട് മഞ്ചേശ്വരം താലൂക്ക് ഹോസ്പിറ്റലിന്റെ മുമ്പിൽ ജനപ്രതിനിധികളും സാമൂഹ്യപ്രവർത്തകരും രാഷ്ട്രീയ പ്രവർത്തകരുമൊക്കെ സേവനം ചെയ്യുന്നുണ്ട്. പോലീസ് നടത്തിയ അതിക്രമത്തിന്റെ ഭാഗമായി മൂന്നുനാല് ദിവസം മുമ്പ് അവിടെ ശ്രീ. ബാബു എന്ന പഞ്ചായത്തംഗത്തിന്റെ പേരിൽ ജാമ്യമില്ലാ വകുപ്പുപ്രകാരം കേസെടുക്കുകയും അഭിലാഷ് അടക്കമുള്ള രണ്ടുപേരെ റിമാൻഡ് ചെയ്യുകയും ചെയ്തു. ഒരു ജനപ്രതിനിധിയുടെ മാസ്ക് താഴ്ന്നുപോയി എന്ന കാരണത്താൽ കഴിഞ്ഞ ദിവസം വീണ്ടും പോലീസ് ഫൈനിന്റെ പേരിൽ ആക്രമിക്കുകയും ശ്രീ. ഷെരീഫ് ടി. എ. എന്ന പഞ്ചായത്തംഗത്തിന്റെ പേരിൽ ജാമ്യമില്ലാ വകുപ്പുപ്രകാരം കേസെടുത്തിരിക്കുകയുമാണ്. കഴിഞ്ഞ ഒരുപാട് നാളുകളായി ആ ആശുപത്രിയുടെ മുമ്പിൽ സേവനം ചെയ്യുന്ന വ്യക്തിയാണദ്ദേഹം. സ്വാഭാവികമായും ആ മേഖലയിൽ സേവനം ചെയ്യുന്ന ആളുകളെയും ജനപ്രതിനിധികളെയും നമുക്കൊക്കെ അറിയാം. വ്യാപാരികൾ മുഴുവനും സമരത്തിന് നിന്ന ഒരു ഘട്ടത്തിലാണ് കടകൾ തുറക്കാമെന്ന് സർക്കാർ

പ്രഖ്യാപിച്ചത്. ഈ ഘട്ടത്തിലാണ്, ഒരു ഡോസ് വാക്സിനെടുത്ത് പതിനാല് ദിവസം പിന്നിട്ടവരെയും കോവിഡ് പോസിറ്റീവായി ഒരു മാസം കഴിഞ്ഞവരെയും 72 മണിക്കൂറിനകം ആർ.ടി.പി.സി.ആർ. ടെസ്റ്റ് ചെയ്ത് നെഗറ്റീവായവരെയും മാത്രമേ കടകളിൽ പ്രവേശിപ്പിക്കാവൂ എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് വളരെ കൃത്യമായി ഈ വിഷയം ഉന്നയിച്ചു. ഇന്നലത്തെ ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രസ്താവന വ്യാപാരികൾ വളരെ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുന്ന ഘട്ടത്തിലാണ് അവരെ വീണ്ടും ദ്രോഹിക്കാനും ഉപദ്രവിക്കാനും പോലീസിനെ കയറൂരി വിടുന്ന രീതിയിലുള്ള ഒരു നയമാണ് ആരോഗ്യ വകുപ്പുമന്ത്രിയെ മറികടന്നുകൊണ്ട് ചീഫ് സെക്രട്ടറി ഇവിടെ പ്രഖ്യാപിച്ചിട്ടുള്ളത്. സർക്കാർ കട തുറക്കാനുള്ള അവസരം നൽകി എന്നുള്ള പ്രതീക്ഷയിലാണ് അവർ സമരം പിൻവലിച്ചത്. രണ്ട് നിർദ്ദേശങ്ങളാണ് കോവിഡ് കാലത്ത് വളരെ കൃത്യമായി പോലീസിന് കൊടുക്കേണ്ടത്. ഫൈനിടുന്ന കാര്യത്തിൽ അവർ ജനങ്ങളെ വളരെയേറെ ദ്രോഹിക്കുന്നുണ്ട്. അത് ഒരുപക്ഷേ രാഷ്ട്രീയവ്യത്യാസമില്ലാതെ ഈ സഭയിലെ 140 അംഗങ്ങൾക്കും ബോദ്ധ്യപ്പെട്ട കാര്യമാണ്. കോവിഡ് കാലത്ത് മനുഷ്യത്വപരമായി പെരുമാറണമെന്നുള്ള ഒരു നിർദ്ദേശം പോലീസിന്

കൊടുക്കണം. മഞ്ചേശ്വരം താലൂക്ക് ഹോസ്പിറ്റലിലെ ശ്രീ. ഷെരീഫ് ടി. എ., ശ്രീ. ബാബു എന്നിവരടക്കമുള്ള ആളുകളുടെ പേരിൽ കള്ളക്കേസ് ചുമത്തിയ പോലീസുകാർക്കെതിരെ നടപടിയെടുക്കണം. അത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സമഗ്ര അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, വളരെ അഭിമാനത്തോടെയാണ് ഞാൻ ഈ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നത്. കേരളത്തിൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ ഭക്ഷ്യ വകുപ്പിൽനിന്ന് എൽ.ഡി.എഫ്.-ന്റെ ഭരണകാലത്തെ ഭക്ഷ്യ വകുപ്പിലേയ്ക്കുള്ള മാറ്റം പരിശോധിക്കുമ്പോൾ, കട്ടുതിന്നുന്ന ഭരണത്തിൽനിന്ന് കിറ്റ് നൽകുന്ന ഭരണത്തിലേയ്ക്ക് കേരളം മാറിയെന്നതാണ് ശ്രദ്ധേയമായി കാണാൻ കഴിയുന്നത്. കേരളത്തിൽ മനുഷ്യന് ഭക്ഷണം എത്ര പ്രധാനപ്പെട്ടതാണോ അതുപോലെ പ്രധാനപ്പെട്ട വകുപ്പായി ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മാറിയിരിക്കുകയാണ്. വളരെയേറെ ഭീതിയുണ്ടായ നാളുകളാണ് കടന്നുപോയത്. ഭീതിവിതച്ച പ്രകൃതിദുരന്തങ്ങളുണ്ടായി. ഇനിയെന്ത് എന്ന് പലരും ആശങ്കപ്പെടുന്ന കാലമാണ്. ആ ഭീതിയെല്ലാം അകറ്റി ജനങ്ങൾക്ക് ആത്മവിശ്വാസം പകർന്നു. ക്ഷാമമുണ്ടാകുമെന്നും പട്ടിണിക്കാർ

വർദ്ധിക്കുമെന്നുമുള്ള ഭയമുള്ളപ്പോൾ അതിനെയെല്ലാം അസ്ഥാനത്താക്കിക്കൊണ്ട് ആശ്വാസം പകർന്ന വകുപ്പായി ഭക്ഷ്യ വിതരണ വകുപ്പിനെ സർക്കാർ മാറ്റി. അതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. മനുഷ്യന് മാത്രമല്ല, ജീവജാലങ്ങൾക്കും ഭക്ഷണം നൽകിക്കൊണ്ടാണ് ഈ നാട് മാതൃകയായത്. ജനങ്ങളോടൊപ്പം ഹൃദയപക്ഷത്തുനിന്ന് പ്രവർത്തിച്ചതുകൊണ്ടാണ് എൽ.ഡി.എഫ്. ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വന്നത്. നമ്മുടെ രാജ്യത്തിന്റെ സ്ഥിതി പരിശോധിക്കണം. ഇന്ത്യയിൽ 23 ശതമാനം ജനങ്ങൾക്ക് റേഷൻ കാർഡില്ല. രാജ്യത്ത് പത്ത് കോടി ആളുകൾ റേഷൻ സംവിധാനത്തിന് പുറത്താണ്. കേരളംപോലുള്ള ചുരുക്കം സംസ്ഥാനങ്ങളിൽ മാത്രമാണ് സമ്പൂർണ്ണ റേഷൻ കാർഡുള്ളതെന്ന സത്യം നമ്മൾ തിരിച്ചറിയണം. പട്ടികവർഗ്ഗക്കാരിൽ 65 ശതമാനം പേർക്കും മുസ്ലീങ്ങളിൽ 56 ശതമാനം പേർക്കും റേഷൻ കാർഡില്ല. അതിന്റെ ഫലമായി രാജ്യത്ത് പട്ടിണി കൊടികുത്തി വാഴുകയാണ്. രാജ്യത്ത് ഒരു ഊണ് പോലും കഴിക്കാതെ ഒരിക്കലെങ്കിലും കഴിയേണ്ടിവന്ന കുടുംബങ്ങൾ 48 ശതമാനവും പലതവണ കഴിയേണ്ടിവന്നത് 27 ശതമാനവും വളരെയേറെ ദിവസം കഴിയേണ്ടിവന്നവർ 30 ശതമാനവുമാണ്. 2020-ലെ ആഗോള പട്ടിണി സർവ്വേയിൽ 107 രാജ്യങ്ങൾ പരിശോധിക്കുമ്പോൾ ഇന്ത്യയുടെ സ്ഥാനം

94-ാമതാണ്. പാകിസ്ഥാനും നേപ്പാളും ബംഗ്ലാദേശുമെല്ലാം ഇന്ത്യയ്ക്ക് മുകളിലാണ്. ഏഴ് കോടി ടൺ ഭക്ഷ്യധാന്യം കെട്ടിക്കിടക്കുന്ന രാജ്യത്താണ് ഈ അവസ്ഥയെന്ന് പറയുന്നത് അത്ഭുതപ്പെടുത്തുന്ന കണക്കാണ്. അതാണ് കേരളവും ഇന്ത്യയും തമ്മിലുള്ള വ്യത്യാസം. ഒരാൾപോലും പട്ടിണി കിടക്കില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഭക്ഷണം ഉറപ്പാക്കിക്കൊണ്ടാണ് കേരളത്തിലെ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് പ്രവർത്തിക്കുന്നത്.

" അപരന്റെ ദാഹത്തിന് എന്റേതിനേക്കാൾ
അധികമാം കരുതലും കരുണയും
കൂടിപാർക്കും ഒരു വീടുണ്ടെനിക്ക്"

എന്ന് ഒ.എൻ.വി. കുറുപ്പ് പറഞ്ഞിട്ടുണ്ട്. ആ വീട് കേരളമാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ എല്ലാ പദ്ധതികളും സാധാരണക്കാർക്കും പാവപ്പെട്ടവനുംവേണ്ടിയാണ്. 'മനുഷ്യന്റെ ഹൃദയത്തിലേയ്ക്കുള്ള വഴി വായിലൂടെയാണ്' എന്നൊരു ചൈനീസ് പഴമൊഴിയുണ്ട്. ഇന്ന് എ.പി.എൽ., ബി.പി.എൽ. എന്നോ പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ വ്യത്യാസമില്ലാതെ എല്ലാ കുടുംബങ്ങളും കടന്നുചെല്ലുന്ന കേരളത്തിലെ ഏക സ്ഥലം റേഷൻ കടയാണ്. ആ രീതിയിലേയ്ക്ക് റേഷൻ കടകളെ മാറ്റിയെടുക്കാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി

ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അത് എങ്ങനെയാണ് നടന്നത്? സത്യസന്ധമായും സുതാര്യമായും ശാസ്ത്രീയമായും റേഷൻ കടയുടെ സേവനങ്ങളെ നവീകരിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഏറ്റെടുത്ത ചരിത്രപരമായ നടപടികളാണ് ഈ മാറ്റത്തിന് കാരണം. ഓണക്കാലം വരുന്നതേയുള്ളൂ. കേരളത്തിൽ ഓണക്കാലത്ത് ജനങ്ങൾക്ക് കൊറോണ പേടിയുണ്ടെങ്കിലും പട്ടിണിപ്പേടിയില്ല. ഇത്തവണ മാവേലി നേരത്തേതന്നെ കേരളത്തിലെത്തിക്കഴിഞ്ഞു. റേഷൻ കടയിലാണ് അദ്ദേഹം എത്തിയത്. കിറ്റ് വാങ്ങി തൃപ്തിയോടെ പോകുന്ന മലയാളികളെ കൺനിറയെ കാണുകയാണ് മാവേലി. കേരളം അക്ഷരാർത്ഥത്തിൽ മലയാളി നാട് എന്നത് മാറി മാവേലി നാടായി മാറിയിരിക്കുകയാണ്. ഈ അവസ്ഥയിലും ഇതിനെയൊക്കെ വിവാദങ്ങളിൽ കുടുക്കാൻ ശ്രമിക്കുന്ന ചില വാമനാവതാരങ്ങൾ നമ്മുടെ നാട്ടിലുണ്ട്. കിറ്റിന്റെ വിതരണോദ്ഘാടനവുമായി ബന്ധപ്പെട്ട് ഉയർത്തുന്നത് അനാവശ്യ വിവാദങ്ങളാണ്. ഭക്ഷ്യക്കിറ്റ് വിതരണത്തെ സോഷ്യൽ ആഡിറ്റിന് വിധേയമാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട പഞ്ചായത്ത് മെമ്പർമാർ ഉൾപ്പെടെയുള്ള ആളുകൾ വേണ്ട കാര്യങ്ങൾ ചെയ്യണം. സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഗവൺമെന്റ് അത് ചെയ്യുന്നതെന്ന്

ബോദ്ധ്യപ്പെടാൻ പ്രതിപക്ഷം തയ്യാറാകണം. അതിനെ പരിഹസിക്കുകയല്ല വേണ്ടത്. 'ഭക്ഷണം ഗംഭീരമാണ്, പക്ഷേ ഇലയിട്ടത് ചരിഞ്ഞുപോയി' എന്ന് പണ്ടൊക്കെ ചില ആളുകൾ പറയുന്നതുപോലെയുള്ള വീക്ഷണമാണ് യു.ഡി.എഫ്. ഇത്തരം വിഷയങ്ങളിൽ പുലർത്തുന്നത്. മഹാഭാരതത്തിലെ 'വനപർവ്വ'ത്തിൽ ഒരു കഥയുണ്ട്. പന്ത്രണ്ട് സംവത്സരം വനവാസത്തിന് പോകുന്ന പാണ്ഡവരോടൊപ്പം കുറച്ച് ബ്രാഹ്മണരുമുണ്ടായിരുന്നു. അവരെ തിരിച്ച് പറഞ്ഞുവിടാൻ യുധിഷ്ഠിരൻ എത്ര ശ്രമിച്ചിട്ടും നടന്നില്ല. അവർക്ക് ഭക്ഷണം കൊടുക്കാൻ നിവൃത്തിയില്ല. അദ്ദേഹം തന്റെ ഗുരുവിന്റെ ഉപദേശമനുസരിച്ച് സൂര്യഭഗവാനെ കഠിന തപസ്സനുഷ്ഠിച്ച് വരം നേടി. സൂര്യഭഗവാൻ ഒരു ചെമ്പ് പാത്രം കൊടുത്തു. പന്ത്രണ്ട് വർഷം എത്ര പേർക്ക് ഭക്ഷണം കൊടുത്താലും വീണ്ടും ആ അക്ഷയപാത്രം നിറയും. കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും കിറ്റ് കൊടുത്താലും വീണ്ടും വീണ്ടും കൊടുക്കാൻ കഴിയുന്ന അക്ഷയപാത്രമായി ഇടതുപക്ഷത്തിന്റെ ഭക്ഷ്യവകുപ്പ് മാറിയിരിക്കുകയാണ് എന്നതാണ് യാഥാർത്ഥ്യം. ഇതിന്റെ പിന്നിൽ ദൈവങ്ങളുടെ വരമല്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഇച്ഛാശക്തിയും ജനങ്ങളോടുള്ള പ്രതിബദ്ധതയും കാരണമാണ് ഇത്തരത്തിൽ കേരളത്തിലെ ജനങ്ങൾക്ക് പട്ടിണിയില്ലാതെ മുന്നോട്ടുപോകാൻ കഴിയുന്നത്.

യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് എന്തായിരുന്നു, പൂച്ച പ്രസവിച്ച് കിടക്കുന്ന സ്ഥലമായിരുന്നില്ലേ റേഷൻ കടകൾ. പക്ഷെ ഇന്നവിടെ എന്തൊരു ജനത്തിരക്കാണ്. 2013-ൽ പ്രൊഫ. കെ. വി. തോമസ് കൊണ്ടുവന്ന ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കാൻ യു.ഡി.എഫ്. ഗവൺമെന്റ് തയ്യാറായില്ലല്ലോ. എന്തുകൊണ്ടാണ്? അന്നത് കട്ടുതിന്നുന്ന വകുപ്പായിരുന്നു. മൊത്തവ്യാപാരികൾ 2000 കോടി രൂപയുടെ അഴിമതിയാണ് ഈ രംഗത്ത് നടത്തിയതെന്ന് വ്യാപകമായി അന്ന് ചർച്ചയുണ്ടായിരുന്നു. അതിനെ തടയാൻ യു.ഡി.എഫ്. ഗവൺമെന്റ് തയ്യാറായില്ല. 2016-ൽ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടാണ് ശ്രീ. പി. തിലോത്തമന്റെ നേതൃത്വത്തിൽ ഭക്ഷ്യസുരക്ഷാ നിയമം പാസ്സാക്കിയത്. അതിന്റെ ഭാഗമായാണ് കേരളത്തിലെ പൊതുവിതരണ സമ്പ്രദായം സമൂലമായ മാറ്റത്തിന് വിധേയമായത്. ഇന്ന് കേരളത്തിലുള്ള 14250 റേഷൻ കടകളുടെ സ്ഥിതിയെന്താണ്? എല്ലായിടത്തും ഇ-പോസ് മെഷീൻ സ്ഥാപിച്ചു, റേഷൻ കാർഡ് വിവരങ്ങൾ ഡിജിറ്റൈസ് ചെയ്തു, ഗുണഭോക്താക്കളെ ആധാറുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടന്നു, പരാതി പരിഹാരത്തിന് പ്രത്യേക പോർട്ടലും വാതിൽപ്പടി വിതരണവും ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജി.പി.എസ്.

സംവിധാനവും ഏർപ്പെടുത്തി, അന്തർസംസ്ഥാന പോർട്ടബിലിറ്റി നടപ്പിലാക്കി. ഓരോ ഗുണഭോക്താവിനും എത്ര അരിയാണ് ലഭിക്കുന്നത്, അതിന്റെ തുക്കം, വില തുടങ്ങിയ കാര്യങ്ങൾ 80 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് എസ്.എം.എസ്. മുഖേന ലഭ്യമാക്കുന്ന സംവിധാനം ഏർപ്പെടുത്തി, 24 മണിക്കൂറിനകം ഇ-റേഷൻ കാർഡ് ലഭിക്കും. അത്തരത്തിൽ സമൂലമായ മാറ്റങ്ങൾ വന്നു. കേരളത്തിലെ ജനങ്ങൾ ഒരു രക്ഷകർത്താവിനെപ്പോലെയാണ് സർക്കാരിനെ കാണുന്നത്. ഭക്ഷണം കൊടുക്കുന്നത് ദൈവമാണെങ്കിൽ ദൈവത്തെപ്പോലെ നിൽക്കുന്ന സർക്കാരിനെയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അതിൽ അസൂയപ്പെട്ടിട്ട് കാര്യമില്ല. ഇവിടെ ഈ നിയമം നടപ്പിലാക്കിയപ്പോൾ നിസ്സാരകാരണങ്ങളാൽ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവായിപ്പോയ ധാരാളം കുടുംബങ്ങളുണ്ട്. റേഷൻ വിഹിതം വർദ്ധിപ്പിച്ച് അവരെക്കൂടി ഇതിലുൾപ്പെടുത്താൻ സ്റ്റാറ്റ്യൂറി റേഷനിംഗ് സമ്പ്രദായം ഏർപ്പെടുത്തിയ സംസ്ഥാനമായിരുന്നു കേരളം. മൂന്ന് വർഷം കൂടുമ്പോൾ മുൻഗണനാപ്പട്ടിക പരിഷ്കരിക്കണമെന്നുള്ള നിബന്ധനയുണ്ട്. ഗവൺമെന്റ് അതിന് മുൻകയ്യെടുക്കുന്നു എന്നാണ് മനസ്സിലാക്കുന്നത്. അത്തരം പ്രവർത്തനങ്ങൾക്ക് വേഗത വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് ശ്രദ്ധനൽകണമെന്ന്

അഭ്യർത്ഥിക്കുകയാണ്. അതുപോലെ രാജ്യത്തെ മുഴുവൻ പാവപ്പെട്ടവരും പട്ടിണി കിടക്കുമ്പോൾ ദുരിതമനുഭവിക്കുന്ന, പട്ടിണി കിടക്കുന്ന ഒരാളുപോലും കേരളത്തിലുണ്ടാകില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ ധനാഭ്യർത്ഥനയെ ഞാൻ സന്തോഷത്തോടെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുകയാണ്.

ശ്രീ. ഡി. കെ. മുരളി: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ പൊതു വിതരണ സമ്പ്രദായം എന്നത് ഇന്ത്യയ്ക്ക് എക്കാലത്തും മാതൃകയും ഏറ്റവും വലുതുമായിരുന്നു. വളരെ സമ്പന്നമായ ഒരു ചരിത്രമാണ് ഇതിനുള്ളത്. ഇവിടെ തുടക്കത്തിൽ ശ്രീ. കെ. ഡി. പ്രസേനൻ സൂചിപ്പിച്ചതുപോലെ നാണ്യ വിളകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെയുംകൂടി പശ്ചാത്തലത്തിലാണ് 1955-ലെ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ടനുസരിച്ച് 1964 മുതൽ കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നടപ്പിലാക്കിത്തുടങ്ങിയത്. റേഷൻ കാർഡിന് നിറവ്യത്യാസമില്ലാതെ എല്ലാ കുടുംബങ്ങൾക്കും റേഷൻ ലഭിച്ചുകൊണ്ടിരുന്നതിൽനിന്നും എ.പി.എൽ./ബി.പി.എൽ. തരംതിരിവ് വന്നത് 1991 മുതൽ തുടർന്നുവന്ന സാമ്പത്തിക നയങ്ങളുടെ മാറ്റത്തിന്റെ ഭാഗമായിട്ടാണ്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിന് കമ്മ്യൂണിസം

മനസ്സിലായിട്ടില്ലെങ്കിലും പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഉൾപ്പെടെയുള്ള ആദ്യകാല ഇന്ത്യൻ ഭരണാധികാരികൾക്ക് അത് നന്നായി മനസ്സിലായിട്ടുണ്ട്. നമ്മുടെ ആദ്യത്തെ ലക്ഷ്യംതന്നെ ദാരിദ്ര്യവും തൊഴിലില്ലായ്മയും നിർമ്മാർജ്ജനം ചെയ്യുക എന്നതായിരുന്നു. " .....within a period of ten years we will wipe out illiteracy, poverty and unemployment from India...." എന്ന് പഴയ കോൺഗ്രസ്സുകാർ പ്രസംഗിച്ചു നടന്നിട്ടുണ്ട്. നിർഭാഗ്യവശാൽ ഇന്ത്യയ്ക്ക് ആ ലക്ഷ്യത്തിലേയ്ക്കെത്താൻ കഴിഞ്ഞില്ല. ആവഡിയിൽ കോൺഗ്രസ്സ് 'സോഷ്യലിസം' ലക്ഷ്യമായി പ്രഖ്യാപിച്ചു. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ 'സോഷ്യലിസം' എഴുതിച്ചേർത്തു. പക്ഷെ ഇന്ത്യൻ മുതലാളിത്തത്തിന്റെ കരാളഹസ്തങ്ങളിൽനിന്ന് വേറിട്ട് പോകാൻ, ആ ചുറ്റുവട്ടത്തുനിന്ന് പുറത്തുകടക്കാൻ കോൺഗ്രസ്സിന് സാധിക്കാത്തതുകൊണ്ടാണ് നമ്മുടെ അയൽരാജ്യമായ ചൈനയിൽ കണ്ടതുപോലെ സാമ്പത്തിക അസമത്വത്തിന്റെ അകലം കുറച്ചുകൊണ്ടുവരാൻ ഇന്ത്യയ്ക്ക് കഴിയാതെ പോയത്. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കുശേഷം സാമ്രാജ്യത്വത്തിന്റെ നേതൃത്വത്തിൽ ആഗോളവത്കരണം ലോകത്തെയാകെ ഗ്രസിച്ചപ്പോൾ കോൺഗ്രസ്സിനും നയംമാറ്റം വന്നു.

അങ്ങനെയാണ് നരസിംഹറാവുവിന്റെയും ഡോ. മൻമോഹൻ സിംഗിന്റെയും നേതൃത്വത്തിൽ ആഗോളവത്ക്കരണ നയങ്ങളുടെ ചുവടുപിടിച്ച് മുന്നോട്ടുപോകേണ്ടിവന്നത്. അതിന്റെ ദുരന്തഫലമായാണ് ദാരിദ്ര്യവും പാവപ്പെട്ടവന്റെ കഷ്ടപ്പാടുമൊക്കെ ഇന്നും വർദ്ധിച്ചുവരുന്നത്. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നോക്കിയാൽ മനസ്സിലാകും, 2016-ൽ ഭരണം അവസാനിപ്പിച്ച യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന കാലത്ത് അപാകമായ ലിസ്റ്റുകൾ തയ്യാറാക്കിയതിന്റെ ഭാഗമായി തുടർന്ന് അധികാരത്തിൽവന്ന ഗവൺമെന്റിന് അത് ക്രമീകരിക്കാൻ നന്നായി പ്രയാസപ്പെടേണ്ടിവന്നിട്ടുണ്ട്. National Food Security Act (NFSA)-ന് അതിന്റേതായ ഗുണങ്ങളും ദോഷങ്ങളുമുണ്ട്. കേരളത്തെപ്പോലുള്ള ഒരു സംസ്ഥാനം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ബുദ്ധിമുട്ട് NFSA-യുടെ നിബന്ധന പ്രകാരം ധാരാളം പേർ അർഹതാപട്ടികയിൽനിന്നും ഒഴിവാക്കപ്പെട്ടു എന്നുള്ളതാണ്. അതിന്റെ കണക്കുകൾ ഇവിടെ സൂചിപ്പിച്ചതാണ്, ഞാൻ ആവർത്തിക്കുന്നില്ല. മാനദണ്ഡങ്ങൾ പ്രകാരം ഒരു ടെറസ് വീടുണ്ടെങ്കിൽ, പഴയ കാറുണ്ടെങ്കിൽ ഒക്കെ മുൻഗണനാപ്പട്ടികയിൽനിന്നും AAY (Antyodaya Anna Yojana) ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുകയാണ്. നമ്മുടെ നാട്ടിലെ ഒരു ശീലം അറിയാമല്ലോ,

ക്യാൻസർ രോഗികൾ, കിഡ്നി സംബന്ധമായ അസുഖങ്ങളുള്ളവർ എന്നിവർ എത്ര പാവപ്പെട്ടവരായാലും, കടം വാങ്ങിയെങ്കിലും സ്വന്തമായി ഒരു വാഹനം വാങ്ങിക്കും, ആശുപത്രിയിൽ പോകാൻ വേണ്ടിയായിരിക്കും അത്, അവരെ ദരിദ്രജനവിഭാഗമല്ലെന്ന് കണക്കാക്കിയാൽ അത് വലിയ സാമൂഹിക ബുദ്ധിമുട്ടുകളുണ്ടാക്കും. ഇത്തരത്തിലുള്ള ദോഷകരമായ മാനദണ്ഡം തിരുത്തുന്നതിനുവേണ്ടി, കേരളത്തിന്റെ സാമൂഹിക പശ്ചാത്തലംകൂടി മനസ്സിലാക്കിക്കുന്നതിനുവേണ്ടി കേന്ദ്രത്തോട് സംയുക്തമായി ആവശ്യപ്പെടുകയല്ലേ വേണ്ടത്? സാധാരണക്കാർക്ക് ഈ സാഹചര്യത്തിലും ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാനാണ് കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് ഈ റേഷൻ സമ്പ്രദായത്തെയും കിറ്റിനെയും കാണേണ്ടത്. കേരളത്തിന് കേന്ദ്ര സർക്കാരിൽനിന്ന് 3 രൂപയ്ക്ക് അരി വാങ്ങി 2 രൂപയ്ക്ക് കൊടുക്കേണ്ടി വരികയാണ്. 8.30 രൂപയ്ക്ക് അരിവാങ്ങി മുൻഗണനേതര വിഭാഗത്തിന് കുറഞ്ഞ വിലയ്ക്ക് അരി കൊടുക്കേണ്ടി വരികയാണ്. ഈ സാഹചര്യങ്ങളെ മറികടക്കാനാണ് നാം സംയുക്തമായി പരിശ്രമിക്കേണ്ടത്. അതിനുപകരം ആക്ഷേപഹാസ്യമുയർത്തുകയാണ്; കിറ്റിനെ സംബന്ധിച്ച് വേവലാതിപ്പെടുകയാണ്; അതിന്റെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം

ചെയ്യുകയാണ്. ബഹുമാനപ്പെട്ട കോവളം അംഗത്തിന് കിറ്റ് നിന്നുപോകുമോ എന്നുള്ള ഭയമാണ്. തെരഞ്ഞെടുപ്പ് കാലത്ത് കിറ്റ് കൊടുത്തപ്പോൾ അത് കൊടുക്കാൻ പാടില്ലെന്ന് പറഞ്ഞ് തെരഞ്ഞെടുപ്പ് കമ്മീഷന് മുന്നിൽ പരാതിയുമായി പോയവരാണിവർ. ഞാൻ ചോദിക്കട്ടെ, സാധാരണക്കാരോട് എന്തെങ്കിലും തരത്തിലുള്ള പ്രതിബദ്ധതയുണ്ടെങ്കിൽ, കോവിഡ് കാലത്ത് ആരും പട്ടിണി കിടക്കരുതെന്ന ലക്ഷ്യത്തോടുകൂടി അവരുടെ വീടുകളിൽ ഭക്ഷ്യധാന്യമെത്തിക്കുന്നതിന് എതിരായി നിൽക്കാൻ തയ്യാറാകുമോ? നിങ്ങൾ തയ്യാറായി. ജനങ്ങൾ അതിന് നിങ്ങളെ ശിക്ഷിക്കുകയും ചെയ്തു. കിറ്റ് നിർത്താൻ പോകുന്നു എന്നൊക്കെയാണ് മുറവിളിക്കുന്നത്, എന്നിട്ട് കണക്കും പറയുകയാണ്. ഇപ്പോഴും കിറ്റ് വിതരണം തുടർന്നുകൊണ്ടിരിക്കുകയാണ്. ജൂൺ മാസത്തിലും എട്ട് ലക്ഷത്തിൽപ്പരം കിറ്റുകൾ കൊടുത്തു. അതിന്റെ കണക്കുകൾ ബഹുമാനപ്പെട്ട മന്ത്രി പറയുമായിരിക്കും. ഇപ്പോൾ ഓണക്കാലത്ത് ജൂലൈ 31 മുതൽ കിറ്റ് കൊടുക്കുകയാണ്, ഇടയ്ക്ക് ഒരു കുറവും വരുത്തിയിട്ടില്ല. ജനങ്ങൾക്ക് ആവശ്യമുള്ളപ്പോൾ സഹായം എത്തിക്കും. അതുതന്നെയാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം.

വിശപ്പ് എന്നും ലോകത്ത് കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും ചിന്തകന്മാർക്കും രാഷ്ട്രീയക്കാർക്കുമെല്ലാം അവരുടെ സൃഷ്ടികളുടെ മഷിപാത്രമായിരുന്നു. നമ്മുടെ കവികളും സാഹിത്യകാരന്മാരും പൂവുകളേയും പുഴക്കളേയുംക്കുറിച്ച് മാത്രമല്ല വിശപ്പിനെ സംബന്ധിച്ചും നന്നായി എഴുതിയിട്ടുണ്ട്. 'വിശപ്പിനേക്കാൾ വലുതല്ല മരണം' എന്നാണ് ആധുനിക കവി പവിത്രൻ തീക്കുനിയുടെ കവിതയിലെ ഒരു വരി. വിശപ്പ് എന്നത് എല്ലാ കാലത്തും ചർച്ച ചെയ്തിട്ടുള്ള ഒന്നാണ്. വിശക്കുന്നവന്റെ വേദന വളരെ വലുതാണ്. അത് പരിഹരിക്കാനാണ് കേരളത്തിൽ 'വിശപ്പ് രഹിത കേരളം' എന്ന ലക്ഷ്യംവച്ചുകൊണ്ട് കഴിഞ്ഞ ഗവൺമെന്റ് പ്രവർത്തിച്ച് വിജയിച്ചതും ഈ ഗവൺമെന്റ് അത് തുടർന്നുകൊണ്ടുപോകുന്നതും. അതിനെ ആക്ഷേപിക്കരുത്. അക്കാര്യത്തിൽ നാം ഒറ്റക്കെട്ടായി നിൽക്കണം. ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ ഭാഗമായി ചില കാര്യങ്ങളിൽ പരിഹാരം കാണേണ്ടതുണ്ട്. മഞ്ചേശ്വരം എൽ.എൽ.എ. ഉൾപ്പെടെയുള്ളവർ ചൂണ്ടിക്കാണിച്ചതുപോലെ, പത്ത് മാസത്തെ കിറ്റ് വിതരണത്തിന്റെ കമ്മീഷൻ കുടിശ്ശിക റേഷൻ വ്യാപാരികൾക്ക് നൽകുന്നതിന് ത്വരിതഗതിയിൽ നടപടികളെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇ-പോസ് മെഷീന്റെ സെർവറുകൾ പലപ്പോഴും കേടാകുന്നത് റേഷൻ

വാങ്ങാൻ വരുന്നവർക്കും കടയുടമകൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്നു. മാനുവലായി കൊടുക്കുന്നതിനുള്ള വ്യവസ്ഥകളുണ്ടെങ്കിലും സെർവറിന്റെ നിയന്ത്രണം ഹൈദ്രാബാദിലായതിനാൽ സെർവർ കേടായാൽ സമയത്തിന് നന്നാക്കുന്നതിനുള്ള ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെന്ന യാഥാർത്ഥ്യം മനസ്സിലാക്കാൻ സാധിക്കണം. റേഷൻ കടകളുടെ എണ്ണത്തിൽ കുറവുകൾ വന്നത് പരിഹരിക്കപ്പെടേണ്ടതാണ്. റേഷൻകടയുടമകൾ മരണപ്പെട്ടതിന്റെയും അവകാശികൾക്ക് ലൈസൻസ് പുതുക്കി നൽകാൻ കഴിയാത്തതിന്റെയുമൊക്കെ ഭാഗമായി ഏകദേശം നൂറ്റിതൊണ്ണൂറോളം റേഷൻ കടകളുടെ കുറവ് കേരളത്തിൽ വന്നിട്ടുണ്ട്. പുതിയ മന്ത്രിസഭ നിലവിൽ വരികയും ബഹുമാന്യനായ ജി. ആർ. അനിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ ചുമതലയേറ്റെടുക്കുകയും ചെയ്തു. അദ്ദേഹം ജനങ്ങളുമായി നേരിട്ട് സംസാരിച്ചുകൊണ്ട് പരാതികൾ അതിവേഗം പരിഹരിക്കുന്ന സമീപനമെടുത്തതിൽ സന്തോഷമുണ്ട്. അദ്ദേഹം കൈക്കൊണ്ട സമീപനം നാടിന് ഗുണകരമാണ്. അതിനാൽ ബഹുമാനപ്പെട്ട മന്ത്രിയോട് ഇത്തരം വിഷയങ്ങളിൽ അടിയന്തരമായും ശ്രദ്ധകേന്ദ്രീകരിച്ച് മുന്നോട്ടുപോകാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. ധാരാളം മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും നമ്മുടെ നാട്ടിൽ പുതിയതായി

പ്രവർത്തനമാരംഭിക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ കളമച്ചലിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുമായി സംസാരിച്ചപ്പോൾ ഒരു മാവേലി സ്റ്റോർ അനുവദിക്കാമെന്ന് അദ്ദേഹം സമ്മതിച്ചു. അത് എത്രയുംവേഗം സ്ഥാപിക്കണം. എന്റെ നിയോജകമണ്ഡലത്തിലുൾപ്പെട്ട പാലോട് പ്രദേശം പ്രധാനപ്പെട്ട ടൗണുകളിലൊന്നാണ്. അവിടെ ഒരു സൂപ്പർമാർക്കറ്റ് സ്ഥാപിക്കുന്നതോടൊപ്പം പുല്ലമ്പാറ പഞ്ചായത്തിലെ മരുതുംമൂട്ടിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിനെ സൂപ്പർ മാർക്കറ്റാക്കി മാറ്റാനുമുള്ള നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ഇന്നത്തെ ദിവസത്തിൽ സമയം അപഹരിക്കുന്നത് ശരിയല്ലാത്തതിനാൽ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. അവസാനം പ്രസംഗിച്ച ബഹുമാന്യനായ അംഗവും ഭരണപക്ഷത്തിരിക്കുന്ന മിക്കവാറും എല്ലാ അംഗങ്ങളും പാവപ്പെട്ടവരോടുള്ള അവരുടെ നിലപാടിനെക്കുറിച്ചാണ് പറഞ്ഞത്. അതിലെ നല്ലവശങ്ങളെല്ലാം ഞാൻ അംഗീകരിക്കുകയാണ്. ഇത്തരം കാര്യങ്ങൾ ഞങ്ങളെ

ഓർമ്മിപ്പിക്കുമ്പോൾ ഞാൻ ചില കാര്യങ്ങൾ ഓർമ്മിപ്പിക്കാം. ഭക്ഷ്യ സുരക്ഷാ നിയമം രാജ്യത്ത് യു.പി.എ. നടപ്പിലാക്കി. തൊഴിലുറപ്പ് നിയമവും വിവരാവകാശ നിയമവും വിദ്യാഭ്യാസാവകാശ നിയമവും ഞങ്ങൾ കൊണ്ടുവന്നു. ഇതിന്റെയെല്ലാം പ്രയോജനം പാവപ്പെട്ടവർക്കല്ലേ ലഭിച്ചത്. ഒരുകാര്യം ഓർത്താൽ നല്ലതാണ്, 2011-ൽ അധികാരത്തിൽ വന്ന ഉമ്മൻ ചാണ്ടി സർക്കാർ ആദ്യമെടുത്ത തീരുമാനം സൗജന്യമായി അരി നൽകാനാണ്. ഞങ്ങൾ സൗജന്യമായി കൊടുത്ത അരിക്ക് എൽ.ഡി.എഫ്. ഗവൺമെന്റ് രണ്ട് രൂപ വാങ്ങി. ഇപ്പോൾ സൗജന്യമായി കിറ്റ് കൊടുക്കുന്നു. എന്നാൽ പാവപ്പെട്ടവർക്ക് സൗജന്യമായി അരി നൽകാനാണ് 2011-ലെ യു.ഡി.എഫ്. ഗവൺമെന്റ് ഒന്നാമതായി തീരുമാനിച്ചത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ വെള്ളിയാഴ്ച 526 കോടി രൂപ ഓണക്കിറ്റ് നൽകാൻ, ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യാൻ അനുവദിച്ചുവെന്ന് സഭയിൽ പ്രസംഗിച്ചു. ഭക്ഷ്യക്കിറ്റ് നൽകുന്നതിനുവേണ്ടി ബഡ്ജറ്റിൽ 1150 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. 1150 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളതും 526 കോടി രൂപ ഓണക്കിറ്റ് നൽകാൻ അനുവദിച്ചുവെന്ന് പറഞ്ഞതും, ഇവ രണ്ടും വേറെവേറെയാണോ; അല്ലാതെ ഒന്നിച്ചാണോയെന്നുള്ള കാര്യം വ്യക്തമാക്കണം. ബഹുമാനപ്പെട്ട മന്ത്രിയോട് റേഷൻ കടയിലെ ചില

കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. കോവിഡ് കാലത്ത് ജനങ്ങൾക്ക് പുറത്തിറങ്ങുന്നതിന് ധാരാളം നിയന്ത്രണങ്ങളുണ്ട്. എന്നാൽ റേഷൻ കടയിൽ ഒരുമാസത്തിൽ നാലുപ്രാവശ്യം പോകണം. സൗജന്യ ഭക്ഷ്യക്കിറ്റ് വാങ്ങാൻ പോകണം, സാധാരണ റേഷൻ വാങ്ങാൻ പോകണം, സ്പെഷ്യൽ അരിയും ആട്ടയും വാങ്ങാൻ മറ്റൊരു പ്രാവശ്യം പോകണം, പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി മുഖേന അനുവദിക്കുന്ന സൗജന്യ അരി വാങ്ങാൻ പോകണം, മണ്ണെണ്ണയും അരിയുമുണ്ടെങ്കിൽ അതുവാങ്ങാൻ പോകണം. ഇങ്ങനെ നിരവധി പ്രാവശ്യം പാവപ്പെട്ട ആളുകളെ നടത്തണമോ? ഈ സാധനങ്ങളെല്ലാം ഒന്നിച്ച് നൽകുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. റേഷൻ ലഭിക്കാൻ ഇ-പോസ് മെഷീനിൽ വിരലടയാളം പതിപ്പിക്കണം. റേഷൻ വാങ്ങാൻ പോകുമ്പോൾ മിക്കവാറും സംഭവിക്കുന്നത് പലദിവസങ്ങളിലും സെർവർ അല്ലെങ്കിൽ നെറ്റ് തകരാറിലാകും. ഇതുമൂലം വലിയ ദുരിതമാണ് ജനങ്ങൾ അനുഭവിക്കുന്നത്. ഒരുമാസത്തിൽ ആറേഴ് പ്രാവശ്യമെങ്കിലും നെറ്റ് തകരാറുണ്ടാകും. അതിനാൽ ആളുകൾക്ക് റേഷൻ ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നു. സാധാരണക്കാർ റേഷൻ കടകളിൽവന്ന് റേഷൻ ലഭിക്കാതെ മടങ്ങിപോകേണ്ട സാഹചര്യമുണ്ട്. അതിനാൽ മെഷീൻ തകരാറുമൂലം

റേഷൻ വിതരണം മുടങ്ങുമ്പോൾ അതിനൊരു ബദൽ സംവിധാനം, അതായത് മാനുവൽ സമ്പ്രദായത്തിലുള്ള വിതരണത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കാരണം റേഷൻ കടയിൽ പോകുന്ന ആളുകളുടെ കുറ്റം കൊണ്ടല്ല, ഇ-പോസ് മെഷീന്റെ തകരാറുകൊണ്ടാണ് റേഷൻ വിതരണം മുടങ്ങുന്നത്. അതിനാൽ അങ്ങനെയുള്ള അടിയന്തര ഘട്ടങ്ങളിൽ മാനുവലായി ആളുകൾക്ക് റേഷനും മറ്റാനുകൂല്യങ്ങളും നൽകാൻ സാധിക്കുമോയെന്ന് ആലോചിക്കണം.

നിങ്ങൾ കിറ്റിന്റെ കാര്യം പറഞ്ഞല്ലോ, നിങ്ങൾക്കുൾപ്പെടെ എല്ലാവർക്കുമറിയാം കിറ്റ് നൽകുമ്പോൾ അതിലെ സാധനങ്ങൾ നിറയ്ക്കാനുള്ള സഞ്ചി കുടുംബശ്രീയിലെ സഹോദരിമാർ ഏഴ് രൂപയ്ക്ക് നൽകുന്നതാണെന്ന്. ഏഴ് രൂപയ്ക്ക് കുടുംബശ്രീയിലെ സഹോദരിമാർ കൊടുക്കുന്ന സഞ്ചിക്ക് പന്ത്രണ്ട് രൂപയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഈടാക്കുന്നത്. ഇത്തരത്തിൽ വലിയ വ്യത്യാസം കിറ്റ് നൽകുന്നതിനുവേണ്ടി ഉപയോഗിക്കുന്ന സഞ്ചിയുടെ കാര്യത്തിലുണ്ടാകുന്നത് ദുഃഖകരമാണ്. റേഷൻ വ്യാപാരികൾക്ക് പത്ത് മാസമായി അവരുടെ കമ്മീഷൻ കൊടുത്തിട്ടില്ല. 45 കോടി രൂപയാണ് ഇതിന് വേണ്ടിവരുന്നത്. 6,000 കോടി രൂപയുടെ സൗജന്യ കിറ്റ് നൽകുമ്പോൾ റേഷൻ വ്യാപാരികളുടെ കമ്മീഷൻ

കൊടുത്തുകൂടെ? അതുപോലെ റേഷൻ വ്യാപാരികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പലപ്രാവശ്യം ചർച്ച ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ നടപ്പിലായിട്ടില്ല. റേഷൻ കടകളിൽ ആദ്യം സാധനം നൽകുന്നത് മഞ്ഞ കാർഡുള്ള മുൻഗണനാ വിഭാഗത്തിനാണ്. ശ്രീ. മണിയൻപിള്ള രാജു ഏത് വിഭാഗത്തിൽപ്പെടും? അദ്ദേഹം എന്റെ സുഹൃത്താണ്. ബഹുമാനപ്പെട്ട മന്ത്രി പാവപ്പെട്ട ഒരാളുടെ കൂടിലിൽപോയി ഇങ്ങനെ ചെയ്തിരുന്നുവെങ്കിൽ തീർച്ചയായും അതിനൊരു ഭംഗിയുണ്ടായിരുന്നു. എന്നാൽ മന്ത്രി ചെയ്തത് തെറ്റാണ്. അദ്ദേഹം ആദ്യമായി മന്ത്രിയായപ്പോഴുണ്ടായ ആവേശംകൊണ്ടായിക്കും അങ്ങനെ ചെയ്തത്. ജില്ലാ സപ്ലൈ ഓഫീസർ ഇറക്കിയ ഉത്തരവ് ഞാൻ വായിക്കാം, ഇന്ന് 12.00 മണിക്ക് ഡയറക്ടർ ഓഫ് സിവിൽ സപ്ലൈസിന്റെ യോഗമുണ്ടായിരുന്നു, യോഗം 12.10-ന് അവസാനിച്ചു. ഡി.സി.എസ്. യോഗത്തിൽ നിർദ്ദേശിച്ച കാര്യങ്ങൾ, 1) കിറ്റ് വിതരണം സംബന്ധമായ പോസ്റ്റർ എല്ലാ റേഷൻ കടകളിലും ഞായറാഴ്ച അഞ്ച് മണിക്കുമുൻപായി പതിപ്പിച്ചെന്ന് റേഷനിംഗ് ഇൻസ്പെക്ടർ ഉറപ്പുവരുത്തണം. 2) പോസ്റ്ററിൽ ഫർക്ക ഇൻസ്പെക്ടർമാരുടെ പേരും മൊബൈൽ നമ്പരും എഴുതിയിരിക്കണം. തിങ്കളാഴ്ച രാവിലെ 8.30-ന് റേഷൻകട സ്ഥിതി ചെയ്യുന്ന പ്രദേശത്തെ

ചെയർമാൻ, പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് മെമ്പർ എന്നിവരിലാരെങ്കിലും ഏറ്റവും അർഹതയുള്ള ഒരാൾക്ക് പോസ്റ്റർ ഒട്ടിച്ചതിന് മുന്നിൽനിന്ന് കിറ്റ് നൽകി ഫോട്ടോയെടുത്ത് റ്റി.എസ്.ഒ.-മാർ മുഖാന്തരം ഈ ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യണം. ഡി.എസ്.ഒ. കൊടുത്ത ഓർഡറിൽ പറയുന്നതാണിത്. (ഓർഡറിന്റെ കോപ്പി ഉയർത്തി കാണിക്കുന്നു). സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻകാർഡ് ഉടമകൾക്കും വിതരണം ചെയ്യാൻ നിർദ്ദേശിച്ച സൗജന്യ ഓണക്കിറ്റിന്റെ വിതരണോദ്ഘാടനം സംബന്ധിച്ച് 02-08-2021 തിങ്കളാഴ്ച രാവിലെ 8.30-നാണെന്ന് ഡി.എസ്.ഒ. കൊടുത്ത ഉത്തരവാണ്. പാവങ്ങൾക്ക് കിറ്റ് കൊടുക്കുന്നതിന് ഫോട്ടോ എടുക്കണോ? കടകളിൽ പോകണമെങ്കിൽ 72 മണിക്കൂർ മുൻപ് ആർ.ടി.പി.സി.ആർ. ടെസ്റ്റ് നടത്തിയ സർട്ടിഫിക്കറ്റ് വേണമെന്നാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ചർച്ച ചെയ്ത വിഷയം. റേഷൻ കടകളിൽ ഇങ്ങനെ കൂട്ടംകൂടുന്നതൊന്നും നിയമവിരുദ്ധമല്ലേ? ചെറുതും നിസ്സാരവുമായ ഇത്തരം കാര്യങ്ങൾക്ക് പാവപ്പെട്ട ആളുകളെ ഉൾപ്പെടുത്തി ഫോട്ടോ എടുപ്പിച്ച് പബ്ലിസിറ്റിയുണ്ടാക്കുന്ന നാണംകെട്ട ഏർപ്പാട് അവസാനിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, റേഷൻ കടകളിലെ സെയിൽസ്മാൻമാർക്ക്

കടകൾ അനുവദിച്ചുകൊടുക്കുന്നത് തത്വത്തിൽ ഗവൺമെന്റ് അംഗീകരിച്ചത് സ്വാഗതാർഹമാണ്. എന്റെ കയ്യിൽ തെളിവില്ലാത്തതിനാൽ അഴിമതിയാരോപണമായി ഉന്നയിക്കുന്നില്ല. റേഷൻകടകളിലെ സെയിൽസ്മാൻമാർക്ക് കടകൾ അനുവദിച്ചുകൊടുക്കുന്നതിന് ഇപ്പോൾ ചില ചർച്ചകൾ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അബദ്ധത്തിൽപ്പെടാതെ സൂക്ഷിക്കണം. ഞാൻ ആരോപണമായി പറയുന്നില്ല. ചില റേറ്റുകൾ നിശ്ചയിച്ച് ചർച്ചകൾ നടക്കുന്നുണ്ട്. അതിന് തെളിവില്ല. ബഹുമാനപ്പെട്ട മന്ത്രി ഗൗരവമായി അന്വേഷിക്കണം.

നിയമസഭയിൽ പ്രതിപക്ഷവും ഭരണകക്ഷിയും പുറത്ത് വ്യാപാരികളുമെല്ലാം ആവശ്യപ്പെട്ടാണ് ആരോഗ്യവകുപ്പ് പുതിയ പ്രോട്ടോക്കോൾ പ്രഖ്യാപിച്ചത്. പ്രോട്ടോക്കോൾ പ്രഖ്യാപിച്ച് ഉത്തരവിറങ്ങിയപ്പോൾ 72 മണിക്കൂർ മുൻപ് കോവിഡ് ടെസ്റ്റ് നടത്തിയ സർട്ടിഫിക്കറ്റ് വേണം. ഞാൻ ഇന്ന് ടെസ്റ്റ് നടത്തിക്കഴിഞ്ഞാൽ ഈ ഉത്തരവ് പ്രകാരം 3 ദിവസം കഴിയുമ്പോൾ വീണ്ടും ടെസ്റ്റ് നടത്തണം. 'ധർമ്മം തന്നില്ലെങ്കിലും നായയെവിട്ട് കടിപ്പിക്കാതിരിക്കണം' എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നിങ്ങൾ സഭയിൽ എന്തെങ്കിലും പ്രഖ്യാപിക്കുമ്പോൾ ചീഫ് സെക്രട്ടറിയോടും ഉദ്യോഗസ്ഥന്മാരോടും

സംസാരിച്ച് അവരുടെ അനുവാദം വാങ്ങിച്ചതിനുശേഷം പ്രഖ്യാപിക്കണം. അല്ലെങ്കിൽ നാണംകെടുമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനയെ ശക്തമായി എതിർക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, പ്രതിപക്ഷത്തെ ചില എം.എൽ.എ.-മാർ സഭയിൽ ഉന്നയിച്ച വിമർശനങ്ങൾ സംബന്ധിച്ച് വിശദമായി പറയേണ്ടി വന്നാൽ ധാരാളം സമയമെടുക്കും. എങ്കിലും ചില കാര്യങ്ങൾ സൂചിപ്പിക്കേണ്ടതുണ്ട്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഭക്ഷ്യവിതരണത്തെ സംബന്ധിച്ച് നമുക്ക് പരസ്പരം യോജിച്ച് ഈ ധനാഭ്യർത്ഥന പാസ്സാക്കണമെന്ന അഭ്യർത്ഥനയാണ് എനിക്ക് ആദ്യം പറയാനുള്ളത്. വിലക്കയറ്റം കാരണം നാട് വല്ലാതെ ബുദ്ധിമുട്ടുകയാണെന്ന് ഇവിടെ ചില അംഗങ്ങൾ സൂചിപ്പിച്ചതിൽ എന്തെങ്കിലും യാഥാർത്ഥ്യമുണ്ടോ? സപ്ലൈകോ ഔട്ട്‌ലെറ്റ്, മാവേലി സ്റ്റോറുകൾ എന്നിവിടങ്ങളിൽ കഴിഞ്ഞ അഞ്ച് വർഷത്തിലധികമായി 14 ഇനം ഉൽപ്പന്നങ്ങളുടെ വില ഒരു പൈസപോലും വർദ്ധിപ്പിച്ചിട്ടില്ല. എന്നുമാത്രമല്ല, നാല് ഉൽപ്പന്നങ്ങളുടെ വില കുറയ്ക്കുകയും ചെയ്തു. ആ യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയണ്ടേ? ചെറുപയറിന്റെ മാർക്കറ്റ് വില 112 രൂപയാണെങ്കിൽ 74 രൂപയ്ക്കാണ് മാവേലി സ്റ്റോറിൽ കൊടുക്കുന്നത്.

122.41 രൂപ വിലയുള്ള ഉഴുന്ന് 66 രൂപയ്ക്കും 226 രൂപ വിലയുള്ള വെളിച്ചെണ്ണ 90 രൂപയ്ക്കും 81.86 രൂപ വിലയുള്ള വൻകടല 43 രൂപയ്ക്കും 78.21 രൂപ വിലയുള്ള വൻപയർ 45 രൂപയ്ക്കുമാണ് കൊടുക്കുന്നത്. ഞാൻ എല്ലാ ഉൽപ്പന്നങ്ങളുടെയും കണക്ക് എടുത്തുപറയുന്നില്ല. ശ്രീ. എം. വിൻസെന്റിന് ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് ബോദ്ധ്യമില്ല ....(ബഹളം).... ഞാൻ വസ്തുതകൾ പറയുമ്പോൾ നിങ്ങൾക്ക് അതിനനുസരിച്ച് മനസ്സിലാക്കാൻ കഴിയുന്നില്ലേ?

ഭക്ഷ്യസുരക്ഷ നിയമം കേന്ദ്ര സർക്കാർ പാസ്സാക്കിയതിനെക്കുറിച്ച് എന്തോ വലിയ സംഭവമായി അവസാനമായി ചർച്ചയിൽ പങ്കെടുത്ത തുപ്പുണിത്തുറ എം.എൽ.എ. സൂചിപ്പിച്ചു. നമ്മുടെ രാജ്യത്ത് ആ നിയമം പാസ്സാക്കിയ സമയത്ത് കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രി കേരളത്തിന്റെ പ്രതിനിധിയായിരുന്നു. അദ്ദേഹത്തിന്റെ സമീപനം കാരണമാണ് കേരളത്തിലെ 43 ശതമാനം ജനങ്ങൾമാത്രം ഭക്ഷ്യസുരക്ഷ നിയമത്തിൽ ഉൾപ്പെട്ടത്. 57 ശതമാനം ആളുകൾ അതിന് പുറത്താണ്. നമ്മുടേത് ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. യൂണിവേഴ്സൽ റേഷനിംഗ് സമ്പ്രദായം നിലവിലുള്ള സംസ്ഥാനമായിരുന്നു നമ്മുടേത്. നമ്മുടെ നാട്ടിലെ എല്ലാവർക്കും ഭക്ഷ്യധാന്യം എത്തിക്കാനുള്ള സംവിധാനം കേരളത്തിലുണ്ടായിരുന്നു.

ആദ്യത്തെ ചർച്ചയിൽ ശ്രീ. കെ. ഡി. പ്രസേനൻ എം.എൽ.എ. സൂചിപ്പിച്ചതുപോലെ, കേരളത്തിന്റെ എം.പി.-മാർ കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ നടത്തിയ സമരഫലമായാണ് കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം ഉറപ്പാക്കിയത്. കേന്ദ്രഗവൺമെന്റിന്റെ ഖജനാവിലേയ്ക്ക് വിദേശനാണ്യം നേടിക്കൊടുക്കുന്ന നിരവധി നാണ്യവിളകൾ ഉൽപ്പാദിപ്പിക്കുന്നത് കേരളത്തിലാണ്. അതിലൂടെ കൊടുക്കുന്ന തുക രാജ്യത്തിന്റെ ഖജനാവിലേയ്ക്ക് വരുമ്പോൾ അതിനനുസൃതമായി നമുക്കാവശ്യമായ അരി ആവശ്യാനുസരണം നൽകാമെന്ന വ്യവസ്ഥയുണ്ടായിരുന്നു. ആ വ്യവസ്ഥ പൂർണ്ണമായും തകരുന്ന സ്ഥിതിയല്ലേ;? മറ്റ് പല സംസ്ഥാനങ്ങളിലെയും കണക്കുകളെക്കുറിച്ച് പറഞ്ഞത് ഞാൻ വീണ്ടും ആവർത്തിക്കുന്നില്ല. 43 ശതമാനം ആളുകൾക്ക്, അതായത് ഒരു കോടി അൻപത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാൽപ്പത് പേർക്ക് മാത്രമാണ് കേന്ദ്ര ഗവൺമെന്റ് സബ്സിഡിയായി മൂന്ന് രൂപയ്ക്ക് അരിയും രണ്ട് രൂപയ്ക്ക് ഗോതമ്പും നൽകുന്നത്. അത് വാങ്ങിയാണ് കേരളത്തിൽ 35 കിലോഗ്രാം ധാന്യം പൂർണ്ണമായും സൗജന്യമായി നമ്മുടെ നാട്ടിലെ മുൻഗണനാ വിഭാഗത്തിലെ 43 ശതമാനം ആളുകൾക്ക് കൊടുക്കുന്നത്. ബാക്കി 57 ശതമാനം ആളുകൾക്കായി നമുക്ക് മൊത്തം

ലഭിക്കുന്നത് 4.00 ലക്ഷം മെട്രിക് ടണ്ണാണ്. മുൻഗണനാ വിഭാഗത്തിന് കൊടുത്തതിനുശേഷം ബാക്കിവരുന്നതാണ് മറ്റ് ജനവിഭാഗങ്ങൾക്ക് നൽകാൻ കഴിയുന്നത്. അതിന് ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽ നിന്ന് 22 രൂപ നിരക്കിൽ അരി വാങ്ങി, 15 രൂപ നിരക്കിൽ 10 കിലോഗ്രാം വീതമാണ് മറ്റ് കാർഡുടമകൾക്ക് നൽകുന്നത്. 2013-ന് മുൻപാണെങ്കിൽ സംസ്ഥാനത്തിന് 16 ലക്ഷം മെട്രിക് ടൺ അരി കിട്ടിയിരുന്നു. ഇപ്പോൾ 14.25 ലക്ഷം മെട്രിക് ടണ്ണായി കുറഞ്ഞ സാഹചര്യത്തിലെങ്കിലും പ്രതിപക്ഷം ഭരണപക്ഷത്തോട് യോജിപ്പ് കാണിക്കണ്ടേ? സഭയിൽ ഇത്രയധികം അംഗങ്ങൾ സംസാരിക്കുന്ന സമയത്തും അവർ കേന്ദ്രഗവൺമെന്റിന്റെയും ശ്രീ. നരേന്ദ്രമോദിയുടെയും സമീപനത്തിനെതിരായി ഒരക്ഷരംപോലും പറഞ്ഞില്ലല്ലോ; കേരളത്തിലെ ജനങ്ങളോട് എന്തെങ്കിലും കൂറ് അവർക്കുണ്ടോ; കേരളത്തിലെ ജനങ്ങളുടെ അന്നം മുടങ്ങാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ച ആദരണീയനായ മുഖ്യമന്ത്രി പിണറായി വിജയനെ ആക്രമിക്കാൻ വേണ്ടിയല്ലേ അവർ സമയം മുഴുവനുമെടുക്കുന്നത്? അതല്ലേ ഇവരുടെ എണ്ണം ഇത്രകണ്ട് ചുരുങ്ങിയിരിക്കുന്നത്? ഞാൻ രാഷ്ട്രീയ വിഷയങ്ങളിലേയ്ക്ക് കടക്കുന്നില്ല.

3.00 പി.എം.]

കേന്ദ്ര ഗവൺമെന്റ് കേരളത്തോട് കാണിക്കുന്ന ഈ സമീപനം തിരുത്തണ്ടേ; നമുക്ക് ന്യായവിലയ്ക്ക് ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിനുള്ള സമീപനം സ്വീകരിക്കണ്ടേ? ഇവിടെ പല അംഗങ്ങളും മുൻഗണനാ കാർഡിനെക്കുറിച്ചും അതിന്റെ മാനദണ്ഡങ്ങളെക്കുറിച്ചും സൂചിപ്പിച്ചു. ഞാനതിന്റെ കഥകളൊന്നും പറയുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് മുൻഗണനാ കാർഡിന്റെ എണ്ണം നിശ്ചയിക്കുന്നതിലുണ്ടായിരുന്ന പോരായ്മകൾ നമ്മൾ തിരുത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഒന്നാം പിണറായി സർക്കാർ അഞ്ചുവർഷംകൊണ്ട് ഇക്കാര്യത്തിലിടപെട്ടത് ആളുകൾക്ക് വളരെയധികം ആശ്വാസമായി.

ശ്രീ. പി. ടി. എ. റഹീം: സർ, മുൻഗണനാ കാർഡുകളെ സംബന്ധിച്ചാണ് ഇവിടെ സംസാരിക്കുന്നത്. അതിന് പരിമിതികളുണ്ടെന്ന് പറഞ്ഞു. ഇപ്പോൾ കുറച്ച് മുൻഗണനാ കാർഡ് സർക്കാരിന് സറണ്ടർ ചെയ്തിട്ടുണ്ട്. അതുകൊടുക്കാനുള്ള വ്യവസ്ഥ എന്താണ്; ഇപ്പോൾ ഏതെല്ലാം ജില്ലകളിൽ നിന്ന് എത്ര കാർഡുകളാണ് തിരിച്ചുവന്നിട്ടുള്ളത്; അത് അവർക്കുതന്നെ കൊടുക്കാനുള്ള സാധ്യതയുണ്ടോ എന്നറിയണം.

[അദ്ധ്യക്ഷ വേദിയിൽ മി.സ്പീക്കർ]

ശ്രീ. ജി. ആർ. അനിൽ: സർ, വളരെ കുറച്ച് സമയമേയുള്ളൂ. കൂടുതൽ അംഗങ്ങൾ പറഞ്ഞുതുടങ്ങിയാൽ വിശദീകരണത്തിന് കൂടുതൽ സമയം വേണ്ടിവരും. ഈ ഗവൺമെന്റ് ചുമതലയേറ്റെടുത്തതിനുശേഷം അനർഹരുടെ കയ്യിലിരിക്കുന്ന മുൻഗണനാ കാർഡുകൾ തിരിച്ചേൽപ്പിക്കണമെന്ന് ജനങ്ങളോട് അഭ്യർത്ഥിക്കുകയാണ് ചെയ്തത്. ജനങ്ങളിൽനിന്ന് വളരെ നല്ല സമീപനമാണ് സർക്കാരിന് ലഭിച്ചത്. 1,30,371 കാർഡുകളിൽ 10,445 എ.എ.വൈ. കാർഡുകളും 68,186 പി. എച്ച്. എച്ച്. കാർഡുകളും, ഇതുരണ്ടും മുൻഗണനാകാർഡുകളാണ്, 51,740 എൻ.പി.എസ്. കാർഡുകളും തിരിച്ച് നൽകുകയുണ്ടായി. ഗവൺമെന്റിന്റെ ഈ പ്രവർത്തനങ്ങൾ യോജിക്കാൻ കഴിയുന്നതാണെന്ന് ജനങ്ങൾ തിരിച്ചറിഞ്ഞതുകൊണ്ടാണ് അങ്ങനെ ചെയ്തത്. ഇപ്പോൾ പന്ത്രണ്ടോളം ആളുകൾക്ക് കാർഡ് മാറ്റിക്കൊടുത്തു. അതെല്ലാം വളരെ നിർദ്ധനരായ, രോഗികളായ, പത്രമാധ്യമങ്ങളിൽ വാർത്തകൾ വന്നവയാണ്. സർക്കാരിനെ തിരിച്ചേൽപ്പിച്ച കാർഡുകൾ മുൻഗണനാവിഭാഗങ്ങളിലെ അർഹരെ കണ്ടെത്തി ഈ മാസം തന്നെ വിതരണം ചെയ്യും. ഓണം കഴിഞ്ഞതിനുശേഷം മറ്റാളുകളെ സംബന്ധിച്ച് പരിശോധിച്ച് സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി കൃത്യതയോടെ വിതരണം ചെയ്യുന്നതാണ്.

പുതിയ മാവേലി സ്റ്റോറുകളെ സംബന്ധിച്ചിവിടെ പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 11 മാവേലിസ്റ്റോറുകൾ സൂപ്പർമാർക്കറ്റുകളാക്കിയിട്ടുണ്ട്. വരുന്ന ഓണത്തിനുമുമ്പുതന്നെ 31-ഓളം മാവേലിസ്റ്റോറുകൾ സൂപ്പർമാർക്കറ്റുകളാക്കി മാറ്റി പുതിയ മാവേലിസ്റ്റോറായി ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. ഇതെല്ലാം ജനങ്ങൾക്ക് ആശ്വാസം പകരുന്ന കാര്യങ്ങളാണ്.

ഇവിടെ സൂചിപ്പിച്ച മറ്റൊരു കാര്യമായ വിശപ്പുരഹിത കേരളം ഈ ഗവൺമെന്റിന്റെ ലക്ഷ്യമാണ്. അതിനനുസരിച്ച് എല്ലാ നിയോജകമണ്ഡലങ്ങളിലും 20 രൂപ നിരക്കിൽ ഉച്ചഭക്ഷണം ലഭിക്കുന്നതിനുള്ള സൗകര്യമൊരുക്കുകയാണ്. അത് ഞാൻ എല്ലാ എം.എൽ.എ.-മാരോടും സൂചിപ്പിച്ചിരുന്നു. അതിനനുസരിച്ചുള്ള സൗകര്യപ്രദമായ സ്ഥലം കണ്ടെത്തിയാൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കാനും ആളുകളെ കൂടുതൽ സഹായിക്കാനും കഴിയും. അതിനായി ഓരോ കേന്ദ്രത്തിനും വേണ്ടി 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. റേഷൻ കാർഡുകളിലൂടെയുള്ള കിറ്റുകളെ സംബന്ധിച്ച് ഇവിടെ വലിയ ചർച്ച നടന്നു. കിറ്റ് വിതരണത്തിൽ അഴിമതിയുണ്ടെന്നും എന്തോ വഴിവിട്ടുള്ള കാര്യങ്ങളാണ് നടക്കുന്നതെന്നും ചില

പ്രതിപക്ഷാംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അങ്ങനെയൊരു തെറ്റിദ്ധാരണയും വേണ്ട, കിറ്റ് വിതരണം തുടങ്ങിയതിന്റെ പശ്ചാത്തലം നമുക്കറിയാം. കിറ്റ് വിതരണം മുടങ്ങിപ്പോയത് സംബന്ധിച്ചാണ് കോവളം എം.എൽ.എ. ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചത്. കേരളത്തിൽ ഇതുവരെ 10,16,00,000 ആളുകൾക്കാണ് കിറ്റ് കൊടുത്തിരിക്കുന്നത്. അതൊരു ചെറിയ കാര്യമാണോ? പല തവണയായി കൊടുത്തതാണ്. 10,16,00,000 കിറ്റുകൾ 12 തവണകളായി വിതരണം ചെയ്തു. 5000 കോടിയിലധികം രൂപയാണ് അതിനായി ചെലവഴിച്ചത്. കിറ്റുവിതരണം അഞ്ചോ പത്തോ പന്ത്രണ്ടോ ഉൽപ്പന്നങ്ങളുടെ വിഷയമാണോ; നമ്മുടെ നാട്ടിലെ ഏറ്റവും പാവപ്പെട്ട ആളുകളെ സഹായിക്കുന്ന നിലപാടല്ലേ ഗവൺമെന്റ് സ്വീകരിച്ചത്? ഈ ദുരിതഘട്ടത്തിൽ അങ്ങനെയൊരു നിലപാട് സ്വീകരിച്ചില്ലെങ്കിലുള്ള സ്ഥിതിയെന്താകും; അതിനെക്കുറിച്ച് പ്രതിപക്ഷം ആലോചിക്കുന്നുണ്ടോ? ഭക്ഷ്യസുരക്ഷ, ഭക്ഷ്യഭദ്രത, എല്ലാവർക്കും ഭക്ഷണം എന്നതാണ് പിണറായി സർക്കാരിന്റെ ലക്ഷ്യമെന്നുള്ള കാര്യം ഇവർ ഇടയ്ക്കിടെ മറന്നുപോകുകയാണ്. ഞങ്ങൾ ആ ലക്ഷ്യത്തിനുവേണ്ടിയാണ് പ്രവർത്തിക്കുന്നത്. ജനങ്ങൾക്ക് ഭക്ഷ്യക്കിറ്റ് നൽകുന്നതിനെപ്പോലും രാഷ്ട്രീയകിറ്റായി പ്രചരിപ്പിച്ച ആളുകളല്ലേ അപ്പുറത്തിരിക്കുന്നവർ? ഈ

ഓണത്തിന് കൊടുക്കുന്ന ഭക്ഷ്യക്കിറ്റിലെ മഹാഭ്രരിപക്ഷവും കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങളാണ്. അതിലൂടെ കേരളത്തിലെ കൃഷിക്കാരെ സഹായിക്കാനും കാർഷിക രംഗത്ത് ഉണർവുണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്. ഞാൻ ഇടുക്കിയിൽപോയപ്പോൾ, ഇടുക്കിയിലെ ഏലം കർഷകർക്ക് ഏറ്റവും ആശ്വാസം പകർന്ന ഒരനുഭവമാണ് എനിക്കവിടെ കാണാൻ കഴിഞ്ഞത്. ഏലത്തിന്റെ വില ഒരു കിലോയ്ക്ക് 200 രൂപ മുതൽ 300 രൂപ വരെ വർദ്ധനവുണ്ടായി. നമ്മൾ മാർക്കറ്റിൽ ഇടപെടുന്നുവെന്നും ഏലം സംഭരിക്കുന്നുവെന്നും ആ ഏലം ഈ ഓണത്തിന് കൊടുക്കുന്നുവെന്നും കണ്ടപ്പോൾ അവിടെയുണ്ടായ മാറ്റമാണത്. കശുവണ്ടിയുടെ സ്ഥിതിയും അതുതന്നെയാണ്. നമ്മുടെ നാട്ടിലെ സഹോദരിമാരായ കുടുംബശ്രീ അംഗങ്ങൾ ഏത്തയ്ക്ക ഉപയോഗിച്ച് ഉപ്പേരി ഉണ്ടാക്കാൻ പരിശ്രമിക്കുന്നു. അങ്ങനെ കോടാനുകോടി രൂപയ്ക്കുള്ള സഹായമാണ് ഗവൺമെന്റ് കൊടുക്കുന്നത്. നമ്മുടെ നാട്ടിൻപുറങ്ങളിലെയും ഗ്രാമീണ മേഖലയിലെയും കുടുംബശ്രീ യൂണിറ്റുകൾക്കും കൃഷിക്കാർക്കും കൊടുക്കുന്ന ഈ സഹായങ്ങൾ മറ്റാനുകൂല്യങ്ങൾക്ക് പുറമേയുള്ളതാണ്. അതിനെ ആ നിലയിൽ കാണാതെ ഭക്ഷ്യക്കിറ്റിനെ കളിയാക്കുകയാണവർ. അന്നം കൊടുക്കുന്ന വിഷയത്തെപ്പോലും കളിയാക്കുകയാണ്. ഈ ഗവൺമെന്റ് നടത്തുന്ന

പ്രവർത്തനങ്ങളെയും ഭക്ഷ്യധാന്യവിതരണത്തെയും റേഷനിംഗ് സംവിധാനത്തെയും അനുകൂലിച്ച് സംസാരിച്ച ഒരു നല്ല വ്യക്തിയല്ലേ ശ്രീ. മണിയൻപിള്ള രാജു. എന്തുകൊണ്ടാണ് നിങ്ങളത് കാണാത്തത്? ആ വ്യക്തിയെ കളിയാക്കുകയാണ്. കഴിഞ്ഞ പിണറായി ഗവൺമെന്റിന്റെ ഭരണകാലത്ത്, ഓണക്കാലത്തെ കിറ്റ് വിതരണസമയത്ത് കിറ്റ് വാങ്ങി അതുസംബന്ധിച്ച് പ്രതികരിച്ച ഒരു നല്ല മനുഷ്യനാണ് അദ്ദേഹം. അതുമാത്രമാണ് ഞങ്ങൾ കണ്ടത്. ഞങ്ങൾക്ക് വേറൊരു ഉദ്ദേശ്യവുമില്ല. ഏറ്റവും പാവപ്പെട്ട, ഏറ്റവും ദുർബലരായ എ.എ.വൈ. കാർഡുകാർക്ക് അവരുടെ വീടുകളിൽ പോയി കിറ്റ് കൊടുത്തപ്പോൾ അവരുടെ സന്തോഷം നമ്മൾ പത്രങ്ങളിലെല്ലാം കണ്ടതാണ്. ശ്രീ. പന്തളം സുധാകരൻ എന്നോട് നല്ല വാക്ക് പറഞ്ഞിട്ടുണ്ട്. അതുപോലെ എത്രയോ ആളുകളുണ്ട്. കഴിഞ്ഞ തവണ വാങ്ങിയ ഒരു വ്യക്തിയെന്ന നിലയിൽ അദ്ദേഹത്തിന്റെ വീട്ടിൽ പോയാൽ എന്താണ് കുഴപ്പം? അദ്ദേഹത്തിന് കൊടുത്തത് അനർഹമായ കാര്യമാണോ; ഒരു ഗ്രാം കൂടുതൽ അദ്ദേഹത്തിന് കൊടുത്തോ; അദ്ദേഹത്തിന് കൊടുത്തതിൽ എന്താണ് തെറ്റ്; എ.എ.വൈ. കാർഡുകാർക്ക് കൊടുക്കുമ്പോൾ ഈ കോവിഡിന്റെ കാലഘട്ടത്തിൽ ഒരു നിയന്ത്രണം വേണമെന്നാണ് ഞങ്ങൾ പറഞ്ഞത്. റേഷൻ കടയിൽ അധികം ആളുകൾ

കൂടാൻ പാടില്ല. അതിനനുസരിച്ച് നിയന്ത്രണം വയ്ക്കുമ്പോൾ ഒരു വ്യവസ്ഥ വയ്ക്കണം. അരിയും സാധനങ്ങളും വിതരണം ചെയ്യാൻ ചില വ്യവസ്ഥകൾ നമ്മൾ നേരത്തെയും വച്ചിട്ടുണ്ട്. ഇത്തവണ വച്ചതെന്താണ്? ആദ്യത്തെ രണ്ടുമൂന്നു ദിവസം എ.എ.വൈ. കാർഡുകാർക്ക് കൊടുക്കണം. എന്നാൽ ആ ദിവസം മറ്റൊരാൾ വന്നാൽ കൊടുക്കാൻ പാടില്ലെന്ന് ആർക്കും നിർദ്ദേശം കൊടുത്തിട്ടില്ല. നിങ്ങൾക്ക് ഞാൻ കണക്ക് തരാം. ഏതൊരാളിനും സിവിൽ സപ്ലൈസിന്റെ പോർട്ടലിൽ കയറി നോക്കിയാൽ സംസ്ഥാനത്ത് എ.എ.വൈ. കാർഡുകാർക്കും പി.എച്ച്.എച്ച്. കാർഡുകാർക്കും വെള്ള കാർഡുകാർക്കും എത്ര വീതം കിറ്റുകൾ കൊടുത്തിട്ടുണ്ടെന്നുള്ള കണക്കറിയാൻ സാധിക്കും. ഓരോ ജില്ലയും താലൂക്കും കടയും തിരിച്ചുള്ള കണക്ക് നിങ്ങൾക്ക് പരിശോധിക്കാവുന്നതാണ്. അതുകൊണ്ട് ശ്രീ. മണിയൻപിള്ള രാജുവിന് കൊടുത്തത് മാത്രം എന്തോ ഒരപരാധം കാണിച്ചതാണെന്ന് ചിത്രീകരിക്കാൻ നിങ്ങൾ ശ്രമിക്കരുത്. നമ്മുടെ നാട്ടിലെ വളരെ സാധാരണക്കാരായ ആളുകളടക്കം എല്ലാവരേയും ഒരുപോലെ കാണുന്ന ഗവൺമെന്റാണിത്. സമ്പന്നരെയും പാവപ്പെട്ടവനെയും ഒരുപോലെ കണ്ടുകൊണ്ട് മുഴുവനാളുകൾക്കും കിറ്റ് കൊടുക്കാനാണ് തീരുമാനിച്ചത്. അതിനെ ഏതെങ്കിലും തരത്തിൽ വികൃതമാക്കാമെന്നുള്ള

ധാരണ വേണ്ട. നിങ്ങൾക്ക് അതിനോട് യോജിക്കാൻ കഴിയില്ല എന്നെനിക്കറിയാം. പക്ഷേ ഒരുകാര്യം വ്യക്തമാക്കാനാഗ്രഹിക്കുകയാണ്, ആ കിറ്റ് നമ്മുടെ നാട്ടിലെ സാധാരണക്കാരന്റെ ഉള്ളിന്റെയുള്ളിലുള്ള വികാരമാണ്. കിറ്റ് കൊടുക്കുന്നതിലൂടെ അത്തരം ആളുകൾക്ക് ഈ ഗവൺമെന്റിനോട് മാത്രമല്ല, ഈ നാടിനോടും നമ്മുടെ ഭരണത്തോടും അധികം കൂറുണ്ടാകുകയാണ്. അതുകൊണ്ടാണ് നിങ്ങളതിനെ എതിർക്കുന്നതെന്ന് എനിക്ക് നന്നായിട്ടറിയാം. അതുകൊണ്ട് കിറ്റ് വിതരണത്തിലൂടെ കേരളത്തിലെ കൃഷിക്കാരനെയും അതുപോലെ മറ്റ് ജനവിഭാഗങ്ങളെയുമെല്ലാം സഹായിക്കുന്ന നിലപാടാണ് കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ചത്.

റേഷൻ ഡീലേഴ്സിന് കമ്മീഷൻ കൊടുത്തില്ലെന്നുള്ള കാര്യമിവിടെ പറഞ്ഞു. ഈ ഗവൺമെന്റ് വന്നിട്ട് 70-75 ദിവസങ്ങളേ ആയിട്ടുള്ളൂ. അതിനിടയിൽ എന്തൊക്കെ കാര്യങ്ങളിലാണ് ഇടപെട്ടത്. അത് ചെറിയ കാര്യമാണോ; അവർക്ക് നല്ല തൃപ്തിയാണ്, സമ്പൂർണ്ണമായ യോജിപ്പാണ്. ഈ ഗവൺമെന്റാണ് 7 ലക്ഷം രൂപയുടെ സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ റേഷൻ ഡീലേഴ്സിന് ഉറപ്പാക്കിയത്. അവരെല്ലാം സ്വാഗതം ചെയ്ത കാര്യമാണത്. ഈ ഗവൺമെന്റാണ് 1060 രൂപ പ്രീമിയം ഓരോ

ഡീലർമാർക്കും അടയ്ക്കുന്നത്. അതുപോലെ റേഷൻ ക്ഷേമനിധി ബോർഡിലേയ്ക്ക് 5 ലക്ഷം രൂപ വകയിരുത്തുന്ന കാര്യത്തിൻമേലും നടപടി പുരോഗമിച്ചുവരുന്നു. ഇന്ന് ക്ഷേമനിധിയിലെ ഒരാൾ മരണപ്പെട്ടാൽ 40,000 രൂപയാണ് ലഭിക്കുന്നത്; ആ സ്ഥാനത്ത് 2 ലക്ഷം രൂപയായി മാറാൻ കഴിയുന്ന, ആ ക്ഷേമനിധി ബോർഡിനെ സപ്പോർട്ട് ചെയ്യാൻ കഴിയുന്ന നിലപാട് സ്വീകരിച്ചതും ഈ ഗവൺമെന്റാണ്. ആത്മഹത്യ എല്ലാ മേഖലയിലുമുണ്ട്. എന്നാൽ ഈ മേഖലയിൽ ആത്മഹത്യ ചെയ്ത ആളുകളുടെ കുടുംബാംഗങ്ങളും മറ്റുള്ളവരും നാളെ ആത്മഹത്യ ചെയ്യാതിരിക്കാൻവേണ്ടി അവരെ സഹായിക്കാൻ കഴിയുന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. ഭക്ഷ്യയോഗ്യമായ കേരളത്തിന്റെ നാണ്യവിളകൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി അത് സപ്ലൈകോ ഔട്ട്‌ലെറ്റിലൂടെ കൊടുക്കാനുള്ള പദ്ധതി ഇതിൽ പറയുന്നുണ്ട്. അത് യോജിക്കാൻ കഴിയുന്നൊരു കാര്യമല്ലേ; അതിന് ഭരണ-പ്രതിപക്ഷ വ്യത്യാസമുണ്ടോ? ഗ്രാമീണ മേഖലയിൽ കൃഷിക്കാരന്റെ ഉൽപ്പന്നങ്ങൾ സംഭരിക്കാനും അത് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നമ്മുടെ ഔട്ട്‌ലെറ്റിലൂടെ വിറ്റ് ന്യായവില കിട്ടാൻ സാധ്യതയുള്ളതുമായ ഒരു വിഷയത്തെ ഇവർക്ക് എങ്ങനെ എതിർക്കാൻ കഴിയും. അഗതി മന്ദിരങ്ങൾ, കന്യാസ്ത്രീ മഠങ്ങൾ

തുടങ്ങിയവയിൽ താമസിക്കുന്ന അന്തേവാസികൾക്ക് ഗവൺമെന്റ് സൗജന്യകിറ്റ് കൊടുക്കുന്നുണ്ട്. ആ സൗജന്യകിറ്റ് ഈ ഓണക്കാലത്തും കൃത്യമായി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ ഓഫീസിൽനിന്നും കിട്ടുന്ന ലിസ്റ്റനുസരിച്ച് ഇത്തവണയും ഓണക്കിറ്റ് കൊടുക്കും. അരുവിക്കര എം.എൽ.എ. ഇവിടെ ചർച്ചയിൽ പറഞ്ഞ ഗൗരവമുള്ള കാര്യമാണ് ട്രാൻസ്ജെൻഡേഴ്സിന്റെ റേഷൻ കാർഡിന്റെ വിഷയം. സ്വന്തമായി ട്രാൻസ്ജെൻഡേഴ്സ് പോളിസിയുള്ള സംസ്ഥാനം കേരളമാണ്. ആ വിഭാഗത്തിന് അനുകൂലമായ നിലപാട് സ്വീകരിച്ചതും ഈ ഗവൺമെന്റാണ്. അതുകൊണ്ട് ആ വിഭാഗത്തിൽ റേഷൻ കാർഡ് ഇല്ലാത്തവർക്ക് റേഷൻകാർഡ് കൊടുക്കാനും ഓണത്തിന് കിറ്റ് കൊടുക്കാനും ആലോചിച്ചിട്ടുണ്ട്. സൗജന്യകിറ്റ് അവർക്കും കൊടുക്കാൻ പോകുകയാണ്. അംഗങ്ങൾ ഇവിടെ സൂചിപ്പിച്ച മറ്റൊരു വിഷയം, സഞ്ചരിക്കുന്ന റേഷൻ കടകളെക്കുറിച്ചാണ്. ആദിവാസി കേന്ദ്രങ്ങളിലും മലയോര മേഖലകളിലും സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ/സഞ്ചരിക്കുന്ന റേഷൻ കാർഡുകൾ വ്യാപിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. ഇതിന്റെ തുടക്കം കഴിഞ്ഞ ദിവസം പത്തനംതിട്ട ജില്ലയിലെ അടിച്ചിറപ്പുഴ കേന്ദ്രത്തിൽ ഉദ്ഘാടനം ചെയ്തു. ആ പ്രദേശത്തെ ആദിവാസി ഊരുകളിൽ

സഞ്ചരിക്കുന്ന റേഷൻ കട തുടങ്ങി. ഇന്നത്തെ സാഹചര്യത്തിൽ പരിമിതമായ രീതിയിൽ ഓണം ഫെയർ ആരംഭിക്കാൻ ആലോചിച്ചിട്ടുണ്ട്.

നെല്ല് സംഭരണത്തെക്കുറിച്ച് ചില ആശങ്കകൾ ഇവിടെ പ്രകടിപ്പിച്ചു. കേരളത്തിൽ ഒരു കിലോ നെല്ലിന് 27.48 രൂപ കർഷകന് കിട്ടുകയാണ്. ഇതിൽ 18 രൂപ 68 പൈസയാണ് കേന്ദ്രവിഹിതം. 8.80 പൈസ സംസ്ഥാന സർക്കാരും കൊടുക്കുകയാണ്. 2018-19 കാലയളവിൽ 210286 കർഷകരിൽ നിന്നായി 6.93 ലക്ഷം മെട്രിക് ടൺ നെല്ലാണ് സംഭരിച്ചത്. 2019-20 ആയപ്പോൾ 2,58,295 കർഷകരിൽ നിന്നായി 7.9 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു. ഇത്തവണ 7.64 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിരിക്കുകയാണ്. മാത്രമല്ല, അവർക്ക് കൊടുക്കാനുള്ള 2101.91 കോടി രൂപയിൽ 2046.70 കോടി രൂപയും കൊടുക്കുകയുണ്ടായി. ഇത് കേരളത്തിന്റെ ചരിത്രത്തിൽ പുതിയ സംഭവമാണ്. കുറച്ചാളുകൾക്ക് ഇനി കൊടുക്കാനുണ്ട്. ആ യാഥാർത്ഥ്യം ഞങ്ങൾക്കെല്ലാമറിയാം. ബന്ധപ്പെട്ട ബാങ്കുമായി സെറ്റിൽ ചെയ്യേണ്ട വിഷയങ്ങളാണ്. ഇത്തവണ സംഭരിച്ച നെല്ലിന്റെയടക്കം തുക കൊടുക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇവിടെ ഒന്നുരണ്ട് ആക്ഷേപങ്ങൾ സൂചിപ്പിക്കുകയുണ്ടായി, അതിലൊന്ന് സപ്ലൈകോയിലെ സി.എം.ഡി.-യെ സംബന്ധിച്ച് ഒരു അംഗം സൂചിപ്പിച്ചതാണ്. സപ്ലൈകോയുടെ സി.എം.ഡി.

-യായ ശ്രീ. അലി അസ്കർ പാഷയ്ക്ക് എതിരായി കഴിഞ്ഞ ഗവൺമെന്റിലെ ഭക്ഷ്യവകുപ്പുമന്ത്രി രേഖാമൂലം പരാതി കൊടുത്തതിനെത്തുടർന്ന് അദ്ദേഹത്തിനെതിരെ അന്വേഷണം നിലനിൽക്കുന്നതിനെക്കുറിച്ച് ആക്ഷേപം ഉന്നയിക്കുകയുണ്ടായി. അത് വെറും അടിസ്ഥാനരഹിതമാണ്. എന്തും വിളിച്ച് പറയുകയാണ്. ഞാൻ മുൻ ഭക്ഷ്യവകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനുമായി സംസാരിച്ചു. അങ്ങനെയൊരു പരാതി കൊടുത്തിട്ടില്ല, അങ്ങനെയൊരു സംഭവമില്ല. അതുകൊണ്ട് ഇങ്ങനെയൊരു ആക്ഷേപത്തിന്റെ കാര്യമില്ല. മുന്നിൽനിന്ന് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ തളർത്തുന്ന തരത്തിലുള്ള മോശപ്പെട്ട സമീപനം സ്വീകരിക്കാമോ; അത് പാടില്ലാത്തതല്ലേ? എന്തെങ്കിലും അടിസ്ഥാനപരമായിട്ടുള്ള ആരോപണം ഉന്നയിക്കണ്ടേ; ഇതാണോ വിളിച്ച് പറയേണ്ടത്? കഴിഞ്ഞ ദിവസങ്ങളിൽ കിറ്റുകൾ കിട്ടുന്നില്ലെന്ന് മറ്റൊരു ആരോപണം ഉന്നയിക്കുകയുണ്ടായി. ഞാൻ ഇന്ന് പതിനാല് ജില്ലകളിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സംസാരിച്ചു. ഒരു റേഷൻകടയിലും കിറ്റിന്റെ വിതരണം മുടങ്ങിയിട്ടില്ല. എല്ലാ സ്ഥലത്തും കിറ്റ് ആവശ്യത്തിന് എത്തിക്കുന്നുണ്ട്. സഭയിൽ അതുസംബന്ധിച്ച് ആക്ഷേപം ഉന്നയിച്ച് ആളുകളിൽ പരിഭ്രാന്തിയുണ്ടാക്കുന്നത് ശരിയാണോ? കിറ്റ് വിതരണത്തിന്റെ

കാര്യത്തിൽ ഇതുവരെ വീഴ്ചയുണ്ടായിട്ടില്ല. എല്ലാ സ്ഥലത്തും കിറ്റ് വിതരണ പ്രവർത്തനങ്ങൾ വളരെ ഊർജ്ജിതമായി മുന്നോട്ടുപോകുകയാണ്.

ഇവിടെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ശ്രീ. കെ. ഡി. പ്രസേനൻ ഒരു വിഷയം സൂചിപ്പിച്ചു. അദ്ദേഹം പറഞ്ഞത് "വിള ആരംഭിക്കുന്ന സമയത്തുതന്നെ നെല്ല് സംഭരണം നടത്തണം" എന്നാണ്, അത് വളരെ ശരിയാണ്. വിള ആരംഭിക്കുന്ന സമയത്തുതന്നെ നെല്ല് സംഭരണത്തെക്കുറിച്ചുള്ള ചർച്ച നടത്തണം, അത് ആലോചിക്കുന്നുണ്ട്. നെല്ല് സംഭരണം തുടങ്ങുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ നോട്ടിഫിക്കേഷൻ ആവശ്യമാണ്. കേന്ദ്ര സർക്കാർ ഒരോ സീസണിലും നെല്ല് സംഭരിക്കുന്നതിന് നോട്ടിഫിക്കേഷൻ നൽകിയാൽ മാത്രമേ നടപടികൾ പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. ഇത്തവണ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളിലെ കർഷകരുമായി ആലോചിച്ച് അതിനനുസരിച്ച് ഒരു ക്രമീകരണം നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇ-പോസ് മെഷീനെകുറിച്ച് ചില വിമർശനങ്ങൾ ഉയർന്നു. ചില വിഷയങ്ങൾ ന്യായമാണ്. കഴിഞ്ഞമാസം രണ്ടുതവണ ഇത്തരമൊരു സംഭവമുണ്ടായി. ഇതെല്ലാം ഇലക്ട്രോണിക് മെഷീനുകളുമായും വിവര സാങ്കേതികവിദ്യകളുമായും ബന്ധപ്പെട്ട വിഷയങ്ങളാണ്. മെഷീനാകുമ്പോൾ ചില കേടുപാടുകൾ സംഭവിക്കും, അത് നമുക്കെല്ലാമറിയാം.

അല്ലാതെ മന:പൂർവ്വമായ സംഭവങ്ങളല്ല. ഇതുസംബന്ധിച്ച് ഞങ്ങൾ ആലോചിച്ചു. ഇത് പരിഹരിക്കാൻവേണ്ടി എൻ.ഐ.സി.-യുടെ AUA സെർവർ കൂടി ഉപയോഗിക്കുന്നതിന് അനുവാദം ചോദിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ളൊരു സംവിധാനമായതുകൊണ്ട് നമുക്ക് മാത്രമായി തീരുമാനിക്കാൻ കഴിയാത്ത സ്ഥിതിവന്നു. കിറ്റിന്റെ കമ്മീഷനെക്കുറിച്ച് പറഞ്ഞത് പരിശോധിച്ച് വരുന്നൊരു വിഷയമാണ്. രണ്ടുമാസം കൊടുത്തിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്. റേഷൻ ഡീലേഴ്സുമായും മറ്റ് പല സംഘടനകളുമായും ആശയവിനിമയം നടത്തിയിട്ടുണ്ട്. നമ്മുടെ സാമ്പത്തിക വിഷയങ്ങളെല്ലാം അറിയാമല്ലോ; അതെല്ലാം കണക്കിലെടുത്തുകൊണ്ട് അതിനനുസരിച്ച് പരിഹാരമുണ്ടാക്കാനുള്ള ശ്രമം നടത്തുകയാണ്. റേഷൻ കാർഡിന്റെ വിഷയം അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചു. എല്ലാവർക്കും റേഷൻ കാർഡ് കൊടുക്കണമെന്നാണ് ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുന്നത്. വാടകയ്ക്ക് താമസിക്കുന്നവർക്ക് ഉടമസ്ഥൻ സർട്ടിഫിക്കറ്റ് കൊടുക്കാത്തതിന്റെ പേരിൽ റേഷൻ കാർഡ് ഇഷ്യൂ ചെയ്യാത്ത ചില വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടു. ഇനി മുതൽ വാടകയ്ക്ക് താമസിക്കുന്നവർക്ക് വീടിന്റെ ഉടമസ്ഥൻ അത്തരമൊരു സർട്ടിഫിക്കറ്റ് കൊടുത്തില്ലെങ്കിലും സ്വന്തം അഫിഡവിറ്റ് വാങ്ങിക്കൊണ്ട്, തെരുവിൽ കഴിയുന്ന മനുഷ്യരാണെങ്കിൽപ്പോലും ഏതൊരു കേരളീയനും

കാർഡ് കൊടുക്കുന്ന തരത്തിലുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ചില വിഷയങ്ങളെല്ലാം ശ്രദ്ധയിൽപ്പെടുത്തി. അത്തരം വിഷയങ്ങളെല്ലാം അതിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ടുതന്നെ ഉൾക്കൊള്ളുകയാണ്. ഒരു കാര്യം കൂടി ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഭക്ഷ്യക്കിറ്റ് നിർത്തുന്നുവെന്നൊക്കെയുള്ള വാർത്ത ഒരു മാദ്ധ്യമം കൊടുത്തു. എനിക്ക് അതിനെക്കുറിച്ച് അറിയില്ല. ഭക്ഷ്യക്കിറ്റ് നിർത്തുന്നതിനെയും തുടരുന്നതിനെയും സംബന്ധിച്ചുള്ള ഒരു പ്രസ്താവനയും ഞങ്ങളാരും നടത്തിയിട്ടില്ല. കഴിഞ്ഞ പന്ത്രണ്ട് തവണ അത് കൃത്യമായി കൊടുത്തു. ഓരോ മാസവും കൊടുത്തതിന്റെ കണക്കൊന്നും ഞാൻ വിശദീകരിക്കുന്നില്ല. ഓരോ മാസവും കൊടുത്തിട്ടുള്ളതെല്ലാം തന്നെ നമുക്ക് അറിയാവുന്ന കാര്യമാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഗുരുതരമായ സാഹചര്യം കണക്കിലെടുത്താണ് ഭക്ഷ്യക്കിറ്റിന്റെ വിതരണം തന്നെ ആരംഭിച്ചത്. അത് ആളുകൾക്കൊക്കെ വലിയ ആശ്വാസം പകർന്നതാണ്. ചില വാർത്തകൾ കണ്ടുകൊണ്ട് അതിനനുസരിച്ച് സഭയിൽ വന്ന് ചർച്ച നടത്തുന്നത് ശരിയാണോ? അതുപോലെ കാസർഗോഡ് ജില്ലയിലെ എ.എ.വൈ. കാർഡുകാർക്ക് റേഷൻ കിട്ടുന്നില്ലെന്ന വിമർശനം ഉയരുകയുണ്ടായി. അതെന്താണെന്ന് പരിശോധിക്കാം. എന്റെ

അന്വേഷണത്തിൽ ഇന്ന് ഉച്ചവരെ കൃത്യമായി കിറ്റ് വിതരണം നടന്നിട്ടുണ്ട്; റേഷൻ വിതരണം നടന്നിട്ടുണ്ട്. ഒരുതരത്തിലുള്ള തടസ്സങ്ങളുമുണ്ടായിട്ടില്ല. ഒരു കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്, കഴിഞ്ഞ അഞ്ചുവർഷക്കാലം പരിശോധിച്ചാൽ ഒന്നാം പിണറായി സർക്കാരിന്റെ നാളുകളിലും ഇപ്പോഴും നമ്മൾ പലരൂപത്തിൽ പ്രയാസകരമായ സാഹചര്യത്തെ നേരിടുകയാണ്. ഇപ്പോൾ കോവിഡ്, നേരത്തെ പ്രളയം അങ്ങനെ ഓരോരോ സംഭവങ്ങൾ വന്നു. അങ്ങനെ ദുരിതമനുഭവിക്കുന്ന സാഹചര്യം വരുമ്പോഴെല്ലാം ആ ദുരിതമകറ്റാനുള്ള ഇടപെടലല്ലേ ഒരു ഗവൺമെന്റ് ചെയ്യേണ്ടത്; അതിനനുസരിച്ചുള്ള ഉയർന്ന പ്രവർത്തനമല്ലേ എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചിട്ടുള്ളത്? സ്വാമി വിവേകാനന്ദന്റെ വാക്കുകൾ എടുത്താൽ, 'ഏതൊരാളിന്റെ ഹൃദയമാണ് പാവപ്പെട്ടവനുവേണ്ടി തുടിക്കുന്നത് അയാളാണ് മഹാത്മാവ് ' എന്നാണ് അദ്ദേഹം പറഞ്ഞത്. അല്ലാത്തവരെ മൃതാത്മാവ് എന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. അങ്ങനെയാണെങ്കിൽ കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ എന്താണ് പറയേണ്ടത്. പ്രതിപക്ഷാംഗങ്ങൾ പറയുന്നതുപോലെയാണോ കേരളത്തിന്റെയും രാജ്യത്തിന്റെയും ലോകത്തിന്റെയും മുമ്പിൽ സഖാവ് പിണറായി വിജയൻ. സ്വാമി വിവേകാനന്ദൻ പറഞ്ഞ ആ വാക്കുകൾ അതേരൂപത്തിൽ

അന്വർത്ഥമാക്കുന്ന തരത്തിലുള്ള പ്രവർത്തനം നടത്തുന്ന ഒരാളാണ് കേരളത്തിന്റെ മുഖ്യമന്ത്രി. ചില വിഷയങ്ങളിൽ രാഷ്ട്രീയമായി നമ്മൾ അങ്ങോട്ടുമിങ്ങോട്ടും എതിർക്കുമായിരിക്കാം. പക്ഷെ ഭക്ഷ്യധാന്യ വിതരണത്തിന്റെ കാര്യമൊക്കെ ആ നിലയിൽ കാണണ്ടേ?

ഏലയ്ക്ക പായ്ക്കറ്റിനെ സംബന്ധിച്ച് എന്തൊക്കെ പ്രചരണമാണ് നടക്കുന്നത്. ആദ്യം ഇല്ലാത്ത പ്രചരണം നടത്തും, എന്നിട്ട് അതുമായി ബന്ധപ്പെട്ട് വേറൊരു ചിത്രം ഉണ്ടാക്കിയെടുക്കുകയാണ്. ഏലക്കയ്ക്ക് ഞങ്ങൾ സംഭരിക്കുന്നതിന് കൊടുക്കുന്ന വില 29.15 രൂപയാണ്. സപ്ലൈകോയുമായി ബന്ധപ്പെട്ട് സംഭരിക്കുകയും അതനുസരിച്ച് ആ വില നിശ്ചയിച്ച് വിതരണം ചെയ്യുകയുമാണ്. 95 രൂപയ്ക്ക് 20 ഗ്രാം ഏലക്ക സംഭരിക്കുന്നുവെന്ന് പറഞ്ഞ് വികൃതമായി ചിത്രീകരിച്ച് നല്ല പ്രവർത്തനത്തെ ഇല്ലാതാക്കുന്ന സമീപനം നിർത്തണമെന്നുമാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ ദീർഘമായി പറയുന്നില്ല. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുകയാണ്.

മി. സ്പീക്കർ: ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22

സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു (നെന്മാറ)
10. ശ്രീ. പി. ബാലചന്ദ്രൻ
11. ശ്രീ. കെ. എൻ. ബാലഗോപാൽ
12. ഡോ. ആർ. ബിന്ദു
13. ശ്രീ. ഇ. ചന്ദ്രശേഖരൻ
14. ശ്രീ. പി. പി. ചിത്തരഞ്ജൻ

15. ശ്രീമതി ദെലീമ
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ശ്രീ. കെ. ടി. ജലീൽ
20. ശ്രീമതി കാനത്തിൽ ജമീല
21. ശ്രീ. ജി. എസ്. ജയലാൽ
22. ഡോ. എൻ. ജയരാജ്
23. ശ്രീ. കെ. യു. ജനീഷ് കുമാർ
24. ശ്രീ. ജോബ് മൈക്കിൾ
25. ശ്രീ. വി. ജോയി
26. ശ്രീ. ഒ. ആർ. കേളു
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. ലിന്റോ ജോസഫ്
32. ശ്രീ. ടി. ഐ. മധുസൂദനൻ
33. ശ്രീ. പി. മമ്മിക്കുട്ടി
34. ശ്രീ. എം. എം. മണി
35. ശ്രീ. മാത്യു ടി. തോമസ്
36. ശ്രീ. കെ. ജെ. മാക്സി
37. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
38. ശ്രീ. കെ. പി. മോഹനൻ
39. ശ്രീ. എ. സി. മൊയ്തീൻ
40. ശ്രീ. മുഹമ്മദ് മുഹസിൻ

41. ശ്രീ. എം. മുകേഷ്
42. ശ്രീ. സി. സി. മുകുന്ദൻ
43. ശ്രീ. ഡി. കെ. മുരളി
44. ശ്രീ. മുരളി പെരുനെല്ലി
45. ശ്രീ. പി. നന്ദകുമാർ
46. ശ്രീ. എം. നൗഷാദ്
47. ശ്രീ. എ. പ്രഭാകരൻ
48. ശ്രീ. പ്രമോദ് നാരായൺ
49. ശ്രീ. വി. കെ. പ്രശാന്ത്
50. ശ്രീ. പി. പ്രസാദ്
51. ശ്രീ. കെ. ഡി. പ്രസേനൻ
52. ശ്രീമതി യു. പ്രതിഭ
53. ശ്രീ. കെ. പ്രേംകുമാർ
54. ശ്രീ. കെ. രാധാകൃഷ്ണൻ
55. ശ്രീ. പി. ടി. എ. റഹീം
56. ശ്രീ. എ. രാജ
57. ശ്രീ. എം. രാജഗോപാലൻ
58. ശ്രീ. കെ. രാജൻ
59. ശ്രീ. പി. രാജീവ്
60. ശ്രീ. കെ. കെ. രാമചന്ദ്രൻ
61. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
62. ശ്രീ. ടി. പി. രാമകൃഷ്ണൻ
63. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
64. ശ്രീ. റോഷി അഗസ്റ്റിൻ
65. ശ്രീ. കെ. എം. സച്ചിൻദേവ്
66. ശ്രീ. സജി ചെറിയാൻ

67. ശ്രീ. എച്ച്. സലാം
68. ശ്രീമതി ശാന്തകുമാരി കെ.
69. ശ്രീ. വി. ശശി
70. ശ്രീ. എ. കെ. ശശീന്ദ്രൻ
71. ശ്രീ. ഐ. ബി. സതീഷ്
72. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
73. ശ്രീ. എ. എൻ. ഷംസീർ
74. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
75. ശ്രീ. വി. ശിവൻകുട്ടി
76. ശ്രീ. വാഴൂർ സോമൻ
77. ശ്രീ. പി. വി. ശ്രീനിജൻ
78. ശ്രീ. ജി. സ്റ്റീഫൻ
79. ഡോ. സുജിത് വിജയൻപിള്ള
80. ശ്രീ. കെ. വി. സുമേഷ്
81. ശ്രീ. പി. പി. സുമോദ്
82. ശ്രീ. വി. ആർ. സുനിൽ കുമാർ
83. ശ്രീ. പി. എസ്. സുപാൽ
84. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
85. ശ്രീ. തോമസ് കെ. തോമസ്
86. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
87. ശ്രീമതി വീണാ ജോർജ്ജ്
88. ശ്രീ. ഇ. കെ. വിജയൻ
89. ശ്രീ. എം. വിജിൻ
90. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. അനൂപ് ജേക്കബ്
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
7. ശ്രീ. ഐ.സി. ബാലകൃഷ്ണൻ
8. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
9. ശ്രീ. ടി. വി. ഇബ്രാഹിം
10. ശ്രീ. പി. ജെ. ജോസഫ്
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ശ്രീ. കെ. പി. എ. മജീദ്
14. ഡോ. മാത്യു കുഴൽനാടൻ
15. ശ്രീ. കുറുക്കോളി മൊയ്തീൻ
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. നജീബ് കാന്തപുരം
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീമതി കെ. കെ. രമ
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. സജീവ് ജോസഫ്

26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. സനീഷ്കുമാർ ജോസഫ്
28. ശ്രീ. വി. ഡി. സതീശൻ
29. ശ്രീ. ടി. സിദ്ദിഖ്
30. ശ്രീ. സണ്ണി ജോസഫ്
31. ശ്രീ. പി. ടി. തോമസ്
32. ശ്രീ. എം. വിൻസെന്റ്
33. ശ്രീ. ടി. ജെ. വിനോദ്
34. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 90

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

X. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2021-ലെ കേരള ധനകാര്യ ബിൽ

(ii) 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ.എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള ധനകാര്യ ബില്ലും 2021-ലെ കേരള ധനകാര്യ(2-ാം നമ്പർ) ബില്ലും അവതരിപ്പിക്കുന്നു.

XI. ക്രമപ്രശ്നം

ധനകാര്യ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നത് സംബന്ധിച്ച്

ശ്രീ. പി. ടി. തോമസ്: സർ, 2021-ലെ കേരള ധനകാര്യ ബിൽ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ ബിൽ) എന്നിവ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ പരിഗണിക്കുകയാണ്. ഈ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റി II, VIII, IX, XIV എന്നിവ സംയുക്തയോഗം ചേർന്ന് ബിൽ പരിഗണിക്കുകയാണ്. എന്നാൽ ധനാഭ്യർത്ഥനകളുടെ ചർച്ച സഭ പൂർത്തീകരിച്ചിട്ടില്ല. ഇനി 13 ധനാഭ്യർത്ഥനകൾ ചർച്ച ചെയ്യാനുണ്ട്. 19 ധനാഭ്യർത്ഥനകൾ സഭ വോട്ടുചെയ്ത് പാസ്സാക്കാനുണ്ട്. ആകെ 46 ധനാഭ്യർത്ഥനകളാണ് ബഡ്ജറ്റിലുള്ളത്. ധനാഭ്യർത്ഥന ചർച്ച പൂർത്തീകരിച്ചശേഷമാണ് നിയമസഭയിലും പാർലമെന്റിലും ധനകാര്യ ബിൽ അവതരിപ്പിക്കുന്നത്. " The Finance Bill should however be preceded by Demands for Grants and the connected Appropriation Bill. In other words, the sequence in regard to budget, as provided in Articles

112 to 115 of the Constitution has to be followed." എന്നാണ് ശക്ധർ ആൻഡ് കൗൾ പറയുന്നത്. ബഡ്ജറ്റ് സഭ പാസ്സാക്കിയതിനുശേഷം കാര്യോപദേശക സമിതി തീരുമാനിക്കുന്ന ദിവസം ധനകാര്യബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭയിൽ അവതരിപ്പിക്കാമെന്നാണ് നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ പറയുന്നത്. എന്നാൽ 2005-ൽ മൂല്യവർദ്ധിത നികുതി നിയമം നിലവിൽ വന്ന പ്രത്യേക സാഹചര്യത്തിലാണ് ധനാഭ്യർത്ഥന പാസ്സാക്കുന്നതിന് മുമ്പ് ധനകാര്യ ബിൽ പാസ്സാക്കിയിട്ടുള്ളത്. അതോടൊപ്പംതന്നെ 2018-ൽ ധനാഭ്യർത്ഥന പാസ്സാക്കുന്നതിന് മുമ്പ് ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചുവെങ്കിലും സബ്ജക്ട് കമ്മിറ്റി ചേർന്നത് ധനാഭ്യർത്ഥന പാസ്സായതിനുശേഷമാണ്. ധനാഭ്യർത്ഥനകൾ സഭ വോട്ടുചെയ്ത് പാസ്സാക്കുന്നതിനുമുമ്പ് ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾ ഉൾപ്പെട്ട ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നതും സബ്ജക്ട് കമ്മിറ്റി പരിശോധിക്കുന്നതും ക്രമപ്രകാരമല്ല. ആയതിനാൽ, ധനകാര്യബിൽ പരിശോധിക്കുന്നതിനായുള്ള സബ്ജക്ട് കമ്മിറ്റിയുടെ യോഗം ധനാഭ്യർത്ഥന ചർച്ച പൂർത്തീകരിച്ചശേഷം ചേരുന്നതിനും ധനാഭ്യർത്ഥന പാസ്സാക്കുന്നതിന്

മുമ്പ് ധനകാര്യബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്ന നടപടി കീഴ്വഴക്കമായി തുടരാതിരിക്കാനും വ്യക്തമായ റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ധനാഭ്യർത്ഥന പൂർത്തീകരിക്കുന്നതിനുമുമ്പ് ധനകാര്യ ബിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതിൽ ഭരണഘടനാപരമായോ ചട്ടപ്രകാരമുള്ളതോ ആയ ഏതെങ്കിലും വ്യവസ്ഥയുടെ ലംഘനമില്ല. ധനകാര്യബിൽ സഭ പാസ്സാക്കുന്നത് 12.08.2021-ൽ മാത്രമാണ്. ആയതിനാൽ, ധനകാര്യബിൽ വിഷയനിർണ്ണയ സമിതി മുമ്പാകെ പരിഗണനയ്ക്കയയ്ക്കുന്ന നടപടിക്ക് നിയമതടസ്സമില്ല. മാത്രവുമല്ല, കോവിഡുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യത്തിൽ എത്രയും പെട്ടെന്ന് നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. കാര്യോപദേശക സമിതിയിൽ ചർച്ച ചെയ്ത് സഭ അംഗീകരിച്ച കാര്യക്രമം അനുസരിച്ചുതന്നെയാണ് മുന്നോട്ടുപോകുന്നത്.

റൂളിംഗ്

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... 2021-22 വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും പൂർത്തീകരിക്കുന്നതിന് മുമ്പായി ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾക്ക്

നിയമ പ്രാബല്യം നല്കുന്നതിനായുള്ള 2021-ലെ കേരള ധനകാര്യ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നതും അവ സബ്ജക്ട് കമ്മിറ്റി പരിഗണിക്കുന്നതും ക്രമപ്രകാരമല്ലെന്നാണ് ക്രമപ്രശ്നത്തിലൂടെ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ടി. തോമസ് ഉന്നയിച്ചത്. നമ്മുടെ സഭാ ചട്ടങ്ങളുടെയും കീഴ്വഴക്കത്തിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ക്രമരഹിതമായി ഒന്നുമില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

ചെയർ ഇക്കാര്യം പരിശോധിച്ചു. ധനകാര്യ ബില്ലുകൾ ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങളും മറ്റ് അനുബന്ധ കാര്യങ്ങളുമായി ബന്ധപ്പെട്ടവയാണ്. ബഡ്ജറ്റിലെ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചയും വോട്ടെടുപ്പുമായി ധനകാര്യ ബില്ലിന്റെ പരിഗണനയ്ക്ക് നേരിട്ട് ബന്ധമില്ലെങ്കിൽപ്പോലും ഒരു കീഴ്വഴക്കമെന്ന നിലയിൽ ധനാഭ്യർത്ഥനകളുടെ പരിഗണന പൂർത്തീകരിച്ചതിനുശേഷമാണ് നമ്മുടെ സഭയിൽ ധനകാര്യ ബില്ലുകൾ പരിഗണിച്ചുവരുന്നത്. എന്നാൽ, ചില പ്രത്യേക സാഹചര്യങ്ങളിൽ ധനകാര്യ ബിൽ നേരത്തെ തന്നെ പരിഗണിച്ച സന്ദർഭങ്ങളും സഭയിലുണ്ടായിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ ഈ സമ്മേളനത്തിലെ സഭ ചേരുന്ന ദിവസങ്ങളിൽ കുറവുവരുത്തിയ സാഹചര്യത്തിലാണ്

ഇത്തവണ ധനകാര്യ ബില്ലുകൾ പരിഗണിക്കുന്നതിൽ പുതിയ സമയക്രമം നിശ്ചയിക്കപ്പെട്ടത്. ഇക്കാര്യത്തിൽ ചട്ടങ്ങളുടെയോ, കീഴ്വഴക്കങ്ങളുടെയോ, ലംഘനമുണ്ടായിട്ടില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

നിയമനിർമ്മാണകാര്യം (തുടർച്ച)

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള ധനകാര്യ ബിൽ ഭ്രനികൃതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവയുമായും 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-മായും സംയുക്തമായി പരിഗണിക്കുന്നതിലേയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നേരത്തെ വിശദീകരിച്ചതാണ്. ചർച്ചയുടെ അടിസ്ഥാനത്തിൽ അവസാനം വിശദീകരിക്കാം.

ശ്രീമതി ദെലീമ: സർ, 2021-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-08-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 2(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, 2021-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 3(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 20-08-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ ഇവിടെ അവതരിപ്പിച്ച ഭേദഗതികൾക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ചർച്ചയിൽ പങ്കെടുക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ സമയക്രമം കർശനമായി പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി: സർ, 2021-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്കയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. നിപ വൈറസ്, ഓഖി ദുരന്തം, രണ്ട് പ്രളയങ്ങൾ, ലോകമാകെ ആഞ്ഞുവീശിയ കോവിഡ് വൈറസ് എന്നിവയ്ക്കൊന്നും തകർക്കാൻ കഴിയാതെ വളരെ നിശ്ചയദാർഢ്യത്തോടെയും കരുത്തോടെയും മുന്നോട്ട് കുതിച്ച ഇടതുപക്ഷ സർക്കാരിന്റെ തുടർഭരണമാണ് ഇന്ന് കേരളത്തെ നയിക്കുന്നത്. കേരളത്തെ പുനർനിർമ്മിച്ച് ലോകനെറുകയിൽ എത്തിക്കാനാണ് ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇടതുപക്ഷ സർക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആ പ്രവർത്തനങ്ങൾക്ക് സഹായകരമായ ധനകാര്യ ബില്ലിനെ പിന്തുണയ്ക്കുകയാണ്.

വികസനവും ക്ഷേമവും സുരക്ഷയും കേരളീയ സമൂഹത്തിന് വേണ്ടുവോളം നൽകിയാണ് ഒന്നാം പിണറായി സർക്കാരിന്റെ തുടർച്ചയെന്ന നിലയിൽ ഈ സർക്കാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 2021-22-ലെ ബഡ്ജറ്റ് പുതിയ സർക്കാരിന്റെ സാമ്പത്തിക നയപ്രഖ്യാപനമാണ്. ബഡ്ജറ്റ് അവതരിപ്പിച്ച സന്ദർഭത്തിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ

വളരെ ശ്രദ്ധേയമായ കാര്യങ്ങളാണ് വ്യക്തമാക്കിയത്. ഇത് തെരഞ്ഞടുപ്പിനുവേണ്ടിയുള്ള പ്രചരണ പരിപാടിയോ പ്രഖ്യാപനമോ അല്ല, നടപ്പിലാക്കാനുള്ള പരിപാടിയാണ് പ്രഖ്യാപിക്കുന്നത്. എൽ.ഡി.എഫ്. പ്രകടനപത്രികയിൽ ഇത് കൃത്യമായി ആവർത്തിച്ച് പറഞ്ഞിട്ടുമുണ്ട്.

1. സാമൂഹ്യക്ഷേമ നേട്ടങ്ങളെ കൂടുതൽ മികവുറ്റതാക്കുക, കേവല ദാരിദ്ര്യം ഇല്ലാതാക്കുക, ഉപജീവന തൊഴിലുകൾ സൃഷ്ടിക്കുക.
2. പശ്ചാത്തല സൗകര്യമേഖലയിൽ പ്രഖ്യാപിച്ച പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുക.
3. ഇവയുടെ അടിസ്ഥാനത്തിൽ കേരളത്തെ ഒരു വിജ്ഞാന സമ്പദ്ഘടനയായി രൂപാന്തരപ്പെടുത്തുക, അതുവഴി അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുക എന്നിവയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചത്.

ആഗോളവൽക്കരണം ഇന്ത്യക്കാരുടെ വരുമാനത്തിന്റെ അസമത്വം വർദ്ധിപ്പിച്ചെന്നുള്ള കാര്യം യാഥാർത്ഥ്യമാണ്. അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞനും നോബൽ സമ്മാന ജേതാവുമായ ഇറിക് മാസ്കിൻ (Eric Maskin) ആണ് ഇതുപറഞ്ഞത്. ഇന്ത്യയുടെ ആകെ ദേശീയ വരുമാനം ഏകദേശം മൂന്നിരട്ടിയായി. പക്ഷേ, ഇതിന്റെ പ്രയോജനം

തൊഴിലാളികൾക്ക് ലഭിച്ചിട്ടില്ലെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. അസമത്വം പരിഹരിക്കാൻ കമ്പോള ശക്തികൾക്കാവില്ലെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. ശരിയാണ്, അസമത്വം പരിഹരിക്കാൻ ഒരിക്കലും ഈ ആഗോള മുതലാളിത്ത ശക്തികൾക്ക് കഴിയില്ല. അതിന് ബദൽ നയം വേണം. ആ നയമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. മഹാമാരിയുടെ കെടുതികൾക്കിടയിലും നീതി ആയോഗിന്റെ സുസ്ഥിരവികസന സൂചികയിൽ കേരളം ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് ഈ ബദൽ നയം വഴിയാണെന്ന് കാണാൻ കഴിയും. ദാരിദ്ര്യ നിർമ്മാർജ്ജനം, ഗുണമേന്മയുള്ള വിദ്യാഭ്യാസം, ലിംഗ സമത്വം, കാലാവസ്ഥാ വ്യതിയാനം നേരിടൽ, ചെലവ് കുറഞ്ഞതും സുസ്ഥിരവുമായ ഊർജ്ജസ്രോതസ്സുകൾ ഉപയോഗപ്പെടുത്തൽ എന്നിവയുടെ മുന്നേറ്റമാണ് ഈ നേട്ടത്തിന് നിദാനമായതെന്ന് പ്രത്യേകം കാണേണ്ടതാണ്. ആരോഗ്യവും ക്ഷേമവും, ക്രമസമാധാനവും നീതിനിർവ്വഹണവും, അസമത്വം കുറയ്ക്കൽ, നഗരവികസനം, വന്യജീവി സംരക്ഷണം എന്നീ മേഖലകളിലും കേരളത്തിന്റെ പ്രകടനം മെച്ചപ്പെട്ടതാണെന്നാണ് കാണാൻ കഴിയുന്നത്. അതിദാരിദ്ര്യം ഇല്ലാതാക്കുമെന്നത് എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിലെ പ്രധാന

വാഗ്ദാനമാണ്. അതിദരിദ്രരെ കണ്ടെത്തി അവർക്ക് വരുമാനം ഉറപ്പാക്കാനുള്ള പദ്ധതി സർക്കാരിപ്പോൾ നടപ്പാക്കുകയാണ്. സമയബന്ധിതമായി സർവ്വേ പൂർത്തീകരിക്കാൻ നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെങ്കിലും മലയാളികളുടെ ദേശീയോത്സവമായ ഓണത്തിന് മുഴുവൻ ആനുകൂല്യങ്ങളും നൽകുന്ന സംസ്ഥാനമാണ് മാവേലി മന്നന്റെ ഈ കേരളം. കോവിഡ് പശ്ചാത്തലത്തിലും ക്ഷേമനിധി ബോർഡുവഴി 567.72 കോടി രൂപയുടെ സഹായം നൽകിക്കഴിഞ്ഞിരിക്കുകയാണ്. അതിഥിത്തൊഴിലാളികളുടെ ക്ഷേമത്തിനും മറ്റും 'അതിഥി ആപ്' നടപ്പാക്കുകയാണ്. ഇത് മറ്റ് സംസ്ഥാനങ്ങളിലൊന്നുമില്ലാത്ത സമ്പ്രദായമാണ്. ധനകാര്യ വർഷത്തിന്റെ തുടക്കത്തിൽത്തന്നെ പദ്ധതി നിർവ്വഹണം നടപ്പിലാക്കാൻ കഴിയത്തക്ക നിലയിൽ തദ്ദേശഭരണസ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ 12398.23 കോടി രൂപയാണ് പ്രാദേശിക സർക്കാരുകൾക്കായി ഇപ്പോൾ നീക്കിവച്ചിരിക്കുന്നത്. നൂറ് ദിവസത്തിനുള്ളിൽ ഇരുപത് ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ അടിസ്ഥാന സൗകര്യ-സാമൂഹ്യമേഖലകളിൽ 2464.92 കോടി രൂപയുടെ നിക്ഷേപത്തിനുള്ള ബൃഹത് പദ്ധതി ഇപ്പോൾ നടപ്പാക്കുകയാണ്. കോവിഡിൽ തകർന്ന

സംസ്ഥാനത്തിന് സാമ്പത്തിക ഉത്തേജനവും കൂടുതൽ തൊഴിലവസരവും സൃഷ്ടിക്കുകയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. പ്രതിസന്ധിയിൽനിന്നും സംസ്ഥാനത്തെ രക്ഷിക്കാൻ കേരള മോഡൽ ബദൽ സാമ്പത്തികാസൂത്രണം ശക്തിപ്പെടുത്തുമെന്നും കിഫ്ബിയിൽ വൻവികസന പദ്ധതികൾ തുടരുമെന്നും ധനകാര്യ വകുപ്പുമന്ത്രി തുടക്കത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്. അതിശയകരമായ വികസന പദ്ധതികളാണ് കിഫ്ബിവഴി സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതിന്റെ തുടർച്ചയാണ് രണ്ടാം പിണറായി സർക്കാർ. കിഫ്ബിവഴി ഇനിയും വലിയ വികസനമുണ്ടാകുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നത് സ്വാഗതാർഹമാണ്.

സാമ്പത്തികമാന്ദ്യവും പ്രകൃതിദുരന്തങ്ങളും തുടർച്ചയായി പെയ്തിറങ്ങുമ്പോൾ വേണമെങ്കിൽ സർക്കാരിന് ചെലവ് ചുരുക്കി മാറിനിൽക്കാൻ കഴിയും. അതാണ് മുൻകാല യു.ഡി.എഫ്. സർക്കാരുകളൊക്കെ ചെയ്തിരുന്നത്. പക്ഷേ ഇടതുപക്ഷ സമീപനം അതല്ല. പ്രതിസന്ധി ഘട്ടങ്ങളിൽ കടമെടുത്തായാലും നാടിനെയും ജനങ്ങളെയും രക്ഷിക്കുക എന്നുള്ളതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയം. ആ നയമാണിവിടെ നടപ്പാക്കുന്നത്. എന്നാൽ യു.ഡി.എഫ്. സമീപനം

എന്താണ്? പ്രതിസന്ധി ഘട്ടത്തിലും അവർ ജനങ്ങളെ സഹായിക്കില്ല. ആ ഘട്ടത്തിൽപ്പോലും കൊതുകിന്റെ സ്വഭാവമാണ് യു.ഡി.എഫ്.-ന് കാണിക്കാൻ കഴിയുന്നത്.

"ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും

ചോര തന്നെ കൊതുകിന് കൗതുകം"

എന്നുപറഞ്ഞതുപോലെയാണ്. യു.ഡി.എഫ്. ഭരണകാലത്ത് ഏത് പ്രതിസന്ധി ഘട്ടത്തിലും ജനങ്ങളെ സഹായിക്കുക എന്നുള്ളത് അവരുടെ പ്രധാനമാർഗ്ഗമല്ലെന്ന് കാണാൻ കഴിയും.

ഊർജ്ജം പല തരത്തിലുണ്ട്. വൈദ്യുതോർജ്ജം, ഗതികോർജ്ജം, താപോർജ്ജം, പ്രകാശോർജ്ജം തുടങ്ങി നാനാതരത്തിലുള്ള ഊർജ്ജമുണ്ട്. സിസ്റ്റത്തിന് എന്തോ കുഴപ്പമുണ്ടെന്നുപറഞ്ഞ് ഇവിടെ സ്ഥിരമായി ചർച്ചകൾ നടന്നുവരികയാണ്. സിസ്റ്റത്തിന്റെ തകരാറിനെ സംബന്ധിച്ച് പ്രതിപക്ഷം ചർച്ച ചെയ്യുന്നതാണ് ഇവിടെ കേൾക്കാൻ കഴിയുന്നത്. ഏതൊരു സിസ്റ്റവും പ്രവർത്തിക്കണമെങ്കിൽ അതിന് ഊർജ്ജം അനിവാര്യമാണെന്നുള്ളത് ശാസ്ത്രതത്വമാണ്. ഇവിടെ യു.ഡി.എഫ്. എന്ന സിസ്റ്റം പ്രവർത്തിച്ചിരുന്നത് ഏത് ഊർജ്ജത്തിന്റെ പിൻബലത്തിലാണെന്നുള്ളത് നമുക്ക് കൃത്യമായറിയാം. ആ കാലഘട്ടത്തിൽ അക്കാര്യം അങ്ങാടിപ്പാട്ടായിരുന്നു.

ശാസ്ത്ര ലോകത്തിന് പുതിയൊരു ഊർജ്ജംതന്നെ യു.ഡി.എഫ്. സംഭാവന ചെയ്തു. അതാണ് സരിതോർജ്ജം. യു.ഡി.എഫ്.-ന്റെ ഇന്ധന ടാങ്കിൽ ഇനിയും ആ ഊർജ്ജം ബാക്കികിടക്കുന്നുവെന്ന തോന്നലുണ്ടാക്കുന്ന വിധത്തിലാണ് അവരുടെ ഓരോ പ്രസംഗങ്ങളുമെന്ന് കാണാൻ കഴിയും. ഇന്ധനം കുറയുന്നുവെന്ന് മാത്രമല്ല, സിസ്റ്റത്തിനും തകരാറുകൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. നരേന്ദ്രമോദി സർക്കാരിന്റെ നയംമൂലം പെട്രോളിന്റെയും ഡീസലിന്റെയും വില ഒന്നായി മാറുകയാണ്. പെട്രോളിന്റെയും ഡീസലിന്റെയും വിലയിൽ മാറ്റമില്ലാതെ ഒരേ വിലയിലേയ്ക്ക് മാറുന്ന സന്ദർഭത്തിൽ ഡീസൽ ഒഴിച്ച് പെട്രോൾ വണ്ടിയോ പെട്രോൾ ഒഴിച്ച് ഡീസൽ വണ്ടിയോ ഓടിക്കാൻ കഴിയില്ലെന്ന് നമുക്കറിയാം. ഡീസൽ വണ്ടിക്ക് ഡീസലും പെട്രോൾ വണ്ടിക്ക് പെട്രോളും വേണം. യു.ഡി.എഫ്.-ന്റെ ടാങ്കിലെ ഇന്ധനം മാറാത്ത കാലത്തോളം ഒരുകാരണവശാലും നിങ്ങൾക്ക് ലക്ഷ്യത്തിലേയ്ക്കെത്താൻ കഴിയില്ല. നിങ്ങൾക്ക് ലക്ഷ്യത്തിലേയ്ക്ക് എത്തണമെങ്കിൽ നിങ്ങളുടെ ടാങ്കിലെ ഊർജ്ജം മാറ്റിയേ മതിയാകൂ. അതാണ് നിങ്ങളെ ഈ ഘട്ടത്തിലേയ്ക്കെത്തിച്ചിരിക്കുന്നത്. നിങ്ങളുടെ മൈലേജ് കുറഞ്ഞുകൊണ്ടിരിക്കുന്നുവെന്നല്ലേ എന്നല്ലേ ഓരോ കണക്കും

കാണിക്കുന്നത്. ഓരോന്നിലും മൈലേജ് കുറഞ്ഞുവരുന്നതായാണ് കാണുന്നത്. 2016-ലെ അംഗബലം 49, മൈലേജ് 49 കിലോമീറ്റർ. 2021-ലെ അംഗബലം 41, മൈലേജും 41 കിലോമീറ്ററായി കുറഞ്ഞു. അടുത്ത തെരഞ്ഞെടുപ്പ് വരുമ്പോൾ വണ്ടി കട്ടപ്പുറത്താകും. ഈ നയവുമായി നിങ്ങൾ മുന്നോട്ടുപോയാൽ പാലാരിവട്ടം പാലം പൊളിച്ച കരിങ്കല്ലുകളാകമാനം ആക്സിലേറ്ററിൽ അമർത്തിവച്ചാലും ഈ വണ്ടി ചലിക്കാൻ കഴിയാത്ത വിധത്തിൽ കട്ടപ്പുറത്താകുന്ന സ്ഥിതിയാകും.

ഇവിടെ ഇടതുപക്ഷജനാധിപത്യമുന്നണിയും പ്രവർത്തിക്കുന്നത് ഊർജ്ജത്തിന്റെ പിൻബലത്തിൽ തന്നെയാണ്. അതിൽ യാതൊരു തർക്കവുമില്ല. അത് ഏത് ഊർജ്ജമാണ്; നിങ്ങളുടെ ഊർജ്ജമല്ല, ഇടതുപക്ഷജനാധിപത്യമുന്നണി പ്രവർത്തിക്കുന്നത് കാലങ്ങളായി ഞങ്ങൾക്ക് പിന്തുണ നൽകിവരുന്ന, മുന്നോട്ടുനയിക്കുന്ന ജനങ്ങൾ നൽകുന്ന ഊർജ്ജമാണ്. ഞങ്ങളുടെ സിസ്റ്റം എണ്ണയിട്ട യന്ത്രംപോലെ പ്രവർത്തിക്കുന്നത് ജനകീയോർജ്ജത്തിന്റെ പിൻബലത്തിലാണെന്നകാര്യം നിങ്ങൾ മനസ്സിലാക്കണം. ആ ജനകീയ ഊർജ്ജമാണ് ഞങ്ങളുടെ മൈലേജ് കൂട്ടുന്നത്. ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ മൈലേജ് കൂടിവരികയാണ്. യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും വർഗ്ഗീയശക്തികളും

തീവ്രവാദ ശക്തികളും പിന്നോട്ടുവലിച്ചിട്ടും ഇടതുപക്ഷ ജനാധിപത്യമുന്നണി മുന്നോട്ടാണ്. ഇനിയും മുന്നോട്ടാണെന്ന കാര്യത്തിൽ തർക്കമില്ല. 2016-ൽ മൈലേജ് 91, 2021-ൽ മൈലേജ്-99. ഈ സർക്കാർ നടപ്പിലാക്കാൻപോകുന്ന അതിവേഗ റെയിൽ പദ്ധതി പോലെതന്നെ അടുത്ത തെരഞ്ഞെടുപ്പിൽ 100 - 120 എന്നതിനപ്പുറത്തേയ്ക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ മൈലേജ് വർദ്ധിക്കുമെന്ന കാര്യത്തിൽ ഒരു തർക്കവുമുണ്ടാകേണ്ട കാര്യമില്ല. ആര് എന്ത് എതിർത്താലും അതാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. ആ മൈലേജ് കിട്ടാൻ ഇടതുപക്ഷജനാധിപത്യമുന്നണിയെ മുന്നോട്ടുനയിക്കുന്നത് ജനങ്ങളാണ്. ജനങ്ങൾക്കുവേണ്ടിയാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്. ആ ജനങ്ങൾക്കുവേണ്ടിയാണ് നിരവധി കാര്യങ്ങൾ നടപ്പാക്കുന്നത്. ..(മൈക്ക് ഓഫ്) .....

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ഈ ധനകാര്യ ബില്ലുകളെ എതിർക്കുന്നു. ബഡ്ജറ്റിനെക്കുറിച്ച് ബരാക് ഒബാമ പറഞ്ഞ ഒരു വാചകമുണ്ട്. "A budget is more than just a series of numbers on a page; it is an embodiment of our values". ബഡ്ജറ്റ് എന്നുപറയുന്നത് കേവലം ഒരു കടലാസ്സിലെ സംഖ്യകൾ മാത്രമല്ല; നമ്മുടെ

മൂല്യങ്ങളുടേതുകൂടിയാണെന്നാണ് അദ്ദേഹം പറഞ്ഞത്. കേരള സംസ്ഥാനം രൂപീകൃതമായത് മുതൽ ബഡ്ജറ്റുകൾ തയ്യാറാക്കുന്നതിനെ സംബന്ധിച്ച് കേരള ബഡ്ജറ്റ് മാന്വലിൽ പറയുന്നുണ്ട്. അതിലെ പാരഗ്രാഫ് 14-ൽ പറഞ്ഞിരിക്കുന്നത്, "The budget of the State is based on the departmental estimates submitted by the Heads of Departments and certain other Estimating Officers, which, in turn, are based on the estimates prepared by the Regional/District Officers. The estimates should always receive the careful personal attention of the officers who submit them, who should ensure that they are neither inflated nor underpitched, but as accurate as practicable." ഇതാണ് ബഡ്ജറ്റിനെക്കുറിച്ചുള്ള സങ്കല്പം. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അവതരിപ്പിച്ച 5 വർഷത്തെ ബഡ്ജറ്റുകളിൽ കേരളത്തിലെ ജനങ്ങളോട് പറഞ്ഞ കണക്ക് നോക്കണം. കേരള ബഡ്ജറ്റിനെ സംബന്ധിച്ച കണക്കുകൾ വിശ്വാസയോഗ്യമാണോയെന്നുള്ള ചോദ്യം ഉയർന്നുവരികയാണ്. ഞാൻ അതിനൊരു ഉദാഹരണം പറയാം. ജി.എസ്.ടി. വന്നതിനുശേഷം കേരളത്തിന്റെ വരുമാനത്തെ സംബന്ധിച്ച് അല്ലെങ്കിൽ നികുതിയെ സംബന്ധിച്ച് ഏറ്റവും കൂടുതൽ ധാരണയുണ്ടാകുന്നത്

സംസ്ഥാനം സ്വന്തമായി പിരിക്കുന്ന നികുതിയെ സംബന്ധിച്ചാണ്. 2017-18-ൽ 53,411 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. നമുക്ക് ലഭിച്ചത് 46,459 കോടി രൂപയാണ്. ഏകദേശം ഏഴായിരം കോടി രൂപയുടെ വ്യത്യാസം. 2018-19-ൽ അദ്ദേഹം 58,588 കോടി രൂപ ലഭിക്കുമെന്ന് പറഞ്ഞു, ലഭിച്ചത് 50,644 കോടി രൂപ മാത്രമാണ്. 2019-2020-ൽ 65,784 കോടി രൂപ ലഭിക്കുമെന്ന് പറഞ്ഞു, ലഭിച്ചത് 50,323 കോടി രൂപയാണ്. 2020-21-ൽ 67,420 കോടി രൂപ ലഭിക്കുമെന്ന് പറഞ്ഞു, ലഭിച്ചത് 45,272 കോടി രൂപയാണ്. അവസാനത്തെ മൂന്നുകണക്കുകളിൽ കേരളത്തിലെ ജനങ്ങൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. ചരിത്രത്തിലാദ്യമായി സംസ്ഥാനത്തിന്റെ ഓൺ ടാക്സ് റവന്യൂ തുടർച്ചയായി മൂന്നുവർഷങ്ങളിൽ താഴോട്ടുപോയിരിക്കുകയാണ്. അതിനുശേഷം 2020-21-ൽ 67,000 കോടി രൂപ കിട്ടുമെന്ന് പറഞ്ഞിട്ട് 45,000 കോടി രൂപ മാത്രം കിട്ടിയെന്നതാണ് യാഥാർത്ഥ്യമെന്നിരിക്കെ, ഒരു മടിയുമില്ലാതെ ബഡ്ജറ്റിൽ അദ്ദേഹം പറഞ്ഞിരിക്കുന്ന എസ്റ്റിമേറ്റ് 73,120 കോടി രൂപയാണ്. അതായത്, ഈ വർഷം മാത്രം 27,848 കോടി രൂപയുടെ നികുതി വരുമാന വർദ്ധനവ് സംസ്ഥാനത്തിന് മാത്രമുണ്ടാകുമെന്ന് പറയുമ്പോൾ അത്

എവിടെനിന്നാണെന്നും എങ്ങനെയാണെന്നും പറയണം. ഒന്നുകിൽ നിങ്ങൾ നികുതി വർദ്ധിപ്പിച്ചിട്ടുണ്ടാകും. ഇതിനകത്ത് എന്തെങ്കിലും മാജിക്കുണ്ടോ? അതുകൂടാതെ പുതിയ ധനകാര്യ വകുപ്പുമന്ത്രി വന്നപ്പോൾ അദ്ദേഹത്തിന്റെ വിഹിതമായി 2,606 കോടി രൂപ കൂട്ടിവച്ചു. അതായത്, കഴിഞ്ഞ ബഡ്ജറ്റിലെ ഫിസ്കൽ ഡെഫിസിറ്റ് നിൽക്കുന്നത് 4.25-ലാണ്. എന്നിട്ടാണ് ഇത്രയും വലിയ ഓവർ എസ്റ്റിമേഷനായ 73,120 കോടി രൂപ ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്.

തുടർച്ചയായിട്ടുള്ള മൂന്നുവർഷങ്ങളിൽ നമ്മുടെ ഓൺ ടാക്സ് റവന്യൂ താഴോട്ടുപോയിട്ടുണ്ടെങ്കിൽ അതിന് രണ്ട് കാരണങ്ങളുണ്ട്. ഒന്ന്, നികുതി പിരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു അതല്ലെങ്കിൽ നികുതി ഉണ്ടായിട്ടില്ല. ഇതിൽ ഏതാണ് ഇവിടെ സംഭവിച്ചതെന്ന് ജനങ്ങളോട് പറയാനുള്ള ബാദ്ധ്യതയില്ലേ? കേന്ദ്രത്തെ നാഴികയ്ക്ക് നാല്പതുവട്ടം കുറ്റം പറയും. ഞാനിത് പറയുമ്പോൾ ബി.ജെ.പി.-യെ സപ്പോർട്ട് ചെയ്യുന്നുവെന്ന് നിങ്ങൾ പറയും. ഇവിടെ വസ്തുതകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചർച്ചയ്ക്ക് സാധ്യതയില്ലല്ലോ? പക്ഷെ, പറയാതെ പോകാൻ കഴിയില്ല. കഴിഞ്ഞ തവണത്തെ ബഡ്ജറ്റിന്റെ മുഖം രക്ഷിച്ചത് എന്താണെന്നറിയാമോ? കഴിഞ്ഞ ബഡ്ജറ്റിൽ അദ്ദേഹം പറഞ്ഞത്, കേന്ദ്രസർക്കാർ ഗ്രാന്റായി

തരുമെന്ന് പ്രതീക്ഷിക്കുന്നത് 11,694 കോടി രൂപയാണെന്നാണ്. കിട്ടിയത് 28,877 കോടി രൂപ. അതായത്, പ്രതീക്ഷിച്ചതിനേക്കാളും 17,183 കോടി രൂപ കേന്ദ്രസർക്കാർ അധികമായി നൽകിയതുകൊണ്ടാണ് കഴിഞ്ഞ തവണത്തെ ബഡ്ജറ്റി മുഖം രക്ഷിച്ച് കടന്നുപോകാൻ സാധിച്ചത്.

ധനകാര്യ വകുപ്പുമന്ത്രി ആത്മാർത്ഥമായും സത്യസന്ധമായും മറുപടി പറയണമെന്ന് ആഗ്രഹിക്കുന്ന ഒരു വിഷയമാണിത്. നമ്മൾ ദീർഘകാലമായി സംസാരിക്കുന്ന ഒരു വിഷയമാണ് കിഫ്ബി. കിഫ്ബി കൊണ്ടുവന്നപ്പോൾ പറഞ്ഞിരുന്നത്, ഓഫ് ബഡ്ജറ്റ് ബോറോയിംഗ് എന്ന സങ്കല്പമാണ്. അതായത്, ബഡ്ജറ്റിന് പുറത്ത് കിഫ്ബി 50,000 കോടി രൂപ കടമെടുക്കും. 2017-18-ൽ 5,000 കോടി രൂപ ചെലവഴിക്കും, 2018-19-ൽ 10,000 കോടി രൂപ ചെലവഴിക്കും, 2019-20-ൽ 20,000 കോടി രൂപ ചെലവഴിക്കും, 2020-21-ൽ 15,000 കോടി രൂപ ചെലവഴിക്കും, അങ്ങനെ 5 വർഷം കൊണ്ട് 50,000 കോടി രൂപ ഈ സംസ്ഥാനത്ത് ചെലവഴിക്കുമെന്ന് പറഞ്ഞ് കടന്നുവന്ന കിഫ്ബി ഇന്ന് എവിടെ എത്തിനിൽക്കുന്നു? 63,000 കോടി രൂപയുടെ 903 പദ്ധതികളാണ് കിഫ്ബി അപ്രൂവ് ചെയ്തത്. അതിൽ നിർമ്മാണം ആരംഭിച്ചത് 20,000 കോടി രൂപയുടെ പദ്ധതികൾ, പൂർത്തിയാക്കിയത് 2,942 കോടി രൂപയുടെ

പദ്ധതികൾ. ഇതുവരെ പാർട്ട് ബില്ലായി നൽകിയത് 10,907 കോടി രൂപയുടെ പദ്ധതികൾ. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി വേണ്ടത് 52,352 കോടി രൂപ. കിഫ്ബിയുടെ നീക്കിയിരുപ്പായി കയ്യിലുള്ളത് 8,523 കോടി രൂപ. നിങ്ങൾ അതിനെ ഓഫ് ബഡ്ജറ്റ് ബോറോയിംഗ് എന്നാണ് പറയുന്നത്. കിഫ്ബിക്ക് എവിടെ നിന്നാണ് പൈസ വന്നതെന്ന് നോക്കാം. ഞാനും കിഫ്ബിയെ പുകഴ്ത്തിയിട്ടുണ്ടായിയിരുന്നു. സംസ്ഥാനത്തിന് അധിക ബാദ്ധ്യതയുണ്ടാക്കാതെ പണം പുറത്തുനിന്ന് കൊണ്ടുവന്നിരുന്നുവെങ്കിൽ ഞങ്ങൾ എല്ലാവരും അഭിനന്ദിക്കുമായിരുന്നു. പക്ഷെ, കിഫ്ബിക്ക് എവിടെ നിന്നാണ് പണം കിട്ടിയത്? കിഫ്ബിക്ക് 2015-16-ൽ 873 കോടി രൂപയും 2016-17-ൽ 1,624 കോടി രൂപയും കോർപ്പസ് ഫണ്ടായി നൽകി. മോട്ടോർ വാഹന നികുതിയുടെ വിഹിതമായി 2016-17-ൽ 281 കോടി രൂപ, 2017-18-ൽ 621 കോടി രൂപ, 2018-19-ൽ 1098 കോടി രൂപ, 2019-20-ൽ 1,650 കോടി രൂപ, അങ്ങനെ ആകെ 5,863 കോടി രൂപ പെട്രോൾ, ഡീസൽ വാഹന നികുതിയായിട്ടും പെട്രോളിയം സെസ്സിന്റ വിഹിതമായി 2,673 കോടി രൂപയും ചേർത്ത് ആകെ 8,536 കോടി രൂപ കേരള സർക്കാരിന്റെ ഖജനാവിൽ വരേണ്ട പൈസ നമ്മൾ കൊടുത്തതാണ്.

അതുകൂടാതെ 2,500 കോടി രൂപ ആദ്യം കൊടുത്തതാണ്. ഈ പതിനൊന്നായിരം കോടി രൂപ നമ്മൾ കൊടുത്തതാണെന്നിരിക്കെ കിഫ്ബി കൊണ്ടുവന്നുവെന്ന് പറയുന്ന പണം ഏതാണ്? ഇന്നിവിടെ ഒരംഗം അതിഗംഭീരമായി ആഗോളവത്ക്കരണത്തെ എതിർത്ത് സംസാരിക്കുന്നത് കേട്ടു. കിഫ്ബി കൊണ്ടുവന്ന പണം ഏതാണ്? ലാവ്‌ലിന്റെ ഇൻവെസ്റ്റ്മെന്റ് കമ്പനിയായ CDPQ-ന്റെ കാനഡയിലുണ്ടായിരുന്ന പണം ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ വന്ന്, മുഖ്യമന്ത്രി മണിയടിച്ച ദിവസം മാർക്കറ്റിംഗ് നടത്തി, ഇൻവെസ്റ്റ്മെന്റ് നടത്തി അവർ നൽകിയ ആഗോള മൂലധനത്തിന്റെ ട്രാൻസ്ഫറാണ് കാനഡയിൽനിന്നും ലണ്ടൻവഴി കേരളത്തിലേയ്ക്കുവന്ന 2150 കോടി രൂപ. അതിന് 9.723 ശതമാനം പലിശയാണ് നമ്മൾ കൊടുക്കുന്നത്. കിഫ്ബി ബാക്കി വായ്പ വാങ്ങിയത് ഏതൊക്കെയാണ്? 9.3 ശതമാനം പലിശയ്ക്ക് 565 കോടി രൂപ നബാർഡും 9.15 ശതമാനം പലിശയ്ക്ക് 1000 കോടി രൂപ എസ്.ബി.ഐ.-യും 9.15 ശതമാനം പലിശയ്ക്ക് 500 കോടി രൂപ ഇന്ത്യൻ ബാങ്കും 8.95 ശതമാനം പലിശയ്ക്ക് 500 കോടി രൂപ യൂണിയൻ ബാങ്കും വായ്പ തന്നിട്ടുണ്ട്. ഇതല്ലാതെ കിഫ്ബി എവിടെനിന്നാണ് തുക കൊണ്ടുവന്നത്? എക്സ്ചെക്കറിൽ വരേണ്ട പണം മറ്റൊരു രീതിയിൽ

കിഫ്ബിയിൽ വന്ന് എല്ലാവരും കിഫ്ബിയുടെ മുന്നിൽ കാവൽ നിൽക്കുന്ന ഏർപ്പാടാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് കർശനമായി സമയക്രമം പാലിച്ചേപറ്റൂ.

ഡോ. മാത്യു കുഴൽനാടൻ: .....(മൈക്ക് ഓഫ്).....

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ.എ. നെല്ലിക്കുന്ന്]

ശ്രീ. വി. ശശി: സർ, ഞാൻ ഈ ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. 2021 ജനുവരി 15-ന് മുൻസർക്കാർ 2021-22-ലെ സമ്പൂർണ്ണ ബഡ്ജറ്റ് നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയിരുന്നു. അതോടൊപ്പം പാസ്സാക്കിയ ധനകാര്യ ബില്ലിലെ വ്യവസ്ഥകൾ 14-ാം നിയമസഭയുടെ കാലാവധി കഴിഞ്ഞതോടെ കാലഹരണപ്പെട്ടു. പ്രസ്തുത ബില്ലിലെ എല്ലാ ഖണ്ഡങ്ങളും പുനഃസ്ഥാപിക്കുന്നതാണെന്ന് പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കിയിരുന്നു. കൂടാതെ 2020-ലെ ആംനസ്റ്റി പദ്ധതിയിൽ കുറഞ്ഞത് ഒരു തവണയെങ്കിലും അടയ്ക്കുകയും ബാക്കിയുള്ളവയിൽ വീഴ്ച വരുത്തുകയും ചെയ്ത നികുതിദായകർക്ക്, തവണയായി അടച്ച തുക കുടിശ്ശികകളിൽ ഏറ്റവും

പഴയ കുടിശ്ശികയിലേയ്ക്കുള്ള നികുതി അടവായി ക്രമീകരിക്കുമെന്നും 2021-ലെ കേന്ദ്ര കേന്ദ്ര ധനകാര്യ നിയമപ്രകാരം സി.ജി.എസ്.ടി. നികുതി നിയമത്തിൽ വരുത്തിയ ഭേദഗതികൾ സംസ്ഥാന ജി.എസ്.ടി. നിയമത്തിലും വരുത്തുമെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കുകയുണ്ടായി. ഇവയാണ് ഇപ്പോൾ അവതരിപ്പിച്ച ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന നികുതി നിർദ്ദേശങ്ങൾ. ഇവ കൂടാതെ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പുതിയ നികുതി നിർദ്ദേശങ്ങളൊന്നും സർക്കാർ പ്രഖ്യാപിച്ചിട്ടില്ല. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടി വന്നെങ്കിലും ദുരിതമനുഭവിക്കുന്ന ജനങ്ങളുടെമേൽ അധികം നികുതിഭാരം അടിച്ചേൽപ്പിക്കാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല, അങ്ങനെയൊരു നയമല്ല എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചുപോന്നത്. 1990 മുതൽ ആഗോളവൽക്കരണ നയം ശക്തമായി നടപ്പാക്കിവരുന്ന ഒരു സംസ്ഥാനമെന്ന പരിമിതി കേരളത്തിന്റെ മുന്നിലുണ്ട്. അതിനുള്ളിൽനിന്നുകൊണ്ടാണ് മാതൃകാപരമായ ഒരു ബദൽ വികസന നയം പിന്നിട്ട അഞ്ചുവർഷം നാം നടപ്പാക്കിയത്. രണ്ട് കയ്യും നീട്ടി ജനങ്ങൾ അതിനെ സ്വീകരിച്ചു. വമ്പിച്ച ഭൂരിപക്ഷത്തോടെ എൽ.ഡി.എഫ്.-നെ തുടർഭരണത്തിലേയ്ക്ക് അത് നയിച്ചു. കേന്ദ്ര

സർക്കാരിന്റെ വികലമായ നയങ്ങളും അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പാക്കിയതും ചരക്ക് സേവന നികുതി നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തതും സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലേർപ്പെടുത്തിയ ലോക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും റവന്യൂ വരുമാനത്തെ ബാധിച്ചിട്ടുണ്ട്. കൂടാതെ വേണ്ടത്ര കേന്ദ്രസഹായം യഥാസമയം ലഭ്യമാകാതിരുന്നതും പ്രതിസന്ധി കൂടുതൽ ഗൗരവമാക്കി. ഈ പ്രതിസന്ധിയെയും തരണം ചെയ്ത് വികസനത്തിലും സേവനത്തിലും മുൻപന്തിയിലേയ്ക്ക് കേരളത്തെ നയിക്കാൻ സർക്കാരിന് കഴിഞ്ഞുവെന്നത് വലിയ നേട്ടമാണ്. കോവിഡ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ദുരന്തത്തേക്കാൾ വലിയ ദുരന്തങ്ങളാണ് മോദി സർക്കാർ ജനങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്നത്. പെട്രോൾ-ഡീസൽ വിലവർദ്ധനവ് നമ്മൾ ധാരാളം ചർച്ച ചെയ്തതാണ്. ഇന്നത് നൂറ് രൂപയിൽ വന്നുനിൽക്കുന്നു. മറ്റ് അവശ്യവസ്തുക്കളുടെയും വില ഉയരുകയാണ്. വിലക്കയറ്റം നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിക്കുന്നില്ല. കേന്ദ്ര സർക്കാരിന്റെ തൊഴിലാളിവിരുദ്ധ-ജനവിരുദ്ധ നയങ്ങൾക്കെതിരെ എല്ലാവിഭാഗം ജനങ്ങളും ഇന്ന് പ്രക്ഷോഭത്തിലാണ്. കഴിഞ്ഞ ഒൻപത് മാസമായി രാജ്യത്തെ കർഷകർ സമരത്തിലാണ്. സമരം

അടിച്ചമർത്താനാണ് നീക്കം. വൈദ്യുതി വിതരണ മേഖല സ്വകാര്യവൽക്കരിക്കാനുള്ള ബിൽ ഇപ്പോൾ നടക്കുന്ന പാർലമെന്റ് സമ്മേളനത്തിൽ അവതരിപ്പിക്കാൻ ശ്രമിക്കുകയാണ്. 2003-ലെ കേന്ദ്ര നിയമത്തിലൂടെ സ്വകാര്യ മേഖലയിൽ വൈദ്യുതി ഉൽപ്പാദനം നടത്താൻ നൽകിയ അനുമതി പ്രയോജനപ്പെടുത്തി ഉല്പാദനമേഖലയിൽനിന്നും വിതരണമേഖലകൂടി സ്വകാര്യവൽക്കരിക്കാനുള്ള സമ്മർദ്ദം ഉയരുകയാണ്. അതിനാണ് വൈദ്യുതി ഭേദഗതി ബിൽ 2021, പാർലമെന്റിൽ കൊണ്ടുവരുന്നത്. പ്രതിരോധ വകുപ്പിലെ 41 ഓർഡിനൻസ് ഫാക്ടറികളെ ഏഴ് കോർപ്പറേഷനുകളാക്കി സ്വകാര്യ കുത്തകകൾക്ക് കൈമാറാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഇതിനെതിരെ ഉയരുന്ന പ്രതിഷേധത്തെ, പണിമുടക്കിനെ പ്രതിരോധിക്കാനുള്ള ബില്ലും പാർലമെന്റിൽ എത്തുകയാണ്. കൽക്കരി ഖനനമേഖല സ്വകാര്യ കുത്തകകൾക്ക് നൽകുന്നതിനുള്ള ബില്ലും പാർലമെന്റിൽ വരുന്നുണ്ട്. രാജ്യത്തെ ധാതുവിഭവങ്ങളുടെ ഉടമസ്ഥാവകാശം സ്വകാര്യ കുത്തകകളെ ഏൽപ്പിക്കലാണ് ലക്ഷ്യം. എണ്ണ പ്രകൃതിവാതകരംഗം സ്വകാര്യ കുത്തകകൾക്ക് അടിയറവച്ചുകഴിഞ്ഞു. റെയിൽവേ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, സ്റ്റേഡിയങ്ങൾ, ദേശീയപാതകൾ തുടങ്ങിയവയെല്ലാം

വിൽപ്പനയ്ക്ക് തയ്യാറായിക്കഴിഞ്ഞു. കൊച്ചിൻ റിഫൈനറി, ബി.ഇ.എം.എൽ. തുടങ്ങിയ പൊതുമേഖലാ കമ്പനികളും വിൽപ്പനയ്ക്ക് വച്ചിരിക്കുകയാണ്. മുതലാളിത്ത ശക്തികൾക്ക് നമ്മുടെ തീരമേഖലയെയും സമുദ്രവിഭവങ്ങളെയും കൊള്ളയടിക്കാനുള്ള അവസരമൊരുക്കുന്നതിനാണ് ബ്ലൂ ഇക്കോണമി കരട് നയം തയ്യാറാക്കിയിരിക്കുന്നത്. ഇതിലൂടെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവനും ജീവനോപാധിയുമാണ് തച്ചുടയ്ക്കാൻ പോകുന്നത്. രാജ്യത്തെ ബാങ്കിംഗ് മേഖല സമ്പൂർണ്ണമായി വിൽക്കാനുള്ള നീക്കത്തിലാണ്. ബാങ്കുകളുടെ ലക്ഷക്കണക്കിന് കോടി രൂപയുടെ നിക്ഷേപത്തിലാണ് കേന്ദ്ര ഭരണാധികാരികളുടെയും അവരെ നിയന്ത്രിക്കുന്ന കുത്തകകളുടെയും കണ്ണുകൾ. ബാങ്ക് നിക്ഷേപത്തിന്റെ 90 ശതമാനവും സാധാരണക്കാരന്റേതാണ്. എന്നാൽ ബാങ്കുകൾ നൽകുന്ന വായ്പകളുടെ 86 ശതമാനവും വൻകിടക്കാർക്കാണ്. വായ്പകൾ കിട്ടാക്കടമാകുന്നതും അവ എഴുതിത്തള്ളുന്നതും നിത്യവാർത്തയായിരിക്കുകയാണ്. ആഗോളവൽക്കരണവും അതിനെത്തുടർന്ന് നടപ്പാക്കിയ പരിഷ്കാരങ്ങളുടെയും നേട്ടം സാധാരണ ജനങ്ങളിലേയ്ക്കും കിനിഞ്ഞിറങ്ങുമെന്നാണ് വാദം. എന്നാൽ ഇന്ത്യയിലെ അനുഭവങ്ങൾ ഈ വാദത്തെ പൂർണ്ണമായി അനുകൂലിക്കുന്നില്ല. യു.എൻ.ഡി.പി വർഷംതോറും പ്രസിദ്ധീകരിക്കുന്ന

മാനവ വികസന സൂചിക നൽകുന്ന വിവരങ്ങൾ ഇതിന് തെളിവാണ്. ആഗോളവത്ക്കരണ വക്താക്കളുടെ വാദത്തെ തള്ളിക്കളയുന്നതാണ് മാനവ വികസന സൂചിക നൽകുന്ന വിവരങ്ങൾ. 1990-ൽ ഇന്ത്യയുടെ റാങ്ക് 114 ആയിരുന്നുവെങ്കിൽ 2019-ൽ ഇത് 131-ാമതായി. ഇതാണ് മാനവ വികസന സൂചിക നൽകുന്ന കണക്ക്. ഇതോടൊപ്പം ലോക പട്ടിണി സൂചിക കൂടി പരിഗണിക്കണം. 1990-ൽ ഇന്ത്യയുടെ റാങ്ക് 55 ആയിരുന്നുവെങ്കിൽ 2017-ൽ ഇത് 100 ആയി താഴ്ന്നു. പട്ടിണിക്ക് കുപ്രസിദ്ധിയാർജ്ജിച്ച ആഫ്രിക്കൻ രാജ്യങ്ങളുടെ നില ഇന്ത്യയേക്കാൾ മെച്ചമാണ്. പട്ടിണിയുടെ പര്യായമായിരുന്ന ബംഗ്ലാദേശ്പോലും ഇന്ന് നമ്മുടെ മുന്നിലാണ്. ഇതിന്റെയെല്ലാം പ്രസരണം നമ്മുടെ കൊച്ചുകേരളത്തിലും എത്തുകയാണ്. കോവിഡ് സൃഷ്ടിച്ച ഈ പ്രതിസന്ധിഘട്ടത്തിൽ സംസ്ഥാന സർക്കാരിന് താങ്ങാവുന്നതിലും അപ്പുറത്താണ് കേന്ദ്രസർക്കാരിന്റെ നയം അടിച്ചേൽപ്പിക്കുന്ന ആഘാതം. പാവപ്പെട്ട ജനങ്ങളുടെ പ്രശ്നങ്ങളെ തീർത്തും അവഗണിക്കുന്ന, കുത്തകകളുടെ താൽപ്പര്യം മാത്രം സംരക്ഷിക്കുന്ന മോദി സർക്കാരിനെതിരെ നമ്മൾ ഉയർത്തിക്കൊണ്ടുവരുന്ന പോരാട്ടം ഇനിയും ശക്തിപ്പെടുത്തേണ്ടതുണ്ട്. ഞാൻ ദീർഘിപ്പിക്കുന്നില്ല. 2021-ലെ കേരള

ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്കയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

മി. ചെയർമാൻ: Thank you. അങ്ങ് കൃത്യമായി സമയക്രമം പാലിച്ചു.

4.00 പി.എം.]

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, രാജ്യം അഭിമുഖീകരിക്കുന്ന ഗുരുതരമായ വിദേശ വിനിമയ പ്രതിസന്ധി മുന്നിൽ കണ്ടാണ് 1991 ജൂലൈയിൽ സാമ്പത്തിക പരിഷ്കാരങ്ങളുടെ ഒരു പാക്കേജ് ഇന്ത്യ നടപ്പിലാക്കിയത്. ഇന്ന് മൂന്ന് ദശകങ്ങൾ പിന്നിടുകയാണ്. ഇതിന്റെ ഭാഗമായി സമ്പദ്വ്യവസ്ഥയ്ക്കുമേൽ ഗവൺമെന്റിന്റെ നിയന്ത്രണം കുറഞ്ഞതും സമ്പദ്വ്യവസ്ഥ ആഗോളവൽക്കരണത്തിന് തുറന്നുകൊടുത്തതും നമുക്കറിയാം. എന്നാൽ Liberalisation, Privatisation and Globalisation (LPG) എന്നിവ മുപ്പതുവർഷത്തിനുശേഷം ആ കാലഘട്ടത്തിന്റെ തുടർച്ചയില്ലായ്മ കാരണമാകാം ഉദ്ദേശിച്ച തരത്തിലേയ്ക്ക് മുന്നോട്ടുപോകാൻ

സാധിച്ചില്ലെന്നത് ഇന്ന് ഇന്ത്യയുടെ പരിതാപകരമായ അവസ്ഥാവിശേഷമാണ്. നരേന്ദ്ര മോദി സർക്കാർ നോട്ട് നിരോധനം, ജി.എസ്.ടി. എന്നിവ നടപ്പിലാക്കിയതിന്റെ ഭാഗമായുണ്ടായ പ്രതിസന്ധികൾ ഇന്ത്യാരാജ്യത്തും തുടർന്ന് അതിന്റെ പ്രതിഫലനം കേരളത്തിലും നടന്നുകൊണ്ടിരിക്കുകയാണ്. എൽ.ഡി.എഫ്. സർക്കാരും മുന്നണിയുമൊക്കെ അത്തരമൊരു നവലിബറൽ ഇക്കണോമിക്ക് എതിരായിരുന്നുവെങ്കിലും ഇന്ന് പൊതുവെ അതിനെ പിന്തുണച്ചുകൊണ്ട് മുന്നോട്ടുപോകുന്നൊരു കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. അതാണിവിടെ ഡോ. മാത്യു കുഴൽനാടൻ പറഞ്ഞത്, ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ മണിയടിച്ച് സാമ്പത്തികമായ ഒരു രമ്യതയിലേക്ക് കേരളത്തെ കൊണ്ടുപോകാൻ ശ്രമിക്കുന്നുവെന്ന്. ഇതിന്റെ ഫലമായി പൊതുമേഖലയുടെ തകർച്ചയുണ്ടാകുകയും അതിന് ഉയർന്നുവരാനുള്ള പാക്കേജ് ഇല്ലാതാകുകയും സ്വകാര്യ നിക്ഷേപം വളരാതെയിരിക്കുകയും ചെയ്യ എന്നതാണ് വസ്തുത. കോവിഡ് മഹാമാരിമൂലം ഉൽപ്പാദന മേഖലയാകെ തകർന്ന സ്ഥിതിയാണ് ഇന്ന് കേരളത്തിലുള്ളത്. കേരളം വല്ലാതെ പരാജയപ്പെട്ട ഒരവസ്ഥയിലേയ്ക്ക് പോകുകയാണ്. ഇതിന്റെ കൂടെയാണ് ഇല്ലായ്മയുടേയും അവഗണനയുടേയും കഥകൾ പറയാൻ കഴിയുന്നത്. ഓക്സിജനും വാക്സിനേഷനും ലഭ്യമല്ല.

വിദ്യാഭ്യാസ മേഖലയിൽ ആവശ്യമായ സൗകര്യങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നില്ല. പ്രാദേശികമായും സാമുദായികമായും അവഗണന നേരിടുന്ന ഒരു അവസ്ഥാവിശേഷം കേരളത്തിൽ കാണാൻ സാധിക്കും. ഞാൻ കഴിഞ്ഞ കാര്യങ്ങളെക്കുറിച്ചൊന്നും പറയുന്നില്ല. ഇന്നലെ വന്നൊരു ഉത്തരവുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയനുസരിച്ച് പിന്നോക്ക വിഭാഗത്തിന് പി.ജി. മെഡിക്കൽ സീറ്റുകൾക്ക് 30 ശതമാനം സംവരണം നൽകാമെന്ന് കേന്ദ്ര ഗവൺമെന്റ് ഉത്തരവിറക്കിയിട്ടുണ്ടായിരുന്നു. 02-08-2021-ലെ 1636/2021-ാം നമ്പർ ഗവൺമെന്റ് ഉത്തരവുപ്രകാരം അങ്ങനെയൊരു സംവരണം നൽകാൻ കഴിയില്ലെന്ന പ്രഖ്യാപനം നടത്തി ആ പിന്നോക്ക വിഭാഗത്തെ വീണ്ടും അവഗണിച്ചിരിക്കുന്ന കാഴ്ചയാണ് നമുക്കിവിടെ കാണാൻ സാധിക്കുന്നത്. അതോടൊപ്പം മുന്നോക്ക വിഭാഗങ്ങൾക്കുള്ള ഇ.ഡബ്ല്യൂ.എസ്. സംവരണത്തിനും പിന്നോക്ക വിഭാഗങ്ങൾക്കുള്ള സംവരണത്തിനും അനുസരിച്ച് സീറ്റുകൾ കൂട്ടാൻ കഴിഞ്ഞില്ല. സംവരണമനുസരിച്ചുള്ള പ്രശ്നപരിഹാരവും സാമൂഹ്യനീതിയും ഉറപ്പാക്കാനാവശ്യമായ സമീപനം ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മറ്റൊരു കാര്യം, മിനിഞ്ഞാന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ആശുപത്രികളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനെക്കുറിച്ചുള്ള പരാതി പറഞ്ഞപ്പോൾ, അതിനായി 300 പുതിയ തസ്തികകൾ അനുവദിച്ചിരിക്കുന്നുവെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയും അത് അംഗീകരിക്കുകയും ചെയ്തു. അവിടെയും ഒരു അവഗണന കാണുകയാണ്. മലപ്പുറത്ത് ജനസംഖ്യാനുപാതികമായി ഓക്സിജൻ ലഭിക്കുന്നില്ല, മറ്റ് സൗകര്യങ്ങളൊന്നുമില്ല എന്നുപറയുമ്പോൾത്തന്നെ 300 തസ്തികകൾ അനുവദിച്ചതിൽ 17 എണ്ണം മാത്രമാണ് മലപ്പുറം ജില്ലയിലേയ്ക്ക് നൽകിയിട്ടുള്ളത്. മറ്റ് മേഖലകളിലൊക്കെ 76-ഉം 41-ഉം എണ്ണമാണ് നൽകിയത്. ജനസംഖ്യാനുപാതികമായി ലഭിക്കേണ്ട സൗകര്യം മലപ്പുറത്തിന് ലഭിച്ചില്ല. അതിലും തിരുത്തലുണ്ടാകണമെന്നാവശ്യപ്പെടുന്നു.

ഏതൊരു വികസന സമൂഹത്തിന്റെയും മുഖമുദ്രയായ വ്യവസായ വികസനത്തിന് യാതൊരു പ്രാധാന്യവും നൽകാത്ത ഒരു ധനകാര്യ മാനേജ്മെന്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. വ്യവസായ വികസനത്തിനുവേണ്ടിയുള്ള ബോധപൂർവ്വമായ യാതൊരു ശ്രമവും ബഡ്ജറ്റിൽ നടത്തിയിട്ടില്ല. പ്രാഥമിക മേഖലകളായ കൃഷിക്കും അനുബന്ധ,

സാമ്പത്തിക മേഖലയ്ക്കും 12 ശതമാനമാണ് സംഭാവന ചെയ്തിരിക്കുന്നത്. ദേശീയതലത്തിലും ഈ സംഭാവന തന്നെയാണുള്ളത്. എന്നാൽ ദേശീയ ജി.ഡി.പി.-ക്ക് രണ്ടാം മേഖലയായ വ്യവസായ നിർമ്മാണ മേഖല 28 ശതമാനം സംഭാവന നൽകുമ്പോൾ കേരളത്തിൽ അത് വെറും 24 ശതമാനം മാത്രമാണ്. ഇതിൽ ഏറിയ പങ്കും വന്നിരുന്നത് കെട്ടിട നിർമ്മാണ രംഗത്തുനിന്നുമാണ്. കേരളത്തിൽ വൻകിട വ്യവസായങ്ങളുടെ കുറവ് വലിയ തോതിൽ അനുഭവപ്പെടുന്നു. വസ്തുനിർമ്മാണ മേഖലയിൽ ചുവടുറപ്പിച്ച കിറ്റെക്സ് പോലും സംസ്ഥാനത്തിന് പുറത്താണ് ഇപ്പോൾ മൂലധന നിക്ഷേപം നടത്തുന്നത്. കേരളത്തിലെ ആഭ്യന്തര തൊഴിൽ മേഖലയും മറ്റും വ്യവസായ സൗഹൃദമല്ലാതെയായി മാറുന്ന അവസ്ഥ പൊതുവെ വരികയാണ്. സംസ്ഥാനത്തിന്റെ പൊതുമേഖല സ്ഥാപനങ്ങളിൽ വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള രണ്ട് സ്ഥാപനങ്ങളല്ലാതെ മറ്റൊന്നും ലാഭത്തിലല്ല. KMML-ഉം KSDP-യും ഒഴികെ മറ്റെല്ലാം വൻനഷ്ടത്തിലാണ്. 156 കോടി രൂപയാണ് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സഞ്ചിത നഷ്ടമായി കണക്കാക്കുന്നത്. ടൈറ്റാനിയത്തിന്റെ അനുബന്ധ വ്യവസായത്തിൽ വരുന്ന നിർമ്മാണ കമ്പനികൾക്കും കമ്പ്യൂട്ടർ ഹാർഡ്വെയറിനും അനന്തമായ സാധ്യതകളുണ്ട്. അതിനെ

വിപുലപ്പെടുത്താൻ ശ്രമിച്ചാൽ സ്വാഭാവികമായും കേരളത്തിന് സാമ്പത്തികമായി മുന്നേറ്റമുണ്ടാക്കാൻ കഴിയും.

സാമ്പത്തിക രംഗത്തെ മൂന്നാം മേഖലയായ സേവന മേഖല കേരള സമ്പദ് വ്യവസ്ഥയ്ക്ക് 64 ശതമാനം സംഭാവന ചെയ്യുന്നുണ്ട്. ടൂറിസവും ഹോട്ടൽ മേഖലയും വൻ പ്രതിസന്ധി നേരിടുകയാണ്. സ്കൂളുകളും കോളേജുകളും അടഞ്ഞുകിടക്കുകയാണ്. കേരളത്തിലെ 23 സർവ്വകലാശാലകളിൽ 13 എണ്ണം public funded ആണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് അഭിമാനാർഹമാകുന്നതും സാമ്പത്തിക വളർച്ചയ്ക്കും വികസനത്തിനുമായി അറബിക് സർവ്വകലാശാല വേണമെന്നുള്ള ആവശ്യത്തിന് നാല് ദശാബ്ദത്തിന്റെ പഴക്കമുണ്ട്. വിവിധ വൈജ്ഞാനിക സമ്പന്ന മേഖലകളെ അറബി ഭാഷയിലൂടെ പഠിപ്പിക്കുകയും അറബി സർവ്വകലാശാല സ്ഥാപിക്കുകയും വഴി ഗൾഫിൽനിന്നും മറ്റ് രാജ്യങ്ങളിൽനിന്നും ധാരാളം വിദ്യാർത്ഥികളെ ആകർഷിക്കാൻ കഴിയും. കേരളത്തിന്റെ സാമ്പത്തിക രംഗത്ത് വലിയൊരു മാറ്റമുണ്ടാക്കാൻ ഇങ്ങനെയൊരു സർവ്വകലാശാല സ്ഥാപിക്കുന്നതിലൂടെ കഴിയുമെന്ന് സൂചിപ്പിക്കുകയാണ്.

എല്ലാ തലങ്ങളിലും പ്രവാസികളുടെ ഉന്നതമായ കാര്യങ്ങളെക്കുറിച്ചാണ് നമുക്ക് പറയാനുള്ളത്. കോടിക്കണക്കിന് ഡോളർ

അവർ ഈ രാജ്യത്തേയ്ക്ക് സംഭാവന ചെയ്യുന്നുണ്ട്. അവർക്ക് പ്രവാസി ക്ഷേമനിധിയിൽ അംഗമായി ചേരുന്നതിനുള്ള ഉയർന്ന പ്രായപരിധി 60 വയസ്സാണ്. മിനിമം 5 വർഷമെങ്കിലും അടച്ചവർക്ക് മാത്രമേ ഈ പെൻഷൻ ലഭിക്കുകയുള്ളൂ. അതിൽ ഒരു അപാകതയുണ്ട്. 60 വയസ്സുവരെ പണം അടച്ചവർക്ക് 61 വയസ്സായാൽ പെൻഷനുള്ള അപേക്ഷ നൽകാൻപോലും അനുവദിക്കാത്ത അവസ്ഥാവിശേഷം നിലവിലുണ്ട്. അതുകൊണ്ട് അടച്ചുതീർത്ത പൈസയിൽനിന്ന് അവർക്ക് പെൻഷൻ ലഭിക്കുന്നതിന് സഹായകരമായ രീതിയിൽ നിയമാവലിയിൽ മാറ്റമുണ്ടാക്കാനുള്ള ശ്രമമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ മാനേജ്മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അങ്ങയുടെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകേണ്ടതുണ്ട്. ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നിരവധി ഓഫീസുകളിൽ പരിശോധന നടത്താറുണ്ട്. എന്നാൽ ക്രമക്കേടുകൾ നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഭരണവകുപ്പ് യാതൊരു നടപടിയും സ്വീകരിക്കാറില്ല. ധനകാര്യ വകുപ്പ് കണ്ടെത്തിയ ക്രമക്കേടുകളിന്മേൽ കുറ്റക്കാർക്കെതിരെ ഭരണവകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് ധനകാര്യ വകുപ്പ് മോണിറ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശ പ്രകാരം ഒരുപാട്

ആവശ്യങ്ങൾ ധനകാര്യ വകുപ്പിന്റെ മുന്നിലേയ്ക്ക് വരാറുണ്ട്. അതൊക്കെ അംഗീകരിക്കാനും പ്രൊപ്പോസലുകൾ സെക്രട്ടേറിയറ്റിലെ ഭരണവകുപ്പിൽ അറിയിക്കാനും സംവിധാനമുണ്ടാക്കണം. ഇത്തരത്തിൽ ധനകാര്യ മാനേജ്മെന്റ് പരാജയപ്പെട്ടിരിക്കുന്ന സ്ഥിതിവിശേഷമുള്ളതുകൊണ്ട് ഈ ധനകാര്യ ബില്ലുകളെ ഞാൻ എതിർക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ധനകാര്യ ബില്ലുകളെ പിന്തുണയ്ക്കുന്നു. ജനങ്ങളുടെ തലയിൽ ഒരു ഭാരവുമേൽപ്പിക്കാതെ, അവരുടെ ക്ഷേമവും നാടിന്റെ വികസനവും ഏറ്റവും ഫലപ്രദമായ നിലയിൽ നടത്തിക്കൊണ്ട് രാജ്യത്തിനാകെ മാതൃകയായി പ്രവർത്തിക്കുന്നൊരു ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ഈ സർക്കാർ ജനങ്ങൾക്കുവേണ്ടിയുള്ള സർക്കാരാണ്. സർക്കാരിന്റെ ലക്ഷ്യം ജനക്ഷേമമാണ്. അതുതന്നെയാണ് എൽ.ഡി.എഫ്.-ന്റെ മുഖമുദ്ര. എന്തിനേയും എതിർക്കുക എന്നതാണ് യു.ഡി.എഫ്.-ന്റെ മുഖമുദ്ര. കഴിഞ്ഞ ഗവൺമെന്റിന്റെ എല്ലാ നടപടികളേയും അവർ എതിർത്തു. അവർക്ക് ബോദ്ധ്യമുള്ള കാര്യങ്ങളെപ്പോലും തെറ്റായി വ്യാഖ്യാനിക്കുവാനാണ് ശ്രമിച്ചത്. അരിയും ഭക്ഷ്യധാന്യങ്ങളും

കൊടുക്കുന്നതിനെപ്പോലും പരിഹസിക്കാൻ തയ്യാറാകുന്നവരുടെ മാനസികാവസ്ഥ എന്താണ്?

അന്നവും വസ്ത്രവും കൊടുക്കുന്നവർ തമ്പുരാനാണെന്നാണ് ശ്രീനാരായണ ഗുരുദേവൻ പറഞ്ഞിട്ടുള്ളത്. അപ്പുറത്തിരിക്കുന്നവർ ദൈവദശകമൊന്ന് വായിക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വിശക്കുന്നവന്റെ മുന്നിൽ അപ്പത്തിന്റെ രൂപത്തിലാണ് ദൈവം പ്രത്യക്ഷപ്പെടുന്നത് എന്നല്ലേ വിശുദ്ധ ബൈബിൾ പറയുന്നത്. എന്റെ സുഹൃത്ത് ശ്രീ. എം. വിൻസെന്റിനും അത് മനസ്സിലാകും. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സാധാരണക്കാരായ ജനങ്ങൾ ദൈവത്തെപ്പോലെ കരുതുന്നത്. എന്തിനാണ് നിങ്ങൾ വിഷമിക്കുന്നത്? അസൂയപ്പെട്ടിട്ടൊന്നും ഒരു കാര്യവുമില്ല. അതിനൊരു മരുന്നുമില്ല. പണ്ട് ലൈഫ് പദ്ധതിയെ തുരങ്കംവച്ചൊരു വ്യക്തിയുണ്ടായിരുന്നല്ലോ. അദ്ദേഹത്തെ ഇപ്പോൾ കാണാനില്ല. ഇത്തരത്തിലുള്ളവരെ ഈ നാട് എവിടെയാണ് എത്തിക്കുന്നത് എന്നത് ചരിത്രം രേഖപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. കണ്ടാൽ പഠിക്കാത്തവൻ കൊണ്ടാൽ പഠിക്കുമെന്നാണ്. കണ്ടാലും കൊണ്ടാലും പഠിക്കാത്തവനെ യു.ഡി.എഫ്. എന്നല്ലാതെ എന്താണ് വിളിക്കുന്നത്? ഭക്ഷണം, മരുന്ന്,

ചികിത്സ, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ എല്ലാ മേഖലകളിലും സർക്കാരിന്റെ കൃതിച്ചുചാട്ടമല്ലേ കാണാൻ കഴിയുന്നത്? കേരളം വളരുകയല്ലേ; സംസ്ഥാനത്തിന്റെ കടബാദ്ധ്യതയെക്കുറിച്ച് പറഞ്ഞ് ഇവിടെ കണ്ണുനീരൊഴുക്കുകയാണ്. കിട്ടുന്ന വായ്പയെല്ലാം വാരിക്കോരിയെടുത്ത് ചെലവഴിക്കുകയാണോ കേരളം ചെയ്യുന്നത്? അല്ല, വളരെ കരുതലോടുകൂടിയാണ് കേരളം നീങ്ങുന്നത്. ഫിനാൻസ് കമ്മീഷൻ കേരളത്തിന് 19891 കോടി രൂപ അനുവദിച്ചു. ആ തുക എവിടെ എന്നാണ് പ്രതിപക്ഷം ചോദിക്കുന്നത്. കേന്ദ്രം 4000 കോടി രൂപയാണ് കേരളത്തിന് വെട്ടിക്കുറച്ചത്. നമ്മുടെ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഏകദേശം 1300 കോടി രൂപയോളം കുറവുണ്ടായി. 2020-21 സാമ്പത്തിക വർഷത്തിൽ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ 3.82 ശതമാനമാണ് ഇടിവുവന്നിട്ടുള്ളത്. കോവിഡ്-19-നെത്തുടർന്ന് ലോക്ഡൗൺ വന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വരുമാനത്തിൽ 18.77 ശതമാനത്തിന്റെ ഇടിവല്ലേ സംഭവിച്ചിരിക്കുന്നത്? എന്നിട്ടും നമ്മൾ മുന്നോട്ടുപോകുകയല്ലേ. കിഫ്ബിയെ ആക്ഷേപിക്കുന്നവരുണ്ട്. എങ്ങനെയാണ് നിങ്ങൾക്ക് ഇപ്പോഴും അതിന് മനസ്സ് വരുന്നത്. സംസ്ഥാനത്ത് 60,000 കോടി രൂപയുടെ പദ്ധതിയാണുള്ളത്. അതിൽ

7,000 കോടി രൂപയുടെ പദ്ധതി തീർന്നു, 821 പ്രോജക്ടുകളിലായി 40,100 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി. ഭൂമി ഏറ്റെടുക്കാൻവേണ്ടി മാത്രം 20,000 കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. 19,100 കോടി രൂപയുടെ പ്രോജക്ടുകൾ ടെണ്ടർ വിളിച്ച് നിർവ്വഹണത്തിലേയ്ക്ക് കടക്കുന്നു. എന്നിട്ടും എങ്ങനെയാണ് കിഫ്ബിയെ നിങ്ങൾക്ക് ആക്ഷേപിക്കാൻ കഴിയുന്നത്. ആരോഗ്യമേഖലയിൽ ആധുനിക ചികിത്സാ സംവിധാനങ്ങൾ ഒരുക്കിക്കൊണ്ടാണ് മെഡിക്കൽ കോളേജുകൾ മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്നത്. ഈ മഹാമാരിക്കാലത്ത് കേരളത്തിൽ ഓക്സിജൻ കിട്ടാതെ ആരെങ്കിലും മരിച്ചോ? ഗംഗാനദിയിൽ ശവശരീരങ്ങൾ ഒഴുകി നടക്കുമ്പോൾ പെരിയാറിലോ ഭാരതപ്പുഴയിലോ ഒരു ശവശരീരവും ഒഴുകി നടന്നിട്ടില്ലെന്നത് നമുക്ക് അഭിമാനമല്ലേ?

"ഭാരതമെന്ന പേരുകേട്ടാൽ
അഭിമാനപൂരിതമാകണം അന്തരംഗം
കേരളമെന്ന പേർ കേട്ടാലോ
തിളയ്ക്കണം ചോര ഞരമ്പുകളിൽ"

യു.ഡി.എഫ്.-കാരന്റെ ചോര തിളയ്ക്കുന്നില്ല, അത് മരവിച്ചിരിക്കുകയാണ്, തണുത്തിരിക്കുകയാണ്. കേരളത്തിലെ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയ്ക്കൊക്കെ എന്തൊക്കെ

മാറ്റമാണുണ്ടായിരിക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷം പൊതുമരാമത്ത് വകുപ്പിൽ നിങ്ങൾക്ക് ഒരു അഴിമതിയാരോപണം ഉന്നയിക്കാൻ കഴിഞ്ഞോ? അതിന് മുൻപത്തെ അഞ്ചുവർഷം നമ്മുടെ മുമ്പിലുണ്ട്, പാലാരിവട്ടം പാലത്തിന്റെ കാര്യം നമുക്കറിയാം. ഒന്നാം പിണറായി സർക്കാരിന്റെ ഭരണകാലത്ത് ശ്രീ. ജി. സുധാകരനെന്ന പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് ആർക്കെങ്കിലും ആക്ഷേപമുണ്ടോ? ആ പാത പിന്തുടർന്നുകൊണ്ട് ഇന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ നേതൃത്വത്തിൽ രണ്ടാം പിണറായി സർക്കാർ പ്രവർത്തിക്കുകയാണ്. പ്രതിപക്ഷത്തിന്റെ ഇന്നത്തെ അവസ്ഥയെന്താണ്? ഞാൻ വിവാദങ്ങളിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. കേരളീയ സമൂഹം ആദരിക്കുന്ന, അഭിവന്ദ്യനായ പാണക്കാട് കുടുംബത്തിൽപ്പോലും ഇ.ഡി.-ഉദ്യോഗസ്ഥർ കയറിയിരിക്കുന്നുവെന്ന വാർത്ത വരുന്നു, ചന്ദ്രികയിൽ പോയ 10 കോടി രൂപയും പാലാരിവട്ടം പാലവും അന്നത്തെ മന്ത്രിയുമെല്ലാമുണ്ടല്ലോ. ഞാൻ ചോദിക്കുകയാണ്, ഇപ്പോൾ കേരളത്തിൽ അത്തരത്തിൽ എന്തെങ്കിലുമുണ്ടോ? ഓരോ മേഖലകളും പരിശോധിച്ചാലറിയാം. എന്താണ് യു.ഡി.എഫ്. കാലത്തെ സ്ഥിതി? കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളുടെ ഇന്നത്തെ

അവസ്ഥയെന്താണ്? ഈ പ്രതിസന്ധി സന്ദർഭത്തിലും 40 ലക്ഷം കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗമായ കയർ, കൈത്തറി, ഖാദി, നെയ്ത്ത്, ആർട്ടിസാൻസ്, ഈറ്റ, പനമ്പ് തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണത്തിനുവേണ്ടി കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് എത്ര ശക്തമായ ഇടപെടലുകളാണ് നടത്തുന്നത്? എന്തായിരുന്നു കഴിഞ്ഞ കാലത്തെ അവസ്ഥ? എന്റെ മണ്ഡലത്തിലാണ് പൊതുമേഖല വ്യവസായമായ കെ.എസ്.ഡി.പി. യു.ഡി.എഫ്.-ന്റെ കാലത്ത് ശമ്പളം കൊടുക്കാൻ നിവൃത്തിയില്ലാത്ത അവസ്ഥയിലെത്തിയില്ലേ? ഇന്ന് ആ സ്ഥാപനത്തിലുണ്ടാക്കുന്ന മരുന്നാണ് കേരളത്തിലെ ആശുപത്രികളിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. പണ്ട് അവിടെനിന്നും മരുന്ന് വാങ്ങില്ലായിരുന്നു, സ്വകാര്യമേഖലയിൽ നിന്നാണ് മരുന്ന് വാങ്ങിയിരുന്നത്. അതിനാൽ ഉണ്ടാക്കിയ മരുന്നുകൾ വിൽക്കാൻ കഴിഞ്ഞില്ല, ശമ്പളം കൊടുക്കാൻ കഴിഞ്ഞില്ല, അതായിരുന്നു പൊതുമേഖലയിലുള്ള കെ.എസ്.ഡി.പി.-യുടെ അവസ്ഥ. ഇന്ന് കേരളത്തിലെ വ്യവസായ മേഖലകളിൽ പുതിയ മാറ്റമല്ലേ? 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാനുമുള്ള പ്രവർത്തനം അഭിമാനകരമല്ലേ. കരുവന്നൂർ ബാങ്കില്ലെങ്കിൽ എന്തായിരുന്നു

യു.ഡി.എഫ്.-ന്റെ അവസ്ഥ? ഞങ്ങൾ ഒരു അഴിമതിയെയും പ്രോത്സാഹിപ്പിക്കുന്നില്ല. യു.ഡി.എഫ്. ആയാലും എൽ.ഡി.എഫ്. ആയാലും സഹകരണ പ്രസ്ഥാനത്തെ തകർക്കുന്നതിന് ഒരിക്കലും കൂട്ടുനിൽക്കാൻ കഴിയില്ല. ഒന്നിച്ചു നിൽക്കണം, പക്ഷെ അതാണോ ചെയ്യുന്നത്? ഈ സഭയിൽ വാക്കൗട്ടല്ലാതെ വേറെ എന്തെങ്കിലുമുണ്ടോ? ഇന്നൊരു വാക്കൗട്ടില്ലല്ലോ എന്ന് ആശ്വസിച്ചിരിക്കുമ്പോഴാണ് പെട്ടെന്നൊരു വാക്കൗട്ട്. നല്ല മദ്യപാനികൾക്ക് വെള്ളമടിച്ചില്ലെങ്കിൽ ശരീരം വിറയ്ക്കുമെന്ന് നാട്ടിൽ പറയും. യു.ഡി.എഫ്.-ന്റെ ശരീരം ഒരു ദിവസം വാക്കൗട്ട് നടത്തിയില്ലെങ്കിൽ വിറയ്ക്കുമെന്നാണോ? എനിക്കറിഞ്ഞുകൂടാ. .....(മൈക്ക് ഓഫ്)..... ഈ ധനകാര്യ ബില്ലിനെ പിൻതുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, നമ്മുടെ ധനകാര്യ നിർദ്ദേശങ്ങൾക്ക് നിയമ പരിരക്ഷ നൽകാനുള്ള ഈ ബില്ലുകളെ ഞാൻ അനുകൂലിക്കുകയാണ്. ഈ കാലഘട്ടത്തിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രവർത്തനങ്ങളെ ഞാൻ കാണുന്നത് മഹാഭാരതത്തിലെ ഭീഷ്മരുടെ അനുഭവങ്ങളിലൂടെയാണ്. സ്വന്തം കർമ്മമേഖലയിൽ നിൽക്കുമ്പോഴും ധർമ്മത്തെ എങ്ങനെ സംരക്ഷിക്കാൻ കഴിയുമെന്നുള്ള ഒരു വലിയ പ്രതിസന്ധിയായിരുന്നു ഭീഷ്മരുടെ ജീവിതം. ധനകാര്യ വകുപ്പുമന്ത്രിയെന്ന

നിലയിൽ ധനവിനിയോഗത്തിന്റെ എല്ലാ സാദ്ധ്യതകളേയും കൃത്യമായി കർമ്മപഥത്തിൽ കൊണ്ടുവരാനും കോവിഡ് കാലഘട്ടത്തിൽ ഒരു ജനതയോടുള്ള തന്റെ ധർമ്മം നിർവ്വഹിക്കാനുള്ള ആത്യന്തികമായ സംഘർഷത്തിലൂടെയുമാണ് ധനകാര്യ വകുപ്പുമന്ത്രി മുമ്പോട്ടുപോകുന്നത്. ധർമ്മത്തിന് മുൻതൂക്കം നൽകിക്കൊണ്ടാണ് പോകുന്നത്. എന്റെ പ്രിയപ്പെട്ട സുഹൃത്ത് ഡോ. മാത്യു കുഴൽനാടൻ ഉൾപ്പെടെയുള്ള ആളുകൾ ഇതിന്റെ സാങ്കേതികമായ അർത്ഥങ്ങളിലേയ്ക്ക് കടന്നുപോയപ്പോഴും, സാങ്കേതിക സംജ്ഞകൾക്കും സാമ്പത്തിക സമവായങ്ങൾക്കുമപ്പുറം അടിസ്ഥാനപരമായി ഒരു ജനതയുടെ നിലനിൽപ്പും അവരുടെ അതിജീവനവുമാണ് പ്രധാനമെന്ന തിരിച്ചറിവാണ് യഥാർത്ഥത്തിൽ ധനകാര്യ വകുപ്പുമന്ത്രി മുമ്പോട്ടുവച്ച ഈ നിർദ്ദേശങ്ങളുടെ കാതൽ. നമുക്കറിയാം കോവിഡ് കാലത്തിന്റെ പ്രത്യേകത, നമ്മുടെ ജീവിതം നിലനിർത്തണമെന്നുള്ളതാണ് പ്രധാനം. ഈ ബഡ്ജറ്റിലെ എല്ലാ നിർദ്ദേശങ്ങളും അതുമായി ബന്ധപ്പെട്ടുള്ളതാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 44-ാമത്തെ വയസ്സിലാണ് Albert Camus-ന് നോബൽ പ്രൈസ് കിട്ടുന്നത്. ഇതുപോലൊരു മഹാമാരിയുടെ കാലഘട്ടത്തിനെ അനുസ്മരിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ കൃതിയാണ് 'The Plague' എന്ന പുസ്തകം. അതിൽ അദ്ദേഹം

പറയുന്നുണ്ട്, 'nobody is capable of really thinking about anyone, even in the worst calamity'. ഒരു worst calamity-യിൽ മറ്റുള്ളവരെക്കുറിച്ച് ചിന്തിക്കാൻ ആർക്കും കഴിയുകയില്ലെന്നാണ്. Albert Camus ഇന്ന് ജീവിച്ചിരുന്നെങ്കിൽ, അദ്ദേഹത്തിന്റെ വാക്ക് തിരുത്തുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. അദ്ദേഹം തിരിച്ചെഴുതും 'The Government is capable of really thinking about everybody in the worst calamity'. കേരളത്തെ സംബന്ധിച്ചിടത്തോളം ഈ worst calamity-യിൽ ഒരു ഗവൺമെന്റ് എങ്ങനെ പ്രവർത്തിക്കുന്നുവെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഇന്ന് നടക്കുന്ന പ്രവർത്തനങ്ങൾ.

ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല, ബഡ്ജറ്റിനെ സമീപിക്കുമ്പോൾ രണ്ടുമൂന്ന് കാര്യങ്ങളാണുള്ളത്. എനിക്കുമുമ്പ് സംസാരിച്ച ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ, ബഡ്ജറ്റിന് മൂന്ന് സൈദ്ധാന്തികതലങ്ങളുണ്ട്. കേവലമായ കണക്കുകൾക്കപ്പുറത്ത് അതിന് വേറൊരു സാമൂഹികപരമായ തലംകൂടിയുണ്ട്. ആ തലംകൂടി ഉൾക്കൊള്ളുമ്പോഴാണ് ബഡ്ജറ്റ് അതിന്റെ പൂർണ്ണമായ അർത്ഥത്തിലേയ്ക്ക് കടന്നുവരുന്നത്. ഒരു ജനതയുടെ ആഗ്രഹാഭിലാഷങ്ങളുടേയും ഒരു നാടിന്റെ വികസനാവശ്യങ്ങളുടേയും പ്രതിഫലനമാണ് ഒരു ബഡ്ജറ്റ്. ആ

അർത്ഥത്തിൽ അത് വികസനോന്മുഖമായിരിക്കണം, ജനക്ഷേമകരമായിരിക്കണം. സമഗ്രമായ വികസനരേഖ എന്നതുപോലെ സാമ്പത്തിക-സാമൂഹിക മണ്ഡലത്തിന്റെ പരിവർത്തനത്തിനുള്ള ഉപാധി കൂടിയാണത്. ആ അർത്ഥത്തിലാണ് നമുക്ക് ഈ ബഡ്ജറ്റിനെ കാണാൻ കഴിയുന്നത്. കോവിഡ് പോലുള്ള ഒരു കാലഘട്ടത്തിൽ അതിനെ പ്രതിരോധിക്കാനുള്ള കൃത്യമായ ഇടപെടൽ ഈ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ച ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. കടവുമായി ബന്ധപ്പെട്ട കാര്യമാണ്, Debt-GSDP ratio നോക്കിയാണ് കടത്തെക്കുറിച്ചുള്ള ചർച്ചകൾ എപ്പോഴും നടക്കാറുള്ളത്. കോവിഡിനുശേഷമുണ്ടായ പ്രശ്നങ്ങൾമൂലം നമ്മുടെ ജി.എസ്.ഡി.പി.-യുമായി ബന്ധപ്പെട്ട് ഡെബ്റ്റ് റേഷ്യോയിൽ മാറ്റങ്ങളുണ്ടായിട്ടുണ്ട്. ആത്യന്തികമായി കടത്തിന്റെ ബാദ്ധ്യതയ്ക്കപ്പുറത്ത് ഇപ്പോഴുണ്ടായ സാമ്പത്തിക മാന്ദ്യവുംകൂടി കണക്കാക്കുമ്പോൾ ആഭ്യന്തര ഉൽപ്പാദനം കുറയുകയും മറ്റു ചെലവുകൾ വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിലുണ്ടായൊരു പ്രതിഭാസമാണ്. ഈ സാഹചര്യത്തിൽ ഗവൺമെന്റിന്റെ ധനമാനേജ്മെന്റ് ഒരു പരാജയമാണെന്ന് ഒരിക്കലും പറയാൻ കഴിയില്ല. അതുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ബഡ്ജറ്റ്

നിർദ്ദേശങ്ങൾക്ക് നിയമപരമായ പരിരക്ഷ നൽകാനുള്ള ഈ ബില്ലുകളെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഈ ധനകാര്യ ബില്ലുകളെ ഞാൻ പിന്തുണയ്ക്കുന്നു. കോവിഡ്-19 മഹാമാരിയുടെ ഈ ദുരന്തകാലത്ത് ജനങ്ങളിൽ അധികഭാരം കെട്ടിയേൽപ്പിക്കാതെ ധനകാര്യ ബില്ലുകൾ അവതരിപ്പിച്ച ബഹുമാന്യനായ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയെയും ധനകാര്യ വകുപ്പുമന്ത്രിയെയും പ്രത്യേകം അഭിവാദ്യം ചെയ്യുകയാണ്. കോവിഡ് മഹാമാരി മാനവചരിത്രത്തിലെ ഒരു പ്രത്യേക ഘട്ടത്തെയാണ് സൂചിപ്പിക്കുന്നത്. മാനവരാശിയുടെ മോചനത്തിന് ഒരേയൊരു പ്രത്യയശാസ്ത്രമേയുള്ളൂ, അത് മുതലാളിത്ത വ്യവസ്ഥയാണെന്ന് മൂന്ന് ദശാബ്ദക്കാലമായി ലോകത്തിൽ മുഴങ്ങിക്കേൾക്കുകയാണ്. ഈ മഹാമാരിയുടെ കാലത്ത് ജനങ്ങളെ സംരക്ഷിക്കാൻ കഴിയുന്ന പ്രത്യയശാസ്ത്രമല്ല മുതലാളിത്തമെന്ന് കൂടുതൽ വ്യക്തമായിരിക്കുകയാണ്. നവ ഉദാരവത്കരണ നയങ്ങളും സ്വകാര്യവൽക്കരണവും പങ്കാളിത്ത മുതലാളിത്തവുമെല്ലാംതന്നെ ഈ പ്രതിസന്ധി പരിഹരിക്കാൻ പര്യാപ്തമല്ലെന്ന് സാമ്പത്തിക വിദഗ്ധർ അഭിപ്രായപ്പെട്ടിട്ടുണ്ട്. രാജ്യത്തെ തെരുവ് വീഥികളിൽ പൗരന്മാർ മരിച്ചുവീഴുമ്പോൾ നേരത്തേ

സ്വകാര്യവൽക്കരിച്ച ആശുപത്രികൾ ദേശസാൽക്കരിക്കാൻ സ്പാനിഷ് സർക്കാർ നിർബന്ധിതമായ കാഴ്ച നാം കണ്ടതാണ്. അമേരിക്കയിൽ പണിയെടുക്കുന്നവരിൽ ഇരുപത്തിയഞ്ച് ശതമാനം തൊഴിലില്ലായ്മ വേതനത്തിനുവേണ്ടി അപേക്ഷിച്ചിരിക്കുന്നു. ഏറ്റവും വലിയ പ്രതിസന്ധിയിലൂടെ മുതലാളിത്തലോകം മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. ക്ഷേമനടപടികൾ വെട്ടിക്കുറച്ചും വേതനം വെട്ടിക്കുറച്ചും പ്രതിസന്ധി പരിഹരിക്കാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. യൂറോപ്യൻ രാജ്യങ്ങൾക്ക് മുഴുവനും പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് മുമ്പോട്ടു പോകേണ്ടിവന്നു. എന്നിട്ടും പ്രതിസന്ധി തുടരുകയാണ്. ശാസ്ത്രീയ നിലപാടുകൾ സ്വീകരിച്ചുകൊണ്ടും സോഷ്യലിസ്റ്റ് സമ്പദ്ഘടന അംഗീകരിച്ചുകൊണ്ടും മുമ്പോട്ടുപോകുന്ന രാജ്യങ്ങൾ തങ്ങളുടെ രാജ്യത്തെ ജനങ്ങളെ സംരക്ഷിച്ച്, സുസ്ഥിര വികസനം കൈവരിച്ച് പടിപടിയായി മുമ്പോട്ടുപോകുന്ന ആവേശകരമായ ചിത്രം നാം കാണുകയാണ്. ചൈന, വിയറ്റ്നാം, ക്യൂബ എന്നിവിടങ്ങളിലൊക്കെ ഈ സ്ഥിതി നമുക്ക് കാണാൻ കഴിയും. പ്രതിസന്ധി പരിഹരിക്കാൻ ലോകത്തെമ്പാടുമുള്ള ജനങ്ങളും വിദഗ്ധരും മാർക്സിസത്തെയും മാർക്സിനെയും തേടിപ്പോകുന്ന കാഴ്ച നമ്മൾ കാണുകയാണ്. 'മൂലധനം' ലോകത്തെമ്പാടും പുനർവായനയ്ക്ക്

വിധേയമായിക്കൊണ്ടിരിക്കുന്ന ഘട്ടമാണിത്. മാനവരാശിയുടെ ഏക മോചന മാർഗ്ഗം കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം മാത്രമാണെന്ന് ലോകത്ത് അംഗീകരിപ്പെട്ട ഒരു കാലഘട്ടംകൂടിയാണ് കടന്നുപോകുന്നത്. നരേന്ദ്ര മോദി സർക്കാർ വിനാശകരമായ സ്വകാര്യ കോർപ്പറേറ്റ് മുതലാളിത്തവുമായി മുമ്പോട്ടുപോകുന്നു. പട്ടിണിയും തൊഴിലില്ലായ്മയും സാമ്പത്തികക്കുഴപ്പവും രൂക്ഷമാകുന്നു. തെരുവോരങ്ങളും പുഴകളും ശവങ്ങൾകൊണ്ട് നിറയുന്നു. ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന ഭക്ഷ്യധാന്യങ്ങൾ പുഴുത്തുനാറി കടലിലേയ്ക്ക് തള്ളുന്നു. സാനിറ്റൈസർ ഉണ്ടാക്കാനായി കോർപ്പറേറ്റുകൾക്ക് കുറഞ്ഞനിരക്കിൽ സാധനങ്ങൾ അനുവദിക്കുന്നു. പട്ടിണി കിടക്കുന്ന സ്വന്തം രാജ്യത്തെ ജനങ്ങളെ സഹായിക്കാനായി ഭക്ഷണം കൊടുക്കാൻ തയ്യാറാകാത്ത ഒരു ഭരണാധികാരിയെയാണ് ഇന്ത്യാരാജ്യത്ത് കാണാൻ കഴിയുന്നത്. പ്രതിസന്ധിക്ക് മറവിലും കോർപ്പറേറ്റ്വൽക്കരണം ശക്തമായി നടത്തി മുന്നോട്ടുപോകുന്ന കാഴ്ചയാണ്. സംസ്ഥാനങ്ങളുടെ അവകാശങ്ങൾ കവരുന്നു, സാമ്പത്തിക സഹായങ്ങൾ നിഷേധിക്കുന്നു. അർഹതപ്പെട്ട സാമ്പത്തിക സഹായങ്ങൾപോലും നൽകാൻ തയ്യാറാകുന്നില്ല. ഒരു മഹാമാരിയുടെ കാലഘട്ടത്തിൽ കേന്ദ്രം സംസ്ഥാനങ്ങളെ സഹായിക്കാൻ ബാദ്ധ്യസ്ഥമാണ്.

അതുപോലും നിർവ്വഹിക്കാൻ തയ്യാറാകുന്നില്ലെന്നത് നാം കാണേണ്ടതാണ്. ഈ പ്രതിസന്ധികൾക്കിടയിലാണ് നമ്മുടെ കൊച്ചുകേരളം ലോകത്തിനുമുമ്പിൽ തലയുയർത്തി നിൽക്കുന്ന കാഴ്ച നാം കാണുന്നത്. കേന്ദ്രം സ്വീകരിക്കുന്ന ജനവിരുദ്ധ നയത്തിന് ബദൽ നയം ആവിഷ്കരിച്ചുകൊണ്ടാണ് പിണറായി സർക്കാർ മുമ്പോട്ടുപോകുന്നത്. കേരളത്തിലെ സാമ്പത്തികരംഗം അതിരൂക്ഷമാണെന്ന് നമുക്കെല്ലാമറിയാം. 2018-19 -ൽ റവന്യൂ വരവ് 92,854 കോടി രൂപയായിരുന്നത് 2019-20-ൽ 90,224 കോടി രൂപയായി കുറഞ്ഞു, 2020-21-ൽ വീണ്ടും കുറയും. സ്വന്തം നികുതി വരുമാനം 2018-19-ൽ 50,664 കോടി രൂപയും 2019-20-ൽ 50323 കോടി രൂപയുമായിരുന്നത് 2020-21-ൽ 45272 കോടി രൂപയായി വീണ്ടും കുറഞ്ഞിരിക്കുകയാണ്. നികുതിയേതര വരുമാനം 2018-19-ൽ 11783 കോടി രൂപയും 2019-20-ൽ 12265 രൂപയുമായിരുന്നത് 2020-21-ൽ 9121 കോടി രൂപയായി ഭയാനകമായ രൂപത്തിൽ കുറഞ്ഞിരിക്കുന്നുവെന്ന കാഴ്ച നാം കാണുകയാണ്. കേന്ദ്ര വിഹിതം 2018-19-ൽ 19038 കോടി രൂപയും 2019-20-ൽ 16401 കോടി രൂപയുമായിരുന്നത് 2020-21-ൽ 9844 കോടി രൂപയായി കുറഞ്ഞു. ജി.എസ്.ടി. നഷ്ടപരിഹാരം അഞ്ചുവർഷം മാത്രമേ നമുക്ക് ലഭിക്കൂ. അടുത്തവർഷം നമുക്കത് ലഭിക്കില്ല. 2020-21-ൽ

പതിനായിരം കോടിയിലധികം രൂപ നഷ്ടപരിഹാരമായും പ്രത്യേക ലോണായും നമുക്ക് ലഭിച്ചിരുന്നുവെന്ന കാര്യംകൂടി നാം ഓർമ്മിക്കേണ്ടതുണ്ട്. ധനകാര്യ കമ്മീഷന്റെ ശിപാർശയനുസരിച്ച് ആദ്യവർഷം ലഭ്യമാകേണ്ടത് 19801 കോടി രൂപയും രണ്ടാം വർഷം 13174 കോടി രൂപയും അവസാനവർഷം 4749 കോടി രൂപയുമാണ്. തുടർന്നുള്ള വർഷങ്ങളിൽ നമുക്കിത് ലഭ്യമാകില്ല. ശമ്പളപരിഷ്കരണത്തിനുവേണ്ടി പതിനാലായിരം കോടി രൂപ ചെലവഴിച്ചു. രണ്ടുവർഷം കഴിഞ്ഞ് കൊടുക്കേണ്ട കുടിശ്ശികയ്ക്ക് 4500 കോടി രൂപ ആവശ്യമായി വരും. വളരെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിക്കിടയിലാണ് ലോകത്തിന്റെയാകെ ശ്രദ്ധ പിടിച്ചുപറ്റിക്കൊണ്ട് ജനങ്ങൾക്ക് സംരക്ഷണം നൽകുന്ന ബദൽ നടപടികളുമായി ഈ സർക്കാർ മുമ്പോട്ടുപോകുന്നത്. കേരളം ക്ഷേമപദ്ധതികളുടെ നാടാണ്. ബഡ്ജറ്റിലെ ഗണ്യമായ ഭാഗം ക്ഷേമപരിപാടികൾക്കുവേണ്ടി മാറ്റിവയ്ക്കുന്നു. പശ്ചാത്തല വികസനത്തിന് പണം കണ്ടെത്താൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന് എല്ലാവർക്കുമറിയാം. അവിടെയാണ് ബദൽനയമെന്ന നിലയിൽ ബഡ്ജറ്റേതര മാർഗ്ഗത്തിലൂടെ വരുമാനം കണ്ടെത്താനുള്ള പരിശ്രമവുമായി മുന്നോട്ടുപോയത്. ഒന്നാം പിണറായി ഗവൺമെന്റിന്റെ ആദ്യ ബഡ്ജറ്റിൽ കിഫ്ബിവഴി 2500 കോടി രൂപ ശേഖരിക്കുമെന്ന പ്രഖ്യാപനമുണ്ടായപ്പോൾ

ബഹുമാനപ്പെട്ട പ്രതിപക്ഷം എങ്ങനെയാണ് അതിനെ സ്വീകരിച്ചത്? 'ആകാശകുസുമം' എന്നായിരുന്നു വിശേഷണം. ഹരിപ്പാട് ഹയർ സെക്കണ്ടറി സ്കൂളിന് 5.2 കോടി രൂപ, ഇലഞ്ഞിമേൽ - ഹരിപ്പാട് റോഡിന് 150 കോടി രൂപ, കോസ്റ്റൽ ഹൈവേ ആലപ്പുഴ-650 കോടി രൂപ, മേൽപ്പാടം ബ്രിഡ്ജിന് 30 കോടി രൂപ, മാന്നാർ റോഡിന് 30 കോടി രൂപ, കുടിവെള്ളത്തിന് 12 കോടി രൂപ എന്നിങ്ങനെയാണ് വകയിരുത്തിയത്. പിണറായി സർക്കാർ ബഡായി സർക്കാർ എന്നാണ് പറഞ്ഞത്. കോവിഡ് പ്രതിരോധത്തെ തകർക്കാനായി കോടതിയെ സമീപിച്ചു. ആ കേസിൽ വക്കാലത്ത് എടുത്തത് ആരായിരുന്നു? അത് നമ്മുടെ ബഹുമാനപ്പെട്ട അങ്കമാലി അംഗമായിരുന്നു. അങ്കമാലി ബൈപ്പാസിന് 50 കോടി രൂപ, മാർക്കറ്റ് വികസനം 12 കോടി രൂപ, അങ്കമാലി എയർപോർട്ട് റോഡ് 276 കോടി രൂപ, അങ്കമാലി കുടിവെള്ള പദ്ധതി 116 കോടി രൂപ എന്നിങ്ങനെയാണ് പദ്ധതികൾ. സ്വന്തം മണ്ഡലത്തിലെ ജനങ്ങളുടെ കുടിവെള്ളത്തിൽ വിഷം കലക്കുന്ന നടപടിയല്ലേ സ്വീകരിച്ചത്? ഈ രൂപത്തിലുള്ള നിലപാടുമായി പ്രതിപക്ഷം മുമ്പോട്ടുപോകുമ്പോൾ കിഫ്ബി അഖിലേന്ത്യാടിസ്ഥാനത്തിൽ അംഗീകാരമുള്ള ഒരു പദ്ധതിയായി മാറിയെന്നത് നാം കാണേണ്ടതാണ്. സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിച്ചു,

ജനങ്ങളുടെ കയ്യിൽ നേരിട്ട് പണമെത്തിക്കുന്ന രൂപത്തിലുള്ള നടപടികൾ സ്വീകരിച്ചു. വാക്സിനേഷൻവഴി മാത്രമേ കാര്യങ്ങൾ മുമ്പോട്ടുപോകാൻ കഴിയുകയുള്ളൂ എന്ന സാഹചര്യത്തിലും പണമുള്ളവർക്ക് മാത്രം വാക്സിൻ എന്ന് കേന്ദ്രം പ്രഖ്യാപിച്ചു. ആ പ്രശ്നം പരിഹരിക്കാനായി ആദ്യഘട്ടത്തിൽത്തന്നെ മുഖ്യമന്ത്രി എല്ലാവർക്കും സൗജന്യ വാക്സിൻ പ്രഖ്യാപിച്ചു. സംസ്ഥാനത്ത് പ്രഖ്യാപിക്കപ്പെട്ട എല്ലാ നടപടികളോടും പ്രതികൂലമായ നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചത്. നിങ്ങൾക്ക് നയമുണ്ടോ; പരിപാടിയുണ്ടോ? പ്രതിപക്ഷത്തും ബഹുമാനപ്പെട്ട എം.എൽ.എ.-മാർ തെരഞ്ഞെടുക്കപ്പെട്ട് വന്നിട്ടുണ്ടല്ലോ, നിങ്ങളുടെയെല്ലാം തെരഞ്ഞെടുപ്പ് പ്രചരണ ബോർഡുകളും പോസ്റ്ററുകളും വഴിയോരങ്ങളിൽ ഇപ്പോഴും തുങ്ങി നിൽക്കുന്നുണ്ട്. എൽ.ഡി.എഫ്. സർക്കാർ കിഫ്ബിവഴി നടപ്പിലാക്കിയ പദ്ധതികൾ, ഞങ്ങളുടെ പദ്ധതികളാണെന്ന് പ്രചരണം നടത്തിയിട്ടല്ലേ നിങ്ങൾ വോട്ടുവാങ്ങി ഈ സഭയിലെത്തിയത്? നിങ്ങൾ സ്വീകരിച്ച ഈ ഇരട്ടത്താപ്പിനേറ്റ ഏറ്റവും വലിയ പ്രഹരമാണ് സൃഷ്ടിച്ച പ്രതിപക്ഷനിരയെന്ന് കാണാൻ കഴിയും. ഇത്തരം നിലപാട് നിങ്ങൾ തിരുത്തിയാൽ നല്ലതെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, 2021-ലെ കേരള ധനകാര്യ ബില്ലും 2021-ലെ കേരള ധനകാര്യ (രണ്ടാം നമ്പർ)ബില്ലും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഈ സഭയിൽ നടന്ന ചർച്ചയിൽ ഉയർന്നുവന്ന രണ്ടുമൂന്ന് കാര്യങ്ങളെ സംബന്ധിച്ച് ചെറിയൊരു പരാമർശം നടത്താൻ ആഗ്രഹിക്കുന്നു. ഈ സഭയിലെ ഭരണപക്ഷ സംസാരം കേട്ടാൽ ഇന്ദിരാഗാന്ധിയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവുമൊക്കെ ഇടതുപക്ഷത്തിന്റെ സ്വന്തം ആളുകളായിരുന്നുവെന്ന് തോന്നും. അവരുടെ നിലപാടുകൾ എന്തായിരുന്നുവെന്നുള്ളത് കൃത്യമായി നമുക്കറിയാവുന്നതാണ്. ഞാനതിലേയ്ക്ക് കൂടുതലായി കടക്കുന്നില്ല.

കേരളക്കരയിൽ മുതലാളിത്തത്തിന്റെ വക്താക്കളായി ഏത് ഗവൺമെന്റാണ് പ്രവർത്തിക്കുന്നതെന്നും ഇടതുപക്ഷത്തിൽനിന്ന് വ്യതിചലിച്ച് വലതുപക്ഷ മാർഗ്ഗത്തിലേയ്ക്ക് പോയത് ആരാണെന്നുള്ളതും ജനങ്ങൾക്കറിയാം. കിഫ്ബി, എ.ഡി.ബി., ലോകബാങ്ക് അടക്കമുള്ള നവലോക സാമ്പത്തികക്രമത്തിൽ ഏതെല്ലാം ഏജൻസികളുണ്ടോ ആ ഏജൻസികളിൽനിന്ന് ഫണ്ട് കൊണ്ടുവരാൻ നേതൃത്വം കൊടുത്ത ഇടതുപക്ഷ ഗവൺമെന്റിന്റെ സമീപനം തന്നെ അവർ ആരുടെ കൂടെയാണ് എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്.

ഇവിടെ നേരത്തെ കിഫ്ബിയെക്കുറിച്ച് സൂചിപ്പിച്ചു. കിഫ്ബിയുടെ ഫണ്ടിനെക്കുറിച്ചല്ല ഇവിടെ പ്രധാനമായും ചർച്ച നടത്താൻ ആഗ്രഹിക്കുന്നത്. കിഫ്ബിയിലേയ്ക്ക് ഫണ്ട് വന്നിട്ടുള്ള വഴിയും കിഫ്ബിയുടെ നയപരമായിട്ടുള്ള സമീപനവും അതുണ്ടാക്കുന്ന സാമ്പത്തിക ആഘാതവുമാണ് പരമ പ്രധാനമായിട്ടുള്ള ചർച്ച. 2019 മാർച്ച് 29-ാം തീയതി 2150 കോടി രൂപ മസാല ബോണ്ടുകൾ വഴി വിദേശത്തുനിന്ന് കേരളത്തിലേയ്ക്ക് കൊണ്ടുവന്നതിന്റെ പലിശ എത്രയാണെന്നുള്ളതാണ് പ്രധാനപ്പെട്ട ചോദ്യം. 9.72 ശതമാനമാണ് പലിശ. അഞ്ച് വർഷത്തെ കാലാവധി കഴിയുമ്പോൾ പലിശയും മുതലുംകൂടി 3195.23 കോടി രൂപ തിരിച്ചടയ്ക്കണം. തിരിച്ചടവ് 6 മാസം കഴിയുമ്പോൾ ആരംഭിക്കും. ഞങ്ങൾ ചോദിക്കുന്ന പ്രധാനപ്പെട്ട ചോദ്യങ്ങൾക്കൊന്നും നിങ്ങൾക്ക് മറുപടിയില്ല. അന്താരാഷ്ട്ര മാർക്കറ്റിൽ കുറഞ്ഞ പലിശ നിരക്കിൽ പണം ലഭ്യമായിട്ടും 9.72 ശതമാനത്തിന് ഇതുപോലെ പണം കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ ആരാണ് നിങ്ങളെ പ്രേരിപ്പിച്ചത്; യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൊച്ചി മെട്രോയ്ക്ക് ഫ്രഞ്ച് കമ്പനിയായ എ.എഫ്.ഡി.-യിൽ നിന്ന് ഞങ്ങൾ പണം കടമെടുത്തു. യു.ഡി.എഫ്. കടമെടുത്തത് 1350 കോടി രൂപയാണ്. അതിന്റെ പലിശ 1.3 ശതമാനമാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 1.3

ശതമാനമാണ് പലിശയെങ്കിൽ എൽ.ഡി.എഫ്.-ന്റെ കാലത്ത് 9.72 ശതമാനമാണ്. ഇതാണ് ഞങ്ങൾ എതിർക്കുന്ന പ്രധാനപ്പെട്ടൊരു കാര്യം. വാട്ടർ മെട്രൊയ്ക്ക് ജർമ്മൻ കമ്പനിയായ കെ.എഫ്.ഡബ്ല്യൂ.-ൽനിന്ന് ഞങ്ങൾ കടമെടുത്തത് 1.55 ശതമാനം പലിശ നിരക്കിലാണ്. നിങ്ങൾ ഇവിടെ കടമെടുക്കുന്നത് 9.72 ശതമാനത്തിനാണ്. സംസ്ഥാനത്തേയ്ക്ക് വന്ന പണത്തിന്റെ രീതികളെക്കുറിച്ചൊന്നും ഞങ്ങൾ പറയുന്നില്ല. മത്സര സ്വഭാവമുണ്ടാകുന്ന തരത്തിൽ മറ്റുള്ള സ്ഥാപനങ്ങൾക്കുംകൂടി മസാലബോണ്ട് വാങ്ങിക്കാനുള്ള അവസരം നല്കാതെ എന്തുകൊണ്ടാണ് എസ്.എൻ.സി. ലാവ്‌ലിൻ കമ്പനിയുമായി ബന്ധമുള്ള സി.ഡി.പി.ക്യൂ. കമ്പനിക്ക് മാത്രം അവസരമൊരുക്കിയതെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം? ഇത് ചോദിക്കുമ്പോൾ ശ്രീ. എ. എൻ. ഷംസീർ ചൂടാകുമെന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷെ മറുപടി പറയണമെന്നുള്ളത് പ്രധാനമാണ്. മറുപടിയില്ലാതെ ദേഷ്യം പിടിച്ചിട്ട് കാര്യമില്ല. സി.ഡി.പി.ക്യൂ. കമ്പനിയുമായി വിശദമായ ചർച്ചകൾ നടത്തി അവർ നിർദ്ദേശിച്ച 9.72 ശതമാനം പലിശ കുറച്ചുകൊണ്ടുവരാൻ എന്തെങ്കിലും നടപടികൾ നിങ്ങൾ സ്വീകരിച്ചോ എന്നതാണ് അടുത്ത ചോദ്യം. ആഭ്യന്തര വിപണിയിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്ന് 6 ശതമാനം പലിശയ്ക്ക് പണം

ലഭ്യമാകുമ്പോൾ എന്തിനാണ് 9.72 ശതമാനമുള്ള ഫണ്ടിലേയ്ക്ക് പോകാനുള്ള തീരുമാനമെടുത്തത്; അത് നമ്മുടെ സാമ്പത്തിക മേഖലയിലുണ്ടാക്കുന്ന ആഘാതത്തെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. ഇവിടെ ആംനസ്റ്റിയെക്കുറിച്ച് സൂചിപ്പിച്ചു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കുന്നു, ആംനസ്റ്റി നിങ്ങൾ പ്രഖ്യാപിക്കുന്നു. ആംനസ്റ്റിയിൽ 10 ശതമാനം പിരിച്ചെടുക്കാൻ നിങ്ങൾക്ക് ഇതുവരെ സാധിച്ചോ; മറുപടി പറയാൻ തയ്യാറാകണം. ആംനസ്റ്റിയിൽ 10 ശതമാനം പിരിച്ചെടുക്കുമെന്ന് പ്രഖ്യാപിച്ച് 5000 കോടി രൂപ ടാർജറ്റ് നിശ്ചയിക്കുമ്പോൾ, പത്ത് ശതമാനംപോലും പിരിച്ചെടുക്കാൻ സാധിക്കുന്നില്ലെന്നുള്ളത് ഗൗരവതരമായ കാര്യമാണ്. റവന്യൂ കമ്മിയേയും ധനകമ്മിയയേയുംകുറിച്ചെല്ലാം നേരത്തെ ഇവിടെ സൂചിപ്പിച്ചു. ഇവർ പറയുന്നത് കേട്ടാൽ കേരളത്തിന്റെ റവന്യൂകമ്മിയും ധനകമ്മിയും കോവിഡും പ്രളയവുംമൂലമുണ്ടായതാണെന്ന് തോന്നും. സാമ്പത്തിക മിസ്മാനേജുമെന്റ് 2016 മുതൽ ആരംഭിച്ചതാണ്. 2015-16 സാമ്പത്തിക വർഷത്തിൽ യു.ഡി.എഫ്.-ന്റെ റവന്യൂകമ്മി 9657 കോടി രൂപയായിരുന്നു. എന്നാൽ അതുകഴിഞ്ഞ് അധികാരത്തിൽ വന്ന എൽ.ഡി.എഫ്.-ന്റെ കാലത്തെ റവന്യൂകമ്മി 15484 കോടി രൂപയാണ്. കേരളത്തിന്റെ റവന്യൂകമ്മി

ഇപ്പോൾ എവിടെ എത്തി; എത്രയാണ് കുതിച്ചുകയറിയത്; ഇപ്പോൾ റവന്യൂകമ്മി ഏകദേശം 20,000 കോടി രൂപയാണ്. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് മുന്നോട്ടുപോകാൻ കഴിയാത്ത രീതിയിൽ അപകടകരമായ സ്ഥിതിയിലേയ്ക്ക് റവന്യൂകമ്മിയെത്തിയിരിക്കുകയാണ്. ധനകമ്മിയുടെ കാര്യവും അതുപോലെയാണ്. 2015-ൽ കേരളത്തിന്റെ ധനകമ്മി 17818 കോടി രൂപയായിരുന്നു. 2016-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചപ്പോൾ അത് 25448 കോടി രൂപയായി. ഇപ്പോൾ 25,000 കോടി രൂപയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ബഡ്ജറ്റിന്റെ 10 ശതമാനംപോലും മൂലധന ചെലവില്ലാത്ത വിധത്തിൽ തകർന്നുപോകുകയാണ്. സംസ്ഥാനത്തിന്റെ തനത് വരുമാനം പുറകോട്ട് പോകുന്നു. നികുതിയേതര വരുമാനത്തിൽ 80 ശതമാനവും ലോട്ടറിയിൽനിന്നാണ്. ആ തനത് വരുമാന മേഖലയിൽ വലിയ രീതിയിൽത്തന്നെ ചോർച്ചയും പ്രയാസവുമുണ്ടായി. അങ്ങനെ കേരളത്തിന്റെ സമ്പദ് വ്യവസ്ഥ ഗൗരവതരമായ പ്രയാസങ്ങളെയും കെടുതികളെയും നേരിട്ട് മുന്നോട്ടുപോകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ജി.എസ്.ടി. കൗൺസിലിനെക്കുറിച്ചും നിരക്കിനെക്കുറിച്ചും ഇടപെടലിനെക്കുറിച്ചും വാതോരാതെ സംസാരിക്കാറുണ്ട്. ജി.എസ്.ടി.-നികുതി നിരക്കിനെ

സംബന്ധിച്ചും അതിന്റെ ഘടനയെ സംബന്ധിച്ചുമൊക്കെ കോൺഗ്രസ് ദേശീയ തലത്തിൽ വിയോജിപ്പ് പ്രകടിപ്പിച്ചു. ആ സന്ദർഭത്തിൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ നിലപാടിനൊപ്പം നിന്നത് ഇടതുപക്ഷത്തിന്റെ മുൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന എന്നത് ഇതോടൊപ്പം ചേർത്ത് വായിക്കേണ്ടതാണ്. ഇവിടെ ഒരുകാര്യംകൂടി പ്രത്യേകമായി ചൂണ്ടിക്കാണിക്കുകയാണ്. കോവിഡ് മഹാമാരി കേരളത്തിന്റെ സാമ്പത്തിക മേഖലകളിലുണ്ടാക്കിയിട്ടുള്ള ആഘാതങ്ങളെക്കുറിച്ച് പഠിക്കാൻ കോവിഡ് ദുരന്ത നിവാരണ കമ്മീഷൻ അടിയന്തരമായി രൂപീകരിക്കണം. കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിമൂലം നിരവധിയാളുകൾ മരണപ്പെടുകയും മരണത്തിന്റെ വക്കിലുമാണ്. ഈ സാഹചര്യത്തിൽ കോവിഡ് സമാശ്വാസ പദ്ധതികളും കമ്മീഷനും ഇതിന്റെ ഭാഗമായി കേരളത്തിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കണം. ആറാഴ്ച്ചയ്ക്കുള്ളിൽ കേരളത്തിൽ മരണമടഞ്ഞത് 23 ആളുകളാണ്. അക്കാര്യം പരിശോധിക്കണം. കോവിഡും ലോക്ഡൗണും കാരണം മാവേലിക്കരയിൽ കടബാദ്ധ്യതമൂലം ഗ്രാഫിക് ഡിസൈനറായ വിനായകൻ ആത്മഹത്യ ചെയ്തു. നന്ദൻകോട് വാടകയ്ക്ക് താമസിക്കുന്ന ഒരു കുടുംബത്തിലെ മൂന്ന് പേർ, മനോജ്കുമാർ, ഭാര്യ രഞ്ജു, മകൾ അമൃത

എന്നിവർ ആത്മഹത്യ ചെയ്തു. കോവിഡ് കാലത്ത് ജപ്തി നടപടികൾ പാടില്ലെന്ന നിബന്ധനകൾക്ക് വിരുദ്ധമായി കരുവന്നൂർ ബാങ്കിൽനിന്ന് ജപ്തി നോട്ടീസ് ലഭിച്ച മുൻ പഞ്ചായത്തംഗം ടി. എം. മുകുന്ദൻ ആത്മഹത്യ ചെയ്തു. കേരളത്തിൽ മൂന്നര ലക്ഷത്തോളം ആളുകളുടെ ഉപജീവനമാർഗ്ഗമായ ലൈറ്റ് ആൻഡ് സൗണ്ട് തൊഴിൽ മേഖലയിൽപ്പെട്ട 5 പേരാണ് കഴിഞ്ഞ ദിവസം ആത്മഹത്യ ചെയ്തത്.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ്...കൺക്ലൂഡ്.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ അവസാനിപ്പിക്കാം. അങ്ങനെ നിരവധിയാളുകളാണ് ആത്മഹത്യ ചെയ്തത്. ടാക്സി-ഓട്ടോറിക്ഷ തൊഴിലാളികൾ ഉൾപ്പെടെയുള്ളവരെ രക്ഷിക്കാൻ അടിയന്തരമായി കോവിഡ് സമാശ്വാസ കമ്മീഷൻ രൂപീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ബില്ലിനെ ഞാൻ എതിർക്കുന്നു.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ ഈ ധനകാര്യ ബില്ലുകളെ പിന്തുണയ്ക്കുകയാണ്. കേരളത്തിൽ ധനവിനിയോഗത്തിന് ഉത്തേജനം നൽകുന്നതിനുവേണ്ടി കാലികവും പ്രസക്തവുമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന നിർദ്ദേശങ്ങളടങ്ങിയ ബില്ലുകളാണ് സബ്ജക്ട് കമ്മിറ്റിയുടെ

അംഗീകാരത്തിനായി അയയ്ക്കണമെന്ന പ്രമേയം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. ഇന്ന് കേരളം ലോകമാകെത്തന്നെ ശ്രദ്ധിക്കുന്ന, വിശിഷ്യാ ഇന്ത്യാ രാജ്യത്തെ മുഴുവൻ ജനങ്ങളും ശ്രദ്ധിക്കുന്ന നാടായി മാറി. ആഗോളവത്കരണ, ഉദാരവത്കരണ നയങ്ങളും ജി.എസ്.ടി.-യും കോവിഡും മഹാപ്രളയവും നിപയും ഒക്കെത്തന്നെ നമ്മുടെ സമ്പദ് വ്യവസ്ഥയെ വല്ലാതെ തകർത്തപ്പോൾ അതിൽ നിന്നെല്ലാം ജനങ്ങളെ നെഞ്ചോട് ചേർത്തുപിടിച്ച് സംരക്ഷിച്ച കേരളത്തെ ഇന്ത്യയിലെ ജനങ്ങൾ അത്ഭുതത്തോടുകൂടി നോക്കിക്കാണുകയാണ്. കേരളത്തിലെ ധനകാര്യ മാനേജ്മെന്റിനെയും ജനക്ഷേമ പ്രവർത്തനങ്ങളെയും കിഫ്ബി പോലുള്ള ബഡ്ജറ്റിന് പുറത്തുള്ള വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഈ നാടിനെയും ജനങ്ങൾ പ്രതീക്ഷയോടുകൂടി നോക്കിക്കാണുകയാണ്. ലോകത്ത് ഒരു സ്വർഗ്ഗമുണ്ടെങ്കിൽ അത് ഈ കൊച്ചുകേരളമാണെന്നാണ് ജനങ്ങളാകെ പറയുന്നത്. കോവിഡ് പ്രതിസന്ധി തകർത്ത സമ്പദ്ഘടനയെ ഉത്തേജിപ്പിക്കുന്നതിനുവേണ്ടി ഇന്ത്യയിൽ ആദ്യമായി കോവിഡ് പാക്കേജ് പ്രഖ്യാപിച്ച നാടാണ് കേരളം. അതിനുശേഷമാണ് കേന്ദ്ര ഗവൺമെന്റുപോലും അത് പ്രഖ്യാപിക്കുന്ന സ്ഥിതിവിശേഷമുണ്ടായത്. ഇരുപതിനായിരം കോടി രൂപയുടെ ഒന്നാം

പാക്കേജ് പ്രഖ്യാപിച്ചു. തുടർച്ചയായി വന്ന എൽ.ഡി.എഫ്. ഗവൺമെന്റ് രണ്ടാം പാക്കേജും പ്രഖ്യാപിച്ചു. 5,650 കോടി രൂപയുടെ മൂന്നാം പാക്കേജുമുണ്ട്. ഈ പാക്കേജുകളിലൂടെയെല്ലാം ജനങ്ങളുടെ കൈകളിലേയ്ക്ക് സമ്പത്ത് പരമാവധി എത്തിച്ച് വിപണി സജീവമാക്കി സമ്പദ്ഘടനയെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിയ ഗവൺമെന്റാണിത്. സമയക്കുറവുകാരണം ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. വ്യാവസായിക, വ്യാപാര, കാർഷിക മേഖലയുൾപ്പെടെ എല്ലാ മേഖലകളിലുള്ളവർക്കും പരമാവധി കഴിയുന്നത്ര സഹായമെത്തിക്കുക, ജനങ്ങളുടെ കൈകളിൽ സമ്പത്ത് എത്തിക്കുക, അങ്ങനെ ഈ വിപണിയെ ശക്തിപ്പെടുത്തുക എന്ന തന്ത്രമാണ് കേരളത്തിൽ നടപ്പിലാക്കിയിരിക്കുന്നത്. ഇവിടെ കേന്ദ്ര ഗവൺമെന്റ് പാക്കേജ് പ്രഖ്യാപിച്ചു. അതുവഴി എന്ത് പ്രയോജനമാണ് സാധാരണ ജനങ്ങൾക്കുണ്ടായിട്ടുള്ളത്? ഏതെങ്കിലും തരത്തിലുള്ള പ്രയോജനം ഇന്ത്യയിലെ ജനങ്ങൾക്കുണ്ടായില്ല. ഉണ്ടായതെല്ലാം കോർപ്പറേറ്റുകൾക്ക് മാത്രമാണ്. ഈ കോവിഡ് പ്രതിസന്ധി ഘട്ടത്തിൽ ഇവിടെ എത്ര തവണയാണ് പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചത്? മേയ് മാസത്തിനുശേഷം ഇരുപത്തിയൊന്ന് തവണയാണ് പെട്രോളിയം

ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചത്. എന്താണ് ഈ രാജ്യത്തെ സ്ഥിതി? പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില റോക്കറ്റുപോലെ കുതിച്ചുയരുന്നു. രൂക്ഷമായ സാമ്പത്തിക മാന്ദ്യമാണ്. ഇതാണ് ഇന്ത്യയുടെ സ്ഥിതി. 'മൊട്ടയടിച്ചപ്പോൾ കല്ലുമഴ പെയ്തതുപോലെ' എന്നുപറയുന്ന സ്ഥിതിയിലാണ് ഇന്ത്യയിലെ ജനങ്ങൾ. അവിടെയാണ് കേരളത്തിന്റെ പ്രസക്തി. കേന്ദ്ര ഗവൺമെന്റ് ഈ കോവിഡ് പ്രതിസന്ധി ഘട്ടത്തിലും വില വർദ്ധിപ്പിക്കുന്നു. രാജ്യത്തെ ജനങ്ങളെ തമ്മിൽ തല്ലിപ്പിക്കുന്ന നടപടികളുമായി മുന്നോട്ട് പോകുന്ന കേന്ദ്ര ഗവൺമെന്റിനെതിരെ നിലപാടുകൾ സ്വീകരിക്കുന്നതിന് പകരം കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റിനെ അസ്ഥിരപ്പെടുത്തുന്നതിനും ഇകഴ്ത്തുന്നതിനുമുള്ള പരിശ്രമങ്ങളുമായിട്ടാണ് പ്രതിപക്ഷവും വിശിഷ്യാ കോൺഗ്രസും മുന്നോട്ടുപോകുന്നത്. ഈ നാട്ടിലെ ജനങ്ങളുടെ ക്ഷേമത്തിനും നാടിന്റെ വികസനത്തിനുംവേണ്ടി പണം കണ്ടെത്താൻ കേരളത്തിന്റെ കരുത്തനായ, പ്രിയങ്കരനായ മുഖ്യമന്ത്രി ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ പോയി മണിയടിച്ചത് കേരളത്തിലെ ജനങ്ങൾക്ക് വേണ്ടിയാണ്. ആ മണിയടിയെ കളിയാക്കുന്ന ഡോ. മാത്യു കുഴൽനാടനും ശ്രീ. ടി. സിദ്ദിഖും ആരെ മണിയടിക്കാനാണ് ഇത്തരത്തിലുള്ള പ്രഖ്യാപനങ്ങൾ നടത്തുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ്

ജനങ്ങൾക്കുവേണ്ടി നടത്തിയ ജനക്ഷേമ പ്രവർത്തനങ്ങളുടെ ഫലമായാണ് വീണ്ടും അധികാരത്തിലെത്തിയത്. സ്വാഭാവികമായും ജനങ്ങൾക്ക് ഉപകാരം ചെയ്യുന്നതിന്റെ ഫലമായി കടമുണ്ടായിട്ടുണ്ട്. നിങ്ങൾ അതിനെക്കുറിച്ച് വിഷമിക്കേണ്ട. കാരണം, നിങ്ങൾ ഇനിയൊരിക്കലും ഇപ്പുറത്തേയ്ക്ക് വരാൻ പോകുന്നില്ലെന്ന് ജനങ്ങൾ തീരുമാനിച്ചുകഴിഞ്ഞു. ഇപ്പുറത്തിരിക്കുന്നവർ കടം വീട്ടുന്നതിനുള്ള മാർഗ്ഗങ്ങളും ആലോചിക്കും. കഴിഞ്ഞ സഭയിലും ഇതിനെക്കുറിച്ചും കിഫ്ബിയെക്കുറിച്ചുമുള്ള ചർച്ചകൾ നടന്നുകഴിഞ്ഞതാണ്. എവിടെനിന്ന്, എത്ര ശതമാനം പലിശയ്ക്ക് പണമെടുത്തു എന്നുള്ളതിന്റെ വിശദീകരണങ്ങളെല്ലാം ഇവിടെ നടന്നിട്ടുള്ളതാണ്. ഡോ. മാത്യു കുഴൽനാടനും ശ്രീ. ടി. സിദ്ദിഖും പുതിയ അംഗങ്ങളായതുകൊണ്ട് അവർക്കത് അറിയാൻ കഴിയില്ല. ഇതാണ് കോൺഗ്രസ്സിന്റെ സ്ഥിതിയെങ്കിൽ എന്താണ് മുസ്ലീം ലീഗിന്റെ അവസ്ഥ? 'ചൊക്കൻ ആപ്പൂരിയപോലെ' എന്ന് ഞങ്ങളുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്. അതുപോലെയാണ്. ഇ.ഡി. എന്ന ആപ്പുവച്ച് എൽ.ഡി.എഫ്. ഗവൺമെന്റിനെയും ഡോ. കെ. ടി. ജലീലിനെയും അടിച്ചുകൊണ്ടിരുന്നതാണ്. ഇ.ഡി. ഇപ്പോൾ എവിടെയെത്തി നിൽക്കുന്നു? കേന്ദ്ര മന്ത്രിസ്ഥാനം മോഹിച്ച് കേന്ദ്ര മന്ത്രിയാകാമെന്നുവിചാരിച്ച് കേന്ദ്രത്തിൽ പോയി, അത് നടന്നില്ല. മുഖ്യമന്ത്രിയോ ഉപമുഖ്യമന്ത്രിയോ

ആകാമെന്ന് വിചാരിച്ച് രാജിവച്ച് ഇവിടേയ്ക്ക് വന്നു. ഇവിടെ എന്താണ് സ്ഥിതി. 'ഇല്ലത്തുനിന്ന് ഇറങ്ങുകയും ചെയ്തു, അമ്മാത്ത് എത്തിയതുമില്ല' എന്ന സ്ഥിതിയിലാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും കൂട്ടാളികളും. അക്കൗണ്ട് എൻ.ആർ.ഐ. ആണോ എൻ.ആർ.ഇ. ആണോ, എസ്.ബി.ഐ.-ൽനിന്ന് ഇങ്ങോട്ട് ട്രാൻസ്ഫർ ചെയ്യാൻ സാധിക്കുമോ എന്നതിന്റെ ഗവേഷണമാണ് ഇപ്പോൾ നടത്തുന്നത്. ശ്രീ. പാണക്കാട് ഹൈദരലി ശിഹാബ് തങ്ങളെപ്പോലും കള്ളപ്പണക്കേസിൽ പ്രതിയാക്കുന്ന സ്ഥിതിവിശേഷത്തിലേയ്ക്ക് മുസ്ലിം ലീഗ് നേതൃത്വമെത്തി. പടച്ചവൻ പൊറുക്കില്ല കേട്ടോ. ഇതെല്ലാം പടച്ചവൻ കാണുന്നുണ്ട്. "വീണിതല്ലോ കിടക്കുന്നു ധരണിയിൽ ശോണിതവുമണിഞ്ഞയ്യോ ശിവ ശിവ!" എന്ന അവസ്ഥയിലാണ് ഇപ്പോൾ ലീഗ്. ഉള്ള കാര്യം പറയുമ്പോൾ എന്തിനാണ് ശ്രീ. നജീബ് കാന്തപുരം, സി.ഐ.ഡി.-കളെ തിരക്കി നടക്കുന്നത്. പൂഴ്ത്തിവച്ചത് പുറത്തുപറയുക എന്നുള്ളത് രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഉത്തരവാദിത്വമാണ്. അതിന്റെ ഭാഗമായി ഡോ. കെ. ടി. ജലീൽ പത്രസമ്മേളനം നടത്തിയിട്ടുണ്ടെങ്കിൽ എന്തിനാണ് നിങ്ങൾ അദ്ദേഹത്തെ പേടിക്കുന്നത്? നിങ്ങൾ എന്തെല്ലാം അഭ്യാസങ്ങൾ നടത്തി, നിങ്ങൾ ഈ കേരളമാകെത്തന്നെ അദ്ദേഹത്തിന്റെ രാജിക്കായി മുറവിളി കൂട്ടിയില്ലേ?

ഇ.ഡി. ഞങ്ങൾക്ക് പുണ്യാളനൊന്നുമല്ല. ഇ.ഡി. ഇപ്പോഴും നിങ്ങൾക്ക് പുണ്യാളനാണോ അല്ലയോ എന്നുള്ളതാണ് നിങ്ങൾ വ്യക്തമാക്കേണ്ടത്. ഇ.ഡി.-യുടെ നിലപാട് ശരിയായിരുന്നോ അതോ ഞങ്ങൾ മുൻകാലങ്ങളിൽ എടുത്തിരുന്ന നിലപാട് ശരിയായിരുന്നോ എന്ന് പറയേണ്ടിവരും.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിയാൻ പോകുന്നു.

ശ്രീ. എം. നൗഷാദ്: സർ, കഴിയാൻ പോകുന്നതല്ലേയുള്ളൂ. കഴിഞ്ഞില്ലല്ലോ. കഴിയുമ്പോൾ നിർത്താം. ജനങ്ങളെ നെഞ്ചോട് ചേർത്തുപിടിച്ച് എല്ലാ പ്രതിസന്ധികൾക്കിടയിലും അവരെ കൈവിടാതെ സംരക്ഷിക്കുന്നയാളാണ് ജനങ്ങൾക്ക് ദൈവം. ദുരിതകാലത്ത് തങ്ങളോടൊപ്പം നിൽക്കുന്നവനാണ് യഥാർത്ഥ സുഹൃത്ത്. ജനങ്ങളുടെ യഥാർത്ഥ സുഹൃത്തായി ഇടതുപക്ഷം മാറിയതിന്റെ ഭാഗമായിട്ടാണ് രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരത്തിലേറിയത്. ഇനിയും എൽ.ഡി.എഫ്. ഗവൺമെന്റുകൾ ഇങ്ങനെ ഉണ്ടായിക്കൊണ്ടേയിരിക്കും. നിങ്ങൾ ലുബ്ധിച്ച്, ശുഷ്കിച്ച് സ്വയമേ ഇല്ലാതാകും. അതുകൊണ്ട് നിങ്ങൾ ഈ രാജ്യത്തെയും ജനങ്ങളെയും ഓർത്ത് വല്ലാതെ വേവലാതിപ്പെടേണ്ട സാഹചര്യമില്ലെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ധനകാര്യ ബില്ലുകളെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, 2021-ലെ കേരള ധനകാര്യബില്ലും 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. സത്യത്തിൽ ഞാൻ ഇന്ന് പേടിച്ചാണ് സഭയിൽ നിൽക്കുന്നത്. കാരണം, ഡോ. മാത്യു കുഴൽനാടന്റെയും ശ്രീ. ടി. സിദ്ദിഖിന്റെയും പ്രസംഗം കേട്ടപ്പോൾ, ഇവരെ മുഖ്യമന്ത്രിയോ ധനകാര്യ വകുപ്പുമന്ത്രിയോ ആക്കി അധികാരം ഏൽപ്പിക്കാമെങ്കിൽ തീർച്ചയായും ഒരു പ്രത്യേകത കേരളത്തിന് കിട്ടുമെന്ന് എനിക്ക് തോന്നുന്നു. ആദരണീയനായ മുഖ്യമന്ത്രിയും ശക്തനായ ധനകാര്യ വകുപ്പുമന്ത്രിയും നമുക്കുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. ചിലർ വളരെ വാചാലമായി പാട്ടുകളൊക്കെ പാടി നല്ല രീതിയിൽ ധനകാര്യബിൽ അവതരിപ്പിക്കും. അങ്ങനെ അവതരിപ്പിച്ചാൽ അതിനൊക്കെ ഭയങ്കര ശ്രേഷ്ഠതയുണ്ടെന്നുള്ള രീതിയിൽ നമ്മൾ കൈകൊട്ടി ചിരിക്കാറുണ്ട്. എന്നാൽ ഞങ്ങളുടെ ധനകാര്യ വകുപ്പുമന്ത്രി അങ്ങനെ വലിയ അഭിനയമൊന്നും കാണിക്കില്ല. ഉള്ളത് ഉള്ളതുപോലെ പച്ചയായ രീതിയിൽ അവതരിപ്പിക്കുമ്പോൾ അപ്പുറത്തിരിക്കുന്നവരുടെ ധാരണ ഇവർക്കാർക്കും വലിയ കഴിവോ പ്രാപ്തിയോ ഒന്നുമില്ലെന്നാണ്. ഞങ്ങൾ തുടങ്ങിയതല്ലേയുള്ളൂ, രണ്ടുമാസമല്ലേ ആയിട്ടുള്ളൂ. 1972-73 കാലഘട്ടത്തിൽ കുട്ടനാട്ടിൽ

എട്ടുമണിക്കൂർ ജോലി ചെയ്യുന്ന മനുഷ്യന് കൂലി കൊടുത്തിരുന്നത് മൾഗർ ഗോതമ്പാണ്. 20 കിലോ മൾഗർ ഗോതമ്പ് രണ്ടാക്കി പിളർന്ന് രണ്ട് ചാക്കിലാക്കി രണ്ടുപേർക്ക് കൊടുക്കുന്ന സംവിധാനമാണുണ്ടായിരുന്നത്. അതിനുവേണ്ടി കൃ നിൽക്കുന്ന കാലഘട്ടത്തിൽനിന്നും ഭക്ഷ്യക്കിറ്റ് സൗജന്യമായി വീട്ടിലെത്തിക്കുന്ന കാലഘട്ടത്തിലേയ്ക്ക് വന്നത് സഖാവ് പിണറായി വിജയന്റെ കഴിവുതന്നെയാണ്. അക്കാര്യത്തിൽ ഒരു സംശയവുമില്ല. (...ബഹളം...)

മി. ചെയർമാൻ: അങ്ങ് അവിടെ ശ്രദ്ധിക്കേണ്ട. ചെയറിനെ നോക്കി പ്രസംഗിക്കൂ.

ശ്രീ. തോമസ് കെ. തോമസ്: സർ, നിങ്ങൾക്ക് പലതും തോന്നും, കുഴപ്പമില്ല. ഇപ്പോഴത്തെ സ്ഥിതിയിലെത്തിക്കുന്നതിന് എത്രമാത്രം പരിശ്രമം നടന്നിട്ടുണ്ടെന്നുള്ളത് നിങ്ങൾ ചിന്തിച്ചാൽ മതി. കാരണം, സമാനതകളില്ലാത്ത പ്രകൃതി ദുരന്തങ്ങളെയാണ് ഏതാനും വർഷങ്ങളായി നാം അഭിമുഖീകരിക്കുന്നത്. സാമ്പത്തികരംഗം ഇത്രമാത്രം വെല്ലുവിളികൾ നേരിട്ട വേറൊരു കാലമില്ല. സാമ്പത്തികമാന്ദ്യം സമസ്ത മേഖലകളെയും തകർത്തിരിക്കുന്നു. എങ്കിലും ഫീനിക്സ് പക്ഷിയെപ്പോലെ ഉയർത്തെഴുന്നേൽക്കാനുള്ള വലിയ ശ്രമത്തിലാണ് ഞങ്ങൾ. ഒരുവശത്ത്

പ്രകൃതിക്ഷോഭങ്ങളും മഹാമാരിയും തകർത്തെറിഞ്ഞ സമ്പദ്‌രംഗം, മുവശത്ത് സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ടതുപോലും നൽകാത്ത കേന്ദ്രനയങ്ങൾ. ജി.എസ്.ടി. വിഹിതമോ നഷ്ടപരിഹാരമോ യഥാസമയം ലഭിക്കുന്നില്ല. ഏകപക്ഷീയമായ നിലപാടിലൂടെ സംസ്ഥാനങ്ങളുടെ ധനസ്ഥിതിയെ ദുർബലപ്പെടുത്തുന്ന കേന്ദ്ര നയങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കേണ്ടതായിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ ഈ കാലത്ത് മൊറട്ടോറിയം പ്രഖ്യാപിക്കാൻ കേന്ദ്രസർക്കാർ തയ്യാറാകുന്നില്ല. സാമ്പത്തിക വെല്ലുവിളികളെ സധൈര്യം ഏറ്റെടുത്ത് ഈ സർക്കാർ ജനങ്ങളുടെയും സംസ്ഥാനത്തിന്റെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള വലിയ പോരാട്ടത്തിലാണ്. പ്രതിസന്ധികൾക്കിടയിലും എന്റെ നാടായ കുട്ടനാട്ടിൽ വലിയതോതിൽ സഹായങ്ങളെത്തിക്കാൻ ഈ സർക്കാർ ഇച്ഛാശക്തി കാണിച്ചു. അതിന് സർക്കാരിനെ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. 2011 മുതൽ 2016 വരെ യു.ഡി.എഫ്. ഭരിച്ചപ്പോൾ കുട്ടനാട്ടിൽ വികസനമൊന്നും ഉണ്ടായിട്ടില്ലെന്ന് പറയുന്നതിൽ അതിശയോക്തിയില്ല. എന്നാൽ 2016 മുതൽ 2021 വരെ സമാനതകളില്ലാത്ത വികസനം കൊണ്ടുവന്ന സ്ഥലമാണ് കുട്ടനാട്. 2447 കോടി രൂപയുടെ രണ്ടാം പാക്കേജും 291 കോടി രൂപയുടെ കുടിവെള്ള

പദ്ധതിയും അനുവദിച്ചിട്ടുണ്ട്. കോടിക്കണക്കിന് രൂപ കൊടുത്ത് തോമസ് ചാണ്ടി എന്ന എന്റെ സഹോദരൻ നീലേറ്റുപുറത്ത് വാങ്ങിയ പ്ലാന്റ് തകർക്കാൻവേണ്ടി തുരങ്കം വച്ചവർ ഈ നിയമസഭയിലുണ്ട്. പക്ഷേ ഇവരാരും ഒരു കാര്യത്തിലും സഹായിച്ചിട്ടില്ല. ഇന്ന് ആ പദ്ധതി നല്ലരീതിയിൽ നടക്കുകയാണ്. കുട്ടനാട്ടുകാരെ സംബന്ധിച്ച്, ഒരു നല്ല പാലം ഞങ്ങൾ കണ്ടിട്ടില്ല. കിഫ്ബി വന്നതിനുശേഷമാണ് നല്ല രീതിയിലുള്ള പാലവും കുടിവെള്ളവും ശരിയായിട്ടുള്ള നടപ്പാതയും റോഡുകളും കണ്ടത്. ഇപ്പോൾ കിഫ്ബിയെ എല്ലാവരും കളിയാക്കുകയാണ്. ഏറ്റവും നല്ല അത്യാധുനികമായ രീതിയിലാണ് എ.സി. (ആലപ്പുഴ-ചങ്ങനാശ്ശേരി) റോഡിന്റെ വർക്ക് കൊണ്ടുവന്നിരിക്കുന്നത്. ഇതുപോലൊരു വർക്ക് കുട്ടനാടിന് ഇനി ലഭിക്കാനില്ല. അതിന് തുരങ്കം വയ്ക്കാൻ നിയമങ്ങളും വകുപ്പുകളും കൊണ്ടുവന്നെങ്കിലും അതിനെയെല്ലാം അതിജീവിച്ച് പണി തുടങ്ങിക്കഴിഞ്ഞു. എം.എൽ.എ. എന്ന നിലയിൽ ഞാനതിന് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുകയാണ്. കുട്ടനാടിനെ സംബന്ധിച്ച് ഞങ്ങൾക്ക് വലിയ പ്രതീക്ഷയുണ്ട്. സത്യത്തിൽ ഇവിടെ ഇരുന്നുകൊണ്ട് മുഖ്യമന്ത്രി മുതലുള്ള മന്ത്രിമാരെ കാണുമ്പോൾ കുട്ടനാട്ടുകാരനായ എനിക്ക് മനസ്സിന് ഭയങ്കര ആശ്വാസമാണ്. മറ്റൊന്നും കൊണ്ടല്ല, നമ്മുടെ ആവശ്യങ്ങൾ

പറഞ്ഞാൽ അത് കേൾക്കുകയും ഞങ്ങളോട് അനുകമ്പ കാണിക്കുകയും ചെയ്യുന്ന മന്ത്രിസഭയാണുള്ളത്. കുട്ടനാടെന്ന് പറഞ്ഞാൽ നിങ്ങളാരും വിചാരിക്കുന്നതുപോലെയല്ല, അവിടെ 99 ശതമാനവും പാവപ്പെട്ടവരും ഒരു ശതമാനം മിഡിൽ ക്ലാസ്സുകാരുമാണുള്ളത്; ഒരു സമ്പന്നനും അവിടെയില്ല. ആകെയൊരു തോമസ് ചാണ്ടിയാണുണ്ടായിരുന്നത്. അദ്ദേഹം മരിച്ചുപോയി. നല്ല രീതിയിൽ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകണമെങ്കിൽ ഗവൺമെന്റിന്റെ സഹായമുണ്ടെങ്കിലേ കഴിയൂ. ഈ ധനകാര്യ ബിൽ ഏറ്റവും നല്ല രീതിയിൽ അവതരിപ്പിച്ചിട്ടുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. ഈ സർക്കാർ കുട്ടനാട്ടിലെ കുടിവെള്ള പ്രശ്നവും റോഡുകളുടെ അപര്യാപ്തതയും പരിഹരിക്കും. അതുപോലെ ധാരാളം പുതിയ റോഡുകൾ അനുവദിച്ചുനൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പുമന്ത്രിയോടുള്ള എന്റെ അപേക്ഷ, കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട ജി.എസ്.ടി. വിഹിതം കേരളത്തിന് കിട്ടുമ്പോൾ കുട്ടനാട്ടിലെ കാര്യംകൂടി പരിഗണിക്കണമെന്നാണ്. 13 പഞ്ചായത്തുകളും 181 വാർഡുകളും അടങ്ങുന്നതാണ് കുട്ടനാട്. ചെറിയ റോഡുകളെല്ലാം ഇന്ന് കുണ്ടും ചെളിയുമാണ്. ഇത് പരിഹരിക്കാനായി ജി.എസ്.ടി. വിഹിതം ലഭിക്കുമ്പോൾ കുട്ടനാടിന് നൂറ് കോടി രൂപ

അനുവദിക്കണം. അത് കിട്ടുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഞങ്ങളെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: കൺക്ലൂഡ് ചെയ്യൂ...

ശ്രീ. തോമസ് കെ. തോമസ്: ഈ സമയത്ത് ചോദിച്ചാലെ എന്തെങ്കിലും ലഭിക്കുകയുള്ളൂ. അതുകൊണ്ട് അതുസംബന്ധിച്ച് സംസാരിക്കാൻ എന്നെ അനുവദിക്കണം. എനിക്ക് പറയാനുള്ളത്, കുട്ടനാട്ടുകാർ കഷ്ടതയിൽക്കൂടി ജീവിക്കുന്നവരാണ്. അപ്പർ കുട്ടനാട്ടുകാരനായ ഡോ. മാത്യു ടി. തോമസ് ഇവിടെയുണ്ട്, ശ്രീ. ജോബ് മൈക്കിളും ശ്രീ. പി. പി. ചിത്തരഞ്ജനും ശ്രീ. എച്ച്. സലാമും ശ്രീമതി ദലീമയും ഇവിടെയുണ്ട്. മന്ത്രിമാരായ ശ്രീ. പി. പ്രസാദും ശ്രീ. സജി ചെറിയാനുമുണ്ട്. ഇവർ കുട്ടനാട്ടിനെ സഹായിക്കും. ഈ ധനകാര്യബില്ലിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ ഈ ധനകാര്യ ബില്ലുകളെ പിന്തുണയ്ക്കുന്നു. നാലുദിവസം മുമ്പ് ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹിയിൽനിന്ന് 12 കിലോമീറ്റർ മാത്രം ദൂരത്ത് ദാഹിച്ച് വെള്ളമെടുക്കാൻ ചെന്ന ദളിത് പെൺകുട്ടിയെ, അമ്മിഞ്ഞപ്പാലിന്റെ നറുമണംപോലും മാറാത്ത കൊച്ചുകുട്ടിയെ അതിക്രൂരമായി ബലാത്സംഗം ചെയ്ത് അറുകൊല നടത്തിയ,

തെളിവ് നശിപ്പിക്കാൻ ആ കൊച്ചുശരീരത്തെ ചുട്ടെരിച്ച ശ്മശാനത്തിലെ പൂജാരിയെയും സഹായിയെയും സംരക്ഷിക്കാൻ നടത്തുന്ന ഡൽഹി പോലീസിന്റെ നിലപാടിൽ കേരളത്തിലെ മുഴുവൻ സഹോദരിമാർക്കുവേണ്ടിയും അമ്മമാർക്കുവേണ്ടിയും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ കേന്ദ്രം തയ്യാറാകണമെന്ന് ആവശ്യപ്പെടുകയും ഈ ആവശ്യമുന്നയിച്ചുകൊണ്ട് ഇന്ത്യയുടെ തലസ്ഥാനത്ത് നടത്തുന്ന പ്രക്ഷോഭങ്ങൾക്ക് മാനസികമായി പിന്തുണ നൽകുകയും ചെയ്യുന്നു. കഴിഞ്ഞ ദിവസം നിയമസഭയിൽ പട്ടികജാതി ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചോദ്യോത്തരവേളയിൽ പ്രതിപക്ഷം സഭ തടസ്സപ്പെടുത്താൻ ശ്രമിച്ചിരുന്നു. രാജസ്ഥാനിൽനിന്നുവന്ന ആ കൊച്ചുകുട്ടിയുടെ മരണവുമായി ബന്ധപ്പെട്ടുകൊണ്ട് കേരളത്തിലെ യു.ഡി.എഫ്.-ന്റെയും കോൺഗ്രസ്സിന്റെയും നിലപാട് വ്യക്തമാക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്. ഇന്ന് പാർലമെന്റിൽ രണ്ടുബില്ലുകൾ യാതൊരുവിധ ചർച്ചയും വോട്ടെടുപ്പില്ലാതെ പാസ്സാക്കപ്പെടുകയുണ്ടായി. അതിലൊന്ന്, വൈദ്യുതി വിതരണം കാര്യക്ഷമമാക്കാൻ അദാനിക്ക് ഏൽപ്പിച്ചുകൊടുക്കുന്ന ബില്ലാണ്. നിരക്ക് കുറയ്ക്കുകയാണെന്ന് പറഞ്ഞുകൊണ്ടാണ് ആ ബിൽ

പാസ്സാക്കിയെടുത്തത്. ഇന്ന് പെട്രോളും ഡീസലും കിട്ടുന്ന രീതിയിൽ വൈദ്യുതി വിതരണം തടസ്സമില്ലാതെ ലഭിക്കുമെന്നാണ് അവർ പറയുന്നത്. അദാനി, അംബാനി എന്നിവരെപ്പോലുള്ള കുത്തകമുതലാളിമാരെ സഹായിക്കുന്ന നിലപാട് കേന്ദ്രം സ്വീകരിച്ചുപോരുന്നു. രണ്ടാമത്തെ ബിൽ കേന്ദ്ര സമുദ്ര-മത്സ്യബന്ധന നിയമമാണ്. ചെറുകിട മത്സ്യത്തൊഴിലാളികൾ ചെയ്യുന്ന ജോലികൾ കാര്യക്ഷമമാക്കാൻവേണ്ടി വേറെ ആളുകളെ ഏൽപ്പിക്കുന്നതിനുവേണ്ടിയിട്ടുള്ള ബില്ലാണ്. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ നിലപാട് വ്യക്തമാക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

5.00 പി.എം.]

ഈ ഘട്ടത്തിൽ സ്ത്രീ സുരക്ഷിതത്വം ഉറപ്പാക്കുന്നതുൾപ്പെടെയുള്ള സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ മുന്നിൽവച്ചുകൊണ്ട് ഗവൺമെന്റ് അവതരിപ്പിച്ചിട്ടുള്ള ഈ ബില്ലിനെ പിന്തുണയ്ക്കുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഒട്ടേറെ ദുരന്തങ്ങളിലൂടെ കേരളം കടന്നുപോയപ്പോൾ സമ്പദ്ഘടനയെ മുന്നോട്ട് നയിക്കാൻ വളരെ പ്രതീക്ഷാത്മകമായ നിലപാട് സ്വീകരിച്ചുകൊണ്ടാണ്

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. രണ്ടാഴ്ചകളുടെ ഇടവേളകളിലാണ് കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും 2021-22-ലെ ബഡ്ജറ്റ് അവതരിപ്പിച്ചത്. 2021 ജനുവരി 15-ാം തീയതി കേരളവും 2021 ഫെബ്രുവരി 1-ാം തീയതി കേന്ദ്രവും ബഡ്ജറ്റ് അവതരിപ്പിച്ചു. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ 'അസാധാരണമായ ബഡ്ജറ്റ്' എന്നാണ് ആ ബഡ്ജറ്റിന് പേരിട്ടത്. എന്നാൽ ആ അസാധാരണമായ ബഡ്ജറ്റ് ഈ നാട്ടിലെ ആരെ സഹായിക്കാനാണ്? അത് കുത്തക കോർപ്പറേറ്റ് മുതലാളിമാരെ സഹായിക്കാനാണെങ്കിൽ കേരളം അവതരിപ്പിച്ച ബഡ്ജറ്റ് Life, Livelihood, Growth എന്നീ ആശയങ്ങളെ മുൻനിർത്തിക്കൊണ്ട് സാധാരണക്കാരുടെ ജീവിതം മെച്ചപ്പെടുത്താനും നാടിന്റെ സമ്പദ്ഘടനയെ ഉത്തേജിപ്പിക്കാനും വേണ്ടിയാണെന്ന് ഒറ്റനോട്ടത്തിൽ നമുക്ക് മനസ്സിലാക്കാൻ കഴിയും.

Albert O. Hirschman-നെപ്പോലുള്ള വികസനോന്മുഖ സാമ്പത്തിക ശാസ്ത്രജ്ഞന്മാർ മൂലധന നിക്ഷേപത്തിൽ സർക്കാരുകളുടെ പങ്കിനെക്കുറിച്ചും പൊതുനിക്ഷേപത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും എടുത്തുപറയുകയാണ്. പൊതുനിക്ഷേപംവഴി സമ്പദ്ഘടനയുടെ തിരിച്ചുവരവ് സാദ്ധ്യമാകും,

അക്കാര്യത്തിൽ ഭരണകൂടങ്ങളുടെ ക്രിയാത്മകമായ ഇടപെടലുണ്ടാകണമെന്നാണ് കെനീഷ്യൻ സാമ്പത്തിക സിദ്ധാന്തങ്ങളുടെ കാതൽ. ഇവിടെ പൊതുനിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് എന്ത് നിലപാടാണ് സ്വീകരിക്കുന്നത്? പൊതുനിക്ഷേപത്തിനുപകരം പൊതുമേഖലയെ തകർക്കുകയും സ്വകാര്യവത്കരണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. BPCL (Bharat Petroleum Corporation Ltd), IDBI (Industrial Development Bank of India) തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കുകയാണ്. എൽ.ഐ.സി.-യുടെ സ്വകാര്യവത്കരണം പൂർത്തീകരണ ഘട്ടത്തിലാണ്. ഇൻഷ്വറൻസ് മേഖലയുടെ 74% വിദേശ നിക്ഷേപം വർദ്ധിപ്പിക്കുന്നു. എയർ ഇന്ത്യയുടെ സ്വകാര്യവത്കരണം ഏതാണ്ട് അടുത്ത വർഷത്തോടെ പൂർത്തിയാകുമെന്നാണ് പറയുന്നത്. ഏഴ് തുറമുഖങ്ങളും വൈദ്യുതി മേഖലയും സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കും. അതിന്റെ ഭാഗമായിട്ടാണ് കേന്ദ്ര സർക്കാർ ഇന്ന് പാസ്സാക്കിയ ബിൽ എന്ന് നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഡൽഹിയിൽ മാസങ്ങളായി കർഷക സമരം നടന്നുവരികയാണ്. എന്നാൽ സമ്പദ്ഘടനയുടെ നട്ടെല്ലായ കാർഷിക മേഖലയെ സംരക്ഷിക്കാൻ കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം ഈ

ബഡ്ജറ്റിൽ വച്ചിട്ടുണ്ടോ? ഇല്ലെന്ന് നമുക്ക് വ്യക്തമായിട്ടറിയാം. രാജ്യത്തെ 20 കോടിയിലധികം വരുന്ന ജനങ്ങളാണ് കോവിഡ് പശ്ചാത്തലത്തിൽ അടച്ചുപൂട്ടലിന്റെ ഭാഗമായി ദുരിതങ്ങൾ ഏറ്റുവാങ്ങിയത്. അവരുടെ പ്രയാസങ്ങളും പ്രശ്നങ്ങളും കേന്ദ്ര ഗവൺമെന്റ് മനസ്സിലാക്കിയോ? 'വായ് കീറിയിട്ടുണ്ടെങ്കിൽ നിന്നു പിഴച്ചോളും' എന്ന പഴമൊരാണത്തിലെ വരരുചി പറഞ്ഞ നിലപാടാണ് ശ്രീ. നരേന്ദ്ര മോദി സ്വീകരിച്ചത്. അസമത്വത്തിന്റെ നാണംകെട്ട വളർച്ച ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുകയാണ്. തിളങ്ങുന്ന ഇന്ത്യ ദുരിതമനുഭവിക്കുന്ന ഇന്ത്യയുടെ ചുമലിലാണ് സവാരി ചെയ്യുന്നത്. ലോക്ഡൗൺമൂലം ശതകോടീശ്വരന്മാരുടെ സ്വത്തിൽ 35% വർദ്ധനവുണ്ടായി. 2020-ലെ World Hunger Report അനുസരിച്ച് 107 രാജ്യങ്ങളിൽ 94-ാം സ്ഥാനത്താണ് ഇന്ത്യ നിൽക്കുന്നത്. ദുരന്തങ്ങളിൽ കണ്ണടച്ച കേന്ദ്ര സർക്കാർ കേരളത്തിന്റെ നിലവിളി കേട്ടില്ല, സഹായിച്ചില്ല. എന്നാൽ നിറതോക്കുമായി നിൽക്കുന്ന വേട്ടക്കാരന് മുൻപിലേയ്ക്ക് ചിന്നംവിളിച്ച് പാഞ്ഞടുക്കുന്ന ഒറ്റയാനെ കീഴ്പ്പെടുത്തുന്നതുപോലെയാണ് നമ്മുടെ നാടിനെയും നാട്ടുകാരെയും ദുരന്തങ്ങളിൽനിന്ന് സംരക്ഷിച്ച് പിണറായി വിജയൻ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. 99 സീറ്റിൽ രണ്ടാം പടയോട്ടത്തിന് തയ്യാറാകുകയാണ് കേരളത്തിലെ ഗവൺമെന്റ്. എല്ലാ

വിഭാഗങ്ങളെയും സംരക്ഷിക്കുന്ന നിലപാട് സ്വീകരിച്ച്, ജനങ്ങളെ നെഞ്ചോട് ചേർത്തുപിടിച്ച്, നാടിന്റെ വഴികാട്ടിയായി ഇടതുപക്ഷ ഗവൺമെന്റ് മാറി. കേന്ദ്ര ഗവൺമെന്റ് 1.01 ലക്ഷം കോടി രൂപ കഴിഞ്ഞ വർഷം തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി മാറ്റിവച്ചിരുന്നെങ്കിൽ ഇപ്പോൾ 73000 കോടി രൂപ വെട്ടിക്കുറച്ചു. സാമൂഹിക ക്ഷേമത്തിനായി കഴിഞ്ഞ വർഷം മാറ്റിവച്ചത് 43,000 കോടി രൂപയാണെങ്കിൽ 7,200 കോടി രൂപയായി അത് കുറയ്ക്കുകയാണുണ്ടായത്. ദേശീയ വിദ്യാഭ്യാസ മിഷന് വേണ്ടിയുള്ള തുകയിൽ നിന്നും 5000 കോടി രൂപ വെട്ടിക്കുറച്ചു. കേന്ദ്ര സർക്കാർ തങ്ങളുടെ ഉത്തരവാദിത്വങ്ങളിൽനിന്ന് പിന്മാറുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. കേരളം ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സാമൂഹിക ചെലവുകൾക്കുവേണ്ടി കൂടുതൽ ഫണ്ട് മാറ്റിവയ്ക്കുന്ന നടപടികളുമായി മുന്നോട്ടുപോകുകയാണ്. മൊത്തം ബഡ്ജറ്റിന്റെ 0.14 ലക്ഷം കോടി രൂപ മാത്രം റവന്യൂ ചെലവുകൾക്കായി മാറ്റിവയ്ക്കാൻ കഴിയുന്ന സ്ഥാനത്താണ് 1.29 ലക്ഷം കോടി രൂപ മാറ്റിവച്ച് ശമ്പളം, പെൻഷൻ തുടങ്ങിയ നിർബന്ധിത ചെലവുകൾ നടത്തുന്നത്. ഇവിടെ പെട്രോൾ, ഡീസൽ വിലവർദ്ധനവിനെക്കുറിച്ച് എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾ സൂചിപ്പിക്കുകയുണ്ടായി. വലിയ കൊള്ളയാണ് നടക്കുന്നത്. 5 ലക്ഷം കോടി

രൂപയാണ് ജനങ്ങളിൽനിന്ന് നികുതിയായി പിരിച്ചെടുത്തുകൊണ്ടിരിക്കുന്നത്. എന്നാൽ കോർപ്പറേറ്റുകൾക്ക് 1.5 ലക്ഷം കോടി രൂപ നികുതിയിളവ് നൽകുന്നു.

ഞാൻ ചില നിർദ്ദേശങ്ങൾകൂടി മുന്നോട്ടുവയ്ക്കുകയാണ്. ഒന്ന്, രാജ്യത്ത് ആദ്യമായി പട്ടികജാതി വിഭാഗങ്ങളുടെ ഫണ്ടുപയോഗിച്ച് പാലക്കാട് മെഡിക്കൽ കോളേജ് ഇന്ന് ഉന്നതനിലവാരത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥി സംവരണക്രമം നിലനിർത്തിക്കൊണ്ടും അനദ്ധ്യാപക നിയമനങ്ങൾ സ്ഥിരപ്പെടുത്തിക്കൊണ്ടും വിദ്യാർത്ഥി സംവരണ അനുപാതം അനദ്ധ്യാപക നിയമനത്തിൽ പാലിച്ചുകൊണ്ടും ഗവൺമെന്റ് ഏറ്റെടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റൊന്ന്, മദ്രാസ് നിയമസഭാംഗവും എ.ഐ.സി.സി.-യുടെ ആദ്യ മലയാളി പ്രസിഡന്റുമായ ജസ്റ്റിസ് ചേറ്റൂർ ശങ്കരൻ നായരുടെ ജന്മസ്ഥലമായ കോങ്ങാട് മണ്ഡലത്തിലെ മങ്കരയിൽ ഉചിതമായൊരു സ്മാരകം പണിയാനുള്ള നടപടിയെടുക്കണം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, ദയവായി അവസാനിപ്പിക്കൂ. സമയം കഴിഞ്ഞു.

ശ്രീമതി ശാന്തകുമാരി കെ.: സർ, ചെറുകിട സംരംഭങ്ങളെ വളർത്തിയതുപോലെതന്നെ നൂറിൽ കുറയാത്ത വനിതകളെ ഉൾപ്പെടുത്തിക്കൊണ്ട് മണ്ഡലാടിസ്ഥാനത്തിൽ ഒരു അപ്പാരൽ പാർക്ക് രൂപീകരിക്കാൻ നടപടി സ്വീകരിക്കണം. എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ചെറുപ്പക്കാർക്ക് മാൻപവർ കൺസൾട്ടേഷൻ സൊസൈറ്റി രൂപീകരിച്ചുകൊണ്ട് ലേബർ കംപോണന്റ് സാദ്ധ്യമാക്കണമെന്ന നിർദ്ദേശംകൂടി മുന്നോട്ട് വച്ചുകൊണ്ട് ഈ ബില്ലിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഈ ധനകാര്യ ബില്ലിന്റെ ചർച്ചയ്ക്ക് മുൻപായി ഇന്നലെ തവനൂർ എം.എൽ.എ. ഡോ. കെ. ടി. ജലീലിന്റെ പ്രസ്താവനയ്ക്ക് പിന്തുണ നൽകിക്കൊണ്ട് ഇരവിപുരം എം.എൽ.എ. ശ്രീ. എം. നൗഷാദ് ഇവിടെ ഒരു പ്രസ്താവന നടത്തുകയുണ്ടായി. അതുമായി ബന്ധപ്പെട്ട് ഞങ്ങൾക്ക് പറയാനുള്ളത്, ഡോ. കെ. ടി. ജലീലിനും ശ്രീ. എം. നൗഷാദിനും ചില നിരാശകളുണ്ട്, ഞങ്ങൾക്കത് മനസ്സിലാകും. അത് സ്വാഭാവികവുമാണ്. സ്വന്തം നേതാക്കന്മാർക്കെതിരെ പറയാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനെതിരെയും മറ്റ് നേതാക്കൾക്കെതിരെയും പ്രസ്താവനകൾ

നടത്തുമ്പോൾ സ്വാഭാവികമായും ഞങ്ങൾ അപ്പുറത്തുള്ള നേതാക്കന്മാരേയും അവരുടെ കുടുംബത്തേയും മക്കളെയുംകുറിച്ച് പറയും. അങ്ങനെ പറയിപ്പിക്കുന്നതിനുവേണ്ടിയുള്ള കെണിയിൽ ഞങ്ങൾ വീഴാൻ ഉദ്ദേശിക്കുന്നില്ലെന്ന് മാത്രമാണ് എനിക്ക് ആദ്യമായി സൂചിപ്പിക്കാനുള്ളത്.

ഈ ധനകാര്യ ബില്ലുകളെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ എല്ലാ ധനകാര്യ ചർച്ചകളിലും പറയുന്നതുപോലെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒന്നര ലക്ഷം കോടി രൂപയുണ്ടായിരുന്ന കേരളത്തിന്റെ പൊതുകടം മൂന്നര ലക്ഷം കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. ഇത് കേരളത്തിലെ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് വന്നതിനുശേഷമുള്ള ധനകാര്യ മാനേജ്മെന്റിന്റെ ഏറ്റവും വലിയ പരാജയമാണ്. 2020-21-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ വരവ് പ്രതീക്ഷിച്ചിരുന്നത് 1,14,635.90 കോടി രൂപയാണ്. എന്നാൽ 2021-22 ആയപ്പോഴേയ്ക്കും ബഡ്ജറ്റ് എസ്റ്റിമേറ്റ് 1,28,375.88 കോടി രൂപയായി വർദ്ധിച്ചു. അതുപോലെതന്നെ റവന്യൂ എക്സ്പെൻഡീച്ചർ 2020-21-ൽ 1,17,321.55 കോടി രൂപയാണ്. എന്നാൽ 2021-22-ൽ റവന്യൂ എക്സ്പെൻഡിച്ചർ 1,45,286 കോടി രൂപയായി മാറി. അതായത്, നമ്മൾ പ്രതീക്ഷിച്ച വരുമാനം ലഭിക്കുന്നുമില്ല, എക്സ്പെൻഡിച്ചർ

പതിനായിരക്കണക്കിന് കോടി രൂപ കൂട്ടുകയും ചെയ്യുന്നു. ഇത് കേരളത്തിന്റെ പൊതുകടവും മറ്റ് കടങ്ങളും വർദ്ധിക്കാനിടയാക്കുന്നു. ഇത് ധനകാര്യ മാനേജ്മെന്റിന്റെ ഏറ്റവും വലിയ തകർച്ചയായിട്ടാണ് ഞങ്ങൾ കാണുന്നത്.

നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ മൂലധന ശക്തികളോട് പോരാടിയാണ് കമ്മ്യൂണിസം ലോകത്താകമാനം വളർന്നുവന്നതെങ്കിൽ ഇന്ന് ലോകത്തിന്റെ എല്ലാ മൂലധനശക്തികളെയും കൂട്ടുപിടിച്ചുകൊണ്ട് ധനസമ്പാദനം മാത്രം ലക്ഷ്യംവയ്ക്കുന്ന പാർട്ടിയായി സി.പി.ഐ.(എം.)-ഉം അവരുടെ ഭരണകൂടങ്ങളും മാറുന്നു എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമായി പിണറായി ഭരണകൂടം മാറിയിരിക്കുന്നു. കേരളത്തിൽ ഡി.പി.ഇ.പി. നടപ്പാക്കിയപ്പോൾ ഇ. ടി. മുഹമ്മദ് ബഷീർ സാഹിബായിരുന്നു വിദ്യാഭ്യാസ വകുപ്പുമന്ത്രി. അന്ന് എസ്.എഫ്.ഐ.-യുടെ നേതാവായിരുന്ന ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രി അതിനെ എതിർത്തു, എ.ഡി.ബി. വായ്പയെയും എതിർത്തു. അന്ന് ലോകബാങ്കിൽ നിന്ന് ലോൺ എടുക്കുന്നതിനെപ്പോലും എതിർത്തയാളുകൾ ഇന്ന് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ പോയി മണിയടിച്ച് വൻകിട കുത്തക കോർപ്പറേറ്റുകൾക്ക് മുന്നിൽ നമസ്കരിക്കുന്ന ചിത്രമാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഇതാണോ നിങ്ങളുടെ രാഷ്ട്രീയ സാമ്പത്തിക ബദൽ എന്ന് വളരെ വിനയത്തോടെ

ചോദിക്കുകയാണ്. അതിന്റെ ഭാഗംതന്നെയാണ് കിഫ്ബി. കിഫ്ബി ഇന്ന് കേരളത്തെ വലിയൊരു തകർച്ചയിലേയ്ക്ക് കൊണ്ടുപോകുകയാണ്. ഞങ്ങളും കിഫ്ബിയിൽനിന്ന് ഫണ്ട് വാങ്ങുന്നില്ലേ എന്നത് മറ്റൊരു ചോദ്യമാണ്. വാങ്ങുന്നുണ്ട്, കാരണം ഞങ്ങളും ഈ നാട്ടിൽ നികുതി കൊടുക്കുന്നവരാണ്. ലോകത്തിലെ എല്ലാ വൻകിട കോർപ്പറേറ്റുകളിൽനിന്നും പണം കടം വാങ്ങി ചെലവഴിക്കുന്ന സ്ഥാപനമാണ് കിഫ്ബി. അതിൽ ഞങ്ങൾക്ക് യാതൊരു വിരോധവുമില്ല. പക്ഷേ ധൂർത്തും ആഡംബരവും ആർഭാടവും കാണിച്ച് കിഫ്ബിയുടെ ഫണ്ടടക്കം ചെലവഴിച്ചുകൊണ്ട് കേരളം വലിയൊരു കടബാദ്ധ്യതയിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. നാട്ടിലുള്ള പഴയകാല പ്രതാപികളായ കുലീനതയും ആഭിജാത്യവുമുള്ള കുടുംബത്തെയാണ് കിഫ്ബിയെക്കുറിച്ച് പറയുമ്പോൾ ഓർമ്മ വരുന്നത്. ആ കുടുംബത്തിലെ ഒരു പയ്യൻ ധൂർത്തടിച്ച് വട്ടിപ്പലിശയ്ക്ക് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കടം വാങ്ങി ആകെ കടത്തിലേയ്ക്ക് നീങ്ങി, ബാങ്കുകാർ ജപ്തിനടപടികളുമായി വരുമ്പോൾ സ്വന്തം വീടും സ്ഥലങ്ങളുമൊക്കെ വിൽക്കുന്ന വഴിയാധാരമായ കുടുംബത്തിന്റെ അവസ്ഥയിലേയ്ക്ക് കിഫ്ബി പോലുള്ള സംവിധാനംവഴി കേരളത്തിന്റെ മുടിയനായ പുത്രനായി പിണറായി ഗവൺമെന്റ് മാറിക്കൊണ്ടിരിക്കുന്നു. ഇത് നിങ്ങളുടെ സാമ്പത്തിക ബദലിന്റെ വലിയ

പരാജയമാണ്. ഒരുപക്ഷേ പിൽക്കാലത്ത് കേരളത്തിൽ ജനിച്ചുവീഴുന്ന കുട്ടികൾക്ക് ഇതിന് വലിയ വില കൊടുക്കേണ്ടിവരും. ആ രീതിയിലേയ്ക്കാണ് കേരളം മാറുന്നത്.

ഒരുകാര്യം പറയാൻ ആഗ്രഹിക്കുകയാണ്, സമ്പത്തും വിഭവങ്ങളും സമതുലിതമായി, ജനസംഖ്യാനുപാതികമായി വിതരണം ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്. മലപ്പുറത്തെയും മലബാറിലെയും ആളുകളുടെ ആവശ്യമായ സ്കൂളുകളിലെ പ്ലസ് വൺ-ന്റെ സീറ്റിനെ സംബന്ധിച്ച് ഡോ. എം.കെ. മുനീർ അടിയന്തരപ്രമേയം അവതരിപ്പിച്ചു. തൃശ്ശൂർ ജില്ലയടക്കമുള്ള ഏഴ് ജില്ലകളിൽ അറുപതിനായിരത്തോളം സീറ്റിന്റെ കുറവുവരുന്നു. അതേസമയം തൃശ്ശൂർ മുതൽ ഇങ്ങോട്ടുള്ള മറ്റു ജില്ലകളിൽ ഏകദേശം 19436 സീറ്റുകൾ അധികമായി നിൽക്കുന്നു. അധികമായി വരുന്ന സീറ്റുകൾ കുറവുള്ള ജില്ലകളിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുമെന്ന് അഞ്ച് വർഷംകൊണ്ട് പറയുന്നതല്ലാതെ ഇന്നുവരെ ഒന്നും ചെയ്തിട്ടില്ല. ഇത് കാണിക്കുന്നത് സമ്പത്തിന്റെയും വിഭവങ്ങളുടെയും സമതുലിതമായ വികസനമില്ലായെന്നതു തന്നെയാണ്. എല്ലാവരും നികുതി കൊടുക്കുന്നവരാണ്. കേരളീയരായ എല്ലാവരും നികുതി നൽകേണ്ടവരാണെന്ന ഓർമ്മയോടുകൂടി സമ്പത്തിന്റെയും വിഭവങ്ങളുടെയും വിതരണം സമതുലിതമായി

നിർവ്വഹിക്കണമെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോട് അപേക്ഷിക്കുകയാണ്. അതുപോലെ ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട സീറ്റുകളുടെ കാര്യത്തെ സംബന്ധിച്ച് ഒരുദാഹരണം പറയാം. പത്തനംതിട്ട ജില്ലയിൽ പ്ലസ്ടു പാസ്സായ വിദ്യാർത്ഥികളിൽ നാൽപ്പത്തിരണ്ട് ശതമാനം കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് കോളേജുകളിൽ പോയി പഠിക്കാൻ എയ്ഡഡ് ഗവൺമെന്റ് കോളേജുകളിൽ സീറ്റുണ്ട്. എന്നാൽ ഞങ്ങൾ പ്രതിനിധാനം ചെയ്യുന്ന മലപ്പുറം ജില്ലയിൽ പ്ലസ്ടു പാസ്സായി വരുന്ന കുട്ടികളിൽ 11.72 ശതമാനം പേർക്ക് മാത്രമേ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി എയ്ഡഡ് കോളേജുകളിലും സർക്കാർ കോളേജുകളിലും സീറ്റുള്ളൂ. ഇത്തരത്തിൽ വലിയൊരു അന്തരം കേരളത്തിൽ നിലനിൽക്കുകയാണ്. തീർച്ചയായും ഇത്തരം പ്രശ്നങ്ങൾ ഉന്മൂലനം ചെയ്യാനുള്ള ബാദ്ധ്യത ധനകാര്യ വകുപ്പുമന്ത്രിക്കുണ്ടെന്ന് ഓർമ്മപ്പെടുത്തുന്നു.

കേരളത്തിലെ റോഡുകൾക്കായുള്ള ഫണ്ട് വിതരണത്തിന്റെ കാര്യത്തിലായാലും മറ്റ് കാര്യങ്ങളിലായാലും സമതുലിതമായി കാര്യങ്ങൾ നിർവ്വഹിക്കണം. ഇത്തരം കാര്യങ്ങൾ പറയുമ്പോൾ, ഞങ്ങൾ ഇത്രയധികം വോട്ടിന് ജയിച്ചുവന്നില്ലേയെന്ന് ഭരണപക്ഷത്തുനിന്നും ചോദിക്കും. എനിക്ക് ഒറ്റകാര്യമേ പറയാനുള്ളൂ. ശ്രീ. പി. മമ്മിക്കുട്ടി എം.എൽ.എ. രാവിലെ

പ്രസംഗിച്ചപ്പോൾ 'നിങ്ങൾ അറിയുക നിങ്ങളെങ്ങനെ ഇങ്ങനെയായി' എന്നരീതിയിലേയ്ക്ക് കടമ്മനിട്ട രാമകൃഷ്ണന്റെ കവിത പരിവർത്തനംചെയ്തു. ജയമാണ് എല്ലാ കാര്യങ്ങൾക്കും നിദാനമെങ്കിൽ ഒരുകാര്യം ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിയാറായി.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇന്ത്യൻ പാർലമെന്റിൽ 1952-ൽ 16 സീറ്റുണ്ടായിരുന്ന സി.പി.ഐ.(എം.)-ന് ഇപ്പോൾ വെറും മൂന്ന് സീറ്റാണുള്ളത്. മുസ്ലീം ലീഗിനും മൂന്ന് സീറ്റാണുള്ളത്. അതുകൊണ്ട് അതേ കവിത ഞങ്ങൾ തിരിച്ചുപറയുന്നു. നിങ്ങൾ ഓർക്കുക നിങ്ങൾ എങ്ങനെ ഇങ്ങനെയായിയെന്ന് പാർലമെന്റിൽ പോയി ചോദിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനകാര്യ ബില്ലുകളെ എതിർക്കുന്നു.

ശ്രീ. എച്ച്. സലാം: സർ, ധനകാര്യ ബില്ലുകളെ ഞാൻ പൂർണ്ണമായും അനുകൂലിക്കുന്നു. നവകേരളത്തിന്റെ സൃഷ്ടിക്കുവേണ്ടിയുള്ള വിജയകരമായ യാത്രയ്ക്ക് വേഗത വർദ്ധിപ്പിക്കുന്നതാണ് ബഡ്ജറ്റും ഈ ബില്ലുകളിലെ ശിപാർശകളും. ലോകത്തിലെ എല്ലാ സമ്പദ്‌വ്യവസ്ഥകളും പ്രതിസന്ധിയിലായ കാലമാണിത്. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയും പിറകോട്ടാണ്. പ്രളയത്തിന്റെയും കോവിഡിന്റെയും നിപയുടെയെയും ഓഖി

ദുരന്തത്തിന്റെയുമെല്ലാം പ്രയാസങ്ങൾക്കിടയിൽ കേരളത്തിന്റെ സാമ്പത്തിക വളർച്ചയും ഇടിയുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. കേരളത്തിന്റെ വളർച്ചാനിരക്ക് 3.49 ശതമാനമായി കുറയുകയാണുണ്ടായത്. കേരളത്തിന്റെ ആഭ്യന്തര ഉല്പാദനം ഈ സമയത്ത് 3.82 ശതമാനമായി കുറഞ്ഞു. കേരളത്തിന്റെ പൊതുവരുമാനം കുറഞ്ഞു. കേന്ദ്രസർക്കാരിന്റെ സഹായം നമുക്ക് ലഭിക്കുന്നില്ല. ധനകാര്യ കമ്മീഷന്റെ ഭാഗമായുള്ള സാമ്പത്തിക സഹായം കേരളത്തിന് കാര്യമായി ലഭിക്കുന്നില്ല. അത് 1.94 ശതമാനമായി കുറയുന്ന സാഹചര്യമാണ്. ജി.എസ്.ടി. ഏർപ്പെടുത്തിയപ്പോൾ ഉണ്ടായിട്ടുള്ള നഷ്ടപരിഹാര വിഹിതമായ 3700 കോടി രൂപ കേന്ദ്രത്തിൽനിന്നും കേരളത്തിന് ലഭിക്കാനുണ്ട്. കേരളത്തെ ഞെരുക്കുന്ന സാമ്പത്തികമായ പ്രതിസന്ധികളെയൊന്നും ചെറുതായിപ്പോലും കാണാൻ പ്രതിപക്ഷം തയ്യാറാകുന്നില്ലെന്നതാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

കിഫ്ബിയെക്കുറിച്ച് ആക്ഷേപകരമായി പറഞ്ഞു. കേരളത്തെ 60,000 കോടി രൂപയുടെ വൻവികസന കുതിപ്പിലേയ്ക്കാണ് കിഫ്ബി കൊണ്ടുപോയത്. അടിസ്ഥാനസൗകര്യ വികസന മേഖലയിൽ വൻകുതിപ്പിലേയ്ക്കെത്തിച്ച കിഫ്ബിയെ ഇപ്പോഴും ആക്ഷേപിക്കുകയാണ്. കോവിഡിനും പ്രളയത്തിനുംശേഷം കിഫ്ബിയെന്ന പുതിയ സാമ്പത്തിക

സമാഹരണ സംവിധാനം ഇല്ലായിരുന്നെങ്കിൽ ഇവരുടെയെല്ലാം നിയോജകമണ്ഡലങ്ങളിലെ സ്ഥിതി എന്തായിരിക്കും; എല്ലാ എം.എൽ.എ.-മാരുടെയും നിയോജകമണ്ഡലങ്ങളിലെ വികസനങ്ങൾ എങ്ങനെയായിരിക്കും? ആ മികവിനെ കാണാതെ അതിനെ ആക്ഷേപിക്കാൻ ഇറങ്ങിപ്പുറപ്പെടുന്നത് ശരിയല്ലെന്ന അഭിപ്രായമാണ് എനിക്കുള്ളത്. സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും യാതൊരു കുറവും സർക്കാർ വരുത്തിയില്ല, പദ്ധതികൾ നടപ്പിലാക്കുന്ന കാര്യങ്ങളിലൊന്നും കുറവ് വരുത്തിയിട്ടില്ല. സർക്കാരിന്റെ നേട്ടങ്ങളെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല.

ധനകാര്യ വകുപ്പുമന്ത്രിയോട് ഒരുനിർദ്ദേശം വയ്ക്കാനുള്ളത്, ബഹുമാനപ്പെട്ട യു.ഡി.എഫ്.-ന്റെയും ലീഗിന്റെയും അംഗങ്ങൾ സാമ്പത്തിക പ്രശ്നത്തെയും മറ്റുകാര്യങ്ങളെയുംക്കുറിച്ച് പറഞ്ഞു. കിഫ്ബിയുടെ ഉന്നത ഉദ്യോഗസ്ഥരും ധനകാര്യ വകുപ്പിന്റെ ഉന്നത ഉദ്യോഗസ്ഥരും ഒരുമിച്ച് മലപ്പുറം എ.ആർ. നഗർ സർവ്വീസ് സഹകരണ ബാങ്കിലേയ്ക്ക് പോകണമെന്നാണ് എന്റെ വിനയപൂർവ്വമായ അഭ്യർത്ഥന. മൂന്നരക്കോടി രൂപ നിക്ഷേപിക്കുമ്പോൾ ഒന്നരക്കോടി രൂപ പലിശയായി ലഭിക്കുമെന്ന പുതിയ കണ്ടുപിടിത്തവും മാജിക്കും ലീഗിന്റെ നേതാക്കൾ നയിക്കുന്ന

ബാങ്കിൽ കാണാൻ കഴിയുന്നു. അതുകൊണ്ട് അത്തരമൊരു സാമ്പത്തിക സംവിധാനത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്. അതുകൊണ്ട് ലീഗ് നേതാക്കൾ നയിക്കുന്ന ബാങ്കിന്റെ ഇത്തരം കാര്യങ്ങളെക്കുറിച്ച് പഠിക്കാൻ ഒരു സമിതിയെ അങ്ങോട്ട് അയയ്ക്കണമെന്ന അഭ്യർത്ഥനയാണ് ഞാൻ മുന്നോട്ട് വയ്ക്കുന്നത്. കോവിഡിനെ അതിജീവിക്കുകയെന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അതുകൊണ്ടാണ് കേരള ബഡ്ജറ്റിനെ ഹെൽത്തി ബഡ്ജറ്റെന്ന് വിളിക്കുന്നത്. ആരോഗ്യ വകുപ്പിനെക്കുറിച്ച് എത്ര പ്രശംസിച്ചാലും മതിയാകില്ല. പ്രതിപക്ഷം ഏതുസമയത്തും ആക്ഷേപിക്കാൻവേണ്ടിമാത്രം സഭയിൽ വരുന്നതുപോലെയാണ് തോന്നുന്നത്. എന്നാൽ കേന്ദ്രത്തിന്റെ വാക്സിൻ നയത്തെക്കുറിച്ച് ഒരുവാക്ക് പറയാൻ പ്രതിപക്ഷം സന്നദ്ധമാകുന്നില്ല. ഒരുദിവസം മൂന്നുലക്ഷം വാക്സിൻ വീതം കൊടുക്കാൻ കഴിഞ്ഞാൽ ഒന്നരമാസംകൊണ്ട് സമ്പൂർണ്ണമായി വാക്സിൻ കൊടുത്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാൻ കഴിയുമെന്ന് ആരോഗ്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞു. ആന്റിബോഡി ഉല്പാദിപ്പിക്കുന്ന നിലയിലേയ്ക്ക് കേരളത്തിലെ ജനതയെ മുഴുവൻ മാറ്റിയാൽ കോവിഡിനെ തോൽപ്പിക്കാൻ സാധിക്കും. ലോക്ഡൗൺ മാറ്റാനും കടകൾ തുറന്ന് പ്രവർത്തിക്കാനും വാഹനങ്ങൾ ഓടിക്കാനും

ഒരുപ്രയാസവും ഉണ്ടാകില്ല. അങ്ങനെയൊരു സാഹചര്യം സൃഷ്ടിക്കാൻ തടസ്സമായി നിൽക്കുന്നത് കേന്ദ്ര ഗവൺമെന്റാണെന്ന കാര്യം ഒരുവാക്കുകൊണ്ടുപോലും പറയാൻ പ്രതിപക്ഷത്തിന്റെ നാവ് ഉയരുന്നില്ലായെന്നത് ഗൗരവമായി പരിശോധിക്കേണ്ടതാണ്. പ്രതിപക്ഷത്തിന്റെ നിലപാട് തീർത്തും ജനാധിപത്യ വിരുദ്ധമാണ്. അതിനെ സംബന്ധിച്ച് ദീർഘമായി ഞാൻ പറയുന്നില്ല. അവരോട് ജനാധിപത്യത്തെക്കുറിച്ച് പറഞ്ഞിട്ട് കാര്യമില്ല. വയലാർ രാമവർമ്മയുടെ ആയിഷ എന്ന കവിതയിലെ 'ആയിഷ' എന്ന കഥാപാത്രത്തെക്കുറിച്ച് സാംബശിവൻ കഥാപ്രസംഗത്തിൽ പറയുന്നതുപോലെയാണ്. "മുറ്റം തുത്താൽ കുറ്റം തുത്തില്ലെങ്കിൽ കുറ്റം, വെള്ളം കോരിയാൽ കുറ്റം കോരിയില്ലെങ്കിൽ കുറ്റം. ഇങ്ങനെ നൂറുകുറ്റങ്ങൾ ചൂണ്ടിക്കാട്ടി ആ പെൺകുഞ്ഞിന്റെ ഹൃദയം നോവിപ്പിക്കും " എന്ന് സാംബശിവൻ കഥാപ്രസംഗത്തിൽ പറയുകയാണ്. സഭയിൽ രാവിലെ വരിക, ആനമണ്ടത്തരങ്ങൾ മഹാപണ്ഡിതരെപോലെ പ്രസംഗിക്കുക എന്ന ജോലി മാത്രമാണ് പ്രതിപക്ഷനിരയിലെ നേതാക്കൾ ചെയ്യുന്നത്. ഏതെങ്കിലും പോസിറ്റീവായ ഒരുകാര്യം നിങ്ങൾ ചെയ്തോയെന്ന് ആലോചിക്കുന്നത് നല്ലതാണെന്ന് മാത്രമേ ഞാൻ പ്രതിപക്ഷത്തോട് ഈ സമയത്ത് പറയാൻ

ആഗ്രഹിക്കുന്നുള്ളൂ. മുഖ്യമന്ത്രി മറുപടി പറയുമ്പോൾ, പറയുന്ന കാര്യത്തിന്റെ നെഗറ്റീവ് വശം ആലോചിക്കുക എന്നതാണ് പ്രതിപക്ഷത്തിന്റെ ജോലി. അവരോട് ജനാധിപത്യത്തെക്കുറിച്ച് ഞാൻ പറയുന്നില്ല. കാരണം, ശ്രീ. രമേശ് ചെന്നിത്തല പറയുന്ന കാര്യമെങ്കിലും പ്രതിപക്ഷം കേൾക്കുന്നത് നല്ലതായിരിക്കും. തലേദിവസം രാത്രി ഒപ്പമുണ്ടായിരുന്ന എം.എൽ.എ.-മാർ നേരം പുലർന്നപ്പോൾ തള്ളിപ്പറഞ്ഞു. കൈപിടിച്ച് വളർത്തിയവരും കണ്ണടച്ച് വിശ്വസിച്ചവരുമൊക്കെ ആ കൂട്ടത്തിലുണ്ട്. എന്റെ മുന്നിലും പിന്നിലുമിരിക്കുന്ന ആളുകളെല്ലാം വിശ്വാസവഞ്ചന കാണിക്കുന്നവരാണെന്നാണ് നിങ്ങളുടെ നേതാവ് സാക്ഷാൽ ശ്രീ. രമേശ് ചെന്നിത്തല കേരളത്തോട് പരസ്യമായി പറഞ്ഞത്. നിങ്ങൾ കേരളത്തിലെ ജനങ്ങളോട് ഒരു വഞ്ചനയും കാണിക്കില്ലെന്ന് കരുതാൻ ഞങ്ങൾ വിഡ്ഢികളല്ലെന്ന് മാത്രമേ ഞാൻ ഈ സമയത്ത് പറയുന്നുള്ളൂ. അദ്ദേഹം പറഞ്ഞത്, പ്രതിപക്ഷത്തുള്ള നാൽപത്തിയൊന്ന് പേരിൽ കുറച്ചുപേർ വിശ്വാസ വഞ്ചകരുടെ കൂട്ടമാണെന്നാണ്. കോൺഗ്രസ്സിന്റെ നേതാവ് സാക്ഷാൽ വി. എം. സുധീരൻ പറഞ്ഞ കാര്യമെങ്കിലും നിങ്ങൾ കേൾക്കണം. കഴിഞ്ഞ ജൂലൈ മാസം 19-ന് അദ്ദേഹം നടത്തിയ പ്രസംഗത്തിൽ, കോൺഗ്രസ്സിന്റെ സാമ്പത്തിക നയം രാജ്യത്തിന് ദോഷമായിയെന്നും

തെറ്റുതിരുത്താൻ ആർജ്ജവം കാണിക്കണമെന്നുമാണ് പറഞ്ഞത്. അക്കാര്യമെങ്കിലും കേൾക്കാൻ നിങ്ങൾ തയ്യാറാകണമെന്നുമാത്രം സൂചിപ്പിക്കുകയാണ്.

ഇവിടെ ചർച്ച ചെയ്ത ഏത് വിഷയമെടുത്താലും അതിനെയെല്ലാം തടസ്സപ്പെടുത്താൻ എന്താണ് മാർഗ്ഗമെന്ന് ആലോചിക്കുന്നവരാണ് നിങ്ങൾ. കടമുറക്കാൻവേണ്ടി ആലോചിച്ചാൽ അടയ്ക്കാൻ പറയും, കട അടയ്ക്കാൻ തീരുമാനിച്ചാൽ തുറക്കാൻ പറയും. വാക്സിൻ കൊടുക്കുന്ന കണക്ക് പറഞ്ഞാൽ കണക്ക് വേണ്ടെന്നുപറയും. കണക്ക് വിശദീകരിച്ചാൽ കണക്ക് തെറ്റാണെന്ന് പറയും. ഇതല്ലേ നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്? ഇങ്ങനെ "നിരാകരണ പ്രതിപക്ഷം" എന്ന് പേരിട്ട് വിളിക്കാൻ കഴിയുന്ന രീതിയിൽ കേരളത്തിലെ പ്രതിപക്ഷം മറിയെന്നുള്ളതാണ് പതിനഞ്ചാം കേരള നിയമസഭയുടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. അഞ്ച് കൊല്ലത്തെ നേട്ടങ്ങൾക്കുപുറകെ ഇനിയുമൊരു അഞ്ച് കൊല്ലക്കാലം അതിനേക്കാളേറെ നേട്ടത്തിന് പരിശ്രമിക്കുന്ന ഗവൺമെന്റാണ് രണ്ടാം പിണറായി ഗവൺമെന്റെന്ന കാര്യം മുൻനിർത്തി പറയുകയാണ്, ഞങ്ങൾക്ക് മുന്നോട്ടുപോകാൻ നിങ്ങൾ വഴിമുടക്കികളായി തീരാൻപാടില്ല.

"വഴിവക്കിൽ നിന്നൊന്നു മാറുക

ഞങ്ങൾക്ക് മുഴുമിക്കാനുണ്ടിന്നൊരശ്വമേധം"

എന്ന വയലാർ രാമവർമ്മയുടെ ഏറ്റവും പ്രശസ്തമായ രണ്ട് വരി ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. കേരളത്തിന് ഒരുപാട് മുന്നേറാനുണ്ട്. ഞങ്ങൾക്ക് ഇനിയും നയിച്ച് മുന്നോട്ടുപോകാനുണ്ട്. ആ മുന്നോട്ടുള്ള യാത്രയിൽ വഴിമുടക്കിയായി നിൽക്കാതെ വഴിമാറിനിൽക്കണമെന്ന അഭ്യർത്ഥനയാണ് വിനയപൂർവ്വം നിങ്ങളുടെ മുന്നിൽ വയ്ക്കാൻ ആഗ്രഹിക്കുന്നത്. ഈ ബില്ലുകളെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നന്ദി. നമസ്കാരം.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ഈ ധനകാര്യ ബില്ലുകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ സഭാ കാലയളവിൽ എനിക്ക് എം.എൽ.എ. ആകാനുള്ള അവസരം കിട്ടിയെങ്കിലും അന്ന് എനിക്ക് ഒന്നരവർഷമാണ് ലഭിച്ചത്. അതിനിടയിൽ മണ്ഡലത്തിന്റെ വികസന കാര്യങ്ങൾ ആലോചിച്ചപ്പോഴാണ് കിഫ്ബി വഴി ധാരാളം കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയുമെന്ന് മനസ്സിലായത്. 850 കോടി രൂപയുടെ പദ്ധതികളാണ് എന്റെ മണ്ഡലത്തിൽ കിഫ്ബിവഴി കൊണ്ടുവരാൻ സാധിച്ചത്. 140 എം.എൽ.എ.-മാർക്കും അത്തരത്തിൽ കിഫ്ബി വഴിയുള്ള സാമ്പത്തിക വിഭവ സമാഹരണത്തിന്റെ ഭാഗമായി പദ്ധതികൾ ലഭിച്ചിട്ടുണ്ട്. എന്റെ

മണ്ഡലത്തിൽ മൂന്ന് സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനം ചെയ്തു. ഭൂമിയേറ്റെടുക്കലടക്കമുള്ള നടപടികളുമായി മുന്നോട്ടു പോകുന്ന സ്ഥിതിയാണുള്ളത്. എന്റെ പ്രിയങ്കരനായ സുഹൃത്ത് മൂവാറ്റുപുഴ അംഗം കണക്കുകൾ ഉദ്ധരിച്ചാണ് പറഞ്ഞത്. കാനഡയിലെ ലാവ്‌ലിൻ കമ്പനിയുടെ പണമാണ് മസാല ബോണ്ട്‌വഴി ഇവിടെ വന്നിരിക്കുന്നത്, അത് പോയി മണിയടിച്ച് വാങ്ങിയതാണെന്നാണ് പറയുന്നത്. ഞാൻ യു.ഡി.എഫ്.-കാരെ വെല്ലുവിളിക്കുകയാണ്, അന്തസ്സുള്ളവരാണെങ്കിൽ കിഫ്ബിയുടെ പണം വേണ്ടെന്ന് പറയണം. കേന്ദ്ര ഗവൺമെന്റുപോലും കിഫ്ബിയെ അനുകരിച്ച് ഒരു ഫോറമുണ്ടാക്കിയിരിക്കുകയാണ്. ആ ഫോറം കിഫ്ബിയുടെ മോഡലിൽ വികസന പദ്ധതികൾ തയ്യാറാക്കുന്നു, വിഭവ സമാഹരണം നടത്തുന്നു, വികസന പ്രവർത്തനങ്ങൾ കൊണ്ടുവരാനായി ആഗ്രഹിക്കുന്നു എന്ന നിലയിലാണ് കാര്യങ്ങൾ പോകുന്നത്. ബഹുമാനപ്പെട്ട മൂവാറ്റുപുഴയിലെയും കൽപ്പറ്റയിലെയും അംഗങ്ങളോട് എനിക്ക് പറയാനുള്ളത്, കിഫ്ബി എന്ന സംവിധാനം പാർലമെന്റ് അംഗീകരിച്ചിട്ടുള്ളതും FEMA (Foreign Exchange Management Act) എന്ന നിയമപ്രകാരം രാജ്യം അംഗീകരിച്ചിട്ടുള്ളതുമാണ്. ആ സംവിധാനം കേരള നിയമസഭയിൽ അവതരിപ്പിച്ച് പരിപൂർണ്ണമായ പിന്തുണയോടുകൂടി

പാസ്സാക്കിയിട്ടുള്ളതാണ്. ആർ.ബി.ഐ.-യും സെബിയുമടക്കമുള്ള ഇന്ത്യയുടെ ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിച്ചിട്ടുള്ളതാണ്. 2018 ജൂൺ 1-ന് 2109 കോടി രൂപയുടെ ബോണ്ടിറക്കാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ കിഫ്ബിക്ക് അനുമതി നൽകിയിട്ടുണ്ട്. ലോൺ രജിസ്ട്രേഷന് നമ്പർ അനുവദിച്ചതും ഏജന്റ് ബാങ്കിനെ അംഗീകരിച്ചതുമടക്കമുള്ള കാര്യങ്ങളിൽ ആർ.ബി.ഐ.-യുടെ അംഗീകാരം കിഫ്ബി വാങ്ങിയിട്ടുണ്ട്. FEMA 6 (3) D വകുപ്പ് പ്രകാരം ഇത്തരം വായ്പ നിയന്ത്രിക്കേണ്ടത് ആർ.ബി.ഐ. ആണ്. ആർ.ബി.ഐ. ഇറക്കിയിട്ടുള്ള മാസ്റ്റർ സർക്കുലർ പ്രകാരം കിഫ്ബിയെന്ന സ്ഥാപനത്തെ കോർപ്പറേറ്റ് സ്ഥാപനമായാണ് കണക്കാക്കിയിരിക്കുന്നത്. ഭരണഘടനയുടെ ചില വ്യവസ്ഥകൾ പ്രകാരം അത് തെറ്റാണെന്ന് വാദിക്കുന്നവരുണ്ട്. എന്നാൽ കോർപ്പറേറ്റ് സ്ഥാപനത്തിന് വായ്പയെടുക്കാൻ ആ ഭരണഘടനയുടെ വ്യവസ്ഥ ബാധകമല്ലെന്നുള്ള കാര്യം നിയമസഭയിൽ പലതവണ ചർച്ച ചെയ്തിട്ടുള്ളതാണ്. ബഡ്ജറ്റിന്റെയും ധനകാര്യ ബില്ലിന്റെയും ചർച്ചാവേളയിൽ കിഫ്ബിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ധാരാളം ചർച്ച ചെയ്തിട്ടുള്ളതാണ്. ഇവിടെ കോടിക്കണക്കിന് രൂപയുടെ വികസന പദ്ധതികളാണ് കിഫ്ബിവഴി കൊണ്ടുവരുന്നത്. ഗവൺമെന്റിൽനിന്നും ഒരു വർഷം അഞ്ച് കോടി രൂപയാണ് എം.എൽ.എ.

ആസ്തിവികസന ഫണ്ടായി ലഭിക്കുന്നത്. എന്റെ മണ്ഡലത്തിൽ 850 കോടി രൂപയുടെ വികസന പദ്ധതികൾ നടക്കുന്നു. എത്രകാലം എം.എൽ.എ. ആയിരുന്നാലാണ് ഇതൊക്കെ സാദ്ധ്യമാകുന്നത്. വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനമടക്കമുള്ള ജനങ്ങളുടെ ആവശ്യത്തിന് അൻപത് വർഷത്തിലേറെ പഴക്കമുണ്ട്. ആ പദ്ധതിയടക്കം യാഥാർത്ഥ്യമാക്കുന്നതിന് എൽ.ഡി.എഫ്. ഗവൺമെന്റാണ് കിഫ്ബിയിലൂടെ പണം അനുവദിച്ചിരിക്കുന്നത്. അത്തരം വികസന പദ്ധതികൾ യാഥാർത്ഥ്യമാക്കാനുള്ള ചുമതല അവിടെയുള്ള ജനപ്രതിനിധിയെന്ന നിലയിൽ നമ്മൾ ഏറ്റെടുക്കണം. അവിടെ ഏതെങ്കിലും ഒരു പദ്ധതി നടക്കാതിരുന്നാൽ എം.എൽ.എ. ഉൾപ്പെടെയുള്ളവർ ആ ഉത്തരവാദിത്വം ഏറ്റെടുത്ത് പദ്ധതി നടപ്പാക്കാനുള്ള പരിശ്രമം നടത്തണം. അല്ലാതെ പദ്ധതിയെത്തന്നെ ഇല്ലാതാക്കാനുള്ള പരിശ്രമങ്ങളിൽ നിൽക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ നിയമങ്ങളും അംഗീകരിച്ചാണ് മുന്നോട്ടുപോകുന്നത്. ലോകവും രാജ്യവും കേരളവുമൊക്കെ നിരവധി വെല്ലുവിളികൾ നേരിടുകയാണ്. കോവിഡ്, മഹാപ്രളയം, ഓഖി എന്നിവയടക്കമുള്ള ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടിവന്നു. ആ സമയത്ത് കേരളത്തെ കൃത്യമായ ദിശാബോധത്തോടെ നയിക്കാൻ കേരളത്തിലെ എൽ.ഡി.എഫ്.

സർക്കാരിന് സാധിച്ചുവെന്നതാണ് ജനങ്ങൾ ഞങ്ങളിൽ വിശ്വാസം അർപ്പിക്കാനുള്ള കാരണം. നിങ്ങൾ പലരെയും കൊണ്ടുവന്നല്ലോ; സി.ബി.ഐ., ഇ.ഡി. തുടങ്ങിയ വിവിധ ഏജൻസികളെ കൊണ്ടുവന്ന് പരിശോധനയും മറ്റ് പ്രഹസനങ്ങളും കാണിച്ചു. ഇപ്പോൾ എന്താണ് അവസ്ഥ? പ്രതിപക്ഷ നേതാക്കൾക്ക് അവരെയൊക്കെ പേടിക്കേണ്ട സ്ഥിതിയിലേയ്ക്ക് മാറുകയല്ലേ? കള്ളപ്പണം വെളുപ്പിക്കൽ സ്ഥാപനങ്ങളായി നമ്മുടെ സഹകരണ ബാങ്കുകളെ മാറ്റുന്ന ചിത്രം ഇവിടെ പലരും വരച്ചുകാണിച്ചു. അത്തരമൊരു അവസ്ഥയിലേയ്ക്ക് മാറിയിരിക്കുകയാണ്. ഈ സ്ഥിതിവിശേഷത്തിലാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ഞാൻ നേരത്തെ പറഞ്ഞ പിന്നാക്കാവസ്ഥ പരിഹരിക്കാനും മഹാമാരിയടക്കമുള്ള കാര്യങ്ങളിൽനിന്നും മുക്തരാകാനുമുള്ള കാര്യങ്ങളാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കോവിഡാനന്തര ജീവിതം ഓൺലൈനായി മാറുകയാണ്. ഞങ്ങൾ വിളിച്ചുചേർക്കുന്ന യോഗങ്ങളും സ്കൂളുകളിലെ ക്ലാസ്സുകളും ഓൺലൈൻ സംവിധാനത്തിലൂടെയാണ് നടക്കുന്നത്. ഇപ്പോൾ ഞാൻ താമസിക്കുന്നത് കഴക്കൂട്ടത്താണ്. അവിടെയുള്ള ടെക്നോപാർക്ക് എന്ന സ്ഥാപനം ഇ. കെ. നായനാർ ഗവൺമെന്റിന്റെ കാലത്ത് സ്ഥാപിച്ചതാണ്. കഴക്കൂട്ടത്ത് വലിയ മന്ദിരങ്ങളാണുള്ളത്.

കോടിക്കണക്കിന് രൂപ ചെലവാക്കി കപ്പലിന്റെയും മറ്റും മോഡലിൽ രൂപകൽപ്പന ചെയ്തിരിക്കുകയാണ്. ജീവനക്കാരുടെ എണ്ണം നാലിലൊന്നായി ചുരുക്കി ബാക്കിയുള്ളവർ വീട്ടിലിരുന്ന് ജോലി ചെയ്യുകയാണ്. കോവിഡ് മാറിയാലും ഇവർ വീട്ടിലിരുന്ന് ജോലി ചെയ്താൽ മതിയെന്ന നിലപാടിലേയ്ക്ക് ഐ.ടി. കമ്പനികൾ മാറുകയാണ്. കാരണം, പുതിയ ലോകക്രമം വരികയാണ്. നമ്മുടെ ജീവിതം ഓൺലൈനായി മാറുകയാണ്. ആ അവസ്ഥയിൽ എങ്ങനെ കേരളത്തിന്റെ സമ്പദ്ഘടനയെ മാറ്റിയെടുക്കാമെന്നുള്ള ചിത്രമാണ് ബഡ്ജറ്റ് വരച്ച് കാണിക്കുന്നത്. ഉദാഹരണത്തിന്, വിജ്ഞാന സമൂഹമാക്കി കേരളത്തെ മാറ്റുകയെന്നത് എന്ത് നല്ല സങ്കൽപ്പമാണെന്ന് ആലോചിച്ചുനോക്കൂ. നമ്മുടെ കുട്ടികളെല്ലാം നന്നായി പഠിക്കുന്നവരാണ്. ഐ.ടി., ബി.ടെക്. തുടങ്ങിയ കോഴ്സുകൾക്ക് ചേർന്ന് നല്ല മാർക്ക് വാങ്ങി ജയിക്കുകയാണ്. ഫുൾ എ പ്ലസിന്റെ എണ്ണം വർദ്ധിച്ചു. ഗവൺമെന്റ് ഉദാരമായി മാർക്കിട്ടതാണ് അതിന് കാരണമെന്നാണ് ചിലർ പറയുന്നത്. അങ്ങനെയാണോ; നമ്മുടെ കുട്ടികൾ നമ്മളെക്കാൾ മികച്ചവരാണ്. ആ കുട്ടികൾ കേരളത്തിന്റെ ഭാവി പ്രതീക്ഷയാണ്. അങ്ങനെയുള്ള കുട്ടികൾക്കുവേണ്ടിയാണ് നമ്മുടെ സംസ്ഥാനത്തെ Knowledge State ആക്കി മാറ്റുമെന്ന് ഈ ഗവൺമെന്റ് പറഞ്ഞത്.

വിജ്ഞാന സമ്പദ്ഘടനയിലേയ്ക്ക് നമ്മുടെ നാടിനെ മാറ്റുകയാണ്. അതുവഴിയുണ്ടാകുന്ന സാമ്പത്തികവും ഭൗതികവും പശ്ചാത്തലപരവുമായ വികസനം നമ്മുടെ നാടിനെ ഏറ്റവും വലിയ വികസിത രാജ്യമാക്കി മാറ്റുമെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ വരികയാണ്. അതിനാണ് ഈ ബഡ്ജറ്റ് ഉന്നം വയ്ക്കുന്നതെന്ന് നമുക്കറിയാം. തൊഴിലില്ലാത്ത ധാരാളം ആളുകൾ ഇപ്പോൾ സമരം ചെയ്യുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ കണക്ക് ഇവിടെ അവതരിപ്പിച്ചു. ബഡ്ജറ്റിലൂടെ മുന്നോട്ടുവച്ച കെ-ഡിസ്ക് എന്ന സംവിധാനത്തെ ചെറുപ്പക്കാർക്ക് തൊഴിൽ ലഭ്യമാക്കാനുള്ള സംവിധാനമായി മാറ്റാൻ ഗവൺമെന്റിന് സാധിച്ചു. ഞാൻ വിശദമായ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. ഉന്നത ഗവേഷണ സ്ഥാപനങ്ങള ഏറ്റവും മികച്ച നിലയിലേയ്ക്ക് മാറ്റാനും ഫെല്ലോഷിപ്പ്, സ്കോളർഷിപ്പ് എന്നിവ നൽകാനും ഈ ബഡ്ജറ്റ് വിഭവം കണ്ടെത്തുകയാണ്. ആഗോള പട്ടിണി സൂചികയിൽ 107 രാജ്യങ്ങളിൽ 97-ാമത്തെ സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. അങ്ങനെയുള്ള ഇന്ത്യയിലെ കൊച്ചു സംസ്ഥാനമായ കേരളത്തെ പട്ടിണി മരണമില്ലാത്ത നാടാക്കി മാറ്റിയത് എൽ.ഡി.എഫ്. സർക്കാരാണെന്ന് പറയാതിരിക്കാൻ കഴിയുമോ? തുടർച്ചയായി കിറ്റുകളും 1600 രൂപ പെൻഷനും മുടക്കമില്ലാതെ കൊടുക്കുന്നു. നേരത്തെ യു.ഡി.എഫ്.

ഗവൺമെന്റ് എന്താണ് ചെയ്തത്? പെൻഷനും കിറ്റും ഒന്നുമില്ലാത്ത അവസ്ഥയായിരുന്നില്ലേ? ചിലയാളുകൾക്ക് ബാർ കൊടുക്കാനാണ് താൽപ്പര്യം, അങ്ങനെയുള്ളവർ ഭരിച്ച കാലമല്ല എൽ.ഡി.എഫ് സർക്കാരിന്റെ കാലമെന്നുള്ളത് നമ്മൾ മനസ്സിലാക്കണം. അത് ജനങ്ങൾ നന്നായി മനസ്സിലാക്കിയിട്ടുണ്ട്. കേരളത്തിലെ പ്രബുദ്ധരായ ജനസമൂഹം എൽ.ഡി.എഫ്. ഗവൺമെന്റിന് 99 സീറ്റുകൾ നൽകി മഹാഭ്ഭരിപക്ഷത്തിൽ വിജയിപ്പിച്ചു. കേരള ചരിത്രത്തിൽ ആദ്യമായാണ് ഒരു ഗവൺമെന്റിന് തുടർ ഭരണം ലഭിക്കുന്നത്. ഈ ധനകാര്യ ബില്ലുകളെ പരിപൂർണ്ണമായി പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

[അദ്ധ്യക്ഷവേദയിൽ മി.ഡെപ്യൂട്ടി സ്പീക്കർ]

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, ഞാൻ ഈ ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. 2021 ജനുവരി 15-ന് 14-ാം കേരള നിയമസഭയിൽ സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കുകയുണ്ടായി. 14-ാം കേരള നിയമസഭയുടെ കാലാവധി കഴിഞ്ഞതോടെ പുതിയതായി സ്ഥാനമേറ്റ ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ നികുതി വരുമാനങ്ങളെ

സംബന്ധിച്ച് ചില ക്രമീകരണങ്ങളും പുനരാവിഷ്കരണങ്ങളും നടത്തണമെന്ന് സഭ മുമ്പാകെ അഭ്യർത്ഥിക്കുകയുണ്ടായി. ആ അഭ്യർത്ഥനകളുടെ രത്നച്ചുരുക്കമാണ് ഇപ്പോൾ ധനകാര്യബില്ലായി നമ്മുടെ മുന്നിൽ വന്നിട്ടുള്ളത്. ഈ ധനകാര്യബിൽ സഞ്ചിതനിധിക്ക് അധികം കോട്ടംതട്ടാത്തതായതുകൊണ്ട് ആയത് സബ്ജക്ട് കമ്മിറ്റിക്ക് വിടുന്ന പ്രമേയത്തെ പിന്തുണയ്ക്കുകയാണ്. ഈ പ്രമേയത്തെ പ്രതിക്ഷേപിച്ചുകൊണ്ട് സംസാരിച്ച മിക്കവരും സൂചിപ്പിച്ചത് പുതിയ സാമ്പത്തിക നയത്തിന്റെ പ്രത്യേകതകളെക്കുറിച്ചാണ്. ആരാണ് ഇന്ത്യയിൽ ഈ പുതിയ സാമ്പത്തിക നയം കൊണ്ടുവന്നത്? വസ്തുതകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചർച്ചകൾ നടക്കുന്നില്ലെന്ന് പരിതപിച്ച ശ്രീ. മാത്യു കുഴൽനാടനോട് സ്നേഹപൂർവ്വം ചോദിക്കട്ടെ, 1991-ൽ മഹാത്മാഗാന്ധിയുടെ ചിത്രംവച്ച ഇന്ത്യൻ പാർലമെന്റിൽ ഇന്ത്യയുടെ ചങ്കും കരളും പറിച്ച് വിദേശശക്തികൾക്ക് തെരുവിൽ പച്ചിലയിൽ പൊതിഞ്ഞ് മുല്ലപ്പൂ വിൽക്കുന്നതുപോലെ വിൽക്കാനുള്ള അധികാരം കൊടുത്ത പുത്തൻ സാമ്പത്തികനയം ഇന്ത്യയിലടിച്ചേൽപ്പിച്ചത് കോൺഗ്രസാണ്. ആ കോൺഗ്രസിനുശേഷം അധികാരത്തിൽവന്ന ബി.ജെ.പി. സർക്കാരിന്റെ വർഷകാല സമ്മേളനം തുടങ്ങിക്കഴിഞ്ഞു. നമ്മുടെ പാർലമെന്റിൽ ഓരോ ദിവസവും

സംഭവിക്കുന്നതിനെക്കുറിച്ച് കോൺഗ്രസിന് മറുപടി പറയാനില്ലേ; കേരളത്തിൽനിന്നും 19 പേർ ജയിച്ച് പോയതല്ലേ? ഇന്ത്യയുടെ പ്രധാനപ്പെട്ട സാമ്പത്തിക കേന്ദ്രങ്ങളെല്ലാം സ്വകാര്യവത്കരിക്കുന്ന ബില്ലുകൾ അപ്പം ചുട്ടെടുക്കുന്നതുപോലെയല്ലേ പാർലമെന്റിൽ പാസാക്കുന്നത്? ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റി, പ്രതിരോധ സമ്പത്തിന്റെ നെറുകയിലേയ്ക്കും താക്കോൽ സ്ഥാനങ്ങളിലേയ്ക്കും സ്വകാര്യമൂലധനം, ഖനികളും തുറമുഖങ്ങളും എയർപോർട്ടുകളും വിൽപ്പനയ്ക്ക് വയ്ക്കുന്നു, ഇതാണ് അവസ്ഥ. ശ്രീമതി നിർമ്മലാ സീതാരാമന് ഇങ്ങനെയൊരു ധൈര്യമുണ്ടായതും ഇത്തരമൊരു സാമ്പത്തിക വ്യവസ്ഥ ഇന്ത്യാരാജ്യത്ത് കെട്ടിപ്പടുക്കാൻ കഴിഞ്ഞതും കോൺഗ്രസ് ആവിഷ്കരിച്ച പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമല്ലേ? ഉദാരവത്കരണം, കമ്പോളവത്കരണം, സ്വകാര്യവത്കരണം എന്നുപറഞ്ഞ് ഈ രാജ്യത്ത് നരസിംഹറാവു ആവിഷ്കരിച്ച സാമ്പത്തികനയത്തെ അന്ന് ഞങ്ങൾ ഇന്ത്യയിലുടനീളം എതിർത്തപ്പോൾ ഇത് പുതിയൊരു ഭാരതം കെട്ടിപ്പടുക്കാനുള്ള വഴിയാണെന്നാണ് ഇവരൊക്കെ പറഞ്ഞത്. ഇപ്പോൾ ഇടതുപക്ഷ ഗവൺമെന്റ് കേരളത്തിലാവിഷ്കരിച്ച കിഫ്ബി പദ്ധതിയെക്കുറിച്ചും മുഖ്യമന്ത്രി പിണറായി വിജയൻ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ പോയതിനെക്കുറിച്ചുമാണ് പ്രതിപക്ഷത്തിന് സംശയമുള്ളത്.

ഐ.എം.എഫ്., ലോകബാങ്ക്, വിദേശമൂലധനം എന്നിവയെയൊന്നും ഇടതുപക്ഷം എതിർത്തിട്ടില്ല. ഇന്ത്യയെ അസ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കുന്ന നിയമങ്ങളെയാണ് ഞങ്ങൾ എതിർത്തത്. നമ്മുടെയെല്ലാം ഇടതുപക്ഷചിന്തയ്ക്ക് ആക്കം വർദ്ധിപ്പിച്ച നിര്യാതനായ എം. പി. വീരേന്ദ്രകുമാർ എഴുതിയ 'ഗാട്ടും കാണാച്ചരടുകളും' എന്ന പുസ്തകം ഒരാവർത്തി വായിച്ചാൽ പുതിയ സാമ്പത്തിക നയത്തിന്റെ ദുരന്തമെന്താണെന്ന് മനസ്സിലാക്കാൻ സാധിക്കും. ഇടതുപക്ഷം ആവിഷ്കരിച്ച കിഫ്ബി ആകെ കുഴപ്പമെന്നാണ് പറയുന്നത്. ഞങ്ങളുടെ നാട്ടിൽ ഒരു ജ്യോത്സ്യനുണ്ട്. അദ്ദേഹം അല്പം സംസ്കൃതവും മലയാളവുമൊക്കെ കലർത്തി പ്രശ്നപ്പലക വച്ച് പ്രശ്നം നോക്കുന്ന ഒരാളാണ്. അടുത്തുതന്നെയുള്ള ഒരു കോളേജ് പ്രൊഫസർ ഇടയ്ക്കിടെ പ്രശ്നം വയ്ക്കാൻ വരും; അദ്ദേഹത്തിനെന്നും സംശയമാണ്. ഒരു കുസൃതിക്ക് വേണ്ടിയെങ്കിലും പ്രശ്നപ്പലക കാണാത്തവരുണ്ടാകില്ല. ഒരു സമചതുരത്തെ നാല് വിലങ്ങനെ വരച്ച് 9 കള്ളികളുള്ളതാണ് പ്രശ്നപ്പലക. അതിൽ ബുധൻ, ശുക്രൻ, ചൊവ്വ, കേതു, ഗുളികൻ എന്നൊക്കെ ഒരുവശത്ത് എഴുതിയതായി കാണാം. ഈ പ്രൊഫസറുടെ വരവ് തുടർച്ചയായപ്പോൾ ജ്യോത്സ്യനൊരു ഭയം. ഈ വരച്ച കള്ളികളിലൊന്നും നിൽക്കില്ല. അപ്പോൾ ഈ പ്രശ്നകള്ളിക്ക്

അപ്പുറത്തേയ്ക്കൊരു കളം നീട്ടിവരച്ചു. അപ്പോൾ പ്രൊഫസർ ചോദിച്ചു, ജ്യോത്സ്യരെ ഞാൻ ഇത്ര നാൾ വന്നിട്ടും ഈ കളം പുറത്തേയ്ക്ക് വരച്ച് കണ്ടിട്ടില്ലല്ലോ; അപ്പോൾ ജ്യോത്സ്യർ പറഞ്ഞു. ഇതാണ് നിക്കക്കള്ളി. ഈ കളത്തിലൊന്നും താൻ നിന്നില്ലെങ്കിൽ പുറത്തുനിൽക്കാൻ വേണ്ടി ഒരു കളം വരച്ചതാണ്. ആ ജ്യോത്സ്യന്റെ ടെക്നിക്കാണിത്. അതുപോലെയാണ് ഇവർ കിഫ്ബിയെ വരച്ചുകാണിക്കുന്നത്. കിഫ്ബി എന്നുപറയുന്നത് നൂതനമായ ഒരു സാമ്പത്തിക സമാഹരണ പദ്ധതിയാണ്. അത് ഇന്ത്യൻ പാർലമെന്റ് അംഗീകരിച്ചിട്ടുള്ളതാണ്. നിയമസഭ പലതവണ ചർച്ച ചെയ്ത് പാസ്സാക്കിയിട്ടുള്ളതാണ്. 140 നിയോജകമണ്ഡലങ്ങളിലും നടന്ന വികസന പ്രവർത്തനങ്ങൾ പരിശോധിച്ചാൽ കേരളത്തിലെ ജനങ്ങൾ കിഫ്ബിയെ സ്വീകരിച്ചതിന്റെ മാതൃക നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. കേരളത്തിന് ഒരു വികസന പദ്ധതി വേണമെങ്കിൽ എവിടെയാണ് നമുക്കൊരു മിച്ച ബഡ്ജറ്റ് അവതരിപ്പിക്കാൻ സാധിക്കുകയെന്ന് നിങ്ങൾ മനസ്സിലാക്കണം. നരസിംഹറാവു അവതരിപ്പിച്ച പുത്തൻ സാമ്പത്തികനയം ഇന്ത്യയിൽ നടപ്പാക്കുന്നതിനുമുമ്പ് ഇന്ത്യയിലെ 18 സംസ്ഥാനങ്ങൾ മിച്ചബഡ്ജറ്റ് അവതരിപ്പിച്ചിരുന്നു. ഇന്ന് എത്ര സംസ്ഥാനങ്ങൾ മിച്ചബഡ്ജറ്റ് അവതരിപ്പിക്കുന്നുണ്ട്? രണ്ട് സംസ്ഥാനങ്ങൾ. ഒരുപക്ഷേ

തിരുവനന്തപുരം ജില്ലയുടെ വലിപ്പമുള്ള മിസോറാമും കേന്ദ്രഗവൺമെന്റിന്റെ പണം കിട്ടുന്നതുകൊണ്ട് ഡൽഹിയും ആയിരിക്കാം. മറ്റൊരു സംസ്ഥാനവും മിച്ച ബഡ്ജറ്റ് അവതരിപ്പിക്കുന്നില്ല. എങ്ങനെയാണ് ഇന്ത്യ ഈ സ്ഥിതിയിലെത്തിയത്? പല സംസ്ഥാനങ്ങളെയും പുരോഗതിയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി ആവിഷ്കരിച്ചതാണ് കിഫ്ബി. കിഫ്ബിയുടെ നേട്ടങ്ങൾ ഇതിനുമുമ്പുണ്ടായിരുന്ന എം.എൽ.എ.-മാരും ഇവിടെ ഇപ്പോഴുള്ള എം.എൽ.എ.-മാരും എണ്ണിയെണ്ണി രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ വാർഷിക റിപ്പോർട്ടുകൾ പുറത്തുവരുന്നുണ്ട്. ഇത് ഓഡിറ്റിംഗിന് വിധേയമല്ലെന്നും ഇന്റേണൽ ഓഡിറ്റിംഗിന് വിധേയമല്ലാത്ത, സി.&എ.ജി.-ക്ക് പ്രാപ്യമല്ലാത്തൊരു ഫണ്ടാണ് കിഫ്ബിയുടേതെന്നും പറഞ്ഞുകൊണ്ടാണ് പ്രതിപക്ഷനേതാവും നിങ്ങളുടെ പ്രധാനപ്പെട്ട കക്ഷിനേതാക്കളും കിഫ്ബിയെ ആദ്യം എതിർത്തത്. ആ തർക്കം പൊളിഞ്ഞപ്പോൾ ഇത് ഓഡിറ്റിന് വിധേയമാണെന്നും സോഷ്യൽ ഓഡിറ്റിംഗ് വരെയുണ്ടെന്നും പൊതുജനത്തിന് ബോദ്ധ്യമായപ്പോൾ നിങ്ങൾക്കതിൽ നിന്നും പിന്മാറേണ്ടിവന്നു. അതുകൊണ്ട് ജനങ്ങളുടെ മനസ്സിൽ നിങ്ങളെക്കുറിച്ചുണ്ടായിട്ടുള്ള പുതിയ ബോദ്ധ്യങ്ങളെ

തിരുത്തുന്നതിനുവേണ്ടി പരിശ്രമിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, സാമ്പത്തിക നിർവ്വഹണം നാടിന്റെ വികസനത്തിന് വേണ്ടിയെന്ന കാഴ്ചപ്പാടോടുകൂടിയുള്ള ഈ ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. സമ്പദ്‌വ്യവസ്ഥയ്ക്ക് സമാനമായി ഇംഗ്ലീഷിൽ പറയുന്നത് പൊളിറ്റിക്കൽ ഇക്കോണമി എന്നാണ്. ആധുനിക അർത്ഥശാസ്ത്രത്തിന്റെ ആവിഷ്കർത്താക്കളായ ആഡംസ്മിത്ത്, ഡേവിഡ് റിക്കാർഡോ, കാറൽമാർക്സ് എന്നിവരെല്ലാം പൊളിറ്റിക്കൽ ഇക്കോണമിയെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. എന്തുകൊണ്ടെന്നാൽ സാമൂഹിക രാഷ്ട്രീയ സ്ഥാപനങ്ങളും സാമ്പത്തികബന്ധങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. സാമൂഹികവും രാഷ്ട്രീയവുമായ ബന്ധങ്ങളുടെ പശ്ചാത്തലത്തിലല്ലാതെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാനോ സാമ്പത്തിക പരിതസ്ഥിതിയുടെ പശ്ചാത്തലത്തിലല്ലാതെ സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങൾ പരിശോധിക്കാനോ നമുക്ക് കഴിയില്ല. സാമൂഹിക-രാഷ്ട്രീയ സാംസ്കാരിക ജീവിതം തുടങ്ങി അനേകം കാര്യങ്ങളുമായി ബന്ധപ്പെട്ടാണ് സാമ്പത്തിക പ്രശ്നങ്ങൾ നിലനിൽക്കുന്നത്. സാമൂഹ്യ രാഷ്ട്രീയ വ്യവസ്ഥയും സാമ്പത്തിക ബന്ധങ്ങളും അതിസൂഷ്മമായി

പരിശോധിച്ചുകൊണ്ടല്ലാതെ നമുക്ക് മുന്നോട്ടുപോകാൻ കഴിയില്ല. ഈ പഠനത്തിന് വിധേയമാക്കുമ്പോഴാണ് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സാമ്പത്തിക സമീപനങ്ങൾ നമുക്ക് മനസ്സിലാകുന്നത്. ഭൂതകാല സാമൂഹ്യക്ഷേമ നേട്ടങ്ങളൊന്നും കയ്യൊഴിയാതെ പുതിയൊരു അടിത്തറയിൽ കേരള സമ്പദ്ഘടനയെ പ്രതിഷ്ഠിക്കാനും ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതോടൊപ്പം ഗുണമേന്മയുള്ള ജോലികൾ ഉറപ്പുവരുത്തിക്കൊണ്ട് അതിവേഗത്തിൽ വളരുന്ന ഒരു സമ്പദ് ഘടന എന്നതാണ് ഭാവികേരളം. നീതിപൂർവ്വവും സ്ഥായിയായതുമായ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയാണ് വികസനം. ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച ഉറപ്പുവരുത്തിക്കൊണ്ട് മാത്രമേ ക്ഷേമനേട്ടങ്ങൾ നിലനിർത്താനും വിപുലീകരിക്കാനും നമുക്ക് കഴിയൂ. വർത്തമാനകേരളം സുസ്ഥിര വികസന സൂചികയിൽ നേട്ടങ്ങളുടെ ഹാട്ടിക്കുമായി കുതിക്കുകയാണ്. ഭാവി വികസനം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികളുടെയും ക്ഷേമപരിപാടികളുടെയും പിൻബലത്തിൽ നമ്മുടെ സ്കോർ ഉയർത്താൻ കഴിഞ്ഞിരിക്കുകയാണ്. ഇത് നമുക്ക് ഏറെ അഭിമാനത്തിന് വകനൽകുന്നു. ഇവിടെ അംഗങ്ങളെല്ലാം സാമ്പത്തിക പരിഷ്കരണത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇന്ത്യയിലെ

സാമ്പത്തിക പരിഷ്കരണം മൂന്ന് ദശകങ്ങൾ പിന്നിട്ട സാഹചര്യത്തിലാണ് ഈ ധനകാര്യ ബില്ലിന്റെ ചർച്ച നടക്കുന്നത്. ഇതിന് തുടക്കം കുറിച്ചത് കോൺഗ്രസാണെന്ന് ഈ അവസരത്തിൽ ഓർക്കണം. സാമ്പത്തിക പരിഷ്കരണം ജനപക്ഷമാക്കുന്നതിനുപകരം ജനങ്ങളെ ദാരിദ്ര്യത്തിൽ അകപ്പെടുത്തിക്കൊണ്ടും ദാരിദ്ര്യം വർദ്ധിപ്പിച്ചും സാമ്പത്തിക അസമത്വം ക്രമാതീതമായി വർദ്ധിപ്പിച്ചും എല്ലാ രാജ്യങ്ങളിലും ആഭ്യന്തര ഉൽപ്പാദനത്തിൽ കുത്തനെ ഇടിവുണ്ടാക്കിയും ലാഭം പരമാവധിയാക്കുന്നതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതുമാണ് ആഗോള അനുഭവങ്ങളും ഇന്ത്യൻ അനുഭവങ്ങളും വ്യക്തമാക്കുന്നത്. ആഗോള സാമ്പത്തിക തകർച്ചയും ജനങ്ങളുടെ ജീവിതത്തിൽ അതുണ്ടാക്കിയ ആഘാതവും ഇപ്പോഴും നാശം വിതച്ചുകൊണ്ടിരിക്കുന്ന മഹാമാരിയുടെ വരവോടെ സർവ്വതും തകർക്കുംവിധം ഭീമാകാരമായിരിക്കുന്നു. അതിഭീമമായ ഉല്പാദന ഉപാധികളെയും വിനിമയ ഉപാധികളെയുമാണ് മുതലാളിത്തം ആവാഹിച്ച് സ്വായത്തമാക്കിയിരിക്കുന്നതെന്നാണ് മഹാനായ കാറൽ മാക്സ് ഒരിക്കൽ പറഞ്ഞത്. മന്ത്രശക്തികൊണ്ട് വശീകരിച്ച് തന്റെ അധീനതയിലാക്കിയിരിക്കുന്ന ശക്തികളെ നിയന്ത്രിക്കാൻ കെൽപ്പില്ലാതായ ഒരു ദുർമന്ത്രവാദിയെ പോലെയാണത്. ഇന്ത്യയിലെ പരിഷ്കരണ പ്രക്രിയ

അന്താരാഷ്ട്ര മൂലധന ആധിപത്യം പുലർത്തുന്ന നവലിബറലിസത്തിന്റെ പ്രത്യയശാസ്ത്ര നിർമ്മിതിയുടെ അവിഭാജ്യ ഘടകമാണ്. അതുകൊണ്ട് ലക്ഷ്യം പരമാവധി ലാഭമാണ്. മുതലാളിത്തത്തിന്റെ ഏറ്റവും ഹീനമായ ഇരപിടിയൻ സ്വഭാവമാണ് ഇത് കാണിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് നമ്മൾ സാമ്പത്തിക രംഗത്തെ വീക്ഷിക്കേണ്ടത്. എല്ലാ പൊതുആസ്തികളുടേയും പൊതുസേവന തുറകളുടെയും ധാതുവിഭവങ്ങളുടെയും വൻതോതിലുള്ള സ്വകാര്യവൽക്കരണമാണ് ഇവിടെ നടക്കുന്നത്. ജനങ്ങൾക്കുമേൽ യൂസർ ചാർജ് ഈടാക്കുകയാണ്. തിളക്കം നഷ്ടപ്പെട്ട ഇന്ത്യയിലാണ് നമ്മൾ ഇന്ന് ജീവിക്കുന്നത്. 2020 മാർച്ചിനുശേഷം ഇന്ത്യയിലെ നൂറ് ശതകോടീശ്വരന്മാർ തങ്ങളുടെ സമ്പത്തിൽ 12,97,822 കോടി രൂപയുടെ വർദ്ധനവുണ്ടാക്കിയതായാണ് കണക്കുകൾ വെളിവാക്കുന്നത്. ഇന്ത്യയിലെ 138 കോടി വരുന്ന പരമ ദരിദ്രജനതയിൽ ഓരോരുത്തർക്കും 94,045 രൂപയുടെ ചെക്ക് വീതം നൽകാൻ വേണ്ടത്രയുള്ള തുകയാണിത്. മഹാമാരിയുടെ കാലത്ത് ഒരു മണിക്കൂറിനുള്ളിൽ മുകേഷ് അംബാനി ഉണ്ടാക്കിയ പണം, ഒരു അതിവിദഗ്ധ തൊഴിലാളിക്കുണ്ടാക്കാൻ പതിനായിരം വർഷവും ഒരു സെക്കന്ഡിനകം മുകേഷ് അംബാനി ഉണ്ടാക്കിയ അത്രയും പണം അവിദഗ്ധ തൊഴിലാളിക്കുണ്ടാക്കാൻ മൂന്ന്

വർഷവും വേണം. 'അസമത്വ വൈറസ്' എന്ന പേരിൽ Oxfam പ്രസിദ്ധീകരിച്ച ഒടുവിലത്തെ റിപ്പോർട്ടിലെ ഇന്ത്യ സപ്ലിമെന്റിൽ കാണുന്ന വാർത്തയാണിത്. 2020 ഏപ്രിൽ മാസത്തിൽ ഓരോ മണിക്കൂറിലും 1,70,000 ആളുകൾക്ക് ഇന്ത്യയിൽ തൊഴിൽ നഷ്ടപ്പെട്ടതായി കണക്കാക്കുന്നു. ലോക്ഡൗൺ കാലത്ത് ഇന്ത്യൻ ശതകോടീശ്വരന്മാരുടെ സ്വത്ത് 35 ശതമാനമായി വർദ്ധിച്ചു. 2009-നുശേഷം ഇവരുടെ സ്വത്തിൽ 90 ശതമാനത്തിന്റെ വർദ്ധനവുണ്ടായി, 42,290 കോടി ഡോളറിന്റെ വർദ്ധനവ്. മഹാമാരിക്കാലത്ത് ഇന്ത്യയിലെ പതിനൊന്ന് ശതകോടീശ്വരന്മാരുടെ സ്വത്തിലുണ്ടായ വർദ്ധനവ് ഉപയോഗിച്ചാൽ എൻ.ആർ.ഇ.ജി.പി. പത്തുവർഷം നിലനിർത്താൻ നമുക്ക് കഴിയുമായിരുന്നു. അഥവാ പത്ത് വർഷത്തേയ്ക്ക് ആരോഗ്യമന്ത്രാലയത്തിന് വേണ്ട തുകയാണിത്. പരമ ദരിദ്രരായിട്ടുള്ള 20 ശതമാനം ജനങ്ങളിൽ ആറ് ശതമാനം പേർക്ക് മാത്രമാണ് മെച്ചപ്പെട്ട ശുചീകരണ സൗകര്യമുള്ളത്. അതിസമ്പന്നരായ 20 ശതമാനം പേരിൽ 93.4 ശതമാനം പേർക്ക് ഇന്ത്യയിൽ ഈ സൗകര്യം ലഭിക്കുന്നു. സമ്പൂർണ്ണ ശുചിത്വപദ്ധതിയുമായി കേരളം മുന്നോട്ട് കുതിക്കുകയാണ്. ഇന്ത്യൻ ജനസംഖ്യയിൽ 59.6 ശതമാനം പേരും ജീവിക്കുന്നത് ഒറ്റമുറിയിലോ അതിലും കുറഞ്ഞ സൗകര്യത്തിലോ

ആണ്. കേരളത്തിൽ 'ലൈഫ് മിഷൻ' എന്ന മഹാപ്രസ്ഥാനത്തിലൂടെ എല്ലാവർക്കും അടച്ചുറപ്പുള്ള സൗകര്യപ്രദമായ വീട് നൽകാൻ സർക്കാർ തയ്യാറായി. സർക്കാർ വിഹിതത്തിന്റെ കാര്യത്തിൽ ലോകത്തിൽ ഏറ്റവും കുറഞ്ഞ ആരോഗ്യ ബഡ്ജറ്റുള്ള രാജ്യങ്ങളിൽ നാലാം സ്ഥാനത്താണ് ഇന്ത്യ. ആരോഗ്യമേഖലയിൽ വിസ്മയകരമായ വളർച്ചയാണ് കേരളം കൈവരിച്ചിട്ടുള്ളത്. 'ആർദ്രം മിഷൻ' ഉൾപ്പെടെ ശ്രദ്ധേയമായ പദ്ധതികളാണ് കേരളത്തിൽ നടപ്പിലാക്കിയത്. സാമ്പത്തിക അസമത്വം കുത്തനെ വർദ്ധിച്ച കാലഘട്ടമാണ്. ഇതിന് പുറമെയാണ് നമ്മുടെ സംസ്ഥാനം കേന്ദ്ര അവഗണനയുടെ കയ്പ്പുനീർ കുടിക്കുന്നത്. കേന്ദ്ര ഗവൺമെന്റിനെ വിമർശിക്കാൻ പലരും തയ്യാറാകുന്നില്ല. സംസ്ഥാനത്തിന് നൽകേണ്ട വിഭജിക്കാവുന്ന നികുതിയിനത്തിൽ (divisible pool) കുറവുണ്ടായതുവഴി സംസ്ഥാന സമ്പദ്ഘടനയെ പ്രതികൂലമായി ബാധിച്ച സംസ്ഥാനമാണ് കേരളം. ഇതിന്റെ ഫലമായി സംസ്ഥാനങ്ങൾക്ക് വലിയ അളവിൽ വായ്പയെടുക്കേണ്ടി വരികയും അതുവഴി റവന്യൂ കമ്മി ഗണ്യമായി ഉയരുകയും ചെയ്ത സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഓരോ കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് വരുമ്പോഴും കേന്ദ്ര നികുതി വരുമാനത്തിന്റെ divisible pool-ൽ നിന്നും കേരളത്തിനുള്ള വിഹിതം കുറഞ്ഞുവരുന്ന

സാഹചര്യമാണുള്ളത്. ജനസംഖ്യ നിയന്ത്രണ നടപടികൾ കാര്യക്ഷമമായി നടപ്പാക്കിയതും വികസന നേട്ടങ്ങൾ ആർജ്ജിച്ചതും കേരളത്തിന്റെ വിഹിതം കുറയുന്നതിന് കാരണമാകുന്ന സ്ഥിതിയാണിന്നുള്ളത്. ഈ വികസന നേട്ടങ്ങൾ കൈവരിച്ചത് കുറ്റമാണോ; കേന്ദ്ര ഗവൺമെന്റിന്റെ അരാഷ്ട്രീയ, അശാസ്ത്രീയ മാനദണ്ഡങ്ങൾക്കെതിരെ ശക്തമായി പ്രതികരിക്കാനും വിവേചനം അവസാനിപ്പിക്കുവാനും ശക്തമായ ഇടപെടലുകൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഇനിയുമുണ്ടാകേണ്ടതുണ്ട്. ഇതിനുപുറമെയാണ് മറ്റുതരത്തിലുള്ള അവഗണനകൾ. ബഡ്ജറ്റ് വിഹിതം വെട്ടിക്കുറച്ചു, വായ്പാ പരിധി കൂട്ടിയില്ല. റബ്ബർ, കുരുമുളക്, കാപ്പി, തേയില തുടങ്ങിയവയ്ക്ക് സഹായമില്ല. തേയിലത്തോട്ട സഹായ പദ്ധതിയിലും കേരളത്തെ തഴഞ്ഞു. തൊഴിലുറപ്പ് പദ്ധതി വിഹിതം ഉയർത്തിയില്ല. കേന്ദ്ര ഗവൺമെന്റിന്റെ കേരളത്തോടുള്ള സമീപനത്തെ വിമർശിക്കാൻ പ്രതിപക്ഷം തയ്യാറായില്ല.

സങ്കടം കണ്ടാൽ തിരിച്ചറിയാത്തവർ
ചുങ്കപ്പിരിവുകാർ നിങ്ങൾ
ഇന്ദ്രപ്രസ്ഥത്തിലെ തമ്പുരാക്കന്മാരെ
നിങ്ങൾക്കുനേരെ വരുന്നു ഞങ്ങൾ

കേന്ദ്ര ഗവൺമെന്റിന്റെ അവഗണനയ്ക്കെതിരെ ശക്തമായ ബഹുജനരോഷം ഉയരേണ്ട കാലഘട്ടമാണിത്. പ്രതിപക്ഷത്തിന്റെ നിലപാടുകൾ സഹസാമാജികർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി.

കാരസ്കരത്തിൻ കുരു പാലിലിട്ടാൽ

കാലാന്തരേ കയ്പു ശമിപ്പതുണ്ടോ

എന്ന വരികൾ കുഞ്ചൻ നമ്പ്യാർ യു.ഡി.എഫ്.-കാരെ ഉദ്ദേശിച്ചാണോ കുറിച്ചതെന്ന് സംശയിച്ചുപോകുന്നു. എല്ലാ എതിർപ്പുകളെയും അതിജീവിച്ചുകൊണ്ട് ഈ സർക്കാർ മുന്നോട്ടുപോകുക തന്നെ ചെയ്യും. വിൻസ്റ്റൺ ചർച്ചിലിന്റെ ഏറ്റവും ശ്രദ്ധേയമായ ഒരു പ്രതികരണമുണ്ട്. 'പട്ടം ഉയരത്തിലേയ്ക്ക് പറക്കുന്നത് കാറ്റിനോട് എതിർത്തുകൊണ്ടാണ് കാറ്റിനോടൊപ്പം ചേർന്നല്ല'. മുഖ്യമന്ത്രിയെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇന്ത്യയിൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയും അതിനെത്തുടർന്ന് വിലക്കയറ്റവുമുണ്ടായപ്പോൾ ധനകാര്യ വിദഗ്ധൻ കൂടിയായ ഇന്ത്യയുടെ പ്രധാനമന്ത്രി പാർലമെന്റിൽ പറഞ്ഞത്, ഈ പ്രതിസന്ധി പരിഹരിക്കാൻ എന്റെ കയ്യിൽ മാന്ത്രിക വടിയില്ല, I have no magic rod എന്നാണ്. കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും സർക്കാരും

ഇങ്ങനെയല്ല പ്രതികരിച്ചത്. ഏത് പ്രതിസന്ധിഘട്ടത്തെയും അതിജീവിക്കാനും ജനങ്ങളിൽനിന്ന് അതിജീവനത്തിന്റെ കരുത്ത് ആർജ്ജിച്ചുകൊണ്ട് മുന്നോട്ടുപോകാനും കഴിയുന്ന സർക്കാരാണിത്. ക്ഷേമ പദ്ധതികളിലൂടെ നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരിന് എല്ലാ പിന്തുണയും അറിയിച്ചുകൊണ്ട് ഈ ബില്ലുകളെ അനുകൂലിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഒളിമ്പിക്സിൽ 41 വർഷത്തിനുശേഷം ഹോക്കിയിൽ ഇൻഡ്യ വെങ്കല മെഡൽ നേടിയെന്നത് ഒരു സന്തോഷവാർത്തയാണ്. മലയാളിയായ ശ്രീ. പി. ആർ. ശ്രീജേഷിന്റെ അവസാന സമയത്തെ സേവുകളാണ് ഈ മെഡൽ നേട്ടത്തിലേയ്ക്ക് ഇൻഡ്യയെ എത്തിച്ചത്. ശ്രീ. പി. ആർ. ശ്രീജേഷിനെ നമ്മളെല്ലാവരും ചേർന്ന് ഈ അവസരത്തിൽ അഭിനന്ദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഉസ്തിയിൽ വെള്ളിയും കിട്ടിയിട്ടുണ്ടെന്ന് ധനകാര്യവകുപ്പുമന്ത്രി തന്നെ കൂട്ടിച്ചേർത്തിരിക്കുകയാണ്.

ഞാൻ ഈ ധനകാര്യ ബില്ലുകളെ എതിർക്കുന്നു. അങ്ങ് അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിൽ, റവന്യൂ വരവ് ഒരു കോടി മുപ്പത് ലക്ഷത്തിനടുത്തെന്നാണ് എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്നത്. അങ്ങയോട്

ചില സംശയങ്ങൾ എനിക്ക് ചോദിക്കാനുണ്ട്. നമ്മുടെ സംസ്ഥാനത്തെ റവന്യൂ വരവിന്റെ ക്വാർട്ടർലി പെർഫോമൻസ് വ്യക്തമാക്കാൻ ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രതീക്ഷിച്ച വരുമാനമുണ്ടായിട്ടുണ്ടോ എന്നുകൂടി മനസ്സിലാക്കുന്നതിനുവേണ്ടിയാണ്. അതുമാത്രമല്ല ഈ ജൂലൈ വരെയുള്ള ജി.എസ്.ടി. കളക്ഷനും വന്നിട്ടുണ്ട്. അതിൽ നമ്മുടെ പ്രതിമാസ വരുമാനം എത്രയാണെന്നത് സംബന്ധിച്ചുള്ള മറുപടി അങ്ങയിൽനിന്നും ആഗ്രഹിക്കുന്നു. ഇവിടെ കിഫ്ബിയെക്കുറിച്ച് പലരൂപത്തിൽ പറയുന്നത് കേട്ടു. ചിലരൊക്കെ ഇങ്ങോട്ട് നോക്കി ചോദിക്കുന്നതുകേട്ടു, 'കിഫ്ബി വരുന്നതിനുമുൻപ് നിങ്ങൾ പാലം കണ്ടിട്ടുണ്ടോ, കിഫ്ബി വരുന്നതിനുമുൻപ് നിങ്ങൾ വെളളം കണ്ടിട്ടുണ്ടോ' എന്ന്. പരശുരാമനല്ല കിഫ്ബിയാണ് കേരളമുണ്ടാക്കിയത്, കിഫ്ബിയില്ലായിരുന്നെങ്കിൽ കേരളം ഉണ്ടാകുമായിരുന്നില്ലെന്ന് തോന്നുന്ന വിധത്തിലുള്ള അതിശയകരമായ പരാമർശങ്ങളാണ് കേൾക്കുന്നത്. അതിനെക്കുറിച്ച് എനിക്ക് പറയാനുള്ളത് മറ്റൊരു കാര്യമാണ്. നമ്മുടെ പ്ലാൻ ഔട്ട്‌ലേ 30,000 കോടി രൂപ വരെ വന്നിട്ടുണ്ടായിരുന്നു. പിന്നീടത് 27,000 കോടി രൂപയായി കുറഞ്ഞു. ശതമാനകണക്കിലല്ലാതെ Real Plan Expenditure എത്രയാണെന്ന് അങ്ങയുടെ മറുപടി പ്രസംഗത്തിൽ വ്യക്തമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഇതുപറയാൻ കാരണം, പ്ലാനിലാണെങ്കിൽ 1,000 കോടി രൂപ വച്ചാൽ അതിൽ 100 കോടി രൂപ എസ്.സി. വിഭാഗത്തിന് കിട്ടും, 30 കോടി രൂപ എസ്.ടി. വിഭാഗത്തിന് കിട്ടും. കിഫ്ബിയിൽ 1000 കോടി രൂപ വച്ചാൽ എസ്.സി. വിഭാഗത്തിന് അതിൽ എത്ര കിട്ടും? പ്ലാനിലാണെങ്കിൽ 10 ശതമാനം എസ്.സി.-ക്കും 3 ശതമാനം എസ്.ടി.-ക്കുമുണ്ട്. പ്ലാനിന്റെ പ്രാധാന്യം കുറയുകയും പ്ലാൻ ചുരുങ്ങുകയും കിഫ്ബിയിലേയ്ക്ക് ഇത് മാറുകയും ചെയ്യുമ്പോൾ മുൻഗണനാ വിഭാഗങ്ങൾ അവഗണിക്കപ്പെടുന്നുവെന്ന പ്രധാനപ്പെട്ട പ്രശ്നം ഞാൻ സഭയുടെ മുമ്പാകെ വയ്ക്കുകയാണ്. അങ്ങ് കൃത്യമായി Real Plan Expenditure-നെ സംബന്ധിച്ച് ഒരു വിശദീകരണം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നിങ്ങളുടെ ഗവൺമെന്റിന്റെ ഒരു പ്രത്യേകത, എത്ര പരാജയമാണെങ്കിലും അത് നേട്ടമാണെന്ന് വരുത്തിത്തീർക്കാനുള്ള സാമർത്ഥ്യം പാർട്ടിക്കും ഗവൺമെന്റിനുമുണ്ട്. അതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഉദാഹരണമായി, കോവിഡ് കൃത്യമായി ടെസ്റ്റ് ചെയ്യാതെ കേസ്സുകൾ കണ്ടുപിടിക്കപ്പെടാതെ കേസ്സ് കുറയുന്ന സമയത്ത് കേസ്സ് കുറഞ്ഞെന്നും അത് സർക്കാരിന്റെ വിജയമാണെന്നും നിങ്ങൾ പറയും. കേസ്സ് കൂടുമ്പോഴും നിങ്ങൾ കൃത്യമായി പറയും കേസ്സ് കൂടിയത് സർക്കാരിന്റെ വിജയമാണെന്ന്. കേസ്സ് കൂടിയാലും

കുറഞ്ഞാലും സർക്കാരിന്റെ വിജയമാണെന്ന് പറയും. എൻ.സി.ഡി.സി.-യുടെ ഡയറക്ടറായിരുന്ന ഡോ. സുർജീത് കുമാർ സിംഗിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്ര സംഘം സംസ്ഥാന ഗവൺമെന്റ് കൊടുത്ത ഡാറ്റാ വച്ച് കേരളത്തിലെ 14 ജില്ലകളിലും നേരിട്ട് പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഇപ്പോഴുണ്ട്. ആ റിപ്പോർട്ടിലെ പ്രസക്തമായ ഭാഗം ഞാനിവിടെ വായിക്കാം. അതിൽ മലപ്പുറം ജില്ലയെക്കുറിച്ച് പറയുന്നുണ്ട്. മലപ്പുറം ജില്ലയുടെ ടി.പി.ആർ. ജൂലൈ 30-ന് 17.26 ആണ്. ഏറ്റവും ഉയർന്ന ടി.പി.ആർ. ആണ്. ഇന്നലെ പറഞ്ഞ Seroprevalence Survey-യിൽ മലപ്പുറമില്ല. എറണാകുളവും പാലക്കാടും തൃശ്ശൂരും മാത്രമേയുള്ളൂ. ഏറ്റവും ഉയർന്ന ടി.പി.ആർ. ഉള്ള മലപ്പുറത്തുനിന്നും ഒറ്റ സാമ്പിളുമെടുത്തിട്ടില്ല. അതിൽ പറയുന്നത്, "The case detection is mainly through testing of those reporting to health facilities with Covid like illness. There is no active surveillance to detect cases" സർവെയിലൻസ് ടെസ്റ്റുകളില്ല, കുറവാണെന്നാണ് കേന്ദ്ര സംഘം കണ്ടെത്തിയിരിക്കുന്നത്. രണ്ട്, The contact tracing is low. അതുകഴിഞ്ഞ് പറയുന്നത്, 'This lack of contact tracing, results in an undetected pool of asymptomatic/mildly symptomatic individuals in the community'. Contact tracing കുറഞ്ഞതുകാരണം ഇങ്ങനെയുള്ള കേസ്സുകൾ കണ്ടെത്താൻ കഴിയുന്നില്ലെന്ന്

പറയുന്നു. അതുമാത്രമല്ല, Inspite of an increasing trajectory of cases, the week -on -week average daily testing is showing a downward trend. Reporting large number of cases, rapid antigen testing is used as a screening tool to test the population. ജൂലൈ 30-ന് 17281 സാമ്പിളുകൾ ആന്റിജനായിരുന്നു. 3,988 ടെസ്റ്റ് മാത്രമാണ് RT-PCR. This finds its reflection in RT-PCR /RAT ratio is 20:80, 20 RT-PCR-ഉം 80 ആന്റിജനുമാണ്. അതുമാത്രമല്ല അധികമായിട്ടുള്ള ആന്റിജൻ ഡിപ്പെൻഡൻസി വ്യാപനത്തിന് കാരണമാകുന്നുവെന്ന് കേന്ദ്രസംഘം പറയുന്നു. Among those tested positive over 90% are in home isolation. It was informed that facility based isolation has very low acceptance. The activity has contributed to transmission of infection within families and as a result of high TPR...., ഇത് കേന്ദ്രസംഘം പറയുന്നതാണ്. ഞാൻ ഇന്നലെ ഇവിടെ പറഞ്ഞതാണ്, RTPCR ടെസ്റ്റ് കൂട്ടണം, Home clusters ഉണ്ടാകുന്നുണ്ട്, സർവെയിലൻസ് ടെസ്റ്റുകൾ കൂട്ടണം. ഞങ്ങൾ ഇതൊക്കെ പറയുമ്പോൾ ഞങ്ങൾക്ക് എന്തോ രാഷ്ട്രീയമുണ്ടെന്ന് പറയുന്നു. സർക്കാരിന്റെ ഡാറ്റാ ഉദ്യോഗസ്ഥൻമാരോടൊപ്പം കേന്ദ്രസംഘം പോയി കണ്ടെത്തിയതാണ്. കമ്മ്യൂണിസമാണ് ലോകത്തിലെ പ്രതിസന്ധികളെല്ലാം പരിഹരിക്കാനുള്ള

മാർഗ്ഗമെന്നും അതുകൊണ്ട് ലോകം കമ്മ്യൂണിസത്തിലേയ്ക്ക് ഉറ്റുനോക്കുന്നുവെന്നും ഇവിടെ ചിലയാളുകൾ പറയുന്നത് കേട്ടു. ഞാനൊരു വാർത്ത വായിക്കാം. വാഷിംഗ്ടൺ പോസ്റ്റിലൊക്കെ വന്നതാണ്. ഇത് മറ്റൊരു പത്രത്തിലെ വാർത്തയാണ് "Thousands of people in the small island nation of Cuba took to the streets on Sunday against the countrys communist government, in what are believed to be the biggest demonstrations seen in over three decades. Dozens of protestors have been arrested by the authorities in the demonstrations, fuelled by a collapsing economy and the Governments handling of the Covid-19 pandemic." വാക്സിൻ, മരുന്ന്, ഭക്ഷ്യസാധനങ്ങൾ എന്നിവയുടെ ദൗർലഭ്യം അവിടെയുണ്ടായി. അപ്പോൾ പതിനായിരക്കണക്കിനാളുകൾ ക്യൂബയുടെ തെരുവിൽ പ്രകടനമായി പുറത്തേയ്ക്ക് വന്നുവെന്നാണ് വാഷിംഗ്ടൺ പോസ്റ്റിൽ വാർത്ത വന്നത്. വാഷിംഗ്ടൺ പോസ്റ്റ് അടക്കമുള്ള പത്രങ്ങളിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത് നിങ്ങൾ വിശ്വസിക്കുമല്ലോ; ഇപ്പോൾ കേരളത്തിന് ക്യൂബയെ സഹായിക്കാനൊരു മാർഗ്ഗമുണ്ട്. ദേശാഭിമാനിയിൽ 'ക്യൂബൻ വിജയഗാഥ- കോവിഡിനെ തുരത്തിയ കഥ' എന്നൊരു ലേഖനം എഴുതുക. ഇൻഡ്യയിലെ പത്രങ്ങൾ വരെ ക്യൂബയിലെ കോവിഡ് പ്രതിരോധത്തെ പ്രശംസിക്കുകയാണെന്ന് ക്യൂബയിലെ

ആരോഗ്യമന്ത്രിക്ക് അവിടെ പറയാനുള്ള സൗകര്യമൊരുക്കാൻ കഴിയും. അതാണ് നിങ്ങൾക്ക് കൃഷ്ണയെ സഹായിക്കാൻ കഴിയുന്നൊരു മാർഗ്ഗം.

ഇന്നലെ ഇവിടെ ആരോഗ്യമന്ത്രി അവതരിപ്പിച്ച റൂൾ 300 സ്റ്റേറ്റ്മെന്റിന് പ്രതിപക്ഷനേതാവ് കൃത്യമായി മറുപടി പറഞ്ഞതിനാൽ ഞാൻ ആവർത്തിക്കുന്നില്ല. ഒരുകാര്യം ചോദിക്കട്ടെ, ഇതൊക്കെ തീരുമാനിക്കുന്ന വിദഗ്ധൻമാർ ആരാണ്; ഇവർ അദൃപികളാണോ; ഇവർ ആരാണെന്ന് അറിയണ്ടേ; ഇവരെ കേരളത്തിലെ ജനങ്ങൾക്ക് പരിചയപ്പെടുത്തണ്ടേ? 60 രൂപയുടെ ചൂല് വാങ്ങാൻ പോകുന്നതിന് 600 രൂപയുടെ RTPCR എടുക്കണമെന്ന് പറയുകയാണ്. കള്ള് വാങ്ങാൻ പോകുന്നതിന് ഒരു RTPCR ഉം വേണ്ട. കേരളത്തിൽ നാട്ടിലിറങ്ങുന്നവരോട് ആര് ചോദിച്ചാലും മദ്യഷാപ്പിലേയ്ക്ക് പോകുന്നുവെന്ന് പറഞ്ഞാൽമതി. മദ്യഷാപ്പിലേയ്ക്ക് പോകുന്നുവെന്ന് പറഞ്ഞാൽ 600 രൂപയുടെ RTPCR വേണ്ട. 60 രൂപയുടെ ചൂല് വാങ്ങാൻ RTPCR വേണം. മാത്രമല്ല, 72 മണിക്കൂറിനകത്ത് സർട്ടിഫിക്കറ്റെടുത്താലും, അതുകഴിഞ്ഞ് വീണ്ടും കടയിൽ പോകാൻ രണ്ടാമത് RTPCR എടുക്കണം. ഇത്തരത്തിൽ ജനങ്ങളെ ദ്രോഹിക്കുന്ന രീതി തെറ്റാണ്. ഇപ്പോൾ WIPR (Weekly Infection Population Ratio) ആണ്. ടി.പി.ആർ. അശാസ്ത്രീയമാണെന്ന് പറഞ്ഞപ്പോൾ കൊണ്ടുവന്നതാണ് WIPR. ഇത് മൊത്തം ആശയക്കുഴപ്പമാണ്. വിദഗ്ധ

സമിതിയുടെ ചെയർമാനായ ഡോ. ബി. ഇക്ബാൽ ഈ നിർദ്ദേശം ശരിയല്ലെന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തെക്കാളും ആരോഗ്യമന്ത്രിയെക്കാളും മുകളിൽ ഈ തീരുമാനങ്ങളെടുക്കുന്ന അധികാരകേന്ദ്രം ആരാണെന്ന് ഈ സഭയ്ക്കെങ്കിലും അറിയാനുള്ള അവകാശമുണ്ട്. കൊട്ടിയത്ത് ബ്യൂട്ടിപാർലർ നടത്തുന്ന ഒരാൾ ഇന്ന് ആത്മഹത്യ ചെയ്തു. കോഴിക്കോട് രണ്ടുപേർ ആത്മഹത്യ ചെയ്തു. ജനങ്ങളെ ദുരിതത്തിൽനിന്നും ദുരിതത്തിലേയ്ക്ക് തള്ളിവിട്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ വോട്ടുചെയ്ത് പാസ്സാക്കുന്ന ഫണ്ട് വിനിയോഗിച്ച് നിങ്ങൾ എന്താണ് ചെയ്യുന്നത്? ഈ പണമല്ലേ പെരിയയിലെ കോൺഗ്രസ്സുകാരായ പാവപ്പെട്ട ശരത് ലാലിനേയും കൃപേഷിനേയും കൊന്ന ക്രിമിനലുകൾക്കുവേണ്ടി കോടതിയിൽ ചെലവാക്കിയത്? അരിയിൽ ഷുക്കൂറിനെയും ഷുഹൈബിനെയും കൊന്ന പ്രതികൾക്ക് വേണ്ടിയും ഈ പണമല്ലേ ഉപയോഗിക്കുന്നത്? ഞങ്ങൾ വോട്ട് ചെയ്ത് പാസ്സാക്കുന്ന പൊതുഖജനാവിലെ പണമെടുത്ത് നിയമസഭ തല്ലിതകർത്ത പ്രതികളെയടക്കം സംരക്ഷിക്കുന്ന നിലപാടാണ് നിങ്ങൾ സ്വീകരിക്കുന്നത്. അതുകൊണ്ട് ഈ പ്രമേയത്തെ ഞാൻ എതിർക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി.സ്പീക്കർ]

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, രണ്ട് ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുക എന്നതാണ് വിഷയം. ധാരാളം ചർച്ചകൾ നടന്നു. ഇനിയും രണ്ടുമൂന്ന് ദിവസം ധനകാര്യ വിഷയങ്ങൾ സംബന്ധിച്ച് ഈ സഭയിൽ വിശദമായ ചർച്ച നടക്കും. ഈ ബില്ലിൽ കഴിഞ്ഞ ബഡ്ജറ്റിൽ മുന്നോട്ടുവച്ച രണ്ടുമൂന്ന് കാര്യങ്ങളുണ്ട്. അന്നത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ അംഗീകരിച്ച കാര്യങ്ങൾ നടപ്പിലാക്കണമെങ്കിൽ 9 നിയമങ്ങൾ ഭേദഗതി ചെയ്യണം. The Kerala Surcharge on Taxes Act, 1957; The Kerala Court Fees and Suits Valuation Act, 1959; The Kerala General Sales Tax Act, 1963; The Kerala Building Tax Act, 1975; The Kerala Agricultural Income Tax Act, 1991; The Kerala Value Added Tax Act, 2003, The Kerala State Goods and Service Tax Act,2017; The Kerala Finance Act 2019; The Kerala Finance Act 2020.

6.00 P.M.]

ഇതോടൊപ്പം പഞ്ചായത്ത് രാജ് ആക്ടും ഭേദഗതി ചെയ്യേണ്ടതുണ്ട്. ആ ഭേദഗതി സബ്ജക്ട് കമ്മിറ്റിക്ക് അയച്ച്, ബിൽ രൂപീകരിക്കുക എന്നതാണ് ഉദ്ദേശ്യം. പൊതുവിൽ ഈ ബില്ലിനെയും ഇതിന്റെ ഉള്ളടക്കത്തെയും

സംബന്ധിച്ച് അഭിപ്രായ ഐക്യം തന്നെയാണ്. അതുകൊണ്ട് അക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കേണ്ട പ്രധാന വിഷയത്തെ സംബന്ധിച്ച് യോജിപ്പാണുള്ളത്. അതിൽ തർക്കമില്ല. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതിനെ രാഷ്ട്രീയമായി എതിർക്കുകയെന്നത് ഒരു കീഴ്വഴക്കമാണ്. അത് പ്രതിപക്ഷാംഗങ്ങൾ നിർവ്വഹിക്കുന്നതിനോട് എനിക്ക് വ്യക്തിപരമായി എതിർപ്പില്ല. പൊതുവിൽ ഇത് തീരുമാനിച്ചുപോയാൽ മതി. ഈ ബില്ലിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നേരത്തെ ബഡ്ജറ്റിൽ പറഞ്ഞതാണ്. ആംനസ്റ്റി സ്കീം നേരത്തെയുള്ളതാണ്. അതിൽ ജനറൽ ആംനസ്റ്റിയുണ്ട്. 2005 വരെ കെ.ജി.എസ്.ടി.യും മറ്റും അടയ്ക്കാനുള്ളവർക്ക് നേരത്തെ കൊടുത്തിരുന്ന ചില ഇളവുകളുണ്ട്. ഘട്ടംഘട്ടമായി അടയ്ക്കുന്നവർക്ക് 70 ശതമാനവും ഒരുമിച്ച് അടയ്ക്കുന്നവർക്ക് 60 ശതമാനവുമാണ് (One time settlement) ഇപ്പോഴുള്ള ഇളവ്; അതിൽ പലിശയില്ല, പിഴയില്ല. ബാക്കിയെല്ലാം കൂടി അടച്ചുതീർത്താൽ ആ പ്രശ്നം തീരും. അങ്ങനെ കുറേയേറെ പണം ലഭിക്കാനുണ്ട്. അതോടൊപ്പം ഇടയ്ക്ക് ബാറുകൾ അടച്ചിട്ടിരുന്നപ്പോൾ; ബിയർ പാർലറുകളൊക്കെ ആയിരുന്ന സമയത്ത് പ്രവർത്തിക്കാതിരുന്ന സ്ഥാപനങ്ങൾക്ക് ടാക്സ് അടയ്ക്കുന്നതിനും മറ്റും സമയം നീട്ടിക്കൊടുക്കുന്ന രണ്ട്

കാര്യങ്ങളാണ് ആംനസ്റ്റിയുമായി ബന്ധപ്പെട്ട് വരുന്നത്. ഇവിടെ പറയുന്നതുപോലെ നമുക്ക് ടാക്സ് ലഭിക്കാനുള്ളതിൽ ആംനസ്റ്റി വഴി 2642 കോടി രൂപയാണ് സെറ്റിൽ ചെയ്യാൻ കഴിഞ്ഞത്. ഇനി എല്ലാം കൂടി ക്ലെയിമുള്ളത് 7260 കോടി രൂപയുടെ ടാക്സാണ്. അതിനുള്ള പെനാൽറ്റിയുമുണ്ട്. അതുകൂടി നമുക്ക് ലഭിക്കുന്നതിനുള്ള ആംനസ്റ്റിയാണ് ഇതിലുള്ളത്. ഇത് പിരിച്ചെടുക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. അതുപോലെതന്നെ ടാക്സുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്ടിൽ ഗ്രീൻ ബിൽഡിംഗിന് ഒരു എക്സംപ്ഷൻ കൊടുത്തിരുന്നു. അതുകൊണ്ടാണ് ഗ്രീൻ ബിൽഡിംഗിന് നികുതി ഇളവുകളുള്ളത്. ഇവിടെ നടന്ന ചർച്ചകൾ പൊതുവിൽ ഈ വിഷയങ്ങളിൽ നിന്ന് മാറിപ്പോയി. ഇത്തരമൊരു വേദി രാഷ്ട്രീയം പറയാൻ തന്നെയുള്ളതാണെന്നതിൽ യാതൊരു തർക്കവുമില്ല. പക്ഷെ, വസ്തുതാപരമായി കാര്യങ്ങൾ പറയാൻ പൂർണ്ണമായും കഴിഞ്ഞില്ലെങ്കിലും അംഗീകരിക്കേണ്ട കാര്യങ്ങൾ അംഗീകരിച്ച് കൊണ്ടുതന്നെ ബഡ്ജറ്റിനെ സംബന്ധിച്ചും പൊതു ധനസ്ഥിതിയെ സംബന്ധിച്ചും ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ഇത് അത്യപൂർവ്വമായ സ്ഥിതിയാണ്. ലോകത്താകെ ഈ സ്ഥിതി എല്ലാവരും അംഗീകരിക്കുന്നതാണ്. അത്തരമൊരു

സ്ഥിതിയിൽ കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പല പ്രവർത്തനങ്ങളും ഇന്ത്യയ്ക്കാകെ മാതൃകയാകുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്.

ഏറ്റവും കൂടുതൽ ഇവിടെ സംസാരിച്ചത് കിഫ്ബിയെ സംബന്ധിച്ചാണ്. കിഫ്ബിയെ സംബന്ധിച്ച് വസ്തുതാപരമല്ലാത്ത കാര്യങ്ങളാണ് പലരും ഇവിടെ പറഞ്ഞത്. കണക്കനുസരിച്ചുള്ള കാര്യങ്ങൾ തന്നെയാണ് മൂവാറ്റുപുഴ അംഗം പറഞ്ഞത്. കുറേ കണക്കുകൾ അദ്ദേഹം പറഞ്ഞു. നബാർഡ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സിൻഡിക്കേറ്റ് ബാങ്ക്, കോർപ്പറേഷൻ ബാങ്ക്, മസാല ബോണ്ട് എന്നിങ്ങനെയുള്ള സ്ഥാപനങ്ങളിൽനിന്ന് എടുത്തിരിക്കുന്ന വായ്പയെയും പലിശയെയും സംബന്ധിച്ചും പറഞ്ഞു. നിയമസഭയിൽ വന്ന ഒരു ചോദ്യത്തിന് മറുപടിയായി അതിന്റെ വിശദാംശങ്ങളെല്ലാം പറയുന്നുണ്ട്. അതിൽ പലിശയെപ്പറ്റിയും പറഞ്ഞിട്ടുണ്ട്. അതിൽ പറഞ്ഞിട്ടുള്ള പലിശയേക്കാൾ കൂടിയ കണക്കാണ് അദ്ദേഹം ഇവിടെ പ്രസംഗിച്ചത്. അതിൽ ഒരു പ്രശ്നം വന്നത്, മസാല ബോണ്ട് സംബന്ധിച്ചാണ്. മസാല ബോണ്ട് ഏതോ വലിയൊരു പാതകമാണ്, ആഗോളവൽക്കരണത്തെ എതിർത്തിട്ട് ഇപ്പോൾ മസാല ബോണ്ടിന്റെ പിന്നാലെ പോയി എന്നൊക്കെയാണ്

പറഞ്ഞത്. ഞങ്ങൾ ആഗോളവൽക്കരണത്തെ എതിർത്തിട്ടുണ്ട്. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചപ്പോൾ പറഞ്ഞ, എൽ.പി.ജി.; (ലിബറലൈസേഷൻ, പ്രൈവറ്റൈസേഷൻ, ഗ്ലോബലൈസേഷൻ) -യുടെ ഭാഗമായി വന്ന ജനവിരുദ്ധ നയങ്ങൾക്കെതിരെ സമീപനം എടുത്തിട്ടുണ്ട്. ആ സമീപനത്തിന്റെ ഭാഗമായി ഏതെങ്കിലും വിദേശ ഏജൻസികളിൽനിന്നും വായ്പയെടുക്കുന്നതിനെ ഇടതുപക്ഷം ഒരിക്കലും എതിർത്തിട്ടില്ലെന്ന കാര്യം വീണ്ടും ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. എ.ഡി.ബി.-യിൽ നിന്നും വേൾഡ് ബാങ്കിൽനിന്നും വായ്പയെടുത്തിട്ടുണ്ട്. മാത്രമല്ല, കേരളത്തിലെ ആദ്യത്തെ ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ മുതൽ ഇങ്ങോട്ട് ഇടതുപക്ഷം എല്ലാ കാലത്തും ധാരാളം പുതിയ വ്യവസായങ്ങളും സ്ഥാപനങ്ങളും കൊണ്ടുവരാനുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്. മാവൂർ ഗ്വാളിയർ റയോൺസ് ഉൾപ്പെടെ ധാരാളം സ്ഥാപനങ്ങൾ കൊണ്ടുവരുന്നതിനുവേണ്ടി പ്രവർത്തിച്ചിട്ടുണ്ട്.

മസാല ബോണ്ട് എന്തുകൊണ്ടാണ് എടുത്തതെന്ന് ചോദിച്ചു. മസാല ബോണ്ട് എന്നത് അവർ ഇന്ത്യൻ ലോണിന് കൊടുക്കുന്ന പേരാണ്. ഇതുസംബന്ധിച്ച് ധാരാളം ചർച്ചകൾ നടന്നിട്ടുണ്ട്. ഞാൻ പുതിയ അംഗമാണ്. ഇവിടെ പ്രധാനമായും സംസാരിച്ച രണ്ട് അംഗങ്ങളും പുതിയവർ

തന്നെയാണ്. അതുകൊണ്ട് ഞങ്ങളേക്കാൾ കൂടുതൽ അറിയാവുന്നവരാണ് ഇവിടെയുള്ള ബഹുഭ്രൂരിപക്ഷം അംഗങ്ങളും. പത്രം വായിച്ച ധാരണ മാത്രമേ എനിക്കുള്ളൂ. പത്രത്തിൽനിന്നും വായിച്ചതനുസരിച്ച് മസാല ബോണ്ട് എന്താണെന്നും എന്തുകൊണ്ടാണ് വിദേശത്തുപോയി വാങ്ങിച്ചതെന്നും എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. മസാല ബോണ്ട് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ നിന്നുള്ളതാണ്; സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ വ്യവസ്ഥാപിതമായ സംവിധാനം അനുസരിച്ചുള്ളതാണ്. അന്ന് ഇന്ത്യയിൽ സാധാരണഗതിയിൽ കടം കിട്ടില്ല. പുതുതായി രൂപീകരിച്ചതാണ് കിഫ്ബി. ഇവിടെ അന്ന് പറഞ്ഞിരുന്ന പലിശ 10.25 ശതമാനത്തിനും 10.50 ശതമാനത്തിനും ഇടയ്ക്കാണ്. ആ പലിശയ്ക്ക് പണം എടുത്തില്ലെന്ന് മാത്രമല്ല അന്തർദേശീയമായി ഏറ്റവും ലാഭകരമായ റേറ്റിലായിരുന്നു കിട്ടിയത്. ഇപ്പോഴത്തെ റേറ്റ് വച്ചല്ല പറയുന്നത്. വെറുതെ വിദേശത്തുപോയി എടുത്ത വായ്പയല്ല. കിഫ്ബിക്ക് ആദ്യയവസരത്തിൽ പണം തരാൻ ആരും തയ്യാറല്ലായിരുന്നു. അങ്ങനെ ലഭിച്ചപ്പോഴാണ് ഇവിടെ ഞാൻ പരാമർശിച്ച ലിസ്റ്റിനകത്തുൾപ്പെട്ട ഇന്ത്യയിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങൾ ഇപ്പോൾ വളരെ പലിശ കുറച്ചുതരാൻ തയ്യാറായത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണെന്ന് ഞാൻ പറയുന്നില്ല. വസ്തുതകൾ മനസ്സിലാക്കിയിട്ടാണോ അങ്ങ് സംസാരിക്കുന്നതെന്ന് എനിക്കറിയില്ല. മസാല ബോണ്ടിന്റെ ഇഷ്യൂ നിയമസഭ നിരവധി തവണ ചർച്ച ചെയ്തതാണ്. അങ്ങ് നിയമസഭയിൽ ഇല്ലായിരുന്നു. ഇന്റർനാഷണൽ മാർക്കറ്റിൽ ഇന്ന് മസാല ബോണ്ടിന് കൊടുക്കേണ്ട പലിശയേക്കാൾ കുറഞ്ഞ പലിശയ്ക്ക് അന്ന് വായ്പ തരാനുള്ള സാദ്ധ്യത നിലനിന്നിരുന്നു. എന്നിട്ടും അവിടെ കൃബിക് പ്രവിശ്യയിലുള്ള ഒരു സ്ഥാപനവുമായി ബന്ധപ്പെട്ടാണ് മസാല ബോണ്ട് വിറ്റത്. അതൊക്കെ വലിയൊരു കഥയാണ്. എല്ലാവർക്കും അറിയാവുന്നതാണ്. ഇപ്പോഴെന്താണ് സ്ഥിതി? ഇപ്പോൾ ആ മസാല ബോണ്ടിലൂടെ വാങ്ങിയ പണം ഉപയോഗിച്ച് പദ്ധതികൾ ആരംഭിക്കുന്നതിനു മുമ്പുതന്നെ അത് തിരിച്ചടയ്ക്കേണ്ടി വന്നിരിക്കുകയാണ്. പദ്ധതികൾ ആരംഭിച്ചിട്ടില്ല. പക്ഷേ തിരിച്ചടവ് തുടങ്ങിയിരിക്കുന്നു. അപ്പോൾ വളരെ അപകടകരമായതും സംസ്ഥാന ഗവൺമെന്റിന് വലിയ ബാദ്ധ്യത യുണ്ടാകത്തക്ക നിലയിലുള്ളതുമായ ഒരു സംവിധാനമാണ് മസാല ബോണ്ട് എന്ന് അങ്ങേയ്ക്ക് ഇപ്പോഴെങ്കിലും മനസ്സിലായികാണുമെന്ന് ഞാൻ കരുതുകയാണ്. അതങ്ങ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അതാണ് ഒരു ധനകാര്യ സംവിധാനത്തിൽ പൂർണ്ണമായും കണക്കാക്കി പറയാൻ സാധിക്കാത്ത ഒരു വിഷയം. ഇന്റർനാഷണൽ റേറ്റിംഗിൽ വായ്പയെടുത്തശേഷം നമുക്കിപ്പോൾ നാട്ടിൽ പല വായ്പകളും കിട്ടുന്നുണ്ട്. എന്നാൽ ഒരുകാര്യം കൂടി ഞാൻ പറയാം. നിയമസഭയിൽ വളരെ കാര്യമായി പറഞ്ഞ മൂവാറ്റുപുഴ അംഗം, കഴിഞ്ഞ തെരഞ്ഞെടുപ്പിനുമുമ്പ് ഒരു വലിയ കോലാഹലത്തിന്റെ ഭാഗമായി അദ്ദേഹം കോടതിയിലുൾപ്പെടെ ഇക്കാര്യങ്ങൾക്ക് പോയി. ഇടക്കാലത്ത് ഇവിടെയും വായ്പ കിട്ടുന്നതിന് ചില തടസ്സങ്ങളുണ്ടായിരുന്നു. ഇപ്പോൾ ഈ സർക്കാർ അധികാരത്തിൽ വന്ന് ആദ്യ രണ്ടാഴ്ചക്കകം തന്നെ 1500 കോടിയോളം രൂപ ഇവിടത്തെ ഏജൻസികളും ബാങ്കുകളും തരുന്നു. ആ സ്ഥിതിയിലേയ്ക്ക് ഇപ്പോൾ വന്നിട്ടുണ്ട്. എന്നാൽ അന്ന് പണം കിട്ടാൻ ബുദ്ധിമുട്ടുണ്ടായിരുന്നു, എന്നുമാത്രമല്ല ആന്ധ്രാ ഗവൺമെന്റ് ഈയടുത്ത സമയത്ത് വായ്പയെടുത്തത് 10.25 ശതമാനം പലിശയ്ക്കു മുകളിലാണ്. അന്ന് ഇത് ധാരാളം ചർച്ച ചെയ്തിട്ടുള്ളതാണ്. മസാല ബോണ്ട്, ആഗോളവൽക്കരണ നയങ്ങൾ, വിദേശ സഹായം എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഇവിടെ വന്നു. ഞങ്ങൾ അന്നും ഇന്നും വായ്പയുടെ കാര്യത്തിൽ ഒറ്റ കാര്യമേ പറഞ്ഞിട്ടുള്ളൂ; ചരടുകൾ പാടില്ല, ആവശ്യമില്ലാത്ത

നിബന്ധനകൾ വയ്ക്കരുത്, ആളുകളെ വെട്ടിക്കുറയ്ക്കാനോ, പുതിയ തരത്തിലുള്ള പ്രൈവറ്റൈസേഷന്റെ കാര്യങ്ങൾ പറയാനോ സാധിക്കുന്ന നിബന്ധനകൾ പാടില്ല എന്നാണ്. ഇപ്പോൾ കിഫ്ബിയുടെ കാര്യത്തിൽ അദ്ദേഹം പറഞ്ഞത്, ഇത് ഇംപ്ലിമെന്റ് ചെയ്ത് തുടങ്ങുന്നതിനുമുമ്പ് പണമെടുത്തതുകൊണ്ട് തിരിച്ചടവ് വന്നുവെന്നാണ്. കിഫ്ബിയുടെ കയ്യിലുള്ള പണം സുരക്ഷിതമായ സ്ഥിതിയിലാണ് ഇപ്പോഴുള്ളത്. കാരണം, സംസ്ഥാന ഗവൺമെന്റിന് കൊടുക്കുന്നതുണ്ട്, വായ്പയെടുത്തതുണ്ട്. സ്വാഭാവികമായും വായ്പയെടുത്തിട്ട് gestation period ആകുന്ന സമയത്ത് അടച്ചുതുടങ്ങേണ്ടിവരും. ഇവിടെ നിർമ്മാണ പ്രവർത്തനങ്ങളുടെ 17,000 കോടിയോളം രൂപയുടെ പേമെന്റ് കൊടുക്കാവുന്ന സ്ഥിതിയിലേയ്ക്ക് എത്തിയിട്ടുണ്ട്. ഇപ്പോൾ മുന്നോട്ടുപോകാൻ കഴിയുന്ന സ്ഥിതിയാണ്. അപകടകരമായ ഒരു സ്ഥിതിയില്ല. രണ്ടുമൂന്ന് തവണ കൂടി ധനകാര്യത്തിന്റെ വിഷയം ചർച്ചയ്ക്ക് വരുന്നതുകൊണ്ട്, ഒരു ആവർത്തന വിരസതയാകുമെന്നതിനാൽ പത്ത-പതിനഞ്ച് മിനിട്ടിനുള്ളിൽ ചുരുക്കണമെന്നാണ് ആഗ്രഹിച്ചത്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് പറഞ്ഞത് ശരിയായ കാര്യമല്ല. കിഫ്ബിയുടെ ഇന്റർനാഷണൽ റേറ്റിംഗ് കൊണ്ടല്ല

പണം ലഭിച്ചത്. അന്താരാഷ്ട്ര മാർക്കറ്റിൽനിന്നും 9.72 ശതമാനം പലിശയ്ക്കാണ് പണം കടമെടുക്കുന്നത്. മെട്രോയ്ക്ക് 1,250 കോടി രൂപ വാങ്ങിയത് 1.5 ശതമാനം പലിശയ്ക്കാണ്. മാർക്കറ്റിൽ 1.5 ശതമാനത്തിനും 1.3 ശതമാനത്തിനും പലിശയ്ക്ക് പണം ലഭിക്കുന്ന സമയത്താണ് ഇത്രയും വലിയ പലിശയ്ക്ക് പണം കടം വാങ്ങിയത്. അതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്തെ കാര്യം, ഇവിടെ വായ്പ കിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. ആറ് ശതമാനം പലിശയ്ക്ക് സംസ്ഥാനങ്ങൾക്ക് റിസർവ് ബാങ്ക് വായ്പ കൊടുക്കുന്ന സ്കീം നിലനിൽക്കുന്ന സമയത്താണ് നമ്മൾ അന്താരാഷ്ട്ര മാർക്കറ്റിൽനിന്നും കടമെടുത്തത്. നമുക്ക് വായ്പ ലഭിക്കുന്നത് കിഫ്ബിയുടെ ഇന്റർനാഷണൽ റേറ്റിംഗിന്റെ അടിസ്ഥാനത്തിലല്ല. സംസ്ഥാനത്തിന്റെ സോവറിൻ ഗ്യാരന്റി കൊടുത്താൽ ലോകത്തെവിടെനിന്നും പണം ലഭിക്കും. അദാനിവന്നാലും ബിൽ ഗേറ്റ്സ് വന്നാലും അംബാനിവന്നാലും ഏതൊരു ധനകാര്യ സ്ഥാപനത്തിനും ഏറ്റവും വലിയ അകർഷണം എന്നുപറയുന്നത് സംസ്ഥാനത്തിന്റെ സോവറിൻ ഗ്യാരന്റിയാണ്. സംസ്ഥാനത്തിന്റെ സോവറിൻ ഗ്യാരന്റിവച്ച് ഇത്രയും വലിയ പലിശയ്ക്ക് പണം എടുത്തതിനെയാണ് എതിർത്തത്. 9.72 ശതമാനം പലിശയ്ക്ക് പണം എടുത്തശേഷം ആറ് ശതമാനത്തിനും ഏഴ് ശതമാനത്തിനും ഇവിടത്തെ ന്യൂ

ജനറേഷൻ ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുകയായിരുന്നു. എന്നിട്ട് ഇപ്പോൾ തിരിച്ചടയ്ക്കാനും തുടങ്ങി. എപ്പോഴും ഒരു കോസ്റ്റ് അനാലിസിസ് ഉണ്ടല്ലോ; വായ്പയെടുക്കുന്നതും എന്തിനുവേണ്ടി ചെലവാക്കുന്നുവെന്നുമുള്ള ഫിനാൻഷ്യൽ ഫിസ്കൽ അനാലിസിസുണ്ട്. ആ അനാലിസിസ് വച്ച് നോക്കൂ, സംസ്ഥാനത്തിന്റെ എക്സ്ചെക്കറിന്മേൽ കൂടുതൽ ഭാരം കയറ്റിവയ്ക്കുന്ന ഒരു തീരുമാനമാണ്. അതിനെയാണ് ഞങ്ങൾ എതിർത്തതെന്ന് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇവിടെ ഇന്റർനാഷണൽ റേറ്റല്ല, ആ സമയത്തുണ്ടായിരുന്ന റേറ്റനുസരിച്ച് കോമ്പറ്റിറ്റീവായാണ് പണം കടമെടുത്തത്. ഇൻഡ്യയിലെ ധനകാര്യ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നതിനെക്കാളും കുറഞ്ഞ റേറ്റിൽ തന്നെയാണ് പണം ലഭിച്ചത്. ഈ അടുത്തകാലത്തായി ആന്ധ്രാ ഗവൺമെന്റ് ഇതുപോലൊരു സ്കീമിൽ പണം കടമെടുത്തിരിക്കുന്നത് 9.26 ശതമാനമല്ല, 10.25 ശതമാനത്തിലധികമാണ്. ഇങ്ങനെയുള്ള കണക്കുകൾ വച്ചുതന്നെയാണ് ഞാൻ പറയുന്നത്. ലോകത്തിൽ തന്നെ അംഗീകൃതമായ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് പോലുള്ള ഒരു ധനകാര്യ സ്ഥാപനം റേറ്റ് ചെയ്താൽ മാത്രമെ നമ്മുടെ ബോണ്ട് എടുക്കുകയുള്ളൂ. കടം അന്ന് ബോണ്ടിലാണെടുത്തത്.

ഇൻഡ്യയിൽ പ്രസ്തുത ബോണ്ടിനെ റേറ്റ് ചെയ്തപ്പോൾ കിട്ടുന്നതിനേക്കാളും കുറഞ്ഞ പലിശയ്ക്കുതന്നെ അവിടെനിന്ന് ലഭിച്ചു. ഒരു ഇന്റർനാഷണൽ ഏജൻസിയിൽ നിന്ന് ലഭിച്ചതുകൊണ്ട് നമുക്കൊരു ക്രെഡിറ്റ് വർദ്ധനവുണ്ടെന്നും സ്റ്റെബിലിറ്റിയുണ്ടെന്നും തോന്നുന്ന തരത്തിലേയ്ക്ക് ധാരണ വന്നതുകൊണ്ട് ഇതിന് ഗുണമുണ്ടായിട്ടുണ്ട്. അങ്ങയുടെ പാർട്ടിയുടെയും മുന്നണിയുടെയും ശ്രമഫലമായി കുറച്ച് ഡീസ്റ്റെബിലൈസ് ചെയ്യാനുള്ള ശ്രമം ഉണ്ടാവുകയും വലിയ വിവാദമാകുകയും ചെയ്തു. ആ സമയത്ത് പല ഏജൻസികളും വന്നു, ഹൈക്കോടതി മുമ്പാകെ കേസ് വന്നു. ഇങ്ങനെയുള്ള കുറച്ച് ബുദ്ധിമുട്ടുകളുണ്ടായെങ്കിലും ഇപ്പോൾ അതേ ബാങ്കും മറ്റ് ഏജൻസികളും ഇതിന്റെ സ്ഥിതി കണ്ട് കൂടുതൽ സഹായിക്കുന്നുണ്ട്. ഇതിലെ കിഫ്ബിയുടെ മോഡലിനെപ്പറ്റി ഞാൻ ആവർത്തിച്ച് പറയുന്നില്ല. ഒരു വീട് വയ്ക്കുന്നതിന് സർക്കാർ ഉദ്യോഗസ്ഥൻ വായ്പയെടുക്കുന്നതുപോലെ കിഫ്ബിയെ കണ്ടാൽമതി. 30 ലക്ഷം രൂപയുടെ ഒരു വീട് വയ്ക്കണം. അത് 30 വർഷം കഴിഞ്ഞ് ചെയ്യാൻ പോകുന്നതിനെക്കാളും നല്ലത് ഇപ്പോൾ ആ പണം ഉപയോഗിച്ച് വീട് പണിയുന്നതാണ്. കുറച്ച് പണം നമ്മുടെ കയ്യിലുണ്ട്; ബാക്കി തുക സി.സി. അല്ലെങ്കിൽ ഹൗസിംഗ് ലോൺ അടയ്ക്കുന്നതുപോലെ അടയ്ക്കുന്നു. പക്ഷേ അതിന്റെ മാനേജ്മെന്റ് കൃത്യമായിരിക്കണം. ഇതിന്റെ

ബാലൻസ് തെറ്റിക്കഴിഞ്ഞാൽ എവിടെയെങ്കിലും പാളിച്ചയുണ്ടാകും. ആ മോഡൽ അനുസരിച്ചാണ് ചെയ്യുന്നത്. അതനുസരിച്ച് ഇപ്പോഴുള്ള സ്ഥിതിയിൽ 63,000 കോടി രൂപ എടുത്തിട്ടുണ്ട്. 50,000 കോടി രൂപയാണ് ഒറിജിനൽ പ്രൊപ്പോസൽ, അത് അടച്ച് തീർക്കാൻ പറ്റും. നിങ്ങൾ ഇതിൽനിന്ന് എടുക്കരുതെന്ന തരത്തിൽ ഞാൻ പറയുന്നില്ല. ഈ ഫണ്ട് എല്ലാവർക്കും അർഹതപ്പെട്ടതാണ്. കേരളത്തിൽ വളരെ വ്യക്തമായ മാറ്റങ്ങളുണ്ടാക്കാൻ കിഫ്ബിക്ക് കഴിഞ്ഞിട്ടുണ്ട്. നിക്ഷേപം മാത്രം നോക്കുമ്പോൾ നല്ല വ്യത്യാസം വന്നിട്ടുണ്ട്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 78,697 കോടി രൂപ കടമുണ്ടായിരുന്ന സമയത്ത് 29,457 കോടി രൂപയായിരുന്ന ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ്. അത് കടത്തിന്റെ 37 ശതമാനമാണ്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ 1,31,093 കോടി രൂപയുടെ കടമാണ് വർദ്ധിച്ചത്. കേരളത്തിൽ കഴിഞ്ഞ 5 വർഷംകൊണ്ട് കിഫ്ബിയുൾപ്പെടെ 63,938 കോടി രൂപയുടെ ആസ്തിയുണ്ടാക്കിയിട്ടുണ്ട്. ഈ കടത്തിന്റെ 49 ശതമാനമാണിത്. കടം വാങ്ങിയ പണം ഇവിടെ നിക്ഷേപിച്ചിട്ടുണ്ട്. ഓരോ സ്ഥലത്തും നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യങ്ങളും സ്കൂളുകളും കോളേജുകളും റോഡുകളും പുതിയ സൗകര്യങ്ങളും ആശുപത്രികളുമൊക്കെ

വന്നിട്ടുണ്ടെന്നുള്ളത് സത്യമാണല്ലോ? അത് കൂടുതൽ മെച്ചപ്പെട്ട തരത്തിൽ എന്തെങ്കിലും മോശപ്പെട്ട പ്രവണതകൾ വരാതെ, അഴിമതിയില്ലാതെ കൃത്യമായ മാനദണ്ഡങ്ങളനുസരിച്ച് മുമ്പോട്ടുകൊണ്ടുപോകുക എന്നുള്ളതാണ് ഏറ്റവും പ്രധാനം. പ്രതിപക്ഷം ചൂണ്ടിക്കാണിക്കുന്ന വിമർശനങ്ങളും ഭരണപക്ഷത്തിന്റെ അഭിപ്രായങ്ങളും പരിശോധിച്ച് കൃത്യമായി കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. കിഫ്ബി എന്ന മോഡൽ മോശമല്ലാത്തതുകൊണ്ടാണല്ലോ, കിഫ്ബിക്കെതിരെ ചന്ദ്രഹാസമിളക്കിവന്ന കേന്ദ്ര ഗവൺമെന്റ് തന്നെ ഇന്ത്യയുടെ വികസനത്തിനെന്നു പറഞ്ഞുകൊണ്ട് നാഷണൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിന് 111 ലക്ഷം കോടി രൂപ അനൗൺസ് ചെയ്തിരിക്കുന്നത്. ഇപ്പോൾ ആന്ധ്രയിലും ഇതുപോലെ ഇൻഫ്രാസ്ട്രക്ചറിന്റെ മോഡൽ വന്നിട്ടുണ്ട്. ഇത് നന്നായി കൊണ്ടുപോകുക എന്നുള്ളതാണ് പ്രധാനം; അത് നമുക്ക് കൊണ്ടുപോകാനും കഴിയും. കോവിഡുമായി ബന്ധപ്പെട്ടും മറ്റ് കടങ്ങളെ സംബന്ധിച്ചും കുറെയേറെ ചർച്ചകൾ വന്നു. രാഷ്ട്രീയമായി പറഞ്ഞ കാര്യങ്ങളാണ്; അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഇപ്പോഴും കോവിഡ് പ്രതിരോധം സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ നിയമസഭയ്ക്കകത്ത് പറയുന്നുണ്ടെങ്കിലും പുറത്തിറങ്ങുമ്പോൾ

"ഭാരതമെന്ന പേർ കേട്ടാൽ അഭിമാനപൂരിതമാകണം അന്തഃരംഗം

കേരളമെന്ന കേട്ടാലോ തിളയ്ക്കണം ചോര നമുക്ക ഞരമ്പുകളിൽ"

എന്ന പറയുന്നതുപോലെ, ഇവിടെനിന്ന് പുറത്തിറങ്ങിയാൽ ഞങ്ങൾ അന്തസ്സോടുകൂടി ചെയ്യും എന്നുപറയുന്നവരായിക്കും. അതിനൊരു സംശയവുമില്ല. കേരളത്തിലെ ഒരു ചെറുപ്പക്കാരന് ഹോക്കിയുടെ ഗോൾ പോസ്റ്റിൽ നിന്ന് ഗോൾ ഡിഫന്റ് ചെയ്യാൻ കഴിഞ്ഞുവെന്ന് പറയുന്നതുപോലെ കേരളം കോവിഡിനെ നേരിടാൻ ഏറ്റവും തന്റേടത്തോടുകൂടി പ്രവർത്തിച്ചുവെന്ന് നിങ്ങളും പറയുമെന്നറിയാം. രാഷ്ട്രീയമായി ഇവിടെ പറഞ്ഞോളൂ, അതിന് കുഴപ്പമില്ല. കേരളത്തിന് ഒരു മോഡലുണ്ട്. ആ മോഡൽ പബ്ലിക് ഫൈനാൻസിന്റെ പല പരീക്ഷണങ്ങളും നടത്തേണ്ട പുതിയ ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ബഡ്ജറ്റിനെ സംബന്ധിച്ച് ഇക്കണോമിക്സ് അദ്ധ്യാപകരൊക്കെ സംസാരിച്ചു. ഇത് വളരെ നിർണ്ണായകമായ സമയമാണ്. കേരളത്തിന്റെയും ഇന്ത്യയുടെയും ആരോഗ്യത്തിന് വലിയ പ്രശ്നമുണ്ട്. ആ പ്രശ്നം നേരിടാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. നമ്മൾ ആഗ്രഹിക്കുന്നതുപോലെ കാര്യങ്ങൾ മുന്നോട്ട് പോകുന്നില്ല. കേന്ദ്ര ഗവൺമെന്റിന് വാക്സിൻ വേണ്ടത്ര ഉപയോഗിക്കാൻ കഴിയുന്നില്ല. പല സംസ്ഥാനങ്ങളിലേയ്ക്കും

കൊണ്ടുപോകുന്നില്ല. സീറോ വേസ്റ്റേജുള്ള സംസ്ഥാനമെന്ന നിലയിൽ വാക്സിൻ കൊമേഴ്സ്യൽ റേറ്റിലല്ലാതെ ലഭിക്കുമെങ്കിൽ കുറച്ചുകൂടി വേഗത്തിൽ കാര്യങ്ങളെ നേരിടാം. അങ്ങനെ ചെയ്യുന്ന ഒരു സംസ്ഥാനത്ത് ആളുകളുടെ കയ്യിലേയ്ക്ക് പണമെത്തിക്കുന്ന കാര്യം യു.ഡി.എഫ്. എം.എൽ.എ.-മാർ ആവർത്തിച്ച് പറയുന്നു. നികുതിയുടെ കാര്യത്തിൽ യാതൊരു സംശയവും വേണ്ട, നമുക്ക് വരുമാനക്കുറവുണ്ട്. എന്നാൽ പുതിയ ടെൻഡനുസരിച്ച് പതുക്കെ റിക്കവറിയുടെ സ്വഭാവം കാണിക്കുന്നുണ്ട്. 2019-20-ലെ അവസാനത്തെ ക്വാർട്ടറിൽ ജി.എസ്.ടി.-യുടെ മൊത്തം കളക്ഷൻ 4908 ആയിരുന്നത് 2020-21-ലെ ആദ്യത്തെ ക്വാർട്ടറിൽ 2142 ആയി കുറഞ്ഞു. 2020-21-ലെ മൂന്നാമത്തെയും നാലാമത്തെയും ക്വാർട്ടറുകളിൽ കുറച്ചുകൂടി വർദ്ധനവുണ്ട്. അതിന്റെ കണക്ക് 5300 ആയി വരുന്നുണ്ട്. ഇനിയും കോവിഡിന്റെ അപകടകരമായ അവസ്ഥ വന്നില്ലെങ്കിൽ പിടിച്ചുനിന്ന് പോകാൻ കഴിയും. കഴിഞ്ഞ അഞ്ചെട്ട് വർഷമായി stagnation മാത്രമല്ല, കഴിഞ്ഞ രണ്ട് വർഷമായി താഴോട്ടാണ്. 56,000 കോടി രൂപയുണ്ടായിരുന്ന സ്ഥാനത്ത് 47,000 കോടി രൂപ എന്ന സ്ഥിതിയിലേയ്ക്ക് വരികയാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് സംസാരിച്ചപ്പോൾ പറഞ്ഞത്, സാമ്പത്തികഭാരം താങ്ങാനാകാതെ, കടമെടുക്കുന്നതിന്റെ പരിധി കഴിഞ്ഞ് കൊഴിഞ്ഞുവീണ

ഗ്രീസിലേയും ഐസ്ലാൻഡിലേയും കാര്യങ്ങളാണ്. ആ ഭരണക്കൂടങ്ങൾ പോയി. യൂറോപ്യൻ യൂണിയൻ വന്നതിനുശേഷം ആ സംവിധാനം തന്നെ പോയി. അവിടത്തെ തൊഴിലാളികളെയും സർക്കാർ ജീവനക്കാരെയുമെല്ലാം പിരിച്ചുവിടേണ്ടിവന്നു. അവരുടെ എല്ലാവിധ വരുമാനങ്ങളും ഇല്ലാതായി. അത്തരത്തിലുള്ള സാമ്പത്തിക സ്ഥിതിയിലേയ്ക്ക് ലോകത്തെ എത്തിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇതിനെയൊക്കെ നേരിട്ടുകൊണ്ട് പരമാവധി കാര്യങ്ങൾ ചെയ്യാൻ സർക്കാർ ശ്രമിക്കുകയാണ്. ഇവിടെ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുക എന്നുള്ളതാണ് വിഷയം. സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്ന ബില്ലിനെ എതിർത്ത് വോട്ട് ചെയ്യേണ്ട കാര്യംപോലുമില്ല. ഇത് സബ്ജക്ട് കമ്മിറ്റി മുമ്പാകെ ചർച്ച ചെയ്തശേഷം വീണ്ടും അടുത്തയാഴ്ച ചർച്ച ചെയ്ത് അംഗീകരിക്കണം. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാനുള്ള പ്രമേയം എല്ലാവരും അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീമതി ദെലീമ 2021-ലെ കേരള ധനകാര്യ ബിൽ സംബന്ധിച്ച അങ്ങയുടെ 2(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീമതി ദെലീമ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി ദെലീമ അവതരിപ്പിച്ച 2(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ, അങ്ങയുടെ 3(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 3(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള ധനകാര്യ ബിൽ ഭ്രനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവയുമായി സംയുക്തമായി പരിഗണിക്കുന്നതിലേയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന് അയയ്ക്കണമെന്ന പ്രമേയത്ത

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

മി. സ്പീക്കർ: ശ്രീ. ജി. എസ്. ജയലാൽ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ സംബന്ധിച്ച അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജി. എസ്. ജയലാൽ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-മായി സംയുക്തമായി പരിഗണിക്കുന്നതിലേയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന് അയയ്ക്കണമെന്ന പ്രമേയത്ത

അനുകൂലിക്കുന്നവർ.....
പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ആഗസ്റ്റ് മാസം 06-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.22-ന് പിരിഞ്ഞു.)

****

അനുബന്ധം 1

(ബഹു നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച തിരുത്തിയ ഉത്തരം

പരമ്പരാഗത വ്യവസായ മേഖലയുടെ പുനരുജ്ജീവനം

(545) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം പരമ്പരാഗത വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

കരകൗശല വികസന കോർപ്പറേഷനുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ എസ്.എം.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ടിനോട് ചേർന്ന് സെന്റിനറി ബിൽഡിംഗ് പൂർത്തീകരിച്ചു. സെന്റിനറി ബിൽഡിംഗിൽ 4000 ചതുരശ്രയടി വിസ്തീർണ്ണത്തിൽ ആധുനിക സൗകര്യങ്ങളോടെയുള്ള പ്രമേയാധിഷ്ഠിത ഷോറൂം ആരംഭിച്ചു. ഇത് ഈ മേഖലയിലെ ഒരു നൂതന കാൽവയ്പാണ്. വൈവിദ്ധ്യമാർന്ന പ്രദർശനങ്ങളും മേളകളും നടത്തുന്നതിനായി 4000 ചതുരശ്രയടി വിസ്തീർണ്ണമുള്ള ഒരു സ്ഥിരം എക്സിബിഷൻ വേദിയും തയ്യാറാക്കി. എസ്.എം.എസ്.എം.

ഇൻസ്റ്റിറ്റ്യൂട്ടിനോടുചേർന്ന് സ്പൈസസ് ഇൻ ക്രാഫ്റ്റ്സ് എന്ന ആശയത്തിൽ സുഗന്ധവ്യഞ്ജനവും കരകൗശലവും ചേർന്നുള്ള ഒരു ഷോറൂം ആരംഭിച്ചു. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി ഒരു ഇന്റഗ്രേറ്റഡ് ഡിസൈൻ ഡെവലപ്മെന്റ് പ്രോജക്ട്, 9 ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ എന്നിവ പൂർത്തിയാക്കി. ഈ പരിപാടിയിലൂടെ 310 ആർട്ടിസാൻമാർക്ക് പരിശീലനം നൽകുകയും 140 പുതിയ പ്രോട്ടോടൈപ്പുകൾ നിർമ്മിക്കുകയും ചെയ്തു. കരകൗശല മേഖലയുടെ പുരോഗതിക്കായി വിവിധ സ്ഥലങ്ങളിൽ 49 എക്സിബിഷനുകളും 18 ക്രാഫ്റ്റ് ബസാറുകളും ഒരു ഗാന്ധി ശില്പ ബസാറും സംഘടിപ്പിച്ചു. 4085-ഓളം ആർട്ടിസാൻമാർക്ക് ഇതിലൂടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. കരകൗശല തൊഴിലാളികൾക്ക് സൗജന്യമായി ടൂൾകിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി പുരോഗമിച്ചുവരികയാണ്. പൊതുജനങ്ങളിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കരകൗശല മേഖലയെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനായി ക്രാഫ്റ്റ് അവയർനെസ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ട്. അവബോധം സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ഹ്രസ്വ ചിത്രത്തിന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ഓൺലൈൻ

വിപണനത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കൈരളി ഹാന്റിക്രാഫ്റ്റ്സ് എന്ന പേരിൽ ആമസോൺ, ഫ്ലിപ്കാർട്ട് എന്നീ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിൽ ഓൺലൈൻ സെയിൽസ് ആരംഭിച്ചു. കോവിഡ് പ്രതിരോധത്തിനായി വിവിധതരം കരകൗശല വസ്തുക്കൾ ഉപയോഗപ്പെടുത്തി സാനിറ്റൈസർ ഡിസ്പെൻസർ, കോവിഡ്-19 പ്രൊട്ടക്ഷൻ കിറ്റ് എന്നിവ നിർമ്മിച്ച് വിപണിയിലെത്തിച്ചു. കരകൗശല വികസന കോർപ്പറേഷൻ കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം, കൊല്ലം ജില്ലയിലെ കടവൂർ എന്നീ സ്ഥലങ്ങളിൽ പൊതുസേവന കേന്ദ്രങ്ങൾ ആരംഭിച്ചു. തൃശ്ശൂർ ജില്ലയിലെ ചേർപ്പിൽ പൊതുസേവന കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത്, ഇ.എസ്.ഐ. ക്ഷേമനിധി ആനുകൂല്യങ്ങൾ, അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാനുതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള

സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക്ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഖാദിഗ്രാമം പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി. യന്ത്രവത്കൃത പാവ് നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ എന്റെ ഗ്രാമം പദ്ധതി മുഖേന സബ്സിഡി അനുവദിച്ചുനൽകുന്നു. ഇതിനുപുറമെ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കി വരുന്നു.

കേരള സ്റ്റേറ്റ് ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന കൈത്തൊഴിൽ മേഖലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ കാലതാമസം കൂടാതെ വിറ്റഴിക്കുന്നതിനായി സർവ്വീസ് ആൻഡ് സപ്ലൈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൈത്തറി മേഖലയെ

പുനരുദ്ധരിക്കുന്നതിനും പരമ്പരാഗത ആർട്ടിസാൻമാർക്ക് ജോലി നൽകുന്നതിനും തറികളുടെ റിപ്പയർ, പുതിയ തറികളുടെ നിർമ്മാണം എന്നിവ കാഡ്കോ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഓഫീസ് ഫർണിഷിംഗ്, ആധുനികവത്ക്കരണം എന്നിവ ഒരുക്കുന്നതിന്റെ നോഡൽ ഏജൻസിയായി കാഡ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ നവീകരിക്കുന്നതിനുള്ള ഏജൻസിയായി കാഡ്കോയെ നിയോഗിച്ചിട്ടുണ്ട്. പരമ്പരാഗതവും പരിശീലനവും സിദ്ധിച്ച കൈത്തൊഴിലാളികളുടെ വൈദഗ്ധ്യം പൊതുസമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിനും കേരളത്തിലുടനീളമുള്ള തനത് ആർട്ടിസാൻമാരെ ഒരു കുടക്കീഴിലെത്തിച്ച് അതുവഴി കൂടുതൽ തൊഴിലവസരം സൃഷ്ടിച്ച് സ്ഥിരവരുമാനം ഉറപ്പാക്കുന്നതിനുംവേണ്ടി കാഡ്കോ ആർട്ടിസാൻസ് ലേബർ ഡാറ്റാ ബാങ്ക് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

കൈത്തറി മേഖലയുടെ പുനരുജ്ജീവനം ലക്ഷ്യമാക്കി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക്

അധികവേതനം, കൂടുതൽ തൊഴിൽദിനങ്ങൾ എന്നിവ ലഭിക്കുന്നതിനായി സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കി. പ്രസ്തുത പദ്ധതി പ്രകാരം നെയ്ത്തുകാർക്ക് വർഷത്തിൽ 200 മുതൽ 300 ദിവസം വരെ ദിനംപ്രതി 600 രൂപ നിരക്കിൽ തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. 4 വർഷം പിന്നിട്ടപ്പോൾ 5900 നെയ്ത്തുകാരുടെയും 1600 അനുബന്ധ തൊഴിലാളികളുടെയും തൊഴിൽ സ്ഥിരത ഉറപ്പാക്കുവാനും കഴിഞ്ഞു. സംസ്ഥാനത്ത് പ്രവർത്തനരഹിതമായി പൂട്ടിക്കിടന്നിരുന്ന പല കൈത്തറി സംഘങ്ങളും പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുറന്നുപ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞു. കൈത്തറി മേഖലയിൽ നടപ്പിലാക്കിയ മിനിമം കൂലി വർദ്ധനവ് സ്കൂൾ യൂണിഫോം പദ്ധതിയിലും ഉൾപ്പെടുത്തി. കൂടാതെ യുവാവീവ് പദ്ധതി, ഒരു വീട്ടിൽ ഒരു തറി പദ്ധതി, പുതിയ ഡിസൈനുകളും ബ്രാന്റും പ്രോത്സാഹിപ്പിക്കുന്ന പദ്ധതി, നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി (പ്രൊഡക്ഷൻ ഇൻസെന്റീവ്) കൈത്തറി മേഖലയിലെ സ്വയംതൊഴിൽ സഹായ പദ്ധതി, ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ, ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി എന്നിവയും വിജയകരമായി നടപ്പിലാക്കിയതുവഴി കൈത്തറി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുവാൻ സാധിച്ചു.

കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘത്തിന് പ്രവർത്തന ഗ്രാന്റായി 12 കോടി രൂപയും ബീഡി തൊഴിലാളികൾക്ക് ആശ്വാസ പെൻഷൻ നൽകുന്നതിനായി 1.5 കോടി രൂപയും അനുവദിച്ചു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാപ്പക്സ് ഫാക്ടറികൾ പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം അടഞ്ഞുകിടക്കുകയായിരുന്നു. 2016 ഓണത്തിനുമുമ്പ് കാപ്പക്സ് ഫാക്ടറികളെല്ലാം പ്രവർത്തനമാരംഭിച്ചു. തൊഴിലാളികൾക്ക് കുറഞ്ഞത് 200 തൊഴിൽ ദിനങ്ങളെങ്കിലും നൽകുക എന്ന ലക്ഷ്യത്തോടെ കാപ്പക്സ് പ്രവർത്തിച്ചുവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016 കലണ്ടർ വർഷം 70 തൊഴിൽദിനങ്ങളും 2017 കലണ്ടർ വർഷം 153 തൊഴിൽ ദിനങ്ങളും 2018 കലണ്ടർ വർഷം 181 തൊഴിൽ ദിനങ്ങളും 2019 കലണ്ടർ വർഷം 214 തൊഴിൽ ദിനങ്ങളും, 2020 കലണ്ടർ വർഷം കോവിഡ് -19 എന്ന മഹാവ്യാധിമൂലമുണ്ടായ പ്രതിസന്ധി കാപ്പക്സിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചുവെങ്കിലും 160 തൊഴിൽ ദിനങ്ങളും (01.01.2020 മുതൽ 31.12.2020) കാപ്പക്സ് തൊഴിലാളികൾക്ക് നൽകിക്കഴിഞ്ഞു. കാപ്പക്സ് ഫാക്ടറികളെല്ലാം തന്നെ കോവിഡ്-19 പ്രോട്ടോകോൾ പ്രകാരം പ്രവർത്തിച്ചുവരികയാണ്. കശുവണ്ടിയുടെ സീസൺ സമയത്തുതന്നെ നാടൻ തോട്ടണ്ടി സർക്കാർ

നിശ്ചയിക്കുന്ന തറവിലയുടെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനമായ ആറളം ഫാം, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള എന്നിവയിൽനിന്നും സംഭരിച്ചുവരികയാണ്. 2020 സീസണിൽ കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ കശുമാവ് കർഷകരെ സഹായിക്കുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം കാപ്പക്സ് 780.507 മെട്രിക് ടൺ തോട്ടണ്ടി കിലോഗ്രാമിന് 101 രൂപ നിരക്കിൽ നൽകി ടി ജില്ലകളിലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ മുഖേന സംഭരിച്ചിട്ടുണ്ട്. കശുവണ്ടി വ്യവസായത്തിൽനിന്നും ഇടനിലക്കാരെ ഒഴിവാക്കി കശുവണ്ടി വിദേശരാജ്യങ്ങളിൽനിന്നും നേരിട്ട് സംഭരിക്കുന്നതിനായി കേരള കാഷ്യൂ ബോർഡ് എന്ന സ്ഥാപനം രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇപ്പോൾ കാപ്പക്സിന് ഇറക്കുമതി ചെയ്ത തോട്ടണ്ടി കേരള കാഷ്യൂ ബോർഡാണ് നൽകിവരുന്നത്. ആധുനികവത്ക്കരണവും ഭാഗികമായ യന്ത്രവത്ക്കരണവും കാപ്പക്സ് ഫാക്ടറികളിലും പാക്കിംഗ് സെന്ററിലും നടന്നുവരികയാണ്. ചെറുകിട വ്യാപാരം വർദ്ധിപ്പിക്കുന്നതിനായി കാപ്പക്സിന്റെ 10 ഫാക്ടറികളിലും പ്രത്യേക സെയിൽസ് ഔട്ട്ലെറ്റുകൾ പ്രവർത്തിച്ചുവരുന്നു. കാപ്പക്സ് തൊഴിലാളികളുടെയും ജീവനക്കാരുടെയും ക്ഷേമപദ്ധതികളായ ESI, EPF, RWF മുതലായവയും കാപ്പക്സ് മുടക്കം

കൂടാതെ വിതരണം ചെയ്തുവരുന്നു. 2012 മുതൽ 2014 വരെയുള്ള കാലയളവിൽ റിട്ടയർ ചെയ്ത തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം ചെയ്തുകഴിഞ്ഞു. അടഞ്ഞുകിടക്കുന്ന പ്രൈവറ്റ് ഫാക്ടറികളിൽ നിന്നും 1500-ഓളം തൊഴിലാളികളെ ഇതുവരെയായി കാപ്പക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലായി പുതിയതായി നിയമിച്ചിട്ടുണ്ട്. ഇപ്പോൾ ഏകദേശം 4000-ത്തോളം തൊഴിലാളികളും ഫാക്ടറി ജീവനക്കാരും കാപ്പക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലായി ജോലി നോക്കിവരുന്നു. സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതികളുടെ ഭാഗമായി കാപ്പക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ വിവിധ സെക്ഷനുകളിലായി 1000 തൊഴിലാളികളെക്കൂടി പുതുതായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കശുവണ്ടി പരിപ്പിന്റെ ഹോൾസെയിൽ വിപണനരംഗത്ത് ഇ-ടെണ്ടർ നടപടി സ്വീകരിച്ച ആദ്യത്തെ പൊതുമേഖലാ സ്ഥാപനമാണ് കാപ്പക്സ്. കാപ്പക്സിന്റെ പരിപ്പ് വില്പന 2019-20 വർഷം മുതൽ ഇ-ടെണ്ടർ മുഖേന നടത്തിവരുന്നു. ആയതുമൂലം പരിപ്പിന്റെ വിപണനം കൂടുതൽ സുതാര്യവും മത്സരാധിഷ്ഠിതവുമാവുകയും കശുവണ്ടി പരിപ്പിന് മെച്ചപ്പെട്ട വില ഉറപ്പാക്കാൻ കഴിയുകയും ചെയ്യുന്നുണ്ട്. കൂടാതെ

തൊഴിലാളികളുടെ/ജീവനക്കാരുടെ വേതനം ബാങ്ക് അക്കൗണ്ട് വഴിയാക്കുകവഴി സുതാര്യത ഉറപ്പുവരുത്തുവാനും സമയബന്ധിതമായി തൊഴിലാളികളുടെ അക്കൗണ്ടിൽ വേതനം എത്തുവാനും സഹായകരമായിട്ടുണ്ട്.

ബാംബൂ കോർപ്പറേഷൻ മുഖേന ഈറ്റയിൽനിന്നും അളി കീറി പനമ്പ് നെയ്യേണ്ടിവരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾമൂലം ഈ മേഖലയിൽ നിന്നും മാറി നിൽക്കുന്ന തൊഴിലാളികളെ തിരിച്ചുകൊണ്ടുവരുന്നതിനാൽ അത്തരക്കാർക്ക് ആവശ്യാനുസരണം പനമ്പ് നെയ്യുവാൻ വേണ്ട അളി വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ അങ്കമാലിയിലും പെരുമ്പാവൂർ വല്ലത്തും അളിവിതരണ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി പുതിയ അളി എടുക്കുന്ന യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. പുതിയ ഉല്പന്നം എന്ന നിലയ്ക്ക് ബാംബൂ ലോഗ്സ്, ബാംബൂ കൊറുഗേറ്റഡ് ഷീറ്റ്, ചന്ദനത്തിരി സ്റ്റിക്ക് എന്നിവയുണ്ടാക്കുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ബാംബൂ ബോർഡ് ഫാക്ടറിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വില കുറഞ്ഞ, എന്നാൽ ഗുണമേന്മ കൂടിയ ബാംബൂ പ്ലൈ സ്റ്റാൻഡേർഡ് വിപണിയിലെത്തിക്കാനുള്ള

ശ്രമങ്ങൾ നടത്തിവരികയാണ്. ബാംബൂ കോർപ്പറേഷൻ പരമ്പരാഗത ഈറ്റ പനമ്പ് തൊഴിലാളി മേഖലയിലുള്ള പ്രവർത്തനത്തിനൊപ്പം മുളയെ ഒരു വ്യാവസായിക നിർമ്മാണ വസ്തുവായി ഉയർത്തുന്നതിനുവേണ്ടി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

കയർ വ്യവസായ മേഖലയിൽ ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നിവ വഴി ഒരു രണ്ടാംഘട്ട പുനഃസംഘടന നടപ്പാക്കുകയാണ്. തൊണ്ട് സംഭരണം ശക്തിപ്പെടുത്തിയും പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പിലാക്കിയും പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ മേഖലയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ രണ്ടാം പുനഃസംഘടന വിജയപ്രദമായി മുന്നോട്ട് പോവുകയാണ്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉല്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം

ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉല്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന മിഷനും ജില്ലാ മിഷനുകളുമായി ചേർന്ന് കണ്ണൂർ പ്രോജക്ട് ഓഫീസിനുകീഴിൽ രണ്ടും തൃശ്ശൂർ പ്രോജക്ട് ഓഫീസിനുകീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡി.എഫ്. മില്ലുകൾ കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡി.എഫ്. യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. ചകിരി ഉല്പാദനത്തിൽ നിർണ്ണായക അളവുവരെ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു പോകുകയാണ്. സംസ്ഥാനത്ത് ഇതിനോടകം തന്നെ 113 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള

ധാരണാപത്രം കയർ കേരള 2019-ൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.

കയർഫെഡ് കേരളത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് നൽകുന്ന ചകിരിയുടെ 44 ശതമാനം കേരളത്തിലെ ഡി.എഫ്. മില്ലുകളിൽനിന്ന് ഉല്പാദിപ്പിച്ചതാണ്. 2019-20 -ൽ കയർഫെഡിന്റെ ചകിരി സംഭരണം 3330.70 ടണ്ണായിരുന്നു. 2020-21 ഏപ്രിൽ മുതൽ ഡിസംബർ വരെ 8458.90 ടൺ ചകിരി കയർഫെഡ് സംഭരിച്ചിട്ടുണ്ട്. ആയതിൽ 2463.30 ടൺ ചകിരി കേരളത്തിലെ ഡി.എഫ്. മില്ലുകളിൽനിന്ന് സംഭരിച്ചതാണ്. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകിക്കൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി രൂപീകരിച്ച കയർ കൺസോർഷ്യം വഴി സാധ്യമായിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്.

കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 14083 എണ്ണം ഇലക്ട്രിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 എ.എസ്.എം. സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 100 സംഘങ്ങളിലായി 1000 എ.എസ്.എം. സ്ഥാപിച്ചുകഴിഞ്ഞു. 2015-16-ൽ 7000 ടണ്ണായിരുന്ന കയറുല്പാദനം 2019-20-ൽ 20500 ടണ്ണായി ഉയർത്താൻ കഴിഞ്ഞു.

ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ് പ്രധാനമായും ഉല്പന്ന നിർമ്മാണ മേഖല പ്രവർത്തിക്കുന്നത്. എൻ.സി.ഡി.സി.-യുടെ സഹായത്തോടെ ആലപ്പുഴ പ്രോജക്ടിനുകീഴിലുള്ള 6 മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ 50 ആട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.സി.എം.എം.സി. ടെണ്ടർ ക്ഷണിക്കുകയും ചെറുവാരണം സി.എം. & എം.സി.എസ്. ലി. നം. 989-ൽ ലൂമുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് 5 സി.എം. &എം.സി.എസ്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്.

2020-21-ൽ 40000 ടൺ കയർ ഉല്പാദനം ലക്ഷ്യമിടുന്നു. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന കയർ ആഭ്യന്തര വിപണിയിൽ ഉപയോഗപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. അതിനാൽ കയർ ഭ്രുവസ്തു പരിപാടി വിപുലമായി നടപ്പിലാക്കും. 2019 കയർ കേരളയിൽ ഒപ്പുവച്ച 103 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരികയാണ്.

പരമ്പരാഗത കരകൗശല മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഇൻകം ജനറേഷൻ ഇൻ ടെഡിഷണൽ സെക്ടർ എന്ന പദ്ധതി പ്രകാരം കരകൗശല ശില്പികൾക്കുള്ള പരിശീലന പദ്ധതി സുരഭി മുഖാന്തിരം പൂർത്തീകരിച്ചു. അതുപ്രകാരം 700 ആർട്ടിസാൻസിന് പരിശീലനം ലഭിക്കുകയും 3500-ലധികം പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു. പരമ്പരാഗത കരകൗശല ഉല്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും അവ അനായാസം വിറ്റഴിക്കുന്നതിനും നൂതന സാങ്കേതികവിദ്യകളുപയോഗിച്ച് സുരഭിയുടെ ക്രാഫ്റ്റ് ഡെവലപ്മെന്റ് സെന്ററിൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും പരിശീലനം നൽകുന്നതിനും ഡിസൈൻ ഡെവലപ്മെന്റ് വർക്ക്ഷോപ്പും ട്രെയിനിംഗും നടപ്പിലാക്കിയിട്ടുണ്ട്.

കെൽപാം മുഖേന പുതിയതായി ഫുള്ളി ആട്ടോമാറ്റിക് പെറ്റ് ബോട്ടിൽ പ്ലാന്റ് സ്ഥാപിച്ച് 6 ഫ്ളേവറുകളിലായി കോളകൾ നിർമ്മിച്ച് വിപണനം

നടത്തിവരുന്നു. സീസണലായി മാത്രം ലഭിക്കുന്ന നൊങ്ക്, അക്കാനി (നീര) മുതലായവ ലഭ്യമാകുന്ന മുറയ്ക്ക് ശേഖരിച്ച് സൂക്ഷിക്കുന്നതിനായി ചില്ലർ റൂമും മറ്റ് അസംസ്കൃത വസ്തുക്കൾക്കായി സ്റ്റോർ റൂമും സ്ഥാപിച്ചു. ഉല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി 'ലാബും ' സ്ഥാപിക്കുകയുണ്ടായി.

പാലക്കാട് കല്ലേപ്പുള്ളിയിൽ 48 TPD ടൺ ഉല്പാദനശേഷിയുള്ള മോഡേൺ റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ആരോഗ്യദായകമായ ന്യൂട്രീഫുഡ് പനംകിഴങ്ങിൽനിന്നും ഉല്പാദിപ്പിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

അനുബന്ധം 2

<u>മെഡിക്കൽ കോളേജിന്റെ വികസനം സംബന്ധിച്ച് ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി എം.എൽ.എ.-യുടെ സബ്മിഷന് ബഹു ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി നൽകിയ മറുപടിയിലെ വിശദ വിവരങ്ങൾ.</u>

കഴിഞ്ഞ വർഷങ്ങളിൽ മദ്ധ്യ കേരളത്തിലെ പ്രധാന ചികിത്സാ കേന്ദ്രമായ തൃശ്ശൂർ മെഡിക്കൽ കോളേജിനെ Centre of Excellence ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. അതിന്റെ ഭാഗമായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും HLL-നെ കൺസൽട്ടന്റായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് പുതുതായി Mother & Child block, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എന്നിവ കിഫ്ബി പദ്ധതിയിൽപ്പെടുത്തി നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ആർദ്രം പദ്ധതിയിലുൾപ്പെടുത്തി തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി രോഗീസൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. കാൻസർ ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചുകഴിഞ്ഞു.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ 8.60 കോടി രൂപ ചെലവഴിച്ച് കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിനായി 19 തസ്തികകളും കാർഡിയോ തൊറാസിക് വിഭാഗം ആരഭിക്കാൻ 14 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഇവിടെ രണ്ട് സീറ്റോടുകൂടി ഡി.എം. കാർഡിയോളജി കോഴ്സും തുടങ്ങിയിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ കേടായ ടെലി കൊബാൾട്ട് മെഷീൻ ഒരു കോടി രൂപ ചെലവഴിച്ച് ഉപയോഗപ്രദമാക്കി കാൻസർ രോഗികൾക്കായി കീമോ ഡേ കെയർ സെന്റർ പണികഴിപ്പിച്ചു. സി.ടി. സ്കാനർ സ്ഥാപിച്ചു. 2016-17 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആകെ 716.09 കോടി രൂപ

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആർദ്രം, ഇ-ഹെൽത്ത് എന്നീ പദ്ധതികൾ ആരഭിച്ചുകഴിഞ്ഞു. കാത്ത്‌ലാബ്, ജെറിയാട്രിക് ക്ലിനിക്, കീമോ ഡേ കെയർ എന്നിവ പ്രവർത്തനമാരംഭിച്ചു.

തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനും കാർഡിയോളജി, നിയോനാറ്റോളജി, റേഡിയോ ഡയഗ്നോസിസ് മുതലായ വകുപ്പുകളുടെ പൂർത്തീകരണം, ശക്തിപ്പെടുത്തലുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1. <u>ട്രോമാ കെയർ പൂർത്തീകരിക്കുന്നതിനായി എടുത്തിട്ടുള്ള നടപടികൾ</u>

കേന്ദ്ര ഫണ്ട് പദ്ധതിയായ Commencement of Emergency & Critical care Department in Medical Colleges and strengthening of supporting facilities തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആരംഭിക്കുന്നതിനായി 24-7-2012-ലെ സ.ഉ.(സാധാ)നമ്പർ 2447/2012 ആ.കു.വ. പ്രകാരം 1459.03 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിരുന്നു. പദ്ധതിയുടെ ആദ്യ ഘട്ടമായി മെഡിക്കൽ ഐ.സി.യു. സൗകര്യങ്ങൾ ഏർപ്പെടുത്തി. പദ്ധതിയുടെ രണ്ടാംഘട്ടമായിട്ടാണ് 2016-ൽ ട്രോമാ കെയർ ആൻഡ് ട്രയേജ് കെട്ടിടത്തിന്റെ നിർമ്മാണം വിഭാവനം ചെയ്തത്. 2014-ൽ ആരംഭിച്ച

രണ്ടാം ഘട്ട പ്രവൃത്തിയുടെ കൺസൽട്ടന്റ് എച്ച്.എൽ.എൽ. ആണ്. ഈ പദ്ധതിയുടെ 85% ജോലി കഴിഞ്ഞിട്ടുണ്ട്. എന്നാൽ കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ എച്ച്.എൽ.എൽ. നോട്ടീസ് നൽകുകയും തുടർന്ന് കരാറുകാരൻ ഹൈക്കോടതിയെ സമീപിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) 23073/2020 കേസിന്മേലുള്ള 01-02-2021- ലെ വിധിയിൽ എച്ച്.എൽ.എൽ. കരാറുകാരന് നൽകിയ കാരണം കാണിക്കൽ നോട്ടീസിന്മേൽ അന്തിമ തീരുമാനമെടുക്കുന്നതിന് മുന്നോടിയായി കരാറുകാരനെയും, തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിനെയും എച്ച്.എൽ.എൽ.-നെയും നേരിട്ട് കേൾക്കണമെന്ന് സർക്കാരിന് ബഹുമാനപ്പെട്ട കോടതി നിർദ്ദേശം നൽകിയതിനെത്തുടർന്ന് മേൽപ്പറഞ്ഞവരുടേയും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെയും വാദങ്ങൾ 25-3-2021 വീഡിയോ കോൺഫറൻസിലൂടെ സർക്കാർ കേൾക്കുകയുണ്ടായി. ട്രയാജ് കെട്ടിടത്തിലെ പൂർത്തിയാകാനുള്ള പണികൾ എത്രയുംവേഗം നിലവിലെ കരാറുകാരനെക്കൊണ്ടോ മറ്റേതെങ്കിലും സബ്കരാറുകാരന്റെ സേവനം ഉപയോഗപ്പെടുത്തിയോ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ 10-06-2021-ലെ G.O (Rt)

No; 1230/2021/H&FWD പ്രകാരം എച്ച്.എൽ.എൽ-ന് നിർദ്ദേശം നൽകി ഉത്തരവായി.

ഇതിന്റെ തുടർ നടപടികൾക്കായി ബഹുമാനപ്പെട്ട വടക്കാഞ്ചേരി എം.എൽ.എ.-യുടെ നേതൃത്വത്തിൽ 2021 ജൂൺ മാസത്തിൽ ഒരു മീറ്റീംഗ് നടത്തുകയും ജോലികൾ ത്വരിതപ്പെടുത്തി മൂന്നുമാസത്തിനുള്ളിൽ പൂർത്തീകരിക്കാമെന്ന് എച്ച്.എൽ.എൽ. പ്രതിനിധികൾ യോഗത്തെ അറിയിക്കുകയും ചെയ്തിരുന്നു. തുടർനടപടികൾക്കായി എച്ച്.എൽ.എൽ. ഹെൽത്ത് കെയറിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതിനെത്തുടർന്ന് എച്ച്.എൽ.എൽ. സ്ഥലം സന്ദർശിച്ച് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. 4 മാസത്തിനുള്ളിൽ പണി തീർക്കുമെന്ന് എച്ച്.എൽ.എൽ. ഉറപ്പുനൽകിയിട്ടുണ്ട്.

2. Emergency Medicine Department

ട്രോമാ കെയർ നിലവിൽ വരുന്ന മുറയ്ക്ക് NMC നിബന്ധനകൾ പ്രകാരം അത്യന്താപേക്ഷിതമായ എമർജൻസി മെഡിസിൻ ഡിപ്പാർട്ടുമെന്റ് തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആരംഭിക്കേണ്ടതുണ്ട്. പ്രധാനമായും മദ്ധ്യകേരളത്തിലെ 3 ജില്ലകളിലെ രോഗികൾക്ക് ആവശ്യമായതും മികച്ച ചികിത്സ നൽകുന്നതിന് ഒഴിച്ചുകൂടാൻ പറ്റാത്തതുമാണ് എമർജൻസി

മെഡിസിൻ ഡിപ്പാർട്ടുമെന്റ് ആരംഭിക്കുക എന്നുള്ളത്. കേരളത്തിലെ കോഴിക്കോട്, തിരുവനന്തപുരം, കോട്ടയം മെഡിക്കൽ കോളേജുകളിൽ സ്ഥാപിച്ച എമർജൻസി മെഡിസിൻ ഡിപ്പാർട്ടുമെന്റ് തൃശ്ശൂർ മെഡിക്കൽ കോളേജിനും ആവശ്യമാണ്. എമർജൻസി മെഡിസിൻ വിഭാഗം തുടങ്ങുന്നതിലേയ്ക്കായി ഓരോന്ന് വീതം പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, 2 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

3. <u>സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിടം</u>

മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാനിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിടത്തിന്റെ (Mother & Child block) നിർമ്മാണത്തിന് 2019-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ കൺസൾട്ടന്റായി M/s. INKEL-നെയാണ് തീരുമാനിച്ചിരിക്കുന്നത്. വിവിധ ഘട്ടങ്ങളായി M/s. INKEL-ഉം ആശുപത്രി പ്രതിനിധികളുമായി ചർച്ച നടത്തിയശേഷം വിശദമായ പദ്ധതിരേഖ തയ്യാറാക്കി ഡി.എം.ഇ. ടെക്നിക്കൽ കമ്മിറ്റിയുടെ അപ്രൂവൽ ലഭ്യമാക്കിയിട്ടുണ്ട്. അന്തിമ പദ്ധതിരേഖ അടിയന്തരമായി

ലഭ്യമാക്കി കിഫ്ബിയുടെ സാമ്പത്തിക അനുമതിയോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്

തൃശ്ശൂർ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 285.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ കൺസൾട്ടന്റായി M/s. INKEL-നെയാണ് തീരുമാനിച്ചിരുന്നത്. 16-3-2021-ൽ KIIFB-ൽ സമർപ്പിച്ച DPR- ന് ധനകാര്യ അനുമതി നൽകുകയും ചെയ്തിരുന്നു. KIIFB-യുടെ നിർദ്ദേശപ്രകാരം വരുത്തിയ മാറ്റങ്ങൾ ചർച്ച ചെയ്യുന്നതിനായി 22-6-2021-ൽ DME-യുടെ Technical Committee-യും INKEL-ന്റെ പ്രതിനിധിയും തൃശ്ശൂർ മെഡിക്കൽ കോളേജിൽവച്ച് ചർച്ച നടത്തുകയും, എല്ലാ വകുപ്പ് മേധാവികളും അംഗീകരിച്ച പ്ലാൻ കിഫ്ബിയിൽ സമർപ്പിക്കാനായി തയ്യാറാക്കിയിട്ടുമുണ്ട്. കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി കിട്ടുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിക്കും.

5. Neonatal വിഭാഗം

മദ്ധ്യ കേരളത്തിലെ 3 ജില്ലകളിലെ ശിശുരോഗ വിഭാഗങ്ങളിലെ രോഗികളുടെ ആധുനിക ചികിത്സയ്ക്കും അത്യാഹിത ചികിത്സയ്ക്കും ഏറ്റവും

കൂടുതൽ റഫറൽ വരുന്ന ഒരു വിഭാഗമാണ് Neonatology. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഒരു അസോസിയേറ്റ് പ്രൊഫസർ, രണ്ട് അസിസ്റ്റന്റ് പ്രൊഫസർ, 2 സീനിയർ റസിഡന്റ് എന്നീ തസ്തികകൾ പുതുതായി സൃഷ്ടിച്ച് Neonatology വിഭാഗം പുതുതായി നിലവിൽ വരികയുണ്ടായി. DM Neonatology തുടങ്ങുന്നതിനായുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. മാത്രമല്ല, അട്ടപ്പാടി ആദിവാസി മേഖലകളിലെ നവജാത ശിശുക്കൾക്കുള്ള ആരോഗ്യ പരിപാലനത്തിനായി ഈ സംവിധാനം വളരെയധികം പ്രയോജനപ്പെടുന്നതാണ്.

6. Radiology വിഭാഗം

കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ റേഡിയോളജി വിഭാഗത്തിൽ പി.ജി. കോഴ്സുകൾ ആരംഭിച്ചതിലൊന്ന് തൃശ്ശൂർ മെഡിക്കൽ കോളേജിലാണ്. കേരളത്തിലെ മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളെ പോലെ എല്ലാ ആധുനിക സൗകര്യങ്ങളോടുംകൂടിയാണ് തൃശ്ശൂർ മെഡിക്കൽ കോളേജിലെ റേഡിയോളജി വിഭാഗം പ്രവർത്തിച്ചുവരുന്നത്. ആധുനിക സംവിധാനങ്ങളായ 4D Ultra sound Sonography-യും നാല് Ultra sound മെഷീനുകളും പ്രവർത്തിച്ചുവരുന്നുണ്ട്. ആധുനിക X-Ray സംവിധാനങ്ങളായ Digital Radiography system, DSA system എന്നിവയും

പ്രവർത്തിച്ചുവരുന്നു. സാധാരണ പരിശോധനകൾക്കായി 2 X-Ray മെഷീനുകളും 4 portable X-Ray മെഷീനുകളും പ്രവർത്തിക്കുന്നുണ്ട്.

MRI സ്കാൻ (1.5 Tesla)-ന്റെ പ്രവർത്തനത്തിനായി എച്ച്.എൽ.എൽ. -ന് പുറംകരാർ നൽകിയിരിക്കുകയാണ്. കൂടാതെ എല്ലാ മെഡിക്കൽ കോളേജുകളിലെയും ഇമേജിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി പ്ലാൻ ഫണ്ടിൽ പ്രത്യേക സ്കീമിലുൾപ്പെടുത്തി എല്ലാ വർഷവും ആവശ്യമായ തുകകൾ മെഡിക്കൽ കോളേജുകൾക്ക് നൽകിവരുന്നുണ്ട്.

7.കാർഡിയോളജി വിഭാഗം

മദ്ധ്യ കേരളത്തിലെ 3 ജില്ലകളിലെ കാർഡിയോളജി വിഭാഗങ്ങളിലെ രോഗികളുടെ ആധുനിക ചികിത്സയ്ക്കും അത്യാഹിത ചികിത്സയ്ക്കും ഏറ്റവും കൂടുതൽ റഫറൽ വരുന്ന ഒരു വിഭാഗമാണ്. കാർഡിയോളജി വിഭാഗം 2 സീറ്റുകൾ ലഭ്യമാക്കി പി.ജി. ആരംഭിച്ചിട്ടുണ്ട്. രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് ഈ വിഭാഗത്തിനെ ശക്തിപ്പെടുത്തുവാനുള്ള സംവിധാനങ്ങൾ ഇനിയും ഒരുക്കേണ്ടതുണ്ട്. കാർഡിയോളജി വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഒരു പ്രൊഫസർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. അതോടൊപ്പംതന്നെ കാർഡിയോ വാസ്കുലർ തൊറാസിക് സർജറി (CTVS) വിഭാഗത്തിലെ

പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകളിൽ ഓരോന്നുവീതം തസ്തികകൾ പുതുതായി സൃഷ്ടിക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു.

*****